സുവർണ്ണ ബിന്ദു

ഡോ. സുവർണ്ണ നാലപ്പാട്ട്

വ്യാസന്റെ യോഗസൂത്രഭാഷ്യത്തിന്
വാചസ്പതിമിശ്രന്റെ ഭാഷ്യവും
പതഞ്ജലയോഗസൂത്രവും

സുവർണ്ണ ബിന്ദു

വ്യാസന്റെ യോഗസൂത്രഭാഷ്യത്തിന് വാചസ്പതിമിശ്രന്റെ ഭാഷ്യവും പതഞ്ജലയോഗസൂത്രവും

ഡോ. സുവർണ്ണ നാലപ്പാട്ട്

സുവർണ്ണബിന്ദുരക്ഷോഭ്യ സർവ്വവാഗീശ്വരേശ്വര
(വിഷ്ണുസഹസ്രനാമം)

ഡോ. സുവർണ്ണ നാലപ്പാട്ട്

ഉള്ളടക്കം

1. പഠനം

2. പതഞ്ജലയോഗസൂത്രം, വ്യാസഭാഷ്യം, വാചസ്പതിമിശ്രന്റെ ഭാഷ്യം

    സമാധിപാദം

    സാധനാപാദം

    വിഭൂതിപാദം

    കൈവല്യപാദം

പാഠനം

യാത്രയെന്നാൽ അതിന്ന് ഒരു മാർഗ്ഗമുണ്ട്.

മാർഗ്ഗമെന്നാൽ അതിന്ന് ഒരു തലമുണ്ട്.

അതിനാൽ സാധനയ്ക്ക് ഒരു മാർഗ്ഗവും തലവും ഉണ്ട്.

അതു നയിക്കുന്നതാവട്ടെ, മറ്റൊരു തലത്തിലേക്കാണ്. യാത്ര എന്ന മെറ്റഫറിൽ നിന്ന് ഇത്രയും ഗ്രഹിക്കണം. ജീവിതയാത്രയുടെ കഥയാണ് ആത്മകഥ. എന്റെ ആത്മകഥക്ക് പാഥേയം എന്നു പേരിട്ടപ്പോൾ, വൈഷ്ണവ സാധനയുടെ ഒരു പൊതി വഴിച്ചോറ് ഞാൻ എന്റെ സഹജീവികൾക്ക് പങ്കുവെക്കുകയായിരുന്നു. വൈഷ്ണവർ ഇതിന് വൈഷ്ണവസഹജീയത എന്നു പറയുന്നു. സാധന എന്ന ജീവിതമാർഗ്ഗത്തിലെ അനുഭവങ്ങള് പങ്കുവെക്കലും ഒരു സാധനയാണ്. യാത്രയിൽ ഒരു യാത്രികൻ (യാത്രിക) അഥവാ സാധകൻ (സാധക) ഉണ്ട്. ആ യാത്രികന്റെ ദർശനങ്ങള് അനുഭവങ്ങൾ ഉണ്ട്. യാത്രികന്റെ ഇന്ദ്രിയങ്ങൾ (ശരീരം) മനസ്സ്. ബുദ്ധി, ആത്മാവ്. ഇവയുടെ തലങ്ങളിൽ ദേശകാലചതുർമ്മാനങ്ങളിലുള്ള അനുഭവങ്ങള് ഉണർന്നിരുന്നും ഉറക്കത്തിലും ധ്യാനത്തിലും ഉണ്ടായ ദർശനങ്ങളും അനുഭവങ്ങളും എല്ലാമുണ്ട്. ഒരു പ്രത്യേകദേശത്തിലും കാലത്തിലും ഇരിക്കുന്ന ത്രികാലജ്ഞാനിയായ വ്യക്തിയുടെ എല്ലാ അനുഭവങ്ങളും വാമൊഴിവരമൊഴികളിലായി വ്യാപിച്ചുകിടക്കുന്നുണ്ട്. വേദം പകുത്ത് ഭാഗവത ഭാരതകഥകളെഴുതിയ യോഗഭാഷ്യകാരനായ വ്യാസന്റെ സാധനാമാർഗ്ഗത്തിലെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലാണ് കാണുക.

ശങ്കരാചാര്യരുടേതായാലും മേൽപ്പത്തൂരിന്റേതായാലും അങ്ങനെത്തന്നെ. ഏതു വ്യക്തിയുടേയും കാര്യത്തിലും ഇതാണ് പ്രമാണം. എന്റേതടക്കം എന്റെ വാക്കുകൾ, പ്രസംഗങ്ങൾ, പുസ്തകങ്ങൾ, സംഗീതരചനകൾ എല്ലാം എന്റെ സാധനാമാർഗ്ഗത്തിലെ നാലവസ്ഥകളിലായി (ജാഗ്രദ്, സ്വപ്ന, സുഷുപ്തി, തുരീയ) നാലു ആശ്രമങ്ങളിലായി (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം. സന്യാസം) നാലു തലങ്ങളില് എനിക്കുണ്ടായ അനുഭവങ്ങളുടെ ചെറിയൊരു സാമ്പിൾ മാത്രമാണ്. യോഗമാർഗ്ഗത്തിൽ വിദേഹാനുഭവങ്ങൾക്കെന്ന പോലെ സദേഹാനുഭവങ്ങൾക്കും സ്ഥാനമുണ്ടെന്ന വൈഷ്ണവസഹജീയ ദർശനം ഇങ്ങനെ അറിയണം. എങ്കിലേ ദേവതത്വത്തെ പ്രപഞ്ചതത്ത്വത്തോടു സമന്വയിക്കുന്ന തലം വ്യക്തമാവുകയുള്ളൂ. ദേഹതലത്തിൽ ശരീരവും ആയുർവ്വേദമെന്ന മെഡിക്കല് വിജ്ഞാനീയവും പ്രപഞ്ചതലത്തിൽ ബ്രഹ്മാണ്ഡവും ജ്യോതിശാസ്ത്രവും (ആസ്ട്രോണമി) സ്ഥൂലസൂക്ഷ്മതലങ്ങളിൽ അനുഭവിച്ചു സാക്ഷാത്കരിക്കുന്ന രീതി ഇതിൽപെടുന്നു. ശരീരത്തിന്റെ സത്യം യോഗസിദ്ധിക്കും മോക്ഷ സിദ്ധിക്കും തടസ്സമല്ല . അതിനുള്ള വാഹനമാണ്. മോക്ഷവാഹനമാണ് മനുഷ്യശരീരം. ആത്മാവിനെ ആ ചഷകത്തിലാണ് രസാനുഭവമായി (ബ്രഹ്മാനുഭവം) വഹിക്കുന്നത്. ഭഗവദ്ഗീത ശരീരത്തെ വാഹനമായ രഥത്തോടും ഇന്ദ്രിയങ്ങളെ കുതിരകളോടും ബുദ്ധിയെ നിയന്താവായ

സാരഥിയോടും ഉപമിക്കുന്നു. ആത്മാവാണ് സഞ്ചാരി. ഉപനിഷത്തുകളിലും ഈ മെറ്റ ഫറുണ്ട്. വ്യാസന്റെ മെറ്റഫറിക്കല് ഭാഷയിലാണ് വൈഷ്ണവസഹജീയർ ആത്മവാഹ നമായി ശരീരത്തേയും പ്രാണഹംസത്തേയും കാണുന്നത്. പലതരം തലങ്ങളിലൂടെ വഴി കളിലൂടെ സഞ്ചരിക്കാൻ യാത്രികർ തങ്ങളുടെ വാഹനങ്ങളെ അതിന്നു സുസജ്ജമാക്ക ണം. തൂരിയയാത്ര സുഗമവും ആനന്ദവുമാകാന് ശരീരവും മനസ്സും ബുദ്ധിയുമെല്ലാം പ്രസാദാത്മകമായിരിക്കണം. ആരോഗ്യമായിരിക്കണം. സഹജീയർക്കിടയിലെ സാധന ശാക്തേയരുടേതുപോലെ ആരോഗ്യകരമായ ശരീരത്തിന്റെ ഒരു നിഷ്ഠയാണ്. അതിലെ ആനന്ദാനുഭവം ഒരു മെറ്റഫറായി ഇന്ത്യയിൽ ഉപയോഗിക്കുന്നുണ്ട്. അതൊരു സഹജാ നന്ദഭൂമികയാണ്. വൈഷ്ണവമായ എല്ലാ സാധനകളേയും പോലെ രതിസാധനയും ഒരു ദേഹാന്തരസാധനയും ഊർദ്ധ്വരേതസ്സായി ഉത്ഥാനം ചെയ്യാനുള്ള സാധനയുമാണ്. കൃഷ്ണനെ കുറിച്ച് എട്ടുഭാര്യമാരും 16008 കാമുകിമാരുമുള്ള വ്യക്തിയെന്നു തെറ്റിദ്ധരി ക്കുന്നവർ കൃഷ്ണന് പരീക്ഷിത്തിനു ജീവന് കൊടുക്കുന്ന സമയത്ത് ഉച്ചരിച്ച വാക്യം വ്യാസകൃതി ശ്രദ്ധിച്ചുവായിച്ച് മനസ്സിലാക്കണം. ഞാൻ ജീവിതകാലം മുഴുവനും നൈഷ്ഠിക ബ്രഹ്മചാരിയായിരുന്നു എന്ന വാക്യം സത്യമാണെങ്കിൽ ഉത്തരയുടെ ഗർഭ ത്തിലിരിക്കുന്ന ശിശു ജീവിക്കട്ടെ എന്നുച്ചരിക്കാനുള്ള ആത്മധൈര്യം അദ്ദേഹത്തിനു ണ്ടായിരുന്നു. കുട്ടി ജീവിച്ചത്. അത് സത്യമാണെന്ന് മറ്റുള്ളവർക്കു കൂടി മനസ്സിലാക്കി ക്കൊടുത്തു താന്ത്രികാരാധനയിലെ അഷ്ടലക്ഷ്മിമാരും അവരുടെ വ്യൂഹയോഗിനിമാ രുമാണ് വ്യാസകൃതിയിലെ കൃഷ്ണപത്നിമാരെന്ന് വ്യാസന്റെ സാന്ധ്യഭാഷ അറിയുന്ന വർ തിരിച്ചറിയുന്നു.

വഴികാണാൻ വിഷമമുള്ള യോഗമാർഗ്ഗത്തില് ഒരു വഴികാട്ടി (മാർഗ്ഗദർശി) വേണം. അനുഭവസ്ഥനായ ഒരു സഹജീയഗുരുവാണ് ആവശ്യം. വാസ്തവത്തിൽ ഒന്നല്ല. രണ്ടു ഗുരു വേണമെന്ന് മുകുന്ദാസൻ പറയുന്നു മാതാപിതാക്കളിൽനിന്നുള്ള ജന്മം ഒരു ജന്മമ ല്ല. ഗുരു മന്ത്രത്താൽ നമ്മെ ജന്മങ്ങളിൽ നിന്നു രക്ഷിക്കുന്നതിനാല് മന്ത്രഗുരുവിന്റെ ഉപ ദേശം ഹൃദയത്തോടു ചേർത്തുപിടിക്കണം. മന്ത്രഗുരു സാധനമാർഗ്ഗത്തിൽ മുന്നോട്ടു നയിക്കുന്നു. മന്ത്രം കിട്ടുമ്പോൾ നാം ഗുരുപരമ്പരയിൽ വീണ്ടും ജനിക്കുന്നു. ശിക്ഷാഗു രുവിന്റെ ശിക്ഷണമനുസരിച്ച് സാധന ചെയ്യണം. സാധനകൊണ്ട് അതിസുന്ദരവും ഏറ്റവും പൂർണ്ണവുമായ സിദ്ധദേഹം ലഭിക്കുന്നു. കുട്ടിക്കും വൃദ്ധർക്കും സ്ത്രീകൾക്കും പഠിപ്പി ല്ലാത്തവർക്കും ഈ സാധന കൊണ്ട് മിസ്റ്റിക്കൽ ഭാവം ലഭിക്കുന്നു. ഭൗതികശരീരത്തിന കത്ത് ദിവ്യമായ ഒരു സിദ്ധദേവദേഹം പുനർജ്ജനിക്കുന്നു. ഇതാണ് നമ്മുടെ യഥാർത്ഥജ നനം. വാഹനമായ ശരീരം. അതിനകത്ത് മറ്റൊരു ശരീര ജനനം (പരമോത്തമം) ഇങ്ങനെ രണ്ടു മെറ്റഫറുകൾ ശരീരപദത്തിനു കൊടുത്തു. മുകുന്ദദാസപരമ്പരയിൽപ്പെട്ട അകി ഞ്ചനദാസന്റെ വിവർത്തവിലാസത്തില് സംയോഗം, ഗർഭധാരണം എന്നിവയോടു ബന്ധ പ്പെടുത്തിയാണ് ഈ പുതിയ ജന്മത്തിന്റെ മെറ്റഫറ്. അദ്ദേഹം പറഞ്ഞു. ആദ്യം അമ്മയുടെ അച്ഛന്റെ അനുഗ്രഹം. അതിനുശേഷം ഗുരുവിന്റെ അനുഗ്രഹം. അങ്ങനെ രണ്ടു ജന്മംന മുക്കുണ്ട്. രണ്ടിലും ശുക്ലം രക്തം യോനിലിംഗം എന്നിവയുണ്ട്. മാതാപിതാക്കളുടെ സ്ഥൂല സംയോഗമാണ്. ഗുരുശിഷ്യസംയോഗം സൂക്ഷ്മസംയോഗമാണ്. അതിന്റെ സാരം പറ യാം, ഹരിനാമജപം രക്തം മന്ത്രബീജം ശുക്ലം. ഗുരുവിന്റെ നാവ് ലിംഗം. ശിഷ്യന്റെ ചെവി യോനി. രണ്ടാമത്തെ ജന്മം ഇവയിൽ നിന്നാണ്. അത് സാധകരായ ഗുരുക്കന്മാരു ടെ അനുഗ്രഹത്താൽ ലഭിക്കുന്നു ശിഷ്യൻ ഇവിടെ സ്ത്രൈണശക്തിയാണ്. ഗുരുപുരു

ഷശക്തിയും. മന്ത്രബീജം ചെവിയില് പതിച്ച് ആനന്ദമുണ്ടാക്കി ഹരിനാമ ജപസാധന യാകുന്ന രക്തത്തോടു ചേർന്ന് പുതിയ ഗുരുവായി ശിഷ്യനെ ഗുരുപരമ്പരയില് പുനർജ്ജ നിപ്പിക്കുന്നു. മന്ത്ര, സംഗീത, സ്വാധ്യായങ്ങളാകുന്ന ആന്തരസാധനകൾക്ക് തികച്ചും ബാ ഹ്യമായ മെറ്റഫറിലൂടെ പുതിയൊരർത്ഥം നൽകുന്നു. ശിവശക്തി രാധാകൃഷ്ണ, ബ്രഹ്മ പ്രകൃതി മുതലായ സംയോഗങ്ങൾ ഇത്തരം താന്ത്രികസിദ്ധഭാഷയില് ഉപനയനം ചെയ്ത ദ്വിജന് (രണ്ടാമതും ജനിച്ചവൻ) എന്നർത്ഥത്തിലാണ്. നാരായണമുനിയുടെ ഗുരു കുലത്തിൽ പുതിയ ശിഷ്യപരമ്പരയില് ആദ്യമാതാവ് ഉർവ്വശിയാണ്. വേദം സൃഷ്ടിച്ച പുരൂരവസ്സിന്റെ പത്നി (യജമാനപത്നി) ഈ അപ്സരസ്സാണ്.

യാത്രക്കാരന്റെ മാർഗ്ഗത്തില് 3 ഘട്ടങ്ങള് ഉണ്ട്. 1. പ്രവൃത്തി എന്ന ആദ്യഘട്ടം. യാത്രാ രംഭം. 2. സാധകാവസ്ഥ 3.സിദ്ധാവസ്ഥ ലക്ഷ്യപ്രാപ്തി. ഈ മൂന്നുഘട്ടങ്ങളുടെ മൂന്ന് ആശ്രയങ്ങൾ ഭാവം, രസം, പ്രേമം. യാത്രാരംഭത്തിൽ ഭാവാവസ്ഥ മാത്രമേ ഉള്ളു. സങ്കൽപ്പ മാണത്. സാധകാവസ്ഥയിലാണ് രസാനുഭവം കിട്ടുന്നത്. സിദ്ധാവസ്ഥ പരമപ്രേമാവ സ്ഥയാണ്. അഭിനവഗുപ്തന്റെ ഭാവ, രസ, സിദ്ധാന്തങ്ങൾ ഈ യോഗതന്ത്രസാധനയുടെ വെളിച്ചത്തിൽ മനസ്സിലാക്കണം. ഇന്ത്യൻ ലാവണ്യ (സൌന്ദര്യം) ശാസ്ത്രം യോഗത്തി ലധിഷ്ഠിതമാണ്. ശങ്കരാചാര്യർ ആ സൗന്ദര്യലഹരി അനുഭവിച്ചതും ഇക്കാരണം കൊണ്ടു തന്നെ. രാധാകൃഷ്ണപ്രേമം അതിന്റെ പരമകാഷ്ഠയാണ്. കൃഷ്ണലീലയിൽ കൃഷ്ണന് സ്ത്രൈണഭാവമെടുക്കുന്നു. വനദുർഗ്ഗാമന്ത്രം, മോഹിനീരൂപം രാധാതന്മയത എന്നിവ സിദ്ധാവസ്ഥയിലാണ് ഇത് വൈഷ്ണവത്തിലേ ഉള്ളൂ. ശിവശക്തി ഒന്നെന്ന് പറയുന്നു വെങ്കിലും ശിവന് ഒരിക്കലും സ്ത്രീരൂപമെടുക്കുന്നില്ല. ശാക്തത്തിൽ ശക്തി പുരുഷിക യായി പൗരുഷമെടുക്കുന്ന സിദ്ധാവസ്ഥ ഉണ്ട്. രതിസാധനയിലെ ഇത്തരം സിദ്ധാവസ്ഥ വൈഷ്ണവശാക്തങ്ങൾക്കു നൽകി ശൈവത്തിനു നൽകാത്തത് ശിവന് എന്നും കാമനെ ദഹിപ്പിക്കാനായി തപം ചെയ്യുന്ന സാധകനാകയാലാണ്. കാമദഹനത്താൽ രതിയുടെ അനുഗ്രഹമെന്ന സിദ്ധി ശിവനില്ല. രസാനുഭവം ബ്രഹ്മാനുഭവമാണ്. അതു കിട്ടാൻ തുട ങ്ങുമ്പോൾ സാധകനിൽ പൂർണ്ണമായ മാറ്റം വരുന്നു. അലൈംകികാനുഭവങ്ങൾ ലഭിക്കു ന്നു. രൂപമുള്ള മനുഷ്യശരീരത്തിന് സ്വരൂപമായ ബ്രഹ്മരൂപം കൊടുക്കുന്ന ആരോപസാ ധനസഹജീയവൈഷ്ണവിസത്തിലുണ്ട്. ഇതുതന്നെയാണ് അഹം ബ്രഹ്മാസ്മിയായി വേദാന്തത്തിലുമുള്ളത്. തന്നിൽത്തന്നെ ബ്രഹ്മപുരുഷനായ ശ്രീകൃഷ്ണനെ(വിഷ്ണു) തന്മയീഭവിപ്പിക്കുന്ന കൃഷ്ണബോധം. തന്നിൽത്തന്നെ കൃഷ്ണനെ (പുരുഷനെ) അന്വേ ഷിക്കുന്ന വിരഹിയായ ജീവത്മാവിന്റെ രാധാബോധം ഇതു രണ്ടും സാധകർ അറിയു ന്നു. ഒരാളിൽത്തന്നെ അർദ്ധനാരീശ്വരരൂപത്തില് സാക്ഷാത്കാരം നടക്കുന്നു. ഇതിനു സാധിക്കാത്തവർക്ക് ഗാർഹസ്ഥ്യത്തില് പരസ്പരം രാധാകൃഷ്ണന്മാരാന്നെു സങ്കൽപ്പിച്ച് ഭാവിച്ച് നിഷ്ഠാപൂർവ്വം പ്രേമസാധന തചെയ്യാം. (ജയദേവനും പത്മാവതിയും ചെയ്ത തുപോലെ) നിത്യജീവിതം തന്നെ ഒരു സാധനയായി മാറ്റുന്ന പ്രത്രിയയാണ് അത്. ഗുരു നാവിൽ നിന്നു പുറപ്പെട്ട മന്ത്രങ്ങൾ രാഗങ്ങൾ ഭജനം കൃഷ്ണസങ്കീർത്തനം ഇവ രേത സ്സായി ശിഷ്യന്റെ കർണ്ണം സ്വീകരിക്കുന്നു. ശിഷ്യന് ആന്തരമായ ദിവ്യദേഹപ്രാപ്തി നട ക്കുന്നു.

രസം എന്ന വാക്കിന് അനുഭവം സ്വാദ്, മെർക്കുറി, ലോഹം, ധാതു, രേതസ്സ് ,ജലം, എന്ന് നാനാർത്ഥം. രാഗാനുരാഗരതിഭാവം ഈ അർത്ഥമെല്ലാം കണക്കിലെടുത്താണ്

ചുരുങ്ങിയത് ബിസി 3200 മുതൽ ഈ മെറ്റഫർ രാധാകൃഷ്ണപ്രേമത്തിൽ കടന്നുകൂടി യിട്ടുണ്ട്. രാധ എന്നു പേരടെത്തുപറയാതെ വ്യാസമുനി രചിച്ച ഗോപികാ ഗീതങ്ങൾ (ഭാഗവതം) സഹജീയരുടെ ഈ അർത്ഥം വെച്ചുനോക്കേണ്ടതാണ് യോഗസൂത്രകഭാഷ്യ ത്തിൽ വ്യാസനെന്ന പരമായോഗി പ്രയോഗിക്കുന്ന പരമസ്വാത്വികമായ കർമ്മം (ശുക്ല കർമ്മം എന്ന് സഹജീയർ) ഈശ്വര പ്രണിധാനനിഷ്ഠയിലൂടെ ലഭിക്കുന്ന ദിവ്യദേഹപ്രാ പ്തിയുടെ രസാനുഭവത്തിനാണ്. മന്ത്രം, ഹരിനാമം എന്ന രണ്ടു സോണിക്ക് വൈബ്രേ ഷണൽ ഓഡിറ്ററി ഫിനോമെന (ശ്രുതി ശ്രവണ) ഇവിടെ രേതസ്സെന്ന മെറ്റഫറുണ്ടാക്കു ന്നു. അതിന്റെ (രസാനുഭവത്തിന്റെ) നിരന്തരസ്മരണം മനനം (സ്മൃതി) ആണ് രക്ത ശോണിതമെന്ന മെറ്റഫർ. അവ രണ്ടുംചേർന്നാണ് ദിവ്യദേഹഗർഭധാരണം. സിദ്ധദേഹ ജനനത്തിനാണ് ഇത്. ഇന്ത്യൻ ഫിലോസഫി മുഴുവന് ഈ ചെറിയ മെറ്റഫറുകളിലൂടെ വൈഷ്ണവസമ്പ്രദായം പറയുന്നു. ശ്രുതി, സ്മൃതികളില്ലാത്ത ഏതു ഫിലോസഫിയും ഏതു ജ്ഞാനശാഖയുമാണ് ഇന്ത്യയിലെന്നല്ല ലോകത്തെവിടെയും ഇന്നുവരെ ഉണ്ടാ യിട്ടുള്ളത്? ശ്രുതിസ്മൃതികളുടെ സംയോഗത്തെ സ്ത്രീപുരുഷബീജസങ്കലനത്തോടും ദ്വിജമെന്ന രണ്ടാം ജന്മത്തോടും ഏതൊരാൾക്കും മനസ്സിലാവുന്ന ഒരുപമയിലൂടെ സംവ ദിക്കന്നത് ബുദ്ധികുറഞ്ഞവർക്കുകൂടി മനസ്സിലാക്കുവാനുള്ള ഒരു വിദ്യാഭ്യാസസമ്പ്രദാ യമെന്ന നിലയിലാണ്, അതേ സമയം സിദ്ധഭാഷയിൽ അതീവഗഹനമായ തത്വമാണ് പറയുന്നത്. അതെല്ലാവർക്കും മനസ്സിലായിക്കൊള്ളണമെന്നില്ല. സിദ്ധഭാഷ യോഗയോ ഗേശ്വരഭാഷയാണ്. ഹരി അവിടെ വ്യക്തിശരീരമെടുത്ത മാനവഗുരുവിനും അവതാര ത്തിനുമപ്പുറം ലോകഗുരുവും ലോകജന യിതാവും ആയ കോസ്മിക്ക് പുരുഷനാണ്. ഹിരണ്യഗർഭയോഗപദ്ധതിയിലെ ഈ തത്വമാണ് ഭഗവദ്ഗീതയും രാധാകൃഷ്ണഭക്തി സമ്പ്രദായവും പതഞ്ജലയോഗസൂത്രവും ശിവശക്തി രഹസ്യവും ഒക്കെ പറയുന്നത്. ഭൗതിക ദൃശ്യശ്രാവ്യ പ്രപഞ്ചത്തിൽ നിന്ന് വിട്ടു നിൽക്കല് (അയോഗം) മാത്രമല്ല. സംസാ രത്തിൽ പത്മപത്രമിവാംഭസാ, നനയാതെ അതിനാൽ ബാധിക്കപ്പെടാതെ നിൽക്കലും കൂടിയാണത്. ഈ ദർശനഭേദം അഥവാ മതഭേദം ചിന്തകരുടെ ഇടയിലല്ലാതെ സാധാര ണജീവിതത്തിലുണ്ടായിരുന്നുമില്ല. അതൊരു അക്കാദമിക്ക് ചർച്ചാവിഷയം മാത്രമായി രുന്നു. സെമിറ്റിക്ക് അർത്ഥത്തിലുള്ള മതംമാറ്റമല്ല.

വൈഷ്ണവ, ശാക്ത,ബൗദ്ധ, ജൈനമതസ്വീകരണം അശോകനും ബുദ്ധനും ചെങ്കു ട്ടുവനും കുമാരപാലനും വിശ്വാമിത്രനും അടക്കം രാജസമായ ക്ഷാത്രധർമ്മം ഉപേക്ഷിച്ച് സാത്വികവും അഹിംസാപരവുമായ പരമധർമ്മമാണ് നല്ലതെന്നു മനസ്സിലാക്കി അതിനെ സ്വീകരിച്ചവരാണ് ക്ഷാത്രധർമ്മത്തില് ഹിംസയുടെ കലർപ്പുണ്ട്. അഹിംസ. അദ്ധ്യാപനം അദ്ധ്യയനം യജനം, യാജനം എന്ന ധർമ്മപ്രചരണം ആരംഭിച്ചവരാണ് ഇവരെല്ലാം. ഭാഗവ തപ്രോക്തമായ അതിപുരാതനയോഗപദ്ധതി സ്വീകരിച്ചവർക്കുണ്ടാവുന്ന മാനസികപരി വർത്തനം ആണത്. ഭാവം എന്ന വൈകാരികമായ മിസ്റ്റിക്കൽഅനുഭവം രസം എന്ന സൗന്ദ ര്യാനുഭവം (ഏസ്ത്തറ്റിക്സ്) ദിവ്യാനുഭവമെന്ന നിത്യാനുരാഗാവസ്ഥ നിത്യമായ ഈശ്വ രപ്രേമം പ്രവർത്ത, സാധകസാധ്യഘട്ടങ്ങളിൽ യോഗി കടന്നുപോകുന്ന ഈ മൂന്നനുഭവ ങ്ങളെ (അവസ്ഥകളെ) ത്രികോണാകൃതിയിൽ വരച്ചാല് അവ മൂന്നല്ല ഒന്നാണ്.

യോഗിയുടെ രസാനുഭവം എന്ന ബ്രഹ്മാനുഭവം സ്വയം അഭ്യസിച്ച് അനുഭവിക്കു ന്നു. അഭിനവഗുപ്തൻ അതാണ് ചെയ്തത്. അതേ അനുഭവത്തെ വേദപ്രാമാണ്യം ഉദ്ധ

രിച്ച് യുക്തിയുക്തം സമർത്ഥിച്ചാല് വേദാന്തസമ്പ്രദായമായി. അനുരാഗത്തിലും കലകളിലും 64 വിധമുണ്ട്. അനുരാഗത്തിൽ ഏറ്റവും ഉത്തമം അഹൈതുകിയായ നിത്യാനുരാഗമാണ്. കലകളിൽ ഏറ്റവും ഉത്തമം സംഗീതവും 64 അനുരാഗകലകളെ ഗൗഡീയ വൈഷ്ണവർ വൈദിഭക്തി എന്നു വിളിക്കുന്നു. ബാഹ്യാചാരമെങ്കിലും അവ വൈദിക പ്രാമാണ്യമുള്ളവയാണ്. അവകൊണ്ട് ബാഹ്യശരീരത്തിനകത്ത് രസാനുഭവസിദ്ധിയുള്ള ദിവ്യദേഹം ജനിക്കുന്നുണ്ട്. കൃഷ്ണ(ഈശ്വര) നാമം പാടിആടി കൃഷ്ണലീല അനുകരിച്ചു നാട്യ,നൃത്ത നാടകാഭിനയം ചെയ്ത് സ്വയം കൃഷ്ണഭാവം(അഥവാ രാധാഭാവം) പ്രാപിക്കുക എന്ന പ്രവർത്തഘട്ടം (ആദ്യഘട്ടം) 64 കലകളുടെ പോഷണമായി വളർന്നു വന്നു. മോഹഞ്ജോദാരോവിലെ നൃത്തക്കാരിയുടെ ശിൽപ്പും ഈ സമ്പ്രദായം ബിസി 3500 ന് മുമ്പേ ഇവിടെ വേരൂന്നിയിരുന്നു എന്നതിന് തെളിവാണ്. രണ്ടും മൂന്നും ഘട്ടങ്ങളിൽ (സാധക, സിദ്ധ) സാധകൻകൂടുതൽ പ്രയാസമായ രതിസാധനയും ദർശനക്ഷമതയും നേടുന്നു. തുടക്കക്കാർ(പ്രവർത്ത) ഇമാജിനേറ്റീവ് സ്ട്രക്ചറിങ്ങ് ഓഫ് എക്സ്പീരിയൻസ് ഇമേജ് സ്കീമാറ്റ, മെറ്റഫറിക്കൽ പ്രൊജക്ഷന് എന്നൊക്കെ ലാക്കോഫും ജോൺസണും വിളിക്കുന്ന ആചാരാഭ്യാസങ്ങളിലൂടെ ഗുരുവും സഹജീയസമൂഹമായ സാധുസംഗങ്ങളുമായി സംവദിച്ചു പരിചയം നേടുകയാണ്. ബുദ്ധന്റെ ധർമ്മചക്രപ്രവർത്തനസൂത്രധാരന് എന്ന നാമം സാധു സംഗങ്ങളുമായുള്ള സംഘം എന്നിവ ഈ അർത്ഥതലത്തില് മനസ്സിലാക്കണം. രണ്ടാം ഘട്ടത്തിൽ രസാനുഭവത്തിന് മഗ്നരാവുന്നു. അപ്പോഴാണ് സാധാരണലൗകീക സംസാരജീവിതത്തിൽ നിന്ന് മുക്തിനേടി (അയോഗത) അലൗകീകരസാനുഭവത്തിൽ മുങ്ങി പുറംലോകത്തെ വിസ്മരിക്കുന്നത്. അനുഭവപാരമ്യത്തിൽ സ്വാർത്ഥരഹിതവും നിഷ്കാമവുമായ ദിവ്യനിത്യാനുരാഗസിദ്ധിയില് അവര് നിരതിശയാനന്ദവും സർവ്വ ജീവജാലങ്ങളോടും മൈത്രി കരുണാഭാവങ്ങളും അനുഭവിച്ച് സർവ്വജ്ഞരായി സിദ്ധരാവുന്നു. അഷ്ടാംഗയോഗത്തിലെ പ്രത്യാഹാരം, ധ്യാനം, ധാരണ, തടസ്സമില്ലാത്ത സമാധി എന്ന ലയാനുഭവം, സദാനന്ദമെന്ന ചിത്പ്രകാശം എന്നിവ അനുഭവിച്ച് സഹജമാനുഷനെന്ന ആന്തരദിവ്യ പുരുഷനായി മാറുന്നു.

മനുഷ്യന്റെ സഹജസ്വരൂപം ആത്മരൂപമാണ്. ബ്രഹ്മമാണ്. ആ സ്വരൂപം അഥവാ ധാമം പ്രാപിച്ച സിദ്ധനാണ് സഹജീയരുടെ സഹജമനുഷന്, സഹജനെന്നാൽ സഹോദരനെന്നും അർത്ഥമുണ്ട്. ബ്രഹ്മാനുഭവത്തിൽ സർവ്വജീവജാലവും പ്രപഞ്ചവും ബ്രഹ്മസ്വരൂപമായി സ്വസ്വരൂപമായി സഹജമായിത്തീരുന്നു. സർവ്വത്തേയും സ്നേഹിക്കാനും ആദരിക്കാനുമല്ലാതെ വെറുക്കാൻ കഴിയാതാവുന്നു. സിദ്ധന്റെ പരമപ്രേമസാധന മൈത്രി, കരുണ, അഹിംസ എന്നിവ ആത്മാനുഭവഫലമാകയാൽ വെറും തിയറി പറയലല്ല. സഹജീവികളെല്ലാം അവന്നു സഹജർതന്നെയാണ്. ഇത്തരം സമൂഹജീവിതത്തിന് എല്ലാ പൗരന്മാരേയും ഭരണാധികാരികളേയുംസജ്ജമാക്കുന്ന വിദ്യാഭ്യാസരീതിയായിട്ടാണ് ഒരു കാലത്ത് യോഗശാസ്ത്രം ഇവിടെ നിലനിന്നത്. ഇത്രയും സഹസ്രാബ്ദങ്ങൾകഴിഞ്ഞിട്ടും അതു നിലനിൽക്കുന്നു. എന്നതുതന്നെ അതിന്റെ സത്യത്തിനു തെളിവാണ്. കാലത്തെ അതിജീവിച്ച യോഗമാണ്. ഫിലോസഫിയാണ് ഇന്ത്യയുടെ യഥാർത്ഥ ഹെറിട്ടേജ്. മനുഷ്യരൂപമെടുത്ത ഒരാള് തന്റെ സ്വസ്വരൂപമായ ദിവ്യബോധമായി ആത്മബോധം നേടി സഹമാനുഷനാകുന്ന പ്രക്രിയ സഹജീയയോഗസാധനയിലൂടെ വൈഷ്ണുവഭക്തിസമ്പ്രദായം പ്രാവർത്തികമാക്കുന്നു. മുകുന്ദദാസൻ രതിസാധന എന്നു വിളിക്കുന്നതിനെ

ത്തന്നെയാണ് മറ്റു സഹജീയർ രാഗസാധന എന്നു വിളിക്കുന്നതെന്ന് കാണുന്നു (ഗ്ലെൻ അലക്സാന്റർ ബെയ്സ് പേജ് 175 ഇയാൻ വിച്ചർ) ഗാർഹസ്ഥ്യം ഒരു രതിസാധനയാണ്. തന്ത്രങ്ങളിലും രതിസാധന ഉണ്ട്. ക്ഷേത്രങ്ങളിൽ നർത്തകീശിൽപ്പങ്ങൾ, യോഗിനി യക്ഷിണിമാരുടെ രൂപങ്ങൾ കാമരൂപങ്ങൾ ഇവ കൊത്തുന്ന ശിൽപ്പി ഈ രതിസാധനയുടെ സ്ഥൂലരൂപമാണ് ആവിഷ്കരിക്കുന്നത്. ഹെയ്സ് രതിസാധനയെ ഇംഗ്ലീഷിലേക്ക് പ്രാക്ടീസ് വിത്ത് എഡിസൈറബിൾവുമാണ് എന്ന് തർജ്ജമ ചെയ്യുന്നു. കാമശാസ്ത്രത്തിൽ പത്മിനി ഇത്തരം സ്ത്രീയാണ് എന്നും കരുതുന്നു. എന്നാൽ കാമശാസ്ത്രം രതിസാധനയ്ക്ക് സ്ത്രീപുരുഷന്മാരുടെ ചേർച്ച (അനുരൂപത) ആണ് നിർദ്ദേശിക്കുന്നത്. സ്ഥൂലമായ അർത്ഥത്തിലല്ല. സിദ്ധന്മാർ അതുപയോഗിക്കുന്നത്.

രാസസാധനയെ ഹെയ്സ് പാഷനേറ്റ് പ്രാക്ടീസ് എന്നാണ് മൊഴിമാറ്റം ചെയ്യുന്നത്. രാഗപദത്തിന് പാഷൻ, എന്നർത്ഥം മാത്രതമല്ല ഉള്ളത്. സഹജീയരുടെ ഒരു പദത്തില് രാഗസാധന യാത്രക്കാരുടെ പാതയാണ്, ലക്ഷ്യമല്ല. എന്നു കാണാം. വൈഷ്ണു വശാക്ത ശൈവസമ്പ്രദായങ്ങളിൽ രതിസിംബലുകൾ, രത്യാത്മകമായ ഉപാസനാസമ്പ്രദായങ്ങൾ എന്നിവ ഉണ്ട്. അവയെ സർപ്പദംശനമെന്ന പോലെയാണ് സഹജീയർ വീക്ഷിക്കുന്നത്. വിഷമുള്ള സർപ്പം കാവുകളില് വരദായകനായ നല്ല പാമ്പായും വിളങ്ങുന്നത് ഇന്ത്യക്കാർക്കിടയില് പ്രസിദ്ധമാണ്. വംശവർദ്ധനവിന് അവയുടെ അനുഗ്രഹം വേണം. കാമമെന്ന വിഷം രതിസിംബലുകളിലൂടെ നീക്കി പരമദിവ്യപ്രേമമെന്ന അമൃതമാക്കുന്ന ആൽക്കെമിയാണ് ഗുരൂപദേശവും ചര്യയും താന്ത്രികവും യോഗമാർഗ്ഗപ്രണീതവുമായ എല്ലാ ഉപാസനകളിലും ഇതുണ്ട്.

ഈശ്വരപ്രണിധാനമാർഗ്ഗമാണവയെല്ലാം മുകുന്ദദാസൻ, അനുരൂപയായ സ്ത്രീയോടു ചേരുന്ന സംഭോഗവും ശൃംഗാരവുമാണ് ഏറ്റവും ഉത്തമസാധന എന്നു പറയുന്നത് സിദ്ധഭാഷയിലാണ്. ഇതിനുഭാഗ്യം കിട്ടിയാൽ വികാരവിമുക്തനായി മോക്ഷം പ്രാപിക്കുമെന്നു കാമശാസ്ത്രവും കരുതുന്നു. മോക്ഷദേഹം പ്രാപിച്ച യോഗിക്ക് ആ ദേഹംകൊണ്ടാണ് പിന്നീടുള്ള സഹജമാർഗ്ഗസഞ്ചാരം ഈ ദേഹം ഗുരുരേതസ്സാകുന്ന ശ്രുതി സ്വരക്തമാകുന്ന ഹരി നാമസ്മൃതി അനുരൂപമായ ഇണ എന്ന സഹജീവിയോടൊത്ത് അനുഷ്ഠിക്കുന്ന രതി രാഗസാധനകൾ എന്നിവയുടെ സംയോഗഫലമാണ്. (അച്ഛനമ്മമാരുടെ സംയോഗഫലമായ ബാഹ്യശരീരമല്ല) താന്ത്രിക, നാഥസമ്പ്രദായ, ഹഠയോഗങ്ങളിൽ ഈ ദേഹാന്തരപ്രാപ്തിയെ ഉജ്ജാനസാധന എന്നും വിളിക്കും. ഇതിന് സഹജീയർക്ക് വീര്യധാരണവും ഊർദ്ധ്വരേതസ്സ് ആവാനുള്ള അഭ്യാസവും വേണം. പുരുഷജനനേന്ദ്രിയത്തെ ഊർദ്ധ്വവമാക്കി പിടിക്കാൻ മാംസപേശികൾക്ക് ബലം വേണം. രസം അഥവാ രേതസ്സും രതി അഥവാ സ്ത്രൈണശോണിതവും തന്നിലെ യോഗനാഡികളിൽ സംയോജിപ്പിച്ച് ബാംഗാനാഡി എന്നു ബംഗാളി ഭാഷയിൽ പറയുന്ന വക്രനദിയാക്കി ഒഴുക്കണം. സ്ത്രീകൾക്കും ജനനേന്ദ്രീയങ്ങളുടെ മാംസപേശികളുടെ നിയന്ത്രണം, ബലം, എന്നിവ വേണം. ഗുരുശിഷ്യന്മാർക്ക് കൊടുക്കാനും എടുക്കാനും ത്രാണി വേണം. ഏകാഗ്രമയി ഒന്നായി ഭവിച്ച് ലിംഗയോനികളിൽനിന്ന് ഊർദ്ധ്വമുഖിയായി ഉത്ഥാനികമായി വക്രദിശയിൽ (വിപരീതദിശ) ലൗകികദേഹപ്രപഞ്ചങ്ങളിൽനിന്ന് വിമുഖമായി, അലൗകികദിവ്യദേഹപ്രപഞ്ചങ്ങളിലേക്ക് സിദ്ധദേഹം ആകാശഗമനം ചെയ്യുന്ന മെറ്റഫർ ഒരു സാധാരണകർമ്മം മാത്രമായ സ്ത്രീപുരുഷസംയോഗത്തിലൂടെപ്പോലും യോഗസാധന പഠിപ്പി

ക്കുന്ന വിദ്യാഭ്യാസരീതിയാണ്. ബാഹ്യദേഹവും ബാഹ്യപ്രപഞ്ചവും ആന്തപ്രപഞ്ചവും ഉൾപ്പടെ വാസ്തുത്രികോണത്തിന്റെ വിപരീതദിശയിൽ അകത്തും മേലെയുമായിട്ടാണ് ഷഡ്ചക്രരൂപം വരിക. ഇത് വിദ്യയുടെ സിംബലാണ്.

പുതിയ ദേഹജനനം. ശബ്ദം അഥവാ നാദത്തിലൂടെയാണ്. അത് നാദതനുവാണ്. മന്ത്രമയമാണ്. ഈ വാസ്തുതന്ത്രജ്ഞാനം വസ്തുതന്ത്രജ്ഞാനവുമാണ്. അത് നിത്യവും സത്യവുമായ ചിത്തിന്റെ ബോധമാണ്. വൈഷ്ണവസഹജീയരും ബൗദ്ധസമ്പ്രദായക്കാരും അദ്വൈതചിന്തകരും ഒരുപോലെ വസ്തുതന്ത്രജ്ഞാനത്തെ അംഗീകരിക്കുന്നു. സഹജ വസ്തു എന്ന് മുകുന്ദദാസൻ ആത്മാവിനെയാണ് പറയുന്നത്. യഥാർത്ഥവും സത്യവും ശാശ്വതവുമായ വസ്തു ആത്മാവ്, ബ്രഹ്മം, അയഥാർത്ഥ ആപേക്ഷികസത്യമായ നശ്വര വസ്തു ദേഹം. ദേഹത്തിലൂടെ സഹജവസ്തുവിലേക്കുള്ള യാത്രയുടെ സിംബലാണ് താന്ത്രികമായ ഷഡ്ചക്രാദി രൂപങ്ങൾ. സ്രോതസ്സിനെ ഊർദ്ധ്വമാക്കുന്ന ഉത്ഥാനികാനദി യിലൂടെ (ഈ നദിയുടെ നാമം വാത്മീകിരാമായണത്തിലുണ്ട്) വക്രഗതിയിൽ ഊർദ്ധ്വ രേതസ്സായി രസപ്രവാഹം നാഡികളിലൂടെ നാലു പത്മസരോവരങ്ങളിലും ഒടുവിൽ നിത്യ ധാമത്തിലും എത്തി നിത്യമായ സഹജമുക്തിസുഖം അറിയുന്നു. എല്ലാ പ്രാപഞ്ചിക വസ്തുക്കളിലൂടെയും പ്രത്യേകിച്ച് സ്വശരീരത്തിലൂടെയും ശരീരാനുഭവങ്ങളെക്കൊണ്ട് പരീക്ഷിച്ച് മെറ്റഫറുകളിലൂടെ ശ്രുതികളിലൂടെ പരമ്പരകളായി കൈമാറി ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പരീക്ഷിക്കാവുന്ന ഒരു പ്രായോഗിക പദ്ധതിയാണ് സാംഖ്യയോഗപദ്ധ തി. നിത്യദേഹാനുഭൂതികൾ വാക്കുകളാൽ പറയാനാവാത്ത അനിർവ്വചനീയാനുഭൂതിക ളാകയാൽ സാധാരണ ദേഹാനുഭൂതികളുടെ മെറ്റഫറുകൾകൊണ്ടാണ് യോഗസിദ്ധർ സംവ ദിക്കുക. Once we can identify our experiences and entiles or substances we can refer to them categorize them group them and quantify them and by this means reason about them Lakkoff G.John son M. Metaphors we live by Chicago University Press 1980 page 25) അനുഭവങ്ങളെ വസ്തുവായി കാണാനും അവയെ തരംതിരിച്ച് വർഗ്ഗീകരിക്കാനും അളന്നുതൂക്കി നോക്കാനും അങ്ങനെ യുക്തിയുക്തം ചിന്തിക്കാനുമുള്ള കഴിവ് സൈന്ധ വജതയ്ക്ക് സഹസ്രാബ്ദങ്ങൾക്കുമുമ്പേ ഉണ്ടായതിന്റെ തെളിവുകളാണ് യോഗശാസ്ത്രം മുതലായ പ്രാചീനഗ്രന്ഥങ്ങളെല്ലാം ഊർജ്ജപ്രവാഹം, ശബ്ദപ്രവാഹം, പ്രകാശപ്രവാഹം ജലപ്രവാഹം രക്തപ്രവാഹം രസ പ്രവാഹം ഇവയോടു ബന്ധപ്പെട്ടാണ് ഭാരതീയർ നാഡീ പ്രവാഹങ്ങളെ കണ്ടിട്ടുള്ളത്. മുകുന്ദദാസൻ ചൈതന്യ നിത്യാനന്ദന്മാരേയും ഗോസ്വാ മിമാരേയും (ഗൗഡീയ വൈഷ്ണവ) ആദരിച്ചുകൊണ്ടാണ് തന്റെ സഹജീവീയഗ്രന്ഥ ത്തിൽ രസപ്രവാഹം എന്ന മെറ്റഫർ ഉപയോഗിക്കുന്നത്. ആൽക്കെമിയിൽ രസം മെർക്കു റിയാണ് കണ്ണാടിയുണ്ടാക്കാൻ പ്രാചീനഭാരതീയർ ഇതുപയോഗിച്ചിരുന്നു. കണ്ണാടിയിലെ മാലിന്യം കളഞ്ഞ് ശുദ്ധമാക്കിയാലേ പ്രതിബിംബം (സ്വസ്വരൂപം) തെളിഞ്ഞുകാണൂ എന്ന വേദാന്തത്തിലെ ഉപമ നോക്കുകമെർക്കുറി ബുധഗ്രഹവുമാണ്. ബുദ്ധി തരുന്ന ഗ്രഹമാ ണ്. ബുദ്ധിയെ ഏകാഗ്രമാക്കി ശുദ്ധമാക്കി വെക്കുന്ന പ്രക്രിയ എന്ന രസപ്രവാഹം ദിവ്യ ദേഹത്തിലേക്കും അദ്ധ്യാത്മികതയിലേക്കും തിരിച്ചുവിടുന്നു. അതിനാൽ രസപദം ബ്രഹ്മ രസാനുഭവവാചകവുമാണ്. ആയുർവ്വേദത്തിൽ ശോണിത ശുക്ലരക്താദിരസങ്ങൾ അവ യുടെ പ്രവാഹം, ധാതുപ്രസാദം എന്നിവയോടും ബന്ധപ്പെട്ടതാണ് ഈ മെറ്റഫർ. സൗന്ദ ര്യശാസ്ത്രത്തിലെ രസസിദ്ധാന്തം. കാമശാസ്ത്രത്തിലെ രസാനുഭവം. 64 കലകളിലെ രസാനുഭവം ഇവയെക്കാളെല്ലാം ഉന്നതവും അപരിമിതവുമായ ബ്രഹ്മരസാനുഭവം ഇവ യെല്ലാം ഈ മെറ്റഫറിലുണ്ട്. രസമെന്നത് രുചിയാണ് രുചിഭേദം മനുഷ്യർക്കുണ്ട്. എല്ലാ

വർക്കും ഒരേ രുചിയല്ല. വിഭിന്നരുചിക്കാർ അവരവരുടെ രുചിഭേദമനുസരിച്ച് വിഭവം തെരഞ്ഞെടുക്കുന്നു. പാചകകലയുടെ മെറ്റഫറിലൂടെ ബ്രഹ്മാനുഭവത്തിനുള്ള രുചിയിലും മനുഷ്യർതമ്മില് ഭേദമുണ്ടെന്ന തത്വം പറയുന്നു.

രോഗമൊന്നുമില്ലാത്ത ഒരു പുരുഷന്റെ രേതസ്സിന് തേനിന്റെ മധുരമാണെന്ന ആയുർവ്വേദ സമീപനം, രസത്തിന്റെ മധുരഭക്തി മധുരഭാവത്തോടുള്ള സഹജീയരതി രസസാധനയുടെ പോപ്പുലാരിറ്റി എന്നിവയെ മനസ്സിലാക്കണം. രസമനുഭവിക്കുന്ന (രസാനുഭവമുള്ള) സാധകർ അഥവാ യോഗികളെ രസികരെന്നു പറയുന്നു. രസികരുടെ രസാനുഭവത്തെക്കുറിച്ച് മുകുന്ദദാസൻ പറയുന്നത് അവർ ജലോപരി ഒഴുകുന്ന അനുഭവം അറിയുന്നു എന്നാണ്.

രസികരായ സാധകർ ശ്രീരൂപം എടുക്കുന്നു

അവരുടെ മനസ്സ് സദാ രസത്തിൽ ആനന്ദനൃത്തമായി തുള്ളിക്കളിക്കുന്നു

രസത്തിൽ പൂർണ്ണമായി മുങ്ങിക്കിടക്കുന്ന മനസ്സോടെ അവർ ജലോപരി ഒഴുകുന്നു

രസികരുടെ കൂടെയുള്ള സഹജീവിതം മാത്രം രസത്തെ സൃഷ്ടികക്കുന്നു.

ദിവൈശ്വര്യവിഭൂതിരൂപമായ ശ്രീരൂപമെടുത്ത് രസരാസലീലയാടി രസസാഗരമഗ്നമായി ആലിലയിലും അനന്തസർപ്പത്തിലും ജലശയനം ചെയ്ത് നിത്യയോഗനിദ്രാസമാധിയിലൊഴുകി നടക്കുന്ന വൈഷ്ണവപരമപദം. ആ രസാനുഭൂതിയിൽ സ്വയം മറന്ന സമാന ഹൃദയരുമൊത്ത് (സമാനഹൃദയർ) സജ്ജനങ്ങളുമൊത്ത് ജീവിതം അനുരൂപയായ സഹധർമ്മിണിയൊത്ത് രതിസാഗരജീവിതം ഇതെല്ലാം ഇവിടെ പരമാർശിതമാണ്. താമരയിലെ പോലെ സംസാരത്താൽ സ്ർശിക്കപ്പെടാതെ സംസാരജലോപഗി യോഗി ജീവിക്കുന്നു.

ശരീരനാഡികളേയും നാഡീവ്യൂഹമണ്ഡലങ്ങളേയും നദികളും പത്മസരോവരങ്ങളുമായി സഹജീയവൈഷ്ണവർ കാണുന്നു. നാഡികളിലൂടെ ഒഴുകുന്ന രസം ഈ സരോവരങ്ങളിലൂടെ പരമപദത്തിലെത്തിക്കുന്ന യോഗവിദ്യയാണ്. ഇവിടെയും യാത്രയും ലക്ഷ്യവുമാണ് മെറ്റഫർ. ഒരു തലത്തിൽ നിന്ന് മറ്റൊരു തലത്തിലേക്കാണ് യാത്ര. നദിയുടെ ഇരുകരകളാൽ (സംസാരനിർവ്വാണങ്ങൾ) യാത്രയിലെ ദൃശ്യാനുഭവങ്ങൾ മനോഹരമാക്കപ്പെടുന്നു. നാഡീവ്യൂഹങ്ങളാകുന്ന പത്മസരോവരങ്ങളിലെ തീർത്ഥഘട്ടങ്ങളിലെ സ്നാനവും ജലക്രീഡകളും പത്മിനികളാൽ ചുറ്റപ്പെട്ട സൗന്ദര്യാനുഭവവും സമീപഗ്രാമങ്ങളിലെ പ്രവേശനവും അവിടത്തെ ആനന്ദങ്ങളും ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനജീവിതസമ്പ്രദായങ്ങളും മെറ്റഫറായെടുത്ത് ദിവ്യദേഹസഞ്ചാരം ദിവ്യദേശസഞ്ചാരമായി അവതരിപ്പിക്കുന്നു ഭക്തിമാർഗ്ഗങ്ങൾ തീർത്ഥഘട്ടങ്ങളിലെ സോപാനാരോഹണം ചെയ്തും അവരോഹണം ചെയ്തുമാണ്. ഓരോ സംഗീതഗ്രാമ പ്രവേശനവും ഗ്രാമാന്തരപ്രാപ്തിയും. സരോവരാന്തരപ്രാപ്തിയും അലൗകികവും കലാപരവും ശാസ്ത്രീയവും ലൗകികജീവിതസംബന്ധിയുമായ എല്ലാ അനുഭവതലങ്ങളേയും സ്പർശിക്കുന്ന മെറ്റഫറുകളിലൂടെ യോഗി എല്ലാ തലത്തിലുള്ളവരുമായി സംവദിക്കുന്നു. ചിത്തവൃത്തിയും ചിത്തവൃത്തിനിരോധവും ഇതുപോലെ രസസംബന്ധിയായ മെറ്റഫറാണ്. സ്വയം അനുഭവിക്കാനും അതിനായി നിഷ്ഠകളോടെ ജീവിക്കാനും തയ്യാറുള്ളവർക്കേ പൂർണ്ണാനുഭവം കിട്ടുകയുള്ളൂ. അല്ലാത്തവർക്ക് ഭാഗികാനുഭവം കിട്ടുകയോ യോഗഭ്രഷ്ടരാവുകയോ ചെയ്യാം. പത്മസരോവരം പത്മം, പത്മിനി ഈ സിംബലുകൾ യോഗിയുടെ ദേഹതത്വത്തിന്റെ സൂക്ഷ്മവും സഹജവുമായ ആന്തരശക്തിയുടേതാണ്. സഹജീയരുടെ പ്രപഞ്ചത്തിൽ അവയ്ക്ക് പ്രാധാന്യമുണ്ട്. ഭാരതീയസംസ്കാരത്തിലെ അതിപ്രധാനമായ സിംബലുകളിലൊന്നാണ് നാഡീപത്മം. പത്മാസനം, പത്മപീഠം, സഹസ്രാരപത്മം

ഇങ്ങനെ അതിനോടു ബന്ധപ്പെട്ട അനേകം സിംബലുകളുണ്ട്. വ്യാസമുനി ഭീമന്റെ ഗന്ധ മാദനയാത്രയിൽ പദ്മസരോവരത്തിലെ ജലക്രീഡ, ആരോഹണാവരോഹണങ്ങൾ ഗ്രാമ സന്ദർശനം സുഖാനുഭവങ്ങളെന്നിവ വർണ്ണിക്കുന്നു. പരമയോഗിയായ വ്യാസന്റെ ഈ മെറ്റഫറിലൂടെ സഹജീയരും തങ്ങളുടെ സാധനകളെ മനസ്സിലാക്കുന്നു.

കഴിഞ്ഞ ജന്മത്തിൽ യോഗഭ്രഷ്ടരായവര് ഈ ജന്മവും പൂർവ്വജന്മസ്മൃതിയോടെ ആവിർഭവിച്ച് നിർത്തിയേടത്തുനിന്ന സാധന തുടങ്ങുന്നു. ഇത്തരമൊരനുഭവം എനി ക്കുണ്ട്. നന്നെ ചെറുപ്പത്തിൽ ഞാൻ താമരപ്പൂക്കൽ വിടർന്നു നിൽക്കുന്ന ഒരു ജലാശയം (പത്മസരോവരം) സ്വപ്നം കണ്ടു. സ്വർണ്ണത്താമരപ്പൂക്കളാണ് വിരിഞ്ഞുനിന്നിരുന്നത്. (താമരപ്പൂക്കൾ എന്ന ആദ്യകവിതാസമാഹാരത്തിൽ ആദ്യത്തെ കവിത ഈ സ്വപ്നദർശ നമാണ്) എന്റെ ബാഹ്യദേഹതത്വത്തിൽ നിന്ന് മന്ത്രവർണ്ണസ്വരൂപമായി ശ്രീസൂക്തത്തിൽ കാണുന്ന സുവർണ്ണ എന്ന നാമം അഥവാ നാദവർണ്ണസൂക്ഷ്മദേഹത്തിലേക്കുള്ള (സ്വർണ്ണ വർണ്ണമായ ശ്രീരൂപം) യാത്രയിൽ ഈ ശരീരവും മനസ്സും ബുദ്ധിയും കടന്നുപോയ ആത്മാ നുഭവങ്ങളെ സമാനഹൃദയരോടും പങ്കുവെക്കുന്ന ഗ്രന്ഥങ്ങളിൽ സൂക്ഷ്മപരമാണുക്കളാലും നാദതരംഗങ്ങളാലുമുണ്ടായ സർവ്വജീവാനുഭവങ്ങളും സിന്ധുസരോവരങ്ങൾ...അതിൽ ചളിയോ പൊടിയോ പുരളാതെ നനയാതെ പൊങ്ങിക്കിടന്ന് ഒഴുകുന്ന ദിവ്യദേഹസഹസ്രാര സൗഗന്ധികമായി സ്വാത്മ സ്വസ്വരൂപയോഗദർശനം. ഈ പരമസാധന സൈന്ധവസം സ്കൃതിയുടെ മഹാദ്വൈതം...അതിൽ സംസാരവും നിർവ്വാണവും അഭേദം.

പതഞ്ജലയോഗസൂത്രപഠനം
വ്യാസകൃതികളിലെ യോഗപരാമർശം

ഭാഗവതത്തിലും മഹാഭാരതത്തിലും വ്യാസൻ യോഗത്തെ വർണ്ണിച്ചിട്ടുണ്ട്. യോഗ വിദാം വരഃ (മോക്ഷധർമ്മപുരാണം 26.4) വ്യാസോ വേദവിദാം വരഃ(മഹാഭാരതം 15.3819) ഭീഷ്മരോട് താങ്കളനുസരിക്കുന്ന യോഗം എന്താണെന്ന് ചോദിച്ചതിനുത്തരം കൃഷ്ണ ധ്യാനപരമായ കൃഷ്ണസ്തവരാജമാണ്.

(12.47) തപസ്സും യോഗവും ഒന്നുതന്നെയാണെന്ന് നിരവധിപരാമർശങ്ങളിലൂടെ മഹാഭാരതം തെളിയിക്കുന്നുണ്ട്. സാംഖ്യം തത്വചിന്താപരമായ അധ്യാത്മവിദ്യയും യോഗം അതു നേടാനുള്ള പ്രായോഗിക പദ്ധതിയുമാണ്. അധ്യാത്മവിദ്യ നേടാനുള്ള തപസ്സാണ് യോഗം. വിവേകം, സംഖ്യാജ്ഞാനം എന്നിവ ചേർന്ന സാംഖ്യപദ്ധതിയെ ഗ്രഹിക്കാനുള്ള ഏകാഗ്രതക്കാണ് യോഗി തപം ചെയ്യുന്നത് എന്ന് വസിഷ്ഠന് ജനകനോടു പറയുന്നു (മോക്ഷധർമ്മപുരാണം 12.291296) മോക്ഷം അഥവാ കൈവല്യത്തിനും വിദ്യാപ്രാപ്തിക്കുമുള്ള ഉപായമാണത്. സാംഖ്യരുടെ 25 തത്വങ്ങളെ ശാന്തിപർവ്വത്തില് വ്യാസന് നിർദ്ധാരണം ചെയ്യുന്നു. ധ്യാനയോഗത്തിനുശേഷം ജാപകോപാഖ്യാനത്തിൽ ഭീഷ്മര് വേദകാലത്ത് യജ്ഞസംസ്കാരത്തോടു ബന്ധപ്പെട്ട ജപത്തെ വർണ്ണിക്കുന്നു. ജാപകൻ (ജപിക്കുന്നവൻ) യോഗിതുല്യനാണെന്ന് ഭീഷ്മർ യുധിഷ്ഠിരനോടു പറഞ്ഞു. സാംഖ്യയോഗമോ യോഗമോ നാസ്തികസ്വഭാവമുള്ളവയല്ല. ജോൺ ബ്രോക്കിങ്ടൺ (യോഗ ഇൻ മഹാഭാരത അദ്ധ്യായം 1 പേജ് 15 ദി ഇന്ത്യൻ ട്രഡിഷന് 2003 ഇയാൻ വിച്ചർ ആന്റ് ഡേവിഡ് കാർപെന്റർ) ജപവും യോഗവും വ്യത്യസ്തമെന്നും സാംഖ്യം നാസ്തികവും യോഗം ആസ്തികവുമെന്നും തരുതുന്നത് ശരിയല്ല. വാർഷ്ണേയാധ്യാത്മം ഒരു പുരാതനസംഖ്യപദ്ധതിയാണെന്നും അത് യോഗത്തെപ്പോലെ ആസ്തികമാണെന്നും അദ്ദേഹം തന്നെ പറയുന്നുമുണ്ട്. നാം എവിടെ നിന്നു വന്നു എന്ന ശിഷ്യന്റെ ചോദ്യത്തിന് ഗുരു സർവ്വവും ആ വാസുദേവനിൽ നിന്നു വന്നു. അവനിലിരിക്കുന്നു അവനിൽലയിക്കുന്നു എന്നു പറയുന്നത് അദ്ദേഹം വാർഷ്ണേയത്തിൽനിന്ന് ഉദ്ധരിക്കുന്നു. പുരുഷോത്തമനായി വിഷ്ണുവിനെ വേദത്തിലെന്ന പോലെ അതിലംഗീകരിക്കുന്നുണ്ട്. യോഗപദ്ധതിയുടെ ഒരു ഭാഗമാണ് ഭക്തിപൂർവ്വമായ ഈശ്വരപ്രണിധാനം. ഏകാഗ്രശ്രദ്ധയോടെയുള്ള ഈശ്വരചിന്തനം ഭഗവദ്ഗീതയും ഇത് എടുത്തുപറഞ്ഞിട്ടുണ്ട്. കുരുക്ഷേത്രയുദ്ധാനന്തരം അനുഗീതയിൽ അതഃപരം പ്രവക്ഷ്യാമി യോഗശാസ്ത്രം അനുത്തമം എന്ന മുഖവുരയോടെ കൃഷ്ണൻ യോഗവിദ്യ ഉപദേശിക്കുന്നു. ഏകാന്തശീലനായി ഏകാഗ്രചിത്തനായി അധ്യാത്മചിന്തനം ചെയ്യാനാണ് ഉപദേശിക്കുന്നത്. മഹാഭാരതത്തിൽ 900 പ്രാവശ്യം യോഗത്തേയും യോഗികളേയും കുറിച്ച് പരാമർശമുണ്ട്. അതിൽ 300 പ്രാവശ്യം ശാന്തിപർവ്വത്തിൽ മാത്രമാണ്. വിധിം ച യോഗസ്യ എന്ന് യോഗശാസ്ത്രവിധികളെ മഹാഭാരതം പറയുന്നുണ്ട്. ആരണ്യകപർവ്വത്തിൽ ശൗനകൻ യുധിഷ്ഠിരനോട് തപസ്സ്. യോഗം ഇവകളാൽ ജയം നേടാനുപദേശിക്കുന്നു. (പതസാ സിദ്ധിം അസ്മിഹരയോഗസിദ്ധിം ച ഭാരത) ദേവന്മാരുടെ വിജയം യോഗൈശ്വര്യേന സമ്യുക്തരായതുകൊണ്ടാണെന്ന് ഓർമ്മിപ്പിക്കുന്നു. പിന്നീട് സൂര്യന്റെ 108 നാമം ജപിക്കും മുമ്പ് യുധിഷ്ഠിരന് തപസ്സും യോഗവും അനുഷ്ഠിച്ചു എന്നും പറഞ്ഞിരിക്കുന്നു. പ്രാണായാമവും ചെയ്തു (തപ ആസ്ഥായ

ധർമ്മേണ തപ ആധിഷ്ഠാത് ഉത്തമം. യോഗം ആസ്ഥായ, പ്രാണായാമേനരസ്തിവാൻ) സാംഖ്യയോഗപ്രവർത്തകരായ പരമയോഗികള് ബ്രഹ്മാവിന്റെ മാനസപുത്രരായ സന. സനത്സുജാത, സനക. സനന്ദന, സനത്കുമാര, കപില, സനാതനരെന്ന 7 പേരാണ് തപ സ്സുകൊണ്ടുള്ള പ്രഭാവം (സിദ്ധി) മോക്ഷവിധാതമാകയാൽ അവയെ നിരാകരിക്കണമെന്ന് വ്യാസൻ ശുകനെ ഉപദേശിക്കുന്നു. കാവ്യഉശനസ്സിനെ യോഗസിദ്ധോ മഹാമുനി എന്നു വിളിക്കുന്നു. കവലയാശ്വനെന്ന രാജാവ് (യോഗീയോഗേനാനുപ്രവിശ്യേഹ ഗുരുപത്ന്യാ കളേബരം) വീതിഹവ്യന്റെ പിൻഗാമികളെ തോൽപ്പിക്കാൻ പ്രതർദ്ദനന്റെ ശരീരത്തിലേക്ക് ഭരദ്വാജന് പ്രവേശിച്ചതായും പ്രതർദ്ദനന് 13 വയസ്സായ കുട്ടിയായി അതിനുപുറപ്പെട്ടതായും കാണുന്നു. ആദിശങ്കരനും ഇത്തരം യോഗസിദ്ധി ഉണ്ടായിരുന്നതായി പറയുന്നു. ഏകാ ഗ്രമനസ്സായ യോഗിയുടെ ചിത്തം നല്ല യോദ്ധാവിലും കാണുമെന്ന ദ്രോണാചാര്യർ അർജ്ജുനനെ പരീക്ഷിക്കുന്നിടത്ത് കാണുന്നു. സനത്സുജാതീയത്തിൽ പുരുഷനാണ് ലക്ഷ്യം. പുരുഷനെ യോഗികൾ ഭഗവാനായി സനാതനമായി കാണുന്നു. യോഗിനസ്തം പ്രപശ്യന്തി ഭഗവന്തം സനാതനം ബ്രാഹ്മണവ്യാധസംവാദത്തിൽ സാംഖ്യജ്ഞാനവും അതിന്റെ പ്രായോഗികവശവുമുണ്ട്. വ്യാധൻ സാംഖ്യതത്വം, പ്രാണന്റെ പ്രാധാന്യം എന്നിവ പറയുന്നുണ്ട്. രാത്രിപോലും മനസ്സിനെ യമനിയമങ്ങളാൽ ഏകാഗ്രമാക്കുന്ന സവ്യസാ ചിത്വം, മിതഭക്ഷണം ആത്മശുദ്ധി ഇവകൊണ്ട് തന്നിൽത്തന്നെ ഇരിക്കുന്ന പ്രകാശരൂപ മായ ആത്മാവിനെ സ്വയം ജ്യോതിസ്സായി ദർശിക്കാമെന്നു പറയുന്നു. ദ്രോണരുടെ മര ണസമയത്ത് അദ്ദേഹം ആയുധംവെച്ച് യോഗയുക്തവാനായി (യോഗം ആസ്ഥായ) ഇരുന്ന് പ്രകാശരൂപത്തിൽ സ്വർഗ്ഗത്തിലേക്കുയരുന്നതും ആകാശത്തില് രണ്ടു സൂര്യനുദിച്ചപോലെ പ്രകാശം എല്ലാവരും കണ്ടതും വ്യാസൻ രേഖപ്പെടുത്തുന്നു. ശ്രീകൃഷ്ണന്റെ സ്വർഗ്ഗാ രോഹണത്തിലും ജ്യോതിർഭൂതമായ ആത്മാവിന്റെ ഉയർച്ച പറഞ്ഞിട്ടുണ്ട്. ദ്രോണപർവ്വ ത്തില് ഭുരിശ്രവസ്സിനെ യോഗയുക്തനെന്നും കർണ്ണപർവ്വത്തില് ദ്രോണരെ യുക്തയോഗ നെന്നും വ്യാസന് വിളിക്കുന്നു. വിദുരൻ യോഗശക്തിയാല് ആത്മാവുപേക്ഷിച്ച് ജ്വലി ക്കുന്ന പ്രകാശമായി യുധിഷ്ഠിരദേഹത്തില് പ്രേവശിച്ചതായും യുധിഷ്ഠിരന് തന്നില് ഒരു പുതുശക്തി അനുഭവപ്പെട്ടതായും പറയുന്നു, ഇതെല്ലാം നോയെറ്റിക് സയൻസ് എന്ന പേരിൽ ഇപ്പോൾ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന സൈക്കിക്ക് റിസർച്ചു കളുമായി താരതമ്യപ്പെടുത്തേണ്ടവയാണ്.

മോക്ഷധർമ്മപർവ്വത്തിൽ യോഗവും സാംഖ്യവും ഒന്നാണ്. ഇരുപത്തിആറാമത്തെ തത്വമായി സർവ്വജനപുരുഷനെ പറയുന്നുണ്ട്. ആഹാരവിഹാരാദി യമനിയമാസനങ്ങൾ സദാചാരം ഇന്ദ്രിയനിഗ്രഹം പ്രാണായാമം, ഏകാഗ്രധ്യാനം എന്നിവ സ്വാധ്യായം ദാനം സത്യം, ധർമ്മം ക്ഷമ, ശുദ്ധി കാമകേരോധലോഭാഗി ദോഷങ്ങളിൽ നിന്ന് വിട്ടുനിൽക്കൽ ലഘുആഹാരം ഇവയൊക്കെ മഹാഭാരതത്തിലെ യോഗചര്യയിൽ പെടുന്നു. ധാന്യം, പച്ച ക്കറി, പഴം, കിഴങ്ങുവർഗ്ഗം ഇവ കഴിക്കയും ഒരുമാസത്തെ ഉപവാസവും രാത്രിയുടെ ആദ്യത്തേയും അവസാനത്തേയും യാമത്തിൽ യോഗാഭ്യാസവും (സന്ധ്യത്രിസന്ധ്യക ളിൽ) നിർദ്ദേശിച്ചിട്ടുണ്ട്. ഗിരിശിഖരമോ ചൈത്യമോ വൃക്ഷച്ചുവടോ, മലകളിലെ ഗുഹ കളോ, ക്ഷേത്രമോ വിജനഗൃഹമോ ഏകാന്തധ്യാനത്തിനുപയോഗിക്കാമെന്ന് പറഞ്ഞിട്ടു ണ്ട്. അനുശാസനപർവ്വത്തിന് ശിവന് ഉമയോട് വീരസനത്തെ പരാമർശിക്കുന്നു. പ്രാണാ യാമം സഗുണവും ധാരണ നിർഗ്ഗുണവുമാണ്., പ്രാണായാമം ശാന്തിപർവ്വത്തില് രണ്ടു

പ്രാവശ്യമേ പറഞ്ഞിട്ടുള്ളൂ. ആസനങ്ങളെക്കുറിച്ചും രണ്ടു പ്രാവശ്യമേ പറഞ്ഞിട്ടുള്ള. ധ്യാനയോഗം നിരോധനത്തിന്റെ പൂർണ്ണവിവരണവും ജ്ഞാനദീപ്തിയോഗം യോഗത്തിലെ പരമമായ ചിത്തിന്റെ അവസ്ഥയും തരുന്നുണ്ട്. ധ്യാനയോഗാദ്ധ്യായത്തിൽ ഭീഷ്മന് യുധിഷ്ഠിരനോട് ധ്യാനയോഗം ചതുർവ്വിധം എന്നു പറഞ്ഞ് ധ്യാനത്തിന്റെ വിതർക്ക, വിചാര. വിവേകഘട്ടങ്ങളിലൂടെ കടന്ന് നിർവ്വാണത്തിലെത്തുന്ന രീതി പറയുന്നു. ഇത് ബൃഹന്നാരദീയപുരാണത്തിലും ഉണ്ട് (44.83.105) അനുഗീത പ്രവൃത്തിലക്ഷണോ യോഗഃ എന്നു പറയുന്നു. ബുദ്ധി കടിഞ്ഞാണിട്ടുപിടിച്ച് മനസ്സിന്റെയും തെളിഞ്ഞ തടാകത്തിൽ പ്രതിബിംബിച്ച സൂര്യന്റെയും മേച്ചിൽപുറമാകുന്ന വിഷയങ്ങളെവിട്ട് ആലയിൽ (ആത്മാവിൽ) മടങ്ങിയെത്തിയ ഇന്ദ്രിയങ്ങളാകുന്ന പശുക്കളുടെ ഉപമകൾ കൊണ്ട് വ്യാസന് യോഗിചിത്തത്തെ വ്യാഖ്യാനിക്കുന്നു. വേദരഹസ്യവും യോഗദർശനവും പ്രതിപാദിക്കുന്ന ശുകാനുപ്രശ്നത്തിൽ 7 ധാരണകളെ പറയുന്നു. വാളിൻന്റെമുനയിൽ നിൽക്കുന്നതിനേക്കാൾ പ്രയാസമാണ് യോഗിയുടെ തപസ്സ് എന്നും അതിലൂടെ കടന്ന് യോഗൈശ്വര്യത്തെ അതിക്രമിച്ചാൽ (യോഗൈശ്വര്യം അതിക്രാന്തോ) മുക്തരായിക്കഴിഞ്ഞു എന്നും പറയുന്നു. ശുകാമുപ്രശ്നം യോഗസൂത്രത്തിലുള്ള അതേ പദങ്ങളുപയോഗിച്ചാണ് സാംഖ്യവും യോഗവും യോഗിയുടെ പരമദർശനമായ സമാധിയും പറയുന്നത്. സമാധിയെക്കുറിച്ച് പറയുമ്പോൾ ശാണ്ഡില്യന് യോഗമെന്നാൽ സമാധിയാണെന്നു പറഞ്ഞിരിക്കുന്നു. വസിഷ്ഠൻ ശ്രദ്ധയും പ്രാണായാമവും ചേർന്ന ധ്യാനമാണ് യോഗമെന്നും പറഞ്ഞിട്ടുണ്ട്. 62 ശ്ലോകമുള്ള യോഗകഥനം 110 ശ്ലോകമുള്ളസാംഖ്യകഥനം എന്നിവ ശ്രദ്ധേയമാണ്. യോഗാംശ്ച വിവിധാൻ എന്ന് യോഗകഥനത്തിൽ വ്യാസൻ പറയുന്നു. ഇതിനെക്കുറിച്ച് ജോൺ ബ്രോക്കിങ്ടൺ , ഇത് പതഞ്ജലിയോഗത്തിനോട് താരതമ്യേന അടുത്തുവരുന്നു എന്നാണ് പറയുന്നത് (it is relatively close tothe classical yoga of Pathanjali) വാചസ്പതിമിശ്രന്റെ അഭിപ്രായം വ്യസനുമുമ്പേ ഉള്ള ഹിരണ്യഗർഭയോഗപദ്ധതിക്ക് വ്യാസൻ രചിച്ച ഭാഷ്യത്തിലെ സൂത്രങ്ങളെ കോർത്തിണക്കിയാണ് നാമിന്നറിയുന്ന പതഞ്ജലി യോഗസൂത്രം രചിക്കപ്പെട്ടതെന്നാണ്. തെളിവുകളെല്ലാം ഇതിന്നനുകൂലമാണെന്ന് കാണുന്നു. ഹിരണ്യഗർഭയോഗസൂത്രത്തിന്റെ വ്യസഭാഷ്യത്തിന് വാചസ്പതിമിശ്രൻ രചിച്ച ഭാഷ്യമാണ് തത്വവൈശാരദി. അതിന്റെ പൂർണ്ണരൂപം വായിച്ച് അതിനെ ആസ്പദമാക്കിയാണ് ഈ മലയാളഭാഷ്യരചന.

യാജ്ഞവല്ക്യജനകസംവാദത്തിൽ നാസ്തിസാംഖ്യസമം ജ്ഞാനം നാസ്തി യോഗസമം ബലം എന്നു കാണാം. വേദത്തിൽ യോഗമുണ്ടായിരുന്നതായും ഈ സംവാദം പറയുന്നു. (വേദേഷ്ഠ ചാഷ്ടഗുണിതം യോഗം ആഹുർമനീഷിണഃ) വേദകാലത്തെ അഷ്ടാംഗയോഗം ഹിരണ്യഗർഭയോഗമാണ്. യോഗധർമ്മത്തിൽ നിഷ്ഠയോടുകൂടി സുലഭ എന്ന ഭിക്ഷുകി (മൈത്രേയി) സാംഖ്യയോഗഗുരുവായി ജീവിച്ചിരുന്നതായും അവർ സുന്ദരീരൂപത്തിൽ മിഥിലയിലെ ജനകനെ സന്ദർശിച്ച് യോഗബന്ധത്താൽ ജനകന് വാസ്തവത്തിൽ സംസാരമുക്തനാണോ എന്നു പരീക്ഷിച്ചതായും വ്യാസൻ പറയുന്നു. ഇത് വളരെ പ്രധാനമാണ്. സുലഭാമൈത്രേയി എന്ന യാജ്ഞവല്ക്യപത്നിയെക്കുറിച്ച് വ്യാസമുനി മാത്രമാണ് ഈ കഥ പറഞ്ഞിട്ടുള്ളത്.

ക്രിയായോഗം (അഭ്യാസം)

ആവർത്തിച്ചുചെയ്യുന്ന ഒരു ക്രിയയെയാണ് അഭ്യാസം എന്ന പദം സൂചിപ്പിക്കുന്നത്. ആവർത്തനംകൊണ്ട് ക്രിയ മെച്ചപ്പെടുന്നു. യോഗാഭ്യാസം അതിനാണ്. നിരന്തരം ആവർത്തിച്ച് ഒരേ കാര്യം നിഷ്ഠയോടെ ചെയ്യുമ്പോൾ അതൊരു ശീലമാവുന്നു. ഒരു സമൂഹത്തിന്റെ നിഷ്ഠ ഒരാചാരമായി ഒരു ചര്യയായി (ദിനചര്യ, ഋതുചര്യ) തീരുന്നു. യോഗാഭ്യാസം ഒരു ജീവിതചര്യ അഥവാ ക്രിയായോഗമായിതീരുമ്പോളാണ് അതിന്റെ പരമലക്ഷ്യത്തിലെത്തിക്കുന്നത്. സാധനപാദത്തിലെ ആദ്യസൂത്രത്തിൽ തപസ്സ് സ്വാദ്ധ്യായം ഈശ്വര പ്രണിധാനം. ഇവയാണ് ക്രിയായോഗഘടകങ്ങൾ,. ചീത്തവൃത്തി നിരോധത്തിന് അഭ്യാസവും വേണം വൈരാഗ്യവും വേണം എന്നു പറഞ്ഞിട്ടുണ്ട്. തപസ്സും വൈരാഗ്യവുമുണ്ടാക്കുന്ന സ്വാദ്ധ്യായവും ഈശ്വര പ്രണിധാനവും നിരന്തരം ആവർത്തിക്കുന്ന അഭ്യാസശീലമാണ് സംസ്കാരത്തെ സൃഷ്ടിക്കുന്നതും മാനസജീവിതത്തിന്റെ ഗുണം നിശ്ചയിക്കുന്നതും അതിന്നായി നിരന്തരം പ്രയ്തനിക്കണം. യോഗസൂത്രത്തിൽ യോഗി സന്യാസി മാത്രമല്ല. ഉത്തമഗൃഹസ്ഥനുമാണ്. ഗൃഹസ്ഥന്റെ ജീവിതചര്യയിൽ യോഗത്തിന് സന്യാസിയുടെ ജീവിതത്തിലെന്നപോലെ പ്രാധന്യമുണ്ട്. സമാഹിതചിത്തനെ സമാധിപാദത്തിൽ അവതരിപ്പിച്ച് വ്യാസന് സാധനാപാദത്തിൽ വ്യഥിതചിത്തൻ എങ്ങനെ സാധന അനുഷ്ഠിക്കണമെന്നുപറയുന്നു. (ഉദ്ദിഷ്ഠസമാഹിതചിത്തസ്യ യോഗ കഥം വ്യഥിതചിത്തോ അരപി യോഗയുക്തഃ സ്യാദ് ഇതി ഏതദ് ആരഭ്യതേ വ്യാസഭാഷ്യം) വ്യഥിതമായ ഗൃഹസ്ഥചിത്തത്തെ സമാഹിതമായ യോഗിച്ചിത്തമാക്കാനുള്ളതാണ് യോഗാഭ്യാസം (ക്രിയാഭ്യാസം, ക്രിയായോഗം) ശരീരേന്ദ്രിയങ്ങളുടെ സിദ്ധി (തപസ്സ്) എല്ലാ അശുദ്ധികളേയും നീക്കുന്നു. ഇഷ്ടദേവതാപരമായ സ്വാദ്ധ്യായത്താൽ ആ ദേവതയുടെ സാന്നിദ്ധ്യം ലഭിക്കുന്നു. ഈശ്വരപ്രണിധാനത്താൽ സമാധി സാധിക്കുന്നു. മന്ത്രം മന്ത്രജപം എന്നിവ സ്വാദ്ധ്യായത്തിൽ ഉൾപ്പെടുന്നു. യോഗിയുടെ നിർമ്മാണചിത്തം മന്ത്രം തപസ്സ് സമാധി ഇവകൊണ്ടാണ് യോഗിയുടെ ക്രിയ കൃഷ്ണം, കൃഷ്ണുശുക്ലം, ശുക്ലം, കൃഷ്ണമോ ശുക്ലമോ അല്ലാത്തത് എന്ന് നാലുവിധമാണ്. തപസ്സും സ്വാദ്ധ്യയവും ധ്യാനവും ഉള്ളവർക്ക് ശുക്ലക്രിയ (സാത്വികം) സാധിക്കും. അത് മനസ്സിനെ കേന്ദ്രീകരിച്ചാണ്. ബാഹ്യോപാധി വേണ്ട. ആരേയും ദ്രോഹിക്കാത്ത ക്രിയയാണത്. മന്ത്രധ്യാനപരമായ ആചാരക്രിയയാണത്. തപസ്സ് (21,2.32,2.43,4.1) അഞ്ചു നിയമങ്ങളിലൊന്നാണ്. സിദ്ധി ലഭിക്കാനുള്ള അഞ്ചുമാർഗ്ഗങ്ങളിലൊന്നാണ്. ബാഹ്യാന്തരശുദ്ധിക്കുള്ള മാർഗ്ഗമാണ്. തപസ്സില്ലാതെ യോഗസിദ്ധി സാദ്ധ്യമല്ല എന്ന് വ്യാസഭാഷ്യം. കർമ്മവാസനകളും ക്ലേശങ്ങളും തപസ്സുകൊണ്ട് ക്ഷയിക്കുന്നു. തടസ്സമില്ലാത്ത ചിത്തപ്രസാദം അങ്ങനെ ലഭിക്കുന്നു ദ്വന്ദസഹനമാണ് തപസ്സ് എന്ന് വ്യാസൻ എടുത്തുപറയുന്നു. സുഖദുഖലാഭനഷ്ടാദികൾ കൊണ്ട് മനസ്സിന്റെ പ്രസാദം നഷ്ടപ്പെടാതാവുന്നു. അനേകം വ്രതങ്ങൾ തപസ്സിനുണ്ടെന്ന് വ്യാസമുനി നിർദ്ദേശിക്കുന്നു. (ഉപവാസാദി) അശുദ്ധിയുടെ ആവരണം നീക്കി നിരാവരണമായ ആത്മപ്രകാശം തപസ്സ് നമുക്കുകാണിച്ചുതരുന്നു. ധർമ്മശാസ്ത്രത്തിലെന്നപോലെപ്രാണായാമത്തിലുപരിയായി ഒരു തപസ്സില്ലെന്ന് വ്യാസഭാഷ്യവും പറയുന്നുണ്ട്. അഭ്യാസനിഷ്ഠക്കും തപസ്സ് ആവശ്യമാണെന്ന് വ്യാസവചനം തപസ്സ് ബ്രഹ്മചര്യം (യമങ്ങളിലൊന്ന്) വിദ്യശ്രദ്ധ എന്നിവയുടെ ആധാരശിലമേലാണ് അഭ്യാസനിഷ്ഠ ഉറപ്പിച്ചിരിക്കുന്നത്. ഇതുകൊണ്ട് വൈരാഗ്യം ജനിക്കുന്നു. യജ്ഞദീക്ഷ എടുക്കുന്ന

യജമാനൻ (ഗൃഹസ്ഥൻ) തപസ്സനുഷ്ഠിക്കുകയാണ്. വിദ്യാർത്ഥികൾ ബ്രഹ്മചര്യദീക്ഷ എന്ന തപസ്സനുഷ്ഠിക്കുന്നുണ്ട്. ഏകപത്നീവ്രതം,. പാതിവ്രത്യം ഇവ ഇഷ്ഠദേവതാനിഷ്ഠക്ക് തുല്യമായി ഗൃഹസ്ഥാശ്രമികൾ. എടുക്കുന്ന വ്രതങ്ങളാണ്. ഗുരുവിനെ ഇഷ്ടദേവതയോടു താദാത്മ്യം പ്രാപിപ്പിച്ചും താനും ഗുരുവും ഈശ്വരനും ഒന്നെന്ന തന്മയീഭാവത്തോടും ചെയ്യുന്നതാണ് ശിഷ്യന്റെ വ്രതം. സ്വാധ്യായം ഓങ്കാരജപം അധ്യയനം എന്നിവയാണ് ഇതിനുള്ള വഴി. അത് അഞ്ചുനിയമങ്ങളിലൊന്നാണ്. ധർമ്മശാസ്ത്രത്തിലെ പവിത്രാനി ജപേത് (പവിത്രങ്ങളെ ജപിക്കുക) എന്നതിനു തുല്യമാണ് വ്യാസന്റെ സ്വാദ്ധ്യായത്തിലെ മന്ത്രജപം (വിഷ്ണുസ്മൃതി 46.25,64.36 യാജ്ഞവല്ക്യസ്മൃതി 3.325, പരാശരസ്മൃതി 8.41) അദ്ധ്യയനമെന്നാൽ മനസ്സിൽ വീണ്ടും വീണ്ടും മനനം ചെയ്ത് ഉറപ്പിക്കുന്ന വിദ്യയുടെ അഭ്യസനമാണ്. അതുപോലെ വീണ്ടും വീണ്ടും ജപിച്ച് മനസ്സിലും ഉച്ചാരണത്തിലും സ്വരശുദ്ധിയിലും ഉറപ്പിക്കുന്നതാണ് മന്ത്രജപങ്ങൾ. നിത്യസ്മരണ ഉറപ്പിക്കുന്നതിനാണ് ഈ അഭ്യസനം തപസ്സും സ്വാദ്ധ്യയവും എല്ലാ ഗൃഹസ്ഥന്റെ ദിനചര്യയാകയാൽ എല്ലാവർക്കും അറിയാവുന്നവയാണ്. അതുകൊണ്ടാവാം സ്വാദ്ധ്യായത്തെക്കുറിച്ച് വാചസ്പതിമിശ്രൻ ഒന്നും പറയാതിരുന്നത്. വ്യാസഭാഷ്യത്തിന്റെ സ്വാദ്ധ്യായവും അടുത്ത തലമുറക്കുള്ള അദ്ധ്യാപനവുമാണല്ലോ അദ്ദേഹം അനുഷ്ഠിക്കുന്നത്. സ്വം, സ്വന്തം, സ്വാദ്ധ്യായം സ്വന്തം അദ്ധ്യായം സ്വന്തം പഠനം. സ്വാദ്ധ്യായം ചെയ്യുന്ന ബ്രഹ്മചാരി സ്വയം വേദമയനായിത്തീരുന്നു. വേദം അവന്റെ ചിത്തത്തിൽ പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. സ്മൃതിയായി വീണ്ടും പ്രകാശിക്കുന്നു. കുട്ടിയും മുതിർന്ന മനുഷ്യനും ഗൃഹസ്ഥനും സന്യാസിയും വാനപ്രസ്ഥനുമെല്ലാം ഈ സ്വാദ്ധ്യായനിരതരാവലാണ് ഒരു രാജ്യത്തെ വിദ്യാസ്വരൂപമാക്കുന്നത്. സ്വാദ്ധ്യാത്തിന് പഞ്ചമഹായജ്ഞത്തിൽ ബ്രഹ്മയജ്ഞമെന്ന സ്വാദ്ധ്യായം കൊണ്ട് ഒരാൾ ആത്മയജ്ഞം ചെയ്യുന്നു. ആത്മാവ് മന്ത്രമയവും ഛന്ദോമയവും ബ്രഹ്മമയവുമായി ജ്യോതിഷ്മതിയാവാൻ ഈ ബ്രഹ്മനിഷ്ഠ വേണം . ഈ വിദ്യോപാസന എന്ന സ്വാദ്ധ്യായം ഓങ്കാരജപം (തൈത്തിരീയ ആര.2.11–1–8) ഗായത്രിയുടെ മൂന്നു വ്യാഹൃതിജപം ഇവയിൽ തുടങ്ങുന്നു ബൗധായനധർമ്മസൂത്രപ്രകാരം ഗൃഹസ്ഥന് സന്യാസാശ്രമം സ്വീകരിച്ച ശേഷവും അഗ്നിഹോത്രത്തിൽ ജപിച്ച വേദമന്ത്രജപം തുടരണം. സ്വാദ്ധ്യായവേളയിലൊഴികെ മറ്റെല്ലാ സമയവും മൗനം പാലിക്കണം. വേദവൃക്ഷം ഓം എന്ന അക്ഷരത്തിലുറപ്പിച്ചിരിക്കുന്നു. അത് വേദസാരമാണ്. വേദവൃക്ഷച്ചുവട്ടിൽ പ്രണവമന്ത്രം ജപിച്ചിരുന്നാണ് ബ്രഹ്മജ്ഞാനം പ്രാപിക്കുന്നത്. (ബൗധായനൻ) വേദഭാഷ്യം ആത്മാവിൽ മുദ്രണം ചെയത് വേദമായിത്തന്നെ ജ്ഞാനമൂർത്തിയായി മാറ്റാനാണ് ഈ പ്രക്രിയ ജ്ഞാനം, ജ്ഞാതാവ്. ജ്ഞേയം എന്നിവയെ ഏകമാക്കുന്ന അദ്വൈതത്തിനാണ് സ്വാദ്ധ്യയം. സ്ഥിരമായി ആവർത്തിച്ച് അഭ്യാസം കൊണ്ട് സ്മൃതിയിൽ നിരന്തരമായി ശ്രദ്ധാപൂർവ്വം ഉറപ്പിക്കുന്ന യോഗചര്യ ഇതിനുള്ള മാർഗ്ഗമാണ്. മഹാഭാരതത്തിൽ തപഃ,സ്വാദ്ധ്യായ (സ്വാദ്ധ്യായതപസ്സ്) എന്ന് ഒറ്റവാക്കായി (3.180.5, 3.287.5, 12.19.11,12.37.34,12.192.79) ഉപയോഗിക്കുന്നു. സ്വാദ്ധ്യായം പരമതപസ്സാണെന്ന് കരുതുന്നു. ബൗധായനധർമ്മസൂത്രവും (4.122) വസിഷ്ഠസൂത്രവും (25.4) സ്വാദ്ധ്യായം, പ്രാണായാമം എന്നിവ കയ്യിൽ ദർഭപ്പുല്ലുപവിത്രത്തോടെ വ്യാഹൃതിയും പ്രണവവും ഉച്ചരിച്ച് ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. (പ്രാണായാമാൻ പവിത്രാണി വ്യാഗൃചീപ്രണവം തഥാ പവിത്രപാണിർആസീനോ ബ്രഹ്മനൈത്യകം അഭ്യസേത്) സവ്യാഹൃതികം സപ്രണവും

ഗായത്രീം ശിരസാ സഹ ത്രിപഥേത് ആയതപ്രാണഃപ്രാണായാമ സ ഉച്യതേ (ബൗ.ധ. സൂ. 4.128) ജപം സ്വാദ്ധ്യായം, സന്ധ്യ എന്നിവ യോഗചര്യയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗങ്ങളാണ്. പാവനങ്ങളായ മന്ത്രങ്ങളിൽ വേദോപനിഷത്തുകൾ സർവ്വഛന്ദസ്സുകളുടെ സംഹിതകൾ, മധുഛന്ദസ്സുകൾ, (ഋക് 1.90,6.8) അഘമർഷണസൂത്രം (ഋക് 10.190) അഥർവ്വ ശിരസ്സ്, രുദ്രം, പുരുഷസൂക്തം രാജനരൗഹിണിസാമങ്ങൾ (സാമ 1.316ഞക് 7.27.1) കൂശ്മാണ്ഡമന്ത്രം, പവമാനസൂക്തങ്ങൾ, സാവിത്രി എന്നിവയെ ധർമ്മശാസ്ത്രങ്ങൾ ഉൾപ്പെടുത്തുന്നു. ജാപകോപാഖ്യാനത്തിൽ ഭീഷ്മന് സംഹിത സ്വാദ്ധ്യായം ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. ജപയജ്ഞത്തിന് ഭഗവദ്ഗീത യജ്ഞങ്ങളിൽ വെച്ച് ഉന്നതസ്ഥാനം കൊടുത്തിരിക്കുന്നു (ഗീ 10.25 മഹായജ്ഞമാണ് സ്വാദ്ധ്യായമെന്ന ധർമ്മസൂത്രങ്ങളുടെ നിലപാടാണ് വ്യാസനും സ്വീകരിച്ചിട്ടുള്ളത്. വസിഷ്ഠധർമ്മസൂത്രവും (26.9) മനുവും (2.85) ഇങ്ങനെ പറയുന്നു. ജപയജ്ഞം മൃഗബലിയേക്കാളും പത്തിരട്ടി നല്ലതാണ്. സ്വാദ്ധ്യായം ബാഹ്യയജ്ഞങ്ങളേക്കാൾ നൂറിരട്ടി നല്ലതാണ് ആന്തരികധ്യാനം ആയിരമിരട്ടി നല്ലതാണ്.

ഗ്രാമങ്ങളിൽ എല്ലാവരും കേൾക്കാനായി സ്വാദ്ധ്യായം ഉറക്കെ ചെയ്യും. ആരണ്യകങ്ങളിലെ വാനപ്രസ്ഥർ ആന്തരികധ്യാനമേ ചെയ്യാറുള്ളൂ. ഇന്നിപ്പോൾ ഒരു ഗവേഷകന് ആന്തരികധ്യാനമനനങ്ങൾക്കുശേഷം തത്വം ഗ്രഹിച്ച് ശാസ്ത്രതത്വങ്ങൾ ഒരു കോൺഫറൻസിൽ വെച്ച് ഉറക്കെ അവതരിപ്പിക്കാറുണ്ട്. ഗ്രാമത്തിൽ ഉറക്കെ സ്വാദ്ധ്യായം ചെയ്യുന്നത് ഇതിനു തുല്യമാണ്. യോഗസൂത്രത്തിൽ സമാഹിതചിത്തനായി ഏകാഗ്രമായി സ്വാർത്ഥമോഹമില്ലാതെ ശുദ്ധമനസ്കരായി സ്വാദ്ധ്യായജപം അനുഷ്ഠിക്കുന്നതിനെ പ്രകീർത്തിക്കുന്നു. ജ്ഞാനം സമ്പാദിക്കാനും മറ്റുള്ളവർക്ക് കൊടുക്കാനും ഇതുവേണം. ജ്ഞാനത്തിന് ശ്രദ്ധവേണം യോഗം വേണം. യോഗം ധർമ്മലക്ഷണമാണ്. സദാചാരം യോഗാധിഷ്ഠിതമാണ്. അതിനാൽ യുക്താ സദാഭവേത് (സദാ യോഗയുക്തനായിരിക്കുക) എന്ന് ബൗധായനസൂത്രം (ബൗധ സൂ 4.125, വസിഷ്ഠധ സൂ 25.8) യതിമാർ ധാരണ പ്രത്യാഹാരം, ധ്യാനം ഇവയോടുകൂടിയവരാവണമെന്ന് മനുവചനവും യോഗസൂത്രത്തിന്റെ പൗരാണികത കാണിക്കുന്നു. (മനു 6.69,6.72) എന്തിനാണ് സ്വാദ്ധ്യായമെന്നതിന് യോഗസൂത്രം (2.44) സ്വാദ്ധ്യായാത് ഇഷ്ടദേവതാസമ്പ്രയോഗാ എന്നാണുത്തരം തരുന്നത്. ഇഷ്ടദേവതയോടു തന്മയീഭവിക്കുന്ന മോക്ഷമാണ് സ്വാദ്ധ്യായലക്ഷ്യം. ചിത്തശുദ്ധി, നിയമങ്ങൾ സ്വാദ്ധ്യായം അവ തരുന്ന അതീന്ദ്രിയദർശനങ്ങൾ, നാദശ്രവണങ്ങൾ, ഈശ്വരപ്രണിധാനം കൊണ്ടുള്ള മോക്ഷപ്രാപ്തി എന്നിവ സ്വയം അനുഭവിച്ചറിയണം. ശ്രദ്ധ ഈശ്വരനിലുറപ്പിക്കുന്ന ഈശ്വരപ്രണിധാനം സമാധിദർശനങ്ങളിലേക്കും മോക്ഷത്തിലേക്കും നയിക്കുന്നു. വ്യാസഭാഷ്യം ഈ ദർശനത്തെ സ്വരൂപദർശനമെന്ന് വിളിക്കുന്നു. സ്വാധ്യായത്തിനുശേഷം സ്വാത്മാവിന്റെ സ്വരൂപദർശനമാണ് യോഗി അനുഭവിക്കുന്നതെന്ന് വിഷ്ണുപുരാണം. ഈ ദർശനത്തിനുള്ള തടസ്സങ്ങളെ (ചിത്തവിക്ഷേപങ്ങൾ) 13.31 ൽ തരുന്നു. രോഗങ്ങൾ, മടി, സംശയം അശ്രദ്ധ പ്രമാദം. ഭ്രാന്തി അവിരതി, അലബ്ധഭൂമിക, ലബ്ധഭൂമികകളിൽ അനവസ്ഥിതത്വം എന്നിവ തടസ്സമാണ്. തടസ്സമുണ്ടെങ്കിൽ ദുഃഖം, ദൗർമനസ്യം, അംഗങ്ങളിൽ വിറയൽ. ശ്വാസപ്രശ്വാസങ്ങളിൽ ക്രമക്കേട് എന്നിവ തരും. ഏകത്വത്തിൽ തന്നെ നിരന്തരം അഭ്യാസം ചെയ്യുന്നത് ലക്ഷ്യപ്രാപ്തിക്കാണ്. പ്രണിധാനമെന്നാൽ ലക്ഷ്യത്തിലെത്തുവാനുള്ള ഉറച്ച നിഷ്ഠയാണ്. മഹാഭാരതത്തിൽ ഈ പദം മൂന്നു പ്രാവശ്യം വ്യാസമുനി ഉപയോഗിച്ചിട്ടുണ്ട്. (3.387.18,5.47.11,5.101.21) ഈശ്വരപ്രണിധാനം ഈശ്വരനിൽ മനസ്സുറപ്പിച്ച് ഈശ്വരതന്മയത എന്ന മോക്ഷപ്രാപ്തിക്കാണ് (സമാധി)

ചിത്തവൃത്തികളെയെല്ലാം നിരോധിക്കാൻ ഒരു പ്രത്യേകവൃത്തിയിൽ ചിത്തം ഉറപ്പിക്കുന്നതിനാണ് യോഗ പദ്ധതി ഈ മാർഗ്ഗങ്ങളെല്ലാം ആവർത്തിച്ചാവർത്തിച്ച് പഠിപ്പിക്കുന്നത്. നിരന്തരമായ യോഗചര്യ കൊണ്ട് ചിത്തം ആ ചര്യക്കും അതീതമായിത്തീരുന്നു (ഭ ഗീ 6.35) അഭ്യാസേന വൈരാഗ്യേന ച ഗൃഹ്യതേ എന്നു പറയുന്നതുതന്നെയാണ് യോഗസൂത്രത്തിന്റെയും രീതി. മനുഷ്യമനസ്സ് മൂന്നുതരം വൃത്തികളാൽ രൂപപ്പെടുന്നതായി യോഗസൂത്രം കരുതുന്നു. (16) ഒരാളുടെ കർമ്മാശയത്തിലെ പൂർവ്വസംസ്കാരങ്ങളാലും വാസനകളാലും രൂപപ്പെട്ടവയാണ് ഈ അഞ്ചെണ്ണം.

1. പ്രമാണം (Valid cognition)
2. വിപര്യയം (False knowledge)
3. വികൽപ്പം (Conceptualization)
4. നിദ്ര (Sleep and dream visions)
5. സ്മൃതി (Memory)

ബോധപൂർവ്വമായ ചിന്തകൾ വികാരങ്ങൾ അവയുടെ ബീജങ്ങളായ സംസ്കാരങ്ങളോട് (Subliminal Dispositions) ചേർന്നുണ്ടാക്കുന്ന കർമ്മങ്ങൾക്ക് ആദിയില്ല. യോഗപദ്ധതി ഈ കർമ്മഭാരത്തെ ഒഴിവാക്കി പുതിയൊരറിവ് (ആത്മബോധം) അഥവാ സ്വരൂപദർശനം തരുന്നു. ചിത്തവൃത്തിനിരോധത്താൽ നിർമ്മലമായ ചിത്തം ചെളിഞ്ഞ കണ്ണാടി പോലെ ആത്മരൂപം പ്രകാശിപ്പിക്കുന്നു. കണ്ണാടിയിലെ ചളിനീക്കുന്ന പ്രായോഗികപദ്ധതിയാണ് യോഗപദ്ധതി. വ്യാസഭാഷ്യം (112) മനസ്സിനെ രണ്ടു ദിശകളിൽ പ്രവഹിക്കുന്ന നദീരൂപമായി കാണുന്നു. ഒന്ന് നന്മയിലേക്കും ഈശ്വരനിലേക്കും മറ്റൊന്ന് തിന്മയിലേക്കും സംസാരകാമങ്ങളിലേക്കും ഒന്ന് കൈവല്യത്തിലേക്ക് മറ്റൊന്ന് സംസാരത്തിലേക്ക്. വൈരാഗ്യം സംസാരത്തിലേക്കുള്ള പ്രവാഹത്തെ വഹിക്കുന്നു. അഭ്യാസം കൈവല്യത്തിലേക്കുള്ള പ്രവാഹത്തെ തുറക്കുന്നു. അതിനാൽ വൈരാഗ്യവും അഭ്യാസവും നിരന്തരം ലക്ഷ്യപ്രാപ്ത്തിയിലേക്ക് മനുഷ്യനെ അടുപ്പിക്കുന്നു.

രാഗരഹിതത്വം വൈരാഗ്യത്തിന്റെ താഴ്ന്ന പടിമാത്രമാണ്. വ്യാസന് വൈരാഗ്യത്തിന് കൂറെക്കൂടി ഉയർന്ന നിർവ്വചനമാണ് തരുന്നത്.

1. ഉപേക്ഷിക്കപ്പെടേണ്ടവ പൂർണ്ണമായും ഇല്ലാതാവണം
2. മോക്ഷപ്രാപ്തിക്ക് നേടേണ്ടവ പൂർണ്ണമായും ഉണ്ടാവണം
3. ഇങ്ങനെയാവാൻ വേണ്ട പൂർണ്ണനിയന്ത്രണം മനസ്സിനുവേണം
4. അനാഭോഗം എന്ന ഗുണം മനസ്സിനുണ്ടാവണം
5. സ്ത്രീസുഖം ഭക്ഷണസുഖം പാനീയസുഖം സ്ഥാനമാനാദിമോഹങ്ങൾ സ്വർഗ്ഗമോഹം കണ്ടതിനും കേട്ടതിനും ആഗ്രഹം ഇവയെല്ലാം ഇല്ലാതാവാൻ ധ്യാനത്തിലൂടെ ശക്തി നേടണം
6. വിദേഹപ്രകൃതിലയാവസ്ഥയിലെത്തണം
7. സംസാരജീവിതത്തിലിരുന്നാൽപ്പോലും അതിന്റെ കുറവുകൾ സദാ ഓർത്ത് അതിൽ ഒട്ടാതിരിക്കണം.

വാചസ്പതിമിശ്രൻ വൈരാഗ്യത്തിന് നാലുഘട്ടം പറയുന്നു

1. യതമാനസംജ്ഞ (Consciousness of endeavour)
2. വ്യതിരേകസംജ്ഞ (Consciousness of discrimination)
3. ഏകേന്ദ്രിയസംജ്ഞ (Consciousness of single sense)
4. വശീകാരസംജ്ഞ (Consciousness of mastery)

ബ്രഹ്മചര്യം സ്ത്രീവിഷയകാമത്തിൽ നിന്നും ഉപവാസം അന്നപാനാദികാമത്തിൽ നിന്നും മനസ്സിനെ വിടുവിക്കാനുള്ള നിഷ്ഠകളാണ്. എന്റെ നിന്റെ ഇവിടെ അവിടെ, സുഖം ദുഃഖം ലാഭം നഷ്ടം ഇങ്ങനെയുള്ള എല്ലാ ദ്വന്ദ്വങ്ങളിൽ നിന്നും മുക്തിനേടാനാണ് നിത്യാനിത്യവിവേകസ്വാദ്ധ്യവും ചിത്തവൃത്തിനിരോധവും തൃഷ്ണ രാഗം എന്നിവയുടെ വിപരീതമായ വിതൃഷ്ണ വൈരാഗ്യം എന്നിവയാണ് യോഗസൂത്രം ഉപദേശിക്കുന്നത്. വ്യാസഭാരതത്തിൽ പത്തുപ്രാവശ്യം വൈരാഗ്യമെന്ന പദം വരുന്നു. (12.30, 3.209.6.6.28.35.6.35.8.6.40.52.12.2 10.21.12.308.144.13.16.63.14.19.9) വൈരാഗ്യത്തിന്റെ ഏറ്റവും ഉന്നതഘട്ടത്തിൽ വശീകാരസംജ്ഞയെ യോഗി കൈവല്യമെന്നും ബുദ്ധമതം നിർവ്വാണമെന്നും പറയുന്നു. ആഭോഗങ്ങളിൽ പൂർണ്ണമായി ഉപേക്ഷ ലഭിക്കുന്നതാണ്. അനാഭോഗാവസ്ഥ മനസ്സ് പ്രശാന്തവാഹിനിയായി ശാന്തമാവുന്നതിനാണ് വ്യാസൻ യോഗാഭ്യാസം നിർദ്ദേശിക്കുന്നത്. അനുഷ്ഠാനം അഥവാ സാധന എന്നു വിളിക്കുന്ന (അഭ്യാസം, ആചാരം) കർമ്മയോഗം (ക്രിയായോഗം) ഇപ്രകാരം മുക്തിക്ക് കൂടിയേ കഴിയൂ എന്നതാണിവിടെ പ്രത്യേകത. മോക്ഷധർമ്മത്തിന് ആചാരാനുഷ്ഠാനങ്ങളുടെ ഉപയോഗം ഇങ്ങനെ മനസ്സിലാക്കണം. നിരന്തരം അഭ്യസിച്ച് അനുഷ്ഠിക്കുമ്പോൾ വ്യുത്ഥാനസംസ്കാരങ്ങൾ വീണ്ടും തല പൊക്കാതാവുന്നു എന്ന് വ്യാസഭാഷ്യം ഭോഗാഭ്യാസംകൊണ്ട് സംസാരബന്ധം വർദ്ധിച്ചുവരികയേ ഉള്ളു എന്ന് യയാതിയുടെ കഥയിലൂടെ വ്യാസൻ ചൂണ്ടികാട്ടുന്നു, വ്യാസഭാഷ്യത്തിൽ ന ചൈന്ദ്രിയാണാം ഭോഗാഭ്യാസേന വൈതൃഷ്ണ്യം കർത്തും ശക്യം, കസ്മാത്. യതോ ഭോഗഭ്യാസം അനുവർദ്ധവന്തേ രാഗഃകൗശലാനി ചൈന്ദ്രിയാണാം ഇത് (2.15) എന്നു പറയുന്നു. അഭ്യാസവും വൈരാഗ്യവും ചിത്തവിക്ഷേപമലങ്ങളെ നീക്കി ശുദ്ധമാക്കുന്നു. സമാധിക്കുള്ള തടസ്സം നീങ്ങുന്നു. ജ്ഞാനത്തെ മൂടിയ ആവരണങ്ങളെ പ്രാണായാമം നീക്കിത്തരുന്നു. പക്ഷേ പ്രാണായാമത്തോടെ യോഗാഭ്യാസം അവസാനിക്കുന്നില്ല. അതൊരു തുടക്കം മാത്രമാണ്. ധ്യാനത്തിന് ഒരു സാലംബനാഭ്യാസം (ധ്യാനത്തിന് ആലംബമായ ഇഷ്ടവസ്തു രൂപം നാമം) വേണം അതിനാൽ ഏകതത്ലവാഭ്യാസ മെന്നു വിളിക്കുന്ന ഇത് ഈശ്വരപ്രണിധാനം തന്നെയാണ്. ഗുരധ്യാനമാണ് (ശുക്ലം) ഒടുവിൽ സർവ്വവും നിരോധിക്കുന്ന നിരോധ സംസ്കാരാഭ്യാസത്തിലേക്ക് അത് എത്തിച്ചേരണം. സർവ്വചിന്തയും അസ്തമിക്കുന്ന വിരാമപ്രത്യയാഭ്യാസത്തിനുള്ള നിരന്തരാഭ്യാസങ്ങളാണിവയെല്ലാം അന്ത്യഘട്ടത്തിലാണ് അഭ്യാസത്തിനും ആലംബങ്ങൾക്കും സർവ്വത്തിനും അതീതമായ കൈവല്യത്തിൽ പുരുഷതന്മയത നേടുന്നത്.

പൂർവ്വസംസ്കാരങ്ങൾ നീക്കി നവമായ സംസ്കാരബീജം വളർത്തിയെടുക്കുന്നതിനെ ഭാവനാഭ്യാസമെന്ന് വിളിക്കുന്നു. ഇഷ്ടദേവതാനിഷ്ഠയിൽ ഇത്തരം ഭാവനാഭ്യാസമുണ്ട്. (തന്ത്രഗ്രന്ഥങ്ങളിലെ ദേവതാധ്യാനരൂപങ്ങൾ) യോഗസൂത്രത്തിലെ ഈ സ്പിരിചൽ

സൈക്കോളജിയാണ് ഭക്തിമാർഗ്ഗത്തിൽ ഉപയോഗിപ്പെടുത്തുന്നത്. ഇതിന്റെ ശാസ്ത്രീയതയും ആവശ്യകതയും മനസ്സിലാക്കാൻ ഈ അറിവ് സഹായകമാവും. ക്ലേശങ്ങളെ അവയുടെ വിപരീതമായ പ്രതിപക്ഷഭാവനകൊണ്ട് ദുരീകരിക്കണമെന്ന യോഗസൂത്രസന്ദേശം നെഗറ്റീവ് ചിന്തകളെ പോസിറ്റീവ് ചിന്തകളാൽ മാറ്റിയെടുക്കാനാവുമെന്ന ആധുനികസൈക്കോളജിയുടെ സന്ദേശം തന്നെയാണ്. അതിന് പ്രയോഗികമാക്കാൻ ബഹുജനഭിന്നവിചിത്രമായ ലോകത്തിൽ ഇന്ത്യക്കാർ കണ്ടെത്തിയ അനേകം മാർഗ്ഗങ്ങളുടെ ഒന്നിന്റെ പോലും പകരം വെക്കാവുന്ന ഒന്ന് ഇന്നും പാശ്ചാത്യവൈദ്യത്തിലെ മനശ്ശാസ്ത്രം കണ്ടെത്തിയിട്ടില്ല. ഹിംസാബീജത്തെ അഹിംസാബീജത്താൽ ആദേശം ചെയ്യാനാണ് ഭാവന അഭ്യസിക്കുന്നത്. (മഞ്ജരിസാധന കൃഷ്ണാ കാരുണ്യസിന്ധോ എന്ന ഗ്രന്ഥത്തിൽ ഞാൻ വിവരിച്ചിരുന്നത് വായിക്കുക പ്രജ്ഞയാൽ സൃഷ്ടിക്കപ്പെട്ട ഈ പുതിയ പോസിറ്റീവ് ഭാവനാസംസ്കാരത്തെ വ്യാസന് പ്രജ്ഞാകൃതസംസ്കാരമെന്ന് വിളിക്കുന്നു. (ശുദ്ധീകരിക്കപ്പെട്ട് പുതുതായി സംസ്കരിക്കപ്പെട്ട് സൃഷ്ടിക്കപ്പെട്ടതുകൊണ്ട് സംസ്കൃതം. സംസ്കാരപദം ഉണ്ടായതും ഈ അർത്ഥത്തിൽ നിന്നാണ്. സംസ്കാരങ്ങൾ ചിലപ്പോൾ ബന്ധനത്തിനും കാരണമാവാം. കൈവല്യത്തിനും കാരണമാവം. ഇവ രണ്ടുദിശയിലാണ് ഒഴുകുന്നത്. ശരീരസംസ്കാരങ്ങൾ ശരീരശുദ്ധിക്കുള്ളതാണ്. അവയോടൊപ്പം മാനസികബൗദ്ധികസംസ്കാരങ്ങൾക്കുള്ള ആചാരങ്ങളും ക്രിയായോഗത്തിന്റെ ഭാഗമായിട്ടുണ്ട്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം വാനപ്രസ്ഥം സന്യാസം എന്ന നാല് ആശ്രമധർമ്മങ്ങളും ഈ ക്രിയായോഗപദ്ധതിയിൽ പെടുന്നുണ്ട്. സംസ്കാരങ്ങൾ ശ്രദ്ധയ്ക്ക് വിഘാതമായിത്തീരുകയും അവ നിരന്തരദുഃഖകാരണമായി ഭവിക്കുകയും ചെയ്യാനുള്ള സാധ്യത സംസാരത്തിൽ കൂടുതലാണ്. അതിനാൽ ഗൃഹസ്ഥരാണ് കൂടുതൽ ശ്രദ്ധയോടെ ക്രിയായോഗം പരിശീലിക്കേണ്ടത്. യോഗധർമ്മം ശിഷ്ടാചാരമാണ്. അതുപാലിക്കാതെ അധർമ്മികളായി ഭോഗാലസരും ഹിംസാവാദികളുമായി ജീവിക്കുന്നവർ ദുഷ്ടാചാരികൾ (രാക്ഷസർ) ആയി കരുതപ്പെടുന്നു. ബുദ്ധൻ യോഗപദ്ധതിയിലെ ശിഷ്ടാരം കൃത്യമായി പാലിച്ചു ജീവിച്ച് അനുഭവിച്ച് അതു പ്രചരിപ്പിച്ചു. തെക്കുകിഴക്കൻ ഏഷ്യ, തിബത്ത്, ശ്രീലങ്ക, ജപ്പാൻ, ചൈന എന്നിവിടങ്ങളിൽ അതിനു പ്രചാരം കിട്ടി. ഇന്ത്യയിൽ ആ പദ്ധതി പിന്തുടരുന്ന ആളുകൾ അന്തണർ, ബ്രാഹ്മണർ, വൈഷ്ണവർ, ജൈനർ എന്നിങ്ങനെ നേരത്തെ ഉണ്ടായിരുന്നതുകൊണ്ട് ഏതു ബുദ്ധിസം ഏതു ജൈനിസം ഏതു ബ്രാഹ്മണിസം വൈഷ്ണവിസമെന്നുവേർതിരിച്ചു പറയാനേ സാദ്ധ്യമല്ല. ഭാരതീയസംസ്കാരമെന്നല്ലാതെ ഒരു പ്രത്യേകമതമെന്നു പറയാനാവാത്തവിധം അത്രമേൽ സമാനതകളുള്ളത്. അവയെല്ലാം യോഗചര്യയുടെ വിവിധമാർഗ്ഗങ്ങൾ അഥവാ ഈശ്വരപ്രണിധാനത്തിന്റെ വകഭേദങ്ങൾ മാത്രമായതുകൊണ്ടാണ് നേരിയ പ്രാദേശികവകഭേദങ്ങളോട ഹിമാലയം മുതൽ കന്യാകുമാരിവരെ യോഗചര്യകളും ഭാരതീയസംസ്കാരവും നിലനിൽക്കുന്നു. സംസ്കാരത്തെ അറിയാതെ നമുക്ക് ഒരു പരമാധികാരസ്വതന്ത്ര റിപ്പബ്ലിക്കായി ഒരുമയോടെ ജീവിച്ചുപോകാനാവില്ല. ഇന്ത്യയുടെ ആത്മാവിനെ അറിയുക എന്നാൽ അതിന്റെ സാംസ്കാരികധാരയെ അറിയലാണ്., സ്വാത്മാവിനേയും രാഷ്ട്രത്തിന്റെ ആത്മാവിനേയും പ്രപഞ്ചാത്മാവിനേയും ഒന്നായി സാക്ഷാത്കരിക്കാൻ ഒരു പ്രായോഗിക പദ്ധതി തന്ന ഇന്ത്യൻ ഫിലോസഫി അറിയാതെ ഇരിക്കുന്നതുകൊണ്ടാണ് നമ്മളിങ്ങനെ ഭിന്നിച്ചുപോകുന്നതും നമ്മെ ഭിന്നിപ്പിക്കാൻ പോളിറ്റിക്കൽ ശക്തികളെ അനുവദിക്കുന്നതും.

പുരുഷനും പ്രകൃതിയും
ആനന്ദപൂർണ്ണമാമാദിമബ്രഹ്മത്തി-
ന്നാദിപ്രകൃതിയാം തൻപ്രിയയിൽ
ഈ മട്ടനുദിനമെന്നുമുദിക്കുമുൾ
പ്രേമവികാസമേ, വെൽവുതാക (പുളതാങ്കുരം നാലപ്പാട്ട്)

പ്രകൃതി അഥവാ ചഞ്ചലമായ ഗതിശീലമുള്ള പിണ്ഡം(mc^2)ബ്രഹ്മം അചഞ്ചലവും ഗതിയോ പരിണാമമോ ഇല്ലാത്തതും സർവ്വവ്യാപിയുമായ പുരുഷനെന്ന ചൈതന്യം ഊർജ്ജം (E)

ബ്രഹ്മം= ഗതിശീലമായ പ്രകൃതി $E=mc^2$

പുരുഷനേയും പ്രകൃതിയേയും (സ്ത്രീ) ഒന്നാക്കുന്ന ഈ സമവാക്യത്തിന്റെ പൊരുൾ സ്നേഹത്തിലും ശാന്തിയിലുമാണ്. അഹിംസ, കാരുണ്യം, എന്നിവയിലാണ്. ഇതു കണ്ടെത്തിയതാണ് ഇന്ത്യൻ അദ്ധ്യാത്മികതയുടെ ഏറ്റവും ശാസ്ത്രീയവും മാനുഷികവും കലാത്മകവുമായ നേട്ടം. സാംഖ്യത്തിലും യോഗത്തിലും അദ്വൈതദർശനത്തിലുമൊക്കെ ഈ പരസ്പരവിരുദ്ധമെന്ന് തോന്നിപ്പിക്കുന്ന രണ്ടുകളെ ഒന്നായി പരസ്പരപൂരകങ്ങളായി കോ-ഓർഡിനേറ്റ്സ് ആയി വീക്ഷിക്കുന്ന ഫിലോസഫിയാണുള്ളത്. ദ്വൈതം എന്നു തോന്നിപ്പിക്കുന്ന ഒരു അദ്വൈതം.

യോഗത്തിലും സാംഖ്യത്തിലുമെല്ലാം സംസാരദുഃഖപ്രവാഹത്തെ പ്രതിപ്രസവം (Counterflow, inverse movement) ചെയ്യിക്കുന്നത് ഗുണവൈഷമ്യങ്ങളെ നീക്കി ഗുണസാമ്യം വീണ്ടെടുത്തിട്ടാണ്, പ്രതിപ്രസവമെന്നാൽ പ്രസവകാലത്തേക്ക് ഉത്ഭവകാലത്തേക്ക് മടക്കം. സർഗ്ഗാവസ്ഥയിൽ നിന്ന് ഉത്ഭവത്തിനുമുമ്പുള്ള അനേകം ജന്മങ്ങളുള്ളതും അനാദിയുമായ ഒരു കാലപ്രവാഹം മൃത്യുവിലേക്കും അമൃതത്വത്തിലേക്കും മടക്കം. ത്രിഗുണത്തിൽ നിന്ന് ത്രിഗുണസാമ്യ ത്രിഗുണാതീതത്തിലേക്ക് മടക്കം. ഈ പ്രതിപ്രവർത്തനത്തിന് ആരംഭിക്കുമ്പോൾ മനസ്സിന് ദുഃഖം ഇല്ലാതായിത്തീരുന്നു. സ്രഷ്ടാവും (പുരുഷൻ) ദൃശ്യവും (ചിത്തം, ഗുണങ്ങൾ) തമ്മിലുള്ള സംയോഗമെന്ന അവിദ്യ മാറി പുരുഷൻ ഏകമായി പ്രകാശിക്കുന്ന കൈവല്യം ലഭിക്കുന്നു. പുരുഷന്റെ വിഭൂതി മാത്രമാണ് ദൃശ്യം. അത് പുരുഷനിൽ നിന്ന് വിഭിന്നമല്ല. പ്രതിപ്രസവാനുഭവത്തിൽ (പാശ്ചാത്യമനശ്ശാസ്ത്രം റിഗ്രഷൻ തെറാപ്പി എന്നു വിളിക്കുന്നു.) രണ്ടെന്ന തോന്നൽ പൂർണ്ണമായി ഇല്ലാതാവുന്നു. അതാണ് കൈവല്യാവസ്ഥയിലേക്ക് നയിക്കുന്നത്. സത്വബോധം ഏറ്റവും ശുദ്ധമാകുമ്പോൾ പുരുഷതുല്യം പ്രകാശിക്കുന്നതാണ് കൈവല്യമെന്ന് പതഞ്ജലി (3.55) പ്രതിപ്രസവത്തിൽ ചിത്തത്തിൽ പരിണാമം ഏറ്റവും ആഴത്തിൽ സംഭവിക്കുന്നു. നമ്മുടെ ദർശനങ്ങളിൽ അത് മാറ്റം വരുത്തുന്നു. സമ്പ്രജ്ഞാതസമാധിയിലെ ജ്ഞാനം അതിന്നും അതീതമായ അസംപ്രജ്ഞാതസമാധിയിലെ അതീന്ദ്രിയജ്ഞാനമാകുമ്പോൾ രാഗദ്വേഷാഭിനിവേശങ്ങളോ വൃത്തികളോ ഒന്നും തന്നെ യോഗിചിത്തത്തിൽ അവശേഷിക്കുന്നില്ല. മുക്തനായ യോഗിക്ക് ഗുണങ്ങൾ ദർശിക്കാം. പക്ഷേ, അതിലെ അവിദ്യാസംസ്കാരവൃത്തികൾ ഇല്ലാതായി ആത്മസ്വരൂപത്തെ മറച്ചുവെച്ച പ്രത്യയങ്ങൾ ഇല്ലാതായി പ്രകൃത്യാഹങ്കാരങ്ങളില്ലാതായി. യാതൊന്നും തന്നെ ഇപ്പോൾ യോഗിചിത്തത്തെ സ്പർശിക്കയോ ക്ഷോഭിപ്പിക്കയോ ചലിപ്പിക്കയോ ചെയ്യുന്നില്ല. സത്വ

ഗുണത്താൽ പൊടിയില്ലാത്ത കണ്ണാടിയിലെന്നപോലെ പുരുഷന്റെ ജ്യോതി പ്രതിബിംബിക്കുന്നു. വിവേകഖ്യാതിയാൽ (discriminative discernment) പുരുഷനെന്ന ദ്രഷ്ടാവും സത്വഗുമമെന്ന ദൃശ്യവും പരസ്പരം ഒന്നാണെന്നറിയുന്നു. ഒന്നായിത്തീരുന്നു. കൈവല്യപ്രകൃതി (സ്ത്രീ) ഇപ്പോൾ കൈവല്യത്തിനു തടസ്സമല്ല. പൂരകമാണ്. ഈ പൂരകത്വത്തെ സ്ത്രീപുരുഷന്മാരുടെ (മെറ്റഫർ) പൂരകത്വത്തോടു സദൃശമായി ഇന്ത്യൻഫിലോസഫി ചിത്രീകരിക്കുന്നു. ശിവശക്തി, രാധാകൃഷ്മ. ബ്രഹ്മപ്രകൃതി, സൈൻകോസൈൻ, യിൻയാൻ സമീകരണം എന്ന ബാലൻസിന് അനുപൂരകത്വമാണ്. നിർബീജസമാധീയിൽ ഈ കൈവല്യാനുഭൂതിയുണ്ടായ ഒരാൾക്ക് പിന്നീടൊരിക്കലും സംസാരബീജം മുളക്കുകയോ സംസാരത്തിൽ ആസക്തി തോന്നുകയോ ഇല്ല. മുക്തപുരുഷന് പ്രകൃതിയിൽ നിന്ന് വിയോഗമില്ല. (ഭോജരാജന്റെ പതിനൊന്നാം നൂറ്റാണ്ടിലുള്ള ഭാഷ്യത്തിനുള്ള തർജ്ജമയിൽ മാക്സുള്ളർ ഇതിനെ തെറ്റിദ്ധരിച്ചിട്ടുണ്ട്) പൂർണ്ണാദ്വൈതാവസ്ഥയാണത്. വിദ്ഹമുക്തിയെന്നാൽ ദേഹത്തെ നശിപ്പിക്കലല്ല. ദേഹത്തിലിരുന്നുകൊണ്ടുതന്നെ, ദേഹബോധമില്ലാതെ നിഷ്കാമമായി കർമ്മം ചെയ്യുന്ന ധർമ്മാചാരണമാണ്.

രണ്ടെണ്ണം ചേരുന്നതാണ് സംയോഗം. ഇവിടെ പ്രകൃതിപുരുഷസംയോഗമല്ല, രണ്ട് ഉണ്ടെങ്കിലല്ലേ ചേരാനാവൂ. രണ്ടില്ല. ഒന്നാണെന്ന് മനസ്സിലാക്കലാണ് അഷ്ടാംഗയോഗം. പ്രപഞ്ചത്തിൽ സർവ്വബ്രഹ്മാണ്ഡങ്ങളും സർവ്വചരാചരങ്ങളും ആത്യന്തികമായി ഒന്നാണ് രണ്ടല്ല എന്ന ബ്രഹ്മാത്മബോധം ഉദിച്ച പ്രജ്ഞയിൽ സത്യത്തിന്റെ ഋതുംഭര എന്നു വിളിക്കപ്പെട്ട സത്യമായ പ്രജ്ഞ പ്രകാശഇക്കുന്നു. ഈ സത്യം ഉദിക്കാത്ത പ്രജ്ഞ കാണുന്നത് ഭാഗികസത്യമോ അസത്യമോ ആണ്. ആ പ്രജ്ഞയെ അതിനാൽ അദർശനമെന്നേ വിളിക്കാനാവൂ. കൈവല്യം കൊണ്ടു ധർമ്മമേഘമെന്ന സമാധ്യവസ്ഥയിൽ എത്തുന്നു. ഒന്നും പ്രതീക്ഷിക്കാത്ത ഒന്നും സ്വീകരിക്കാത്ത അകസീദഘട്ടത്തിലെത്തിയ യോഗിപുരുഷൻ ഉപാദേയമോ (നേടേണ്ടത്) ഹേയമോ (ഉപേക്ഷിക്കേണ്ടത്) ഇല്ല എന്നറിയുന്നു. പരവൈരാഗ്യം വന്നതിന്റെ ലക്ഷണമാണ് ധർമ്മമേഘസമാധി. അസമ്പ്രജ്ഞാതസമാധിയുടെ മറ്റൊരു പേരാണത്. അതിലെത്തിയ യോഗിക്ക് ശാശ്വതമായ ഒരു വ്യക്തിത്വപരിമാണം (Permanent identity shift) സംഭവിക്കുന്നു. (പുരുഷനിലേക്ക്) വൃത്തികളിൽ നിന്ന് പൂർണ്ണസ്വതന്ത്രനായി സംയോഗപ്രപഞ്ചത്തിലെ വ്യക്തിത്വബോധം ഉപേക്ഷിച്ച് ശുദ്ധസത്വപ്രകാശമായി ശുദ്ധരജസ്സാൽ ശുദ്ധകർമ്മാവായി ശുദ്ധമനസ്സാൽ ശുദ്ധശരീരമായി യോഗി വളരുന്നു. ഈ ധർമ്മ മേഘാവസ്ഥയെ വിജ്ഞാനഭിക്ഷു ജീവന്മുക്തനെന്നു വിളിക്കുന്നു. ശുദ്ധകർമ്മം നിഷ്കാമകർമ്മാണ്. കരുണയും അഹിംസയും ഈ ജീവാത്മാവിന്റെ ലക്ഷണങ്ങളാണ്. നിർദ്വന്ദോതനിത്യസ്വസ്ഥോനിര്യോഗക്ഷേമആത്മവാൻ എന്ന് ഭദവദ്ഗീത പറയുന്നത് ജീവന്മക്തനെയാണ്.

ബുദ്ധൻ തന്റെ ജീവിതകാലത്ത് 500 ശിഷ്യന്മാര് നിബ്ബാണം (നിർവ്വാണം) പ്രാപിച്ചതായും അവരോരോരുത്തരും ഓരോ ബ്രഹ്മവിഹാരമായതായും പ്രഖ്യാപിച്ചു. മൈത്രി. കരുണ. മുദിത., ശാന്തി ഇവയാണ് നാലു ബ്രഹ്മവിഹാരങ്ങൾ. (133) പാലിഭാഷ ഇവയെ മെതം, കരുണ, മുദിത, ഉപേക്ക (ഉപേക്ഷ) എന്നു വിളിക്കുന്നു. ജ്യോതിസ്സിനാൽ പ്രജ്ഞ നിറയുന്നു ദുഃഖം പൂർണ്ണമായകലുന്ന (136) അവസ്ഥയെ ശൂന്യമായ നിഹിലിസമായി പിന്നീടുവന്ന ആർഹതഭിക്ഷുക്കൾ തെറ്റിദ്ധരിച്ചു. ഞാനില്ല. ഞാനിതല്ല. എനിക്ക് ഒന്നുമില്ല എന്നാണവർ പ്രഖ്യാപിച്ചത്. (Ian Wehicher, David carpenter, Yoga and the luminopus

chistopher key chapel) ചിത്തവൃത്തിനിരോധത്തിൽ ചിത്തം ശുദ്ധസ്ഫടികം പോലിരിക്കുമെന്ന (136) യോഗസൂത്രത്തെ ശൂന്യത അഥവാ നിഹിലിസമായി തെറ്റിദ്ധരിച്ചത് യോഗം ഒരു മാസ് മൂവ്മെന്റ് അല്ലാത്തതുകൊണ്ടുള്ള പ്രശ്നമാണ്. യോഗത്തെ ഇൻസ്റ്റിറ്റ്യൂഷനലൈസ്ഡ് മതമാക്കാനുള്ള ബുദ്ധമതത്തിന്റെ ശ്രമം കൊണ്ടാവാം ഇത്തരം തെറ്റിദ്ധാരണകളുണ്ടായത്. പ്രായോഗികമായി അത് സാദ്ധ്യമല്ല. ഒരു വ്യക്തിക്കല്ലാതെ ഒരു സംഘത്തിന് സമാധിഅനുഭവം ഉണ്ടാവുകയില്ല. സംഘത്തിൽ അതുസംബന്ധമായ കാര്യങ്ങൾ ചർച്ചചെയ്യാം. പക്ഷേ സമാധി വ്യക്തിതന്നെ പ്രയത്നിച്ച് നേടേണ്ടതാണ്. ബുദ്ധൻ സംഘമുണ്ടാക്കിയത്. സജ്ജനസംഘമായിട്ടാണ്. വൈദികസംഘങ്ങളുടേയും, കുലസംഘങ്ങളുടേയും തുടർച്ചയായിരുന്നു അത്.

പ്രണായാമത്താൽ ജ്വലനം (ഓക്സിജൻ അധികരിക്കുന്നതുകൊണ്ട് രക്തപ്രസാദം, റേഡിയൻസ്) ലഘുതുല (പഞ്ഞിപോലെ ലഘുത്വം-ഭാരം കുറയുന്നു) ഇതിനാൽ ആകാശഗമനം എന്നിവ സാധിക്കുന്നതായി യോഗസൂത്രം. ശുകന് ഈ സിദ്ധി ഉണ്ടായിരുന്നതായി വ്യാസന്റെ ഭാരതം. ശരീരാതീതമായ മഹാവിദേഹഭാവസ്ഥയിൽ വിദേഹാവസ്ഥയിലെ പ്രകൃതിസംബന്ധം പോലുമില്ല. പ്രകാശത്തിന്റെ ചുറ്റുമുള്ള ആവരണക്ഷയത്തോടെ യോഗി ശുദ്ധപ്രകാശരൂപമായി. സത്വഗുണവർദ്ധനവ്. പഞ്ചഭൂതജയം, കായസമ്പത്ത്, ഇന്ദ്രിയജയം പ്രധാനജയം (ഇത് നിർവ്വിചാരസമാധിയാണ്. ഇതിലാണ് സംസ്കാരങ്ങളെ നിയന്ത്രിക്കാനാവുക) സംസ്കരജയം. സത്വപുരുഷശുദ്ധി കൈവല്യം എന്നിങ്ങനെ ഘട്ടം ഘട്ടമായി സംഭവിക്കുന്നു. വാചസ്പതിമിശ്രനും വിജ്ഞാനഭിക്ഷുവും ചൈതന്യം ഛായാപന്നമായി ദർപ്പണത്തിലെന്നപോലെ പ്രതിഭാസിക്കുന്ന പ്രതിഭയെ പരാമർശിച്ചിട്ടുണ്ട്. നവനവോല്ലേഖശാലിനിയായ പ്രജ്ഞയാണ് പ്രതിഭ. അത് സർവ്വജ്ഞചിത്തത്തിന്റെ വിഭൂതിയാണ്. യോഗചിത്തത്തിന്റെ വിഭൂതിയാണ്. ശങ്കരാചാര്യരുടേത് യോഗസിദ്ധിക്കുള്ള ഒരു സർവ്വജ്ഞചിത്തമായിരുന്നു. ബന്ദകരണശൈഥില്യാത് പ്രചാരസംവേദനാച്ച ചിത്തസ്യ പരശരീരാവേശ (യോ. 3.3.38) എന്നതിലെ പരകായപ്രവേശവും ആകാശഗമനവും അദ്ദേഹത്തിന് സാധിച്ചിരുന്നു. അഷ്ടാംഗയോഗാനുഷ്ഠാന നിഷ്ഠ ശങ്കരാചാര്യർ സ്ഥാപിച്ച മഠങ്ങളിൽ നിർബന്ധമാണ്. നിർവ്വികല്പസമാധി സാക്ഷാത്കരിച്ച് ജീവിച്ചു കാണിച്ച വ്യക്തിയാണദ്ദേഹം. ജ്ഞാനമാർഗ്ഗമായി യോഗശാസ്ത്രം ഇന്ത്യയിലെ പാരമ്പര്യപ്രകാരം അദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ട്. ഗൗഡപാദന്റെ അസ്പർശയോഗത്തിൽ നിന്നാവണം ശങ്കരൻ യോഗാഭ്യാസം ചെയ്തത്. ഭഗവദ്ഗീത (ശങ്കരഭാഷ്യം) അവിദ്യയെ യോഗസൂത്രമാതൃകയിൽ ക്ലേശത്തിൽപ്പെടുത്തുന്നു.

ശങ്കരന്റെ ബൃഹദാരണ്യകഭാഷ്യവും സുരേശ്വരവാർത്തികവും യോഗത്തെ എങ്ങനെയാണ് കാണുന്നത്. ചിത്തവൃത്തിനിരോധം അദ്വൈതത്തിൽ: (ശങ്കരഭാഷ്യം 1.4.7) യോഗം, അദ്വൈതം എന്നിവകൂടാതെ പൂർവ്വമീമാംസയിലെ വിധിപ്രതിഷേധാചാരം കൊണ്ടും മുക്തികിട്ടാമെന്നു പറയുന്നുണ്ട്. പ്രതിപക്ഷവാദം ബ്രഹ്മജ്ഞാനത്തിന് അപൂർവ്വ വിധികളുള്ളതിനാൽ അതുകൊണ്ടും മുക്തികിട്ടും. (പ്രസംഖ്യാനവാദം ജ്ഞാനകർമ്മ സമുച്ചയവാദം) എന്നാൽ ശങ്കരൻ പറയുന്നു ആത്മാവ് എപ്പോഴുമുണ്ട്. അത് ഒന്നിന്റെയും കാര്യമോ ഫലമോ അല്ല. അതിനാൽ അതിന്റെ മുക്തിക്കായി അതിനുമുമ്പ് (അപൂർവ്വം) ഒരു വിധിയും സാധ്യമല്ല. കർമ്മഫലം താൽക്കാലികമാണ്., അങ്ങനെ കിട്ടിയ മുക്തി ശാശ്വതമാവുകയില്ല. പ്രതിപക്ഷം പറയുന്നത്: തന്ത്രാന്തരത്തിൽ പറയുന്ന ചിത്തവൃത്തിനിരോധം കൊണ്ട് ആത്മജ്ഞാനം കിട്ടും.

ശങ്കരൻ : ആത്മജ്ഞാനം ബ്രഹ്മവും ആത്മാവും ഒന്നാണെന്ന് സാക്ഷാത്കരിക്കലാണ്. അതല്ലാതെ യാതൊരു തന്ത്രവും തന്ത്രാന്തരവും പഠിപ്പിക്കുന്നില്ല (ചിത്തവൃത്തിനിരോധവും ആത്മജ്ഞാനവും വേറെയാണെന്നുള്ള പ്രതിപക്ഷാഭിപ്രായത്തെയാണ്. ചിത്തവൃത്തിനിരോധത്തെയല്ല യോഗിയായ ശങ്കരൻ ഖണ്ഡിക്കുന്നത്) ആത്മജ്ഞാനതത് സ്മൃതിസന്താനമാത്രമാണ് ചിത്തവൃത്തിനിരോധത്തിനുള്ള ഒരേ സാധന (അനന്യസാധന) എന്നാണ് അദ്ദേഹം തുടർന്നുപറഞ്ഞിട്ടുള്ളത്. ആത്മജ്ഞാനം, അതിന്റെ ഓർമ്മ – വീണ്ടും വീണ്ടും അതിന്റെ ഓർമ്മ അഥവാ പ്രത്യഭിജ്ഞ (സന്താനപരമ്പര) – ഇതാണ് ചിത്തവൃത്തിനിരോധമാർഗ്ഗം. അതല്ലാതെ മറ്റൊരു സാധനയുമില്ല. സ്വാദ്ധ്യായം കൂടാതെ, മനനം കൂടാതെ, ഗ്രാഹ്യശക്തി, ഗ്രഹണം, ഓർമ്മ എന്നിവ ശ്രദ്ധ, ധ്യാനം, ധാരണ) കൂടാതെ ചിത്തവൃത്തിനിരോധം സാദ്ധ്യമല്ല. സമ്യഗ്ജ്ഞാനാന്തരവും കർമ്മഫലമായി വാസനകൾ തല പൊക്കാതിരിക്കാനാണ് വീണ്ടും വീണ്ടും ആത്മജ്ഞാനസ്മൃതിസന്താനപരമ്പരയെ പോഷിപ്പിക്കേണ്ടത്, ത്യാഗവൈരാഗ്യങ്ങൾ വളർത്തേണ്ടത് എന്ന് ശങ്കരന് തുടർന്നു പറയുന്നു. ഉപനിഷത്തുക്കളുടെ സ്വാദ്ധ്യായം അതിനുള്ള നിയവിധിയാണ്. ഇത് യോഗസൂത്രത്തോട് വിരുദ്ധമായ നിലപാടല്ല. യോജിക്കുന്ന നിലപാടാണ്. അപൂർവ്വവിധി ഇല്ല. പക്ഷേ, നിയമം, വിധി, ഉണ്ട് എന്നത് ശങ്കരന്റെ സുചിന്തിതമായ അഭിപ്രായത്തിലെ വൈരുദ്ധ്യമായി ഗണിക്കാവതല്ല. ആത്മജ്ഞാനം മരണംകൊണ്ട് മരണവേളയിൽ കിട്ടുന്നു എന്നല്ല, ശരീരം പ്രാരാബ്ധകർമ്മാവസാനം വരേയെ നിലനിൽക്കു എന്നാണ്. ഒരാളുടെ ആത്മജ്ഞാനസ്മൃതിയെ മുമ്പില്ലാത്ത അപൂർവ്വസ്മൃതിയായി കണക്കാക്കാനാവില്ല. അതിനെ പൂർവ്വജന്മസ്മൃതിയായി കണക്കാക്കും. അതിനലത് അപൂർവ്വവിധിയല്ല. പ്രാരാബ്ധങ്ങൾ ഈ ജന്മത്തിലെ വാസനകളെ, സംസ്കാരങ്ങളെ സൃഷ്ടിക്കാതെ കട്ടിപിടിപ്പിക്കാതെ നിർത്താൻ നമ്മൾ ചില നിയമവിധികളനുഷ്ഠിക്കുന്നുണ്ട്. അതാണ് ഇവിടെ യോഗവിധി സ്വാദ്ധ്യായമെന്ന് ശങ്കരൻ ബ്രഹദ്ഭാഷ്യത്തിൽ (4.4.21) വിജ്ഞായാ പ്രജ്ഞാം കുർവ്വീതാ എന്നതിനെ ആത്മജ്ഞാനസ്മൃതിക്കുള്ള നിയമമായി ശങ്കരൻ അംഗീകരിക്കുന്നു. മുണ്ഡകം ഉദ്ധരിച്ച് ബ്രഹ്മജിജ്ഞാനസും (ഓം ഇതി ഏവം ധ്യായതാ ആത്മാനം) ഓങ്കാരമായി ആത്മധ്യാനം ചെയ്യണമെന്ന് യോഗവിധി ശങ്കരൻ അനുശാസിക്കുന്നു. (ബ്ര., സൂ.ശ.ഭാ. 23.39) സമാധി ആത്മജ്ഞാനത്തിനാണ് എന്ന് പറയുന്നു (ബൃ.ഉപ 24.5) ആത്മാവ് മാത്രമാണ് ദ്രഷ്ടവ്യം, ശ്രോതവ്യം, മന്തവ്യം, നിദിദ്ധ്യാസിതവ്യം. യോഗധർമ്മവും പരിസംഖ്യാനവും കൊണ്ടല്ലാതെ ആർക്കും ജനിമൃതിചക്രത്തെ ജയിക്കാനാവില്ല. (ബൃ ഉ.ഭാ.4.42) ധർമ്മെന്നാൽ യോഗധർമ്മമാണ്. ജനനമരണങ്ങളിൽനിന്ന് അഭാവം തരുന്നത് അതാണ്. (ഭഗ.ഗീഭാ 239) യോഗം സമാധിയോഗമാണ്. സർവ്വദ്വന്ദ്വങ്ങളും നീക്കാൻ സമാധിക്കേ കഴിയൂ. ഉപദേശസാഹസ്രി (23)യിൽ മുക്തി കാംക്ഷിക്കുന്നവരും പൂർവ്വകർമ്മഫലങ്ങളെ ഇനു വരാത്തവിധം ഉപേക്ഷിക്കാനാഗ്രഹിക്കുന്നവരുമായ ശിഷ്യന്മാർക്കായി പരിസംഖ്യാനധ്യാനം പഠിപ്പിക്കുന്നു. ബ്രഹ്മസൂത്രശങ്കര ഭാഷ്യത്തിൽ (3.224) ഇതല്ല, ഇതല്ല എന്നു നിരസിക്കുന്ന യോഗികൾ ഭക്തിധ്യാനപ്രണിധാനങ്ങളാൽ ആത്മദർശനം സാധിക്കുന്നുണ്ടെന്നും പറയുന്നു.

ഒരു നിയമത്തിനും ഒരു പരിസംഖ്യാനവിധിക്കും രാഗങ്ങളെ നിയന്ത്രിക്കാൻ പൂർണ്ണമായി കഴിയില്ലെന്നും ആത്മജ്ഞാനത്തിന് വൈരാഗ്യമൊന്നേ വഴിയുള്ളൂ എന്നും വാർത്തികകാരനായ സുരേശ്വരന് പറയുന്നു. അനാത്മായ സർവ്വത്തേയും നിരസിക്കലാണ് ആത്മ

സാക്ഷാത്കാരമാർഗ്ഗം. സർവ്വകർമ്മപരിത്യാഗശേഷം ഓങ്കാരധ്യാനത്തിലൂടെ ആത്മ ജ്ഞാനം നേടണം. കർമ്മത്യാഗത്തിനുശേഷമാണ് യോഗഭാഷ്യം കയ്യിലെടുക്കേണ്ടതെന്നാണ് സുരേശ്വരമതം. മുമുക്ഷുവിന് ശങ്കരനും സുരേശ്വരനും യോഗധർമ്മമാണ് അനുശാസിക്കുന്നത് ആത്മജ്ഞാനം, അതിന്റെ നിരന്തരമായ ഓർമ്മ, (പ്രത്യഭിജ്ഞ) എന്നിവ കൊണ്ട് സ്വാഭാവികമായി ചിത്തവൃത്തിനിരോധം സാധിക്കുമെന്നാണ് ഇതിലെ പ്രത്യേകത. ആത്മജ്ഞാനിയാണ് ഏറ്റവും ഉത്തമനായ യോഗി എന്ന് ശങ്കരൻ പറഞ്ഞിട്ടുണ്ട്. സുരേശ്വരനാകട്ടെ, വിഷ്ണോപാദാനുഗാം യാം നിഖിലഭവനുതാം ശങ്കരോനാപയോഗാത് എന്നാണ് ശങ്കരന് യോഗസിദ്ധികൊണ്ട് പരമയോഗിയായി ആത്മജ്ഞാനിയായി എന്ന് സാക്ഷ്യപ്പെടുത്തി പറയുന്നത്. മേൽപ്പറഞ്ഞവയിൽനിന്ന് യോഗശാസ്ത്രത്തെ ശങ്കരന് നിരാകരിച്ചു എന്ന പല പണ്ഡിതന്മാരുടേയും വാദം യുക്തിരഹിതമാണെന്ന് മനസ്സിലാക്കണം. സ്വാത്മാവിൽ ആത്മാവിനെ അവസ്ഥാനം ചെയ്ത ജീവന്മുക്തൻ ആത്മജ്ഞാന പ്രത്യഭിജ്ഞ സദാ ഉള്ളവനാണ്. ഈ പ്രത്യഭിജ്ഞ സ്വാഭാവികചിത്തവൃത്തിനിരോധം ഉണ്ടാകുന്നു എന്നാണ് ശങ്കരാചാര്യർ പറഞ്ഞത്,. അനുഭവകൊണ്ട് അതെങ്ങയാണെന്ന് അനുഭവസ്ഥർക്കെല്ലാം അറിയാം (ഈ എനിക്കുപോലും). ആധാരതലത്തിൽ ജ്ഞാനവും കർമ്മവും വേറെയാണ്. വിധിനിഷേധങ്ങൾ കർമ്മത്തിനാണ്, ജ്ഞാനത്തിനല്ല. ജ്ഞാനത്തെ വിധിക്കാനോ നിഷേധിക്കാനോ കഴിയില്ല. അതിനാൽ ആത്മജ്ഞാനപ്രത്യഭിജ്ഞക്ക് വിധിനിഷേധങ്ങളില്ല. വിധിനിഷേധങ്ങൾ ക്രിയായോഗഭാഗമാണ്. കർമ്മത്തേയും കർമ്മഫലങ്ങളേയും നിയന്ത്രിക്കാനും വരാതെ തടുക്കാനുമാണ്. ആത്മജ്ഞാനംകൊണ്ട് ഒരു പ്രയാസവും കൂടാതെ ഇതെല്ലാം സാധിക്കും. ഇത്രയേ ശങ്കരൻ പറഞ്ഞിട്ടുള്ളൂ. എഴുതിയത് പകുതി മനസ്സിലാക്കി, അനുഭവജ്ഞാനമില്ലാതെ പോയതുകൊണ്ട് ഒന്നും മനസ്സിലാകാതെ ഇരുന്നവരാണ് ശങ്കരനെ ഇകഴ്ത്തുന്നവരിലും പുകഴ്ത്തുന്നവരിലും ഒട്ടനവധി പേര്.

അഷ്ടാംഗയോഗം അദ്വൈതത്തിൽ:-

ഭദവദ്ഗീതാഭാഷ്യത്തിൽ (3.3) ജ്ഞാനയോഗം നേരിട്ട മുക്തിമാർഗ്ഗമായും കർമ്മ യോഗം അതിൽ നിന്നു വ്യത്യസ്തമായി സർവ്വകർമ്മാർപ്പണവും ഈശ്വരനുവേണ്ടി ചെയ്യുന്ന ക്രമമുക്തിമാർഗ്ഗമാണ്. ഈ മാർഗ്ഗത്തിൽ ഒടുവിൽ കർമ്മസന്യാസംകൊണ്ട് ജ്ഞാനപ്രാപ്തി വരുന്നു. നിഷ്കാമമായി ഫലത്തിൽ ആശവെക്കാതെയുള്ള കർമ്മം ഗൃഹസ്ഥനെ പതുക്കെ ജ്ഞാനത്തിലേക്ക് ഉയർത്തുന്നു. കർമ്മയോഗത്തിൽ നിന്ന് ജ്ഞാനയോഗത്തിലേക്കുള്ള മാർഗ്ഗത്തിലാണ് ധാരണായോഗം, ധ്യാനയോഗം, സമാധിയോഗം എന്നിവ ഗീതാഭാഷ്യം ചർച്ച ചെയ്യുന്നത്. (6.3) ഇവിടെ യോഗമെന്നാൽ ധ്യാനയോഗമാണ് ശങ്കരാചാര്യർക്ക്.4.38ൽ യോഗത്തെ കർമ്മയോഗം സമാധിയോഗം എന്ന് അദ്ദേഹം വിളിക്കുന്നു. 4.39, 5.27 ആറാം അദ്ധ്യായത്തിന്റെ ഭാഷ്യം എന്നിവിടങ്ങളിൽ സമ്യഗ്ദർശനം ഉടൻതന്നെ മുക്തി തരുമെന്നും ധ്യാനയോഗം ഈ സമ്യഗ്ദർശനത്തിന്റെ അന്തരംഗമാണെന്നും പറയുന്നുണ്ട്. കർമ്മാനുഷ്ഠാനം ധ്യാനയോഗത്തിന്റെ ഒരു ബഹിരംഗം മാത്രമാണ്. അന്തരംഗധ്യാനയോഗം ചെയ്യാൻ ത്രാണിയില്ലാത്തവർ ബഹിരംഗകർമ്മയോഗം കൊണ്ട് പതുക്കെ അതിന് ത്രാണി നേടുകയാണ്. അവിദ്യ തീർക്കാൻ ശങ്കരന് സമ്യഗ്ദർശനത്തെ ചൂണ്ടിക്കാട്ടുന്നു. ആത്മജ്ഞാനത്തിന് ഒരു പ്രയത്നവും വേണ്ട എന്നു പറയുന്നത് ആത്മാവ് സ്വയം പ്രകാശരൂപമായതുകൊണ്ടാണ്. അനാത്മം ആത്മാവിൽ

അദ്ധ്യാസം ചെയ്താൽ അതിനെ നീക്കാനാണ് പ്രയത്നം ചെയ്യേണ്ടിവരുന്നത്. പരിസം ഖ്യാനധ്യാനത്തിൽ (ഉ.സാ.2.3) ആത്മവും അനാത്മവും വേർതിരിച്ചറിയുന്ന വിവേകം പഠിപ്പിക്കുന്നു. ഈ നിത്യാനിത്യവിവേ കത്താൽ അനാത്മത്തെ പൂർണ്ണമായി ഒഴിച്ചു നിർത്താനാവുന്നു. സ്ഥിതപ്രജ്ഞൻ ഇപ്രകാരം ചെയ്ത ആളാണ്. വിവേകവൈരാഗ്യ ങ്ങൾ ശമം ദമം ഉപരതി. തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നിവ ഭഗവ ദ്ഗീതാഭാഷ്യ ത്തിൽ ജ്ഞാനിയായ മനുഷ്യന്റെ ഗുണങ്ങളാണ്. ഇവ നേടിക്കഴിഞ്ഞ സ്ഥിതപ്രജ്ഞൻ ആത്മജ്ഞാനം നേടിക്കഴിഞ്ഞു. യമനിയമാദികളുടെ പ്രാധാന്യം ആത്മാവിനെ മൂടിയ അനാത്മമലങ്ങളെ തുടച്ചുനീക്കുന്ന ശുദ്ധീകരണപ്രക്രിയയാണ്. അഷ്ടാംഗയോഗത്തിന്റെ ആദ്യത്തെ രണ്ട് അംഗങ്ങളാണ് യമനിയമങ്ങൾ.

തപസ്സും സ്വാദ്ധ്യായവും തൈ.ഉ.ഭാഷ്യത്തിലും (1) സ്വാദ്ധ്യായം ഭ.ഗീ.ഭാഷ്യത്തിലും (4.28) ശങ്കരൻ വിശദമാക്കുന്നു. ഭ.ഗീത (17.14.15) മനസ്സ്, വാക്ക്, ശരീരം ഇവയുടെ മൂന്നു തരം തപസ്സുകളെ പറയുന്നു. ശൗചം, അഹിംസ, ബ്രഹ്മചര്യം എന്നിവ ശരീരത്തിന്റെ തപസ്സ്, മനഃപ്രസാദം, സൗമ്യത, മൗനം, ആത്മവിനിഗ്രഹം ഇവ മനസ്സിന്റെ തപസ്സ്. സത്യവും അനുദ്വേകവും വാക്കിന്റെ തപസ്സ്. സത്യവും അനുദ്വേകകരവുമായ വാക്കിന് ഉദാഹരണമായി (ഭ.ഗീ.ഭാ.17.15-16) ചൂണ്ടിക്കാട്ടുന്നത് ശാന്തമായി സ്വാധ്യായയോഗം അനു ഷ്ഠിക്കുക. യോഗക്ഷേമം സംഭവിക്കും എന്ന വാക്യമാണ്. സൗമ്യത്വമെന്നാൽ സൗമന സ്യവും ആത്മവിനിഗ്രഹമെന്നാൽ മനോനിരോധവുമാണ്. ശ്രഭ.ഗീ.ഭാ 17.16) മൗനത്തിന് വൃത്തികളുടെ സംയമമെന്നാണ് പറഞ്ഞിരിക്കുന്നത്. ബൃ.ഉ.ഭാഷ്യത്തിൽ (4.4.2) .യോഗ ധർമ്മത്തെ പരാമർശിക്കുന്ന ശങ്കരൻ ബ്രഹ്മസൂത്രഭാഷ്യത്തിൽ (13.33) സ്വാദ്ധ്യായസംബ ന്ധമായി യോഗസൂത്ര വാക്യം ഉദ്ധരിക്കുന്നു. തൈത്തിരീയഉപനിഷദ്ഭാഷ്യത്തിൽ ബ്രഹ്മ ജ്ഞാനം നേടേണ്ടവർ തപസ്സിലൂടെ സമാധാനം നേടണമെന്ന് പറയുന്നു (3.6) തൈത്തി രീയോപനിഷത്തിന്റെ അവസാനപാഠമെന്ന നിലക്ക് ഭാഷ്യാവസാനമാണ് ശങ്കരൻ ഇത് പറയുന്നത് (3.1.6) സ. തപോ തപ്യത എന്ന തൈത്തരീയ വാക്യത്തെ ശങ്കരൻ ഊന്നിപ്പ റയുന്നു. തൈ. ഉ(2.4) വിജ്ഞാനമയകോശത്തിന്റെ ആത്മാവാണ് യോഗം. ഇവിടെ യോഗത്തെ സമാധാനയോഗമെന്ന് അദ്ദേഹം വിളിക്കുന്നു.

ശങ്കരൻ ഈശ്വരനെ ഒരു പ്രത്യേകപുരുഷവിശേഷമായല്ല നിർവ്വചിക്കുന്നത്. ഈശ്വ രൻ പ്രകൃതിയുടെ പ്രഭുവായ സഗുണബ്രഹ്മമാണ്. അതിന് ത്രിഗുണങ്ങളുണ്ട്. അവിദ്യാ ഗുണങ്ങളുള്ളതിനാൽ അതിനെ മായയായിട്ടാണ് കാണുന്നത്. ഗീതാഭാഷ്യത്തിൽ (13.19) ഈശ്വരന്റെ രണ്ടുവിധപ്രകൃതികളാണ് പ്രകൃതിപുരുഷന്മാർ. അനാദിയായ അവയിൽ പ്രപഞ്ചം ഉണ്ടാവുന്നു. സ്ഥിതിചെയ്യുന്നു. സംഹരിക്കപ്പെടുന്നു. ഈശ്വരത്വമെന്നാൽ ഈ രണ്ടുവിധപ്രകൃതികളുടെ അദ്വൈതതന്മയതയാണുള്ളത് (ഭ.ഗീ 7.4.5) മായാശക്തി അനേ കരൂപനാമമുള്ള, പ്രപഞ്ചപ്രതിഭാസങ്ങളുള്ള ബ്രഹ്മാണ്ഡരൂപമെടുക്കുന്നു. ജീവൻ പുരു ഷ(ബ്രഹ്മ) സ്വരൂപമാണ്യ സാംഖ്യസിദ്ധാന്തത്തിന്റെ കാതലായ ഭാഗമാണത്. ഈശ്വരൻ പ്രപഞ്ചത്തെ ജീവസ്വരൂപത്തിൽ അവതരിപ്പിച്ചു നില നിർത്തുന്നു. (ഭ.ഗീ.ഭാ.7.45) ജീവന്റെ കർമ്മത്തിനെല്ലാം കാരണം ഈശ്വരനാണ്. (ബ്ര,സൂ ഭാ) കർതൃത്വഭോക്തൃത്വം ജീവന് ആ മൂലകാരണത്തിൽ നിന്ന് ലഭിച്ചതാണ്. മോക്ഷവും ഈശ്വരാനുഗ്രഹം കാരണമാണ്. ഈ അനുഗ്രഹം അഥവാ പ്രസാദം ലഭിക്കുന്നതാകട്ടെ ഭക്തിയോഗം മൂലമാണ്. (ഭ.ഗീ ഭാ 15) കർമ്മയോഗം നിഷ്കാമകർമ്മം ചെയ്യല് മാത്രമല്ല. സർവ്വകർമ്മവും ഈശ്വരാർപ്പ

ണമായി ചെയ്യലും കൂടിയാണ്. (സൗന്ദര്യലഹരിയിലെ ജപോജല്പ എന്ന ശ്ലോകംപോലെ) ഭക്തിയോഗം ഇപ്രകാരം കർമ്മയോഗത്തിന്റെയും ജ്ഞാനയോഗത്തിന്റെയും ഭാഗമായി നിന്ന് അവയെ കൂട്ടിയിണക്കുന്ന കണ്ണിയായി നിൽക്കുന്നു. യോഗത്തിലും വേദാന്തത്തിലും പ്രണവോപാസന മുഖ്യമാണ്. ഗീത (6.13) പ്രണവോപാസകർ അവസാനമുഹൂർത്തത്തിൽ കൃഷ്ണനെ സ്മരിച്ച് പരമപദം പ്രാപിക്കുന്നതായി പറയുന്നു. യോഗസൂത്രഭാഷ്യം (1.27.28) പ്രണവം ഈശ്വരവാചിയെന്നു പറയുന്നുണ്ട്. ശങ്കരൻ ഗീതാഭാഷ്യത്തിൽ (8.13) ഇതേ ആശയം പറയുന്നു (വാചകരൂപ, അഭിധാനഭൂതതദ് അർത്ഥഭൂത എന്ന വാക്കുകൾ) പ്രശ്നോപനിഷത്ത് (5.12) ഈശ്വരന്റെ ഓംകാരോപാസ പഠിപ്പിക്കുന്നു. ഇത് യോഗസൂത്രത്തിലെ (1.28) ഓങ്കാര ജപസംബന്ധിയാണ്. ഗീതാഭാഷ്യം (8.12.13) ബ്രഹ്മസൂത്രഭാഷ്യം)1.3.13) എന്നിവയിൽ ശങ്കരന് ഇത് ഉദ്ധരിക്കയും ബുദ്ധികുറഞ്ഞവർക്കും. ശരാശരി ബുദ്ധിമാത്രമുള്ളവരും ഈ മാർഗ്ഗം പിന്തുടരണമെന്ന് അനുശാസിക്കയും ചെയ്യുന്നു. ക്രമമുക്തിമാർഗ്ഗത്തിലൂടെ സഗുണബ്രഹ്മത്തിലെത്താൻ ഇത് സഹായിക്കും. പിന്നീട് പതുക്കെ സമ്യഗ്ദർശനത്തിലെത്താം.

ശങ്കരന്റെ അഭിപ്രായത്തിൽ ഭഗവദ്ഗീത എട്ടാം അദ്ധ്യായം ധാരണായോഗം പഠിപ്പിക്കുന്നതിനാണ് ഓങ്കാരധ്യാനത്തിലൂടെയാണ് ഇതു ചെയ്യുന്നത്. ഗീതാഭാഷ്യം (8.10.12) യോഗിചിത്തത്തിന്റെ ചിന്താസരണികളെ തെളിയിക്കുന്നവയാണ്. ധാരണ മനസ്സിനെ ഒന്നിൽത്തന്നെ ഉറപ്പിക്കുന്നു. സംയമമെന്നാൽ ധാരണയും ധ്യാനവും സമാധിയും ചേർന്നതാണ്. തുടർച്ചയായ സമാധിസംസ്കാരങ്ങളുടെ അനുഭവം കൊണ്ടാണ് ഈ യോഗശക്തി സംഭവിക്കുന്നത്. ഹൃദയപുണ്ഡരീകത്തിൽ ചിത്തത്തെ നിർത്തി പ്രാണനെ ഊർദ്ധ്വനാഡിയിലൂടെ ഉയർത്തി ഭൂമിജയക്രമത്തിൽ അതിനെ ഘട്ടംഘട്ടമായി ജയിച്ച് ഭൂമദ്ധ്യത്തിൽ നിർത്തുന്നത് (ഗീതാഭാഷ്യം 8.10) ശങ്കരൻ വിവരിക്കുന്നു. ഇതും യോഗസൂത്രത്തിലും യോഗസൂത്രഭാഷ്യത്തിലും (8.5.6) ഉള്ളതാണ്. പ്രാണനെ മൂർദ്ധാവിൽ നിർത്തുന്നതും ഊർദ്ധ്വനാഡിയും (8.12) ഭദവദ്ഗീതാഭാഷ്യം ചർച്ച ചെയ്യുന്നു ഉപനിഷത്തിലും ഗീതയിലുമുള്ള ദേവയാനപിതൃയാനങ്ങളെ തന്ത്രത്തിലും യോഗത്തിലുമുള്ള കുണ്ഡലിനീയോഗത്തോട് താരതമ്യപ്പെടുത്താം. ഛാന്ദോഗ്യഉപനിഷത്തിൽ (8.6.6) ഒരു ഊർദ്ധ്വനാഡിയിലൂടെ പുനരാവർത്തിരഹിതപദത്തിലേക്ക് പ്രണവധ്യാനം നയിക്കുന്നതായി ശങ്കരൻ പറഞ്ഞിട്ടുണ്ട്. പ്രാണയാമ പ്രത്യാഹാരങ്ങളാണ് ഇപ്രകാരം ധാരണായോഗമായി ഉപദേശിച്ചിട്ടുള്ളത്. ഭഗവദ്ഗീതാഭാഷ്യത്തിൽ (4.29) പൂരക, രേചക, കുംഭകങ്ങൾ ശങ്കരൻ പറയുന്നുണ്ട്. ഭഗവദ്ഗീതാഭാഷ്യം (4.28) പ്രത്യാഹാരവും പറഞ്ഞിട്ടുണ്ട്. ഇന്ദ്രിയനിഗ്രഹത്തെ വശീകരം എന്ന യോഗസൂത്രപദം കൊണ്ടുതന്നെ (2.55) ഗീതാഭാഷ്യത്തിൽ ശങ്കരന് വിളിക്കുന്നതും എടുത്തുപറയണം.

ബ്രഹ്മസൂത്രഭാഷ്യത്തിൽ (4.1.11.11) ധ്യാനസമാധികൾക്കുവേണ്ടി ആസനങ്ങളെ പരാമർശിക്കുന്നു. ഉപാസനയും ധ്യാനവും ആയാസരഹിതമാക്കാനാണ് സുഖാസനത്തിലിരിക്കുന്നത്. ഇതു ചർച്ച ചെയ്യുന്ന ഗീതാഭാഷ്യഭാഗത്ത് (6.11) യോഗശാസ്ത്രത്തിലെ പത്മാസനം ശങ്കരാചാര്യർ ഉദാഹരിക്കുന്നു. ആറാം അദ്ധ്യായം (ധ്യാനയോഗം) ചർച്ചചെയ്യുമ്പോൾ, ധ്യാനം സമ്യഗ് ദർശനത്തിന്റെ ലക്ഷണമാണ് എന്ന ആചാര്യർ പറയുന്നു. (6.11 ഭാഷ്യം കുശാസനത്തിൽ തോലും മരവുരിയും വിരിച്ച് ആസനമൊരുക്കുന്നതും പറയുന്നു) യോഗശാസ്ത്രേ പരിപാദാത്....അർദ്ധരസവ്യഞ്ജനാന്നസ്യ തൃതീയം ഉദകസ്യ ച

വായോസ്സഞ്ചരണാർത്ഥം തു ചതുർത്ഥം അവശേഷയേത് (ബൃഹദ്ഭഗവദ്ഗീതാഭാഷ്യം 6.16) എന്ന് പഴയ ഒരു യോഗശാസ്തരഗ്രന്ഥത്തെ ശങ്കരൻ ഉദ്ധരിക്കുന്നുണ്ട്. വളരെ പ്രാചീനമായ ഈ ശ്ലോകം ഏതു യോഗശാസ്ത്രഗ്രന്ഥത്തിലേതാണെന്ന് അറിവില്ല. ഹിരണ്യഗർഭയോഗസൂത്രമാണെന്നാണ് കരുതപ്പെടുന്നത്. ആമാശയത്തിൽ പകുതി ഭാഗം അന്നം, നാലിലൊരുഭാഗം ജലം, ബാക്കി നാലിലൊരുഭാഗം വായു സഞ്ചാരത്തിനായി ബാക്കിയിടണമെന്ന് ആയുർവ്വേദത്തിലെ ലഘ്വാഹാര പദ്ധതിയാണ്. ഉപാസന അഥവാ ധ്യാനം സമാനപ്രത്യയപ്രവാഹവും അവിഛിന്നപ്രത്യയപ്രവാഹവുമാണ്. (ഭ ഗീ.ഭാ.12.3, 13.24) കർമ്മവും ധ്യാനവും സാംഖ്യവുമെല്ലാം ആത്മദർശനത്തിനുള്ള ഉപായവികൽപ്പങ്ങൾ മാത്രമാണ്, (ഭ ഗീ ഭാ 13.24) ധ്യാനം കർമ്മത്തിൽ നിന്നുള്ള ക്രമമായ ഉപസംഹാരമെങ്കിൽ (ഗീതാ ഭാഷ്യം 6.3) സാംഖ്യം സന്യാസമാണ്. (ഗീ.ഭ.3.3) ജീവിതത്തിലെ ഓരോരോ ഘട്ടങ്ങളാണവ. ബ്രഹ്മസൂത്രഭാഷ്യം (2.338) മുണ്ഡകോപനിഷത്തിലെ (2.2.6) ഓങ്കാരധ്യാനം, ബൃഹദാരണ്യകത്തിലെ (2.4.5) ആത്മജ്ഞാനം എന്നിവ ഉദ്ധരിക്കുന്നു. ബ്രഹ്മസൂത്രഭാഷ്യം (2.3.40) സമാധി ചർച്ച ചെയ്യുന്നു. ബുദ്ധിയുടെ ഉപാധിയിലൂടെ ആത്മാവിൽ അദ്ധ്യാസം ചെയ്യുന്ന ഗുണങ്ങളെ പരാമർശിക്കുന്നു. മുമുക്ഷുവിന് സർവ്വകർമ്മത്യാഗമല്ലാതെ മറ്റൊന്നുമില്ല എന്ന ശങ്കരസുരേശ്വരാദികളുടെ വാദം അത്യന്തം ശ്രദ്ധേയമാണ്. ബൃഹദാരണ്യകോപനിഷത്തിന്റെ ഭാഷ്യത്തിലും (1.4.7) ബ്രഹ്മസൂത്രഭാഷ്യത്തിലും ശങ്കരന്റെ വാദം യോഗശാസ്ത്രത്തിനോ സമാധിക്കോ എതിരല്ല. മുക്തി കർമ്മവിധികളാൽ ലഭിക്കുമെന്ന മീമാംസയുടെ നിലപാടിനോടാണ് വിയോജനം. ബ്രഹ്മസൂത്രഭാഷ്യം (2.3.39) ഉപനിഷദ്കീർത്തിതമായ ആത്മജ്ഞാനത്തിലേക്കുള്ള വഴിയായി സമാധിയെ അംഗീകരിക്കുന്നു. (2.3.40) ഇത് ഒരു വിധിയോ നിയമമോ അല്ല എന്നും വിധിയായി അംഗീകരിച്ചാൽ കർമ്മം ചെയ്യുന്ന ഒരു കർത്താവായി ആത്മനെ (ബ്രഹ്മനെ) ചുരുക്കലായിത്തീരുമെന്നും ചൂണ്ടിക്കാട്ടുന്നു. ബ്രഹ്മസൂത്രഭാഷ്യം (2.1.3) സാംഖ്യയോഗദർശനങ്ങളുടെ നിരാകരണമാണെന്നും വാദത്തെ സൂക്ഷ്മമായി പരിശോധിക്കാൻ മേൽപ്പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലം സഹായകമാവും. ബ്രഹ്മസൂത്രഭാഷ്യം (2.3.39) ശ്വേതശ്വേതര കഠോപനിഷത്തുക്കളിലെ സാംഖ്യയോഗപരമായ ഉദ്ധരണികൾ ശങ്കരൻ ചേർത്തിട്ടുണ്ട്. ബ്രഹ്മസൂത്രഭാഷ്യത്തിൽ (2.1.3) യോഗം പ്രധാനമായും സ്വീകരിക്കുന്നു. സ്മൃതികളിൽ സാംഖ്യവും യോഗവുമാണ് ഉപനിഷദ്, വൈദിക ശ്രുതികളുമായി ഏറ്റവും അടുത്തുനിൽക്കുന്നത് എന്നതുകൊണ്ടാണ് അഥതത്വദർശനാഭ്യുപായോ യോഗ: എന്ന് യോഗസൂത്രത്തിലെ ഉദ്ധരണി എന്നു പറഞ്ഞുകൊണ്ട് ശങ്കരൻ ഉദ്ധരിക്കുന്നത് (ഇത് ഹിരണ്യഗർഭയോഗയോഗസൂത്രത്തിലേതാവണം) ബുദ്ധമതകാലത്തിനുശേഷം പ്രചാരത്തിൽ വന്ന നവസാംഖ്യയോഗപദ്ധതിയിലെ ദ്വൈതസമീപനത്തെയാണ് ശങ്കരൻ വിമർശിച്ചിട്ടുള്ളത്. പ്രകൃതി അഥവാ പ്രധാനത്തെ ഈശ്വരഭിന്നമായ രണ്ടാമതൊരു സ്വതന്ത്രകാരണമായി കാണുന്ന ദ്വൈതമാണ് വിമർശിക്കപ്പെടുന്നത്. വേദാന്തിക്ക് സാംഖ്യം ജ്ഞാനവും യോഗം ധ്യാനവുമാണ്. അവ വേദോപനിഷദ്സന്ദേശങ്ങളുമായി യോജിക്കുന്നവയുമാണ്. ഗീതാഭാഷ്യം (13.24) സാംഖ്യയോഗ, ധ്യാനയോഗങ്ങളെ ആത്മദർശനത്തിനുള്ള മാർഗ്ഗങ്ങളായി അംഗീകരിക്കുന്നു. പ്രത്യയം, അനുമാനം, ആഗമം എന്നിവയാണ് (യോഗസൂത്രം 17) പ്രമാണങ്ങളെല്ലാം യോഗശാസ്ത്രം പറയുന്നു. ബ്രഹ്മസൂത്രഭാഷ്യം (2.4.12) ഇത് സ്വീകരിക്കുന്നു. ആഗമം അഥവാ ശ്രുതിപ്രാമാണ്യം ആത്മജ്ഞാനത്തിന് ശങ്കരചിന്തയിൽ അതിപ്രധാനമാണ്. ബ-ഉ.ഭാ(1.4.7) എന്തുകൊണ്ട് നാം ജ്ഞാനനിഷ്ഠയിൽ ഉറച്ചിരിക്കണമെന്ന് വിവരിക്കുന്നു. ആത്മജ്ഞാ

നത്തിന് നിരന്തരമായ ഓർമ്മ അഥവാ പ്രതിജ്ഞ, സ്വഭാവിക ചിത്തവൃത്തിനിരോധത്തിനും സന്യാസത്തിനും കാരണമാകുന്നു. സർവ്വപ്രാരാബ്ധകർമ്മത്തേയും ഉന്മൂലനം ചെയ്യുന്നു. ശങ്കരശിഷ്യനും ശ്രുതിസമുദ്ധരണകർത്താവുമായ തോടകന് ചിത്ശക്തിയെ (യോഗസൂത്രഭാഷ്യത്തിലുള്ള പദം) വർണ്ണിച്ചിട്ടുണ്ട് മണ്ഡനമിശ്രനും ദൃക്ശക്തി ബ്രഹ്മസിദ്ധി എന്നിവയെ യോഗസൂത്രപ്രകാരമാണ് കാണുന്നത്. അതായത് ശങ്കരാചാര്യരോ, ശിഷ്യന്മാരോ ദർശനസമന്വയത്തിനല്ലാതെ വിരോധത്തിന് ശ്രമിച്ചിട്ടില്ല. ശങ്കരാചാര്യദർശനങ്ങൾ പൂർണ്ണമായി മനസ്സിലാകാത്തതുകൊണ്ട് പിൽക്കാലദാർശനികർ അദ്ദേഹത്തെ യോഗ സാംഖ്യ ബൗദ്ധാന്തികചർച്ചകളിലൂടെ സമന്വയമെന്ന ശാസ്ത്രരീതിയെ കലഹമായി തെറ്റിദ്ധരിച്ചുകാണുന്നത് പാമരരാണ്. അത് പണ്ഡിതലക്ഷണല്ല. അദ്വൈതസിദ്ധാന്തത്തിൽ എതിരായി അന്യമായി, മറ്റൊന്നില്ല., ഈ പരമതത്വമറിയാതെയാണ് വിമർശകർ ശങ്കരനെ വിധ്വംസകനായി ചിത്രീകരിച്ചത്. ശാസ്ത്രരീതിയാണ് ലോജിക്ക് അത് വിധ്വംസനമല്ല.

ശ്വേതാംബരരും നാഥസിദ്ധസമ്പ്രദായവും

മീമാംസകർ ക്രിയാമാത്രമായ ആചാരങ്ങളെ സ്വീകരിക്കുമ്പോൾ ശ്വേതാംബരർ സർവ്വകർമ്മാരംഭവും മുക്തിക്ക് തടസ്സമെന്ന് വിചാരിക്കുന്നു. മനസാ വാചാ ചെയ്യുന്ന സർവ്വപ്രവൃത്തിയും അവർ കർമ്മത്തിൽ ഉൾപ്പെടുത്തുന്നു. ജീവന്റെ മൂന്നുതരം സ്പന്ദം (ചലനം) ആണ് മനസ്സ് വാക്ക് ശരീരം ഇവയുടെ പ്രവർത്തനം സൂക്ഷ്മതന്മാത്രയുടെ ആശ്രവം ജീവനിലേക്ക് ഒഴുകി. കർമ്മമായി ജീവനേയും അജീവനേയും ഒന്നാക്കി ജീവനെ കമ്പനം)ചലനം, വൈബ്രേഷൻ) കൊള്ളിക്കുന്നതാണ് ഈ പ്രവർത്തനങ്ങൾ. സംസാരം പിണ്ഡവും (മാസ്) ജീവോർജ്ജവും (ബയോഎനർജി) ചേർന്ന നിരന്തരമായ ഈ ആവർത്തനഭ്രമണ പ്രക്രിയയാണ് അഥവാ ചക്രമാണ് ഭാരതീയരുടെ തത്വചിന്തക്ക്. ഈ പ്രക്രിയയുടെ നിരന്തരധ്യാനത്താൽ ഊർജ്ജം (ശാശ്വതം) സർവ്വചലനവും സർവ്വപിണ്ഡവും നിറഞ്ഞ സർവ്വവ്യാപിയാണെന്നും ഞാൻ (അഹം) അതുതന്നെ (ബ്രഹ്മം) ആണെന്നും അറിയാനാവുന്നു. അതോടെ ആത്മാവിന് സംസാരബന്ധം ഇല്ലാത്ത യോഗം അഥവാ അയോഗത ഉണ്ടാവുന്നു. നിർവ്വാണം. മോക്ഷം, കൈവല്യം എന്നെല്ലാം പറയുന്നത് ആത്മസ്വരൂപം അറിയുന്ന സംസാരമുക്തി അഥവാ മൃത്യുവിനുള്ള പരിശീലനമാണ്. ഈ മോക്ഷമാർഗ്ഗത്തെ യോഗത്തിലൂടെ അയോഗത അറിയുന്ന സംസാരമുക്തിപ്രക്രിയയായിട്ടാണ് ജൈനദർശനവും വിലയിരുത്തുന്നത്. ഉമാസ്വാതിയുടെ തത്വാർത്ഥസൂത്രം (എഡി. 150–350) ഈ ദർശനം സ്വീകരിക്കുന്നു. ക്രോഡീകരിക്കുന്നു. യോഗസൂത്രത്തിന് യോഗമാർഗ്ഗത്തിലുള്ള സ്ഥാനമാണ് ശ്വോതാംബരജൈനർ ഈ ഗ്രന്ഥത്തിന് കൊടുത്തിട്ടുള്ളത്. കർമ്മം, ജ്ഞാനം, എന്ന രണ്ടു മാർഗ്ഗം തന്നെയാണ് ഉമാസ്വാതിയും വിവരിക്കുന്നത്. ജ്ഞാനത്തിൽ ആശ്രാവത്തിന്റെ പ്രവാഹം പൂർണ്ണമായി തടയുന്ന സംവരം. നേരത്തേ ആർജ്ജിച്ച കർമ്മങ്ങളെ ഭാഗികമായി നശിപ്പിക്കുന്ന നിർജ്ജരം പൂർണ്ണമായി നശിപ്പിക്കുന്ന മോക്ഷം എന്നിവ പെടുന്നു. ഇതിന് ജിനൻ എന്ന സാമാന്യനാമത്തിലറിയുന്ന ഗുരുവിലും അദ്ദേഹത്തിന്റെ ഉപദേശത്തിലും പൂർണ്ണവിശ്വാസം വേണമെന്ന് ഉമാസ്വാതി പറയുന്നു. (ഗുരുഭക്തി) 14 പടികൾ അഥവാ ഗുണസ്ഥാനങ്ങൾ കടന്നാലേ മോക്ഷത്തിലെത്തുകയുള്ളൂ. ചിത്തനിരോഘം (നിരോഹം) ധ്യാനം കൊണ്ട് സാധിച്ചിട്ടേ കർമ്മ ബന്ധവിമുക്തി നേടാനാവൂ. മനസ്സ് വാക്ക് ശരീരം ഇവയുടെ പ്രവർത്തനത്തെ ഒരു പ്രത്യേകകാലയളവിൽ തീർത്തും നിരോധിച്ചുനിർത്തി ആത്മാവിനെ മൂടിയ കർമ്മ

വാസനകൾ തുടച്ചുനീക്കുന്ന പ്രക്രിയയാണ് ശ്വേതാം ബരർക്കും ധ്യാനം, നിരന്തരധ്യാനാഭ്യാസത്താൽ കർമ്മവാസന മുഴുവൻ പോകുമ്പോഴാണ് അകർമ്മണ്യാവസ്ഥ ലഭിക്കുന്നത്. വേദാന്തത്തിലെന്നപോലെ ഗൃഹസ്ഥനും സന്യാസിക്കും യോഗം അഭ്യസിക്കേണ്ടതുണ്ട്. എന്നാൽ മുക്തി സന്യാസിക്കേ ലഭിക്കുന്നുള്ളൂ. ശുക്ലധ്യാനത്തിന്റെ നാലുവിധമനുസരിച്ച് മുക്തിക്ക് നാലവസ്ഥയുണ്ട്. ഇവയിൽ രണ്ടെണ്ണം പരമപ്രധാനമാണ്. ഘാതീയ കർമ്മങ്ങളും വികാരങ്ങളും നശിപ്പിക്കുന്ന ചിത്തനിരോധാവസ്ഥ ബോധിചിത്തവും സർവ്വവ്യാപിഗുണമുള്ളതുമാണ്. രണ്ടാമത്തെ ശുക്ലധ്യാനം ഇതിലേക്ക് എത്തിക്കുന്നു. നാലാമത്തെ ശുക്ലധ്യാനം അഘാതീയ കർമ്മങ്ങളെപ്പോലും നശിപ്പിച്ച് ഇനിയൊരിക്കലും കർമ്മവാസന ഇല്ലാത്ത മുളക്കാത്ത വീതരാഗാവസ്ഥ എന്ന രണ്ടാമത്തെ നിലയിലെത്തിക്കുന്നു. ഇതാണ് നിർവ്വാണം, നിർവ്വാണത്തെത്തുടർന്ന് മോക്ഷം സംഭവിക്കുന്നു. ലോകാകാശ ശിഖരങ്ങളിലെ സിദ്ധലോകങ്ങളിലേക്ക് ആത്മാവ് ഉയരുന്നു. ബോധി ലഭിക്കാത്ത മനുഷ്യൻ (പത്മസ്ഥൻ) ധ്യാനത്തിലൂടെ കർമ്മരഹിതമായ മനസ്സ് സൃഷ്ടിച്ച് അതിലൂടെ ജീവനെ സാക്ഷാത്കരിക്കാനാണ് ശ്രമിക്കുന്നത്. തത്വാർത്ഥസൂത്രകാരന് യോഗമെന്നത് ജീവന്റേയും ശരീരത്തിന്റേയും (മനസ്സും ഇന്ദ്രിയവുമുൾപ്പടെ) കർമ്മമാണ് (ആക്ടിവിറ്റി) യോഗം, യുജ്-യോജിപ്പിക്കുക എന്നർത്ഥമാകയാൽ ആത്മാവും ശരീരവും യോജിക്കുന്ന കർമ്മമാണ്. അതുകൊണ്ട് പരമുക്തി പ്രാപിക്കുന്ന യോഗിയെ യോഗി എന്നു വിളിക്കാതെ ജിതേന്ദ്രിയനെന്ന് അർത്ഥമുള്ള ജിനനെന്ന് വിളിക്കുന്നു. മനസ്സ് പൂർണ്ണമായി ഇല്ലാത്ത അവസ്ഥയിൽ സയോഗി, സയോഗകേവലി മുതലായ വാക്കുകൾ ശ്വേതാംബരർ ഉപയോഗിക്കുന്നുണ്ട്. മനസ്സും വാക്കും ശരീരവും ത്യജിച്ച് വ്യക്തിയെ യോഗി എന്നല്ല. അയോഗി അയോഗകേവലി എന്നൊക്കെയാണ് വിളിക്കുന്നത്.

എട്ടാംനൂറ്റാണ്ടിലെ ഹരിഭദ്രസൂരി 14 ഗുണസ്ഥാനങ്ങളും വിശ്വാസം ജ്ഞാനം, ചര്യ എന്നീ ത്രിവിധമാർഗ്ഗങ്ങളും അല്ല (തത്വാർത്ഥസൂത്രത്തിലുള്ളതല്ല) പാതഞ്ജലസൂത്രത്തിലെ അഷ്ടാംഗയോഗമാണ് ഉപദേശിക്കുന്നത്. ഭാഗവതത്തിലെ ഋഷഭതീർത്ഥങ്കരനും പുത്രരായ നവയോഗികളും ഇതാണുപയോഗിച്ചിരുന്നത്. എജി 150ൽ ഉമാസ്വാതി മുതൽ എട്ടാംനൂറ്റണ്ടിലെ ഹരിഭദ്രൻവരെ മാത്രമാണ് ജൈനമാർഗ്ഗത്തിൽ ഭാഗവതമാർഗ്ഗത്തിൽ നിന്ന് വ്യത്യസ്തമായ സംജ്ഞകളും ചര്യാനാമങ്ങളും സ്വീകരിച്ചിട്ടുള്ളത്. യോഗം മുക്തിക്കുള്ളതാണെന്ന് ഹരിഭദ്രസൂരി പറഞ്ഞു (മുക്കേന ജോയന ജോഗോ) ഏറ്റവും വലിയ യോഗം അയോഗമാണെന്നും ഈ പദ്ധതിയെ യോഗാചാരമെന്നു വിളിക്കുന്നു എന്നും പറഞ്ഞു. ജൈനയോഗിയുടെ പരമലക്ഷ്യം യോഗത്തിലൂടെ അയോഗമാണ്.

ശ്വേതാംബരജൈനമാർഗ്ഗത്തിൽ ഹേമചന്ദ്രന് (എഡി 1089–1172) യോഗശാസ്ത്രമെന്ന തന്റെ ഗ്രന്ഥാരംഭത്തിൽ മഹാവീരനെ യോഗനാഥനെന്ന് വിളിക്കുന്നു. ജൈനദർശനധാരയുടെ രത്നത്രയത്തിലൊന്നായി യോഗത്തെ കണക്കാക്കുന്നു. വിശ്വാസം ജ്ഞാനം, ചര്യ എന്നിവയിൽ ചര്യയാണ് യോഗം. അതിനെ ഹേമചന്ദ്രൻ ശിവതാണ്ഡവത്തോട് ഉപമിച്ചു. (യൗഗം താണ്ഡവദംബരം) ബുദ്ധമതവും ബുദ്ധനെ യോഗി എന്നു വിളിക്കുന്നുണ്ടെങ്കിലും രത്നത്രയത്തിൽ യോഗത്തെ ഉൾപ്പെടുത്തിയിട്ടില്ല. താന്ത്രികബുദ്ധമതത്തിൽ ബുദ്ധൻ യോഗീശ്വരനാണ്. ഉമാസ്വാതി ഹരിഭദ്രൻ ഹേമചന്ദ്രൻ എന്നീ ശ്വേതാംബരജൈനമതാചാര്യന്മാരുടെ പഠനത്തിൽ നിന്ന് ഭാരതത്തിലെ എല്ലാ ദർശനങ്ങളും ഒരുപോലെ യോഗചര്യയിലൂടെ സാക്ഷാത്കാരം നേടാൻ ശ്രമിച്ചിരുന്നു എന്നും. ചില

നാമങ്ങളിലുള്ള ഭേദം, സൂക്ഷ്മചിന്താസരണിയിലെ ഭേദം എന്നിവയല്ലാതെ മാർഗ്ഗമോ ലക്ഷ്യമോ ആത്യന്തികമായി ഭേദമുള്ളവയായിരുന്നില്ല എന്നു കാണാം. ജൈന, ബുദ്ധ ഹിന്ദുമതമെന്ന ഉൾപ്പിരിവുകൾ തന്നെ ഇല്ലാതാവുന്നുണ്ട്. മാർഗ്ഗം യോഗം, ലക്ഷ്യം മുക്തി ഭേദഭാവനയില്ലാത്ത കൈവല്യാവസ്ഥ ഇവയെല്ലാം ഒന്നുതന്നെയാണ്. ഭാരതീയസംസ്കാരധാരയിലെ മൂന്നു പ്രവാഹങ്ങളെന്നല്ലാതെ മൂന്നുമതമെന്ന് ഇവയെ പറയാനാവില്ല. മൂന്നും സാംഖ്യത്തിലും യോഗത്തിലും അധിഷ്ഠിതം, മൂന്നും അഹിംസയെ പരമധർമ്മമായി സ്വീകരിക്കുന്നവ. തീർത്ഥങ്കരനെന്ന് ജൈനരും തീർത്ഥപാദരെന്ന് വൈഷ്ണവരും യോഗീശ്വരന്മാരെ വിളിക്കുന്നു. ശൈവർ യോഗീനാഥന്മാരെന്നു വിളിക്കുന്നു. ഹേമചന്ദ്രൻ തന്റെ ഗ്രന്ഥത്തിൽ ഒരധ്യായത്തിന് യോഗോപനിഷത്ത് എന്ന് പേരു കൊടുക്കുന്നു. അതിന്നു മുമ്പുള്ള 11 അദ്ധ്യായവും ഗുരുവിൽ നിന്നും മുമ്പുള്ള യോഗികളിൽ നിന്നും ലഭിച്ചതാണെന്നും ഈ ഒരദ്ധ്യായവും അതിന്നുശേഷമുള്ളതും മാത്രമാണ്. സ്വസംവേദനം (സ്വാനുഭൂതി) എന്നും പറയുന്നു. ഹേമചന്ദ്രൻ സാധുവായും സൂരിയായും പിന്നീട് ജയസിംഗ സിദ്ധരാഡന്റേയും പിൻഗാമി കുമാരപാലന്റേയും രാജസഭയിലെ പണ്ഡിതനായും ജീവിച്ച വ്യക്തിയാണ്. ഗ്രന്ഥവിസ്താരത്തേക്കാൾ സ്വന്തം നിത്യാഭ്യാസവും സ്വാനുഭവസംവേദനവും പ്രധാനമെന്നു പറഞ്ഞ ആളാണ്. സ്വാനുഭവത്തിന് വേദാന്തവും പരമപ്രാധാന്യം കൊടുത്തിട്ടുണ്ട്. ഹരിഭദ്രന്റെ യോഗദൃഷ്ഠിസമുച്ചയം പൂർവ്വഗ്രന്ഥോക്തമായ ധർമ്മം പഠിച്ച് സ്വന്തമായി അനുഭവിച്ചറിയണമെന്ന് അനുശാസിക്കുന്നു. അഭ്യാസവും ഔദാസീന്യവും കൊണ്ട് മനസ്സിനെ (അന്തഃകരണത്തെ) നിയന്ത്രിച്ച് വികാരരഹിതമാക്കണം. വിക്ഷിപ്തം യതായതം ശ്ലിഷം മുതലായ അവസ്ഥകളിൽ നിന്ന് വിടർത്തി. പരമതത്വമായ ആത്മനിൽ സുലീനമാക്കണം. ഈ അമനസ്ക അമനസ്ത വിമനസ്ത ഉന്മനീഭാവാവസ്ഥകളിലെത്തക്കാനാണ് ധ്യാനം. കഠോപനിഷത്തിലും യോഗസൂത്രത്തിലുമെല്ലാം പ്രയോഗിക്കുന്ന അതേ ധ്യാനപദ്ധതിയാണ് ഹേമചന്ദ്രന്റേത്. സംജ്ഞാഭേദം (terminological Difference) അല്ലാതെ ജൈനബുദ്ധമതവേദാന്തപദ്ധതികളിൽ വ്യത്യാസമില്ല. അത് സഹസ്രാബ്ദങ്ങളുടെ ഗ്രന്ഥവിസ്താരം പഠനം ഇവ കൊണ്ട് ഉണ്ടായതാണ്. പ്രായോഗികതലത്തിൽ എല്ലാത്തിനും ആധാരം മാർഗ്ഗം ലക്ഷ്യം ഇവ ഒന്നാണ്. സൈദ്ധാന്തികതലത്തിൽ ഈ ധാരകളെല്ലാം ഓരേ അഭിപ്രായത്തിന്റെ വിഭിന്നപ്രകാശനങ്ങൾ മാത്രമാണ്.

ഋഗ്വേദത്തിൽ (10.129) തദ് ഏകം, സത്തിനും അസത്തിനും അതീതമാണ് മനസ്സും കാമവുമാണ്. അതിനെ അനേകമായി തോന്നിക്കുന്നത്. ഭേദഭാവന തോന്നിക്കുന്നത്. ഏകം ബ്രഹ്മം, പുരുഷൻ, അമനസ്സ്, നിഷ്കാമം, എന്നീ അവസ്ഥകളിൽ അതിനെ സാക്ഷാത്കരിക്കാൻ യോഗമാർഗ്ഗം. കാമലേശമില്ലാത്ത സുനിശ്ചലമായ അമനീഭാവ മാർജ്ജിച്ച് വൃത്തിനാശം വന്ന മനസ്സാണ് ഉപനിഷത്തുകളിൽ പരമപദം പ്രാപിക്കുന്നത്. ഗൗഡപാദകാരികയിലും ഉപദേശസാഹസ്രിയിലും ഇതുകാണാം. ദിഗ്ഗനികായത്തിൽ നിബ്ബാണം വിന്നാനാസ്സനിരോധേന സംഭവിക്കുന്നതായി പറയുന്നു. ഹേമചന്ദ്രന്റെ യോഗശാസ്ത്രത്തിലെ 7-10 അദ്ധ്യായങ്ങൾ കാശ്മീരിശൈവിസത്തിലെ ത്രികയാണ് എന്നും അഭിനവഗുപ്തന്റെ തന്ത്രാലോകത്തിലുള്ളതാണെന്നും കാണാം. എന്നാൽപന്ത്രണ്ടാം നൂറ്റാണ്ടിലെ സംജ്ഞകൾ അവയിലോ ജ്ഞാനാർണ്ണവമെന്ന ദിഗംബരഗ്രന്ഥത്തിലോ ഇല്ല. ജ്ഞാനാർണ്ണവത്തിൽ കാശ്മീരശൈവിസത്തിലെ ത്രിക ഉണ്ട്. ഹേമചന്ദ്രന്റെ കാലത്ത് ഗുജറാത്തിൽ പാശുപതശൈവന്മാർ പ്രബലരായിരുന്നു. കൗല, കാപാലിക, രഹമാന,

ഘടചാതര മുതലായ അനേകം സിദ്ധാന്തങ്ങൾ അന്നുണ്ടായിരുന്നു. കുമാരപാലൻ ശൈവനായിരുന്നു. (എ.കെ. മജുംദാർ Chalukyas of Gujrat A survey of history and culture of Gujrat from middle of 10 to 13th century, Bharatheeya vidya Bhavan Mumbai page 294) അദ്ദേഹം അഹിംസാസിദ്ധാന്തം സ്വീകരിച്ച് ജൈനനായി എന്നും പറയുന്നു. (ശൈവരായ ബ്രാഹ്മണരും അഹിംസാവാദികളാണ്) പാശുപതരും കാപാലികരും നാഥസമ്പ്രദായക്കാരാണ്. 12-13 നൂറ്റാണ്ടുകളിൽ പടിഞ്ഞാറൻ ഇന്ത്യയിൽ നാഥസമ്പ്രദായം പ്രബലമായിരുന്നു. അവരെ കാൺഫതര് (ചെവി തുളട്ടവരെന്നും ദാർശനികരെന്നും അർത്ഥം) വിളിച്ചിരുന്നു. യോഗാക്ഷരത്താൽ കാതു തുളക്കപ്പെടാത്തവർ (അവിധകർണ്ണോ യോ യോഗ ഇതി അക്ഷരശലകയാ) എന്ന ഹേമചന്ദ്രന്റെ പ്രയോഗം അതുകൊണ്ടാണ് നാഥസിദ്ധന്മാർ ഹഠയോഗികളാണ്. അവരുടെ ഗ്രന്ഥത്തിന്റെ പേരും അമനസ്കയോഗമെന്നാണ്. ശ്വേതാംബരരും നാഥസിദ്ധരായ കാൺഫതരും ഒരേ സാംസ്കാരികകേന്ദ്രം പങ്കിട്ടാണ് ജീവിച്ചിരുന്നത്. ഗുദറാത്തിലെ ഗിർനാർപർവ്വത ഗുഹകളും രാജസ്ഥാനിലെ മൗണ്ട് അബുവുമാണ് നാഥസിദ്ധരുടെ ഹഠയോഗവും ആൽക്കെമിയും പ്രാക്ടീസ് ചെയ്തിരുന്ന രണ്ടു കേന്ദ്രങ്ങൾ (White the alchemical body. Page 910, 117119) ഇവ ജൈനകേന്ദ്രങ്ങളുമായിരുന്നു. ജയസിംഹസിദ്ധരാജ്റെയും കുമാരപാലന്റേയും കൂടെ ഹേമചന്ദ്രൻ ഗിർനാര് സന്ദർശിച്ചിട്ടുണ്ട്. (Buhler, The life of Hemachandra Acharya page 20-21,46.56)ഗിർനാറും മൗണ്ട് അബുവും 22,23 തീർത്ഥങ്കരന്മാരായ നേമിനാഥ, പാർശ്വനാഥന്മാരുടെ ക്ഷേത്രസങ്കേതങ്ങളാണ്. അവർക്കും നാഥനാമം ഉണ്ട്. നേമീനാഥൻ ഗോപീനാഥനായ ശ്രീകൃഷ്ണന്റെ ബന്ധുവാണ്. ഗിർന്നാറിലും അബുവിലുമുള്ള ജൈനസമൂഹവും ആൽക്കെമി ചെയ്യുന്നവരാണ്. നേമിനാഥ, പാർശ്വനാഥന്മാർ നാഥസമ്പ്രദായത്തിൽ മച്ചേന്ദ്രനാഥനെന്ന (മത്സ്യേന്ദ്ര) എന്ന നാഥസമ്പ്രദായഗുരുവിന്റെ മക്കളാണ്. മഹാവീരനെ യോഗിനാഥനെന്നു വിളിക്കുന്നതും യോഗത്തെ ശിവതാണ്ഡവത്തോടുപമിക്കുന്നതും യോഗം അഭ്യസിക്കുന്നവരെ അക്ഷരശലാക കൊണ്ട് ചെവിതുളച്ച കാൺഫതറെന്നു വിളിക്കുന്നതും ശ്രദ്ധേയമാണ്. (G.W,.Briggs. Goraknath and the kanpatha yogis. Motilal Banarasi Das. 1973 Page 72) അഹിംസാസിദ്ധാന്തം സ്വീകരിച്ച ശിവഭക്തനായ കുമാരപാലന്റെ അഭ്യർത്ഥന പ്രകാരമാണ് ഹേമചന്ദ്രന്റെ യോഗശാസ്ത്രം രചിക്കപ്പെട്ടത്. ഹേമചന്ദ്രന്റെ സുഹൃത്തുക്കളും ശ്രോതാക്കളുമെല്ലാം ശിവഭക്തരായിരുന്നു.

ഭാഗവതത്തിൽ വ്യാസമുനി ആദിതീർത്ഥങ്കരനായ ഋഷഭന്റെ പൂർണ്ണദർശനവും ജീവിതവും തരുന്നു. അദ്ദേഹത്തിന്റെ അമനസ്കാവസ്ഥ വർണ്ണിക്കുന്നു. ഭാഗവതപ്രകാരം അദ്ദേഹം വിഷ്ണുവിന്റെ അവതാരമാണ്. ഹിംസ ചെയ്യേണ്ടിവരുന്ന (യുദ്ധത്തിലും ശിക്ഷ നടപ്പാക്കുമ്പോഴും) രാജവംശങ്ങളിൽ നിന്ന് അഹിംസചെയ്യുന്ന ബ്രഹ്മവിചാരത്തിലേക്കു മാറിയ വ്യക്തികളാണ് ഋഷഭനും, മഹാവീരനും ബുദ്ധനുമെല്ലാം വ്യാസഭാഷ്യപ്രകാരം യോഗം സാർവ്വഭൗമന്മാർക്ക് ഗുരുവാണ്. ഉപദേശിക്കുന്നത്. കുമാരപാലന്റെ അഹിംസാസ്വീകരണം (ഹേമചന്ദ്രനിൽ നിന്ന്) അതുപോലൊന്നാണ്. ഭാഗവതത്തിലും മഹാഭാരത്തിലും ഇത്തരം സന്ദർഭങ്ങൾ കാണാം. വൈഷ്ണവശാക്തശൈവസമ്പ്രദായങ്ങളെല്ലാം യോഗസമ്പ്രദായത്തിലെ ഈശ്വരപ്രണിധാനത്തിലെ ഇഷ്ടദേവതാരൂപത്തിൽ നിഷ്ഠാപൂർവ്വം മനസ്സുറപ്പിക്കുന്നതിനാണ്. ഇപ്രകാരം ജിതേന്ദ്രിയത്വം നേടിയവരെ (ഒന്നാം ഘട്ടം) ജിനനെന്നു വിളിക്കും. ബോധി തെളിഞ്ഞുകിട്ടിയവരെ ബുദ്ധനെന്നും വിളിക്കും (രണ്ടാം

ഘട്ടം) ബ്രഹ്മജ്ഞാനം പൂർണ്ണമായി പ്രകാശിച്ചാൽ ബ്രഹ്മജ്ഞാനി അഥവാ ബ്രാഹ്മണനായി അറിയപ്പെടും. ഇതാണ് മൂന്നാംഘട്ടം ഈ സംജ്ഞാഭേദത്തെ മതവിദ്വേഷമെന്ന് സെമിറ്റിക്ക് രീതിയിൽ വ്യാഖ്യാനിക്കാനാവില്ല. വളർച്ചയിൽ യോഗി കടന്നുപോകുന്ന മൂന്നുഘട്ടങ്ങൾ മാത്രമാണവ.

തന്ത്രങ്ങളിൽ യോഗം

പതഞ്ജലിയോഗസൂത്രത്തിൽ ആസനങ്ങൾ പ്രാണായാമം, എന്നിവയുടെ പൂർണ്ണവിവരണമോ ഇല്ല. ക്രിസ്തുവിന് മുമ്പുതന്നെ രചിക്കപ്പെട്ട് ഛാന്ദോഗ് ഉപനിഷത്തിൽ ചക്രനാഡീമണ്ഡലങ്ങളെ പരാമർശിച്ചിട്ടുണ്ട്. തന്ത്രഗ്രന്ഥങ്ങളിലാണ് ഇവയെ സമഗ്രമായി പ്രതിപാദിക്കുന്നത്. ഹഠയോഗം, ബുദ്ധമതതന്ത്രഗ്രന്ഥങ്ങൾ ശബ്ശാസ്ത്രം ഇവയിൽ ചക്രങ്ങളും നാഡികളും കുണ്ഡലിനീശക്തിയും വർണ്ണിതമാണ്. എട്ടാം നൂറ്റാണ്ടിലെ താന്ത്രകബുദ്ധമതഗ്രന്ഥങ്ങളായ ചര്യാഗീതി, ഹേവജ്രുതന്ത്രം ഇവയിലും നാഡീചക്രങ്ങളെ വർണ്ണിച്ചിട്ടുണ്ട്. കാമാഖ്യ (ആസമിലെ ഗുവഹാത്തി) ഉഢിയാന (സ്വാത്ത് താഴ്‌വര) ജാലന്ധരം (കാശ്മീർ, പഞ്ചാബ്) പൂർണ്ണഗിരി (കേരളം പൂർണ്ണാനദിതീരം) എന്ന് നാലുപീഠങ്ങളെ ഇന്ത്യയുടെ മൂലാധാര, നാഭീ (മണിപുര) കണ്ഠം (വിശുദ്ധി) ശിരസ്സു (സഹസ്രാരം) കളായി കരുതുന്നു. ഗോരഖാനാഥസമ്പ്രദായത്തിലും ഹേവജ്രതന്ത്രത്തിലും ഇങ്ങനെയാണ്. ഹേവജ്രതന്ത്രം ഇവക്കോരോന്നിനും ഓരോ ബുദ്ധശരീരവും ബീജമന്ത്രവും ദേവതയും സത്തയും കൊടുക്കുന്നു. ബ്രഹ്മോപനിഷത്തിലെ 7. ജാഗ്രത്തിൽ നാഭി, 2. സുഷുപ്തിയിൽ അനാഹതം 3. സ്വപ്നത്തിൽ വിശുദ്ധി. 4, തുരീയത്തിൽ സഹസ്രാരം എന്ന വിഭജനമാണത്. തന്ത്രത്തിൽ 51 അക്ഷരവർണ്ണങ്ങൾക്ക് 51 പീഠം ദേവിയുടെ ശരീരമായി വിന്യസിക്കുന്നു. പതഞ്ജലി (2.50) സ്തംഭവൃത്തി എന്നു പറയുന്നത് ചക്രങ്ങളുടെ വെർട്ടിക്കൽ കോൺഫിഗറേഷന് മേരുദണ്ഡത്തോടു ചേർന്നാകയാലാണ്. ഭാഗവതപുരാണത്തിൽ പ്രാണന് ഷഡ്സ്ഥാനങ്ങളിൽ സഞ്ചരിക്കുന്നത് മുകളിലേക്ക് ക്രമത്തിൽ നാഭി, ഹൃത്, ഉരസ്സ്, താലുമൂലം. ഭ്രൂവോരന്തരം, മൂർദ്ധാവ്, പരമപദം എന്നിങ്ങനെയാണ്. ഏഴുപഥങ്ങളും (കണ്ണുകളും, ചെവികളും നാസാദ്വാരങ്ങളും വായും) അടച്ച് ശ്രദ്ധാപൂർവ്വം ധ്യാനിച്ചാലേ താലുമൂലത്തിലെപ്രാണന് ആജ്ഞാചക്രത്തിലേക്ക് സഞ്ചരിക്കയുള്ളു എന്ന് ഭാഗവതം പറയുന്നു. ഇന്ദ്രിയനിഗ്രഹം അതിനാണ് ചെയ്യുന്നത്. ഇവ മഹാമർമ്മസ്ഥാനങ്ങളാണ്. പ്രാണായതനത്തിൽ ഈ ഏഴുമർമ്മങ്ങൾ പ്രധാനമാണ്. ഛരകസംഹിതയിൽ ഇവ മൂർദ്ധാവ് കണ്ഠം, ഹൃദയം. നാഭി. വസ്തി ഗുദം എന്നുകാണാം. ശൈവപുരാണത്തിലെ പഞ്ചസ്ഥാനങ്ങളെ ഗ്രന്ഥി, ധാരം. പത്മം എന്നെല്ലാം വിളിക്കും. (ഹൃദ് കണ്ഠം, താലു ഭ്രൂമദ്ധ്യ ബ്രഹ്മരന്ധ്ര) ബ്രഹ്മരന്ധ്രത്തിനുപരി 12 അംഗുലം മേലെ ദ്വാദശാന്തവും ചില ഗ്രന്ഥങ്ങളിൽ കാണാം. കുബ്ജികാമതത്തിലും പഞ്ചസ്ഥാനങ്ങളാണ്. ഇതിൽ യോഗി ശരീരത്തിന്റെ മേരുദണ്ഡമെന്ന സ്തംഭത്തിൽ ദേവിമാര് ദൂതികൾ മാതൃക്കൾ, യോഗിനികൾ, ഖേചരികൾ എന്നീ ദേവതാസ്ഥാനങ്ങളാണ്(ചക്രമെന്ന് വിളിക്കുന്നില്ല) 9-10 നൂറ്റാണ്ടിലെ കുബ്ജികാതന്ത്രം ഒരു മണ്ഡലമായിട്ടാണ് ദേവതകളെ കാണുന്നത്. ഭാഗവതത്തിലെദേവതാവ്യൂഹം പോലെ. രാസമണ്ഡലം പോലെ. ജ്യോതിഷത്തിൽ രാശിമണ്ഡലം ചന്ദ്ര, സൌരമണ്ഡലം ഗ്രഹവ്യൂഹ. നക്ഷത്രമണ്ഡലം ഇവപോലെ. മത്സ്യേന്ദ്രനാഥന്റെ കൗലജ്ഞാനനിർണ്ണയം ചക്രത്തിന്റെ ആരങ്ങൾ ദിവ്യകന്യാരങ്ങളായി. അവയെ ദേവന്മാർ ഗുഹ്യനാഭീ ഹൃദ് കണ്ഠം താലൂ, ഭ്രുമദ്ധ്യു ബ്രഹ്മരന്ധ്രങ്ങളിൽ ആരാധിക്കുന്നതായി

പറയുന്നു. പ്രസ്ഥമദ്ധ്യത്തിൽ ത്രിദണ്ഡകമായി മുണ്ഡസന്ധിയിൽ കന്യകമാരെ നിർത്തു ന്നതായും പറയുന്നു. 11 ചക്രത്തിലായി 1000 വീതം കന്യകമാർ പഞ്ചാരവും അഷ്ടപ ത്രവും ദശപത്രവും ദ്വാദശപത്രവും ഷോഡശപത്രവും ശതപത്രവുമായി ശതസഹസ്ര പത്രമായി (100000) നിൽക്കുന്നതായി പറയുന്നു. ഓരോ ദിവ്യകന്യകയും ഓരോ ദിവ്യ സിദ്ധിയാണ്. വസ്ത്രനിറം (ചുവപ്പ്, മഞ്ഞ, ധൂമ്രം, വെളുപ്പ്) വെച്ച് അവരെ തിരിച്ചറിയ ണം. ചക്രസ്ഥാനം, ചക്രത്തിന്റെ അഴികൾ ഇലകൾ അവയിലെ ഓരോന്നിലേയും അനേ കം സുന്ദരിമാർ അവരുടെ ഉപാസന എന്നിവ ശ്രീവിദ്യാ ശ്രീചക്രഉപാസനകളിലുമുണ്ട്. ശ്രീകൃഷ്ണന്റെ 16008 കന്യകാസമൂഹം അവരുടെ രാസമണ്ഡലോപാസന വസ്ത്രാപ ഹരണം ഇവ ഇത്തരം താന്ത്രികോപാസനകളുടെ പ്രതീകങ്ങളാണ്.

ഗുദം, ഗുഹ്യം, നാഭി, ഹൃദ്പത്മം, കണ്ഠത്തിലെ പ്രാണചക്രവും സമീരസ്തോഭ കവും താലുഗ്രന്ഥി നാസാഗ്രവും നാസാമൂലവും ദ്വാദശാന്തം, ഭ്രൂമദ്ധ്യം, ലലാടം, ബ്രഹ്മ രന്ധ്രം, ഇവയാണ് ഏകാദശചക്രസ്ഥാനങ്ങൾ. ഇവ ദേഹമദ്ധ്യഗങ്ങളാണ്. ഹൃദയത്തിൽ പത്മം, താലുവിൽ ഗ്രന്ഥി, മറ്റെല്ലായിടത്തും ചക്രമായിട്ടാണ് പറയുന്നത്. അഭിനവഗു പ്തൻ മത്സ്യേന്ദ്രനാഥനിൽ നിന്ന് ഒട്ടേറെ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ത്രികകൗലം അഴിയുള്ള 5 ചക്രം (മൂലാധാരം, നാഭി, ഹൃദ്, കണ്ഠം, ഭ്രൂമദ്ധ്യം) പറഞ്ഞിരിക്കുന്നു. ലലാടം, താലു, ത്രിവേണി, ബ്രഹ്മരന്ധ്രം (ദ്വാരശാന്തം) എന്നിവ അവയെ പോഷിപ്പി ക്കുന്ന കേന്ദ്രങ്ങളാണ്. അഭിനവഗുപ്തന് സഹസ്രാരത്തിൽ ത്രിശൂലവും ദ്വാദശാന്തത്തിൽ 1000 അഴിയുള്ള ചക്രവുമാണ്. എല്ലാ കൗശലസമ്പ്രദായവും ഇപ്പോൾ മച്ചേന്ദ്രനാഥനെ സ്ഥാപകനായി കരുതുന്നു. എന്നാൽ, അതിനെത്രയോ മുമ്പുതന്നെ ഈ അഭ്യാസങ്ങൾ രഹസ്യമായി നടത്തിയിരുന്ന ഹഠയോഗികൾ ഉണ്ടായിരുന്നു. യോഗപദ്ധതി, ആയുർവ്വേ ദം, സംഗീതശാസ്ത്രം എന്നിവയുടെ പ്രാചീനഗ്രന്ഥങ്ങളും ജ്യോതിഷം, ഗണിതം ആൽക്കെമി വൈദികസാഹിത്യം എന്നിവയും അതിനു സാക്ഷ്യം വഹിക്കുന്നു. തന്ത്ര മെന്നാൽ ഒരു മെത്തേഡ് ആണ്. സിദ്ധി കിട്ടാനായി അനുഷ്ഠിക്കുന്ന മർഗ്ഗമാണ്. ആ തന്ത്രങ്ങൾ (മാർഗ്ഗങ്ങൾ) താന്താങ്ങളുടെ കലസംഘങ്ങൾക്കുമാത്രം രഹസ്യമായി പഠി പ്പിച്ചിരുന്ന ട്രേഡ് സീക്രട്ടുകളായിരുന്നു. അതിനാലാണ് ഇവ രഹസ്യംസ്വഭാവം കൈവ രിച്ചതും അതുകാരണം നശിക്കാനിടയായതും.

യോഗമുദ്രകളെക്കുറിച്ച് കൗലജ്ഞാനനിർണ്ണയം ഭേദമായേത് തത്കപാടൻ ചാർഗ്ഗ ലയാ സുശാന്തികാ എന്നു പറയുന്നു. ഇന്ദ്രയകവാടങ്ങളെ (ദ്വാരങ്ങളെ) അവയുടെ കെട്ടു റപ്പുകളെല്ലാം ഭേദിച്ചുവേണം ഉത്ക്രാന്തി ചെയ്യാൻ. കുബ്ജികാമതവും ഇന്ദ്രിയദ്വാരങ്ങ ളുടെ കവാടങ്ങളെ ഭേദിച്ച് കുഞ്ചികയെ (കുബ്ജിക അഥവാ വക്ര) മുകളിലേക്ക് ഉയർത്തുന്ന വിധം (കുഞ്ചികാ ഊർദ്ധ്വം നിയോജയേത്) എന്നു പറയുന്നു. ശ്രീകൃഷ്ണൻ ത്രിവക്രയായ കുബ്ജയെ ഉയർത്തി ഉദ്ധരിച്ച കഥ ഇതിന്റെ പ്രതീകമാണ്. കുബ്ജികാ മതം ഭൈരവന്റേതാണ്. ക്ഷുരികാധ്യർഗ്ഗളാഭാസം (കത്തിമുനയിലൂടെ നടന്നുപോകൽ) കൊണ്ട് ഉത്ക്രാന്തികാരണം ചെയ്യേണ്ട വിധം ഇതിൽ പറയുന്നു. ഇതിന് പ്രത്യേകമന സ്ഥൈര്യവും അഭ്യാസവും വേണം. ശരീരത്തെ മഹാവാനമായി സങ്കൽപ്പിക്കണം. അതി ലൂടെ ഒഴുകുന്ന രക്തം ഒരു മണ്ഡലം വരയ്ക്കുന്നു. ഈ മണ്ഡലത്തിന്റെ ആറുകോ ണിൽ ആറു ഭയങ്കരന്മാരായ കാലഭൈരവന്മാരെ സങ്കൽപ്പിക്കുന്നു. അവയെ (ആത്മാനാം മദ്ധ്യതോ ന്യാസേത്) ആത്മമദ്ധ്യത്തിൽ സങ്കൽപ്പിച്ച് മന്ത്രോപാസന ചെയ്യുന്നു. സുബ്ര

ഹ്മണ്യൻ കോവിലുകളിലും ദേവീക്ഷേത്രങ്ങളിലും കാണുന്നപോലെ സൂചികൊണ്ട് കൈ, നെഞ്ച്, ലലാടം പുറം മുതലായ ഭാഗങ്ങൾ തുളച്ച്(മസ്തിഷ്ക്കം വെട്ടിപ്പൊളിക്കുന്ന വെളിച്ചപ്പാടും തുല്യമായ ക്രിയ ചെയ്യുന്നു) വീണരക്തവും, ഗുദം മുതലായ ഇന്ദ്രിയദ്വാരങ്ങളിൽ നിന്നു വീഴുന്ന വിസർജ്ജ്യവും അടക്കം ഉള്ള സ്വശരീരം മുഴുവനും ഇവർക്കു സമർപ്പിക്കുന്നു. കാപാലിക തന്ത്രം വളരെ നെഗറ്റീവ് ആയ സങ്കല്പങ്ങളിലൂടെ വൈരാഗ്യം നേടാനുള്ള ശ്രമമാണ്. മനുഷ്യശരീരം വേറും മജ്ജയും മാംസവുമാണ്. അതിൽ കാമമോഹാദികൾ വെയ്ക്കരുത് എന്നാണ് സന്ദേശം. ഈ സന്ദേശം നന്നായി തലയിൽ കയറിയശേഷമേ ദേവതമാരുടെ അഥവാ യോഗിനിമാരുടെ സുന്ദരശരീരങ്ങളെ ഉപാസിക്കാവൂ. അല്ലെങ്കിൽ നാരീസ്തനഭരനാഭീദേശം കണ്ട് മോഹിതരായിപ്പോകും. അതിൽ മോഹിക്കത്തക്കതായി ഒന്നുമില്ല എന്നു ഗ്രഹിച്ചാൽ കുസുമമാലിനി യക്ഷിണി ശഖിനി കാകിനി ലാകിനി രാകിനി ദാകിനി മുതലായ യോഗിനിമാരെ ഉപാസിക്കാൻ തുടങ്ങാം. കുസുമമാലിനി യോഗിയുടെ രേതസ്സ് നിവേദ്യമായി സ്വീകരിക്കുന്നു. യക്ഷിണി എല്ലും മജ്ജയും കാകിനി വസയും യാകിനി മാംസവും രാകിനി രക്തവും ദാകിനി ചർമ്മവും സ്വീകരിക്കുന്നു. ഷഡ്ചക്രത്തിൽ വടക്കുപടിഞ്ഞാറെ മൂലയിൽ നിന്നാണ് കുബ്ജികാതന്ത്രം യോഗിനിമാരെ എണ്ണുന്നതും ഉപാസിക്കുന്നതും വളരെ അപകടകരമായ ഇത്തരം തന്ത്രങ്ങൾ ഒന്നും തന്നെ യോഗസൂത്രത്തിലോ ഭാഗവതത്തിലോ ജ്ഞാനമാർഗ്ഗം ഉപദേശിക്കുന്ന വൈദികഗ്രന്ഥങ്ങളിലോ സംഗീത സാമപരമായ ഗ്രന്ഥങ്ങളിലോ ഇല്ല. ആയുർവ്വേദത്തിലെ സപ്തധാതുക്കളാണ് കുസുമമാലിനി മുതലുള്ള സപ്തയോഗിനികളുടെ ഭക്ഷണം. (സപ്തസ്വരം ഗന്ധർവ്വാപ്സരസ്സുകൾക്കെന്നപോലെ) ഇത് ആദ്യകാലവൈദ്യശാസ്ത്രത്തിൽ മനുഷ്യശരീരം ഡിസക്ട് ചെയ്ത് അഗ്നിയിൽ ഹോമിച്ചിരുന്ന പാലിയോലിത്തിക്ക് കാലത്ത് ഉണ്ടായതാവാനുള്ള സാദ്ധ്യതയുണ്ട്.

ആറുകോട്ടകളെ കാക്കുന്നവരായി ആറുയോഗിനിമാരെ കുബ്ജികാമതം പറയുന്നു. ലളിതാസഹസ്രനാമത്തിൽ ഇവരുടെ നാമവും സ്ഥാനവും വേറെയാണ്.

ആധാരം	ഡാമരി	ലളിതാസഹസ്രനാമത്തിലെ സാകിനി
സ്വാധിഷ്ഠാനം	രാകിനി	കാകിനി
മണിപൂരം	ലംബാകർണ്ണി	ലാകിനി
അനാഹതം	കാകിനി	രാകിനി
വിശുദ്ധി	ഡാകിനി	ഡാകിനി
ആജ്ഞ	യക്ഷിണി	ഹാകിനി

ലളിതാസഹസ്രനാമത്തിൽ സഹസ്രാരത്തിൽ യാകിനികൂടിയുണ്ട്. ഇവരെ കലം, കുലാകുലം എന്ന് കുബ്ജികാമതം വേർതിരിക്കുന്നു. കുലാകുലം ആറു ചക്രങ്ങളുടെ വടക്കോട്ടുള്ള പാത കുലം ആറു ചക്രങ്ങളുടെ തെക്കോട്ടുള്ള പാത (ഇന്ത്യയിലെ ഉത്തരാപഥദക്ഷിണാ പഥങ്ങൾ) രുദ്രയാമളത്തിൽ ദാകിനി മൂലാധാരത്തിലും രാകിനി സ്വാധിഷ്ഠാനത്തിലും ലാകിനി മണിപൂരത്തിലും കാകിനി അനാഹതത്തിലും ഡാകിനി വിശുദ്ധിയിലും ഹാകിനി ആജ്ഞയിലുമാണ്. കുസുമമാലിനിയെ ഈ ലിസ്റ്റിൽ കാണുന്നില്ല. സ്ഥാന സംജ്ഞാഭേദമല്ലാതെ വേറെ മാറ്റം ഇല്ല.

ഈ ഗ്രന്ഥം യോഗവും സാംഖ്യവും മറ്റ് ഇന്ത്യൻ ദർശനങ്ങളിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നും എങ്ങനെ സാമ്യം പുലർത്തുന്നു എന്നും സൂചന തരുന്നു. ഭാരതത്തിന്റെ ഇന്റർഡിസിപ്ലിനറി മാർഗ്ഗത്തിലേക്ക് വെളിച്ചം വീശിയ ശേഷം യോഗസൂത്രഭാഷ്യം ചർച്ചചെയ്യുന്നതിന്നാണ് ശ്രമം. താന്ത്രകമായ അനേകം ഉൾപ്പിരിവുകളെ ഇവിടെ ചർച്ച ചെയ്യുന്നില്ല. പ്രസ്ഥാനത്രയത്തിലെ യോഗശാസ്ത്രം സുധാസിന്ധു സൗവർണ്ണം, ബ്രഹ്മസിന്ധു മുതലായ ഗ്രന്ഥങ്ങളിൽ നേരത്തേ ചർച്ച ചെയ്തിരുന്നു. ഭക്തിപ്രസ്ഥാനത്തിലെ ഉപാസന ഈശ്വരപ്രണിധാനം കൃഷ്ണാ കാരുണ്യസിന്ധോ എന്ന ഗ്രന്ഥത്തിലും ചർച്ച ചെയ്തു. യോഗിയുടെ ഭുജംഗകാരിണിയായ കുണ്ഡലിനിയുടെ ഉണർച്ച ശിവയോഗം ശിവശക്തിസാമരസ്യം അതിന്നായി മണിപൂരത്തിൽ ലിംഗയോനീ മഥനമെന്ന പ്രാണാഗ്നികളുടെ ജലസാന്നിദ്ധ്യത്തിലുള്ള സംയോഗം, അതിൽനിന്നുള്ള സൃഷ്ടിശക്തി ഇതെല്ലാം ആലങ്കാരികമായി ശൈവവൈഷ്ണവശാക്തസമ്പ്രദായങ്ങളെല്ലാം സ്വീകരിച്ചിട്ടുള്ളവയും യോഗം വൈദ്യം, സംഗീതം ഇവയുമായി ബന്ധപ്പെട്ടവയും അദ്ധ്യാത്മികവളർച്ചക്ക് ആവശ്യമായ യോഗശാസ്ത്രസംബന്ധിയുമാണ്. ഭാഷ. സാഹിത്യം, കലകൾ ശാസ്ത്രങ്ങൾ സർവ്വവും ശാക്തേയമായ സ്ത്രൈണചലനമാണ്. ഒന്നിനു പിന്നാലെ ഒന്നായി തിരപോലെ തുടർന്നുവരുന്ന മാതൃക്കളുടെ ശബ്ദരാശിയുമായുള്ള തന്മയത(നാദസിന്ധു) അവ എല്ലാ ഗ്രന്ഥിയിലും (സർവ്വഗ്രന്ഥേഷ്ഠ) ഇരിക്കുന്നു എന്ന ജ്ഞാനം. ഇവ ശബ്ദവർണ്ണധ്വനിശാസ്ത്രങ്ങളുടെ ആദികാലം മുതലേ ഇന്ത്യയിലുണ്ട്. ബിസി 3104ൽ ആദിമഹരപ്പൻ കാലത്ത് സപ്തമാതൃകാരാധന ഇന്ത്യയിലുണ്ട്. അതിനാൽ ഇതിന്റെ പഴക്കം ശ്രീകൃഷ്ണന്റെയും വ്യാസന്റെയും കാലത്തോളമാണ് എന്ന് പറയേണ്ടിവരും, കുണ്ഡലിനീമുദ്ര അന്നേ സൈന്ധവസീലുകളിലുണ്ട്. പത്മാസനത്തിലിരിക്കുന്ന യോഗിയുടെ സീലും അക്കാലത്തുണ്ട്. ഇവയെല്ലാം യോഗസമ്പ്രദായത്തിന്റെ പഴക്കം കാണിക്കുന്നു. ശൈവസിദ്ധാന്തത്തിലെ 8 വിദ്യേശ്വരന്മാരുടെ പത്നിമാരായ 8 തത്വങ്ങൾ (വാമ മുതൽ മനോന്മണി വരെ) തന്നെയാണ്. അഷ്ടലക്ഷ്മിമാർ. വാമ (ഭൂമി) ജ്യേഷ്ഠ(ജലം) രൗദ്രി (അഗ്നി) കാളി (വായു) കാലവികരണി (ആകാശം) ബലവികരണി(ചന്ദ്രൻ)ബലപ്രമദനി(സൂര്യൻ) മനോന്മണി (ശിവത്വം) ഇവയാണ് കൗലജ്ഞാനനിർണ്ണയത്തിലെ അഷ്ടശക്തികൾ ജ്യേഷ്ഠയ്ക്കും വാമക്കുമിടയിൽ (ഭൂമി, ജലം മൂലാധാരസ്വാധിഷ്ഠാനങ്ങൾ) കുണ്ഡലീശക്തി ചുരുണ്ടുകിടക്കുന്ന്തായി ഈ ഗ്രന്ഥം പറയുന്നു. ഈ ശക്തിയെ സഹസ്രാരത്തിലേക്ക് ഉയർത്തുന്ന യോഗമാർഗ്ഗം അഭിനവഗുപ്തന് ചർച്ച ചെയ്തിട്ടുണ്ട്. ശരീരത്തിലെ കുലകുണ്ഡലിനി ബ്രഹ്മാണ്ഡാന്തർഗ്ഗതമായ ചിഛശക്തി തന്നെയാണ് എന്ന അറിവിനുവേണ്ടിയാണ് താന്ത്രികരുടെയും യോഗസാധന, അവരുടെ സംജ്ഞകളും മാർഗ്ഗങ്ങളും കുറെക്കൂടി ആത്മപീഡാപരമാണ്. വസിഷ്ഠന്റെ യോഗവാസിഷ്ഠത്തിൽ ആത്മപീഠനമില്ലാതെ താന്ത്രികയോഗസിദ്ധിനേടി ആകാശസഞ്ചാരം ചെയ്കയും ത്രികാലജ്ഞാനം നേടുകയും ചെയ്ത യോഗിനിമാരുടേയും ചിരഞ്ജീവികളായ യോഗികളുടേയും എല്ലാം കഥകളുണ്ട്. മദ്ധ്യേന്ത്യയിലെ വിന്ധ്യനിലും അംഗവംഗാദിദേശങ്ങളിലും യോഗിനീക്ഷേത്രങ്ങളുണ്ട്. അവ വൃത്താകൃതിയിൽ മുകളിൽ തട്ടില്ലാത്ത കാവുകളാണ് എന്നതും ആകാശത്തിലേക്ക് തുറന്നിരിക്കുമെന്നതും പ്രത്യേകതയാണ്. (David Gordon White. Yoga in early Hindu Thanthra. Ch.8 page 155 Ed lan Witcher) കേരളത്തിലെ അനേകം പ്രാചീനങ്ങളായ കാവുകളും ഇത്തരത്തിലുള്ള കാവുകളാണ്. തമിഴ്നാട്ടിലും ദേവീക്ഷേത്രങ്ങളും മാരിയമ്മൻ, നാഗ, വൃക്ഷാരാധനാകേന്ദ്രങ്ങൾ എന്നിവ

ഇപ്രകാരമാണ്. കാവിനേയും പ്രകൃതിയേയും വൃക്ഷത്തേയും അവകളിൽ വസിക്കുന്ന ജീവജാലങ്ങളേയും ഗന്ധർവ്വാദികളേയും പഞ്ചഭൂതങ്ങളേയും ആരാധിക്കുന്ന രീതി മെഹർഗാർഹ്കാലത്തും അതിനു മുമ്പും ഉണ്ട്. കേരളീയനായ ഇളംകോവടികൾ സംഘ കാലത്ത് ചിലപ്പതികാരത്തിൽ ശക്തി ആരാധന, ദാകിനിക്ക് ശരീരം നേദിക്കുന്നത്, എന്നിവ പറയുന്നുണ്ട്. കാശ്മീരം മുതൽ കന്യാകുമാരിവരെ ഇത്തരം ആചാരങ്ങൾ നിലനിന്നിരുന്നു എന്നത് ഇവിടെ ഒരേ രീതിയിലുള്ള ഒരു സംസ്കാരധാരയും വിദ്യാഭ്യാസരീതിയും ഉണ്ടായിരുന്നതിന്റെ തെളിവാണ്. സ്വതന്ത്ര ഗ്രാമ, നഗരറിപ്പബ്ലിക്കുകളുടെ ഒരു കൂട്ടായ്മയായി കുലസംഘങ്ങളായി അനാദികാലം മുതൽ നിലനിന്നിരുന്ന ഒരു സംസ്കാരമുണ്ടായിരുന്നു എന്നതാണ് പ്രധാനം.

ഭൈരവതന്ത്രത്തിൽ യോഗിനീശില്പങ്ങൾ ഭീകരമായി കൊത്തിവെക്കുന്നു. വൈഷ്ണവതന്ത്രത്തിൽ അവർ സുന്ദരിമാരാണ്. യോഗിനിമണ്ഡലത്തിൽ 64 യോഗിനിമാരെ 8 കുലമായി തിരിച്ച് മദ്ധ്യത്തിലെ ഭൈരവനുചുറ്റും സങ്കല്പിക്കുന്നു. ഹഠയോഗിയുടെ ചക്രം യോഗിനീമണ്ഡലം വൃത്താകൃതിയിൽ ആകാശത്തേക്കു തുറന്ന കാവെന്ന ദ്രാവിഡവാസ്തുശൈലി രാശിമണ്ഡലം ഇവ ഒരേ ആകൃതിയിലും അനുപാതത്തിലുമാണ്. ജനിമൃതികൾ പരസ്പരം പിണഞ്ഞപോലെ സ്ത്രൈണപുരുഷകുണ്ഡലിനികൾ എട്ട് എന്ന ആകൃതിയിൽ അനന്തകുണ്ഡലിനി ഉണർത്തുന്നു. ഈ ഉയർച്ചയാണ് ആകാശഗമനം. 9-12 നൂറ്റാണ്ടുകൾവരെ ഷഡ്ചക്രത്തിലെ യോഗിനീനാമം സ്ഥാനം ധാതു ധാതുവോടു ചേർന്ന യോഗിനീചക്രത്തോടു ചേർന്ന യോഗിനി ചക്രം ദളസംഖ്യ എന്നിവ പല ഗ്രന്ഥങ്ങളിലും ഭേദപ്പെട്ടു കാണാം. ഈ വ്യത്യാസങ്ങൾ അതതു ഗ്രന്ഥകാരന്മാരുടെ ഭേദമാണ്. താത്വികമായി സൈദ്ധ്യാന്തികമായി ബേസിക്ക് ഘടനയിൽ എല്ലാവരും ഏകതാനത പുലർത്തുന്നുണ്ട്. ഇതേ വ്യത്യാസമേ ജൈനബുദ്ധമതഗ്രന്ഥങ്ങളും വൈഷ്ണവശൈവ ശാക്തഗ്രന്ഥങ്ങളും തമ്മിലും ഉള്ളൂ.

ഭൂതം	ശക്തി	സ്ഥാനം	ധാതു	യോഗിനി ധാതു	യോഗിനി ചക്രം	ദലസംഖ്യ	ഗ്രന്ഥം
ആത്മ	മനോന്മണി	സഹസ്രാരം	രേതസ്സ്	കുസുമ മാലിനി	സഹസ്രാരം	1000	കൗ.ജ്ഞാന നിർണ്ണയം
സൂര്യചന്ദ്ര	ബല പ്രമദിനി ബലവികരണി	ആജ്ഞ	മജ്ജ	ശംഖിനി	ആജ്ഞ	2	
ആകാശം	കാല വികരണി	വിശുദ്ധി	എല്ല്	യക്ഷിണി	വിശുദ്ധി	16	
വായു	കാളി	അനാഹതം	വസ	കാകിനി	അനാഹതം	12	
അഗ്നി	രൗദ്രി	നാഭി	മാംസം	ലാകിനി	മണിപൂരം	8	
ജലം	ജ്യേഷ്ഠ	ഗുഹ്യം കുണ്ഡലി	രക്തം	രാകിനി	സ്വാധിഷ്ഠാനം	6	
പൃഥി	വാമ	ഗുദം	ചർമ്മം രസം	ദാകിനി	മൂലാധാരം	4	

മദ്ധ്യകാലവംഗദേശത്തെ വൈഷ്ണവസഹജീയതന്ത്രത്തിലെ യോഗം

16 മുതൽ 19 വരെ നൂറ്റാണ്ടുകളിൽ മദ്ധ്യകാലവംഗദേശത്തെ വൈഷ്ണവസഹജീയ തന്ത്രം പഠിച്ചാൽ അതിപുരാതനമായ വൈഷ്ണവയോഗത്തിലെ ചില സവിശേഷതകൾ നമുക്ക് മനസ്സിലാക്കാം. ദേഹതത്വത്തെ ബ്രഹ്മാണ്ഡതത്വത്തോട് സ്ഥൂലാർത്ഥത്തിലും സൂക്ഷ്മാർത്ഥത്തിലും സമന്വയിപ്പിക്കുന്ന യോഗതന്ത്രം തന്നെയാണ് അവരുടേതും. ആത്യന്തികമുക്തി തന്നെ ലക്ഷ്യം, വൈഷ്ണവസഹജീയത്തിലെ ബ്രഹ്മാണ്ഡം ആന്തരമർമ്മം അഥവാ രഹസ്യമാണ്. അതിന് സൂക്ഷ്മമായ ഒരു തലമുണ്ട്. യോഗികതാന്ത്രികതലത്തിൽ യോഗശരീരം ഒരേ സമയം സ്ഥൂലശരീരത്തിനുള്ളിലും (ആന്തരം) അതിനുപരിയുമാണ്. ലംബതലത്തിൽ (വെർട്ടിക്കൾ) അതിന് ത്രിമാനങ്ങളുണ്ട് (ത്രിതലം) അതിന്റെ അനേക തലങ്ങൾ (മൾട്ടിഡൈമൻഷനൽ) ചേർന്നരൂപം ബ്രഹ്മാണ്ഡം. സങ്കീർണ്ണമായ ഈ സൂക്ഷ്മസ്ഥൂലബന്ധത്തിലാണ് ഏകമായ ബ്രഹ്മത്തെ അനേകരൂപങ്ങളോടെ വിശ്വരൂപമായി കാണുന്നത്. ഇതുപോലുള്ള സങ്കീർണ്ണബിംബങ്ങൾ തന്ത്രത്തിൽ ബാംഗാനദി (വളഞ്ഞൊഴുകുന്ന പുഴ. മലയാളത്തിൽ വളഭി, സംസ്കൃതത്തിൽ പൃഥന)അഥവാ ശ്രോതേര ഉജ്ജാന (സ്രോതസ്സിനെതിരെ ഒഴുകുന്ന പുഴ ഉത്ഥാനികാനദി) ഉപര്യുപരി നാലു പത്മ സരോവരമെന്ന ചക്രങ്ങൾ, അതിൽ സദാനന്ദപുരങ്ങളായ ഗ്രാമങ്ങൾ, ഗുപ്തചന്ദ്രപുരങ്ങൾ വൈഷ്ണവസഹജീയരുടെ ഈ സാന്ധ്യഭാഷ വ്യാസമുനി മഹാഭാരതത്തിൽ പലവട്ടം ഉപയോഗിക്കുന്നു. അതുകൊണ്ടാണദ്ദേഹം ലിപികനായ ഗണപതിയോട് താനെഴുതുന്നത് അപ്പോളപ്പോൾ മനസ്സിലാക്കി എഴുതണമെന്ന് കരാറുണ്ടാക്കിയത്. ഇത്തരം മെറ്റഫറുകൾ (സാന്ധ്യഭാഷയിലെ ഇമേജുകൾ)ഇന്ത്യയിലെ ആദ്ധ്യാത്മികസാഹിത്യത്തിന്റെ മുഖമുദ്രയാണ്.

മെറ്റഫറെന്നാലെന്താണ്. അത് വെറുമൊരു സങ്കല്പചിത്രമോ ഭാഷാസാഹിത്യപരമായ സംവേദനമാർഗ്ഗം മാത്രമോ അല്ല. അനുഭവത്തിന്റെ ഒരു തലത്തിൽ നിന്ന് ശൈലികളെ മറ്റൊരു തലത്തിലേക്ക് പ്രൊജക്ട് ചെയ്യാൻ നമ്മെ സഹായിക്കുന്ന മാർഗ്ഗം കൂടിയാണ്. ഗ്രാഹ്യഗ്രാഹകഗ്രഹണഘടനയിലെ (cognitive strucutre) പ്രധാനഘടകമാണ്. അതുകൊണ്ട് അർത്ഥപൂർണ്ണവും യുക്തിയുക്തവുമായി അനുഭവങ്ങളെ ഗ്രഹിക്കാനും ക്രമീകരിക്കാനും നമുക്ക് സാധിക്കും. ഭൗതികതലത്തിലെ സാധാരണ അനുഭവങ്ങളിൽ നിന്ന് കിട്ടുന്ന ശൈലികൊണ്ട് മെറ്റഫറിലൂടെ നമ്മുടെ സൂക്ഷ്മമായ അബ്സ്ട്രാക്റ്റ് ഗ്രഹണശക്തിയെ ക്രമീകരിക്കുന്നു. ഓർഗനൈസ് ചെയ്യുന്നു, ഇങ്ങനെ ഉള്ള മെറ്റഫറിക്ക് പ്രപഞ്ചങ്ങളുടെ പടം (mapping) കൊണ്ടാണ് ദേഹതത്വത്തെ പ്രപഞ്ചതത്വവുമായി തന്മയീഭവിപ്പിക്കുന്ന സാധന യോഗി നിർവ്വഹിക്കുന്നത്. അത് വെറും ഭൗതികബൗദ്ധികശാസ്ത്ര ചർച്ചമാത്രമല്ല, ശരീരമുൾപ്പെട്ട ഭൗതികപ്രപഞ്ചതലത്തിൽ നിന്ന് ശരീരാതീതമായ അലൗകികമോക്ഷപ്രപഞ്ചത്തിലേക്കുള്ള മാറ്റം സ്വയം അനുഭവിക്കാനാണ് (Johnson M. The body in the mind the bodily basis of meaning imaginatin and reason. Chicago Uty Press 1987) സ്വശരീരത്തിന്റെ ഭൗതികതലത്തിൽ നിന്ന് അതീന്ദ്രിയതലത്തിലേക്കും സഹജീവിതങ്ങളുടെ അനുഭവത്തിലേക്കും സഞ്ചരിക്കാനും ഗ്രഹിക്കാനും നമ്മെ മെറ്റഫറുകളാണ് സഹായിക്കുന്നത്. ഇത്തരം പടങ്ങളും പ്രപഞ്ചദർശനങ്ങളും അതാതു സംസ്കാരങ്ങളുടെ ഭൂമിശാസ്ത്രം സാമൂഹ്യരാഷ്ട്രീയ ഭാഷാപര, ആത്മീയ സന്ദർഭങ്ങൾ എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞ തനതായ ആത്മീയദർശനങ്ങളാണ് (dynamics between text

an context) ഇപ്രകാരം അനേകം ഗുരുപരമ്പരകളിലൂടെ കൈമാറപ്പെട്ട് ആ ഭൂഭാഗത്ത് പ്രസിദ്ധവും എല്ലാവർക്കും അറിയുന്നതുമായ ഭാഗവത ധർമ്മത്തിന്റെ തുടർച്ചയാണ് വൈഷ്ണവസഹജീയധർമ്മം. സരസ്വതീതീരത്തെ ബിന്ദസരസ്സിൽ വെച്ച് സാംഖ്യം ഉപദേശിച്ച് സാംഖ്യമുനി കപിലന് (ആദ്യവൈഷ്ണവാവതാരം) ബംഗാളിലെ കപിലതീർത്ഥത്തിലാണ് തപസ്സനുഷ്ഠിച്ചുകൊണ്ട് അവസാനകാലം കഴിച്ചത്. വൈഷ്ണവസഹജീയത്തിൽ അതിനാലാവാം ബംഗാളിന്റേതായ തനിമയുമുണ്ട്. അനേകം നദികളും അരുവികളും ഉപവനങ്ങളും തടാകങ്ങളും താമരപ്പൊയ്കകളും കുഞ്ജവിഹാരങ്ങളും തോട്ടങ്ങളും ഗ്രാമങ്ങൾക്കടുത്ത് വനങ്ങളും കല്ലു പടുത്ത സ്നാനഘട്ടങ്ങളോടുകൂടിയ ജലാശയങ്ങളും ഉള്ള വൈഷ്ണവസഹജീയപ്രപഞ്ചം ഇന്ത്യാഭൂഖണ്ഡത്തിന്റെ മുഴുവനും അനുഭവമേഖലയുമാണ്. വൈഷ്ണവസഹജീയത്തിൽ തന്ത്രവും യോഗവും ഗൗഡീയവൈഷ്ണവസമ്പ്രദായവും ചേർന്നുകാണുന്നു. ഇതുകൊണ്ടുതന്നെ ശാക്ത, ശൈവ, വജ്രയാനതാന്ത്രികർക്കുള്ളപോലെ ഗ്രന്ഥങ്ങൾ വൈഷ്ണവസഹജീയപ്രസ്ഥാനത്തിൽ എഴുതപ്പെട്ടില്ല. വേദംപോലെ അലിഖിതമാണത്. ഭാഗവദാദിപുരാണങ്ങളുടെ സമ്പ്രായം പോലെയുമാണത്. സഹജീയരുടെ സംവേദനത്തിന്റെ രഹസ്യസ്വഭാവം. സാന്ധ്യഭാഷ, നാനാർത്ഥപ്രയോഗം ഇവ പ്രധാനമാണ് രസമെന്ന പദത്തിന് അങ്ങനെ ഒരു നാനാർത്ഥമുണ്ട്. (സാന്ധ്യഭാഷയുടെ ഉദാഹരണങ്ങൾക്ക് കൃഷ്ണാ, കാരുണ്യസിന്ധോ എന്ന എന്റെ ഗ്രന്ഥം നോക്കുക.)

വൈഷ്ണവസഹജീയസാഹിത്യത്തിന്റെ നാലു സ്വഭാവങ്ങൾ.

1. പദം, ഉദാഹരണം, വിദ്യാപതി, ചണ്ഡീദാസൻ, ഗൗഡീയവൈഷ്ണവകതവിതകൾ (പതിനാലാം നൂറ്റാണ്ടുമുതൽ) 1020 ഈരടികളുള്ള കവിതകൾ.
2. മൂന്നൂറുമുതൽ 700 വരെ ഈരടികളുള്ള വലിയ കവിത പ്രാദേശികവും സംസ്കൃതവുമായ ഉദ്ധരണികളും ചേർന്നത് ഉദാഹരണം അമൃതരത്നാവലി (1600–1650) മുകുന്ദദാസൻ) ആനന്ദഭൈരവി അമൃതരസാവലി. ആഗമസാരം
3. ഗദ്യത്തിൽ മോക്ഷം, പ്രപഞ്ചഘടന, ഇവയെ വിവരിക്കുന്നത് ഉദാഹരണം ആത്മതത്വം.
4. ആകിഞ്ചനദാസന്റെ (17 ആം നൂറ്റാണ്ട്) വിവർത്തവിലാസം 300 അടി ഈരടിയുണ്ട്. കൃഷ്ണദാസകവിരാജന്റെ ചൈതന്യചരിതാമൃതത്തിന്റെ വൈഷ്ണവ സഹജീയഭാഷ്യമാണിത്.

ചൈതന്യനും നിത്യാനന്ദനും രഹസ്യസഹജീയയോഗികളായിരുന്നു. പ്രത്യേകം കവിയെ പറയാത്ത പുന്തി എന്ന് വിളിക്കുന്ന അനേകം കൊച്ചുകവിതകൾ സഹജീയർക്കുണ്ട്. ഹൈക്കുപോലെയുള്ളവ അമൃതരത്നാവിയിൽ 330 ശ്ലോകം പയാരയിലാണ് (4പാദമുള്ളത് പയാര) ത്രിപദിയും ഷ്യഡ്പദിയും അവർക്കുണ്ട്. ശ്രീമുകുന്ദാസകഹേ അമൃതരത്നാവലി എന്നാണ് ഗ്രന്ഥാവസാനം (Glen Alexander. Ch 9. Yoga the Indian Tradition) കൽക്കത്ത യൂണിവേഴ്സിറ്റി ഇതിന്റെ രണ്ടു മാനുസ്ക്രിപ്ടുകൾ പരിശോധിക്കയുണ്ടായി. ലക്ഷ്യം അരികിലും അടുത്തുമാണ് എന്നു തോന്നുന്ന യാത്രയുടെ മെറ്റഫറിൽ നിന്നാരംഭിച്ച നമ്മുടെ യാത്രയും ഇപ്പോൾ തുടങ്ങിയയിടത്തേക്ക് തിരിച്ചെത്തിയിരിക്കയാണ്. കാലം എപ്പോഴും അങ്ങനെ തുടങ്ങിയ ബിന്ദുവിലേക്ക് തിരിച്ചെത്തുന്ന ചക്രവലനരൂപമാണ്. വൈഷ്ണവസുദർശനംപോലെ.

യോഗത്തിന്റെ കാലം

പത്തൊമ്പതാം നൂറ്റാണ്ടിൽ ഡോക്ടർ ജെ.എം.ഹോണിഗ്ഗ് ബെർഗ്ഗർ യൂറോപ്പിലെ പണ്ഡിതരെ ഹരിദാസ് എന്ന യോഗിയുടെ കഥ പറഞ്ഞ് ആശ്ചര്യപ്പെടുത്തി. ലാഹോറിൽ മഹാരാജാ രഞ്ജിത്ത് സിംഹന്റെ സഭയിൽ ഈ യോഗി 40 ദിവസം ശവപ്പെട്ടിയിൽ മണ്ണിനടിയിൽ കിടന്നു. ഒരു മണ്ഡലകാലം (41 ദിവസം) കഴിഞ്ഞ് കുഴിച്ചെടുത്തപ്പോൾ തണുത്തുവെറുങ്ങലിച്ച് ബോധമില്ലാതെ കിടക്കുകയായിരുന്നു. ശിഷ്യന്മാർ ചൂടുള്ള തുണി നെറ്റിയിൽ വെച്ച് ശരീരം ഉഴിഞ്ഞ് വായിലേക്ക് പ്രാണൻ (Artificial Respiration) കൊടുത്തപ്പോൾ ഉണർന്നു. എട്ടാം നൂറ്റാണ്ടിൽ ശങ്കരാചാര്യർ ഒരു ഗുഹയിൽ ഇങ്ങനെ 30 ദിവസം കിടന്നു. പത്മപാദനാണ് ശരീരം കാത്തുസൂക്ഷിച്ചതും വീണഅടും ഉയിർകൊടുത്തതും. യേശു ഏഴാം ദിനമാണ് കല്ലറ നീക്കി പുറത്തുവരുന്നത്. ശങ്കരനും യേശുവും സദാചാരികളായ യോഗികളായിരുന്നു. ഹരിദാസ് അങ്ങനെയായിരുന്നില്ല. ഗൃഹസ്ഥനും ദുരാതാരിയുമായിരുന്നു. ഏതോ കുറ്റത്തിന് ശിക്ഷ ഭയന്ന് ഭാര്യയോടൊപ്പം ഹിമാലയത്തിലേക്ക് ഓടിപ്പോയി ഇവിടെവെച്ചാണ് അദ്ദേഹത്തിന് അന്ത്യം സംഭവിച്ചത്. (Thirtyfive years in the East., JM Honing Berger) ഹരിദാസ് കാണിച്ച യോഗത്തെ മിർസാ എലിയഡ് ഫക്കീർയോഗ എന്നാണ് വിളിച്ചത്. ഇത് ഹഠയോഗികളുടെ അനേകസിദ്ധികളിലൊന്നു മാത്രമാണ്. സിദ്ധി ഇദ്ധി) യഥാർത്ഥയോഗാനുഭവത്തിന് തടസ്സമാണെന്ന് ബുദ്ധനും (ദിഗ്ഗനികായം 1.212) പതഞ്ജലിയും പറഞ്ഞിട്ടുണ്ട്. ഏത് ആദ്ധ്യാത്മികഭൗതികസിദ്ധിക്കും ഇന്ത്യക്കാർ യോഗശാസ്ത്രത്തെ ഉപയോഗിക്കുന്നതിനാൽ യൂറോപ്യർ അതിനെ A specif dimension of Indian mind എന്നു കരുതി. ഇന്ത്യയുടെ മനസ്സിന്റെ തനതായ ആ തലമാണ് പതഞ്ജലയോഗശാസ്ത്രം വളർന്ന ചുറ്റുപാടുകൾക്കും ജനിതകങ്ങൾക്കും അതീതമായ ദേശകാലാതീതമായ ഒരു മാനവസത്തെയ അതിന് ദേശകാലാതീതമായ പ്രപഞ്ചസത്തയോടുള്ള പാരസ്പരികതയെ ഗ്രഹിക്കാനുള്ള ഒരേ ഒരു മാർഗ്ഗമായിട്ടാണ് ഇന്ത്യയിലെ ശാസ്ജ്ഞ്ഞർ യോഗത്തെ കണക്കാക്കിയത്. ബോധമനസ്സിനും ഇന്ദ്രിയങ്ങൾക്കും പ്രവേശിക്കാനാവാത്ത ഉപബോധ ബോധാതീത അതീന്ദ്രിയതലങ്ങളിലേക്ക് ധ്യാനവും ധാരണയും ശ്രദ്ധയും നമ്മെ എത്തിക്കുന്നു. കാലരഹിതമായ ഈ ശാസ്ത്രത്തിന്റെ കാലത്തെക്കുറിച്ച് അന്വേഷണം നാം ചെയ്തുകൊണ്ടേ ഇരിക്കുന്നു.

ജ്ഞാനത്തിനുള്ള ഒരേ മാർഗ്ഗം ധ്യാനമാണ്. (ശ്രദ്ധാപൂർവ്വം ധ്യാനം) ഇതാകട്ടെ യോഗത്തിന്റെ ഭാഗവുമാണ്. ശ്രദ്ധാവാൻലഭതേ ജ്ഞാനം (ഭഗവഗ് ഗീത) യോഗം യൂജ് ധാതുവിൽ നിന്ന് ഉണ്ടായി യോജിപ്പിക്കുക (ഒരു നുകക്കീഴിൽ കൊണ്ടുവരിക-to harmess link bring under a yolk, bind closely) എന്നെല്ലാം അർത്ഥം, ഇതേ ധാതുവിൽ നിന്നാണ് ഇംഗ്ലീഷിലെ യോക്ക് ലാററിനിലെ ജൂഗും, ജൂങ്ങുരെ ഇവ ഉണ്ടായത്. പക്ഷേ, ഒരു യുഗ്മം, യുഗം, യുഗളം എന്ന് കാലത്തോടും സംഖ്യയോടും (ഗണിതം) മിഥുനം (ജോഡി) മൈഥുനം അഥവാ സംയോഗത്തോടും എല്ലാം ഈ പദത്തിന് അർത്ഥം സംസ്കൃതത്തിലുണ്ട്. യോഗി ഒരു സാരഥി മത്രമല്ല. യുഗശില്പി കൂടിയാണ്. വിരുദ്ധമെന്നു തോന്നുന്ന രണ്ടെണ്ണത്തെ ഒന്നായി അറിയുന്നവനും അനുഭവിക്കുന്നവനും കൂടിയാണ്. ഈ എല്ലാ അർത്ഥത്തിലും പരമയോഗിയായി ശ്രീകൃഷ്ണനെ (യോഗനിദ്രയിലുള്ള മഹാവിഷ്ണു) വ്യാസമുനി അവതരിപ്പിക്കുന്നു. ശിവനും യോഗിയാണ്. യോഗാസനത്തിലിരിക്കുന്ന പശുപതിസീൽമൊഹഞ്ജോദാരോ) ശിവരൂപമാണെന്ന് പലരും കരുതുന്നു. പശുപതി ഇടയ

നുമാണ്. വൈഷ്ണവർക്കു കൃഷ്ണനും ശൈവർക്ക് ശിവനും പശുപതിയാണ്. യോഗം പഴക്കമേറിയതാണെന്ന് മോഹഞ്ചോദാരോവിലെ ഈ സീലിൽ നിന്ന് മനസ്സിലാക്കാം.

പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ച ഭോജരാജാവ് യോഗസൂത്രകാരനായ പതഞ്ജലിയും പാണിനി വ്യാകരണത്തിന് മഹാഭാഷ്യമെഴുതിയ പതഞ്ജലിയും ഒരാളാണെന്ന് കരുതുന്നു.അങ്ങനെയെങ്കിൽ ബിസി 1-2 നൂറ്റാണ്ടിന്റെ പഴക്കമേ പതഞ്ജലിക്ക് ഉള്ളൂ എന്ന് വാദിക്കുന്നവർ ലെയ്ബിക്ക് ഗാർബേ എസ്.എൻ. ദാസ് ഗുപ്ത. ആ വാദം തെറ്റാണെന്ന് വാദിച്ചവർ:- വുഡ്സ് എഛ് ജേക്കോബി, എ.ബി. കൈത്ത്. അവസാനം പറഞ്ഞ രണ്ടുപേരും യോഗസൂത്രത്തിൽ ബുദ്ധമതത്തിന് എതിരായ പരാമർശമുള്ളതിനാൽ അത് ബിസ് അഞ്ചാം നൂറ്റാണ്ടിനുശേഷമാവണമെന്നും വാദിച്ചു. ജ്വാലാപ്രസാദ് ഇവർ ഉദാഹരിച്ച സൂത്രം (സൂ 4.16) യോഗസൂത്രത്തിലേതല്ല. വ്യാസഭാഷ്യത്തിലെ ഒരു വരിയാണ് എന്ന് കരുതുന്നു. മറ്റൊരു കൂട്ടരാകട്ടെ. (ഫില്ലിയോസത്) നാലാം പാദം മുഴുവനും പ്രക്ഷിപ്തമാണെന്ന് കരുതുന്നു. (കൈവല്യപാദം) ജ്വാലാപ്രസാദ് വ്യാസഭാഷ്യം വിജ്ഞാനവാദികളെ വിമർശിക്കുന്ന ഭാഗത്താണ് അതുള്ളതെന്നും അത് ഏഴാം നൂറ്റാണ്ടിലാണ് എഴുതിച്ചേർത്തതെന്നും. അത് ഭോജ രാജൻ നേരത്തെ പറഞ്ഞിട്ടുള്ളതാണെന്നും അതുകൊണ്ടാണ് ആ വരിക്ക് ഭോജരാജാവ് ഭാഷ്യം രചിക്കാതെ വിട്ടതെന്നും പറയുന്നു. മാത്രമല്ല. ഈ സൂത്രത്തിൽ പറയപ്പെട്ടവര് ബുദ്ധമതക്കാരായ വിജ്ഞാനവാദികളാണെങ്കിൽ തന്നെ അത് പിൽക്കാലവിജ്ഞാനവാദികളായ വസുബന്ധുവും അസംഗനുമാണെന്നു വിചാരിക്കാനൊരു ന്യായവുമില്ല. മാത്രമല്ല ഏറ്റവും പഴയ ഉപനിഷദ്കാലത്തെ ആശയശൈലിയോടുള്ള സാദൃശ്യത്താൽ അക്കാലത്തെ വിജ്ഞാനവാദികളോടാവണം ഈ വാക്യങ്ങൾ പറയപ്പെട്ടത്.

വ്യാസൻ എഡി 6-7 നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നതെന്ന വാദം ബാലിശമാണ്. ഭോജന്റെ രാജമാർത്താണ്ഡം എന്ന ഭാഷ്യം വരുന്നതിന് 2 നൂറ്റാണ്ട്മുമ്പ് വ്യാസഭാഷ്യത്തിന് മനോഹരമായ ഒരു ഭാഷ്യം (തത്വവൈശാരദി) വാചസ്പതിമിശ്രൻ രചിച്ചിട്ടുണ്ട്. (എഡി 850) മഹാഭാരതകാലത്തെ വ്യാസനും മുമ്പ് നിലവിലിരുന്ന ഹിരണ്യഗർഭയോഗസൂത്രത്തിന് ഭാഷ്യാമെഴുതിയ വ്യാസനിൽ നിന്ന് ആ സൂത്രങ്ങളെടുത്താണ് പതഞ്ജലി പിന്നീട് യോഗസൂത്രം രചിച്ചത്. അതിനാൽ ഹിരണ്യഗർഭയോഗസൂത്രത്തിന്റെ ഒരു പുതിയരൂപമാണ്.പതഞ്ജലയോഗസൂത്രമെന്ന അദ്ദേഹത്തി്നറെ അഭിപ്രായം ശ്രദ്ധേയമാണ്. ഭോജന്റെ രാജമാർത്താണ്ഡമാണ് അൽബുറൂണിക്കു യോഗം പഠിക്കാൻ പ്രചോദനമായത്. അദ്ദേഹം അത് (യോഗസൂത്രം) അറബിയിലേക്ക് തർജ്ജമ ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ യോഗവാർത്തി കത്തിൽ വിജ്ഞാനഭിക്ഷു വ്യാസന്റെ യോഗഭാഷ്യത്തിന് ഭാഷ്യമെഴുതിയിട്ടുണ്ട്. സമാധിപാദത്തിൽ പതഞ്ജലിതന്നെ പറഞ്ഞിട്ടുണ്ട്. നേരത്തെ നിലവിലിരുന്ന യോഗദർശനങ്ങളെ താനൊന്നു പുനരുദ്ധരിക്കമാത്രമാണ് ചെയ്യുന്നതെന്ന്. അതിനാൽ പതഞ്ജലിക്കുമുമ്പ് യോഗശാസ്ത്രം ഉണ്ടായിരുന്നില്ലെന്ന് വാദിക്കുന്നതും ബുദ്ധമതകാലത്തിനുശേഷമാണ് യോഗമുണ്ടായതെന്നു പറയുന്നതും വ്യാസജനനം ക്രിസ്തുവിന് ശേഷമാണെന്ന് വാദിക്കുന്നതും യുക്തിക്ക് നിരക്കുന്നതല്ല. യോഗശാസ്ത്രം ക്രിസ്തുവിന് 3000 വർഷം മുമ്പേ നിലനിന്നിരുന്നതിനു തെളിവാണ് സൈന്ധവസംസ്കൃതികാലത്തെ പശുപതിയുടെ യോഗാസനം.

സാംഖ്യജ്ഞാനം ലഭിക്കാനുള്ള മാർഗ്ഗം (തപശ്ചര്യ) യോഗമാണ്. ലക്ഷ്യവും മാർഗ്ഗവും എന്ന ഭേദമേ അവ തമ്മിലുള്ള ഏറ്റവും പഴയതായി ഇന്നു ലഭ്യമായ സാംഖ്യം

വ്യാസഭാഗവതവും വ്യാസഭാരതത്തിലെ ഭഗവദ്ഗീതയിലെ സാംഖ്യവും ആണ്. ഏറ്റവും പഴക്കമുള്ള സാംഖ്യകാരിക ഈശ്വരകൃഷ്ണകാളിദാസന്റെ സുവർണ്ണസപ്തതിയാണ്. സാംഖ്യകാരികയുടെ സാംഖ്യതത്വകൗമുദിഭാഷ്യം വാചസ്പതിമിശ്രന്റേതാണ്. യോഗസാം ഖ്യപദ്ധതികളുടെ പ്രീഹിസ്റ്ററി ചുരുങ്ങിയത്. ആർക്കിയോളജിക്കൽ തെളിവുകൾ വെച്ച് മഹാഭാരതകഥയും ദ്വാരകയുടെ കടലെടുപ്പും നടന്ന ബിസി 3104 ആണ്. വ്യാസകാലവും അതാണ്. വ്യാസമുനി കപിലസാംഖ്യവും ഹിരണ്യഗർഭയോഗസൂത്രവും തന്റെ കൃതിക ളിൽ ചർച്ച ചെയ്തിട്ടുമുണ്ട്. നിത്യമേത്. അനിത്യമേത് മൃത്യുവിനുശേഷം അമൃതമായി ത്തന്നെ അവശേഷിക്കുന്നത് ഏത്. എന്ന അന്വേഷണം വ്യാസകൃതികളിലുണ്ട്. കപില സാംഖ്യവും ഇതാണന്വേഷിക്കുന്നത്. ശതപഥബ്രാഹ്മണം (10.1, 3-4) ഇതേ പ്രശ്നം ചർച്ച ചെയ്യുന്നു. ശരീരത്തിന്റെ അപ്പുറത്തില്ലതിനെ ശരീരത്തിലെ ഇന്ദ്രിയങ്ങൾ കൊണ്ട് കാണാ നാവില്ല. എന്നതുകൊണ്ട് അത് അതീന്ദ്രിയമായ അറിവാണ് അതു ലഭിക്കാനുള്ള തപ സ്സിന്റെ മാർഗ്ഗമാണ് യോഗം.

ബുദ്ധി മനുഷ്യനെ ബോധിയിലേക്ക് നയിക്കുന്നു. അപ്പോഴാണ് മോക്ഷം അഥവാ കൈവല്യം കിട്ടുന്നതെന്ന് സാംഖ്യം കരുതുന്നു. ഇതു സംഭവിച്ചുകഴിഞ്ഞാൽ ബുദ്ധിയും മനസ്സും ഇന്ദ്രിയവിഷയങ്ങളും (ഇവയെല്ലാം പ്രകൃതിയാണ്) പ്രകൃതിയിലേക്ക് ലയിക്കു ന്നു. പ്രകൃതി പുരുഷനെ വിട്ടുപോകുന്നതിനെ തന്റെ യജമാനന്റെ കാമം പൂർത്തിചെ യ്തശേഷം ഒരു നൃത്തക്കാരി അരങ്ങിവിട്ടുപോകുന്നതിനോട് മഹാഭാരതവും സാംഖ്യ കാരികയും ഉപമിക്കുന്നു. സൈന്ധവസംസ്കൃതികാലത്തു നൃത്തവും നൃത്തക്കാരിയു മുണ്ടായിരുന്നതിനും തെളിവായി നമുക്ക് നർത്തകീശില്പം കിട്ടിയിട്ടുണ്ട്. നൃത്തം, സംഗീ തം, ശില്പകല, നഗരസംവിധാനം തുറമുഖരൂപകല്പന, തൂക്കവും കട്ടിയും കപ്പലും കടൽ കടന്ന വാണിജ്യവും ഇവയുള്ള ഒരു ജനതയ്ക്ക് ഭാഷയും ലിപിയും സാഹിത്യവും ചരിത്രവും അവ സൂക്ഷിക്കുന്ന ഗുരുപരമ്പരകളും (വിദ്യാലയം,യൂണിവേഴ്സിറ്റി) ഉണ്ടാ യിരുന്നതിന് തെളിവുകൾ ആർക്കിയോളജിയും സാഹിത്യവും തന്നിട്ടും അവയെ മിത്തു കളെന്ന് തള്ളിക്കളയുന്നതിലെ യുക്തിരാഹിത്യം അസാമാന്യമാണ്. ഭാരതീയരുടെ ധ്യാന സ്വഭാവത്തിന് ഉത്തരവാദി ഇവിടത്തെ പ്രകൃതിപരിസ്ഥിതിയാണെന്നതിൽ (ഭാരതീയ ദർശനം ഡോ.രാധാകൃഷ്ണൻ പേജ് 11മാ.ഭൂ പ്രസിദ്ധീകരണം 1975) സംശയമില്ല.

സത്യാന്വേഷിക്ക് നാലു സാധനകൾ കൂടിയേ തീരൂ എന്ന് ശങ്കരാചാര്യർ പറയു ന്നു. ഇതിലൊന്ന് യോഗചര്യയാണ്.

1. നിത്യാനിത്യാവിവേകം
2. കർമ്മഫലത്തിലുള്ള ആഗ്രഹത്തെ (ത്രികാലത്തിലുമുള്ള) കീഴടക്കി ഒരു വിശ്വ വീക്ഷണം ഉണ്ടാവണം.
3. ശമനം ആത്മനിയന്ത്രണം ത്യാഗം മുതലായി യമനിയമാദികൾ നിഷ്ഠാപൂർവ്വം പാലിക്കുന്ന അദ്ധ്യാത്മികമായ അച്ചടക്കം (യോഗചര്യ)
4. മുമുക്ഷുത്വം. അനിത്യമായ സർവ്വത്തേയും ഉപേക്ഷിച്ച് വിഷ്ണുവിന്റെ പരമപദ പ്രാപ്തിയെക്കുറിച്ച കഠോപനിഷദ്വാക്യം

ഭാരതീയദർശനത്തിൽ (പേജ് 452 അടിക്കുറിപ്പ്) ഉദ്ധരിക്കുന്നത് പരമയോഗിയുടെ ലക്ഷണവുമാണ്. വിജ്ഞാനസാരഥിര്യസ്തു മന:പ്രഗ്രഹവാൻനരഃ സോദനഃപരമാ പ്നോതി തദ്വിഷ്ണോഃപരമം പദം (കഠം 1.3.9)

ശാന്തിപപർവ്വത്തിൽ ഭീഷ്മർ യുധിഷ്ഠിരന് ഉപരിചരവസുവിന്റെ കഥ പറഞ്ഞു കൊടുക്കുന്നു. ചിത്രശിഖണ്ഡി പ്രചരിപ്പിച്ച പഞ്ചരാത്രപദ്ധതിക്കനുസരിച്ച വൈഷ്ണ വമതത്തെ സ്വീകരിച്ച ഉപരിചവസു ചേദിയിലെ യാദവരാജാവായിരുന്നു. യോഗസിദ്ധി യാൽ ആകാശഗമനം നടത്തുകയാൽ ഉപരിചരവസു എന്ന പേരു കിട്ടിയ ഊർദ്ധ്വരേത സ്സാണെങ്കിലും അദ്ദേഹത്തിനു പോലും കോലാഹലമേട്ടിനുമുകളിൽ വെച്ച് രേതസ്സ് സ്ഖലിച്ചു (കോലാഹലമേട് വാഗമണ്ണിലാണ്) അങ്ങനെയുണ്ടായ രണ്ടു കുട്ടികളിൽ ഒരാൾ മത്സ്യ (പാണ്ഡ്യ) രാജാവായി മറ്റേ കുട്ടി ദാശരാജാവിന്റെ മകളായി സത്യവതി എന്ന പേരിൽ വളർന്നു. വ്യാസന്റെയും വിചിത്രവീര്യ ചിത്രാംഗദന്മാരുടേയും അമ്മയായി. വ്യാസന്റെ അമ്മയുടെ രാജ്യം കൃഷ്ണാതീരത്തെ കണ്ണപ്പെണ്ണ എന്ന കൃഷ്ണദ്വീപമാണ്. ബൃഹസ്പതിയിൽ നിന്ന് ഭാഗവതധർമ്മം (അഹിംസ) ഗ്രഹിച്ച ഉപരിചരവസു തന്റെ അശ്വമേധയജ്ഞത്തിൽ മൃഗങ്ങളെ വധിച്ചില്ല. അതിനാൽ കരുണാമയനായ ഈശ്വരൻ വസുവിന് നേരിട്ട് പ്രത്യക്ഷമായി. മൃഗഹിംസ വർജ്ജിച്ച മുക്തിമാർഗ്ഗമായ അഹിംസ യാണ് വൈഷ്ണവമതം. ജൈനബുദ്ധമതങ്ങളും ഇതാണ്. ഹിംസ ചെയ്യുന്നവൻ ക്ഷത്രി യനാണ്. അതു ചെയ്യാതിരിക്കാനുള്ള ജ്ഞാനം കൊടുക്കുന്ന ഗുരു പരമയോഗിയും ബ്രാഹ്മണ്യം ഈ യോഗിയിലാണുള്ളത്. കൗശീതകിബ്രാഹ്മണത്തിലും (30.9) പാണിനീ യത്തിലും (4.196) ശ്രീകൃഷ്ണൻ അംഗിരസ്സിന്റെ (ബൃഹസ്പതി) ഗുരുപരമ്പരയാണ്. ഛാന്ദോഗ്യത്തിലും തദ്ധൈതദ് ഘോര ആംഗിരസഃകൃഷ്ണായ ദേവകീപുത്രായോക്തോ വാച എന്നു കാണുന്നു. അതായത് വേദകാലത്തും ഉപനിഷദകാലത്തും എല്ലാം ജ്ഞാനിയും വേദചിന്തകനും ബൃഹസ്പതിശിഷ്യനുമായ യദുവംശി ശ്രീകൃഷ്ണനെ പരാ മർശിക്കുന്നുണ്ട്. വ്യാസന്റെ പിതാവ് പരാശരൻ വസിഷ്ഠഗോത്രപപരമ്പരയിൽ മൈത്രാ വരുണി ശാഖയാണ്. (മൈത്രാവരുണികൾ അഗസ്ത്യനും വസിഷ്ഠനും ആംഗിരസാർ) ഇവർക്ക് ദക്ഷിണേന്ത്യയിലെ മൈത്രകവളഭിവംശവുമായി ബന്ധമുണ്ട്. ജ്ഞാനികൾക്കി ടയിൽ വേദാദികളിലൂടെയും സാധാരണക്കാർക്കിടയിൽ ഭക്തിപ്രസ്ഥാനങ്ങളിലൂടെയും കൃഷ്ണന് അന്നേ പ്രശസ്തനാണ്. ഋഗ്വേദം (8.886 13-15) കൃഷ്ണൻ അംശുമതീതീര ത്തുവെച്ച് ഇന്ദ്രനോട് 10000 സൈനീകരുമായി യുദ്ധത്തിനൊരുങ്ങിയതായി പറയുന്നു. (ഗോവർദ്ധനോദ്ധാരണകഥ ഇതിനെ ആസ്പദമാക്കിയാണ്) അഥർവ്വസംഹിതയിൽ കൃഷ്ണൻ കേശിയെ വധിച്ച കഥയുണ്ട്. ബുദ്ധമതകാലത്തും കൃഷ്ണകഥക്ക് പ്രചാര മുണ്ടെന്ന് ലളിതവിസ്തരത്തിലെ കൃഷ്ണകഥ സാക്ഷ്യപ്പെടുത്തുന്നു. അരിഷ്ടനേമി (തീർത്ഥങ്കരൻ 22) കൃഷ്ണന്റെ ബന്ധുവായ യാദവനാണ്. ഇടയനും ക്ഷത്രിയനും ബ്രാഹ്മണനും യോഗിയും ഭഗവാനും അവതാരവും തുറമുഖനഗരത്തിന്റെ രക്ഷാധികാ രിയും ആയി വേദകാലം മുതലേ അനേകം വിഭൂതികളോടെ പരമയോഗിയായിരിക്കുന്ന കൃഷ്ണന്റെ സാംഖ്യവും യോഗവും അവതാരമാക്കി ഇതിഹാസമെഴുതിയ വ്യാസനാ ണ്. ഹിരണ്യഗർഭയോഗശാസ്ത്രത്തിന് ഭാഷ്യമെഴുതി പ്രചരിപ്പിച്ചതും വേദം പകുത്തതും കൃഷ്ണന്റെ ജീവിതകാലത്തുന്നെ ചേദിരാജാവായിരുന്ന ശിശുപാലൻ കൃഷ്ണനെ ഈശ്വ രനെന്ന് വിളിക്കുന്നതിൽ മാത്രമല്ല. രാജാവെന്ന് വിളിക്കുന്നതിലും യജ്ഞത്തിൽ അഗ്രിമ സ്ഥാനം കൊടുത്ത് ആദരിക്കുന്നതിന് എതിർപ്പുണ്ടായിരുന്നു. മറ്റൊരു ബൃഹസ്പതിശി ഷ്യനായ ഭീഷ്മരാകട്ടെ, കൃഷ്ണനെ വ്യാസനെപ്പോലെതന്നെ പരമഗുരുവായി അംഗീക രിച്ചിരുന്നു. കൃഷ്ണനും ശങ്കരാചാര്യരുമൊക്കെ അവർ ജീവിച്ചകാലത്തും ഇന്നും പല രാലും വാഴ്ത്തപ്പെടുമ്പോളും ചിലരാൽ എതിർക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ബൃഹസ്പ തിശിഷ്യനായ പരമഭാഗവതനായ ഭീഷ്മർക്ക് എന്താണഭിപ്രായം.

സാംഖ്യംച യോഗം ച സനാതനേ ദ്വേ വേദാശ്ച സർവ്വേ നിഖിലേന രാജന് സർവ്വൈസേമസ്തൈ ഋഷിഭിർനിരുക്തോ നാരായണോ വിശ്വമിദം പുരാണഃ(ശാന്തിപർവ്വം 348.74) ഭീഷ്മരും ഉപരിചരവസുവും തമ്മിലെന്തായിരുന്നു ബന്ധം.

1. ഭീഷ്മർ അഷ്ടവസുക്കളിലൊരാളാണ്.
2. ഭീഷ്മരുടെ പൂർവ്വജന്മത്തിൽ അദ്ദേഹവും ഭാര്യയും കൂടി വസിഷ്ഠന്റെ നന്ദിനിയെ കട്ടെടുത്ത് ചേദിരാജാവ് ഉശീനരന്റെ ഭാര്യക്ക് കൊടുക്കാൻ ശ്രമിച്ചു. ഉശീനരഭാര്യയും എട്ടാംവസുവിന്റെ ഭാര്യയും അടുത്ത സ്നേഹിതകളായിരുന്നതിനാലാണ് ഇത്. ഉപരിചരവസുവും എട്ടാമത്തെ വസുവും ഒരേ ഗുരുകുലത്തിലെ സതീർത്ഥ്യരായിരുന്നു.
3. ഭീഷ്മരുടെ പിതാവ് ശന്തനു രണ്ടാംവിവാഹം കഴിച്ചത് ഉപരിചരവസുവിന്റെ മകളും ദാശരാജാവിന്റെ വളർത്തുമകളുമായ സത്യവതിയെയാണ്.
4. സത്യവതിക്ക് പരാശരനിലുണ്ടായ കൃഷ്ണദ്വൈപായനവ്യാസനും ശന്തനുവിന് ഗംഗാദേവിയിലുണ്ടായ ഭീഷ്മനും അങ്ങനെ സഹോദരസ്ഥാനീയരായി
5. വസു വസുദേവൻ വാസുദേവൻ ഇവ നാഗവംശസൂചകമാണ്. ശ്രീകൃഷ്ണന്റെ പിതാവ് വസുദേവന്റെയും പാണ്ഡവരുടെ അമ്മ കുന്തിയുടേയും പിതാവ് നാഗവംശജനായിരുന്നു എന്ന് വ്യാസപരാമർശം. ഭീമനെ ദുര്യോധനൻ വിഷം കൊടുത്ത് നാഗലോകത്തിലേക്ക് തള്ളിയിട്ടപ്പോൾ ഈ മുത്തശ്ശന് നാഗമാണ് അനെ രക്ഷിക്കുന്നത്.
6. നാഗഫണമുദ്ര യോഗിചിഹ്നമാണ്. അനന്തനും, വിഷ്ണുവും ശിവനും, ദേവിയും ജൈനതീർത്ഥങ്കരനും ബുദ്ധനും പതഞ്ജലിയും നാഗഫണത്തോടെയുള്ള പ്രതിമകളെ കാണിക്കുന്നു. യോഗദഷ്ടിക്കും നാഗദൃഷ്ടിക്കും കപിലാക്ഷം എന്നാണ് (ആദിസാംഖ്യഗുരുനാമം ചേർത്ത്) പറയുന്നത്. നാഗാർജ്ജുനന്റെ പ്രജ്ഞാപാരമിതത്തെക്കുറിച്ച് ബ്രഹ്മസിന്ധു (ബ്രഹ്മസൂത്ര ഭാഷ്യം ഡിസി ബുക്സ്) വിൽ പറഞ്ഞു. വസു അഥവാ രത്നം ധരിക്കുന്നവൻ വസുകന് കശ്യപനാണ്. ഭൂമിയും വസുന്ധരയാണ്. നാഗവംശത്തിൽ അഥവാ കശ്യപന്റെയും ഭൂദേവിയുടെയും വംശത്തിലാണ് വസുനാമമുള്ളവരുടെ ജനനം.

എല്ലാം ചേർത്തുവെച്ച് വായിച്ചാൽ വാചസ്പതിമിശ്രന് പറഞ്ഞപോലെ വ്യാസന്റെ കാലത്തിനും എത്രയോ മുമ്പേ ഇന്ത്യയിൽ സാംഖ്യവും യോഗവും വേദവുമുണ്ട്. വ്യാസമുനി ബിസി 3200 ൽ അതു ക്രോഡീകരിക്കയാണ് ചെയ്തത്. ശ്രീകൃഷ്ണനും ഭീഷ്മരും വ്യാസനും ജീവിച്ചകാലത്തെ ഇന്ത്യയുടെ വ്യാപാരം. രാജധർമ്മം, ഗണിതം ഭാഗവതധർമ്മം ഇവയ്ക്ക് തെളിവുകൾ നമുക്ക് കിട്ടിയിട്ടുണ്ട്. യോഗക്ഷേമം നിറഞ്ഞ ആ സുവർണ്ണകാലത്തിലെ അവശിഷ്ടങ്ങളാണ് നാം കാണുന്ന പുരാവസ്തുക്കളായ നഗരാവശിഷ്ടങ്ങൾ.

യോഗം ആദ്യം നടപ്പാക്കിയത് ബുദ്ധനോ നാഗാർജ്ജുനനോ പതഞ്ജലിയോ അല്ല കപിലനും ഹിരണ്യഗർഭനുമാണ്. ബുദ്ധനെ വിഷ്ണുവായി കടമെടുക്കലല്ല. അംഗീകരിക്കയാണ് ജയദേവനെപ്പോലുള്ള പിൽക്കാലകവികൾ ചെയ്തത്. അതൊരു ജനകീയഅംഗീകാരമായി ഡോ.സീലും വെബറും ലാസ്സെനും മറ്റും ക്രിസ്തുവിനെപ്പറ്റി അറിഞ്ഞ വൈഷ്ണവർ ക്രിസ്തുവിനെ വിഷ്ണുവായി കടമെടുക്കാൻ ശ്രമിച്ചു എന്നും നാരദമുനി സന്ദർശിച്ച ശ്വേതദീപം സെന്റ് തോമസ് സുവിശേഷം പ്രസംഗിച്ച പാർത്തിയയാണെന്നും

മറ്റും പറയുന്നപോലെയാണ് ബുദ്ധനെ വിഷ്ണുവായി കടമെടുത്തു എന്ന് കഥയും. ക്രിസ്തുവിനും ബുദ്ധനും സഹസ്രസബ്ദങ്ങൾക്കുമുമ്പേ ജനിച്ച് ജീവിച്ച കൃഷ്ണന്റെ വൈഷ്ണവസമ്പ്രദായം എങ്ങനെയാണ് പിൽക്കാലത്തുണ്ടായ ഒന്നിന്റെ കടമെടുപ്പാവുക. വൈഷ്ണവിസം ഏകായതനസമ്പ്രദായമാണ്. (ഛാ.ഉ.7.1.4വാകോവാത്യം ഏകായനം) ഈശ്വരപ്രണിധാനമെന്ന് യോഗത്തിൽ പറയുന്ന ഇഷ്ടദേവതാനിഷ്ഠ എന്ന ഭക്തി ശ്രദ്ധാപൂർവ്വമായ ധ്യാനവും പ്രേമവും പഠിക്കാൻ ഭാരതത്തിന് മറ്റൊരു ഭൂഖണ്ഡത്തിലും പോകേണ്ടിവന്നിട്ടില്ല എന്ന് ചൂണ്ടികാട്ടിക്കൊണ്ട് മേൽപ്പറഞ്ഞവരുടെ വാദത്തിലെ യുക്തിഭംഗം ഡോ.രാധാകൃഷ്ണൻ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്.

ക്രിസ്തുവിനു മുമ്പ് ഒന്നാം നൂറ്റാണ്ടിലെ നാനാഘട്ട് ശിലാലിഖിതത്തിലെ സങ്കർഷണവാസു ദേവാരാധന, ബേസനഗരത്തിൽ നിന്നു കിട്ടിയ ബിസി രണ്ടാം നൂറ്റാണ്ടിലെ ഗരുഡചിഹ്നമുള്ള വാസുദേവധ്വജസ്തംഭം. പാണിനീയഭാഷ്യത്തിൽ പതഞ്ജലി വാസുദേവൻ ഉപാസ്യദേവനണെന്നു പറയുന്നത് എന്നിങ്ങനെ അനേകം തെളിവുകളുണ്ട്. ക്രിസ്തു ജനിക്കുംമുമ്പേ വിഷ്ണുവിന്റെ ആരാധനയുണ്ടെന്നു തെളിയിക്കുന്നവയായി ബിസി 3200 മുതലിന്നുവരെ ഇന്ത്യയിൽ തുടർച്ചയായി യോഗവുംഈശ്വരപ്രണിധാനവുമുണ്ട്. ഏകായനഅദ്വൈതചിന്തകരായ വൈഷ്ണവർ ബുദ്ധനും കൃഷ്ണനും യേശുവുമെല്ലാം ഒന്നാണെന്നു പറയുന്നത് ഏകം സാദ് വിപ്രാ ബഹുധാ വദന്തി എന്ന വേദവാക്യത്തിലുള്ള അടിയുറച്ച വിശ്വാസം കൊണ്ടാണ്. അത് ഒരംഗീകാരമാണ്. ബഹുമതിയാണ് കടംകൊള്ളലല്ല.

മിർസിയ എലിയേഡിന്റെ Pathanjali and the yoga എന്ന ഗ്രന്ഥത്തിൽ ഹരപ്പ മോഹഞ്ചോദാരോ സംസ്കാരത്തിന് ബിസി 2700-1700 എന്ന പഴക്കമേ കൊടുത്തുകാണുന്നുള്ളൂ. അവരുടെ ക്രോണോളജി ഇതുവെച്ചാണ് കാലഗണന നടത്തുന്നത്. ആർക്കിയോളജി ഇത് തെറ്റാണെന്ന് തെളിയിച്ചുകഴിഞ്ഞു. ബിസി 1500-1200 ൽ ഒന്നും അറിയാത്ത ഇന്ത്യക്കാരെ പഠിപ്പിക്കാനായി ആര്യന്മാരെന്ന വിദേശിവർഗ്ഗം ഇങ്ങോട്ട് വേദവുമായി കുടിയേറിപ്പാർത്തു എന്ന വിചാരം തന്നെ യൂറോസെന്റിക് ആയ ഒരു തെറ്റിദ്ധാരണയാണെന്ന് തെളിഞ്ഞു. അതിനാൽ മിർസിയ എലിയേഡിന്റെ ക്രോണോളജി വെറും ഊഹാപോഹം മാത്രമാണ്. ചരിത്രമല്ല.

1. ബിസി 2700-1700	ഹരപ്പമോഹഞ്ചോദാരോ സംസ്കൃതി
2. 1500-1200 ആര്യന്	ആദ്യത്തെ ഋഗ്വേദശ്ലോകരചന
ആക്രമണം 1200-900	വേദരചന പൂർത്തിയാവുന്നു
900-500	മറ്റുവേദങ്ങളും ബ്രാഹ്മണങ്ങളും ആദ്യത്തെ ഉപനിഷത്ത്
800 ബിസി	ആര്യന്മാർ ബംഗാൾ ബീഹാർ വരെയെത്തുന്നു,
600 ബിസി	ബ്രാഹ്മണ കാലം അവസാനിക്കുന്നു.
3. ബിസി 563-483,558-478	ഗൗതമബുദ്ധകാലം
480	രാജഗൃഹത്തിൽ ആദ്യബുദ്ധമതസഭ അലക്സാന്ററുടെ ആക്രമണം
4. ബിസി 4-ാംനൂറ്റാണ്ടു മുതൽ എഡി 4-ാം നൂറ്റാണ്ടു വരെ 800 കൊല്ലം കൊണ്ട്	മഹാഭാരത രചന

5. ബിസി 300	ഗ്രീക്ക് അംബാസഡർ മെഗാസ്തനീസ് സെലൂക്കസിന്റെ സഭയിൽ നിന്ന് ചന്ദ്രഗുപ്തന്റെ സഭയിലെത്തുന്നു
269-235	അശോകചക്രവർത്തി
200 ബിസി 200 എഡി	ജൈനബുദ്ധമതങ്ങൾ ഇന്ത്യയിൽ ഏറ്റവും അധികം പ്രചാരത്തിലിരുന്നു 400 വർഷങ്ങൾ.
6. 190 ബിസി	വടക്കുപടിഞ്ഞാറെ പ്രവിശ്യയിൽ ഗ്രീക്കുസാമ്രാജ്യം വന്നു.
170-165	യൂചീ ഇറാനിയൻ ഗോത്രം വടക്കുപടിഞ്ഞാറേ പ്രവിശ്യ ആക്രമിച്ചു
150 ബിസി	മേനന്ദരെന്ന ഇന്തോഗ്രീക്ക് രാജാവ്
7. ബിസി രണ്ടാം നൂറ്റാണ്ട്	വൈയാകരണനായ പതഞ്ജലികാലം
100 ബിസി-എഡി100	ഭഗവദ്ഗീതാരചന (200 കൊല്ലം കൊണ്ട്)
ബിസി രണ്ടാം നൂറ്റാണ്ടു മുതൽ എഡി നാലാം നൂറ്റാണ്ടുവരെ	യോഗസൂത്രരചന
100 ബിസി-എഡി 200 വരെ	മഹായാനബുദ്ധിസകാലം
8. എഡി 3-4 നൂറ്റാണ്ട്	ഈശ്വരകൃഷ്ണസാംഖ്യകാരിക എഴുതപ്പെടുന്നു
400-500	നളന്ദ യൂണിവേഴ്സിറ്റി
405	ഫാഹിയാൻ മഗധയിലെത്തുന്നു
454	ഹൂണന്മാർ ആദ്യമായി ആക്രമിക്കുന്നു
495	ഹൂണന്മാരുടെ രണ്ടാം ആക്രമണം
629-645	ഹ്യൂയാൻസാങ് ഇന്ത്യയിൽ
7-8 നൂറ്റാണ്ട്	വ്യാസൻ യോഗഭാഷ്യം എഴുതന്നു ആദ്യത്തെ തന്ത്രരചനാകാലം
9. 600-700	ഭാഗവതപുരാണരചന
711-715	മുഹമ്മദ്ബിൻകാസിം സിന്ധ്
750	കീഴടങ്ങി പത്മസംഭവൻ ഇസോട്ടറിക് തന്ത്രശാസ്ത്രം തിബത്തിലെത്തിച്ചു
788-820	ശങ്കരാചാര്യകാലം
9-ാം നൂറ്റാണ്ട്	വാചസ്പതിമിശ്രന്റെ തത്വവൈശാരദിയും സാംഖ്യതത്വകൗമുദിയും
1000	ഭോജരാജന്റെ രാജ മാർത്താണ്ഡഭാഷ്യം
999-1026	മൊഹമ്മദ് ഘസനി ആക്രമണം
10.1025	കിത്താബ് പതഞ്ജല എന്ന പേരിൽ അറബിയിലേക്ക് ആൽബറൂണി(973-1048)യോഗസത്രം തർജ്ജമ
12-ാം നൂറ്റാണ്ട്	കൺഫതയോഗിമാർഗ്ഗത്തിന്റെ സ്ഥാപകന് ഗോരക്നാഥ് ഹഠയോഗവും ഗോരക്ശതകവും എഴുതുന്നു.
13-ാം നൂറ്റാണ്ട്	രാമാനുജന്റെ സമാധി
1192	ഇസ്ലാംവിജയം, ഇന്ത്യയിലെ ബുദ്ധമതം അപ്രത്യക്ഷമാകുന്നു.
1197	നളന്ദയൂണിവേഴ്സിറ്റിയും മഠങ്ങളും തകർത്തുകളയുന്നു.

11. 14-ാം നൂറ്റാണ്ട്	സാംഖ്യസൂത്രം
15-ാം നൂറ്റാണ്ട്	അനിരുദ്ധന്റെ സാംഖ്യസൂത്രോവൃത്തി
16 -ാം നൂറ്റാണ്ട്	വിജ്ഞാനഭിക്ഷുവിന്റെ സാംഖ്യപ്രവചനം,യോഗവാർത്തികം, യോഗസാരസംഗ്രഹം, രാമാനന്ദസരസ്വതിയുടെ മണിഭദ്ര മെന്ന യോഗസൂത്രഭാഷ്യം പൂർണ്ണാനന്ദസ്വാമിയുടെ ഷഡ്ചക്രനിരൂപണം
12. 1834-1886	ശ്രീരാമകൃഷ്ണപരമഹംസർ
1862-1902	സ്വാമിവിവേകാനന്ദ
1872-1950	ശ്രീഅരബിന്ദോ

മിർസിയ എലിയാഡിന്റെ ക്രോണോളജിയെ 12 ആയി തിരിച്ചത് അപഗ്രഥനസൗക ര്യത്തിനാണ്.1500 ബിസി മുതൽ 600 ബിസിവരെയുള്ള സംസ്കൃതസാഹിത്യകാലഘട്ട മാണ്. ബ്രാഹ്മണകാലമെന്നും ബ്രാഹ്മണർ അവരുടെ വേദവും കൊണ്ട് പുറമേനിന്ന് വന്ന വരാണെന്നുമുള്ള ആദ്യത്തെ യൂറോസെന്ററിക് ഊഹാപോഹംതന്നെ തെറ്റാണെന്നരിക്കെ ബാക്കിയുള്ളവ അടിസ്ഥാനരഹിതമായ ഊഹങ്ങളാണെന്ന് മനസ്സിലാക്കാം. ഇപ്പറഞ്ഞ തിനൊന്നും അടിസ്ഥാനപരമായ തെളിവൊന്നും അവർക്ക് കിട്ടിയിട്ടില്ല. മാത്രമല്ല സൈന്ധ വസംസ്കൃതി ഇന്ത്യയിലെ ആദിമസംസ്കൃതിയായ ദ്രാവിഡസംസ്കൃതിയാണെന്നും ദ്രാവിഡരാണ് വേദം രചിച്ചതെന്നും തെളിഞ്ഞിട്ടുണ്ട്. ഊഹംമാത്രമായ ഒരുതിയറിയെ സത്യമെന്ന് തെറ്റിദ്ധരിക്കാനുള്ള കാരണമെന്ത്. ഇന്ത്യയിലെ മനുഷ്യർക്ക് അത്തരം ഒരു സംസ്കൃതി കെട്ടിപ്പടുക്കാനുള്ള ബുദ്ധി ഇല്ല എന്ന മുൻവിധി കൊണ്ടാണ്. അത് ശാസ്ത്ര മല്ല. ഭാവനാസൃഷ്ടിയാണെന്ന് പുരാവസ്തുഗവേഷണം തെളിയിക്കുന്നു.

ബ്രാഹ്മണകാലത്തെ ഇന്ത്യയിൽ ബുദ്ധന് അവസാനിപ്പിച്ചു എന്നും പുതിയൊരു മത മുണ്ടാക്കി എന്നും പറയുന്നത് രണ്ടാമത്തെ ഊഹോപോഹം ബിസി 1500 ൽ ഏതോ വിദേശി ആര്യന്മാർ വേദവും കക്ഷത്തുവെച്ച് വന്ന് ഇവിടത്തെ ജനതയെ ആക്രമിച്ചു നശി പ്പിച്ചു എന്ന മിത്തുപോലെ മറ്റൊരു മിത്ത്. അതുപോലെയാണ് അലക്സാന്ററും വന്നതെന്ന് സ്ഥാപിക്കാനുള്ള ശ്രമം. എന്നാലല്ലേ എല്ലാ അറിവും ഇന്ത്യയിലേക്ക് കൊണ്ടുവന്നത് ഗ്രീസും റോമുമാണെന്ന് പറയാനാവു (രണ്ടാമത്തെ ആര്യന്മാരുടെ വരവായി അതിനെ പ്രകീർത്തിക്കാനാവൂ) 1,2,3 ഘട്ടങ്ങളിലെ അബദ്ധപ്പഞ്ചാംഗങ്ങളെ ഇങ്ങനെ അറിയണം.

ഇനി വ്യാസകാലം ബിസി നാലാം നൂറ്റാണ്ടിൽ നിന്ന് എഡി നാലം നൂറ്റാണ്ടുവരെ യുള്ള 800 കൊല്ലം മഹാഭാരത രചനയ്ക്ക് കൊടുത്തിരിക്കുന്നു. ഇതിൽതന്നെ കൃത്യ മായി ബിസി 100 എഡി 100 വരെ 200 കൊല്ലം എടുത്തുവെത്ര ഗീത രചിക്കാൻ. ഇത്ര കൃത്യമായി ഇങ്ങനെ തെളിവില്ലാതെ പറയുന്നതിനെ കണ്ണടച്ച് നാം വിശ്വസിക്കണമത്രെ. ഇതിനുശഷം വ്യസാന് യോഗസൂത്രഭാഷ്യം രചിക്കുന്നതോ 7-8 നൂറ്റാണ്ട് എഡിയിൽ മാത്രം എഡി 600-700 വരെ ഭാഗവതപുരാണരചന. അതായത് 800 വർഷം മഹാഭാരതര ചന പിന്നെ 200 വർഷം വ്യാസമുനി ഒന്നും രചിക്കാതെ മിണ്ടാതിരുന്നു. അടുത്ത 100 വർഷം കൊണ്ട് ഭാഗവത പുരാണം. അതിന്നടുത്ത 100 വർഷം കൊണ്ട് യോഗസൂത്രഭാ ഷ്യം. ആകെ 1200 കൊല്ലം ജീവിച്ചാലേ ഈ രചനകളൊക്കെ ഒരാൾക്ക് സാധ്യമാവുകയു ള്ളൂ. അതിന് സാദ്ധ്യതയില്ലാത്തതുകൊണ്ട് പലവ്യാസന്മാരുണ്ടായിരുന്നു എന്ന് മറ്റൊരു

ഊഹം. വേദം പകുത്തത് വ്യാസനാണെന്നോ വ്യാസന്റെ ഗുരുപരമ്പര ലോകപരമ്പര മുതലായ ക്രോണോളജിക്കൽ ചരിത്രവും,തെളിവുകളും വ്യാസന്റെ ഗ്രന്ഥങ്ങളിൽ തന്നെ ഉണ്ടെന്നും വ്യാസകാലത്താണ് മഹാഭാരതയുദ്ധം നടന്നതെന്നും അക്കാലത്താണ് സൈന്ധവഹരപ്പ സംസ്കൃതികളുടെ ഉച്ചഘട്ടമായിരുന്നതെന്നതിന് പുരാവസ്തുഗവേഷണം തെളിവുതരുന്നുണ്ടെന്നും ഒന്നും പരിഗണിക്കാതെയുള്ള ഈ ഊഹാപോഹം ചരിത്രമാണെന്നു പറഞ്ഞ് കുട്ടികളെ പഠിപ്പിക്കാനുള്ള ബുദ്ധിയേ ഇന്ത്യക്കാർക്കുള്ളൂ എന്ന യൂറോസെന്റിക് ദർശനം നാം അനുവദിച്ചുകൊടുക്കുകയാണെങ്കിൽ നമ്മുടെ സംസ്കൃതിയെ നാം അറിഞ്ഞിട്ടില്ലെന്നേ അർത്ഥമുള്ളൂ. ബിസി 200 എഡി 200 വരെയുള്ള കാലത്ത് ബുദ്ധമതം ഇന്ത്യയിൽ ഏറ്റവുമധികം പ്രചാരത്തിലിരുന്നു എന്നും ഇക്കാലത്ത് ക്ഷത്രിയരെല്ലാം അഹിംസ സ്വീകരിച്ചതുകൊണ്ടാണ് വടക്കുപടിഞ്ഞാറെ അതിർത്തിയിലൂടെ വിദേശികൾക്ക് ആക്രമിക്കാനായത് എന്നും മാത്രമാണ് യുക്തിക്കു നിരക്കുന്നതായി തോന്നിയത്. അത് ചരിത്രസത്യമാണ്. ബുദ്ധമതം ഇന്ത്യയിൽ വേരറ്റുപോകാനുള്ള കാരണവും ഈ ആക്രമണങ്ങളും തമ്മിലുള്ള ബന്ധമാണ് ചരിത്രകുതുകികൾ അന്വേഷിക്കേണ്ടത്.

ബുദ്ധമതം ക്ഷയിച്ചശേഷം ഗുപ്തകാലത്ത് നളന്ദ യൂണിവേഴ്സിറ്റി സ്ഥാപിച്ചതെന്നും ഇക്കാലത്താണ് ചൈനക്കാരായ രണ്ടു സഞ്ചാരികൾ ഇന്ത്യയിലെത്തിയതെന്നും ചരിത്രസത്യം. എഡി 400 മുതൽ 1197 വരെ ബുദ്ധമതം ക്ഷയിച്ച് ശതാബ്ദങ്ങൾക്ക് ശേഷവും 700-800 വർഷക്കാലം നളന്ദ യൂണിവേഴ്സിറ്റി പ്രവർത്തിച്ചിരുന്നു എന്നതും ശങ്കരാചാര്യരോ രാമാനുജനോ ഏതെങ്കിലുംബ്രാഹ്മണവൈഷ്ണവ ശൈവ ശാക്തരോ അല്ല. അതിനെ നശിപ്പിച്ചതെന്നതും ശ്രദ്ധയർഹിക്കുന്നു. ഇവിടെ ഒരു രാജാവും അതിനെ നശിപ്പിച്ചില്ല. പോഷിപ്പിച്ചതേയുള്ളൂ. അത് തെളിയിക്കുന്നതെന്താണ് ശൈവ, ബുദ്ധമതസ്പർദ്ധകൊണ്ട് ബുദ്ധമതം ക്ഷയിച്ചു എന്ന വാദം വെറും മിത്താണെന്നാണ്. ഹിംസ, അഹിംസ, എന്ന രണ്ട് ആശയങ്ങൾ തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ അഹിംസ തോറ്റുപോകുമ്പോൾ സൈന്ധവമതങ്ങൾ ക്ഷയിക്കും. ധർമ്മാധർമ്മവിചാരത്തിലാണ് അഹിംസ. ഹിംസ ഇവയുടെ മനനം വരുന്നത് ക്ഷത്രിയർക്ക് രാഷ്ട്രപരിപാലനത്തിന് (അതിർത്തികാവലും നീതിന്യായപരിപാലനവും) ഹിംസ കൂടാതെ കഴിയില്ല എന്ന വർണ്ണധർമ്മം ഒരു പ്രായോഗികനിയമമെന്നല്ലാതെ ക്ഷത്രിയരെല്ലാവരും യുദ്ധം ചെയ്യണമെന്നോ ക്ഷത്രിയരൊന്നടങ്കം ആയുധം വെച്ച് ബ്രാഹ്മണധർമ്മം സ്വീകരിക്കണമെന്നോ ഒരു നിയമസംഹിതയും പറഞ്ഞിട്ടില്ല.

ഒരുമയോടെ നിന്നിരുന്ന ഇന്ത്യയിലെ രാജവംശങ്ങളുടെ ഒരുമ നശിപ്പിച്ചത് ഉപരിചരവസുവിന്റേയും ശിശുപാലന്റേയും പിൻഗാമിയായി (പിൽകാലത്ത്) കലിംഗം ഭരിച്ച ഖരവേലനാണെന്ന് പറയപ്പെടുന്നു. അതിനദ്ദേഹത്തെ തെരഞ്ഞെടുത്തതും നിയമം തെറ്റിച്ചതും ചേരരാജക്കനാമാരായിരുന്നു. ആന്ധ്രക സാമ്രാജ്യം ശിമുഖശതകർണ്ണി പുനരുദ്ധരിച്ച കാലത്താണ് ഖരവേലൻ കലിംഗം ഭരിക്കുന്നത്. കിഴക്കേ കടലോരവും പടിഞ്ഞാറേ കടലോരവും വാണിജ്യമേഖല വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിച്ച കാലം. പാണ്ഡ്യ ചേരചോളന്മാരേയും കേരള സത്യപുത്രരേയും ഭിന്നിപ്പിച്ചത് ഖരവേലന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായിരുന്നു. കാലവർഷക്കാറ്റിന്റെ രഹസ്യം വിദേശികൾക്ക് ആദ്യമായി പറഞ്ഞുകൊടുത്തതും ഇക്കാലത്താണ്.

ഖരവേലന്റെ ഹാത്തിഗുംഫാശാസനം

ഭൂവനേശ്വറിനടുത്ത് ഉദയഗിരിയിൽ എലിഫന്റെ ഗുഹയിലാണ് 17 വരിയുള്ള ഹാത്തിഗുംഫാശാലനം. (ആനഗുഹാശാസനം) ആരാണീ ഖരവേലൻ. ഖരവേലനെന്നോ കര

വേലനെന്നോ യഥാർത്ഥനാമം. ഖരം കഴുത. കഴുതയെക്കൊണ്ടു വേലയെടുപ്പിച്ചവൻ. കരവേലനെന്നാലോ. കൈത്തൊഴിലുകളിൽ മിടുക്കനും വേലൻ സുബ്രഹ്മണ്യനാകയാൽ യോദ്ധാവുമാണ്. ഖരവേലൻ മിഹിരകുലനെന്ന ഹൂണന്റെ വംശപിതാവാണ്. ഹാത്തി ഗുംഫാശാസനപ്രകാരം അദ്ദേഹത്തിന്റെ ജനനം ചേദിഗൃഹസ്ഥാപകനായ രാജശ്രീ വസു കലുത്തിലാണ്. (വിദേശീയനല്ല) ഒമ്പതുവർഷം യുവരാജാവായിരുന്നു. സഭകളുടെ അംഗീ കാരം നേടി 25 ആം വയസ്സിൽ കലിംഗത്തിനെ മഹാമേഘവാഹനവംശത്തിലെ മൂന്നാ മത്തെ രാജാവായി ഭരണം ഏറ്റെടുത്തു. മഹാമേഘവാഹനൻ ഇന്ദ്രനാണ്. ഇന്ദ്രവംശമാ ണ്. കൽഹണന്റെ രാജതരംഗിണിയിൽ ഗാന്ധാരത്തിലെ മിഹിരകുലൻ വളരെ ഹിംസാ ശീലനായ രാജാവാണ്. കാശ്മീരിലെ ഭാട്ടസമ്പ്രദായക്കാരായ ബ്രഹ്മജ്ഞാനികളെ (കാ ശ്മീരിപണ്ഡിറ്റുകൾ, ബ്രാഹ്മണർ)ഒട്ടനവധി വധിച്ചിട്ടുണ്ട്. അതിനാൽ ജനങ്ങൾക്ക് വെറു പ്പായിരുന്നു. മിഹിരകുലനുശേഷം വന്ന മേഘവാഹനൻ ബ്രാഹ്മണപ്രീതിനേടി. പൂർണ്ണ മായ അഹിംസാവ്രതം സ്വീകരിച്ചിട്ടാണ് സിംഹാസനാരൂഢനായത്. യാഗത്തിൽപ്പോലും പിഷ്ടപശുമാത്രമേ ഉപയോഗിക്കൂ എന്ന് ബ്രാഹ്മണർക്ക് ഉറപ്പുകൊടുത്ത അദ്ദേഹം ക്ഷത്രി യധർമ്മമായ ഹിംസ ഉപേക്ഷിച്ചാണ് രാജാവായത്. (രാജതരംഗിണി. 1.307,3.4.7,3..9,3.60.61) ഇങ്ങനെയുള്ള മിഹിരകുല മേഘവാഹന വംശത്തിലാണ് ഖരവേലജനനം. മിഹിരകു ലന്റെ കാശ്മീരാക്രമണം എഡി 500 ലാണ്. അശോകൻ പൂർണ്ണമായും നശിപ്പിച്ച കലിം ഗത്തെ പനരുദ്ധരിച്ചുകൊണ്ടാണ് ഖരവേലന് ജനസമ്മതി നേടിയെടുത്തത്. അദ്ദേഹം പുഷ്യമിത്രസുംഗനേയും ഡെമിട്രിയസ്സിനേയും തോല്പിച്ചു. ചൈനീസ് വസ്ത്രങ്ങൾ ബുദ്ധഭിക്ഷുവിന് ദാനം ചെയ്തു. അതിനാൽ ബുദ്ധമതത്തോടും ചൈനയോടും (വാണി ജ്യബന്ധം) ബന്ധമുണ്ടായിരുന്നു. ഖരവേലൻ, സിംഹളം, തായ്‌ലന്റ് ബർമ്മ, വിയറ്റ്നാം, ബോർണിയോ, ബാലി, സുമാത്ര, ജാവ(ജാംബ ദ്വീപം) എന്നിവിടങ്ങളുമായി സമുദ്ര വ്യാപാരത്തിലേർപ്പെട്ട് കലിംഗത്തിന്റെ സമ്പത്ത് ഉറപ്പുവരുത്തി. അദ്ദേഹം യുദ്ധം നയിച്ച ത്. മഗധ, അംഗം, ശതവാഹനമൂഷകരാജ്യം ഇവയോടാണ്. പാണ്ഡ്യപ്പടയെ തോല്പിച്ച് കാവേരിവരെ തെക്കോട്ടും മഗധ, അംഗരാജ്യങ്ങളെ തോല്പിച്ച് ഗംഗവരെ വടക്കോട്ടും മൂഷകരെ തോല്പിച്ച് പടിഞ്ഞാറെ കടലുവരേയും രാജ്യം വിസ്തൃതമാക്കി. ഇരുവശം കടലും, വടക്കു ഗംഗയും തെക്കു കാവേരിയും വരെ ഖരവേലസാമ്രാജ്യം നീണ്ടുകിടന്നു. കാവേരിക്ക് തെക്കും സഹ്യനു പടിഞ്ഞാറുമായി കിടക്കുന്ന ചേരന്മാരെ ഖരവേലൻ വളരെ പുരാതനമായ ഒരു നിയമം ലംഘിക്കാൻ പ്രചോദിപ്പിച്ചു എന്ന് പറഞ്ഞിരിക്കുന്നു. അതായി രിക്കണം ഈ പഴയനിയമം. ഇന്ത്യക്കാരെ ഒരുമയോടെ നിർത്തി വിദേശികളെ ഇവിടെപ്ര വേശിക്കുന്നതിൽ നിന്ന് തടഞ്ഞിരുന്ന ആ നിയമമേത്.

ആദ്യം അഗസ്ത്യമുനിയും പിന്നെ തുവരികൈ കോമാനെന്ന് തമിഴിൽ വിളിക്കുന്ന ശ്രീകൃഷ്ണനും തീരുമാനിച്ചുറപ്പിച്ചതും, പിൽക്കാലത്ത് തോൽക്കാപ്പിയം പുറത്തിണൈ യിൽ ക്രോഡീകരിച്ചതും ആയ പുരാതനനിയമമാണ് ചേരന്മാർ ഖരവേലന്റെ പ്രചോദന ത്താൽ സലംഘിച്ചത്. 165 ബിസിയിലാണ് ഖരവേലൻ ദഭിണേന്ത്യയിലെ ചേരചോളപാ ണ്ഡ്ന്മാരുടെ ഒരുമയെക്കിറിച്ച് ഹബാത്തിഹുംബശാസനത്തിൽ കൊത്തിവെച്ചിരിക്കുന്നത് 232 ബിസിവരെ അശോകന്റെ കാലം. അതുകഴിഞ്ഞ് ഒരു നൂറ്റാണ്ടിനുശേം കതലിഗം ഉയിർത്തെഴുന്നേറ്റു. 165 ബിസിക്ക് 1300 വർഷം മുമ്പ് (1465 ബിസി) ദക്ഷിണേന്ത്യയിലെ 3 പ്രബലരാജാക്കന്മാർ പ്രാതചീനശാസനപ്രകാരമുണ്ടാക്കിയ കരാറുമൂലം ദക്ഷിണേന്ത്യ

ഒറ്റ ജനപദമായി ആർക്കും കീഴടങ്ങാതെ നിൽക്കുകയായിരുന്നു അത് തന്റെ സാമ്രാജ്യ വികസനത്തെ ബാധിക്കുന്നു എന്നും ഖരവേലൻ തന്റെ ശാസനത്തിൽ കൊച്ചിവെച്ചിട്ടു ണ്ട്. ഉടമ്പടിപ്രകാരം ഒരു രാജാവ് മറ്റൊരു രാജാവിനെ ആക്രമിച്ചാലും അവിടത്തെ ജന ജീവിതത്തിന് നാശം വരുത്തില്ല. ഖജനാവിൽ സംഭരിച്ച ധനം കൊള്ളയടിക്കാം. കപ്പം വാങ്ങാം കപ്പം തന്നില്ലെങ്കിൽ മാത്രം യുദ്ധം ചെയ്യാം. തോല്പിച്ച രാജാവിന്റെ രാജ്യം തിരിച്ച് അവരുടെ വംശക്കാർക്കു തിരിച്ചുകൊടുക്കണം. കൈവശം വെക്കരുത്. മഹാഭാര തത്തിൽ ജരാസന്ധവധത്തിനുശേഷം പുത്രനായ സഹദേവനെ രാജാവാക്കിയപോലെ. ഈ നിയമം ഖരവേലൻ ചേരപുത്രനെക്കൊണ്ട് ഭേദഗതി ചെയ്യിച്ചു. ലംഘിപ്പിച്ചു. ചേരപു ത്രൻ കീഴടക്കിയ കൊങ്ങുരാജ്യം. തിരിച്ചുകൊടുക്കാതെ കൈവശം വെച്ചു. വിളഞ്ഞ നെൽവയലുകളിൽ പതിരുവിതപ്പിച്ച് ഖരത്തെക്കൊണ്ട് (കഴുത) ഉഴുവിപ്പിച്ചു. വിളഞ്ഞു സമൃദ്ധമായ സമ്പദ്സമൃദ്ധമായ രാജ്യത്തെ, വംശത്തെ പതിരുവിതച്ച് ഖരവേല (കഴുത പ്പണി) ചെയ്യിച്ച ഉഴവനായി ചേരപുത്രനെന്ന് ദ്വയാർത്ഥത്തിൽ ശാസനത്തിൽ എഴുതിയി രിക്കുന്നു. പടിഞ്ഞാറേ സമുദ്രം വഴിയുള്ള വ്യാപാരം കയ്യടക്കാനാണ് തന്ത്രം. ചേരരാജാവ് ആ വലയിൽ വീണുപോയി. അതിന്റെ ഫലം കാലക്രമേണ ഘട്ടംഘട്ടമായി ചരിത്രം കണ്ടു. നിയമപാലകർതന്നെ നിയമലംഘകരായാൽ എന്തുസംഭവിക്കുമെന്ന് ഈ ചരിത്രം പഠിപ്പിക്കുന്നു. ഖരവേലനെ ചില ചരിത്രകാരന്മാർ ബുദ്ധമതക്കാരനെന്നു വിളിക്കുന്നു. അദ്ദേഹം ചെയ്തതെല്ലാം ബുദ്ധമതതത്വങ്ങൾക്ക് നിരക്കുന്നതായിരുന്നുവോ എന്ന് നോക്കാതെയാണിത്. (മൂഷകവംശവും ചേദിയും തമ്മിലുള്ള ബന്ധം സപ്തസൈന്ധവ മെന്ന പുസ്തകത്തിൽ നിന്ന് അറിയുക)

വാക്ക് അഗ്നിപോലെ ശുദ്ധമാണ്. ഏകാഗ്രമായ ബുദ്ധിയിൽ പ്രകാശിക്കുന്ന പ്രജ്ഞ യിൽ അഗ്നിജ്വലിപ്പിക്കുന്ന പരമപദം യോഗിയുടെ ലക്ഷ്യവും മാർഗ്ഗവുമാണ്. യോഗം, യോഗസൂത്രം, യോഗദർശനം മുതലായ പദങ്ങൾ കൊണ്ട് സ്വാനുഭവത്താൽ ജ്ഞാനം ഉണർത്തുന്ന പ്രായോഗികപദ്ധതിയാണ് ഉദ്ദേശിക്കുന്നത്. മനസ്സിന്റെ ജ്ഞാനപ്രാപ്തിക്കുള്ള മാർഗ്ഗമാണത്. തർക്കം കൊണ്ടോ പുസ്തകം കൊണ്ടോ മാത്രം അത് സാധിക്കയില്ല. ഇന്ദ്രി യപ്രത്യക്ഷങ്ങൾക്കെല്ലാമപ്പുറമാണ് യോഗപ്രത്യക്ഷം. 196 സൂത്രങ്ങളാണ് പാതഞ്ജലയോ ഗസൂത്രത്തിലുള്ളത്. (ബ്രഹ്മസൂത്രത്തിൽ 192 അധികരണം) സൂത്രമെന്നാൽ മാർഗ്ഗമെന്നു (technique, Method) മാത്രമല്ല നൂലെന്നും അർത്ഥമുണ്ട്. കൂട്ടിയിണക്കുന്ന നൂൽ രജ്ജു അഥവാ ചരട് നൂലിന് തമിഴിൽ വേദമെന്നാണ് അർത്ഥം. ഭഗവദ്ഗീതയിൽ സൂത്രേ മണി ഗണാ ഇവ എന്ന് പറയുന്നു. എല്ലാ ജ്ഞാനമൊഴിമുത്തുകളെയും സർവ്വപ്രപഞ്ചങ്ങളേയും ഒരൊറ്റ അദ്വൈത ചിന്തയുടെ നൂലിൽ കോർക്കുന്ന പൂർണ്ണപദ്ധതിയാണ് യോഗം. യുജ് (യോജിപ്പിക്കുക) എന്നർത്ഥം. സർവ്വത്തേയും ഒന്നായി യോജിപ്പിക്കുന്ന മനോരഞ്ജകമായ ലയയോഗം., ദൃശ്യവും ദർശകനും ദർശനവും സമ്പൂർണ്ണമായി ലയിക്കുന്നതാണ്. യോഗ ദർശനം. നവദ്വാരങ്ങളോടുകൂടിയ വിഷയോന്മുഖമായ ഇന്ദ്രിയപ്രത്യക്ഷങ്ങളെ സമ്പൂർണ്ണ മായി നിരോധിച്ച് (ചിത്തവൃത്തിനിരോധം) അതിന്നപ്പുറത്തെ അതീന്ദ്രിയലോകങ്ങളേയും ദർശിക്കുമ്പോഴാണ് കാണാനാവാത്ത പ്രതിഭാസങ്ങളിലേക്കു കൂടി ഉൾക്കാഴ്ച കിട്ടുക.

രാജയോഗവും പതഞ്ജലിയോഗവും മനസ്സിനെ ഗുണത്തിൽ നിന്ന് ത്രിഗുണാതീത ത്തിലേക്ക് നയിക്കുന്നു. മന്ത്രയോഗം,ധ്യാനയോഗം ഇവയെല്ലാം ഉൾച്ചേർന്നിരിക്കുന്നു. എട്ട് അംഗങ്ങളുള്ള മാർഗ്ഗമായതുകൊണ്ട് അഷ്ടാംഗയോഗമെന്നും പറയും. (യമം, നിയമം, ആസ നം, പ്രാണയാമം, പ്രത്യാഹാരം, ധാരണ, ധ്യാനം സമാധി ഇവ എട്ട് അംഗങ്ങളാണ്)

ഭക്തിയോഗം വികാര(പ്രേമ) പ്രാധാന്യമുള്ളവർക്കും ജ്ഞാനയോഗം മനനാന്വേഷണപ്രധാനികൾക്കും (ജിജ്ഞാസു) കർമ്മയോഗം ഇതു രണ്ടുമല്ലാത്ത ആളുകൾക്കുമാണ്. പൂർണ്ണരാജയോഗം ആത്മബലവും ഇഛാശക്തിയും ഉള്ളവർക്കുമാത്രം സാധിക്കുന്നു. മറ്റുസാധകരുടെ (ഭക്തിജ്ഞാനകർമ്മയോഗികളുടെ) ലക്ഷ്യവും പൂർണ്ണരാജയോഗപ്രാപ്തി തന്നെയാണ്. പുരുഷപ്രകൃതി (ദ്രഷ്ടാ, ദൃശ്യം) എന്നീ നിത്യാനിത്യങ്ങളെ വിവേചിച്ചറിയൽ ജ്ഞാനം, ഈ വിവേചനം പുരുഷന്റേയും പ്രകൃതിയുടേയും വിയോഗം ഉണ്ടാക്കുന്നതായി തോന്നാം. ആ വിയോഗം അഥവാ നിത്യാനിത്യവിവേകത്തിലാണ് പ്രകൃതിയുടെ ലയനമെന്ന ലയയോഗദർശനം സംഭവിക്കുന്നത്. വിയോഗത്തിൽ യോഗവും യോഗത്തിൽ വിയോഗവും ഒപ്പം സംഭവിക്കുന്നു.

ഓം ആദിവിദുഷേ കപിലായ നമഃ
ഐശ്വര്യജ്ഞാനവൈരാഗ്യധർമ്മ രൂപവിഭാസ്വതേ
രുദ്രായ വിഷ്ണവേകായ നമ ആദിശരീരിണേ
അശേഷസാംഖ്യയോഗാർത്ഥപ്രവക്താ അമിതധീർഋഷിഃ
ധർമ്മേമേഘാന്വിതഃസാന്തോ ജയതു ശ്രീപതഞ്ജ്ലി.

സാംഖ്യവും യോഗവും ആദ്യമായുപദേശിച്ച ഋഷി വിഷ്ണുവിന്റെ ആദ്യാവതാരമായ കപിലനാണ്. അതിനാലാണ് യോഗദൃഷ്ടിയെ കപിലാക്ഷമെന്നു വിളിക്കുന്നത്. ആചാര്യ പഞ്ചശിഖൻ ആദിവിദ്വാൻ നിർമ്മാണ ചിത്തമധിഷ്ഠായ കാരുണ്യാദ് ഭഗവാൻ പരമർഷിരാസുരയേ ജിജ്ഞാസമാനായ തന്ത്രം പ്രോവാച എന്നു പറയുമ്പോൾ തന്ത്രപദത്തിന് സാംഖ്യവും അതറിയാനുള്ള തന്ത്രവിദ്യയായ യോഗവുമാണ് ഉദ്ദേശിക്കുന്ന്ത്. സമാധിയിൽനിന്നാണ് നിർമ്മാണചിത്തം ഉണ്ടാവുന്നത്. സമാധി യമനിയമാദിയോഗാനുഷ്ഠാനം ചെയ്താലാണ് സിദ്ധിക്കുക. അതിനാൽ നിർമ്മാണചിത്തമെന്ന പദംകൊണ്ടുതന്നെ സമഗ്രമായ യോഗവിദ്യ ലക്ഷ്യമാക്കുന്നു. കപിലൻ യോഗവിദ്യയേയും ആന്വീക്ഷികീവിദ്യയിലാണ് ഉൾപ്പെടുത്തുന്നത്. സാംഖീയമായ ഭൂതതന്മാത്രാപദാർത്ഥങ്ങൾ യോഗജ്ഞപ്രജ്ഞ കൊണ്ടുതന്നെ സാക്ഷാത്കരിക്കാൻ കഴിയുമെന്നതിനാൽ സാംഖ്യ യോഗങ്ങൾ നിത്യസിദ്ധങ്ങളാണ് മഹാഭാരതം ശാന്തിപർവ്വത്തിൽ സാംഖ്യം, യോഗം ഇവയെ ഏകമായും പൃഥക്ത്വമായും പറയുന്നുണ്ട്. ആത്മജ്ഞാനം കൊണ്ടുഗമിക്കാവുന്ന കാണ്ഡം സാംഖ്യംഅതിനുള്ള സാധനാകാണ്ഡം യോഗം എന്ന് പൃഥക്തം പറയുന്നു. അവയുടെ പരസ്പരപൂരകാവസ്ഥ തെളിയിക്കുന്നു. പഞ്ചവിംശതിതത്ത്വജ്ഞാനം സാംഖ്യം സിഷയേഭ്യോ നിവൃത്ത്യാഭിപ്രേതേ അസോ മനസോ അവസ്ഥാ പന്ഥയോഗഃ എന്ന് ദേവലമഹർഷി (കൃത്യകല്പതരു. മോക്ഷാകാണ്ഡം) അർത്ഥശബ്ദത്താൽ സാംഖീയമായ ഭൂതതന്മാത്രകളാലുള്ള പര്യായങ്ങൾ ഗ്രഹിക്കണം. തത്വത്തെ നിദിദ്ധ്യാസനം ചെയ്യുന്നതിൽ മാത്രം ശ്രദ്ധാലുക്കളാണ് സാംഖ്യർ.

രുചിവൈചിത്ര്യം കൊണ്ടുള്ള ഭേദമല്ലാതെ തത്വത്തിൽ ഭേദമില്ല ഏകം സാംഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി (ഗീത 5.5) ആത്മവിദ്യ (അദ്ധ്യാത്മവിദ്യ) യാണ് സാംഖ്യം. അദ്ധ്യാത്യമയോഗാദിഗമേന ദേവം മത്വാ ധീരോ ഹർഷശോകൗ ജഹാതി (കഠം 1.2.12) സാംഖ്യപദത്തിന് വിദ്യ എന്നും അർത്ഥമുണ്ട് വിദ്യാമേതീം യോഗവിധീം ച കൃത്സനം (കഠം 2.6.18) സഗുണവും നിർഗ്ഗുണവുമായ ആത്മജ്ഞാനപ്രാപ്തിക്കുള്ള ഉപാസന (ഉപായം) ചിത്തിന്റെ ഏകാഗ്രത ഒന്നുമാത്രമാണ്. സാംഖ്യയോഗലബ്ധിക്ക് യോഗം

മാത്രമാണ് ഉപായം അഥവാ മാർഗ്ഗം. അദ്ധ്യാത്മചിന്താപരമായ വിവരണങ്ങളുള്ള വചനങ്ങൾ കാണുന്ന സ്ഥലത്തെല്ലാം സാംഖ്യദൃഷ്ടി ഉപലബ്ധമാണ്. യാജ്ഞവല്ക്യകൃതമായ അദ്ധ്യാത്മജ്ഞാനം സാംഖ്യംതന്നെയാണ്. യാജ്ഞവല്ക്യൻ സാംഖാനുയായിയാണ്. അദ്ധ്യാത്മവിദ്യ വിദ്യകളിൽ വെച്ച് ശ്രേഷ്ഠമാണ്. ആത്മതത്വം ശുദ്ധപുരുഷതത്വമാണ്. അദ്ധ്യാത്മപദവും അതുതന്നെ. ദ്രഷ്ടാവ്, ദൃശ്യം, എന്ന രണ്ടുമൂലരൂപങ്ങളായി ഗ്രഹിക്കപ്പെടുന്ന തത്വദർശം അവയുടെ ഐക്യം തന്നെയാണ് ആത്മവിദ്യ ദൃശ്യങ്ങളിൽനിന്ന് അതിന്റെ മൂലമായ അവ്യക്തം അഥവാ അദൃശ്യമായ പുരുഷന് പരമാണ്. അതുപോലെ നിഃശ്രേയസദൃഷ്ടിയിൽ ആത്മാവും ആത്മജ്ഞാനവും പരമാണ്. സർവ്വേഷാമപി ചനേഷാമാത്മജ്ഞാനം പരം സ്മൃതം (മനു 11.85) അയം തു പരമോധർമ്മോ യദ്യോഗേനാത്മദർശനം (യാജ്ഞ 1.8) ശ്രുതിമാത്രപുരുഷാന്തപരം കിഞ്ചിത് സാ കാഷ്ഠ സാ പരാ ഗതിഃ (കഠം 1.3.11)

ശുദ്ധമായ ചിത്ത് ആണ് ആത്മപദം. ത്രൈഗുണികരായ വ്യവഹാരികൾ ആത്മഭാവത്തിൽ ഗ്രഹിക്കുന്നത് അസ്മിതയോടുകൂടിയ ആത്മപദത്തെയാണ്. ആത്മം ഏഷ പ്രാണോ ജായതേ എന്ന് ശ്രുതിയിൽ അസ്മിതായുക്തമായ അഭിമാനിപുരുഷവിശേഷത്തെയാണ് ആത്മപദം കൊണ്ടുദ്ദേശിക്കുന്നത്. നിർഗ്ഗുണമായ ചിത്ത് ജന്മമെന്ന ക്രിയ കൊണ്ട് സഗുണമായി ഭവിക്കുന്നു. ആധാരമായ ഈ മഹത്തത്ത്വമെന്ന സൃഷ്ടിയെ പഞ്ചശിഖൻ അണുമാത്ര ആത്മാ (2136 വ്യാ. ഭാ. പഞ്ചശിഖവാക്യം 5) എന്നു പറയുന്നു. ചിദ്ചിത്വിഷയകമായ സർവ്വവും താത്വികവും സമാധിജവും ജ്ഞാനം അഥവാ ആത്മജ്ഞാനപദവാച്യവുമാണ്. ശുദ്ധാത്മതത്വവിജ്ഞാനം സാംഖ്യമിത്യഭിധീയതേ. സാംഖ്യം പ്രകുർവ്വതേ ചൈവ പ്രകൃതീം ച പ്രചക്ഷതേ, തത്വാനി ച ചതുർവ്വിംശാത് തേന സാംഖ്യാഃപ്രകീർത്തിത അതിനാൽ ആത്മജ്ഞാനവും ആത്മജ്ഞാനപര്യന്തഭൂതമായ സർവ്വവിദ്യയും സാംഖ്യവിദ്യ തന്നെയാണെന്ന് ഗ്രഹിക്കാം.

സാംഖ്യയോഗവിദ്യാവൈശിഷ്ട്യം

സാംഖ്യയോഗിയായ ദേവലൻ ഏതൗ സാംഖ്യയോഗൗ ചാധികൃത്യ യൈര്യുക്തിതഃ സമയതശ്ചപൂർവ്വപ്രണീതാനി വിശാലാനി ഗംഭീരണി തന്ത്രാണീഹ സംക്ഷിപ്യ ഉദ്ദേശ്യതോ വക്ഷ്യന്തേ എന്ന് പറഞ്ഞിരിക്കുന്നു. (യാജ്ഞവല്ക്യഃ പ്രായശ്ചിത്താധ്യായം 109 അപരാർക്കടീകാ 5) സാംഖ്യയോഗവിദ്യകൊണ്ട് സർവ്വദുഃഖനാശം സംഭവിക്കുന്നു. ദുഃഖം ദുഃഖകാരണം എന്നിവ അവയെക്കുറിച്ച സമഗ്രജ്ഞാനത്താൽ സമ്പൂർണ്ണമായി നശിക്കുന്നു. ദുഃഖകാരണം അറിയാത്തവന് ദുഃഖത്തെ നിരോധിക്കാൻ ശക്തിയുണ്ടാവുകയില്ല. ദുഃഖകാരണവും അതിനെ നിരോധിക്കുന്ന വിധവും വ്യക്തമാക്കിത്തരുന്ന ആന്വേഷികീ പദ്ധതിയാണത്. പ്രമേയജ്ഞാനവും പ്രയോഗപരീക്ഷണബലവും ഉണ്ടാവുമ്പോൾ സാധനാബലം ലഭിക്കുകയും ദുഃഖം ഒഴിയുകയും ചെയ്യും. അതിനാൽ നാസ്തി സാംഖ്യസമം ജ്ഞാനം നാസ്തി യോഗസമംബലം എന്ന് പറയുന്നു (ശാന്തിപർവ്വം 316.2) അതിനാൽ സാംഖ്യം സമൃഗ് ദർശനമാണ്. തത്വദർശനോപായമാണ് യോഗമെന്നതു പ്രസിദ്ധമാണ്. (ശാരീരിക 2.1.3.5) സാംഖ്യയോഗശാസ്ത്രം അതിനാൽ ചതുർവ്യൂഹമായി അഭ്യുപഹതമാണ്. വ്യാസഭാഷ്യത്തിൽ യഥാ ചികിത്സാശാസ്ത്രം ചതുർവ്യൂഹം ഏവമിദപി ശാസ്ത്രം ചതുർവ്യൂഹമേവ. തദ് യഥാ-സംസാര, സംസാരഹേതു. മോക്ഷ, മോക്ഷോപായ (2.16)

യോഗാംഗങ്ങൾമോക്ഷോപായഭൂതങ്ങളാണ്. അവയുടെ അനുഷ്ഠാനജ്ഞാനാർത്ഥമാണ്. ചിത്താദികളായ അവിദ്യകളുടെ ജ്ഞാനം കർമ്മാദികളുടെ വിജ്ഞാനം, അഭ്യാസവൈരാഗ്യസ്വരൂപമായ ചേത്യാദികളായ അസാധാരണ വിഷയജ്ഞാനം ഇവയെല്ലാം പ്രധാനാദികളായ പദാർത്ഥങ്ങളുടെ ഉപന്യാസവും വിചാരവും സാംഖ്യവിദ്യയിലെ അസാധാരണവിഷയജ്ഞാനമാണ്. ഈ ശാസ്ത്രത്തെ ന്യായോപജീവിതത്വത്താലാണ് പ്രതിപദം ശബ്ദപ്രമാണത്തിന്റെ അപേക്ഷ പ്രവർത്തിക്കുന്നത്. കഥാവശിഷ്ടമായിട്ടും സാംഖ്യയോഗശാസ്ത്രം സമഗ്രവിദ്യയാണെന്ന് ബോധിപ്പിക്കാൻ സമർത്ഥമാണ്. തത്വത്തെ വിശകലനം വിശ്ലേഷണം ചെയ്ത് അനവധി അവാന്തരപദാർത്ഥജ്ഞാനവും സാംഖ്യം സാക്ഷാത്കൃതമാക്കുന്നു. പ്രമേയഗതമായ സർവ്വ വിശേഷവും ശബ്ദാനുമാനങ്ങളാൽ അറിയാവുന്നവയാണ്. ഇപ്രകാരം ഭൂതാദികളുടെ പ്രത്യക്ഷീകരണം ആവശ്യമാണ്. പ്രത്യക്ഷോപലബ്ധികൊണ്ട് ജിജ്ഞാസക്ക് നിവൃത്തിയുണ്ടാവുന്നു എന്നാണ് ന്യായാനുസാരിണിയായ ദൃഷ്ടി. .യോഗസൂത്രത്തിൽ സമാനൻ ഉദാനൻ എന്നിവയുടെ ജയഹേതുകമായ ഫലം പറഞ്ഞിട്ടുണ്ട്. (3.36.40) പ്രാണൻ, അപാനൻ, വ്യാനൻ ഇവയുടേത് പറഞ്ഞിട്ടില്ല. പറയാത്ത ഫലങ്ങൾ യുക്തിയാൽ സാമാന്യജ്ഞാനമായി ഭവിക്കുന്നു. അഭ്യാസം കൊണ്ടേ കൃത്സനമായ ജ്ഞാനം സാധിക്കുകയുള്ളൂ. യോഗസൂത്രം അതിനുള്ള അനുഷ്ഠാനഗ്രന്ഥമാണ്. പ്രാണായാമാദികൾ പറയാനുള്ളതല്ല അഭ്യസിക്കാനുള്ളതാണ്.

സാംഖ്യയോഗവിദ്യാപ്രവർത്തനം

ഗ്രാഹ്യം, ഗ്രഹണം, ഗ്രാഹകനെന്ന മൂന്നു വർത്തമാനപദാർത്ഥങ്ങളെ യോഗബലത്താൽ സാക്ഷാത്കരിച്ചാൽ സർവ്വദുഃഖങ്ങളേയും പൂർണ്ണമായി നശിപ്പിക്കാം. നിരോധകാലത്തിൽ ജ്ഞാതാവായ പുരുഷൻ ദുഃഖധാരഭൂതബുദ്ധിയിൽ നിന്ന് വേർപ്പെട്ട് സ്വരൂപത്തിൽ അവതിഷ്ഠമായിരിക്കുന്നു. സ്വരൂപജ്യോതിയിൽ അമലവും കേവലവുമായി ഭവിക്കുന്നു. നിരോധത്തിൽ തത്വജ്ഞാനം അന്തരാത്മാവിൽ ശാശ്വതികമായി ഭവിക്കുന്നു. ഇപ്രകാരം ആന്തരീയമായ യോഗമാണ് സാംഖ്യം. വൈകല്പികവും അവാസ്തവവുമായ തത്വജ്ഞാനം കൊണ്ട് ദുഃഖം നശിക്കുകയില്ല. സാംഖ്യയോഗപ്രമേയം സാക്ഷാത്കാരയോഗ്യമാണ്. അതിന്റെ ഭൂതപദാർത്ഥങ്ങളാണ് സ്ഥൂലസൂക്ഷ്മകാരണദ്രവ്യഗതമാണ്. കേവലമായ ശ്രുദ്ധികൊണ്ടും തർക്കം അഥവാ മനനംകൊണ്ടും യോഗം ആന്തരികജ്ഞാനമായി ഉദിക്കുന്നു. സമാധിചിതിശക്ത്യാദികൾ അലൗകികപദാർത്ഥങ്ങളാണ്. അവയുടെ ജ്ഞാനം ലൗകികപ്രത്യക്ഷാധീനമല്ല. ചിത്തം,സ്ഥൈര്യം എന്നീവിശേഷങ്ങൾക്ക് അധീനമാണ്. ഇതരധാന്ധപരസ്പരേതി ന്യായത്താൽ മഹത്ത് മുതലായ ആദ്യനാമങ്ങൾ ഉപദേശിക്കുന്നവർ സാക്ഷാത്കാരിപ്രജ്ഞാസമ്പന്നരാണ്. അലൗകികപദാർത്ഥവിവരണപരത്വത്താൽ അദ്ധ്യാത്മവിദ്യ മുക്തചിത്തർക്ക് മാത്രമേ ഉപദേശിക്കാൻ സാധിക്കൂ മുക്തിയെപ്പോലെ മുക്തചിത്തപരമ്പരയും അനാദിയാണ്. സർവ്വകാലത്തിലും മുക്തിശ്രവണം ഉണ്ട്, മോക്ഷസാധനഭൂതമായ അദ്ധ്യാത്മവിദ്യ അനാദികാലമായി പ്രവർത്തിക്കുന്നു എന്ന യോഗികളുടെ ദൃഷ്ടി അതിനാൽ ശാസ്ത്രാനുസാരിണിയാണ്. വസ്തുനാം ജാതിരനാദി മൂലകാരണാനാം നിത്യത്വാത് തസ്മാദ് ബദ്ധജാതീയകം തഥാ ച മുക്തജാതീയകം ചിത്തമനാദി (ഭാസ്വതി 1.24) മുക്തചിത്തപദത്താൽ സർഗ്ഗാദിജന്മം ഹിരണ്യഗർഭൻ ഗ്രഹിച്ചു. അതിൽ അഭിധ്യാനപരായണരായവർക്ക് സർഗ്ഗാദികാലത്ത് മുനികൾക്കെന്നപോലെ തത്വജ്ഞാനലാഭം ദർശിക്കാവുന്നതാണ്. ഏതുകാലത്തും മനുഷ്യസർഗ്ഗ

ത്തിലും വിദ്യ ഉത്സർഗ്ഗാപവാദരീതിയിൽ മനുഷ്യഹിതാർത്ഥമായി ആന്വീക്ഷികീമാർഗ്ഗത്തിൽ സാധനയോടുകൂടി കപിലമുനിയാൽ പ്രോക്തമായി. ഭഗവാനാൽ പൂർവ്വപ്രചലിതമായ ആത്മജ്ഞാനം വീണ്ടും ഉദ്ധരിക്കപ്പെട്ട് ഉപദേശിക്കപ്പെട്ടു. ഈ പ്രഥമാസാംഖ്യമെന്ന സമ്യഗ്ദർശനം ഋഷിസമാജത്താൽ ആദ്യമായി സാംഖ്യം എന്ന് നാമകരണം ചെയ്യപ്പെട്ടു. ആദിമസിദ്ധരാൽ ഉപദേശിക്കപ്പെട്ട സത്യതത്വം നഷ്ടപ്രായമാവുമ്പോൾ വർത്തമാനകാലത്തെ സിദ്ധരുടെ ചിത്തത്തിൽ അത് പൂർണ്ണമായി പ്രകാശിച്ച് ദർശിക്കപ്പെടുന്നു. അങ്ങനെയാണ് പതഞ്ജലലിപ്രഭൃതികൾ ഈ ശാസ്ത്രംദർശിച്ച് അനുശാസിക്കാൻ ഇടയായത്. അല്ലാതെ പതഞ്ജലിയുടെ ശാസ്ത്രം മുമ്പില്ലാത്ത (അപൂർവ്വം) ഒന്നിന്റെ പുതുസൃഷ്ടിയല്ല.

സാംഖ്യവിദ്യയിലെ പ്രമാണങ്ങൾ

പ്രത്യക്ഷമനുമാനം ച തഥാ ച വിവിധാഗമം, ത്രയം, സുവിദിതം കാര്യം (മനു.12.15) ഇതുതന്നെ സാംഖ്യയോഗികൾക്കും പ്രമാണം. ലൗകികപ്രത്യക്ഷം. (യാന്ത്രികപ്രത്യക്ഷം അഥവാ ടെക്നോളജി കൊണ്ടു കാണുന്നതും ലൗകികപ്രത്യക്ഷമാണ്.)ധ്യാനജപ്രത്യക്ഷം ആയ അദ്ധ്യാത്മവിദ്യം ഇവയെ സാംഖ്യം പ്രത്യക്ഷമെന്നു വിളിക്കുന്നു. യോഗശാസ്ത്രത്തിൽ നാഡി മുതലായവയിലൂടെ ലഭിക്കുന്ന പ്രത്യക്ഷാനുഭവവിവരണങ്ങളെല്ലാം ധ്യാനജപ്രത്യക്ഷങ്ങളാണ്. മഹർഷിമാർ സ്വീയമായ വേദനങ്ങൾ ശാസ്ത്രരൂപമായി പ്രകാശിപ്പിക്കുന്നു അവയെ പിന്നീടുവരുന്ന ശാസ്ത്രജ്ഞന്മാർ പ്രമാണമായി സ്വീകരിക്കുന്നു. സുചിന്തിതമായ അഭിപ്രായങ്ങൾ ഇപ്രകാരം സാംഖ്യയോഗത്തിൽ ഉൾപ്പെടുന്നു അഗ്നി, വായു, മുതലായ ദേവതകളുടെ സ്വരൂപമായ ഐശ്വര്യതത്വജ്ഞാനവും പെട്ടെന്ന് മനസ്സിലാവുന്നവയല്ല. (സുഖാവബോധമല്ല) ആരണ്യകങ്ങളിൽ മുഖ്യമായി പ്രാണവിദ്യയും ഉപനിഷത്തുകളിൽ സഗുണമൈശ്വര്യയുക്തവും നിർഗ്ഗുണമീശ്വരാതീതവും ആയ വസ്തുക്കളുടെ വർണ്ണനയും കാണാം. ഇവയുടെ ഉപപത്തിക്ക് സാംഖ്യയോഗം ഒന്നുമാത്രമാണ്, കരണീയം. ഈശാവാസ്യമിദം സർവം മുതലായ ശ്രുതികൾക്ക് കാര്യകാരണോപദർശകയുക്തിലക്ഷണബലത്താൽ പ്രമാണീകരണം സാംഖ്യയോഗം സാധിക്കുന്നു. സദ്ഭൂതമായ വസ്തുസാക്ഷാത്കൃതമായി ഭവിക്കുന്നു. അതിന്റെ അസ്തിത്വസ്വരൂപാദികൾ ന്യായത്താൽ ഉപപാദനീയമാണ്.

സാംഖ്യയോഗവിദ്യാന്വീക്ഷീകിപഥത്താൽ മഹർഷിസമാജത്തിൽ പ്രചരിച്ച ജ്ഞാനം പഞ്ചശിഖപതഞ്ജലി പ്രഭൃതികൾ അതാതുകാലത്ത് വീണ്ടും പ്രചരിപ്പിച്ചു. തത്വസാക്ഷാത്കാരം കിട്ടിയ മഹർഷിമാരുടെ (ശാസ്ത്രജ്ഞരുടെ)ദർശനം പ്രമാണമായി സമഷ്ടിജനങ്ങളുടെയും ദർശനമായിത്തീരുന്നതിന് ന്യായവും തർക്കവും സഹായിച്ചു. അന്യായമായി ഒന്നുംതന്നെ സാംഖ്യവിദ്യയിൽ കാണുകയില്ല. സാംഖ്യം തു മോക്ഷദർശനം (ശാന്തി 300.5) ഉപപത്തിപൂർവ്വകമായ കഥനം അതിന്റെ പ്രത്യേകതയാണ്. കഥം അസത: സജ്ഞായതേ മുതലായ ചോദ്യങ്ങൾ ഉദാഹരണമാണ്. യാജ്ഞവല്ക്യൻ കർമ്മത്തിന്റെ ഉപപത്തി ആത്മസത്തയിലാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. (ബൃഹദ് 4.5.1 ശാ ബ്രാ) മനു അനുമാനത്തെ ഉപയോഗിക്കുന്നു. (12,1.6) ആന്വീക്ഷികിയെ യോഗികളും ഉപയോഗിക്കുന്നുണ്ട്. അലിംഗാം പ്രകൃതിം ത്യാഹുർല്ലിംഗൈരനുമിമീമഹൈ (ശാന്തി 3.3.47) ഏവമപ്യനുമാനേ ഹ്യലിംഗമുപലഭ്യതേ (ശാന്തി 3.5.27) അനുമാനാത് വിജാനീമഃപുരുഷം സത്യ

സംശയം (അശ്വഃ 48.6) ആത്മാ വാ അരേ ശ്രോതവ്യോമന്തവ്യഃ(ബൃഹ 4.5.6) ബ്രഹ്മസ്വരൂപം അചിന്ത്യമാണ്. സർവ്വദൃശ്യധർമ്മശൂന്യത്വത്താൽ എന്നാലും ബ്രഹ്മം അസ്തി (ഉണ്ട്) എന്ന് തർക്കത്താലും പരീക്ഷണത്താലും ചിന്ത്യമായി നാം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ശ്രുതി പുരുഷ ഇതി ചിന്ത്യം എന്നും പറയുന്നു (ശ്വേത 1.2) അനുമാനവിഷയത്തിൽ അതിന്റെ സാമാന്യം ഇപ്രകാരം വിജ്ഞേയമാണ്. സർവ്വത്തിലും പ്രകൃതിപുരുഷാദികളിൽ സത്താനുമാനത്താൽ ഇപ്രകാരം നിശ്ചയിക്കാനാവും. എന്നാൽ അനിമനതപ്രമേയഗതവും സർവ്വത്തിലും സൂക്ഷ്മമായി വിശേഷമായിരിപ്പതിനെ അവഗമിപ്പാൻ സാധിക്കുന്നതുമല്ല. ധർമ്മബ്രഹ്മവിഷയൗനാനുമാനഗമ്യൈൗ എന്ന് മതം. അവയിൽ ആർഷദൃഷ്ടിപ്രത്യക്ഷം തന്നെ വേണം. നിർഗ്ഗുണവും സർവ്വവികാരബീജവുമായ പുരുഷതത്വം സാംഖ്യയോഗവിദ്യയാൽ വ്യക്തമാക്കപ്പെടേണ്ടിയിരിക്കുന്നു ആത്മജ്ഞാനാർത്ഥം ന്യായം പഠിക്കേണ്ടത് ധീരന്മാർക്ക് അത്യാവശ്യമാണെന്ന് സ്ഥാപിക്കാനാണ് ഷഷ്ഠിതന്ത്രശാസ്ത്രത്തിൽ അനുമാനാദികളുടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. ആഗമനാനുമാനേന ധ്യാനാഭ്യാസരസേചനച മന്തവ്യമാണ് സത്യം.

സാക്ഷാത്കാരം അനുഭവമാണ്.. വിശേഷ്ജ്ഞാനപ്രധാനമാണ്. സമ്യക്കായി ശബ്ദത്താൽ അഭിധീനമാകാത്തതും വിശേഷേണ കൃതസങ്കേതമല്ലാത്തുമാണ് ശബ്ദം.. തത ഏവ ഋതംഭരാ പ്രജ്ഞാശ്രുതാനുമേയപ്രജ്ഞാഭ്യാ മന്യവിഷയേതി യോഗവിദഃ (യോഗസൂ.46) സമാധിപ്രജ്ഞയിലാണ് വിശേഷജ്ഞാനം. അതിനാൽ യോഗജ്ഞാനാനുഭവമാണ്. സ്ഥൂലമായ വാക്കുകൾകൊണ്ട് സൂക്ഷ്മമായി അനുഭവിച്ചറിയണം. ദ്രഷ്ടാ, ദൃശ്യം സത്കാര്യവാദം ഇവയാലറിയുന്ന ശ്രുത്യർത്ഥത്തിന് മനനം വേണമല്ലോ. ആ മനനഫലമാണ്. ഉത്തരമീമാംസയിലെ സ്ഥൂലവാക്കുകൾ പാരമ്പര്യഭ്രംശത്താൽ കാലപ്പോക്കിൽ യോഗവിദ്യയിൽ കടന്നുകൂടുന്ന ദോഷങ്ങൾ ദ്രഷ്ടാവായ ജ്ഞാനി ന്യായബലം കൊണ്ട് മനനം ചെയ്ത് അറിഞ്ഞ് സ്വയം അവയെ ഉപേക്ഷിക്കുന്നു. ഈ മനനപ്രക്രിയയാണ് ഉത്തരമീമാംസയിൽ നാം കാണുന്നത്. അത് അതാതുകാലത്തെ സാംഖ്യജ്ഞാനികൾ ചെയ്യുന്ന ഒരാന്തരപ്രക്രിയയുടെ രേഖപ്പെടുത്തലാണ്. പിൽക്കാലത്ത് വരുന്നവർക്ക് ഉപകരിക്കാനാണിത്.

സാംഖ്യായോഗവിദ്യാപ്രമേയനിർദ്ധാരണദൃഷ്ടി

ഏതുവിദ്യക്കും ആദ്യത്തിൽ മൂലഭൂതങ്ങളായി രണ്ടു പദാർത്ഥങ്ങൾ വേണം. ഒന്ന് ദ്രഷ്ടാവ്, മറ്റേത് ദൃശ്യം, ദൃശ്യം ബഹുവികാരബീജവും പരിണാമശീലവും ചിത് സംയോഗത്താൽ ബഹുധാ പരിണമിക്കുന്നതുമാണ്. വികാരങ്ങൾ സത്കാര്യവാദദൃഷ്ടിയെ ആശ്രയിച്ചുമാത്രമേ വ്യാഖ്യാനിക്കാനാവൂ. മൂലഭൂതമായ നിമിത്തം പുരുഷനാണ്. ഇഛാദികളായ അന്തഃകരണധർമ്മങ്ങൾ അമൗലികങ്ങളായ ഗൗണങ്ങളായ നിമിത്തങ്ങൾ സ്ഥൂലവികാരോൽപന്നങ്ങളായവയോ ഗ്രഹിക്കുന്നു. ഈശ്വരസങ്കല്പസംഭൂതമായാണ് ഈ ജഗത്ത് എന്നത് താത്വികദൃഷ്ട്യാ സത്യമാണ്. അതിനെ ഹിരണ്യഗർഭന്റെ അന്തഃകരണം ഗ്രഹിക്കുന്നു. ബ്രഹ്മാണ്ഡത്തിന്റെ സാക്ഷാൽഉപാദനം കാലവ്യാപിദ്രവ്യമാണ് എന്നതാണ് സാംഖ്യന്യായം. ഈശ്വരന്റെ അന്തഃകരണം ത്രൈഗുണികമാണ്. അതിന്റെ അസ്തിഗുണം എന്ന സത്യമാണ്. സർവ്വോപാദാനം ഗുണവൈഷമ്യരൂപമാണ് ജഗത്ത്. ജൈവസ്ഥൂലാന്തഃകരണസമ്പർക്കത്താൽ ജഗത്ത് പാഷാണം മുതൽ മനുഷ്യൻവരെയുള്ള അനേകരൂ

പമായി അവഭാസിക്കുന്നത് മായാൽമാത്രമാണ് എന്ന് സാംഖ്യയോഗദൃഷ്ടിയിൽ ഗ്രഹിക്കണം. ഭഗവാൻ വാർഷഗണ്യൻ പറഞ്ഞു. ഗുണാനാം പരമം രൂപം ന ദൃഷ്ടിപഥമൃഛതി യത്തു ദൃഷ്ടിപഥം പ്രാപ്തം തന്മായേവ സുതുഛകം (യോഗഭാഷ്യം 4.13)

ദ്രഷ്ടാവ്, ദൃശ്യം, സത്കാര്യവാദം ഇവയെ ആശ്രയിച്ച് സാംഖ്യയോഗി പദാർത്ഥങ്ങളെ ഉപന്യസിക്കുന്നു. 1. വ്യക്താവ്യക്തരൂപത്തിൽ 2. പ്രകൃതി, പ്രകൃതിവികൃതി, വികൃതി, അപ്രകൃതിവികൃതിരൂപത്തിൽ എന്നിങ്ങനെ. പ്രകൃതി മഹദഹംകാരാദി പഞ്ചവിംശതിപദാർത്ഥരൂപേണ പ്രസിദ്ധമായ പദാർത്ഥഗണനാരീതി അതിന്റെ ഗണനാപ്രകാരവിശേഷങ്ങൾ പ്രാണാദികളുടെ പൃഥഗനുല്ലേഖങ്ങൾ ഇവയൊക്കെ സാംഖ്യജ്ഞാനദൃഷ്ടിഫലങ്ങളാണ്. വിലക്ഷണമായതുകൂടി ഗണനാപ്രകാരത്താൽ മഹത്തായി ഭവിക്കുന്നു. ഇത് ദ്രഷ്ടാ ദൃശ്യം സത്കാര്യവാദം ഇവയെ ആശ്രയിച്ചാണ്. സാധനാദൃഷ്ടിഭേദം, വിഭാജകത്വഭേദം, ഇവയെ ആശ്രയിച്ച് ഇന്ദ്രിയാദികളുടെ മതഭേദം ആചാര്യന്മാരിൽ നാം കാണുന്നു. എന്നാൽ അതിൽ മതവിരോധം കല്പനീയമല്ല. വ്യാപഹാരികമായ ഭേദങ്ങളല്ലാതെ താത്വികമായി സത്യത്തിൽ അവർ തമ്മിൽ വിരോധമില്ല. ലൗകീക ദൃഷ്ടിക്ക് അങ്ങനെ തോന്നുമെങ്കിലും. ഇപ്രകാരം സർവ്വത്ര കാര്യകാരണഭാവത്തെ ആപേക്ഷികതയായി അറിഞ്ഞ് കിം കാരണം ആപേക്ഷികം ചരം വേത്തി എന്നു വിചാരിച്ച് തത്വത്തെ നിർദ്ധാരണം ചെയ്യേണ്ടതുണ്ട്. ഘടത്തിന്റെ കാരണം കുലാലചക്രമാണോ, മൃത്തികയാണോ രണ്ടുമാവാം. പക്ഷേ, മൃത്തിക എന്നത് കൂടുതൽ സാധുവാണ്. എന്തുകൊണ്ട് ഈ വിധത്തിലാണ് സാംഖ്യയോഗത്തിലെ വിചാരധാര. ഈശ്വര പ്രതീകമാണ് ഈ ജഗത്തെന്ന സാംഖ്യാനുമതം ഈ സാധനയാലാണ്. എന്നാൽ ത്രിഗുണമാണ് മൂലമായ ഉപാദാനകാരണമെന്ന് സാംഖ്യം കണ്ടെത്തുന്നു. ശങ്കരാദികൾ ഈശ്വരാന്തഃകരണം വിശ്ലേഷയോഗ്യമല്ല. എന്നുപറയുന്നത് അതിന് മനുഷ്യമനസ്സിനുള്ള അശക്തി കാരണമാണ്. സിദ്ധേശ്വനും പരമർഷിയുമായ കപിലന് അത്തരമൊരുശക്തി സംഭവ്യമല്ലായ്കയാൽ വിശ്ലേഷണം ചെയ്യാനാവുന്നു. നിയതദൃഷ്ടിയെ ആശ്രയിച്ചാണ്. സാംഖ്യശാസ്ത്രം പ്രവർത്തിക്കുന്നത്. അദൃഷ്ടങ്ങളും ജ്ഞാതവ്യങ്ങളും അനുക്തങ്ങളുമായ അനേകവിഷയങ്ങൾ അതുകൊണ്ടുവേണം അറിയാൻ. സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയായ അവ്യക്തത്തേയും അതിനാൽ സാംഖ്യകാരിക നിർദ്ധാരണം ചെയ്തിട്ടുണ്ട്. വ്യക്താവ്യക്തവിഷയത്തിൽ വിശേഷണങ്ങളിൽ സ്വരൂപഗർഭത്തിലാണ് ജ്ഞാനം ഉദിക്കുന്നത്. പ്രകൃതിയുടെ സാമ്യാവസ്ഥ അവഗണമ്യമാവുന്നത് അങ്ങനെയാണ്. സാംഖ്യസപ്തതിശബ്ദത്തിൽ അവ്യക്തം ഗുണസാമ്യലക്ഷണമാണ്, ഏതേന ഭൂതേന്ദ്രിയേഷ്ഠ ധർമ്മലക്ഷണാവസ്ഥാപരിണാമാഃവ്യഖ്യാതാഃ (പതഞ്ജലി 3.13) ഏകാഗ്രതയിൽ ചിത്തവൃത്തിനിരോധം ചെയ്ത് സമാധിയിലാണ് വ്യക്ത ത്തിലേക്കുള്ള പരിണാമ ജ്ഞാനം ലഭിക്കുന്നത് (3.6.12)

സാംഖ്യയോഗവിദ്യയിലെ മുഖ്യതത്വങ്ങൾ

1. സംസാരം : സംസാരം ദുഃഖബഹുലമാണ്. പരിണാമതാപസംസ്കാരദുഃഖഗുണവൃത്തിവിരോധങ്ങളുള്ളതാണ്. സ്വർഗ്ഗലോകത്തും സത്യലോകത്തും ഒക്കെ ദുഃഖമുണ്ട്. അതിനാൽ നാശവുമുണ്ട്. ലൗകികരായ അനുശ്രവികരാൽ ഉപായങ്ങളാൽ ദുഃഖത്തിന്റെ ആത്യന്തികനാശത്തിനുള്ള പരിശ്രമമാണ് കർത്തവ്യം.

2. വിജ്ഞാതൃത്വം ദ്രഷ്ടത്വം, ഭോക്തൃത്വം. സ്വരൂപാവസ്ഥാനം കൈവല്യം ഇവയുടെ ജ്ഞാനാനുഭവത്താൽ ദുഖത്തിന്റെ അത്യന്തവിമോക്ഷരൂപമായ അപവർഗ്ഗം സംഭവിക്കുന്നു.

3. ചിത്തവൃത്തിനിരോധത്തിന് യോഗം കൂടിയേ തീരൂ. യോഗബലം കൊണ്ട് ഐശ്വര്യാദികൾ ഭവിക്കുന്നു. അവ കൈവല്യത്തിനുള്ളതാണ്.

ധർമ്മജ്ഞാനവൈരാഗ്യശ്വര്യതാരതമ്യഭേദങ്ങളാകുന്ന അസംഖ്യേയപ്രകാരങ്ങളാൽ ജീവന്മാർ സ്വന്തം പുരുഷാർത്ഥസിദ്ധിക്കായി യഥായഥം പ്രവർത്തിക്കുന്നു.

4. അനാദികാലമായി സംസാരവും സംസാരത്തിൽ ബദ്ധപുരുഷനുമുണ്ട്. സൃഷ്ടിയിൽ പ്രസ്ഫുടകരണാത്മകമായ പ്രലയത്തിൽ ജീവന് ലീനമായിരിക്കുന്നു കൃമിമുതൽ ഹിരണ്യഗർഭൻവരെയുള്ള ദേഹങ്ങൾ ധരിച്ച് ജനിമൃതികളോടെ ആവർത്തിക്കുന്നു.

5. പ്രത്യഗ് ചേതനയോടുകൂടിയ ജീവന് സ്വബുദ്ധിസംയോഗം അനാദ്യവിദ്യാഹേതുകമാണ്. ദൃശ്യം, ദ്രഷ്ടാവ് എന്നത് അത്യന്തം സങ്കീർണ്ണവും ദേശകാലാതീതവും ആയ ഒന്നിനെ കാലത്തോട് സംയുക്തമായി കല്പ്പിക്കുന്നതാണ്. വിദ്യയാൽ ബുദ്ധിപുരുഷവിയോഗദർശനത്താൽ അവിദ്യാഹേതുകത്വമായ സംയോഗത്തെ സങ്കല്പിക്കുന്നു.

6. കർമ്മം അനാദി. അവിദ്യ അനാദി. ജന്മപരമ്പരയും അനാദി. കൃതാർത്ഥമായ പുരുഷംപ്രതി ദൃശ്യം എന്ന ഭേദം നഷ്ടമാവുന്നു. അകൃതാർത്ഥമായ പുരുഷന് ദൃശ്യം നഷ്ടമാവുന്നില്ല.

7. പുരുഷനാണ് ജഗത്സർജ്ജകൻ. അഥവാ സൃഷ്ടാവ്. ഏതാദൃശപുരുഷന്മാർ അസംഖ്യമാകയാൽ ബ്രഹ്മാണ്ഡങ്ങളും അസംഖ്യമാണ്. ജഗത്ത്വ്യാപാരനിർമ്മുക്തനായ പുരുഷന് ക്ലേശകർമ്മ വിപാകങ്ങൾ ആശ ഇവയൊന്നുമില്ല. വിദ്യാമൂലമായ നിർമ്മാണചിത്തം മാത്രമേ ഉള്ളൂ. ഉപാധിയും അനാദിയാണ്. ജഗത് സൃഷ്ടാവായ പുരുഷനും ശ്രുതി ഹിരണ്യഗർഭാക്ഷരാദിപദത്താൽ നാമകരണം ചെയ്തിരിക്കുന്നു. ഹിരണ്യഗർഭന്റെ ഐശ്വര്യസംസ്കാരത്താൽ ഭൂതാദ്യഭിമാനതയാൽ ബ്രഹ്മാണ്ഡം ആവിർഭവിക്കുന്നു അവിദ്യായുക്തനായ അക്ഷരപുരുഷൻ സമാധിവിശേഷബലത്താൽ സർവ്വജ്ഞനും സർവ്വാധിഷ്ഠാതാവുമായിത്തീരുന്നു.

8. സർവ്വവിധൈശ്യര്യവിനിർമുക്തനും ചിദ്രുപവുമായ പുരുഷന് അക്ഷരാത് പരതഃ പരതഃ എന്ന ശ്രുതിയാൽ വിഖ്യാതനാണ്. ആ ചിന്ത്യു അപ്രാണ അമന, അവ്ചപദ്ശേയു അലക്ഷണനാണ്. ബഹുജീവന്മാരെ ദർശിക്കയാലും അവരുടെ ജന്മാദിവ്യവസ്ഥയാലും പുരുഷനും ബഹുവാണ്. പുരുഷന്റെ അഖണ്ഡൈക്യസ്വരൂപം ദേശകാലാതീതമാണ്. അത് പ്രകൃതിയുമല്ല വികൃതിയുമല്ല.

9. ഏകയും ത്രിഗുണാത്മികയുടെ ദേശകാലാവയവഹീനയുമായ ജഡപ്രകൃതി ഗ്രാഹ്യഗ്രഹണ്യഹീത്രുണാം ഉപാദാനമാണ്. പ്രാകൃതമായ അന്തഃകരണം ഈശ്വരത മുതലായ അനേകധർമ്മയുക്തമായി ഭവിക്കുന്നു സ്ഥിതിഗതി ഇവളോടുകൂടിയ പ്രകൃതി സദാ വർത്തമാനമാണ്.

10. കാര്യം അവ്യക്തരൂപത്താൽ ഉപാദാനകാരണമായറിയുന്നു. അതിന്റെ ഹേതുത്വം വ്യക്തമായി ഭവിക്കുന്നു. വികാരഭൂതമായ കാര്യം ധർമ്മലക്ഷണാവസ്ഥാപരിണാമാന്വിതമായിത്തീരുന്നു അതിൽ നിന്ന് അസത്ത് ഉല്പന്നമാവുന്നില്ല. സത്തിന് അത്യന്തനാശം ഒരിക്കലും സംഭവിക്കുന്നില്ല. യോഗസ്വരൂപം കൈവല്യമാണ്. യോഗസമാധി സമ്പ്രജ്ഞാത അസംപ്രജ്ഞാതമെന്ന് രണ്ടു വിധമുണ്ട് ഗ്രാഹകൻ ഗ്രഹണം, ഗ്രാഹ്യം എന്ന രൂപത്തിൽ തത്ത്വങ്ങളെ സാക്ഷാത്കരിക്കുന്നത് സമ്പ്രജ്ഞാതയോഗം. സമ്പ്രജ്ഞാതത്തിൽ

ത്രൈഗുണീകത്വത്താൽ വിരക്തമായ ചിത്തത്തോടു കൂടി ചിദ്രൂപപുരുഷൻ ആത്മസാക്ഷാത്കാരത്തോടെ ഖ്യാതി പരവൈരാഗ്യ നിരോധാനന്തരേണ സിദ്ധനായി ഭവിക്കുന്നില്ല. അസമ്പ്രജ്ഞാതസമാധിസംസ്കാരത്താൽ വിവർദ്ധമാനമാവുന്നു. ശാശ്വതചിത്താലയം സാധിക്കുന്നു. പുനരുത്ഥാനഹീനമായ ചിത്തലയത്തിൽ കൈവല്യം അല്ലെങ്കിൽ ജീവന്മുക്തി കിട്ടുന്നു. സമ്യഗ്ജ്ഞാനമായ നിർഗ്ഗുണാത്മജ്ഞാനം യോഗിക്ക് കിട്ടാതിരിക്കുന്ന പക്ഷം വിദേഹദേഹപ്രകൃതീലീനരൂപത്തിൽ അവതിഷ്ഠനാവുന്നു. യോഗത്തിൽ സർവ്വവും ഞാൻ തന്നെ എന്ന ഭാവസിദ്ധി സർവ്വജ്ഞത്വമാണ്. ഈ സിദ്ധിയിൽ നിന്ന് ഈശ്വര ഭാവം ആവിർഭവിക്കുന്നു. അതിൽ നിന്ന് വൈരാഗ്യാദിദോഷബീജക്ഷയത്താൽ കൈവല്യം ഭവിക്കുന്നു എന്നാണ് യോഗികളുടെ ന്യായദൃഷ്ടി.

അഭ്യാസപൂർവ്വകം സ്വേച്ഛയാ ചിത്തവൃത്തിനിരോധമാണ് യോഗം.

ഔഷധപ്രയോഗത്തിൽ തമോഭാവാധിക്യത്താൽ ശരീരേന്ദ്രിയബുദ്ധികളിൽ സ്ഥൈര്യമുദിക്കുന്നതിൽ താമസം നേരിടുമ്പോലെ യോഗത്തിലും വിവേചിച്ചറിയണം. ഹഠയോഗാഭ്യാസത്താൽ ശോണിതാദികൾ ശ്വാസപ്രശ്വാസാദികൾ രോധിക്കുന്നതാണ് അവരുടെ സമ്യഗ് യോഗം. എന്നാലിതുകൊണ്ട് സംസാകരാദികളുടെ ക്ഷയം സംഭവിക്കുന്നതായി നാം കാണുന്നില്ല. യോഗശാസ്ത്രോപദിഷ്ടമായ തത്വങ്ങളിൽ ശരീരപ്രാണാദിരോധപൂർവ്വകമായ ചിത്താവസ്ഥാനം തത്വജ്ഞാനപൂർവ്വകമായ രാഗദ്വേഷാദിക്ഷയം എന്നിവ ആചാര്യന്മാർ യോഗപദത്താൽ അഭിലഷിക്കുന്നു. പ്രാണായാമാസനാദികൾ യോഗത്തിൽ തത്വജ്ഞാനപൂർവ്വകമായി അഭ്യസിക്കേണ്ടതാണ്. അല്ലാത്തപക്ഷം അജ്ഞാനബീജക്ഷയാഭാവത്താൽ അജ്ഞാനം വീണ്ടും ഉത്ഥാനം ചെയ്യും. അവ്യക്തലക്ഷണമായ ശൂന്യതയെ ഭാവനചെയ്ത് ചിത്തത്തെ നിരുദ്ധമാക്കാവതല്ല ശൂന്യത്തിന് ത്രിഗുണാതീതത്വാഭാവം കൊണ്ട്. സമാധി ഗ്രാഹ്യാദിഭേദത്താൽ മൂന്നുവിധം അഭ്യാസകൗശലഭേദവും അവൈതർക്കാദിഭേദയുക്തവുമാണെന്ന് സൂത്രഭാഷ്യടീകയിൽ കാണാം. ഭിക്ഷുവിന്റെ യോഗസാരസംഗ്രഹത്തിൽ സമാധിഭേദാധികം പതഞ്ജലിയോഗ ദർശനദൃഷ്ഠിയിൽ സുഷ്ഠുവിനെ നിരൂപിക്കാനുതകുന്നു. അഭ്യാസവൈരാഗ്യദാർഢ്യത്തിൽ സ്ഥൂലവിഭൂതികൾ ലഭിക്കുന്നു ആസനാദിസ്ഥൈര്യത ആദ്യം ഉണ്ടാവുന്നു. പ്രധാനജയംകൊണ്ട് സമാധിബലവും അതിനാൽ സിദ്ധികളും ലഭിക്കുന്നു. ഈ ബ്രഹ്മാണ്ഡം മനോമാത്രമാണ്. യോഗികൾക്ക് ലീലയാൽ ലൗകികർക്ക് അചിന്ത്യമായ കർമ്മങ്ങൾ ചെയ്യാൻ സാമർത്ഥ്യം ലഭിക്കുന്നു. അഹിംസാദിപ്രതിഷ്ഠാജാതങ്ങളായ സിദ്ധികൾ അനേകം മാർഗ്ഗത്തിൽ ലഭിക്കുന്നു. ശ്രദ്ധയിൽ നിന്നുണ്ടായ വിഭൂതിയാകുന്ന ജ്ഞാനത്താൽ അനേകവിഷയങ്ങളുടെ തത്ത്വം വെളിപ്പെടുന്നു. വിഭൂതിതത്വജ്ഞാനം അന്തരാ ഭഗവത്തത്വജ്ഞാനമാണെന്ന് വിശ്രുതമാണ്. അത് ഗ്രഹിക്കുക എളുപ്പമല്ല.

യോഗം ജ്ഞാനയോഗം ക്രിയായോഗമെന്ന് രണ്ടുവിധമുണ്ട്. ആത്മബാഹ്യമായി ഈശ്വരാദിപ്രണിധാനപൂർവ്വം സ്ഥൈര്യം അഭ്യസിക്കലാണ് ക്രിയായോഗം. സ്വഗതമായ മഹദാദിതത്വനിദിദ്ധ്യാസനം ചെയ്യലാണ് ജ്ഞാനയോഗം. ഇത് രുചിഭേദത്താൽ വന്ന ഭേദം മാത്രമാണ്. മഹദാത്മസാക്ഷാത്കാരവും ഈശ്വരസത്താജ്ഞാനം അവിനാഭാവിയാണെന്നതാണ് .യോഗശാസ്ത്രരഹസ്യം. ഈശ്വരപ്രണിധനം കൊണ്ടും സ്വയമേവ ചിത്തം ഗ്രാഹ്യഗ്രഹണാദിതത്വസാക്ഷാത്കാരത്തിന് ക്രമേണ സമർത്ഥമായി ഭവിക്കും. സാധനാമാർഗ്ഗത്തിലേ ഭേദമുള്ളൂ. തത്വത്തിൽ ഭേദമില്ല. സഗുണേശ്വരനാണ് ഹിരണ്യ

ഗർഭൻ. നിർഗുണേശ്വരം അനാദിക്ലേശകർമ്മാദ്യവപദിഷ്ടം പുരുഷവിശേഷം. ഈ പുരുഷവിശേഷത്തെ പ്രണിധാനം ചെയ്യലാണ് ഭക്തിയോഗം അതിനാൽ ഭക്തിയോഗം യോഗവിദ്യയിൽ പ്രമുഖവും വിശിഷ്ടവുമാണ്. ഈശ്വരപ്രണിധാനത്താൽ കൈവല്യപ്രാപ്തി യോഗഭാഷ്യത്തിൽ (1.26) പറഞ്ഞിട്ടുണ്ട്. സഗുണബ്രഹ്മപ്രണിധാനം കൊണ്ട് യോഗിക്ക് വിവേകജ്ഞാനം ഉണ്ടാവുന്നുണ്ട്. ശാന്തിപർവ്വത്തിലും ഇത് പറയുന്നു (3.17) ജ്ഞാനയോഗപ്രതിപാദകമായ കഠോപനിഷത്തിൽ മാർഗ്ഗം ഉപദേശിച്ചിട്ടില്ല. പഞ്ചരാത്രഭാഗവതത്തിൽ ഉപദേശിച്ചിട്ടുമുണ്ട്. ഇക്കാലത്ത് ഭക്തിയോഗം ജ്ഞാനയോഗത്തിൽ നിന്ന് പ്രായോഗികതലത്തിൽ ഒട്ടേറെ അകന്നുപോയി. എന്നാൽ, ഉത്ഭവകാലം മുതൽ അർവ്വാചീനകാലം വരെ ഭക്തിയും ജ്ഞാനും അഭേദമായിരുന്നു. യോഗശാസ്ത്രം സാധനാപ്രധാനമാകയാൽ കർമ്മതത്വം വിസ്തരിച്ച് പറയപ്പെടുന്നു. കർമ്മാശയകർമ്മസംസ്കാരവിപാകാദികൾ ഉത്സർഗ്ഗാപവാദന്യായങ്ങളാൽ വെളിപ്പെടുത്തുന്നു. (2,12-14,1.2.12) ഈശ്വരപ്രണിധാനവിചാരപ്രസംഗത്തിൽ ഈശ്വരസ്വരൂപത്തെ വിചാരിക്കലാണ് മുഖ്യവിഷയം. ഈശ്വരചിത്തം. ഈശ്വരസ്വഭാവം മുതലായ വിഷയങ്ങൾ ന്യായത്താൽ പരീക്ഷിക്കപ്പെടുന്നു. ശാസ്ത്രാന്തരങ്ങളിൽ ഇപ്രകാരം ഈശ്വരസ്വരൂപം ന്യായചിന്തകൊണ്ട് പരീക്ഷിക്കപ്പെടുന്നില്ല. കേവലം യഥാരുചി സ്വന്തം വിശ്വാസത്താൽ സ്വീകരിക്കപ്പെടുന്നു എന്നേ ഉള്ളൂ. ശങ്കര, മാദ്ധ്വാദികളുടെ ഈശ്വരപ്രതിപാദകവൈദികവചനവ്യാഖ്യാനങ്ങളും ഈ യുക്തി വെച്ച്മനസ്സിലാക്കണം. കൈവല്യാവസ്ഥാവിഷയമാണ് വിജ്ഞേയം. ആ അവസ്ഥയിൽ അന്തഃകരണത്തിന്റെ ഗുണങ്ങൾക്ക് സാമ്യം സംഭവിക്കുന്നു. വിവേകഖ്യാതി നിരോധപരവൈരാഗ്യങ്ങളിൽ ചരിതാർത്ഥ്യനായവൻ സിദ്ധനായിത്തീരുന്നു. അതല്ലാത്ത ഒരാളും സിദ്ധപുരുഷനല്ല. ഗുണസാമ്യാവസ്ഥ എന്നാൽ സുഖദുഃഖശൂന്യവും ജാഗ്രദ്സ്വപ്നനിദ്രാശൂന്യവുമായ അവസ്ഥയാണ്, പ്രളയകാലത്ത് അസിദ്ധന്മാരും കൂടി മോഹപൂർവ്വകമായി ഈ അവസ്ഥ പ്രാപിക്കുന്നു. വിദേഹലയരും പ്രകൃതിലയരും യഥാർത്ഥം ഇതിലെത്തി വീണ്ടും ഉത്ഥിതരായിത്തീരുന്നുണ്ട്. കൈവല്യപദഭാജിയായ പുരുഷൻ പിന്നീടൊരിക്കലും ഗുണസംബന്ധയുക്തനായി ഭവിക്കയില്ല. അതിനാൽ കൈവല്യപദം പുനരാവർത്തിശൂന്യമാണ്, ബുദ്ധിപ്രത്യയവിശേഷാത്മകമായ സുഖം കൈവല്യാവസ്ഥയിൽ കല്പനം ചെയ്യപ്പെടുന്നില്ല എന്നത് സുവിജ്ഞേയമാണ്. കേവലപുരുഷൻ പരമാത്മപദത്താൽ പറയപ്പെടുന്നു (ശാന്തി 187.23) ഈശ്വരാദികൾക്കും പരമാത്തമപദം പ്രാപിക്കലാണ് ലക്ഷ്യം ഇപ്രകാരമുള്ള ശബ്ദപ്രയോഗസങ്കരസ്ഥലങ്ങളിൽ യോഗജ്ഞാനം മാത്രമാണ് തത്വനിർണ്ണായകഹേതു.

സമാധിവിചാരത്തിൽ യോഗവിദ്യയിലെ ഏറ്റവും സാധാരണമായ സ്വകീയമായ ആത്മവസ്തുവാണുള്ളത്. സാംഖ്യത്തിൽ ഇതിനെത്തന്നെ പദാർത്ഥരൂപത്തിൽ ഉല്ലേഖം ചെയ്യുന്നു. ക്ലേശങ്ങൾ വിഭൂതികൾ എന്നിവയുടെ ചർച്ച യോഗാഭ്യാസത്തിന് ഉപയോഗമാകയാൽ പ്രപഞ്ചവിഷയങ്ങൾ വിസ്തരിക്കുന്നു. പുരാണങ്ങളിലും പാതഞ്ജലത്തിലും യോഗവിദ്യാപ്രസ്താവത്തിൽ ഈ വിഷയയത്തെ സുഷ്ഠുക്കൾ ഉപദേശിക്കുന്നു. ചിത്തത്തിന്റെ സ്വരൂപം വസ്തുചിത്ത സംബന്ധമാണ്. ചിത്തരോധം ഏകാഗ്രത മുതലായി പരിണാമാശ്രിതങ്ങളായ വിഷയങ്ങളാൽ മാത്രമേ സാധിക്കൂ. അതിനാൽ ഏകാഗ്രതകൊണ്ട് ചിത്തരോധം കൈവല്യത്തിന് പ്രയത്നിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കണം. ചതുർത്ഥപാദത്തിൽ കൈവല്യവിഷയകമായ തത്വജ്ഞനം ആന്വീക്ഷികീപദ്ധതിയാൽ പ്രകാശിക്കപ്പെടുന്നു. ബുദ്ധി, മനസ്സ് എന്നിവയുടെ വാദ്ധോരണിമാത്രം ദർശിക്കുമ്പോൾ മന

സ്സിന്റെ ഭ്രാന്താവസ്ഥയിൽ ചിത്തത്തിന് ശാശ്വതനിരോധയുക്തമാകാൻ കഴിയാതെ പോകുന്നു. ഒട്ടും ചലനമില്ലാത്ത ചിത്താവസ്ഥയാണ് സമാധി. ചലിച്ചുകൊണ്ടേയിരിക്കുന്ന മനസ്സിനും ബുദ്ധിക്കും അത് അപ്രാപ്യമാണ്. വ്യക്താവ്യക്തസ്വരൂപങ്ങളായ പദാർത്ഥങ്ങളെ വിഭാഗപൂർവ്വം അസങ്കീർണ്ണജ്ഞാനം തരുമാറ് സാംഖ്യയോഗം വിവരിക്കുന്നത് വ്യക്തങ്ങളിൽ നിന്ന് ചിത്തം വേർപ്പെടുത്തി അവ്യക്തത്തിൽ ഭക്തിശ്രദ്ധകളോടെ ഏകാഗ്രമാക്കി സമ്യഗ് ദർശനം നേടുന്നതിന് വേണ്ടിയാണ്.

ന്യായശാസ്ത്രത്തിൽ യോഗാഭ്യാസത്തെക്കുറിച്ച് സമാധിവിശേഷാഭ്യാസാത് (4.2.38) എന്നുള്ളതിനെ യമനിയമാഭ്യാസാമാത്മസംസ്കാരമോ യോഗാച്ചാധ്യാത്മവിദ്യുപായൈഃ (4.2.46) ന്യായസൂത്രാരംഭത്തിൽതന്നെ കാണിച്ചിട്ടുണ്ട്. ഗൗതമനെപ്പോലെ വാത്സ്യായനും യോഗത്തെ പ്രതിപാദിച്ചിട്ടുണ്ട്. യോഗശാസ്ത്രാഛാധ്യാത്മവിധിപ്രതിപത്തവ്യഃസ പുനസ്തപഃ പ്രാണായാമ, പ്രത്യാഹാരഃധാരണാ, ധ്യാനമിതി ഉപായസ്തു യോഗാചാരവിധാനമിതി (4.2.46) സമാധിയിലാണ് തത്വജ്ഞാനം ലഭിക്കുന്നതെന്ന് സമ്യക്കായി വാത്സ്യായനൻ പറഞ്ഞിട്ടുണ്ട്. സമാധിക്ക് ഏകാഗ്രത അഭ്യസിക്കണമെന്ന് ന്യായശാസ്ത്രം അനുശാസിക്കുന്നുണ്ട്. ന്യായശാസ്ത്രത്തിന്റെ അപവർഗ്ഗചിന്ത സാംഖ്യയോഗത്തിൽ നിന്നാണ് എടുത്തിട്ടുള്ളതെന്ന് കാണാം.

ആർഷജ്ഞാനമെന്നത് സർവ്വമോക്ഷദർശനമൂലമാണ്. എന്നാൽ ബൗദ്ധാദികൾ ആർഷമൂലത്തെ സ്വീകരിക്കുന്നില്ല. ജന്മാന്തരപാപപുണ്യവിഭൂതിസമാധിനിരോധാദികളെ സ്വീകരിച്ച് അവയെ അനാർഷമെന്ന് വിളിക്കയും ചെയ്യുന്നു.

ശൈവാദികൾ വേദത്തെ മാത്രം ആശ്രയിക്കുന്നു. മറ്റെല്ലാ ആഗമങ്ങളും അനാർഷമെന്ന കരുതുന്നു. എന്നാൽ ബൗദ്ധശൈവസമ്പ്രദായങ്ങളും തങ്ങളുടെ ജ്ഞാനത്തിന് യോഗവിദ്യയെത്തന്നെയാണ് സ്വീകരിച്ചിട്ടുള്ളതെന്നത് ചിന്താർഹമാണ്. ശ്രദ്ധ, ഏകാഗ്രത, ചിത്തനിരോധം, സമാധി, സർവ്വമോക്ഷദർശനമായ ആർഷജ്ഞാനം എന്ന ക്രമം ഏതു സമ്പ്രദായത്തിലും പരമജ്ഞാനത്തിന് ഉപയോഗിക്കുന്നുണ്ട്. പ്രശസ്തപാദൻ തന്റെ ഗ്രന്ഥാവസാനത്തിൽ കണാദൻ യോഗാചാരവിഭൂതിയാൽ മഹേശ്വരനെ സന്തോഷിപ്പിച്ച് വൈശേഷികശാസ്ത്രം നിർമ്മിച്ചു എന്ന് പറഞ്ഞിരിക്കുന്നു. യോഗാചാരയതിധർമ്മത്താൽ വിഭൂതികൾ നേടി ദുഃഖനിവൃത്തി വന്ന് ചിത്തനിരോധം ചെയ്ത സമാധിഅവസ്ഥയിലെ വിഭൂതി കൊണ്ടാണ് കണാദൻ പരമാണുവൈശേഷിക ജ്ഞാനം കൈവന്നത്. യോഗിപ്രത്യക്ഷം യോഗപ്രാമാണ്യമാണ്. അസ്മദ് വിശിഷ്ടാനാം തു യോഗീനാം യുക്താനാം യോഗജധർമ്മാനുഗ്രഹസാമർത്ഥ്യാത് സൂക്ഷ്മവ്യവഹിതവിപ്രകൃഷ്ടേഷു പ്രത്യക്ഷമുത്പദ്യതേ (പ്രത്യക്ഷപ്രകരണത്തിൽ പ്രശസ്തപാദൻ) ആർഷജ്ഞാനം ദിവ്യജ്ഞാനമാണെന്ന് ഭാഷ്യകാരൻ പറഞ്ഞിട്ടുണ്ട് (തദിദമാർഷജ്ഞാനാൻപ്രകരണേ ച പ്രോക്തം) വൈശേഷികാചാര്യൻ വിശേഷപ്രകരണത്തിൽ യോഗജമായ ജ്ഞാനം എന്ന് പരാമർശിച്ചിട്ടുണ്ട്. അപവർഗ്ഗസംബന്ധിയായ വൈശേഷികമതം യോഗസമ്മതമാണ്. (സംസാരാപവർഗ്ഗപ്രകരണീയം ഭാഷ്യം 5) തതാ നിരോധാത് നിർബീജസ്യാത് മനഃശരീരാദിനിവൃത്തിഃപുനഃശരീരആദ്യനുത്പത്തൗദഗ്ധേന്ധനാലവദ് ഉപശമോ മോക്ഷ ഇതി. പ്രശസ്തപാദന്റെ ധർമ്മപ്രകരണം യമനിയമാദികളെ സ്വീകരിക്കുന്നു. വൈശേഷികസൂത്രത്തിൽ (6.1.2) യോഗവിചാരമുണ്ട്. ഉത്തരമീമാംസയിലും യോഗത്തെ ആസീനഃസംഭവാത്. ധ്യാനാച്ച

മുതലായ സൂത്രങ്ങളിൽ (4.2.7-11) കാണാം, സ്മൃത്യന്തരാധികരണം യോഗപ്രത്യാഖ്യാനാധികരണം (2,113) ഇത് ചൂണ്ടികാണിക്കുന്നു. അവ സാംഖ്യയോഗവിദ്യാപ്രത്യാഖ്യാനപരങ്ങളാണ്. ഉത്തരമീമാംസ വൈദികവാക്യങ്ങളുടെ പരസ്പരവിരോധപരിഹാരത്തിനുള്ള മീമാംസയാണ്. അതിന് യോഗസമാധിതന്നെയാണ് ഉപയോഗിച്ച മാർഗ്ഗം. വൈദികശബ്ദങ്ങളുടെ അർത്ഥകരണം ശബ്ദവിദ്യാവിഷയമാണ്. വൈദികപ്രമേയസ്വരൂപവിചാരം സാംഖ്യശാസ്ത്രവിഷയവുമാണ്. പ്രമേയപദാർത്ഥങ്ങളുടെ വിവേചിതസ്വരൂപ പ്രതിപാദനം വൈദികവാക്യത്തിൽ വിരുദ്ധമായി കാണുന്നിടത്തൊക്കെ അതിനെ പരിഹരിക്കുന്ന ഉത്തരമീമാംസാസൂത്രങ്ങൾ ഭിന്ന വ്യാപാരകരണങ്ങളാൽ ശബ്ദവിദ്യാസാംഖ്യശാസ്ത്രവിഷയങ്ങളുടെ അദ്വൈതം സാധിക്കുന്നു. ശബ്ദശാസ്ത്രത്തോടു ചേർന്ന നിരുക്തത്തിനോ സാംഖ്യത്തിനോ വൈരുദ്ധ്യമില്ലാ എന്ന് മനനം ചെയ്തറിയുന്നു. ആന്വീക്ഷികീ വിദ്യാബലത്താൽ ആത്മാദികളെ പരീക്ഷിച്ചറിയുന്ന ശാസ്ത്രത്തെ മാത്രമാണ് വിളിക്കുന്നത്. ദർശനങ്ങളിൽ വെച്ച് ശ്രേഷ്ഠം സാംഖ്യമാണ്. തത് കാരണം സാംഖ്യയോഗാധിഗമ്യം എന്ന് ശ്രുതി, (ശ്വേതശ്വേത ഉപ 6.13) പാരമർഷീയോഗവിദ്യം അവൈദികിയാണെന്ന് യുക്തികൊണ്ട് ചിന്തിച്ചാലും സിദ്ധിക്കുന്നതല്ല (ഉത്തര.മീ, 2.13 വ്യാഖ്യാനം) ഏകാഗ്രത പ്രാണായാമം എന്നിവ വൈദികമാണ്. ഏകാഗ്രതകൂടാതെ ഒരു ജ്ഞാനവും ലഭിക്കുകയുമില്ല. അതായത് സർവ്വജ്ഞാനവും വൈദികമാണ്. ഏകാഗ്രത കൊണ്ടാണ് ലഭിക്കുന്നത്. മഹദാദികൾ സമാധിപ്രജ്ഞയിലെ ഗ്രഹിക്കാനാവൂ. അപ്പോൾ സമാധിവൈദികവും മഹദാദികൾ അവൈദികവുമെന്ന് എങ്ങനെ പറയും (ശാരീരക 2.1.2) മീമാംസാശാസ്ത്രം യോഗവിദ്യാസംബന്ധം കൂടാതെ വിചാരിക്കാനോ ഗ്രഹിക്കാനോ സാധിക്കയില്ല. കർമ്മ കാണ്ഡപരമായ വേദവചനങ്ങളെ ഇവിടെ മീമാംസ ചെയ്യുന്നു. യോഗവിദ്യയിൽ അതിനുള്ള പ്രസംഗാവസരം ഇല്ലാത്തതുകൊണ്ട് കർമ്മകാണ്ഡം യാജ്ഞികമാണ്. അദ്ധ്യാത്മികം ആധിദൈവികം എന്നീ രഹസ്യങ്ങളെ അനുകരിക്കുന്ന വിജ്ഞന്മാരാണ് അതിന്റെ ഉപജ്ഞാതാക്കൾ കർമ്മകാണ്ഡം അതിനാൽ തത്വജ്ഞാനവിരോധിയല്ല. അഗ്നിഹോത്ര ദർശാപൂർണ്ണമാസാദികർമ്മങ്ങൾ ബാഹ്യയാഗങ്ങളാണ്. എന്നാലവ അന്തര്യാഗങ്ങളെ ബോധിപ്പിക്കുന്നതിനായി (പഠിപ്പിക്കുന്നതിനായി) ഗുരുപരമ്പരകൾ ശിഷ്യന്മാർക്കുവേണ്ടി അനുഷ്ഠിച്ചുകാണിക്കുന്നവയാണ്. (demonstration) അവ കൂടാതെ ജ്ഞാനസമ്പത്ത് എന്നും നിലനിർത്താനുള്ള അദ്ധ്യയനപദ്ധതി (അദ്ധ്യാപനവൃത്തി) സമ്പൂർണ്ണമാവുകയില്ല

ഉപനിഷത്തുകൾ ആത്മജ്ഞാനം വ്യാഖ്യാനിക്കുന്നു. യോഗാഭ്യാസം കൂടാതെ ആത്മജ്ഞാനം സംഭവിക്കയില്ല (ബൃ.ഉ 4.4.23) പൂർവ്വമീമാംസാകാരനായ ജൈമിനി സാമഗായകനാണ്. സാമവിഷയത്തെക്കുറിച്ച് സാമാനി യോ വേദ സ വേദ ബ്രഹ്മ (വായുപുരാണം 76.55) സാമാനിയോ വേദ സ വേദ തത്വം (ബൃഹദ്ദേവതാ 8.130) എന്നു കാണാം. സാമവിത്തും യോഗേശ്വരനുമായ ജൈമിനിയുടേതാണ്. പൂർവ്വമീമാംസ അതിനാൽ അതും വേദവിരുദ്ധമോ കർമ്മകാണ്ഡവിരുദ്ധമോ അല്ല. വ്യാകരണശാസ്ത്രത്തിൽ,

തസ്മാദ്യഃശബ്ദസംസ്കാരഃ സാ സിദ്ധിഃപരമാത്മനഃ
തസ്യപ്രവൃത്തിതത്വജ്ഞസ്തദ് ബ്രഹ്മാമൃതമശ്നുതേ (വാത്യപ 1.132)
ഈമാദ്യം പദസ്ഥാനം സിദ്ധിസോപാനപർവ്വണാം

ഇയം സാ മോക്ഷമാണാനാമജിഹ്മാ രാജപദ്ധതിഃ(വാത്യപ 1.17) എന്നുകാണാം. ശബ്ദവിദ്യയിൽ യോഗശാസ്ത്രാനുഗതമായ ചിന്ത കാണാം. ജ്യോതിർവ്വജ്ഞാനാനി ഭവന്തി

(മഹാഭാഷ്യം 1.4.26) വൈയ്യാകരണന്മാരും ശബ്ദബ്രഹ്മോപാസകരാണ്. അവരുടെ യോഗിത്വത്തിലും അതിനാൽ സംശയലേശമില്ല. ശാബ്ദികർക്ക് യോഗവേതൃത്വം പ്രസിദ്ധമാണ്. ശിക്ഷാഗ്രന്ഥങ്ങളിൽ യോഗവിദ്യ പറഞ്ഞിട്ടില്ല എന്ന് കരുതിക്കൂടാ. ഓംകാരമഹത്വം ആ ഗ്രന്ഥങ്ങളിൽ കീർത്തിതമാണ്. ഉച്ചാരണക്രിയാസിദ്ധിക്കായി കൂർമ്മത്തെപ്പോലെ അംഗസംഹരണം സ്വസ്ഥത. പ്രശാന്തത, ഭയഹീനത ഇത്യാദി ഗുണങ്ങൾ ആവശ്യമാണെന്ന് ശിക്ഷാവിദ്യയിൽ പറയുന്നുണ്ട്. (നാരദീയശിക്ഷ 12) ഇതെല്ലാം യോഗശാസ്ത്രാനുഗ്രഹം കൊണ്ടാണ് സിദ്ധിക്കുന്നത് എന്ന് സ്പഷ്ടവുമാണ്. ഗീതക്രിയാബലം കൊണ്ടുള്ള ചിത്തസ്ഥൈര്യം ശിഷ്ടന്മാർ ഉപദേശിച്ചിട്ടുണ്ട്. (യാജ്ഞ സ്മൃതി 3.112) ശിക്ഷാശാസ്തരാന്തർഗ്ഗതമായ ഗാനോച്ചാരണവിദ്യ യോഗമൂലമാണെന്നോർക്കണം. ആദ്ധ്യാത്മികാദിദൈവികരഹസ്യങ്ങൾക്ക് പ്രതികൃതിയായി യാജ്ഞിക കർമ്മകാണ്ഡങ്ങളാൽ ഉപവർണ്ണനയുണ്ടാവുന്നതാണെന്ന് ഗ്രഹിക്കണം. യാജ്ഞദൈവതേ പുഷ്പഫലേ ദേവതാദ്ധ്യാത്മേവാ (യാസ്ക.നിരു 1.20) കല്പസൂത്രത്തിലും യോഗവിദ്യയുടെ സഹായം വേണം. സ ഏഷ വാചശ്ചിത്തസ്യ ചോത്തരോത്തരിക്രമോ യദ് യജ്ഞഃ എന്ന് ആരണ്യകവചം (ഐത.ആര. 2.3.3)ഋഷിദർശനാത് എന്ന നിരുക്തവാഖ്യാനാവസരത്തിൽ ദുർഗ്ഗ ഋഷിമാരുടെ താരകജ്ഞാനാന്വിതത വർണ്ണിക്കുന്നു. നിരുക്തഗ്രന്ഥത്തിലെ ത്രയോദശ, ചതുർദ്ദശാദ്ധ്യായങ്ങളിൽ സാംഖ്യം, യോഗം, ഗുണം മുതലായ യോഗവിഷയങ്ങളെ സ്വീകരിച്ചിട്ടുണ്ട്. നിരുക്തഗതമായ മന്ത്രവ്യാഖ്യാനം യോഗവിദ്യാനുഗതമാണെന്ന് സ്പഷ്ടവുമാണ്. ജ്യോതിഷാദിശാസ്ത്രങ്ങളിലും യോഗവിദ്യയുടെ ആവശ്യകതയുണ്ട്. സാംഖ്യയോഗപ്രതിപാദകഗ്രന്ഥങ്ങളിൽ കാണുന്ന മതങ്ങളെല്ലാം ആന്വീക്ഷികീമാർഗ്ഗത്തിലൂടെയുള്ള ദർശനങ്ങളാണ്. മേധാവികൾ യഥാരുചി അവരവരുടെ തത്വങ്ങളെ അനുപ്രവേശനം ചെയ്യാൻ അവകൊണ്ട് ശക്തിനേടുന്നു പുരാണങ്ങളിൽ സാംഖ്യയോഗമതരൂപേണ് പറഞ്ഞിട്ടുള്ളതെല്ലാം അനാർഷമാണെന്ന വാദം ഇവയൊക്കെ പരിശോധിക്കുമ്പോൾ നിലനിൽക്കുന്നതല്ല. ഭാഗവതത്തിലെ സാംഖ്യപ്രകരണ (3.25.33) പ്രസിദ്ധമായ ഉദാഹരണമാകയാൽ പൂർണ്ണമായി പ്രതിപാദിച്ചുകഴിഞ്ഞു. (സുവർണ്ണസപ്തതി ഈശ്വരകൃഷ്ണകാളിദാസന്റെ സാംഖ്യകാരിക ഉപാസിക ബുക്സ് കാണുക) വൈഷ്ണവസമ്പ്രദായദൃഷ്ടിയിൽ രചിക്കപ്പെട്ട സാംഖ്യയോഗകാരികയാണത്. ഭഗവദ്ഗീത സമ്പൂർണ്ണമായും സാംഖ്യയോഗം തന്നെയാണ്. ഭാഗവതത്തിലെ 3.26.13 ശ്ലോകം സാംഖ്യയോഗദൃഷ്ട്യാ സാധുവല്ല എന്ന വാദമുണ്ട്. (മോക്ഷം കൊണ്ടുള്ള ഉൽക്കർഷം പ്രതിപാദിക്കുന്നതിനാൽ) മോക്ഷം പരമപ്രയോജനമാണ്. സാധനവിശേഷലഭ്യങ്ങളായ വിദേഹലയാദി പദങ്ങളേക്കാൾ ഇഷ്ടമായ പ്രയോജനം മോക്ഷമാണ്. യോഗികൾക്ക് സായൂജ്യം സാലോക്യം പ്രകൃതിലയോമോക്ഷശ്ചേതി ചതുർവ്വിധം പ്രയോജനം എന്ന് സാംഖ്യാചാര്യൻ ദേവലമുനി പറയുന്നു. സായൂജ്യാദികളിലെ ദോഷദർശനത്താൽ പിന്നീട് വശീകാരവൈരാഗ്യസമ്പന്നരായ യോഗികൾ ശാശ്വതമായ ചിത്തവൃത്തിനിരോധത്തിനായി തത്വജ്ഞാനപൂർവ്വകം പ്രവർത്തിക്കുന്നു. അതാണ് ഭാഗവതസമ്പ്രദായത്തിൽ മേൽപ്പറഞ്ഞ ശ്ലോകത്തിൽ മോക്ഷത്തെ പ്രകീർത്തിക്കുന്നത്. അത് സാംഖ്യത്തിലെ പരമപദം തന്നെയാണ്. ദൃശ്യവും ദ്രഷ്ടാവും ദർശനവും ഒന്നായി തീരുന്ന തന്മയീഭവിക്കുന്ന പരസ്പരം വേർതിരിച്ചറിയാതാവുന്ന സാംഖ്യകാരികാദർശിതമായ സാധനയുടെ പരമകാഷ്ഠയാണത്. അവിടെ ഞാനും നീയും ഭക്തനും ഭഗവാനും തമ്മിൽ ഭേദമില്ലാതാവുന്നു. സഗുണവും നിർഗ്ഗുണവുമായ ആത്മസ്വരൂപങ്ങളെ ഭാഗവതം

വിശേഷേണ പറയുന്നു. ഏകമായ ഭഗവാൻ തന്നെയാണ് സഗുണവും നിർഗ്ഗുണവും. ഈ അദ്വൈതദർശനം ഭാഗവതത്തിലുണ്ട്. പ്രപഞ്ചവും ഈശ്വരനും, പിണ്ഡവും, ഊർജ്ജവും ഇതനുസരിച്ച് യാതൊരു ഭേദവുമില്ല. ഭേദമുണ്ടെന്നും രണ്ടാണെന്നും തോന്നുന്ന ദ്വൈതവാദത്തെയാണ് ശങ്കരാചാര്യർ ഖണ്ഡിക്കുന്നത്, അല്ലാതെ സാംഖ്യമതത്തേയോ ബൗദ്ധമതത്തേയോ അല്ല. താത്വകമായ അദ്വൈതസ്ഥാപനത്തിന് ശങ്കരനും സാംഖ്യത്തെത്തന്നെ അവലംഭിക്കുന്നുണ്ട്. ആധുനികശാസ്ത്രവും ശങ്കരനും ഭാഗവതവും സാംഖ്യവും ഒരുപോലെ പറയുന്ന ഈ അദ്വൈതത്തിലേക്ക് നീങ്ങുകയാണെന്ന് ഊർജ്ജ സമവാക്യം കാണിക്കുന്നു. യോഗേന വിവിധാംഗേന ഭക്തിയോഗേന ചൈവ ഹി എന്നതുകൊണ്ട് യോഗാംഗങ്ങൾ സാംഖ്യം എന്നിവയെ ഭക്തിയായിത്തന്നെ ഗ്രഹിക്കുന്നത് അന്തർഭാവമായിരിക്കുന്നതുകൊണ്ടാണ്. (യോഗസൂത്രം 2.32) സങ്കീർണ്ണസാംഖ്യോയക വിഷയത്തിൽ അജ്ഞാനമുള്ളവർ മാത്രമേ കൈവല്യപദം മുക്തിയല്ല എന്ന് തർക്കിക്കുയുള്ളൂ. സാംഖ്യയോഗത്തിൽ ഭക്തിയോ ഭഗവാനോ വിഷയമല്ല എന്ന് ദ്വൈതഭാവേന ചിന്തിക്കയുമുള്ളൂ. ഭഗവദ്സ്വരൂപം പ്രകൃതിപുരഷസംയോഗഭൂതമാണ്. പ്രകൃതിക്കും ദേശകാലങ്ങൾക്കും അതീതമാണ് കൈവല്യപദം. അതീതമായ ഒന്നിലേക്ക് അതീതമല്ലാത്ത ഒന്നുവഴി (മനുഷ്യശീരരം, മനസ്സ്, ബുദ്ധി ഏകാഗ്രധ്യാനം പ്രവേശിക്കയാണ്. സാംഖ്യയോഗത്തിന്റെ മാർഗ്ഗം. ഇതിൽ ഏകാഗ്രത ഉറപ്പിക്കുന്നതിനാണ് സഗുണേശ്വരനായ ഒരു ഇഷ്ടദൈവത്തെ ഈശ്വരപ്രണിധാനം ചെയ്യുന്നത്. ഇഷ്ടദേവതാനിഷ്ഠ എന്ന ഭക്തിമാർഗ്ഗം ഇതാണ്, യോഗവിദ്യയിലെസഗുണേശ്വരപ്രണിധാനത്തിലൂടെ നിർഗ്ഗുണകൈവല്യപദത്തിൽ എത്തിച്ചേരാനുള്ള സാധനാമാർഗ്ഗമാണത്. സാധനാഭ്യാസദൃഷ്ടിയിൽ ഇത് ഉത്തമമാണ്. ഇഷ്ടദവതാനിഷ്ടവേണമെന്നല്ലാതെ അത് എന്താവണമെന്ന് സാംഖ്യം അനുശാസിച്ചിട്ടില്ല. വിഷ്ണുവോ ശിവനോ ദേവിയോ മുതൽ വൃക്ഷവും പ്രകൃതിയും സംഗീതാദികളും വരെ ശാസ്ത്രവും വരെ ഏതും ഇഷ്ടദേവതയാവാം. അതിൽ നിഷ്ഠാപൂർവ്വം ഏകാഗ്രമായി മനസ്സുറപ്പിക്കാനുള്ള തന്ത്രം (മെത്തേഡ്) അഥവാ അഭ്യാസം ആണ് ഭക്തി ഉപാസന. സെമിറ്റിക്ക് മതങ്ങൾക്കില്ലാത്തും ഇന്ത്യയിലെ ദർശനങ്ങൾക്കും സംസ്കാരങ്ങൾക്കും ഉള്ളതുമായ സമ്പൂർണ്ണസ്വാതന്ത്ര്യം സാംഖ്യയോഗദർശനത്തിലുണ്ട് എന്ന് കാണാം. ഈ ശാസ്ത്രീയത അറിയാത്തതുകൊണ്ടാണ് പാശ്ചാത്യരും സെമിറ്റിക്ക് രാജ്യങ്ങളിൽ നിന്ന് വന്നവരും ഇന്ത്യക്കാരെ വിഗ്രഹാരാധകരെന്നും വൃക്ഷാരാധകരെന്നും നാഗാരാധകരെന്നും പാഗനുകളെന്നും തെറ്റിദ്ധരിച്ചത്. പുരാണങ്ങളെല്ലാം ആന്വീക്ഷികീ പദ്ധതിവെച്ച് ലോകാനുരഞ്ജകങ്ങളായിട്ടാണ് രചിക്കപ്പെട്ടിട്ടുള്ളത്. എല്ലാ സാംഖ്യയോഗപ്രതിപാദകങ്ങളായ വാക്യങ്ങളെയാണ് പ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. മൂലഭൂതസാംഖ്യയോഗദൃഷ്ട്യാ പരിശോധിച്ചാൽ ഇത് വ്യക്തമാകും മനുസ്മൃതി ധർമ്മസൂത്രഗ്രന്ഥങ്ങൾ എന്നിവയിലും ലോകാനുരജ്ഞകമായി സാംഖ്യയോഗം ഉപയോഗിച്ചിട്ടുണ്ട്. സാംഖ്യായോഗവിദ്യയിലെ അതിപ്രചീനമൂലഗ്രന്ഥങ്ങൾ നഷ്ടമായപ്പോൾ അവയെ വീണ്ടും പഠിപ്പിക്കാനും എല്ലാവർക്കും ഗ്രഹിക്കുംവിധം ലളിതമായി പ്രതിപാദിക്കാനുമാണ് പുരാണാദികൾ ഉണ്ടായത്. സർവ്വശാസ്ത്രങ്ങളിലും നമുക്ക് സാംഖ്യയോഗവർണ്ണന ലഭ്യമാണ്. അതിനാൽ അതാണ് സർവ്വഥാ സാരമായി ഭാരതം കരുതിയിരുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതേ കാരണത്താലാണ് ശങ്കരാദികളും സാംഖ്യദർശനത്തിൽ കടന്നുകൂടിയ പിൽക്കാലത്തെ ദ്വൈതാദിദോഷങ്ങൾ ഒഴിവാക്കി പ്രാചീന സാംഖ്യത്തെ പുനരുദ്ധരിക്കാനും സംരക്ഷിക്കാനും പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ശ്രമിച്ചത്. ആയുർവ്വേദശാസ്ത്രം സാംഖ്യയോഗദർശനാനുസാരിയാണ്. സൂക്ഷ്മവും സ്ഥൂലവുമായ സർവ്വവും

സാംഖ്യമതസമ്മതമായ ത്രിഗുണങ്ങളാൽ ഉപന്യസിക്കപ്പെട്ടിരിക്കുന്നു. ആധുനിക ഗവേഷകന്മാർ വൈദ്യശാസ്ത്രം സാംഖ്യദർശനത്തിൽ നിന്ന് വിഭിന്നമാണെന്നു കരുതുന്നത് അതിനാൽ വെറും ജല്പനമാണെന്നേ കരുതേണ്ടതുള്ളൂ.

സാംഖ്യസപ്തതിയിൽ ലിംഗശരീരവിഷയകമായി കാരിക ചിത്രം തദ്വദ് വിനാ വിശേഷൈർ നതിഷ്ഠതി നിരാശ്രയം ലിംഗം (41) എന്നു പറയുന്നു. തന്മാത്രകളെക്കൂടാതെ ലിംഗശരീരമില്ല എന്നർത്ഥത്തിൽ ലിംഗശരീരത്തിൽ അന്തർഭൂക്തമാണ് തന്മാത്രകളെന്ന് (മഹാദാദി സൂക്ഷ്മപര്യന്തം ലിംഗം സംസരതി) പറഞ്ഞിട്ടുണ്ട്. സുഖദുഃഖബോധയുതോപഭോദശരീരമാണ് വിശേഷമെന്ന ഉപാദാനം ചെയ്തിട്ടുള്ളത്. ലിംഗശരീരമാണ്. സൂക്ഷ്മശരീരമാണ് ഭോക്താവായ കാരണം, സ്ഥൂല ശരീരമല്ല, സ്ഥൂലശരീരം ത്യജിച്ചശേഷം (മരണാനന്തരം) ജീവൻ ഇതിനെ സാധാരണ ഗതിയിൽ ഗ്രഹിക്കുന്നു. യോഗിയുടെ ജീവൻ (ജീവന്മുക്തൻ) സമാധിയിൽത്തന്നെ ഗ്രഹിക്കുന്നു. വിശേഷധർമ്മങ്ങളെല്ലാം ഒരു വിശേഷധർമ്മവും കൂടാതെ നിരാശ്രയമായി നില്ക്കുന്ന ഈ ലിംഗശരീരമാണ് ചെയ്യുന്നതെന്നും ഞാനെന്നത് യഥാർത്ഥത്തിൽ അതാണ്. ഈ സ്ഥൂലശരീരമല്ല മനസ്സല്ല ബുദ്ധിയല്ല എന്നും അനുഭവത്തിൽക്കൂടി ഗ്രഹിക്കലാണല്ലോ യോഗസമാധി. അവിശേഷതന്മാത്രാമയമാണത്. ലിംഗശരീരം വിശേഷയുക്തമല്ല. എന്നാൽ വിശേഷശരീരാന്തർഗ്ഗതമായേ അത് കാര്യക്ഷമമായി ഭവിക്കുന്നുള്ളൂ. ബ്രഹ്മാണ്ഡത്തിൽ അഭിവ്യക്തമായിട്ടേ ബ്രഹ്മം പുരുഷാർത്ഥം സാധിക്കുന്നുള്ളൂ. അതുകൊണ്ടാണ് യോഗഭാഷ്യത്തിൽ ഭൂവനകോശവർണ്ണനം ഉള്ളത്. ആദ്യമായി ബ്രഹ്മാണ്ഡോല്പത്തിയും ബ്രഹ്മാണ്ഡസ്ഥാനവും യോഗദൃഷ്ടിയിൽ കണ്ട യോഗികൾ അതിനെ കണ്ഠപരമ്പരയാൽ (വാമൊഴി, ശ്രുതി) യഥാകാലം ശിഷ്യരിലേക്ക് പ്രചരിപ്പിച്ചു. ഇത് വളരെ ഗഹനവും ഗ്രഹിക്കാൻ വിഷമവുമായ വിഷയമാണ്. അതിനാൽ ലോകപരമ്പരകൾ കാലക്രമേണ ബുദ്ധി കുറഞ്ഞപ്പോൾ മാറ്റി മാറ്റി (പ്രചലിതം) വികൃതിയായിത്തീർന്നു. കേട്ടതിലെ അവിശുദ്ധികൾ കൂടുതൽ മാറ്റി മാറ്റി വാമൊഴിയാൽ കൂടുതൽ അവിശുദ്ധങ്ങളായി. ഭാഷ്യകൃത്തുക്കൾ അവയ്ക്ക് യോഗ ഭാഷ്യങ്ങളുണ്ടാക്കി. പരമയോഗസിദ്ധകൃതമായ ഗ്രന്ഥങ്ങളുടെ അഭാവത്താൽ സാധകകൃതങ്ങളായ ഗ്രന്ഥദർശനങ്ങൾ, സാംഖ്യയോഗഗ്രന്ഥങ്ങൾ അസമ്യഗ് രൂപങ്ങളെങ്കിലും ഈ ദൃശവിഷയങ്ങളെ ഉപന്യസിച്ചുണ്ടായി. അംഗീകരിക്കപ്പെടുകയും ചെയ്തു. (കാപിലാശ്രമീയപാതഞ്ജലയോഗദർശനം 3.26) സ്മൃതികളിലുള്ള സ്വർഗ്ഗനരകവർണ്ണനകളൊക്കെ അതിരഞ്ജിതവർണ്ണനാഭൂയിഷ്ഠങ്ങളാണെങ്കിലും അവ സ്വീകരിക്കപ്പെട്ടത് അങ്ങനെയാണ്.

സാംഖ്യയോഗീയമതഭേദരഹസ്യം

അദ്ധ്യാത്മവിദ്യയിൽ ന്യായദൃഢമായി പ്രയോഗപരീക്ഷണാദികൾ ചെയ്തവർക്ക് മൂലപദാർത്ഥവിഷയമായി ഒരിക്കലും മതവിരോധം സംഭവിക്കയില്ല. ദ്രഷ്ടാവ്, ദൃശ്യം സത്ക്കാര്യവാദം യോഗപ്രജ്ഞയെ ആശ്രയിച്ച് പ്രവർത്തിക്കുമ്പോൾ ഒന്ന് എന്ന അദ്വൈതമല്ലാതെ രണ്ട് എന്ന ദ്വൈതം അഥവാ മതഭേദം ഉണ്ടാവുക സാദ്ധ്യമല്ല. ദൃശ്യാദികളുടെ താത്വികസ്വരൂപം അറിഞ്ഞാൽ പരസ്പരവിരുദ്ധമായി ഒന്നും തന്നെ ഇല്ലെന്നും അറിയും. ദൃഷ്ടിഭേദം, വർഗ്ഗീകരണപ്രക്രിയാഭേദം. വിശ്ലേഷണപ്രകാരഭേദം സ്ഥൈര്യഭേദം കൊണ്ടുണ്ടായ ജ്ഞാനഭേദം എന്നിവയാണ് മതഭേദമായി തോന്നുന്നത്. (കാണപ്പെടുന്നത്) എന്ന ഗ്രഹിച്ചുകഴിഞ്ഞാൽ പിന്നെ മതഭേദം എവിടെ മതഭേദം ഒരു തോന്ന

ലാണ് മായയാണ്. ഇതറിഞ്ഞവന് പിന്നെ എവിടെ മതവിരോധം അതിനാലാണ് ശങ്കരാചാര്യർ പറഞ്ഞത്.

പരസ്പരവിരിദ്ധാശ്രയം സാംഖ്യാനമഭുപഗമഃകചിത്

സപ്രേന്ദ്രിയാണായനുക്രാമന്തി കചിദേകാദശ. തഥാ കചിന്മഹ

തസ്തതന്മാത്രസർഗ്ഗമുപദിശന്തി കചിദഹംകാരാത് തഥാ കചിത്

ത്രീണ്യന്ത്യഃകരണാനി വർണ്ണയന്തി കചിദേകമിതി (ശാരീരക 2.2.10)

മതഭേദമെന്നത് വർഗ്ഗീകരണപ്രക്രിയയിലെഭേദം മാത്രമാണെന്ന് അദ്വൈതദർശന ശാസ്ത്രം സാംഖ്യയോഗത്തെ ആസ്പദമാക്കി കണ്ടെത്തുന്നു. വിവേകം സാധനാഭേദമാണ്. സാധനകുറഞ്ഞവർക്കേ വിവേകരാഹിത്യം കൊണ്ട് മതഭേദവും മതവിരോധവും ഉണ്ടാവൂ. സാധന പൂർത്തിയായവർക്ക് പൂർണ്ണവിവേകമുണ്ട്. അവർ മതഭേദമോ മതവിരോധമോ ഇല്ലാത്തവരാണ്. വിരോധം എന്നത് യോഗവിത്തുകൾക്ക് ഇല്ലതന്നെ.

മഹത്, അഹങ്കാരം തന്മാത്രകൾ ഇപ്രകാരം സമ്പ്രദായാഭ്യുപഗതമാണ് മതം. മഹത് തന്മാത്രകളാൽ സൃഷ്ടിക്കപ്പെടുന്നു. യോഗഭാഷ്യം ഷഡ്വിശേഷാ. ഷഷ്ഠശ്ചാവിശേഷാ അസ്മിതാമാത്ര ഇതി...ഏതേ സത്താമാത്രസ്യആത്മനോ മഹതഃഷഡ്വിശേഷപരിണാമാഃ (2.19) എന്ന് പറയുന്നു. പിന്നെ ആധുനികന്മാർ സാംഖ്യയോഗത്തിൽ മതഭേദം കാണുന്നത് അവരവരുടെ സാധനാപരിമിതികൊണ്ടുമാത്രമാണ്. സർവ്വത്തേയും അവിശേഷമായ ഏകജാതിയിൽ സർവ്വത്തിനും കാരണത്വമായി ലിംഗമാത്രമായി ഉദാഹരിക്കുന്ന ഒരു ശാസ്ത്രത്തിൽ എങ്ങനെ ഭേദഭാവന ഉണ്ടാവാനാണ്. അവിശേഷത്തിന് കാര്യകാരണക്രമമുണ്ട് എന്നല്ലാതെ അതിനെ വിഭജിക്കാൻ സാധിക്കില്ല. അദ്ധ്യവസായം ചെയ്യുന്ന ബുദ്ധിയെ മഹാനെന്ന് വിളിക്കുന്നു. സങ്കല്പം ചെയ്യുന്ന മനസ്സ് അദ്ധ്യവസായം ചെയ്യുന്ന മനസ്സ് എന്ന് രണ്ടുവിധപ്രവൃത്തിയുണ്ട് മനുഷ്യമനസ്സിന് ഇത് രാജസസാത്വിക താമസ ഗുണങ്ങളുടെ അനുപാതമനുസരിച്ചാണ്. അതിനാൽ മതവിരോധം മതഭേദം കാണുന്നിടത്ത് ആ പ്രത്യേകമനുഷ്യമനസ്സിന്റെ ഗുണമനുസരിച്ചുള്ള വിവേകരാഹിത്യമുണ്ട് എന്നല്ലാതെ ശാസ്ത്രത്തിൽ ഭേദബുദ്ധി ഇല്ല,

പ്രജ്ഞ വിശുദ്ധയാണ്. ധീ ന്യായാനുസാരിണിയാണ്. വീര്യം, സ്മൃതി മുതലായ ഗുണങ്ങളെ ആശ്രയിച്ചാണ് ഇവ. അസൂക്ഷ്മമായ സ്ഥൂലപ്രജ്ഞ(അവിശുദ്ധം) ന്യായാനുസാരിയല്ലാത്ത മനസ്സിന്റെ പ്രവർത്തം എന്നിവ സമ്യഗ്ജ്ഞാനം കൊണ്ട് ഉണ്ടായതല്ല. അജ്ഞാനസംബന്ധിയാണ്. അതെങ്ങനെ ശാസ്ത്രമാവും. ജൈനവിദ്വാൻ ഹരിഭദ്രസൂരിയുടെ സാംഖ്യാഃ നിരീശ്വരാഃ കേചിത് കേചിദീശ്വരദേവതാ (ഷഡ്ദർശനസമുച്ചയം 35) അതിനാൽ അജ്ഞാനമാണെന്ന് പണ്ഡിത ശ്രീരാമശങ്കരഭട്ടാചാര്യർ സമർത്ഥിക്കുന്നു. (പേജ് 19 റഫറൻസ് 1) ഭാസ്കരരായൻ മീമാംസാ ശാസ്ത്രം സാംഖ്യശാസ്ത്രം ച ദ്വിവിധം സേശ്വരം നീരീശ്വരം ച (ലളിതാസഹസ്രനാമഭാഷ്യം) എന്നു പറഞ്ഞിട്ടുണ്ട്. ഈശ്വരത, സർവ്വജ്ഞത, എന്നിവയുടെ സർവ്വശക്തിത്വത്തിന്റെ രണ്ടു ഭാവങ്ങളായിട്ടാണ് അവിടെ നിരീശ്വരപദം ഉപയോഗിച്ചത്. സാംഖ്യന്മാർ നിരീശ്വരവാദികളാണെന്ന അർത്ഥത്തിലല്ല. മീമാംസാശാസ്ത്രത്തിലും സാംഖ്യശാസ്ത്രത്തിലും അങ്ങനെ ദ്വിവിധഭാവങ്ങളുടെ സർവ്വശക്തിത്വം പരാമർശിതമാണ് എന്നർത്ഥം. ഗുണരത്നസൂരിയുടെ ഷഡ്ദർശനസമുച്ചയത്തിൽ മൗലികസാംഖ്യം ഹി ആത്മാനാമാത്മാനം പ്രതി പൃഥക്പ്രധാനം വദന്തി ഉത്തരേ

തുസാംഖ്യോസർവ്വാത്മസ്യ അപ്യേകം നിത്യം പ്രധാനം ഇതി പ്രപന്നാഃ(കാരികാവ്യഖ്യാനം 36) എന്ന് പറയുന്നുത പ്രധാനസ്വഭാവവിഷയത്തിൽ സ്വരൂപഗർഭത്തിൽ വിശേഷങ്ങൾ സാംഖ്യസപ്തതിയോഗഭാഷ്യത്തിലും ശാന്തിപർവ്വത്തിലും (217 അനുശാസന) തന്നിട്ടുണ്ട്. എന്നാൽ പ്രധാനം ഏകം തന്നെയാണ് മൗലികസാംഖ്യത്തിലും വെവ്വേറെയല്ല. ന്യായാനുസാരിണിയായ ചിന്തയുടെ ക്രിയയിൽ പ്രധാനത്തിന് ഏതത്വമല്ലാതെ പൃഥക്ത്വം സാംഖ്യയോഗത്തിൽ സിദ്ധിക്കുന്നതല്ല. സാംഖ്യവിദ്യയിലെ അജ്ഞാനം കൊണ്ടുമാത്രമേ ഇങ്ങനെ പറയാൻ ഒരാൾക്ക് സാധിക്കൂ (സൂരി പറഞ്ഞപോലെ) എന്നാണ് ശ്രീരാമശങ്കര ഭട്ടാചാര്യയുടെ അഭിപ്രായം.

സാംഖ്യയോഗവിദ്യാവിപ്രതിപത്തിദൃഷ്ടി

അശക്തി, അജ്ഞാനം, യഥായഥാ ഉണ്ടാവുന്ന വിപര്യയങ്ങൾ എന്നിവയാൽ തഥാതഥാ മോക്ഷവിദ്യയിൽ വിപ്രതിപത്തിദൃഷ്ടികൾ ഉണ്ടാവുന്നുണ്ട്. ഇപ്രകാരമുള്ള കുദൃഷ്ടികൾ കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതാതു സമ്പ്രദായഗതരായ ആചാര്യന്മാരുടെ അശക്തികൊണ്ടാണ് ഈ ദൃഷ്ടിദോഷം സംഭവിച്ചിട്ടുള്ളത്. അദ്ധ്യാത്മയോഗവിദ്യ ബാഹ്യഹേതുക്കൾക്കെല്ലാം വിപരീതമാണ്. മോഹം. കാമം. ലോഭം മുതലായ ബാഹ്യഹേതുക്കൾ കൊണ്ട് അദ്ധ്യാത്മവിദ്യയിൽ പരിശ്രമിക്കുന്നവർക്ക് ആസ്ഥാനമനുസരിച്ചുള്ള അറിവേ കിട്ടുകയുള്ളൂ. ആഗമോപദേശകാലത്തിൽ ഏകദോഷം ഉണ്ട് എന്ന ഗ്രഹിക്കാം അദ്ധ്യാത്മിക യോഗവിദ്യ നിഷ്കാമമായി മോഹലോഭക്രോധാദികൾ കൂടാതെ സ്വധർമ്മാചരണമെന്നറിഞ്ഞു ചെയ്യുന്നവനുമാത്രമേ പൂർണ്ണസ്വരൂപം അനാവരണം ചെയ്തു കാണിച്ചുകൊടുക്കുകയുള്ളൂ. ശ്രീരാമശങ്കരഭട്ടരുടെ ഗ്രന്ഥപ്രകാരമുള്ള (പേജ് 18.21) അസങ്കീർണ്ണ യോഗദൃഷ്ടി വിപര്യസ്തദൃഷ്ടികൾ ഇവയുടെ വ്യത്യാസം താഴെ കൊടുക്കുന്നു.

1. പുരുഷൻ ചിദ്രൂപവും ഐശ്വര്യശൂന്യവുമായ അന്തഃകരണധർമ്മമാണ്. പ്രാകൃതംപോലെ പ്രകാശസ്ഥിതിധർമ്മകത്വം കൊണ്ട് ഇതിനാൽ വൈരാഗ്യവും കൈവല്യവും ഭവിക്കുന്നു. ചിദ്രുപവും ഐശ്വര്യയുക്തവുമെന്ന് ശൈവാഗമങ്ങൾ. രാമാനുജാദികൾ കല്യാണയുക്തമായ പരമതത്വം എന്നു വിളിക്കുന്നു.

2. കരണവിശിഷ്ടമാണ് ഈശ്വരതായുക്തമായ സർവ്വജ്ഞത. സർവ്വജ്ഞന് സർവ്വശക്തിയുതനാണ്. അവിദ്യായുക്തനായ പുരുഷവിശേഷമാണെങ്കിലും സൃഷ്ടികർത്താവാണ്. വിവേകബലത്താൽ പ്രലയാനന്തരം കൈവല്യം പ്രാപിക്കുന്നു. അതായത് ഈശ്വരതാധർമ്മം അനിത്യമാണ്. നിത്യമായ ബ്രഹ്മാണ്ഡസർജ്ജകത്വം ഇല്ല. ഈശ്വരനാകട്ടെ നിത്യമാണ്. സൃഷ്ടി ചെയ്യുന്നു എന്ന് രാമാനുജന്റെ അഭിപ്രായം വേദാന്തവാദിക്കും ഇതാണഭിപ്രായം.

3. ബ്രഹ്മാണ്ഡം വ്യക്തവും പരിഛിന്നവുമാണ്. അസംഖ്യം ബ്രഹ്മാണ്ഡങ്ങളുണ്ട്. മൂലകാരണത്തിന്റെ അപരിമേയത്വം കൊണ്ടാണിത്. അനേകബ്രഹ്മാണ്ഡങ്ങളിലൊന്നു മാത്രമാണ് ബ്രഹ്മാവിന്റെ ശക്തിക്കധീനം. ആ ബ്രഹ്മാണ്ഡങ്ങളുടെ ആധിപത്യം വഹിക്കുന്നു. അനന്തകോടിബ്രഹ്മാണ്ഡനായകത്വം ഈശ്വരന് വൈഷ്ണവർ നൽകുന്നു.

4. സൃഷ്ടികർത്താവായ പ്രജാപതിക്ക് ഗ്രാഹ്യഭൂതമായ ഭൂതാത്യഭിമാനങ്ങൾ ജഗത്തിന്റെ ഉപാദാനമാണ്. സാക്ഷാത്തായ തന്റെ മനോഗതസങ്കല്പമായ ഐശ്വര്യസംസ്കാരനിമിത്തമായി ജഗത്ത് അഭിവ്യക്തമാകുന്നു. എപ്രകാരം ഊർണ്ണനാഭി വല ചമക്കുന്നു. അപ്രകാരം എന്ന് ശ്രുതി (മുണ്ഡക 1.17) ഈശ്വരൻ നിമിത്തകാരണമെന്ന് നൈയായികർ

5. ഈശ്വരന്റെ അന്തഃകരണത്തിലെ ജഗന്മൂലതത്വത്തിൽ വ്യവഹാരങ്ങൾ ഇരിക്കുന്നു. ഈശ്വരാന്തഃകരണം ത്രൈഗുണ്യമാണ്. താത്വികദൃഷ്ടിയിൽ പ്രധാനപ്രകൃതിയാണ് ജഗത്ത്, മൂലം നിമിത്തം പുരുഷൻ വ്യക്താവസ്ഥ പ്രാപിക്കുന്നു. ഗൗണങ്ങളായ നിമിത്തങ്ങൾ ഭൂതതന്മാത്രകളാണ്. ജഗദുപാദാനഭൂതമൈശചിത്തം എന്ന് മായാലക്ഷണത്തിൽ അദ്വൈതികളും പറയുന്നുണ്ട്. അത് പിന്നീട് വിശ്ലേഷയോഗ്യമല്ല. അതിനാൽ ഈശ്വരൻ തന്നെയാണ് വേദാന്തനിഷ്ഠയിൽ ജഗദുപാദനം.

6. പരമാർത്ഥസിദ്ധർക്ക് ദൈശികി, കാലികി എന്ന പ്രതീതി ഇല്ലാതാവുന്നു. ചിദ്രൂപത്തിന്റെ സർവ്വവ്യാപിത്വമുള്ള കേവലപുരുഷന് വൈകുണ്ഠാദിലോകസ്ഥമായല്ലാതെ മനുഷ്യരിലുണ്ടുവുകയില്ല. കൈവല്യപദത്തിൽ ദേശകാലഭേദമില്ല. അത് സർവ്വലോകാതീതമാണ്. കൈവല്യാവസ്ഥയിൽ ദേഹബോധവുമില്ല. അപ്രാകൃതമായ വൈകുണ്ഠാദിസ്ഥാനങ്ങളിൽ സ്ഥിതി ഭവിക്കുമ്പോളാണ് ഭക്തർ പരമാർത്ഥസിദ്ധന്മാരാവുന്നത് എന്ന് ഭക്തിയോഗസമ്പ്രദായങ്ങൾ. സിദ്ധദേഹ, അപ്രാകൃതദേഹങ്ങൾക്ക് അവിടെ നിത്യത്വം ലഭിക്കുന്നു. വൈഷ്ണവരും സന്ത് പരമ്പരകളും ഇത് പഠിപ്പിക്കുന്നു ഇതനുസരിച്ച് ജീവിക്കുന്നു.

7. സ്വരൂപേണാവസ്ഥാനകാലത്ത് ദേശകാലവ്യാപ്തിത്വാഭാവത്താൽ ബുദ്ധിനിരോധത്തിൽ ജ്ഞാരൂപമായ അവസ്ഥയുണ്ട്. സർവ്വവും തുല്യമാവുന്നു. അതിനാൽ ബഹവഃ പുരുഷ എന്ന ബഹുബുദ്ധി അവസാനിക്കുന്നു. അത്തരം ബഹുബുദ്ധിദർശനം സ്വീകരിച്ചാൽത്തന്നെയും അതിന്റെ അഖണ്ഡൈകരൂപമായ ചൈതന്യം ബഹുബുദ്ധിജനകമല്ല. ബ്രഹ്മം ഏകമാണ്. ഏകത്തിൽ ബഹുജീവത്വം ഇല്ല (വേദാന്തം) രാധാകൃഷണഭാവത്തിൽ ബ്രഹ്മാത്മൈക്യം (കൃഷ്ണഭക്തിസമ്പ്രദായം) ശിവമെന്ന ഭാവത്തിൽ പശുഭാവമില്ല (ശൈവാഗമം)

8. നിരോധസമാധ്യവസ്ഥയിൽ ചിത്തേന്ദ്രീയങ്ങൾ ലയിക്കുന്നു. വീണ്ടും അവ വ്യക്തമാവുന്നു. സദ്രൂപം അവ്യക്തമാണ്. സിദ്ധർക്ക് അതിനെ അതിക്രമിച്ച അസദ്രൂപമായ പ്രകൃതിയുമുണ്ട്. നാസതോ വിദ്യതേ ഭാവോ നാ ഭാവോ വിദ്യതേ സതഃ എന്ന നിമയത്താൽ എല്ലാത്തിനും ഉപാദാനം അവ്യക്തമാണ്. സർവ്വത്തിനും ത്രൈഗുണ്യമുണ്ട്. അസദ്രൂപമായ ജഗത്ത് ഉപാദാനഭൂതമായ പ്രകൃതിയാണ്. ജഗന്മൂലം ശൂന്യമാണ് എന്ന് ചിലർ. സർവ്വവും നിരന്വയമാണ്. (ശൂന്യവാദികൾ) കാരണം ഇല്ലാതെത്തന്നെ കാര്യം അവ്യക്തഭാവമാണെന്ന് മറ്റു ചിലർ.

9. പരമതത്വം സഗുണനിർഗ്ഗുണാത്മകം ആവില്ല. നിർവ്വികാരവസ്തു വികാരബീജമാവുകയില്ല എന്ന ന്യായത്താൽ ഇതറിയണം. അപരിണാമിക്ക് തത്വത്താൽ വികാരശീലം ജഗത്തിൽ കാണുന്നുണ്ട് സഗുണം നിർഗ്ഗുണം എന്ന് യുഗപാദ് ആയി പരമതത്വം കാണാമെന്ന് ശൈവാഗമം.

10. സർവ്വവും കാരണകാര്യനിയമാനുസൃതം പ്രവർത്തിക്കുന്നു. അഹേതുകസ്വാതന്ത്ര്യശക്തി ഒരു പദാർത്ഥത്തിനും ഇല്ല. കർമ്മവും കർമ്മസംസ്കാരവും തുടർന്നുവരുന്നു. പ്രജാപതിയുടെ ഐശ്വര്യസംസ്കാരത്താൽ ബ്രഹ്മണാദിവ്യക്തി സത്യമായി പൂർവ്വസംസ്കാരനുസൃതമായി സ്വതഃപുരുഷാർത്ഥാചരണക്രിയയായി സംഭവിക്കുന്നു. ജീവന്മാർ ഇങ്ങനെ സംഭവിക്കുന്നു. ദുഃഖാദികൾ ദർശിക്കയാൽ സ്വേചരയാ ആവൃത്തചക്ഷുക്കളായ ജീവന്മാർ ആത്മജ്ഞാനാഭ്യാസത്താൽ കൈവല്യത്തിൽ ഭാഗഭാക്കുകളായി മഹാ

ന്മാരാവുന്നു. (ബുദ്ധൻ ഇതാണ് ചെയ്തത്) കൈവല്യം ഈശ്വരേച്ഛയാണ് എന്ന് ലഭ്യം. സ്വതന്ത്രേച്ഛ പരമേശ്വരനു മാത്രമേ ഉള്ളൂ. കാലംകൊണ്ടാണ് ജീവൻ മുക്തി സംഭവിക്കുന്നത്. ഈശ്വരേച്ഛ ഗുരുകൃപ ഇവ രണ്ടുകൊണ്ടും യഥാകാലം കൈവല്യം ലഭിക്കുന്നു.

ജൈനസമ്പ്രദായത്തിൽ പാതഞ്ജലയോഗവിദ്യയെ ആക്ഷേപിച്ചിട്ടുണ്ട്. (യശോവിജയോപാദ്ധ്യായ രചിച്ച യോഗസൂത്രവൃത്തി) ബുദ്ധചരിതകാവ്യം (ദ്വാദശസർഗ്ഗം) സാംഖ്യയോഗവിദ്യയുടെ ദോഷ പ്രദർശനത്തിനായി അശ്വഘോഷന് ഉപയോഗിച്ചിട്ടുണ്ട്. ബോധിചര്യാവതാരത്തിലെ നവമപരിച്ഛേദനത്തിൽ (അതിന്റെ ടീകയിലും) സാംഖ്യയോഗപക്ഷത്തെ ദുഷിച്ചിട്ടുണ്ട്. ന്യായഭാഷ്യത്തിൽ (1.2.6)യോഗഭാഷ്യഗതമായ ഒരഭിപ്രായത്തെ (തദേതത് ത്രൈലോക്യം വ്യക്തേതരപൈതി 3.13) ദുഷിച്ചിട്ടുണ്ട്. അദ്ധ്യാത്മവിദ്യാദൃഷ്ടിയിൽ ഉള്ള അപാകതകളാലാണ് ഇങ്ങനെ അവർക്ക് സംഭവിച്ചിട്ടുള്ളത്. എല്ലാ ശാസ്ത്രവിദ്യകൾക്കും കാലക്രമേണ പതുക്കെപ്പതുക്കെ ഹ്രാസം സംഭവിക്കും. എന്നാൽ, ആന്വീക്ഷികീപ്രധാനമായ വിദ്യകളെല്ലാം തന്നെ യഥാകാലം വീണ്ടും ശാസ്ത്രദൃഷ്ട്യാ തെളിയിക്കപ്പെട്ട് വീണ്ടും വികസ്വരമാവുമ്പോൾ അതൊരു നവീനദർശനമാണെന്ന് ആ കാലത്തെ ആളുകൾക്ക് തോന്നും.

അദ്ധ്യാത്മവിദ്യ ക്ഷയിക്കുന്നതിന്റെ കാരണങ്ങൾ

1. ഭൂമിയിലെ അന്നം ജലമെന്നിവയുടെ ഗുണത്തിന് അപകർഷമുണ്ടാവുമ്പോൾ അത് ഭക്ഷിക്കുയും കുടിക്കയും ചെയ്യുന്ന മനുഷ്യന്റെ ആഹാരശുദ്ധിയും കുറയുന്നു. സാത്വികഗുണമുള്ള ആഹാരം കൊണ്ടു മാത്രമേ സത്വശുദ്ധിയും ബുദ്ധിശക്തിയും അദ്ധ്യാത്മവിദ്യാവികാസവും സംഭവിക്കൂ.

2. ശരീരധാതുശക്തിയുടെ അപകർഷം കൊണ്ട് ഏകാഗ്രതയുടെ കാരണമായ സ്ഥൈര്യത്തിനും അപകർഷമുണ്ടാവും. അപ്പോൾ സമാഹിതചിത്തത്തിന് ഹ്രാസം സംഭവിക്കും.

3. മാനസബലാപകർഷം വൈരാഗ്യസിദ്ധിക്ക് അശക്തനാക്കുന്നു. പരിഗ്രഹാദികളായ ലൗല്യങ്ങളാൽ ചിത്തസ്ഥൈര്യത്തിന് ഹ്രാസം വരുന്നു.

4. ശിക്ഷാ, ജീവികാ, ദായഭാഗാദിവിധികളിൽ ഉച്ശൃംഖലദൃഷ്ടിയോടെ ഉള്ള അനുപ്രവേശം യമനിയമാഭ്യാസത്തിലെ സാമർത്ഥ്യത്തെ ബാധിക്കുന്നു.

5. താമസരാജനീതി അനുസരിച്ചുള്ള ജീവനയാചനപദ്ധതികളുടെ നിയമനങ്ങൾ കൊണ്ട് സത്വഗുണാന്വിതമായ മനോവൃത്തികളുടെ ഹ്രാസം ഉണ്ടാവുന്നു.

6. തത്വോപലബ്ധികാരികളുടെ അത്യല്പതയാൽ വിശേഷപ്രത്യക്ഷീകരണജാതപ്രജ്ഞാവൈശാരദ്യത്തിന്റെ അദർശനംകൊണ്ട് യോഗാഭ്യാസ്തിന്നൗഹ്രാസം (യഥാർത്ഥ മോഡലുകളായ ഗുരുക്കന്മാരുടെ അഭാവം കൊണ്ട്)

7. അയോഗികർതൃകമായ കൃത്രിമാഗമപ്രണയനം കൊണ്ട് മോക്ഷവിദ്യ സർവ്വതോഭാവേന ആകുലീകൃതമാവുന്നു. സമ്പ്രദായങ്ങൾ നശിക്കുന്നു.

8. നിന്ദാപ്രശംസമൂലകശാസ്ത്രവചനാനുസാരേണ ആത്മവിദ്യാസിദ്ധാന്തസ്ഥിരീകരണം ശബ്ദപ്രമാണജനിതമായ ജ്ഞാനം ഇപ്രകാരം തത്വവിഷയകമായ ചരമമാണ് ജ്ഞാനമെന്ന ധാരണകൊണ്ട് നശിക്കുന്നു.

വ്യവഹാരബാഹ്യജീവനത്താൽ അസംബദ്ധമാണ് ആത്മജ്ഞാനം. ആത്മജ്ഞാനം അഭ്യസിക്കുന്നവർ വ്യാവഹാരികജീവിതത്തിലും സംശുദ്ധി പാലിക്കണം. സദാചാരം ആത്മജ്ഞാനത്തിന്റെ സഹഭൂമിയാണ്. അർത്ഥശിക്ഷാജീവിതാദിബാഹ്യശുദ്ധി കൂടാതെ ആന്തരശുദ്ധി ചിത്തശുദ്ധി ഇതൊന്നും ഉണ്ടാവില്ല. അതിനാലാണ് മഹർഷിമാർ ആന്തര ശുദ്ധിയും ബാഹ്യശുദ്ധിയും ഉപദേശിക്കുന്നത്. അതൊന്നും ജീവിതത്തിൽ പാലിക്കാതെ വെറുതെ ആത്മജ്ഞാനമുണ്ടെന്നു നടിച്ച് ഉപദേശം കൊടുക്കുന്നവരുടെ എണ്ണം പെരു കുന്നത് ആത്മജ്ഞാനത്തിന്റെ ഹ്രാസത്തിന് കാരണമാകുന്നു. ദാർശനികപ്രസ്ഥാനങ്ങ ളിൽ ബാഹ്യശുദ്ധിവിഷയകമായ വിധിനിഷേധത്തിൽ നിന്നുണ്ടായ രാഷ്ട്രം സമാജം എന്നിവയിൽ സദാചാരം കുറയുന്നതിനാൽ അദ്ധ്യാത്മവിദ്യയും കുറവാണ്. സ്വാർത്ഥ താല്പര്യങ്ങൾ കൂടുതലാണ്. ആഗമതന്ത്രാദികളിൽ ബൗദ്ധാതിശാസ്ത്രങ്ങളിൽ ബാഹ്യ ശുദ്ധിവിഷയകമായ അനുഷ്ഠാനങ്ങളുടെ അഭാവത്താലാണ് അവ പിന്നീട് അപൂർണ്ണാനി അസാധകാനി ശാസ്ത്രാണി എന്ന് മനനം ചെയ്യപ്പെട്ടത്. ആ അപൂർണ്ണതകൊണ്ട് രാഷ്ട്ര ത്തിനും സമാജത്തിനും ദോഷം നേരിടുന്നു. (ഇന്നും നമ്മുടെ രാഷ്ട്രത്തിനും സമാജ ത്തിനും ഈ ബാഹ്യശുദ്ധിയുടേയും ആന്തരശുദ്ധിയുടേയു അഭാവം അനേകം പ്രശ്ന ങ്ങൾ വരുത്തിവെക്കുന്നുണ്ട്) അതിനാലാണ് രാഷ്ട്രം സമാജം വ്യക്തി എന്നിവർക്കെല്ലാം അദ്ധ്യാത്മവിദ്യ വേണമെന്ന് പറയുന്നത്. പൂർണ്ണവികാസത്തിനും വികസനത്തിനും അത് വേണം. ഭാഗികവളർച്ചക്ക് അത് വേണമെന്നില്ല. അദ്ധ്യാത്മവിദ്യ വേണ്ട എന്നു പറയുന്ന താണ് അന്ധവിശ്വാസം അതുകൊണ്ടാണ് മോക്ഷവിദ്യയോടൊപ്പം രാഷട്രത്തിന്റെ അഭ്യു ദയനിഃശ്രേയസരൂപമായ യോഗക്ഷേമവും ഹ്രാസമായത്.

അനുരാഗാധികൃവിശേഷത കൊണ്ട് യോഗഭേദങ്ങളുടെ ഉല്പത്തി

സാധകരുടെ അഭിരുചികൾവിചിത്രങ്ങളാണ്. അതിനാൽ അവരുടെ ജ്ഞാനനിഷ്ഠ കർമ്മനിഷ്ഠ സംസ്കാരഭേദങ്ങളെന്നിവയും വിചിത്രങ്ങളാണ്. അദ്ധ്യവസായഭേദം കൊണ്ട് ധർമ്മ്ജ്ഞാനവൈരാഗ്യൈശ്വര്യാദികളിൽ അവർക്ക് അഭിരതി ഉണ്ടാവുന്നു. സന്തുക്കളും യോഗികളും കൈവല്യത്തിനാണ് ശ്രമിക്കുന്നത്. ധർമ്മാദികളെ അനുസരിച്ച് അവർക്ക് ഗതി ചതുഷ്ടയി എന്ന് ശാസ്ത്രപ്രസിദ്ധമാണ്. ഇപ്രകാരം യോഗാഭ്യാസത്തിലും യോഗാംഗങ്ങ ളുടെ വ്യത്യസ്തഅംഗങ്ങളിലുണ്ടാവുന്ന അനുരാഗാധിക്യത്താൽ പലതരം യോഗഭേദങ്ങൾ ജനിക്കുന്നു.

മന്ത്രയോഗോ ലയശ്ചൈവ രാജയോഗോ ഹഠസ്തഥാ

യോഗഷ്ചതുർവിധാഃപ്രോക്തോ യോഗിഭിസ്തത്വദർശിഭിഃ

ഈ ഭേദങ്ങൾ യോഗാഭ്യാസപ്രവണതാഭേദത്താൽ ഉണ്ടായവയാണ്. ചിലർ ശരീര ശുദ്ധിയിൽ മാത്രം ശ്രദ്ധിക്കുന്നു. ചിലർക്ക് ജപത്തിലാണ് ബദ്ധശ്രദ്ധ. ഇപ്രകാരമുള്ള അനേകം തരക്കാരുടെ അനേകതരം യോഗപദ്ധതികൾ ഭൂമിയിൽ ഉണ്ടായിക്കൊണ്ടേ ഇരി ക്കുന്നു. തത്വദർശനഭേദം കൊണ്ട് യോഗസമ്പ്രദായഭേദം ഉണ്ടാവുന്നു ശൈവം. വീരശൈ വം. പാശുപതം. നകുലീശപാശുപതം. പ്രത്യഭിജ്ഞാനദർശനം. ഭാഗവതദർശനം. പാഞ്ച രാത്രം ശാസ്കം ഇങ്ങനെ എല്ലാ യോഗവിദ്യാംശ വിശേഷങ്ങളും ഇപ്രകാരം ഓരോരോ അനുരാഗം കൊണ്ട് ഉണ്ടായവയാണ്. ക്രിയായോഗപരായണർക്ക് ഈശ്വരപ്രണിധാനരൂ പമായ യോഗാംഗത്തിൽ ആദരവും അനുരാഗവും കൂടും. പ്രാണായാമാഭ്യാസശീലർക്ക്

ധ്യാനത്തിന് ഈശ്വരരൂപമോ രൂപരഹിതമോ എന്നത് അവരവരുടെ മനശ്ശക്തിക്കും ബുദ്ധിക്കും അനുസൃതമാണ്. യഥാശക്തി അഭ്യസിച്ചാൽ യഥാശക്തിഫലം കിട്ടും. സമ്യ ഗ്ദർശനാഭാവത്തിൽ ഗുണാതീതവും രൂപനാമാതീതവുമായ പരമരദം ഒരാൾക്കും പ്രാപി ക്കാനാവില്ല. അതിസൂക്ഷ്മരൂപേണ അവിദ്യാബീജദേഹാത്മധ്യാനം ചെയ്യാനും സമ്യഗ് ദർശനം കിട്ടാനും അതീവ ശുദ്ധനും സംസാരമുക്തനുമായ വ്യക്തിക്കേ സാധിക്കൂ. കലി കാലത്ത് ലക്ഷത്തിലൊരാൾക്കേ അത് സാധിക്കൂ.

സാംഖ്യയോഗത്തിൽ നിന്നുണ്ടായ ലൗകികവിദ്യകൾ:-

ത്രിഗുണസത്കാര്യവാദവിവേകഖ്യാത്യാദികളിൽ നിന്ന് ലൗകികദൃഷ്ട്യാ സാംഖ്യോപയോഗവിധിയാൽ ഉപയോഗിക്കപ്പെടുന്ന അനേകം വിദ്യകൾ ഉണ്ടായിട്ടുണ്ട്.

1. വൈദ്യശാസ്ത്രത്തിലെ വാതപിത്തകഫരൂപമായ ത്രിദോഷവിചാരം, ഗുണവൈ ഷമ്യനിയമാനുസാരമുള്ള ഔഷധപ്രയോഗം എന്നിവ, ചരകത്തിലും സുശ്രുതത്തിലും സാംഖ്യജ്ഞാനപ്രസംഗം ദർശിക്കാം. വൈദ്യം സാംഖ്യാധിഷ്ഠിതമാണ്.

2. യോഗശാസ്ത്രത്തിലെ ഷഡ്ചക്രചിന്തയിൽ നിന്നാണ് സ്ഥൂലമായ ശരീരസ്വാസ്ഥ്യ വൃത്തി, ആസനങ്ങളും മുദ്രകളും അവകൊണ്ടുള്ള ശരീരബലവും യോഗവിദ്യാംശഭൂത ങ്ങളായി ഉണ്ടായവയാണ്. അവയുടെ സമ്യഗ് ജ്ഞാനത്തെ കായവ്യൂഹജ്ഞാനമെന്ന് പറയുന്നു.

3. ചിത്തസംബന്ധികളായ രോഗജ്ഞാനം യോഗവിദ്യാസിദ്ധാന്തപ്രയോഗങ്ങളിൽ പ്രസിദ്ധമാണ്. മനോവിജ്ഞാനീയവിദ്യ (സൈക്കോളജി) ശാഖ യോഗസംബന്ധിയായി ട്ടുണ്ടായതാണ്. പ്രചലിതമനസ്സിന്റെ വിദ്യാശാസ്ത്രത്തിൽ അനിർജ്ഞാത മനഃഅസ്വാ ഭാവിക മനഃദൂരദർശൻ സ്പർശനവിഷയകാഃ സിദ്ധാന്തങ്ങളും യോഗശാസ്ത്രാന്തർഗ്ഗത ങ്ങളാണ്.

4. ജഗത്തിന്റെ മൂലദ്രവ്യമെന്താണ്. ഏതുവിധമാണ്. മുതലായ വിഷമം പിടിച്ച സമ സ്യകൾക്ക് ഉത്തരം ജഡവിജ്ഞാനവിത്തുകൾ തേടുന്നു. ദ്രവ്യം മനോജാതീയമാണെന്ന താണ് നവീനദൃഷ്ടി. ഇത് യോഗദർശനമാണ്. മാനസബലത്തിനാണ് യോഗത്തിൽ പ്രാധാ ന്യം. മാനസയോഗ്യത വർദ്ധിക്കുന്തോറും പ്രാണായാമാദികൾ അനുഷ്ഠിക്കാനും എളു പ്പമാണ്. (യോഗസൂത്രം 2.53) വിഷയഭൂതമായി ബ്രഹ്മം എന്ന് വസ്തു അദ്ധ്യാത്മഭൂത മായ ചിത്തത്തിന്റെ വിപരിണാമമാണെന്നതിനെ വ്യാഖ്യാനിക്കാൻ ജഡവിജ്ഞാനവിത്ത് സമർത്ഥനല്ല. ഈ സമസ്യ അഭിമാനസിദ്ധാന്തബലത്താൽ അദ്ധ്യാത്മതത്വവിത്ത് വിശ ദീകരിക്കുന്നു. ജഗത്തിന് മനോസാത്രത്വം, അതിനാൽ മായാരൂപത്വം എന്നത് സാംഖ്യയോഗികളിൽ നിന്ന് അന്യദർശനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

5. സത്കാര്യവാദം ബാഹ്യദർശനത്തിൽ പദാർത്ഥാവിഷ്കരണവിഷയത്തിൽ ഉൾപ്പെട്ട ജഡവൈജ്ഞാനികമാണ്. വൈജ്ഞാനികളിലെ സൂക്ഷ്തമസിദ്ധാന്തങ്ങളെല്ലാം സത്കാര്യവാദാന്തർഗ്ഗതപരിണാമവാദമായി പുഷ്ടി പ്രാപിച്ചവയാണ്. ആരംഭവാദവും വിവർത്തവാദവും അടക്കം ഉപാദാനദ്രവ്യത്തിൽ കാര്യം അവ്യക്തമാത്രേണ ഇരിക്കുന്നു. സൂക്ഷ്മകാരണങ്ങൾക്ക് മൂർത്തിലാഭം കിട്ടുന്നതാണ് കാര്യം എന്ന ദർശനത്തെ ആശ്ര യിച്ച് എല്ലാ വൈജ്ഞാനിക ശാഖകളും നിൽക്കുന്നു. (അമൃതജ്യോതി 1977. എല്ലാ ഭൗതി

കശാസ്ത്രങ്ങളും മാർക്സിസിറ്റ് ഹെഗേലിയൻ ഇക്കണോമിക്ക് തിയറിയും ഫിർഹോവിന്റെ സൂക്ഷ്മകോശോത്ഭവ സിദ്ധാന്തവും ജനിതകസിദ്ധാന്തവും സാംഖ്യവാദത്തിൽ നിന്നുണ്ടായതിനെ ചർച്ച ചെയ്തിട്ടുണ്ട്.) ശക്തിപരിണാമവാദം ഇപ്പോൾ മാത്രമാണ്. ആധുനികശാസ്ത്രം അറിയുന്നത് സാംഖ്യയോഗം വളരെമുമ്പേ അറിഞ്ഞിട്ടുണ്ട്.

6. വ്യഷ്ടിജീവനസുഖത്തിനായി ശീലങ്ങൾ അഭ്യസിക്കേണ്ടത് ആവശ്യമാണ്. ശീലങ്ങൾ യമനിയമാന്തർഗതമാണ്. ശീലാഭ്യാസപരായണരായ മുനിമാരാണ് രാഷ്ട്രവിദ്യ സമാജവിദ്യ എന്നിവ ഉപദേശിച്ചിരുന്നത്. ശിഷ്ടാചാരം കൊണ്ടേ സമൂഹത്തിൽ ധർമ്മം പുലരുകയുള്ളൂ ഈ രാഷ്ട്രധർമ്മത്തെ അഭിലഷിച്ച് ധർമ്മയുഗശബ്ദം മഹാഭാരതത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ലൗകികമായ സർവ്വകാര്യസിദ്ധിയും അദ്ധ്യാത്മവിദ്യ കൊണ്ടാണ് ലഭിക്കുന്നത്. ധ്യാനികം സർവ്വഗേ വൈതത് യദേതദഭിശബ്ദിതം.

7. ഭരതവിദ്യ:- പ്രത്യേകിച്ചും സംഗീതം അതിന്റെ യോഗശാസ്ത്രവിധിയേയും കുണ്ഡലിനീശക്തി നാദോപാസന എന്നിവയേയും സദാചാരത്തേയും ആധാരശിലയാക്കിയതാണ്. സംഗീതത്തിലെ ഋതുരാഗങ്ങൾ വൈദ്യസാംഖ്യയോഗ മന്ത്രശാസ്ത്രവിധികളുമായി ബന്ധിച്ചിരിക്കുന്നു (നാദലയസിന്ധു രാഗചികിത്സാമൃതം ഡിസിബുക്സ് 2008)

പാതഞ്ജലയോഗസൂത്രവും അതിന്റെ വ്യാഖ്യാനങ്ങളും

ഭഗവാൻ പതഞ്ജലിയാണ് പാതഞ്ജലയോഗസൂത്രപ്രണേതാവ്. ദുരധിഗമവും ബഹുസംവാദപല്ലവിതവുമായ യോഗവിദ്യയെ സൂത്രോപനിബദ്ധമാക്കി സുഗമമാക്കിയത് ഭാസ്വതീകാരനാണ്. ശ്(1.1) പാതഞ്ജലയോഗസൂത്രത്തിന് മുമ്പുള്ള ഹിരണ്യഗർഭസൂത്രത്തെ എല്ലാ ഭാഷ്യകാരന്മാരും പരാമർശിക്കുന്നുണ്ട്. (മണിപ്രഭാടീകാരംഭം തത്വവൈശാരദ്യാരംഭം. യോഗസുധാകരവ്യാഖ്യാരംഭം നാഗോജീവ്യാഖ്യാരംഭം കാണുക.) ഭാമതി (3.13) യാജ്ഞവല്ക്യൻ ശാന്തിപർവ്വം (12.5,3498.65) ഇവയും ഹിരണ്യഗർഭന്റെ പുരാതന യോഗത്തെ പറയുന്നു. യോഗസൂത്രത്തിന് സാംഖ്യപ്രവചനമെന്ന ഒരു നാമവുമുണ്ട്. ജയമംഗലടീകയിൽ യോഗസൂത്രങ്ങൾ ഈ പേരിലാണ് ഉദ്ധരിച്ചിട്ടുള്ളത്. (കാരിക 47) യോഗഭാഷ്യകാരൻ തന്നെ പ്രതിപാദാന്ത്യത്തിൽ സാംഖ്യപ്രവചനേ യോഗശാസ്ത്രേ എന്നാണ് പറയുന്നത്. സാംഖീയമായ ഭൂതതന്മാത്രാദികപദാർത്ഥങ്ങൾ യോഗചിത്തസ്ഥൈര്യലംബനീഭൂതങ്ങളാണ്. യോഗജപ്രജ്ഞയാൽ സാക്ഷാത്കൃതങ്ങളുമാണ്.

ഹിരണ്യഗർഭയോഗം

ആദിശങ്കരൻ ഈ പ്രാചീനയോഗത്തെ സ്മരിച്ചിട്ടുണ്ട്. വിഷ്ണുപുരാണം (2.3.44) ഹിരണ്യഗർഭവചനം വിചിന്ത്യേതമം എന്നു പറഞ്ഞിരിക്കുന്നു. സമ്മാനനാ പരം ഹാനിം നിഞ്ചേയുർന്നൈവ സംഗതിം (2.13.42-43) എന്നുള്ള രണ്ടു ശ്ലോകങ്ങൾ വിഷ്ണുപുരാണം ഉദ്ധരിക്കുന്നത് ഹിരണ്യഗർഭീയയോഗശാസ്ത്രത്തിൽ നിന്നാണെന്ന് ശ്രീധരൻ. സമ്മാനനേത്യാദി ശ്ലോകദ്വയം ഹിരണ്യഗർഭയോഗശാസ്രീയം (ടീക. 2.13.43) പ്രപഞ്ചപരമാർത്ഥാവാദ്വയം യോഗഃ എന്ന് മധുസൂദനസരസ്വതി. പരമാർത്ഥസിദ്ധിയിൽ പ്രപഞ്ചം പോലും ലയിച്ചുപോയി സ്വകാരണത്തിൽ അവ്യക്തരൂപത്തിൽ പ്രപഞ്ചസത്ത അവതിഷ്ഠമാവുന്നു. ഹിരണ്യഗർഭശാസ്ത്രസ്യ അന്യദ്വചനം (സനത്സുജാതീയശങ്കരഭാഷ്യം യാ നിത്യാ എന്നത് 1.42) പരമ്പരാഗതമായി ഈ ശാസ്ത്രം പ്രസിദ്ധമായിരുന്നു എന്നതിന് തെളിവാ

ണ്. യോഗഗ്രന്ഥങ്ങളിൽ ഇടയ്ക്കിടെ ബ്രഹ്മണാ കീർത്തിതം എന്നു പറയുന്നത് ഹിരണ്യഗർഭയോഗത്തെയാണ്. അശ്വമേധപർവ്വത്തിൽ (35.25,52.40) ബ്രഹ്മപ്രോക്തമായ ജ്ഞാനം വർണ്ണിക്കുന്നുണ്ട് ഇത് സർവ്വഥാ സാംഖ്യയോഗം തന്നെയാണുതാനും. വൈഷ്ണവദൃഷ്ടിയിൽ യോഗത്തിന്റെ വിവരണം അഹിർബുധന്യസംഹിതയിലുണ്ട്. (12.31–38) ഇതിന് ശബ്ദത്തിലും അർത്ഥത്തിലും യോഗസൂത്രവുമായി താരതമ്യമുണ്ട്. ഹിരണ്യഗർശാസ്ത്രാനുസാരിയാണ് പതഞ്ജലയോഗസൂത്രമെന്നത് ശാസ്ത്രസമ്മതമാണ്. ഹിരണ്യഗർഭസൂത്രത്തിന്റെ സാരസംഗ്രഹമാണ് പതഞ്ജലിയുടേത്. അഹിർബുധന്യാസംഹിതയിലെ നിരോധസംഹിത കർമ്മസംഹിത എന്നിവയും ഈശ്വരപ്രണിധാനവും സ്വീകരിക്കുന്നത് ഹിരണ്യഗർഭയോഗസൂത്രത്തെയാണ്. (ശ്രീരാമശങ്കഭട്ടാചാര്യ പുറം 70–72) കപിലനും ഹിരണ്യഗർഭനും ഒരാളാണെന്നും പക്ഷമുണ്ട്. ഭാസ്വതീകാരൻ ഹിരണ്യഗർഭാ അത്ര പരമർഷേഃ കപിലസ്യ സംജ്ഞാഭേദഃ യഥോക്തം – വിദ്യാസഹായവന്തം മാമിത്യാദി ഭഗവതഃകപിലസ്യാപി ധർമ്മജ്ഞാനാദീനാം സഹജാതത്വാത് സശ്രദ്ധാവദ്ഭി ഋഷിഭി ഹിരണ്യഗർഭാഖ്യായാ പൂജിത ഇതി തസ്യാപി ഹിരണ്യഗർഭസംജ്ഞാ ഭഗവതാ കപിലേനൈവ പ്രവർത്തിതൗ സാംഖ്യയോഗൗ (1.1) എന്ന് പറയുന്നു.. സർഗ്ഗാദിയിൽ ഹിരണ്യഗർഭനെന്ന ബ്രഹ്മാവ് സ്വാധ്യായശീലരായ മഹർഷിമാർക്ക് യോഗവിദ്യ ഉപദേശിച്ചു. ബ്രഹ്മപ്രോക്തമായ പ്രേരണയാൽ മഹർഷിമാർ സ്വാധ്യായനീരതരും യോഗവിദ്യാ സഹജാസസംസ്കാരബലപ്രാപ്തരുമായി. സ്വാധ്യായാദിഷ്ടദേവതാസമ്പ്രയോഗഃ (2.44) എന്ന സൂത്രം അതിനാൽ സാർത്ഥകമാണ്. ഇഷ്ടദേവതാനിഷ്ഠ എന്ന ഭക്തിയോഗപദ്ധതിയും ഈ സൂത്രം ചൂണ്ടികാണിക്കുന്നു. ജന്മസിദ്ധ്യുദാഹരണേഷു ഹിരണ്യഗർഭമപി കേചിത് ഗണയതി. (ഹഠയോഗടീക 4.14) മറ്റു ചിലർ ഹിരണ്യഗർഭനെന്ന ഒരു ഋഷിയാലുപദേശിക്കപ്പെട്ടതെന്ന് പറയുന്നു. എന്നാൽ, ഇതിഹാസപുരാണങ്ങളിലൊന്നും അതിനു നിദാനമായ പരമാർശങ്ങളില്ല. യോഗഗമ്യമായ സർവ്വവും മൂലഭൂതമാണെന്ന് അതിനാൽ കരുതാം. സാംഖ്യജ്ഞാനം നാരായണാശ്രിതമാണ് (ശാന്തിപ 3.1.114) അതിനാൽ യോഗവിദ്യയാൽ മൂലഭൂതമായി പ്രകാശിപ്പിക്കപ്പെട്ട് സർഗ്ഗാദിയിലെ നാരായണനാണ് ഹിരണ്യഗർഭനെന്ന് സാരം. മഹർഷിപരമ്പരകളിലൂടെ ഈ വിദ്യ പരമർഷിയായ കപിലനിൽ (നാരായണാംശം) പ്രകാശിച്ചു. മനുജസമാജത്തിൽ കപിലനാണ് ആദ്യമായി യോഗവിദ്യാപ്രവർത്തനം തുടങ്ങിയത്. വിദ്യാരക്ഷാർത്ഥം (എജുക്കേഷനൽ പദ്ധതികളുടെ സംരക്ഷണത്തിനുവേണ്ടി) ഉള്ള ഇതിനെ പിൽക്കാലത്ത് അമിതധീയും കാരുണികനുമായ പതഞ്ജലി സംഗ്രഹിച്ചു. ആരായിരുന്നു പതഞ്ജലി. ഒരാളോ ആ പേരിലുള്ള പലരുണ്ടായിരുന്നുവോ എന്നെല്ലാം പലരും സംശയിക്കുന്നു.

1. സാമവേദീയപതഞ്ജലശാഖാപ്രവക്താവ് (വൈദികവാങ്മയഇതിഹാസം ഭാഗം 1 പേജ് 312)
2. സാമവേദീയനിദാനസൂത്രപ്രവക്താവ്
3. യോഗസൂത്രകാരൻ
4. മഹാഭാഷ്യകാരൻ
5. ചരകസംഹിതാപ്രവക്താവ്, ചരകവ്യാഖ്യാതാവ്, ചരകവാർത്തികകാരൻ
6. വ്യാസഭാഷ്യധൃതദ്രവ്യസക്ഷണക്കാരൻ (3.14)

7. യുക്തിദീപികാധൃതപതഞ്ജലിനാമാചാര്യൻ

8. ലോഹശാസ്ത്രകാരൻ (തത്വസംഗ്രഹടീകാ തത്വചന്ദ്രികയിൽ ശിവദാസൻ പേജ് 6.3)

9. രസശാസ്ത്രീയഗ്രന്ഥവിശേഷകാരൻ (ലോഹശാസ്ത്രം തന്നെ)

10. ഹേമരാജശർമ്മ (കാശ്യപസംഹിതോപോദ്ഘാതം) ഗുരുപദഹാലധരൻ (വനൈദികവൃത്താന്ത വദ്ധത്രയി, വ്യാകരണദർശന) യുധിഷ്ഠിരമീമാംസകൻ (വ്യാകരണശാസ്ത്രേതിഹാസഗ്രന്ഥം) ഉദയവീരശാസ്ത്രി(സാംഖ്യദർശനേതിഹാസഗ്രന്ഥം) സുരേന്ദ്രനാഥദാസ് ഗുപ്ത ഇവരുടെയെല്ലാം അഭിപ്രായം പരിശോധിച്ച് പണ്ഡിതശ്രീരാമശങ്കരഭട്ടാചാര്യർ യോഗസൂത്രകാരനായ മഹാഭാഷ്യകാരനും ചരകവ്യാഖ്യാതാവും ലോഹശാസ്ത്രകാരനും ഒരാളാണെന്ന് നിർണ്ണയിക്കുന്നു.

11. പതഞ്ജലി ശേഷനാഗാവതാരമെന്ന് ഒരഭിപ്രായം

12. ഉപകാദിഗണത്തിൽ (അഷ്ടാ. 2.4.69) പതഞ്ജലശബ്ദം പഠിക്കുന്നു. ഉപകാദിഗണത്തിന്റെ അപത്യം (പുത്രൻ) പതഞ്ജലി എന്ന്. മത്സ്യപുരാണത്തിൽ ആംഗിരസപതഞ്ജലിയെ ഗോത്രപ്രകരണത്തിൽ സ്മരിക്കുന്നു (296.25) സാമശാഖാ പ്രവർത്തകപരമ്പരയിലും ഈ നാമം സ്മരിക്കുന്നു. പാതഞ്ജലശബ്ദം കാണാം. (14.6.3.1) (14.6.7.1) ബൃഹദാരണ്യകത്തിൽ പതഞ്ജലി ശബ്ദമുണ്ട്. (3.3.1,3.7.1) അതിനാൽ സത്യാർഷകാലത്തിൽത്തന്നെ പതഞ്ജലി അനുമാനിക്കേണ്ടിവരും. വായുപുരാണം (61.43) ബ്രഹ്മാണ്ഡപുരാണം (1.35.46) ശാഖാകാരനായ പതഞ്ജലിക്ക് ബുദ്ധിമാനെന്ന വിശേഷണം പ്രയോഗിച്ചിട്ടുണ്ട്. ശാഖാകാരൻ യുക്തിപൂർണ്ണദർശന പടുവാണെന്ന അർത്ഥം. പ്രാചീനകാലത്ത് സന്യാസാഭ്യസനം ചെയ്യുന്നവരെക്കുറിച്ച് ആപസ്തംഭൻ ആധ്യാത്മികാൻ യോഗാനനുതിഷ്ഠേത് ന്യായസംഹിതാൻ അനൈശ്ചാരീരികാൻ(1.8) എന്ന് പറഞ്ഞിട്ടുണ്ട്. ശങ്കരൻ അധ്യാത്മം ഭവതേതി അധ്യാത്മികാഃഛാന്ദസം ഹ്രസ്വത്വം തേഹി ചിത്ത സമാധാനഹേതുത്വാത് യോഗഃ ന്യായസംഹിതാൻ ഉപപത്തി സമന്വിതാൻ എന്ന ടീകയിൽ പറയുന്നു. വൈഷ്ണവ, ശൈവ, പ്രത്യഭിജ്ഞാദി സമ്പ്രദായങ്ങളെല്ലാം യോഗാനുവർത്തിനികളാണ് അതിനാൽ യോഗസൂത്ര മഹാഭാഷ്യു വൈദ്യശാസ്ത്ര ലോഹശാസ്ത്രകാരനായ പതഞ്ജലി തന്നെയാണ് ശാഖാകാരനും നിദാനസൂത്രപ്രോക്താവുമെന്ന് സിദ്ധിക്കുന്നു. നാഗവംശജനും കാരു (ലോഹപ്പണി) വിദ്യയിൽ വിദഗ്ധനുമായിരുന്നു എന്നത് കുലം, ഉപജീവനമാർഗ്ഗം എന്നിവയെ ചൂണ്ടിക്കാട്ടുന്നു. യോഗസൂത്രത്തിലെ ഭാഷയും ആരണ്യകോപനിഷത്തിലെ ഭാഷയും വ്യത്യസ്തമായതുകൊണ്ട് അവ രണ്ടു പതഞ്ജലിമാരുടേതാകാമെന്ന് വാദിക്കുന്നത് ബാലിശം മാത്രമല്ല യുക്തിരഹിതുമാണ്. ഒന്ന് പ്രായോഗികശിക്ഷണത്തിനായി സൂത്രരൂപത്തിൽ എഴുതി എന്നെയുള്ളൂ. ബ്രഹ്മസൂത്രം വ്യാഖ്യാനവും ഉപനിഷദ് സ്വാദ്ധ്യായും പഞ്ചസിദ്ധാന്തികാപാഠനവും പുഴയുടെ കഥ മുതലായ നോവലുകളിൽ നിന്നും കവിതകളിൽ നിന്നും പാഥേയമെന്ന ആത്മകഥയിൽ നിന്നും വിഭിന്നമായ ഭാഷ സ്വീകരിക്കുന്നു എന്നാലും എഴുതിയത് ഒരാളാണല്ലോ. യോഗവിദ്യയുംസാമവേദവും സാമാന്യമായി സംബന്ധമുള്ളതാണ്. പതഞ്ജലയോഗം ഈശ്വരപ്രണിധാനപ്രതിപാദനമാണ്. ഈശ്വരപ്ര

ണിധാനമാർഗ്ഗമാണ് സാമസംഗീതത്തിനും സാമവേദത്തിനും. ശബ്ദത്തിലും അർത്ഥത്തിലും പാതഞ്ജലസദൃശമായ അഭിപ്രായങ്ങൾ (മതങ്ങൾ) സാമവേദീയഗ്രന്ഥങ്ങളിലുമുണ്ട്.

പാതഞ്ജലവും സാമവേദവും സാദൃശ്യങ്ങൾ

1. ഈശ്വരപ്രണിധാനസൂത്രത്താൽ ഭക്തിസാധനത്തെ പതഞ്ജലി മഹത്തായി ദർശിക്കുന്നു. (യോഗഭാഷ്യം 1.23) അസകൃച്ച (1.26.2.1,2.45) പ്രണിധാനം ഇദമെന്നു പറയുന്നു. ഭക്തിമാർഗ്ഗത്തിൽ പതഞ്ജലിയെ ആദരപൂർവ്വം സ്മരിക്കുന്നു. ഭക്തിവിശേഷണ പ്രതിപാദിക്കപ്പെടുന്നു. സാമവേദത്തിൽ ഭക്ത്യാചാര്യന്മാരായ നാരദമുനിയും ശാണ്ഡില്യനും സാമവേദപ്രവക്താക്കളായിരുന്നു. വേദങ്ങളിൽ ഞാൻ സാമവേദമെന്ന് ഭഗവാൻ ഗീതയിൽ പറയുന്നു. വസുദേവൻ നാഗവംശീയനായിരുന്നു എന്ന് ഭാഗവതത്തിൽ നിന്ന് അറിയാം. പതഞ്ജലിയും ആ വംശമാണ്. ഓജസ് എന്ന പേരിൽ കാരുക്കളുടെ വംശത്തിൽ ഭഗവാൻ പണ്ടു ജനിച്ചതായി വിശ്വകർമ്മർ വിശ്വസിക്കുന്നു.

2. ഭക്തിയോഗാചാര്യരായ നാരദാദികളും കൃഷ്ണനും യോഗവിദ്യാചാര്യന്മാരും കൂടിയായിരുന്നു. നാരദൻരെ യോഗവിദ്യാവേതൃത്വം ശാന്തിപർവ്വത്തിൽ പറയുന്നുണ്ട്. മഹാഭാരതത്തിൽ യോഗവിദ്യ സാംഖ്യയോഗസംബന്ധിയാണെന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട് (ആദി 75.7.8 ശാന്തി 329-331 അനുശാ 275,287)

3. ഹിരണ്യഗർഭയോഗവിദ്യാവിവരണം അഹിർബുധ്ന്യാസംഹിതയിലുണ്ട്. ഇത് വൈഷ്ണവീയമാണ്. വൈഷ്ണവീയഭക്തിയാകട്ടെ സാമവേദീയവുമാണ്. ഹിരണ്യഗർഭയോഗവും സാമവേദീയമാണ്. അതിനാൽ പതഞ്ജലയോഗകാരനായ പതഞ്ജലി സാമവേദപ്രോക്താവാകുന്നതിൽ യുക്തിക്ക് നിരക്കാത്തതായി യാതൊന്നുമില്ല.

4. ഈശ്വരവാചകമായ പ്രണവജപത്തിന്റെ മഹിമ ചിത്തസ്ഥൈര്യത്തിനാണ്. ഈ പ്രതിപാദനത്തിലും പതഞ്ജലിയുടെ ശാസ്ത്രം സാമവേദസംബന്ധമാണ്. സ്തോത്രമെന്നാൽ സാമഭിഃസ്തുവന്തി (നിരുക്തം 13.3) എന്നതനുസരിച്ച് സാമം തന്നെയാണ്. മുണ്ഡകത്തിൽ പ്രണവം പ്രാജാപത്യമല്ല. സാമവേദീയആർഷേയബ്രാഹ്മണത്തിൽ പ്രാജാപത്യമാണ്. (1.1) യോഗസൂത്രത്തിലും ഇങ്ങനെയാണ്.

5. ചിത്തസമാധിക്കായി സാമഗാനം ഉപയോഗിക്കുന്നത് യോഗസമ്മതാണ്. (യാജ്ഞവല്ക്യാസ്മൃതി 3.112) അതിനാൽ പതഞ്ജലി സാമവിത്തായിരുന്നുവെന്നതിൽ വൈരുദ്ധ്യവുമില്ല.

6. പതഞ്ജലയോഗപ്രമാണഭൂതനാണ് വാർഷഗണാചാര്യൻ. അദ്ദേഹവും സാമശാഖാപ്രവർത്തകനായിരുന്നു. യോഗാചാര്യനായ ഗൗതമഗാർഗ്യനും സാമശാഖാകാരനായിരുന്നു, സാമശാഖാകാരനായ ഹിരണ്യഗർഭനും മഹായോഗിയായ ഒരാചാര്യനായിരുന്നു എന്ന് പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു.

7. സാമപ്രവക്താവായ ജൈമിനി യോഗിയായിരുന്നു. വായുപുരാണത്തിലും (65.26) ബ്രഹ്മാണ്ഡപുരാണത്തിലും (2.1.25) വിശ്വാവസു എന്ന ഗന്ധർവ്വഗായകനാൽ പണ്ട് സാമവേദം പ്രകാശിതമായി എന്നു പറയുന്നു. ശാന്തിപർവ്വത്തിൽ വിശ്വാവസു സാംഖ്യയോഗവിത്താണെന്നും പറയുന്നു. (318.26.84) അതിനാൽ പതഞ്ജലയോഗവും ഒരു സാമശാഖാവിശേഷമായി അനാവരണം ചെയ്യപ്പെട്ടതാണെന്ന് കരുതണം. ബ്രഹ്മവിദ്യാതത്വജ്ഞാനത്തിൽ സാമസംഗീതം, ഭക്തി, യോഗം എന്നിവയുടെ പ്രാധാന്യം ഇങ്ങനെ ഗ്രഹിക്കണം.

8. യാജ്ഞവല്ക്യൻ (ബൃ,യോ, യാജ്ഞ 8.16.21) പ്രതിപാദിച്ച പ്രാണായാമം പതഞ്ജല സൂത്രത്തിലുള്ളതുപോലെയാണ്. പ്രണവം ഉദ്ഗീതരൂപമായി പറയുന്നു. സാമവേദീയമായ ഛാന്ദോഗ്യഉപനിഷത്തിലും യോഗവിദ്യാജ്ഞാനം ഉണ്ട്. ഹിരണ്യഗർഭയോഗിയുടെ പ്രണവസാധന ഇവരെല്ലാം സ്വീകരിച്ചിട്ടുണ്ട്.

ഇതെല്ലാം വെച്ച് യോഗസൂത്രം സാമശാഖാവിശേഷമാണെന്ന് സ്ഥാപിക്കാനാവും. സാമവേദീയജൈമിനീയോപനിഷത്ത് ബ്രാഹ്മണത്തിൽ പ്രതിബോധവിദിതം മതം (4.10.2) എന്നുണ്ട്. ഇത് പതഞ്ജലയോഗത്തിൽ ബുദ്ധേഃപ്രതിസംവേദീപുരുഷ എന്ന് പ്രദർശിപ്പിച്ചുകാണാം. ശബ്ദസാമ്യം ഇത്രക്ക് ലക്ഷണീയമായി മറ്റ് ഉപനിഷത്തുക്കളോടില്ല. സാമവേദീയഛാന്ദോഗ്യഉപനിഷത്തിൽ സാമാനനാമകപ്രാണോപാസനഫലഭൂതം (3.13.4) യോഗസൂത്രത്തിലും കാണാം. ഛാന്ദോഗ്യാചാര്യന്റേയും യോഗസൂത്രാചാര്യന്റേയും മതം അനുരൂപമാണ്. സാമവേദീയഭാല്ലവിശാഖീയ വചനങ്ങൾ (സുരേശ്വര, സായണാദികളുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടവ) യോഗസൂത്രാർത്ഥത്തെ പുഷ്ടിപ്പെടുത്തുന്നവയാണ്. യോഗസൂത്രം സാമവേദത്തിന്റെ അനുശാസനപദ്ധതിയായി രചിക്കപ്പെട്ടതാണ്. ഈ പദ്ധതി ശതപഥബ്രാഹ്മണത്തിൽത്തന്നെ (11.5.5.8) സ്മരിക്കപ്പെട്ടിട്ടുള്ളതുമാണ്. അതിപ്രാചീന കാലത്തുതന്നെ യോഗസൂത്രം നിലവിലുണ്ട് എന്നർത്ഥം.

ആധുനികചരിത്രകാരന്മാർ ക്രിസ്ത്വബ്ദത്തിന് ഒന്നോ രണ്ടോ നൂറ്റാണ്ടുമുമ്പുമാത്രമാണ് യോഗസൂത്രം രചിക്കപ്പെട്ടതെന്ന് കരുതുന്നവരാണ്. ഏറ്റവും കൂടുതൽ പോയാൽ ബിസി 500 വരെയാണ് അവർ അതിന് പഴക്കം കല്പിക്കുന്നത്. ഇത് ഗൗതമബുദ്ധനുശേഷമാണ്. യോഗപദ്ധതിയും ജ്ഞാനവും ഇന്ത്യയിൽ നടപ്പായതെന്ന തെറ്റിദ്ധാരണ കൊണ്ടുമാത്രമാണ്. ബുദ്ധനെക്കാളും സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. യോഗപദ്ധതിക്കെന്ന് ആർക്കിയോളജിക്കൽ തെളിവുകളുണ്ട് (ഹരപ്പ, സൈന്ധവകാലത്തെ പത്മാസനസ്ഥനായ യോഗി, അനേകം യോഗാസനപ്രതിമകൾ എന്നിവ)

യോഗസൂത്രം ഏതെങ്കിലും ഒരു പ്രത്യേകമതത്തിനു വേണ്ടിയല്ല ഭൂമിയിലെ എല്ലാ മനുഷ്യർക്കുമായി ഇന്ത്യയിലെ പ്രാചീനർ രചിച്ച പ്രായോഗികപദ്ധതിയാണ്. ശാന്തിനേടാൻ അവരവരുടെ ചിത്തതന്ത്രമായി അതിനെ ഉപയോഗപ്പെടുത്തുന്നവർക്ക് അവരാരായാലും ഫലം കിട്ടും. ന തത് സ്വാഭാസം ദൃശ്യത്വാത് (4.16) ന ചൈകചിത്തതന്ത്രം (4.16) മുതലായ സൂത്രങ്ങൾ നോക്കുക. ബുദ്ധമതപ്രചരണത്തിനുണ്ടാക്കിയതോ ഏതെങ്കിലുമൊരു വ്യക്തിക്കായി മാത്രം രചിച്ചതോ അല്ല യോഗം. ബുദ്ധനേക്കാളും പ്രാചീനമായ അതിനെ ബുദ്ധൻ സ്വചിത്തതന്ത്രമായി ഉപയോഗിച്ചു, ബോധി നേടുകയും ചെയ്തു. ഒരു സംസ്കാരത്തിന്റെ സൃഷ്ടി എന്നല്ലാതെ ഒരു പ്രത്യേകമതത്തിന്റെ സൃഷ്ടി എന്ന് അതിനെ വിളിക്കാവതല്ല. ദുഃഖനിവാരണത്തിനുള്ള പ്രശ്നമായി പൗരാണികനായ കൃഷ്ണദ്വൈപായനൻ വേദശാഖയെ പ്രവർത്തിപ്പിച്ചു ക്രോഡീകരിച്ചപ്പോഴാണ് യോഗസാംഖ്യാദി പദ്ധതികൾ ദുഃഖനിവൃത്തിക്കായി പുനരുദ്ധരിക്കപ്പെട്ടത്. വ്യാസശിഷ്യനായ ജൈമിനി സാമശാഖാ പരമ്പരയിലാണ്. പതഞ്ജലി ജൈമിനിശാഖയിലാണ്.

കൃഷ്ണദ്വൈപായനവ്യാസന്റെ സാമവേദശാഖാഗുരുശിഷ്യപരമ്പരഃ-

1. വ്യാസൻ
2. ജൈമിനി, ലോമഹർഷണൻ
3. ജൈമിനിശിഷ്യൻ സുകർമ്മാ ലോമഹർഷണ ശിഷ്യൻ സൂതൻ
4. സുകർമ്മാശിഷ്യന് പൗഷിഞ്ജി
5. പൗഷിഞ്ജിശിഷ്യൻ കുഥുമി
6. കുഥുമിശിഷ്യൻ പരാശരൻ വ്യാസന്റെ പിതാവും ഒരു പരാശരനാണെന്നും വസിഷ്ഠഗോത്രമാണെന്നും ഓർക്കുക. വസിഷ്ഠൻ രാമായണകാലത്തെ യോഗാചാര്യനാണ്.
7. പതഞ്ജലി

മഹാഭാരതയുദ്ധത്തിനുശേഷമാണ്. പതഞ്ജലികാലം പുരാണത്തിലെ ശാഖാപരമ്പര വൈദികഗ്രന്ഥാനുസാരിണിയായും അല്ലാതെയും നാം കാണാറുണ്ട്. അനേകം പരമ്പരകളായി വിഭജിക്കപ്പെടുംന്തോറും ശാഖാഗണനം പ്രയാസമായിത്തീരുന്നു. പലരും പ്രായേണ ശാഖയിൽ നിന്ന് പലകാരണത്താൽ പുറത്തുപോകും (ഭ്രഷ്ട് എന്നത് പുറത്താക്കൽതന്നെയാവണമെന്നില്ല. പുറത്താകലുമാവാം. ഞാൻ പഠിക്കാതെയിരുന്നാൽ എന്റെ ഗുരുപരമ്പരിയൽ നിന്ന് എന്റെ നാമം സ്വാഭാവികമായും ഇല്ലാതാകും. ആചാര്യപരമ്പരയും ചിലപ്പോൾ ഒന്നാകാം. ചിലപ്പോൾ വേറെയുമാകാം. ലോകപരമ്പരജനിതക പരമ്പരയാണ്. വ്യാസന്റെ ലോകപരമ്പര അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിൽ നിന്ന് വ്യത്യസ്തമാണ്.

വ്യാസന്റെ ലോകപരമ്പര (ജനിതകം)

1. പരാശരനും സത്യവതിയും
2. വ്യാസമുനി
3. ശുകൻ (ശുകൻ ശിഷ്യനുമാണ്)
4. ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ
5. കൗരവരും പാണ്ഡവരും
6. അഭിമന്യു
7. പരീക്ഷത്ത്
8. ജനമേജയൻ

വ്യാസന്റെ ഏഴാംതലമുറക്കാലത്താണ് പതഞ്ജലയോഗസത്രകാലം ജനമേജയസത്രത്തിൽ ചെറുബാലകരൂപത്തിൽ ബ്രാഹ്മണവേഷത്തിൽ വന്ന വാസുകിനാഗ വംശക്കാരനായ ആസ്തികനെന്ന മഹായോഗിയുടെ കാലത്താണ് പതഞ്ജലി ജീവിച്ചിരുന്നത്. ആസ്തികൻ കുരുവംശജർക്കെല്ലാം ആദരണീയനും ആചാര്യസ്ഥാനീയനുമായിത്തീർന്നു. ആസ്തികനും പതഞ്ജലിയും ഒരാളാവാനും സാദ്ധ്യതയുണ്ട്. വ്യാസശിഷ്യനായ ജൈമിനിക്ക് ഹിരണ്യനാഭശിഷ്യപരമ്പരയിലെ ക്രുതനെന്ന ഒരാൾ സുഹൃത്തായി ഉണ്ടായിരുന്നു. ഈ വ്യക്തി സൂര്യവംശത്തിലെ ഒരു പ്രാചീനരാജാവായിരുന്നു എന്നു കാണുന്നു.

ഹിരണ്യനാഭൻ പൗഷിഞ്ജിയുടെ സതീർത്ഥ്യനായിരുന്നു എന്ന വാദത്തിന് തെളിവൊന്നും കിട്ടിയിട്ടില്ല. പതഞ്ജലിക്ക് മഹാഭാരതകാലത്തേക്കാളും പഴക്കമുണ്ടെന്ന് ശ്രീരാമശങ്കര ഭട്ടാചാര്യർ വിചാരിക്കുന്നു.

യോഗസൂത്രസാംഖ്യാവിമർശം

1. ന ച തത് (സൂത്രം 3.20) തത്വവിശാരദർ സ്വീകരിക്കുന്നു. വിഞ്ജാനഭിക്ഷു ഈ വാക്യത്തിനു ഭാഷ്യം രചിച്ചു. ഭാവാഗണേശ നാഗോജിഭട്ടാദികൾ രചിച്ചിട്ടില്ല.

2. കായരൂപ (3.21) സത്രാനന്തരം ഏതേന ശബ്ദാന്തർധാനമുക്തം എന്ന് ചന്ദ്രികാ ടീക. യോഗസൂത്രഗ്രന്ഥസമ്പാദകനായ ഭോഡജരാജൻ ഭാവാഗണേശനെന്നിവർ ഈ സൂത്ര വാക്യാനാന്തരം വരുന്ന വാക്യം വ്യാഖ്യാനിക്കുന്നു. നാഗോജി മണിപ്രഭാകരാദികൾ വ്യാഖ്യാനിക്കുന്നില്ല. വിജ്ഞാന ഭിക്ഷു സൂത്രകാരസ്യ പരിഹരതി ഏതേന ഇതി എന്ന് ഈ സൂത്രത്തെ പരമാർശിക്കുന്നു. അവിടെ ദിനമാസസംവത്സരം എന്ന ഒരു സൂത്രമുള്ളത് പ്രക്ഷിപ്തമെന്ന് ചിലർ കുരുതുന്നു. ഇതിന്റെ സാധുത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

3. ന ചൈക ചിത്തതന്ത്രം വസ്തു (4.16) തത്വവൈശാരദീകാരസമ്മതമാണ്. ഭോജ രാജ ചന്ദ്രികാകാരമതത്തിൽ അത് സമ്യക്കാണ്.

4. തേ പ്രതിപ്രസവഹേയാഃസൂക്ഷ്മാ (2.10) വാചസ്പതിമതത്തിൽ ഭാഷ്യം ഇങ്ങ നെയാണ്. കസ്മാദ് പുനാഃപഞ്ചമീക്ലേശാവസ്ഥാ ദഗ്ധബീജഭാവതയാ സൂക്ഷ്മാ ന സൂത്ര കാരേണ കഥിതേത്യഥ ആഹ തേ പ്രതിപ്രസവഹേയാഃസൂക്ഷ്മാ ഇതി തു ഭാഷ്യമേവ ന സൂത്രമിതി വാചസ്പതിസ്വരസഃ

5. തൃതീയപാദം യോഗദർശനം (3.55) ഇതി എന്ന പദം കാണുന്നു. ചതുർത്ഥപാദം സ്വപക്ഷസ്ഥാപനപരനിർണ്ണയാത്മകമാണ്. ഇത് കാലാന്തരത്തിൽ ചേർത്തതെന്ന് ഇതി എന്ന് പദം വെച്ച് ചിലർ അഭിപ്രായപ്പെടുന്നു. ഇതി എന്നത് സൂത്രസമാപ്തിയാണ്. വാച സ്പതിയും സൂത്രാവസാനം ഈ പദം ചേർത്തിട്ടുണ്ട്. ഭിക്ഷുവിന്റെ അഭിപ്രായത്തിൽ ഇത് ഗ്രന്ഥസമാപിതിയല്ല് സൂത്രാന്തത്തിലുള്ള ഇതിപദം ഹാനോപായവ്യൂഹസമാപ്തി സൂചനാർത്ഥമാണ്. അതിനാൽ ഇതി ശബ്ദപാഠബലം വെച്ചുമാത്രം ചതുർത്ഥപാദം പ്രക്ഷി പ്തമാണെന്ന് പറയാവതല്ല. ചതുർത്ഥപാദം പരിശിഷ്ഠമെന്ന് വാദിക്കാവതല്ല. ഇതി പദ സമാപ്തൗ എന്ന് വാചസ്പതി. പാദാന്തരസമാപ്തിദ്യോതനാർത്ഥമാണ്. സൂത്രകൃത്ത് ഈ ശബ്ദം പ്രയോഗിച്ചിട്ടുള്ളത്. സൂത്രസമാപ്തിദ്യോതകമാണത്. സൂത്രമോ ശ്ലോകമോ ഉദ്ധരിക്കുന്നിടത്തെല്ലാം ഇതി ശബ്ദം സംസ്കൃതഗ്രന്ഥങ്ങളിൽ പ്രയോഗിക്കാറുണ്ട്. അതു മാത്രം വെച്ച് അതിന്നുശേഷമുള്ളതെല്ലാം പരിശിഷ്ഠമോ പ്രക്ഷിപ്തമോ ആണെന്ന് പറ യാൻ സാദ്ധ്യമല്ല.

6. യോഗസൂത്രപാഠാന്തരങ്ങൾ പാഠഭേദമല്ലാതെ അർത്ഥഭേദകാരകമായി ഒന്നും ഇല്ല ഉച്ചാരണഭേദം കൊണ്ടുള്ള പാഠാന്തരമല്ലാതെ വിചാരഭേദം കാണുന്നില്ല. ചൗക്കാംബാ പ്രകാശിതടീകാഷഡ്ക്കയുക്തയോഗസൂത്രഗ്രന്ഥത്തിൽ നിർദ്ദേശിക്കപ്പെട്ട പാഠഭേദസം സ്കരണം (ശ്രീരാമശങ്കരഭട്ടാചാര്യ പേജ് 36-38) അനുബന്ധമായി കൊടുത്തിരിക്കുന്നു.

ഇതരഗ്രന്ഥങ്ങളിലെ യോഗസൂത്രപരാമർശം

മഹാഭാരതത്തിൽ പതഞ്ജലിനാമം പറഞ്ഞിട്ടില്ല. എന്നാൽ ഹിരണ്യഗർഭയോഗ

ശാസ്ത്രം വസിഷ്ഠന് ഗ്രഹിച്ചു എന്ന് സ്മരിച്ചിട്ടുണ്ട്. (ശാന്തി 3.8,45) ശാന്തിപർവ്വം (30,8 അനുശാ) ഷഡ്വിംശതത്വരൂപേണ ഈശ്വരോല്ലേഖനം ചെയ്യുന്നു. ഇത് ഹിരണ്യഗർയോഗരീതിയാണ്. ഉപാസനാദൃഷ്ടിയിൽ ഈശ്വരോ അപിതത്വവിശേഷഃ എന്ന ചിന്ത ഉണ്ട്. യോഗസൂത്രവും തത് പ്രതിഷേധാർത്ഥം ഏകതത്വാഭ്യാസഃ (1.32) എന്ന് ഏകതത്വപദം ശ്രദ്ധാപൂർവ്വം ഉപാസിക്കുന്നതിനുള്ളതാണ്. ഈശ്വരൻതന്നെയാണ് തത്വവും ലക്ഷ്യവും. ഇതിനുള്ള സാധാനാമാർഗ്ഗം അഥവാ സാധനാശ്രയം (തത്വാശ്രയം) ഈശ്വരൻതന്നെ അഥവാ തത്വം തന്നെ. ഏതിൽ ശ്രദ്ധ ഊന്നുന്നുവോ അത് നമ്മെ അതിലേക്ക് തന്നെ നയിച്ച് അതിൽ ലയിപ്പിക്കുന്നു എന്നാണ് യോഗദർശം നമ്മെ പഠിപ്പിക്കുന്നത്. ശാന്തി പർവ്വം അശ്വമേധപർവ്വം അനുശാസനപർവ്വം എന്നിവയിൽ യോഗത്തെ വിശിഷ്യ പരമാർശിച്ചിട്ടുണ്ട്. വനപർവ്വത്തിൽ സന്തോഷ)പരമം സുഖം എന്നു കാണാം. ശാന്തിപർവ്വത്തിൽ യോഗസൂത്രസദൃശശ്ലോകങ്ങളുണ്ട്. ധ്യാനമുത്പാദയത്യത്ര സംഹിതാ ബലസംശയാത്. യഥാഭിമതമന്ത്രേണ പ്രണവാദ്യാ ജപേത് കൃതി (194,20) ശാന്തിപർവ്വം 195 ആം അദ്ധ്യായത്തിൽ ധ്യാനമാർഗ്ഗം വർണ്ണിക്കുന്നു. അത് പതഞ്ജലസൂത്രാനുസാരിയായിട്ടാണ് അതായത് ഹിരണ്യഹർഭയോഗപദ്ധതി തന്നെയാണ്. പതഞ്ജലമാർഗ്ഗം 195.25 വിതർക്കാദിശബ്ദങ്ങൾ പ്രയോഗിക്കുന്നു. പുരാണേതിഹാസങ്ങളിലെ യോഗസൂത്രപ്രസംഗം ഈ ശാസ്ത്രശാഖയുടെ പൗരാണികത ചൂണ്ടിക്കാണിക്കുന്നു. പുരാണങ്ങളിലെ ശബ്ദസാമ്യം പതഞ്ജലയോഗം ഇന്ത്യയിലെ പൂർവോക്തമതമാണെന്നതിന് തെളിവാണ്. ലിംഗപുരാണത്തിൽ യോഗവിദ്യാവർണ്ണനാപ്രസംഗത്തിൽ (പൂർവ്വാർദ്ധഃശബ്ദം (9 അ) യോഗസൂത്രാനുസാരിയാണ്. വ്യാധികൾ മുതലായ യോഗാന്തരങ്ങൾ ദുഃഖം മുതലായ ചിത്തവിക്ഷേപങ്ങളോട് സഹഭൂ (ഒന്നിച്ച്) ഉണ്ടാവുന്നതായും പ്രതിഭ മുതലായ വിഭൂതികളും ചിത്തവൃത്തിനിരോധത്തിൽ പ്രസാദത്തിന് സഹഭൂവായി ഉണ്ടാവുന്നതായും പറയുന്നത് യോഗസൂത്രശബ്ദാനുസാരമാണ് (1,30,1.31,3.36) ലിംഗപുരാണത്തിന്റെ ഉത്തരാർദ്ധം ഒമ്പതാം അദ്ധ്യായത്തിൽ ഈശ്വരവിഷയകമായ ചർച്ചയുണ്ട് (36.42) യോഗസൂത്രം (1.23-29) ഭാഷ്യം സർവ്വഥാ ഇതിൽ ശബ്ദാനുസൃതമാണ്. പൂർവ്വോത്തരപക്ഷരൂപത്തിൽ ഭാഷ്യത്തിൽ പറയുന്നതെല്ലാം പുരാണപ്രോക്തമായ യോഗപദ്ധതിക്ക് സദൃശമാണ്. പുരാണഗതമായ യോഗപ്രകരണവും യോഗ സൂത്രഭാഷ്യവും വിരുദ്ധമല്ല. വിഷ്ണുപുരാണത്തിലെ യോഗസത്രശബ്ദസാമ്യം വാചസ്പതി തന്റെ ടീകയിൽ യഥാസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വായു, മാർക്കണ്ഡേയപുരാണങ്ങളിലും യോഗസൂത്ര ശബ്ദസാമ്യമുണ്ട്. ശിവപുരാണം വായവീയസംഹിത എന്നിവയിൽ യോഗസൂത്രഭാഷ്യാനുകരണം കാണാം. അപ്പയ്യദീക്ഷിതർ ശിവാർക്കമണിദീപികയിൽ യോഗശാസ്ത്രേഹി ഈശ്വരവിഷയകാണി സപ്തസൂത്രാണി (123,29) ശിവരുരാണേ പരമേശ്വരപ്രതിപാദകാനി വചനാനി അനുസൃത്യൈശ്ചകൃതാനി ശിവപുരാണേഹി വായുസംഹിതായാം വചനാനി ദൃശ്യന്തേ. ന ശിവസ്യാന്നവോ ബന്ധ സാ പരൈവ ന സംശയ എന്നു പറയുന്നു. തുടർന്ന് അതോ യോഗശാത്രേ ഉപബൃംഹിതാ യോഗവിദ്യാശ്വേതശ്വേതരനിരൂപിതാ ശിവയോഗവിദ്യൈവ (2,1,3) എന്നും പറയുന്നു.

ഭാഗവതപുരാണത്തിൽ യോഗസൂത്രമുണ്ട്. ഉദാഹരണം ഭാഗവതം 2.2.25, യോഗസൂത്രം 2.46

ഭാഗവതം 4.6.8 യോഗസത്രം 4.1 ഭാഗവതം ബഹുയോഗഗ്രന്ഥസമ്മതം (5.10.15) എന്നു പറയുന്നു. അതിനാൽ ഭാഗവതരചനയ്ക്ക് മുമ്പുതന്നെ അനേകം യോഗഗ്രന്ഥങ്ങളുണ്ടാ

യിരുന്നിരിക്കണം. സിദ്ധേശനെന്ന് നാമമുള്ള ഒരു ഗണനായകനെ (6.15.12.15)യോഗേശ്വരനായി സ്മരിക്കുന്നു. ഹിരണ്യഗർഭയോഗിയെ ഇദം ഹി യോഗേശ്വരനൈപുണാ ഹിരണ്യഗർഭോ ഭഗവാൻ ജഗാദ് യത (5.196.13) സ്മരിക്കുന്നു. ഭഗവദ്ഗീതയിലെ യത്ര യോഗേശ്വരോ എന്ന പ്രയോഗം പ്രസിദ്ധമാണ്. യോഗം ഇല്ലായിരുന്നുവെങ്കിൽ ഇത്തരം വരുമായിരുന്നില്ല. പരമയോഗീശ്വരേശ്വരനായ ശ്രീകൃഷ്ണൻ രചിച്ച യോഗശാസ്ത്രഗ്രന്ഥസംക്ഷേപമാണ് ഗീത. യോഗവാസിഷ്ഠത്തിൽ യഥാഭിവാഞ്ചിത ധ്യാനാദ് ഏകതത്വധനാഭ്യാസാത് (ഉപശ്രമപ്രകരണം78.19) എന്നുപറയുന്നു. ശൈവവൈഷ്ണവഗാണപത്യശാക്താദിസമ്പ്രദായക്കാരെല്ലാം ഒരുപോലെ യോഗസൂത്രത്തെ സ്വീകരിക്കുന്നത് അതിന്റെ പ്രാചീനത മാത്രമല്ല പ്രഭാവം പ്രാമാണ്യം പ്രയോജനം ഈശ്വരപ്രണിധാനപദ്ധതിയുടെ സ്വതന്ത്രവും വൈവിദ്ധ്യമുള്ളതുമായ പാതകളിലൂടെ സ്വഛന്ദം ഏകത്വത്തിലെത്തുന്ന പ്രായോഗികാദ്വൈതം ഇവയെല്ലാം വ്യക്തമാക്കുന്നതാണ്. ന്യായവാർത്തികതാല്പര്യടീകകളിലും പാതഞ്ജലം ലക്ഷയതി (4.2.46) എന്നു പറയുന്നു. ഭാസർവ്വജ്ഞകൃതമായ ന്യായസാരത്തിൽ ഹേയ തന്നിവർത്തക ആത്യന്തികഹാന ഹാനോപായരൂപമാണ് യോഗമെന്ന് പറഞ്ഞിട്ടുണ്ട്. പ്രമേയവിഭഗത്തിൽ യോഗസൂത്രം (2.16-17,25-29) അനുകരിച്ചിട്ടുമുണ്ട്. ലഘുമഞ്ജുഷ എന്ന വ്യാകരണഗ്രന്ഥത്തിൽ (ബൗദ്ധ്യാർത്ഥനിരൂപണം പുറം 233 സഭാപതിസംസ്കാര) യോഗസൂത്രത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട്. യോഗഭാഷ്യം ഭാഷ്യപാഠങ്ങളുദ്ധരിച്ച് പാഠവൈലക്ഷണ്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എല്ലാ വേദാന്തസൂത്രകാരന്മാരും യോഗസൂത്രത്തെ സ്മരിക്കുന്നുണ്ട്. ചിലപ്പോൾ സ്വമതപോഷണത്തിനും ഉള്ള ഉദ്ധരണികൾ കാണാം. ശങ്കരൻ പ്രമാണവിപര്യയേകി (1.1.6) എന്ന സൂത്രം സ്മരിക്കുന്നു. സ്വാധ്യായാദിഷ്ടദേവതാസ്മപ്രയോഗ എന്ന യോഗസൂത്രം നിർദ്ദേശിച്ചിട്ടുമുണ്ട്.

ഭാസ്കരരായന്റെ ലളിതാസഹസ്രനാമഭാഷ്യം പലയിടത്തും യോഗസൂത്രത്തെ ഉദാഹരിക്കുന്നു. ശബ്ദമാത്രാനുപാതിവസ്തുശൂന്യോ വികൽപ്പഃ എന്നത് യോഗസൂത്രം1.9ന്റെ ഭേദമാണ്. രാഗദ്വേഷാഭിനിവേശഃക്ലേശാ ഇതിയോഗസൂത്രോക്തേ എന്ന് സൂത്രം ഉദ്ധരിച്ചിട്ടുണ്ട്. മഹാഭാരതടീകയിൽ നീലകണ്ഠന് ശാന്തി പർവ്വടീകയ്ക്ക് യോഗസൂത്രഭാഷ്യമാണ് ഉദ്ധരിക്കുന്നത്. ധർമ്മശാസ്ത്രടീകാകാരന്മാർ മോക്ഷവിദ്യാപ്രസംഗം വരുമ്പോഴൊക്കെ യോഗസൂത്രവും ഭാഷ്യവുമാണ് ഉദ്ധരിച്ചിട്ടുള്ളത്. മാധവ, പരാശരസ്മൃതിടീകാരംഭത്തിൽ ഏകാഗ്രത എന്ന ചിത്തഭൂമിതത്വം സംയമത്വം എന്നിവ പതഞ്ജലിയെ ഉദാഹരിച്ച് കാണിച്ചിരിക്കുന്നു. ആത്മജ്ഞാനത്തിന് യോഗചര്യ വേണമെന്നതിനാൽ ആത്മവിദ്യാപരമായ ഗ്രന്ഥങ്ങളിലെല്ലാം യോഗസൂത്രം ഉദ്ധരിക്കുന്നു.

യോഗശാസ്ത്രത്തിൽ യോഗസൂത്രപ്രസംഗം.

ബൃഹദ്യോഗിയാജ്ഞവല്ക്യസ്മൃതിയിൽ ക്ലേശകർമ്മ വിപാകൈശ്ച വാസനാഭിസ്തഥൈവ ച അപരാമൃഷ്ടമേവാഹ പുരുഷം ഹീ ഈശ്വരം ശ്രുതി (43) വാച്യോ യജ്ഞേശ്വരഃപ്രോക്തോ വാചകഃപ്രണവഃസ്മൃതഃവാചകേന തു വിജ്ഞാതോ വാച്യ ഏവ പ്രസീദതി (44) എന്ന് കാണാം. ശ്രുതിയിലും യോഗസൂത്രത്തിലും ഇതാണ് ഈശ്വരലക്ഷണം. ഈശ്വരപുരുഷൻ വാച്യമായി വാചകമായി സ്മരിക്കപ്പെടുമ്പോൾ പ്രണവവും ആണ്. വാചകംകൊണ്ടേ ഈശ്വരനെ ഗ്രഹിക്കാനാവൂ. വാച്യംകൊണ്ട് പ്രസാദിപ്പിക്കണം. ക്ലേശകർമ്മവിപാകം വാസന ഇവകളാലൊന്നും ബാധിക്കപ്പെടാത്തത് ഓംകാരധ്യാനമനനാദി

കളാൽ മാത്രം ബോധിക്കപ്പെടുന്ന വാച്യങ്ങളായ സ്തോത്രരൂപമായ യജ്ഞങ്ങളാൽ പ്രസാദിക്കുന്ന സാമവേദപരമായ ഈശ്വരസങ്കല്പം തന്നെയാണിത്. ഹഠയോഗപ്രദീപികാജ്യോത്സ്നാടീകയിൽ വ്യാധിത്യാദി (1.30) യോഗസൂത്രം ഉദ്ധരിച്ചിട്ടുണ്ട്. (1.17) 4.25 ശ്ലോകവ്യാഖ്യാനത്തിൽ ഋതംഭരേതി ശ്രുതാനുമാനേതി എന്നിവ (1.48-49) ഉദ്ധരിക്കുന്നു. വ്യാസഭാഷ്യത്തിലെ ഉദ്ധരണിയുമുണ്ട്. അത്ര ബാദരായണകൃതം ഭാഷ്യം ശ്രുതമാഗമവിജ്ഞാനം പുരുഷഗതോ വേത്തി (1.49)

ബൗദ്ധജൈനമതഗ്രന്ഥങ്ങളിൽ:-

ബൗദ്ധഗ്രന്ഥങ്ങളിൽ ചിത്തസ്മൃതി, സംസ്കാരക്ലേശ സംവേഗ ദുഃഖനിരോധ പ്രത്യയ ഭവാവിശ്യാവാസനാ ജാതി മുതലായി അനേകം ശബ്ദങ്ങൾ പാതഞ്ജലയോഗസൂത്രത്തിൽ നിന്നാണ്. ഇതൊന്നും ബുദ്ധമതത്തിന്റെ മൗലികശബ്ദങ്ങളല്ല. യോഗസൂത്രത്തിലെ മൗലികശബ്ദങ്ങൾ സ്വീകരിച്ച് അവയ്ക്ക ചിലതിനുമാത്രം അർത്ഥഭേദം കൊടുക്കുകയാണ് ബൗദ്ധഗ്രന്ഥങ്ങൾ ചെയ്തത്. മൈത്യാദിസാധനമെന്ന പാതഞ്ജലീയത്തെ അഭിലക്ഷ്യമാക്കി ബ്രഹ്മവിഹാരമെന്ന ഒരുപദപ്രയോഗം (പാരിഭാഷികശബ്ദനിർമ്മാണം) കൊടുത്തിട്ടുള്ളത് മൗലികമാണ് എന്ന് തീർത്തുപറയാവതല്ല (യേ, ചൈതേ മൈത്ര്യാദയോധ്യായിതം വിഹാരാഃ(യോഗഭാഷ്യം 4.10) വിഹാരപദത്തോട് ബ്രഹ്മപദം സംയോജിപ്പിച്ച പുതിയ പദത്തിൽ രണ്ടുപദവും പണ്ടേ പ്രചാരത്തിലുള്ള പദങ്ങളാകയാൽ ശബ്ദാർത്ഥസഹിതവുമാകയാൽ ഇങ്ങനെ ഒരു ഫ്യൂഷന് പദത്തിന്റെ മൗലികത അംഗീകരിക്കാവതല്ല. ധ്യാനലക്ഷണം ആദ്യമായി പറഞ്ഞതോ യോഗവിദ്യ ആദ്യമായി പഠിപ്പിച്ചതോ ബിസി 500-600 ൽ ജീവിച്ച ബുദ്ധനല്ലതാനും. ന്യായദൃഷ്ട്യാ പരിശോധിച്ചാൽ അവയെ പാലിച്ച് ജീവിച്ച് ബൗപദത്തിലേയ്ക്ക് ഉയർന്ന് ക്ലേശാദികർമ്മവിപാകങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച യോഗാചാര്യപരമ്പരയിലെ അനേകരിലൊരാളാണ് ബുദ്ധൻ, ക്ഷത്രിയന് ബ്രാഹ്മണ്യത്തിലേക്കുള്ള മാനസികവികാസമാണ് ഇത്. ബുദ്ധമതഗ്രന്ഥങ്ങളിൽ പ്രണിധാനമെന്ന പദത്തിനുപകരം അനുസ്മൃതി പദം ഉപയോഗിക്കുന്നു. (വീണ്ടും സ്മരിക്കുക പ്രത്യഭിജ്ഞ) ഈശ്വരനെ വീണ്ടും വീണ്ടും സ്മരിക്കുക ധ്യാനിക്കുക അനുസ്മരിക്കുക ഇതാണ് ഈശ്വരപ്രണിധാനം. ബുദ്ധമതത്തിൽ കർമ്മവിപാകം ദൃഷ്ടജന്മവേദനീയം അപരപര്യായവേഗനീയം എന്നാണ് ദൃഷ്ടാവും ജന്മവേദനീയരൂപമായാണ് വിഭാഗം (2.12) ശ്രമ ശ്രമണക, ശബ്ദങ്ങൾ വൈദികീശബ്ദങ്ങളാണ് (ശതപഥ 14.7.1.22)പരിവ്രാജകനെന്നർത്ഥം). ശാന്തിപർവ്വത്തിൽ ബുദ്ധലക്ഷണം (28.32) ചിതകലാപ്രക്ഷാളനോപായാർത്ഥകമായി പരികർമ്മി എന്നാണി. പരികർമ്മി എന്നത് അശ്വലായനശ്രൗതസൂത്രത്തിലും കാണുന്ന പദമാണ്. ശാന്തിപർവ്വത്തിൽ ലോകോത്തരശബ്ദമായി പറയപ്പെടുന്നു (325.39) കൂർമ്മകോണസംസ്കൃ)വെച്ച് (മനുഷ്യരിൽ) ശ്രേഷ്ഠൻ (ദ്വിപദാം വര) എന്നർത്ഥം. ബുദ്ധലക്ഷണമായി ബൗദ്ധമതഗ്രന്ഥങ്ങൾ പറയുന്നത് ആർഷസമ്പ്രദായപ്രസിദ്ധമാണ്. മനുഷ്യശ്രേഷ്ഠനായ ലോകോത്തരനായ ചിത്തത്തിലെ മലങ്ങളെ പ്രക്ഷാളനം ചെയ്യുന്നതിൽ വിദഗ്ധനായ ബുദ്ധിബാഹുല്യത്താൽ ശ്രേഷ്ഠനായ പരികർമ്മി (പരിചാരകൻ) എന്നാണ് അർത്ഥം മനുഷ്യരുടേയും ജീവജാലങ്ങളുടേയും എല്ലാം പരിചാരകനാണ്. പരികർമ്മിയെക്കൂടാതെ വൈദ്യമോ യജ്ഞമോ സാധ്യമല്ല. അതുപോലെ മനുഷ്യമനസ്സിലെ മലം നീക്കുന്നതിനായി ഈശ്വരനെന്ന മഹാഭിഷക്ക് നിയോഗിച്ചയച്ച പരികർമ്മി എന്നാണ് അർത്ഥം (പ്രവാചകരെല്ലാം ഇങ്ങനെയാണ്) ശ്രമണൻ നിർവ്വാണോദയത്തോടെ ബൗദ്ധ

നായി അറിയപ്പെടുന്നു. അഷ്ഠാംഗമാർഗ്ഗം വനപർവ്വത്തിൽ പറയപ്പെട്ടിട്ടുണ്ട് (2.77) സംയുക്തനികായത്തിൽ യോഗദർശനം തന്നെയാണ് പറയുന്നത്. ധ്യാനസമാധി മോക്ഷപ്രാപ്തി സവിതർക്കാദിസമാധിധ്യാനഭേദങ്ങൾ സവിചാര മഹാവ്രത കൃതക്കാരിതാനുമോദിത, സോപക്രമ വജ്രേരസംഹനന, ബല, കേവലി, കുശല. ക്ഷീണാക്ലേശ, ചരമദേഹ, ജ്ഞാനാവരണകർമ്മം മുതലായ ശബ്ദങ്ങൾ ജൈനഗ്രന്ഥങ്ങളിൽ പ്രസിദ്ധമാണ്. യോഗസൂത്രത്തിൽ കാണുന്ന അർത്ഥമാണ് ഇവക്കുള്ളത്. ഹരിഭദ്രസൂരിയുടെ യോഗബിന്ദുഗ്രന്ഥം പാതഞ്ജലയോഗത്തിന്റെ സാക്ഷാത്ഉല്ലേഖമാണ്. യശോവിജയകൃതമായ അദ്ധ്യാത്മസാരം പാതഞ്ജലയോഗനിർദ്ദേശമാണ്. യോഗവിംശികാടീക(ശ്ലോ66) യോഗമാർഗ്ഗജ്ഞൈരദ്ധ്യാത്മവിദ്ഭിഋപതഞ്ജലിപ്രഭൃതിഭി എന്നു പറയുന്നു. യോഗദൃഷ്ടിസമുച്ചയടീക (ശ്ലോ100) തഥാ ചാഹ മഹാമതിഃപതഞ്ജലി എന്നും തത്വാർത്ഥാധിഗമസൂത്രത്തിൽ യോഗസൂത്രസാമ്യമുണ്ട്. ഭവപ്രത്യോ നാരകദേവാനാം (1.22) ഏകാഗ്രതിന്താ നിരോധോ ധ്യാനം (6.27) എന്നിവ ഉദാഹരണം അവിദ്യാവിഷയത്തിലും ജൈനയോഗർശനങ്ങൾ സമാനമാണ്. യശോവിജയനെന്ന പണ്ഡിതൻ യോഗസൂത്രമവലംബിച്ച് ദ്വാത്രിംശികാ എന്ന ഗ്രന്ഥം രചിച്ചു. പാതഞ്ജലയോഗലക്ഷണവിചാരദ്വാത്രിംശിക ഈശ്വരാനുഗ്രഹവിചാരദ്വാത്രിംശിക, യോഗദ്വാത്രിംശികാവതാര, ക്ലേശഹാനോപായദ്വാത്രിംശികാ, യോഗമാഹാത്മ്യദ്വാശികാ-ഇങ്ങനെയാണ് ഉള്ളടക്കം. യോഗസൂത്രം (1.4) തദാ ദ്രഷ്ടുഃസ്വരൂപേ അവസ്ഥാനം എന്നു പറയുന്നു. തത്വാർത്ഥശ്ലോകവാർത്തികത്തിൽ വിദ്യാനന്ദസ്വാമി യദപി ദ്രഷ്ടു രാത്മാനഃസ്വരൂപേ അവസ്ഥാനം ധ്യാനം പരമമുക്തിനിബന്ധനം തദപി എന്ന് പറയുന്നു. കണ്ട രൂപത്തിൽ ചിത്തത്തെ ഉറപ്പിച്ചുനിർത്തിക്കൊണ്ടുള്ള ധ്യാനം. ഇത് പ്രപഞ്ചം. പ്രകൃതി. ഗുരു. ഇഷ്ടദേവത. വിഗ്രഹം എന്തിലുമാവാം. ഭക്തിശ്രദ്ധാപൂർവ്വം ചെയ്യണമെന്നേ ഉള്ള. എന്നാൽ പരമുക്തി കിട്ടും. യോഗസൂത്രത്തിലെ ഈശ്വരപ്രണിധാനം ഓരോരുത്തരും അവനവന്റെ ചിത്തക്രിയക്കനുസരിച്ച് ചെയ്യാവുന്ന ആർക്കും ചെയ്യാവുന്ന രീതിയാണെന്ന് ശ്രദ്ധിക്കണം. അരൂപവും അനാമവും അനിർവ്വചനീയവുമായ ഒന്നിൽ മനസ്സുറപ്പിക്കാൻ ലക്ഷത്തിലൊരാൾക്കേ കഴിയൂ. മറ്റുള്ളവർക്ക് രൂപങ്ങളെ പ്രതീകങ്ങളെ ആശ്രയിക്കാതെ നിവൃത്തിയില്ല. പ്രായോഗികമായ പദ്ധതിയാണ് സൈദ്ധാന്തികമല്ല ഈശ്വരപ്രണിധാനം.

യോഗസൂത്രരചനാരീതി സൗത്രപദപ്രയോഗം

സൂത്രപദ്യങ്ങളാൽ യോഗസൂത്രം രചിച്ചിരിക്കുന്നു. സൂത്രരചനാരീതിയനുസരിച്ച് അനുവൃത്തിപദ്ധതി ആശ്രയിച്ചാണ് രചന. ഭാഷ്യകാരൻ പ്രവൃത്തിരുത്പന്നാ മനസഃസ്ഥിതിനിബന്ധനീത്യനുവർത്തതഃ (1.36) എന്നു പറയുന്നു. വാചസ്പതി അത്ര ചോത്തരസൂത്രശതാത് സ്ഥിതിനിബന്ധനീതിപദാത് സ്ഥിതഗ്രഹണമാകൃഷ്യ സമ്പാദയേത് ഇത്യർത്ഥപ്രാപ്തേന സംബന്ധനീയമിതി (1.34) എന്ന് പറഞ്ഞിട്ടുണ്ട്. വൃത്തി ഇപ്രകാരം അനുവർത്തിച്ച് വരുന്നു. അഭാവപ്രത്യയാലംബനാവൃത്തിൽനിദ്രാസു (1.10) പുനരാവൃത്തിഗ്രഹണത്തിന്റെ പ്രയോജനം ആചാര്യൻ വ്യാഖ്യാനിക്കുന്നു. ചില സ്ഥലങ്ങളിൽ ശ്ലോകത്തിന്റെ ഛന്ദസ്സിനെ സംരക്ഷിക്കുന്നതിനായി ഭിന്നക്രമം ഉപയോഗിച്ചിരിക്കുന്നു. തത്ര ച ഗ്രഹീതൃഗ്രഹണഗ്രാഹ്യേഷിതി സൗത്രപാഠക്രമോ അർത്ഥക്രവിരോധാന്നാദർഥവ്യഃ ഏവം ഭാഷ്യോപി പ്രഥമം ഭൂതസൂക്ഷ്മോപന്യായോനാദരണീയ ഇതിസർവ്വം രമണീയം (വാചസ്വതി 1.41) അനുശയി എന്ന പദം (രാഗാനുശായി രാഗഃ 1.7) പതഞ്ജലി ഉപയോഗിക്കുന്നുണ്ട്. ഒന്നിനെ അനുശയിച്ച് അനുവർത്തിച്ച് ഗമിക്കുന്ന ശീലം എന്നത് വൈയ്യാകരണർക്ക് ശബ്ദാർത്ഥ

സംബന്ധമാണ്. 4.5 സൂത്രത്തിലെ അനേകേഷാം എന്ന പദം ശബ്ദശാസ്ത്രദൃഷ്ട്യാ സാധുവാണ്. ഏകശബ്ദത്തിന് ബഹുവചനം ചിത്തമേകമനേകേഷാം എന്ന് യോഗപത ഞ്ജലത്തിൽ പ്രയോഗിക്കുന്നു. ചിത്തവൃത്തിനിരോധ (1.2) എന്നത് സർവ്വചിത്തവൃത്തി നിരോധമെന്നർത്ഥത്തിൽ ഭാഷ്യകാരന്മാർ എടുത്തിട്ടുണ്ട്.

യോഗസൂത്രവ്യാഖ്യാനങ്ങളിൽ ചിലത്ഃ-

ഭാവാഗണേശകൃതദീപിക, ഭോജരാജകൃതഭോജവൃത്തി അനന്തദേവപണ്ഡിതന്റെ ചന്ദ്രിക, സദാശി വേന്ദ്രസരസ്വതിയുടെ യോഗസുധാകരം, നാരായണതീർത്ഥരുടെ യോഗച ന്ദ്രിക യശോവിജയന്റെ യോഗസൂത്രവൃത്തി ഉദയശങ്കരന്റെ യോഗസൂത്രവൃത്തിഉമാപതിയുടെ യോഗസൂത്രവൃത്തി, ഗണേഷദീക്ഷിതന്റെ പതഞ്ജലവൃത്തി ജ്ഞാനന്ദന്റെ യോഗസൂത്ര വൃത്തി നാരായണഭിക്ഷുവിന്റെ യോഗസൂത്രഗൂഢാർത്ഥദ്യോതിക ഭവദേവന്റെ പതഞ്ജലീയാ ഭിനവഭാഷ്യം, ഭവദേവന്റെ യോഗസൂത്രവൃത്തി ടിപ്പണി. മഹാദേവന്റെ യോഗസൂത്രവൃത്തി രാമാനുജന്റെ യോഗസൂത്രഭാഷ്യം വൃന്ദാവനശുക്ലന്റെ യോഗസൂത്രവൃത്തി ശിവശങ്കരന്റെ യോഗ വൃത്തി സദാശിവന്റെ പതഞ്ജലസൂത്രവൃത്തി ശ്രീധരാനന്ദയതിയുടെ പതഞ്ജല രഹസ്യ പ്രകാശം ബലദേവമിശ്രയുടെ യോഗപ്രദീപിത സ്വാമിനാരായണന്റെ കിരണാവലി ടീക സ്വാമി ഹരിപ്രസാദിന്റെ യോഗസൂത്രവൈദികസൂത്രവൃത്തി ക്ഷേമേന്ദ്രദീക്ഷിതന്റെ നവയോഗകല്ലോലം ഗുരുനിത്യചൈതന്യയതിയുടെ യോഗപരിചയം വിവേകാനന്ദസ്വാമികളുടെ രാജയോഗം സ്വാമി സത്യാനന്ദസരസ്വതിയുടെ ഫോർ ചാപ്റ്റേഴ്സ് ഓഫ് ഫ്രീഡം.

വ്യാസഭാഷ്യവും അതിന്റെ ഭാഷ്യങ്ങളും

യോഗഭാഷ്യമെന്ന പേരിൽ ആദ്യത്തെ സാംഖ്യപ്രവചനഭാഷ്യം വ്യാസഭാഷ്യമാണ്. സാംഖ്യപ്രവചനഭാഷ്യം. യോഗഭാഷ്യം എന്ന് രണ്ടുപേരുകൾ കൊണ്ട് ഈ ഭാഷ്യം അറി യപ്പെടുന്നതുതന്നെ സാംഖ്യദർശനാന്തർഗ്ഗതമാണ് യോഗദർശനമെന്നതിന് തെളിവാണ്. കപിലമുനി യോഗദൃഷ്ടികൊണ്ട് ഗ്രഹിച്ച അദ്ധ്യാത്മവിദ്യയാണ് സാംഖ്യം. ആത്മജ്ഞാ നികൾക്ക് യോഗം മാർഗ്ഗവും സാംഖ്യം ലക്ഷ്യവുമാണ്. വേദവ്യാസേന ഭാഷിതേ ഭാഷ്യേ എന്ന് ഇതിന്റെ കർത്താവ് പറഞ്ഞിരിക്കുന്നു. വിജ്ഞാനഭിക്ഷുവും വേദവ്യാസമുനീന്ദ്ര ബുദ്ധിസ്വനിതമെന്ന് ഇതിനെ വിളിച്ചു. സർവ്വവേദാന്തസാരോ അത്രവേദവ്യാസേന ഭാഷിതം എന്ന് യോഗവാർത്തികാരംഭത്തിൽ പ്രകീർത്തിക്കുന്നു. ബിസി 3104 ൽ ദ്വാരക സമുദ്രത്തിൽ മുങ്ങി. കൃഷ്ണനും അർജ്ജുനനും സമപ്രായമാണ്. വ്യാസന്റെ പുത്രന്റെ പുത്രനാണ് അർജ്ജുനൻ, അതായത് കൃഷ്ണനേക്കാളും വളരെ മുതിർന്ന വ്യക്തിയാണ് വ്യാസമുനി. വ്യാസന്റെ ഗ്രന്ഥരചന കൃഷ്ണനും അർജ്ജനനും ജനിക്കുന്നതിനു മുമ്പേ തുടങ്ങിയിരിക്കണം. മഹാഭാരതവും ഭാഗവതവും മാത്രമാണ് കൃഷ്ണജനനശേഷം എഴു തപ്പെട്ടവ എന്നു കരുതണം. അതിനാൽ വ്യാസഭാഷ്യത്തിന് ആദ്യകാലഹരപ്പസംസ്കാ രത്തിന്റെ പഴക്കമുണ്ട്. അക്കാലത്തെ ശില്പ സീലുകളിൽ യോഗത്തിന്റെ തെളിവുകളു ള്ളതിനാൽ യോഗത്തേയോ വ്യാസകാലത്തെയോ ബുദ്ധന്റെ കാലത്തേക്ക് മാറ്റി വെക്കു ന്നത് അർത്ഥമില്ലാത്ത ഒന്നാണ്. വ്യാസപദവിയുള്ള വ്യാസപരമ്പരാശിഷ്യന്മാരുണ്ടായി ക്കൂടേ എന്നാണെങ്കിൽ ഉണ്ടാകാം ഇല്ലാതിരിക്കാം എന്നാൽ കൃഷ്ണദ്വൈപായനവ്യാസ നെയല്ലാതെ വ്യാസപരമ്പരയിലെ ഒരു പുരാണവും വ്യാസനെന്ന് വിളിക്കുന്നില്ല. പരാശ രൻ പാരാശര്യൻ ഗർഗ്ഗൻ ഗാർഗ്ഗ്യൻ ഇതുപോലെയും വ്യാസപദത്തെ ഉപയോഗിക്കുന്നി

ല്ല. പഞ്ചശിഖൻ ഗ്രന്ഥത്തിൽ വ്യാസനെക്കുറിച്ച് പറഞ്ഞിരിക്കയാൽ ബുദ്ധമതകാലത്ത് വ്യാസഭാഷ്യമുണ്ടായി എന്ന വാദം അടിസ്ഥാനരഹിതമാണ്. ജനദേവജനകന്റെ കാല മാണ് പഞ്ചശിഖകാലം. അക്കാലത്തുള്ള ഒരാളുടെ കൃതിയിൽ വ്യാസശബ്ദമുണ്ടെങ്കിൽ അത് പഴക്കം കാണിക്കുന്നു.

വ്യാസഭാഷ്യത്തിലെ വ്യാസശബ്ദാർത്ഥം

പതഞ്ജലിയുടെ ശൈലി പ്രാചീനശൈലിയാണ്. ബാദരായണന്റെ ബ്രഹ്മസൂത്രത്തിൽ സൂത്രവാക്യം ഉപയോഗിക്കുന്നു. ബാദരായണനും വ്യാസനും ഒരാളാണ്. സംക്ഷിപ്തം കൊണ്ട് സമാസഭാഷ്യം എന്നു പറയാവുന്ന ഒരു രഹസ്യപ്രബോധനശൈലിയാണ് സൂത്ര വാക്യങ്ങൾക്ക് ഇതിനെ ഒന്നു വിശദീകരിച്ച് പഠിപ്പിക്കുന്നതാണ് ഭാഷ്യം. വ്യാസപരമ്പരാ ശിഷ്യരിലൊരാൾപോലും വ്യാസശബ്ദത്താലറിയപ്പെട്ടിട്ടില്ല. ഭാഷ്യം രചിച്ചിട്ടുമില്ല. എന്നാൽ അദ്ധ്യാത്മവിദ്യ പരിശീലിക്കുന്ന എല്ലാ ഭാഷ്യകാരന്മാരും (ആദിശങ്കരനടക്കം) വ്യാസദർശനം കിട്ടിയതായി പറയുന്നുണ്ട്. വ്യാസഗുഹയിൽവെച്ച് വ്യാസദർശനം കിട്ടി യശേഷമാണ് ശങ്കരൻ തന്റെ ഗുരു ഗോവിന്ദപാദരെ കാണുന്നത്. അതിപ്രാചീനവ്യാഖ്യാ നവലംബമായ വ്യാസസൂത്രം പതഞ്ജലി ഒരാൾക്കുമാത്രം ലഭിക്കാനുള്ള കാരണവും ഇതുപോലൊന്നാവണം. കാരണഭൂതമായി മൂലവ്യാസസൂത്രത്തിൽ നിന്ന് പതഞ്ജലി തന്റെ യോഗസൂത്രം രചിക്കയാണുണ്ടായത്. പതഞ്ജലി യോഗസൂത്രമെന്ന പേരിൽ അറിയ പ്പെടുന്നത് വ്യാസന്റെ ഹിരണ്യഗർഭയോഗസൂത്രം തന്നെയാണ്. വ്യാസശബ്ദം ജ്യാമിതി യിലാണ് നാം കാണുക. വ്യാ എന്നത് വ്യാപിക്കുക വ്യാപരിക്കുക വ്യാകരിക്കുക എങ്ങും നിറയുക എന്നർത്ഥത്തിൽ സർവ്വവ്യാപിത്വമാണ്. വിഷ്ണുശബ്ദത്തിന്റെ അതേ അർത്ഥം. സ സങ്കോച സൂചകം. ഒരു കേന്ദ്രത്തിലേക്ക് അനേകം കേന്ദ്രങ്ങളിലേക്ക് ചുരുങ്ങുന്ന വ്യഷ്ടി. സമഷ്ഠി സങ്കോചവികാസരൂപമായ വ്യാസമെന്നത് വൃത്തത്തിന്റെ ഗുണമാണ് ജ്യാമിതിയിൽ. വൃഷ്ടിരൂപമായ ഭൂമിയുടെ ജ്യാവ് കൊണ്ട് ദ്യോവിന്റെ മാനവുമളക്കുന്ന വൃഷ്ടിസമഷ്ടിരഹസ്യമായ യോഗദൃഷ്ടിസൂചകമാണ് വ്യാസശബ്ദം. കൃഷ്ണദ്വീപനി വാസിയായ പരാശരപുത്രനായ വ്യാസനെന്ന വ്യഷ്ടിവ്യക്തിത്വം സർവ്വവ്യാപിയും സർവ്വ ജ്ഞനുമായ സമഷ്ടിപുരുഷനുമായി ഈശ്വരപ്രണിധാനത്താൽ തന്മയീഭവിക്കുമ്പോൾ മാത്രമാണ് യോഗിയാവുന്നത്. സ്വർഗ്ഗും ത്രികാലവും അളക്കുന്ന യോഗീശ്വരാർത്ഥമാണ് വ്യാസശബ്ദത്തിന് ഹരപ്പസംസ്കാരത്തിൽ കാണുന്ന സീലുകളിൽ വൃത്തം, വ്യാസം, അർദ്ധവ്യാസം സൈനും കോസൈനും (ജ്യാ കോടിജ്യാ) സൂചകമായ മുദ്രകളുണ്ട്.

ഈശ്വരകൃഷ്ണകാളിദാസകൃതമായ സുവർണ്ണസപ്തതിയിൽ നിന്ന് വ്യാസഭാഷ്യം ഉദ്ധരിക്കുന്നില്ല. അതിനേക്കാൾ പഴയതായതുകൊണ്ടാണിത്. വ്യാസഭാഷ്യത്തിൽ മംഗ ലാചരണമില്ല. ഏറ്റവും പ്രാചീനതമമായ ശൈലിയിലാണ് മംഗലാചരണമില്ലാത്തത്. ദാർശ നികശബ്ദവ്യവഹാരത്തിലെ ശ്ലഥത ഭാഷ്യത്തിലുണ്ട്. അനുമേയമെന്നതിന് അനുമാന പദം പ്രയോഗിക്കുന്നു. (2.43) ഭിന്ന ക്രമണപദ പ്രയോഗമുണ്ട്. ചരിത്രകാലത്ത് പ്രയോഗ ത്തിലിരിക്കുന്ന പദങ്ങൾ കൂടാതെ ചില പദങ്ങൾ (2.13) പ്രയോഗിക്കുന്നു. ഇതെല്ലാം അതിപ്രാചീനകൃതിലക്ഷണങ്ങളാണ്. യോഗഭാഷ്യഗതമായ ആർദ്രവസ്ത്രതൃണരാശി യുക്ത (3.22) എന്ന ദൃഷ്ടാന്തം ആവശ്യകനിരുക്തി (ഗാഥാ 956) യാണ്. അത് തത്വാർഥ ഗമടീക (2.52) യിലും കാണാം. യോഗഭാഷ്യത്തിൽ നിന്ന് ടീക അതുദ്ധരിച്ചിരിക്കുന്നു.

യോഗഭാഷ്യത്തിൽ നിന്നുദ്ധരിക്കപ്പെട്ട മതങ്ങൾ (അഭിപ്രായങ്ങൾ) സമ്പ്രദായങ്ങളെന്നിവ അനേകമാണ്. അവയിൽ ചിലതുമാത്രം താഴെ കൊടുക്കുന്നു.

1. വൈനാശികബുദ്ധമതം- വിജ്ഞാനവാദയുക്ത

2. ബാഹ്യാർത്ഥവാദിവൈനാശികമതം-വൈശേഷികരോട് ചിത്തസാരൂപ്യമുണ്ടെന്ന് വിവരണകാരൻ.

3. ശുദ്ധസന്താനവാദിമതം, വൈനാശികവിശേഷണമായ മതമെന്ന് വിവരണകാരൻ സത്വമാത്രമായ സന്താനത്തെ പരികല്പിക്കുന്നത് ഹരിഹരാനന്ദചരൺ

4. ശൂന്യവാദിമതം

5. വിജ്ഞാനവാദിമതം

6. ക്ഷണികവാദിമതം

7. ഏകൈന്തവാദം (ഏകാന്തികമതം)

8. ബൗദ്ധമതാന്തരം

9. ഉഛേദവാദശാശ്വതവാദങ്ങൾ

10. നിർഗ്രന്ഥവാദം

11. വൈശേഷികമതം

ഇതിലെ 1 മുതൽ 10 വരെ ബുദ്ധമതത്തിന്റെ 10 ഉൾപ്പിരിവുകളാണ്. വൈശേഷികം മാത്രമാണ് ബുദ്ധമതത്തേക്കാൾ പ്രാചീനം.

ഭാഷ്യത്തിന്റെ ആദ്യശ്ലോകം വാചസ്പതിയെ വിവരണടീകയോ ഉദ്ധരിച്ചിട്ടില്ല. (പ്രക്ഷിപ്തം) വാചസ്പതിക്കുശേഷം ആരോ മംഗലാചരണത്തിന്റെ പോരായ്മ നീക്കാൻ എഴുതിച്ചേർത്തതാവണം. ശങ്കരവിരചിതമായ മഹാഭഷ്യടീകയിൽ മംഗലശ്ലോകരൂപമുണ്ട്. (പുറം 12 പുരുഷോത്തമദേവന്റെ പരിഭാഷാവൃത്തി. വീരേന്ദ്രറിസർച്ച് മ്യൂസിയം പ്രകാശിതം വ്യാഖ്യാനം നവദ്വീപനിവാസി ശങ്കരന് ഐ.എച്ച്.ക്യു., സപ്തംബർ 1943. സ വ്യു എ ഭാഗം 1 പുറം 189) യോഗഭാഷ്യടീകക്ക് വിവരണമെന്ന് പറയുന്നു. ടീകാകാരന്മാരിൽ വാചസ്പതിക്കാണ് ഏറ്റവും പ്രാചീനത്വം. അതിനുശേഷം വന്ന വ്യാസഭാഷ്യടീകാകാരന്മാരുടെ ലിസ്റ്റ്:-

1. വാചസ്പതിമിശ്രൻ. കൃതികൾ തത്വവൈശാരദി (വൃഷകേതുവായ ശിവനെ സ്തുതിച്ച് ഗ്രനഥാരംഭം) തത്വകൗമുദി, ന്യായധൂപിനി, ഭാമതി (ഭവനെ സ്തുതിച്ച് ആരംഭം) ന്യായകണിക (ഭവസ്തുതി) താത്പര്യടീക (പിനാകിസ്തുതി) തത്വബിന്ദു. തത്വസമീക്ഷ, ബ്രഹ്മസിദ്ധി, ശിവസ്തുതിയോടെ ഗ്രന്ഥാരംഭം കാണുന്നതുകൊണ്ട് ശിവഭക്തനാണെന്നു കരുതണം. ഗോപിനാഥകവിരാജൻ വിഷ്ണുഗണപതി തിലകസ്വാമി ഇവരെ വണങ്ങുന്ന വാചസ്പതിയുടെ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നു. എഡി പത്താംനൂറ്റാണ്ടിൽ ചൗഹാൻ രാജവംശത്തിലെ നൃഗനെന്ന രാജാവിന്റെ സമകാലീനനാണ് വാചസ്പതിമിശ്രൻ വിക്രമശിലാമഹാവിഹാരസ്ഥാപകനും മഗധഗൗഡദേശാധിപനുമായ ധർമ്മപാലനാണ് നൃഗനെന്ന് കരുതുന്നു. വചസ്പതിതന്നെ വസ്വംശവസുവത്സരത്തിലാണ് താൻ ജനിച്ചതെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ സംഖ്യ 898. ഇത് വിക്രമാബ്ദം. ക്രിസ്തുവർഷം

841 വാചസ്പതി ഗൃഹസ്ഥാശ്രമിയായിരുന്നു. പത്നി ഭാമതി ശാരീരകഭാഷ്യടീകക്ക് പത്നിയുടെ പേരാണ് കൊടുത്തത്. ലഘുമഞ്ജുഷയിൽ തത്വവൈശാരദി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. വിജ്ഞാനഭിക്ഷു വാചസ്പതിയെ പേരെടുത്തുപറയാതെ പലപ്പോഴും വാചസ്പതിമതം ഖണ്ഡിക്കുന്നു. തത്വവൈശാരദിയെ ആധാരമാക്കിയ മതസമ്പ്രദായങ്ങൾ വൈനാശികം പ്രാവാദുകം വിജ്ഞാനവാദി സ്വമതം നാസ്തികം ഇവയാണ്. തത്വവൈശാരദിയിൽ പരാമർശിക്കപ്പെട്ട ചില പ്രധാനഭാഗങ്ങൾ ഹിരണ്.ഗർഭകൃതയോഗശാസ്ത്രം (1.1) യോഗിജനപ്രസിദ്ധാന്വർത്ഥസംജ്ഞാ (അസമ്പ്രജ്ഞാതസമാധി 1.2) സ്ഫടികജപാകുസുമദൃഷ്ടനാന്തം (1.2) ന ഖലുശാലഗ്രാമേ കിരാതശതസങ്കീർണ്ണേ (ആഭരണകംഃ1.1) ശബ്ദശാസ്ത്രവിചാരം (1.6,1.11,1.23,2.23,23.26) ദശദാഡിമാദിത്യാനി (അസംബന്ധവാക്യോദാഹരണം 1.7) ചൈത്യവന്ദനാപ്രാമാണ്യം (1.25) ഈശ്വരന്റെ ഷഡംഗത ദശാവ്യയധർമ്മം (1.25) ആഗമിമാം (1.15 യതമാനാദിവൈരാഗ്യസംജ്ഞാ) വേദപ്രാമാണ്യം (91.24) ബുദ്ധാഗികൃതാഗമങ്ങളുടെ അപ്രാമാണ്യം(1.25) കപിലസ്വരൂപവും സാംഖ്യയോഗപ്രാപ്തിയും (1.25) ഹൃദയപുണ്ഡരീവർണ്ണനം (1.36) ബുദ്ധിപക്ഷപാതം (1.50) പ്രകൃത്യൈകൃത്വം (2.23) പുരുഷനാനാത്വം (2.23) ആചാര്യലക്ഷണം (2.24) മൃകുണ്ഡുകഥ (2.28) ദ്രോണാചാര്യമരണം (2.30) വർണ്ണലക്ഷണാദി (3.17) അർത്ഥവിചാരം (3.17) സ്ഫോടം (3.17) അരിഷ്ടനിർവ്വചനം (3.22) പാർത്ഥിവാദി ദ്രവ്യധർമ്മം (3.44) മാണ്ഡവ്യന്റെ വിന്ധ്യവാസിത്വം (4.10)

2. ശങ്കരകൃതമായ യോഗഭാഷ്യവ്യാഖ്യാനം അപ്രകാശിതമാണ്.

(ശ്രീരാമശങ്കരഭട്ടാചാര്യ) വ്വരണഗ്രന്ഥസമ്പാദകൻ ഇത് പ്രസ്ഥാനത്രയഭഷ്യകാരനായ ശങ്കരനാണ് പറയുന്നു. ശങ്കരകൃതമായ ഭാഷ്യത്തിന് വാചസ്പതി രചിച്ച ഭാഷ്യത്തിന്റെ വ്യാഖ്യാനമാണെന്നും അവർതന്നെ പറയുന്നുണ്ട്. വാചസ്പതിക്കു മുമ്പ് ജീവിച്ച ശങ്കരാചാര്യർ വാചസ്പതിയുടെ ഗ്രന്ഥത്തിന് ഭാഷ്യമെഴുതാനിടയില്ല. അതിനാൽ ശങ്കരന്റെ ഗ്രന്ഥത്തിന് വാചസ്പതി എഴുതിയതെന്ന് സ്വീകരിക്കണം.

3. സൂത്രപാഠഭേദങ്ങൾ

4. ഭാഷ്യപാഠഭേദങ്ങൾ:-

ആരാണ് വിവരണകാരൻ. വിവരണസമ്പാദകർ അതും പ്രസ്ഥാനത്രയഭാഷ്യകാരനായ ശങ്കരനാണെന്ന് പറയുന്നു. പ്രൗഢതാഭാവം ശൈലിവ്യത്യാസം ഭാഷ്യത്തിലെ അശ്രദ്ധ ഇവവെച്ച് ഇതിനെ പണ്ഡിതർ നിരാകരിക്കുന്നു. ജയമംഗലകാരനായ ശങ്കരനാണ് വിവരണകാരനെന്നതിന് ശ്രീരാമശങ്കരഭട്ടാചാര്യ നിരത്തുന്ന യുക്തികളിങ്ങനെഃ -1 രണ്ടിലും പുഷ്പികാസാമ്യം, 2. ശബ്ദത്തെ അധികരിച്ച് പ്രകൃതിപ്രത്യയസമാസാദിവിഷയകരമായ നിഷ്പ്രയോജനവും പ്രകൃതത്തിനു ആവശ്യമില്ലാത്തവയുമായ വിചാരബാഹുല്യം രണ്ടിലും ശൈലീസാമ്യം 3. വിചാരസാമ്യം 4. വിവരണകാരൻ വാചസ്പതിയെ ഉദ്ധരിക്കുന്നതിനാൽ വാചസ്പതിക്കു മുമ്പുള്ള ശങ്കരാചാര്യരല്ല. തത്വവൈശാരദിക്കുശേഷമാണ്. വിവരണം.

5. വിജ്ഞാനഭിക്ഷുവിന്റെ യോഗവാർത്തികവും മറ്റു ഗ്രന്ഥങ്ങളും (സാംഖ്യഷഡധ്യായീഭാഷ്യം ബ്രഹ്മസൂത്രവിജ്ഞാനാമൃതഭാഷ്യം സാംഖ്യസാരസംഗ്രഹം യോഗസാരസം

ഗ്രഹം ഉപദേശരത്നമാല. വിജ്ഞാനാമൃതഭാഷ്യം ഗീതാഭാഷ്യം (അവസാനത്തെ രണ്ടും കിട്ടിയിട്ടില്ല) ക്രിസ്തുവർഷം ആറാം നൂറ്റാണ്ടിലാണ് ഉദയവീരശൈസ്ത്രിവര്യൻ മറ്റൊരുപക്ഷം പതിനാലാം നൂറ്റാണ്ടെന്നും വാദിക്കുന്നു.വൈനാശികം, ക്ഷണികവാദം, നവ്യവേദാന്തമകം വിജ്ഞാനവാദം ന്യായവൈശേഷികദർശനം. ദൃഷ്ടിസൃഷ്ടിവാദം. അനിർവ്വചനീയവാദം. യോഗശാസ്ത്രവിശേഷം, യോഗശാസ്ത്രാന്തരം, തന്ത്രാന്തരം, ബ്രഹ്മവിവർത്തതാവാദം. ബ്രഹ്മാദ്വൈതവാദം, നാസ്തികവാദം എന്നിവയെ സങ്കലനം ചെയ്ത ദർശനമാണ് വിജ്ഞാനഭിക്ഷുവിന്റേത് എന്ന് ശ്രീരാമശങ്കരഭട്ടാചാര്യർ.

6. ഭിക്ഷുവ്യാഖ്യാസമീക്ഷ

7. സ്വാമി ഹരിഹരാനന്താരണ്യന്റെ ഭാസ്വതി, ജനനം 4.12.1869 മരണം 19.4.1947. ഗുഹയിലെ രുദ്രനാണ് മനുഷ്യവേഷം ധരിച്ച് വിഹാരരാജ്യത്തിലെ (ബീഹാറിലെ) മധുപുരനഗരത്തിൽ ജീവിച്ചതെന്ന് ഐതിഹ്യം. വംഗദേശക്കാരനായ ഇദ്ദേഹം ബീഹാറിലാണ് താമസമാക്കിയത്.

യോഗജ്ഞാപകനായി സംഹിതാദിഗതമായ ചില മന്ത്രങ്ങൾ:-

സംഹിത മുതലായ പ്രാചീനവൈദിക ഗ്രന്ഥങ്ങളിൽ യോഗാഭ്യാസ ജ്ഞാപകമായ വചനങ്ങൾ ഉണ്ട്. അവയിൽ നിന്ന് ചിലത് കാണുക.

1. തം പാകേന മനസാപശ്യം (ഋഗ്വേദം 10.114.4)
2. ഉദ്വയം തമസസ്പരിജ്യോതിഃപശ്യന്ത ഉത്തരം ദേവം ദേവത്രാ സൂര്യഗമനജ്യോത്രുത്തമം (ഋ 1.50.10)
3. ധീമഹി (ഋ.3.52.10)
4. അന്തർഹൃദാ മനസാ പൂയമാനാ (ഋ 4.48.6)
5. ഉർവ്വാരുകമിവ ബന്ധനാത് മൃത്യോർമുക്ഷീയ (ഋ.7.56.12)
6. സതോബന്ധൂനസതി നിരവിന്ദൻ ഹൃദിപ്രതീപ്യം കവയോമനുഷ്യാ (ഋ.10.26.4)
7. യസ്തന്ന വേദ കിമൃചാ കരിഷ്യതി യ ഇത് തദ് വിദുസ്ത ഇതേ സമാസതേ (ഋ.1.164.39)
8. ഹൃദാ പശ്യന്തി മനസാ മനീഷിണഃ(ഋ.10.177.1)
9. യുഞ്ജകേ ധിയഃ(ഋ 5.81.1)
10. വേദാഹമേതം പുരുഷം മഹാന്തം ആദിത്യവർണ്ണം തമസഃപരസ്താദ് (മാധ്യന്ദിന 31.8)

സാംഖ്യയോഗദൃഷ്ടി ചില മന്ത്രങ്ങൾ

1. ദ്വാ സുപർണ്ണാ സയുജാ സഖായാ (ഋ.1.164.20)
2. ഭൂർജ്ജന ഉത്താനപാദോ ഭൂവ ആശാ അജായന്ത (ഋ 10.72.4)
3. സപ്താർധഗർഭാ ഭൂവനസ്യരേതാഃ (ഋ.1.164.36)
4. ധാതാ യഥാപൂർവ്വമകല്പയത (ഋ.1.190.3)
5. അഷ്ടചക്രാ നവദ്വാരാ ദേവാനാം പുരയോധ്യാഃഅസ്മിൻ യദ് യത്ധ്മാത്മന്വത് തദ് വൈ ബ്രഹ്മവിദോ വിദുഃ (അഥർവ്വ 10.2.31-32)

6. പുണ്ഡരീകം നവദ്വാരം വിദുഃ (അഥർവ്വം 10.8.143)

ഹിരണ്യഗർഭപുരുഷവാക്സുക്താദികൾ സഗുണാത്മകകജ്ഞാനപരമായി പരമകാഷ്ഠയിലെത്തിയത് ഇതിലെല്ലാം കാണാം.

ബ്രാഹ്മണാരണ്യകങ്ങളിലെ യോഗലിംഗാത്മകമായ വചനങ്ങൾ

1. അത്ര ഖലു പിണ്ഡബ്രഹ്മാണ്ഡൈക്യപരം വാക്യം (ഐത. ആര.1.3.2)
2. അന്തര്യജ്ഞവർണ്ണനം (തൈ.ആര.2.17,3.4,3.4,316)
3. പ്രാണോപാസനപരാണി വാക്യാനി മനസി വൈ സർവ്വേ കാമാ മനസാ ഹി സർവ്വാൻ കാമാൻ ധ്യാതി (ഐ.ആര. 1.3.2)
4. യോഹം യോസൗ സോഹമിതി (ഐ.ആര. 2.3.4)
5. അഭിധ്യായൻ (തൈ.ആര.2.2)
6. വാതരശനാ ഹ വാ ഋ.യഃ ശ്രമണാഊർദ്ധ്വമന്ഥിനോ ബഭവുഃ (തൈ.ആര.2.7)
7. അജാന ഹ വൈ പുനിംസ്തപസ്യമാനാൻ ബ്രഹ്മസ്വയം ഭ്വഭ്യാനർഷദ് (തൈ. ആര.2.9)
8. ഇത്യേതാദൃശാനി സ്ഥലാന്യവലോകനീയാനി യോഗപ്രതിപാദിതാ അന്യേ വിഷയാ അപി ആരണ്യകേഷു ദൃശ്യതേ യഥാരിഷ്ടവർണ്ണനം (ഐ.ആര.3.2.4)
9. അധിദൈവാധ്യാത്മൈക്യദൃഷ്ടിരപി യോഗശാസ്ത്രീയാ (ഐ.ആര.2.1.2,3.2.2)

യോഗദൃഷ്ടിയിൽ മനപ്രാണാദിവിഷയകമായ ബ്രാഹ്മണങ്ങളിലെ പരാമർശങ്ങൾ

1. അപരിമിതതരമിവ ഹി മനഃ പരിമിത്രേവ ഹി വാക് ഇതി ശതപഥശ്രുതി (1.44.7)
2. മനോ വൈ പ്രാണാനാമധിപതിർ മനസി ഹി സർവ്വേ പ്രാണാ പ്രതിഷ്ഠിതാ (ശത.ബ്രാ.14.3.2.3)
3. മനോ ഹൃദയേശ്രിതം (തൈ.ബ്രാ.1.2.6)
4. പഞ്ചവിവര ആത്മാഭവതി (തൈ.ബ്രാ.1.2.6)

ഉപനിഷത്തുക്കളിലെ യോഗദർശനത്തെക്കുറിച്ച ഗ്രന്ഥത്തിൽ വിന്ധ്യവാസിയും ഈശ്വരകൃഷ്ണകാളിദാസനും ഒരാളല്ല എന്ന ശ്രീരാമശങ്കരഭട്ടാചാര്യ. തത്വവൈശാരദിയിൽ വാചസ്പതിയും മാണ്ഡവ്യമുനി രസായനോപയോഗം. രസോപയോഗം എന്നിവയിൽ പ്രവൃത്തിക്കുകയാൽ വിന്ധ്യവാസിയായി എന്ന് പറഞ്ഞിരിക്കുന്നു. നാഗാർജ്ജുനൻ രസരത്നാകരത്തിൽ രസാചാര്യൻ വസിഷ്ഠമാണ്ഡവ്യനെ സ്മരിക്കുന്നു. കൊടലീയമായ അർത്ഥശാസ്ത്രത്തിലും മാണ്ഡവ്യപരാമർശമുണ്ട്. (4.8) കമലശീലൻ സത്കാര്യവിഷയമായി വിന്ധ്യവാസിമതം ഉദ്ധരിക്കുന്നു. (തത്വസംഗ്രഹം പുറം 22) ഇതെല്ലാം വെച്ചാണ് വിന്ധ്യവാസിയായ മാണ്ഡവ്യൻ കാളിദാസനേക്കാൾ പ്രാചീനനാണെന്ന് വിചാരിക്കുന്നത്. അദ്ദേഹത്തിന്റെ സാംഖ്യകാരിക കാളിദാസന്റേതിനേക്കാളും പ്രാചീനമാണ്. (ഇത് കിട്ടാനില്ല) വിന്ധ്യനിൽ പാർത്ത കാലത്ത് വിന്ധ്യവാസിയായ കാളിദാസനും ഈ ഗ്രന്ഥം പഠിച്ചിരിക്കാം. മാണ്ഡവ്യമതത്തിന് സുവർണ്ണാഖ്യം എന്ന് പേരുണ്ട്. (കുഞ്ഞൻരാജപ്രസന്റേഷൻ വാള്യം) അതിനാൽ കാളിദാസന് 70 ശ്ലോകമുള്ള തന്റെ സാംഖ്യകാരികക്ക് സുവർണ്ണസപ്തതി എന്ന് പേരിട്ടതാവാം.

സുവർണ്ണബിന്ദു എന്ന ഈ യോഗഭാഷ്യം വിഷ്ണുസഹസ്രനാമത്തിലെ സുവർണ്ണ ബിന്ദുരക്ഷോഭ്യ സർവ്വവാഗീശ്വരേശ്വര എന്ന വരികളിൽ നിന്ന് നാമം സ്വീകരിച്ചിരിക്കുന്നു. യോഗസമാധിയിൽ അക്ഷോഭ്യമായിരിക്കുന്ന സുവർണ്ണബിന്ദുവായ വാഗീശ്വരേശ്വരന് നമസ്കാരം പറഞ്ഞുകൊണ്ട് ഇത് ആരംഭിക്കുന്നു. ഇത് ഒരു സംവാദരൂപത്തിലാണ് രചിച്ചിരിക്കുന്നത്. വ്യാസനും പതഞ്ജലിയും വാചസ്പതിമിശ്രനും തമ്മിലുള്ള സംവാദം കേട്ടുകൊണ്ടിരിക്കുന്ന ഞാനും (സുവർണ്ണ) ഇടയ്ക്കിടെ ചില വാക്കുകൾ പറയുന്ന ഒരു രീതി 5000 കൊല്ലം മുമ്പ് ജീവിച്ച് വ്യാസനും ഇപ്പോൾ ജീവിക്കുന്ന ഞാനുമുൾപ്പടെ പല തലമുറകളിലെ യോഗജിജ്ഞാസുക്കളുടെ സംവാദരൂപമാണ്. ഒരു തുടർസംഭാഷണം കാലാതീതമായി ദേശാതീതമായി മനുഷ്യപ്രജ്ഞയുടെ അന്വേഷണവും സംവേദനവും ഇങ്ങനെ തുടരുന്നു.

ഡോ.സുവർണ്ണ നാലപ്പാട്ട്.

സുവർണ്ണബിന്ദു (യോഗസൂത്രഭാഷ്യം)

വ്യാസവാചസ്പദിമിശ്രഭാഷ്യസഹിതം

ഡോ. സുവർണ്ണ നാലപ്പാട്ട്

സുവർണ്ണബിന്ദുരക്ഷോഭ്യ സർവ്വവാഗീശ്വരേശ്വര
(വിഷ്ണുസഹസ്രനാമം)

സമാധിപാദം

1. പതഞ്ജലി:-അഥ യോഗാനുശാസനം

വ്യാസൻ:-അഥ എന്നത് മംഗളവാചി മാത്രമല്ല. നേരത്തേയുള്ള അദ്ധ്യാപന പരിശീലനാദികൾക്ക് ശേഷം ശിഷ്യന് ഗുരു ഉപദേശിക്കുന്നതുമാണ്. ഇനി ഞാൻ യോഗത്തെക്കുറിച്ച് പറയാം. അനുശാസിക്കാം എന്നാണല്ലോ പറയുന്നത്. അനുശാസനമെന്നതുകൊണ്ട് കല്പന (കമാന്റ്മെന്റ്) എന്നല്ല അദ്ധ്യാപനം എന്നാണുദ്ദേശിക്കുന്നത്. ഗുരുശിഷ്യോപദേശമാണത്. നേതാവ് പ്രജകൾക്ക് കൊടുക്കുന്ന കല്പനയല്ല. യോഗമെന്നത് സാർവ്വഭൗമന്മാരുടെ ചിത്തധർമ്മമാണ്. അതിന്റെ അനുശാസനം ആ ശാസ്ത്രത്തിന് അധികാരിയായ പൂർവ്വികപുരുഷന്മാരാണ് ചെയ്യുക.

സുവർണ്ണ:-ഭീഷ്മർ അനുശാസനപർവ്വത്തിൽ യുധിഷ്ഠിരന് മോക്ഷധർമ്മം ഉപദേശിക്കുമ്പോളാണ് ഹിരണ്യഗർഭയോഗശാസ്ത്രവും വിഷ്ണുസഹസ്രനാമവും ഈശ്വരപ്രണിധാനത്തിനായി ഉപദേശിക്കുന്നത്.

വ്യാസൻ:- ക്ഷിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്ന് 5 ഭൂമികകൾ ഉണ്ട്. യോഗമെന്നാൽ സമാധിയാണ്. (യോഗഃസമാധി) ആ ചിത്തധർമ്മം ഉള്ളവരെയാണ് സാർവ്വഭൗമനെന്ന് പറയുന്നത്. സാർവ്വഭൗമനെന്നാൽ രാജാക്കന്മാരുടേയും രാജാവ്. സമാധിയുടെ വിപരീതധ്രുവമാണ് ക്ഷിപ്തം. മൂഢമാകട്ടെ ഒട്ടും ഗ്രഹണശേഷിയില്ലാത്തതും. വിക്ഷിപ്തമായ മനസ്സിൽ ഒന്നിന്റെ സ്വഭാവം മറ്റൊന്നിലാരോപിക്കുക എന്ന (വിക്ഷേപിക്കുക) സ്വഭാവമുണ്ട്. അതൊരു പോരായ്മയാണ്. അതിനാൽ ഈ മൂന്നുതരം മനസ്സും യോഗത്തിന് സാധിക്കാത്ത മനസ്സാണ്. ഏകാഗ്രമായ മനസ്സിന് ചിത്തവൃത്തി നിരോധം സാധിക്കുന്നു. അതിനാൽ ഇത് യോഗപക്ഷമാണ്. സമാധിക്ക് പറ്റിയതാണ്. ഏകാഗ്രചേതസ്സിൽ സദ്ഭൂതമായ അർത്ഥം പ്രകാശിക്കുന്നു. അതിൽ ക്ഷീണക്ലേശകർമ്മബന്ധനാദികൾ അവസാനിക്കുന്നു. ഇങ്ങനെ ചിത്തവൃത്തിനിരോധത്തെ അഭിമുഖീകരിച്ച മനസ്സിൽ സമ്പ്രജ്ഞാതം എന്ന യോഗം ഉണ്ടാവുന്നു. വിതർക്കത്തെ തുടർന്നുവരുന്ന വിചാരം. വിചാരത്തെ തുടർന്നുവരുന്ന ആനന്ദം, ആനന്ദത്തെ തുടർന്നുവരുന്ന സാസ്മിത- ഇങ്ങനെ ഒന്നൊന്നായി സർവ്വവൃത്തിനിരോധമുണ്ടാവുന്നതാണ് അസമ്പ്രജ്ഞാതസമാധി.

സുവർണ്ണ:-യോഗാനുശാസനത്തിന്റെ വ്യാസഭാഷ്യം ഇതാണ്.

വാചസ്പതി:- ക്ലേശകർമ്മവിപാകാദിരഹിതനും ഹിതനും പരമയോഗിയുമായ ജഗദുത്പത്തിഹേതുവായ വൃഷകേതുവെ (ശിവനെ) നമിക്കുന്നു. പതഞ്ജലിമഹർഷിയെ നമിക്കുന്നു. വേദവ്യാസനാൽ പറയപ്പെട്ടതും സംക്ഷിപ്തവും സ്പഷ്ടവും അനേകാർത്ഥങ്ങളുള്ളതുമായ യോഗഭാഷ്യത്തിന്റെ ഭാഷ്യം രചിക്കുന്നു.

അഥശബ്ദത്തിന് ജ്യോതി ഉൾക്കാഴ്ച പ്രകാശം എന്നർത്ഥം ശിഷ്യർക്ക് അനുശാസനം ചെയ്യണമെങ്കിൽ ഗുരുവിന് ഉൾക്കാഴ്ച ഉണ്ടായിരിക്കണം. അതിനുള്ള വ്യുൽപ്പത്തി വേണം. ശമം. ദമം, പ്രവൃത്തിപരിചയം തത്വജ്ഞാനം അതിനുള്ള ജിജ്ഞാസ ഇവയൊക്കെ ഉള്ളവർക്കേ ജ്ഞാനപ്രകാശം ലഭിക്കുകയുള്ളൂ. ആമ്നായത്തിൽ (ബൃ 4.4.23) ശാന്തോദാന്ത ഉപരതിസ്ഥിതിക്ഷുഃസമാഹിതോ ഭൂത്വാത്മന്യേവാത്മാനം പശ്യേത് എന്നു

പറയുന്നത് അതിനെയാണ്. ശിഷ്യന്റെ പ്രശ്നങ്ങൾക്ക് സംശയങ്ങൾക്ക് ഉള്ള രസായനമാണ് ഗുരു. ശാസ്ത്രാധികാരമാണ് യോഗം. അതിനാൽ യോഗമെന്ന പേരിൽ സർവ്വശാസ്ത്രങ്ങളുടേയും താല്പര്യാർത്ഥവ്യാഖ്യാനത്താൽ ശിഷ്യന് സുഖമായി ബോധിപ്പിക്കുന്ന വ്യക്തിയുടെ സകലശാസ്ത്രാധികാരത്വം കൂടി ഉൾപ്പെടുന്നു. ശ്രുതി,സ്മൃതി, ഇതിഹാസപുരാണാദികളിൽ നിഃശ്രേയസത്തിന് ഹേതു സമാധിയാണെന്ന് പ്രസിദ്ധമാണ്. അഥ എന്നതുകൊണ്ട് ബ്രഹ്മജിജ്ഞാസുവായ ശിഷ്യന് അതു സംബന്ധമായ അനുശാസനം നേരത്തേ ഗുരു കൊടുത്തിട്ടുണ്ട്. എന്നാണർത്ഥം അഥാതോ ബ്രഹ്മജിജ്ഞാസാ എന്നാരംഭിക്കുന്ന (ബ്ര.സൂ 1.1.1) ബാദരായണബ്രഹ്മസൂത്രം കൊണ്ട് ബ്രഹ്മജിജ്ഞാസശമിപ്പിച്ച ശേഷം (വിതർക്കം, വിചാരം ഇവയെ) ആനന്ദാനുഭവം എങ്ങനെ നേടാമെന്ന പ്രായോഗികമാർഗ്ഗമാണ് ഇനിയിപ്പോൾ അനുശാസിക്കാൻ പോകുന്നത്. യോഗിയാജ്ഞവല്ക്യസ്മൃതിയിൽ ഹിരണ്യഗർഭോ യോഗസ്യവക്താനാന്യഃപുരാതന എന്നു കാണാം. അപ്പോളെങ്ങനെ പതഞ്ജലിയിൽ യോഗകർതൃത്വം വന്നു. ഇവിടെ സൂത്രകാരനാൽ അനുശാസനം ചെയ്യപ്പെട്ടു (ഗുരുവാൽ ശിഷ്യന് അനുശാസനം) എന്നല്ലാതെ ഏതെങ്കിലും പ്രത്യേകവ്യക്തിയുടെ അനുശാസനമെന്ന് പറയുന്നില്ല. സൂത്രകാരനായ വ്യാസൻ ഹിരണ്യഗർഭന്റെ യോഗശാസ്ത്രത്തിന്റെ അനുശാസനം ചെയ്തു ഓരോ ഗുരുവും അതുതന്നെ ചെയ്യുന്നു. കരണഗോചരങ്ങളുടെ വ്യാപാരങ്ങളാൽ കാണാനാവാത്ത കർതൃവ്യാപാരവിവക്ഷകൊണ്ട് (സത്യമാണ് വ്യുത്പാദ്യമാനം) സത്യദ്രഷ്ടാവായ ആത്മദർശകനാണ്. യോഗവിഷയകമായ ശാസ്ത്രാധികാരമുള്ള ഗുരു. ശബ്ദത്തിൽ നിന്ന് അർത്ഥം ഗ്രഹിക്കേണ്ടതുണ്ട്. യോഗമാണ് സമാധി എന്ന വ്യാസഭാഷ്യത്തെക്കുറിച്ചു പറയാം. ധാതുപാഠത്തിൽ (4.67) യുജസമാധൗ എന്നു കാണാം. സംയോഗമാണ് യോഗം. അംഗങ്ങളുടെയെല്ലാം യോഗമുള്ള പൂർണ്ണ പുരുഷത്വം സമാധിയിൽ ലഭിച്ച വ്യക്തി മാത്രമാണ് സാർവ്വഭൗമൻ, ഇങ്ങനെ അംഗാഗികളുടെ സംയോഗവാസ്ഥയെ മധുമതി എന്ന് പറയുന്നു. മധു അഥവാ അമൃത് അവിടെ പ്രതീകമാണ്. ശാശ്വതമായ അമൃതരസമാണ് സമാധി. ഇങ്ങനെയുള്ള സമാധിഅവസ്ഥയിലെത്തിയവരാണ് സാർവ്വഭൗമർ അഥവാ സർവ്വജ്ഞർ. അവരുടെ ചിത്തവൃത്തിനിരോധലക്ഷണമാണ് യോഗം. സമാധി അതിന്റെ അംഗമാണ്. അപ്പോൾപ്പിന്നെ യോഗമെന്നാൽ സമാധിയാണ് എന്നു പറഞ്ഞതെന്തിന്. ആ പേർ വ്യുത്പത്തിനിമിത്തമാത്രമാണ്. അംഗവും അംഗിയും തമ്മിൽ അഭേദമുണ്ട്. ചിത്തവൃത്തിനിരോധമാണ് യോഗം. ആത്മാവിനെ ആശ്രയിച്ചാണ് എല്ലാ ജ്ഞാനവും. അതിനാൽ ജ്ഞാനനിരാസമോ ആത്മനിരാസമോ അല്ല ചിത്തവൃത്തിനിരോധം. അത് ചിത്തത്തിന്റെ ധർമ്മമാണ്. അന്തകരണം അഥവാ ബുദ്ധിയാണ് ചിത്തശബ്ദം കൊണ്ട് ഉദ്ദേശിക്കുന്നത് കൂടസ്ഥവും നിത്യവും ചിതിശക്തിയും അപരിണാമിനിയുമായ ശക്തി തന്നെ ജ്ഞാനധർമ്മമായി ഭവിക്കുന്നു. അതു തന്നെ ബുദ്ധിഭാവമായി (ദിത്വം) ഭവിക്കുന്നു. യോഗമാണ് സാർവ്വഭൗമന്റെ ചിത്തവൃത്തി. അതിനാൽ ക്ഷിപ്തം മൂഢം വിക്ഷിപ്തം മുതലായ ചിത്തഭൂമികകൾ (യോഗത്തിന് വിപരീതമായവ) ആ ചിത്തത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. അത്തരം ചിത്തവൃത്തികൾ യോഗിചിത്തത്തിലില്ല. ഇനി ഓരോ തരം മനസ്സിനെ പറയാം.

ക്ഷിപ്തം രജൗഗുണപ്രധാനമുള്ളവരുടെ ചിത്തമാണ്. അത് ഓരോരോ വിഷയവസ്തുക്കളിൽ ക്ഷിപ്തവും അത്യന്തം അസ്ഥിരവും ആയിരിക്കും. സംസാരികളുടെ ചിത്തമാണത്. കേന്ദ്രം മൂലാധാരവും മണിപൂരവുമാണ്. ഇത് യോഗിചിത്തത്തിനും വിരുദ്ധമാ

ണ്. മൂഢം തമോഗുണപ്രധാനമാണ്. സദാ നിദ്രാവൃത്തിയിൽ അലസമായിരിക്കും. മൂലാധാരം മാത്രമാണ് കേന്ദ്രം. ഇവ രണ്ടിനേക്കാളും ഭേദമാണ് വിക്ഷിപ്തം. ഇവിടേയും മനസ്സിന് ദ്വന്ദ്വസ്വഭാവമാണ്. പക്ഷേ, ബാഹ്യവിഷയവസ്തുക്കളിൽ ആർത്തിയോമമതയോ അല്ല ഒട്ടും ഗ്രാഹ്യശക്തിയില്ലാത്തവരുടെ അജ്ഞാനവുമല്ല. ദ്വന്ദ്വകാരണം ധ്യാനിക്കുന്ന വസ്തുവിൽ പഠിക്കുന്ന വിഷയത്തിൽ മനസ്സ് ഉറപ്പിക്കാൻ സാധിക്കാത്തതുകൊണ്ടുള്ള ഏകാഗ്രതാരാഹിത്യം ആണ്. ഇക്കാരണം കൊണ്ട് ഒരു വസ്തുവിന്റെ ധർമ്മം മറ്റൊരു വസ്തുവിൽ ആരോപിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടും വരും. അതിനാൽ ക്ഷിപ്തത്തേക്കാളും മൂഢത്തേക്കാളും ഭേദമെങ്കിലും വിക്ഷിപ്തം യോഗിചിത്തമല്ല. മണിപൂരവും ആജ്ഞയുമാണ് കേന്ദ്രം. ഏകാഗ്രചിത്തം സാത്വികഗുണപ്രധാനം. ഏകതാനത ഉണ്ട്. സകലചിത്തവൃത്തികളും നിരോധിച്ച് സംസ്കാരമാത്രമായി ശോഭിക്കുന്ന (സംസ്കാരമാത്രശേഷം) ചിത്തം. നിരുദ്ധചിത്തം. ഏകാഗ്രചിത്തത്തിന്റെ കേന്ദ്രം ആജ്ഞയും നിരുദ്ധചിത്തത്തിന്റേത് സഹസ്രാരവുമാണ്. ക്ഷിപ്തമുഢചിത്തങ്ങൾക്ക് വൃത്തിനിരോധം സാധിക്കില്ല. അതിനാൽ നിഃശ്രേയസം ലഭിക്കില്ല. അവ യോഗപക്ഷത്തുനിന്ന് വളരെ ദൂരെയാണ്. അവർക്ക് യോഗസിദ്ധി ഇല്ല.

സുവർണ്ണ:- ഇവിടെ യോഗസിദ്ധി നിഷിദ്ധമാണെന്ന് പറയുമ്പോൾ യോഗത്തെ മറ്റാരെങ്കിലും നിഷേധിച്ചു എന്നല്ല അർത്ഥം. അത്തരം മനസ്സിന് യോഗാധികാരം ഇല്ല എന്നതിന് ഹേതുവിശദീകരിക്കുകയാണ്. മനശ്ശാസ്ത്രപരമായി യോഗാധികാരം വേദാധികാരം ഇവ നിഷേധിക്കുന്നു. എന്നാൽ ചില പ്രത്യേകസ്വഭാവങ്ങളുള്ള മനസ്സിനേ അവ പ്രാപ്യമാവുകയുള്ളൂ എന്ന് ധരിക്കേണ്ടതാണ്. വിദ്യാഭ്യാസമനശ്ശാസ്ത്രത്തിൽ പക്വത നേടിയ വിദ്യാഭ്യാസവിചക്ഷണരും മനശ്ശാസ്ത്രവിദഗ്ധരുമായ ഗുരുക്കന്മാരാണ് ഇന്ന വിധം മനസ്സിനെ വേദവും യോഗവും പ്രാപ്തമാവൂ എന്ന് വിധിച്ചത്. ഈ നിഷേധം മതകല്പനയല്ല മതസ്വാതന്ത്ര്യനിഷേധമല്ല. മനശ്ശാസ്ത്രപരമായി അടിസ്ഥാനപരമായി ഏകാഗ്രത ഗ്രാഹ്യശക്തി ഓർമ്മശക്തി ഇവയുള്ള മനസ്സിനാണ് ഉന്നതപഠനത്തിന് സാധിക്കുക എന്നാണ് വിവക്ഷിക്കുന്നത്.

വാചസ്പതി:- വിക്ഷിപ്തമനസ്സിനും യോഗനിഷേധം പറയുന്നു. ഏകാഗ്രത ഇല്ലാത്തതിനാൽ ഇവർക്ക് ധ്യാനമോ സമാധിയോ സാധിക്കില്ല. അധ്യാസം കൊണ്ടുള്ള ഭേദബുദ്ധിയും സംശയവും കാരണം സദാ ദ്വൈതികളായി തുടരും. (അദ്വൈതാനുഭൂതി കിട്ടില്ല) സംശയാത്മാ വിനശ്യതി എന്ന് ഗീത ഇവരെക്കുറിച്ച് പറയുന്നു. സത്തായ ജ്യോതിസ്സിൽ (സത്ത്, ചിത്ത്. ആനന്ദം) മനസ്സ് ഏകാഗ്രമാകാതെ അസത്തായ വസ്തുവിൽ സത്യത്തെ ആരോപിക്കുന്നതാണ് ഇതിന്നു കാരണം. ഈ വിക്ഷേപത്തെ പുറത്താക്കാൻ അവർക്ക് സാധിച്ചാൽ അവർക്ക് യോഗപക്ഷത്തേക്ക് സഞ്ചരിക്കാം. പക്ഷേ. ഇത് (മായയെ അനേകത്തെ ഏകമെന്ന് തെറ്റിദ്ധരിക്കുന്നത് ഇല്ലാതാക്കാൻ) അവർക്കെളുപ്പമല്ല. അതിന്റെ ബീജം ഒരു പ്രാവശ്യം ഉള്ളിൽക്കടന്നാൽ ദഹിപ്പിച്ചാലും പിന്നെയും മൂന്ന് അല്ലെങ്കിൽ നാലുക്ഷണം കൊണ്ട് വീണ്ടും മുളച്ച് വളരും. ഭേദബുദ്ധി (മായ) സംശയം എന്നിവ തീർച്ചയായും ദുരത്യയ തന്നെ.

വിക്ഷേപങ്ങളെ എങ്ങനെ യോഗി പുറത്താക്കുന്നു. സർജ്ജനം ചെയ്യുന്നു. വിക്ഷേപങ്ങളെ രോഗങ്ങളെ മുറിച്ചുകളയുക. (നശിപ്പിക്കുക) എന്നതിനാണ് സർജ്ജനം എന്നു പറയുന്നത്.

സുവർണ്ണഃ- സർജ്ജനം ചെയ്യുന്നവയാണ് സർജ്ജനെന്ന് ശ്രദ്ധിക്കുക. ഇന്നും ആ പദം അതുപോലെത്തന്നെ പാശ്ചാത്യവൈദ്യശാസ്ത്രം ഉപയോഗിക്കുന്നു. സർജ്ജനെന്ന് ഇംഗ്ലീഷിലും പറയുന്നത് സംസ്കൃതത്തിന്റെ സംഭാവനയാണ്.

വാചസ്പതി:-ഏകാഗ്രത കൊണ്ടാണ് സർജ്ജനം ചെയ്യുന്നത്. അപ്പോൾ പഞ്ചഭൂത ങ്ങളിൽ ആരോപിക്കപ്പെട്ട ഇതാണ് സത്യമെന്ന ഭ്രാന്തി നിവർത്തിക്കുന്നു സദ് എന്ന ശോഭനവും നിതാന്തവുമായ സത്വം (സത്വഗുണം) ആവിർഭൂതമാവുന്നു. തമസ്സാണ് ക്ലേശ ഹേതു അത് നീങ്ങുന്നു. ആഗമാദികളിൽ നിന്നറിഞ്ഞതും അനുമാനിച്ചതുമായ പരോ ക്ഷരൂപമായ തത്വജ്ഞാനം സത്വഗുണാത്മകവും ഏകാഗ്രവുമായ ചിത്തത്തിൽ സ്വാനു ഭവം (സ്വാനുഭൂതി) ആയി സാക്ഷാത്കരിക്കുന്നു. അവിദ്യ നശിക്കുന്നു തിമിരമുള്ള കണ്ണിന് രണ്ടു ചന്ദ്രനുണ്ട് എന്ന് തോന്നുന്നു. ദിങ്മോഹാദികളുണ്ടാവുന്നു. അത്തരം ദ്വൈതം നീങ്ങി അദ്വൈതം പ്രകാശിക്കുന്നു. ദ്യോതനം ചെയ്യുന്നു. ഒന്ന് (ഏകത്വം) ഭേദകത്വം (പരിഛിന്നാവസ്ഥ) കൂടാതെ മനസ്സിൽ വിളങ്ങുന്നു. ശബ്ദോഹീ പ്രകർഷം ദ്യോതയന് സാക്ഷാത്കാരം സൂചയതി ദ്യോതനം ചെയ്യുന്ന സാക്ഷാത്കരിക്കുന്ന ആനന്ദാവസ്ഥ തന്നെയാണ് ശബ്ദം. അവിദ്യാമൂലമായ അസ്മിതാദിക്ലേശങ്ങളെ വിദ്യ ഭേദിച്ചുകളയു ന്നതാണ് ഇവിടെ വിക്ഷേപങ്ങളെ സർജ്ജനം ചെയ്യൽ. പൂർണ്ണമായി മുറിച്ചുമാറ്റാത്ത പക്ഷം അവിടെ വിക്ഷേപങ്ങൾ ക്ഷീണിക്കുന്നതല്ലാതെ നശിക്കുന്നില്ല. അവ വീണ്ടും മുളച്ചുപൊന്തുന്നു. കർമ്മരൂപമായ ഈ ബന്ധങ്ങളാണ് കർമ്മവിപാകമായി സംസാരബീ ജത്തെ നശിപ്പിക്കാതെ നിർത്തുന്നത്. സമ്പ്രജ്ഞാതസമാധിയിലെ വിതർക്കം. വിചാരം, സാനന്ദം, സാസ്മിത എന്ന നാലിലും ഈ ബീജമുണ്ട്. അസമ്പ്രജ്ഞാതസമാധിയിൽ ഒട്ടും ഈ ബീജമില്ല. സമ്പ്രജ്ഞാതം അസമ്പ്രജ്ഞാതം എന്ന ഭൂമിദ്വയങ്ങൾ സമാപ്ത മാവുമ്പോൾ മധുമതി മുതലായ ഭൂമികകൾ ആരംഭിക്കുന്നു. ഈ ഭൂമികളെല്ലാം ഒന്നൊ ന്നായി കടന്നുതെന്ന് എല്ലാറ്റിനേയും അനുഭവിച്ചറിഞ്ഞ വ്യക്തി അഥവാ സർവ്വജ്ഞനാണ് സാർവ്വഭൗമൻ.

2. പതഞ്ജലി:-യോഗശ്ചിത്തവൃത്തിനിരോധഃ

വ്യാസ:- ഈ സൂത്രത്തിൽ അതിന്റെ ലക്ഷണം പറയാം. സമ്പ്രജ്ഞാതം എന്നിവ ചിത്തവൃത്തികൾ തന്നെയാണ്. ചിത്തത്തിന് ത്രിഗുണാത്മകത്വമുണ്ട്. പ്രഖ്യ, പ്രവൃത്തി, സ്ഥിതിശീലം ഇവയാണ് ചിത്തത്തിന്റെ ത്രിഗുണം. പ്രഖ്യാരൂപമായ ചിത്തമാണ് ചിത്ത സത്വത്വം. രജസ്തമസ്സുകളാൽ ഐശ്വര്യം സൃഷ്ടിക്കപ്പെടുകയും വിഷയങ്ങളിൽ പ്രിയം ഭവിക്കയും ചെയ്യുന്നു. തമസ്സ് മാത്രമെങ്കിൽ അധർമ്മം, അജ്ഞാനം, അവൈരാഗ്യം അനൈ ശ്വര്യം എന്നിവയാണുണ്ടാവുക. അവ മോഹാവരണമുണ്ടാക്കുന്നു. തമോമയമായ മോഹാ വരണം രജോലേശംകൊണ്ട് മാറ്റിയാൽ ധർമ്മജ്ഞാനവൈരാഗ്യൈശ്വര്യങ്ങൾക്കായി പ്രവർത്തിക്കാൻ തുടങ്ങും. രജസ്സ് നീങ്ങിയാൽ സ്വരൂപപ്രതിഷ്ഠമായ സത്വപുരുഷന്റെ അന്യതാഖ്യാതിമാത്രത്താൽ ധർമ്മമേഘധ്യാനം ഭവിക്കുന്നു. അതിനപ്പുറം ധ്യാനികൾ പ്രസംഖ്യാനം എന്ന് പറയുന്നു. അപരിണാമിനിയും അപ്രതിസംക്രമവും ശുദ്ധവും അന ന്തവും ആയ ചിതിശക്തി ദർശിതവിഷയമാവുന്നു. സത്വഗുണാത്മികയാണ് ചിതിശക്തി. ഇതിന്റെ വിപരീതത്തെ വിപരീതഖ്യാതി എന്നു പറയുന്നു. അതിൽ വിരക്തമായ ചിത്ത മാണ് നിരുദ്ധചിത്തമെന്ന് ഖ്യാതിയുള്ളത്. ആ അവസ്ഥ സംസ്കാരത്താൽ ഭവിക്കുന്നു.

അത് നിർബീജസമാധിയാണ്. സമ്പ്രജ്ഞാതം അസമ്പ്രജ്ഞാതം ഈ രണ്ടു യോഗവും ചിത്തവൃത്തിനിരോധം തന്നെയാണ്.

വാചസ്പതി:- പൂർവ്വസൂത്രത്തിലെ രണ്ടുവിധയോഗങ്ങളെ പരാമർശിക്കുന്നതാണ് അതിന്റെ ലക്ഷണം. (തസ്യലക്ഷണം) എന്ന് വ്യാസഭാഷ്യം. ചിത്തത്തിൽ പ്രമാണാദിക ളായ അവസ്ഥാവിശേഷമാണ് യോഗമെങ്കിലും അതിൽ സാത്വികിയായ ചിത്തവൃത്തി നിരുദ്ധമാകുന്നില്ല. അവ്യാപകത്വമെന്ന ലക്ഷണമുണ്ട്. സമ്പ്രജ്ഞാതസമാധിയിൽ സർവ്വ ചിത്തവൃത്തിനിരോധം സംഭവിക്കായ്കയാൽ അവ്യാപകത്വം ഉണ്ട്. ക്ലേശകർമ്മവിപാകം പൂർണ്ണമായി മാറിയിട്ടില്ല. രാജസതാമസചിത്തവൃത്തികൾ നിരോധിക്കപ്പെട്ടിട്ടുണ്ട്. ബീജം നശിപ്പിക്കപ്പെട്ടിട്ടില്ല . ഏകമായ ചിത്തത്തിന് ക്ഷിപ്തം മുതലായി അനേകം ഭൂമികക ളുടെ സംബന്ധം എന്നു പറഞ്ഞാലെന്താണർത്ഥം. അങ്ങനെയുള്ള ചിത്തത്തിന്റെ വൃത്തികളെ നിരോധിക്കുക സാദ്ധ്യമാണോ ഈ ചോദ്യങ്ങൾക്കുത്തരം കാണാൻ ആദ്യ മായി ആ അവസ്ഥാസംബന്ധത്തിന്റെ ഹേതു ഉപന്യസിക്കപ്പെടുന്നു.

പ്രഖ്യാശീലമാണ് ചിത്തത്തിന്റെ സത്വഗുണം

പ്രവൃത്തിശീലമാണ് അതിന്റെ രജോഗുണം

സ്ഥിതിശീലമാണ് തമോഗുണം.

പ്രഖ്യാശീലമുള്ള സാത്വികചിത്തത്തിന്റെ ലക്ഷണങ്ങൾഃ-പ്രസാദം, ലാഘവം പ്രീതി

പ്രവൃത്തിശീലമുള്ള രാജസചിത്തത്തിന്റെ ലക്ഷണങ്ങൾഃ-കർമ്മം. താപം, ശോകം

പ്രവൃത്തിവിരോധമുള്ള താമസചിത്തത്തിന്റെ ലക്ഷണങ്ങൾഃ- അനങ്ങാതിരിക്കുക, കിടക്കുക, അലസമായിരിക്കുക. സ്ഥിതിശീലം ഗൗരവം (ഗുരുത്വം) ആവരണം. ദൈന്യം.

സുവർണ്ണ:- ഗുരുത്വവും ചുറ്റും മേഘാവൃതമായ അന്തരീക്ഷാവരണവുമുള്ളതുകൊണ്ട് ഭൂമിയെ തമോഗ്രഹമെന്ന് വിളിക്കുന്നു. എന്നാലും അനങ്ങാതെകിടക്കുക എന്ന വൃത്തി ഇല്ലാത്ത ഗ്രഹവുമാണ് ഭൂമി. അതിന് സ്ഥിതിശീലം ഇല്ല സദാ ഭ്രമണം ചെയ്യുന്നു. ഭൂമി യിലെ മനുഷ്യരും ഭൂമിയുടെ ശീലങ്ങളുള്ളവരാണ്.

വാചസ്പതി:- ഏകമായ ചിത്തം ത്രിഗുണങ്ങളാൽ നിർമ്മിതമാകയാൽ ഗുണങ്ങ ളുടെ വൈഷമ്യം (ഇംബാലൻസ്. ഡിഫറൻസ്) കൊണ്ട് പരസ്പരവിമർദ്ദവൈചിത്യത്താൽ വിചിത്രപരിണാമങ്ങളോടെ അനേകമായി കാണപ്പെടുകയാണ്. ക്ഷിപ്തമായ ചിത്തം തമോ ഗുണപ്രധാനമാണ്. അതിന് സ്ഥിതിശീലം (ഇനർഷ്യ) ജഡാവസ്ഥ, പിണ്ഡത്തിന്റെ സ്വഭാ വമായ ഗൗരവം (കട്ടി, ഭാരം, സോളിഡിറ്റി) ചുറ്റും ആവരണം (വായുമണ്ഡലം) ദൈന്യം ഇവയുണ്ട്. അതിനാലത് ഒരു തമോഗ്രഹമാണ്. ഗ്രഹണശീലം (കോഗ്നിഷൻ)കുറവാണ്. അതിനാൽ ഇത്തരം ചിത്തത്തെ ഭൂമിയെപ്പോലെ അനേകം അവാന്തരാവസ്ഥകൾ ആദർശ ങ്ങൾ ഇവയാൽ അനവധി ഭേദങ്ങൾ സംഭവിക്കുന്ന ഭേദവതീചിത്തമായി ഉപമിക്കുന്നു. ഭേദഭാവന (ദ്വൈതം) ഭൂമിയുടെ സ്വാഭാവമാണ്. ക്ഷിപ്തചിത്തത്തിന്റെയും സ്വഭാവമാ ണ്. ഗ്രഹണശേഷി ഇല്ലാത്തതാണ് ഇതിന്റെ കാരണം ചിത്തരൂപമായി പരിണമിച്ച സത്വ ത്തെയാണ് ചിത്തസത്വമെന്നു പറയുന്നത്. സത്വപ്രധാനമായ ചിത്തത്തിൽ പ്രഖ്യാരൂപ മായ സാത്വികവൃത്തി ദർശിക്കാം. അത്തരം ചിത്തത്തിൽ സത്വം അതിനേക്കാൾ കുറച്ചു കുറഞ്ഞ അനുപാതത്തിൽ രജസ്സും തമസ്സും ഇരിക്കുന്നു. അതിനാൽ ഐശ്വര്യാദികൾ

ശബ്ദാദിവിഷയത്തിൽ പ്രിയം അതാതനുപാതത്തിലിരിക്കും. അണിമാദിഐശ്വര്യസിദ്ധികൾ സത്വഗുണത്തിന്റെ പ്രണിധാനത്താലാണ് ലഭിക്കുന്നത്. രജസ്സുകൊണ്ട് മൂടിയാൽ (ക്ഷിപ്തമായാൽ) അല്പലബ്ധി എന്ന സ്ഥിതിവിശേഷം വരുന്നു (പൂർണ്ണസിദ്ധികിട്ടാതെ വരിക) അതിനാൽ അവയിൽ പ്രിയം മാത്രം ഭവിക്കുന്നു. സിദ്ധി ഇല്ല. സിദ്ധി കിട്ടുമെന്ന താല്പര്യവുംഅതിനുള്ള പ്രയത്നവും മാത്രം. ശബ്ദാദികളിൽ അങ്ങനെ സ്വരസവാഹിയായ പ്രേമം രൂഢമായിത്തീരുന്നു വിക്ഷിപ്തചിത്തം അങ്ങനെ ഒന്നാണ്. എന്നാൽ തമസ്സ് കൊണ്ട് മൂടിയ പക്ഷം അതിന് ദർശിക്കാൻ കഴിയില്ല (ദർശനമൂഢം) അതിനാൽ മുഢമായ ക്ഷിപ്തം എന്നു പറയുന്നു തമസ്സ് കട്ടി കൂടിയതാണ്. അതിനാൽ ഉത്സാരണം (മേലോട്ട് ഉയരൽ) ചെയ്യാനാവാതെ തന്നിലേക്കുതന്നെ പിടിച്ചു വലിക്കുന്നു.

സുവർണ്ണ:- കട്ടിയുള്ള വസ്തുവിന് അതിന്റെ ഗുരുത്വം കൊണ്ട് ഗുരുത്വാകർഷണം കൂടുമെന്ന നിയമമാണിത്.

വാചസ്പതി:- അതിനാൽ തമസ്സ് തമോഗ്രഹം അധർമ്മത്തിലേക്ക് താഴോട്ട് ചിത്തത്തെ വീഴ്ത്തുന്നു. അജ്ഞാനം വിപര്യയജ്ഞാനം അഭാവപ്രത്യയാലംബനം, നിദ്രാജ്ഞാനം, എന്നിവകൊണ്ട് തമസ്സിന്റെ മൂഢാവസ്ഥ സൂചിതമാണ്. ഏറ്റവും കട്ടി കുറഞ്ഞ (ലാഘവം) സാത്വികചിത്തത്തിന് ഇതിന്റെ വിപരീതഗുണമാണ്. അത് പ്രകാശരൂപമാണ്. മേലോട്ട് ഉത്സാരണം ചെയ്യുന്ന സർവ്വവ്യാപിയായ രശ്മി ഊർജ്ജമാണ്. തമസ്സ് രജസ്സ് ഇവയുടെ പടലങ്ങളെ ഭേദിച്ച് ആവിർഭൂതമാകുന്ന പ്രകാശമാണ് ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം ഇവയിലേക്കുയർത്തുന്നതാണ്. അനൈശ്വര്യം സർവ്വത്ര ഇച്ഛാപ്രതിഘാതങ്ങൾ അധർമ്മാദികളിൽ വ്യാപ്തമാകുന്ന ചിത്തം. എന്നിവ തമസ്സ് രജസ്സ് എന്നിവക്കേ ഉള്ളൂ. സാത്വികചിത്തത്തെ അവ ബാധിക്കുന്നില്ല. ആവരണം മോഹമാണ്. പ്രകർഷേണ ആവരണങ്ങൾക്ക് ക്ഷീണം സംഭവിക്കുന്നു അപ്പോൾ എല്ലായിടത്തും വിശേഷം അവിശേഷമെന്ന മാത്രാലിംഗപുരുഷനിൽ മാത്രം പ്രകാശിക്കുന്നു. അഥവാ സർവ്വവ്യാപിപുരുഷപ്രകാശം മാത്രം തെളിയുന്നു. (ആവരണമില്ലാതെ പ്രത്യക്ഷപ്പെടുന്നു) ധർമ്മം ഐശ്വര്യം എന്നിവ ലഭിക്കാനുള്ള പ്രവൃത്തി രജോമോഹം കൊണ്ടാണുണ്ടാവുന്നത്. ധർമ്മാദിവൃത്തി രജസ്സിന്റെ പ്രവൃത്തിയാണ്. അസമ്പ്രജ്ഞാതസമാധി സിദ്ധിച്ച വ്യക്തികളിൽ മധുഭൂമിക എന്ന പ്രജ്ഞയുടെ ജ്യോതിസ്സിന്റെ മദ്ധ്യത്തിലാണ് സദാ ചിത്തസത്വം. അവിടെ രജസ്സോ തമസ്സോ ഒട്ടുമില്ല. മൂഢജ്ഞത്വമോ പ്രവൃത്തിയോ ഇല്ല. സർവ്വജ്ഞത്വം, സമ്പ്രസാദം സർവ്വവ്യാപിത്വം പിന്നീടൊരു കർമ്മബീജമില്ലായ്കയാൽ സംസാരം പിന്നെ മുളക്കുന്നില്ല സമ്പ്രതി, അതിക്രാന്തഭാവത്തിൽ ധ്യാനമഗ്നമായി നാലാമത്തെ ചിത്താവസ്ഥയായ തുരീയത്തിൽ തന്നെയാണ് ഇപ്പോൾ യോഗി. രജസ്സിന്റെ മലം ലേശം പോലുമില്ലാത്ത സ്വരൂപപ്രതിഷ്ഠമാണ് ആ ചിത്തം. അഭ്യാസവൈരാഗ്യങ്ങളാൽ പുടപാകമായി സ്വരൂപപ്രതിഷ്ഠമായി രജസ്തമോമലരഹിതമായി ബുദ്ധിസത്വതപനീയമായി വിഷയേന്ദ്രിയങ്ങളെ പ്രത്യാഹരിച്ച് ജ്ഞാനാധികാരതയോടെ കാര്യകാരണങ്ങളുടെ വിവേചനജ്ഞാനമെന്ന വിവേകഖ്യാതിയോടെ ഇരിക്കുന്നു അസമ്പ്രജ്ഞാതസമാധിസ്ഥമായ യോഗിചിത്തത്തിന് ഇനി ഒരു കാര്യം ചെയ്യാനോ നേടാനോ അവശേഷിക്കുന്നില്ല. സത്വപുരുഷാന്യഥാഖ്യാതി മാത്രമായ ചിത്തം ധർമ്മമേഘധ്യാനലീനമായി ഭവിക്കുന്നു ധർമ്മമേഘമെന്നാൽ യോഗികൾക്കിടയിൽ പ്രസിദ്ധമാണ്. ധ്യനിക്കുന്നവർ സത്വപുരുഷാന്യഥാഖ്യാതി മാത്രമായ ചിത്തത്തെ ധർമ്മേഘപര്യന്തമായ പരമായ പ്രസംഖ്യാനമെന്നു

പറയുന്നു. ധർമ്മം, ധർമ്മി എന്ന ഭേദമില്ലാതെ സമാനാധികരണമായി (ധർമ്മം, ധർമ്മി, ഒന്നായി അഭേദമായി) തന്മയീഭവിച്ചതാണ് ധർമ്മമേഘാവസ്ഥ. വിവേകഖ്യാതിയെ ഹനിക്കുന്ന ഹേതുവും ചിതശക്തിയുടെ ഉപാദാനകാരണവും ആയ നിരോധസമാധിയാണ് അവതരിപ്പിക്കുന്നത്. വിവേകഖ്യാതിയിൽ സാധുത അസാധുത എന്നിവ ദർശിക്കുന്നു. സുഖദുഃഖമോഹാത്മകത്വമാണ് അശുദ്ധി. വിവേകികൾക്ക് പോലും സുഖമോഹമാണ് ദുഃഖമായി കലാശിക്കുന്നത് അതിനാൽ ഇത്തരം ദ്വന്ദ്വരൂപമായ അശുദ്ധികളിൽ മോഹം വിവേകി പൂർണ്ണമായും ത്യജിക്കുന്നു. അകത്ത് അശുദ്ധിയുണ്ട് എങ്കിൽ ചിത്തശക്തി (ചിതിശക്തി) കുറയും. സാക്ഷാത്കാരക്ഷമത കുറയും, സുഖദുഃഖമോഹാത്മകശബ്ദാദികളാകുന്ന സർവ്വരൂപങ്ങളുടേയും സ്വീകരണം (പരിഗ്രഹണം) പരിവർജ്ജിക്കുമ്പോളേ ചിത്തം വിശുദ്ധരൂപം (വിശുദ്ധാകാരം) ആയി പ്രകാശരൂപമാവുകയുള്ളൂ. ശബ്ദാതികളായി നമ്മുടെ വിഷയേന്ദ്രിയങ്ങൾക്ക് ദർശിതമായ (ദർശികവിഷയം) സുഖദുഃഖമോഹാത്മകത്വമായ ചിതിശക്തി വിഷയത്തെ മാത്രം ആദർശമാക്കി (കണ്ടുകൊണ്ട് സ്വന്തം ചിത്തിൽ കണ്ണാടിയിലെന്നപോലെ പരമമായ ചിതിദർശനം ഇരിക്കുന്നതാണ് പുരുഷചേതസ്സ്. ചിതിശക്തി പ്രകൃതി (സ്ത്രീ, സ്വശക്തി) അതിനെ സ്വചിത്തിൽ ദർശിക്കുന്ന അതുമായിതന്മയീഭവിക്കുന്ന പുരുഷൻ. അവരുടെ സംയോഗാവസ്ഥ ഇപ്രകാരം സ്വന്തം ചിതിശക്തിയിൽ ഏകാഗ്രമായി ഉറച്ച് തന്മയീഭവിച്ച പുരുഷചിത്തം അപ്രതിസംക്രമമാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പ്രതിസംക്രമിക്കുന്നില്ല. സഞ്ചരിക്കുന്നില്ല. വിട്ടുമാറുന്നില്ല ഇങ്ങനെ പ്രതിസംക്രമമില്ലാത്ത ചിത്തത്തിന് പരിണാമം (മാറ്റം) ഇല്ല. അപരിമാണിമിനിയാണ്. ആ ചിത്തത്തിൽ മുമ്പുപറഞ്ഞ ത്രിവിധമായ ധർമ്മലക്ഷണാവസ്ഥകളോ ലക്ഷണപരിണാമങ്ങളോ ക്രിയാരൂപമായ മാറ്റങ്ങളോ ഒന്നുമില്ല. അസംക്രാന്തി എന്നതുകൊണ്ട് വിഷയസംവേദനം ഉപപാദിക്കപ്പെടുന്നു. പരിണാമമില്ലാതെ പ്രതിസംക്രമമില്ലാതെ ഇരിക്കുന്ന ചിത്തത്തിന് ശോഭനമായ ചിതിശക്തി സിദ്ധമാണ്. വിവേകഖ്യാതി ബുദ്ധിസത്വാത്മികയും ശോഭനയുമാണ്. എന്നാൽ ചിതിശക്തിയിൽനിന്ന് വ്യത്യസ്തമാണ്. (വൃത്ത്യന്തരങ്ങളാൽ ദോഷബാഹുല്യം ഭാവമായിരിക്കയാൽ) അതുകൂടി നിരോധിക്കണം. ജ്ഞാനപ്രസാദമാത്ര കൊണ്ട് പരവൈരാഗ്യത്താൽ നിരോധിക്കപ്പെടുന്നു. അശേഷവൃത്തി നിരോധമായ ചിത്താവസ്ഥ നിർബീജാവാസ്ഥ എന്നറിയുന്നു ക്ലേശസഹിതമായ കർമ്മാശയിൽനിന്നാണ് ആയുർഭോഗബീജം ജനിക്കുന്നത്. (ജാത്യായുർഭോഗബീജം ജാതി എന്നാൽ ജനിച്ചത്) അനവധി ജീവജാതികൾ അവയിൽ ജനിച്ച് സംസാരവൃക്ഷത്തെ വളർത്തുന്നു. ജാത്യായുർഭോഗബീജത്തിൽനിന്നും സ്വതന്ത്രമായി ബീജാവസ്ഥയിലുള്ള ക്ലേശകർമ്മാശകളെല്ലാം നശിച്ച് ഇരിക്കുന്ന നിർബീജാവസ്ഥയാണ് യോഗിജനപ്രസിദ്ധമായ ധർമമേഘസംജ്ഞ. ഇപ്രകാരം അസമ്പ്രജ്ഞാതം സമ്പ്രജ്ഞാതം എന്ന രണ്ടുവിധ ചിത്തവൃത്തിനിരോധവും യോഗം തന്നെയാണ്.

3. പതഞ്ജലി:- തദാ ദ്രഷ്ടുഃ സ്വരൂപേ അവസ്ഥാനം

വ്യാസ:- ആ അവസ്ഥയിലുള്ള ചേതസ്സിൽ വിഷയങ്ങളുടെ അഭാവത്താൽ ബുദ്ധിബോധാത്മാവായ പുരുഷന്റെ സ്വഭാവം എന്തായിരിക്കും. കൈവല്യരൂപമായ ചിതിശക്തി എന്ന സ്വസ്വരൂപപ്രതിഷ്ഠയിൽ സദാ അതുമാത്രം ദർശിച്ചുകൊണ്ടിരിക്കുന്നു. സദാ ഉത്ഥാനചിത്തമായി യോഗാരൂഢമായിരിക്കുന്നു.

സുവർണ്ണ:- ശങ്കരാചാര്യർ ഇതിനെ സതതോത്ഥായിനി എന്ന് വിളിക്കുന്നു.

വാചസ്പതി:-സദാ അനുഭൂതിവിഷയമായിരിക്കുന്ന സ്വസ്വരൂപത്തിൽ തന്മയീഭവിച്ച് മറ്റു വിഷയങ്ങളിലൊന്നും ബുദ്ധിബോധരഹിതമായിരിക്കുന്ന പുരുഷൻ സ്വബുദ്ധിബോധസ്വഭാവത്താൽ സവിതാവിനെപ്പോലെ പ്രകാശരൂപിയാണ്. സവിതുരിവ പ്രകാശഃസ്വഭാവം സ്വഭാവം എന്നാൽ സ്വന്തം ഭാവം. അതിൽ നിന്ന് വ്യതിചലിക്കാത്ത അവസ്ഥ, അതിൽ വിഷയാഭാവം (വിഷയത്തിന്റെ അഭാവം) ഉണ്ട്. ഭാവത്തിൽ അഭാവം. സ്വസ്വഭാവമായ പ്രകാശത്തിൽ വിഷയങ്ങളുടെ (ജഡത്വം) അഭാവം. വിഷയാഭാവത്താൽ ബുദ്ധി പുരുഷവിഷയകമായി പുരുഷാർത്ഥവതിയായി ഇരിക്കുന്നു വിവേകഖ്യാതിവിഷയഭോഗവും പുരുഷാർത്ഥങ്ങളിൽ പെട്ടതുതന്നെയാണ്. നിരുദ്ധാവസ്ഥയിൽസിദ്ധൻ അങ്ങനെയെങ്കിൽ വിഷയാഭാവം എങ്ങനെ പറഞ്ഞു. ആ ചോദ്യത്തിനുത്തരം (പരിഹാരം) കാണുന്നതിനാണ് ഈ സൂത്രം. ചൈതന്യസ്വരൂപമായ പുരുഷൻ നിരുപാധികമാണ്. ഒരു സ്ഫടികത്തിനടുത്ത് ചെമ്പരത്തിപ്പൂ വെച്ചാൽ നിറമില്ലാത്ത സ്ഫടികം ചുവപ്പാണെന്ന് തോന്നും അതുപോലെയാണ് പ്രകാശരൂപവും നിരുപാധികവും ആയ പുരുഷന് സോപാധികമായ ജഡപ്രകൃതിയുടെ നിറങ്ങൾ ഉണ്ടെന്നു തോന്നുന്നത്. പ്രകാശം വർണ്ണരഹികമാണ്. അത് ജഡവസ്തുക്കളിലൂടെ കടത്തി വിടുമ്പോൾ വ്യത്യസ്തനിറങ്ങളായി കാണുന്നു.

സുവർണ്ണ:- ആധുനികഭൗതികശാസ്ത്രം അടുത്തകാലത്ത് മാത്രം മനസ്സിലാക്കിയ സത്യമാണിത്. സ്ഫടികം (പ്രിസം) തന്നിലൂടെ കടത്തിവിടുന്ന വെളുത്ത (വർണ്ണരഹിതമായ) രശ്മിയെ സപ്തവർണ്ണമായ ഇന്ദ്രധനുസ്സായി മാറ്റുന്നു.



വാചസ്പതി:- ഈ അനേകത്വഭാവനകളെ നിരോധിക്കുമ്പോൾ ചിത്തം സ്വസ്വരൂപത്തിൽത്തന്നെ പ്രതിഷ്ഠിതമായി ഉപാധികളാൽ കളങ്കപ്പെടാതെ നിവൃത്തമായിരിക്കും. നിരോധിക്കാഞ്ഞാൽ ദ്വൈതഭാവനയുടെ നിറം (രജസ്സ്) കലർന്ന് സോപാധികം കർമ്മബന്ധങ്ങളാൽ പ്രവൃത്തമായിരിക്കും. സ്വരൂപപ്രതിഷ്ഠനേടി ഉറച്ച് നിരോധാവസ്ഥയിൽ ചിത്തത്തിന് പിന്നെ ഉത്ഥാനം ഉണ്ടാവില്ല. അതിനു മാറ്റമേ ഇല്ല. അപരിണാമിയാണ് നിരോധിക്കാത്ത ചിത്തം വീണ്ടും വീണ്ടും പല ഭേദഭാവനകളിലേക്കും ഉത്ഥാനം ചെയ്യുന്നു. ഇതിനെയാണ് പരിണാമിയായ വ്യുത്ഥാനചിത്തമെന്ന് പറയുന്നത്. കൂടസ്ഥവും നിത്യവുമായ ചിതിശക്തിക്ക് പിന്നെ ജനനമില്ല. അത് സ്വരൂപത്തിൽ നിന്ന് ച്യവനം സംഭവിക്കാത്തതാണ്. അസമ്പ്രജ്ഞാതസമാധിയിൽ ഇതാണ് സംഭവിക്കുന്നത്. സമ്പ്രജ്ഞാതസമാധിയിൽ ഇങ്ങനെ സദാ യോഗിയായിരിക്കുന്നില്ല. ഈ വ്യത്യാസമേ അവ തമ്മിലുള്ളൂ.

4. പതഞ്ജലി:- വൃത്തിസാരൂപ്യമിതരത്ര

വ്യാസ:- വ്യുത്ഥാനവൃത്തിയുള്ള ചിത്തത്തിന്റെ ചിത്തവൃത്തികളിൽ അവൈശിഷ്ട വൃത്തികളോടുകൂടിയതാണ് പുരുഷന്. ഒരേ ഒരു ദർശനം, ഖ്യാതി മാത്രം ദർശനം എന്ന സൂത്രം. ചിത്തം അയസ്കാന്തമണിപോലെ സന്നിധിമാത്രം കൊണ്ട് ഉപകാരിയായിരിക്കുന്നു. ഈ ദൃശ്യത്വം ഉണ്ടായ പുരുഷന് സ്വാമി അഥവാ യജമാനത്വം ഭവിക്കുന്നു. അദ്ദേഹത്തിന്റെ ചിത്തവൃത്തിബോധത്താൽ പുരുഷന് അനാദിസംബന്ധമാണ് ഹേതു.

വാചസ്പതി:- ഉത്ഥാനവൃത്തിയുള്ള ചിത്തത്തിനേ ശാന്തൻ, ധീരൻ, മൂഢൻ മുതലായ വ്യത്യസ്തരൂപങ്ങളുള്ളൂ. പുരുഷനുമായി താദാത്മ്യം പ്രാപിച്ച നിത്യചിത്തവൃത്തി നിരോധം ചെയ്ത ചിത്തത്തിന് അതില്ല. ജപാകസുമവും സ്ഫടികവും തമ്മിലുള്ള സാമീപ്യം അഥവാ സാന്നിദ്ധ്യം കൊണ്ടുള്ള ഭേദബുദ്ധിയെ ഗ്രഹിക്കുന്നു. ചിത്തസാന്നിദ്ധ്യമില്ലാത്തപ്പോൾ അഭേദബുദ്ധിയേയും ഗ്രഹിക്കുന്നുണ്ട്. ഞാൻ ശാന്തനാണ്. ഞാൻ മൂഢനാണ്. ഞാൻ ദുഃഖിതനാണ് എന്നൊക്കെ ചിത്തവൃത്തിമാലിന്യങ്ങൾ ചിത്തവൃത്തിനിരോധമുള്ള പുരുഷനിലാരോപിച്ച് ശോചിക്കയും ചെയ്യുന്നു. ശബ്ദാദിവിജ്ഞാനവൃത്തികൾ പ്രാകൃതത്വം ചിദ്രൂപത എന്നിവ കൊണ്ടാണ് ബുദ്ധി അനുഭവിക്കുന്നത്. അതിന്നാലവർക്ക് പുരുഷത്വമുണ്ട്. അവ പുരുഷവൃത്തിയായി അനുഭവപ്പെട്ട് അവഭാസിക്കുന്നു. അതിന്റെ വിപര്യയങ്ങൾ അനുഭവിക്കുമ്പോൾ ഭോക്താവ് ഭോക്തം എന്ന വിവേകഖ്യാതി കൂടാതെയും വിവേകഖ്യാതിയോടുകൂടിയും സാധിക്കും. വിവേകഖ്യാതി കൊണ്ടാണ് ഈ വ്യത്യാസം പ്രകടമാവുന്നത്. ചിത്തത്തിൽ ഓരോരോ സംക്രമത്തിലും അതാതിന്റെ ആകാരം അഥവാ രൂപം സ്വബുദ്ധിസംവേദത്താലുണ്ടാവുന്നു. സത്വപുരുഷന് വളരെ സങ്കീർണ്ണമായി പ്രത്യയാവിശേഷമാണ് ഭോഗം. പഞ്ചശിഥാചാര്യന്റെ സൂത്രം. ഏകമേവദർശനം ഖ്യാതിരേവ ദർശനം. ഏകമായ ദർശനം. ഒന്നുമാത്രമാണ് ദർശനം. ബുദ്ധിയിൽ ശബ്ദാദിവിഷയങ്ങളുടേയും വിവേകവിഷയങ്ങളുടേയും വൃത്തി, പ്രാകൃതത, ജഡത്വം, എന്നിവയാൽ അനുഭവിക്കപ്പെടുന്നതാണ് ദർശനം. അങ്ങനെയല്ലാതെ പുരുഷന് തന്റെ ചൈതന്യം (ചൈതന്യസ്വരൂപം) ദർശിക്കാനോ അനുഭവിക്കാനോ സാധ്യമല്ല. ഖ്യാതിരേവ ദർശനം. ഉദയം വ്യയം (ഉത്ഭവവും, ചെലവും) എന്നീ ധർമ്മങ്ങളുടെ പ്രവൃത്തിയാണ് ഖ്യാതി ഇത് ലൗകികീവൃത്തിയാണ്. അതും ഏകചൈതന്യത്തിന്റെ രൂപം തന്നെ എന്നർത്ഥം.

സുവർണ്ണ:- നാരദഭക്തിസൂത്രത്തിൽ പ്രേമൈക കാര്യം എന്ന് പറയുന്നു. രൂപമുള്ള പ്രകൃതിക്ക് ഒരു തുടക്കവും അവസാനവുമുണ്ട്. പ്രപഞ്ചങ്ങൾക്ക് വിഭിന്നപ്രവൃത്തികളുണ്ട്. അതുകൊണ്ടുള്ള വിഭിന്നകർമ്മഗതികളുണ്ട്. അവയെല്ലാം പിണ്ഡം. ഗതി (മാസ്, വെലോസിറ്റി) ഇവയിൽ പെടും. ആ ശക്തിക്ക് മറുവശത്ത് പുരുഷൻ അഥവാ ശിവം അർദ്ധനാരീഭാവമായിരിക്കുന്നു. ബ്രഹ്മത്തിന്റെ സഹധർമ്മചാരിണിയായ പ്രകൃതിശക്തി, ശിവശക്തി എന്ന് ഊർജ്ജത്തേയും പ്രപഞ്ചഗതിയേയും സമവാക്യത്തിനിരുവശം തുലനം ചെയ്യുന്ന (ബാലൻസിങ്ങ്) രീതി. സമവാക്യപ്രകാരം ബ്രഹ്മം പ്രകൃതിയിൽ നിന്ന് ഭിന്നമല്ല. അവരുടെ പ്രേമസംയോഗം ഏകമാണ്. അതല്ലാതൊരു സത്യമില്ല. റിലേറ്റിവിസ്റ്റിക്ക് ആസ്ട്രോഫിസിക്സിലും ഇതാണല്ലോ സമവാക്യം.

വാചസ്പതി:- പുരുഷസ്വഭാവം ചൈതന്യമാണ്. ഊർജ്ജശക്തിയാണ്. അത് സാധാ

രണലോകപ്രത്യക്ഷമല്ല. ലോകഗോചരങ്ങൾക്കതീതമായി സൂക്ഷ്മാനുമാനപ്രത്യക്ഷമാണ്. ചൈതന്യം അതിനെ അറിഞ്ഞ് ആ മൂലകാരണത്തിൽ ഉറക്കുന്നത് എത്ര പ്രയാസകരമാണ്. ജഡരൂപങ്ങളിലും അവിദ്യയിലും ഉറച്ചുപോയ ഒരു ചിത്തത്തിന് എന്ന് ആലോചിക്കുക. അവിദ്യാഹേതുകമായ പലതിലും സംയോഗം ചെയ്ത് ഭോഗഹേതുമായ ഈ പ്രപഞ്ചം എന്തെന്നറിയാതെ (വിവേകം വരാതെ) അതിന്റെ യജമാനഭാവം അഥവാ സ്വാമിഭാവം (പുരുഷഭാവം) വരില്ല. യജമാനനാവുന്നത് യജിക്കുന്നവനാണ്. ഈ പ്രപഞ്ചത്തെ പൂർണ്ണമായി അറിഞ്ഞശേഷം ത്യജിക്കുന്നവനാണ് യജ്ഞത്തിന്റെ യജമാനൻ. സ്വാമി അഥവാ യജമാനന്റെ ചിത്തം സ്വം ആയി ഭവിക്കുന്നു. അഥവാ പുരുഷന്റേതായിതീരുന്നു. പുരുഷനും പ്രപഞ്ചവും ഒന്നായിത്തീരുന്നത് പുരുഷൻ പ്രപഞ്ചഭോഗങ്ങളെ ത്യജിക്കുമ്പോളാണ്. തിരസ്കരിക്കുമ്പോളാണ്. കയ്യടക്കിവെക്കുമ്പോളല്ല. സഹധർമ്മിണിയുമായുള്ള സംബന്ധം അങ്ങനെയാണ്. ചിത്തത്തിൽ ജനിച്ച ഉപകാരം വേണം വേണം എന്ന് ഭജിച്ചുകൊണ്ടിരിക്കുന്ന ചിത്തത്തിന്റെ ഈശിത (ഈശിത്വം) ആണ് ചേതന അഥവാ പ്രകാശം. അതേ സമയം അതിന് ഉപകാരം അനുപകാരം എന്നോ ഭോഗങ്ങൾ ഭോഗിക്കണമെന്നോ പരിണാമങ്ങളുണ്ടാവണമെന്നോ ഉള്ള ഭേദമോ ആശയോ ഒന്നുമില്ല സാന്നിദ്ധ്യം മാത്രം കൊണ്ടുള്ള ഭേദമല്ലാതെ സംബന്ധമല്ലാതെ മറ്റൊരു സംയോഗമില്ല. ഭേദവുമില്ല ഇവിടെ അയസ്കാന്തമണികല്പം എന്ന ബിംബം ഉപയോഗിക്കുന്നു.

സുവർണ്ണ:- കാന്തവും ഇരുമ്പും പോലെ പുരുഷനും സ്ത്രീയും (പ്രകൃതി) എന്ന ഉപമ ശ്രദ്ധേയമായിരിക്കുന്നു. കാന്തശക്തി എന്ന ഊർജ്ജം ജഡമായ ഇരുമ്പിനെ ആകർഷിക്കുന്നു. സ്വസാന്നിദ്ധ്യം ഒന്നുകൊണ്ടുമാത്രം. അതോടെ ഒട്ടുന്നുവെങ്കിലും കാന്തം അപരിണാമിയാണ്. കാന്തശക്തി ലോഹത്തിലേക്ക് സംക്രമിപ്പിച്ച് അതിനെ പരിണാമിയാക്കുന്നതല്ലാതെ ആ സംബന്ധം കൊണ്ട് കാന്തത്തിന് പരിണാമം വരുന്നില്ല (ദേഹത്തോട് ചേർന്ന് അതിനെ പരിണമിപ്പിക്കുന്നതല്ലാതെ ആത്മാവെന്ന കാന്തത്തിനും പരിണാമം സംഭവിക്കുന്നില്ല)

വാചസ്പതി:- ചിത്തത്തിൽ പുരുഷന്റെ സാന്നിദ്ധ്യമുണ്ട്. ദേശകാലാദിഭേദമോ അനേകത്വമോ ഇല്ലാത്ത പുരുഷസാന്നിദ്ധ്യമാണ്. ചിത്തത്തിന്റെ യോഗ്യതാലക്ഷണം. പുരുഷന്റെ ഭോക്തൃത്വശക്തിയാണ് ചിത്തത്തിന്റെ ഭോക്തൃത്വശക്തി. ആ ശക്തിയാണ് അയസ്ക്കാന്തമണികല്പം. സന്നിധിമാത്രം കൊണ്ട് ദൃശ്യമാകുന്ന ശക്തി. ശബ്ദാദി ആകാശ പരിണാമത്താലാണ് ഭോഗ്യത്വം എന്നർത്ഥം. ഭോഗങ്ങൾ ശബ്ദാദിരൂപത്തിലുള്ള ചിത്തത്തിന്റെ വൃത്തിയാണ്. ചിത്തത്തിന്റെ ധർമ്മവും ചിത്തചൈതന്യവും തമ്മിൽ ഭേദമില്ല. (വൃത്തിസാരൂപ്യത്താൽ അവ പുരുഷൻ തന്നെ എന്നറിയണം) ഒരാളുടെ ചിത്തധർമ്മം. ആ വ്യക്തിയുടെ ചിത്തചൈതന്യം ആ ജീവാത്മാവ് അഥവാ വ്യഷ്ടി പുരുഷൻ എന്നിവ തമ്മിലുള്ള അഭേദം. അത്തരം ചിത്തം സംയോഗം കൂടാതെ വെറും സന്നിധാനം കൊണ്ട് അതിൽനിന്നുണ്ടായ ഉപകാരഭാഗങ്ങളെ സ്വപരിണാമം ഒട്ടും സംഭവിക്കാതെ തന്നെ അടുത്തുവരുന്നവർക്കെല്ലാം ദാനം ചെയ്യുന്നു. ത്യജിക്കുന്നു. അമൈഥുനവും അസംയോഗവും അപരിണാമിനിയും ത്യാഗസ്വരൂപവും ഉപകാരപ്രദവുമായ അത്തരം ചിത്തചൈതന്യത്തെ ഈ ചിത്തധർമ്മങ്ങളെക്കൊണ്ടു വേണം മനസ്സിലാക്കാൻ.

സ്വസ്വാമിസംബന്ധമായ ഭോഗത്തിൽ ഏതിനു വിദ്യ ഏതിന് അവിദ്യ നിമിത്തമായിരിക്കുന്നു. അനിമിത്തമായ കാര്യം (പുരുഷൻ) എങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവിടെ ഉപസംഹാരവ്യാജേന സ്വപ്നാദികൾപോലെ അവിദ്യകളാൽ പ്രവൃത്തി എങ്ങനെ ചെയ്യ

പ്പെടുന്നു എന്നത് ഉദ്ധരിക്കുന്നു. അത്തരം ചിത്തവൃത്തിബോധത്തിൽ ശാന്താ ധീരാ മൂഢാ കാരഭേദമുള്ള ചിത്തവൃത്തികൾ ഉപഭോഗം ചെയ്യപ്പെടുന്നത് അവിദ്യാനിമിത്തമാണ്. സംയോഗമെന്നത് സ്ത്രീപുരുഷന്മാർക്ക് സന്താനവദനം കാണണമെന്ന ആശ എന്ന ബീജം അങ്കുരമായി മുളച്ചുവരാനുള്ള ക്രിയയാണ്. ഈ സംസാരത്തിനും സംയോഗ ത്തിനും കാരണമാണ് അവിദ്യാവാസന. അവിദ്യയോടുള്ള സംബന്ധത്താലാണ് ചിത്ത വൃത്തികളിൽ അനേകഭേദങ്ങൾ കാണുന്നത്.

5. പപതഞ്ജലി:- വൃത്തയ: പഞ്ചതയ: ക്ലിഷ്ടാക്ലിഷ്ടാ: താ: പുനർന്നിരോ ദ്ധവ്യാ ബഹഗുതേ സതിചിത്തസ്യ

വ്യാസ:- ക്ലിഷ്ടവും അക്ലിഷ്ടവുമായി അഞ്ചുതരം വൃത്തികളുണ്ട്. അവ ക്ലേശഹേ തുകങ്ങളാണ്. ക്ലിഷ്ടവൃത്തികൾ കർമ്മാശയങ്ങളുടെ ക്ഷേത്രങ്ങളിൽ നിന്നുണ്ടായവയാ ണ്. അക്ലിഷ്ടങ്ങൾ ഖ്യാതിവിഷയങ്ങളും ഗുണാധികാരിവിരോധികളുമാണ്. ക്ലിഷ്ടപ്ര വാഹത്തിൽ നിന്ന് പതിച്ചവയാണ് അക്ലിഷ്ടങ്ങൾ. ക്ലിഷ്ടങ്ങളുടെ ഛിദ്രത്തിൽ നിന്നാണ് അക്ലിഷ്ടം സംഭവിക്കുന്നത്. അക്ലിഷ്ടത്തിന്റെ ഛിദ്രത്തിൽ നിന്ന് ക്ലിഷ്ടവും സംഭവിക്കു ന്നു. ഈ ജാതീയങ്ങളായ സംസ്കാരങ്ങളുടെ ആവർത്തനമാണ് സംസ്കാരവൃത്തി. ഇപ്ര കാരം വൃത്തിസംസ്കാരചക്രം സദാ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ചിത്തം ആത്മക ല്പത്തിൽ പ്രതിഷ്ഠിതമായി സമ്പൂർണ്ണപ്രലയം ഭവിക്കുമ്പോൾമാത്രമേ സംസാരചക്ര പ്രവർത്തനം നിലക്കുകയുള്ളൂ.

വാചസ്പതി:- പുരുഷനെ ഉപദേശിക്കുന്നു. വൃത്തിയെ അറിയാത്തവൻ വൃത്തി നിരോധം സാദ്ധ്യമല്ല. ആയിരം പുരുഷായുസ്സിൽ ഒരിക്കലേ അത്തരം ഒരവസ്ഥ പരിഗ ണിക്കാനാവൂ. പിന്നെ എങ്ങനെ അസംഖ്യം മനുഷ്യർക്ക് ചിത്തവൃത്തിനിരോധം സാധ്യ മാകുമെന്ന ആശങ്ക തോന്നാം. അതിനായി സ്വരൂപപ്രതിപാദനപരമായ ഈ സൂത്രം അവ തരിപ്പിക്കുന്നു. സ്വചിത്തത്തിൽ നിരോധിക്കപ്പെടേണ്ട അനേകം ചിത്തവൃത്തികളുണ്ട്. അവയെ ക്ലിഷ്ടം, അക്ലിഷ്ടം എന്ന ജാതികളിൽ അയ്യഞ്ചായി തിരിക്കുന്നു. ഒന്നിന്റെ അഞ്ച് അവയവങ്ങളാണ് ഈ വൃത്തികൾ എന്ന് ഓർക്കണം. ഓരോരോ അവയവവും അയ്യഞ്ച് വീതം വൃത്തികളായി ഭവിക്കുന്നു. ആ വൃത്തികൾ മൈത്രിമുതലായ സർവ്വവൃ ത്തികളേയും കൂടിയാണ് അഞ്ചായി തിരിച്ചത്. ചിത്തത്തിന് ജാതി ഏകവചനമാണ് എന്ന ഭിപ്രായം ചിത്തം ഒന്നാണെന്ന് കാണണം. അതിന്റെ അവാന്തരവിഭാഗവിശേഷങ്ങൾ അനു ഷ്ഠാനാദികൾക്ക് ഉപയോഗിക്കുന്നതിനാണ് എന്നും കാണണം. പരവൈരാഗ്യത്താൽ ക്ലിഷ്ടങ്ങളെ നിരോധിക്കുമ്പോളാണ് അക്ലിഷ്ടവൃത്തികൾ ജനിക്കുന്നത്. അസ്മിത മുത ലായ ക്ലേശങ്ങൾക്കു ഹേതു വൃത്തികളാണ്. വൃത്തികളാണ് പ്രവൃത്തികൾക്ക് കാരണം. പുരുഷാർത്ഥപ്രധാനമായ രജസ്സ് തമസ്സ് എന്നിവയുടെ വൃത്തികളാണ് ക്ലേശകാരണം. അതിനാൽ പ്രവൃത്തിയെത്തന്നെ ക്ലേശമെന്ന് പറയാം ക്ലേശങ്ങൾ ക്ലിഷ്ടങ്ങളാണ്. ക്ലേശം നീക്കാനായി പ്രവൃത്തിരഹിതമായ കർമ്മാശയപ്രചയങ്ങൾ ക്ഷേത്രീഭൂതമാകുന്നു. പ്രാണാ ദികളാൽ ധർമ്മം അധർമ്മം എന്നിവ ആ ക്ഷേത്രഭൂമിയിൽ ഉണ്ടാവുന്നു അതിന്നായി അനേകം വൃത്തികളുണ്ടാക്കുന്നു.

അക്ലിഷ്ടവും ഖ്യാതിവിഷയമാണ്. രജസ്സോ തമസ്സോ ലവലേശമില്ലാത്ത സത്വ ബുദ്ധിയിൽ പ്രശാന്തവാഹിയായ പ്രജ്ഞാപ്രസാദമാണ് ഖ്യാതി. ആ വിഷയിയുടെ

വിഷയം സത്വപുരുഷവിവേകം മാത്രമായി ഉപലക്ഷിക്കപ്പെട്ടിരിക്കുന്നു. കാര്യാരംഭംമുതൽ ഗുണങ്ങളുടെ അധികാരം വഴി വിവേകഖ്യാതിപര്യവസായിയായി സഞ്ചരിക്കുന്ന ചരിത്രാധികാരങ്ങൾക്ക് ഗുണങ്ങളുടെ അധികാരം വിരുദ്ധമാണ്. തുടക്കത്തിലെ ഗുണാധികാരമുള്ളു അവസാനത്തിൽ (വിവേകഖ്യാതിയിൽ) ഗുണാധികാരമില്ല. അക്ലിഷ്ടത്തിൽ വൃത്തികൾ പ്രമാണപ്രഭ്രതികൾ മാത്രമാണ്. രാഗദ്വേഷമുക്തവും ജന്മദർശനത്താൽ സർവ്വത്തിലും പ്രാണഭുക്കിനെ മാത്രം ദർശിക്കുന്നതുമാണ്. ക്ലിഷ്ടവൃത്തിപ്രവാഹത്തിൽ അക്ലിഷ്ടവൃത്തി കാണാനാവില്ല. മറിച്ചും കാണില്ല. രണ്ടും വിരുദ്ധധ്രുവങ്ങളാണ്. ക്ലിഷ്ടത്തെ പരവൈരാഗ്യത്താൽ മനോരഥമാത്രത്താൽ നിരോധിക്കുമ്പോൾ അക്ലിഷ്ടവൃത്തി ലഭിക്കുന്നു.

എന്താണ് ക്ലിഷ്ടപ്രവാഹപതിതമെന്നാൽ ആഗമം, അനുമാനം, ആചാര്യോപദേശം, പരിശീലനം എന്നിവ ലഭിച്ച ജന്മത്തിൽ വൈരാഗ്യത്താൽ ക്ലിഷ്ടത്തിന് ഛിദ്രം സംഭവിക്കുന്നു. അങ്ങനെ ക്ലിഷ്ടത്തിൽ നിന്ന് പതിച്ച് സ്വയം അക്ലിഷ്ടത്തിൽ പ്രതിഷ്ഠിതമാകുന്നു. ക്ലിഷ്ടവൃത്തിയുടെ (സംസാരത്തിന്റെ) ഒഴുക്കിൽ നിന്ന് വേറിട്ടു നിർക്കുന്നു ശാലഗ്രാമത്തിൽ നൂറുകിരാതന്മാരുടെ സങ്കീർണ്ണതയിൽ നിത്യം വസിച്ചാലും ആ ബ്രാഹ്മണന് പിന്നെ കിരാതത്വം പ്രാപിക്കുന്നതല്ല. അക്ലിഷ്ടചിത്തവൃത്തിയിൽ നിന്ന് ഛിദ്രം വന്നുഭവിച്ചാൽ മറിച്ചാണ് അനുഭവം.

സുവർണ്ണ:- ഇവിടെ ബ്രാഹ്മണമെന്ന പദം യോഗി എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നതെന്നത് ശ്രദ്ധേയമായി തോന്നുന്നു. മറ്റൊന്ന് ക്ലിഷ്ടത്തിൽ നിന്ന് അക്ലിഷ്ടത്തിലേക്കും മറിച്ചും പതനം എന്ന വാക്കുതന്നെ ഉപയോഗിക്കുന്നു എന്നതാണ്. വ്യാസവചനത്തിൽ ക്ലിഷ്ടങ്ങളുടെ ഛിദ്രത്തിൽ നിന്ന് അക്ലിഷ്ടവും അക്ലിഷ്ടങ്ങളുടെ ഛിദ്രത്തിൽ നിന്ന് ക്ലിഷ്ടവും സംഭവിക്കുമെന്നും ഈ ആവർത്തനചക്രമാണ് സംസാരചക്രമെന്നും പറയുന്നു. ഈ രണ്ടു വാങ്മയ ചിത്രങ്ങളും ചേർത്തുവെച്ചാൽ hourglass രൂപത്തിൽ ഉടുക്കിന്റെ രൂപത്തിലുള്ള കാലപ്രവാഹമാണ് കാണാനാവുക.



വാചസ്പതി:- സംസ്കാരപരിപാകത്താൽ ക്രമത്തിൽ ക്ലിഷ്ടത്തിൽ നിന്ന് അക്ലിഷ്ടത്തിലേക്ക് പരിണമിക്കാൻ മനുഷ്യന് സാധിക്കും. ജാതീയമെന്നാൽ അക്ലിഷ്ടവൃത്തി ക്ലിഷ്ടവൃത്തി എന്ന രണ്ടുതരം ജാതികളെന്നർത്ഥം. ഈ രണ്ടു ജാതിവൃത്തിയോടെ സംസ്കൃതിചക്രം ആവർത്തിച്ചുകൊണ്ടേ ഇരിക്കുന്നു. ഈ ആവർത്തനസ്വഭാവം സമാധിയിൽ നിരോധിക്കപ്പെടുന്നു. അപ്പോൾ പൂർണ്ണചിത്തലയം സംഭവിക്കുന്നു. ഇതാണ് പരമാർത്ഥത്തിൽ ചിത്തസ്വരൂപം കല്പിതരൂപകങ്ങളാണ്. പഞ്ചധാ എന്നു പറഞ്ഞത് അർത്ഥകഥനമാത്രമാണ്. ശബ്ദവൃത്തിവ്യാഖ്യാനമല്ല.

6. പതഞ്ജലി:- പ്രമാണവിപര്യയ:വികല്പനിദ്രാസ്മൃതയ:

7. പ്രത്യക്ഷാനുമാനാഗമാ: പ്രമാണാനി

വ്യാസ:-ക്ലിഷ്ടവും അക്ലിഷ്ടവുമായ ശബ്ദവൃത്തികളെ നേരത്തെ പരമാർശിച്ചു പ്രമാണം വിപര്യയം വികല്പം നിദ്ര, സ്മൃതി എന്ന് അഞ്ച് വൃത്തി. പ്രത്യക്ഷം,അനുമാനം. ആഗമം ഇവ പ്രമാണമാണ്. പ്രത്യക്ഷമെന്നാൽ ചിത്തം ഇന്ദ്രിയപ്രണാലിക വഴി ബാഹ്യവസ്തുക്കളുടെ പരാഗം, ചദ്വിഷയകമായ സാമാന്യവും വിശേഷവുമായ അർത്ഥം എന്നിവ വിശേഷാവധാരണം ചെയ്യുന്ന പ്രധാനവൃത്തിയായ ഇന്ദ്രിയപ്രത്യക്ഷം (Suvarna-Direct perception of external sensory world by sensory organs) ഇതിന്റെ ഫലം അവിശിഷ്ടമാണ്. എന്തുകൊണ്ട് പൗരുഷേയമായ (Suvarna-Subjective) ചിത്തവൃത്തിബോധമാണത്. ഓരോരോ മനുഷ്യന്റെ ബുദ്ധിയിലും ഇതിന്റെ സംവേദനം പല ഉപാധിഭേദങ്ങളാൽ വ്യത്യസ്തമായിരിക്കും.

സുവർണ്ണ:- ഇത് വളരെ ശാസ്ത്രീയമായ നിർവ്വചനമാണ്. വ്യാസന്റെ ഈ നിർവ്വചനം വെച്ച് നോക്കിയാൽ വേദം അപൗരുഷേയമെന്നതിനർത്ഥം വേദം ഏതെങ്കിലും ഒരു പ്രത്യേകവ്യക്തിയുടെ മാത്രം ഇന്ദ്രിയഗ്രാഹ്യമായ പൗരുഷേയബുദ്ധിയിലല്ല. മനുഷ്യവംശത്തിന്റെ മുഴുവനും ബുദ്ധിയിലുദിച്ചതാണ് അതിനാലാണ് അതിന്റെ ഒബ്ജക്ടിവിറ്റി എന്ന് വരും

വ്യാസ:- അനുമേയത്തിൽ തുല്യജാതിയിൽ അനുവൃത്തവും വ്യാവൃത്തവുമായ സംബന്ധം. അതാതു വിഷയത്തിൽ സാമാന്യമായ അവധാരണപ്രധാനമായ വൃത്തിയാണ് അനുമാനം, ഉദാഹരണമായി ദേശാന്തരപ്രാപ്തിയിലെ ഗതി, ചന്ദ്രൻ, നക്ഷത്രം, ചൈത്ര ഋതു എന്നിവയുടെ അറിവ് വെച്ച് ശാസ്ത്രജ്ഞർക്ക് അനുമാനിക്കാം. വിന്ധ്യനപ്പുറം കാണാതെത്തന്നെ അവിടത്തെ ഋതു, സൂര്യചന്ദ്രഗ്രഹണാദികൾ അനുമാനിച്ച് ഗണിച്ച് പറയാം. ആപ്തന്മാർ ദർശിച്ചത് വെച്ചും അന്യരുടേയും അവനവന്റേയും ബോധത്തിന്റെ സംക്രാന്തി വെച്ചും ശബ്ദത്താൽ ഉപദേശിക്കപ്പെട്ട ശബ്ദാർത്ഥസംബന്ധമായി വൃത്തി കൈമാറപ്പെട്ടു വരുന്നത് ശ്രുതി അഥവാ ആഗമം. അതിന് രണ്ടാമതൊരർത്ഥം വക്താവിനോ ശ്രോതാവിനോ ദ്രഷ്ടാവിനോ ഇല്ല. മൂലവക്താവ് എന്തു ദർശിച്ചു പറഞ്ഞുവോ അതുതന്നെ അനേകം തലമുറകൾ വീണ്ടും ദർശിക്കയും പറയുകയും ആർക്കും എതിരഭിപ്രായമില്ലാത്ത വിധം തെളിയിക്കപ്പെടുകയും ചെയ്തതാണ് ആഗമം എന്ന് പറയുന്നത്.

സുവർണ്ണ:- വ്യാസന്റെ ഈ വാക്കുകൾ പുതിയ ശാസ്ത്രജ്ഞരുടെ തലമുറ ശ്രദ്ധിക്കണം. സംസ്കൃതത്തിൽ പറഞ്ഞാലും ശാസ്ത്രം ശാസ്ത്രം തന്നെയാണ്. തലമുറകളിലൂടെ പരീക്ഷിച്ചറിഞ്ഞ് മെറ്റാസയൻസിന്റെ തലത്തിലേക്ക് ഉയർന്ന സാമാന്യജ്യോതിശ്ശാസ്ത്രനിയമങ്ങളെക്കുറിച്ചാണ് ഈ ഉദാഹരണത്തിൽ വ്യാസൻ പറയുന്നത് ഇതാകട്ടെ ആഗമത്തിന്റെ അപൗരുഷേയത്വം വിശദമാക്കുന്നതിനാണുതാനും.

വാചസ്പതി:- സ്വസംജ്ഞയും ഉദ്ദിഷ്ടമാണ്. പ്രമാണം. വിപര്യയം വികല്പം നിദ്ര സ്മൃതി എന്നിവ നിർദ്ദേശിക്കുന്നത് എപ്രകാരം വചനം വിഗ്രഹിക്കുന്നുവോ അതു വെച്ചാണ് അർത്ഥത്തിൽ ദ്വന്ദ്വസമാസത്താൽ ഇതരേതരയോഗം വരും. അനിത്യവും അശുചിയുമായ ദുഃഖം നിത്യവും ശുചിയുമായ സുഖം എന്ന് അവിദ്യാവിദ്യകളെ പരമാർശിക്കുന്നതുപോലെ

ദിഘ്മോഹം. അലാതചക്രം മുതലായ വിഭ്രമങ്ങളാൽ പ്രമാണങ്ങളിൽ ഇന്ദ്രിയപ്രത്യക്ഷത്തിന് വ്യത്യന്തരസദ്ഭാവശങ്കവരാം. അതിനെ നിരസിക്കേണ്ടതുണ്ട്. അതുകൊണ്ട് അഞ്ച് വൃത്തികളെ നിർദ്ദേശിക്കുന്നു അഞ്ചും പരീക്ഷിച്ചുവേണം സത്യനിർണ്ണയത്തിന് അങ്ങനെ നിർണ്ണയിച്ചുകഴിഞ്ഞാൽ പിന്നെ സംശയത്തിനിടവരില്ല. ആഗമം അപ്രകാരം മുമ്പുള്ളവർ പരീക്ഷിച്ചറിഞ്ഞ ശാസ്ത്രമാണ്.

പ്രമാണവൃത്തിയുടെ വിഭജനത്തിന്റെ സാമാന്യലക്ഷണം പറയുന്നു. പ്രത്യക്ഷം അനുമാനം ആഗമം ഇവ പ്രമാണം പ്രമ എന്നാൽ അനധിഗതതത്വബോധമാണ്. പൗരുഷേയമായ വ്യവഹാരഹേതുവാണ് പ്രമയുടെ കാരണം. പ്രമാണം ന്യൂനം (-) അധികം (+) എന്ന് രണ്ടായി വിഭജിക്കണം. അങ്ങനെ എല്ലാ ന്യൂനവും അധികവുമായ പ്രമാണങ്ങളുടെയും മൂലമായ പ്രഥമമായ പ്രത്യക്ഷമാണ് നമ്മുടെ ലക്ഷ്യം. അതിന് മനുഷ്യൻ ആദ്യം ഇന്ദ്രിയ പ്രത്യക്ഷത്തിൽ നിന്ന് അന്വേഷണം ആരംഭിക്കുന്നു. അനുമാനത്തിലൂടെ ബോധം വളരുന്നു. ആഗമം കൊണ്ട് സർവ്വ സംശയവും തീരുന്നു.

ഇന്ദ്രിയപ്രത്യക്ഷത്തെ കുറിച്ച് ആരോപിക്കപ്പെട്ട അർത്ഥങ്ങളെ നിഷേധിക്കുന്നു. ആ വിഷയത്തിൽ ബാഹ്യപ്രത്യയത്തിൽ ജ്ഞാനാകാരമായ പ്രത്യക്ഷം നിഷേധിക്കുന്നു. ജ്ഞാനാകാരം ചിത്തവൃത്തിയാണ്. അതിലും ബാഹ്യജ്ഞേയസംബന്ധം ദർശിക്കാവുന്നതാണ്. ഇന്ദ്രിയപ്രണാളിക അഥവാ നാളികകളാൽ ബാഹ്യവസ്തുപരാഗങ്ങൾ എടുക്കുക എന്ന് വ്യവഹരിക്കുന്നു . ഇത് സമാന്യമായ അർത്ഥം മാത്രമാണ് ചിലരും വിശേഷാർത്ഥമെന്ന് മറ്റു പലരും പറയുന്നു സാമാന്യവിശേഷാത്മകമെന്ന് ഇവയ്ക്ക് താദാത്മ്യം പറയുന്നു എന്തുകൊണ്ട്. ആത്മാവ് ഏകാന്തമാകയാൽ പ്രത്യക്ഷവിഷയകമായ ജ്ഞാനത്തെ അനുമാനം ആഗമം മുതലായ പ്രമാണങ്ങളാൽ ക്രമേണ വ്യവഛേദിച്ചറിയാൻ കഴിയുമെന്ന വിശേഷാവധാരണപ്രധാനികൾ പ്രത്യക്ഷത്തിൽ പ്രതിഭാസിച്ച സാമാന്യം പോലെ വിശേഷവും പ്രത്യുപസർജ്ജനീഭൂതമാണെന്നർത്ഥമെടുക്കണം. പരമസാക്ഷാത്കാരമെന്ന ഉപലക്ഷണത്തിനാണ് ഇതെല്ലാം, അതിനാൽ ഇവ വിവേകത്തിനായി ലക്ഷിതമാണ്. ഫലവിപ്രതിപത്തിയെ നിരാകരിക്കണം. അതിന്റെ ഫലം പൗരുഷേയമായ ചിത്തവൃത്തിബോധം. പുരുഷവർത്തിയായ ബോധം എങ്ങനെ ചിത്തഗതമായ വൃത്തിയായി അതിന്റെ ഫലമെന്ത്. ഖദിരം കാണുന്ന ക്രിയയിൽ പരശു, പലാശം ഛേദം മുതലായ ക്രിയകളൊന്നും അവശേഷിക്കുന്നില്ല. പുരുഷഗതമായ ബോധത്തിലും ഒന്നും അവശേഷിക്കുന്നില്ല. ചൈതന്യമാത്രമായ ബുദ്ധിവൃത്ത്യാർത്ഥമായ ആകാരത്തിൽ ആ രൂപത്തിൽ സാക്ഷാത്കാരമല്ലാതെ മറ്റൊരു ഫലമോ വൃത്തിയോ അവശേഷിക്കുന്നില്ല. ബുദ്ധിയിൽ അവിശിഷ്ടമായ ബുദ്ധ്യാത്മകം ബുദ്ധ്യാത്മകമായ വൃത്തി എന്നിവ സമാനാധികരണയുക്തമായ പ്രമാണഫലഭാവമെന്നർത്ഥം ഇപ്രകാരം ഉപപാദിക്കപ്പെടുന്നത് ഓരോരുത്തർക്കും സംവേദനീയമാണ്.

പ്രത്യക്ഷത്തിനുശേഷം പ്രവൃത്ത്യാദിലക്ഷണമുള്ളതും ശ്രോതൃബുദ്ധി അനുമാനം എന്നിവ പ്രഭവിപ്പിക്കുന്നതും പരസ്പരസംബന്ധദർശനം ഉണരുകയാൽ ആഗമത്തിലെ അനുമാനവും തന്റെ നിരീക്ഷണഫലവും വ്യത്യാസമോ വൈരുദ്ധ്യമോ ഇല്ലാതെ സംയോജിപ്പിക്കുന്നതുമായ ശാസ്ത്രബുദ്ധി ഉണരുന്നു. അനുമേയം അനുമാനം എന്നിവ ആഗമത്തിനുമുമ്പും ഉണ്ടായിരുന്നു എന്നും നാം തിരിച്ചറിയുന്നു. നമുക്കുമുമ്പുള്ളവരുടെ

പ്രത്യക്ഷാനുമാനങ്ങളാണ് ആഗമമെന്ന് തിരിച്ചറിയുന്നു. ജിജ്ഞാസ എന്ന ധർമ്മത്താൽ വിശിഷ്ടമായ ചിത്തത്തിലാണ് അനുമേയവും അനുമാനവും തുല്യജാതികളായി പ്രകാശിക്കുന്നത്. സാദ്ധ്യധർമ്മസാമാന്യത്തിൽ അവ സമാനാർത്ഥമാണ്. വൈരുദ്ധ്യങ്ങളെല്ലാം സാധനാധർമ്മത്തിൽ നിരാകരിക്കപ്പെടുന്നു. (സാധന, സാദ്ധ്യം സിദ്ധി എന്നിവ ഒന്നാകുന്നു) ഭിന്നജാതി എന്നൊന്നില്ല സ്വപക്ഷം പരപക്ഷം എന്നുമില്ല. വിരുദ്ധഭാവമില്ല. അസാധാരണമായ ഐകാന്തികത്വം മാത്രമേ ഉള്ളൂ.

സുവർണ്ണ:- ഭാഗവതത്തിൽ വ്യാസമുനി എടുത്തുപറയുന്ന ഏകാന്തികഭക്തി ഭക്തി മാർഗ്ഗത്തിലെ തന്മയീഭാവം സാധിക്കുന്നു. ഏകമായ ബ്രഹ്മത്തെ അനുഭവിക്കുന്ന ബ്രഹ്മാത്മതന്മയീഭാവം എന്ന വേദാന്തത്തിലെ അദ്വൈതാനുഭവം ജ്ഞാനമാർഗ്ഗത്തിലുള്ളതാണ്. യോഗമാർഗ്ഗത്തിലെ ഐകാന്തികത്വമെന്ന് അസാധാരണത്വം അതുതന്നെയാണ് ഇവ തമ്മിലും വിരുദ്ധഭാവമില്ല എന്ന് അനുഭവജ്ഞാനവും ശാസ്ത്രബുദ്ധിയുമുള്ളആളുകളും തിരിച്ചറിയുന്നു.

വാചസ്പതി:- സംബന്ധത്തിന്റെ ലിംഗം. സംബദ്ധ്യത എന്നതാണ്. ഒന്നിനോടും സംബന്ധമില്ല. ഇപ്രകാരം ഇന്ദ്രിയവിഷയമായ സംബന്ധപദത്തിന്റെ വ്യുത്പത്തി വിവേചിച്ചറിയണം. സാമാന്യാവധാരണം ഇപ്രകാരം പ്രത്യക്ഷവിഷയത്തിന്റെ രണ്ടെന്ന അവസ്ഥ ഇല്ലാതാക്കുന്നു. സംബന്ധസംവേദനത്തിന്റെ അധീനജമായ അനുമാനം വിശേഷത്തിന്റെ സംബന്ധഗ്രഹണാഭാവത്താൽ സാമാന്യം തന്നെ എന്നിപ്രകാരം എളുപ്പത്തിൽ സംബന്ധഗ്രഹം ഗോചരമാവുന്നു ഉദാഹരണമായി വിന്ധ്യന് ഗതിശീലമില്ല. ഗതിനിവൃത്തി എന്നാൽ ദേശാന്തരപ്രാപ്തിയിൽ നിന്നുള്ള നിവൃത്തി. ചന്ദ്രതാരകം ചൈത്രമെന്നിവയുടെ ഗതി ദേശാന്ത്രപ്രാപ്തി പറയ്യാതെയും അനുമാനിച്ച് ഗണിച്ചെടുക്കാം. ആഗമനത്തിന്റെ വൃത്തിലക്ഷണം ആപ്തന്മാരുടെ ഇത്തരം പഴയ ദർശനങ്ങളാണ്. തത്വദർശനം കാരുണ്യം കരണപാടവം എന്നിവയുമായി സംബന്ധം ആപ്തി എന്നറിയുന്നു. അവയോടുള്ളേ സഹവർത്തിത്വം ആപ്തന്മാരിൽ കാണാം. അവരുടെ അനുമാനം അറിവും അനുഭവവും ചേർന്നതാണ്. ശ്രുതിയിൽ ഇതാർ ആദ്യം പറഞ്ഞു എന്ന് അറിയാത്തത്ര പൗരാണികമാണ് ആ മൂലജ്ഞാനം. ആപ്തചിത്തവൃത്തിജ്ഞാനത്തിന് സദൃശമായ ജ്ഞാനം ആപ്തവാക്യം കേൾക്കുന്ന ശ്രോതാവിന്റെ ചിത്തത്തിലും ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ അയാളുടെ ജ്ഞാനസൂര്യൻ സ്വബോദമണ്ഡലത്തിൽ നിന്ന് സഞ്ചരിച്ച് (സംക്രാന്തി) ആപ്തബോധമണ്ഡലത്തിൽ തന്മയീഭവിക്കുന്നു. ശ്രോതാവിന്റെ ഹിതാഹിതം കൊണ്ടുണ്ടായ ദോഷമെല്ലാം പരിഹരിക്കപ്പെടുന്നു ഈ പ്രജ്ഞയുടെ വളർച്ചയെ പ്രജ്ഞാപ്തി എന്നു പറയാം, ബാക്കിയുള്ളത് സുഗമമായി ഗ്രഹിക്കാം.

സുവർണ്ണ:- ശ്രോതാവിന്റെ ഹിതാഹിതം കൊണ്ടുണ്ടായ ദോഷമെന്ന് പറയുന്നത് സബ്ജക്ടിവിറ്റിയെയാണ് അവ പരിഹരിക്കപ്പെടുക എന്നാൽ ഒബ്ജക്ടീവ് ആവുക ശാസ്ത്രീയമാവുക എന്ന് മനസ്സിലാക്കണം. ഇപ്രകാരമുള്ള പ്രജ്ഞാവികാസം പ്രജ്ഞാപ്തി.

വാചസ്പതി:- ആഗമാർത്ഥം ശ്രദ്ധാപൂർവ്വം ഗ്രഹിച്ചാൽ വക്താവും ശ്രോതാവും തമ്മിൽ ഭേദമില്ല. പത്തു ദാഡിമവും ആറുപൂപവുമുണ്ടായി എന്നു പറയുന്ന ബഹുത്വമില്ല. സ്വർഗ്ഗകാമികൾ ചൈത്രത്തെ വന്ദിക്കുന്നു എന്ന് ആഗമത്തിലും കാണാം. മനു മുതലായവരാൽ പരികീർത്തിതമായ ചിത്ധർമ്മത്തിൽ സർവ്വർക്കും അഭിഹിതമായ വേദത്തിൽ

സർവ്വജ്ഞാനമയമായ ചിത്തവൃത്തി ഏകമെന്ന പ്രജ്ഞാപ്തിയാണ്. ശ്രുതിയെ അംഗീ കരിക്കുന്നു മറിച്ച് അംഗീകരിക്കണമെന്നില്ല.

8. പതഞ്ജലി:- വിപര്യയോ മിഥ്യാജ്ഞാനമതദ്രൂപപ്രതിഷ്ഠം

വ്യാസ:- അതെങ്ങനെ പ്രമാണമാവും. ഭൂതാർത്ഥവിഷയത്വം കൊണ്ട് പ്രാമാണ്യം ആ പ്രമാണത്താൽ ബാധിക്കപ്പെട്ടത് അപ്രമാണം എന്ന് ദൃഷ്ടം. രണ്ടു ചന്ദ്രനെ ഒരാൾ കണ്ടു എന്നു പറഞ്ഞാൽ ഒരു ചന്ദ്രനെ ഉള്ളു എന്ന പ്രമാണത്തെ അത് ബാധിക്കും. അയാളുടെ ദർശനത്തിന് കുഴപ്പമുണ്ട്. എന്നേ അർത്ഥം വരൂ. അവിദ്യ പഞ്ചപർവ്വമായി ഭവിക്കുന്നു. അവിദ്യ അസ്മിത രാഗദ്വേഷം അഭിനിവേശം ക്ലേശം ഇവ തന്നെ സ്വന്തം സംജ്ഞയാൽ തമസ്സ് മോഹം മഹാമോഹം താമിസ്രം അന്ധതാമിസ്രം എന്നറിയപ്പെടുന്നു. ഇവയെല്ലാം ചിത്തമലങ്ങളാലുണ്ടാവുന്നു.

വാചസ്പതി:- വിപര്യയമെന്നാൽ മിഥ്യാജ്ഞാനം എന്ന് ലക്ഷ്യനിർദ്ദേശം ചെയ്തി രിക്കുന്നു. ഒന്ന് വിപര്യയമാണെന്നറിയാനുള്ള ലക്ഷണം (തെളിവ്) അത് ശരിയല്ല. മിഥ്യാ ജ്ഞാനമാണെന്ന് തെളിയിക്കാൻ മാത്രമാണ്. ജ്ഞാനപ്രതിഭാസമായ രൂപത്തിൽ പ്രതി ഷ്ഠിതമല്ലാത്ത എല്ലാ ജ്ഞാനവും അദ്രൂപപ്രതിഷ്ഠിതമായ മിത്ഥ്യാജ്ഞാനമെന്ന് വിശ ദീകരിക്കുന്നു. ഉദാഹരണമായി നമുക്ക് ഭൂമിക്ക് ഉപഗ്രഹമായി ഒരു ചന്ദ്രനേ ഉള്ളൂ എന്നത് അനേകകാലത്തെ പരീക്ഷണനിരീക്ഷണഗണിതങ്ങളാൽ ആപ്തവാക്യത്താൽ നിശ്ചയി ക്കപ്പെട്ട സത്യജ്ഞാനമാണ്. അപ്പോൾ ഒരു കൂട്ടം പണ്ഡിതർ ഭൂമിക്ക് രണ്ട് ചന്ദ്രനു ണ്ടെന്ന് വാദിച്ചാൽ അതവരുടെ കണ്ണിലെ തിമിരം കൊണ്ടാവുമോ എന്ന് സംശയം വര ണം. മാത്രമല്ല് സർവ്വജനങ്ങൾക്കും അനുഭവസിദ്ധമായി ഭൂമിക്ക് ഒരു ചന്ദ്രനേ ഉള്ളൂ എന്ന സത്യം തെളിയിക്കപ്പെട്ടതാണ്. അതിനാൽ അജ്ഞാനം ബുദ്ധിയെ ബാധിച്ചുവോ എന്ന ചോദ്യവും പണ്ഡിതരുടെ ഇത്തരം വാദം ഉന്നയിക്കുന്നു. പണ്ഡിതനായാലും പാമരനായാലും ഒരാളൊന്നു പറഞ്ഞാൽ അത് മിഥ്യാജ്ഞാനമോ അല്ലയോ എന്നു നിർണ്ണ യിക്കണം. മിഥ്യാജ്ഞാനം അപ്രമാണമാണ്. മുമ്പുണ്ടായിരുന്ന ജ്ഞാനം പിന്നീട് മിഥ്യാജ്ഞാനമായി തെളിയിക്കപ്പെട്ടുകൂടായ്കയില്ല. എന്നാൽമുമ്പുള്ള ജ്ഞാനത്തെ അപേ ക്ഷിച്ചാണ് പുതിയ ജ്ഞാനം അപ്പോഴുണ്ടാവുന്നത്. അതിന് പ്രമാണമുണ്ട്. അന്യോന്യാ പേക്ഷയോടെ ജ്ഞാനം വളരുന്നു. പ്രമാണസഹിതം തെളിയിക്കപ്പെടുന്നു. ഇതൊന്നുമി ല്ലാതെ ഒരു പൂർവ്വാപരബന്ധമോ പ്രമാണമോ ഇല്ലാതെ പുതിയൊരു മിഥ്യാജ്ഞാനത്തെ സങ്കല്പിക്കുന്നതിന്റെ ഉദാഹരണമാണ് രണ്ടു ചന്ദ്രന്മാരുണ്ട് ഭൂമിക്ക് എന്ന വാദം. ജൈന പണ്ഡിതരാണ് അങ്ങനെ പഠിപ്പിക്കുന്നത്. വിരുദ്ധമായ മിഥ്യാജ്ഞാനത്തെയാണ് ബാധക ത്വമുള്ളതെന്നും അപ്രമാണമെന്നും തിരസ്കരിക്കുന്നത്. ഭൂതാർത്ഥവിഷയത്തിൽ ഇപ്ര കാരം പ്രമാണവും അപ്രമാണവും തിരിച്ചറിയണം. അങ്ങനെ തിരിച്ചറിയാൻ അപ്രമാണ മായ വിപര്യയത്തെ ഇവിടെ ഒരു പ്രമാണമായി കൂട്ടിയത് പ്രമാണം അറിയാനുള്ള ഒരു പ്രമാണം അപ്രമാണം.

അവിദ്യ, അസ്മിത തുടങ്ങിയ അഞ്ചെണ്ണത്തേയും സാമാന്യമായി അവിദ്യ എന്ന തിലാണ് ഉൾപ്പെടുത്തുന്നത്. അവിദ്യ അവയുടെയെല്ലാം ചേർന്ന സാമാന്യനാമമാണ്. അവ്യക്തം മഹദ് അഹങ്കാരം പഞ്ചതന്മാത്ര അഷ്ടസ്വരം ആത്മാവ് ബുദ്ധി അവിദ്യ തമസ്സ് എന്നിങ്ങനെ യോഗികൾ അണിമാദികളായ ഐശ്വര്യങ്ങളിൽ അശ്രേയം സുശ്രേയം എന്ന

വിധം ബുദ്ധി എട്ടുവിധം മോഹങ്ങളുണ്ടാകുന്നതായി കാണുന്നു. പൂർവ്വജന്യങ്ങളായ ഇവയെ അസ്മിത എന്ന സാമാന്യനാമങ്ങൾ പറയുന്നു. യോഗത്താൽ എട്ടുവിധം ഐശ്വര്യങ്ങൾ സിദ്ധിക്കുന്നു. ദ്രഷ്ടം ആനുശ്രവികം, ശബ്ദം മുതലായി ദശ വിഷയങ്ങളിൽ നിന്ന് മുക്തി നൽകി ആത്മാവിൽ മാത്രം പ്രതിപത്തി ഉണ്ടാക്കുന്ന മഹോമോഹത്തെ രാഗമെന്ന് പറയുന്നു. അണിമാദിഅഷ്ടസിദ്ധികളിൽ ദൃഷ്ടാനുശ്രവികാദിവിഷയോപഭോഗമായി ആത്മസിദ്ധിക്ക് പ്രതിബന്ധമാണ് ക്രോധമെന്ന താമിസ്രമെന്ന ദോഷം. കല്പ്പാന്തത്തിൽ മറ്റെല്ലാം ഉപേക്ഷിച്ച് ത്രാസം (കമ്പനം, വൈബ്രേഷൻ) മാത്രമായി അവശേഷിക്കുന്ന അഭിനിവേശത്തെ അന്ധതാമിസ്രമെന്ന് പറയുന്നു തമസ്സിന്റെ 8 വിധഭേദങ്ങൾ മോഹത്തിന്റെ 10 വിധഭേദങ്ങൾ മഹാമോഹമായ താമിസ്രത്തിന്റെ 18 വക ഭേദങ്ങൾ ഒടുവിൽ അന്ധതാമിസ്രം ഇപ്രകാരം അറിയണം (സാംഖ്യാകാരിക 48)

9. പതഞ്ജലി:- ശബ്ദജ്ഞാനാനുപാതി വസ്തുശൂന്യൊ വികല്പ:

വ്യാസ:-വികല്പമെന്ന പ്രമാണത്തെ പറയുന്നു. ശബ്ജ്ഞാനമാഹാത്മ്യത്തെ വസ്തുശൂന്യതയോടു നിബന്ധിച്ച് വ്യവഹരിക്കുന്നത് കാണുന്നു. എങ്ങനെയെന്നാൽ ചൈതന്യം പുരുഷസ്വരൂപമെന്നു പറയുമ്പോൾ ചിതി തന്നെയാണ് പുരുഷൻ മറ്റൊന്നാലും അതിനെ വ്യപദേശിക്കാൻ സാദ്ധ്യമല്ല. വ്യപദേശത്തിലാണ് അതിന്റെ വൃത്തി ഭവിക്കുന്നത്. എപ്രകാരമെന്നാൽ ചൈത്രത്തിന് ഗൗരി അപ്രകാരം (യഥാ ചൈത്രസ്യ ഗൗരീതി) എല്ലാ വസ്തു ധർമ്മങ്ങളും പ്രതിഷിദ്ധമാകയാൽ പുരുഷന് നിഷ്ക്രിയമെന്ന ലഭിക്കുന്നു. ഗമിക്കുന്നു എന്ന് ധാത്വർത്ഥം മാത്രം കൊണ്ട് ഗതിനിവൃത്തി (ഗതി ഇല്ലാത്ത അവസ്ഥ) അറിയണം. ബാണം പോലെ ഉത്പത്തിധർമ്മം പുരുഷനുണ്ട് എന്ന് പറയുമ്പോളും ഉത്പത്തിധർമ്മത്തിന്റെ അഭാവമാണ് പുരുഷനിൽ പറയുന്നത്. ഉത്പത്തിക്കു മുമ്പുള്ളധർമ്മം എന്നർത്ഥം. അല്ലാതെ ഉത്പത്തിധർമ്മം (ജന്മം, ജനനം) പുരുഷനിൽ അന്വയിക്കുന്നില്ല. ഇപ്രകാരം വികല്പിതമായ ധർമ്മത്തെ ഗ്രഹിച്ച് അസതി(ഉണ്മ) യുടെ വ്യവഹാരം അറിയേണ്ടുതുണ്ട്.

വാചസ്പതി:- ഇവിടെ ശബ്ദജ്ഞാനമെന്നത് ആഗമപ്രമാണമെന്ന് അർത്ഥമില്ല. ആഗമപ്രമാണത്തിൽ വികല്പം വരുന്നില്ല. നിർവസ്തുത്വം അഥവാ ഒരു വസ്തുവും ഇല്ലാത്ത അവസ്ഥ എന്നാണർത്ഥം ധരിക്കേണ്ടത്. വസ്തുശൂന്യത കൊണ്ട് പ്രമാണത്തിന് അന്തർഗതത്വമില്ലായ്മ വന്നു ചേർന്നു. വസ്തുശൂന്യതയിൽ എന്തു പ്രമാണമാണുണ്ടാവുക. അഭേദത്തിൽ ഭേദം ആരോപിക്കുന്നു. പിന്നെ ഭിന്നത്തിൽ അഭേദം. ഭേദത്തിനും അഭേദത്തിനും വസ്തുവിൽ അഭാവം. അതിന്റെ ആഭാസമായ വികല്പം പ്രമാണമാവുക വയ്യ. ശാസ്ത്രപ്രസിദ്ധമായ ഉദാഹരണം കൊണ്ട് ഏതു വിശേഷ്യത്തെ എന്തുകൊണ്ട് വ്യപദേശിക്കപ്പെട്ടുവോ ആ വിശേഷ്യവിശേഷണങ്ങളുടെ അഭേദമാണ് കാണുക എല്ലാ പശുവും വെളുപ്പല്ല. ചൈത്രത്തിലെ പശു വെളുപ്പാണ് എന്ന് പ്രത്യേകം വ്യവദേശിക്കപ്പെടുന്നു ഇവിടെ വ്യപദേശ്യ വ്യപദേശങ്ങളുടെ ഭാവവും ഒന്നായിത്തീരുന്നു ചൈത്രത്തിലെ ഗൗരി എന്ന വാക്യത്തിലുള്ള പോലെയാണവയുടെ വൃത്തി.

സുവർണ്ണ:- ഗതി ഗതിശീലമില്ലാത്ത് ഇനർഷ്യ ഇവയെ ശാസ്ത്രീയമായി വ്യാസനും വാചസ്പതിയും ഇവിടെ പറഞ്ഞിരിക്കുന്നു. ഗതിയുടെ നിർവ്വചനം കണാദന്റെ വൈശേഷികത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്(എന്റെ ഭാഷ്യം നോക്കുക) ചൈത്രത്തിലെ നവരാത്രത്തിലെ മംഗളഗൗരീപൂജക്ക് ശേഷമാണ് ഇന്ത്യയിലെ സംവത്സരാംരംഭം ഗൗരി

ഇവിടെ ചൈത്രപൗർണ്ണമിയിലെ ഗൗരീപൂജയേയും കുറിക്കുന്നു. കാലചക്രഭ്രമണാരംഭം. വിഷുവത് മുതലാണ് കണക്കാക്കുന്നത്. വേദയജ്ഞാരംഭവും ഇതോടനുബന്ധിച്ചാണ്. അതിനാലാണ് ശാസ്ത്രപ്രസിദ്ധമെന്ന് പറഞ്ഞത്. ഭൂമി മുതലായ പ്രപഞ്ചഗോളങ്ങളുടെ ധർമ്മമാണ്. പരിസ്പന്ദം ചലനം ഭ്രമണം എന്നിവ എന്നാൽ പുരുഷധർമ്മം നിഷ്ക്രിയ ത്വമാണ്. നിശ്ചലത്വമാണ്. സാംഖ്യയത്തിൽ അഭാവമെന്ന വസ്തുധർമ്മം. പുരുഷന്റെ വിശേഷ്യമാണ്. ഗതിശീലത്തിന്റെ അഭാവമാണവിടെ. ഗതി എന്ന വസ്തുധർമ്മം. നന്നായി അറിഞ്ഞാലേ ഗതിശീലത്തിന്റെ അഭാവം അറിയാനാവൂ. ഗതിയെ അറിഞ്ഞശേഷം ഇതല്ല ഇതല്ല എന്ന് നിഷേധിച്ച് അഭാവം കൊണ്ടറിയണം പരമസത്തയുടെ നിഷ്ക്രിയസ്വഭാ വത്തെ ഭാവാഭാവങ്ങളുടെ അസംബന്ധത്തെ ഇങ്ങനെ അറിയണമെന്ന് ശാസ്ത്രീയമായി ഉദാഹരിക്കുന്നു ഗതി ഗതിശീലമില്ലാത്ത ഇനർഷ്യ ഇവയെ വളരെ ശാസ്ത്രീയമായി വ്യാസനും വാചസ്പതിയും ഇവിടെ അവതരിപ്പിക്കുന്നു.

വാചസ്പതി:- ഇനി ലൗകികമായ ഉദാഹരണം പറയാം. ബാണം പോലെ (തിഷ്ഠതി ബാണ ഇവ) അനങ്ങാതിരിക്കുന്ന ബാണവും തൊടുത്തുവിട്ട ബാണവും തമ്മിലുള്ള ഗതിശീലാഭാവം ഗതി എന്നിവയുടെ വ്യത്യാസം പറയുന്നു.

സുവർണ്ണ:-ക്ലാസിക്കൽ ഫിസിക്സ് റിലേറ്റിവിസ്റ്റിക്ക് ആസ്ട്രോഫിസിക്സ് ഇവയുടെ തലത്തിലുള്ള രണ്ടുദാഹരണങ്ങൾ പറഞ്ഞിരിക്കുന്നു. കാലം ബാണതുല്യമാണ്. പുരുഷൻ തൊടുത്തുവിടുംമുമ്പുള്ള ബാണാവസ്ഥ പ്രപഞ്ചം (കാലചക്രം) തൊടുത്തുവിട്ടുക ഴിഞ്ഞ അവസ്ഥ. ഗതിശീലമറിഞ്ഞ് ഗതിശീലാഭാവം മനസ്സിലാക്കണം ഗതിനിവൃത്തി ഗതി യുടെ ആരംഭത്തിനുമുമ്പുള്ള അവസ്ഥയാണ്. അത് സങ്കല്പിച്ചറിയേണ്ടതുണ്ട്. ഉല്പ ത്തിയുള്ള ഗതിയുമുണ്ട്. ഉല്പത്തിക്കുമുമ്പുള്ള ഉല്പത്തിയില്ലാത്ത പുരുഷന് ഗതിശീല മില്ല. ഇപ്രകാരം പ്രതിബോധിപ്പിക്കുന്നതിനാണ് സോദാഹരണം പ്രപഞ്ചത്തിന്റെ ഗതി ശീലവും പുരുഷന്റെ ഗതിശൂന്യതയും പറയുന്നതെന്ന് മനനം ചെയ്തറിയണം. ശങ്കരാ ചാര്യരുടെ വാക്കുകൾ ദിക് ദേശകാലഗതിഫലശൂന്യം ഹി പരമാർത്ഥസത് എന്നാണ ല്ലോ. പന്ത്രണ്ടാം നൂറ്റാണ്ടിലെ കർണ്ണാടകദേശത്തെ വീരശൈവരുടെ വചനങ്ങൾക്ക് ശൂന്യ സമ്പാദനേ എന്ന പേരു കൊടുത്തിരിക്കുന്നതും ബ്രഹ്മാനുഭൂതി (ശിവാനുഭൂതി)യുടെ ഈ പൂർണ്ണതയും അനാദിസ്വഭാവവും ഉല്പത്തിക്കുമുമ്പുള്ള അവസ്ഥയും കാണിക്കാൻ തന്നെയാണ്. വികല്പമാണ് ഇവിടെ വസ്തുശൂന്യത. വാസ്തവത്തിൽ ആ അവസ്ഥ ശൂന്യമല്ല. സർവ്വത്ര ചിന്മയമായ പൂർണ്ണാവസ്ഥയാണ് .പൂജ്യമാണ് 0 ആണ് അതിന്റെ സിംബലായ ഖഹരം.

10. പതഞ്ജലി:- അഭാവപ്രത്യയാലംബനാവൃത്തിർ നിദ്രാ

വ്യാസ:- സമ്പ്രബോധത്തിൽ പ്രത്യയവിശേഷങ്ങളുടെ അവമർശനമുണ്ട്. ഉറക്കത്തി ലോ. ഉറക്കം കഴിഞ്ഞെണീറ്റ് ഞാൻ സുഖമായുറങ്ങി. എന്റെ മനസ്സ് പ്രസന്നമായി. എന്റെ പ്രജ്ഞ വിശാരദമായി എന്ന് പറയുന്നതെങ്ങനെയാണ്. ഉറക്കത്തിൽ ദുഃഖമുള്ള സ്വപ്നം കണ്ട് മനസ്സ് അനവസ്ഥികമായി ഭ്രമിക്കുന്നതെങ്ങനെ. സ്വപ്നമില്ലാത്ത ഗാഢവും മൂഢ വുമായ ഉറക്കത്തിലും ദേഹം ഭാരമുള്ളതും ചിത്തം ക്ലാന്തവും അലസവും ആയി അനു ഭവപ്പെട്ടു എന്ന് ഒരാൾ പറയുന്നതെങ്ങനെ. പ്രബുദ്ധൻ പ്രത്യവമർശമെന്നപോലെ അവയെ ആശ്രയിച്ച പ്രത്യാനുഭവങ്ങളുടെ ആ വിഷയങ്ങളുടെ സ്മൃതി ഉറക്കത്തിൽ ആർക്ക്

എങ്ങനെ കിട്ടി. അതായത് ശരീരബോധമില്ലാത്ത നിദ്രയിലും നമ്മിൽ ഒരു ഞാൻ ശരീരമെന്ന പ്രത്യയത്തിന്റെ അഭാവത്തിലും അനുഭവിക്കുന്നുണ്ട്. ഇതുപോലെ പ്രത്യയങ്ങളെ നിരോധിക്കാൻ സാധിക്കുന്ന ചിത്തവത്തിയാണ് സമാധി. നിദ്രാനുഭവം സമാധി അനുഭവമെന്നിവകളെ താരതമ്യപ്പെടുത്താൻ നിദ്രാവസ്ഥ സ്വപ്നാവസ്ഥ സുഷുപ്തി എന്നിവയെ പ്രമാണമായി ഉപയോഗിക്കണം.

വാചസ്പതി:- അധികാരത്തിനാണ് വൃത്തിപദം അനുവദിക്കുന്നത്. പ്രമാണവിപര്യയവികല്പസ്മൃതികളുടെ വൃത്തിത്വംകൊണ്ട് പരീക്ഷകന്മാർക്ക് അവയിൽ പരീക്ഷണം നടത്താൻ അധികാരം കിട്ടുന്നു. അവയെല്ലാം വിശേഷവിധികളായി ഗ്രഹിക്കണം. നിദ്ര എന്ന വൃത്തി എല്ലാ പരീക്ഷകർക്കും (എല്ലാ മനുഷ്യർക്കും) പൊതുവാണ്. എല്ലാവർക്കും മനസ്സിലാവുന്ന ഒരനുഭവമാകയാൽ എല്ലാവർക്കും വിധേയമാണ്. ജാഗ്രദ്സ്വപ്നവൃത്തികളുടെ അഭാവം. ബുദ്ധിസത്വത്തെ തമസ്സ് കൊണ്ട് മറക്കുമ്പോൾ ഉണ്ടാകുന്നു അപ്രകാരം തമസ്സ് എന്ന പ്രത്യയത്തിന്റെ ആലംബനം മാത്രം ബാക്കി നിൽക്കുന്നതാണ്. സ്വപ്നരഹിതനിദ്രയായ സുഷുപ്തി ത്രിഗുണങ്ങളിൽ സത്വരജസ്സുകൾ മറഞ്ഞു തമസ്സിനു വിധേയമായി ബുദ്ധിവിഷയരൂപം തമസ്സ് മാത്രമായി പരിണമിക്കയും ബുദ്ധി തമോമയിയാവുകയും ചെയ്യുന്ന അവസ്ഥയാണ് സുഷുപ്തി. പുരുഷൻ സുഷുപ്തിയിൽ അന്തഃസംജ്ഞ എന്ന് പറയപ്പെടുന്നു. ചിത്തനിരോധം, കൈവല്യം എന്നിവയിലെ ഭാവത്തെ എങ്ങനെ ഈ നിദ്രാവസ്ഥയോട് താരതമ്യം ചെയ്യും. സമ്പ്രബോധാവസ്ഥയിൽ പ്രത്യവമർശത്താൽ ഉപപത്തിയോടുകൂടിയ സ്മരണയാണ് പ്രത്യയവിശേഷം. അവിടെ പ്രജ്ഞ സത്വമയിയാണ്. സത്വപ്രജ്ഞയാണ് എനിക്ക് കൈവല്യദർശനമുണ്ടായി എന്ന അനുഭീതിയുടെ സ്മരണ തരുന്നത്. സുപ്തൻ സുഖമായുറങ്ങി. മനസ്സ് പ്രസന്നമായി പ്രജ്ഞ വിശാരദിയായി സ്വഛമായി എന്ന് പറയുന്നതിനെ അതിനോട് താരതമ്യപ്പെടുത്താം. സത്വത്തിനു പകരം രജസ്സാണ് ബുദ്ധിയുടെ മന്ത്രിയെങ്കിൽ ഞാൻ ദുഃഖിയാണ്. മനസ്സ് കർമ്മവിമുഖമാണ്. ഭ്രമിക്കുന്നു. എന്നൊക്കെയാണ് തോന്നുക. തമസ്സാണ് മൂഢം ക്ലാന്തം അലസമെന്നും സാധ്യവ്യതിരേകത്താൽ ഹേതുവ്യതിരേകം പറയണം.

പ്രബുദ്ധൻ ബോധകാലത്ത് പ്രത്യയാനുഭവകാരണാനുഭവത്തിൽ അതിനെ ആശ്രയിച്ച ബോധമാണ് ജനിക്കുന്നത് എന്നർത്ഥം. പ്രമാണാദികൾ വ്യുത്ഥാനചിത്തത്തിന്റെ അധികരണമാണ്. അവ പൂർണ്ണചിത്തനിരോധം വന്ന സമാധിചിത്തത്തിന്റെ പ്രതിപക്ഷമാണ്. നിദ്രയിലെ ഏകാഗ്രതക്കും സമാധിയിലെ ഏകാഗ്രതക്കും തുല്യത പറയുന്നത് അങ്ങനെയാണ്. താമസനിദ്രയിലും ഏകാഗ്രതയുണ്ട്. നിദ്രയിലെ ഏകാഗ്രത സബീജമാണ്. സമാധി സത്വഗുണത്തിന്റെ ഏകാഗ്രതയാണ്. അതിരെ നിർബീജസമാധി നിദ്രയിലെ ഏകാഗ്രതയുടെ വിപരീതവൃത്തിയാണ്. താമസികന്റെ സബീജസമാധി രാജസികന്റെ സമാധി എന്നിവയെ നിദ്രയിലെ ഏകാഗ്രതയോടാണ് താരതമ്യം ചെയ്യുന്നത്.

11. പതഞ്ജലി:- അനുഭൂതവിഷയാ സമ്പ്രമോഷാ: സ്മൃതി:

*വ്യാസ:-*ഏതു പ്രത്യയത്തെ ചിത്തം സ്മരിക്കുന്നുവോ ആ വിഷയം സ്മൃതിയാൽ അനുഭൂതിവിഷയമാകുന്നു. ഗ്രഹിക്കാൻ കഴിഞ്ഞ വിഷയത്തിൽ ചിത്തത്തിന് ഉപരതി ഉണ്ടാവുന്നു. ഗ്രാഹ്യം ഗ്രഹണം എന്ന് ഉഭയരൂപത്തിലും പ്രത്യയം നിർഭാസിക്കുമ്പോൾ ആ ജാതീയങ്ങളായ സംസ്കാരങ്ങൾ ആരംഭിക്കുന്നു. ആ സംസ്കാരങ്ങളിൽ നിന്ന്

ഗ്രാഹ്യം ഗ്രഹണം (അറിയുക എന്ന് ക്രിയ) എന്ന ഉഭയാത്മികയായ സ്മൃതി ജനിക്കുന്നു. ഗ്രഹണാകാരമുള്ളത് ബുദ്ധി. ഗ്രാഹ്യാകാരമുള്ളത് സ്മൃതി.

സുവർണ്ണ:- ആധുനികബോധശാസ്ത്രത്തിലും വിദ്യാഭ്യാസമനശ്ശാസ്ത്രത്തിലും ഉള്ളതുപോലെത്തന്നെ കോഗ്നിഷൻ (അറിയുന്ന ക്രിയയും അറിവും) മെമ്മറി (സ്മൃതിശക്തി) എന്നിവയെക്കുറിച്ച് വ്യാസനും പറഞ്ഞിരിക്കുന്നത് ശ്രദ്ധേയം.

വ്യാസ:- രണ്ടായി ഭാവിച്ച് സ്മരിക്കുന്നതുപോലെ അഭാവമായി സ്മരിക്കുന്നുണ്ട്. സ്മൃതികൾ പ്രമാണവിപര്യയ വികല്പ നിദ്രാസ്മൃതികളുടെ അനുഭവത്താലാണ് പ്രഭവിക്കുന്നത്. വൃത്തികളെല്ലാം സുഖദുഃഖമോഹാത്മികകളാണ്.

സുഖദുഃഖമോഹങ്ങളെയാണ് ക്ലേശങ്ങളെന്ന് വ്യാഖ്യാനിക്കുന്നത്. സുഖത്തെ അനുശയിച്ച് രാഗവും ദുഃഖത്തെ അനുശയിച്ച് ദ്വേഷവും വരുന്നു. ദ്വന്ദ്വങ്ങളാൽ മോഹമുണ്ടാവുന്നു. ഈ വൃത്തികളെല്ലാം നിരോധിക്കേണ്ടവയാണ്. നിരോധത്താൽ സമ്പ്രജ്ഞാതമോ അസംപ്രജ്ഞാതമോ ആയ സമാധി സംഭവിക്കുന്നു.

സുവർണ്ണ:- സുഖദുഃഖമോഹാദികളാലുണ്ടാവുന്ന ക്ലേശങ്ങളാണ് ഭാരതീയതത്വചിന്തയിലെ താമിസ്ര. അന്ധതാമിസ്രാദിനരകങ്ങളെന്നത് ഓർക്കണം. ഭൂമിയിലാണ് ഈ നരകങ്ങളെല്ലാം മനുഷ്യവർഗ്ഗം അനുഭവിക്കുന്നത്. ദുഃഖത്തെ അനുശയിച്ച് വരുന്ന ക്രോധം കൊണ്ട് ഈ നരകങ്ങളെയെല്ലാം മനുഷ്യരാണ് ഭൂമിയിലുണ്ടാക്കുന്നത്.

വാചസ്പതി:- അനുഭൂതവിഷയം സ്മൃതിയായിത്തീരുന്നു. പ്രമാണാദികൾ കൊണ്ട് അനുഭൂതമായ വിഷയത്തിൽ ആനന്ദം ഉണ്ടായി അതും സംസ്യതിയായി തീരുന്നു. സംസ്കാരമാത്രമാണ് ജ്ഞാനം. അതിന്റെ സംസ്കാരകാരണാനുഭവം അവഭാസിക്കുന്നു. ആത്മീയവിഷയത്തിൽ അധികം പരിഗ്രഹം വരുമ്പോൾ ആനന്ദവും കൂടുന്നു ആത്മാവും ജ്ഞാനസംസ്കാരവും തമ്മിൽ ആനന്ദം എന്ന സാദൃശ്യമുള്ളതുകൊണ്ടാണ് അത്. ധാതുപാഠത്തിൽ (9.61) മൃഷസ്കേയേ എന്നതിൽ നിന്നാണ് പ്രമോഷപദത്തിന്റെ വ്യുത്പത്തി.

പൂർവ്വാനുഭവമര്യാദയെ സ്മൃതി അതിക്രമിക്കയില്ല. ഓർമ്മ എന്നാൽ മുമ്പത്തെ അനുഭവത്തിൽ ഓർമ്മ എന്നാണല്ലോ അർത്ഥം വരുന്നത്. വൃത്ത്യന്തരത്താൽ വിശേഷസ്മൃതികളുണ്ടാവുന്നു. ഒരു വിഷയം ഗ്രഹിക്കുന്നതിൽ പ്രവീണ്യം നേടിയാൽ അതിൽ സ്വാനുഭവമുണ്ടാവുന്നു. അങ്ങനെ അതിൽ സംസ്കാരഗ്രാഹ്യമായ സ്മൃതികൾ പ്രതിഭയായീ പ്രതിഭാസിക്കുന്നു. സവിശേഷമായ ശാസ്ത്ര കലാദിവിഷയങ്ങളിൽ വിമർശബുദ്ധിയോടെ സ്മൃതി വ്യാപരിക്കുമ്പോൾ ഗ്രാഹ്യപ്രവണത, ഗ്രാഹ്യോപരതി കൊണ്ട് ഗ്രാഹ്യപ്രവണത. ഗ്രാഹ്യഗർഹണങ്ങളിൽ ഇങ്ങനെ സ്വരൂപം നിർഭാസിച്ച് പ്രകാശിക്കുന്നതാണ്. പരമാർത്ഥത്തിൽ സംഭവിക്കുന്നത്. സ്വവ്യഞ്ജകം കാരണം അഞ്ജനം രൂപമാർജ്ജിക്കുന്നു എന്നതിനർത്ഥം പരമാർത്ഥത്തിന്റെ ആകാരം സ്വകാരണമാണെന്നതാണ്. കാര്യം തന്റെ യഥാർത്ഥരൂപം കാരണരൂപമാണെന്ന് ഉദ്ബോധിപ്പിക്കുന്നതാണ് വ്യഞ്ജകം.

തന്റെ കാരണത്തെ (കാരണസ്വരൂപമായ ആത്മാവിനെ) ബുദ്ധി സ്മരിക്കുമ്പോൾ സാരൂപ്യത്തിൽ നിന്ന് അഭേദാവസ്ഥഗ്രഹിക്കുന്ന പ്രക്രിയയാണ് ഗ്രഹണം. ഗ്രഹണം ഉപാദാനകാരണം ഗ്രഹിക്കുന്ന ബുദ്ധി അഥവാ ബോധിക്കുന്ന ബുദ്ധിക്ക് അതിനാൽ ഒരു പൂർവ്വകാരണമുണ്ട്. അത് ഗ്രഹണരൂപം കൊണ്ട് ഗ്രഹിക്കാം. അതും വികല്പിതമായ

ഛായയും ഗുണപ്രധാനഭാവത്താൽ അഭേദമാണെന്ന് ഗ്രഹിക്കാം. ഗ്രഹിച്ച് രൂപം നേരത്തേ ഉള്ള പ്രഥമരൂപമാവണം. ഗ്രാഹ്യാകാരത്തിന് ഗ്രാഹ്യത്തേക്കാൾ പൂർവ്വത്വം. അതിന്റെ വൃത്ത്യന്തരവിഷയീകൃതത്വം എന്നിവ അർത്ഥം വൃത്ത്യന്തരവിഷയീകൃതഗോചരമായത് സ്മൃതി എന്നു പറയുന്നു.

സുവർണ്ണ:- മനുഷ്യപ്രജ്ഞ എങ്ങനെ ഗ്രഹിക്കുന്നു. ഗ്രഹിച്ചതിനെ എങ്ങനെ സ്മരിക്കുന്നു. ഇവ വെച്ചാണ് വിദ്യാഭ്യാസമനശ്ശാസ്ത്രം പ്രവർത്തിക്കുന്നത്. ഗുരുകുലങ്ങളിലെ ഈ വിദ്യാഭ്യാസചിന്തകളുടെ ഉത്ഭവത്തിനുശേഷം ഏത്രയോ കാലം കഴിഞ്ഞാണ് പാശ്ചാത്യലോകത്തെ വിദ്യാഭ്യാസവിചക്ഷണർ ഇതിനെക്കുറിച്ച് ചിന്തിച്ചത്. വ്യാസനും പതഞ്ജലിയും വാചസ്പതിമിശ്രനും കണ്ടെത്തിയ സത്യങ്ങളെ സ്കിന്നറും യുങ്ങും പിന്നീടു തിരഞ്ഞു കണ്ടുപിടിക്കുന്നത് മനുഷ്യമസ്തിഷ്കത്തിന്റെ കാലാതീതമായി നിലനിൽക്കുന്ന ഒരു സാമാന്യഗുണപ്രവണത കാരണമാണ്. ഗ്രഹണമെന്ന പദത്തിന് കോഗ്നിറ്റീവ് പവറെന്നും എക്ലിപ്സ് എന്നും രണ്ടർത്ഥമുണ്ട്. ഇവ തമ്മിൽ അർത്ഥവ്യത്യാസമുണ്ട്. ഭൂമിയുടെ വികല്പിതഛായകൊണ്ട് ഗ്രഹിക്കുന്ന രൂപം. ബുദ്ധിയുടെ ഗ്രാഹ്യശക്തി ബുദ്ധിക്കും ഭൂമിക്കും ഗ്രഹങ്ങൾക്കും മുമ്പുള്ള പ്രഥമകാരണവിഷയജ്ഞാനം അതിന്റെ ആർക്കിടൈപ്പൽ സ്മൃതി ഒരു ജനതയിൽ അനേക തലമുറകളായി സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്നത് എന്നിവയും ഗണിതശാസ്ത്രത്തിലെ ഗ്രാഹ്യഗ്രഹണപ്രവണതോപരതികളും ഇവിടെ താരതമ്യവിഷയമാക്കേണ്ടതുണ്ട്.

വാചസ്പതി:- സ്മൃതികളെ നിരോധിക്കുന്നത് വളരെ ക്ലേശകരമാണ്. ഒരു ചിത്തവൃത്തിയുമില്ലാതെ ഒരു ചലനവുമില്ലാതെ ഇരിക്കുന്ന സമാധി (ബ്രഹ്മാവസ്ഥ പുരുഷസ്വരൂപം ആത്മസ്വരൂപം) അനേകവൃത്തി ചലനം ഗതികളോടെയുള്ള പ്രപഞ്ച, പ്രകൃതി, ശക്തിസ്വരൂപത്തേക്കാൾ പ്രധാനവും ക്ലേശകരവുമാണ്.

സുവർണ്ണ:- പ്രപഞ്ചഗതിയെ പൂർണ്ണമായറിയുന്ന ജ്യോതിശ്ശാസ്ത്രവും ആ സായനഗതിയെ പൂർണ്ണമായി നിരോധിക്കുന്ന നിരയനമായ ബ്രഹ്മരൂപവും ഇതിനെത്തന്നെ പ്രതിനിധീകരിക്കുന്നു.

12. പതഞ്ജലി:- അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധ:

വ്യാസ:- ക്ലേശകരമായ ചിത്തവൃത്തിനിരോധം സാധിക്കാനുള്ള ഉപായമെന്ത്. ഒന്ന് അഭ്യാസം രണ്ട് വൈരാഗ്യം ചിത്തനദിക്ക് കല്യാണം പാപം എന്ന് രണ്ടുവിധപ്രവാഹമുണ്ട്. കൈവല്യത്തിലേക്ക് വിവേകവിഷയത്തിൽ ഇറങ്ങി പ്രവഹിക്കുന്നത് കല്യാണവാഹിനി. സംസാരത്തിലേക്ക് അവിവേകവിഷയത്തിലിറങ്ങി പ്രവഹിക്കുന്നത് പാപവാഹിനി വൈരാഗ്യം കൊണ്ട് വിഷയസ്രോതസ്സിനെ കട്ടിയാക്കി, ഒഴുക്കിനെ നിർത്തണം, വിവേകദർശനത്തെ നിരന്തരം അഭ്യസിച്ച് വിവേകസ്രോതസ്സിനെ ശക്തമാക്കി ഒഴുക്കണം. ഈ രണ്ടും കൊണ്ട് മാത്രം ചിത്തവൃത്തിനിരോധം സാധിക്കും.

വാചസ്പതി:- നിരോധോപായത്തിന് അഭ്യാസവൈരാഗ്യങ്ങൾ പറഞ്ഞിരിക്കുന്നു. ഇവകളാൽ ചിത്തനദിയുടെ വികല്പാദികൾ അവസാനിക്കുന്നു. നദീപ്രവാഹം ചെന്നു ചേരുന്ന ഇടം കടലാണ്.

സുവർണ്ണ:- കൈവല്യപ്രാഗ്ഭരാ, സംസാരപ്രാഗ്ഭരാ എന്ന് വ്യാസഭാഷ്യത്തിൽ പറ

യുന്നു. സാഗരമെന്നതിനു പകരം പ്രാഗ്ഭര:പ്രബന്ധ: എന്ന പദമാണ് വാചസ്പതിയും ഉപയോഗിക്കുന്നത്. നദി താഴോട്ടൊഴുകുന്നതാണ് അതിന്റെ നിമ്നഗതി. ആ ഒഴുക്കിനെ വാചസ്പതി നിമ്നതാഗംഭീരതാ അഗാധതാ എന്ന് പറഞ്ഞിരിക്കുന്നു ഇവിടെ കൈവല്യ സംസാരസാഗരങ്ങൾ രണ്ടും പ്രാഗ്ഭര നിമ്ന എന്ന രണ്ടുപദങ്ങളാലാണ് വ്യാസഭാഷ്യം വിവക്ഷിച്ചിരിക്കുന്നത്. ദിശയിലാണ് അവയുടെ വ്യത്യാസം. രണ്ടും ഗംഭീരവും അഗാധവുമാണ്. ഒന്ന് കല്യാണത്തിലേക്ക് അതിന്റെ മാർഗ്ഗംവിവേകം മറ്റേത് അകല്യാണത്തിലേക്ക് മാർഗ്ഗം അവിവേകം.

13. പതഞ്ജലി:- തത്ര സ്ഥിതൗ യത്നോ അഭ്യാസ:

വ്യാസ:- ചിത്തവൃത്തികൾ നിലച്ച് പ്രശാന്തവാഹിനിയാവുന്നതാണ് സ്ഥിതി. അതിന്നായി പ്രയത്നം വീര്യം ഉത്സാഹം എന്നിവയുണ്ടാവണം. അവയാണ് ലക്ഷ്യത്തിനുള്ള സാധന. അനുഷ്ഠാനം അഭ്യാസം എന്നിവ സാധിപ്പിക്കുന്നത്.

വാചസ്പതി:- അഭ്യാസത്തിന്റെ സ്വരൂപം പ്രയോജനം എന്നിവയുടെ ലക്ഷണം പറയുന്നു. സമാധിയിൽ സ്ഥിതി ഉണ്ടാവാനുള്ള യത്നമാണ് അഭ്യാസം. ചിത്തത്തിന്റെ രാജസവും താമസവും ആയ വൃത്തികളെല്ലാം ഇല്ലാതാവുമ്പോൾ വിമലവും പ്രശാന്തവാഹിനിയുമായ സാത്വികവൃത്തിയിൽ ഏകാഗ്രത ഉണ്ടാവുന്നതാണ് സ്ഥിതി. ഇതിനുള്ള എല്ലാ പ്രയത്നവും അഭ്യാസമാണ്. ആ പ്രയത്നത്തിന് വീര്യവും ഉത്സാഹവുമുണ്ടാവണം, സ്ഥിതിസാധനത്തിനുള്ള സാധനയാണ് പ്രയത്നം. അന്തരംഗവും ബഹിരംഗവുമായ നിയമങ്ങൾ ഈ സാധനയാണ്. സാധന കർതൃവ്യാപാരം അഥവാ പ്രയത്നമാണ്. ഫലമല്ല എന്ന് കാണണം ലക്ഷ്യത്തിൽ ഫലത്തിൽ എത്താനായി കർത്താവ് ചെയ്യുന്ന് പ്രയത്നമാണത്.

സുവർണ്ണ:- സ്ഥിതിദേവനാണ് വിഷ്ണു. വ്യാസന്റെ നിർവ്വചനത്തിൽ ചിത്തവൃത്തി നിലച്ച് പ്രശാന്തവാഹിനിയാവുന്നതാണ് സ്ഥിതി. വാചസ്പതി ചിത്തവൃത്തിരഹിതവും വിമലവും പ്രശാന്തവാഹിനിയുമായ ശുദ്ധസാത്വികവൃത്തിയായി അതിനെ കാണുന്നു. അതിൽ മാത്രം ഏകാഗ്രത ഉണ്ടാവുന്ന അവസ്ഥയാണ് സ്ഥിതി. യോഗത്തിന്റെ പരമമായ ലക്ഷ്യവും പരമപദപ്രാപ്തി തന്നെ.

14. പതഞ്ജലി:-സതു ദീർഘകാലനൈരന്തര്യസത്കാരാസേവിതോദൃഢഭൂമി:-

വ്യാസ:- നിരന്തരം ദീർഘകാലം തപസ്സ്. ബ്രഹ്മചര്യം എന്നിവ വിദ്യാശ്രദ്ധകളോടെ സമ്പാദിക്കുമ്പോൾ ഒരാൾ ആ ഭൂമികയിൽ ഉറയ്ക്കുന്നു. ഈ അവസ്ഥയെ ദൃഢഭൂമി എന്നു പറയുന്നു. ദൃഢഭൂമിയിലെത്തിയാൽ പിന്നെ കർമ്മസംസ്കാരങ്ങൾ ഉത്ഥാനം ചെയ്യുകയില്ല.

വാചസ്പതി:- ഇനിയൊരിക്കലും ഉത്ഥാനം ചെയ്യാത്ത കർമ്മസംസ്കാരങ്ങളോടു കൂടിയ ദൃഢഭൂമിയിലെത്താന് ഒരാൾ അനേകകാലം ദൃഢമായ പ്രതിബദ്ധതയോടെ അഭ്യാസം ചെയ്തിട്ടുണ്ടാവണം. അഭ്യാസത്താൽ മൂന്നു സമ്പത്തിനേടാം. 1. ദൃഢാവസ്ഥ, അഥവാ ദൃഢഭൂമി 2. ഇനി കർമ്മവാസന പുനർജ്ജനിക്കാത്ത അവസ്ഥ. 3. സ്ഥിതിരൂപം അഥവാ ഏകാഗ്രസാത്വികവൃത്തി. ഒരാളിൽ ഇവ കണ്ടാൽ ആ വ്യക്തി നിരന്തരം ദീർഘകാലം അഭ്യാസം ചെയ്തിട്ടുണ്ടെന്ന് ധരിക്കണം.

15. പതഞ്ജലി:- ദൃഷ്ടാനുശ്രവികവിഷയവിതൃഷ്ണസ്യ വശീകാരസംജ്ഞാ വൈരാഗ്യം.

വ്യാസ:- സ്ത്രീ, അന്നപാനാദികൾ ഐശ്വര്യം, മുതലായ ദൃഷ്ടവിഷയങ്ങളിലും സ്വർഗ്ഗപ്രാപ്തി, വിദേഹലയം പ്രകൃതി ലയം മുതലായ കേട്ടറിഞ്ഞ ആനുശ്രവികവിഷയങ്ങളിലും ഒട്ടും തൃഷ്ണയില്ലാതെയും ദിവ്യവും അദിവ്യവുമായ അനേകം വിഷയങ്ങൾ പ്രയോഗിക്കുന്നതിൽ ചിത്തം വിഷയദോഷം ദർശിക്കയും ചെയ്യുമ്പോൾ പ്രസംഖ്യാനത്താൽ തീർത്തും അഭോഗാത്മികയും ഹേയോപാദേയശൂന്യവുമായ വശീകാരമെന്ന സംജ്ഞയോടുകൂടിയ വൈരാഗ്യം ജനിക്കുന്നു.

വാചസ്പതി:- ചേതനാചേതനങ്ങളായ സർവ്വ ദൃഷ്ടവിഷയത്തിലും വിതൃഷ്ണ വരുന്നു. ഐശ്വര്യമെന്നാൽ ആധിപത്യമാണ്. സ്ത്രീകൾ അന്നപാനാദികൾ മുതലായി കാണപ്പെടുന്ന വസ്തുക്കളെല്ലാം സ്വന്തമാക്കി അനുഭവിക്കുന്നതിനാലാണ് ഐശ്വര്യം ആധിപത്യമാണെന്ന് പറഞ്ഞത്. അനുശ്രവമെന്നാൽ വേദം. അതോടു സംബന്ധപ്പെട്ടത് ആനുശ്രവികം. സ്വർഗ്ഗത്തിനുവേണ്ടി യജ്ഞാദികൾ വേദവിധിപ്രകാരം അനുഷ്ഠിക്കുന്നതിലോ ദേഹരഹിതമായ കാരണങ്ങളെല്ലാം ലയിച്ച ഭാവമായ വിദേഹപ്രാപ്തിക്കോ പ്രകൃത്യുപാസനയാൽ പ്രകൃതിയുമായി തന്മയീഭവിച്ച് പ്രകൃതിലയാവസ്ഥയിലെത്താനോ തൃഷ്ണ ഇല്ലാതാവുന്നു. രാഗമില്ലാത്ത തൃഷ്ണയില്ലാത്ത, വിതൃഷ്ണമായ അവസ്ഥ വൈരാഗ്യം. ഒരു ഭോഗത്തിലും ആശയില്ല. ദിവ്യദേഹത്തിലുമില്ല. ലൗകികഭോഗത്തിലുമില്ല. അവയ്ക്കായി അനുഷ്ഠിക്കേണ്ട മാർഗ്ഗത്തിലും തൃഷ്ണയില്ല. അപ്പാൾ ഹേയോപാദേയശൂന്യമായ ചിത്തം. അഭോഗാത്മകയായി. രാഗദ്വേഷമോ സംസാരസംഗമോ അവകളിൽ തൃഷ്ണയോ ഇല്ലാത്ത ബുദ്ധിയെ വിളിക്കുന്ന പേരാണ് വശീകരം. താപത്രയങ്ങളാൽ ചുറ്റപ്പെട്ട വിഷയങ്ങളിൽ ദോഷം ഭാവന ചെയ്യുന്നതുകൊണ്ട് വൈരാഗ്യം സാക്ഷാത്കരിക്കുന്നു. അപ്രകാരം നേടിയ വൈരാഗ്യത്തിന്റെ ശക്തി അഥവാ ബലം പ്രസംഖ്യാനം. ആഗമത്തിൽ യതമാനം വ്യതിരേകം ഏകേന്ദ്രിയം വശീകാരമെന്നിവ പ്രസംഖ്യാനത്തിന്റെ നാലുഘട്ടത്തിലെ സംജ്ഞകളാണ്. രാഗാദികൾ കഷായങ്ങളാണ്. അവ ചിത്തവർത്തികളായി അതാതിന്ദ്രിയത്തിലൂടെ അതാതു വിഷയത്തിൽ പ്രവർത്തിക്കുന്നു. അവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനാരംഭിക്കുന്ന പ്രയത്നഘട്ടമാണ് യതമാനസംജ്ഞ (യജമാന) ആരംഭിച്ചതെല്ലാം പക്വമായി പചിക്കപ്പെട്ട് പക്ഷമാക്കപ്പെട്ട് അപ്രകാരം പക്ഷ്യമാണവും പക്വവുമായി വ്യത്യസ്ഥമായി അവധാരണം ചെയ്യപ്പെടുന്ന ഘട്ടമാണ് വ്യതിരേകം. (നിത്യവും അനിത്യവും വെവ്വേറെ ധാരണം ചെയ്യുന്നു) പക്വതയാർജ്ജിക്കയാൽ ഇന്ദ്രിയ പ്രവർത്തനങ്ങൾ അസമർത്ഥമായി ഔത്സുക്യമാത്രമായി മനസ്സിൽ വ്യവസ്ഥാനം വരുന്നത് ഏകേന്ദ്രിയസംജ്ഞ. ഔത്സുക്യമാത്രമായി നിവൃത്തിരൂപത്തിൽ സ്ഥിതി ചെയ്യുന്ന ദിവ്യാദിവ്യവിഷയങ്ങളിൽ ഉപേക്ഷയോടുകൂടിയ ബുദ്ധി ഈ സംജ്ഞാത്രയങ്ങൾക്കും പരമായ വശീകാരം. ഇപ്രകാരം ഓരോ ഘട്ടം കടന്ന് ചാരിതാർത്ഥ്യത അടയുന്നു.

16. പതഞ്ജലി:-തത്പരം പുരുഷസ്യാതേർഗുണവൈതൃഷ്ണ്യം

വ്യാസ:- ഇഷ്ടാനുശ്രവികവിഷങ്ങളിൽ ദോഷദർശിയായ വിരക്തന് പുരുഷദർശനാഭ്യാസത്താൽ ചിത്തശുദ്ധി, വിവേകബുദ്ധിയുടെ ഗുണത്താൽ വ്യക്താവ്യക്തധർമ്മത്തിൽ രണ്ടിലും വിരക്തി എന്നിവയും നേടുന്നു. വൈരാഗ്യം ഇതുരണ്ടും ചേർന്നതാണ്.

അതിനപ്പുറത്ത് അതിന്റെ ജ്ഞാനപ്രസാദം മാത്രമേ ഉള്ളൂ. ഈ ജ്ഞാനപ്രസാദോപായത്തെ പ്രത്യുദയഖ്യാതി എന്നറിയണം. പ്രാപിച്ചത്. പ്രാപിക്കാനുള്ളത്. ക്ഷീണമായത് ക്ഷീണിക്കാനുള്ളത് ഛിന്നക്ലേശം ബാക്കി കൂടി നശിക്കാനുള്ള ക്ലേശം മൃത്യുജന്മം എന്നിങ്ങനെയുള്ള ദിത്വങ്ങളൊന്നുമില്ലാതെ അദ്വൈതജ്ഞാനാവസ്ഥയുടെ പരമകാഷ്ഠ വൈരാഗ്യം. അതിനെത്തന്നെയാണ് ആന്തരീയമായ കൈവല്യമെന്നു പറയുന്നത്.

വാചസ്പതി:- അപരവൈരാഗ്യം പരവൈരാഗ്യം തത്പരം പുരുഷഖ്യാതിഗുണത്തിലും വൈതൃഷ്ണ്യം. അപരവൈരാഗ്യത്തിന് പരവൈരാഗ്യമാണ് പ്രതികാരണം. അതിന്റെ വാതിൽക്കലെത്തിയവനാണ് ദൃഷ്ടാനുശ്രവികവിഷയദോഷദർശീവിരക്തനായിത്തീരുന്നത്. ഒരാൾ പുരുഷദർശനം വേണമെന്നു കരുതിയാണ് അഭ്യാസത്താൽ ആഗമം. അനുമാനം, ആചാര്യോപദേശം സമാധിഗതമായ പുരുഷദർശനം എന്ന് ക്രമത്തിൽ കടന്നുപോകുന്നത്. രജതമസ്സുകളുടെ പരിഹാരം സത്വത്തിൽ ഏകതാനത പൂർവ്വപുണ്യത്താൽ ഗുണപുരുഷനിൽ പ്രകർഷേണ വിവേകം ഇവയാൽ ശുദ്ധവും അനിതരവുമായ പുരുഷനും അതിനു വിപരീതഗുണമുള്ള പ്രകൃതിയും ബുദ്ധിയാൽ വിവേചിച്ചറിയുന്ന യോഗബുദ്ധി എന്നിവ നേടുന്നതും ഇതിന്നാണ്. ഒടുവിൽ ധർമ്മമേഘമെന്ന് സമാധിയിൽ അവസ്ഥിതമാകുന്നു. അപ്രകാരം വ്യക്തവ്യക്തധർമ്മങ്ങളിലെല്ലാം വിരക്തനായി ഭവിച്ച് യോഗി സത്വപുരുഷനെന്ന വിളിക്കപ്പെട്ട ഗുണാത്മികയായ പ്രകൃതിയിൽപോലും വിരക്തനായി ഭവിക്കുന്നു ആ വൈരാഗ്യം അദ്വയമാണ്. നേരത്തേ ഉണ്ടായിരുന്ന വൈരാഗ്യത്തിൽ സത്വസമുദ്രം എന്ന ഒന്നിൽ തമസ്സും രജസ്സും നേർത്ത് കണകളങ്കങ്ങളോടുകൂടി അലിഞ്ഞ ചിത്തസത്വമായിരുന്നു അത് തൗഷ്ടികന്മാർക്കു തുല്യവും പ്രകൃതിലയമെന്നു വിളിക്കുന്നതുമായ അവസ്ഥയാണ്. സാംഖ്യകാരികയിൽ (45) വൈരാഗ്യാത്പ്രകൃതിലയ ഇതി എന്ന് പറയുന്ന സ്ഥിതി. അതിൽ രണ്ടു ദ്വയങ്ങൾക്ക് മദ്ധ്യേ അവയ്ക്കതീതമായ ജ്ഞാനപ്രസാദമാത്രമാണുള്ളത്. പ്രസാദമാത്രാഗ്രഹണം കൊണ്ട് നിർവ്വിഷയത സൂചിപ്പിക്കുന്നു. ആ ചിത്തസത്വത്തിൽ രജോലേശമലത്തോടുകൂടിയ ജ്ഞാനപ്രസാദമാണല്ലോ പരാമൃഷ്ടം. ചിത്തസത്വം പ്രസാദസ്വഭാവമാണ്. രജസ്തമസമ്പർക്കത്താലാണ് മലിനത അനുഭവപ്പെടുന്നത്. വൈരാഗ്യാഭ്യാസമെന്ന വിമലജലധാരയിൽ കഴുകി സമസ്തരജസ്തമോമലവും നീങ്ങി അതിപ്രസന്നമായി ജ്ഞാനപ്രസാദമാത്രം അവശേഷിക്കുന്നു. ആ ഉദയത്തിൽ ഖ്യാതിയുടെ പുനരുദയമാണ്. കൈവല്യം ഇപ്പോൾ പ്രാപിക്കേണ്ടതല്ല. പ്രാപ്തമാണ്. ഇവിടെ ജീവൻ വിദ്വാനും മുക്തനും ആവുന്നു. (ഭാഷ്യം 4.30) സംസാരസംസ്കാരത്തിന്റെ മൂലംപോലും ഛേദിക്കപ്പെട്ട് സിദ്ധത്വം ഭാവമായിത്തീർന്നു. എങ്ങനെ പ്രാപ്തമായി ക്ഷീണിക്കേണ്ടവയായ അവിദ്യാദിക്ലേശങ്ങൾ വാസനകളോടൊപ്പം ക്ഷീണങ്ങളായി പൂർണ്ണമായി നിലച്ചു. പിന്നെ ധർമ്മാധർമ്മസമൂഹമോ ജന്മമരണപ്രബന്ധങ്ങളിലേക്ക് വീണ്ടും മടക്കമോ (ഗതി, സംക്രമം) ഒന്നും ആ പ്രാണിക്ക് ഇല്ല. അത് കൈവല്യം എന്ന അവസ്ഥ ധർമ്മാധർമ്മസമൂഹങ്ങളുടെ സമൂഹികളായ പർവ്വങ്ങൾപോലും നശിച്ചുകഴിഞ്ഞു. ജന്തു എന്നാൽ ജാതു (ജാതി) അഥവാ ജനനം ഉള്ളത്. ജനനമുണ്ടായാൽ അതിന് ജാതി(പ്രത്യേകവർഗ്ഗത്തിൽ പെട്ട അവസ്ഥ) ഉണ്ട്. അതിനൊരു നാശമുണ്ട്. ഇതു രണ്ടും നശിച്ച അവസ്ഥയാണ് കൈവല്യം നേടിയ ജീവന്മുക്തൻ. ഭവസംക്രമഹേതുവായ ക്ലേശങ്ങളെല്ലാം ഛിന്നമായി. ക്ലേശമൂലം കർമ്മാശയമാണ്. (2.12) അതായത് കർമ്മവിപാകമൂലമായ ക്ലേശം നശിച്ചു (2.13) ഇത് പ്രസംഖ്യാനപരിപാകമായ ധർമ്മമേഘാവസ്ഥ. ജ്ഞാന

പ്രസാദമാത്രമായി ജ്ഞാനസ്ഥിരമായി ചിത്തവൃത്തിനിരോധിച്ച അന്തഃകരണത്തിന് ജാതിയില്ല. വർഗ്ഗഭേദമില്ല. ജനനമരണവുമില്ല. പരവൈരാഗ്യമെന്നത് ധർമ്മമേഘത്തിന്റെ അവസ്ഥയാണ്. അതിനാൽ പ്രസംഖ്യാനേ അപ്യകുസീദസ്യ സർവ്വഥാ വിവേകഖ്യാതേർ ധർമ്മമേഘ:സമാധി: (4.29) എന്നു പറയുന്നു. സർവ്വാവരണമലവും നീങ്ങി അനന്തമായ ജ്ഞാനമല്ലാതെ മറ്റൊന്നില്ലാത്ത അദ്വയാവസ്ഥ അഥവാ അദ്വൈതാവസ്ഥ (4.31) കൈവരുന്നു. ഈ ആന്തരീയകഭാവത്തെയാണ് കൈവല്യമെന്ന് പറയുന്നത്.

സുവർണ്ണ:- അദ്വൈതം. വേദാന്തം യോഗം സാംഖ്യം ഇവ പരസ്പരവിരുദ്ധമാണെന്ന് തെറ്റിദ്ധരിച്ചിട്ടുള്ളവർ പലരുമുണ്ട്. വാചസ്പതിയുടേയും വ്യാസന്റേയും യോഗശാസ്ത്രഭാഷ്യവും ശങ്കരന്റെ അദ്വൈതവേദാന്തഭാഷ്യങ്ങളും വായിച്ചുനോക്കി യഥാർത്ഥാവസ്ഥ മനസ്സിലാക്കണമെന്ന് അവരോട് അഭ്യർത്ഥിക്കയേ വഴിയുള്ളൂ.

17. പതഞ്ജലി:-വിതർക്കവിചാരാനന്ദാസ്മിതാരൂപാനുഗമാത് സമ്പ്രജ്ഞാത:-

വ്യാസ:- വിതർക്കത്തെ ആശ്രയിച്ച ആലംബനത്താൽ സ്ഥൂലമാണ് ആഭോഗം. വിചാരം സൂക്ഷ്മമാണ്. ആനന്ദം അഥവാ ആഹ്ലാദം. ഏകാത്മികമായ സംവിത് അസ്മിത. ഈ ആദ്യത്തെ ചതുഷ്ടയങ്ങളെ അനുഗമിച്ച് സമാധി സവിതർക്കസമാധി, വിതർക്കമില്ലാത്ത സവിചാരസമാധി വിചാരവുമില്ലാത്ത സാനന്ദസമാധി ഈ മൂന്നുമില്ലാത്ത ഏകാത്മികയായ അസ്മിത എന്ന് അതാതിനെ ആലംബനമാക്കി തിരിച്ചിരിക്കുന്നു.

വാചസ്പതി:-ഉപായത്തിന്റെ പേരിൽ ഇപ്രകാരം കഥിക്കുന്നതിനെ പറയുന്നു. സമ്പ്രജ്ഞാതം ആദ്യം പിന്നീട് അസംപ്രജ്ഞാതം. ഇങ്ങനെ രണ്ടെണ്ണം വിവരിക്കുന്നു. ഇതിൽ സാമാന്യമായി സമ്പ്രജ്ഞാനത്തിൽ വിതർക്കം. വിചാരം. സാനന്ദം അസ്മിത എന്നീ രൂപങ്ങളാൽ സ്വരൂപാനുഗമങ്ങളായ പേരുകൾ പ്രതിപാദിക്കുന്നു. വിതർക്കം ചിത്തത്തെ വിവൃത്തമാക്കുന്നു. അപ്രകാരം സ്വരൂപസാക്ഷാത്കാരവതിയായ പ്രജ്ഞ ആഭോഗം അത് സ്ഥൂലവിഷയകമാകയാൽ സ്ഥൂലമെന്ന് അറിയണം. യോഗിക്ക് സൂക്ഷ്മതത്വം അറിയണം. എന്നാൽ ആ ലക്ഷ്യപ്രാപ്തിക്കായി ആദ്യം പഞ്ചഭൗതികമായ സ്ഥൂലത്തെ ധ്യാനിച്ച് വേണം സൂക്ഷ്മസാക്ഷാത്കാരം നേടാൻ, സൂക്ഷ്മമായ ഈശ്വരതത്വം ഗ്രഹിക്കാൻ ആദ്യം പഞ്ചഭൗതികമായി സ്ഥൂലത്തെ ധ്യാനിച്ചുവേണം സുക്ഷ്മസാക്ഷാത്കാരം. സൂക്ഷ്മമായ ഈശ്വരതത്വം ഗ്രഹിക്കാനാണ് ആദ്യം ചതുർഭുജമായ സ്ഥൂലവിഗ്രഹം ധ്യാനിക്കുന്നത്. ചിത്തസ്ഥമായ ആലംബനം മാത്രമേ സൂക്ഷ്മആഭോഗത്തിലുള്ളു. സ്ഥൂലപ്രപഞ്ചത്തിനു കാരണഭൂതമായ സൂക്ഷ്മപഞ്ചതന്മാത്രലിംഗാലിഗവിഷയമാണ് വിചാരം. അതുകൊണ്ടേ ഗ്രാഹ്യവിഷയവും ഗ്രഹണവിഷയവും (രണ്ടും) ദർശിക്കാനാവൂ.

സ്ഥൂലേന്ദ്രിയങ്ങളിൽ സ്ഥൂലാലംബനത്താൽ ചിത്തത്തിനുണ്ടാകുന്ന ആഭോഗത്താൽ ആനന്ദമുണ്ടാവുന്നു. പ്രകാശശീലതയാൽ സത്വപ്രധാനമായ അഹങ്കാരാദിഇന്ദ്രിയങ്ങളുണ്ടാവുന്നു. സത്വഗുണാധിഷ്ഠിതമായ സുഖം മറ്റുള്ള ഗുണങ്ങളിൽ നിന്ന് ലഭിക്കുന്ന ആഭോഗങ്ങളേക്കാൾ അധികം ആനന്ദം തരും. അങ്ങനെ ഗ്രഹിക്കപ്പെടുന്ന വിഷയം സമ്പ്രജ്ഞാതസമാധി. അത് ഏകമായ സംവിത്ത് ഗ്രഹണമാണ്. ഇന്ദ്രിയങ്ങളിൽ നിന്ന് അസ്മിത പ്രഭവിക്കുന്നു.

അസ്മിതാരൂപം സൂക്ഷ്മമാണ്. ബുദ്ധിക്ക് അതിലുള്ള ആഗ്രഹത്തിൽ മാത്രം ത്രാസം (വൈബ്രേഷൻ) ഉറയ്ക്കുമ്പോൾ ബുദ്ധി ഏകാത്മികയായി സംവിത്തായി തീരുന്നു. ആ

ബുദ്ധിയാൽ ഗ്രഹിക്കപ്പെടേണ്ട വിഷയം സൂക്ഷ്മമായി അന്തർഭാവമായി ഭവിച്ച് ഗ്രഹിക്കപ്പെടുന്നു. ഈ നാലിൽ നിന്നും അപരമല്ല അവാന്തരവിശേഷമായിട്ടാണ് പ്രഥമമായ സമ്പ്രജ്ഞാത സമാധിയെ പറഞ്ഞത്. കാര്യം എപ്പോഴും കാരണത്തിനുശേഷമേ ഉണ്ടാവൂ. കാര്യത്തിന് ഒരു കാരണമില്ലെന്നു വന്നാൽ ആ സൂക്ഷ്മകാര്യം കാരണമായി കരുതപ്പെടുന്നു. സ്ഥൂലസൂക്ഷ്മേന്ദ്രിയങ്ങളുടെ അസ്മിത കാരണം ചതുഷ്ടയങ്ങൾ പിന്നെപ്പിന്നെ ഉണ്ടാവുകയാണ്. അതിനാൽ സ്ഥൂലമായ വിഷയങ്ങളെല്ലാം അതിസൂക്ഷ്മയാൽ കാരണവുമാണ്. സ്ഥൂലസൂക്ഷ്മേന്ദ്രിയങ്ങൾ അസ്മതി എന്നിവയെല്ലാം ഏകരൂപമാണ്. ഏകരൂപമായ ആ സമാധിക്ക് സമ്പ്രജ്ഞാതസമാധി എന്നു പേർ. അതിനുശേഷം അസംപ്രജ്ഞാതസമാധി.

18. പതഞ്ജലി:- വിരാമപ്രത്യയാഭ്യാസപൂർവ്വം സംസ്കാരശേഷോ അന്യ:

വ്യാസ:- സർവ്വവൃത്തിപ്രത്യയങ്ങളും അസ്തമിക്കുമ്പോൾ പൂർണ്ണചിത്തനിരോധം ഭവിക്കുന്നതാണ് അസംപ്രജ്ഞാതസമാധി. അതിന് ഉപായം പരവൈരാഗ്യമാണ്. അതിന് ആലംബനമോ അഭ്യാസമോ ഒന്നും സാധനയായി കല്പിക്കപ്പെടുന്നില്ല. വിരാമപ്രത്യയമാകയാൽ നിർവസ്തുകവും അതിനാൽ ഒരാലംബനക്രിയയും ഇല്ലാത്തതുമായ അവസ്ഥയാണത്. ആലംബനമുണ്ടെന്നുവന്നാൽ അങ്ങനെ പറയുന്നത് അർത്ഥശൂന്യമാകുമല്ലോ പൂർവ്വാഭ്യാസത്താൽ ചിത്തം നിരാലംബനമായ അഭാവപ്രാപ്തമായി നിർബീജസമാധിയാവുന്നത് അസംപ്രജ്ഞാതസമാധി.

വാചസ്പതി:- ക്രമപ്രാപ്തമായ അസംപ്രജ്ഞാതത്തെ അവതരിപ്പിക്കുന്നു. ഈ സൂത്രത്തിന്റെ പൂർവ്വഭാഗം ഉപായകഥനം ഉത്തരപാദം സ്വരൂപകഥനം. മധ്യമപദം സർവ്വവൃത്തികളും നിവർത്തമാകൽ. വിരാമം വൃത്തികളുടെ അഭാവം. അതിന്റെ കാരണം പൂർവ്വാഭ്യാസം അനുഷ്ഠാനം എന്നിവ ഓരോന്നോരോന്നായിട്ട് പറഞ്ഞുകഴിഞ്ഞു. അതിനുശേഷം വൈരാഗ്യനിരോധനത്തിന് ഒരു കാരണമോ ആലംബനമോ ഇല്ല. അതുതന്നെയാണ് കാരണം, മറ്റൊരുകാരണമില്ലാത്ത അവസ്ഥ. കാര്യം സ്വരൂപം (രൂപമുള്ളത്) കാരണം വിരൂപം (രൂപമില്ലാത്തത്) വിരൂപമായ പരമവൈരാഗ്യം സാലംബന. നിരാലംബനമെന്ന രണ്ടുവിധ സമാധികളാകുന്ന കാര്യങ്ങൾക്കും കാരണമാണ്. അതിൽ നിരാലംബനമായ ജ്ഞാനപ്രസാദം മാത്രമേ ഉള്ളൂ എന്ന് യുക്തികൊണ്ട് കണ്ടറിയണം. ധർമ്മമേഘസമാധിയിൽ (നിതാന്തനിഗലിതമായ രജസ്തമോമലങ്ങളാൽ) ബുദ്ധിസത്വം മാത്രം ഉപജാതമാണ്. അതിന്റെ വിഷയാതിക്രമത്താൽ പ്രവർത്തമാനമായ അനന്തം വിഷയാവധികൾ ദർശിക്കാം. അങ്ങനെ ദർശിച്ച യോഗിചിത്തം ആ സമസ്തവിഷയങ്ങളും പരിത്യജിച്ച് നിരാലംബനമായി സ്വരൂപപ്രതിഷ്ഠ നേടി സംസ്കാരം മാത്രശേഷമായി സമാധിയിൽ കാരണസാരൂപ്യത്തിലെത്തി. ആലംബനങ്ങളായിരുന്ന സർവ്വകരണവൃത്തികളും ക്ഷയിച്ച് അവയുടെ അഭാവപ്രാപ്തമായി. അഭാവമെന്ന വൃത്തിരൂപകാര്യം മാത്രം കരണമായ നിരാലംബന നിർബീജസമാധിയാണത്. ക്ലേശബീജം ഒട്ടുമില്ലാത്ത അതിന് എങ്ങോട്ടും പോകാനും വരാനും സ്ഥലം മാറാനുമില്ല. നിഷ്ക്രാന്തമാണത്. സംക്രാന്തമല്ല.

19. പതഞ്ജലി:- ഭവപ്രത്യയോ വിദേഹപ്രകൃതിലയാനാം

വ്യാസ:- ഉപായപ്രത്യയം, ഭവപ്രത്യയം എന്ന് രണ്ടുവിധം ഉപായപ്രത്യം യോഗികൾക്ക് ഭവിക്കുന്നു ഭവപ്രത്യയം വിദേഹലയന്മാർക്കും പ്രകൃതിലയന്മാർക്കും ഉണ്ടാവു

ന്നു. വിദേഹന്മാർ അഥവാ ദേവന്മാർക്ക് സ്വസംസ്കാരവിപാകമുണ്ട്. ആ സംസ്കാരവി പാകം ജാതീയകമാണ്. ദേവജാതിയ്ക്ക് അത് അതിവാഹകമാണ്. അതുപോലെ പ്രകൃ തിലയന്മാർ അധികാരപൂർവ്വം ചേതസ്സിൽ പ്രകൃതിയിൽ ലീനമായി കൈവല്യപദം അനു ഭവിക്കുന്നു. അധികാരവശത്താൽ ചിത്തം അവരിൽ പുനരാവർത്തിക്കുന്നുണ്ട്.

വാചസ്പതി:- നിരോധസമാധിയുടെ അവാന്തരഭേദങ്ങൾ രണ്ടുവിധം ഉപായപ്രത്യയം ഭവപ്രത്യയം ദേഹാദികളാണ് ഉപായം. അതുകൊണ്ട് നിരോധസമാധിക്ക് അവിദ്യാകാര ണമായ ഭൂതേന്ദ്രിയങ്ങൾ അവയുടെ വികാരങ്ങൾ പ്രകൃതി എന്നിവയിൽ ഇതു ഞാനാണ് എന്ന അഹങ്കാരപഞ്ചതന്മാത്രകൾ കൊണ്ട് അനാത്മത്തിൽ ആത്മഖ്യാതി ഉണ്ടാവുന്ന തൗഷ്ടികങ്ങളെ വൈരാഗ്യസമ്പന്നന്മാർ പൂർണ്ണമായി നിരോധിക്കുന്നു ഇങ്ങനെ നിരോ ധിക്കപ്പെട്ട് പ്രത്യയങ്ങളാണ് ഭവപ്രത്യയങ്ങൾ. അവയുടെ മദ്ധ്യത്തിൽ ഉപായപ്രത്യ യത്താൽ യോഗികൾക്ക് മോക്ഷം ഭവിക്കുന്നു വിദേഹപ്രകൃതിലയന്മാർക്ക് ഇപ്രകാരം പൂർണ്ണനിരോധമില്ല. അവർ ഭവപ്രത്യയത്തിൽത്തന്നെയാണ്.

വിദേഹന്മാർ ദേവന്മാരാണ്. അവരുടെ ഭവപ്രത്യയം ഭൂതേന്ദ്രിയങ്ങളിൽ നിന്ന് അന്യ തമമായതിനെ ആത്മത്വേന പ്രാപിച്ച്

അതിന്റെ ഉപാസനയാൽ സദ്വാസനാവാസിതമായ അന്തഃകരണത്തോടെ പിണ്ഡം പതിച്ചശേഷം (ശരീരം വീഴുക. മരണാനന്തരം) ഇന്ദ്രയങ്ങളിലും ഭൂതങ്ങളിലും തന്നെ ലീനമായി സംസ്കാരമാത്രാവശേഷമനസ്കരായി.

ഷാഡ്കൊശികശരീരരഹിതരായി തീരുന്നു വിദേഹർ. സ്വസംസ്കാരമാത്രോപയോ ഗമായ ചിത്തത്താൽ അവർ കൈവല്യാനുഭവം പ്രാപിക്കുന്നു. അവൃത്തികത്വം (വൃത്തി കളില്ലാത്ത അവസ്ഥ) കൈവല്യത്തിൽ സാരൂപ്യം സാധികാരസംസ്കാരശേഷത ഇവ കൊണ്ട് വൈരൂപ്യം (രൂപരഹിതാവസ്ഥ) അത് സംസ്കാരമാത്രോപയോഗത്തിനേ ഉത കുകയുള്ളൂ. അതായത് അവരുടേ ചിത്തവൃത്തി സംസ്കാരമാത്രമാണ്. അതിനുമാത്രം ഉപയോഗിക്കപ്പെടുന്നതാണ്. അതിനാൽ സ്വസംസ്കാരവിപാകമായ ആ അവധിയെ പ്രാപി ച്ചവർ. ആ ജാതീയകമായ അതിവാഹസ്വഭാവമുള്ളവരാണ്. അവർക്ക് അതിനെ അതിക്ര മിക്കാനും കഴിയും. വീണ്ടും സംസാരത്തിലേക്ക് പ്രവേശിക്കാനും കഴിയും. അതിനാൽ വിദേഹരെ(ദേവന്മാരെ) വായു അഥവാ പ്രാണങ്ങളെന്ന് പറയുന്നു. പത്തു മന്വന്തരങ്ങ ളോളം അതീന്ദ്രീയചിന്തകർക്ക് ഈ അവസ്ഥയിലിരിക്കാൻ കഴിയും. ഭൗതികങ്ങളിൽ അവർക്ക് 100 പൂർണ്ണായുസ്സാണ്.

പ്രകൃതിലയന്മാർ:- അവ്യക്തം മഹദ് അഹംകാരപഞ്ചതന്മാത്രകൾ ഇവയെ അന്യ തമമായ ആത്മതത്വമായി അറിഞ്ഞ് അതിൻരെ ഉപാസനയാൽ അതിന്റെ വാസനകളാൽ വാസിതമായ അന്തഃകരണത്തോടെ പിണ്ഡപാതാനന്തരം അവ്യക്താദിഅന്യതമത്തിൽ ലീനരാവുന്നു സാധികാരം ചരിതാർത്ഥചേതസ്സോടെ വിവേകഖ്യാതി ജനിച്ച് പ്രകൃതില യന്മാർ ഇരിക്കുന്നു. സാധികാരത്തോടെ ചേതസ്സിൽ പ്രകൃതിലീനമായ കൈവല്യം അനു ഭവിക്കുന്നു, അവർക്ക് പുനരാവർത്തനമില്ല (വിദേഹർക്ക് ഉണ്ട്) എന്നാൽ പ്രകൃതിസാമ്യം ഉപഗതമാകയാൽ അതിന്നും ഒരു അവധി ഉണ്ട്. ആ അവധികാലം കഴിഞ്ഞാൽ അവരും പുനർജ്ജനിക്കണം. വർഷാതിപാതകാലത്ത് അവർക്ക് മൃദുഭാവം വന്ന് (മണ്ണ്-ഭൂതം) മണ്ഡൂകദേഹം എടുക്കുന്നു (തവള) പിന്നീട് ജലപാതത്തിൽ നിന്ന് ദേഹഭാവാനുഭവം

വീണ്ടും അനുഭവിക്കുന്നു. അതിനാൽ വായുപുരാണത്തിൽ ആയിരം അഭിമാനികളുണ്ട്. ബുദ്ധിയാൽ പത്തായിരമായി ജ്വരമില്ലാത്തവരായി അവരിരിക്കുന്നു. അവ്യക്തചിന്തകർ പൂർണ്ണം ശതസഹസ്രമിരിക്കുന്നു എന്നാൽ നിർഗ്ഗുണമായ പുരുഷനെ പ്രാപിച്ചാൽ കാല സംഖ്യ ഇല്ല എന്ന് പറഞ്ഞിരിക്കുന്നു. പുരുഷന് പുനർഭവപ്രാപ്തിയോ അതിന്റെ ഹേതുവോ ഇല്ല.

20. പതഞ്ജലി:- ശ്രദ്ധാവീര്യസ്മൃതിസമാധിപ്രജ്ഞാപൂർവ്വക ഇതരേഷാം

വ്യാസ:- ഉപായപ്രത്യത്താൽ യോഗിയായി ഭവിക്കുന്നു. ശ്രദ്ധയുള്ള ചേതസ്സ് സമ്പ്ര സാദമാണ്. യോഗികളുടെ സമ്പ്രസാദചിത്തമാണ് കല്യാണി (കല്യാണം) യായ ജനനം. വിവേകാർത്ഥികളായ ജിജ്ഞാസുക്കൾക്ക് തങ്ങളുടെ ശ്രദ്ധയിൽ നിന്ന് വീര്യം ജനിക്കു ന്നു. അങ്ങനെ ഉണ്ടായ വീര്യമാണ് സ്മൃതിരൂപത്തിൽ കാണുന്നത്. സ്മൃതിയുടെ ഉപ സ്ഥാനത്താൽ ചിത്തം അനാകുലമാകുന്നു. സമാധിസ്ഥമാകുന്നു, സമാഹിത ചിത്തത്തിൽ പ്രജ്ഞാവിവേകം ഉദിക്കുന്നു. അതുകൊണ്ട് മാത്രമേ പരമാർത്ഥവസ്തുജ്ഞാനം സാധ്യ മാകയുള്ളൂ. ഇതിനുള്ള അഭ്യാസവും വൈരാഗ്യവും കൊണ്ട് അസമ്പ്രജ്ഞാതസമാധി ഭവിക്കുന്നു.

വാചസ്പതി:- യോഗികൾക്ക് സമാധിക്കുള്ള ഉപായക്രമം പറയുന്നു. തനു, ഇന്ദ്രിയ ങ്ങൾ മുതലായവയെ കുറിച്ചറിയണമെങ്കിൽ കൂടി ആ വിഷയത്തിലെ ചിന്തകന്മാർക്ക് അതിൽ ശ്രദ്ധ കൂടിയേ തീരൂ. ശ്രദ്ധയുള്ള ചേതസ്സ് സമ്പ്രസാദം ആണ്. ആഗമം അനു മാനം ആചാര്യോപദേശം എന്നിവകൊണ്ട് പറയപ്പെട്ട തത്വവിഷയത്തിൽ താല്പര്യം ജനിച്ച മനസ്സാണ് ചേതസ്സ്. അഭിരുചി കൊണ്ട് ആ വിഷയത്തിൽ രതി അത് പഠിക്കണ മെന്ന ഇഛ, ശ്രദ്ധ എന്നിവയുണ്ടാവുന്നു. ഇന്ദ്രിയങ്ങളെ ആത്മാവെന്നു തെറ്റിദ്ധരിച്ചവ രിലെ അഭിരുചിരസമാണ് പ്രസാദമെന്നത് വ്യമോഹത്താലുള്ള അജ്ഞാനമാണ്. ജന നാൽത്തന്നെ അത്തരം അഭിരുചികൾ ഇല്ലാതെ യോഗമാർഗ്ഗത്തിൽ പകുതി സഞ്ചരിച്ചവ രാണ് ആ കല്യാണജന്മത്താൽ തങ്ങളുടെ താല്പര്യം രതി ഇഛ, ശ്രദ്ധ എന്നിവയെല്ലാം അതീന്ദ്രിയമായി ആത്മവിഷയത്തിലൂന്നിയ ശ്രദ്ധധാനന്മാരായി യോഗികളായി ഭവിക്കു ന്നത്. അങ്ങനെയുള്ള വിവേകാർത്ഥികളിൽ വീര്യം ജനിക്കുന്നു.

സ്മൃതി എന്നാൽ വീര്യത്തിൽ നിന്നു ജനിക്കുന്ന അനാകുലവും അവിഛിന്നവു മായ ധ്യാനം തന്നെ. യോഗാംഗങ്ങളിൽ ധ്യാനവും സമാധിയുമുണ്ട്. ദിനംപ്രതി യമനിയ മാദിനിഷ്ഠകളോടെ ശ്രദ്ധാപൂർവ്വം വീര്യധാരണം ചെയ്താണ് സ്മൃതിയെ ഏകാഗ്രധ്യാ നമാക്കി ചിത്തവൃത്തിനിരോധത്താൽ സമാധി അനുഭവിക്കുന്നത്. അഖിലയോഗാംഗസ മ്പന്നർക്കാണ് സമാഹിതചിത്തമായ സമാധി അനുഭവം. പ്രജ്ഞ കൊണ്ട് ആനന്ദവും ഉണ്ടാവുന്നു ആഗ്യം സമ്പ്രജ്ഞാതം പന്നെ അസംപ്രജ്ഞാതം എന്ന ക്രമത്തിൽ സമാധി ഉണ്ടാവുന്നു. അതിന്റെ അഭ്യാസം കൊണ്ട് അതാതിന്റെ ഭൂമിക പ്രാപ്തമാകുന്നു അതിലും വൈരാഗ്യം വരണം. സമ്പ്രജ്ഞാതസമാധിഭൂമികയെ പ്രാപിച്ച് അറിഞ്ഞ് ഉപേക്ഷിക്കാനു ള്ളേ വൈരാഗ്യമുണ്ടാവുമ്പോൾ അസംപ്രജ്ഞാതസമാധി. അതുമാത്രമാണ് കൈവല്യ ഹേതു. സത്വപുരുഷാന്യഥാഖ്യാതി നേരത്തെ നിരോധിച്ച ചിത്തത്തിൽ അഖിലകാര്യ കാരണങ്ങളാൽ ചരിതാർത്ഥ്യം അധികാരം എന്നിവ ജനിപ്പിക്കുന്നു.

21. പതഞ്ജലി:- തീവ്രസംവേഗാനാമാസന്ന

22. പതഞ്ജലി:- മൃദുധ്യമാധിമാത്രന്യാത്തതോ അപി വിശേഷ:

വ്യാസ:- അവ നവയോഗികൾക്ക് മൃദു, മദ്ധ്യമം അതിമാത്രമെന്ന ഉപായങ്ങളായി ഭവിക്കുന്നു. മൃദുപായം മധ്യമോപായം അധിമാത്രോപായം എന്ന ത്രിവിധം. അതിനെത്തന്നെ മൃദുസസംവേഗം മധ്യസംവേഗം തീവ്രസംവേഗം എന്നും പറയും. മധ്യോപായം എങ്ങനെയോ അങ്ങനെയിരിക്കും. അധിമാത്രോപായം അധിമാത്രോപായം തീവ്രവേഗത്താൽ സമാധിയെ വേഗത്തിൽ പ്രാപ്തമാക്കുന്നു. സമാധിലാഭമെന്നാൽ സമാധിഫലം തന്നെ. മൃദുമധ്യാമാദികൾക്ക് അവയുടെ ചേർച്ചയിൽ സവിശേഷമായി മറ്റുതരവേഗങ്ങളും ഉണ്ട്. മൃദുതീവ്രം. മധ്യതീവ്രം. അധിമാത്രതീവ്രം എന്ന്. ഇങ്ങനെയുള്ള വിശേഷങ്ങൾ (മൃദുതീവ്രസംവേഗത്താൽ മധ്യതീവ്രം. മധ്യതീവ്രസംവേഗത്താൽ അധിമാത്രതീവ്രസംവേഗം) തീവ്രസംവേഗം കൊണ്ട് ആസന്നതമമായ സമാധിലാഭം അഥവാ സമാധിഫലം.

വാചസ്പതി:- ശ്രദ്ധാദികളാൽ വേഗാദികൾ വേഗാദികൾ കൊണ്ട് സമാധിയും അതിന്റെ ഫലങ്ങളും എന്തുകൊണ്ടാണ് ചിത്സിദ്ധി ദൃശ്യമാകുന്നത്. ഏതു ചിത്തത്തിലാണ് ചിരേണസിദ്ധി എന്താണ് ചിരതരസിദ്ധി എന്ത് ക്ഷിപ്രമായ ചിത്തം ഈ ചോദ്യങ്ങൾക്ക് ഉത്തരം ഉപായങ്ങളായ ശ്രദ്ധാദികൾ മൃദു മദ്ധ്യം, അധിമാത്രം. എന്ന് പ്രാഗ്ഭവത്തിലെ സംസ്കാരം. അദൃഷ്ടം ഇവയാലുണ്ടാവുന്നു. ഈ വേഗമനുസരിച്ചാണ് വൈരാഗ്യവും സമാധിയുമുണ്ടാവുന്നത്. തീവ്രസംവേഗം കൊണ്ട് സമാധി വേഗം പ്രാപ്തമാകും. മറ്റെല്ലാം വ്യാസഭാഷ്യത്തിൽ പറഞ്ഞത് വ്യക്തം.

23. പതഞ്ജലി:- ഈശ്വരപ്രണിധാനാദ്വാ.

വ്യാസ:- ഇപ്രകാരം സമാധി ആസന്നതരമാവാൻ വേഗം ലഭിക്കാനായി ഒരുപായം പറയുന്നു. ഈശ്വരപ്രണിധാനം പ്രണിധാനമെന്നാൽ ഭക്തിവിശേഷം. അതിനാലാകൃഷ്ടമായ ഈശ്വരൻ അനുഗ്രഹിക്കുന്നു. നാമശ്രവണമാത്രയിൽ ധ്യാനമാത്രയിൽ ഇപ്രകാരം ആകർഷണാനുഗ്രഹത്താൽ അതിവേഗം ധ്യാനസമാധി നേടാം. അതിനേക്കാൾ അഭിധ്യാനമില്ലാത്ത ഈശ്വരകേന്ദ്രീകൃതമായ അവസ്ഥ.

സുവർണ്ണ:- സദാ ആകർഷിക്കപ്പെട്ട് സദാ മുന്നിൽ ദർശിച്ച് സദാ അനുഗ്രഹിക്കപ്പെട്ട ഈശ്വരസാന്നിദ്ധ്യം സദാ അനുഭവിക്കുന്ന അവസ്ഥ. ബാലാമണിയമ്മ എഴുതിയതുപോലെ. കണ്ണുമറ്റൊന്നിലൂന്നാത്തോരെല്ലാം കണ്ണനെക്കണ്ടറിയുന്നു എന്ന അവസ്ഥ. ഈശ്വരഭക്തി ഇവിടെ യോഗത്തിന്റെ അത്യുത്തമമായ ചിത്തവത്തിനിരോധവും ഈശ്വരനിൽ മാത്രം പരമമായ ശ്രദ്ധ ഊന്നലുമാണെന്ന് ശ്രദ്ധിക്കണം. യോഗമാർഗ്ഗം ഭക്തിമാർഗ്ഗമാണെന്നും മനസ്സിലാക്കണം.

24. പതഞ്ജലി:- ക്ലേശകർമ്മവിപാകാശയൈരപരാമൃഷ്ട:- പുരുഷവിശേഷ ഈശ്വര:

വ്യാസ:- പ്രധാനപുരുഷനിൽ നിന്ന് വ്യതിരിക്തമായ ഈശ്വരനെന്ന നാമം എന്ത് അതിന്നുത്തരം. അവിദ്യാമയമാണ് ക്ലേശങ്ങൾ, കർമ്മങ്ങൾ, കുശലങ്ങൾ, അകുശലങ്ങൾ അവയുടെയെല്ലാം ഫലം വിപാകം. അവയ്ക്കനുഗുണമായ വാസനകൾ, ആശയങ്ങൾ വർത്തമാനപുരുഷന്റെ മനസ്സിൽ ഇവ ഏതെല്ലാം വ്യപദേശിക്കപ്പെട്ടുവോ അവയുടെ ഫലങ്ങളെല്ലാം അവൻ ഭുജിക്കുന്നു. ജയത്തിനും വർത്തമാനപുരുഷൻ തന്നെ. എന്നാൽ ക്ലേശകർമ്മവിപാകാശയങ്ങളാലൊന്നും പരാമൃഷ്ടമാകാത്ത അവക്തതീതനായ പുരുഷവിശേഷമാണ് ഈശ്വരന്. മൂന്നു ബന്ധനങ്ങൾ ഛേദിച്ച് പ്രാപിച് കേവലികൾ മുമ്പ് പേരു

ണ്ടായിട്ടുണ്ട്. ഈശ്വരൻ വർത്തമാനം ഭൂതം ഭാവി എന്ന് കാലത്തോടു സംബന്ധമില്ല. മുക്തൻ പൂർവ്വകാലത്തെ ബന്ധകോടികൾ എപ്രകാരമോ പ്രജ്ഞയിൽ തെളിയുന്നത്. ഇപ്രകാരമാണ് ഈശ്വരനും പ്രകൃതിലയന്മാർക്ക് ബന്ധകോടികൾ സംഭവിക്കാം. ഈശ്വരൻ സദാ മുക്തനാണ്. സദാ യോഗിയാണ് ഈശ്വരനെന്നർത്ഥം. പ്രകൃഷ്ടസത്വോപാദനത്താൽ ഈശ്വരൻ ഈശ്വരൻ ശാശ്വതികോത്കൃഷ്ടം സംഭവിക്കുകയാണോ അതോ സ്വയം നിർനിമിത്തമാണോ. അതിന് ശാസ്ത്രമാണ് നിമിത്തം. എങ്കിൽ ശാസ്ത്രത്തിന്റെ കാരണം നിമിത്തം എന്ത് പ്രകൃഷ്ടസത്വമാണ് ശാസ്ത്രത്തിന്റെ കാരണം ശാസ്ത്രോത്കർഷത്താൽ ഈശ്വരസത്വത്തിൽ വർത്തമാനത്തോട് അനാദിസംബന്ധം (കാലരഹിതം) ആണുള്ളത്. അതിനാലാണ് സദാ മുക്തമെന്ന് പറഞ്ഞത്. കാലദേശവിനിർമുക്തമാണ്. ഈശ്വരൻ ഈശ്വരന്റെ ഐശ്വര്യം സാമ്യാതിശയവിനിർമുക്തമാണ്. അതിനെ അതിശയിക്കുന്ന മറ്റൊരൈശ്വര്യമില്ല. ഐശ്വര്യത്തിൽ പരമകാഷ്ഠാപ്രാപ്തിയതിനാലാണ് ഈശ്വരനാമം. ഇപ്രകാരമുള്ള പുരുഷവിശേഷത്തെയാണ് (ജീവാത്മാവായ വർത്തമാന പുരുഷനെയല്ല) പ്രണിധാനം ചെയ്യുന്നത്.

വാചസ്പതി:- വിശ്വം ചേതനങ്ങളും അചേതനങ്ങളും ചേർന്നതാണ്. ഈശ്വരൻ ചേതനയാണ്. അതാണ് പ്രധാനം. പ്രധാനവികാരങ്ങളേക്കാളെല്ലാം പ്രധാനമായ ചേതന. എല്ലാ പ്രധാനവികാരങ്ങൾക്കും മദ്ധ്യസ്ഥിതമായ കേന്ദ്രസ്ഥിതമായ ചേതന. അതിനാലതിന്റെ ആവർജ്ജനം അചേതനത്വമാണ്.

സുവർണ്ണ:- ഏറ്റവും പുറത്തെ വീഥിയിൽ അനക്കമില്ലാത്ത (ഫിക്സഡ് സ്റ്റാർസ്) നക്ഷത്രങ്ങളുടെ ഇനർഷ്യ അഥവാ സ്ഥിതിശീലമുള്ള പ്രപഞ്ചം. അതിനുള്ള താഴെയുള്ള വീഥിയിൽ ചലിക്കുന്ന ഗ്രഹോപഗ്രഹങ്ങളുടെ പ്രപഞ്ചം. ഭൂമിയിലെ മനുഷ്യന് ഗ്രഹവ്യൂഹവീഥിയിലുള്ളവ ഗതിശീലവും പുറത്തെ നക്ഷത്രവീഥിയിലുള്ളവ നിരയനവുമാണെന്ന് തോന്നും ഭൂമി ചലിക്കുന്ന ഗ്രഹമാണെങ്കിലും അതിനെ കേന്ദ്രമാക്കി അതിലിരുന്നുനോക്കുന്നവന് അത് ചലിക്കാത്തതെന്ന പ്രതീതി തോന്നുന്നു അങ്ങനെ ഭൂമിയിലിരിക്കുന്ന മനുഷ്യന് നക്ഷത്രവീഥിയിൽ സ്ഥിരതാരവ്യൂഹവും ഭൂമിയും സ്ഥിരമാണെന്ന് തോന്നലുണ്ട് അതിന്നാലാണ് ഭൂമിയെ ഗതിശീലമില്ലാത്ത കേന്ദ്രബിന്ദുവായി സങ്കല്പിച്ചുകൊണ്ടുള്ള ജ്യോതിശാസ്ത്രത്തിന് പ്രസക്തി. ഏറ്റവും പുറത്തെ മണ്ഡലവും ഏറ്റവും അകത്തെ ഭൂമണ്ഡലവും ഇനർഷ്യയിലാണ് അഥവാ ഒരു കോ-ഓർഡിനേറ്റ് സിസ്റ്റമാണ്. അതിനാൽ അവയിലൊന്ന് നിശ്ചലമെങ്കിൽ നിശ്ചലം. ഗതിശീലമെങ്കിൽ മറ്റേതും ഗതിശീലം. ഈ കോ-ഓർഡിനേറ്റ് സിസ്റ്റം നിയമമനുസരിച്ചാണ് ഈശ്വരൻ ഒരേ സമയം ചേതനവും അചേതനവുമാണെന്നും എല്ലാറ്റിലും നിറഞ്ഞുനിൽക്കുന്നത് ആ ഒരേഒരൂർജ്ജശക്തിയാണെന്നും കാണേണ്ടത്.



വാചസ്പതി:- ഏറ്റവും പ്രധാനചേതന (ഊർജ്ജം) ആണെങ്കിലും അത് അസംസാരിതയാൽ ചിതിശക്തിയിൽ ഔദാസീന്യതയോടെ ഇരിക്കുന്നു. അസ്മിതാദികളുടെ വിരഹത്താൽ (അഭാവത്താൽ) അതിനെ എങ്ങനെ ആവർജ്ജനം ചെയ്യും. എങ്ങനെ അഭിധ്യാനം ചെയ്യും എന്ന പ്രയാസം നേരിടും.

ക്ലേശകർമ്മവിപാകാശയങ്ങളാൽ അപരാമൃഷ്ടമായ പുരുഷവിശേഷമാണ് ഈശ്വരനെന്ന് പറഞ്ഞു. അവിദ്യാദികളായ ക്ലേശങ്ങൾ സാംസ്കാരികങ്ങളായ വിവിധദുഃഖങ്ങളാൽ പ്രഹരിച്ച് ക്ലേശമനുഭവിപ്പിക്കുന്നവയാണ്. അവയില്ലാത്തവനാണ് ഈശ്വരപുരുഷനെന്ന് യോഗിലക്ഷണം പറയുന്നു. ധർമ്മാധർമ്മങ്ങളിൽ കുശലം അകുശലം എന്നിവ പറഞ്ഞു. കർമ്മം കൊണ്ട് അതാതു ജാതികളായ പ്രാണികൾക്ക് ഉണ്ടാവുന്ന ആയുർഭോഗം വിപാകം. വിപാകാനുഭവഗുണമായ വാസനകളാണ്. ചിത്തത്തിലുണ്ടാവുക. കരഭജാതിയിൽ ജനിച്ചാൽ ആ ജാതിക്കനുഗുണമായ അനുരൂപമായ വാസന ഭോഗമെന്നിവ മനുഷ്യജാതിയിലെങ്കിൽ അതിന്നനുഗുണമായത്. ഇപ്രകാരമുള്ള കർമ്മം വിപാകം ക്ലേശം അവയ്ക്കുള്ള ബുദ്ധിധർമ്മവും ഒന്നുമേ ഈശ്വരനിലില്ല. ഈ ലക്ഷണം വെച്ച് വർത്തമാനകാലത്ത് സംസാരികജീവിതക്കാലത്ത് ജീവിച്ചിരിക്കുന്ന യോഗിപുരുഷന്മാരെ നമുക്ക് വ്യപദേശിച്ചറിയാം. ഇത്തരം യോഗിപുരുഷന്മാരിൽ വെച്ച് പ്രഥമവും പ്രധാനവും സർവ്വകാലവർത്തിയും കാലദേശഭേദമില്ലാത്ത സർവ്വവ്യാപിയുമാണ് ഈശ്വര പുരുഷൻ. എല്ലായോഗികൾക്കും നടുനായകമായി. കേന്ദ്രസ്ഥിതമായിരിക്കുന്ന സവിശേഷപുരുഷൻ, പുരുഷാന്തരങ്ങളിലും മാറ്റമില്ലാതെ ചലനമില്ലാതെ ഇരിക്കുന്ന് പരമാർത്ഥസത്ത നിത്യകൈവല്യപ്രാപ്തി കൊണ്ട് സവിശേഷപദം ദർശിക്കണം. പ്രകൃതിലയർക്ക് പ്രാകൃതബന്ധമുണ്ട്. വിദേഹലയർക്ക് വൈകാരിബന്ധമുണ്ട്. ദിവ്യാദിവിഷയഭോഗങ്ങൾ ഭുജിക്കുന്ന ദേവന്മാർക്ക് ദക്ഷിണം ഉത്തരം മുതലായ ദിക്ബന്ധം ഉണ്ട്. ഈ മൂന്നു ബന്ധവും ഈശ്വരനില്ല. സംസ്കൃതമനസ്കനായി പ്രകൃതിയിൽ ലയിച്ചവൻ ദേഹപാതാനന്തരം പണ്ടത്തെ ബന്ധകോടികൾ പ്രജ്ഞയിൽ ഓർക്കുന്നു. വരാനുള്ള ബന്ധകോടികൾ അറിയുന്നു. ഇവിടെ പൂർവ്വപരകോടികളുടെ ജ്ഞാനം രണ്ടിനേയും നിഷേധിച്ച് ത്രികാലജ്ഞാനിയെ ബന്ധമുക്തനാക്കുന്നു. സർവ്വവിമുക്തി നേടിയവനെ മാത്രമേ ഈശ്വരനെന്ന വിളിക്കാനാവൂ. ജ്ഞാനക്രിയാശക്തിയാണ് സമ്പത്തായി ഐശ്വര്യമായി ദർശിക്കപ്പെടുന്നത്.

അതെങ്ങനെ രജസ്തമോരഹിതമായ സത്വഗുണാശ്രിതമായ വിശുദ്ധചിത്തത്തിലാണ് അപരിണാമിനിയായ ചിഛക്തി ജ്ഞാനക്രിയയായി ഭവിക്കുന്നത്. സദാ മുക്തമായഈശ്വരനിൽ സദാ ചിത്തസത്വസമുക്തർഷത്താൽ സദാ സ്വസ്വാമിഭാവം വിദ്യാപ്രഭവത്തോടെ ഉണ്ടാവുന്നു. ഈ സ്വസാമിഭാവം പ്രകൃഷ്ടസത്വോപാദനമാണ്. ഇതിന്റെ ശക്തിയാലാണ് താപത്രയങ്ങളാൽ ചുറ്റപ്പെട്ട് സംസാരമഹാർണ്ണവത്തിലലയുന്ന ജന്തുക്കളെ ഈശ്വരന് ജ്ഞാന ധർമ്മോപദേശത്താൽ സമുദ്ധരിക്കുന്നത്. അന്തരംഗത്തിൽ അതിശയകരമായ ജ്ഞാനക്രിയാസാമർത്ഥ്യം ഉണ്ടെങ്കിൽ മാത്രമേ ജ്ഞാനോപദേശം സാധിക്കയുള്ളൂ. രജസ്തമോമലരഹിതമായ വിശുദ്ധസത്വോപാദനം കൂടാതെ സത്വപ്രകർഷമില്ല, ജ്ഞാനോപദേശം സാധിക്കയുള്ളൂ. രജസ്തമോമലരഹിതമായ വിശുദ്ധസത്വോപാദനം കൂടാതെ സത്വപ്രകർഷണമില്ല. ജ്ഞാനക്രിയാശക്തിയുമില്ല. ഉദ്ധരിക്കാനാവുന്ന ഐശ്വര്യവിഭൂതികളുമില്ല. അതിനാൽ സർവ്വൈശ്വര്യവാനായ ഈശ്വരനാമം ജ്ഞാനക്രിയാശക്തിയാലാണ് സിദ്ധിക്കുന്നത്. ഈ അന്യോന്യാശ്രയത്വം ശാശ്വതികമാണ് താനും. അനാദിയായി സർഗ്ഗ

സംഹാരപ്രബന്ധത്തിൽ സർഗ്ഗാന്തരങ്ങളിൽ സമുത്പന്നമായി സമ്പൂർണ്ണമായി നിത്യമായി സത്യപ്രകർഷമായിരിക്കുന്ന തത്വത്തെയാണ് ഇവിടെ ഈശ്വരനെന്ന് പ്രണിധാനം ചെയ്തത്. അതിനെ പ്രണിധാനം ചെയ്ത് ആ പ്രധാനചിത്തസത്വത്തോട് വർത്തമാനകാലത്തെ ജീവാത്മാവിന്റെ (യോഗി) ചിത്തം സാമ്യം (താദാത്മ്യം) പ്രാപിക്കുന്നു എങ്ങനെയെന്നാൽ ചൈത്രത്തിലെ അശ്വിയിൽ പ്രഭാതത്തിലുണർന്ന് ഇത് ഞാനാണ് എന്ന് പ്രണിധാനം ചെയ്യുന്ന സുപ്തനിൽ പ്രണിധാനസംസ്കാരത്താലാണ് ദൈവം ഉത്തിഷ്ഠമാകുന്നത്. അതുപോലെ അനാദിത്വത്താൽ ഈശ്വരപ്രണിധാനസത്യോപാദനങ്ങളിൽ അന്യോന്യസംശ്രയം ശാശ്വതമാണത്. ഈശ്വരന്റെ ചിത്തസത്വം മഹാപ്രളയത്തിൽ പ്രകൃതിസാമ്യമായിരിക്കുന്നു എന്ന് വാച്യാർത്ഥം. എങ്കിലും അപ്പോൾപ്പോലും അതിന്റെ പ്രാധാനികമായ ചിതിശക്തിയിൽ അജ്ഞത്വം. വിസ്മൃതി മുതലായ അവിദ്യകളൊന്നുമേ ഇല്ല. പ്രകൃതിശക്തിയോട് ചേർന്നിരിക്കുമ്പോളും അതിന് ജ്ഞാനൈശ്വര്യത്തിൽ ഏറ്റക്കുറവില്ല. പ്രളയശേഷം യുഗാദിയിൽ സോയമീദൃശ ഈശ്വരസ്യ ആശ്വതിക ഉത്കർഷ(ഇത് ഞാനാണ് ഇപ്രകാരമുള്ള ഈശ്വരനാണ്) എന്ന് ആശ്വതികനായി വീണ്ടും ഉണരുന്നു. സനിമിത്തമോ സപ്രാമാണികമോ നിർനിമിത്തമോ നിഷ്പ്രാമാണികമോ ഈശ്വരനെന്ന ചോദ്യത്തിനുത്തരം അതിന് നിമിത്തം ശാസ്ത്രം എന്നാണ്.

ശാസ്ത്രം എന്നാലെന്ത്. ശ്രുതി സ്മൃതി ഇതിഹാസ പുരാണാദികളാണ് ശാസ്ത്രം. ശാസ്ത്രത്തിനെന്തു നിമിത്തം. പ്രത്യക്ഷാനുമാനപൂർവ്വകമായ ശാസ്ത്രം ഈശ്വരന്റെ സത്വപ്രകർഷത്തിന്റെ പ്രതിബിംബമാണ്. സത്വപ്രകർഷമില്ലാതെ ചിത്പ്രത്യക്ഷമോ അനുമാനമോ സാധിക്കില്ല. അതിനാൽ ശാസ്ത്രം തന്നെയാണ് ഈശ്വരന്റെ പ്രത്യക്ഷപ്രഭവമെന്നത് യുക്തമാണ്. പ്രകൃഷ്ടസത്വനിമിത്തമായിട്ടാണ് ജ്ഞാനശക്തിയുടെ ഐശ്വര്യം പ്രകാശികമാവുന്നത്, മന്ത്രം, ആയുർവ്വേദം എന്നിവകളിൽ പ്രവർത്തിക്കുന്നവർക്കു കൂടി അവരുടെ പ്രവൃത്തിസാമാർത്ഥ്യം അതുകൊണ്ടുണ്ടായ ധനാദി ഐശ്വര്യം എന്നിവ ജ്ഞാനശക്തികൊണ്ടാണ് ലഭിക്കുന്നത്. അനേകം ഔഷധിഭേദങ്ങൾ, അവയുടെ സംയോഗവിശേഷങ്ങൾ അനേകം മന്ത്രങ്ങൾ അതാതിന്റെ വർണ്ണങ്ങൾ അവയെ ഉദ്ധരിക്കാൻ ആയിരം മാർഗ്ഗങ്ങളെ പുരുഷായുസ്സിൽ ലൗകീകപ്രമാണവ്യവഹാരങ്ങൾക്ക് ശക്തിയും കർതൃത്വവും അന്വയവും വ്യതിരേകവും സാധിപ്പിക്കുന്ന ജ്ഞാനശക്തി. അന്വയവ്യതിരേകങ്ങളാൽ അനാദിയായി തുടർന്നുപോകുന്ന സന്ധാനവും മഹാപ്രളയത്തിൽപ്പോലും വിഛേദിച്ചുപോകാതെ തുടരുന്ന സന്താനപരമ്പരയും ഇവയിലൊക്കെ ഈശ്വരന്റെ ഭാവത്തിൽ പ്രമാണാഭാവം ഉണ്ട്. പ്രധാനവികാരത്തോട് അഭിന്നമാണ് ജഗത്തെന്ന് ഇവ പ്രതിപാദിക്കുന്നു സദൃശപരിണാമവും വിസദൃശപരിണാമവും ലോകത്തിൽ കാണുന്നു. ക്ഷീരത്തിൽ നിന്ന് ദധി, ഇക്ഷൂരസത്തിൽ നിന്ന് ഗുഡം എന്ന പോലെ വിസദൃശപരിണാമത്തിന് പൂർവ്വമായിട്ടാണ് സദൃശപരിണാമത കാണുന്നത്. പ്രധാനത്തിൽ നിന്ന് മഹത്ത് അഹങ്കാരം മുതലായ വിസദൃശപരിണാമങ്ങൾക്ക് മുമ്പ് സദൃശപരിണാമം ഉണ്ടായിട്ടുണ്ടാവണം. സദൃശപരിണാമത്തിലാണ് സാമ്യാവസ്ഥ മഹാപ്രലയത്തിൽ നാം അത് കാണുന്നു. എപ്രകാരം മന്ത്രായുർവ്വേദപ്രണയനത്താൽ സാമ്യാവസ്ഥ നേടുന്നുവോ അതുപോലെ രജസ്തമോമലാവരണങ്ങൾ ഉപേക്ഷിച്ച് ബുദ്ധിസ്വപ്രകർഷം കൊണ്ട് മാത്രം പ്രദ്യോതമാനമായി പ്രലയത്തിൽ ഭഗവദ്ചൈതന്യം സ്വപ്രകൃതിശക്തിയോട് സാമ്യാവസ്ഥയിലിരിക്കുന്നു. സത്വോത്കർഷത്തിൽ രജസ്തമസ്സുകൾ പ്രഭവിക്കുന്നില്ല. ഭ്രമണമോ വിപ്ര

ലംമോ (വിരഹം) ഇല്ല. അപ്രകാരം പ്രകൃഷ്ടസത്വനിമിത്തമായി ശാസ്ത്രം ഭവിക്കുന്നു പൂർണ്ണജ്ഞാനം തന്നെ ഈശ്വരൻ. അതിന്റെ പ്രകാശനം ശാസ്ത്രം ശാസ്ത്രം പ്രകർഷത്തെ ബോധിപ്പിക്കുന്നു. ത്യാഗം സംഭവിക്കുന്നു അനാദിവാച്യവാചകഭാവ സംബന്ധം കൊണ്ടാണ് ബോധനം നടക്കുന്നത്. ബുദ്ധിസത്വമായ ഈശ്വരനിൽ പ്രകർഷം വർത്തിക്കുന്നു. അതിന്റെ വാചകത്വമായ ശാസ്ത്രവും ഈശ്വരനിൽത്തന്നെ വർത്തിക്കുന്നു. (വാച്യവും വാചകവും) ഈശ്വരബുദ്ധിസത്വപ്രകർഷവാചകമാണ് ശാസ്ത്രം. ഇതിനെ അറിയുന്നവനാണ് സദാ മുക്തൻ ലക്ഷണം കൊണ്ട് സദാ മുക്തനായ ഈശ്വരനിൽ ശാസ്ത്രം ഇരിക്കുന്നു. അതിനാൽ എത്ര പുരുഷാന്തരം കഴിഞ്ഞാലും ശാസ്ത്രജ്ഞാനം വ്യവഛേദിക്കപ്പെടുന്നില്ല. വീണ്ടും വീണ്ടും മനുഷ്യപരമ്പരകളിൽ ജനിക്ക്ന്നു. ഈ അതിശയവിനിർമുക്തിയിൽ ശാസ്ത്രം അനാദിയായ ഈശ്വരനും അനാദിയായ പ്രകൃതിക്കും സമാനമാണ്. ന്യൂനത്വവും ആനൂനത്വവും ശാസ്ത്രത്തിന്റേയോ ഈശ്വരന്റേയോ അല്ല. വിരുദ്ധധർമ്മങ്ങളെ ഒന്നിച്ച് ആലിംഗനം ചെയ്യുന്ന ദ്വന്ദ്വസ്വഭാവം കൊണ്ടാണ് കാര്യമായ പ്രപഞ്ചം ഉണ്ടായത്. ആ ദ്വന്ദ്വസ്വഭാവത്താലാണ് ഭേദം തോന്നുന്നത്. ഈശ്വരനിൽ ഏകവും പ്രധാനവും ജ്ഞാനി (യോഗി) മദ്ധ്യസ്ഥിതവും സർവ്വസംശയഛേദകാരണവും സ്വപ്രകാശവുമായ ജ്ഞാനം നിത്യമാണ്. നിത്യമായ അതിനെ ഓരോരോ കാലത്തും യോഗികൾ പര്യയയോഗത്താൽ വീണ്ടും വീണ്ടും കണ്ടെത്തുന്നു. കല്പനകളാൽ ആ പ്രകാശത്തെ സ്വപ്രസംഗം എന്ന് വിചാരിക്കുന്നു. ഇതിന്റെ പേരാണ് ശാസ്ത്രം.

25. പതഞ്ജലി:- തത്രനിരതിശയം സർവ്വജ്ഞബീജം

വ്യാസ:- അതീതകാലങ്ങളിൽ നിന്നുവന്ന് എന്നും പ്രത്യുത്പന്നമായി പ്രത്യേകസമുച്ചയമായി അല്പവും ബഹുവുമായി അതീന്ദ്രിയഗ്രഹണത്താൽ ഏതൊന്ന് ദ്വിവർദ്ധമാനമായിരിക്കുന്നുവോ. അതാണ് സർവ്വജ്ഞബീജത്തിൽ നിന്ന് സർവ്വജ്ഞമായി വികസ്വരമാകുന്നത്. സർവ്വജ്ഞബീജത്തിന് അതിശയത്വം. പരിമാണം ഇവകളാൽ കാഷ്ഠാപ്രാപ്തി ഉണ്ട് (അസ്തി) അങ്ങനെ ജ്ഞാനം കാഷ്ഠാപ്രാപ്തിയിലെത്തിയ വ്യക്തി സർവ്വജ്ഞനാണ്, ആ സർവ്വജ്ഞനെയാണ് പുരുഷവിശേഷമെന്ന് അറിയുന്നത്. സാമാന്യമാത്രങ്ങളുടെ ഉപസംഹാരത്തിൽ അനുമാനം വിശേഷപ്രതിപത്തിയിൽ സമർത്ഥമാകുന്നു. ആഗമങ്ങളിൽ ഇപ്രകാരം അതിവിശേഷപ്രതിപത്തി ജനിച്ച് അതിൽ പര്യന്വേഷണം നടത്തുക എന്നാണ് ഈ സംജ്ഞയുടെ അർത്ഥം. അത് ആത്മാനുഗ്രഹപരവും ഭൂതാനുഗ്രഹപ്രയോജനകരവും ആയി ഭവിക്കുന്നു.

സുവർണ്ണ:- അസ്തി (ഉണ്മ, ഉണ്ട്) എന്ന ഉറപ്പോടെ ആ സത്യം കണ്ടെത്താനുള്ള അന്വേഷണം പഞ്ചഭൂതപ്രപഞ്ചത്തേയും ആത്മാവിനേയും അറിയുന്നതിന് സഹായിക്കുന്നു. അത് ശാസ്ത്രമെന്ന് അറിയുന്നു. ഉണ്ട് എന്ന സപ്പോസിഷൻ സത്യന്വേഷണത്തിന് ആവശ്യമാണ്. ഇല്ല എന്ന് വിചാരിച്ചാൽ പിന്നെ ഒന്നിനേയും അന്വേഷിക്കില്ല. കണ്ടെത്തുകയുമില്ല.

വ്യാസ:- ജ്ഞാനധർമ്മോപദേശത്താൽ കല്പപ്രലയ മഹാപ്രലയങ്ങളിൽ നിന്ന് സംസാരികളെ പുരുഷന് ഉദ്ധരിക്കുന്നു. ആദിവിദ്യയെ നിർമ്മിച്ച നിർമ്മാണചിത്തത്തിൽ അധിഷ്ഠിതമായ കാരുണ്യത്താൽ ഭഗവാൻ പരമർഷി ആസുരിക്ക് ജിജ്ഞാസയുണ്ടാക്കുന്ന തന്ത്രം പറഞ്ഞുകൊടുത്തതെങ്ങനെയോ അതുപോലെ.

വാചസ്പതി:- ഇപ്രകാരമുള്ള ക്രിയാശക്തികളാൽ ശാസ്ത്രം പ്രമാണത്തെ ഗ്രഹിച്ച് ജ്ഞാനശക്തിയാൽ അനുമാനം പ്രമാണമെന്ന് അറിയുന്നു. എങ്ങനെ ബുദ്ധിസത്വത്തെ ആവരണം ചെയ്ത തമസ്സിന്റെ താരതമ്യത്താൽ അതീതങ്ങളിൽ നിന്ന് വന്ന പ്രത്യുത്പന്നമായ പ്രത്യേകസമുച്ചയങ്ങളെ വർത്തമാനത്തിൽ നിന്ന് അതീതമായ അതിന്ദ്രീയങ്ങളെ ഗ്രഹണം. അവയുടെ വിശേഷണമായ അല്പം ബഹു ഇവയ്ക്ക് കാരണം സർവ്വജ്ഞ ബീജമെന്ന് അറിയൽ ഈ അതീതഗ്രഹണത്താൽ തന്നെ ഇനി ഏറ്റവും ഉത്തമവും ഗ്രാഹ്യാപേക്ഷയാൽ അറിയാനാവുന്നു. ഗ്രഹണത്തിന്റെ അല്പത്വവും ബഹുത്വവും കൃതമാണ്. (നമ്മുടെ കർമ്മമനുസരിച്ചിരിക്കും) ദിനംപ്രതി വിവർദ്ധമാനമായി നിഷ്ക്രാന്തമായി അതിശയകരമായതാണ് സർവ്വജ്ഞത്വം. അത് മാത്രമേ കഥിതമായ ഒരു പ്രമേയമുള്ളൂ. അതിന്റെ പ്രമാണമോ സർവ്വജ്ഞ ബീജത്തിന് കാഷ്ഠാപ്രാപ്തിയാണ് നിർദ്ദേശം. കാഷ്ഠ നിരതിശയത്വം അതിൽപരമൊരതിശയമില്ല എന്ന സ്ഥിതി, സിദ്ധസാധനം അവധിയറ്റ് യാത്രയാണിവിടെ. അതിശയത്വം കൊണ്ട് അതിന് സീമയില്ല എന്നത് ഹേതു. അതിശയമുണ്ട് (സാതിശയത്വം) എന്നത് അതിന്റെ നിരതിശയത്വമാണ്. എങ്ങനെയെന്നാൽ കുവളം ആമലകം ബിലം മുതലായ ബീജങ്ങളിൽ അവയുടെ മഹത്വമെന്ന് അതിശയം (സാതിശയത്വം) ആത്മാവിൽ പരിമാണം പോലെ നിരതിശയമെന്ന വ്യാപ്തിയോടെ നാം ദർശിക്കുന്നപോലെ ഇത്രയും ചെറിയ ഒരു വിത്തിൽ ഗരിമ, അവയവങ്ങൾ ഇവയൊന്നും കാണുന്നില്ല. എന്നാലവ അതിൽ പരിമാണം (അളവ്) കൊണ്ട് അവ്യക്തമെങ്കിലും അത് വ്യക്തമാകുമെന്നും നമ്മുക്കറിയാം. അതുപോലെയാണ് പരമാണുവിൽ അന്ത്യാവയവങ്ങളോടു കൂടി വിഭുവായി സർവ്വവസ്തുക്കളോടും ഗരിമയോടും കൂടിയ സമാഹൃതപ്രപഞ്ചങ്ങളെല്ലാം അടങ്ങിയിരിക്കുന്നത്. ജ്ഞാനം ഇനിയൊന്നറിയാനില്ല. ഇനിയൊരു ജ്ഞേയമില്ല എന്ന് സമാപിക്കുന്നതുവരെ ഏകം ദ്വി എന്ന് ബഹുവിഷയങ്ങളോടു കൂടിയ സാതിശയപ്രപഞ്ചമായും അതിന്റെ പരമകാഷ്ഠയായ നിരതിശജ്ഞാനപുരുഷനായും സർവ്വജ്ഞബീജത്തിലുണ്ട്. ആ പരമകാഷ്ഠയിൽ അനേകം തീർത്ഥങ്കരന്മാരും ബുദ്ധന്മാരും അർഹതരും കപിലരും എത്തിയിട്ടുണ്ടെന്ന് നാം അറിയുന്നു. ഈ സർവ്വജ്ഞരെല്ലാം നമ്മുടെ അനുമാനമാണ്. ഭവിച്ചവരല്ല എന്ന് സാമാന്യമായി വേണമെങ്കിൽ പറഞ്ഞ് വാദിക്കാം. അവർ വിശേഷപ്രതിപത്തി ജനിച്ച അന്വേഷകരായിരുന്നു വെന്നും ഗ്രഹിക്കാം ബുദ്ധിയാൽ പ്രണീതമായ ഈ ആഗമാഭാസങ്ങളെ ത്യാഗം ചെയ്യേണ്ടതില്ല. സർവ്വപ്രമാണബാധതങ്ങളായ ക്ഷണികവും നിരാത്മകങ്ങളുമായ മാർഗ്ഗോപദേശകത്വത്താൽ വിപ്രലംഭകത്വം (സത്യത്തിൽ നിന്ന് വേർപ്പെടൽ വിരഹം) വരേണ്ടതില്ല എന്ന് ഭാവം. ശ്രുതി സ്മൃതി. ഇതിഹാസപുരാണലക്ഷണാദികളായ ആഗമങ്ങളെ ബുദ്ധികൊണ്ട് നമ്മുടെ അഭ്യുദയനിശ്രേയസോപായങ്ങൾക്കായി വന്നവ(ആഗമാ-ആഗഛന്തി) എന്ന് മനസ്സിലാക്കണം. സംജ്ഞാവിശേഷമെന്നതുകൊണ്ട് ശ്രുത്യാദികളിൽ പ്രസിദ്ധമായ ശിവൻ, മുതലായ സംജ്ഞകൾ ആദിപദത്താൽ സംഗ്രഹിച്ച് പറയുന്നു. അതിനാൽ വായുപുരാണത്തിൽ.

സർവ്വജ്ഞതാതൃപ്തിരനാദിബോധ: സ്വതന്ത്രകാനിത്യമലുപ്തശക്തി:

അഹന്തശക്തിശ്ചവിഭോർവിധിജ്ഞാ: ഷഡാഹുരംഗാനി മഹേശ്വരസ്യ (12.33) എന്നും

ജ്ഞാനം വൈരാഗ്യംമൈശ്വര്യം തപ:സത്യം ക്ഷമാ ധൃതി:
സ്രഷ്ടത്വമാത്മസംബോധോഹ്യധിഷ്ഠാതൃത്വമേവ ച

അവ്യയാനിദശൈതാനിനിത്യം തിഷ്ഠതി ശങ്കരേ (10.55.66) എന്നും ഷഡംഗമായും ദശാംഗമായും ഈശ്വരനെ പറയുന്നു. ഭഗവാൻ നിത്യതൃപ്തനും വൈരാഗ്യാതിശയസ മ്പന്നനുമാണ്. പരമകാരുണികനും ഒരിക്കലും സ്വാർത്ഥതൃഷ്ണജനിക്കാത്തവനുമാണ്. സജ്ജനങ്ങൾക്ക് സുഖൈകതാനമായി കാണുന്നു. ദുഃഖബഹുലജീവലോകജനങ്ങൾക്ക് ആ സുഖം കാണപ്പെടുന്നില്ല. അത് കർമ്മം അഥവാ പ്രവൃത്തിഫലമാണ്. ക്രിയാശക്തി യിൽ ജഗത്ക്രിയാസമർത്ഥമായ ഈശ്വരനെ ആർക്കും അതിശയിക്കാനാവില്ല. എന്നാൽ ഈശ്വരകർമ്മത്തിൽ സ്വാർത്ഥചിന്തയില്ലാത്തതിനാൽ സുഖമേയുള്ളൂ ദുഃഖമില്ല. സാധാ രണജനങ്ങളുടെ കർമ്മത്തിൽ ആത്മാനുഗ്രഹാഭാവം അജ്ഞാനരൂപമായ സ്വാർത്ഥമെന്ന മലമുണ്ടാക്കുന്നതിനാലാണ് ദുഃഖം. ഭൂതങ്ങൾക്കും പ്രാണികൾക്കും അനുഗ്രഹമെന്നതാ ണ് ഈശ്വരന്റെ പ്രയോജനം. ശബ്ദാദിഉപഭോഗവിവേകഖ്യാതിരൂപകാര്യകാരണാദിക ളിൽ നിന്നെല്ലാം ചരിതാർത്ഥമായ ചിത്തം നിവർത്തിക്കുന്നു ആ പുരുഷൻ കേവലപുരു ഷനായി ഭവിക്കുന്നു. ഈ പ്രയോജനത്തിലാണ് കാരുണികന്മാർ വിവേകഖ്യാതി ഉപായ മായി പറയുന്നത്. ജന്തുക്കളുടെ ചരിതാർത്ഥമായ ചിത്തത്തിൽ ഈശ്വരൻ പുണ്യാപു ണ്യസഹായമായി സുഖദുഖവും കൂടാതെ കാരുണ്യമായിരിക്കുന്നു. ജ്ഞാനധർമ്മോപ ദേശം കൊണ്ടാണ് വിവേകഖ്യാത്യുപായകഥനം. ജ്ഞാനവും ധർമ്മവും ജ്ഞാനധർമ്മം അവയുടെ ഉപദേശത്താൽ ജ്ഞാനധർമ്മസമുച്ചയത്താൽ വിവേകഖ്യാതി ലഭിച്ച് അത് കല്പലയത്തിൽ പരിപക്വമാകുന്നു ബ്രഹ്മാവിന്റെ ഒരു ദിവസമവസാനിക്കുമ്പോൾ സത്യലോകമെന്ന വജ്രജഗത്ത് അസ്തമിക്കുന്നു. മഹാപ്രലയത്തിൽ ബ്രഹ്മാവിന്റെ നിധ നത്തിൽ സംസാരികളുടെ സ്വകാരണഗാമിനികളും അതാതിന്റെ മരണദുഃഖപാത്രങ്ങളായ ലക്ഷണങ്ങളും അടക്കം ലയിക്കുന്നു. സ്വാർജ്ജിതകർമ്മപാകവശത്താൽ ജന്മമരണാദി കളുള്ള സംസാരപുരുഷന്മാരെ ഉദ്ധരിക്കുന്നു വീണ്ടും ജനിപ്പിക്കുന്നു. അതുപോലെ കൈവല്യം പ്രാപിച്ച സിദ്ധപുരുഷന്മാരും ഉദ്ധൃതരാവുന്നു. അവതരിക്കുന്നു. ഇവർ കരു ണകൊണ്ട് മാത്രം ജ്ഞാന ധർമ്മോപദേശനമെന്ന ഒറ്റ കർമ്മത്തിനായി ജനിച്ചവരാണ്. കപിലാദിസിദ്ധന്മാരുടെ അവതാരം അങ്ങനെ നടക്കുന്നു. പഞ്ചശിഖാചാര്യൻ ആദിവി ദ്വാൻ കപിലനെന്ന് പറഞ്ഞിരിക്കുന്നു. ആദിവിദ്വാനെന്നത് ആദിമുക്തൻ അഥവാ ആദി യുക്തപരമഗുരുവിഷയകമാണ്. സ്വസന്താനാദിഗുരുവിഷയകമല്ല. സർവ്വമുക്തപുരുഷന്മാ രിലും ഗുരക്കുന്മാരിലും വിദ്വാന്മാരിലും വെച്ച് ആദിമുക്തനും ആദിവിദ്വാനും ആദി ഗുരു വുമാകയാൽ കപിലാചാര്യരെ സർവ്വർക്കും ഗുരുവായി കരുതുന്നു. കപിലാചാര്യൻ മഹേ ശ്വരാനുഗ്രഹത്താലാണ് ജ്ഞാനപ്രാപ്തി ശ്രുതിപ്രകാരം കപിലനാമമുള്ള മഹർഷി വിഷ്ണുവിന്റെ ആദ്യാവതാരമെന്നത് പ്രസിദ്ധമാണ്. സ്വയം ഭൂവാണ് ഹിരണ്യഗർഭൻ വേദത്തിൽ സാംഖ്യയോഗപ്രാപ്തി ഹിരണ്യഗർഭന് കേട്ടിരിക്കുന്നു. അതിനാൽ ഇപ്രകാരം ആദിവിദ്വാൻ കപിലൻ എന്ന വിഷ്ണു തന്നെയാണ് സ്വയംഭൂവായ ഹിരണ്യഗർഭനെന്ന റിയണം. സ്വായംഭൂവനാണ് ഈശ്വരനെന്ന് ഭാവിക്കണം.

സുവർണ്ണ:-കപിലന്റെ അമ്മ ദേവാഹൂതിയുടെ പിതാവ് സ്വയംഭൂവമനുവാണ്. അതു കൊണ്ടാണ് കപിലൻ സ്വായംഭൂവനെന്നും പേരുള്ളത്.

26. പതഞ്ജലി:- പൂർവ്വേഷാം അപി ഗുരു കാലേനാനവഛേദാത്

വ്യാസ:- കാലത്താൽ വിഛേദിക്കപ്പെടാതെ പൂർവ്വകാലം മുതലേ ആ ഗുരു ഉണ്ട് സർഗ്ഗാരംഭം മുതൽ പ്രകർഷഗതിയാൽ സിദ്ധൻ ഉണ്ട്. സർഗ്ഗാദികളെ അതിക്രമിച്ച സാന്നി ദ്ധ്യമാണ് സിദ്ധഗുരുവായ വിഷ്ണുവിന്റേത്.

വാചസ്പതി:- ബ്രഹ്മാദികളേക്കാൾ പൂർവ്വവും സവിശേഷവുമാണ് ഭഗവാൻ. കാലത്തെ ശതവർഷാദികളായി ഛേദിച്ചും അവഛേദിച്ചും മനുഷ്യർ പഠിക്കുന്നത് പ്രയോജനാർത്ഥമാണ്. അപ്രകാരമല്ലാതെ അതിനെ പഠിക്കാനോ അറിയാനോ പിൻതലമുറക്ക് അറിവു കൈമാറാനോ 120 വർഷത്തിലധികം ആയുസ്സില്ലാത്ത മനുഷ്യന് സാധിക്കില്ല. അതു കൊണ്ടാണ് ഈ ഛേദനം. യഥാർത്ഥത്തില് കാലത്തിന് അങ്ങനെ ഛേദനമില്ല. പ്രകർഷത്തിന്റെ ഗതിയാണ് അതിന്റെ പ്രാപ്തി. അതിനാൽ അതിന്റെ പരമകാഷ്ഠ പ്രാപിച്ചതിന് ചലനം (ഗതി) ഇല്ല. ആഗമശാസ്ത്രങ്ങളിൽ നിന്ന് ഇത് ഗ്രഹിക്കണം. അങ്ങനെയല്ലാതെ മറ്റൊരു പ്രബന്ധം കൊണ്ട് ഭഗവാന് ഈശ്വരന്റെ ഈ അനന്ത, അനാദി ഗുരുസ്വരൂപം ദർശിക്കാനാവില്ല.

സുവർണ്ണ:- ഭഗവദ്ഗീതയില് കൃഷ്ണന് തന്റെ അനാദിഗുരുസ്വരൂപവും ജ്ഞാനവിഭ്രതികളും പറയുന്നത് ഈ അർത്ഥത്തിലാണ് എന്ന് ശ്രദ്ധിക്കുക. കാലവിധാനശാസ്ത്രമായ ജ്യോതിശ്ശാസ്ത്രത്തിൽ നിന്ന് ശബ്ദശാസ്ത്രത്തിലേക്ക് അടുത്ത സൂത്രം പ്രവേശിക്കുന്നു. ആകാശലിംഗം ബ്രഹ്മം. ശബ്ദം ആകാശലക്ഷണം.

27. പതഞ്ജലി:- തസ്യ വാചകഃ പ്രണവഃ

വ്യാസ:- ഈശ്വരവാചകമാണ് പ്രണവം. ദീപത്തിന് പ്രകാശമെന്നപോലെ വാച്യമായ ഈശ്വരന് വാചകമായ പ്രണവം തന്നിൽത്തന്നെ അവസ്ഥിതമാണ്. വാച്യത്തിൽ വാചകത്വസഹസംബന്ധം സ്ഥിതി ചെയ്യുന്നു. സങ്കേതം ഈശ്വരനിൽ സ്ഥിതി ചെയ്യുന്നു. പ്രപഞ്ചം പുരുഷനിൽ സ്ഥിതി ചെയ്യുന്നു. പുത്രന് പിതാവിലാണ് അവസ്ഥാനം. സങ്കേതമെന്നതിനാൽ ഈ ബന്ധം സൂചിതമാണ്. സർഗ്ഗാന്തരങ്ങളിലും വാച്യവാചകശക്ത്യപേക്ഷ അതുപോലെത്തന്നെ സങ്കേതക്രിയയോടെ അവസ്ഥിതമാണ്. സമ്പ്രതിപത്തിയുടെ ഈ നിത്യത കൊണ്ട് നിത്യശബ്ദാർത്ഥ സംബന്ധം എന്ന് ആഗമികള് അറിയുന്നു.

വാചസ്പതി:- എങ്ങനെയാണ് ഈശ്വരന്റെ പ്രണിധാനം ദർശിക്കുന്നത്. അതിന്റെ വാചകം പറയുന്നു. വാച്യം (പറയപ്പെടുന്നത്) ഈശ്വരൻ. വാചകത്വം അതിനെ പ്രതിപാദിക്കുന്നത്. ഒന്നിനെക്കുറിച്ച് മറ്റുള്ളവരുടെ മതം (അഭിപ്രായം) വിമർശനം എന്നിവയെ ഉപന്യസിക്കുന്നതെല്ലാം തന്നെ അതിന്റെ വാചകത്വത്തില് പെടുന്നു. പശ്യന്തി എന്ന് സ്വാഭാവിക ശബ്ദാർത്ഥസംബന്ധം സങ്കേതത്തില് കാണുന്നത് ആത്മാവിൽ നിന്ന് വേറല്ലാത്ത രീതിയിലാണ്. അത് അസ്തി (ഉണ്ട്) എന്ന മതം. ഇല്ല (നാസ്തി) എന്ന മതസങ്കേതശതങ്ങൾ ഈ ശബ്ദാർത്ഥങ്ങളെ പരസ്പരം വേറിടിച്ച് ആത്മാവിൽ നിന്നന്യമായി കാണുന്നവയുണ്ട്. പ്രദീപത്തിന്റെ അംഗത്തിൽ ഘടം നാസ്തി എന്നു പറയുമ്പോള് ആയിരം പ്രദീപമുണ്ടായാലും അവയിൽ ഘടം നാസ്തി തന്നെയാണ്. കൃതസങ്കേതത്തിൽ കരഭ ശബ്ദം ധാരണപ്രതിപാദകമായി ഉപയോഗിക്കയുമാവാം. സങ്കേതകൃതമാണ് വാചകത്വമെന്ന് വിമർശനത്താല് അഭിമന്ഥനം ചെയ്ത് അവധാരണം ചെയ്യാവുന്നതാണ്. സർവ്വാകാരാർത്ഥാഭിധാനസമർത്ഥമാണ് ശബ്ദം. സർവ്വ ആകാരങ്ങളുടെ അർത്ഥവും സ്വാഭാവികസംബന്ധത്താല് ഈശ്വരനിൽത്തന്നെ നിത്യമായി സ്ഥിതി ചെയ്യുന്നു. ഈശ്വരസങ്കേത്തിൽ പ്രകാശകവും നിയാമകവും അതാണ്. ഈശ്വരസങ്കേതം, അസങ്കേതം എന്ന് വാചകാപഭ്രംശവിഭാഗം ചെയ്യാറുണ്ട്. സങ്കേതമെന്നാൽ ഈശ്വരന് തന്നെയാണ്. അതിനു നിദർശനമായി യഥേതി എന്ന ഭാഷ്യഭാഗം. പ്രാധാനികത്തിന്റെ ശബ്ദം പ്രലയസമയത്ത്

പ്രധാനഭാവം തന്നെ പ്രാപിച്ച് ശക്തിയായി പ്രലീനമായിരിക്കുന്നു. അത് മഹദാദിക്രമത്തിൽ ഉല്പന്നമായി വാചകമായി മഹേശ്വര സങ്കേതത്തിൽ വാചകശക്തി അഭിജ്വലിച്ച് വിനഷ്ട ശക്തിയാല് ആദിത്യാദികളായി തീരുന്നു. സർഗ്ഗാന്തരങ്ങളില് ഇതാവർത്തിച്ചാണ് പ്രപഞ്ചാ ദികളുണ്ടാവുന്നത്. ശക്തിയോടുകൂടി (സഹശക്ത്യാ) പ്രധാനത്തിന് അപ്പോഴും സാമ്യാവ സ്ഥയുണ്ട്. ശബ്ദത്തിനും അപ്രകാരമാണ്. (തഥാപി) പുനരാവിർഭാവത്താല് ശക്തിയുമാ യിത്തന്നെ ആവിർഭവിച്ച്, വർഷാതിപാതസമയത്ത് ഉദ്ഭാവമായി, ഉദ്ബീജമായി, മേഘം വർഷിക്കുന്നു ധാരയാല് സേകം സംഭവിക്കുന്നു. പൂർവ്വസംബന്ധാനുസാരേണ സങ്കേതം വീണ്ടും വീണ്ടും സംഭവിപ്പിക്കുന്ന ക്രിയ ഭഗവദ്ക്രിയയാണ്. ആ ക്രിയ തന്നെ ഈശ്വരശ ക്തി. ഇപ്രകാരം സദൃശവ്യവഹാര പരമ്പരകളുടെ നിത്യതയാൽ നിത്യമായ ശബ്ദാർത്ഥ സംബന്ധം അറിയണം. കൂടസ്ഥൻ നിത്യനെങ്കില് പുനരാഗമനിരപേക്ഷം വേണോ. ഈ ചോദ്യത്തിനും ആഗമങ്ങൾ ഉത്തരം തരുന്നു. സർഗ്ഗാന്തരങ്ങളിലും താദൃശമായ സങ്കേതം ഇപ്രകാരം തന്നെ ഇതേ പ്രതിപത്തിയോടെ, ഇതേ ഈശതാഭാവത്തോടെ ഇതേപോലെ നിലനിന്നിരുന്നു, ഇപ്പോഴും നിലനിൽക്കുന്നു, ഇനിയും നിൽക്കും എന്നതാണത്.

സുവർണ്ണ:- അതിനാൽ ഈശ്വരസങ്കേതം, അസങ്കേതം എന്ന് വാചകോപഭ്രംശം ചെയ്യുന്നത് അർത്ഥമില്ലാത്തതാണ്.

28. പതഞ്ജലി:- തജ്ജപസ്തദർത്ഥഭാവനം

വ്യാസ:- വാച്യവാചകങ്ങൾ അറിയപ്പെടുന്നതിനായി യോഗികള് അതിനെ ജപിക്കു ന്നു. അതിന്റെ അർത്ഥം ഭാവന ചെയ്യുന്നു. പ്രണവം (ഓംകാരം) ജപിക്കുന്നു. പ്രണവം ഈശ്വരനാമമാണ്. പ്രണവത്തോടൊപ്പം ഈശ്വരനെ ഭാവനം ചെയ്യുന്നു. പ്രണവജപത്തോ ടൊപ്പം പ്രണവാർത്ഥം ഭാവന ചെയ്യുന്നതില് ചിത്തം ഏകാഗ്രമാകുന്നു. അതിനാൽ, യോഗ ത്താൽ സ്വാദ്ധ്യായം ലഭിക്കുന്നു, സ്വാദ്ധ്യായത്താൽ ഉദ്വേഗം (തീവ്രവേഗം) ലഭിക്കുന്നു. സ്വാധ്യായയോഗ സമ്പത്തിയാൽ പരമാത്മാവ് പ്രകാശിതമാകുന്നു. എന്ന് പറഞ്ഞിരിക്കുന്നു (വിഷ്ണുപുരാണം 6.6.2)

വാചസ്പതി:- ഈശ്വരപ്രണിധാന വാചകത്തെക്കുറിച്ചാണ് ഇവിടെ ജപം, അർത്ഥ ഭാവനം എന്നിവ പറയുന്നത്. അതിനാൽ അവ ഈശ്വര പ്രണിധാനത്തില് പെടുന്നു. ഭാവനമെന്നാൽ വീണ്ടു വീണ്ടും ചിത്തത്തില് നിവേശനം ചെയ്യിക്കലാണ്. അതെങ്ങനെ സിദ്ധിക്കുന്നു. ഏകാഗ്രത കൊണ്ട്. ചിത്തം ഭഗവാനെന്ന ഏകത്തില് മാത്രം രമിക്കുമ്പോ ളാണ് ഭാവനം പുന പുനശ്ചിത്തേ നിവേശനം സാധിക്കുക. എപ്രകാരം പാട്ടുകാർ ഗാഥ കള് ഹൃദിസ്ഥമാക്കി പാടുന്നുവോ അതുപോലെ യോഗി ഭഗവാനെ സദാ ഹൃദിസ്ഥമാക്കി അതിനെക്കുറിച്ചല്ലാതെ വിചാരിക്കയോ പറയുകയോ ചെയ്യാതാവുന്നു. ഈശ്വരനിൽ സമാ ധിയും അതിന്റെ ഫലങ്ങളും അപ്രകാരം ഈശ്വരാനുഗ്രഹത്താൽ തന്നെ സാധിക്കുന്നു.

29. പതഞ്ജലി:- തതഃ പ്രത്യക് ചേതനാധിഗമോ അപ്യന്തരായാഭാവശ്ച

വ്യാസ:- എങ്ങനെ ഇത് ഭവിക്കുന്നു. ഈശ്വരസൂചകമായ പ്രണവം മാത്രം ചേതന യിൽ പ്രകാശിച്ച് അതുമാത്രം അന്തരാത്മഭാവമായി തീരുമ്പോൾ ആ അന്തരംഗത്തില് വ്യാധിപ്രഭൃതികള് പൂർണ്ണമായി അസ്തമിക്കുന്നു. അപ്പോൾ സ്വയം സ്വരൂപദർശനമുണ്ടായി താൻ തന്നെ ഈശ്വരസ്വരൂപമായ ഈശ്വരപ്രണിധാനത്തിൽ ഈശ്വരതാദാത്മ്യം (അഹം

ബ്രഹ്മാസ്മി) ഉണ്ടാവുന്നു. ആ ഈശ്വരപുരുഷൻ ശുദ്ധനും പ്രസന്നനും കേവലമായ (ജന്മാദികളില്ലാത്ത) ബുദ്ധിയിൽ പുരുഷനായിത്തന്നെ പ്രതിസംവേദനീയമായും കാണപ്പെടുന്നു.

വാചസ്പതി:- സ്വന്തം ചേതനയിൽ എന്നപോലെ പ്രത്യഗ് (ഓരോ) ചേതനയിലും പുരുഷനെത്തന്നെ അറിയുന്നതിനാൽ ആ വിദ്യയുടെ വിളക്കിനാൽ വിപരീതമായ ഇരുട്ട് പൂർണ്ണമായി നീങ്ങുന്നു. ശാശ്വതികസത്വഗുണോത്കർഷ സമ്പന്നമായ ഈശ്വരനല്ലാത്ത മറ്റൊന്ന് (രണ്ടാമതൊന്ന്) ഇല്ലാത്ത (നിവർത്തിക്കുന്ന) അദ്വൈതാവസ്ഥ കൈവരുന്നു. അവിദ്യയെ സ്വരൂപജ്ഞാനം അകറ്റുന്നു. ജ്ഞാനാദ്വയഭാവമല്ലാതൊന്ന് അത്തരമൊരാളുടെ അന്തരംഗത്തിലില്ല. സ്വാത്മാവ് തന്നെ ഈശ്വരസ്വരൂപമായിത്തീരുന്നു. രൂപഗ്രഹണത്തിന് തടസ്സം അവിദ്യയാല് ആരോപിക്കപ്പെട്ട ധർമ്മനിഷേധങ്ങളായിരുന്നു. ആ നിഷേധങ്ങളെ നിഷേധിക്കപ്പെട്ടു.

സുവർണ്ണ:- നിഷേധങ്ങളുടെ നിഷേധമെന്നത് ഗണിതത്തിൽ + - + - + - നിഷേധത്തിന്റെ നിഷേധം എന്നതിനെ *അമൃതജ്യോതിയിൽ* പരാമർശിച്ചു.

വാചസ്പതി:- അങ്ങനെ ഈശ്വരപ്രണിധാനത്താൽ സ്വചേതനയില് പ്രകാശിച്ച ഈശ്വരവെളിച്ചം തന്നെ സർഗ്ഗചേതനയിലും വിളങ്ങുന്നതായും തന്നിൽ നിന്നന്യമായി മറ്റൊന്നില്ലെന്നും എല്ലാം ഈശ്വരമാണെന്നും (സർവ്വം ഖല്വിദം ബ്രഹ്മ, ഈശാവാസ്യമിദം സർവ്വം) അറിയുന്നു. ശുദ്ധനും കൂടസ്ഥനും നിത്യനും ഉദയവ്യയരഹിതനും പ്രസന്നനും ക്ലേശവിവർജ്ജിതനും ധർമ്മാധർമ്മാപേക്ഷ കൂടാതെ കേവലനുമായി ഭവിക്കുന്നു. ആ വ്യക്തിക്ക് പിന്നെ ഉപസർഗ്ഗ മില്ല, ജാതിഭേദം കൂടാതെ സർവ്വവും ഞാൻ സർവ്വവും ഈശ്വരന് എന്ന് ബുദ്ധിയില് സദാ പ്രകാശിച്ചു പ്രതിസംവേദനം നടത്തുകയാൽ ഭേദഭാവന ഇല്ലാതാവുമ്പോളേ ഇങ്ങനെ സംഭവിക്കുകയുള്ളു. മറ്റെന്തെങ്കിലുമൊന്നിനെ ഗ്രഹിക്കാനോ മറ്റൊരു ധർമ്മാർത്ഥചിന്തനത്തിനോ ഇതരമെന്ന ഒന്നിന്റെ സാക്ഷാത്കാരത്തിനോ ഒന്നും യോഗിചിത്തത്തിന് സമയമില്ല. ആഗ്രഹവുമില്ല. അതിനായി ശ്രമവുമില്ല. ഈശ്വരസദൃശമായ ആ ആത്മാവിൽ അനുചിന്തനം, സാക്ഷാത്കാരം, അനുഭവം, അതിന്റെ ഉപയോഗം എല്ലാം ഏകശാസ്ത്രാഭ്യാസമായിത്തീരുന്നു. ജ്ഞാനവും ജ്ഞാനവസ്തുവും താദാത്മ്യമായി. സ്വത്മാവിൽ ഈശ്വരൻ, പ്രപഞ്ചം എന്നിവയും അതിന്റെ ജ്ഞാനവും ഒന്നായി എന്നർത്ഥം. ആ അദ്വൈതചിന്തകന് പിന്നെ ഒരു കർമ്മവും ബന്ധമാകുന്നില്ല.

30. പതഞ്ജലി:- വ്യാധിസ്ത്യാനസംശയപ്രമാദാലസ്യാവിരതിഭ്രാന്തിദർശനാലഭഭൂമികത്വാനവസ്ഥിത്വാനി ചിത്തവിക്ഷേപാസ്തേ അന്തരായാ

വ്യാസ:- ഏത് അന്തരംഗത്തില് നിന്നാണ് ഏത് ചിത്തവിക്ഷേപങ്ങളാണ് പൂർണ്ണമായി ഇല്ലാതാവുന്നത്. യോഗിയുടെ അന്തരംഗത്തിൽ നിന്ന് യോഗ പ്രതിപക്ഷങ്ങളായ നവയോഗമലങ്ങള് എന്നറിയുന്ന ചിത്തവിക്ഷേപങ്ങള് ഇല്ലാതാവുന്നു. ആ ഒമ്പത് ചിത്തവിക്ഷേപങ്ങൾ:- വ്യാധി, സ്ത്യാനം, സംശയം, പ്രമാദം, ആലസ്യം, അവിരതി, ഭ്രാന്തിദർശനം, ആലംഭൂമികത്വം അഥവാ അലബ്ധഭൂമികത്വം, അനവസ്ഥിതത്വം. ഈ 9 ചിത്തവൃത്തികളും ചിത്തവൃത്തിനിരോധത്താൽ നിരോധിക്കപ്പെട്ടാലേ യോഗി ചിത്തമാവുകയുള്ളൂ എന്ന് പറഞ്ഞു കഴിഞ്ഞു.

വാചസ്പതി:-: ധാതുരസകരണവൈഷമ്യം, ധാതുക്കൾ, രസങ്ങൾ, കരണങ്ങൾ എന്നിവയുടെ സാമ്യാവസ്ഥ ഇല്ലാതാവൽ

സുവർണ്ണ:- ബാലൻസിങ്ങ് ഇല്ലാതെ ഹോമിയോസ്റ്റാസിഡ് നഷ്ടമാകൽ

സ്ത്യാനം - ചിത്തത്തിന്റെ അകർമ്മണ്യത

സംശയം - ഇതാവാം, ഇതാവില്ല എന്ന് ഉഭയകോടി വിജ്ഞാനങ്ങളിൽ എന്തെന്ന് ഉറപ്പില്ലാത്ത മനസ്സിന്റെ അവസ്ഥ

പ്രമാദം - സമാധി സാധനങ്ങളിൽ അഭാവനം

ആലസ്യം - ശരീരത്തിനും ചിത്തത്തിനും ഗുരുത്വം (ഭാരം) കൂടുന്നതുകൊണ്ട് വരുന്ന അപ്രവൃത്തി

അവിരതി - വിഷയ സമ്പ്രയോഗങ്ങളില് ചിത്തത്തിന് രതിയും ഈശ്വരകാര്യത്തില് വിരതിയും വരുന്ന അവസ്ഥ

ഭ്രാന്തിദർശനം - വിപര്യയജ്ഞാനം

അലബ്ധ
ഭൂമികത്വം - സമാധി ഭൂമികയില് ചിത്തത്തിന് അലാഭം

അനവ
സ്ഥിതത്വം - ലബ്ധമായ സമാധിഭൂമിയില് ചിത്തത്തിന് അപ്രതിഷ്ഠം (ഉറപ്പില്ലാതെ ചഞ്ചലിക്കുന്ന അവസ്ഥ) സമാധിയിൽത്തന്നെ അവസ്ഥിതമാകാന് ഇത് പ്രതിബന്ധമായിത്തീരുന്നു

വാചസ്പതി:- ധാതുക്കള് ശരീരധാരണത്തിനായി വാതപിത്തകഫ രൂപത്തില് പ്രത്യക്ഷപ്പെടുന്നു. ഇവയുടെ ധാതു വൈഷമ്യം രോഗമുണ്ടാക്കുന്നു. ഉപ്പുകൾ, ധാതുക്കൾ, ജലം ഇവയുടെ വൈഷമ്യം. അശിതപീതാഹാരപരിണാമ വിശേഷമാണ് രസം, കുടിച്ചതും ഭക്ഷിച്ചതും രാസപരിണാമങ്ങൾക്ക് വിധേയമായി രൂപപ്പെടുന്നത് രസം. അവയുടെ വൈഷമ്യം രസവൈഷമ്യം, കരണങ്ങൾ ഇനന്ദ്രിയങ്ങള്. വൈഷമ്യമെന്നത് ന്യൂനാധിക ഭാവം അഥവ ഏറ്റക്കുറച്ചിലാണ്. ധാതുരസാദികളുടെ ഏറ്റക്കുറച്ചിലുകൾ കൊണ്ട് ഇന്ദ്രിയങ്ങൾക്കും അവയവങ്ങൾക്കും വൈഷമ്യം വരുന്നതിനെ വ്യാധി എന്നു പറയുന്നു.

സുവർണ്ണ:- Salt, water, minerals and elements, hormones ഇവയുടെ ഏറ്റക്കുറച്ചിലുകൾ കൊണ്ട് വരുന്ന വ്യാധികളെക്കുറിച്ച് ആധുനിക വൈദ്യശാസ്ത്രവും ഇപ്പോൾ പറയുന്നുണ്ട്. താരതമ്യപഠനം അർഹിക്കുന്ന വിഷയമാണിത്.

വാചസ്പതി:- കരണങ്ങൾ ഇന്ദ്രീയങ്ങൾ പ്രവർത്തനക്ഷമമല്ലാതായാൽ കർമ്മത്തിന്റെ അനർഹത കൊണ്ട് അകർമ്മണ്യത വന്നുകൂടുന്നു.

ഉഭയകോടിസ്പർശന വിജ്ഞാനത്തില് സംശയം - സ്പർശം, അസ്പർശം, രൂപം, അരൂപം, വർണ്ണം, കേൾവി ഗന്ധം, മുതലായി അനേകം വിഷയവിജ്ഞാനം ഇന്ദ്രിയ വിഷയങ്ങളുടെ ഭേദങ്ങളാൽ അഥവാ കർമ്മങ്ങളാൽ കിട്ടുന്നതാണ്. ഇന്ദ്രിയങ്ങൾക്ക് അകർമ്മണ്യത വരുമ്പോൾ അവ പൂർണ്ണ പ്രവർത്തന ക്ഷമമല്ലാതാവുന്നു. അനേക രീതിയിലുള്ള അനേകം വ്യക്തികളുടെ വിഭിന്നാനുഭവങ്ങൾ കാരണം ഉണ്ടായ വിഭിന്നമതങ്ങള് (അഭിപ്രായങ്ങൾ) ഇങ്ങനെ ധാരാളം ഭേദങ്ങള് സൃഷ്ടിക്കപ്പെടുന്നു. ഈ ഭേദഭാവന തന്നെ സംശയകാരണമായി പ്രവർത്തിക്കുന്നു. അകരണവും അഭാവനവുമായ ഒന്നിൽ പ്രയത്നമില്ല (അപ്രയത്നം) പ്രയത്നശേഷി അഥവാ ബലം ഇല്ല. പ്രയത്നിക്കാത്ത അഭാ

വന ചിത്തം പ്രമാദത്തിനടിമപ്പെടുന്നു. ശരീരത്തിന്റെ ഗുരുത്വം കഫാദികളാലാണ്. ചിത്തത്തിന്റെ ഗുരുത്വം തമസ്സാദികളാലും. ഇവ ശരീരത്തിനും ചിത്തത്തിനും കട്ടി കൂട്ടി, അപ്രയത്നമാക്കി, ആലസ്യമുള്ളതാക്കിതീർക്കുന്നു. അങ്ങനെ കഫാദികളും തമസാദികളും വർദ്ധിക്കുതോറും ചിത്തവും ശരീരവും കൂടുതല് കൂടുതല് സ്ഥാവരവും ചലനശേഷിയറ്റതും ഗുരുത്വമുള്ളതുമായി താഴേക്ക് പതിക്കുന്നു. അതിൽ തൃഷ്ണ അഥവാ ശ്രദ്ധ കൂടുന്നു. ഈശ്വരനിൽ സൂക്ഷമ ചൈതന്യത്തില്, താല്പര്യവും ശ്രദ്ധയും കുറയുന്നു (അവിരതി).

മധുമതി മുതലായവയാണ് സമാധിഭൂമികകൾ. അവകളിലെത്താൻ ഇപ്രകാരമുള്ള വിപര്യയജ്ഞാനം (വിപരീതജ്ഞാനം) അഥവാ ഭ്രാന്തിദർശനം തടസ്സമാവുന്നു. കിട്ടിയാലും അതിൽ സുസ്ഥിരമാകാതെ യോഗഭ്രഷ്ട് അഥവാ സമാധിഭംഗം സംഭവിക്കുന്നു. ഇതൊന്നും കൂടാതെ കുടുതൽ കൂടുതലൽ സമാധിയിലുറച്ച് പരമകാഷ്ഠയിലെത്തുന്ന ചിത്തമാണ് പരമയോഗചിത്തം. അതിൽ മുമ്പുപറഞ്ഞ മലങ്ങളൊന്നും തന്നെയില്ല.

31. പതഞ്ജലി:- ദുഃഖദൌർമനസ്യാംഗമേജയത്വ ശ്വാസപ്രശ്വാസാ വിക്ഷേപ സഹഭ്രവഃ

വ്യാസ:- ദുഃഖങ്ങൾ, ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്ന് മൂന്നു വിധമുണ്ട്. ഇവയെയെല്ലാം നശിപ്പിച്ച പ്രാണികൾക്കു മാത്രമേ ദുഃഖത്തിൽനിന്ന് മോചനം ലഭിച്ചിട്ടുള്ളു. ദൗർമനസ്യമെന്നാൽ ചേതസ്സിൽ ഇഛാവിഘാതം കൊണ്ട് (വിചാരിച്ചത്, ഇഛിച്ചത് നടക്കാത്തതുകൊണ്ട്) ഉണ്ടാവുന്ന ക്ഷോഭമാണ്. അതിനേയും ജയിക്കാം. അംഗങ്ങളെ ജയിക്കുക എന്നു വെച്ചാല് ഇന്ദ്രിയങ്ങൾക്ക് ദുഃഖക്ഷോഭാദികളാല് സംഭവിക്കുന്ന എല്ലാ വിധ കമ്പനങ്ങളെയും ജയിക്കലാണ്. ഇന്ദ്രിയനിഗ്രഹം ശ്വാസമെന്നാൽ ബാഹ്യമായ വായുവെ പ്രാണനായി ഉള്ളിലേക്ക് ആചമിക്കലാണ്. പ്രശ്വാസമെന്നാൽ അതിനെ കോഷ്ഠത്തിൽ നിന്ന് (ഉള്ളിൽ നിന്ന്) പുറംതള്ളലും വിക്ഷിപതചിത്തവും സമാഹിത ചിത്തവും തമ്മിൽ ദുഃഖം ദൗർമനസ്യം, അംഗജയം, ശ്വാസപ്രശ്വാസങ്ങൾ എന്നിവയിലെല്ലാം വ്യത്യാസമുണ്ട്. ഇതിന്റെയൊന്നും ജയം വക്ഷിപ്തചിത്തത്തിലില്ല. സമാഹിതചിത്തത്തിലുണ്ട്.

സുവർണ്ണ:- ഇന്ദ്രിയങ്ങളെ ജയിച്ചവനാണ് ജിനൻ. ജയിക്കാത്തവനോ, വെറും അജിനൻ മാത്രമാണ്. (അജിനം അഥവാ മരവുരി ധരിച്ചു നടക്കുന്നവരെല്ലാം ജിനന്മാരല്ല എന്ന് സാരം.

വാചസ്പതി:- ദുഃഖാദികൾ വിക്ഷിപ്തചിത്തത്തിന്റെ സഹഭൂമികളാണ്. കാമാദികളാൽ മനസ്സും വ്യാധികളാല് ശരീരവും ആദ്ധ്യാത്മിക ദുഃഖം അനുഭവിക്കുന്നു. വ്യാധികളിൽ നിന്ന് ആധിഭൗതിക ദുഃഖം ജനിക്കുന്നു. ഗ്രഹപീഢകളിൽ നിന്ന് ആധിദൈവിക ദുഃഖം ജനിക്കുന്നു. പ്രാണികൾക്ക് പ്രതികൂലവേദനകള് ഉണ്ടാക്കുന്ന ഇവയെ തിരിച്ചറിഞ്ഞ്, പഠിച്ചറിഞ്ഞ്, ആ വേദനകളെ ഹരിക്കയും നിയന്ത്രിക്കയും വരാതെ തടുക്കുകയും ചെയ്യണം.

സുവർണ്ണ:- ശരീരജ്ഞാനം, മനോവിജ്ഞാനീയം, ധാതു വിജ്ഞാനീയം, ആയുർവേദം, ജ്യോതിശാസ്ത്രം, പ്രപഞ്ച വിജ്ഞാനീയം, കാല വിജ്ഞാനീയം എന്നിവ അറിയുന്നത് അവ ഉണ്ടാക്കുന്ന പ്രതികൂലവേദനകളെ ശമിപ്പിക്കാനും പൂർണ്ണ ജീവിതത്തിനുമാണ് എന്ന ശാസ്ത്രീയമായ നിലപാട് ശ്രദ്ധിക്കണം. വളരെ ഹോളിസ്റ്റിക്ക് ആയ സമീപനം.

വാചസ്പതി:- സാധാരണ പ്രാണികളിൽ ശ്വാസോഛ്വാസങ്ങള് അനിയതമായി, അനിയന്ത്രിതമായി, സംഭവിക്കുകയാണ്. യോഗി അവയെ നിയതമായി, നിയന്ത്രിതമായി പ്രയോഗിക്കയാണ്. സമാധിയുടെ ഒരംശമായ രേചകത്തിന് വിരോധിയാണ് അനിയന്ത്രിതമായി ശ്വാസം ഉള്ളിലേക്ക് വലിക്കുന്നത്. അതുപോലെ കുംഭകത്തിന് വിരോധിയാണ് അനിയന്ത്രിതമായി പുറത്തേക്ക് ഉഛ്വാസം ചെയ്യുന്നത്. യോഗി അവയെ നിയതമാക്കി, നിയന്ത്രിച്ച്, കീഴടക്കി ജയിക്കുന്നു.

32. പതഞ്ജലി:- തത് പ്രതിഷേധാർത്ഥമേക തത്വാഭ്യാസഃ

വ്യാസ:- വിക്ഷേപങ്ങള് സമാധിക്ക് പ്രതിപക്ഷമാണ്. വിരോധമാണ്. അവയെ വൈരാഗ്യപൂർവ്വം നിരോധിക്കണം. അതിന് നിരന്തരം അഭ്യാസം ചെയ്യണം. വിക്ഷേപങ്ങളെ പ്രതിഷേധിക്കുന്നതിനാണ് ഏകതത്വത്തെ മാത്രം അവലംബിച്ച് അഭ്യാസം ചെയ്യുന്ന ഈശ്വരപ്രണിധാനം എന്ന ഏകാഗ്രതാമാർഗ്ഗം ഉപദേശിക്കുന്നത്. ചിത്തം ക്ഷണികവും ഓരോരോ പ്രത്യയങ്ങളിൽ അവയുടെയെല്ലാം അർത്ഥം തേടി നടക്കുന്നതില് വ്യാപൃതവുമായി ഏകാഗ്രമല്ലാതിരിക്കുമ്പോൾ അതി വിക്ഷിപ്തചിത്തമാണ്. അതിനെ ഒന്നിലേക്ക് മാത്രം കേന്ദ്രീകരിക്കുന്ന ഏകാഗ്രത തന്നെയാണ് സമാധി. ഏകാഗ്രചിത്തം ഏകാഗ്രതയാൽ സർവ്വവും അറിയാന് സമർത്ഥമായിത്തീരുന്നു. വിക്ഷിപ്തചിത്തത്തിന് ഇത് സാധ്യമല്ല. ഒരേ വിഷയത്തിൽ ഒട്ടേറെക്കാലം (സമയം) ഉറച്ചുനില്കാതെ ശാസ്ത്രഗ്രഹണമോ സമാധിയോ സാദ്ധ്യമല്ല. വിക്ഷിപ്തചിത്തം ക്ഷണിക താല്പര്യം മാത്രമുള്ള ഒന്നാകയാലാണ് അതിന് ജ്ഞാനാധികാരം കിട്ടാത്തത്. ചിത്തം ഏകമായും അനേകമായും അവസ്ഥിതമാണ്. ഏകാഗ്രസമാധിയിൽ സ്ഥിരപ്രതിഷ്ഠ നേടിയ ചിത്തം ഏകത്തേയും അനേകത്തേയും ഏകാഗ്രമായിത്തന്നെ ഗ്രഹിക്കുന്നു. സ്വരൂപവും സ്വസ്വഭാവവും ഗ്രഹിക്കുന്നു. (പുരുഷ, പ്രപഞ്ചങ്ങളുടെ സാമ്യാവസ്ഥയിൽ) ആത്മാനുഭവത്താൽ ഏകവും അനേകവുമായ സർവ്വവും സമാഹിതചിത്തത്തില് പ്രകാശിക്കുന്നു. സ്പർശവും അസ്പർശവും ദൃശ്യവും അദൃശ്യവും വ്യക്തവും അവ്യക്തവുമായ സർവ്വപ്രത്യയങ്ങളും അഭേദമായി, ഒന്നായി, സമമായി തന്നിൽത്തന്നെ ഉപസ്ഥിതമായിരിക്കുന്നത് യോഗിചിത്തം കാണുന്നു, അനുഭവിക്കുന്നു.

ഏകപ്രത്യയവിഷയമാണ് ഞാൻ. എന്ന പ്രത്യയജ്ഞാനത്താൽ അത്യന്തം അഭിന്നമായ ചിന്തയിൽ, വർത്തമാനകാലത്ത് മാത്രം ഉള്ള ഒരു ശരീര സാമാന്യമെന്ന പ്രത്യയീഭാവം എങ്ങനെ ഉണ്ടാവാനാണ്. സ്വാനുഭവഗ്രാഹ്യഛായത്തിൽ അഭേദാത്മാഹം എന്ന പ്രത്യയം (അഹം ബ്രഹ്മാസ്മി) പ്രതിബിംബിച്ചു കഴിഞ്ഞാൽ ആ പ്രത്യക്ഷാനുഭവത്തിന്റെ മാഹാത്മ്യം ഒരാൾ മറ്റു പ്രമാണങ്ങള് വെച്ചുറപ്പിച്ച് സ്വയം തെളിവുകള് കണ്ടെത്തും. അതുപോലെ അതിന്നു വിപരീതമായ പ്രമാണങ്ങളെ (പ്രമാണാന്തരം) പ്രത്യക്ഷബലത്താൽ (സ്വാനുഭവദർശനത്തിന്റെ ശക്തിയാൽ) വ്യവഹരിച്ചറിഞ്ഞ് ഉപേക്ഷിക്കയും ചെയ്യും. അതിനാൽ ഒരേ സമയം സമാധിയില് ഏകമായും ആ അനുഭവത്തിന്റെ പ്രമാണ, പ്രമാണാന്തരങ്ങൾ വ്യവഹരിച്ചറിഞ്ഞ് തള്ളുകയും കൊള്ളുകയും ചെയ്യുന്ന സ്വാദ്ധ്യായ ഗവേഷണ പ്രക്രിയകളിൽ അനേകമായും തന്റെ ചിത്തം ഇരിക്കുന്ന സാമ്യാവസ്ഥ (പ്രകൃതി പുരുഷസാമ്യാവസ്ഥ) യോഗിചിത്തം കാണുന്നുണ്ട്. നിരന്തരം നിരീക്ഷിക്കുന്നുണ്ട്. അനുഭവിക്കുന്നുണ്ട്. ഏകത്വാഭ്യാസത്താൽ സ്വചിത്തം അനേകങ്ങളെ ഏകമായറിയുന്ന പ്രക്രിയ

യോഗിചിത്തത്തിന് സ്വാനുഭവമാണ്. അതിൽമാത്രം ഉറച്ചിരിക്കുന്ന സ്വാദ്ധ്യായനിരതമായ ചിത്തം സമാധിയിലാണ്.

സുവർണ്ണ:- സ്വാദ്ധ്യായനിരതമായ ചിത്തം സമാധിയിലാണ്. വ്യാസവചനം എത്ര മനോഹരമാണ്. ജീവിതകാലം മുഴുവനും സ്വാദ്ധ്യായനിരതമായി കഴിച്ചുകൂട്ടിയ എന്റെ ചിത്തം ഈ വാക്കുകളിലൂടെ വ്യാസചിത്തത്തെയും അറിഞ്ഞനുഭവിക്കുന്നു.

വാചസ്പതി:- പറഞ്ഞ അർത്ഥങ്ങളെയെല്ലാം ഉപസംഹരിച്ച് ഈ സൂത്രം അവതരിപ്പിക്കന്നു. എന്തിനു നിരോധിക്കണം എന്ന ചോദ്യത്തിന് നിരോധനത്തിന്റെ ഹേതുവായിട്ടാണ് അവ സമാധി പ്രതിപക്ഷങ്ങളാകയാൽ നിരോധിക്കണമെന്ന് പറഞ്ഞത്. ഈശ്വര പ്രാണിധാനം എന്നിവയാൽ ഏകാഗ്രമാക്കി ചിത്തവൃത്തി നിരോധം നേടണം. അഭ്യാസത്തിനുശേഷം വൈരാഗ്യമെന്നോ വൈരാഗ്യത്തിനുശേഷം അഭ്യാസമെന്നോ അർത്ഥമില്ല. രണ്ടും ഒപ്പം തന്നെയാണ് അനുഷ്ഠിക്കുന്നത്. ഏകം തത്വം ഈശ്വരഃ പ്രകൃതത്വം മാത്രം. വൈനാശികന്മാർ അവരുടെ ക്ഷണികവാദത്താൽ സർവ്വഏകാഗ്രമായ ചിത്തം നാസ്തി എന്ന് സ്ഥാപിക്കയാൽ, അവരുടെ ഉപദേശപ്രകാരം പോയാൽ, വിക്ഷിപതചിത്തം മാത്രമേ ഉള്ളു എന്ന് അർത്ഥം വരും. അങ്ങനെയെങ്കില്, ഏകാഗ്രതയോ സമാധിയോ യോഗമോ ആർക്കും സാധ്യമല്ല എന്നും അർത്ഥമാകും.

സുവർണ്ണ:- ശങ്കരാചാര്യരും വൈനാശികക്ഷണികവാദത്തെ ഇതുകൊണ്ടാണ് ഖണ്ഡിച്ചത്. ശങ്കരനെ ഹിന്ദു ബ്രാഹ്മണനെന്നും വാചസ്പതിയെ ജൈന ബുദ്ധമത സന്യാസി എന്നും വേർതിരിച്ചു കാണുന്നവർ ഇന്നും പണ്ഡിതന്മാർക്കിടയിലുള്ളതു കൊണ്ട് ഇക്കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അത്തരമൊരു ഭേദഭാവന വാചസ്പതിയുടേയോ ശങ്കരന്റേയോ യുക്തികളിലില്ല. ദ്വൈതം അവരെ രണ്ടു മതക്കാരെന്ന് മുദ്രയടിക്കുന്ന പണ്ഡിതമ്മന്യ മനസ്സുകളിലാണുള്ളത്. അവരുടെ അറിവില്ലായ്മ (അവിദ്യ) യിലാണുള്ളത്.

വാചസ്പതി:- ഏകസ്മിൻ, അനേകസ്മിൻ എന്ന് നിയതമായി ഏതൊന്ന് അർഥാവഭാസമായി സമാധിയിലും സമാധിയില്ലാത്തപ്പോഴും ഒരേ ചിത്തത്തിൽ ഉല്പന്നമാകുന്നുവോ, ആ യുഗപദ് ആയ ഈശ്വരത്വം അനന്യഗാമിയായ ആ ശക്തിക്ക് അനാദിമദ്ധ്യാന്തമായ നിത്യത്വമില്ല. ഒരു തുടക്കവും സമാപ്തവുമുള്ളതിനാൽ അനിത്യവും ക്ഷണികവുമാണ് എന്നതുകൊണ്ടാണ് ജീവാത്മാവിന് പ്രഥമം ഗ്രഹിച്ച വസ്തു പിന്നീട് ഗ്രഹിക്കാനാവാതെയോ മറന്നോ പോകുന്നത്. അതിനാലാണ് അവർ ആത്മാവില് ക്ഷണികത്വം ആരോപിക്കുന്നത്. ഭാവത്തെ ക്ഷണമായി ഭേദിക്കുന്നതിനാൽ പൂർവ്വം, പശ്ചിമം, മുമ്പ്, ഇപ്പോൾ, ഇനി എന്ന് ദേശകാലത്തെ വിഭജിക്കല് എന്ന ഭാവഭേദങ്ങളുണ്ടാവുന്നത്. അതിനാൽ ചിത്തം ക്ഷണികമായി മുമ്പ് നടന്നതോർക്കാതെയും അനവസ്ഥിതമായും പ്രതിക്ഷണം പല വിഷയങ്ങളെ തൊട്ടും പിന്നെ അവയെ പരിത്യജിച്ചും മാറിമാറി വിഷയങ്ങളിൽ വിക്ഷേപ പരിണാമത്താല് വിക്ഷിപ്തമായി ഏകാഗ്രത എന്ന പ്രവൃത്തിയേ സാധിക്കാത്തതായി തീരുന്നു. ഇങ്ങനെ വിനാശം ഉണ്ടാവുന്നു. വൈനാശികമതം ഇങ്ങനെ ഉത്ഥാപനം ചെയ്യുന്നു. ക്ഷണിക ചിത്തത്തിന് ഏകാഗ്രതാധാനപ്രയത്നത്താൽ യോഗ ഭൂമികയില് ഉറക്കാന് സാധിക്കില്ല. എന്നാൽ ചിത്തസന്താനത്തില് ക്ഷണികാഭാവം പ്രവാഹരൂപമായി നൈരന്തര്യമായിരിക്കുന്നുണ്ട്. അതാണ് പ്രകാശധർമ്മം ചിത്തം പ്രകാശ ധർമ്മമാകയാൽ അതിന്ന് പ്രകാശത്തിന്റെ നൈരന്തര്യ പ്രവാഹരൂപമാവണം.

സുവർണ്ണ:- ഒരു നക്ഷത്രത്തിന്റെ പ്രകാശം നിരന്തരം പ്രവഹിക്കുന്നപോലെ. നമ്മള തിനെ ഇടക്ക് മിന്നിയും ഇടക്കു കാണാതെയും ഇരിക്കുന്നത് നമ്മുടെ ദൃഷ്ടിക്കും അതിന്നു മിടയിലുള്ള അകലം, ഇടയിലുള്ള അന്തരീക്ഷ രൂപമായ ആവരണം ഇവകൊണ്ടാണ്. ക്ഷണികത്വം നമ്മുടെ തോന്നൽ മാത്രമാണ്. നൈരന്തര്യമാണ് സത്യം.

വാചസ്പതി:- ആവൃതമല്ലാത്ത ശുദ്ധസത്വ പ്രകാശപ്രവാഹത്തിന്റെ ചെറിയ ഒരംശം മാത്രമാണ് സംവൃതമായി അശുദ്ധ മലങ്ങളോടെ നാം ഇവിടെ ദർശിക്കുന്നതെല്ലാം തന്നെ. ഈ അനേകപ്രത്യയങ്ങളില് ചിത്തം വിക്ഷിപ്തമാകാതെ, ഏകമായ പ്രകാശപ്രത്യയ ത്തിൽ മാത്രം ഏകാഗ്രമാക്കി ചിത്തത്തെ വെക്കാന് പ്രയത്നം കൊണ്ട് സാധിക്കുമെ ന്നത് പ്രയത്നിച്ചവർക്കെല്ലാം സ്വാനുഭവമാകയാല് ഏകാഗ്രതയും നിത്യതയും ചിത്ത ധർമ്മമാണ് എന്ന് ദർശിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ജനങ്ങളിൽത്തന്നെ ഒരു വിഭാഗം പ്രവാഹമാണ്, നിത്യപ്രകാശമാണ്, നിരന്തരമാണ് എന്നും യുഗപദ് ആയി പറയുന്നതിന്റെ കാരണവും വ്യക്തമാകും. സംവൃത പ്രവാഹാപേക്ഷയാൽ സദൃശപ്രത്യയവാഹികളും വിസദൃശപ്രത്യയവാഹികളും ഉണ്ടാവുന്നു. എല്ലാ വിധ വിക്ഷിപ്ത ചിത്തങ്ങളും ഇത്തരം അർത്ഥാവഭാസങ്ങളാല് ഉണ്ടായവയാണ്. പൂർണ്ണമായ ഏകാഗ്രത പരമാർത്ഥസത്തയി ലുറച്ചാല് എല്ലാ വിക്ഷിപ്തതയും സമാപിച്ചു. ഏകാഗ്രതയുടെ അധീനതയിലാണ് യഥാർത്ഥജ്ഞാനം ഇരിക്കുന്നത്.

സുവർണ്ണ:- ശ്രദ്ധാവാൻ ലഭതേ ജ്ഞാനം എന്ന് ഭഗവദ്ഗീത

വാചസ്പതി:- ചിത്തം ഏകവും അനേകവുമായി അവസ്ഥിതമായിരിക്കുന്നതിനെ ഇങ്ങനെ വിസ്തരിച്ചു പസംഹരിക്കുന്നു. എപ്രകാരം മൈത്രിയിൽ ചെയ്ത ശാസ്ത്ര കർമ്മാദികള് ചൈത്രത്തില് നാം സ്മരിക്കുന്നില്ലയോ അത്രയേ ഉള്ളു. ക്ഷണികതയുടെ പ്രാധാന്യം മൈത്ര നക്ഷത്രത്തിൽ ചെയ്ത പുണ്യപാപകർമ്മാശയഫലങ്ങള് അതിനോടു സംബന്ധമില്ലാത്ത ചൈത്രത്തിൽ നാം ഓർക്കുന്നില്ല. അനുഭവിക്കുന്നില്ല. ഒരു പ്രത്യയാന്ത രത്തിൽ കണ്ടതും കേട്ടതും ചെയ്തതും മറ്റൊരു പ്രത്യാന്തരത്തിൽ സമരിക്കുന്നില്ല എന്നത് അതുപോലെയേ ഉള്ളു. വിശേഷങ്ങളായ ശ്രാദ്ധങ്ങൾ വൈശ്വാനരം, ഇഷ്ടി മുതലായവ അതാതുകാലത്ത് അഛൻ, അമ്മ, മക്കൾ ഇവരോടൊപ്പം ചെയ്ത അതിന്റെ ഫലം അതാതു കാലത്ത് ഭുജിക്കുന്നു. മധുരരസം നിറഞ്ഞ മാമ്പഴം മുതലായവയുടെ ഫലമാധുര്യം ആദി ത്യന്റെ നിയമമനുസരിച്ച് പരമ്പരയായി ഒരേ ഋതുകാലത്ത് മാത്രം നാം അനുഭവിക്കു ന്നു. അതുപോലെയാണ് ക്ഷണികതയുടെ അർത്ഥം മനസ്സിലാക്കേണ്ടത്. അതിന്റെ നൈര ന്തര്യം സന്താന പരമ്പരകള് വഴി അനുഭവിക്കുന്നു. സമാധിയിൽ നൈരന്തര്യം അനുഭവി ക്കുന്നത് മറ്റൊരാൾ വഴിയല്ല. ഏകാഗ്രതയാൽ സ്വയം നൈരന്തര്യം അനുഭവിക്കുന്ന സവി ശേഷജ്ഞാനമാണ്. വസ്തുജ്ഞാനം സന്താനങ്ങൾക്ക് കിട്ടിക്കൊള്ളണമെന്നില്ല. അവർ ഏകാഗ്രപ്രയത്നം ചെയ്താൽ, കിട്ടിക്കൂടെന്നുമില്ല. ഇവിടെ പരമ്പരയുടെ കാല്പനിക ഭേദം ക്രിയ കൊണ്ടാണ് സംഭവിക്കന്നത്. മാണവകൻ (വിദ്യാർത്ഥി, ശിഷ്യൻ) അഗ്നിഭാ വത്തിലാണ്. ഗുരുവിന്റെ അഗ്നി പകർന്നെടുക്കുന്നവനാണ്. അവർക്ക് കാര്യകാരണ രൂപ ത്തിലുള്ള സംബന്ധമല്ല. അഛനും മകനും പോലെയുള്ള കാര്യകാരണബന്ധംമില്ല. ഒരേ ഭൂമിയില് വർത്തിക്കുന്ന സഹഭൂമികളായും വ്യത്യസ്തഭൂമികളില് സവ്യാവസവ്യമായി വർത്തിക്കുന്ന അസഹഭൂമികകളായും യോഗികൾക്ക് പരസ്പരാശ്രയത്വം സംഭവിക്കാറു

ണ്ട്. ഒരു കല്ല് മറ്റൊന്നിനോട് വിപരീതദിശയിൽ കൂട്ടിയുരസി അഗ്നിയുണ്ടാവുന്ന പോലെയാണ് അസഹഭൂമികകളിലെ പ്രചോദനം അതീതങ്ങളിൽ നിന്നാഗതമായ വ്യാസാദികളായ അവതാര പുരുഷന്മാരായ യോഗികൾക്ക് പരമാർത്ഥസത്തയിൽ ചിത്തം ഉറക്കുകയാൽ എന്റെ മകൻ, മറ്റൊരാളുടെ മകൻ എന്ന രീതിയിലുള്ള സന്താന പരമ്പരാസ്പർശിയായ മനോഭാവം ശിഷ്യരിലില്ല. ഗോമയം, പായസമെന്ന ഭേദവുമില്ല. പായസവും ആത്യന്തികമായി ഗോമയം തന്നെയാണ്. അഞ്ച് ഗവ്യങ്ങളുടെ (പഞ്ചഗവ്യം) ഉഭയസിദ്ധമാണ് പായസവും, കൃതം, അകൃതം, ലാഭം, നഷ്ടം, മുതലായവയൊന്നും യോഗിക്കില്ല. അതിനാൽ സുഖദുഃഖങ്ങളില്ല. കർമ്മത്തില് കർതൃത്വം, അകർതൃത്വം ഇല്ല. ചിത്തം ദ്വന്ദ്വങ്ങളുടെ ഛായാസ്പർശം കൂടാതെ സദാ പ്രകാശമായി, പ്രകാശം മാത്രം ഭുജിച്ച് ഇരിക്കുന്ന പുരുഷരില് ഭോഗാഭിമാനവുമില്ല. ചിതി, ചിത്തം ഇവ തമ്മിൽ ഭേദഗ്രഹണവുമില്ല. സ്വപ്രകാശമായ സ്വരൂപത്തിൽ സ്വഭാവത്തില് സ്വപ്രത്യയത്തിൽ സദാ ശ്രദ്ധയോടെ നൈരന്തര്യസ്മരണയോടെ അതിന്റെ ഫലസിദ്ധി സദാ ഭുജിക്കുന്നവരായി സദാ യോഗയുക്തരായി അവര് ഭൂമിയില് വർത്തിക്കുന്നു.

ഇവർ മാത്രമാണ് നേരത്തേ പറഞ്ഞ പോലുള്ള ആനന്ദം അനുഭവിക്കുന്നത്. നിത്യസമാധിസ്ഥർ. ജനിക്കുക, മരിക്കുക, ഉദിക്കുക, അസ്തമിക്കുക മുതലായ അനുഭവസ്മൃതികളും നാനാത്വസ്മൃതികളും (പൂർവ്വജന്മം) ഉണ്ടെങ്കിലും ആ ആശ്രയങ്ങളൊന്നുമില്ലാത്ത, അവയെല്ലാം ഓർമ്മിക്കുന്ന ആത്മാവാണ് ശരീരമല്ല താനെന്ന നിത്യപ്രത്യയസ്മരണയാൽ സദാ ചിദാനന്ദ സ്ഥിതിയിലുള്ളവർ. ഗ്രഹണം, സ്മരണം, രൂപകാരണഭേദങ്ങൾ, പരോക്ഷവും അപരോക്ഷവും ആയ രൂപ വിരുദ്ധ സംസർഗ്ഗങ്ങളുടെയെല്ലാം പ്രത്യഭിജ്ഞായോടെ, ഞാൻ ഏകം എന്ന പ്രത്യയത്തില് മാത്രം ചിത്തം പ്രത്യയിയായിരിക്കയാണ്. പ്രത്യയവും പ്രത്യയിയും ചിത്തത്തിൽ ഏകത്വം പ്രാപിച്ചിരിക്കയാണ്. അതിന്റെ സ്വാനുഭൂതി ലഭിച്ചതിനാൽ താന് കാര്യകാരണഭേദ വിരുദ്ധ ധർമ്മ സംസർഗ്ഗാദികളാല് ബാധിക്കപ്പെടാത്ത നിത്യമുക്തമായ കാരണമെന്ന് പ്രത്യക്ഷദർശനം കിട്ടിക്കഴിഞ്ഞു. പ്രത്യക്ഷാനുസാരേണയാണ് സാമഗ്രികളിൽ ഭേദവും അഭേദവും കാണുന്നത്. ന്യായത്തിന്റെ കണികകൊണ്ടു തന്നെ പരോക്ഷാപരോക്ഷധർമ്മവിരോധം നമുക്ക് മനസ്സിലാക്കാൻ കഴിയും അക്ഷണികത എന്ന അർത്ഥക്രിയയെ ന്യായകണിക കൊണ്ടുതന്നെ ബ്രഹ്മതത്വ സമീക്ഷക്കായി ഉപപാദിച്ച് ഇപ്രകാരം ഗ്രഹിച്ചാൽ സർവ്വവും എളുപ്പമാവും

33. പതഞ്ജലി:- മൈത്രീ കരുണാ മുദിതോപേക്ഷാണാം സുഖദുഃഖ പുണ്യാപുണ്യവിഷയാണാം ഭാവനാ തശ്ചിത്തപ്രസാദനം

വ്യാസ:- മൈത്രി, കരുണ, മുദിത, സുഖദുഃഖ പുണ്യാപുണ്യ വിഷയങ്ങളിൽ ഉപേക്ഷ - ഇപ്രകാരമുള്ള ഭാവനയാണ് ചിത്ത പ്രസാദം തരുന്നത്. മൈത്രി എന്നാൽ സർവ്വ പ്രാണികളിലും മിത്രത്വം. അവരുടെയെല്ലാം സുഖസംഭോഗം കൊണ്ടു തന്നെ മനസ്സിൽ ആനന്ദഭാവനം. കരുണ എന്നാൽ ദുഃഖമനുഭവിക്കുന്ന സർവ്വപ്രാണികളോടും ദയ, പുണ്യശീലരായ സജ്ജനങ്ങളെ കാണുമ്പോൾ മുദിത. അപുണ്യശീലരിൽ (ദുർജ്ജനം) ഉദാസീനത. ദ്വന്ദ്വാത്മകങ്ങളായ സർവ്വേന്ദ്രിയ വിഷയങ്ങളിലും ഉപേക്ഷ. ഈ ഭാവനകൾ കൊണ്ട് ശുക്ലധർമ്മം ഉണ്ടാവുന്നു. അതിനാൽ ചിത്തം പ്രസാദിക്കുന്നു. പ്രസന്നവും ഏകാഗ്രവുമായ സ്ഥിതിപദം ലഭിക്കുന്നു.

വാചസ്പതി:- അസൂയാദിമതങ്ങളുള്ള അപരികർമ്മിത മനസ്സ് സമാധി സമ്പാദിക്കാനുപയുക്തമല്ല. അസൂയാദികൾ ചിത്ത പ്രസാദനത്തിനും സമാധിക്കും വിരോധികളാണ്. അതിനാലവയെ അകറ്റി ചിത്തപ്രസാദവും സമാധിയും നേടുന്നതിനുള്ള ഉപായങ്ങൾ പ്രതിപാദിക്കാനാരംഭിക്കുന്നു. ഏതൊരു ചിത്തത്തിൽ മൈത്രി, കരുണ, മുതലായവ ഉത്ഥാനം ചെയ്യുന്നുവോ പരികർമ്മിയായ ആ ചിത്തത്തില് ചിത്തപ്രസാദം ഉണ്ടാവുന്നു. മൈത്രിയും സൌഹാർദ്ദവും ഭവിക്കുന്നു. ചിത്തത്തിൽ നിന്ന് ഈർഷ്യയും കാലുഷ്യവും നിവർത്തിച്ച് ചിത്തം സുഖിതമാവുന്നു. ദുഃഖിതരിൽ കരുണ, മറ്റുള്ളവരുടെ ദുഃഖം തനിക്കും ദുഃഖം എന്നാവുമ്പോൾ ആരിലും വിദ്വേഷമില്ലാതാവും. മറ്റൊരാൾക്ക് അപകാരം വരണമെന്ന് ചിന്തിക്കുന്നത് കാലുഷ്യവും അവരുടെ ഉയർച്ചയില് അസൂയ വരുന്നത് കാലുഷ്യവുമാണ്. അന്യന്റെ ദുഃഖത്തിൽ ദുഃഖിക്കുകയും സുഖത്തിൽ സുഖിക്കുകയും ചെയ്യുന്നവർക്ക് ഇതുരണ്ടുമില്ല. പുണ്യശീലരായ പ്രാണികളിൽ ഹർഷഭാവമാണ് മുദിത. അതും ചേതസ്സിലെ അസൂയാകാലുഷ്യങ്ങൾ നീക്കുന്നു. അപുണ്യശീലരായ ദുർജ്ജനങ്ങളില് ഉപേക്ഷ കാണിക്കുമ്പോൾ മദ്ധ്യസ്ഥമായ ഒരു ഭാവത്തിലാണ് ചിത്തം ഇരിക്കുന്നത്. അതും അസൂയാകാലുഷ്യനിവർത്തനോപാധിയാണ്. എല്ലാ താമസരാജസകർമ്മങ്ങളും ഉപേക്ഷിക്കുമ്പോള് സാത്വികമായ ശുക്ലകർമ്മം (ശുക്ലധർമ്മം) ചിത്തത്തിൽ ജനിക്കുന്നു. സത്വോത്കർഷസമ്പത്ത് സംഭവിക്കുന്നു. ചിത്തവൃത്തി നിരോധപക്ഷത്താൽ സ്വാഭാവികമായി പ്രസാദം സംഭവിച്ച ചിത്തം പ്രസാദ പൂർണ്ണമാകുന്നു. പ്രസന്നചിത്തം ഈ ഉപായത്താൽ ലക്ഷ്യമായ ഏകാഗ്രതയിലൂടെ സ്ഥിതിപദം പ്രാപിക്കുന്നു. മൈത്ര്യാദിഭാവനകളാൽ അസത്യമില്ലാത്ത സത്യമായ സ്ഥിതിയിലേക്ക് ഇപ്രകാരം ചിത്തം എത്തുന്നു.

34. പതഞ്ജലി:- പ്രഛർദ്ദന വിദ്യാരണാഭ്യാം വാ പ്രാണസ്യ

വ്യാസ:- കോഷ്ഠത്തിൽ വായ്, നാസാപുടങ്ങൾ, എന്നിവയുടെ പ്രയത്നവിശേഷത്താൽ മനസ്സ് പ്രഛർദ്ദനമാവുന്നു. വിദ്യാരണമെന്നാൽ പ്രാണായാമം. ഇവകളാൽ മനസ്സ് സ്ഥിതി സമ്പാദിക്കുന്നു.

വാചസ്പതി:- സ്ഥിത്യുപായങ്ങള് പറയുന്നു. വാ ശബ്ദത്താൽ വക്ഷ്യമാണമായ എല്ലാ ഉപായാന്തരങ്ങളുടേയും അപേക്ഷ മാത്രമല്ല, മൈത്ര്യാദികളായ ഉള്ളിലെ ഭാവനകളും കൂടി പെടുന്നു. (ചിന്തയും വാക്കും) അവ രണ്ടും ഉണ്ടാവുന്നത് ഒപ്പമാണ്. ഒരാളുടെ ചിന്ത അയാളുടെ വാക്കിനാൽ വിവൃണമാവുന്നു (അനാവൃതം). പ്രഛർദ്ദനമെന്നാല് വിവൃണം. കൗഷ്ഠത്തിൽ (ശരീരത്തിനകത്ത്) വായു, നാസികാപുടം, വായിലെ സ്ഥാനങ്ങളെന്നിവിടങ്ങളിൽ തട്ടി വരുന്ന പ്രയത്നവിശേഷമാണ് വാക്ക്. അഥവാ വാണി. ശാസ്ത്രവിഹിതമായ ഈ വാണിയെ മനസ്സിന്റെ പ്രയത്നവിശേഷത്താൽ മനുഷ്യൻ ഉത്കൃഷ്ടമാക്കുന്നു. രേചകത്തിലാണ് വാക്കിന്റെ ഉത്പത്തി. രേചിതമായ പ്രാണത്തെ (വായു) പുറത്തുതന്നെ സ്ഥാപിക്കുന്നത് (പ്രാണത്തെ യമമാക്കുക - പ്രാണായാമം) സാഹസത്താൽ പോലും പ്രവേശിക്കാനാവാത്ത ഒന്നാണ്. എന്നാൽ പ്രഛർദ്ദന വിദ്യാരണ്യങ്ങളാല് വായുവിന്റെ ഘനം കുറച്ച് (ലഘുകൃതം) ശരീരത്തേയും ലഘുകൃതമാക്കാം. അങ്ങനെ സ്ഥൂല ശരീരത്തിന് സൂക്ഷമവും ലഘുവുമായ മനസ്സിന്റെ സ്ഥിതിപദം ലഭിക്കും. ഈ സ്ഥിതി നിബന്ധനയിൽ മനസ്സും ശരീരവും ഒന്നായിത്തീരുന്നു. ചിന്തയും വാക്കും പ്രവൃത്തിയും ഒന്നാവുന്നു.

35. പതഞ്ജലി:- വിഷയവതീ വാ പ്രവൃത്തിരുത്പന്നാ മനസാഃസ്ഥിതി നിബന്ധനി

വ്യാസ:- നാസികാഗ്രത്താല് ദിവ്യഗന്ധ സംവിത്തായ ഗന്ധപ്രവൃത്തിയെ നാം ധാരണം ചെയ്യുന്നു. ജിഹ്വാഗ്രം രസസംവിത്താണ്. താലു രൂപസംവിത്താണ്. ജിഹ്വാ മദ്ധ്യം സ്പർശ സംവിത്താണ്. ജിഹ്വാമൂലം ശബ്ദസംവിത്താണ്. ഇപ്രകാരം ആവർത്തി ച്ചാവർത്തിച്ച് ഉല്പന്നമായ ചിത്തത്തിന്റെ സ്ഥിതി നിബന്ധിക്കപ്പെട്ടിരിക്കുന്നു. ഇത് സംശ യരഹിതമായി സമാധിപ്രജ്ഞയിൽ ദ്വാരികളായി ഭവിക്കുന്നു. അഞ്ചു ദ്വാരങ്ങൾ ഗന്ധ രാസ രൂപസ്പർശ ശബ്ദ സംവിത്തുകളായി നാസാഗ്രം മുതൽ വായിലിരിക്കുന്ന അഞ്ച് സ്ഥാനങ്ങളുടെ ആവർത്തനത്താലുണ്ടായ ചിത്തം ഇവയുമായി നിബന്ധിക്കപ്പെട്ട് സ്ഥിതി ചെയ്യുന്നു. എപ്രകാരമെന്നാൽ ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും മണിപ്രദീപങ്ങളും അവ യുടെ രശ്മികളാൽ (പ്രകാശ രശ്മി) പ്രവൃത്തി ഉല്പന്നമാക്കുന്നതു പോലെ.

സുവർണ്ണ:- പ്രകാശരശ്മിയുടെ ധർമ്മത്താല് ചലനം ഗതി പ്രവൃത്തി. അതുപോലെ ശബ്ദതരംഗങ്ങളാൽ അവയുടെ ആവർത്തന ഗതിയാല് ചിത്തം. പ്രകാശ തരംഗങ്ങൾക്കും ശബ്ദതരംഗങ്ങൾക്കും സാമ്യം പറയുന്നു.

വ്യാസ:-ചിത്തവും പ്രവൃത്തിയും വിഷയവതി തന്നെയെന്നറിയുക. അതാതു ശാസ്ത്ര നുരാഗം, ആചാര്യോപദേശം, എന്നിവ കൊണ്ട് സ്വയം അർത്ഥം ഗ്രഹിച്ച് ചിത്തം സദ്ഭ്ര തമായി ഭവിക്കുകയാണ്. എപ്രകാരം ഭൂതാർത്ഥപ്രതിപാദന സാമർത്ഥ്യത്താൽ, ദേശ ജ്ഞാനം ഉണ്ടാവുന്നുവോ അതുപോലെ

സുവർണ്ണ:- പഞ്ചഭൂതാത്മക പ്രപഞ്ചത്തിലെ ദിക്ദേശജ്ഞാനം പോലെത്തന്നെയാണ് ശബ്ദാർത്ഥജ്ഞാനം ഉല്പാദിപ്പിക്കപ്പെടുന്നത് എന്നുള്ള താരതമ്യം ശ്രദ്ധിക്കുക. ജ്യോതി ശാസ്ത്രവും സംഗീത ശാസ്ത്രവും ഇതുപോലെയാണ് പണ്ടുള്ളവർ ഗ്രഹിച്ചിരുന്നതെന്നും ഓർക്കുക.

വ്യാസ:- സ്വന്തം കരണങ്ങളാൽ സംവേദ്യമായ (മനസ്സിലാക്കാവുന്ന) സർവ്വവും പരോ ക്ഷമായ അപവർഗ്ഗാദികളാല് സൂക്ഷമാർത്ഥമായി താരതമ്യപഠനത്താല് ദൃഢമാവുമ്പോള് ഉല്പാദിപ്പിക്കപ്പെടുന്നു.

സുവർണ്ണ:- ബുദ്ധി അഥവാ ഇന്റലിജൻസ് ചിത്തത്തിൽ നിന്ന് ഉണ്ടാവുന്നു. ഇതിന് ഇന്ദ്രിയ സംവേദനം, അതിന്റെ സൂക്ഷമാർത്ഥത്തെ താരതമ്യം ചെയ്ത് ദൃഢമാക്കലെ ന്നിവ ആവശ്യമാണ്.

വ്യാസ:- ശാസ്ത്രാനുമാനങ്ങള്, ആചാര്യോപദേശം മുതലായവ ഇപ്രകാരം സ്വാനു ഭവങ്ങളെ ഉറപ്പിക്കാൻ ഉപോൽബലകങ്ങളായി ഉപദേശിക്കണമെന്നും സവിശേഷ പ്രത്യ യത്തിന് കർത്തവ്യമാണെന്നും അതിനാല് കാണാം.

സുവർണ്ണ:- നമ്മള് ഇപ്പോളിതിനെ റഫറൻസ് എന്ന് വിളിക്കുന്നു.

വ്യാസ:- നമുക്കു മുമ്പുണ്ടായിരുന്ന ആചാര്യന്മാര് ഉപദേശിച്ചതിന്റെ അർത്ഥം ഏക ദേശം പ്രത്യക്ഷമായി അറിഞ്ഞാല് സുക്ഷമമായി സർവ്വത്തേയും ശ്രദ്ധാപൂർവ്വം അപ വർഗ്ഗീകരണം ചെയ്ത് സ്വയം കണ്ടെത്തണം. ഈ കർമ്മത്തെയാണ് ചിത്തത്തിന്റെ പരി കർമ്മം എന്ന് നിർദ്ദേശിച്ചിട്ടുള്ളത്. അനിയതങ്ങളായ വൃത്തികളിൽ ആ വിഷയങ്ങളുടെ

വശീകാര സംജ്ഞയാൽ ചിത്തം ഉപജാതമാകുന്നു. ആ വിഷയത്തിന്റെ അർത്ഥം പ്രത്യക്ഷമായി ഭവിക്കാന് സമർത്ഥമായിത്തീരുന്നു.

സുവർണ്ണ:- മുമ്പത്തെ ആചാര്യന്മാർ മുമ്പുണ്ടായിരുന്ന ശാസ്ത്രജ്ഞരാണ്. അവരുടെ ശാസ്ത്രം പഠിച്ചു കഴിഞ്ഞാൽ സ്വന്തമായി അപവർഗ്ഗീകരണം (അനാലിസിസ്, ക്ലാസിഫിക്കേഷൻ) ചെയ്ത് സ്വന്തമായി കണ്ടെത്തണം. അപ്പോഴാണ് ശാസ്ത്രത്തിന് പ്രയോജനകരമായി എന്തെങ്കിലും ചെയ്യാനാവുക. ഏതൊന്നിൽ വശീകൃതമായി അതിനെ നന്നായി പഠിക്കുന്നുവോ അത് സ്വചിത്തത്തിൽ പ്രത്യക്ഷീകരിക്കാന് ആ ചിത്തം സമർത്ഥമാവുന്നു.

വ്യാസ:- അതിൽത്തന്നെ ശ്രദ്ധ, വീര്യം, സമൃതി, സമാധി എന്നിവ പ്രതിബന്ധം കൂടാതെ സംഭവിക്കുന്നു.

സുവർണ്ണ:- വ്യാസമുനി പറയുന്നതെല്ലാം സയൻസിനെത്തന്നെയാണെന്ന് പ്രത്യേകം ശ്രദ്ധിക്കണം. ഏതൊരു വിദ്യാർത്ഥിക്കും ഇത് അനുഭവമായിരിക്കും.

വാചസ്പതി:- സ്ഥിതിയുടെ ഉപായാന്തരം. പ്രവൃത്തികൾ മനസ്സില് ഉല്പന്നമാകുന്നത് വിഷയങ്ങളിലൂടെയാണ്. അതിനാൽ അവയോട് നിബന്ധിച്ചാണ് മനസ്സിന്റെ സ്ഥിതി. ധ്യാനം, ധാരണ, സമാധി എന്നിവക്കായി നാസാഗ്രത്തിൽ ശ്രദ്ധ ഉറപ്പിക്കുമ്പോള് യോഗി സർവ്വഗന്ധവിത് സാക്ഷാത്കാരം നേടുന്നു.

സുവർണ്ണ:- ഗന്ധവതിയായ ഭൂമിയുടെ യാഥാർത്ഥ്യം പൂർണ്ണമായറിയുന്നു. പഞ്ചഭൂതങ്ങളെ ജയിക്കുന്നു, കീഴടക്കുന്നു.

വാചസ്പതി:- ഇതുപോലെ ഓരോരോ ദ്വാരാപുരിയേയും അതാതിന്റെ പ്രവൃത്തിയേയും യോഗി സാക്ഷാത്കരിക്കുന്നു.

സുവർണ്ണ:- ഗന്ധം മുതല് ശബ്ദം വരെ (ഭൂമി മുതൽ ആകാശം വരെ) ഇങ്ങനെ കീഴടക്കുന്നു. ശബ്ദം അതിന്റെ ഏറ്റവും സൂക്ഷമമായ കമ്പനങ്ങളോടെ സംഗീതസ്വരങ്ങളായി പുറപ്പെടിക്കുന്നവർ പഞ്ചദ്വാരാപുരികളുടേയും അധിപരായി ഭം എന്നാൽ ക്ഷേത്രമായ ആകാശം. ശബ്ദക്ഷേത്രമായ, പന്ത്രണ്ടു രാശിരൂപമായ മണ്ഡലം. ഊർജ്ജരാശി മണ്ഡലം. അതിൽ നാം ആവർത്തിച്ചാവർത്തിച്ച് ജന്മമെടുക്കുന്നു, ഒരേ വിഷയങ്ങൾ വീണ്ടും പഠിക്കുന്നു.

വാചസ്പതി:- നാം ഭാവൃത്തിയില് വീണ്ടും വീണ്ടും ആവർത്തിക്കുന്ന സ്ഥിതിയിലാണ് അഥവാ അനേക കാലം കൊണ്ടാണ് കൈവല്യപ്രാപ്തി ആഗമപ്രകാരവും സ്വാനുഭവത്താലും നേടുന്നത്. അല്പകാലം കൊണ്ട് ഇത്തരം വൃത്തി കാണുകയില്ല. ഇത് ഈശ്വരവിഷയത്തിലും ഇപ്രകാരം തന്നെയാണ് സ്ഥിതി നിബന്ധന ചെയ്തിരിക്കുന്നത്. അന്യമായൊരു വിഷയത്തിലേക്ക് ചിത്തവൃത്തി വ്യതിചലിക്കാതെ ഈശ്വരനിൽ തന്നെ അചഞ്ചലസ്ഥിതി സംശയമെന്യേ സംഭവിക്കുമ്പോഴേ അത് സമാധി പ്രജ്ഞയാവുന്നുള്ളു. ആഗമസിദ്ധർക്ക് സർവ്വ വൃത്തികളും അന്തരംഗത്തിലേക്ക് ആഗമമാകയാൽ അവര് ആ വൃത്തികൾക്ക് പിന്നാലെ പോവുകയില്ല. ഈശ്വരചിത്തത്തെ വൃത്തികൾ ആശ്രയിക്കയാണ്. ആഗമാദികൾ സംശയരഹിതമായി സ്വഗതത്തില് അർത്ഥപൂർവ്വം അവര് സൃഷ്ക്കുന്നു. യോഗിസിദ്ധി ശ്രദ്ധാമൂലമാണ്. ഉപദേശത്താൽ അർത്ഥത്തിന്റെ ഏകദേശപ്രത്യക്ഷീകരണം, പിന്നെ അതിൽ ശ്രദ്ധാതിശയത്താല് ധ്യാനാദികള്, അങ്ങനെ സമാധി, യോഗ സിദ്ധി.

36. പതഞ്ജലി:- വിശോകാ വാ ജ്യോതിഷ്മതി

വ്യാസ:- മനസ്സിൽ സ്ഥിതി ബദ്ധമായി അനുവർത്തിച്ച് പ്രവൃത്തി ഉല്പന്നമാകുന്നു. ഹൃദയ പുണ്ഡരീകത്തിൽ ധരിച്ചതാണ് ബുദ്ധിസംവിത്ത്. ബുദ്ധിസത്വമാണ് ഭാസ്വരമായ ആകാശകല്പം. അതിൽ സ്ഥിതിവൈശാരദ്യം വരുന്ന പ്രവൃത്തി സൂര്യ, ചന്ദ്ര, ഗ്രഹ, മണി, ദീപങ്ങളുടെ പ്രഭാരൂപമായി പ്രകാശ രശ്മി രൂപത്തില് ജ്ഞാനരൂപമായി കാണപ്പെടുന്നു. അസ്മിതയാൽ സമാപന്നമായ ചിത്തം നിസ്തരംഗമായ ഒരു മഹാസിന്ധുവിന്ന് സദൃശമായി ശാന്തം, അനന്തം, അസ്മിതാമാത്രമായി ഭവിക്കുന്നു. അണുമാത്രമെങ്കലും ആത്മാവിനെ അനുവിദ്യ ചെയ്ത് അസ്മീതി എന്നിപ്രകാരം സമ്പ്രജ്ഞാതമുണ്ടായവർക്ക് ഈ അവസ്ഥയിലെത്താം. അദ്വയിയും വിശോകവും വിഷയവതിയും അസ്മിതാമാത്രവുമായ ഈ പ്രവൃത്തിയെ ജ്യോതിഷ്മതി എന്നു പറയുന്നു. അപ്രകാരം യോഗിചിത്തത്തിന് സ്ഥിതിപദം ലഭിക്കുന്നു.

സുവർണ്ണ:- ചിത്തം പ്രകാശനാദമയമായ ഈ അവസ്ഥയില് ജ്യോതിശ്ശാസ്ത്ര ജ്ഞാനം പൊടുന്നനെ ഉദിക്കുന്നു. ആ സംവിത്സാഗരത്തിന്റെ ചിന്മാത്രയില് ത്രികാല ജ്ഞാനം ലഭിക്കുന്നു.

വാചസ്പതി:- വിശോക എന്നാല് വിഗതശോക. അഥവാ ദുഃഖരഹിതം. ജ്യോതി അഥവാ പ്രകാശം അസ്തി (ഉണ്ട്) എന്ന മതി (ബുദ്ധി) ജ്യോതിഷ്മതി പ്രകാശരൂപമായ മനസ്സാണ്. ഉദരത്തിനും ഉരസ്സിനും മദ്ധ്യത്തിൽ ഏതൊരു പത്മം അധോമുഖമായി, അഷ്ടദളമായി ഇരിക്കുന്നുവോ അത് ഹൃദയപുണ്ഡരീകം. രേചകപ്രാണായാമങ്ങളാൽ അതിനെ ഊർദ്ധ്വമുഖമാക്കി അതില് ചിത്തം ധാരണ ചെയ്യുന്നു. അതിന്റെ മദ്ധ്യത്തിൽ സൂര്യമണ്ഡലം അകാരം. ജാഗരിസ്ഥാനം. അതിന്നുപരി ചന്ദ്രമണ്ഡലം ഉകാരം, സ്വപ്നസ്ഥാനം. അതിനുപരി അഗ്നിമണ്ഡലം മകാരം സുഷുപ്തിസ്ഥാനം അതിനുപരി പരമവ്യോമാത്മകമായ ബ്രഹ്മനാദം തുരീയസ്ഥാനം. തുരീയസ്ഥാനത്തെ അർദ്ധമാത്രമായി യോഗികള് ഉദാഹരിക്കുന്നു. കർണ്ണികകളില് ഊർദ്ധ്വമുഖിയായി സൂര്യാദിമണ്ഡല മദ്ധ്യഗയായി ബ്രഹ്മനാഡി. അതിന്റെ ഊർദ്ധ്വാഭാഗത്ത് സുഷുമനാനാഡി പ്രവർത്തിക്കുന്നു. അതാണ് ബ്രാഹ്മി എന്ന പേരില് സൂര്യാദിമണ്ഡലങ്ങളിലെല്ലാം പ്രോതമായിരിക്കുന്നത്. ചിത്തസ്ഥാനത്തെ അതിൽ ധാരണം ചെയ്താണ് യോഗി ചിത്തസംവിത്ത് നേടുന്നത്. ഉപപത്തിപുർവ്വകമായി വദിക്കപ്പെട്ട ഏതൊരു ബുദ്ധി രൂപം ദർശിക്കപ്പെടുന്നുവോ അതാണ് ബുദ്ധിസത്വം. ആകാശകല്പം ഇതിലാണ് വ്യാപിക്കുന്നതായി ദർശനീയമാവുന്നത്. സൂര്യാദികളുടെ പ്രഭ ഏതോരു രൂപത്താൽ ഗ്രഹിക്കപ്പെടുന്നുവോ അതാതു രൂപവികല്പമെടുത്ത് നാനാരൂപമായി കല്പിക്കപ്പെടുന്നു. അതിനാൽ ബുദ്ധിക്ക് അഭിമതമായ മനസ്സല്ല മഹത്തത്ത്വം. സുഷുമനയിൽ വൈകാരികാഹം കാരജന്മങ്ങളില് സത്വബഹുലതയാല് ജ്യോതിരൂപതയാല് വിവക്ഷിതത്വം, തത്തദ്വിഷയ ഗോചരതയാൽ സർവ്വവ്യാപിത്വശീലത്വം എന്നിവയോടുകൂടിയ പ്രകാശം തന്നെയാണ് അസ്മിതാകാര്യത്തിൽ മനസ്സില് സമാപത്തി ദർശിക്കുന്നു. അസ്മിതാസമാപത്തിയിൽ സ്വരൂപം പ്രകടമാകുന്നതെങ്ങനെയോ അതുപോലെ രജ്സ്തമസ്സുകളാണ് തരംഗങ്ങൾ. തരംഗം അടങ്ങുമ്പോൾ, ശാന്തം, പൂർണ്ണ സത്വരൂപം. അനന്തം, സർവ്വവ്യാപിത്വം, അസ്മിതാമാത്രം. പിന്നീട് നാനാപ്രഭാരൂപമായിട്ടല്ല, ഏകജ്യോതിസ്സായിട്ടാണ് സർവ്വവും ദർശിക്കുന്നത്. ഈ ദർശനത്തെ ആഗമാന്തരങ്ങളാല് സ്വീക

രിച്ച് സ്വമതം അതിനു തുല്യമാണ് എന്ന കണ്ടെത്തലേ പിന്നെ ബാക്കിയുള്ളു. ഇപ്രകാര മാണ് പഞ്ചശിഖാചാര്യന് പറഞ്ഞിട്ടുള്ളത്. വളരെ ദുരതിഗമത്വമുള്ള, ദുരത്യയായ അനേ കത്വഭാവനയെ അണുമാത്രമെങ്കിലും ആത്മചിന്ത, അഹങ്കാരാസ്പദമായ അനുവിദ്യ അനു ചിന്ത, അസ്മിത ഇപ്രകാരം മുന്നേറിയാൽ അറിയാനും കീഴടക്കാനും കഴിയും അസ്മി താമാത്ര രൂപമായ ജ്യോതിഷ്മതിയും നാനാപ്രഭാരൂപമായ ജ്യോതിഷ്മതിയും ഒന്നുത ന്നെയാണ്. രണ്ടേന്നു തോന്നിയത് വാസ്തവത്തിൽ ഒന്നാണ്. രജസ്തമോമലമുള്ളത് തരംഗമുള്ള തരംഗിണിയായ ജ്യോതിഷ്മതി. വിധൂതരജ്സ്തമോമലയായ അസ്മിതാമാ ത്രയായ തരംഗഗഹീനമായ മഹാസിന്ധു ജ്യോതിഷ്മതി. ഇപ്രകാരം ജ്യോതിഷ്മതിയുടെ ദ്വിവിധമായ പ്രകാശനും സാധിക്കുന്നു, ഗ്രഹിക്കുന്നു.

സുവർണ്ണ:- തിരയടങ്ങിയ മഹാസിന്ധുവായി, ശൈശവസ്വപ്നത്തിൽ ഞാനാദ്യം ദർശിച്ച ജ്യോതിഷ്മതി പാഥേയമെന്ന ആത്മീയ ആത്മകഥയിൽ ഞാന് എഴുതിയിരു ന്നു. ഏതോ പൂർവ്വജന്മസമൃതിപോലെ എന്നില് ഉദിച്ച ആ ദർശനം ഇതായിരുന്നു എന്നത് എന്നെ ആശ്ചര്യവതിയാക്കുന്നു.

37. പതഞ്ജലി:- വീതരാഗവിഷയം വാ ചിത്തം

വ്യാസ:- യോഗിചിത്തം വീതരാഗചിത്താലംബനാപരക്തമായ സ്ഥിതിപദം ലഭിച്ച താണ്.

വാചസ്പതി:- കൃഷ്ണദ്വൈപായനാദി യോഗിവര്യന്മാരുടെ ചിത്തം രാഗാദികളുടെ ആലംബനം ഒട്ടുമില്ലാതെ, അവയിൽ ഉപരതിയില്ലാതെ, വീതരാഗമാണ്.

സുവർണ്ണ:- വീതരാഗഭയക്രോധമെന്ന് ഭഗവദ് ഗീത

38. പതഞ്ജലി:- സ്വപ്നനിദ്രാനാനാലംഭനം വാ

വ്യാസ:- സ്വപ്ന ജ്ഞാനാലംഭനത്തിലും നിദ്രാജ്ഞാനാ ലംബനത്തിലും കൂടി യോഗിയുടെ ചിത്തസ്വരൂപം സ്ഥിതിപദത്തിൽത്തന്നെ ഉറച്ചിരിക്കുന്നു.

വാചസ്പതി:- സ്വപ്നത്തിൽ വിവിധ വനങ്ങൾ സമുച്ചയങ്ങൾ എന്നിവയില് മനസ്സ് സഞ്ചരിക്കുന്നു. അതുപോലെ ചന്ദ്രമണ്ഡലത്തിലും കോമളമൃണാളശകലം പോലെ അംഗ പ്രത്യംഗ മനോഹരമായ, അഭിജാതമായ, ചന്ദ്രകാന്തമണികളായ മനസ്സുകളും സുരഭില ങ്ങളായ മാലതീമല്ലികാഹാരങ്ങൾ ധരിച്ചവരും മഹേശ്വരനായ ഭഗവാന്റെ പ്രതിമയെ ആരാ ധിക്കുന്നതിൽ മാത്രം പ്രബുദ്ധരും പ്രസന്നമനസകരുമായ സ്വപ്നജ്ഞാനാവ ലംബിനി കളായ ഭൂതങ്ങളുടെ അനുചിന്തനത്തിലും അത്തരം രൂപങ്ങളിലും മാത്രമാണ് യോഗി യുടെ മനസ്സ് വിഹരിക്കുന്നത്. അത്തരം ചിത്തത്തിന് സ്വപ്ന നിദ്രാജ്ഞാനാ ലംബന ത്തിൽപ്പോലും സ്ഥിതിപദം ലഭിച്ചിരിക്കുന്നു. നിദ്രയിലും കൂടി അവരുടെ ചിത്തം സാത്വി കിയാണെന്ന് ഗ്രഹിക്കുക. ഇപ്രകാരം പ്രബുദ്ധരായവർക്ക് സ്വപ്നത്തിൽപ്പോലും സുഖാ നുഭവത്തിന്റെ പ്രത്യവമർശമല്ലാതെ ദുഃഖസ്പർശമേ ഇല്ല. ഹിതയിൽ ഏകാഗ്രമാണ് അവ രുടെ മനസ്സ്. അപ്രകാരമാണ് ബ്രഹ്മവിത്തുകളായ യോഗികൾ സുപ്താവസ്ഥയിൽ ബ്രഹ്മ രൂപം ദർശിച്ച് ഉദാഹരിക്കുന്നത്. ജ്ഞാനവും ജ്ഞേയവും (ഈശ്വരൻ, പ്രപഞ്ചം, ഗോത്രാ ദികളോടുകൂടിയ ഒരു ജ്ഞാതാവ് ജീവാത്മാവ്) എല്ലാം ഭവിക്കുന്നു. ഗോചരക്രിയയി ലാണ് ഈ ദർശനം സംഭവിക്കുന്നത്.

സുവർണ്ണ:- എന്റെ ശൈശവസ്വപ്നത്തെ അപഗ്രഥിക്കുന്നതില് വാചസ്പതിയുടെ ഈ വാക്കുകള് എനിക്കേറെ സഹായകമായി. ആധുനിക ശാസ്ത്രസങ്കേതപ്രകാരവും ഈ ഈ ജിയുടെ തരംഗങ്ങൾ മെഡിറ്റേഷനല് തരംഗങ്ങളോട് തുല്യമാവുന്ന നിദ്രാവ സ്ഥയിൽ ദർശന, ദിവ്യ ശ്രവണാദികൾ വിശദീകരിക്കുപ്പെട്ടിട്ടുണ്ട്. ഈ അനുഭവം ശൈശ വത്തിൽ തന്നെ ലഭിക്കുന്നതിനെ പൂർവ്വപുണ്യാനുഭവമെന്ന് പറയുന്നു.

39. പതഞ്ജലി:- യഥാഭിമതധ്യാനാഭ്യാ

വ്യാസ:- അവനവന്റെ അഭിമതമനുസരിച്ചാണ് ഒരാള് തന്റെ ധ്യാനവിശഷയമോ ധ്യാന രൂപമോ തെഞ്ഞെടുക്കുന്നത്. ആ വിഷയത്തിൽ, ആ രൂപത്തിൽ ലബ്ധസ്ഥിതികമായി അതിൽത്തനെ തന്മയമായി സ്ഥിതിപദം ലഭിക്കും.

വാചസ്പതി:- ഏതു ധ്യാനരൂപം ധ്യാനം ചെയ്തുവോ അതിന്റെ തന്മയത നേടു ന്നു. ദുഃഖരൂപം, വിഷാദം തരുന്ന രൂപം എന്നിവയെ ധ്യാനിക്കുന്ന പക്ഷം ലോകത്തി ലാകെ ദുഃഖവും വിഷാദവും വർദ്ധിക്കും.

സുവർണ്ണ:- സ്വന്തം അഭിമതമെന്ന് പറയുന്നത്. പലപ്പോഴും ഈ ജന്മത്തിലെ ആവ ണമെന്നില്ല. പൂർവ്വപുണ്യഫലമായി ഒരു choiceless awareness നമുക്കായി ശൈശവ ത്തിൽ തന്നെ നമ്മുടെ ഇഷ്ടവിഷയവും ഇഷ്ടദേവതയും ആ ഇഷ്ടദേവതയാൽ തന്നെ തെരഞ്ഞെടുക്കുന്നുണ്ട്. അങ്ങനെയല്ലാത്തവർക്കാണ് തനിക്കിഷ്ടമുള്ളത് തെരഞ്ഞെടുത്ത് അഭ്യാസം കൊണ്ട് ക്രമമായി ഫലം നേടേണ്ടിവരുന്നത്.

40. പതഞ്ജലി:- പരമാണുപരമ മഹത്വാന്തോ അസ്യ വശീകാരഃ

വ്യാസ:- സൂക്ഷമമായ പരമാണുവിൽ മനസ്സുറപ്പിച്ചാല് അതിലാണ് സ്ഥിതിപദം ലഭി ക്കുക. സ്ഥൂലമായ പരമദേഹത്തിലെങ്കിൽ അതിലാണ് ചിത്തത്തിന് സ്ഥിതി കിട്ടുക. ഉഭ യങ്ങളായ അനേകകോടികളിൽ മാറിമാറി മനസ്സുവെച്ച് അവയെയെല്ലാം അനുധാവനം ചെയ്യുന്നത് ഏകാഗ്രതക്ക് പ്രതിഘാതമാണ്. പരമതത്വത്തിലുള്ള വശീകാരം അപ്പോൾ കുറയും. അതിനാൽ പൂർണ്ണമായ വശീകാരത്തിനായി യോഗിചിത്തം ഒരു ഇഷ്ടവിഷയ ത്തില് (ഇഷ്ടദേവതയിൽ) മാത്രം ഉറച്ച്, പിന്നീട് ചിരകാലം അഭ്യാസം ചെയ്ത് പരി കർമ്മാപേക്ഷതയോടെ സിദ്ധി നേടുന്നു.

സുവർണ്ണ:- ഈശ്വരപ്രണിധാനവും ഇഷ്ടദേവതാനിഷ്ഠ എന്ന ഭക്തിമാർഗ്ഗവും ഇപ്ര കാരം ചിത്തത്തിന് ഏകാഗ്രത നേടുവാനുള്ള മാർഗ്ഗങ്ങളില് പ്രധാനമാണ്. സ്ഥിതിപദം ഉറയ്ക്കാനാകയാൽ സ്ഥിതിദേവനും പരമസാത്വികനുമായ വിഷ്ണുസ്വരൂപത്തിൽ ഇഷ്ട ദേവതാനിഷ്ഠ വ്യാസമുനി ഭാഗവതത്തിലും മഹാഭാരതത്തിലും ഉപദേശിച്ചു. വാത്മീകി രാമായണത്തിലും.

വാചസ്പതി:- ആത്മഭാവത്തിൽ സ്ഥിതിപദം സ്ഥിരമാക്കുന്നതിന് എന്തുചെയ്യണം. പരമാണു മുതൽ പരമ മഹത്വാന്തം വരെ അതിസൂക്ഷമം മുതല് അതിസ്ഥൂലം വരെ സർവ്വത്തേയും വശീകരിക്കാന് യോഗിചിത്തത്തിനു മാത്രമേ കഴിയൂ. വശീകരപദാർത്ഥം എപ്പോഴും പിണ്ഡീകൃതമായിരിക്കും.

സുവർണ്ണ:- വശീകാരപദാർത്ഥം എന്നാൽ, ആകർഷശിക്കാനുള്ള ശക്തിയുള്ള വസ്തു. An object that has the power of attraction, അത് എപ്പോഴും പിണ്ഡമായി രിക്കും അഥവാ, Solid or an object that has mass. ശാസ്ത്രസത്യമാണിത്.

വാചസ്പതി:- എറ്റവും പിണ്ഡം കുറഞ്ഞ സൂക്ഷമപരമാണു. ഏറ്റവും പിണ്ഡം കൂടിയ പ്രപഞ്ചം എന്ന് ഉഭയത്തേയും (രണ്ടിനേയും) യോഗി തന്റെ ചിത്തത്തിൽ ഏകാഗ്രത യാല് വശീകരിച്ച് ആവാഹിച്ചറിയുന്നു.

സുവർണ്ണ:- ഇവയെ ആധുനിക ശാസ്ത്രഭാഷയിൽ ക്വാണ്ടം യൂണിവേഴ്സ്, റിലേറ്റി വിസ്റ്റിക്ക് യൂണിവേഴ്സ് എന്ന് നാം പറയുന്നു. ഏറ്റവും മാസ് കുറഞ്ഞ പരമാണു മുതൽ, ഏറ്റവും മാസ് ഉള്ള സ്ഥൂലപ്രപഞ്ചം വരെ സർവ്വവും ഏകാഗ്രമായ ചിത്തത്താൽ വശീക രിക്കപ്പെട്ട് ആ ചിത്തത്താല് ആകർഷിക്കപ്പെട്ട്, അതിൽത്തന്നെ ഇരിക്കുന്നു എന്ന് ആധു നിക ന്യൂറോഫിസിയോളജിയുടെ നാഢീ ആകർഷണതത്വം കൂടി ഇവിടെ ഇന്ത്യയിലെ യോഗ ശാസ്ത്രത്തിൽ കാണാം.

വാചസ്പതി:- അതായത് അവയുടെ സൂക്ഷമവും സ്ഥൂലവുമായ ആകർഷണീയത രണ്ടും ഏകാഗ്രമായ യോഗിചിത്തത്തിലാണ്.

സുവർണ്ണ:- പരമാണുവിന്റേയും മഹദ് പ്രപഞ്ചത്തിന്റേയും ആകർഷണീയത യോഗി ചിത്തത്തിലുണ്ട്. ജ്ഞാനം, ജ്ഞേയം, ജ്ഞാനി എന്ന ഭേദമില്ലാതെ തന്മയിക്കുമ്പോള് ഇത് സ്വാഭാവികമാണല്ലോ. ജ്ഞാനി അപ്രകാരം സർവ്വത്തേയും സർവ്വരേയും വശീകരി ക്കുന്നു.

41. പതഞ്ജലി:- ക്ഷീണ വൃത്തേരഭിജാത സ്യേവമണേഗ്രഹീതു ഗ്രഹണഗ്രാ ഹ്യേഷു തത്സ്ഥതദഞ്ജനതാ സമാപത്തി

വ്യാസ:- മറ്റെല്ലാ പ്രത്യയങ്ങളിലുള്ള വൃത്തി അസ്തമിക്കുന്നതിനെ ക്ഷീണവൃത്തി എന്ന് പറഞ്ഞിരിക്കുന്നു. ക്ഷീണ വൃത്തിയായ ചിത്തം അഭിജാതമാണ്. ഇതിനെ ഒരു ദൃഷ്ടാന്തം കൊണ്ട് വ്യക്തമാക്കുന്നു. മണി അഥവാ സ്ഫടികം പോലെ. സ്ഫടികം ശുദ്ധവും വർണ്ണരഹിതവുമാണ്. ഏതു വസ്തു അതിനടുത്തുവെച്ചുവോ അതിന്റെ പ്രതി ബിംബം സ്ഫടികത്തിൽ കാണും. അതിന്റെ നിറം സ്ഫടികം എടുക്കുന്നതായി തോന്നും. ചിത്ത വൃത്തിനനിരോധം ചെയ്ത ചിത്തത്തിൽ അതാതു വിഷയഗ്രഹണം അങ്ങനെ യാണ് സംഭവിക്കുന്നത്. അടുത്ത് എന്തുവെച്ചുവോ ഏതുവന്നുവോ അതിനെ പ്രതിബിം ബിച്ചു കാണിക്കയല്ലാതെ ചിത്തം അതിന്റെ രൂപമോ ഭാവമോ സ്വീകരിക്കയില്ല. ഭ്രതസൂ ക്ഷ്മങ്ങൾ അടുത്തുവന്നാല് അവയുടെ ഉപരതിയാൽ ഭ്രതസൂക്ഷ്മ സമാപന്നമായി ഭ്രത സൂക്ഷ്മ സ്വരൂപാഭാസമായി കാണപ്പെടും. സ്ഥൂലാലംഭനോപരക്തമായാൽ സ്ഥൂല രൂപ സമാപന്നമായി വിശ്വരൂപാഭാസമായി കാണും. ഗ്രഹണാലംഭനത്തിൽ ഉപരക്തമായി, ഗ്രഹ ണസമാപന്നമായി ഗ്രഹണ സ്വരൂപാകാരത്തിൽ നിർഭാസിക്കുന്നതേയുള്ളൂ. ഗ്രഹണം കൊണ്ട് മാത്രമാണ് പ്രകാശരൂപമായ ചിത്തം എന്ന ഇന്ദ്രിയ സ്വരൂപത്തെ നാം ശരിക്ക് ദർശിക്കുന്നത്. ഗ്രഹിക്കപ്പെടുന്ന വസ്തു അഥവാ ആലംഭനം പുരുഷനെങ്കിൽ പുരുഷ നില് ഉപരക്തമായി ഗ്രഹീതൃപുരുഷ സമാപന്നമായി ഗ്രഹീതൃ പുരുഷ സ്വരൂപാകാര ത്തിൽ ചിത്തം നിർഭാസിക്കുന്നു. മുക്തപുരുഷസ്വരൂപമാണ് ആലംഭനമെങ്കില് മുക്ത പുരു ഷസമാപന്നമായി മുക്തപുരുഷ സ്വരൂപാകാരത്തിൽ നിർഭാസിക്കുന്നു. അഭിജാതമായ സ്ഫടികം പോലെ ചേതസ്സിൽ ഗൃഹീതു, ഗ്രഹണ, ഗ്രാഹ്യങ്ങളിൽ ഇപ്രകാരമുള്ള സ്ഥിതി യാല് അതാതിന്റെ സ്വരൂപഗ്രഹണം (ജ്ഞാനം) ഉണ്ടാവുന്നതിനെയാണ് സമാപത്തി എന്ന് പറയുന്നത്.

വാചസ്പതി:- ലബ്ധസ്ഥിതികമായ ചിത്തത്തിൽ വശീകാരം ദർശിക്കാനാവും അത്തരം വിശുദ്ധചിത്തത്തിൽ ഏതു വിഷയം ഏതുരൂപത്തിൽ സമ്പ്രജ്ഞാതമായി ഭവിക്കുന്നു എന്ന ചോദ്യത്തിനുത്തരമായി സൂത്രം അവതരിപ്പിക്കുന്നു. അഭ്യാസ വൈരാഗ്യങ്ങളാൽ രാജസതാമസാദി വൃത്തികള് ക്ഷീണിച്ച് ഇല്ലാതാവുന്നു. അവ അസ്തമിക്കുന്നു. പിന്നെ ചിത്തസത്വം മാത്രമ സ്വസ്വഭാവ, സ്വസ്വരൂപസ്വഛമായിരിക്കുന്നു. ഇതിലെങ്ങനെയാണ് രജോതമഗുണങ്ങൾ അഭിഭവിക്കുന്നത്. അഭിജാതമാവുന്നത്. കാണപ്പെടുന്നത്. സ്വഷ്ടമായ ദൃഷ്ടാന്തം സ്ഫടികം പോലെ എന്ന് ഉപാശ്രയം അഥവാ ഉപാധി ജപാകസുമം മുതലായവ. ചെമ്പരത്തിയുടെ ചുവപ്പ് ഉപരക്തഛായ ഉപാശ്രമത്തിന്റെ (ഉപാധിയുടെ) ഉപരക്തഛായ (പ്രതിബിംബം) സ്ഫടികത്തിൽ പ്രതിഫലിക്കുമ്പോൾ, കാണുന്നവർക്ക് അത് സ്ഫടികത്തിലുള്ളതാണെന്ന് തോന്നുന്നു. ഏതുനിറവും ഏതുരൂപവും ഏതു വിഷയജ്ഞാനവും ഇപ്രകാരമാണ് യോഗി ചിത്തത്തിൽ പ്രതിബിംബിക്കുന്നത്. ഗ്രാഹ്യവസ്തുവിന്റെ (ആലംബനം) നിറം രൂപം എന്നിവ ഗ്രാഹക ചിത്തത്തിന്റേതല്ല. അതിന്റെ ഛായ ഗ്രാഹക ചിത്തത്തിൽ വീഴുന്നതാണ് ഗ്രഹണം.

സുവർണ്ണ:- ഈ നിർവ്വചനം ശ്രദ്ധേയം സൂര്യഗ്രഹണം അമാവാസിനാളിൽ ചന്ദ്രഛായ സൂര്യനില് പതിക്കുന്നത് ഭൂമിയിലുള്ള നിരീക്ഷകൻ ഗ്രഹിക്കുന്ന പ്രക്രിയയാണ്. യോഗത്തിലും ശാസ്ത്രത്തിലും ഒരേ വാക്ക് ഒരേ അർത്ഥത്തില് പ്രയോഗിക്കുന്നത് നമുക്ക് മനസ്സിലാക്കിത്തരാനാണ്. ആകസ്മികതയല്ല. സോദ്ദേശപരമായി ഗുരുക്കന്മാർ ചെയ്തു വെച്ചതു തന്നെയാണ്. ഗ്രാഹ്യം, ഗ്രാഹകൻ, ഗ്രഹണം (ജ്ഞേയം, ജ്ഞാതാവ്, ജ്ഞാനം) എന്ന് വ്യവഛേദിച്ചാണ് മനുഷ്യമനസ്സ് ഏകത്വത്തെ ഗ്രഹിക്കുന്നത്. ആത്മീയമായ അന്തഃ കരണ രൂപമാണ് ജ്ഞേയം. അഥവാ സൂര്യപ്രകാശം ശരീരമെന്ന ഭൂമിയും മനസ്സെന്ന ചന്ദ്രനും ചേർന്ന ജ്ഞാതാവ് അതിനെ അറിയുന്ന പ്രക്രിയ ഗ്രഹണം അഥവാ കോഗ്നിഷന്, ജ്ഞാനം അതിനെ ഗ്രഹങ്ങൾ വഴി സാധിക്കുന്നു. വിശേഷേണ ഗ്രഹിപ്പിക്കുന്നത് വിഗ്രഹം ഗ്രഹിപ്പിക്കുന്നത് ഗ്രഹം വിഗ്രഹിച്ച് ഗ്രഹിപ്പിക്കുന്ന രീതി ഒരു പ്രാചീന വിദ്യാഭ്യാസ രീതിയാണ്.

വാചസ്പതി:- ആത്മസ്വരൂപം അറിയാനുള്ള പരിമിതി ആത്മപ്രകാശത്തിന്റേതല്ല. ശരീര മനസ്സുകളുടേതാണ്. ശരീര മനസ്സുകളുടെ പരിമിതി നീക്കുന്ന പ്രക്രിയയാണ് ഇവിടെ യോഗ പദ്ധതിയിൽ വർണ്ണിക്കുന്നത്. ഗ്രാഹ്യത്തിന്റെ ഉപരാഗത്തെയാണ് മനുഷ്യമനസ്സ് സ്ഥൂലഭൂതമായും ഭൂതസൂക്ഷമമായും വിഭജിച്ച് പഠിക്കുന്നത്. വിശ്വഭേദങ്ങളെല്ലാം വാസ്തവത്തിൽ ചേതനയാണ്. പ്രകാശം മാത്രമാണ്. ചേതനാസ്വഭാവത്താൽ പശുഘടം എന്നിങ്ങനെ മാറിമാറി ദ്രഷ്ടവ്യമാകുന്നു എന്നു മാത്രം. ആ സ്ഥൂല പിണ്ഡങ്ങളെല്ലാം തന്നെ വാസ്തവത്തിൽ ചേതന (പ്രകാശ രശ്മി) മാത്രമാണ്. വിതർക്ക വിചാരാനുഗതമായ സമാധിയില് ഇത് ദർശിക്കാവുന്നതാണ്.

സുവർണ്ണ:- ചേതന ഊർജ്ജമാണ്, എനർജ്ജി മാത്രമാണ്, ഐൻസ്റ്റെനും ഈ നിർവ്വചന പ്രകാരം വിതർക്ക വിചാര സമാധിയുടെ ഏകാഗ്രതയിൽ മാസ് ഉള്ള സർവ്വ പിണ്ഡവും ഊർജ്ജമാണെന്ന് കണ്ടെത്തിയ (ദർശിച്ച) ഒരു യോഗിയാണ്.

വാചസ്പതി:- ഗ്രഹണത്തിൽ ഇന്ദ്രിയസ്ഥിതിയും അപ്രകാരമാണ്. എല്ലാ ഇന്ദ്രിയങ്ങളും ഗൃഹത്തിനകത്ത് ഒന്നിച്ചിരുന്നാണ് ഗ്രഹണം അഥവാ ജ്ഞാനപ്രാപ്തി ഉണ്ടാക്കു

ന്നത്. അതിനാണ് സർവ്വേന്ദ്രിയവും മനസ്സുമായി ബന്ധിച്ചിട്ടുള്ളത്. ഏതു വിഷയത്തെ ആലംഭിച്ചുവോ അതനുസരിച്ചാണ് ഗ്രഹണം. ചുവപ്പിനെ ആലംഭിച്ചാൽ ചുവപ്പ്. നീലയെ ആലംഭിച്ചാല് നീല. അതുപോലെ സുഖത്തെ ആലംഭിച്ചാൽ സുഖം ദുഃഖത്തെ ആലംഭി ച്ചാൽ ദുഃഖം ആനന്ദത്തേയും അസ്മിതയേയും ആലംഭിച്ചാൽ അത്.

ജ്യോതിശാസ്ത്രത്തെ അവലംഭിച്ചാൽ ജ്യോതിശാസ്ത്രം സംഗീതത്തെ ആലംഭിച്ചാൽ സംഗീതം മെഡിസിനെ ആലംഭിച്ചാൽ മെഡിസിൻ ഏതു വിഷയം യോഗിയുടെ ചിത്ത ത്തിനടുത്ത് വന്നാലും അതിന്റെ പ്രതിബിംബം യോഗി ചിത്തത്തിലുണ്ടാവുന്നു ഏകാഗ്ര മായ യോഗിചിത്തം അത് നിഷ്പയാസം ഗ്രഹിക്കുന്നു. അതേ സമയം നിത്യമുക്തമായി ത്തന്നെ അവശേഷിക്കയും ചെയ്യുന്നു.

വാചസ്പതി:- മുക്തപുരുഷന്മാരായ പ്രഹ്ളാദൻ, ശുകൻ മുതലായവര് സമാധി വിഷ യത്തെ ഇങ്ങനെ സംഗ്രഹിച്ച് പറഞ്ഞിട്ടുള്ളവരാണ്.

സുവർണ്ണ:- പ്രഹ്ളാദനും ശുകനും ശൈശവത്തിൽത്തന്നെ യോഗിചിത്തത്തോടു കൂടി ജനിച്ചവരുമാണല്ലോ.

വാചസ്പതി:- ജ്ഞാതൃ ജ്ഞാന, ജ്ഞേയങ്ങളിൽ സ്ഥിത പ്രജ്ഞത നേടി ധാരണ, ധ്യാന പരിപാകത്താൽ രജസ്സും തമസ്സുമെല്ലാം പൂർണ്ണമായി അകന്ന് ചിത്തസത്വം പ്രതി ഭാസിക്കുന്നതിനെ അഞ്ജനശലാകയാല് കണ്ണിന്റെ കാഴ്ചശക്തി കൂട്ടുന്നതിനോട് ഉപ മിക്കുന്നു. ഇപ്രകാരമുള്ള സ്ഥിത പ്രജ്ഞയോടെയുള്ള സമ്പ്രജ്ഞാത ലക്ഷണത്തെ യോഗ മെന്ന് വിളിക്കുന്നു. ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം (ദ്രഹീതൃ, ഗ്രഹണ, ഗ്രാഹ്യം) എന്നി വയുടെ പാഠക്രമവും അർത്ഥക്രമവും തമ്മിൽ വിരോധമില്ല. ഏത് ആദ്യം ഉപയോഗിക്ക ണമെന്ന ക്രമവിരോധവുമില്ല. എങ്കിലും ഇവിടെ ഭാഷ്യത്തിൽ പ്രഥമമായി ഭൂതസൂക്ഷ്മ മായ പരമാണുവെ ഉപന്യസിച്ചിരിക്കുന്നത് ആദരണീയമായ ശാസ്ത്രബുദ്ധിയാണ്. സർവ്വത്ര രമണീയം.

42. പതഞ്ജലി:- തത്ര ശബ്ദാർത്ഥജ്ഞാന വികൽപ്പൈ സങ്കീർണ്ണാ സവിതർക്കാ സമാപത്തി

വ്യാസ:- ഗൗരി എന്ന പദത്തിന് ഗൗരി എന്ന അർത്ഥവും ഗൗരി എന്ന ജ്ഞാനവു മെന്ന് വിഭജിക്കുന്നത് വിഭക്തമാക്കി പറഞ്ഞ് ഗ്രഹണം എളുപ്പമാക്കുന്നതിനു വേണ്ടിയാ ണെന്ന് കാണുക. ശബ്ദധർമ്മം, അർത്ഥധർമ്മം, ജ്ഞാനധർമ്മം എന്ന് ധർമ്മ പന്ഥാ വിനെ (ധർമ്മമാർഗ്ഗത്തെ) ഇവിടെ മൂന്നാക്കി വിഭജിച്ചു പറഞ്ഞു. എന്നേ ഉള്ളു, സമാപ ന്നമായ യോഗിയുടെ ചിത്തത്തിൽ സമാധിപ്രജ്ഞയില് സമാരൂഢമായിരിക്കെ ശബ്ദ അർത്ഥ, ജ്ഞാനധർമ്മങ്ങളെല്ലാം ഒന്നായി സങ്കീർണ്ണ സമാപത്തിയോടെ വിളങ്ങുന്നതാണ് സവിതർക്കമെന്ന് അറിയപ്പെടുന്നത്.

വാചസ്പതി:- സമാപത്തിയെ സാമാന്യമായി പറയുന്നു. അതുതന്നെ അവാന്തരഭേ ദത്താൽ ചതുർവ്വിധമായി പറയുന്നു. സവിതർക്കം, നിർവിതർക്കം, നിർവിചാരം, സവി ചാരം. സവിതർക്ക സമാപത്തിയുടെ ലക്ഷണം പറയുന്നു. സമാപത്തിയുടെ മദ്ധ്യത്തി ലാണ് സവിതർക്കസമാപത്തി. എങ്ങനെ അത് പറഞ്ഞു ശബ്ദം, അർത്ഥം, ജ്ഞാനം

അവയുടെ ഓരോന്നിന്റേയും വികല്പം, അവകളുടെ ഓരോന്നിന്റേയും വ്യാമിശ്രണങ്ങ ളാലുണ്ടാവുന്ന സങ്കീർണ്ണത. ഈ സങ്കീർണ്ണതയുടെ മദ്ധ്യവർത്തിയായി ഓരോരോ കല്പ വികല്പത്തേയും അവയുടെ മിശ്രണങ്ങളുടെ ഫലമായുണ്ടാവുന്ന സങ്കീർണ്ണതകളേയും ദർശിക്കുന്നതാണ് സവിതർക്കസമാധി. ഗൗരി എന്ന ശബ്ദത്തിൽ നിന്ന് ഉണ്ടാവുന്ന വിവിധ ശബ്ദഭേദങ്ങള് ഓരോന്നിനും വിവിധം അർത്ഥഭേദങ്ങൾ, ഈ ശബ്ദാർത്ഥങ്ങളുടെ കാര ണത്താല് അനേകം ശാസ്ത്രജ്ഞർക്ക് മുമ്പുണ്ടായ ജ്ഞാനവികല്പഭേദങ്ങൾ, ഈ അനേക വിഭാഗങ്ങൾക്കും വിഭക്തികൾക്കും മദ്ധ്യത്തിലിരുന്നു കൊണ്ടുള്ള ലോക ദ്രഷ്ട വ്യമായ ശബ്ദാർത്ഥ ജ്ഞാനഗ്രഹണമാണ് സവിതർക്ക സമാധി.

സുവർണ്ണ:- ഒരു വിധത്തില് പറഞ്ഞാല് ഇത് ലിംഗ്വിസ്റ്റിക്സിന്റെ ഒരു ശാഖയുമാണ്.

വാചസ്പതി:- വിഗ്രഹിച്ച് ഗ്രഹിക്കുന്നുഎന്നല്ലാതെ വാസ്തവത്തില് വിഭാഗങ്ങളില്ല എന്ന അറിവ് തന്നെ ആദ്യം വേണം. അതത്ര എളുപ്പമല്ല, പ്രകാശത്തെ എന്നപോലെ ഏകത്തെ അനേകമായി വിഭജിച്ച് പിണ്ഡീകൃത പ്രപഞ്ച വസ്തുക്കളായി പഠിക്കുമ്പോൾ അവയെല്ലാം തന്നെ ഒരേ ഒരു പ്രകാശത്തിന്റെ ഭിന്നരൂപമെന്ന് അറിയണം. പ്രകാശം അവി ഭാജ്യമെന്നും അറിയണം. അന്വയ വ്യതിരേകങ്ങളായി വിഭജിച്ച് പഠിച്ച് പരീക്ഷിക്കുന്നത് ശബ്ദധർമ്മമാണ്. ജഡത്വം മൂർത്തത്വം എന്ന് വിഭജിച്ച് പഠിക്കുന്നത് അർത്ഥധർമ്മം.

സുവർണ്ണ:- പ്രകാശരശ്മി തന്നെയാണ് സർവ്വ മൂർത്തപ്രപഞ്ചവുമെന്ന അറിവ് വാച സ്പതിക്കും വ്യാസനുമുണ്ട്. ഗതിശീലമില്ലാത്തതും ഉള്ളതുമായ, ജഡവും ചേതനവു മായ സർവ്വ വസ്തുക്കളുടേയും പഠനം എന്ന അർത്ഥധർമ്മം, അവയെ വിഭജിച്ച് പഠി ക്കുന്ന ശബ്ദധർമ്മം, ഏകമായ പ്രകാശ രശ്മിയല്ലാതെ അവ മറ്റൊന്നുമല്ല എന്ന ജ്ഞാന ധർമ്മം ഇവ പറഞ്ഞിരിക്കുന്നു.

വാചസ്പതി:- പ്രകാശമൂർത്തി പ്രകാശരൂപം അതിൽ നിന്നുള്ള വിരഹസംയോഗ ങ്ങൾ എന്ന് വിഭജിച്ച് പഠിക്കുന്നത് ജ്ഞാന ധർമ്മത്തിലൂന്നി നിന്നു കൊണ്ടാണ്. മൂന്നു തരം വിഭക്തി മാർഗ്ഗമാണിവിടെ പറഞ്ഞത്. സ്വരൂപഭേദമനുസരിച്ചാണ് ഓരോരുത്തർക്കും ഉന്നയന മാർഗ്ഗം വികല്പിതമായിരിക്കുന്നത്. ലക്ഷ്യവും മാർഗ്ഗവും ഒന്നാണ്. പഠിക്കുന്ന ആളുടെ കഴിവിനനുസരിച്ച് മൂന്നു രീതി അഥവാ വിദ്യാഭ്യാസ പദ്ധതി അവലംബിക്കുന്നു എന്നേ ധർമ്മ മാർഗ്ഗത്തിലുള്ളു. ഈ സമാപത്തിയെ ഗൗരി എന്ന് (ഗാവ്, ഗോവ്) ഉദാഹ രണം കാണിച്ച് സമർത്ഥിക്കുന്നു. ശേഷം സുഗമമായി പ്രത്യക്ഷം.

43. പതഞ്ജലി:- സ്മൃതി പരിശുദ്ധൗ സ്വരൂപശൂന്യേവാർത്ഥമാത്ര നിർഭാസാ നിർവിതർക്കാഃ

വ്യാസ:- ശബ്ദ സങ്കേത സ്മൃതികളിൽ നിന്നെല്ലാം പരിശുദ്ധമായി ശ്രുതാനുമാന ജ്ഞാന വികല്പശൂന്യമായി സമാധിപ്രതിജ്ഞയിൽ സ്വരൂപമാത്രേണ അവസ്ഥിതവും സ്വരൂപാകാരമാത്രയാല് മാത്രം അവഛിന്നവുമായത് നിർവിതർക്കസമാധി. അതിൽ പര മാണ് പ്രത്യക്ഷം. ശ്രുതാനുമാനങ്ങൾക്കെല്ലാം ബീജമാണത്. അതിൽ നിന്നാണ് ശ്രുതിയും അനുമാനവും പ്രഭവിക്കുന്നത്. അതിനാൽ ശ്രുതാനു മാനജ്ഞാനത്തിന്റെ കൂടെയല്ല, അതിന്നു മുമ്പാണ് ഈ സ്ഥിതിയുടെ സ്ഥാനം. അസങ്കീർണ്ണ പ്രമാണാന്തര ങ്ങളാല് യോഗികള് നിർവിതർക്ക സമാധിസ്ഥരായി അത് ദർശിക്കുന്നു. നിർവിതർക്ക

സമാധിലക്ഷം സ്മൃതിപരിശുദ്ധം, സ്വരൂപശൂന്യം, അർത്ഥമാത്രനിർഭാസമെന്ന് സൂത്രം പറയുന്നു. ശബ്ദസങ്കേത ശ്രുതാനുമാനജ്ഞാന വികല്പസ്മൃതിയ പരിശുദ്ധമായി ഗ്രാഹ്യസ്സ്വരൂപപോപരക്തമായി, സ്വന്തം പ്രജ്ഞ എന്ന് പ്രജ്ഞാസ്വരൂപത്തിൽ ഗ്രഹ ണാത്മകം ത്യജിച്ച് പദാർത്ഥമാത്രസ്വരൂപമായി ഭവിച്ചതാണ് നിർവിതർക്ക സമാപത്തി അതിന്റെ ഉപക്രമം (ആരംഭം) ഏകബുദ്ധിയിലാണ്. ആത്മാണുപ്രചയവിശേഷാത്മാ, പശു മുതൽ ഘടം വരെയുള്ള സർവ്വലോകവസ്തുക്കളും സൂക്ഷ്മലോകങ്ങള് സ്ഥൂല ലോക ങ്ങൾ, സാധാരണ ധർമ്മങ്ങൾ, സംസ്ഥാന വിശേഷണങ്ങൾ ഇവയെല്ലാം ഒന്നായി ആത്മ ഭൂതമായി കാണുന്ന അദ്വൈതബുദ്ധിയാണത്. അവ്യക്തം, അനുമിതം മുതലായവ കൂടി ആത്മഭൂതത്തിലുണ്ട്. ധർമ്മാന്തരത്തില് കപാലത്തില് ഉദയം, തിരോഭാവം (അസ്തമയം) പോലെ സ്വവ്യഞ്ജകമായ അജ്ഞാനം നേരത്തെ ഉണ്ടായിരുന്നിരിക്കണം. ഏകമായ മഹത്ത് അണുവിൽ വെച്ച് അണുവും സ്പർശിക്കുന്ന ക്രിയാധർമ്മകത്തിന്റെ നിത്യത കൊണ്ടാണ് ഓരോ അവയവത്തിന്റെ വ്യവഹാരക്രിയയും നടക്കുന്നത്. അവസ്തുകമായ പ്രചയവിശേഷം സൂക്ഷമകാരണമായി അതാതു രൂപത്തില് പ്രതിഷ്ഠമായ നിത്യജ്ഞാ നത്തിൽ നിന്ന് വിഭിന്നവും ആയ പരമാർത്ഥജ്ഞാനത്തെ നിർവിതർക്കമായി മിഥ്യാജ്ഞാ നത്തിൽ നിന്ന് വേറിട്ടറിയുന്നു. സമ്യഗ്ജ്ഞാനമാണത് വിഷയാഭാവത്തിലാണ് സമ്യ ഗ്ജ്ഞാനം അവയവങ്ങളാൽ ആഘ്രാതമല്ല അത്. ആരാലും സ്പർശിക്കയോ കാണു കയോ മുകരുകയോ രുചിക്കുകയോ ഘ്രാണികയോ ചെയ്യപ്പെടുന്നതിനു മുമ്പുള്ള അനാഘ്രാതമായ അനവയവമായ ജ്ഞാനം. അതിൽ നിന്നാണ് മഹത്ത് മുതലായ അവ യവികളായ സർവ്വവ്യവഹാരങ്ങളും ഉണ്ടായത്. ഈ ജ്ഞാന സമാപത്തിയാണ് നിർവി തർക്ക സമാപത്തിയുടെ വിഷയമായി ഭവിക്കുന്നത്.

വാചസ്പതി:- എന്താണ് നിർവ്വിതർക്ക സമാധി എന്ന് സൂത്രം ആലോചന ചെയ്യു ന്നു. പരിശുദ്ധിയാണ് ഇവിടെ അപനയം നേരത്തേ കേട്ട ശബ്ദസങ്കേതങ്ങളുടെ സ്മര ണ, ആഗമാനുമാനങ്ങളുടെ പ്രവർത്തനം എന്നീ സങ്കേതഛായകളാണ് ഗൗരി എന്ന ശബ്ദാർത്ഥജ്ഞാനത്തിന്റെ ഇതരേതരാധ്യാസം ആത്മാവിലുണ്ടാക്കുന്നത്. അതിന്റെ ഛാഗം (രശ്മീ സമൂഹം) അനുമാനജ്ഞാന വികല്പമായി ഭവിക്കന്നു. അങ്ങനെയാണ് മുമ്പു പറഞ്ഞ സവിതർക്കസമാധി പ്രജ്ഞ ഉണ്ടായത്. ശബ്ദാർത്ഥങ്ങളും ശ്രുതി, അനു മാനജ്ഞാനാദികളും അവയുടെ മൂല്യവും അടക്കം ത്യജിച്ച് അവകളില്ലാത്ത (ശൂന്യമാ യ) സമാധി പ്രജ്ഞായാൽ സ്വരൂപമാത്രമായി അവസ്ഥിതമായിരിക്കുമ്പോള് യാതൊരു വികല്പത്താലും പരിഛേദിക്കപ്പെടാത്ത, ഒരു തർക്കവും കൂടാത്ത, പരിശുദ്ധമായത് നിർവി തർക്കസമാധി ഗന്ധാദിവിഷയാഭാവത്താലാണ് പരമപ്രത്യക്ഷം യോഗിചിത്തത്തിലുണ്ടാ വുന്നത്. പരത്തിന്റെ പ്രത്യക്ഷമായ അർത്ഥതത്വം വിഷയാപേക്ഷ കൂടാതെ ഗ്രഹിച്ചാണ് യോഗി ഉപപാദിക്കുന്നത്. ഉപദേശിക്കുന്നത്. അല്ലാതെ, ആഗമം, സ്വാനുഭവമില്ലാത്ത അനു മാനം, പരാനുഭവം ഇവകൊണ്ടൊന്നുമല്ല. അതൊക്കെ സവിതർക്കത്തിലേ ഉള്ളു. സവി കല്പം അനേകവികല്പങ്ങൾ, തർക്കങ്ങൾ, ശ്രുതാനുമാന സഹഭൂതങ്ങളാൾ സങ്കീർണ്ണ മാണ്. അതിന്റെ ബീജമാണ്, കാരണമാണ്, അതൊന്നുമില്ലാത്ത നിർവിതർക്കത്തിൽ നിന്നാണ് ശ്രുതിയും അനുമാനവും ഒക്കെ പ്രഭവിച്ചത്. ധൂമജ്ഞാനം വഹ്നിജ്ഞാന കാര ണമാകയാല് അത് വഹ്നിവിഷയമാണ്. ഏതൊരു ജ്ഞാനം മറ്റൊരു ജ്ഞാനത്തിന്റെ കാര ണമാണോ അത് ആ ജ്ഞാനവിഷയമാണ്. നിർവിതർക്കസ്മൃതി പരിശുദ്ധമാണ്. ശബ്ദ

സങ്കേതം, ശ്രുതി, അനുമാനം, അവയുടെ ജ്ഞാനം എന്ന് അനേകവികല്പങ്ങളുടെ സ്മൃതിയൊന്നു കൂടാതെ പരിശുദ്ധമായിരിക്കുന്നതാണ് നിർവിതർക്കം സവിതർക്കത്തില് അവയെല്ലാമുണ്ട്. ശബ്ദസങ്കേതസ്മൃതി ഒഴികെ മറ്റൊരു സ്മൃതിയും നിർവിതർക്കത്തിലില്ല. ശബ്ദസങ്കേതം പ്രണവം. ശബ്ദസങ്കേതസ്മൃതിയാണ് പരിശുദ്ധിഹേതു. ഈ പരിശുദ്ധി ശ്രുതി മുതലായ ജ്ഞാനസ്മൃതികൾക്ക് ഹേതുവായി ഭവിക്കുന്നു. അനുമാനശബ്ദത്തിന്റെ കർമ്മസാധനം അനുമേയവാചകം. വിഷയവിപ്രതിപത്തിയെ ഏകത്താൽ നിരാകരിക്കുന്നു. ഏകയായി ബുദ്ധി ആരംഭിക്കുന്നു എന്ന് ബുദ്ധിയുടെ ഉപക്രമം അതല്ലാതെ പരമാണുക്കളോ നാനാത്മാക്കളുടെ സമൂഹമോ ഒന്നും തന്നെ നിർവിതർക്ക സമാധിയില് വിഷയമാകന്നില്ല. പരമസൂക്ഷ്മങ്ങളായ നാനാഭൂതങ്ങളിലും ഏറ്റവും സ്ഥൂലപ്രപഞ്ചങ്ങളിലും ഏകാർത്ഥം സമമായി ഏകത്വമായി നിർഭാസിച്ച് പ്രത്യക്ഷവിഷയമാക്കാൻ കഴിയുന്ന യോഗമാണ് ഇവിടെ നിർവിതർക്ക സമാധിയിലെത്തുന്ന ചിത്തത്തിന്റെ യോഗ്യത്വം. പരമാർത്ഥസത്യത്തില് സൂക്ഷ്മപരമാണുക്കളാല് സംവൃതമായി ഇരിക്കുന്ന പ്രതിഭാസ ധർമ്മം തന്നെയാണ് സ്ഥൗല്യവും എന്നറിയുന്നു.

സുവർണ്ണ:- സ്ഥൂലവും സൂക്ഷമവുമെല്ലാം ചിന്മയം, എനർജ്ജി തന്നെ, അതിന്റെ ജ്ഞാനം വിഷയാനുഭവമില്ലാത്ത പരിശുദ്ധാവസ്ഥയിലാണ് കിട്ടുന്നത്. ഇവിടെ ഐൻസ്റ്റൈന്റെ വാചകം ഉദ്ധരിക്കുന്നത് അസ്ഥാനത്തല്ല.

വാചസ്പതി:- സ്ഥൂലമായി മാത്രം അനുഭവിക്കുന്ന ശാക്യർ, പല്ലവര് മുതലായ നാസത്യങ്ങൾ സത്യത്തിന് ബാധകമാകുന്നില്ല. അതുപോലെ ദ്വണുകാദിക്രമത്താൽ പശു, ഘടം മുതലായ നാസത്യങ്ങൾ ഉണ്ടാകുന്നതല്ലാതെ അവക്കു ആത്യന്തികഭേദമില്ല. സ്ഥൂലവസ്തുക്കളും പ്രപഞ്ചങ്ങളുമെല്ലാം അണുപ്രചയങ്ങൾ മാത്രമാണ്. അണുക്കളുടെ പ്രചയമാണ് സ്ഥൗലരൂപ പരിണാമമുണ്ടാക്കുന്നത്. അവയെല്ലാം വിശേഷിച്ച് നമ്മുടെ തന്നെ പരിണാമാന്തരങ്ങളാണ്. ഇപ്രക്കാരം സ്വാത്മസ്വരൂപത്തെ അറിയുന്നു. ഭോഗായതനമായ ഖഗാദികളും വിഷയമായ ഘടാദികളും അവയെ രണ്ടിനേയും ലോക്യം (ആലോകനം) ചെയ്യുന്ന ലോകവും നമ്മളും എല്ലാം ഭൂതസൂക്ഷമഭാവത്തില് അഭിന്നമാണ്. ഭിന്നമല്ല. ഭന്നമായിരിക്കുന്നത് ഘടം, പടം മുതലായ രൂപത്തിലും അതിന് നാം കൊടുത്ത നാമശബ്ദത്തിലുമാണ്. വാസ്തവത്തിൽ ഐകാന്തതയിൽ പരമാണു മാത്രമാണ് എല്ലാം. ഘടാദികളെല്ലാം സൂക്ഷമമായി പരമാണു മാത്രമാകയാൽ അഭിന്നം സ്ഥൂലരൂപത്തിൽ മാത്രമേ ഭിന്നതയുള്ളു.

സുവർണ്ണ:- ഇത്രയും ശാസ്ത്രീയമായി പറഞ്ഞ വ്യാസനും വാചസ്പതിയുമൊക്കെ സംസ്കൃത ഭാഷയിലാണ് സംവദിച്ചത് എന്നതു കൊണ്ടുമാത്രം ശാസ്ത്രജ്ഞരല്ലാതാവുന്നില്ല. ശാസ്ത്ര ബുദ്ധിയോടുകൂടി ഞാനവരുടെ വാക്യങ്ങളെ ആധുനിക ശാസ്ത്രസങ്കേതങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ അതിനെ ശാസ്ത്രമല്ല, മതമാണ് എന്ന് പറയുന്നവർക്കാണ് ശാസ്ത്രമെന്തെന്നോ ശാസ്ത്രജ്ഞന്റെ ബുദ്ധിയുടെ പ്രവർത്തനം എങ്ങനെയെന്നോ അറിയാത്തതെന്ന് വിചാരിക്കണം.

വാചസ്പതി:- സ്ഥൂലമായ ഭിന്നത്വത്താൽ പശു, കുതിര, മനുഷ്യനെന്നിങ്ങനെ ധർമ്മധർമ്മിഭാവങ്ങള് ലഭിക്കുന്നു. അഭിന്നാവസ്ഥയില് ധർമ്മിരൂപം മാത്രമേയുള്ളു, ഭ്രതസൂക്ഷമാണാം എന്ന് ഷഷ്ഠിയാൽ കഥിക്കപ്പെട്ടത് ചിദ്ഭേദം സൂചിപ്പിക്കുന്നുണ്ട്. ആത്മഭ്രത

ത്തിൽ അത് പോലുമില്ല. ഫലമായി വ്യക്തമാകുന്ന അതിന്റെ (അഭേദം) അനുഭവലക്ഷണത്താലും വ്യവഹാര ലക്ഷണത്താലും അങ്ങനെ ഭേദം കാണുന്നില്ല. കാരണത്തിന്റെ അഭാവത്താല് മൂലകാരണം സ്വയം പ്രഭമാണ്. സ്വവ്യഞ്ജകമാണ്. സ്വന്തം കണ്ണു തെളയിക്കലാണ്. ഈ ക്രിയയെ അഞ്ജനത്തിന്റെ ഉപമയാൽ സൂചിപ്പിക്കുന്നു. ആത്മഭൂതമായ ഈ ധർമ്മം നിത്യമാണോ അതല്ല അതിന്ന് ധർമ്മാന്തരമുണ്ടോ. ധർമ്മാന്തരമെന്നാല് ഉദയാസ്തമയം കപാലത്തിലും ജനന മരണം ജീവികളിലും. ഇത് അവയവമുള്ളവക്കെല്ലാം ഉണ്ട്. പരമാണുക്കൾക്കു പോലും വ്യാവൃത്തരൂപം കാണുന്നു.

സുവർണ്ണ:- പരമാണുഭ്യോ വ്യാവൃത്തം രൂപം ആദർശയതി എന്ന വാക്യം ശ്രദ്ധേയം വ്യാവൃത്തം എന്നാൽ റിവോൾവിങ്ങ് രൂപം. അതിനാൽ ദിശാമാറ്റം, അങ്ങനെ രൂപമാറ്റം കണാദന്റെ വ്യാവൃത്തവാദം ശങ്കരന്റെ വിവർത്തവാദം വാചസ്പതിയും സ്വീകരിക്കുന്നു. ആധുനിക ശാസ്ത്രം ഇതൊക്കെത്തന്നെ മറ്റൊരു ഭാഷയിൽ (ഇംഗ്ലീഷ്) പറയുന്നു. കണാദന്റെ ശാസ്ത്രം അങ്ങനെ ഒരു മെറ്റാസയൻസായെന്നുമാത്രം ലീവോറൊട്ടേറ്ററി, ഡെക്സ്ട്രോറൊട്ടേറ്ററി എന്നതിന് സവ്യാപസവ്യം എന്നു പറഞ്ഞതുകൊണ്ട് ശാസ്ത്രം ശാസ്ത്രമല്ലാതാവുമോ ഭാഷയല്ലാതെ ശാസ്ത്രസത്യം മാറുന്നില്ലല്ലോ.

വാചസ്പതി:- പരമാണുവിൽ അധ്യാസക്രിയയുമുണ്ട്, മധുദകാദി ധാരണാലക്ഷണമായ അതിന്റെ ധർമ്മവുമുണ്ട്. ആ സൂക്ഷമപരമാണുവിൽ തന്നെ കേവലമായ അനുഭവധർമ്മവും വ്യവഹാരധർമ്മവും ഒപ്പം ഉണ്ട്. ഇത് രണ്ടും ചേർന്ന് അവയുടെ നിബന്ധന കൊണ്ട് ലോകയാത്ര നടക്കുന്നു.

സുവർണ്ണ:- ലോ ഓഫ് ദ യൂണിവേഴ്സ് അഥവാ പ്രപഞ്ച നിയമം, അതിനെ ഗ്രഹിക്കുന്ന മനുഷ്യമസ്തിഷ്കത്തിന്റെ ബോധനിയമം (ലോ ഓഫ് കോഗ്നിഷൻ ഓഫ് ഹുമൺ ബ്രേയിൻ) ഇതു രണ്ടും ചേർന്ന് ലോ ഓഫ് ഹുമന് എക്സ്പീരിയൻസ് അഥവാ അനുഭവധർമ്മം പരമാണു മുതൽ മഹാപ്രപഞ്ചങ്ങള് വരെ സർവ്വവും ഈ നിയമങ്ങളാല് നടന്നുപോകുന്നു എന്നും അവയെ എല്ലാം അതിനാൽ മനുഷ്യ മസ്തിഷ്കത്തില് തന്നെ ഗ്രഹിക്കാമെന്നുമുള്ള ജ്ഞാനം. അതിന്നായി മസ്തിഷ്കത്തെ സജ്ജമാക്കുന്ന യോഗമാർഗ്ഗം എന്ന ജീവിതരീതി ഇതിലും നല്ല വിദാഭ്യാസ സമനശ്ശാസ്ത്രമോ ശാസ്ത്രമോ ജീവനകലയോ മറ്റേതുണ്ട്.

വാചസ്പതി:- അവയവങ്ങളുടെ അനുഭവം കൊണ്ടാണ് അസത്തിന്റെ വ്യവസ്ഥാപനം ബാധിതമായിരിക്കുന്നത്. മനസ്സും ഇന്ദ്രിയങ്ങളും രജസ്തമാദിമലങ്ങളുമെല്ലാം ആ അനുഭവത്തിന്റെ വ്യവസ്ഥാപനത്തെ ബാധിക്കുന്നുണ്ട്. ഗോവ്, ഘടം എന്നിവയിൽ ഭേദസ്വഭാവം കാണുന്നതിന് ഹേതു അതാണ്. സത്വഗുണം മാത്രമാണ് വിരുദ്ധ ധർമ്മ സംസർഗ്ഗരഹിതത്വേന സർവ്വ വ്യാപ്തമായിരിക്കുന്നത്. അതിനു വിരുദ്ധമാണ് സംസർഗ്ഗമുള്ളതും അവയവങ്ങളാല് പരിമിതവുമായ എല്ലാ ധർമ്മവും സത്വം അവയവഹീനം, സർവ്വവ്യാപ്തം സത്യം. അവയവമുള്ള അസത്യമായ രജസ്തമോ പരിമിതമായത് സർവ്വവ്യാപ്തമല്ല. അവയവമുള്ളതിന് തദ്ദേശത്വമുണ്ട്. തദ്ദേശത്വത്താല് ആവൃതം, അനാവൃതം, രക്തത്വം, അരക്തത്വം, ചലത്വം അചലത്വം മുതലായ ലക്ഷണങ്ങൾ കിട്ടുന്നു. ഈ വിരുദ്ധ ധർമ്മമെല്ലാം ദേശസംസർഗ്ഗം (സ്പേസ്) കൊണ്ടുവരുന്നു. കാലദേശാതീതമായ സത്യാനുഭവത്തിന്റെ ജ്ഞാനത്തിൽ അതില്ല. കല്ല്, മണ്ണ്, പാദുകം എന്നിങ്ങനെയോ തെക്കും, വടക്ക്, പടിഞ്ഞാ

റെന്നിങ്ങനെയോ ഭൂതം ഭാവി, വർത്തമാനമെന്നിങ്ങനെയോ ഭേദമില്ല. ഈ സർവ്വവ്യാപി യായ ഏകത്വം അനുഭവസിദ്ധമാകുന്നു. വ്യാവൃത്തിഭേദം സ്ഥൂല സൂക്ഷ്മ രൂപങ്ങളെന്നിവ കൊണ്ട് വ്യത്യാസപ്പെടുന്നതാണ്. സ്ഥൂലസൂക്ഷമങ്ങൾ ഒന്നായി അനുഭവപ്പെടമ്പോൾ അവിടെ വ്യാവൃത്തിശീലം ഇല്ലാതാവുന്നു രൂപപരിണാമം നിരന്തരം ഉല്പാദിപ്പിക്കപ്പെടു ന്നതിനെ മനസ്സിലാക്കാൻ പരമസൂക്ഷമതത്വം ഗ്രഹിക്കാതെ സാധ്യമാവില്ല. ഗന്ധ, രസ, സ്പർശ, പരമാണുക്കൾ തമ്മില് അന്തരമുണ്ടെങ്കിലും അവ നിരന്തരമാണ്. നൈരന്തര്യമു ള്ളവയാണ്. (കാലദേശവും അങ്ങനെയാണ്) അന്തരാളത്തിൽ അവയെ ഏകധനമായി ഏക പ്രത്യയമായ പരമാണു എന്ന് ആലംഭനം ചെയ്ത് ഗ്രഹിക്കുമ്പോൾ വികല്പങ്ങളെല്ലാം മിഥ്യയാണെന്നും ബോദ്ധ്യമാകും. പരമ്പരകളുടെ പ്രഭവം വെച്ചും വികല്പം വസ്തു പ്രതി ഷേധമാണ്. അവയവഹീനവും സത്വപ്രകാശവും സർവ്വവ്യാപിയുമായതിലെ സാധകത്വമു ള്ളു. അവികല്പമായി അതിനെ പ്രത്യക്ഷമായി പ്രാമാണ്യമായി ഇഛിച്ച് അതിനെ സൂക്ഷ മമായി അനുഭവിച്ച സത്യത്തെ അകാമമായി ഉപമേയമാക്കി ഉപപാദിക്കാൻ യോഗിക്കേ സാധിക്കയുള്ളൂ. അതിനാൽ ബാധിക്കപ്പെട്ട സത്വമായ ആത്മാവിന് മറ്റൊന്നിനാലും ബാധി ക്കപ്പെടൽ സംഭവ്യമല്ല. പരമസൂക്ഷ്മപരമാണുക്കൾ ആയ വിജാതീയപരമാണുക്കളുടെ ആന്ത രമായി അനുഭവ വിഷയമാകുന്നത് എന്ന് വ്യാഹതത്തെ (വ്യാഹൃതത്തിന്റെ) അംഗീകരി ക്കുന്നു. അവസ്തുകമായ പ്രചയവിശേഷമായി നിർവികല്പ വിഷയമായതാണത്. സൂക്ഷ മപരമാണുരൂപമാണ്. സൂക്ഷമമാണ്. കാരണം അവികല്പത്തേക്കാൾ സൂക്ഷ്മമായ ഒരു കാരണം പറയാവതല്ല. അതിൽ നിന്ന് വിഭിന്നമായി സ്ഥൂലാവയവങ്ങളാൽ പരിമിതമായതും രൂപപ്രതിഷ്ഠിതവുമായ സർവ്വവും മിഥ്യാജ്ഞാനമെന്ന ലക്ഷണം വെച്ചു പറയാം. സ്ഥൂല മായ പ്രപഞ്ചവും സ്ഥൂലമായ ദൃശ്യവസ്തുക്കളും ഇതനുസരിച്ച് മിഥ്യാജ്ഞാനമാണ്. അതിന്റെ അധിഷ്ഠാനവും സത്വാലംഭനവുമായ സൂക്ഷമതത്വമാണ് യഥാർത്ഥജ്ഞാനം. ആത്മാവിൽ ഇത് രണ്ടും (സ്ഥൂലസൂക്ഷമങ്ങളുടെ) പ്രകാശിക്കുന്ന ജ്ഞാനമാണ്. ആദി ത്യനെപ്പോലെ അവയെ ആത്മാവ് പ്രകാശിപ്പിക്കുന്നു.

വിഷയാഭാവത്തിലും ജ്ഞാനം ഉണ്ടാവുന്നു. നിർവികല്പം, അഗോചരം, സ്ഥൂലം, അവയവമുള്ളത് എന്നത് വെച്ചല്ല, ചിത്തത്തിന്റെ ഗ്രാഹ്യക്ഷമത കൂട്ടുന്നതാണ് യോഗം, സാധാരണ മനുഷ്യന്റെ ചിത്തത്തിന്റെ ഗ്രാഹ്യക്ഷമതയേക്കാള് എത്രയോ മടങ്ങു കൂടും. ഏകാഗ്രമായ യോഗിചിത്തത്തിന്റെ കഴിവ്. അതിനാൽ ഭേദാഭേദമോ വിരോധ വികല്പ ജ്ഞാനമോ പരിണാമവൈചിത്രമോ മിഥ്യാജ്ഞാനമോ ഒന്നും അതിനെ സ്പർശിക്കു ന്നില്ല. എന്നാലും ഇവയൊക്കെ സ്ഫടികം പോലെ പരിശുദ്ധമായ യോഗി ചിത്തം അറി യുന്നുണ്ട്. ജപാകുസുമത്തെയെന്നപോലെ അവയെ പ്രതിബിംബിപ്പിച്ചറിയുന്നു.

44. പതഞ്ജലി:- ഏതയൈവ സവിചാരനിർവ്വിചാര ച സൂക്ഷമവിഷടോ വ്യാഖ്യാതാ

വ്യാസ:- ഭൂതസൂക്ഷ്മങ്ങളാൽ അഭിവ്യക്തമായ ധർമ്മകങ്ങളില് ദേശകാല നിമിത്താ നുഭവങ്ങളാല് അവഛിന്നമായവയിൽ ഉള്ള സമാപത്തി സവിചാരമെന്ന് അറിയുന്നു. അവ യിൽ ഏകബുദ്ധിയാല് വിഗ്രഹിച്ച് ഇരിക്കുന്ന ധർമ്മ വിശിഷ്ടവും ഭൂതസൂക്ഷം ആലം ബനമായി ഭവിച്ചതുമായ സമാധിപ്രജ്ഞ ഇരിക്കുന്നു. എപ്പോഴും എല്ലാറ്റിലും ശാന്തിയി ലുദിച്ച് വ്യപദേശിക്കപ്പെട്ട ധർമ്മത്താൽ അവഛിന്നമായവയില് സർവ്വധർമ്മങ്ങളുടേയും

അനുപാതം സമമായി വരുമ്പോൾ സർവ്വധർമ്മസമാപത്തി വരുന്നതിനെ നിർവ്വിചാരസമാധി എന്ന് പറയുന്നു. ഇപ്രകാരം സ്വരൂപം തന്നെയാണ് ആ ഭ്രതസൂക്ഷമമെന്ന് സ്വരൂപത്താൽ ആലംഭനീഭ്രൂതമായ സമാധിപ്രജ്ഞാസ്വരൂപം ഉപരഞ്ജിക്കപ്പെടുന്നു. പ്രജ്ഞസ്വരൂപശൂന്യമായി അർത്ഥമാത്രമായി എപ്പോള് ഭവിക്കുന്നുവോ അപ്പോൾ മാത്രമേ നിർവ്വിചാരസമാധി എന്ന് വിളിക്കുകയുള്ളു. മഹദ്വസ്തുവിഷയങ്ങളിൽ സവിതർക്കവും നിർവിതർക്കവുമായും സൂക്ഷമ വസ്തു വിഷയങ്ങളിൽ സവിചാരവും നിർവ്വിചാരവുമായും സമാധിപ്രജ്ഞ ഉണ്ടാവുന്നു. ഈ രണ്ടും വഴിയാണ് നിർവ്വിതർക്കത്തില് വികല്പഹാനി വ്യാഖ്യാനിക്കപ്പെടുന്നത്.

സുവർണ്ണ:- സ്ഥൂല സൂക്ഷ്മവിഷയത്തിൽ വ്യാപരിക്കുന്ന രണ്ടു വിധ സമാധിപ്രജ്ഞയുമുണ്ടെന്ന് നേരത്തെ പറഞ്ഞുകഴിഞ്ഞു.

വാചസ്പതി:- സൂക്ഷമ വിഷയവാഖ്യാനത്തിന് സവിചാര നിർവ്വിചാര സമാധിയെ പറയുന്നു. അഭിവ്യക്തമായത് (വ്യക്തമായ) രൂപമുള്ളത് ആയി കാണപ്പെടുന്ന ഘടാദികള്. അവക്ക് ദേശം ഉണ്ട്. ദേശത്തിന്റെ പരിധി ഉണ്ട്.

സുവർണ്ണ:- പാർശ്വങ്ങൾ, പരിമിതി, ക്ഷേത്രം, ക്ഷേത്രഫലം, നീളം, വീതി, ദേശപരിധി ഇവ അളക്കാൻ കഴിയും അതിനാലവ പരിമിതങ്ങളാണ്, സീമിതങ്ങളാണ്.

വാചസ്പതി:- കാലമെന്നാൽ വർത്തമാനം വ്യക്തവസ്തുക്കൾക്കെല്ലാം വർത്തമാന കാലപരിധിയുണ്ട്. ദേശപരിമിതിയുമുണ്ട്. ഉല്പത്തി നാശം, സ്ഥിതി എന്ന പരിമിതിയുണ്ട്. നിമിത്തമെന്നാൽ പഞ്ചതന്മാത്രകളുടെ ഉല്പത്തി. ഉദാഹരണം പാർത്ഥിവ പരമാണുവിന് ഗന്ധതന്മാത്ര പ്രധാന നിമിത്തമാണ്. ജലപരമാണുവിന് രസതന്മാത്ര പ്രധാനം. അതിൽ ഗന്ധതന്മാത്ര വർജ്ജിതമാണ്. തൈജസപരമാണുവിൽ ഗന്ധരസതന്മാത്രകളില്ല. രൂപതന്മാത്ര പ്രധാനം. വായ വീയപരമാണുവിൽ ഈ മുന്നു തന്മാത്ര ഇല്ല. സ്പർശ പ്രധാനമാകയാല് സ്പർശ ശബ്ദതന്മാത്രകളേയുള്ളു. നാഭസപരമാണുവിൽ ശബ്ദതന്മാത്ര മാത്രമേയുള്ളു. ഈ തന്മാത്രകളാണ് ഭൂതസൂക്ഷ്മാണുക്കൾക്ക് നിമിത്തം. ദേശകാല നിമിത്തങ്ങളുടെ അനുഭവം അവഛിന്നമായ സർവ്വവസ്തുക്കളിലും ഇപ്രകാരം ഇരിക്കുന്നുണ്ട്. അനുഭവിച്ചതിലെല്ലാം വിശേഷണ വിശേഷ്യബുദ്ധി ഇവകളാൽ ജനിക്കുന്നു. സവിതർക്കവും സവിചാരവും തമ്മില് എന്താണ് സാരൂപ്യം. പാർത്ഥിവ പരമാണു പഞ്ചതന്മാത്രാപ്രചയാത്മകമായി ഏകബുദ്ധിയെ നിഗ്രഹിക്കുന്നു. ഭേദബുദ്ധി ഉണ്ടാക്കുന്നു. ഇപ്പോൾ ജീവിക്കുന്ന കാലം, ദേശം, വസ്തുക്കളെന്നിവയോട് (പരിമിതികളോട്) ബന്ധപ്പെട്ട ധർമ്മമാണ് അവിടെ വിശിഷ്ടം. സങ്കേത സ്മൃത്യാഗമാനുമാന വികല്പാനുവേധങ്ങൾ അവിടെ സൂചിതമാണ്. പ്രത്യക്ഷമായി സ്ഥൂലവസ്തുവിൽ പരമാണുക്കൾ കാണുന്നില്ല. എന്നാൽ അനുമാനാദികള് കൊണ്ട് നാം അവയെ പ്രകാശിപ്പിക്കുകയാണ്. അതുകൊണ്ടുള്ള സങ്കീർണ്ണത്വം സവിതർക്കത്തില് നേരത്തേ പറഞ്ഞു. സവിചാരത്തിൽ ആ അവിഛിന്നത (ഭേദഭാവന) നീങ്ങി ഏകബുദ്ധി ഉദിച്ച് ഭ്രതസൂക്ഷമാലംഭനമായ സമാധിപ്രജ്ഞ മാത്രമേ ഉള്ളു. സ്ഥൂലഭേദഭാവന ഇല്ല.

ഇനി നിർവ്വിചാരസമാധിയെ വിചാരിക്കാം സർവ്വഥാ സർവ്വത്തിലും മഞ്ഞ, നീല, മുതലായ വർണ്ണങ്ങളായിരിക്കുന്നു എന്നതിൽ സാർവ്വവിഭക്തികമാണ് സർവ്വത്വം. സർവ്വ ദേശ, കാല, നിമിത്താനുഭവത്തിലും എന്നർത്ഥം. അതിന്റെ അനേകരൂപങ്ങളും കാലങ്ങളാല് അവഛേദിക്കപ്പെട്ട്, പരമാണുക്കളായി ദർശിക്കപ്പെടുന്നു. ആരബ്ധർമ്മദ്വാര

ത്തിൽത്തന്നെ ശാന്തമെന്നു പറയുന്നു. ശാന്തമെന്നത് ഉദിതമായ വർത്തമാനകാലത്തിനും അവ്യപദേശമായ ഭവിഷ്യകാലത്തിനും അതീതമായ ധർമ്മമാണ്. കാലത്താൽ പരിഛേദിക്കപ്പെടാത്തതാണ്. അനവഛിന്നമായ ധർമ്മത്തിൽ അവഛിന്നമായ പരമാണു എങ്ങനെ സംബദ്ധമായി. സർവ്വധർമ്മാനുപാതം കൊണ്ട്.

സുവർണ്ണ:- ഇവിടെ ക്വാണ്ടം എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം തന്നെയുള്ള സംസ്കൃതപദം കതമം എന്ന് ഉപയോഗിച്ചിരിക്കുന്നത് കൗതുകകരമാണ്. ലാറ്റിൻപദം സംസ്കൃതത്തിന്റെ കടമെടുപ്പാവാനുള്ള സാദ്ധ്യത തള്ളിക്കളയാവതല്ല.

വാചസ്പതി:- കതമങ്ങളാല് സംബന്ധമായി ആ സംബദ്ധമായ ധർമ്മാനുപാതങ്ങളാല് പരമാണുക്കള് സർവ്വധർമ്മാത്മകങ്ങളിലും ചേർന്നിരിക്കുന്നു. അതിന്നർത്ഥം ചിദ്ഭേദങ്ങള് പരമാണുക്കളുടെ ധർമ്മങ്ങളാണെന്നതാണ്. ചിദ്ഭേദോ ധർമ്മാണാം പരമാണുഭ്യഃ അതാതു വിഷയങ്ങളില് സമാപത്തി ഉണ്ടാവുന്നത് അതാതിന്റെ സ്വരൂപം കൊണ്ടാണ്. വസ്തുതന്ത്രഗ്രാഹിണിയായ പ്രജ്ഞയുടെ പ്രവർത്തനം അങ്ങനെയാണ്. പ്രജ്ഞയുടെ സ്വരൂപം ചിദ് അഥവാ ചിന്മാത്രമാണ്. ഓരോ വിഷയത്തിലും പരമാണുധർമ്മമായ ചിദ്ഭേദം ഇരിക്കുന്നുണ്ട്. ഈ വസ്തുസ്വരൂപഭേദത്തെ സങ്കലനം ചെയ്ത് പ്രജ്ഞ ഉപയോഗവിഷയമാക്കുകയാണ്. അതിനാൽ ചിന്മാത്രമായ പ്രജ്ഞാതന്മാത്രക്ക് ഏതു വസ്തുവേയും വിഷയത്തേയും അവയുടെ സങ്കലനം കൊണ്ടുണ്ടായ സ്വരൂപഭേദത്തേയും ധർമ്മാനുപാതത്തേയും എല്ലാം നിർവ്വിചാരമായിത്തന്നെ അറിയാം. സവിചാരമായും അറിയാം.

സുവർണ്ണ:- സാർവ്വവിഭക്തികമായി സർവ്വത്തിലും ഇരിക്കുന്ന ചിന്മാത്ര (എനർജി യൂണിറ്റ്)യുടെ സ്വഭാവ വിശേഷത്താലാണ് മനുഷ്യപ്രജ്ഞ ഇങ്ങനെ ഗ്രഹണശേഷി കാണിക്കുന്നതെന്ന നിശ്ചയം വളരെ സയന്റിഫിക്ക് ആണ്, ആധുനിക ന്യൂറോളജിയുടെ നിഗമനങ്ങൾക്ക് നിരക്കുന്നതും ആസ്ട്രോഫിസിക്സിന് നിരക്കുന്നതുമാണ്. ഒരു ജനതയുടെ അദ്വൈതചിന്ത ഏത് ശാസ്ത്രയുക്തിയിലാണ് തീരുമാനിക്കപ്പെട്ടതെന്ന് ഇത്തരം പരാമർശങ്ങള് നമ്മെ ബോധ്യപ്പെടുത്തുന്നു.

45. പതഞ്ജലി:- സൂക്ഷ്മ വിഷയത്വം ചാ ലിംഗ പര്യവസാനം

വ്യാസ:- പാർത്ഥിവ പരമാണുവില് ഗന്ധതന്മാത്രം സൂക്ഷമവിഷയം ജലപരമാണുവിൽ രസതന്മാത്ര തൈജസപരമാണുവിൽ രൂപതന്മാത്ര. വായവീയത്തിൽ സ്പർശതന്മാത്ര, ആകാശത്തിൽ ശബ്ദതന്മാത്ര മാത്രം. അതിനെ അഹങ്കാരമെന്നും പറയാം. അതിൽ സൂക്ഷമവിഷയം ലിംഗമാത്രമാണ്. ലിംഗമാത്രമെന്നാൽ ലക്ഷണമാത്രം. ലക്ഷണം മാത്രമാണ് സൂക്ഷ്മവിഷയം. അതിനേക്കാൾ പരമായി ഒരു സൂക്ഷ്മമില്ല. അതിനേക്കാൾ സൂക്ഷ്മമല്ലേ പുരുഷൻ. സത്യം. ലിംഗത്തേക്കാൾ (ലക്ഷണത്തേക്കാൾ) പരമലിംഗമായ സൂക്ഷ്മത പുരുഷന്റേതു മാത്രമാണ്. എന്നാൽ ലിംഗത്തിന്റെ അന്വയീകരണം പുരുഷനായി ഭവിക്കയില്ല. ലക്ഷണത്തിന്റെ അന്വയീകരണം ഹേതുവായേ ഭവിക്കയുള്ളു. അതിനാൽ പ്രധാനത്തിൽ നിരതിശയമായ സൗക്ഷമ്യം വ്യാഖ്യാനിക്കപ്പെടുന്നു.

വാചസ്പതി:- എന്തുകൊണ്ട് ഭ്രതസൂക്ഷമമെന്ന ഗ്രാഹ്യവിഷയസമാപത്തിയോടെ സമാപത്തി സമാപിക്കുന്നു. പര്യവസാനിക്കുന്നില്ല. സൂക്ഷമവിഷയത്വം ലിംഗത്തിൽ അഥവാ ലക്ഷണത്തിലാണ്. ഭ്രുതസൂക്ഷ്മത്തിലല്ല പര്യവസാനിക്കുന്നത്. പാർത്ഥിവപര

മാണു മുതല് മുകളിലേക്ക് ആകാശപരമാണു വരെ ഓരോന്നിലേയും സൂക്ഷമവിഷയ സമാപത്തിയിൽ അതാതിന്റെ തന്മാത്ര പറഞ്ഞു. മഹത്തത്വം ലിംഗമാത്രമാണ്. അതിൽ പ്രധാനം ലയം പ്രാപിക്കുന്നു. പ്രധാനം അലിംഗമാണ്. ആ അലിംഗം ലിംഗത്തിൽ ലയം പ്രാപിച്ചു. അതിനാൽ ലിംഗത്വപര്യവസാനത്വമല്ല. അലിംഗ പര്യവസാനത്വവുമാണ്. പുരുഷനും ലക്ഷണ രഹിതനാകയാൽ അലിംഗമല്ലേ. അതല്ലേ സൂക്ഷ്മതരമെന്ന ചോദ്യത്തിന് ഉത്തരം സത്യം എന്നാണ്, അതേ എന്നാണ്. ഉപാദാനത്വത്താൽ സൗക്ഷമ്യമായ അലിംഗം പുരുഷനാണെങ്കിലും പുരുഷാർത്ഥനിമിത്തത്താല് മഹദഹങ്കാരാദികള് ഉണ്ടാകയാല് പുരുഷന് അലിംഗമായി കാരണം (ഹേതു) ആണ്. അലിംഗം (അലക്ഷണം) ആയ ഒന്നിന് സൗക്ഷ്യമെന്ന ലക്ഷണം എങ്ങനെ പറഞ്ഞു. ലിംഗം കൊണ്ട്. സത്യം കാരണമാണ്, ഉപാദാനമല്ല. എപ്രകാരം പ്രധാനം മഹദാദിഭാവത്തിൽ പരിണമിക്കുന്നുവോ അതുപോലെ പുരുഷന് പരിണാമമില്ല. പുരുഷന് അപരിണാമി എന്ന ലക്ഷണമുള്ളതാണ് (ലിംഗം) പ്രധാനവും പുരുഷനും സൂക്ഷമമാണ്. അലിംഗമാണ്. അവ തമ്മിലുള്ള ലിംഗ വ്യത്യാസം ം പ്രധാനം പരിണാമി, പുരുഷൻ അപരിണാമി എന്നതു മാത്രം. അപരിണാമിലിംഗത്തിൽ പരിണാമിയായ പ്രധാനം വിലയം പ്രാപിക്കുന്നു. അതിനാൽ സൗക്ഷ്മ്യമെന്ന ലിംഗം നിരതിശയമായ പ്രധാനത്തിനും അപരിണാമി എന്ന ലിംഗം അത് വിലയിച്ച പുരുഷനും നൽകി.

സുവർണ്ണ:- എങ്ങനെയെന്നാൽ, 5 തന്മാത്രയുള്ള പൃഥിക്ക് അതിന്റെ പ്രധാനതന്മാത്ര ലക്ഷണം, 4 തന്മാത്രയുള്ള ജലത്തിന് അതിന്റെ പ്രധാന തന്മാത്ര ലക്ഷണം, 3 തന്മാത്രയുള്ള തേജസ്സിന് അതിന്റെ പ്രധാന തന്മാത്ര ലക്ഷണം, 2 തന്മാത്രയുള്ള വായുവിന് അതിന്റെ പ്രധാന തന്മാത്ര ലക്ഷണം. ഒരു തന്മാത്ര മാത്രമുള്ള ആകാശത്തിന് അതിന്റെ തന്മാത്രാലക്ഷണം. ഒരു തന്മാത്ര (ശബ്ദം) മാത്രമുള്ള ആകാശ ലിംഗം ബ്രഹ്മ ലിംഗം (ബ്രഹ്മസിന്ധു-ബ്രഹ്മസൂത്രവ്യാഖ്യാനം നോക്കുക) അവിടെ ഭ്രതസൂക്ഷ്മഗ്രാഹ്യ വിഷയം കഴിഞ്ഞു. പക്ഷേ ലിംഗം അഥവാ ലക്ഷണഗ്രഹണം കഴിഞ്ഞിട്ടില്ല. ആകാശത്തേക്കാൾ സൂക്ഷ്മലിംഗമുള്ളത് പ്രധാനം. അതിന്റെ ലിംഗം സൗക്ഷമ്യം. അതിനേക്കാള് സൂക്ഷ്മവും അപരിണാമിയുമാണ് പുരുഷൻ അതിന്റെ ലിംഗം അപരിണാമിത്വം അത് സർവ്വത്തിനും ഹേതു.

46. പതഞ്ജലി:- താ ഏവ സബീജസമാധി

വ്യാസ:- നാലു തരം സമാധികളുടെ ശേഷം ബഹിർവസ്തു ബീജം എന്ന സമാധി. ഇത് സബീജസമാധി എന്നറിയപ്പെടുന്നു. സ്ഥൂലാർത്ഥത്തില് എങ്ങനെ സവിതർക്ക നിർവിതർക്കങ്ങളും സവിചാര നിർവ്വിചാരങ്ങളും പറഞ്ഞുവോ അതുപോലെ സബീജ നിർബീജസമാധികളും പറയുന്നു.

വാചസ്പതി:- ഗ്രാഹ്യവിഷയങ്ങൾക്ക് എപ്രകാരം നാലുവിധം സമ്പ്രജ്ഞാതത്വം പറഞ്ഞുവോ അതുപോലെ സബീജ സമാധിയെ പറയുന്നു. അകാരത്തിന് ഭിന്നക്രമം വരുമ്പോഴാണ് സബീജമെന്ന് അനന്തരം കാണാൻ കഴിയും. 100 ഗ്രാഹ്യവിഷയങ്ങൾ സമാപത്തമായിക്കഴിഞ്ഞാൽ നൂറ്റി ഒന്നാമത്തേതായി സബീജതയെ നിയമിച്ചിരിക്കുന്നു. അനിയതമായ ഗൃഹീതഗ്രഹണഗോചരത്താൽ വികല്പാവികല്പഭേദങ്ങളാല് എല്ലാം അറിയാൻ കഴിയാതെ പോയാലും അനിഷേദ്ധ്യമായി വീണ്ടും ബീജത്തിൽ നിന്ന് ഉണ്ടായിവരുന്നതായി സബീജതയെ നിയമിക്കുന്നു. 100 ജന്മം, 100 വർഷം, 100 വിഷയം കഴിഞ്ഞാല്

നഷ്ടപ്പെട്ടുപോയ ജ്ഞാനം വീണ്ടും ബീജത്തിൽ നിന്ന് അഷ്ടസിദ്ധരായി ഉണ്ടായിവരുന്നു. അതുപോലെ, യോഗിയിലുണ്ടായി വരുന്നതാണ് സബീജസമാധി.

47. പതഞ്ജലി:- നിർവിചാരവൈശാരദ്യേ അധ്യാത്മപ്രസാദഃ

വ്യാസ:- അശുദ്ധി മുതലായ ആവരണമലങ്ങളാല് മൂടിയ പ്രകാശാത്മാവായ ബുദ്ധിസത്വത്തില് രജസ്തമസ്സുകള് നീങ്ങി സ്വഛമായ സത്വസ്ഥിതി പ്രവാഹമുണ്ടാവുന്നതിനെ വൈശാരദ്യം എന്ന് പറയുന്നു. നിർവ്വിചാരസമാധിയില് ഇപ്രകാരം വൈശാരദ്യം സംഭവിക്കുന്നു. യോഗിയിൽ ഭൂതാർത്ഥവിഷയകമായ എല്ലാ ജ്ഞാനവും ഉണ്ടായി സ്ഫുടമായി അവ ഓരോന്നും ക്രമമായി അനുരോധിക്കപ്പെട്ട പ്രജ്ഞാലോകത്തിൽ വൈശാരദ്യം അധ്യാത്മപ്രസാദം ജനിപ്പിക്കുന്നു. ശാന്തിപർവ്വത്തിൽ, പ്രജ്ഞാപ്രസാദമാരുഹ്യ അശോച്യഃശോചതോ ജനാൽ ഭ്രമിഷ്ഠാനിവ ശൈലസ്ഥാഃസർവ്വാന് പ്രജ്ഞോ അനുപശ്യാതി (17.20) എന്ന് ഇതിനെ പറയുന്നു.

വാചസ്പതി:- 100 വിഷയം ഗ്രഹിച്ച് ആ ഗ്രാഹ്യ വിഷയങ്ങളെയൊന്നും വിചാരിക്കാതെ നിർവ്വിചാരമായി ശോഭനത്വമാർജ്ജിച്ച പ്രജ്ഞയില് അധ്യാത്മപ്രസാദമുണ്ടാവുന്നു. 100 വിഷയ വൈശാരദ്യത്തേയും ഇവിടെ അശുദ്ധിയായിട്ടാണ് കാണുന്നത്. അറിവുപോലും മലമായി പ്രകാശാത്മാവിനെ മൂടുന്ന ആവരണമാണ്. പല വിഷയങ്ങള് സമാധിയിൽ ഗ്രഹിച്ച വിശാരദനായ വ്യക്തി ഇതറിഞ്ഞ് ആ വക സിദ്ധികൾപോലും ത്യജിച്ച് അവയിൽപോലും വിചാരമില്ലാതെ (നിർവ്വിചാരം) സ്വസ്വഭാവമായ പ്രകാശത്തിൽ സ്ഥിതി ചെയ്യുന്നു. ആത്മവിഷയമായ പ്രകാശത്തിലുറയ്ക്കുമ്പോൾ ചിത്തപ്രസാദമായി. ഭൂതവിഷയത്തിലായാലും ആത്മവിഷയത്തിലായാലും (യുഗപദ്) ചിത്തപ്രസാദമുണ്ട്. ക്രമത്തിൽ പറയുമ്പോള് ആദ്യം ഭൂതവിഷയം, പിന്നെ ആത്മവിഷയം എന്ന് പറഞ്ഞെന്ന് മാത്രം. ക്രമം മറിച്ചും ആകാം. പരമർഷിയുടെ ഗാഥ ഇവിടെ ഉദാഹരിച്ചത് അതിന്നുവേണ്ടിയാണ്. ജ്ഞാനാ ലോകപ്രഹർഷത്താല് ആത്മജ്ഞാനത്തെ സർവ്വത്തിലും ഉപരിയായി ദർശിച്ച് ദുഃഖത്രയങ്ങളെ കടന്നുപോകുന്ന യോഗി സദാ അശോച്യനായിരുന്ന് സർവ്വജനങ്ങളുടേയും ശോച്യാവസ്ഥ കണ്ട് സഹതാപത്തോടും കരുണയോടും കൂടി അവരെ വീക്ഷിക്കുന്നു.

48. പതഞ്ജലി:- ഋതംഭരാ തത്ര പ്രജ്ഞാ

വ്യാസ:- ഇപ്രകാരമുള്ള സമാഹിതചിത്തന്റെ പ്രജ്ഞക്ക് ഋതംഭര എന്ന് പേരു കൊടുക്കുന്നു. അതിന് ഇനിയൊന്നും ചോദിക്കാനോ നേടാനോ ഇല്ല. സത്യത്തിൽ മാത്രമാണത് വർത്തിക്കുന്നത്. വിചര്യാസജ്ഞാനഗന്ധം അതിലുണ്ടാവുകയില്ല. അതിനാൽ ആഗമം, അനുമാനം, ധ്യാനാഭ്യാസരസം എന്ന് മൂന്നുവിധത്തിലും പ്രകല്പിതമായ പ്രജ്ഞ ലഭിക്കുന്നു. ഇതാണ് ഉത്തമമായ യോഗം എന്ന് പറയുന്നത്.

ആഗമേനാനുമാനേന ധ്യാനാഭ്യാസരസേന ച

ത്രിധാ പ്രകല്പയൻ പ്രജ്ഞാ ലഭതേ യോഗമുത്തമം

വാചസ്പതി:- യോഗി ജനങ്ങൾക്കിടയില് പ്രസിദ്ധവും യോഗിസമ്മതവുമായ ഋതംഭര എന്ന സംജ്ഞയെ പറയുകയാല് ഭാഷ്യം സുഗമം. വേദവിഹിതമായ ആഗമങ്ങൾ എന്നതുകൊണ്ട് ശ്രവണം. അനുമാനം എന്നതു കൊണ്ട് മനനം. ധ്യാനമെന്നതു കൊണ്ട്

ചിന്ത. ശ്രവണം, മനനം, ചിന്ത ഈ മൂന്നെണ്ണത്തിന്റെ വീണ്ടും വീണ്ടുമുള്ള ആവർത്തനാഭ്യാസമാണ് പുണ്യാനുഷ്ഠാനം. യോഗികൾ ഇതിനെ ആദരിക്കുന്നു. നിദിദ്ധ്യാസനം എന്ന് പറയുന്നു. ഇതു മൂന്നും കൊണ്ട് ഉറച്ച യോഗയുക്തന്റെ പ്രജ്ഞക്ക് ഋതംഭര എന്ന് പേർ.

49. പതഞ്ജലി:- ശ്രുതാനുമാന പ്രജ്ഞാഭ്യാമന്യവിഷയാ വിശേഷാർത്ഥത്വാത്

വ്യാസ:- ശ്രുതി, അനുമാനം എന്നിവയിൽ പ്രജ്ഞാവിശേഷാർത്ഥം കൊണ്ട് അന്യവിഷയങ്ങളിൽ വ്യാപരിക്കുന്നുണ്ട്. ശ്രുതം ആഗമ വിജ്ഞാനം അതിന്റെ സാമാന്യവിഷയം. ആഗമത്താൽ മാത്രം വിശേഷജ്ഞാനം നേടാന് സാദ്ധ്യമല്ല. എന്തുകൊണ്ട് വിശേഷത്തിന് സങ്കേതമായി എന്താണുള്ളത്. ശബ്ദം ആഗമത്തിന്റെ സങ്കേതമായ ശബ്ദത്തിന്റെ വിശേഷജ്ഞാനം ആഗമത്തിൽ നിന്ന് കിട്ടില്ല. അതിന്നാണ് അനുമാനം എത്ര വ്യാപ്തി അത്ര ഗതി. എത്ര നപ്രാപ്തി, അത്ര ന ഗതി. ഈ മട്ടിലാണ് അനുമാനം യത്ര പ്രാപ്തിസതത്ര ഗതിര്യത്ര ന പ്രാപ്തിസതത്ര ന ഗതിരിത്യുക്തം.

സുവർണ്ണ:- അനുമാനത്താല് സാമാന്യമായി ഉപസംഹരിക്കാം. ശ്രുതാനുമാനവിഷയങ്ങൾ സാമാന്യവിഷയങ്ങളാണ്. വിശേഷവിഷയങ്ങളല്ല. അതിസൂക്ഷമവും അപ്രകാശിതവുമായ വസ്തുക്കളെ ലോകപ്രത്യക്ഷം കൊണ്ട് ഗ്രഹിക്കാൻ സാധിക്കയില്ല. വിശേഷവും അപ്രമാണകവും അഭാവവും അസ്തി (ഉണ്ട്) എന്ന് സമാധി പ്രജ്ഞക്കല്ലാതെ ഗ്രഹിക്കാനാവില്ല. ഈ സവിശേഷങ്ങൾ ഭ്രതസൂക്ഷ്മഗതമാവട്ടെ പുരുഷഗതമാവട്ടെ രണ്ടായാലും സമാധിപ്രജ്ഞയില് മാത്രം പ്രകാശിതമാകുന്നു. അതായത്, ശ്രുതാനുമാനപ്രജ്ഞ എന്ന സാമാന്യ പ്രജ്ഞയിൽ നിന്ന് അന്യവിഷയകമായി സവിശേഷാർത്ഥത്തോടെ ഒരു പ്രജ്ഞ ഉണ്ട്. അതാണ് സൂക്ഷ്മവും അവ്യക്തവുമായ വസ്തുക്കുൾ, ആശയങ്ങൾ എന്നിവയെ നമുക്ക് പ്രകാശിപ്പിച്ച് തരുന്നത്.

വാചസ്പതി:- ആഗമാനുമാനങ്ങളാൽ വിഷയഗ്രഹണം സാധിക്കുന്ന പ്രജ്ഞാപ്രകർഷത്തോടുകൂടിയ ജന്മലബ്ധി ആഗമാനുമാനവിഷയം നിർവ്വിചാരമാണെന്ന് കാണിച്ചുതരുന്നു. അന്യവിഷയാനുഭവങ്ങളോ, ജന്മസംസ്കാരങ്ങളോ കൊണ്ട് ഈ ജ്ഞാനം ജനിപ്പിക്കാനുള്ള ശക്തി ഉണ്ടാവുന്നില്ല. അതിനാൽ നിർവ്വിചാരമാണ് ഋതംഭരയായി ആഗമാനുമാനങ്ങളെ വിചാരിപ്പിക്കുന്നതും ജനിപ്പിക്കുന്നതും ശ്രുതിയും അനുമാനവും വിചാരവും എല്ലാം നിർവിചാരത്തിൽ നിന്ന് ജനിച്ചു. കാരണം ബുദ്ധിസത്വം തന്നെയാണ് പ്രകാശസ്വഭാവം അതുമാത്രമാണ് സർവ്വാർത്ഥദർശന സമർത്ഥം. അതിനെ തമസ്സ് മൂടുമ്പോൾ രജസ്സിനാല് അതിനെ നീക്കുന്നു. തമസ്സിനെ നീക്കാനാണ് രജസ്സിന്റെ ഉദ്ധൃതാവസ്ഥ അഭ്യാസവൈരാഗ്യാദിയാൽ രജസ്തമോമലം നീങ്ങിയാൽ അനവദ്യമായ വൈശാരദ്യം ഉദിക്കുന്നു. അഥവാ ഉത്ഥാനം ചെയ്യുന്നു.

സുവർണ്ണ:- ഏതെങ്കിലും ഒരു വ്യക്തിയിൽ അത്തരമൊരു വൈശാരദ്യം കണ്ടാല് ആ വ്യക്തിയുടെ ചിത്തം സത്വശുദ്ധവും ഋതംഭരവുമാണെന്ന് ഗ്രഹിക്കണം.

വാചസ്പതി:- അനന്തമായ പ്രകാശത്തിന് പരിധിയില്ല, സീമയില്ല. ഈ പ്രജ്ഞയിൽ ജ്ഞാനം അസ്തമിക്കുന്നില്ല. ആ പ്രജ്ഞയിൽ നിന്നുണ്ടാവുന്ന സാമാന്യ വിഷയങ്ങളാണ് ശ്രുതി, ആഗമാനുമാനാദികൾ. മറിച്ചല്ല. ആഗമത്താൽ (സാമാന്യത്താൽ) സവിശേഷപ്രജ്ഞ ഉണ്ടാക്കാനാവില്ല. പ്രജ്ഞ കൊണ്ട് ആഗമം സൃഷ്ടിക്കാൻ സാധിക്കും.

അദ്വയമായ ആനന്ദാനുഭവം കൊണ്ട് മുന്നോട്ടു സഞ്ചരിക്കുന്ന (അഭിചാരം) വിശേഷ പ്രജ്ഞാ ആ അദ്വയാനുഭൂതിയാൽ ശബ്ദമാവുകയാണ്. ആ ശബ്ദം ശ്രുതിയാവുന്നു വിശേഷത്തോടുകൂടി വാച്യവാചക സംബന്ധം ഉണ്ടാവുകയാണ്. അല്ലാതെ വാക്യാർത്ഥ ത്തിൽ നിന്ന് ശബ്ദവും ശബ്ദത്തിൽ നിന്ന് പ്രജ്ഞയും ഉണ്ടാവുകയല്ല. അനുമാനത്തിലും ലിംഗാലിംഗ സംബന്ധ ഗ്രഹണാധീനമായ ജന്മത്തിൽ ഗതി ഇങ്ങനെ പ്രജ്ഞയിൽ സൃഷ്ടി ക്കപ്പെടുകയാണ്. ആ ഗതി കൊണ്ട് അനുമാനം സൃഷ്ടിക്കപ്പെടുന്നു. അതാതു ശബ്ദ ങ്ങളുടെ സ്ഥാന പരിവർത്തനത്താല് വ്യാപ്യ വ്യാപകഭാവം ആഗമമാവുന്നു. ആ സ്ഥാന പരിവർത്തനത്തെ ഗ്രഹിക്കാനുള്ള പ്രാപ്തിയും പ്രജ്ഞയിലാണുള്ളത്. സാമാന്യമായ അനുമാനത്തിന് ഈ സവിശേഷപ്രജ്ഞ സൃഷ്ടിക്കാൻ കഴിയില്ല. സംബന്ധഗ്രഹങ്ങളെ ആശ്രയിക്കാത്തതും ലോകപ്രത്യക്ഷവുമായ സാമാന്യ വിഷയങ്ങൾക്കൊന്നിനം തന്നെ ഋതംഭരയായ വിശേഷപ്രജ്ഞ സൃഷ്ടിക്കാന് സാധ്യമല്ല. മറിച്ച്, സാധിക്കുകയും ചെയ്യും. (ഋതംഭരപ്രജ്ഞക്ക് അവ സൃഷ്ടിക്കാം) അങ്ങനെയിരിക്കെ ഭൂതങ്ങളോടും ഗ്രഹങ്ങളോടും ബന്ധപ്പെട്ടും അവയ്ക്കധീനമായും ലോക പ്രത്യക്ഷമായും ഇന്ദ്രിയാധീനമായും ഇരി ക്കുന്ന വിഷയങ്ങള്ക്ക് എങ്ങനെ സവിശേഷപ്രജ്ഞ സൃഷ്ടിക്കാന് കഴിയും ഇന്ദ്രിയ ങ്ങൾക്ക് പ്രജ്ഞ സൃഷ്ടിക്കാന് യോഗ്യതയില്ല. ആഗമാനുമാനപ്രത്യക്ഷങ്ങൾക്ക് അഗോ ചരമായ ഒരു വിശേഷം ഇല്ല (നാസ്തി) അതിന്ന് പ്രമാണമില്ല എന്ന് പറയുന്നവരുണ്ട്. സർവ്വവ്യാപിയും നിത്യവുമായ കാരണത്തിന് മറ്റൊരു പ്രമാണമില്ലാത്തത് അതു തന്നെ യാണ് പ്രമേയവും പ്രമാണവും എന്നതിനാലാണ്. മറ്റെല്ലാ പ്രമാണവും അതിൽ നിവർത്തി ക്കുന്നു. അതിനാൽ ആ പ്രമേയങ്ങൾക്കുള്ള ഇന്ദ്രിയപ്രമാണങ്ങളും അവിടെ പ്രവർത്തി ക്കുന്നില്ല. സമാധിയിൽ ലൗകികമായ പ്രജ്ഞ സംഹരിക്കപ്പെടുന്നു. അവിടെ തർക്കമോ വിവാദമോ ഇല്ല. പരമാണുക്കളും ആത്മാവും പ്രാതിസാത്വിക വിശേഷശാലികളാകയാൽ അവയുടെ ദ്രവ്യത്വം പരസ്പരം വ്യാവർത്തത്താല് (വിവർത്തവാദം) ദ്രവ്യങ്ങളുടെ പര സ്പര വ്യാവർത്തത്താല് പ്രാതിസ്വികവിശേഷ ശാലികളായി തീരുന്നു.

സുവർണ്ണ:- പ്രാതിസ്വിക വിശേഷശാലികൾ എന്നാൽ കോ-ഓർഡിനേറ്റ് സിസ്റ്റം. അവ പരസ്പരം ട്രാൻസ്ലേറ്റ് ചെയ്യുന്ന പ്രക്രിയ, ഇതിനെ ഇനർഷ്യ എന്നും നിരയന മെന്നും ഭാഷ മാറ്റിപ്പറയുന്നു ഇംഗ്ലീഷും സംസ്കൃതവും.

വാചസ്പതി:- ഋതംഭര പ്രജ്ഞ അങ്ങനെ പ്രകാശിക്കയാണ്. അതിൽ നിന്ന് ഖണ്ഡാ ദികള് അനുമാനങ്ങൾ, ആഗമങ്ങൾ, കാവ്യാലങ്കാരങ്ങൾ എന്തും ഉദിച്ചുവരും. അത് നവ നവോല്ലേഖശാലിനിയായ പ്രതിഭയാണ്. വിശേഷത്തെ നിരൂപിക്കാനും സൃഷ്ടിക്കാനും നിരൂപണം ചെയ്യാനും സംശയം നീക്കിത്തരാനും ന്യായങ്ങൾ കണ്ടെത്താനും ഗ്രഹി ക്കാനും വളരെ ദൂരത്തിരിക്കുന്നതിനെപ്പോലും തന്നിലേക്കാകർഷിക്കാനും സാധിക്കുന്ന സത്വപ്രകാശമാണ് ചിത്ഗോ ചരമായ ഋതം. ആ ഋതത്താൽ പൂർണ്ണമായ (ഭാരം) പ്രജ്ഞ ഋതംഭര എന്തിനേയും സൃഷ്ടിക്കാനും ഗ്രഹിക്കാനും കഴിയുന്ന അസാമാന്യപ്രതിഭ എന്നാണ് ആ പദത്തില് നിന്ന് ഗ്രഹിക്കേണ്ടത്. അത് ജന്മസിദ്ധമാണ്.

സുവർണ്ണ:- ജന്മസിദ്ധമായ ഋതംഭരാപ്രജ്ഞയാല് നാം തത്വങ്ങള് ഗ്രഹിക്കുന്നു, പ്രതി ഭാശാലികളും സ്രഷ്ടാക്കളും വിദ്വാന്മാരുമൊക്കെയാവുന്നു.

50. പതഞ്ജലി:- തജ്ജഃ സംസ്കാരോ അന്യസംസ്കാര പ്രതിബന്ധി

വ്യാസ:- സമാധി പ്രജ്ഞാവ ലംബിയായ യോഗിയുടെ പ്രജ്ഞ നവംനവങ്ങളായ സംസ്കാരങ്ങള് സൃഷ്ടിക്കുന്നു. ഇപ്രകാരം പ്രജ്ഞാകൃതങ്ങളായ സംസ്കാരങ്ങൾ അന്യ സംസ്കാരങ്ങൾക്ക് പ്രതിബന്ധകളാവുന്നില്ല. സമാധി പ്രജ്ഞാപ്രഭവ സംസ്കാരങ്ങൾ വ്യുത്ഥാന സംസ്കാരാശയങ്ങളെ ബാധിക്കുന്നില്ല. അവ പ്രഭവിക്കുന്നത് ഉത്ഥാന സംസ്കാ രങ്ങളെ പുനർന്നവീകരിക്കാനാണ്. അവ പ്രത്യയങ്ങളായി ഭവിക്കുന്നില്ല. പ്രത്യയ നിരോ ധത്തിലാണ് സമാധി ഉപതിഷ്ഠമായിരിക്കുന്നത്. സമാധിജമായ പ്രജ്ഞതന്നെയാണ് ആ പ്രജ്ഞാകൃതമായ സംസ്കാരമായി നവംനവങ്ങളായ സംസ്കാരാശയങ്ങളായി കാണ പ്പെടുന്നത്. പ്രജ്ഞ എപ്രകാരമോ അപ്രകാരമായിരിക്കും സംസ്കാരം. എന്തുകൊണ്ടാണ് സംസ്കാരാശയചിത്തം അധികാര പ്രയോഗം നടത്താത്തത്. ക്ലേശക്ഷയ ഹേതുത്വത്താൽ ചിത്തം അധികാര വിശിഷ്ടമാകുമ്പോളാണ് പ്രജ്ഞാകൃത സംസ്കാരങ്ങൾ ഉണ്ടാവുന്ന ത്. ചിത്തമെന്നത് ഒരാൾക്ക് സ്വകാര്യമായ ഒന്നാണ്.

സുവർണ്ണ:- സ്വകാര്യം, സ്വന്തം കാര്യം, രഹസ്യം, പ്രൈവറ്റ്, സബ്ജക്ടീവ് എന്നെല്ലാം പറയാവുന്ന വാക്ക് സ്വകാര്യം ഇത് യോഗിയ്ക്ക് വിവേകഖ്യാതി മാത്രമാണ്.

വ്യാസ:- ചിത്തചേഷ്ഠിതങ്ങളുടെ പര്യവസാനമാണ് ഖ്യാതി അഥവാ കീർത്തി. അത ല്ലാതെ മറ്റൊരു കാര്യത്തിലും യോഗിചിത്തത്തിന് അധികാരമില്ല.

സുവർണ്ണ:- ഖ്യാതി പോലും ചിത്തത്തിന്റെ കർമ്മഫലമായിട്ട് പിന്നീട് ലഭിക്കുന്നു എന്നല്ലാതെ അതില് മോഹമില്ല യോഗി ചിത്തത്തിന്.

വ്യാസ:- അധികാരമോഹം അവിടെയില്ല.

വാചസ്പതി:- യഥോമതം അഭ്യാസം ചെയ്താല് പരമാർത്ഥ വിഷയകമായ സമ്പ്ര ജ്ഞാത സമാധി ഭവിക്കുന്നു. അനാദിയായ വ്യുത്ഥാന സംസ്കാരങ്ങളുടെ രൂഢമായ നിബിഢതകൊണ്ട് സമാധി പ്രജ്ഞക്ക് പ്രതിബന്ധങ്ങള് നേരിടുന്നു. അതിനാൽ കാറ്റുള്ള മുറിയുടെ മദ്ധ്യത്തില് വെച്ച് പ്രദീപത്തിന്റെ പ്രകാശപരമാണുക്കളെപ്പോലെയാണ് ആദ്യം സമാധിപ്രജ്ഞ (സവിതർക്ക സമാധിയിൽ) ഇരിക്കുന്നത്. എന്നാൽ സമാധി പ്രജ്ഞാജ ന്യമായ സംസ്കാരങ്ങള് അന്യസംസ്കാരങ്ങൾക്ക് പ്രതിബന്ധമാകുന്നുമില്ല. നിർവ്വിചാ രസമാധിയാവുമ്പോഴേക്കും അന്യമായ വ്യുത്ഥാനസംസ്കാരങ്ങള് ഒന്നും ദീപത്തിന്റെ പ്രകാശ പരമാണുക്കളെ ഉലയ്ക്കുന്നില്ല. ഭ്രുതാർത്ഥപക്ഷപാതത്തിൽ, ധീ അനവസ്ഥിത മായി സ്വാഭാവികമായി ഭ്രമിച്ചുകൊണ്ടിരിക്കുന്നു. ആ ഭ്രമണവും അനവസ്ഥിതിയും മാറി അവയെ സ്ഥിതപദം എന്ന ഉറച്ച സംസ്കാരബുദ്ധി ചക്രക്രമത്തിന്റെ വർത്തമാനം അനാദി സംസ്കാരബുദ്ധിക്രമം എന്നതിലേക്ക് മാറുമ്പോഴാണ് പ്രകാശത്തിന്റെ യഥാർത്ഥാവസ്ഥ നമുക്ക് ഗ്രഹിക്കാനാവുന്നത്.

സുവർണ്ണ:- പ്രകാശം സൂര്യനിൽ നിന്ന് വരുന്നു. പ്രകാശ പ്രഭവകേന്ദ്രമായ സൂര്യന ല്ല, ഭൂമി, ചന്ദ്രൻ, മറ്റു ഗ്രഹോപഗ്രഹാദികൾ ഇവയാണ് സൂര്യനു ചുറ്റും (പ്രകാശ കേന്ദ്ര ത്തിനു) ഭ്രമിക്കുന്നത് എന്ന യഥാർത്ഥാവസ്ഥ, ആ പ്രകാശം തന്നെ എന്തു സ്വരൂപം, സ്വഭാവം, വേഗത എന്നിവ ഉള്ളതാണെന്ന അറിവ് തുടർന്നു വരുന്നു.

വാചസ്പതി:- ഇവിടെ സമാധി ചിത്തം അഥവാ പ്രജ്ഞ കാറ്റുലയ്ക്കാത്ത ദീപനാ

ളവും സ്ഥിരതാര പ്രകാശവുമെങ്കില്, വ്യുത്ഥാന സംസ്കാരപ്രജ്ഞ (ലൗകീകപ്രജ്ഞ) അതിനെ ചുറ്റി, ആശ്രയിച്ച്, സ്വയം കറങ്ങി ഭ്രമണപഥങ്ങളിൽ പ്രദക്ഷിണം ചെയ്യുന്ന ഗ്രഹമണ്ഡലങ്ങളാണ്.

സുവർണ്ണ:- അതുകൊണ്ട് അവ എത്രയെണ്ണം കണ്ടെത്തിയാലും അത് പ്രകാശത്തേയോ സ്ഥിരതാരമണ്ഡലത്തേയോ പ്രകാശ വേഗത്തേയോ ബാധിക്കയില്ല.

വാചസ്പതി:- നിരുപദ്രവ ഭൂതാഥ സ്വഭാവസ്യ വിചര്യയൈ ന ബാധോ അനാദി മതോ അപി ബുദ്ധേസ്തത്വക്ഷപാപതഃ എന്നു പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. സമാധി പ്രജ്ഞ ഉണ്ടാവുമ്പോൾ വ്യുത്ഥാന സംസ്കാരങ്ങള് നിരോധിക്കപ്പെടുന്നു. കാറ്റുകൾ താനേ അടങ്ങുന്നു. സമാധിജമായ സംസ്കാരാതിശയങ്ങൾ സമാധിപ്രജ്ഞയുടെ പ്രസവത്തിൽ നിന്ന് (സൃഷ്ടി) ആണുണ്ടായത്. അവ അധികാലമായി ചിത്തത്തിൽ അവ സ്ഥിതമായിരുന്നു. സാധികാരപൂർവ്വം ചിത്തത്തെ നിരന്തരം പ്രചോദിപ്പിക്കുന്നു. ചിത്തത്തിന് കാര്യദ്വയം ഉണ്ട്. ഒന്ന് ശബ്ദാദികളുടെ ഉപഭോഗം. രണ്ടാമത്തേത് വിവേകഖ്യാതി. ശബ്ദാദികളുടെ ഉപഭോഗം പ്രവർത്തിക്കുന്നത് ക്ലേശകർമ്മാശയ സഹിതമാണ്. പ്രജ്ഞാപ്രഭവസംസ്കാരം നിഖിലക്ലേശ കർമ്മാശയങ്ങളേയും ഉന്മൂലനം ചെയ്യുന്നു. പിന്നെ ചേതസ്സിൽ അധികാരഭാവത്തിൽ അവസ്ഥിതമായി അവശേഷിക്കുന്നത്, പ്രവർത്തിക്കുന്നത് വിവേകഖ്യാതി മാത്രമാണ്. അതിനാൽ സമാധി സംസ്കാരാശ്രിതനായ യോഗിക്ക് അത് ഭോഗാംഗീകാരഹേതുവല്ല. മറിച്ച് അതിന്റെ പരിപന്ഥയാണ്. സ്വകാര്യമെന്നതിനാൽ ഭോഗലക്ഷണമെന്ന് മനസ്സിലാക്കുന്നത് ശരിയല്ല. ഭോഗത്തിൽ അസമർത്ഥമാക്കിച്ചെയ്യുന്ന രഹസ്യമാണത്. ഭോഗത്തിൽ യോഗിയുടെ ചിത്തം ചേഷ്ടിക്കുന്നില്ല. വിവേകഖ്യാതി മാത്രം യോഗി അനുഭവിക്കുന്നു. അതുമാത്രമാണ് യോഗിയുടെ ഒരേ ഒരു ഭോഗം. വിവേകഖ്യാതി സംജാതമാവുമ്പോൾ ക്ലേശനിവൃത്തി ഉണ്ടാവുന്നു. ഭോഗാധികാരവും ഭോഗമോഹവും തീരെ ഇല്ലാതാവുന്നു.

51. പതഞ്ജലി:- തസ്യപി നിരോധേ സർവ്വ നിരോധാന്നീർബീജ സമാധിഃ

വ്യാസ:- അതിനെക്കൂടി നിരോധിക്കുമ്പോൾ സർവ്വനിരോധത്താല് നിർബീജസമാധി ലഭിക്കുന്നു. പ്രജ്ഞാകൃത സംസ്കാരങ്ങൾപോലും നിർബീജസമാധിക്ക് പ്രതിബന്ധമാണ്. അവ കൂടി നിരോധിക്കുമ്പോളേ നിർബീജസമാധി ലഭിക്കൂ. നിരോധ സ്ഥിതികാല ക്രമാനുഭവത്താൽ നിരോധിക്കപ്പെട്ട ചിത്ത കൃത സംസ്കാരങ്ങളുടെ അസ്തിത്വം അനുമേയമാണ്. വ്യുത്ഥാന നിരോധ സമാധിയുടെ പ്രഭവത്തിൽ കൈവല്യത്തിന്റെ ഭാഗമായി സംസ്കാര സഹിതമായ ചിത്തം സ്വപ്രകൃതിയിൽ അവസ്ഥിതമായി പ്രകൃതിലയമായിത്തീരുന്നു. അവിടെ ചിത്തം അധികാരവിരോധിയല്ല, സ്ഥിത ഹേതുവുമല്ല. അതിനാൽ കൈവല്യഭാഗമായി അധികാരവും അവസ്ഥിതമാണ്. അതിൽ നിന്നും ചിത്തം നിവർത്തിച്ച് പുരുഷസ്വരൂപമാത്രാപ്രതിഷ്ഠ നേടുമ്പോളാണ് ശുദ്ധം, കേവലം, മുക്തം മുതലായ പദങ്ങളാൽ പറയപ്പെടുന്നത്. ഇപ്രകാരം ആദ്യത്തെ സമാധിപാദം.

വാചസ്പതി:- ഭോഗാധികാര പ്രശാന്തിയാണ് പ്രജ്ഞാ സംസ്കാരത്തിന്റെ പ്രയോജനം. എങ്ങനെ എന്നു ചോദ്യം. പ്രജ്ഞാസംസ്കാരത്താൽ ചിത്തം പ്രജ്ഞാ പ്രവാഹം ജനിപ്പിക്കുന്നതിനാല് സാധികാരം മുതലായ അധികാരപരമായ കാര്യങ്ങൾ അതിന് ഇല്ലാതാവുന്നു. ചിദ് അഥവാ പ്രകാശപ്രവാഹത്തിന് അത്തരം അപേക്ഷകൾ എന്തിന് ചിത്തിൽ അധികാരാദികൾക്ക് അസ്തിത്വം ഇല്ലാതാവുന്നത്, ചിത്ത് നൈരന്തര്യമുള്ള പ്രകാശ പ്രവാഹധാരയുടെ ഉത്ഭവമായിത്തീർന്നതു കൊണ്ടാണ്.

എല്ലാം നിരോധിച്ചത് നിർബീജസമാധി. പരവൈരാഗ്യത്താൽ ജ്ഞാനപ്രസാദ മാത്ര ലക്ഷണമായ സംസ്കാരം ജനിപ്പിക്കുന്നതു മൂലം അതിനാൽ പ്രജ്ഞാകൃത സംസ്കാര ത്തേയും നിരോധിച്ച് കേവല പ്രജ്ഞാസ്വരൂപം മാത്രമായിത്തീരുന്നു എന്ന് ശബ്ദാർത്ഥം. സർവ്വവും ഉല്പാദിപ്പിക്കുന്ന സംസ്കാര പ്രജ്ഞാപ്രവാഹത്തെ നിരോധിക്കുമ്പോള് കാര ണാഭാവത്താൽ ഒരു കാര്യവും ഉല്പാദിപ്പിക്കപ്പെടാത്ത നിർബീജ സമാധിയടയുന്നു. നിർബീജസമാധിയില് സമാധി പ്രജ്ഞപോലുമില്ല. പരവൈരാഗ്യത്താൽ ഉണ്ടായ സ്വകാ രണദ്വാരേണ കേവല പ്രജ്ഞ മാത്രം സമാധി പ്രജ്ഞാകൃതമായ സർവ്വസംസ്കാരത്തിനും പരിപന്ഥിയായി ഭവിച്ച് സ്ഥിതി ചെയ്യുന്നു. വൈരാഗ്യജമായ വിജ്ഞാനം സദ് വിജ്ഞാന മാണ്. പ്രജ്ഞാമാത്രമായ ചിദ് ആണ്. അതിൽ ജാഗ്രദ് സ്വപ്നസുഷുപ്തിദ്രഷ്ടാർത്ഥ സമൃതികളെയെല്ലാം (എല്ലാ വിധ വിജ്ഞാനരൂപമായ സംസ്കാരത്തേയും) ത്യജിക്കു ന്നു. നിരോധിക്കുന്നു. പരവൈരാഗ്യം ഒന്നു കൊണ്ടുമാത്രമാണ് ഇപ്രകാരം നിരോധി ക്കാന് കഴിയുന്നത്. ഈ നിരോധത്തിൽ നിന്നുണ്ടാവുന്ന സംസ്കാരം പ്രജ്ഞാ സംസ്കാ രമാണ്, വിജ്ഞാനാദികളല്ല, ദീർഘകാല നൈരന്തര്യസത്കാരാ സേവിത പരവൈരാഗ്യ മാണ് ജന്മനാ ലഭിച്ച സംസ്കാരമായ പ്രജ്ഞാസംസ്കാരം.

നിരോധജ സംസ്കാരത്തിന്റെ സദ്ഭാവത്തിന് എന്താണ് പ്രമാണം. പ്രത്യക്ഷമായി അനുഭവിക്കാവുന്നത്. അനുഭൂതി വിഷയമായത്, പിന്നീട് ഓർക്കാനും (സ്മൃതി) കാര്യ ത്താൽ അനുമാനിക്കാനും ആവുന്നത് തന്നെ. സർവ്വവൃത്തി നിരോധ പ്രത്യക്ഷത്തിൽ യോഗിക്ക് സ്മൃതിയില്ല. പിന്നെ എങ്ങനെ ഇത് പറയും. നിരോധസ്ഥിതി എന്നാൽ ചിത്ത നിരുദ്ധാവസ്ഥ എന്നാണർത്ഥം. കാലക്രമത്തിൽ മുഹൂർത്താർദ്ധം യാമമായും യാമങ്ങള് അഹോരാത്രങ്ങളായും നാം അനുഭവിക്കുന്നു. അതുപോലെ വൈരാഗ്യാഭ്യാസ പ്രകർഷാ നുരോധിയായ നിരോധ പ്രകർഷത്തെ യോഗികള് അനുഭവിക്കുന്നു. ക്രമനിയതതയാൽ പരവൈരാഗ്യക്ഷണത്തെ അതാതു കാലവ്യാപ്തിയിൽ നിന്ന് പരസ്പരം അസംഭവമെന്ന് സാതിശയം നിരോധിച്ച് സൃഷ്ടിക്കുന്ന ഈശത (ഈശിത്വം) അതാത് വൈരാഗ്യക്ഷ ണപ്രചയങ്ങളുടെ ജന്യമായി സ്ഥായിയായി ഉണ്ടാവുന്ന സ്ഥായി സംസ്കാരപ്രചയ ത്തേയും ഏഷിതവ്യമായി ഭാവിക്കുന്നു. അത് അഛേദ്യമാണെന്ന് അറിയുന്നു. ഇപ്രകാരം അഛേദ്യമായ പ്രജ്ഞാ സംസ്കാര പ്രവാഹത്തെ (കാലപ്രവാഹത്തെ എന്നപോലെ) എങ്ങനെ നിരോധിക്കും. എങ്ങനെ ഒരു നിരോധ സംസ്കാരം ഉണ്ടാക്കും. അഛേദം ചെയ്യുക എന്നു പറയുമ്പോൾ സാധികാരത്വമുള്ള വ്യുത്ഥാന സംസ്കാരമാണ്. വ്യുത്ഥാ നത്തെ നിരോധിക്കുന്നതാണ് സമ്പ്രജ്ഞാത സമാധിയുടെ പ്രഭവം വ്യുത്ഥാന പ്രജ്ഞാ സംസ്കാരം സമ്പ്രജ്ഞാത സമാധിയിലെ നിരുദ്ധ പ്രജ്ഞാ സംസ്കാരത്തിൽ പ്രലീന മാവുകയാണ് ചെയ്യുന്നത്. അപ്പോൾ സത്യം മാത്രമെ ഉള്ളു. അനധികാരമാണ് ചിത്തം. ചിത്തം പുരുഷാർത്ഥ ജനകമാണ്. സാധികാരമെന്ന ശബ്ദത്തിൽ ശബ്ദാദ്യുപഭോഗവും വിവേകഖ്യാതിയും പുരുഷാർത്ഥങ്ങളുമുണ്ട്. ഇവയ്ക്കെല്ലാമുള്ള അധികാരമുണ്ട്. വിദേഹ പ്രകൃതിലയന്മാർക്ക് ചിത്തം സാധികാരമാണ്. സമ്പ്രജ്ഞാത സമാധിയിൽ ശബ്ദാദ്യുപ ഭോഗമുണ്ട്. നിരുദ്ധ സംസ്കാരത്തിൽ വിവേകഖ്യാതിക്കും മാത്രമേ അധികാരമുള്ളു. ശേഷം സുഗമം.

യോഗത്തിന്റെ ഉദ്ദേശം നിർദ്ദേശം, അതിന്റെ അർത്ഥം, വൃത്തിലക്ഷണം, യോഗോ പായങ്ങളുടെ പ്രഭേദങ്ങൾ എന്നിവ ഈ സമാധിപാദത്തില് ഉപവർണ്ണിതമാണ്. ഇപ്രകാരം ശ്രീവാചസ്പതി മിശ്രവിരചിതമായ തത്വവൈശാര ദിയിൽ ആദ്യത്തെ സമാധിപാദ ഭാഷ്യം അവസാനിക്കുന്നു.

സാധനാപാദം

1. പതജ്ഞലി:- തപഃസ്വാദ്ധ്യായ ഈശ്വര പ്രണിധാനാനി ക്രിയായോഗഃ

വ്യാസ:- സമാഹിത ചിത്തമായ യോഗം ഉദ്ദിഷ്ടം. എപ്രകാരം വ്യുഥിത ചിത്തം യോഗയുക്തമാക്കി മാറ്റാം. അതിനുള്ള ക്രിയായോഗം പറയുന്നു. എല്ലാ തപസ്വികൾക്കും യോഗസിദ്ധി ഉണ്ടാവാറില്ല. അനാദികർമ്മക്ലേശ വാസനകളാൽ വിചിത്രവും ഓരോരോ വിഷയജാലത്തിലും പ്രത്യുപസ്ഥിതവുമായിരിക്കുന്ന അശുദ്ധിയെ ആന്തരമായ താപം (ചൂടു) കൊണ്ട്. തപസ്സുകൊണ്ട് നശിപ്പിച്ചു കളയണം. അപ്പോൾ ചിത്ത പ്രസാദം അബാധമായി മറ്റൊന്നിനേയും സേവിക്കാതെത്തന്നെ ഉണ്ടാവും. സ്വാധ്യയം എന്നാൽ പ്രണവാദിപവിത്രാണാം ജപം, മോക്ഷശാസ്ത്രാധ്യയനം ഇവ രണ്ടുമാണ്. ഈശ്വരപ്രണിധാനം സർവ്വക്രിയകളേയും പരമഗുരുവില് അർപ്പിച്ച് ചെയ്യുകയും അതിന്റെ ഫലം സന്യസിക്കയുമാണ്.

വാചസ്പതി:- പ്രഥമ പാദത്തിൽത്തന്നെ ഉപായങ്ങളും അവാന്തരപ്രഭേദങ്ങളും ഫലങ്ങളും അടക്കം യോഗത്തെ പറഞ്ഞു ഇനി അതിലേക്ക് എത്താനുള്ള ക്രമമായ ക്രിയാപാഠങ്ങൾ മാത്രം ബാക്കി പറയാനുള്ളു. രണ്ടാം പാദം അതിന്നായി ആരംഭിക്കുന്നു. ആദ്യപാദത്തിൽ അഭ്യാസ വൈരാഗ്യങ്ങള് മാത്രമാണ് യോഗോപായങ്ങള് എന്ന് പറഞ്ഞു. ഇവിടെ വ്യുഥിത ചിത്തരായ ലൗകികർ സത്വശുദ്ധിക്കായി ചെയ്യേണ്ട ക്രിയകളാണ് ഉപദേശിക്കുന്നത്. വിശുദ്ധസത്വം ലഭിച്ചാലേ രക്ഷാസംവിധാനങ്ങളായ അഭ്യാസ വൈരാഗ്യങ്ങൾ സാധിക്കയുള്ളു. സമാഹിതത്വം എന്നാൽ അവിക്ഷപ്തത്വം. വ്യത്ഥാന ചിത്തർക്ക് വിക്ഷിപ്തങ്ങളെ അടക്കാനുള്ള ഉപായങ്ങള് ഏതൊക്കെ. ഈ നിയമങ്ങളെ ക്രിയായോഗമെന്ന് പറയുന്നു. ക്രിയായോഗം അഥവാ കർമ്മയോഗം യോഗ സാധനയുടെ തുടക്കമാണ്. അവസാനമല്ല. വിഷ്ണുപുരാണത്തിൽ ഖാണ്ഡിക്യകേശിദ്ധ്വജ സംവാദത്തില് (6.7.33) യോഗയുക് പ്രഥമം യോഗീ യുജ്ഞമാനോ അഭിധീയതേ എന്ന് കാണാം. തപസ്സ്, സ്വാദ്ധ്യായം, ഈശ്വര പ്രണിധാനം ഇവ യോഗയുക്തനാവാനാഗ്രഹിക്കുന്ന വ്യക്തി ആദ്യം അനുഷ്ഠിക്കേണ്ട ക്രിയകളാണ്. തപസ്സുകൊണ്ട് ചിത്തം ശുദ്ധമാകുന്നു. രജസ്തമസ്സുകളുടെ തിരകൾ ചിത്തത്തില് അടങ്ങാന് തപസ്സുവേണം. ഭേദഭാവനകളുടെ മലം തപസ്സിന്റെ ചൂടുതട്ടി ദഹിച്ച് ചിത്തം ശുദ്ധമാവണം. സാന്ദ്രമായ നിതാന്ത ക്ലേശങ്ങളുടെ ധാതുവൈഷമ്യം തപസ്സുകൊണ്ട് നീക്കണം. അങ്ങനെ ചിത്തം ശുദ്ധവും ധാതു സാമ്യത്താല് അരോഗവുമാവണം. തപസ്സ് ധാതുവൈഷമ്യം നീക്കി ചിത്തത്തെ നിരാമയമാക്കുന്നു. ശുദ്ധസത്വമാക്കുന്നു. പുരുഷസൂക്ത, രുദ്രമണ്ഡല ബ്രാഹ്ണാദികളിലും പ്രണവാദയത്തിലും പൗരാണികരായ വൈദികർ ബ്രഹ്മപരായണരായിരുന്നു എന്ന് കാണാം. ബ്രഹ്മയജ്ഞമാണ് സ്വാദ്ധ്യായം. പരമഗുരു ഭഗവാൻ ഈശ്വരനാണ്. കാമവും അകാമവും ശുഭവും അശുഭവും ആയ സർവ്വവും ഞാനിതാ അവിടുന്നില് സന്യസിച്ച് അവിടുന്നാൽ പ്രയുക്തമായി ചെയ്യുന്നു എന്ന ഭാവനയോടെ സർവ്വം ബ്രഹ്മാർപ്പണമായി ചെയ്യുന്നത് ഈശ്വരപ്രണിധാനം. സർവ്വവും ഭഗവാനില് ഭഗവാനുവേണ്ടി സമർപ്പിക്കുന്നു. ചെയ്യുന്നതും വിചാരിക്കുന്നതും പറയുന്നതുമെല്ലാം ഫലം നന്നായാലും ചീത്തയായാലും സർവ്വം ഭഗവാനിൽ അർപ്പിതം. ഭഗവദ്ഗീതയിൽ കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന മാ കർമ്മ

ഫലഹേതുർഭൂ മാതേ സംഗോസ്ത്വകർമ്മണി (2.47) എന്ന് പറയുന്നത് ഇതിനെത്തന്നെ.

സുവർണ്ണ:- ശങ്കരാചാര്യരുടെ ജപോ ജല്പ എന്ന സൗന്ദര്യ ലഹരിശ്ലോകം ഇതു പോലാണ് നാലപ്പാട്ട് പ്രഭാതത്തിൽ ശാരദാ തിലകത്തിലെ ഒരു ശ്ലോകത്തിന്റെ മോഡിഫിക്കേഷനായി, ത്രൈലോക്യ ചൈതന്യമായി, ത്രിശക്തേ ഹേ വിശ്വമാതർഭവ ദാജ്ഞയൈവ പ്രാതഃസമുത്ഥായ തവ പ്രിയാർത്ഥം സംസാര യാത്രാമനുവർത്തയാമി എന്ന് പാടിയിരുന്നതും ഇതേ ക്രിയയാണ്. ഭഗവാനിൽ അർപ്പിച്ച് ഭഗവാനുവേണ്ടിയുള്ള സംസാരയാത്രയാണ് യോഗിയുടേത്.

2. പതഞ്ജലി:- സമാധി ഭാവനാർത്ഥഃ ക്ലേശതനൂകരണാർത്ഥശ്ച

വ്യാസ:- എന്തിനാണ് ക്രിയായോഗം സമാധിഭാവനക്കും ക്ലേശത നൂകരണത്തിനും ക്ലേശങ്ങൾ ഉടലാർന്നതാണ് ഭൗതിക ശരീരം. ആ ക്ലേശങ്ങളെ പ്രസംഖ്യാനം എന്ന അഗ്നി കൊണ്ട് കരിച്ചുകളയണം. ബീജത്തിൽ നിന്നാണ് പ്രസവം അതിനാൽ ക്ലേശബീജത്തെത്തന്നെ ചുട്ടുകരിക്കണം. എന്നാലേ ഇനിയൊരു ശരീരം എടുക്കില്ല എന്ന മോക്ഷാവസ്ഥ വരു. ക്ലേശത്താൽ അപരാമൃഷ്ടമായത് സത്വപുരുഷന്റെ അന്യതാമാത്രഖ്യാതി മാത്രം സൂക്ഷമമായ പ്രജ്ഞയിൽ പ്രതി പ്രസവം നിൽക്കുന്നതോടെ മറ്റെല്ലാ അധികാരവും സമാപ്തമാകുന്നു. ഈ ഭാവനയിൽ സമാധി ഉറയ്ക്കുന്നു.

വാചസ്പതി:- ക്രിയായോഗത്തിന്റെ പ്രയോജനം ഈ സൂത്രത്തില് അവതരിപ്പിക്കുന്നു. ക്രിയായോഗം തന്നെയാണ് കർമ്മവും കർമ്മജന്യമായ ക്ലേശങ്ങളുമായി വീണ്ടും വീണ്ടും ശരീരത്തെ ജനിപ്പിക്കുന്നത്. ആ അറിവ് കൊണ്ട് പ്രസംഖ്യാനം കൊണ്ട് വേണം ഇനിയൊരു ജന്മമില്ലാത്ത അവസ്ഥ പ്രാപിക്കാന്. ക്രിയായോഗത്താൽ പ്രതനൂകരണമാത്രമായ വ്യാപാരം മാത്രം സാധിക്കണം. ക്ലേശബന്ധനം ഇല്ലാതാവും. പ്രസംഖ്യാനം ഇതിന്നാണ്. ബീജത്തെപ്പോലും ദഹിപ്പിച്ചാലേ അബീജസാരൂപ്യം (നിർബീജസമാധി) പറയാനാവൂ. അതിനാൽ ക്ലേശങ്ങളുടെ പ്രസവ ധർമ്മിത്വമുള്ള പ്രസംഖ്യാനത്തെപ്പോലും ഒടുവില് ത്യജിക്കണം. അതിനുള്ള അധികാരം അഥവാ വിദ്യയിലുള്ള അധികാരം പോലും ത്യജിച്ച് ഒരു ബന്ധവുമില്ലാത്ത അവസ്ഥ വരണം. കാരണം അതും അന്യതാഖ്യാതി മാത്രമായ സത്വപുരുഷന്റെ ബലവത്തായ വിരോധി തന്നെയാണ്. ക്ലേശങ്ങൾ വിരളമായി ദുർബ്ബലമായി നിശ്ശേഷം ദഹിക്കാന് അവയുടെ വിരോധികളായ വൈരാഗ്യാഭ്യാസങ്ങളുണ്ട്.

സുവർണ്ണ:- വൈരാഗ്യാഭ്യാസങ്ങളാല് ക്ലേശം നശിക്കുന്നുവോ, ക്ലേശനാശത്താൽ വൈരാഗ്യാഭ്യാസങ്ങള് ജനിക്കുന്നുവോ എന്ന് കോഴിയോ മുട്ടയോ ആദ്യം എന്ന പോലൊരു പ്രഹേളികയാണ്.

വാചസ്പതി:- സൂക്ഷമപ്രജ്ഞ സത്വപുരുഷാന്യതാ മാത്രഖ്യാതിയാണ്. സൂക്ഷമത്തിന്റെ വിഷയം ഇന്ദ്രിയങ്ങൾക്കതീതമാകയാൽ അതീന്ദ്രിയമാണ്. സൂക്ഷ്മപ്രജ്ഞാ അതീന്ദ്രിയത്തിൽ വിലയം പ്രാപിച്ച് അതീന്ദ്രിയത്തില് നിന്നു മാത്രം പുനർജ്ജനിക്കുന്നതാണ്. അതിനാൽ അതില് ഒരധികാരവും അവശേഷിക്കുന്നില്ല. അനാദിയായ ഖ്യാതി അഥവാ കീർത്തി ഒഴികെ മറ്റൊരധികാരവും ഇല്ല. ഗുണങ്ങളാണ് കാര്യം ആരംഭിക്കുന്നത്. കാര്യം പ്രപഞ്ചം. കാരണമായ പുരുഷന് നിർഗ്ഗുണം. എല്ലാത്തിനും കാരണം മാത്രമാണ് ഒന്നിനും കാര്യമല്ല. അതിനാൽ അതിന്ന് പ്രാപഞ്ചിക ക്ലേശരൂപമേ ഇല്ല. ഇത് നിർബീജ സമാധി ഭാവനയില് സാക്ഷാത്കരിക്കാന് സാധിക്കും.

3. പതഞ്ജലി:- അവിദ്യാ അസ്മിതാ രാഗദ്വേഷാഭിനിവേശൈഃപഞ്ചക്ലേശഃ

വ്യാസ:- ഏതെല്ലാമാണ് ക്ലേശങ്ങൾ 5 വിപര്യയങ്ങളാണ് ക്ലേശങ്ങൾ അവ താന്താങ്ങളുടെ സ്യയന്ദമാനത്താൽ ഗുണാധികങ്ങളായി.

സുവർണ്ണ:- സ്യന്ദമാനം സ്യന്ദം അഥവാ ചലനം ഒഴുക്ക് ഗതി, കമ്പനം എന്നർത്ഥം മാനമെന്നാൽ അളവ്. സന്ദ്യമാനമെന്നാൽ ചലനത്തിന്റെ അളവ്, അഥവാ ഫ്രീക്വൻസി

വ്യാസ:- സത്വരജസ്തമോഗുണങ്ങള് അധികരിച്ച് ദൃഢങ്ങളായി ഭവിക്കുന്നു. ഇങ്ങനെ പരിണാമം (മാറ്റം) സംസ്ഥാപിക്കുന്നു. കാര്യകാരണസ്രോതസ്സുകളെ ഉണ്ടാക്കുന്നു. അവയുടെ പരസ്പരാനുഗ്രഹ, പരസ്പരാശ്രയങ്ങൾ തന്ത്രിഭൂതമായി കർമ്മ വിപാകങ്ങളെ ഉണ്ടാക്കുകയും ഹരിക്കുകയും ചെയ്തുകൊണ്ടേ ഇരിക്കുന്നു.

സുവർണ്ണ:-ദൃഢമായത് (ഫിക്സ്ഡ്) സോളിഡ് രൂപം. മാറ്റം ഇവൊലൂഷൻ അഥവാ പരിണാമം. കാര്യകാരണങ്ങളെന്നാൽ തന്ത്രി അഥവാ കമ്പനം ചെയ്യുന്ന കമ്പി പ്രപഞ്ചത്തിന്റെ പരിണാമം കമ്പനം ചെയ്യുന്ന കമ്പി പോലെ (തന്ത്രി) ചലനത്തിന്റെ അളവനുസരിച്ചാണ്. സോളിഡും ലികിഡും ഗ്യാസുമെല്ലാം ഇങ്ങനെ പരിണമിച്ച് ഉണ്ടായതാണ്. പ്രപഞ്ചം മുഴുവനും ഈ ഫ്രിക്വന്സികളുടെ മാറ്റമനുസരിച്ച് പലരൂപമായി കാണപ്പെടുന്ന ഏകവസ്തുവാണ്. ഇത്രയും ശാസ്ത്രീയമാണ് വിശദീകരണം.

വാചസ്പതി:- അവിദ്, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്ന് 5 വിപര്യയങ്ങള് പഞ്ചക്ലേശങ്ങളെന്ന് അറിയുന്നു. അവിദ്യയിൽ തന്നെ രണ്ടു തരം വിപര്യയമുണ്ട്. അസ്മിതയില് അവിദ്യ ഉപാദാനം, അതിന്റെ അവിനാഭാവവർത്തി എന്ന് മൂന്ന്. അതിനാൽ അവിദ്യാദി എന്നും പറയുമ്പോള് അതില് അസ്മിതയുടെ സമുച്ഛേദങ്ങളും ഉൾപ്പെടും. ഇവയെല്ലാമാണ് സംസാരത്തിനും കാരണമായി വർത്തിക്കുന്നത്. ഒരു കർമ്മം ആചരിക്കും തോറും ആ ഗുണത്തില് അധികാരം ദൃഢമായി ബലമായി വന്ന് പരിണാമം സംഭവിക്കുന്നു എന്നാണ് സ്യന്ദമാനത്തിന് അർത്ഥം. അവിടെ സ്യന്ദമാനം ആവർത്തിച്ച ചലനം, ആവർത്തിച്ച. കർമ്മം ആണ്. ഇപ്രകാരം അവ്യക്തത്തിൽ നിന്ന് മഹദ്, മഹത്തിൽ നിന്ന് അഹങ്കാരം, എന്നിങ്ങനെ പരമ്പരയായി കാര്യകാരണസ്രോതസ്സുകൾ ഉയർന്നുവരുന്നു. അവ പരസ്പരം (കാര്യം കാരണത്തേയും കാരണം കാര്യത്തേയും) പോഷിപ്പിക്കുന്നു. ജനിപ്പിക്കുന്നു. കർമ്മവിപാകം ജാത്യായുർഭോഗലക്ഷണമാണ്. അവയെ ഉണ്ടാക്കുന്നതും നില നിർത്തുന്നതും നശിപ്പിക്കുന്നതും എല്ലാം മൂലകാരണമായ പുരുഷനിലാണ്. എന്നാൽ പുരുഷന് മറ്റൊരു കാരണമില്ല. മറ്റെല്ലാം പരസ്പരാനുഗ്രഹത്തോടെ പ്രവർത്തിക്കുന്ന കാര്യകാരണങ്ങളാണ്. കർമ്മത്തിൽ നിന്ന് ക്ലേശം. ക്ലേശത്തിൽ നിന്ന് വീണ്ടും കർമ്മം എന്നാവർത്തിക്കുന്ന പാരസ്പര്യമുണ്ട് പ്രപഞ്ചത്തിലെ എല്ലാത്തിനും.

4. പതഞ്ലി:- അവിദ്യാക്ഷേത്രമുത്തരേഷാം പ്രസുപ്തതനുവിഛിന്നോദാരുണാം.

വ്യാസ:- അവിദ്യാക്ഷേത്രം പ്രസവ ഭൂമി. ഉത്തരഭാഗത്ത് അസ്മിതാദികളായ ചതുർവ്വിധവികല്പങ്ങള് പ്രസുപ്ത ശരീരത്തെ വിഛിന്നമാക്കിക്കൊണ്ട് ഇരിക്കുന്നു. എന്താണ് പ്രസുപ്തി. ചേതസ്സിൽ ശക്തിമാത്ര പ്രതിഷ്ഠമായ ബീജഭാവം പ്രഥമം. അതിന്റെ പ്രബോധത്തെ ആലംബിച്ചത് സമ്മുഖീഭാവം. ക്ലേശഭൂതത്തെ സബീജം നശിപ്പിക്കുന്ന

(ദഹിപ്പിക്കുന്നഃ പ്രസംഖ്യാനം സമ്മുഖീഭൂതത്തെ ആലംബനം ചെയ്യുകയാണ്. ദഗ്ദ്ധ ബീജം പിന്നെങ്ങനെ മുളയ്ക്കും. ചരമദേഹം ക്ഷീണക്ലേശകുശമാണ്. അതിനാൽ ദഗ്ദ്ധ ബീജാവസ്ഥയെ പഞ്ചമീക്ലേശാവസ്ഥ എന്നേ വിളിക്കാവൂ. മരണാനന്തരാത്മാവിന്റെ അവ സ്ഥയാണത്. താല്കാലികമായ ഒരു ക്ഷീണക്ലേശമേ അതിലുള്ളു. വീണ്ടും കർമ്മ ബീജം മുളയ്ക്കും. അതിനാൽ, മരണത്തിലെ പ്രബോധത്തെപ്പോലും ഉറക്കമെന്നേ പറയുന്നു ള്ളു. തീരെ ബീജം മുളച്ചുവരാത്ത് സുഷുപ്തി സമാധി മാത്രമാണ്. തനുത്വത്തെ പ്രതിപ ക്ഷഭാവനോപമയാൽ പറയാം. ക്ലേശം, തനു. അതിനെ ചെറിയ ചെറിയ കഷ്ണമാക്കി വിഛിന്നമാക്കുന്ന പ്രക്രിയ എങ്ങനെ. രാഗകാലത്ത് ക്രോധത്തെ കാണുന്നില്ല. ക്രോധത്തെ ആചരിക്കുന്നില്ല. ചൈത്രത്തിൽ സ്ത്രീയിൽ രതി. മറ്റു കാലങ്ങളിൽ വിരക്തി. അനുരാഗം ചൈത്രത്തിൽ ലബ്ധവൃത്തി, മറ്റു കാലങ്ങളിൽ ഭവിഷ്യദൃത്തി. (അടുത്ത ചൈത്രത്തിൽ അനുഭവിക്കാനിരിക്കുന്ന വൃത്തി) ഇപ്രകാരം ഇതുപോലെയാണ് ക്ലേശതനുവെ വിഛി ന്നമാക്കി കഷ്ണമാക്കി ആചരിച്ച് അനുഭവിക്കുന്നത്. അതിൽ ഒരിക്കലും ക്ലേശത്തെ അതി ക്രമിക്കുന്നില്ല. ഒരു ക്ലേശത്തിൽ നിന്ന് മറ്റൊന്നിലേക്ക് സംക്രമണവും ആവർത്തനവും മാത്രമേ ഉള്ളൂ. പ്രസുപ്തതനുവിൽ ഇതുപോലെയാണ് സംഭവിക്കുന്നത്. ഉറങ്ങുന്ന സമ യത്ത് ക്ലേശമില്ല. ക്ലേശം ഉദാരമാവുന്നു. ഉണരുമ്പോൾ വീണ്ടും പിടികൂടുന്നു.

സുവർണ്ണ:- ഉറക്കം ഉണർച്ച, മരണം, പുനർജ്ജനി ഇവയെ താരതമ്യപ്പെടുത്തുന്നു. ആധുനിക ബോധശാസ്ത്രവും ഈ വഴിക്കെല്ലാം സഞ്ചരിച്ചു തുടങ്ങിയിരിക്കുന്നു.

വ്യാസ:- എന്നാൽ സത്യം ഇങ്ങനെ വിഛിന്നമല്ല. വിശിഷ്ട വസ്തുവിൽ വിഛിന്നാ വസ്ഥ ഇല്ല. എപ്രകാരം പ്രതിപക്ഷ ഭാവനയിൽ നിന്ന് നിവൃത്തമാകുന്നുവോ അപ്രകാരം ഇരിക്കും സ്വവ്യഞ്ജകത്വം അഥവാ സ്വസ്വരൂപം ഗുരുപദേശമാകുന്ന അഞ്ജനത്താൽ അഭിവ്യക്തമാകൽ. എങ്ങനെ ക്ലേശങ്ങൾ ഇത്രയേറെ അവിദ്യാഭേദഭാവനകളുണ്ടാക്കി. എല്ലാം അവിദ്യ കൊണ്ടുണ്ടായതു തന്നെ. അവിദ്യയാൽ കാര്യമായ വസ്തുവിന്റെ ക്ലേശ വിപര്യാസങ്ങളുടെ പ്രത്യയ കാലങ്ങള് ഉപലഭ്യമാകുന്നു. അവ ക്ഷീണിച്ചാലേ അവിദ്യ ക്ഷീണിക്കുകയുള്ളു.

വാചസ്പതി:- ക്ലേശങ്ങൾക്ക് മൂലം അവിദ്യയാണ്. അവിദ്യാക്ഷേത്രത്തിന്റെ ഉത്തര ഭാഗത്ത് വിഛിന്നവും ഉദാരവുമായ പരസുപ്തനു. എന്താണ് പ്രസുപ്തി. അവനവന് ഉചി തമായ അർത്ഥക്രിയകളെ ഇല്ലാതാക്കി ക്ലേശങ്ങളെ പ്രമാണമില്ലാത്തവ (ന പ്രമാം അസ്തി) എന്ന് സദ്ഭാവത്തിൽ അഭിപ്രായമാക്കി ചോദിക്കുന്നു. ഉത്തരം ചേതസ്സ് എന്ന് അതിന്ന് നാമമോ അർത്ഥമോ ക്രിയയോ ഇല്ല. വിദേഹ പ്രകൃതിലയത്തിൽ എന്നപോലെ ക്ലേശം ലയിച്ചിരിക്കയാണ്. ബിജ ഭാവമുണ്ട്. ക്ഷീരത്തിൽ നിന്ന് ദധി എന്നപോലെ ശക്തിയുടെ ഒരു മാത്ര മതി അതിനെ നാനാഭാവത്തില് വീണ്ടും ജനിപ്പിക്കാൻ. വിവേക ഖ്യാതിയായി വിദേപ്രകൃതിലയർ വിരഹത്തിലാണ്. അവരിൽ ക്ലേശങ്ങള് പ്രസുപ്തമാണ്. ആ ഉറക്ക ത്തിന്റെ അവധികാലം പ്രാപിക്കുന്ന നിമിഷം വരെമാത്രം. അതുപ്രാപ്തമായാലോ പുന രാവൃത്തി ഉണ്ടാവും. ക്ലേശങ്ങൾ അതാതു വിഷയത്തെ വീണ്ടും അഭിമുഖീകരിക്കും. (സ മ്മുഖീഭവന്തി) അവ ശക്തിമാത്രയിൽ പ്രതിഷ്ഠ നേടിയിരിക്കയാണ്. അതിന്റെ ഉല്പ ത്തിയും ശക്തിയാൽത്തന്നെ. ബീജഭാവം ഉപഗമിച്ചതിനെ കാര്യശക്തി എന്നു പറയു ന്നു. അതിൽ വിവേകഖ്യാതി ഇല്ല. ക്ലേശങ്ങൾ പ്രസുപ്തമാണ്. പ്രസംഖ്യാനം പോലെ. ചരമദേഹം പിന്നീട് ദേഹാന്തരം പ്രാപിക്കുന്നു. പൂർവ്വദേഹത്തിലേ ക്ലേശം, പ്രസംഖ്യാനം ഇവയെ അപേക്ഷിച്ചിരിക്കും പുതിയ ദേഹപ്രാപ്തി. വിദേഹർക്ക് ബീജവിനാശം സംഭ

വിക്കാത്ത ക്ലേശത്താൽ വീണ്ടും ശരീരം എടുക്കണം. പക്ഷേ യോഗത്തിന്റെ ഇരട്ടിച്ച ബലത്താൽ വിഷയങ്ങളെ അഭിമുഖീകരിച്ചാലും ആ ക്ലേശങ്ങൾ ലൗകികരുടേതുപോലെ പ്രക്ഷുബ്ധമാകയില്ല. സുപ്തമായിത്ത്ന്നെ കിടന്നോളും പ്രസംഖ്യാനാഗ്നിയൽ ക്ലേശം ദഹിച്ച് ക്ലേശബീജം മാത്രം അവശേഷിക്കയാലാണിത്.

ക്ലേശപ്രതിപക്ഷമായ ക്രിയായോഗത്താൽ തനുവിനെ ഉപഹതമാക്കുന്ന ഭാവനയോടെ അനുഷ്ഠാനം ചെയ്യുന്നു. സമ്യഗ്ജ്ഞാനത്തിന്റെ പ്രതിപക്ഷം അവിദ്യ അഥവാ ഭേദദർശനം. ഈ രണ്ടിനും മദ്ധ്യസ്ഥമായി രാഗദ്വേഷങ്ങളോടനുബന്ധപ്പെട്ട ബുദ്ധിനിവൃത്തിയിൽ ഉള്ള അഭിനിവേശം. ഇങ്ങനെ വിഛേദിച്ചുകാണാം. വിഷയസേവകളെ ഓരോന്നിനെയായി വിഛേദിച്ച് ഓരോന്നും ആചരിക്കുന്നത് എന്ന ഉദാഹരണം പറഞ്ഞു. അതുപോലെ അതിന്റെ വിപരീതമായതിനെ ആചരിക്കാനാണിവിടെ ക്രിയായോഗം ദൗർബ്ബല്യം കറയ്ക്കാന് രാഗം ആവർത്തിക്കുന്നു. അതുപോലെ അവിദ്യാദി വിഷയക്ലേശം നീക്കാനാണ് വിദ്യ.

സുവർണ്ണ:- പൗരാണിക ഇന്ത്യയിലെ വിദ്യാഭ്യാസ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യവും ലക്ഷണവും മനസ്സിലാക്കുന്നതിന് ഇത് സഹായകമാവും.

വാചസ്പതി:- ഉദാരനായ പുരുഷനില് ക്ലേശം ദുർല്ലഭമായിത്തീരുന്നു. ക്ലേശങ്ങളിൽ പ്രസുപ്തബുദ്ധിയോടെ ഇരിക്കുന്ന യോഗിയിൽ ക്ലേശം ഇല്ലാതാവുന്നു. ക്ലേശപദവാച്യത്വമായ ക്ലേശവിഷയങ്ങളിൽ ഒന്നിലൊന്നില് അതിക്രമിച്ച് സംക്രമിച്ചു നടക്കാതെ സർവ്വ ക്ലേശവിഷയങ്ങളോടും ഉദാസീനനായി, അവയെ വിദ്യ കൊണ്ട് ദഹിപ്പിച്ചവനാണ് യോഗി. ക്ലേശം ദഗ്ദ്ധമാവുക എന്നുവെച്ചാൽ ഭേദഭാവനകളെല്ലാം ദഹിക്കുക എന്നാണർത്ഥം. അവിദ്യയാണ് ക്ലേശം, അവിദ്യാനിവൃത്തിയാണ് വിദ്യ, അവിദ്യ ഭേദഭാവന. വിദ്യ ഏകത്വ ഭാവന (അദ്വൈതം), ഭേദിച്ച് പഠിക്കുന്നത് പഠന സൗകര്യത്തിനു മാത്രമാണ് എന്നറിഞ്ഞു കഴിഞ്ഞാൽ ഭേദഭാവന കൊണ്ടുള്ള ക്ലേശം നീങ്ങും. സർവ്വത്തിലും ഇരിക്കുന്നത് ഒന്നു തന്നെയാണ്. ഇത് സ്ഫുടമായി അറിയും. ആരോഹണവും അവരോഹണവും സുഗമമായിത്തീരും സംഗ്രഹിച്ച്

പ്രസുപ്താത്തത്വലീനാനാം തന്വവസ്ഥാശ്ച യോഗിനാം

വിശ്ചിന്നോദാരുപാശ്ച ക്ലേശാവിഷ സംഗിനാം എന്ന് പറയാം.

വിദേഹ പ്രകൃതിലയന്മാരായ തത്വലീനർക്ക് പ്രസുപ്താവസ്ഥ, യോഗികൾക്ക് തനു അഥവാ ശരീരാവസ്ഥ ഉണ്ടെന്നു മാത്രം. ആത്മാവ് തന്വാവസ്ഥ പ്രാപിച്ച ആത്മരൂപികളാണവർ. ഉദാരരൂപർ വിഛിന്നരാണ്. അവർ ഭേദഭാവനയെ അഭേദഭാവനയാൽ വിഛിന്നമാക്കുന്നു. ക്ലേശം വിഷയസംഗികൾക്ക് മാത്രമുള്ളതാണ്.

5. പതഞ്ജലി:- അനിത്യാശുചിദുഃഖാനാത്മസു നിത്യശു ചിസുഖാത്മ ഖ്യാതിര വിദ്യാ

വ്യാസ:- ഇനി അവിദ്യാസ്വരൂപം പറയുന്നു. അനിത്യം, അശുചി, ദുഃഖാത്മക്ത്വം. നിത്യം, ശുചി, സുഖാത്മഖ്യാതി, അനിത്യമായ കാര്യത്തിൽ നിത്യഖ്യാതി. ഉദാഹരണം ഭൂമി സ്ഥിരയാണ്. ചന്ദ്രതാരാദികൾ സ്ഥിരമാണ്, പകലും ദ്യോവും അമൃതമാണ് മുതലായവ അനിത്യത്തെ നിത്യമെന്നും കരുതുന്ന അവിദ്യയുടെ ഉദാഹരണങ്ങളാണ്.

അശുചിയായ പരമബീഭത്സ കാര്യത്തിൽ ശുചിഖ്യാതി. ഇതിന്നുദാഹരണങ്ങൾ ബീജ

സ്ഥാനത്ത് ഉപഷ്ടംഭം, നിഃസൃതം നിധനം. ശരീരശൗചം മാത്രമാണ് ശുചിയെന്ന് കരുതൽ എന്നിവ. നിഃസൃതമെന്നാലെന്ത്. പുതിയ ചന്ദ്രലേഖ കമനീയം, എന്ന് കന്യകയുടെ മദ്ധ്യാവയവത്തെ ചന്ദ്രനോട് അഭേദം പറയുന്നത് നിഃസൃതം. ലീലോല്പലായത പത്രാക്ഷി നിന്റെ ലോചനങ്ങളാൽ ജീവലോകം ആശ്വസിക്കുന്നു എന്ന് അഭിസംബോധന ചെയ്ത് അശുചിയില് ശുചിവിപര്യാസ പ്രത്യയം ചെയ്യുന്നത്. അപുണ്യത്തിൽ പുണ്യപ്രത്യം അനർത്ഥത്തില് അർത്ഥപ്രത്യയം ഇവയെല്ലാം അതുപോലെ ദുഃഖത്തില് സുഖഖ്യാതി. എല്ലാ വിവേകികൾക്കും അറിയാം പരിണതോപ സംസ്കാര ദുഃഖങ്ങളിലുള്ള ഗുണവൃത്തി വിരോധം ദുഃഖമാണ് എന്ന് (2.15) ഇതിനെ സുഖമെന്ന് കരുതുന്നത് സുഖഖ്യാതി എന്ന അവിദ്യ, അനാത്മത്തിൽ ആത്മഖ്യാതി, ബാഹ്യോപകരണങ്ങളിൽ ചേതന എന്നും ചേതനയില് ഭോഗാധിഷ്ഠിതമായ ശരീരമെന്നും വിചാരിക്കുന്നത് ഇവ ഇതിൽ ശരീരം പുരുഷന്റെ ഉപകരണം അനാത്മം. അതിനെ ആത്മാവെന്ന് വിചാരിക്കൽ അനാത്മന്യാത്മഖ്യാതി. വ്യക്തത്തിൽ അവ്യക്തം, സത്യമായ ആത്മാവിൽ അഭിപ്രതീത്യത, സമ്പദം, അനുനന്ദിക്കുന്നത്. ശോചിക്കേണ്ടതിൽ സന്തോഷം, ശോചിക്കേണ്ടാത്തതിൽ ശോകം ഇങ്ങനെ പ്രതിബുദ്ധി സർവ്വത്തിലും (വിപരീതബുദ്ധി) അധ്യാസം ചെയ്യുന്നത് അവിദ്യയാണ്.

സുവർണ്ണ:- ഭഗവദ്ഗീതയിലെ രണ്ടാം അദ്ധ്യായം സാംഖ്യ യോഗത്തില് ഭഗവാന് ശ്രീകൃഷ്ണന് ഈ ചിന്തയാണ് ആദ്യമായി അർജ്ജുനനോട് അവതരിപ്പിക്കുന്നത്.

വ്യാസ:- അവിദ്യ ചതുഷ്പദിയാണ്. നാലുപാദമുണ്ട്.അവിദ്യാമൂലമായ ക്ലേശം, സന്താനം, കർമ്മാശയം, കർമ്മവിപാകം, അശ്വം, മിത്രം, ഗോഷ്പദം പോലെ വസ്തുക്കളെ സതത്വമായ അറിയണം (വിജ്ഞേയം). ആമിത്രം, മിത്രാഭാവം, നാമിത്രാഭാവം എന്നിവയുടെ വിരുദ്ധഭാവമായ സപത്നം എപ്രകാരം അറിയണമോ അതേപോലെ ആഗോഷ്പദം, ഗോഷ്പദാഭാവം ന ഗോഷ്പദമാത്രം എന്നിവയുടെ അന്യവസ്ത്വന്തരമായ ഏതു ദേശത്തേയും അറിയണം.

സുവർണ്ണ:- മിത്രം പത്നി, ഗോഷ്പദം ദേശം. ഇവയെ ഉണ്ടായാലും ഇല്ലെങ്കിലും മിത്രഭാവത്തിലും ഗോഷ്പദഭാവത്തിലും അറിയണം.

വ്യാസ:- അവിദ്യക്ക് ഇപ്രകാരമാണ് അപ്രമാണവും ന പ്രമാണാഭാവവും അതിന്റെ വിപരീതമായ ജ്ഞാനാന്തരം വിദ്യയാണ്.

വാചസ്പതി:- അനിത്യത്വം ഉപയോഗി വിശേഷണമാണ്. അനിത്യം കാര്യമാണ്. പഞ്ചഭൂതങ്ങൾ നിത്യമാണെന്നഭിമാനിച്ച് അവയുടെ രൂപത്തെ അനിത്യമെന്ന് അറിയാതെ ഉപാസിക്കുന്നത് അവിദ്യയാണ്. അതുപോലെ ധൂമാദി മാർഗ്ഗങ്ങളുടെ ഉപാസനയും ചന്ദ്രസൂര്യതാരകാദികള്, ദ്യുലോകം എന്നിവ നിത്യമാണെന്ന് അഭിമാനിച്ച് അവയെ പ്രാപിക്കാനായി ഉപാസിക്കുന്നവർ ആ ലോകങ്ങളെ പ്രാപിക്കുന്നു. അവ അനിത്യലോകങ്ങളാണ്. പകലിനേയും ആപസ്സിനേയും ദേവന്മാർ അമൃതമെന്ന് അഭിമാനിച്ച് ആ ഭാവത്തില് സോമം കടിക്കുന്നു. ആമ്നായത്തിലും അപാമ സോമമൃതാ അഭ്രമ (ഋഗ് 8.48.3) എന്നു കാണാം. അനിത്യത്തിൽ നിത്യഖ്യാതി അവിദ്യയാണ്. ശരീരം പരമബീഭത്സമായ അശുചിയാണ്. അമ്മയുടെ ഉദരത്തിൽ നിന്ന് ഉത്ഭവം. അച്ഛന്റെ രക്തം രേതസ്സായതിൽ നിന്ന് ബീജോല്പത്തി. തിന്നതും കുടിച്ചതുമായ ആഹാര രസാദികളാൽ ഉപഷ്ടംഭമായി വളർന്ന ശരീരമാണ് നാം ധരിക്കുന്നത്. വിയർപ്പ് മുതലായി അനേകം മലങ്ങൾ അതിലൊഴുകുന്നു

(നിഷ്യന്ദം) നിധനമായ ശ്രോത്രീയ ശരീരം പോലും അപവിത്രമാണ്. അതുതൊട്ടാൽ പോലും കുളിക്കണം മറ്റൊരു ശരീരം സ്പർശിച്ചാല് നാം ശരീര ശുദ്ധിക്കായി സ്നാന വിദ്യ അനുഷ്ഠിക്കുന്നു. ശരീരം തന്നെ അശുചിയായിരിക്കെ മണ്ണും ജലവും കൊണ്ട് ക്ഷാളനം ചെയ്താലും അതെങ്ങനെ ശുചിയാവും സ്വഭാവേന അശുചിയായ ശരീരത്തെ ശൗചം ചെയ്ത് സുഗന്ധം പൂശി അതിന്മേല് കാമിനിയുടെ അംഗരാഗവും ചേർക്കുന്നു ഇവിടെ അർദ്ധോക്തിയില് നിർത്തിയത് പൂരിപ്പിക്കുന്നു. വീണ്ടും അസുചിയാക്കുന്നു. അശുചിയെ ശുചിഖ്യാതിയാക്കി വിചാരക്കുന്നത് അവിദ്യയല്ലാതെ മറ്റെന്താണ്. ഹാവങ്ങളെന്നാൽ ശൃംഗാരജമായ ലീലകളാണ്. പരമബീഭത്സമായ സ്ത്രീശരീരത്തിന് ശശാങ്കലേഖാദികളുമായിട്ടുള്ള മന്ദതരസാദൃശ്യം കണ്ട് ആ സാദൃശ്യത്തെ വെച്ച ആ അശുചിയെ ശുചിയാക്കി വർണ്ണിക്കുന്നു. അപുണ്യമായ ഹംസാദികളെ സംസാരമോചനമായ പുണ്യ പ്രത്യയമെന്ന് തെറ്റിദ്ധരിക്കുന്നു. പശുഹിംസാദികൾ ചെയ്യുന്നു. അർജ്ജനം, ഭക്ഷണം മുതലായ ദുഃഖബാഹുല്യത്താൽ അനർത്ഥം മാത്രമായ ധനാദികളെ അർത്ഥപ്രത്യം കൊടുത്ത് വ്യാഖ്യാനിക്കുന്നു. ഇവയെല്ലാം ജുഗുപ്സാവഹമായ അശുചികൾ മാത്രമാണ്. അതിനാൽ ദുഃഖമാണ്. ഇതുപോലെ അനാത്മങ്ങളെല്ലാം ആത്മമെന്ന് തെറ്റിദ്ധരിക്കുന്നു. പഞ്ചശീഖൻ അതിനാൽ വിവേകികളെക്കുറിച്ച് വ്യാസമുനി ഉദ്ധരിച്ച ശ്ലോകം പറഞ്ഞു. പുത്രദാരപശുക്കളായി വ്യക്തമാകുന്ന ചേതന വസ്തുക്കളും ശയ്യാസനാശനാദികളായി കാണുന്ന അചേതന വസ്തുക്കളും സർവ്വവും, മൂഢന്മാര് നിത്യം എന്ന് തെറ്റിദ്ധരിച്ച് ഉപാസിക്കുന്നു. നാലുസ്ഥാനങ്ങളെ ചതുഷ്പദമെന്ന് വിളിക്കുന്നു. ദിങ്മോഹം, ആലാതചക്രം, എന്നിങ്ങനെ അവിദ്യയില് അനേകം വിഷയങ്ങൾ ഉൾപ്പെട്ടിരിക്കുന്നുണ്ട്. എന്തുകൊണ്ട് പിന്നെ ചതുഷ്പദമെന്ന് പറഞ്ഞു. സംസാര ബീജത്തിന്റെ മൂലം ആ നാലെണ്ണമായതിനാല് പൂർവ്വപദാർത്ഥ പ്രധാന സമാസത്തില് ചതുഷ്പദമെന്നാല് മക്ഷികയാവാം. ഉത്തര പദാർത്ഥ പ്രധാനത്തില് രാജപുരുഷനുമാവാം. അന്യപദാർത്ഥ പ്രധാനമെങ്കില് മക്ഷികാദേശമാവാം. വിദ്യയും ഉത്തരപദാർത്ഥത്തില് വിധിയുടെ ക്ലേശാദികാരണവും വിശേഷമായി ലഭിക്കുന്നു. ക്ലേശത്തിന്റെ പരിപന്ഥി അതിന്റെ ബീജം അതിനെ നശിപ്പിക്കുന്നതാവണം പ്രധാനഗുണം. പോഷിപ്പിക്കുന്നതാവരുത്. അങ്ങനെയിരിക്കെ ക്ലേശം അധികമാക്കുന്നവയെ പഠിക്കുന്ന വിദ്യ എല്ലാം തന്നെ അവിദ്യയാവണം. വിദ്യയാവുക വയ്യ. ക്ലേശബീജം വിദ്യയുടെ അഭാവമാത്രമാണ് എന്ന് പറയാവതല്ല. വസ്തുഭാവം വസ്തുവിന്റെ സതത്വം (വാസ്തുതത്വം) ആണ്. അതിനെ പ്രതിഷേധിച്ചാണ് വിദ്യയെ പ്രതിഷേധിച്ചത് അവിദ്യ അവിദ്യ, അത് വിദ്യയുടെ അഭാവം.

ബുദ്ധി വിദ്യാഭാവ വിശിഷ്ടമാവാം. വിദ്യാവിരുദ്ധമായ വിപര്യയജ്ഞാനമായ അവിദ്യാഭാവ വിശിഷ്ടവുമാവാം. അവധാരണം ചെയ്യുക എന്ന ശബ്ദാർത്ഥത്തില് മാത്രം ലോകാധീനമായ വിദ്യയെ അറിയുന്ന പ്രക്രിയയെ പറയുന്നു. ഉത്തരപദാർത്ഥ പ്രധാനമായും അതിന്റെ വിരുദ്ധവൃത്തിയായും രണ്ടുവിധത്തിൽ, ഭാവത്തിൽ ദൃഷ്ടാന്തങ്ങളെ വിഭജിക്കുന്നതിനേയും അവയുടെ പഠനത്തേയും പറയുന്നു. നാമിത്രാഭാവത്തിലും മിത്രമാത്രം എന്നും അതിന്റെ അനന്തരം അഥവാ വസ്ത്വന്തരം എന്നും (ശത്രു വിഭജനം. പത്നി, സ്പത്നി എന്നിവയെ ഇപ്രകാരം വക്തവ്യം. അഗോഷ്പദമെന്നാൽ ഗോഷ്പദ ഭാവമല്ല. ഗോഷ്പദമാത്രവുമല്ല. വിപുലമായ ദേശത്തിൽ ഗോഷ്പദവൈരുദ്ധ്യം, ഗോഷ്പദാഭാവം, ഗോഷ്പദവസ്ത്വന്തരം ഇവപോലെ പതിയിൽ മിത്രവൈരുദ്ധ്യം മിത്രാഭാവം, മിത്രവസ്ത്വന്തരമായ ശത്രുത്വം ഇവകൂടി ഇരിക്കുന്നുണ്ട്.

6. പതഞ്ജലി:- ദൃഗ്ദർശന ശക്ത്യോദേകാത്മനേവാസ്മിതാ

വ്യാസ:- പുരുഷന്റെ ദൃക്ശക്തി, ബുദ്ധിദർശനശക്തി ഇവയുടെ ഏകാത്മകത്വം അഥവാ ഏകസ്വരൂപാപത്തി കൊണ്ടാണ് അസ്മിതാക്ലേശം. ഭോക്താവിന്റെ ഭോഗ്യശക്തി അത്യന്തവിഭക്തമാവാം, അത്യനന്താസങ്കീർണ്ണമാവാം. അതനുസരിച്ചാണ് സത്യത്തെ ഭൂജി ക്കുന്നത്, കൈവല്യം ഭവിക്കുന്നതും, ബുദ്ധി തന്നിൽനിന്ന് പരമായ പുരുഷന്റെ ആകാരം, ശീലം വിദ്യ മുതലായവയെ വിഭക്തമാക്കി ദർശിച്ച്, ആ വിഭാഗങ്ങളെ ആത്മബുദ്ധി എന്ന് മോഹിക്കാനിടയുണ്ട്.

വാചസ്പതി:- അവിദ്യയെത്തന്നെ പറയുന്നു. അസ്മിത കാര്യമാണ് അനാദിവരി ഷ്ഠമാണ്. ദൃക്ദർശനശക്തിയുടെ ഏകാത്മ കതയുമാണ്. ദൃക്ക്, ദർശനം, ദൃശ്യം എന്നിവ ഒരേ ശക്തിയുടെ വിഭിന്നഭാവം മാത്രമാണെന്ന് രീതിയിലുള്ള ആത്മാനാത്മവും അനാ ത്മാത്മവും തമ്മിലുള്ള ഏകത്വജ്ഞാന ലക്ഷണത്തോടുകൂടിയ അവിദ്യയാണ് അസ്മി ത. ഭോക്തവും ഭോഗ്യവും തമ്മിലുള്ള യോഗ്യതാലക്ഷണമായ സംബന്ധം ദർശിക്കുന്നു എന്നതാണിവിടെ ബുദ്ധിയുടെ ശക്തിഗ്രഹണം. സൂത്രം വിവൃണമാക്കുന്നതിനായി പുരു ഷന്റെ ശക്തി പറയുന്നു. ഭോക്താവും ഭോഗ്യവും തമ്മിലുള്ള അഭേദപ്രതീതിയുള്ളതാണ് പുരുഷൻ. ഭോക്തൃശക്തി പുരുഷൻ. ഭോഗ്യശക്തി ബുദ്ധി. ഇവയെ രണ്ടിനേയും അത്യ ന്തവിഭക്തമായി പറയുന്നു. ഇത് അത്യന്ത സങ്കീർണ്ണതയാലാണ്. പുരുഷൻ അപരിണാ മിത്വാദി ധർമ്മകമാണ്. ബുദ്ധപരിണാമിത്വാദിധർമ്മവും ഇതാണ് സങ്കീർണ്ണത. എന്നൽ പരമാർത്ഥത്തില് അവതമ്മില് ഭേദമില്ല. ബുദ്ധിയെ പുരുഷനെന്ന് തെറ്റിദ്ധരിച്ച് അവിഭാഗം ചെയ്താൽ ക്ലേശത്വമുണ്ടാവും അന്വയം ദർശിച്ചാല് വ്യതിരേകമാവും. പ്രതി ലംഭമാണ് വിവേകഖ്യാതി. പഞ്ചശിഖനാൽ പറയപ്പെട്ടു എന്ന് പരപക്ഷം ഉദ്ധരിച്ച് സമർത്ഥിക്കുന്നു.

ആകാരം അഥവാ സ്വരൂപം വിശുദ്ധി, ശീലം ഔദാസീന്യം വിദ്യ ചൈതന്യം ബുദ്ധി അവിശുദ്ധവും അനുദാസീനവും ജഡവുമായി ഇരിക്കുമ്പോൾ അവിദ്യ, മോഹപൂർവ്വമായി അവിദ്യാജനിത സംസ്കാരമായ തമസ്സിൽ നിന്ന് താമസത്വം ഉണ്ടാവുന്നു. സാത്വികമായ വിദ്യ ജനിക്കയില്ല.

7. പതജ്ഞലി:- സുഖാനുശായീ രാഗഃ

വ്യാസ:- സുഖമെന്ന അഭിജ്ഞ അഥവാ സുഖത്തിന്റെ അനുസ്മൃതിപൂർവ്വം, സുഖ ത്തിനുള്ള സാധനയെ, സുഖതൃഷ്ണയോടെ, അതിൽ ലോഭത്തോടെ അനുഷ്ടിക്കുന്ന തിനെ രാഗം എന്ന് പറയുന്നു.

വാചസ്പതി:- വിവേകദർശനത്താല് രാഗാദികളിൽ നിന്ന് നിവൃത്തി വന്ന് അവിദ്യ കളില് അസ്മിതയെ പ്രതിപാദിച്ച ശേഷം, രോഗാദികൾക്ക് നിദാനമായ അസ്മിതയക്കു ശേഷം വീണ്ടും രാഗലക്ഷണം പറഞ്ഞതെന്തിന്. രാഗം സുഖാനുശായിയായതു കൊണ്ടു തന്നെ. ഇവിടെ സുഖസമൃതിയെത്തുടർന്ന് എന്നല്ല, സുഖത്തെ തുടർന്ന് എന്നുതന്നെ പറഞ്ഞത്യുക്തമാണ്. അഭിജ്ഞരിൽ സുഖസമൃതിയല്ല, സുഖം തന്നെയാണ്. ആ സുഖ ത്തോട് രാഗം, ഈ സുഖം, പണ്ടും ഉണ്ടായിട്ടുണ്ട് എന്ന അനുസ്മൃതി പൂർവ്വകമായ രാഗം താൻ അപ്പോഴും എപ്പോഴും അനുഭവിക്കുന്ന സുഖത്തില് രാഗമുണ്ടാവാൻ പണ്ടു ണ്ടായ അനുസ്മൃതിയുടെ അപേക്ഷയില്ല. എന്നാൽ തനിക്ക് ഈ സുഖം ഉണ്ടാക്കിയ

സാധനയെക്കുറിച്ച് സ്മരിച്ച ദർശിച്ച് സുഖാനുഭൂതികാരണമായ ആ സാധനയോട് സ്മൃതി പൂർവ്വമായ രാഗമുണ്ടാവാം. ഇത് സാധനയെ സുഖതൃഷ്ണ അഥവാ ലോഭമുള്ള, കാമ ത്തോടുകൂടിയ, ഒരനുഷ്ഠാനമാക്കിത്തീർക്കുന്നു. അതിനെ രാഗം എന്ന് പറയുന്നു.

8. പതഞ്ജലി:- ദുഃഖാനുശയീ ദ്വേഷ:

വ്യാസ:- ദുഃഖത്തെ അറിഞ്ഞവൻ ആ ദുഃഖത്തിന്റെ അനുസ്മൃതിയോടെ ദുഃഖകാര ണമായ സാധനകളെ മനസ്സുകൊണ്ട് ക്രോധിക്കുന്നു. ദ്വേഷിക്കുന്നു.

വാചസ്പതി:- മുൻപറഞ്ഞപോലെ ഇതിനേയും വ്യാഖ്യാനിക്കണം.

9. പതഞ്ജലിഃ- സ്വരസവാഹീ വിദുഷോ അപി തഥാ ആരൂഢോ അഭിനിവേശ:

വ്യാസ:- സർവ്വപ്രാണികളും ആത്മാശികളാണ്. ഞാൻ നിത്യമായി ഭവിക്കണമെന്ന് ആശിക്കുന്നവരാണ്. മരണാനുഭവമില്ലാതെ നിത്യമായിരിക്കാനുള്ള ആശയെയാണ് ആത്മാശി എന്ന് പറയുന്നത്. എന്നും ഭൂമിയിലിരിക്കണമെന്നാണ് പ്രാണി ആശിക്കുന്നത്. പൂർവ്വജന്മാനുഭവം കൊണ്ട് ഇത് സാദ്ധ്യവുമാണ്. സ്വരസവാഹിയായ ക്ലേശകരമായ സംസാ രത്തോട് സർവ്വപ്രാണിക്കും അഭിനിവേശമാണ്. ജനിച്ച ഉടനെയുള്ള കുട്ടിയും കുമാരനും കൂടി പ്രത്യക്ഷാനുഭവാനുമാനാഗമജ്ഞാനം ഇല്ലാതെയും മരണത്രാസംഭയപ്പെടുന്നത് നാം കാണുന്നു. പൂർവ്വജന്മത്തിലെ മരണവേദനാനുഭവത്തിന്റെ ഓർമ്മ ഇപ്പോഴും ഉള്ളതുകൊ ണ്ടാണിത്. ഇത് മൂഢരിൽ മാത്രമല്ല, വിദൂഷന്മാരിലും എത്രയൊക്കെ ജ്ഞാനമുണ്ടായിട്ടും രൂഢമൂലമായിക്കാണുന്നു. എങ്ങനെ. കുശലനും അകുശലനും മരണദുഃഖാനുഭവം വാസ നയാണ്. അത് ഇരുവർക്കും സമാനമാണ്.

വാചസ്പതി:- അഭിനിവേശം സർവ്വപ്രാണികളിലുമുണ്ട്. ആത്മാശിയായി ഭൂമിയില് നിരന്തരം ജീവിക്കണമെന്ന പ്രാർത്ഥനയോടെ അവ ജീവിക്കുന്നു. മരണ ധർമ്മം അനുഭ വിക്കരുത് എന്നാണവരുടെ ആശ. എന്നാൽ ജന്തുവിന് മരണധർമ്മം ഉണ്ട്. മുമ്പത്തെ ജന്മത്തിൽ അനുഭവിച്ചറിഞ്ഞ ഓർമ്മയുണ്ട്. മരണഭയമുണ്ട്. ജന്മാന്തരം പ്രത്യാചക്ഷണ മല്ല. അതിനാൽ ഇല്ല എന്നു നിരാകരിക്കുന്ന നാസ്തികർക്കുപോലും പ്രത്യയനുമാനാഗ മജ്ഞാനം ഇല്ലാതെയും മരണത്രാസം അനുഭവപ്പെടുന്നു. ദേഹേന്ദ്രിയമനോബുദ്ധികളുടെ അനേകവേദനകളോടു സംബന്ധമായ ജീവിതത്തോടൊട്ടിനിൽക്കാനുള്ള അഭിനിവേശം അതിനേക്കാളും വേദന മരണസമയത്തുണ്ട് എന്ന പൂർവ്വജന്മസ്മൃതികൊണ്ടാണ്. ലോക ത്തിലെ ക്ലേശകരജീവിതത്തെ സ്വരസവാഹി എന്ന് ജന്തു അതിനാൽ കരുതുന്നു. സ്വഭാ വേന വാസനാരൂപേണ വാഹിനീശീലമുള്ളത് പിന്നീട് പുറപ്പെട്ട സ്ഥലത്തേക്ക് തിരിച്ചെ ത്തില്ല. (പുനരാഗന്തുകം) ജനിച്ച ഉടനെതന്നെ കുട്ടി ദുഃഖബഹുലവും നികൃഷ്ടവുമായ ജീവിതത്തെ ചൈതന്യമെന്ന് കരുതുന്നു. പ്രത്യക്ഷമായി ഇത് അനാഗന്തുകഹേതു എന്ന് തോന്നാം. എന്നാൽ പ്രത്യക്ഷം, അനുമാനം, ആഗമം എന്നിവയാൽ ഓരോ പുതുജനന ത്തിലും അസംഭാവിതവും അസമ്പാദിതവുമായ മരണത്രാസിന്റെ ഓർമ്മ അഥവാ ദൃഷ്ടി പൂർവ്വജന്മാനുഭൂതമായ മരണദുഃഖാനുപാതജ്ഞാനം ഇവ കൊണ്ടാണിതെന്ന് കാണാം. ജനിച്ച ഉടനെയുള്ള കുട്ടി ഒരു മാരകവസ്തുവെ കണ്ടാൽ ഭയപ്പെട്ട് വിറക്കുന്നു, കരയു ന്നു. ഈ വസ്തു മരണകാരണമാണ് എന്ന അറിവ് ആ ബാലകന് എവിടെനിന്നുണ്ടായി.

പൂർവ്വജന്മാനുഭൂതിയിൽ നിന്നല്ലാതെ ആർക്കാണ് അതുണ്ടാവുക. ദുഃഖം അനുഭവിച്ചതു കൊണ്ടാണ് ദുഃഖഹേതു കാണുമ്പോൾ ഭയം. മരണദുഃഖം പൂർവ്വജന്മത്തിലല്ലാതെ ഒരു ചെറിയ കുട്ടി എപ്പോഴാണ് അനുഭവിച്ചിട്ടുണ്ടാവുക. കേട്ടിട്ടോ കണ്ടിട്ടോ ഇല്ലാത്ത മുമ്പ റിയാത്ത ഒന്നിനെ എന്തുകൊണ്ട് ആ കുട്ടി ഭയക്കുന്നു. അത് ഭൂതകാലസ്മൃതിയാണ്. പൂർവ്വജന്മസ്മൃതിയാണ്. പൂർവ്വജന്മസംബന്ധമാണ്. സംസ്കാരജന്യമല്ല. തഥാപദം യഥാ പദം ആകാംക്ഷത എന്ന അർത്ഥത്തില് യഥാപദേ വാക്യാർത്ഥം ഭവിക്കുന്നു. അതുപോലെ ദർശിക്കുന്നു എന്ന് ധരിക്കണം. അത്യന്തമുഢനിൽ ചൈതന്യം മന്ദതമമാണ്. വളരെ വിദ്വാ ന്മാരായ വ്യക്തികളിൽ വിദ്വത്തം ചെറുപ്പത്തിൽത്തന്നെ പൂർവ്വാപരവിജ്ഞാനം വരുന്ന തിനു മുമ്പുതന്നെ, സംഭവിച്ചുകാണാറുണ്ട്. കോടി മരണങ്ങള് സംഭവിച്ച്, കോടി പൂർവ്വ ജന്മങ്ങള് കഴിഞ്ഞുവന്ന സംസാരത്തിലാണ് ഇങ്ങനെ ജന്മനാ കൈവല്യമുള്ളവരായ ജന്മം കാണപ്പെടുന്നത്. അവൻ ആഗമാനുമാനങ്ങളുടെ സഹായമില്ലാതെപ്പോലും വിജ്ഞാതാ വായി കാണപ്പെടുന്നു. ആ വിദുഷാത്മാവില്പ്പോലും മരണത്രാസം രൂഢമാണെന്നത് പ്രസിദ്ധമാണ്. വിദ്യയാൽ ഉന്മൂലനം ചെയ്യപ്പെടേണ്ടതായ മരണത്രാസം പിന്നെയും വിദ്വാ നിൽ സംഭവിക്കുന്നതിനർത്ഥം അത് പൂർണ്ണമായി ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല എന്നതുത ന്നെ. എന്തുകൊണ്ട്. അതിന്നുത്തരമായി, സമാനമാകയാൽ എന്ന് പറഞ്ഞിരിക്കുന്നു. വിദ്വാനും സമ്പ്രജ്ഞാതസമാധിയിലെത്തിയ യോഗിയും സമന്മാരല്ല. സമാനമല്ല. പക്ഷേ, അകുശലനും കുശലനും (വിദ്വാനും മൂഢനും) മരണത്രാസത്തിന്റെ കാര്യത്തിൽ വാസ നകൾ രൂഢമായതുകൊണ്ട്, സമാനരാണ്.

സുവർണ്ണ:- ആർക്കിടൈപ്പല് മെമ്മറി എന്ന് പുതിയ മനശ്ശാസ്ത്രത്തില് പറയുന്ന തിനെ ഇവിടെ പൂർവ്വജന്മസ്മൃതിവാസനകളെന്ന് പറഞ്ഞിരിക്കുന്നു. പുലിയെ ഒരിക്കലും കാണാത്ത പശുവും പുലിയുടെ ഗന്ധം കേട്ടാൽ വിറളി പിടിച്ച് ഓടും. അതുപോലെ യാണ് നവജാതശിശുവിന് മരണത്രാസം.

10. പതഞ്ജലിഃ- തേ പ്രതിപ്രസവ ഹേയാഃ സൂക്ഷ്മാ:

വ്യാസ:- പഞ്ചക്ലേശങ്ങൾ ദഗ്ധബീജകൽപ്പമായി യോഗിയുടെ ചരിത്രാധികാരമുള്ള ചേതസ്സില് പ്രലീനമായി അതോടൊപ്പം തന്നെ അസ്തമിക്കുന്നു.വാചസ്പതിഃ- ക്ലേശല ക്ഷണം ഇപ്രകാരമാണ്. ദുഃഖങ്ങൾ (ഹേയം) പ്രസുപ്തതനുവില് വിഛിന്നോദാരരൂപത യില് നാലവസ്ഥകളിൽ ദർശിതമാകുന്നു. പിന്നെയെങ്ങനെ പഞ്ചമിയായ ക്ലേശാവസ്ഥ ദഗ്ധബീജഭാവമായി സൂക്ഷ്മമായി സൂത്രകാരനാൽ പറയപ്പെട്ടു. പുരുഷപ്രയത്നത്തിന് കാണാൻ സാധിക്കുന്നതേ ഉപദേശിച്ചിട്ടുള്ളൂ. പുരുഷപ്രയത്നഗോചരമല്ലാത്ത സൂക്ഷ്മാ വസ്ഥാഹാനം നേരത്തേ ഉപദേശിക്കപ്പെട്ടിട്ടില്ല. പ്രതിപ്രസവകാര്യത്തിന് ചിത്തത്തിന്റെ അസ്മിതാലക്ഷണകാരണഭാവം കാരണമാകയാൽ അത് പിന്നീട് പറയപ്പെടുന്നു.

11. പതഞ്ജലിഃ- ധ്യാനഹേയാസ്തദ് വൃത്തയഃ

വ്യാസ:- ആവർത്തിച്ചാവർത്തിച്ചു ക്ലേശങ്ങള് സ്ഥൂലങ്ങളായി ക്രിയായോഗത്താൽ ശരീ രമുണ്ടാക്കുന്നു. സത്യമായ പ്രസംഖ്യാനത്താൽ, ധ്യാനത്താൽ അവയെ നശിപ്പിക്കാനും സൂക്ഷ്മീകൃതമായി ദഗ്ധബീജകല്പമാക്കാനും സാധിക്കും. എപ്രകാരം ഒരു വസ്ത്രത്തിലെ സ്ഥൂലമലങ്ങൾ ആദ്യം കഴുകിക്കളഞ്ഞ്, പിന്നീട് പല യത്നങ്ങളാലും ഉപായങ്ങളാലും അതിലെ സൂക്ഷ്മമലങ്ങളും നീക്കുന്നുവോ അതുപോലെ സ്വല്പപ്രതിപക്ഷത്താല് സ്ഥൂല വൃത്തികളേയും മഹാപ്രതിപക്ഷത്താൽ സൂക്ഷ്മക്ലേശവൃത്തികളേയും നീക്കണം.

വാചസ്പതി:- ക്ലേശങ്ങളാലാണ് ക്രിയായോഗശരീരം നിർമ്മിച്ചിരിക്കുന്നത്. പുരുഷപ്രയത്നം, അദ്ധ്വാനം എന്നിവയാണ് ക്രിയകൾ. അവയിൽ ക്ലേശങ്ങള് ബീജഭാവത്തില് ഇരിക്കുന്നുണ്ട്. ആ ബന്ധങ്ങളെ വ്യവച്ഛേദിക്കണം. സൂത്രത്തിൽ ക്ലേശാദികൾ അതിന്റെ വൃത്തികളാണെന്ന് പറയുന്നു. ഹേയം മാത്രമല്ല, ധ്യാനവും ശരീരത്തിന്റെ വൃത്തിയാണ്. ക്രിയായോഗനുകൃതമായി പ്രതിപ്രസവഹേതുഭാവത്തില്, കാര്യമായി രൂപമായി ഇരിക്കുന്നത് സ്ഥൂലമെന്നറിയുന്നു. പുരുഷപ്രയത്നത്താലോ പ്രസംഖ്യാനത്താലോ ഗോചരമാവാത്തവ അനന്തം ഉണ്ട്. അവ സൂക്ഷ്മമാണ്. അവയെ വിവൃതമാക്കി ദഗ്ധമാക്കണം. അതിനുള്ള ദൃഷ്ടാന്തമായി വസ്ത്രത്തെ യത്നംകൊണ്ടു വൃത്തിയാക്കുന്നത് പറയുന്നു. ക്ഷാളനം സ്ഥൂലമലത്തെ നീക്കുന്നു. ക്ഷാരസംയോഗാദി ഉപായം സൂക്ഷ്മമലം നീക്കുന്നു. യോഗാദിഉപായങ്ങൾ സൂക്ഷ്മമലം നീക്കുന്നതിനാണ്. സ്ഥൂലസൂക്ഷ്മതാമാത്രത കൊണ്ട് ദൃഷ്ടാന്തവും ദ്രാഷ്ടാന്തികവുമായി സാമ്യമില്ല. പ്രയത്നത്തിലാണ് സാമ്യം. പ്രതിപ്രസവം ഹേയത്തിനും വസ്ത്രത്തിലെ ചളിക്കും വീണ്ടും സംഭവിക്കാമോ. സ്വല്പ പ്രതിപക്ഷംകൊണ്ട് നീക്കിയവ വീണ്ടും അടിഞ്ഞുകൂടും. മഹാപ്രതിപക്ഷത്താൽ നീക്കിയവ വീണ്ടും വരില്ല. ശുദ്ധമായി. പിന്നെ ക്ലേശം വരില്ല. അവിടെ പ്രസംഖ്യാനം സ്വല്പത്വവും ധ്യാനസമാധി മഹത്വവുമാണ് എന്നറിയണം.

12. പതഞ്ജലിഃ- ക്ലേശമൂലകർമ്മാശയോ ദ്രഷ്ടാ ദ്രഷ്ടജന്മവേദനീയ:

വ്യാസ:- പുണ്യാപുണ്യകർമ്മാശയങ്ങളിൽ നിന്ന് ലോഭമോഹക്രോധാദികള് പ്രഭവിക്കുന്നു. ഇവയാണ് ദൃഷ്ടജന്മത്തിൽ വേദനീയമായും അദൃഷ്ടജന്മത്തിൽ വേദനീയമായും ഭവിക്കുന്നത്. തീവ്രസംവേഗത്താൽ മന്ത്രം. തപസ്സ്, സമാധിയിൽ എത്താനും ഇവയിൽ നിന്ന് നിവർത്തിക്കാനും ഈശ്വരന്, ദേവത, മഹാനുഭാവന്മാർ എന്നിവരെ ആരാധിക്കുന്നത് പതിവാണ്. അതുകൊണ്ട് പുണ്യകർമ്മാശയം പരിപക്വമായും വരും. എപ്രകാരം തീവ്രക്ലേശത്താൽ ഭയം, വ്യാധി, എന്നിവ അനുഭവിക്കുന്ന കൃപണന്മാർക്ക് മഹാനുഭാവരിലും തപസ്വികളിലുമുള്ള വിശ്വാസത്താല് പുണ്യകർമ്മാശയം പാകപ്പെടുന്നുവോ അതുപോലെ അവരില് ഉപദ്രവം ചെയ്യുന്നതുകൊണ്ട് പാപകർമ്മാശയവും പരിപക്വമായിത്തീരുന്നു. നന്ദീശ്വരനും കുമാരനും മനുഷ്യപരിണാമത്തിൽ നിന്ന് ദേവത്വത്തിലേക്ക് പരിണമിച്ചു. നഹൂഷൻ ദേവന്മാരുടെ ഇന്ദ്രനായിട്ടും, തിര്യക്കായി പരിണമിച്ചു. നരകത്തിൽ ദ്രഷ്ടജന്മവേദനീയമായ കർമ്മാശയമില്ല. ക്ഷീണക്ലേശരായവർക്ക് അദൃഷ്ടജന്മവേദനീയമായ കർമ്മാശയവുമില്ല.

വാചസ്പതി:- ക്ലേശങ്ങളാണ് ജാത്യായുർഭോഗഹേതുവായി പുരുഷനെ ക്ലേശിപ്പിക്കുന്നത്. (ക്ലീശ്നന്ത) കർമ്മാശയങ്ങൾ തന്നെ ക്ലേശങ്ങൾ. അഥവാ അവിദ്യാദികൾ. ക്ലേശമൂലമായ കർമ്മാശയംദൃഷ്ടാദൃഷ്ടജന്മവേദനീയമാണ്. മൂലം നശിപ്പിച്ചാലേ അതിൽനിന്നുല്പാദിപ്പിക്കുന്ന കാര്യകാരണസഹിതമായ ക്ലേശം നശിക്കുകയുള്ളൂ. സംസാരികളായ ആളുകൾക്ക് നിത്യവും നിത്യകർമ്മങ്ങള്, ധർമ്മാധർമ്മാദികള്, കാമംകൊണ്ട് കാമ്യകർമ്മ പ്രവൃത്തി, സ്വർഗ്ഗാദി ഹേതുധർമ്മങ്ങള് ഇങ്ങനെ നിരന്തരം ആശയങ്ങള് (കർമ്മാശയം) പ്രവർത്തിക്കുന്നു. ലോഭത്തിൽ പരദ്രവ്യം അപഹരിക്കുന്നു. മോഹത്താൽ അധർമ്മം, ഹിംസ എന്നിവ ബുദ്ധിയിൽ ധർമ്മമെന്ന് തെറ്റിദ്ധരിച്ച് ചെയ്യപ്പെടുന്നു. ചിലപ്പോൾ, ക്രോധജമായി ധർമ്മം ഉണ്ടാവാറുണ്ട്. അഛൻ അപമാനിച്ചപ്പോള് ക്രോധത്താല് ഉയർന്ന പദവിക്കായി കർമ്മാശയം പ്രവർത്തിപ്പിച്ച് പുണ്യത്താല് അന്തരീക്ഷലോകവാസികളേക്കാള്

ഉപരി സ്ഥാനം നേടി, ധ്രുവൻ, ക്രോധത്താൽ ബ്രാഹ്മണവധം മുതലായ അധർമ്മാദികള് അനുഷ്ഠിച്ച് താഴ്ന്നുപോയവരുടെ കഥകള് പ്രസിദ്ധമാണ്.

അവ രണ്ടുവിധം പറഞ്ഞു. ദൃഷ്ടജന്മത്തിൽ, അദൃഷ്ടജന്മത്തിൽ അനുഭവിക്കാവുന്നവ. തീവ്രവേഗത്താൽ ഈ ജന്മത്തിൽതന്നെ അനുഭവിക്കാവുന്നവ ദൃഷ്ടജന്മസംവേദനീയം. നന്ദീശ്വരന്റേതുപോലെ അനേകം ദൃഷ്ടാന്തങ്ങൾ അതിനുപറയപ്പെട്ടു. കർമ്മാശയത്താല് കുംഭീപാകാദികളിലെ നരകപ്രാപ്തി നേടിയവരെ നാരകര് എന്ന് പറയുന്നു. അവർക്ക് ദൃഷ്ടജന്മവേദനീയമായ കർമ്മാശയം സാദ്ധ്യമല്ല. മനുഷ്യശരീരമെടുത്തവർക്ക് അതിന്റെ പരിണാമഭേദങ്ങളില് സംവത്സരസഹസ്രാദി നിരന്തരം ഉപഭോഗിച്ച്, വേദനീയമാകുന്നു. ഇത് അദൃഷ്ടജന്മസംവേദനീയം, ദൃഷ്ടജന്മസംവേദനീയം എന്ന് തീവ്രമന്ദസംവേഗഭേദത്താല്, നിർണ്ണയിക്കപ്പെടുന്നു.

സുവർണ്ണ:- High frequency (തീവ്രസംവേഗം), Low frequency (മന്ദസംവേഗം)- ഇതനുസരിച്ചാണ് നമ്മുടെ പുനർജന്മവും കർമ്മഫലാനുഭവങ്ങളും.

13. പതഞ്ജലിഃ- സതിമൂലേ തദ്വിപാകോ ജാത്യായുർഭോഗ:

വ്യാസ:- സ്വത്തുക്കളില് കർമ്മാശയവിപാകം പക്വമാകാന് ആരംഭിക്കുമ്പോള് ക്ലേശമൂലം ഛിന്നമാകാനും തുടങ്ങുന്നു. ഉമി മുതലായവയാൽ അവനദ്ധമെങ്കിലും ശാലിതണ്ഡൂലങ്ങൾ അദഗ്ധബീജഭാവത്താല് വീണ്ടും പ്രരോഹം ചെയ്യാന് സമർത്ഥമാണ്. മൂടിവെച്ച ആവരണം അവയെ മുളയ്ക്കുന്നതിൽ നിന്ന് തടുക്കുന്നില്ല. അതേ ശാലിനെല്ല് പുഴുങ്ങിയാല് ബീജം ദഹിച്ചു. പിന്നെ മുളയ്ക്കില്ല. ക്ലേശത്താൽ അവനദ്ധമായ കർമ്മാശയവിപാകം വീണ്ടും മുളയ്ക്കും. എന്നാൽ പ്രസംഖ്യാനത്താൽ ക്ലേശബീജമായ കർമ്മാശയം തന്നെ ദഹിച്ചാല് പിന്നെ മുളയ്ക്കില്ല. ഈ വിപാകം 3 വിധം. ജാതി, ആയുസ്സ്, ഭോഗംഎന്നിങ്ങനെ.

ഇനി വിചാരിക്കുന്നു. ഒരു കർമ്മം ഒരു ജന്മത്തിനുമാത്രം കാരണമെന്നില്ല. എന്തുകൊണ്ട്. അനാദികാലമായി പ്രചിതമായ (കൂട്ടിവെച്ച) അസംഖ്യം അവശിഷ്ടകർമ്മങ്ങള് അവയുടെ ഫലക്രമം അനിയമമായി (ക്രമപ്രകാരമല്ലാതെ) തരുന്നത് ലോകത്തിന് ആശ്വാസം അരുളുന്നു. ചിലപ്പോൾ അനിഷ്ടവും വരും. ഒരു കർമ്മം അനേകജന്മകാരണമാവുന്നതെങ്ങനെ. അനേകകർമ്മങ്ങളില് ഓരോന്നോരോന്നായിട്ടാണ് അനേകജന്മങ്ങൾക്ക് കാരണമായി അവശേഷിച്ച് വിപാകകാലാഭാവത്തില് പ്രസക്തമായി (അനിഷ്ടമായിട്ടും) ഭവിക്കുന്നത്. അനേകകർമ്മം അനേകജന്മകാരണമെന്നതെങ്ങനെ. അനേകജന്മം യുഗപദ് ആയി സംഭവിക്കുന്നു. ക്രമേണ എന്നത് വാച്യമാണ്. പൂർവ്വദോഷാനുഷംഗപ്രകാരം ഏതെല്ലാം പുണ്യാപുണ്യകർമ്മാശയപ്രചയങ്ങൾ വിചിത്രങ്ങളായി പ്രധാനൗപസർജ്ജനഭാവത്തില് അവസ്ഥിതമായിരിക്കുന്നുവോ അവ അഭിവ്യക്തമായി ഒന്നായിത്തീർന്ന് മരണതുല്യമായ സമ്മൂർഛിതാവസ്ഥയില് ഏകജന്മത്തിൽത്തന്നെ അനുഭവിപ്പിക്കുന്നു. അതിന്നുശേഷം വരുന്ന ആയുസ്സ് (ലബ്ധായുഷ്കം) പുതിയ ജന്മമായി ഭവിക്കുന്നു. ആയുസ്സിൽ എന്തെല്ലാം കർമ്മങ്ങളുടെ ഭോഗം ബാക്കിയുണ്ടോ അതൊക്കെ അനുഭവിപ്പിച്ച് തീർക്കുന്നു. അവ ഏകീഭവിച്ചതിനെയാണ് കർമ്മാശയമെന്ന് പറയുന്നത്. ദൃഷ്ടജന്മവേദനീയസ്ത്വമായ ഏകവിപാകം ആരംഭീയോഗഹേതുത്വത്താൽ ദിവിപാകാരംഭിയാണ്. (ജന്മം, ആയുസ്സ്, ആരംഭം) നന്ദീശ്വരനഹുഷാദികളിൽ യോഗായുർഹേ

തുത്വവുമാണ് ജന്മാരംഭം. ക്ലേശകർമ്മവിപാകാനുഭവനിവൃത്തിയാല് വാസനാദികൾ അനാദികാലം സമ്മൂർഛിതമെന്നപോലെ ചിത്തത്തെ വിചിത്രീകൃതമാക്കി മത്സ്യജാലം. ഗ്രന്ഥി ഇത്യാദികളായ സർവ്വവും ഉൾപ്പെട്ട അനേകഭവപൂർവ്വീകവാസനകളെ ഒന്നിച്ച് ഒരു ജന്മത്തില് അനുഭവിപ്പിക്കുന്നു. അതിനാൽ കർമ്മാശയം ഏകീഭവിച്ചതാണെന്ന് പറഞ്ഞു. എല്ലാ സംസ്കാരസ്മൃതികൾക്കും കാരണമായ വാസനാജാലങ്ങള് അശ്വിന്യാദികാലം മുതലുള്ളത് (ലീനമായത്) അതിൽ ഒരുമിച്ച് ഒരേ സമയം ഒരേ ജന്മത്തില് അനിഭവിക്കാന് സാധിക്കുന്നു. ഏകമായി ഭവിച്ച കർമ്മാശയം നിയതവും അനിയതവുമായ വിപാകം ചേർന്നതാണ്. ദൃഷ്ടജന്മവേദനീയമായ നിയതവിപാകവും അദൃഷ്ടജന്മവേദനീയമായ അനിയതവിപാകവും അതിലുണ്ട്. എങ്ങനെ. അദൃഷ്ടജന്മവേദനീയമായ അനിയതവിപാകത്തിന് ത്രയീഗതി (3 വിധം ഗതി). അവിപാകങ്ങൾക്ക് വിനാശം, പ്രധാനകർമ്മങ്ങൾക്ക് അവാപഗമനം, നിയതവിപാകപ്രധാനകർമ്മങ്ങൾക്ക് അഭിമുഖമായ ചിരമായ അവസ്ഥാനം എന്നിങ്ങനെ. അവിപാകത്തിന് നാശം വരുന്നത് ശുക്ലകർമ്മമായ പകലുദിക്കുമ്പോള് കൃഷ്ണകർമ്മമായ രാത്രി നശിക്കുന്നതുപോലെയാണ്. അതിനെ പറഞ്ഞിരിക്കുന്നു–, "കർമ്മത്തില് ഈ രണ്ടെണ്ണം അറിയണം പാപകന്മാർക്ക് ഏകരാശി. അത് പുണ്യകൃതത്താൽ അപഹൃതം. അതിന്റെ ഇഛയാൽ സുകൃതകർമ്മങ്ങൾ ഇവിടെ ചെയ്യണമെന്ന് കവികൾ അറിയുന്നു.'

പ്രധാനകർമ്മത്തിന് അവാപഗമനം. അതിനെ പറഞ്ഞിരിക്കുന്നു:- സ്വല്പമായ സങ്കരം പരിഹാരത്തോടെ ഓരോന്നിനും അവമർഷത്തോടെ ചെയ്യുന്ന കുശലന് അപകർഷം സംഭവിക്കുന്നില്ല. എങ്ങനെ. കുശലമെന്നാൽ സ്വർഗ്ഗത്തില് തന്നെ ഉയർന്നസ്ഥലത്തുനിന്ന് ഇത്തിരി അപകർഷം എന്നല്ലാതെ സ്വർഗ്ഗത്തിൽ നിന്ന് പുറംതള്ളപ്പെടുന്ന വീഴ്ച ആവുന്നില്ല.

നിയതവിപാകപ്രധാനകർമ്മത്തെ അഭിമുഖീകരിച്ച ചിരമവസ്ഥാനം പറയുന്നു. നിയതകർമ്മവിപാകത്തിന് സമാനം തന്നെയാണ് അദൃഷ്ടജന്മവേദനീയങ്ങള്. അവയുടെ അഭിവ്യക്തി കാരണം മരണമാണ്., അദൃഷ്ടജന്മവേദനീയമായ അനിയതകർമ്മവിപാകം അവാപമോ അഭിമുഖമോ എന്ന് ചിരമായി ഉപാസിക്കുന്ന (ചിന്തിക്കുന്ന) ഒരാൾക്ക് അതിന്നു സമാനമായ കർമ്മാഭിവ്യഞ്ജകമായ നിമിത്തങ്ങള് വിപാകാഭിമുഖമായി ഉണ്ടാവുന്നു. ആ വിപാകങ്ങൾക്ക് ദേശകാലനിമിത്തങ്ങളാൽ അവധാരണം ചെയ്യാവുന്ന കർമ്മഗതിയേക്കാള് വൈചിത്ര്യവും ദുർവിജ്ഞേയതയുമുണ്ട്. ഉത്സർഗ്ഗം, അപവാദം എന്നിവയിൽ നിന്നുള്ള നിവൃത്തിയാണ് ഏകീഭവിച്ച കർമ്മാശയമായി അനുജ്ഞാതമായിരിക്കുന്നത്. അതുകൊണ്ടാണ് യോഗിക്ക് നിയതവും അനിയതവും ദൃഷ്ടവും അദൃഷ്ടവും ആയ വിപാകങ്ങള് സമാനങ്ങളായി അഭിമുഖീകരിച്ച ചിരസ്ഥിതി (ത്രികാലജ്ഞാനം) ലഭിക്കുന്നത്.

വാചസ്പതി:- കർമ്മൈകത്വം സ്ഥിരമായി ചെയ്താവ് ജന്മൈകത്വത്തില് തന്നെ അനേകം ജന്മങ്ങള് കാണാമെന്നത് പ്രഥമവിചാരണ. രണ്ടാമത്തേത് കർമ്മാനേകത്വം പ്രമുഖമായി ചെയ്താൽ ജന്മൈകത്വത്തില് തന്നെ അനേകം ജന്മങ്ങൾ കാണാമെന്നതും. ഇപ്രകാരം നാലു വികല്പങ്ങൾ സംഭവിക്കുന്നു.

വികൽപ്പം ഒന്ന്:- ഒരു കർമ്മമല്ല ഒരു ജന്മത്തിന് കാരണമാകുന്നത് എന്നത്. എങ്ങനെ. അനാദികാലം ഓരോരോ ജന്മത്തിലായി ശേഖരിച്ച അനേകം കർമ്മങ്ങളിൽ അനുഭവിക്കാതെ അവശേഷിച്ച സാമ്പ്രതികമായ ഫലക്രമനിയമത്തിൽ ആശ്വാസമോ അനി

ഷ്ടമോ ലോകർക്ക് നൽകാം. കർമ്മക്ഷയത്താൽ കർമ്മം വിരളമായി ഉല്പത്തിബാഹുല്യം അന്യോന്യം സംപീഢിതമാകുമ്പോൾ കർമ്മാശയം നിരന്തരം ഉല്പന്നമാവുകയാണ്. ശ്വാസവും ഉഛ്വാസവും പോലെ സ്വന്തം ഇഷ്ടമനുസരിച്ച് അതിന്റെ ഫലക്രമം അവധാരണം ചെയ്യാനോ നിയന്ത്രിക്കാനോ ദർശിക്കാൻപോലുമോ സാധ്യമല്ല. പുണ്യാനുഷ്ഠാനം അതിനാല് എല്ലാവരും ചെയ്യേണ്ടവയാണ്. സ്വയം ക്ലേശവിമുക്തമാവാൻ അതേ വഴിയുള്ളൂ.

വികല്പം രണ്ട്:- നിരാകരിക്കുന്നു. ഏകകർമ്മം അനേകജന്മകാരണമാകുന്നതെങ്ങനെ എന്നാണ് ചോദ്യം. അനേക ജന്മങ്ങളിലെ അഹിതം ഏകേകമായ അനേകകർമ്മങ്ങള് ജന്മലക്ഷണമായി, വിപാകമായി നിമിത്തമായി അവശേഷിക്കുന്ന അവയുടെ വിപാകം അനുഭവിക്കാനുള്ള കാലത്തിന്റെ അഭാവത്തിൽ (ആയുസ്സിൻെ കുറവ്) പിന്നേക്ക് കിട്ടുകയാണ്. കർമ്മവൈഫല്യം അതിന്റെ അനനുഷ്ഠാനവുമാണ്. ഒരു ജന്മത്തിലെ കർമ്മങ്ങള് ഒരേ ഫലക്രമം, നിയമം അനുസരിച്ച് കിട്ടാത്ത സ്ഥിതിക്ക് ബഹുജന്മങ്ങളിലെ കർമ്മങ്ങള് അങ്ങനെ അനുഭവിക്കുമെന്ന് എങ്ങനെ വിചാരിക്കാം. അവസരാഭാവം കൊണ്ട്, വിപാകകാലബാവം കൊണ്ട്, ഇപ്രകാരം സാമ്പ്രതിക ഭാവം വരികയാണ്.

വികല്പം മൂന്ന്:- നിരാകരിക്കുന്നു. അനേകകർമ്മം അനേകജന്മകാരണവും ആവുന്നില്ല. അനേകം ജന്മം യുഗപദ് ആയി യോഗിയിൽ സംഭവിക്കുന്നു എന്ന് ക്രമേണ വാച്യം. കർമ്മസഹസ്രം യുഗപദ് ആയി ജന്മസഹസ്രം ജനിപ്പിക്കുന്നു. എന്ന് കർമ്മസഹസ്രപദത്തിന്റെ അവശിഷ്ടമായ വിപാകകാലം ഫലക്രമനിയവുമാണ്. എന്നാൽ ജന്മങ്ങൾക്ക് യൌഗപദ്യം നാം കാണുന്നില്ല. ഏകം എന്ന പ്രഥമപക്ഷം അതിനാൽ ദൂഷണമാവണം എന്നർത്ഥം. ഇപ്രകാരം മൂന്നു പക്ഷങ്ങളെ നിരാകരിച്ച് അവശേഷിക്കുന്നത് അനേകം കർമ്മം ഏകജന്മമാണെന്ന പക്ഷമാണ്. അതിനെ ഉറപ്പിക്കുന്നു. രണ്ടുജന്മങ്ങൾക്കിടയിലുള്ള അനന്തരം മദ്ധ്യം. രണ്ടും ജന്മങ്ങളെ രണ്ടുപ്രായമെന്ന് കരുതുക.

ജന്മം (പ്രായം, മദ്ധ്യം (മരണാനന്തരജീവിതം). ജന്മം (പ്രായം)

മദ്ധ്യം (മരണാനന്തരജീവിതം) വിചിത്രസുഖദുഃഖഫലോപഹാരങ്ങളാൽ വിചിത്രമാണ്. ഇക്കാലത്ത് അത്യന്തം ഉദ്ഭൂതമായി അതിലെ പ്രധാനം (ആത്മശക്തി) അതിന്ന് പൂർണ്ണ സമർപ്പണം ചെയ്ത് ദാസ്യാവസ്ഥയിലാണ്. എന്നാലും വിളംബം കൂടാതെ അതിനെ ഉപസർജ്ജനം ചെയ്ത് പുതിയ ജന്മമെടുക്കുന്നു. വാസ്തവത്തിൽ പ്രയാണം അഥവാ ജന്മമാണ് സ്വസ്വരൂപത്തിൽ നിന്നുള്ള മരണം (മൃത്യു). അതിനാൽ അഭിവ്യക്തമായി സ്വകാര്യത്തെ ആരംഭിക്കാൻ അഭിമുഖമായി, ഉപനീതമായി, ഏകപ്രഘട്ടകത്താല് രണ്ടിലേക്കും സമ്മൂർഛിതമായി ജന്മാദിലക്ഷണമുള്ള കാര്യകർത്തവ്യാദികളില് ഏകലോല്ഭാവത്തോടെ ഒരു ജന്മത്തില് തന്നെ അനേകം ജനനമരണാനുഭവങ്ങളെ മനുഷ്യജന്തു അനുഭവിക്കുന്നുണ്ട്.

സുവർണ്ണ:- ആധുനികശാസ്ത്രരംഗത്തും നിയർഡത്ത് അനുഭവങ്ങൾ, റിഗ്രഷൻതെറാപ്പി മുതലായ പരീക്ഷണങ്ങള് ഇതു സംബന്ധമായ അനേകം തെളിവുകൾ തന്നുകൊണ്ടിരിക്കയാണ്.

വാചസ്പതി:- അതിനുശേഷം വീണ്ടും അതേജന്മത്തിൽ മനുഷ്യര് ചെയ്ത കർമ്മങ്ങള് വീണ്ടും ചെയ്ത് കാലഭേദമുള്ള നിയതജീവിതത്തിലേക്ക് മടങ്ങിവരുന്നുണ്ട്. ഇതവർക്ക് കർമ്മം ഭുജിക്കാനുള്ള പുതിയൊരായുസ്സിന്റെ ലബ്ധിയാണ്. പുതുജന്മമാണ്. അവ

ശേഷിച്ച സുഖദുഃഖഭോഗങ്ങൾക്കുള്ള അവസരമാണ്. ഇത് അതേ ശരീരത്തിൽത്തന്നെ വീണ്ടും മടങ്ങിവന്ന് നേടുന്നതിനാൽ നമ്മള് കാണുന്നു, അനുഭവിക്കുന്നു.

സുവർണ്ണ:- നിയർഡത്ത് അനുഭവങ്ങളെ പറയുന്നു. മറ്റൊരു ശരീരത്തില് വന്നു ജനിക്കുന്ന പുനർജന്മാനുഭവങ്ങള് നമ്മൾ കാണുന്നോ അനുഭവിക്കുന്നോ ഇല്ല. ചുരുക്കം ചില വ്യക്തികൾ മാത്രം ആ ഓർമ്മയോടെ ജനിച്ച് അത് അനുഭവിക്കുന്നു.

വാചസ്പതി:- നമ്മുടെ കർമ്മാശയം ജാതി (ജന്മം), അയുസ്സ്, ഭോഗം എന്ന ഹേതുത്വത്താൽ ത്രിവിപാകമെന്ന് അറിയപ്പെടുന്നു. ഔത്സർഗ്ഗികം ഉപസംഹരിക്കുന്നു. ഈ മൂന്നും ഏകീഭവിച്ച ഏകഭവമായ കർമ്മാശയം ഉണ്ടാവുന്നു. ഏകോ ഭവഃ ഏകഭവഃ ഇതിൽ പൂർവ്വകാലം (അഷ്ടാദ്ധ്യായി 2. 1. 46) ഇത്യാദിയല്ല സമാസം. ഏകവികമായത് എന്നാണ്. ഏകഭവശബ്ദത്താൽ ഭവം എന്ന സംസാരം ഏകജന്മത്താൽ അവഛിന്നമായി അനുഭവിക്കുന്ന ഭവനം കൂടിയാണ്. ഇപ്രകാരം ഭവനത്തിൽ വന്നുകൂടിയ, അഥവാ ഭവിക്കുന്ന, ഭവികന്റെ ഉത്സർഗ്ഗത്തില് (ഉത്ഭവത്തിൽ) മൂന്നു വിപാകമായി വ്യവഛേദനം ചെയ്യപ്പെട്ട് കാണുന്നു. നന്ദീശ്വരന് എട്ടുവർഷം അവിഛിന്നമായ ആയുസ്സില് മനുഷ്യജന്മത്തില് തീവ്ര സംവേഗാധിമാത്രോപായമായ ജന്മം പുണ്യഭേദമായ ആയൂർവഭോഗഹേതുത്വത്താല് ദ്വിവിപാകമായി. നഹുഷന് പാർഷ്ണിപ്രഹാരവിരോധിയായി (ഇന്ദ്രപദ പ്രാപ്തിഹേതുവായി) അഗസ്ത്യശാപം കൊണ്ട് കർമ്മത്താല് ആയുസ്സ് അപുണ്യഭേദമായ ഭോഗമാത്ര ഹേതുവായി (സർപ്പം - ഭോഗി എന്നർത്ഥവും ഉണ്ട്). തീർന്നു. ഏകഭവീകമായ കർമ്മാശയം എപ്രകാരമോ അപ്രകാരം ക്ലേശവാസന, ഭോഗാനുകൂലം കർമ്മവിപാകാനുഭവവാസന ഇവയെല്ലാം ഉണ്ടാവും. മനുഷ്യയോനി (ഭവനം), തിരുഗ്യോനി മുതലായ ജാതികളിൽ ജനിക്കുമ്പോൾ, ആ ജാതികൾക്കോരോന്നിനും ഉചിതമായ ആയുസ്സും ഭോഗവും ക്ലേശവുമാണ് ഭുജിക്കുന്നത്. സമ്മൂർഛിതാവസ്ഥയില് ഏകലോലീഭാവമാണ്. ധറ്മ്മാധർമ്മമെന്ന് വ്യവഛേദിക്ക്പെട്ട വാസനാ സ്വരൂപമായ സംസ്കാരം അപ്പോൾ അറിയുന്നുണ്ട്. മറ്റൊന്നും അറിയുന്നുമില്ല. ഉത്സർഗ്ഗികവും ഏകഭവത്വം. അതെങ്ങനെ ഭൂമികകളായി ആരചിക്കപ്പെടുന്നു. ഭൂമികളെ സൃഷ്ടിക്കുന്നു. യസ്തു അസ്താവിതി എന്നതിൽ തു ശബ്ദത്താൽ വാസനകളെ വ്യവഛേദിക്കുന്നു. ദൃഷ്ടജന്മവേദനീയമായ നിയതവിപാകത്തിൽ ഏകഭവികത്വനിയമമോ അദൃഷ്ടജ്മലേദനീയമായോ കാണാനില്ല. എന്തുകൊണ്ട് ഭൂതങ്ങളിൽ അനിയതവിപാകം. ഹേതു പറയുന്നു:

1. അവയുടെ ഗതി ഏകമാണ്.
2. അത് പ്രധാനഗതിയാണ്.
3. അത് (ഗതി) നിയതമാണ്.

ഏകഗതിയായ സന്യാസികർമ്മത്തില് (സർവ്വം ത്യജിച്ച ജ്ഞാനത്തിൽ) ശുക്ലം, കൃഷ്ണം (+, -) എന്നു രണ്ടും ഓരോന്നിലും മൂന്നുവീതമുണ്ട്.

ശുക്ലം	+	കൃഷ്ണം	—
ശുക്ലകൃഷ്ണം	+—	കൃഷ്ണശുക്ലം	— +
ശുക്ലശുക്ലം	++	കൃഷ്ണകൃഷ്ണം	— — (ഇത് + തന്നെയാണ്)

തപസ്സ്, സ്വാദ്ധ്യായം എന്നിവയാൽ ശുക്ലകർമ്മാശയം ഉദിക്കുന്നു. കൃഷ്ണത്തെ നശിപ്പിക്കുന്നു. ശബലമായ (വർണ്ണങ്ങളുള്ള) അവസ്ഥ കൃഷ്ണഭോഗയോഗമാണെന്ന് മനനം ചെയ്തറിയണം.

സുവർണ്ണ:- പ്രകാശത്തിൽ ഛായ ഉള്ളപ്പോഴെ വർണ്ണശബളിമ ഉള്ളൂ. ശുദ്ധശുക്ലത്തിൽ വർണ്ണശബളിമ അനുഭവിക്കുന്നില്ല.

വാചസ്പതി:- അതിനാല് ഭഗവാന് ആമ്നായം ഉദ്ധരിച്ച് ഇങ്ങനെ പറഞ്ഞു:- രണ്ടു പ്രാവശ്യം കൃഷ്ണകർമ്മം ആവർത്തിച്ചാൽ അത് ശുക്ലത്തെ നശിപ്പിക്കുവാനല്ല. ശുക്ലമായിത്തന്നെ ഭവിക്കുവാനാണ്.

സുവർണ്ണ:- നിഷേധത്തിന്റെ നിഷേധം എന്ന നിയമംകൊണ്ട് രണ്ടു ഋണം (നെഗറ്റീവ്) ചേർന്ന് ഒരു ധനം (പോസിറ്റീവ്) ആവുന്നു എന്ന നിയമമാണ് പറഞ്ഞിരിക്കുന്നത്. കൃഷ്ണകൃഷ്ണാ എന്ന് രണ്ടുപ്രാവശ്യം ഉച്ചരിക്കുന്നത് പരമസാത്വികമായ പരമശുക്ലം (സാത്വികം) ആണ്.

വാചസ്പതി:- പാപകത്തില് പാപസംബന്ധം പുംസ അഥവാ പുരുഷസംബന്ധമാണ്. അങ്ങനെ പാപകത്വത്തെ അപഹനിച്ച് അവയെ ഏകരാശിയാക്കി പുണ്യകൃതമാക്കുന്നത് കാണാം.

സുവർണ്ണ:- ദാമ്പത്യത്തില് സ്ത്രീപുരുഷന്മാരുടെ ഐക്യം. സമൂഹത്തിന് സമൂഹിസാദ്ധ്യത്വത്താൽ പുണ്യകർമ്മം സാധിക്കുന്നു.

വാചസ്പതി:- മൂന്നാമത്തെ ശുക്ലകർമ്മാശയം പരിപീഢാദിരഹിതമായ സാധനയെ സാധ്യമാക്കുന്ന നാമമാണ്. കൃഷ്ണകൃഷ്ണാ. ദീർഘത്തോടെ കൃഷ്ണശബ്ദം ഉച്ചരിച്ചാലത് (കൃഷ്ണാ) സ്ത്രീരൂപമാണ്. ഹ്രസ്വമായി കൃഷ്ണ എന്നുച്ചരിച്ചാൽ പുരുഷരൂപം. ഭൂമിയിലെ സർവ്വസ്ത്രീപുരുഷന്മാരും ഇതിലുൾപ്പെടും. കാരണം, ഭൂമി കൃഷ്ണാ എന്ന സ്ത്രീരൂപമാണ്. ദാമ്പത്യം (ഗാർഹസ്ഥ്യം) നടത്തുന്നവരാരും ശുക്ലവിരോധികളല്ല. സന്യാസിധർമ്മമെന്ന ഏകഗതിയെ വാസ്തവത്തില് പോഷിപ്പിക്കുന്നത് അവരാണ്. ഭൂമിയിൽ കർമ്മാശയത്തെ പൂർണ്ണമായി വിഛേദിക്കുന്നില്ല. അവർ അവരുടേതായ ഇഛാനുസരണം ഛന്ദസത്വം കൊണ്ട് (കവിത്വം, സംഗീതം, നൃത്തം, കല) ആത്മനേപദം പ്രാപിക്കുന്നവരാണ്. ശേഷം സുഗമം. ശുക്ലകർമ്മോദയത്തിന്റെ മഹിമയാല് മറ്റുള്ളവയുടെ അഭാവം പ്രാപിക്കാനും ജന്മദുഃഖങ്ങള് അകലാനും ഇടവരുന്നു. അത് സ്വാദ്ധ്യായംകൊണ്ടല്ല. സ്വാധ്യായാദിജന്യമായ ദുഃഖങ്ങൾക്കുള്ള കാര്യകാരണത്വം സ്വാധ്യായം വിധാനം ചെയ്തവിധം, അതിന് അനുഷ്ഠാനം ചെയ്ത അൾക്കുള്ള ബലം ഇവയെ അനുസരിച്ചായിരിക്കും. ഇതൊക്കെ സ്വാദ്ധ്യായത്തിൽനിന്ന് ഉല്പത്തി ചെയ്യാനും ഇടയുണ്ട്. അനുത്പ്പന്നമായി കുംഭീപാകാദിനരകങ്ങൾക്കും വിധിയുണ്ട്. അവിധാനത്തിൽ അതിന്റെ അനുത്പത്തിയും ഇരിക്കുന്നു എന്ന് അറിയണം.

ഏകഗതിയായ സന്യാസിധർമ്മത്തെ പറഞ്ഞശേഷം രണ്ടാമത്തെ ഗതിപ്രാധാനഗതി)യുടെ വിഭജനംപറയുന്നു. ജ്യോതിഷ്ഠോമാദി പ്രധാനകർമ്മങ്ങളുടെ അംഗത്തില് പശുഹിംസ എന്നിവ ഉണ്ട്. അത് അപഗമനമുണ്ടാക്കുന്നു. അത് ഹിംസയാണ്. പ്രധാനാംഗത്വത്തിന്റെ വിധാനത്തില് ന ഹിംസ്യാത് സർവ്വഭൂതാനി (ശാന്തിപർവ്വം 278.5) എന്ന് ഹിംസയെ

പൂർണ്ണമായി പ്രതിഷേധിച്ചിട്ടുണ്ട്. അപ്പോൾ പ്രധാനാംഗത്വാനുഷ്ഠാനത്തില് അത് ചെയ്യുന്നത് അനർത്ഥമായിത്തീരും. മറ്റൊരു കർമ്മാരംഭവിപാകത്തിന് സഹായകമായ ആചരണമായിത്തീരും. സ്വകാര്യത്തിൽ കർമ്മങ്ങളെ ഭൂജമാത്രമായി അവസ്ഥാനം ചെയ്യുക എന്നതിനാണ് പ്രധാനകർമ്മം ആചരിക്കുന്നത്. അങ്ങനെയിരിക്കെ, വീണ്ടും ജന്മാനുഭവഹേതുക്കളെ (ഹിംസയെ) അതിൽ എന്തിന് ആചരിക്കണം. പഞ്ചശിഖാചാര്യൻ സ്വല്പഃസമകരോ ജ്യോതിഷ്ഠോമാദിജന്മനാപ്രധാനാപൂർവ്വസ്യ പശുഹിംസാദി ജന്മനാനർത്ഥഹേതുനാ അപൂർവ്വേണ സ പരിഹാര: എന്ന് പറയുന്നു. പശുഹിംസ അനർത്ഥഹേതുകമാണ്. അതിന്റെ സ്വല്പസംകരംകൊണ്ടുള്ള ദോഷം, പരിഹാരം അഥവാ പ്രായഛരിത്തം കൊണ്ട് പരിഹരിക്കേണ്ടിവരും. പ്രായശ്ചിത്തകർമ്മം വീണ്ടും ഒരു പുതിയ കർമ്മബീജം മുളപ്പിക്കും.

അതിനാൽ സുഖസുധ എന്ന മഹാഹ്രദാവഗാഹമുള്ള, പുണ്യസംഭാരമുള്ള കുശലന്മാർ പാപമാത്രോപപാദിതങ്ങളായ ദുഃഖവഹ്നികണികകളെ എല്ലാം കടന്നുചെല്ലുന്നു. കുശലർക്ക് പുണ്യത്തിന് അപകർഷമില്ല,ക്ഷയമില്ല. അതുകൊണ്ടാണവർ കുശലരായിരിക്കുന്നത്. കുശലമെന്നാൽ അനന്തമായ പുണ്യം. പ്രധാന കർമ്മ വിപാകതയില് ആദിദക്ഷിണാന്തം ദീക്ഷണീയരായിത്തന്നെ വ്യവസ്ഥിതരായവർ സംകരം കൊണ്ടുള്ള സ്വല്പാനർത്ഥഫലം കൊണ്ട് സങ്കീർണ്ണപുണ്യ ലബ്ധജന്മത്തിലെ സ്വർഗ്ഗാനുഭൂതിയിൽ നിന്ന് അണുപോലും വ്യതിചലിച്ചുപോകയില്ല എന്നതാണ് അവരുടെ സ്ഥാപിതനിഷ്ഠ. സ്വർഗ്ഗത്തിൽ സർവ്വഥാ ദുഃഖത്താല് അപരാമൃഷ്ടവും അല്പം പോലും അപകർഷമില്ലാത്തതുമായ സുധ (സുഖം) അനുഭവിക്കുന്നവർക്ക് ചെറിയൊരു ദുഃഖം പോലും വലിയ അപഗമനമായിത്തോന്നും. സാധാരണക്കാർക്ക് അത് സ്വർഗ്ഗത്തിൽത്തന്നെ ഒരു ചെറിയ സ്ഥാനമാറ്റമാണ്.എന്നാൽ കുശലനായ ഒരാൾക്ക് അത് ഒരു യോഗഭ്രഷ്ടാണ്. അപഗമനമാണ് എന്ന് അനുഭവപ്പെടുന്നു. താഴെ, മുകളിൽ എന്നിവയുടെ ആപേക്ഷികത ഇങ്ങനെ പറഞ്ഞിരിക്കുന്നു.

മൂന്നാമത്തെ ഗതി (നിയതം)യുടെ വിഭജനം - ബലി അഥവാ ശക്തി എന്നത് സ്വന്തം ഇംഗിതപ്രകാരം പ്രധാന കർമ്മം അനുഷ്ഠിക്കാനുള്ള ഇഛാക്രിയാജ്ഞാനശക്തികളുടെ സ്വാതന്ത്ര്യമാണ്. ബലികൊണ്ട് അനവകാശത്വവും നിയത വിപാകവും ഉണ്ടാവുന്നു. ദുർബലത്വം കൊണ്ട് സാവകാശത്വവും അനിയതവിപാകവും ഉണ്ടാവുന്നു. സ്ഥിരമായ അവസ്ഥാനം ബീജഭാവമാത്രയിലാണ്. അതിലാണ് സ്വാതന്ത്ര്യം പ്രധാനോപകാരിതയാൽ ഇരിക്കുന്നത്. ഏകമായ കർമ്മാശയം അഭിവ്യക്തിപ്പെടുന്നത് എവിടെയോ (പ്രലയത്തിൽ) അവിടെയാണ് ചിരാവസ്ഥാതന്മാത്ര.

സുവർണ്ണ:- നേരത്തേ പറഞ്ഞതും ചേർത്തുവെച്ച് വായിക്കണം. പ്രലയാവസ്ഥയിൽ ബീജഭാവത്തല് തന്മാത്രാപരമാണുരൂപം.

വാചസ്പതി:- അത് അദൃഷ്ടമാണെന്നേയുള്ളൂ. ദൃഷ്ടമായ പ്രപഞ്ചത്തിനോ അതിന്റെ ഗതിക്കോ വിരുദ്ധമല്ല. ജാത്യഭിപ്രായം ഏകവചനമാണ്. ആത്മാവ് ഏകവചനം. അത് ഗതിമുക്തമാണ്. ഇതരം (അന്യം, അനേകം) എന്നതിന്റെ ഗതിയിൽ നിന്ന് മുക്തമാകുമ്പോളേ സ്വഗതിമുക്താവസ്ഥ അവധാരണം ചെയ്യാനും ദർശിക്കാനും ജീവാത്മാവിന് കഴിയൂ. ശേഷം സുഗമം.

14. പതഞ്ജലി:- തേ ഹ്ലാദപരിതാപഫലാഃ പുണ്യപുണ്യഹേതുത്വാത്

വ്യാസ:- ജന്മായുർഭോഗത്തിൽ പുണ്യഹേതുകമായ സുഖഫലങ്ങളും അപുണ്യ ഹേതുകങ്ങളായ ദുഃഖഫലങ്ങളും ഉണ്ട്. വിഷയസുഖകാലത്ത് ദുഃഖവും ദുഃഖ കാലത്ത് വിഷയസുഖവും പ്രതികൂലാത്മകമാണെന്നും ക്ലേശത്തിന്റെ മൂലം കർമ്മമാണെന്നും യോഗികളാല് പറയപ്പെട്ടിട്ടുണ്ട്.

വാചസ്പതി:- വിപാകങ്ങളാണ് കർമ്മത്തിന്റെ മൂലം. വിപാകത്തിന്റെ മൂലം എന്ത്. പുണ്യാപുണ്യഹേതുത്വത്താലുള്ള ഹ്ലാദപരിതാപഫലങ്ങൾ പൂർവ്വഭാവിതയാ അനുഭവി ക്കാനുണ്ട്. ഇവിടെ ഭോഗ്യത ഭോഗകർമ്മതാമാത്രേണയുള്ള ഭോഗഫലത്വമാണെന്ന് മന്ത വ്യം. പുണ്യഹേതുകമായ ജാത്യായുർഭോഗങ്ങളും അതിനു വിപരീതമായി പരിതാപ ഫല ങ്ങളും ലോകത്തിൽ കാണുന്നു. അനുഭവിക്കുന്നു. എന്തുകൊണ്ട് എന്നിട്ടും എല്ലാവരും പുണ്യഹേതുക്കളെ ത്യജിച്ചും സുഖഫലാനുഭവം ഇല്ലാതെയും ഇരിക്കുന്നു. പ്രത്യാത്മക വദനീയാനുകൂലത അനുസരിച്ചല്ലാതെ ആയിരം അനുമാനാഗമങ്ങൾ പഠിച്ചതുകൊ ണ്ടൊന്നും അത് സാദ്ധ്യമല്ല എന്ന വാക്യം അതിന്നുത്തരമാണ്. ആഹ്ലാദവും പരിതാ പവും പരസ്പരം അവിനാഭ്രതമല്ല. ആഹ്ലാദമെന്നത് പരിതാപത്തിന്റെ അഭാവമല്ല. പരി താപം ആഹ്ലാദത്തിന്റ അഭാവവുമല്ല. ആഹ്ലാദം സ്വീകരിച്ചതുകൊണ്ട് പരിതാപത്തെ വർജ്ജിച്ചു എന്നും അർത്ഥമില്ല. അവയുടെഭിന്നഹേതുകത്വത്താലും ഭിന്നരൂപത്വത്താലും.

15. പതഞ്ജലി:- പരിണാമതാപസംസ്കാരദുഃഖൈർഗുണവൃത്തിവിരോധാച്ച ദുഃഖമേവ സർവ്വം വിവേകിനഃ

വ്യാസ:- അതെങ്ങനെ ഉപപദ്യമായി. പരിണാമതയാൽ. ഈ സർവ്വസ്വവും രാഗാനു വിദ്ധമായ ചേതനാചേതനങ്ങളുടെ സാധനാധീനമാകയാല് സുഖാനുഭവമാണ്. കർമ്മാ ശയം രാഗജമാണ്. അതിന്നു വിരോധമായ ദുഃഖസാധനങ്ങളെല്ലാം ദ്വേഷം, മോഹം ഇവ കൊണ്ടുണ്ടായതാണ്. (ഭാഷ്യം 24 നോക്കുക) ഹിംസാകൃതമായ ശരീരകർമ്മാശയങ്ങ ളാൽ ഭൂതങ്ങൾക്ക് ഉപഭോഗത്തിനുള്ള താതൊന്നും തന്നെ സൃഷ്ടിക്കപ്പെടുന്നില്ല. വിഷയ സുഖം അവിദ്യ തന്നെ. എന്നാൽ ഇന്ദ്രിയങ്ങൾക്ക് ഭോഗ്യവും തൃപ്തി നൽകി ഉപശാന്തി വരുത്തുന്നതുമായ സുഖം അതില് രാഗജന്യമാണ്. ഒരിക്കലും ദ്വേഷമോഹജന്യമല്ല. ദ്വേഷവും മോഹവും അനുപശാന്തിയും ദുഃഖവും തരുന്നു.

ഇന്ദ്രിയങ്ങൾക്ക് എത്ര ഭോഗാനുഭവം, ഭോഗാഭ്യാസം ചെയ്താലും അതിൽ വൈതൃഷ്ണ്യം വരുത്തുക സാധ്യമല്ല. എന്തുകൊണ്ട്. ഭോഗാഭ്യാസത്താല് രാഗം വർദ്ധി ക്കുന്നു. അതിൽ ഇന്ദ്രിയങ്ങൾക്ക് കൗശല്യം കൂടിക്കൂടിവരുന്നു. ഭോഗാഭ്യാസം സുഖം തരുന്നു. അതിനാൽ വിഷയസുഖത്തെ തേളിന്റെ വിഷം പോലെ ഭയപ്പെടുന്നവനാണെ ന്നുവരികിൽപ്പോലും സുഖാർത്ഥി ആ വിഷയസുഖത്തില് ചെന്ന് വീണ്ടും മഗ്നനായി മഹത്തായ ദുഃഖം എന്ന സംസ്കാരച്ചെളിയിൽ നിമഗ്നനായിപ്പോകുന്നു. ഇപ്രകാരം പരി ണാമതാപസംസ്കാരത്താൽ സുഖം തന്നെ അതിന്റെ ഗുണവൃത്തിവിരോധമായ ദുഃഖ മായി പരിണമിക്കുന്നു. ഈ പ്രതികൂലാവസ്ഥയെ യോഗികൾ കൃച്ഛ്രാദിയെന്ന് വിളിക്കു ന്നു. എന്തുകൊണ്ടാണ് താപദുഃഖത. സർവ്വത്തിലും ദ്വേഷാനുവിദ്ധമായ ചേതനാചേത നസാധനാധീനമാണ് താപാനുഭവം. അതിനാൽ കർമ്മാശയങ്ങള് ദോഷജങ്ങളായിത്തീ രുന്നു. സുഖസാധനങ്ങളെ പ്രാർത്ഥിച്ചുകൊണ്ടാണ് മനസാ വാചാ കർമ്മണാ

പരിസ്പന്ദിക്കുന്നത്. അനുഗ്രഹത്തിനായി അനുഷ്ഠിക്കുന്നത്. പരാനുഗ്രഹപീഢയിൽ ധർമ്മാധർമ്മചിന്ത മറക്കുന്നു. ലോഭമോഹാധീനമായ ആ കർമ്മാശയത്തില് ഇങ്ങനെ താപവും ദുഃഖവും ഉണ്ടാവുന്നു. ഇത് സംസാരദുഃഖതയാണ്. കർമ്മ വിപാകത്തില് ഇങ്ങനെ അനുഭവിക്കാനുള്ള സുഖദുഃഖങ്ങളാല് വീണ്ടും വീണ്ടും കർമ്മാശയ പ്രചയങ്ങള് ഉണ്ടാവുന്നു. ഇപ്രകാരം അനാദിദുഃഖസ്രോതസ്സിനെ യോഗികൾ മാത്രം പ്രതികൂലാത്മകമായ ഒഴുക്കിനെതിരെ നീന്തി ജയിക്കുന്നു. എങ്ങനെ വിദ്വാൻ അക്ഷിപാത്രകല്പമാണ്. എപ്രകാരം അക്ഷിപാത്രവിന്യസ്തമായ ചിലന്തിവല തൊട്ടാൽ സ്പർശത്താൽ തന്നെ മറ്റെല്ലാ അവയവങ്ങളിലും ദുഃഖം ഉണ്ടാവുന്നുവോ അതുപോലെ ഇപ്രകാരം ദുഃഖങ്ങളെ അക്ഷിപാത്രകല്പം യോഗികളല്ലാതെ മറ്റാരും മനസ്സിലാക്കുന്നില്ല. മറ്റുള്ളവർ സ്വകർമ്മോപഹൃതങ്ങളായ ദുഃഖങ്ങളെ ഓരോന്നോരോന്നായി ത്യജിക്കും. ത്യജിച്ചത് ത്യജിച്ചത് അനാദിവാസനാവൈചിത്ര്യത്താല് ചിത്തവൃത്തിയില് വീണ്ടും അവിദ്യയാൽ ജനിക്കും. ഞാനിതിനെ ഹനിച്ചു എന്ന് അഹങ്കാരം തോന്നുമ്പോളേക്കും അതേ അനുപാതത്തിൽ അവ വീണ്ടും ഉണ്ടായിവന്ന് ബാഹ്യാത്മികങ്ങളായ ഭയനിമിത്തമായി മൂന്നു പൂർവ്വങ്ങളുള്ള താപങ്ങളെ അനുഭവിപ്പിച്ചുകൊണ്ടേ ഇരിക്കും. അനാദിയായ ദുഃഖസ്രോതസ്സ് വ്യഹങ്ങളായി ആത്മാവിനേയും ഭൂതഗ്രാമങ്ങളേയും ചുഴലുന്നത് ദർശിച്ച യോഗി സർവ്വ ദുഃഖക്ഷയകാരകമായ സമ്യഗ് ദർശനം മാത്രം ശരണമെന്ന് അതിനെ പ്രാപിക്കുന്നു. ഗുണവൃത്തിവിരോധമാണ് ദുഃഖമെന്ന് സർവ്വ വിവേകികൾക്കും അറിയാം. പ്രഖ്യാപ്രവൃത്തിയിൽ സ്ഥിതിരൂപമായ ബുദ്ധിഗണങ്ങൾ പരമ്പര (സന്താനപരമ്പര) എന്ന അനുഗ്രഹതന്ത്രി (ചരട്, ബന്ധനം) രൂപമായി ശാന്തം, ഘോരം, മൂഢം എന്നീ പ്രത്യയങ്ങളോടുകൂടിയ ത്രിഗുണാരംഭം ചെയ്യുന്നു. ഗുണവൃത്തം ചലിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ ക്ഷിപ്രപരിണാമിചിത്തമായി പറയുന്നു. രൂപാതിശയം, വൃത്താതിശയം ഇവ പരസ്പര വിരുദ്ധമെങ്കിലും സാമാന്യമായി ഈ രണ്ടതിശയങ്ങളും സഹപ്രവർത്തനം ചെയ്യുന്നു. ഈ ഗുണങ്ങള് ഇതരേതരാശ്രയത്താൽ ഉപാർജ്ജിതമായ സുഖദുഃഖമോഹ പ്രത്യയങ്ങളാൽ സർവ്വത്തിലും സർവ്വരൂപവുമായി ഭവിക്കുന്നു. ഗുണപ്രധാനഭാവകൃതങ്ങളായ ഇവയാണ് വിശേഷങ്ങൾ. സർവ്വ വിവേകികളും അവയെ ദുഃഖം എന്ന് അറിയുന്നു. ഈ മഹത്തായ ദുഃഖസമുദായത്തിന്റെ പ്രഭവബീജമാണ് അവിദ്യ, സമ്യക് ദർശനം ഒന്നുമാത്രമാണ് അവിദ്യയുടെ അഭാവഹേതു.

എപ്രകാരം ചികിത്സാശാസ്ത്രം രോഗം, രോഗഹേതു, ആരോഗ്യം, ഭൈഷജ്യം എന്ന് ചതുർവ്യൂഹമായിരിക്കുന്നുവോ അതുപോലെ ഈ ശാസ്ത്രവും ചതുർവ്യൂഹമാണ്. സംസാരം, സംസാരഹേതു, മോക്ഷം, മോക്ഷോപായം.

സുവർണ്ണ:- വ്യാസന്റെ ഈ താരതമ്യം വളരെ ഉചിതമായിരിക്കുന്നു. രോഗം (disease), രോഗഹേതു (aetiology of disease), ആരോഗ്യം (health), ഭൈഷജ്യം (medical science) ഇവയെ ക്രമത്തിൽ സംസാരം, സംസാരഹേതു, മോക്ഷം, മോക്ഷമാർഗ്ഗം ഇവയോടു താരതമ്യപ്പെടുത്തുന്നു. ഇതനുസരിച്ച് സംസാരമെന്ന രോഗത്തിന്റെ ഹേതു കണ്ടുപിടിച്ച് ആ സംസാര ദുഃഖത്തെ നീക്കുന്ന മോക്ഷോപായം നിർദ്ദേശിക്കുന്നു, യോഗി. ആരോഗ്യമാണ് മോക്ഷം. യോഗമാണ് മോക്ഷോപായ ഭൈഷജ്യം.

വ്യാസ:- ദുഃഖ ബഹുലമായ സംസാരം ഹേയം. പ്രധാനവും പുരുഷനും തമ്മിലുള്ള

അസംയോഗം ഹേയഹേതു. സംയോഗത്തിന്റെ ആത്യന്തികീനിവൃത്തി ഹാനം. ഹാനോപായം സമ്യക് ദർശനം (യോഗദർശനം) അങ്ങനെ നിവർത്തിക്കുമ്പോള് സ്വരൂപം ഗ്രഹിക്കുന്നു. ഹേയം പിന്നീടു ഭവിക്കുകയില്ല. ഹാനത്തിൽ സംസാരത്തിന്റെ ഛേദവാദം പറയപ്പെടുന്നു. ഉപാദാനത്തിൽ ഹേതുവാദവും. രണ്ടിന്റേയും പ്രത്യാഖ്യാനമായ ശാശ്വത വാദമാണ് സമ്യക് ദർശനം.

വാചസ്പതി:- സർവ്വജനങ്ങൾക്കും വിഷയസുഖകാലത്ത് അനുഭവപ്പെടുന്ന ദുഃഖം യോഗിക്കുമാത്രം പ്രതികൂലാത്മകമായി അറിയപ്പെടുന്നതെങ്ങനെ എന്ന് ഉപപാദിക്കുന്നതിനായി സൂത്രം അവതരിപ്പിക്കുന്നു. താപങ്ങളുടെ പരിണാമമായിട്ട് സംസ്കാരങ്ങളും ദുഃഖങ്ങളും ഉണ്ടാവുന്നു. പരിണാമ ദുഃഖതയാൽ വിഷയ സുഖങ്ങള് ദുഃഖങ്ങളാണ്. സർവ്വർക്കും രാഗാനുവേഗമായ സുഖം അന്തരത്തില് സംഭവിക്കുന്നുമില്ല. ആ സുഖങ്ങളാൽ ആരും സംതൃപ്തരാവുന്നുമില്ല. രാഗം പ്രവൃത്തിഹേതുത്വമാണ്. പുണ്യം, അപുണ്യം, അപചയം മുതലായതെല്ലാം പ്രവൃത്തിയിലുണ്ടാവുന്നു. അതിനാലവ രാഗജങ്ങളാണ്. സുഖം ഭുജിക്കുന്നവർ അതില് സക്തരായി വിഛിന്നാവസ്ഥയാല് ദ്വേഷം, ദുഃഖ സാധനങ്ങളില് ദ്വേഷ ചിന്ത എന്നിവയാൽ ദുഃഖം ഉണ്ടാക്കുന്നുമുണ്ട്. ദ്വേഷമോഹകൃതമായ കർമ്മാശയത്തെ ഇല്ലാതാക്കാനോ പരിഹരിക്കാനോ സുഖം ഭുജിക്കുന്നവർക്കും ശക്തിയില്ല. മറിച്ച് ദ്വേഷമോഹങ്ങളാകുന്ന വിപര്യയങ്ങൾ സുഖത്തിനു വിപരീതമായവ, സൃഷ്ടിക്കുന്നുമുണ്ട്. അതിനാൽ രക്തർ ദ്വേഷത്തിൽ നിന്ന് മുക്തി നേടി എന്ന് പറയാവതല്ല. രാഗസമയത്ത് ദ്വേഷമോഹാദികൾ കാണുന്നില്ല എന്നല്ലാതെ അവയെ ജയിച്ചു എന്ന് അർത്ഥമില്ല. വിഛിന്നാവസ്ഥയിലും ക്ലേശങ്ങളുണ്ട്. (2.4) അവയാൽ വാക്ക്, ചിന്ത, പ്രവൃത്തി എന്നിവയിൽ നിന്ന് പുണ്യാപുണ്യങ്ങള് ജനിക്കുന്നത് ദർശിക്കാം. രാഗങ്ങളുടെ സൃഷ്ടി സ്വകർത്തവ്യമെന്ന് മാനസത്തില് സങ്കൽപ്പിച്ച് അഭിലാഷപൂർവ്വം വാചനികത്വം (വാക്കുകൾ) സവിശേഷമായി സൃഷ്ടിക്കുക മാത്രമാണ് . അതിനാൽ സാഭിലാഷശ്ച സങ്കല്പോ വാച്യാർത്ഥനാതിരിച്യതേ എന്ന് പറയുന്നു. കർമ്മാശയമായ ശരീരം സൃഷ്ടിച്ചു കാണുന്നു. ഈ ശരീര സൃഷ്ടിക്ക് ഒരവസാനം കാണുന്നില്ല. അനാദി, അനന്തമായ സംസാര ശൃംഖലയാണത്. ധർമ്മശാസ്ത്രകീരന്മാര് ഗൃഹസ്ഥന്മാര് പഞ്ചസൂനരാണ് (കാമദേവന്മാരാണ്) എന്ന് പറയുന്നു. പഞ്ചസൂനാ ഗൃഹസ്ഥസ്യ (മനു 8.68) കാരണം അവർ കാമത്തെ പോഷിപ്പിച്ച് സംസാകാര ശൃംഖലയെ അനന്തമായി നിലനിർത്തുന്നു.

വിഷയസുഖങ്ങളെക്കുറിച്ച് ഉചിതമായി പ്രത്യാഖ്യാനം ചെയ്തവരും പ്രത്യാത്മവേദനീയരുമായ യോഗികൾ വിഷയസുഖം വിരുദ്ധമായ ദുഃഖാനുഭവം സൃഷ്ടിക്കുന്ന അവിദ്യയാണ് എന്ന് പറയുന്നു. അവിദ്യക്ക് ചതുർവ്വിധമായ വിപര്യാസ ലക്ഷണം അവർ ദർശിക്കുന്നു. ആപാതമാത്രം, ബുദ്ധിയാൽ അതീതമായി, ആപാതം മധുവും വിഷവും സംയുക്തമായ ഉപഭോഗമായി സുഖാനുഭവം. ഇത് എല്ലാവർക്കും അനുഭവപ്പെടുന്നത്. എന്തുകൊണ്ട് അസുഖമായത് ത്യജിക്കണം. ഭഗവാനാൽ ദർശിക്കപ്പെട്ടത്, വിഷയേന്ദ്രിയ സംയോഗത്തിൽ ആദ്യം അമൃതോപമമായും പിന്നീട് പരിണമിച്ച് വിഷമായും തീരുന്ന സുഖമാണ് രാജാക്കന്മാരുടെ സുഖം (ഭാഗവതം 18.38) എന്നാണ്. ഭോഗം വിഷയാഹ്ലാദം അതുകൊണ്ടുള്ള സുഖം എന്നിവകൊണ്ട് ഒരിക്കലും പുരുഷൻ തൃപ്തനാവുന്നില്ല. അതാതു വിഷയത്തിൽ പ്രാർത്ഥനാ പരികിഷ്ടമായ ചേതസ്സിൽ അതിനോടുള്ള തൃഷ്ണ എന്ന മഹാദുഃഖം വളർത്തുകയേ ഉള്ളൂ. ആന്തരികമായ ഉപഭോഗമ കൊണ്ടും തൃഷ്ണ

ശമിക്കുന്നില്ല. രാഗധ്യാനാനുവിദ്ധമായി ദുഃഖപരിണാമഭാവത്തിലുള്ള സുഖം പ്രശമനം വരുത്തുന്നില്ല. തൃഷ്ണ ക്ഷയിക്കുക പ്രവർത്തിക്കാതാവുക എന്നത് അസംഭവ്യമാണ്. ഇതിനാലാണ് അവയെ യോഗികൾ വ്യതിരേകമായി ദർശിക്കുന്നത്. ഇന്ദ്രിയങ്ങളുടെ ലൌല്യത്തെ പരിഹരിക്കാൻ പ്രയോഗങ്ങള് ചെയ്യണം. സത്യം തൃഷ്ണാക്ഷയവും അനവദ്യമായ സുഖവും തരും.

സുവർണ്ണ:- സത്യാന്വേഷികൾ അതിനാല് സത്യകാമരമായി, സത്യസങ്കല്പരായി ഇരിക്കുന്നു.

വാചസ്പതി:- ഭോഗാഭ്യാസം തൃഷ്ണക്ക് ഹേതു. അതിന്നു വിരോധിയായ യോഗാഭ്യാസം തൃഷ്ണാശ്രയഹേതു. കാമം കാമം കൊണ്ട് ശമിക്കുകയില്ല. ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി ഹവിഷാ കൃഷ്ണവർത്മേ ബദ്രയ ഏവാഭിവർദ്ധതേ (മഹാഭാരതം ആദിപർവ്വം. 85.12) പിന്നീടത് രോഹിതമായി (ചുവപ്പ്) മാറുന്നു. ലോകത്തിൽ സർവ്വജന പ്രസിദ്ധമാണ് താപദുഃഖപരിണാമം. അതിനാൽ പ്രപഞ്ചം പരിണാമദുഃഖതക്ക് സമമാണ്. അതുരണ്ടും ഒന്നാണ്. സുഖാനുഭവമാണ് സാംസ്കാരികമായി രൂപാന്തരം പ്രാപിക്കുന്നത്. എന്തില് സുഖസ്മരണമുണ്ടോ അതിലാണ് രാഗം. മനസ്സ്, ശരീരം, വാക്ക് എന്നിവയാൽ അതിനെ സ്മരിച്ചും, അത് ചെയ്തും, പുണ്യാപുണ്യവിപാകാനുഭവം കൊണ്ട് വാസന ഉറയ്ക്കുന്നു. സുഖദുഃഖ സംസ്കാരാതിശയത്താൽ അവയുടെ സ്മരണം രാഗദ്വേഷകർമ്മങ്ങളില് പ്രവർത്തിച്ച് കർമ്മ വിപാകമുണ്ടാക്കുന്നു എന്നാണ് യോജന. ദുഃഖ സ്രോതസ്സ് നിർത്തുന്നത് യോഗിക്കുപോലും പ്രയാസമാണെന്നിരിക്കെ മറ്റുള്ളവരുടെ കാര്യം പറയാനില്ല. മറ്റുള്ളവർ മൂന്നു പർവ്വമുള്ള താപം അനുഭവിച്ചുകൊണ്ടേ ഇരിക്കുന്നു. ത്രിപർവ്വമായ താപം ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം അവയ്ക്ക് ഏകത്വം വിവക്ഷിതം. ചിത്തവൃത്തി അവിദ്യയാണ്. ബുദ്ധീന്ദ്രിയ ശരീരാദികളിൽ ചിത്തവൃത്തി നശിക്കുന്നില്ല. അഹങ്കാരം മമ എന്ന ഭാവം എന്നിവയുടെ അനുപാതമനുസരിച്ച് അത് കൂടും. സമൃഗ്ദർശനം കൊണ്ടല്ലാതെ ഇതിൽ നിന്ന് പരിത്രാണം ഇല്ല. ഉപാധികളോടു കൂടിയ വിഷയസുഖങ്ങളുടെ പരിണാമമായ സംസ്കാര സ്ഥാപനങ്ങളുടെ സംയോഗമാണ് ദുഃഖമെന്ന പേരിൽ സ്വാഭാവികമായി നാം കാണുന്നത്. അത് ഗുണ വൃത്തിവിരോധമാണ്. പ്രഖ്യയാൽ പ്രഖ്യ പ്രവൃത്തി സ്ഥിതി രൂപ ബുദ്ധി രൂപമായി പരിണമിച്ചത് ഗുണം. സത്വരജസ്തമസ്സുകളുടെ പരസ്പരാനുഗ്രഹന്ത്രത്താൽ ശാന്തം, സുന്ദരം, സുഖാത്മകം, ഘോരം, ദുഃഖാത്മകം, മൂഢം, വിഷാദാത്മകം എന്ന പ്രത്യയത്തോടെ സുഖോപഭോഗരൂപം ത്രിഗുണാത്മകമാണ്. ഇപ്രകാരമുള്ള പ്രത്യയ രൂപപരിണാമം സ്ഥിരമായി ത്തീരുന്നു. ഏകപ്രത്യയം എങ്ങനെ പരസ്പര വിരുദ്ധമായി ശാന്തഘോരമൂഢത്വമായി രൂപാതിശ്രയ വൃത്ത്യതിശയത്തിൽ അവ പരസ്പര വിരുദ്ധമാണ്. രൂപങ്ങൾ അഷ്ടവിധം വൃത്തികൾ ഭാവധർമ്മാദികളാണ്. ഇവ സുഖാദ്യകൾ. ധർമ്മത്തിന്റെ വിപര്യയമാകയാല് അധർമ്മം അതിന്ന് വിരുദ്ധമാകണം. ജ്ഞാനവൈരാഗ്യ ഐശ്യര്യാദികൾ ഇപ്രകാരം അവയുടെ വിപരീതങ്ങളിൽ നിന്ന് വിരുദ്ധമാകണം. രൂപമുള്ളവ സാമാന്യമായി അനിത്യമാണ്. അവയാൽ അവയോടു ചേർന്ന വൃത്തിയും അനിത്യമാകേണ്ടതാണ്. ഉപാദാനത്തിന്റെ അഭേദം ഉപാദാനാത്മകത്വം ഉപദേയത്തിൽ നിന്നുള്ള അഭേദമാണ്. ആത്യന്തികമായി അവ തമ്മില് താദാത്മ്യമുണ്ട്. ബുദ്ധിവ്യപദേശമല്ല. ഗുണപ്രധാനകത്വമാണിവിടെ. ഗുണഭാവം അതിശയാത്മകത്വമെന്ന സാമാന്യാത്മകതയാൽ പ്രാധാന്യമേറുന്നതാണ്.

അതിനാൽ പ്രപഞ്ചത്തിന്റെ സ്വഭാവം ദുഃഖമാണെന്ന് വിവേകികള് നിശ്ചയിച്ചു. പ്രജ്ഞയുടെ ഹേയമാണ് ദുഃഖം. അതിന്റെ നിദാനത്തെ അന്തരേണ (അന്തരാത്മാവിൽ) തന്നെ നശിപ്പിക്കണം. (പുറത്തല്ല നശിപ്പിക്കേണ്ടത്) നിദാനം അറിയാഞ്ഞാൽ അത് നശിപ്പിക്കാനാവില്ല. മൂലനിദാനം എന്ത്. ദുഃഖ സമുദായത്തിന്റെ പ്രഭവത്തിന് കാരണമായ ബീജം ഏതോ അതിനെ നശിപ്പിക്കണം. സർവ്വ ശാസ്ത്രങ്ങളും സർവ്വാനുഗ്രഹാർത്ഥം ഇതിനായി പ്രവർത്തിക്കുന്നതിനാലാണ് ശാസ്ത്രങ്ങളില് സാദൃശ്യം കാണുന്നത്. സംക്ഷിപ്താവയവ രചനയിൽ നാലു വ്യൂഹം പറയുന്നു. ദുഃഖം ഹേയം, സംസാരം ഹേയം എന്നർത്ഥം. ദുഃഖ ബഹുലമാണ് സംസാരം. അവിദ്യയാണ് സംസാര ഹേതു. അതിന്റെ അവാന്തര വ്യാപാരം പ്രധാന, പുരുഷന്മാരുടേതാണ്. മോക്ഷസ്വരൂപമാണ് അവരുടെ സംയോഗം. മോക്ഷോപായം അഥവാ ഹാനോപായം സ്വരൂപഛേദമാണ്. അതിനെ പറയുന്നു. നിർവ്വാണത്തെ പ്രദീപത്തോട് ഉപമിക്കുന്നു. വിശുദ്ധ വിജ്ഞാനോൽപ്പാദനത്തോടെ വാസനകളോടൊപ്പം സർവ്വ ക്ലേശവും ഛേദിക്കപ്പെടുന്നു. ഈ ഛേദം ചിദാത്മവായ പ്രേക്ഷകൻ (ദ്രഷ്ടാവ്) സ്വയം ഛേദിക്കയല്ല, സ്വവിജ്ഞാനത്താല് ക്ലേശബന്ധനത്തെ തന്നിൽ നിന്നന്യമായി വിഛേദിച്ച് കാണലാണ്. അതിനോട് മമത തീരലാണ്. ഇക്കാണുന്ന മൂർത്ത പ്രപഞ്ചം മുഴുവനും മന്ദവും തീവ്രവുമായ ചലന സമാഹാരമാണെന്നും ആ വാസനാഗതികളാലുള്ള സുഖദുഃഖമയമായ ചഞ്ചലമായ സംസാരത്തെ വീക്ഷിക്കുന്ന, ആ ചഞ്ചലമായ ദ്രഷ്ടാവ് (സാക്ഷി) താനാണെന്നും താനെങ്ങനെ വീക്ഷിക്കുന്നു അതനുസരിച്ച് തന്റെ സംസാര പ്രപഞ്ചത്തെ തനിക്ക നിയന്ത്രിക്കാമെന്നും ഗ്രഹിക്കലാണ്.

സുവർണ്ണ:- ഒബ്സർവ്വറുടെ ഒബ്സർവ്വേഷൻ കൊണ്ട് ഇലക്ട്രോണിന്റെ ഗതി നിയന്ത്രിക്കാമെന്ന ആധുനിക ശാസ്ത്രം പോലെ

വാചസ്പതി:- സ്വേഛയാൽ യതമാനമായി, ആ ബന്ധം വിടർത്താനുള്ള ശക്തിയെ തന്നിൽത്തന്നെ ദർശിക്കലാണ്. ഇതാണ് സത്യമെന്നറിയുന്ന ജ്ഞാനി കാറ്റുലയ്ക്കാത്ത ദീപം പോലെ, തരംഗവിഹീനമായ സിന്ധുപോലെ പ്രശാന്തമായി, അചഞ്ചലമായി, ആത്മതന്മയത നേടുന്നു. സംസാരികൾ വിവിധവും വിചിത്രവുമായ, ദേവന്മാരനുഭവിക്കുന്നതു പോലുള്ള ആനന്ദഭോഗങ്ങളെ ഭുജിക്കുന്നു. പക്ഷേ, അതൊന്നുമല്ല, മോക്ഷസുഖമെന്ന് ജ്ഞാനി (യോഗി) അറിയുന്നു. പുരുഷാർത്ഥങ്ങളില് നാലാമത്തേതായ മോക്ഷം അവയിൽ നിന്നെല്ലാം ആത്മസ്വരൂപത്തെ വിഛേദിച്ചറിയലാണ്. സ്വരൂപം ഉപാദേയമെങ്കിൽ അതിന്റെ ഉപാദാനകാരണം വേണമെന്നതാണ്ഹേതുവാദം. ഉപാദാനത്തിൽത്തന്നെ കാര്യത്വം അഥവാ അനിത്യത്വമുണ്ട്. എങ്കിൽ അത് മോക്ഷത്വമെന്ന നിർവ്വചനത്തിൽ നിന്ന് ച്യവനം സംഭവിക്കലാണ്. കാരണം മോക്ഷം അമൃതത്വമാണ്. വിശുദ്ധ വിജ്ഞാന സന്താന പരമ്പരകൾ പോലും എപ്പോഴും അമൃതങ്ങളായി കാണുന്നില്ല. സന്താനം (പരമ്പര) എന്നാൽ അത് വംശപരമ്പര (ജനിതകം) ആയാലും വിജ്ഞാന പരമ്പര (ഗുരുശിഷ്യ) തുടങ്ങിവെച്ചതോ തുടരുന്നതോ ആയ വ്യക്തി. സന്താനമെന്നാൽ എപ്പോഴും അത് തുടരുന്ന വ്യക്തിയാണ്. പരമ്പര തുടങ്ങിവെച്ച വ്യക്തിയല്ല. സന്താന പരമ്പരയുടെ ശാശ്വതത്വം മനുഷ്യവംശം തുടങ്ങിയ മുതൽ ഇന്നുവരെ നിൽക്കുന്നതു തന്നെയാണ്. ഇതാണ് ശാശ്വതവാദം. പുരുഷാർത്ഥത്തിന്റെ അപവർഗ്ഗത്തില് ഈ ഉഭയങ്ങളായ രണ്ടു പ്രത്യാഖ്യാനങ്ങളുമുണ്ട്. അതിനാൽ അതൊന്നുമല്ല സ്വരൂപാവസ്ഥാനം എന്നതുമാത്രമാണ് മോക്ഷം. ഇതാണ് സമ്യക്ദർശനമെന്നറയപ്പെടുന്നത്.

സുവർണ്ണ:- ഒരു വ്യക്തിയുടെ വംശപരമ്പരക്ക് ക്ഷണികത്വം പറയാമെങ്കിലും മനുഷ്യ വംശ പരമ്പരക്ക് ശാശ്വതത്വമാണുള്ളത്. അതിനെല്ലാം അതീതമാണ് , ഗുരുശിഷ്യ പരമ്പ രക്കും വംശപരമ്പരക്കും അത്തരം മമതകൾക്കും അതീതമാണ്, മോക്ഷം.

16. പതഞ്ജലി:- ഹേയം ദുഃഖമനാഗതം

വ്യാസ:-അതീത ദുഃഖങ്ങൾ ഉപഭോഗിക്കാൻ ആധിവാഹിതമാകുന്നു. ഇത് ഹേയപ ക്ഷത്തിൽ വർത്തിക്കുന്നില്ല. വർത്തമാനം സ്വക്ഷണത്തിൽ തന്നെ ഭോഗാരൂഢമാണെന്നും ആ ക്ഷണാന്തരത്തിൽ ഹേയത അനുഭവിക്കുന്നില്ല എന്നുമാണ് പക്ഷം അതിനാൽ അനാ ഗതമായ ദുഃഖം അക്ഷിപാതകല്പം ആയി യോഗികളെ ക്ലേശിപ്പിക്കുന്നു. മറ്റുള്ളവർക്ക് അതറിയുന്നതേയില്ല. അവർ അപ്പപ്പോഴത്തെ (വർത്തമാനം) ദുഃഖം മാത്രം കാണുന്നു.

വാചസ്പതി:- ശാസ്ത്രം ചതുർവ്യൂഹമായറിയുന്നു. ഹേയം അനാഗതമായ, വരാ നിരിക്കുന്ന ദുഃഖമാണ്. വർത്തമാനാതീതമാണ്. അതീത ദുഃഖത്തെ വ്യവഛേദിച്ചറിയു ന്നത് യോഗി മാത്രം. സാധാരണക്കാർക്ക് വർത്തമാനകാലത്തെ ഉപഭോഗം മാത്രമേ അറി യൂ. അതിനാൽ അവർക്ക് അതെപ്പോഴും ഇല്ലാത്ത (അനാഗത) ഒന്നു മാത്രമാണ്. ഇപ്പോ ളനുഭവിക്കുന്നതേ സത്യമായി അവർക്ക് അറിയൂ. അർത്ഥം സുഗമം.

17. പതഞ്ജലി:- ദ്രഷ്ടുദൃശ്യയോഃ സംയോഗോ ഹേയഹേതുഃ

വ്യാസ:- ഹേയത്തിന്റെ കാരണം നിർദ്ദേശിക്കുന്നു. ദ്രഷ്ടാവ് ബുദ്ധിയിൽ എല്ലാ ത്തേയും അറിയുന്നതായിരിക്കുന്ന (പ്രതിസംവേദി) പുരുഷൻ. ദൃശ്യം ബുദ്ധിസത്വത്തിൽ ആരൂഢമായിരിക്കുന്ന സർവ്വധർമ്മവും. ദൃശ്യം അയസ്കാന്തമണിപോലെ സന്നിധിമാ ത്രോപകാരിയായ പുരുഷനിൽ ദൃശ്യത്വമായിസ്വം ആയി ഭവിക്കുന്നു. സന്നിധിയിലെത്തിയ തിനെ പ്രകാശിപ്പിച്ച് പ്രതിഫലിപ്പിച്ച് ഗ്രഹിച്ച് സ്വന്തമെന്ന് ബുദ്ധിയിൽ ആരൂഢം ചെയ്യിക്കുന്ന ദ്രഷ്ടാവ് പുരുഷൻ. പുരുഷനാണ് സ്വാമി. അഥവാ യജമാനൻ. അനുഭവ കർമ്മ വിഷയതയാല് ലഭിക്കുന്ന അന്യസ്വരൂപമെന്നു പ്രതിലംബാത്മകമായി പരമാർത്ഥ ത്വമായി അറിയുന്നതിനെ നാം പാരതന്ത്ര്യം എന്നും സ്വരൂപമെന്ന് സ്വാർത്ഥത്വമായറിയു ന്നതിനെ സ്വാതന്ത്ര്യം എന്നും പറയുന്നു. ഈ ദൃക്ദർശന ശക്തിയുടെ അനാദിയായി സൃഷ്ടിക്കപ്പെട്ട് അർത്ഥങ്ങൾ പരസ്പര സംയോഗം വഴി ഹേയത്തിന് ഹേതുവായി ദുഃഖ കാരണമായിത്തീരുന്നു. സംയോഗഹേതുവെ ഉപേക്ഷിച്ചാൽ ആത്യന്തിക ദുഃഖത്തിൽ നിന്ന് മോചനം കിട്ടില്ലേ എന്ന് ചോദ്യം. എങ്ങിനെ ദുഃഖത്തിന്റെ പ്രതികാരം കൊണ്ട് ഭേദഭാവ നയും ദുഃഖവും ഏറിയേറിവരും എങ്ങനെ ത്രിത്വത്തിൽ ഉപലബ്ധി സാമർത്ഥ്യത്താല്. താപകന്ന് രജസ്സിനെ സത്വത്താല് തപിപ്പിക്കണം. എങ്ങനെ. തപസ്സ് എന്നത് ക്രിയയാണ്. കർമ്മസത്വം കൊണ്ട് സത്വ കർമ്മത്തിൽ തപസ്സ് എന്ന ക്രിയ അപരിണാമിനിയായ നിഷ്ക്രി യയാണ്. ക്ഷേത്രജ്ഞരിൽ ദർശിത വിഷയത്വം ഒന്നുതന്നെയാവാം. എന്നാൽ അതുകൊണ്ട് തപിക്കുന്ന പുരുഷന് അവനവന്റെ ഗുണകാരാനുവിരോധിയായി അതനുസരിച്ചാണ് തപി ക്കുന്നത്. ദൃശ്യമല്ല, ദർശകന്റെ ത്രിഗുണ വൈഷമ്യമാണ് പ്രതികരണത്തെ മാറ്റുന്നത്.

സുവർണ്ണ:- തന്ത്രം എന്നാല് മെത്തേഡ്, മാർഗ്ഗം

വാചസ്പതി:- ഹേയമുക്തമാവുന്നതിന്റെ നിദാനം പറയുന്നു. ദ്രാഷ്ട്യവും ദൃശ്യവും തമ്മിലുള്ള സംയോഗമാണ് ഹേയഹേതു. ദ്രഷ്ടാവ് എന്നത് സ്വരൂപം, ചൈതന്യം.

ചൈതന്യം (ചിതി) ഛായാപത്തി എന്നതുപോലെ ബുദ്ധിയും ബുദ്ധിയുടെ പ്രതിസംവേദിത്വവും ഇരിക്കുന്നു.

സുവർണ്ണ:- മായയിലൂടെ (ഛായയിലൂടെ) ചൈതന്യം സ്വരൂപം അറിയുന്നു. തന്റെ ബുദ്ധിയിൽ പ്രതിഫലിച്ചതു വെച്ച് ഓരോരുത്തരും സ്വബുദ്ധിയാൽ സ്വയം അപഗ്രഥിച്ചറിയുന്നു.

വാചസ്പതി:- സാധാരണ രൂതിയിൽ ഈ പ്രതിസംവേദിത്വത്തോട് പുരുഷന് ഉദാസീനനായിരിക്കുന്നു.. അനേക ദൃശ്യങ്ങൾ, അനേക ശബ്ദങ്ങൾ, അത്യന്ത വ്യവഹിതങ്ങളായ ഇവയെ ബുദ്ധിസത്വം ദൃശ്യമായല്ലാതെ തന്റെ ബുദ്ധിയിൽ പ്രതിഫലിക്കുന്ന തന്റെ തന്നെ ഗ്രാഹ്യഗ്രഹണ ശക്തിയായി ഗ്രഹിക്കുന്നില്ല. ഇന്ദ്രിയ പ്രണാലികകളാൽ ശബ്ദാദി രൂപങ്ങളായി ബുദ്ധിയിൽ പരിണമിച്ചവയാണ് ദൃശ്യങ്ങളെന്നതിനാല് ശബ്ദാദികൾ പോലും ധർമ്മത്തിൽ ദൃശ്യം തന്നെയാണ്. ബുദ്ധി സംബന്ധമായിട്ടാണ് പരിണാമിത്വം ഉപശമിക്കാന് പുരുഷന് സാധിക്കുന്നത്.

സുവർണ്ണ:- ഒരു ശക്തി മറ്റൊന്നായി പരിണമിക്കുന്നത് ശബ്ദം രൂപമായിട്ട് പരിണമിക്കുന്നത് (ട്രാൻസ്ഫോർമേഷൻ ഓഫ് എനർജ്ജി) നമ്മൾ നമ്മുടെ ബുദ്ധിയിലാണ് അറിയുന്നത്. അത് പുറത്ത് കാണുന്ന പരിണാമമല്ല. ബുദ്ധിയിൽ ബുദ്ധിയാൽ അറിയുന്ന പരിണാമമാണ്.

വാചസ്പതി:- ബുദ്ധിസത്വത്തില് ആരൂഢമായ ശബ്ദാദികളെ ദൃശ്യത്വമായി പരിണമിപ്പിക്കുന്നത് ബുദ്ധിയുമായുള്ള സംബന്ധമാണ്. ദ്രഷ്ടാവാൽ (ബുദ്ധിയാൽ)

സമ്പുഷ്ടമായ ദൃശ്യമാണ് ദ്രഷ്ടം (കാണപ്പെടുന്നത്). ഈ പ്രപഞ്ചം എന്ന പ്രഥമ പാദമായി ചിതിയാൽ സംയോഗിതമായ ബുദ്ധി സത്വം അന്തഃസ്വഛതയാല് ചിതിബിംബത്തെ ഉദ്ഗ്രാഹണം ചെയ്ത് ക്ഷമാപണ ചൈതന്യമായിത്തന്നെ ശബ്ദാദികളെ അനുഭവിക്കുന്നു. ശബ്ദാദി രൂപപരിണിതമായ ബുദ്ധിസത്വത്താൽ ഉപനീതമായിട്ടാണ് സുഖാദികളെ ഭൂജിക്കുന്നത്. അപ്രകാരം ദ്രഷ്ടാവ് സ്വാമിയായി ഭവിക്കുന്നു. അപ്രകാരം തന്നെ ബുദ്ധിസത്വം സ്വം (എന്റെ) എന്നും ഭവിക്കുന്നു. ഈ ബുദ്ധിസത്വം ശബ്ദാദിരൂപമായി അയസ്കാന്തമണികല്പമായ പുരുഷനിൽ പ്രതിബീംബിച്ച് ദൃശ്യമായി സ്വാമിയുടെ സ്വം ആയി ഭവിക്കുകയാണ്. എങ്ങനെയെന്നാൽ അനുഭവ കർമ്മ വിഷയത കൊണ്ടു തന്നെയാണ് യതം ഉണ്ടാവുന്നത്. അനുഭവം ഭോഗം. അതിനായി ചെയ്യുന്ന കർമ്മ ക്രിയകള് ആ വിഷയത്തെ ഭുജിക്കാൻ സഹായിക്കുന്നു. അനുഭവിക്കുമ്പോൾ അത് സ്വം ആയിത്തീരുന്നു. യതമാനം യജമാനം യജ്ഞത്തിന്റെ സ്വാമി അനുഭവത്തിനും സ്വാമിയാണ്. സ്വയം പ്രകാശകമായ ബുദ്ധിസത്വം എങ്ങനെ അനുഭവ വിഷയമാകുന്നു എന്ന് പറയാം. അന്യസ്വരൂപേണ ചൈതന്യരൂപമായ ബുദ്ധിസത്വം സ്വയം പ്രകാശമാണ്. എന്നിട്ടും സ്വചൈതന്യത്തെ അന്യമായ ഒരു ജഡവസ്തുവിലേ, പ്രതിബിംബാത്മകമായിട്ടേ അനുഭവ വിഷയമാക്കുന്നുള്ളൂ എന്നതെങ്ങനെ. എത്രയെത്ര എന്തിനെന്തിന് അധീനമോ അത്രയത്ര മാത്രമേ അനുഭവിക്കുന്നുള്ളൂ. ബുദ്ധി സത്വത്തോട് പുരുഷൻ ഉദാസീനനായിരിക്കയാല് അതിനെ സ്വയം അറിയുന്നില്ല എന്നതാണതിന്റെ തന്ത്രം. പരാർത്ഥത്താല് പുരുഷാർത്ഥത്താല് പരതന്ത്രമാണ് പുരുഷ തന്ത്രം. ദൃശ്യവും ദർശന ശക്തിയും തമ്മിലുള്ള സംബന്ധത്തിന് സ്വാഭാവിക സംബന്ധമായാലും ഒട്ടും വ്യയം (കുറവ്) വരുന്നില്ല. സ്വാഭാവികത്വത്തിൽ സംബന്ധികളുടെ നിത്യത്വത്താൽ സംബന്ധഛേദം സാധ്യമല്ല. അപ്രകാ

രമാണ് സംസാര നിത്യത്വം. നൈമിത്തിക സംബന്ധത്തിൽ ക്ലേശകർമ്മ വാസനകളുടെ അന്തഃകരണവൃത്തികളുടെ ഭാവത്തേയും അതിന്റെ നിമിത്തത്തേയും അവയുടെ പരസ്പ രാശ്രയ സംഗാദികളിൽ നിന്നും വേർപ്പെടുത്തി സർഗ്ഗം അസംഭവം അഥവാ അനുൽപ്പാദനം ആക്കാം. അതുപോലെ ഒരാൾക്ക് സംസർഗ്ഗം ഇല്ലാതെ സംസാരത്തിൽ നിന്ന് വിരമിക്കാം. അതിനാൽ

പുമാനകർത്തായേഷാം തു തേഷാമപി ഗുണൈഃക്രിയാ

കഥമാദൗ ഭവത്തേത്ര കർമ്മതാവന്നവിദ്യതേ

മിഥ്യാജ്ഞാനം ന തത്രാസ്തി രാഗദ്വേഷാദയോ അപി വാ

മനോവൃത്തിർ ഹി സർവ്വേഷാം ന ചോത്പന്നം മനസ്തദാ

എന്ന് പറഞ്ഞിരിക്കുന്നു. ദൃക്ദർശനങ്ങളുടെ അനാദിയായ സംയോഗമാണ് ഹേയ ഹേതു. സത്യമാണ്. നൈമിത്തികസംബന്ധം സ്വാഭാവിക സംബന്ധമല്ല. ആദ്യവും അനാദിനിമിത്ത പ്രഭവയുമായ സ്വാഭാവിക സംബന്ധം നൈമിത്തിക സംബന്ധത്തിലില്ല. ക്ലേശ കർമ്മവാസനാസന്താനങ്ങളുടെ അനുഭവത്തിനായി പ്രതിസർഗ്ഗാവസ്ഥയില് സഹാന്തഃ കരണത്താൽ പ്രധാന സാമ്യത്തെ ഉപഗമിച്ച് സർഗ്ഗാദിയിലുണ്ടായിരുന്ന പോലെ വീണ്ടും ഉണ്ടാവുന്നതാണ്. വർഷം വരുമ്പോൾ ഉദ്ബീജ ഭേദംമൃദ്ഭാവം ഉപഗതമായി പുനർവർഷ കാലത്ത് വീണ്ടും പൂർവ്വരൂപം പ്രാപിക്കുന്ന പോലെ എന്ന് മുമ്പ് പറഞ്ഞു. (1.19) ആ സംയോഗം അവിദ്യ കാരണം. ഈ സംയോഗത്തിന്റെ സ്ഥിതി ഹേതുത പുരുഷാർത്ഥ കാരണവും അതിന്റെ വശത്തിൽ അത് സ്ഥിതി ചെയ്കയാൽ പഞ്ചശിഖൻ ഈ സംയോഗവും ബുദ്ധമതം യോഗവുമാണ്. ദുഃഖഹേതു എന്ന് പറഞ്ഞിരിക്കുന്നു. അവയെ വർജ്ജിക്കുന്നതാണ് ആത്യന്തിക ദുഃഖ പ്രതീഹാരം പരിവർജ്ജിക്കാഞ്ഞാല് ദുഃഖം ഉണ്ടാവും. ഇത് അത്യന്ത പ്രസിദ്ധമായ നിദർശനമാണ്. ഉദാഹരണമായി പാദത്രാസം പറയുന്നു. ഗുണസംയോഗത്താൽ താപമുണ്ടാകുന്നു. അതായത് ഗുണങ്ങൾക്ക് താപകത്വമുള്ളതിനാലാണ് ഗുണസംയോഗത്തിൽ ചൂട് ഉല്പദിപ്പിക്കപ്പെടുന്നത്. ഇതിൽ രണ്ടു വസ്തുക്കളുടെ സംയോഗത്തിൽ രണ്ടിനും അന്യോന്യം അപേക്ഷതയുണ്ട്. രണ്ടിനും തുല്ല്യമാണ് തപ്യത്തിൽ കർതൃത്വഭാവം. അസ്തപ്യത പുരുഷധർമ്മമാണെന്ന് പറയാനാവില്ല. അപരിണാമിത എന്ന ക്രിയാജനിതഫല ശാലിത്വത്തിന്റെ അയോഗത്താൽ അത് പുരുഷ കർമ്മമല്ല. താപത്തിൽ തപ്യത്തിന്റെ വ്യാപ്തത്തിൽ നിന്ന് അതിന്റെ നിവൃത്തിയും മനസ്സിലാക്കാം. ജ്വലനവിരഹത്തിലാണ് ധൂമഭാവം. എന്നിങ്ങനെ . അതുപോലാണ് താപകരിലും. തപ്യതാപകഭാവം ഗുണങ്ങളുടേതാണ്. മൃദുത്വത്താൽ പാദതലം പോലെ സത്യം തപ്യമാണ്. രജസ്സ് തീവ്രതയാൽ താപകഭാവമാണ്. സത്വമാണ് തപിക്കുന്നത് പുരുഷനല്ല. തപക്രിയകൊണ്ടാണ് തപിക്കുന്നത്. ഇത് രണ്ടും ഗുണമാണ്. പുരുഷൻ തപക്രിയയുമല്ല. തപിക്കുന്നുമില്ല. ചേതനയിലും സത്യത്തിന്റെ താപം രജസ്സിനെ തീവ്രതാപകഭാവത്താലാണ്. ദർശിതവിഷയങ്ങളില് സത്യം തപ്യമാനമാണ്. ആ രൂപം പൂണ്ട സാത്വിക പുരുഷനിലാണ് നാം തപസ്സ് കാണുന്നത്. ദർശിത വിഷയങ്ങളില് അനുതാപഹേതുവായിരിക്കുന്നത് സാത്വികചേതസ്സിന്റെ സ്വഭാവമാണ്. ഇതാണ് ദയ (കാരുണ്യം) ഉണ്ടാവാനുള്ള കാരണം.

സുവർണ്ണ:- കെമിക്കല് റീ ആക്ഷൻ പോലെയാണ്. ഇവിടെ ഉപമ കൊടുത്തിരിക്കുന്നത് സാത്വികഗുണമുള്ള ഹൃദയം കരുണകൊണ്ട് തപിക്കുന്ന പ്രക്രിയ അതുപോലെയാണെന്നും അത് പ്രകൃതി ഗുണമാണ്, പുരുഷ ഗുണമല്ല (പുരുഷ സ്വഭാവമല്ല) എന്നും കാണിക്കുന്നു.

18. പതഞ്ജലി:- പ്രകാശക്രിയാ സ്ഥിതിശീലം ഭൂതേന്ദ്രീയാത്മകം ഭോഗോപവർഗ്ഗാർത്ഥം ദൃശ്യം

വ്യാസ:- ദൃശ്യസ്വരൂപം പറയുന്നു. സത്വം പ്രകാശ ശീലമാണ്. രജസ്സ് ക്രിയാ ശീലം. തമസ്സ് സ്ഥിതിശീലം. ഈ ഗുണങ്ങള് പരസ്പരം അനുരക്തരായി സംയോഗം ചെയ്ത് അനേകം പ്രവിഭാഗങ്ങളായി പരിണമിച്ച് സംയോഗ വിഭാഗ ധർമ്മത്താല് ഇതരേതരോപാശ്രയത്താല് അനേകം രൂപങ്ങള് പരസ്പരാഗിത്വം എന്നിവ എടുക്കുന്നു. ഇവരുടെ അസംഭിന്നത്വശക്തി പ്രവിഭാഗങ്ങളായി തുല്യജാതീയം, അതുല്യജാതീയം എന്ന് ശക്തിഭേദാനുപാതികങ്ങളായി പ്രധാന വേല ആയി ഉപദർശിക്കപ്പെടുന്നു. അവയുടെ വ്യാപാര മാത്രകളാൽ പ്രധാനത്തില് ഉൾക്കൊണ്ട ശക്തി അനുമാനിക്കാം. സാന്നിദ്ധ്യം ഒന്നുകൊണ്ടു മാത്രം ഉപകാരിയായി അയസ്കാന്തമണികല്പം, അന്തരംഗത്തിൽ കതമ വൃത്തി അനുവർത്തിക്കുന്നത് പ്രധാന ശബ്ദവാചിയായി ഭവിക്കുന്നു. ഇതിനെ ദൃശ്യമെന്ന് പറയുന്നു. അതുതന്നെ ഭൂതേന്ദിയാത്മകമായി ഭൂതഭാവത്തിൽ പൃഥിവ്യാദികളായി സൂക്ഷ്മസ്തുലങ്ങളായി പരിണമിച്ചുണ്ടാവുന്നു. ഇവയെല്ലാം തനിക്ക് ദൃശ്യമാക്കി സാന്നിദ്ധ്യം കൊണ്ടുമാത്രം സർഗ്ഗം നടത്തുന്നതാണ് പുരുഷൻ. ഇഷ്ടാനിഷ്ട ഗുണസ്വരൂപാവധാരണം അവിഭാഗമായ ഭോഗഭോക്തൃ സ്വരൂപാവധാരണാപവർഗ്ഗം എന്നിങ്ങനെ. ഈ രണ്ടെണ്ണത്തിൽ നിന്ന് (പുരുഷനും പ്രധാനവും) അതിരിക്തമായ മറ്റൊരു ദർശനമില്ല. അന്യദർശനം നാസ്തി. ത്രിഗുണങ്ങളിൽകർതൃകർത്തരിഭാവം പുരുഷനിൽ തുല്ല്യാതുല്ല്യജാതീയമായചതുർത്ഥത്തില് അതിന്റെ ക്രിയയായ സാക്ഷിത്വം എന്നിവകൊണ്ട് സർവ്വ ഭാവവും ഗ്രഹിക്കാം കാണാം. അതല്ലാതെ ഒരു ദർശനമില്ല എന്ന് നിസ്സംശയം പറയാം. ബുദ്ധികൃതമായ ഭോഗാപവർഗ്ഗങ്ങളില് ബുദ്ധിയുടെ വർത്തമാനത്തെ പുരുഷനെന്ന് വ്യപദേശിക്കുന്നത് കാണാം. അതെങ്ങനെയെന്നാൽ ജയവും പരാജയവും യോദ്ധാവിന് അതാതു വർത്തമാന കാലത്തെ സ്വാമിയാല് വ്യപദേശിക്കപ്പെട്ടതാണ്. സ്വാമിയാണ് യോദ്ധാവല്ല ഫലം ഭുജിക്കുന്നത്. ഇപ്രകാരം ബന്ധമോക്ഷങ്ങളിൽ ബുദ്ധിയാൽ വർത്തമാനത്തില് പുരുഷനെ വ്യപദേശിക്കുന്നത് എല്ലാത്തിനും (നല്ലതോ ചീത്തയോ ആയ ഫലങ്ങൾക്ക്) ഭോക്താവ് പുരുഷൻ മാത്രമാകയാലാണ്. ബുദ്ധിയാല് മാത്രം പുരുഷാർത്ഥത്തിന്റെ പരിസമാപ്തിയും ബന്ധങ്ങളുടെ അവസാനമായ മോക്ഷവും ലഭിക്കുന്നു. ഇപ്രകാരം ഗ്രഹണധാരണങ്ങൾക്ക് അപോഹം, തത്വജ്ഞാനാഭിനിവേശം, എന്നിവയ്ക്ക് എല്ലാം അതാതു കാലത്തെ വർത്തമാന പുരുഷന് പുരുഷനില് ആരോപിതമായ സദ്ഭാവങ്ങളെ സ്വബുദ്ധിയിൽ അദ്ധ്യാരോപണം ചെയ്തറിയുന്നു. അവയുടെ ഫലങ്ങൾ പുരുഷനുമായി തന്മയീഭവിച്ച് ഭുജിക്കുന്നു, അനുഭവിക്കുന്നു.

സുവർണ്ണ:- പ്രധാനവേല എന്നാല് പ്രധാന പ്രവൃത്തി അഥവാ Main Function

വാചസ്പതി:- പ്രകാശക്രിയയുടെ സ്ഥിതിശീലം (പ്രകാശനൈരന്തര്യം) ഭൂതേന്ദ്രീയാത്മകമായ ഭോഗാപവർഗ്ഗാർത്ഥമാണ് ദൃശ്യമാകുന്നത്. അദൃശ്യവും നിരന്തരവും സ്ഥിതി

ശീലവുമായ പ്രകാശം ദൃശ്യവും ക്ഷണികവും ചലനശീലവുമായ പ്രപഞ്ചമാകുന്നത് പഞ്ചഭൂതങ്ങളും ഇന്ദ്രിയങ്ങളും അവയ്ക്ക് ഉപഭോഗവും അനുഭവവും സാധിക്കുന്നതിനാണ്. പ്രകാശം സത്യമാണ്. ദൈന്യം തമസ്സും ദുഃഖം രജസ്സുമാണ്. ഈ ത്രിഗുണങ്ങള് പരസ്പരോപരക്തങ്ങളായ പ്രവിഭാഗങ്ങളാണ്. പുരുഷനോട് ചേർന്ന് (സഹ) സംയോഗ വിഭാഗ ധർമ്മങ്ങള് ഇവയാണ് അനുഷ്ഠിക്കുന്നത്. ആമനായത്തിൽ, അജാമേകാം ലോഹിതശുക്ലകൃഷ്ണാം ബഹ്വിഃപ്രജാഃസൃജമാണാം സരൂപാഃഅജോസ്യേമോ ജൂഷമാണോ അനുശേതേ ജാഹാത്യാനാം ഭുക്തഭോഗാജോ അന്യഃ(ശ്വേതശ്വേത 4.5) എന്ന് കാണാം. ഇതരേതരങ്ങളെ ഉപാശ്രയിച്ച് സംയോഗം കൊണ്ട് ആർജ്ജിച്ച മൂർത്തികളാണ് പൃഥ്വി മുതലായ സർവ്വരൂപങ്ങളും സത്യത്തിൽ നിന്ന് ശാന്തപ്രത്യയം ജനിക്കുന്നു. രജസ്തമസ്സുകളിലും സത്വത്തിന്റെ അംഗം സാനുപാതികമായി ഉള്ളതിനാൽ അവയ്ക്കുപോലും ഇതിനുള്ള സാമർത്ഥ്യം അന്തർല്ലീനമാണ്. അതുപോലെ സത്വത്തിലും ചെറിയ അനുപാതത്തിൽ രജസ്തമസ്സുകളുടെ അംഗം ഉണ്ട്. സത്വപ്രാധാനയത്തിൽ ഘോരവും മൂഢവും കാണുന്നില്ലെങ്കിലും ത്രിഗുണാത്മക പ്രപഞ്ചത്തില് അവയും പരസ്പരാംഗിത്വത്താല് അസംഭിന്നശക്ത പ്രവിഭാഗമായി അന്തർല്ലീനമാണ്. ശക്തിയെ ത്രിഗുണാത്മകമായി സങ്കീർത്തനം ചെയ്യുമ്പോള് സാധാരണയായി ഇവയെയല്ല സത്വഭാവത്തെയാണ്നാം കീർത്തിക്കുന്നത്. ശക്തികളുടെ അസങ്കരം കാര്യങ്ങളുടെ അസങ്കരം എന്നത് സുദുർല്ലഭമാണ്. എല്ലാം സങ്കരമാകയാൽ അസങ്കീർണ്ണമായ രൂപത്തില് ശാന്ത,ധീര, മൂഢരൂപം എന്നു കാര്യമായി ശക്തിയെ ദർശിക്കാമെന്ന് സിദ്ധം. ഇവ ശക്തിയുടെ നാമഭേദങ്ങൾ മാത്രമാണ്. അസംഭേദമായ ശക്തിയിൽ ഗുണങ്ങള് ഉത്ഭവിച്ചിട്ടില്ല. (ഗുണാതീതം) ഭിന്നശക്തികളിൽ സംഭൂയകാരിത്വം ദൃഷ്ടമല്ല. തന്തു മൃത്പിണ്ഡം, വീരണം എന്നിവ പടം, ഘടം എന്നിങ്ങനെ സംഭൂതമാകുന്നു എന്നു മാത്രം. തുല്ല്യ ജാതീയം അതുല്ല്യജാതീയ ശക്തികളിലും സഹകാരി ശക്തിയായിരിക്കുന്നു. ആ ശക്തിഭേദങ്ങളുടെ അനുപാതിത്വം അനുസരിച്ചാണ് ഓരോ വസ്തുവിന്റെയും വേല. പ്രധാനമായി ദിവ്യദേഹത്തിൽ ജനിച്ചവർക്ക് സത്വഗുണം പ്രധാനം. തമസ്സും രജസ്സും അംഗങ്ങൾ. മനുഷ്യ ശരീരത്തിൽ ജനിച്ചാല് രജസ്സ് പ്രധാനം. സത്വരജസ്സുകൾ അംഗങ്ങൾ. ഇപ്രകാരം ഗുണങ്ങൾ പ്രധാന വേലകളിൽ സന്നിധാനം ചെയ്യുന്നത് കാണാം. കാര്യം ജനിക്കുന്നത് പ്രത്യുദ്ഭൂത പ്രവൃത്തി (നേരത്തെയുള്ള കർമ്മം) കൊണ്ടാകയാലാണിത്. പ്രധാനം എന്ന ശബ്ദം അതിനാൽ ഭാവപ്രധാനമാണ്. എപ്രകാരമെന്നാൽ ദ്വയേകയോർ ദ്വിവചനൈകവചനേ (അഷ്ടാദ്ധ്യായി 1.4.22) എന്നതുകൊണ്ട് ദ്വിത്വത്തിന് ഏകത്വം വരുന്നു. അതായത് മൂന്നു ഭാവവും ഉണ്ടെങ്കിലും ത്രിഗുണാത്മകമായ വസ്തു അതിന്റെ പ്രധാന കർമ്മത്താല് പ്രധാന ഗുണത്താൽ അനേകത്വത്തില് ഏകത്വം എന്ന ഭാവ പ്രാധാന്യം ഉള്ളതാണ്. എങ്ങനെ ഈ അദ്വൈത ഭാവം അനുഭവപ്പെടുന്നു. പ്രധാനം ഉദ്ഭൂതമാകയാൽ സാധിക്കുമെന്ന് പറയുന്നു. അനുഭവിക്കുന്നവരിൽ (രസികർ) അംഗങ്ങളുടെ സത്ഭാവം അനുഭവമാകുന്ന പ്രക്രിയ പോലെ. പ്രധാന ഭാവം അഥവാ അംഗിഭാവത്തിന്റെ അസ്തിത്വമാണ് അനുഭൂതി ഉണ്ടാക്കുന്നത്. മറ്റെല്ലാ അംഗഭാവങ്ങളും അതിൽ ലയിച്ച് ഒന്നായി ചേരുന്നു. ഇപ്രകാരം ഒരു പ്രധാന ഭാവം അഥവാ സദ്ഗുണത്തെ സൃഷ്ടിക്കുന്നതിൽ സമർത്ഥനായ വ്യക്തി അതിനെ വീണ്ടും വീണ്ടും പുനഃസൃഷ്ടിക്കാൻ ഉത്സുകനായി ഭവിക്കുന്നു. അതായത് സാമർത്ഥ്യം (അറിവ്, ജ്ഞാനം) ഉത്സാഹമായും വീണ്ടും വീണ്ടും കാര്യം ജനിപ്പിക്കാൻ കാരണമായും

തീരുന്നു. ഇതിനാൽ ഒരിക്കലും കാര്യത്തിന്റെ സൃഷ്ടിക്ക് വിരാമം (അവസാനം) സംഭവിക്കാതെ പരമ്പര തുടരുന്നു. പുരുഷാർത്ഥ കർത്തവ്യതയായി പരമ്പരകള് അതിനെ അംഗീകരിക്കുന്നു.. പുരുഷാർത്ഥങ്ങളിൽ നിന്നും ഗുണങ്ങളിൽ നിന്നും ഉപശമം വന്ന് കാര്യങ്ങളൊന്നും ഇനി ആരംഭിക്കാനില്ലാത്ത അവസ്ഥയിലേ അതിൽ നിന്നുള്ള നിവൃത്തി സംഭവിക്കുന്നുള്ളൂ. സദാമുക്തനായ പുരുഷന് പുരുഷാർത്ഥമൊന്നും സാധിക്കാനില്ല. അതിനാൽ സന്നിധി മാത്രേണ പ്രപഞ്ചത്തെ സാക്ഷിയായി നിന്ന് പ്രവർത്തിപ്പക്കുന്നു. ധർമ്മാധർമ്മ ലക്ഷണമായ നിമിത്തങ്ങള് ഗുണങ്ങൾക്ക് പ്രയോജകമാണ്. അവ എങ്ങനെ പുരുഷാർത്ഥ പ്രയുക്തമാവും. പ്രത്യയാന്തരത്താൽ ഏകമായ സത്വത്തിൽ രജസ്ത മനസ്സുകള് അംഗമായിരിക്കുന്ന പ്രധാനത്തിൽ സ്വകാര്യത്തില് പ്രവർത്തിക്കുന്ന വൃത്തിയില് നിന്നിതരമായ പ്രത്യയങ്ങൾ നിമിത്തം വർത്തമാനത്തിൽ ധർമ്മാധികൾ സൃഷ്ടിക്കപ്പെടുന്നു. അതിനാൽ പറയുന്നു.:- നിമിത്ത പ്രയോജനം പ്രകൃതീനാം വരണഭേദസ്തു തതഃ ക്ഷേത്രി കവത്. (4.3). പ്രധാന ശബ്ദവാചിയായ ഗുണത്തിൽ പുരുഷ സംബന്ധം കൊണ്ട് പ്രപഞ്ചങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വിശ്വം കാര്യം. അതിന്റെ ഉല്പത്തിയാണിവിടെപറഞ്ഞത്. വിധീയത, പ്രധീയത, ആധീയത എന്നീ പദങ്ങളുടെ ഉല്പത്തിയും പ്രധാന പുരുഷ സംയോഗകാരണത്തിലാണ്. ഗുണങ്ങളുടെ ശീലത്തെ ആസ്പദമാക്കിയാണ് അതിൽ നിന്ന് ജനിച്ച കാര്യം. സൽക്കാര്യ വാദത്തില് സിദ്ധിക്കുന്നത് സദ്ഗുണത്തിന്റെ രൂപപരിണാമമാണ്. ഭൂതേന്ദ്രീയാത്മകത്വത്തെ ദീപ്തമാക്കുന്നത് (പ്രകാശമാക്കുന്നത്) എന്നതാണ്. ഭൂത ഭാവന ഇത്യാദികളല്ല. യോഗാപവർഗ്ഗാർത്ഥമാണ് ഈ സൂത്രം അവതരിപ്പിച്ചിട്ടുള്ളത്. തനിക്ക് പ്രയോജനമില്ലെങ്കിലും പ്രയോജനമുണ്ട് എന്ന ഭാവനയോടെ പ്രവർത്തിക്കുകയാണ് സത്വ പുരുഷനും യോഗിയും.

ഭോഗത്തെ വിവൃതമാക്കുന്നു. സുഖദുഃഖങ്ങൾ ബുദ്ധിസ്വരുപത്തിലെ ത്രിഗുണങ്ങളാലാണ്. അവ അവക്കനുസൃതമായി പരിണമിക്കുന്നു. എന്നാലും ഗുണതങ്ങളായ അവയുടെ അവതാരണം എന്നത് ഭോഗമാവുന്നില്ല. അവിഭാഗമായ ചിത്തിൽ (ത്രിഗുണാത്മക പ്രധാനത്തിൽ) അതും സ്വപ്രകാശത്താൽ അറിയപ്പെടുന്നു എന്നുമാത്രം. അങ്ങനെയാണ് സകൃദ്, അസകൃദ് എന്ന വിവേചനം അന്തരംഗത്തിൽ നടക്കുന്നത്. അതിന് വിഷയോപഭോഗം വേണമെന്നില്ല. അപവർഗ്ഗത്തെ വിവൃണമാക്കാന് ഭോക്തൃ എന്നാരംഭിക്കുന്നു. അപവൃജ്യതേ അനേനേ ഇതി അപവർഗ്ഗഃ പ്രയോജനാന്തരത്തിന്റെ അഭാവം കൊണ്ട് അദ്വയമായ അവസ്ഥ അനുഭവിക്കുന്നതിനെ അയം തു ഖലിതി എന്ന് പഞ്ചശിഖൻ പറഞ്ഞിരിക്കുന്നു. ഈ പ്രപഞ്ചം സർവ്വവും താനാണെന്ന അദ്വയബോധം. ഇത് പ്രപഞ്ചവസ്തുക്കളെ ഭോഗിക്കലല്ല. ബുദ്ധികൃതവും ബുദ്ധിവർത്തിനിയും ഭോഗാപവർഗ്ഗധാരണ, ഗ്രഹണം ഇവയാൽ ഉണ്ടായതുമായ ആന്തരഭോഗമാണ്. അതിന്റെ ആകാരം, അനധികരണം ഇവയാലാണ് പുരുഷനെ വ്യപദേശിക്കപ്പെടുന്നത്. ഭോക്തൃത്വം പുരുഷന്റേതാണ്. (1.4 ടീക) പുരുഷനാണ് ഏറ്റവും അഗ്രത്തിൽ. ബുദ്ധിയിൽ പുരുഷാർത്ഥങ്ങളുടെ പരിസമാപ്തിയോടെ ബന്ധവും തീർന്നു. ബന്ധം തീർന്നാല് പരമാർത്ഥ സ്വരൂപം അറിഞ്ഞു. അതിനാൽ ഭോഗാവപർഗ്ഗങ്ങളില് പുരുഷ സംബന്ധകഥനത്തില് ഗ്രഹണം മുതലായവ കൂടി പുരുഷ സംബന്ധിയാണ് പ്രകൃതി സംബന്ധിയല്ല എന്നറിയുക. അഗ്ര്യ സ്ഥാനം പുരുഷ സംബന്ധിയാണ്.

സുവർണ്ണ:- ഗ്രഹണം പ്രകാശ സംബന്ധിയാണ്. ജഡസംബന്ധിയല്ല. പുരുഷ സംബ

ന്ധിയാണ്. പ്രകൃതി സംബന്ധമല്ല. ഈ നിയമം കോഗ്നിഷൻ, എക്ലിപ്സ് എന്ന രണ്ടിനും ബാധകമാണ്. (ഗ്രഹണമെന്ന സംസ്കൃത വാക്കിന് ഈ രണ്ടർത്ഥവുമുണ്ട്) പ്രകാശ നിയമത്തെ പ്രജ്ഞാപ്രകാശം ഗ്രഹിക്കുന്ന പ്രക്രിയ. അതിന് ജഡപ്രകൃതി ഛായ ഒരു കണ്ണാടി മാത്രമാണ്. ആത്യന്തികമായി കോസ്മിക്ക് എനർജ്ജി എന്ന പ്രകാശവും ബയോളജിക്കൽ എനർജ്ജി എന്ന ന്യൂറോണൽ എനർജിയുടെ പ്രതിഭയും തമ്മിൽ ഭേദമില്ല. രണ്ടിനും ഇന്ത്യൻ ഭാഷ ഗ്രഹണം എന്നുതന്നെ പറയുന്നു.

വാചസ്പതി:- സ്വരൂപത്തിന്റെ ഒരു മാത്രകൊണ്ടുപോലും അർത്ഥജ്ഞാനം കൈവരുത്തുന്ന പ്രക്രിയയാണ് ഗ്രഹണം. അതിന്റെ സ്മൃതി (ഓർമ്മ)യാണ് ധാരണ. അതിലന്തർഗ്ഗതമായ വിശേഷങ്ങളെ ഊഹനം ചെയ്യുന്നത് ഊഹം അഥവാഅനുമാനം സമാരോപിതമായവയെ യുക്തിയാൽ അപനയം ചെയ്യുന്നത് അപോഹം. ഇപ്രകാരമുള്ള ഊഹം, അപോഹം എന്നിവയിലെല്ലാം അവധാരണം (സ്മൃതി ഉണ്ടാക്കുന്നത്, ഉറപ്പിക്കുന്നത്) അത്വജ്ഞാനം തത്വധാരണ പൂർവ്വം ജ്ഞാനോപാദനയജ്ഞം അഭിനിവേശം.

സുവർണ്ണ:- ഇതാണ് ഗുരുശിഷ്യ പരമ്പരാരൂപമായി ജ്ഞാനത്തെ നിരന്തരമാക്കി നിർത്തുന്നത്.

19. പതഞ്ജലി വിശേഷാലിംഗമാത്രാലിംഗാനി ഗുണപർവ്വാനി

വ്യാസ:- ആകാശം, വായു, അഗ്നി, ജലം, ഭൂമി, എന്ന പഞ്ചഭൂതങ്ങളിൽ ശബ്ദസ്പർശ രൂപരസഗന്ധത തന്മാത്രകൾ അവിശേഷങ്ങളിലെ വിശേഷങ്ങളാണ്. ശ്രോത്ര, ത്വക്ക്, ചക്ഷു, ജിഹ്വ, ഘ്രാണമെന്നിവ ബുദ്ധീന്ദ്രിയങ്ങൾ, വാക്പാദപാണി പായൂപസ്ഥങ്ങൾ, കർമ്മേന്ദ്രീയങ്ങൾ. ഈ പത്തും ഏകാദശമായ മനസ്സും ചേർന്ന് അസ്മിതാലക്ഷണമുള്ള വിശേഷത്തിന്റെ വിശേഷം. ഗുണങ്ങളുടെ ഈ 6 പരിണാമങ്ങൾ (11 ഇന്ദ്രീയം, പഞ്ചഭൂതം) വിശേഷ പരിണാമങ്ങളെന്നറിയണം. 6 അവിശേഷം. അവ ശബ്ദതന്മാത്ര, സ്പർശതന്മാത്ര, രൂപതന്മാത്ര, രസതന്മാത്ര, ഗന്ധതന്മാത്ര - ഏകം ദ്വികം, ത്രികം, ചതുഷ്കം, പഞ്ചമം എന്ന പഞ്ചലക്ഷണങ്ങളാൽ ശബ്ദാദികളെ പഞ്ചവിശേഷമായും അസ്മിതയെ ഷഷ്ഠവിശേഷമായും അറിയുന്നു. സത്താമാത്രമായ ആത്മനിൽ മഹത്ത്, ഷഢ്വിശേഷപരിണാമമാണ്. അതാതിന്റെ പരമവിശേഷത്തോട് ലിംഗമാത്രം (ലക്ഷണമാത്രം) മഹത്തത്വം, ആത്മാവോട് സത്താമാത്രം മഹത്ത് എന്നിങ്ങനെ അവസ്ഥയുള്ളതായി വിവൃദ്ധികാഷ്ഠയെ അനുഭവിക്കുന്നു. സത്, അസത്ത്, നിരസദ്, അനിരസദ്, അവ്യക്തം, അലിംഗം, പ്രധാനം, ഇവയെല്ലാം അതിലനുഭവിക്കുന്നു. ലിംഗമാത്ര പരിണാമമാണ് നിഃസത്. അലിംഗാവസ്ഥ പുരുഷാർത്ഥഹേതുവല്ല. ആലിംഗാവസ്ഥയും ആദ്യപുരുഷാർത്ഥഹേതുവായി ഭവിക്കുന്നുണ്ട്. പുരുഷാർത്ഥ കൃതങ്ങൾക്ക് നിത്യമെന്ന പേരില്ല. അവയ്ക്ക് അവസ്ഥാവിശേഷത്താൽ ആദിയില് പുരുഷാർത്ഥ കാരണത്വമുണ്ടെന്നും മാത്രം. നിത്യവസ്തുവാണ് ഹേതു. കാരണം അനിത്യ വസ്തുകാര്യമാണ്. കാരണമല്ല. ഗുണങ്ങൾക്ക് സർവ്വധർമ്മാനുപാതങ്ങൾ സമമായിരിക്കുന്ന അവസ്ഥയിൽ ആദിമദ്ധ്യാന്തങ്ങളോ ലിംഗമോ ഇല്ല. (അലിംഗം) അതീതത്തിലെ അനാഗതമായ വ്യായാമങ്ങൾക്ക് സീമകൾ ഗുണാന്വയങ്ങൾ കൊണ്ട് ഉപജനിപ്പിക്കുന്ന ധർമ്മകന്മാരായ വ്യക്തികൾക്കും ഇത് പ്രത്യവഭാസകമണ്. അവർ ലിംഗാതീതരാണ്. ഒരാൾ ദേവദത്തന് ദരിദ്രനെന്ന് പറയുന്നു. എന്തുകൊണ്ട്. അയാളുടെ പശു മരിച്ചു എന്നുത്തരം. പശുവിന്റെ മരണം (സ്വത്ത് നശിക്കൽ) ഛിദ്രതയെയാണ് അല്ലാതെ സ്വരൂപഹാനിയെയല്ല അവിടെ ദാരിദ്ര്യമെന്ന് പറഞ്ഞത്. ഉപ

ഭോഗമില്ലാത്ത അവസ്ഥയെയാണ് യോഗിയുടെ സമാധിയിലെ ഉപഭോഗരാഹിത്യം ഇതിനു സമമാണ്. ശരീരമനഃബുദ്ധികളെല്ലാം പ്രകാശമയമായി നിൽക്കുന്നു. പ്രപഞ്ചത്തിൽത്തന്നെ ഇരിക്കുന്നു. എന്നാൽ പ്രപഞ്ചത്തെ യോഗി ഉപഭോഗം ചെയ്യുന്നില്ല. അതിൽ രമിക്കുന്നില്ല. അതിനാൽ ബന്ധിതമാവുന്നില്ല. ലിംഗമാത്രമായ അലിംഗത്തെ (ലക്ഷണമാത്രമായ, ലക്ഷണഹീനമായ സത്യത്തെ) പ്രത്യാസന്നമായി (അടുത്തെത്തിയതായി) സംസൃഷ്ടമായി തന്നിൽത്തന്നെ ദർശിച്ച് വിവേചിച്ചറിഞ്ഞ വ്യക്തി അതിനെ അതിക്രമിക്കുന്നു. അതിന്റെ വൃത്തിയെ അതിക്രമിക്കുന്നു. ക്രമാനതിവൃത്തേ. എപ്രകാരം ഷഡ്വിശേഷലിംഗമാത്രത്താൽ സൃഷ്ടിച്ച് വിവേചിക്കുന്നുവോ അതേ പരിണാമക്രമ നിയമത്താല്.

സുവർണ്ണ:- കോസ്മിക്ക് ഇവൊലൂഷന്റെ ലോ ഓഫ് ഓർഡർ അനുസരിച്ചാണ് വ്യസമുനി യോഗിയുടെ ഇവൊലൂഷൻ, ആ ഇവോലൂഷന്റെ ലോ ഓഫ് ഓർഡർ പറയുന്നതെന്ന് ശ്രദ്ധിക്കുക

വ്യാസ:- അതുപോലെത്തന്നെ വിശേഷങ്ങളാൽ ഭൂതേന്ദ്രീയങ്ങളെ സൃഷ്ടിച്ച് വിവേചിക്കുന്നു. മുമ്പേ പറഞ്ഞതുപോലെ വിശേഷത്തേക്കാൾ പരമായി ഒരു സത്വാന്തരമില്ല എന്നതിനർത്ഥം വിശേഷത്തിന് തത്വാന്തപരിണാമം ഇല്ലാതാവുന്ന അവസ്ഥ എന്നാണ്. ഈ ധർമ്മലക്ഷണാവസ്ഥാപരിണമം വ്യാഖ്യാനിക്കപ്പെടുന്നു.

സുവർണ്ണ:- സർവ്വ പ്രപഞ്ചങ്ങളേയും അതിക്രമിച്ച പ്രകാശ വൃത്തത്തിലും ഇനിയൊന്ന് വിഭജിക്കാനാവാത്ത കതമമായ കണാദവൈശേഷികപരമാണുവിലും പ്രപഞ്ചവും താനും ഈശ്വരനും ഒന്നായ യോഗിചിത്തത്തിലും ഒരേ കോസ്മിക്ക് ലോ ഓഫ് ഓർഡർ, ലോ ഓഫ് എനർജ്ജി പ്രവർത്തിക്കുന്നത്. വ്യാസൻ ഇവിടെ വ്യക്തമായും ലളിതമായും പ്രതിപാദിക്കുന്നു.

വാചസ്പതി:- ഗുണങ്ങൾക്കും ദൃശ്യങ്ങൾക്കും സ്വരുപഭേദഭാവനാർത്ഥം വിശേഷാവിശേഷ ലിംഗമാത്രമായ അലിംഗത്തിന്റെ ഗുണപർവ്വങ്ങളെ ഇപ്രകാരം ആരംഭിക്കുന്നു. ശാന്ത, ധീര, മൂഢ ലക്ഷണ വിശേഷരഹിതന് വിശേഷവികാരങ്ങളില്ലാത്തതിനാൽ തത്വാന്തരത്തിൽ അത് പ്രകൃതി തന്നെയാണ്. ഉത്പാദക്രമാനുരൂപമെന്ന ഉപന്യാസക്രമത്തിൽ അത് ആകാശലിംഗമാണ്.

സുവർണ്ണ:- ബ്രഹ്മലിംഗമാണ് ആകാശം എന്ന് ബ്രഹ്മസൂത്രം.

വാചസ്പതി:- സത്വപ്രധാനമായ ബുദ്ധീന്ദ്രിയങ്ങളാകുന്ന വിശേഷങ്ങൾ അത് അസ്മിതാലക്ഷണമായ അവിശേഷമാണ് രാജസർക്ക് കർമ്മേന്ദ്രിയങ്ങൾ. മനസ്സിന് ഉഭയപ്രധാനം അഥവാ ഉഭയാത്മകത്വം മനനം കൊണ്ടറിയണം. പഞ്ചതന്മാത്രകളാണ് ബുദ്ധികാരണ കാര്യാവിശേഷതത്താൽ അസ്മിതമായി കാണുന്നത്. വികാരഹേതുത്വമായി അവിശേഷത്വം തന്മാത്രകളിലും അസ്മിതയിലും ഉണ്ട്. അവയെല്ലാം സങ്കരം കൊണ്ട് (സങ്കലം)വിശേഷം പരിഗണിക്കപ്പെടുന്നു. അനേകം പരിഗണങ്ങളായി ഗുണങ്ങളുടെ വേഷങ്ങളെ, രൂപങ്ങളെ ഉണ്ടാക്കുന്നു. അവശേഷങ്ങൾക്കുമുണ്ട് ഗുണങ്ങൾ. അവ ആറാണ്. അവയുടെ സങ്കലനം വീണ്ടും അസംഖ്യം സൃഷ്ടിഭേദം ഉണ്ടാക്കുന്നു. വിശിഷ്ടവും അവിശിഷ്ടവുമായി അനേകം ഗന്ധാത്മാവായ ഭൂമിക്ക് 5 ലക്ഷണം രസാത്മാവായ ജലത്തിന് നാലുലക്ഷണം. രൂപാത്മാവായ അഗ്നിക്ക് മൂന്നു ലക്ഷണം. സ്പർശാത്മാവായ വായുവിന് രണ്ട് ലക്ഷണം. ശബ്ദാത്മാവായ ആകാശത്തിന് ശബ്ദം ഒന്നുമാത്രം ലക്ഷണം.

കാര്യം പിന്നെങ്ങനെ ഷഡ്വിശേഷമായി. സത്താമാത്രമായ ആത്മാവോടു ചേർന്ന് പുരുഷാർത്ഥ ക്രിയാക്ഷമമാണ് സത്ത്. അതിന്റെ ഭാവം സത്ത. അതിന്റെ മാത്ര മഹത്തത്വം. ചിത്ത് പുരുഷാർത്ഥ ക്രിയാബ്ദാദിഭോഗലക്ഷണമായ സത്വപുരുഷന് അന്യതാഖ്യാതിലക്ഷണമേയുള്ളൂ. മറ്റെല്ലാം മഹതിയായ ബുദ്ധിയില് സമാപിച്ചു എന്നർത്ഥം. ആത്മം എന്ന സ്വരൂപത്തെ ഉപദർശനം ചെയ്യുമ്പോൾഅതിന്റെ തുഛത്വം നിഷേധിക്കുന്നു. മഹത്വം അറിഞ്ഞ് സ്വീകരിക്കുന്നു. പ്രകൃതിയേക്കാൾ അയം പ്രഥമവും വാസ്തവവും പരിണാമശീലമായ അതിൽ നിന്ന് വിവൃത്തമായ (അതിന്റെ ഭ്രമണ വൃത്തങ്ങളേയും ചലനങ്ങളേയും എല്ലാം അതിവർത്തിച്ച് -വിവർത്തവാദം) സത്യവും അപരിണാമവുമാണ്എന്ന് ദർശിച്ചവർ ആത്മഹതത്വം അറിയുന്നു. അതിനേക്കാൾ പരമവും വിപ്രകൃഷ്ചവുമായ കാലാതിവർത്തിയും അവിശേഷവും അഭ്യാസനിരപേക്ഷവും ലിംഗമാത്രവുമായ മറ്റൊരു മഹത്വമില്ല എന്നറിയുന്നു. സത്താമാത്രമായ മഹതിയായ ആത്മന്യവസ്ഥയിൽ സത്കാര്യസിദ്ധിയിൽ വിവൃദ്ധിയുടെ പരമകാഷ്ഠ പ്രാപിച്ച് അത് അനുഭവിക്കുമ്പോൾ ഷഡ്വശേഷങ്ങളില്ല. സത്താമാത്രമായ ഒന്നുമാത്രമേയുള്ളൂ അവിശേഷം വിശേഷ പരിണാമമായത് അതിന്റെ ധർമ്മലക്ഷണാവസ്ഥ മാത്രമാണ്. പരിണാമമെന്ന് സ്വയം അനുഭവിച്ചറിയുന്നത് ആ വിവൃത്തികാഷ്ഠയിൽ നിന്ന് അഥവാ പരിണാമ കാഷ്ഠയിൽ നിന്ന് (സമാധി) ഇറങ്ങി, പടിയിറങ്ങി അവരോഹണം ഭൂമിയിലേക്കു തന്നെ ചെയ്യുന്ന പ്രക്രിയയിലാണ്. ഉത്പത്തിക്രമം, പ്രലയക്രമം എന്നിവ ഒന്നുതന്നെയാണ്. ഒന്ന് അവരോഹണം മറ്റേത് ആരോഹണം എന്ന്അനുഭവ സിദ്ധമാണ്. ഇങ്ങനെ വീണ്ടും വീണ്ടും സൃഷ്ടിയും ലീനാവസ്ഥയും സ്വാത്മാവില് ലീനവിശേഷാവിശേഷാവസ്ഥയിൽ സത്താമാത്രമായ മഹത് അവസ്ഥാനത്തില് വിലീയമായി അവ്യക്തമായി ലയിച്ചും വീണ്ടും പുറത്തേക്ക് ഗമിച്ചും (ലയം ഗഛതി)ലിംഗമായിരിക്കുന്നു. ലക്ഷണം ഗ്രഹിക്കാനാവുന്നു. അതിന്റെ വിശേഷണം നിഃസത്തോസന്നം എന്നാണ്. സത്താപുരുഷാത്ത്ഥ ക്രിയാക്ഷമത അസത്ത, തുഛത (അതിനുള്ള അക്ഷമത). നിഷ്ടാന്തം സത്തയിൽ നിന്ന്, അസത്തയിൽ നിന്നും തിരിച്ചുമുള്ള ഗമനം, ഗതാനുഗതികത്ത്വം. സത്വരജസ്തമനസ്സുകളുടെ സാമ്യാവസ്ഥ പുരുഷാർത്ഥത്തിന് ഉപയുക്തമല്ല. ഗഗനകമലം പോലെയുള്ള തുഛസ്വഭാവവും അതിനുപയുക്തമല്ല. അത് നാസത്യമായ അല്ലാത്ത (നാസദീയമായ) അവസ്ഥയാണ്. അവ്യക്താവസ്ഥയിലും മഹദാദികൾ ആത്മാവിൽ അസ്തി (ഉണ്ട്) ഉണ്ടായി സത്യമായിരിക്കുന്നുണ്ട്. സത്തിന് ഒരു കാലവും വിനാശമില്ല. വിനാശമില്ലാത്തതിന് പുനരുല്പാദനവുമില്ല. ഉല്പാദനവുമില്ല. അതിനാൽ പുരുഷനിലോ മഹദാദിസദ്ഭാവത്തിലോ ധർമ്മാർത്ഥകാമമോക്ഷാദികൾക്കുള്ള പുരുഷാർത്ഥ ക്രിയകൾക്ക് പ്രവർത്തനവുമില്ല. പ്രയോജനവുമില്ല. ഒന്നിൽ നിന്നൊന്നിലേക്ക് സംക്രമണം, ആരോഹണാവരോഹണം ഇതൊന്നുമില്ലാത്തതാണ നിഷ്ക്രമണാവസ്ഥ. നിഷ്ക്രാന്തമാണ് കാരണം. സത്ത അതിന്റെ കാര്യമാണ്.കാരണാവസ്ഥയിലും ശക്ത്യാത്മകമായ കാര്യം ഇരിക്കുന്നുണ്ട്. അവ്യക്തത്തിലും വ്യക്തമുണ്ട്. ബീജത്തിലും മഹാവൃക്ഷമുണ്ട്. അതിനാൽ ആ അവസ്ഥ പൂർണ്ണ സമാധിയാണ്..

സുവർണ്ണ:- ദിക്, ദേശ, കാല, ഗതി, ഫലശൂന്യം ഹി പരമാർത്ഥസത്. ദിക്കും ദേശവും കാലവും ഗതിയും ഫലവുമില്ലാത്തതാണ് പരമാർത്ഥ സത്ത്. ശൂന്യത്തിന് അതേ അർത്ഥമുള്ളൂ. ആ സത്യത്തിന്റെ സിംബലാണ് പൂജ്യം അഥവാ ശൂന്യം. ഖഹരം എന്ന ഈ

സീറോ അറബികൾ ഹിന്ദ് സത്(സൈന്ധവരുടെ സത്യം) എന്ന് വിളിച്ച പരിധിയില്ലാത്ത പരിധിയുടെ പൂർണ്ണതയുടെ സിംബലാണ് .

വാചസ്പതി:- സ്വോചിതമായ പുരുഷാർത്ഥക്രിയ ചെയ്യാത്തതുകൊണ്ട് അസദ് എന്ന് തോന്നിക്കപ്പെടുന്നു. ചൈതന്യ രൂപമായ ഈ പരമകാരണത്തെ രാശി, വിഷാണം (കല്ല്) മുതലായ മാനങ്ങളാൽ, (തൂക്കം, അളവ്) അറിയാവുന്ന കാര്യമെന്ന് പറയുന്നതിനെ വ്യോമാരവിന്ദാതി ഇല്ലാത്ത വസ്തുക്കൾ ഉല്പാദിപ്പിക്കുന്നഭാവത്തില് വിചാരിക്കുന്നത് നിരസിക്കുന്നു. തുഛരൂപമായ കാര്യമാണ് അസദ്. അതിന് ചലനശേഷിയില്ല. അതു പോലെ സത്തയെ വ്യോമാരവിന്ദാദി ഇല്ലാത്ത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന ഭാവത്തിൽ വിചാരിക്കുന്നത് നിരസിക്കണം.

സുവർണ്ണ:- ഉണ്മയിൽ നിന്നേ ഉണ്മ ഉണ്ടാവൂ. ഇല്ലായ്മയിലിൽനിന്ന് ഉണ്ടാവില്ല എന്ന് സാംഖ്യനിയമം.

വാചസ്പതി:- പ്രതിസർഗ്ഗത്തെ ഇപ്രകാരം പറഞ്ഞു സംഹരിക്കുന്നു.ആദ്യത്തെ(പൂർവ്വം) പരമാർശത്തെ അനന്തരം പറഞ്ഞതുകൊണ്ട് നാം അറിയുന്നു, ലിംഗമാത്രാവസ്ഥ പുരുഷാർത്ഥകൃതമാകയാൽ അനിത്യവും അലിംഗനാവസ്ഥ പുരുഷാർത്ഥങ്ങളാല് സൃഷ്ടിക്കപ്പെട്ടതല്ലാത്തതിനാല് നിത്യവുമാണ്.ഹേതുഭാവം അലിംഗാവസ്ഥക്ക്(നിത്യം)ആണുള്ളത് ഇനിഒരുപുരുഷാർത്ഥഹേതുവാകാതിരിക്കുന്ന യോഗിയുടെ അവസ്ഥനാലിംഗാവസ്ഥയാണ്. വിഷയത്തിൽ വിഷയജ്ഞാനമല്ല, വിഷയിയിൽ വിഷയജ്ഞാനമാണ് അറിയപ്പെടുന്നതും ഉൽപ്പാദിപ്പിക്കപ്പെടുന്നതും . പുരുഷാർത്ഥതാകാരണം അലിംഗാവസ്ഥയിൽ അറിയുന്നു.അലിംഗാവസ്ഥ ശബ്ദിഉപഭോഗം ,സത്വപരുഷന്റെ അന്യതാഖ്യാതി, പുരുഷാർത്ഥനിവൃത്തി,ആ നിവർത്തനത്തിനായി നേടിയ സാമ്യാവസ്ഥ ഇവകളാലും, അതിനാൽപുരുഷാർത്ഥകാരണത്വം പുരുഷാർത്ഥത്തിലല്ല. പുരുഷാർത്ഥഹേതുവായ ജ്ഞാനത്തിലാണ്. ജ്ഞാനപ്രകാശത്തിലാണ്. ഉപസംഹരിക്കുന്നു. അനിത്യാവസ്ഥ 3 ലിംഗമാത്രാവിശേഷവിശേഷണത്തിലാണ്, പൂർവ്വസ്വരൂപം ദർശിച്ച്ഇന്ന സ്വരൂപം പറയുന്നു. അതിന്നുനിദർശനമായി ദേവദത്തനെ പറഞ്ഞു അത്യന്ത്യംഭിന്നമായ പശുവിന്റെ ഉപചയം , അപചയം എന്നിവയെ ദേവദത്തന്റെ ഉപചയാപചയഹേതു എന്ന് പറയുന്നത്. ഗുണങ്ങളിൽ ഭിന്നാഭിന്നമായ വ്യക്തികളില് ഉപജനാപായത്താൽ വരുന്ന നഷ്ടം പറയുന്നത്ഇവയൊക്കെ തുല്യമാണ്. സർഗഗക്രമം എന്തുകൊണ്ട് അനിയതമായി . ലിംഗമാത്രത്തിലാണ് അനിയതത്വം .ന്യാഗ്രോധം തന്റെ ബീജത്തിൽനിന്ന്ന്യാഗ്രോധവൃഷത്തെ ശാഖ,സാന്ദ്രശാദ്വലജഡിലശാഖ, കാണ്ഡസമൃതമായി സൂര്യന്റെ ഉഗ്രമായതാപമണ്ഡലം തൊട്ടാരംഭിച്ച്ഭൂമിയിലെ സലില, തേജസമ്പർക്കപരമ്പരയാല് ഉപജാതമായ അങ്കുരം, പത്രം, കാണ്ഡം, നാളം എന്ന ക്രമത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത് ഇത് യുക്തിയാലും ആഗമത്താലും സിദ്ധിക്കുന്നതിനാൽക്രമം ആസ്തി(ഉണ്ട്) എന്നറിയുക.ഭൂതേന്ദ്രിയാദികൾ അവിശേഷസൃഷ്ടമായിട്ടും അനിത്യമാണ് , ഇത് പ്രഥമസൂത്രത്തിൽ വിശദീകരിച്ചു . വിശേഷങ്ങൾക്ക് തത്വാന്തര പരിണാമം വരാതെ അപരിണാമിയായ സൂക്ഷാവസ്ഥയാണ് വിശേഷത്തിൽവെച്ച് വിശേഷം അതും നിത്യമാണ്.

സുവർണ്ണ:- ഏറ്റവും സൂഷ്മമായ പരമാണുവും ഏറ്റവും മഹത്തായ പ്രകാശമണ്ഡലവും നിത്യമാണ്. ഇത് റിലേറ്റിവ്സ്റ്റിക്ക് ആസ്ട്രോഫിസിക്സിന്റേയും ക്വാണ്ടം മെക്കാ

നിക്സിന്റേയും സമന്വയമായ ചിന്തയാണ്. ഗണിതത്തിന്റെ സങ്കീർണ്ണ ഭാഷ ഉപയോഗി ക്കാതെബയോനെർജിയുടെയും ബോധശാസ്ത്രത്തിന്റെയും ഭാഷയില് ഷഡ്ദർശങ്ങള് അതിനെപറയുന്നു.യോഗം അനുഭവിച്ചറിയാനുള്ള മാർഗമാണ്. ജ്യോതിശാസ്ത്രം അതിന്റെ മാത്തമറ്റിക്കൽ,എക്സെപരിമെന്റൽ, സയന്റിഫിക്, ലോജിക്കൽ സമവാക്യങ്ങളുടെ ഭാഷ യാണ്, പ്രപഞ്ചപ്രകാശാന്വേഷണത്തിൽ ഈ ഭാഷകളൊക്കെ ഉപയോഗിക്കണം. സംഗീ തശാസ്ത്രം, ബ്രഹ്മലിംഗമായ ആകാശം, ശബ്ദതരംഗങ്ങള്, അവയുടെ ഗതിഗമകാദിക ളായ കമ്പനസംഖ്യകൾ, അവയുടെ ആരോഹണാവരോഹണങ്ങൾ സ്വാനാഡിതലത്തിലും ബോധമണ്ഡലത്തിലും ഒപ്പം അനുഭവിച്ചറിയുന്നതിനുള്ള പ്രാക്ടിക്കൽ അദ്വൈതത്തിന്റെ രസശാസ്ത്രമാണ്. വേവ് മെക്കാനിക്സാണ്. ആൽക്കെമി, തൂക്കം അളവ്, കട്ടി രാസപ്ര വർത്തനം മുതലായവയുടെ ഉൽഭവം രസായനവിദ്യ എല്ലാം ഈ തത്വങ്ങൾക്കകത്തുനി ന്നുകൊണ്ടാണ് ഭാരതം നിർവഹിച്ചിട്ടുള്ളതെന്നതിനാല് ആ ശാസ്ത്രീയ സമീപനത്തിന്റെ സമന്വയാത്മകത. അതിന്റെ സൈദ്ധാതികവും പ്രായോഗികവുമായ കെട്ടുറപ്പ് എന്നിവ വളരെ ഏറെ പഠനം ആവിശ്യപ്പെടുന്ന മേഖലയാണ്.

20. പതഞ്ജലി- ദ്രഷ്ടാ.ദൃശിമാത്ര.ശുദ്ധോ അപി പ്രത്യായാനുപശ്യ

വ്യാസ:- ദൃശിമാത്രഎന്ന് ദൃക്ശക്തിയെ പരമാർശിക്കുന്നു. ദർശനത്തിന്റെ മാത്ര ദൃക്ശക്തി എന്ന വിശേഷണം ഓരോ പുരുഷബുദ്ധിയിലും പ്രതിസംവേദിയായിരിക്കു ന്നത് ബുദ്ധിയാൽ സ്വരൂപം അത്യന്ത്യവിരൂപമല്ല. എന്തുകൊണ്ട് ബുദ്ധിജ്ഞാതവും അജ്ഞാതവുമായ വിഷയത്വത്താൽ പരിണാമിത്വം ദർശിക്കാന് കഴിയും സദാ ജ്ഞാനവി ഷയത്വമായത് പുരുഷന്റെ അപരിണാമിത്വമാണ്.അത് സദാ ദീപം പോലെ ഭാസിക്കുന്നു. അതിനെഗ്രഹിക്കാൻ പരിണാമിയായ ബുദ്ധിക്ക് സാദ്ധ്യമല്ല .വിഷയത്വം അപരിണാമിത്വമാ കയാലാണ് പരിണാമിനിയായ ബുദ്ധിക്ക് അത് പ്രയാസമായത് പരമാർത്ഥമായബുദ്ധി ഓ രോന്നായി ഗ്രഹിച്ച് സംഹരിച്ചുകൊണ്ടിരിക്കുന്നു.സ്വാർത്ഥനായ പുരുഷനെ ഗ്രഹിക്കാനോ ഇല്ലാതാക്കാനൊ അതിനാവില്ല. ബുദ്ധിക്കതീതമാണ് പുരുഷന് അതിനാൽ സർവ്വാർത്ഥങ്ങ ളെയും അദ്ധ്യാവസായം ചെയ്യുന്ന ത്രിഗുണാത്മികയായ ബുദ്ധി തന്റെ ത്രിഗണത്വത്താൽ അചേതനം തന്നെയാണ്. സർവ്വഗുണങ്ങൾക്കും ദ്രഷ്ടാവ് പുരുഷൻമാത്രമാണ്. അതിനാൽ അത് പുരുഷ്യന് സരൂപമല്ല.(സമാനരൂപമല്ല) ബുദ്ധി രൂപമില്ലാത്തതും (വിരൂപം)അല്ല. അത് അത്യന്തം വിരൂപമാണ്.ശുദ്ധമായ ധീ യിൽഅസൌ എന്ന് പ്രത്യയത്തെ ഞാനാണ് എന്ന് അനുപശ്യമാകാൻ (വീണ്ടും ദർശിക്കാൻ) ഉള്ള ദർശനശക്തിയെ ബൌദ്ധം അനുപശ്യമാക്കുന്നുണ്ട്. അങ്ങനെ അനുപശ്യമാകുമ്പോൾ തദാത്മകമായി പ്രതിഭാസിക്കു ന്നു. അപരിണാമമിനിയും അപ്രതിസംക്രമിയുമായഭോക്തൃശക്തി തന്നെയാണ് പരിണാമി നിയായി പ്രതിസംക്രാന്തിയായി ആ വൃത്തിയിലേക്ക് അനുപതിച്ചതെന്നും അവിടന്ന്ചൈ തന്യോപഗ്രഹരൂപത്തിൽ വീണ്ടും വീണ്ടും അതിനെ അനുവൃത്തി ചെയ്ത് ജ്ഞാനവൃത്തി യില് ഏർപ്പെട്ടിരിക്കുന്നതെന്നും ഗ്രഹിക്കാനാവുന്നുണ്ട്.ഈ അനുകാരമാത്ര അഥവാ ദൃശി മാത്രകൊണ്ട് ബുദ്ധിക്ക് സ്വയംഒരു ദൃശ്യമായി വിചാരിച്ച് അളക്കാൻ കഴിവുണ്ട്. ഈ കഴി വിനെ അഥവാ ദർശനമാത്രയെ ബുദ്ധിഗ്രഹം അഥവാദർശന ശക്തി എന്ന് വിളിക്കുന്നു.

വാചസ്പതി:- ദൃശ്യം ,ദ്രഷ്ടാവ് എന്നീ സ്വരൂപാവധാരണത്തിനുള്ള വ്യാഖ്യാനം ആരംഭിക്കുന്നു.ദ്രഷ്ടാവ് ദർശനത്തിന്റെ ഒരു മാത്രയാണ്. ശുദ്ധവും പ്രത്യയങ്ങളാൽ അന

പശ്യമുമാണ്.വിശേഷണങ്ങൾ അതിന്റെ ധർമ്മങ്ങളായി പരമാർശിക്കുന്നു. ദർശനം എന്ന ധർമ്മം ദ്രഷ്ടാവിന്റേതാണ്.അതിനാൽ മാത്രാഗ്രഹണത്തിലുള്ള താൽപ്പര്യം ദർശിക്കണം. ശബ്ദാദികളാൽദ്രഷ്ടമായസകലവും വിശേഷണരഹിതമായി ദൃക്ശക്തിഅഥവാ ദർശനമാത്രാ മാത്രമാണ്ദർശിക്കുന്നവന്റെ ദർശനത്തെ സ്പർശിക്കാതെ ഒരു ദർശനത്തിനും അസ്തിത്വമില്ല.ദർശകന് പുരുഷനെന്നറിയുന്ന ആത്മാവാണ് .ബുദ്ധിദർപ്പണത്തില് പുരുഷപ്രതിബിംബസംക്രാന്തിയാണ് പുരുഷൻമാരെ ബുദ്ധിപ്രതിവേദിസംവേദിതത്വം. അപ്രകാരം ബുദ്ധിയിൽ ഛായ സൃഷ്ടിച്ച ശബ്ദാദികളുടെ ദൃശ്യം ഉണ്ടാകുന്നു. ബുദ്ധിചൈതന്യങ്ങളുടെ ഐക്യം പരമാർത്ഥത്തിലില്ല. ചൈതന്യമായ ബുദ്ധിയിൽ പതിച്ച് അത് ബുദ്ധിയുടെ സ്വരൂപമെന്ന് തോന്നുകയാണ്.സാരൂപ്യവും വൈരൂപ്യവും നിഷേധിച്ചു സഹേതുകംവൈരൂപ്യഹേതുവെ ജ്ഞാനമെന്ന് വ്യാഖ്യാനിക്കുന്നു. പരിണാമിനിയായ ബുദ്ധി അസ്മാദ് തസ്മാദ് എന്ന് രണ്ട് രൂപമുണ്ട്.

സുവർണ്ണ:- ബ്രഹ്മസൂത്രം അസ്മദ് ,യുഷ്മദ് പ്രത്യയങ്ങളിൽനിന്നാണ് ചർച്ച ആരംഭിക്കുന്നതുതന്നെ.

വാചസ്പതി:- ശബ്ദാദ്യാകാരമായി ഭവിക്കുന്നത് ശബ്ദാദിലക്ഷണങ്ങളാല് ജ്ഞാതവിഷയമായി തീരുന്നു അതുതന്നെ അകാരത്വത്താൽ അജ്ഞാതവുമാണ്,ആകാരത പരിണാമിനിയായതുകൊണ്ടാണ് ബുദ്ധി അതിനാൽ പുരുഷനുമായി സാരൂപ്യമോ വൈരൂപ്യമോ ഉള്ളതല്ല. അതിന്റെ ധർമ്മം പുരുഷധർമ്മത്തിന് വിരുദ്ധവുമാണ്. പുരുഷകേവലവും സദാജ്ഞാനവും ജാഞാനവിഷയവും (ജ്ഞേയം) ജ്ഞാതവുമാണ് ബുദ്ധി അങ്ങനെയല്ല നിരോധാവസ്ഥയിൽ മാത്രമേ അതിനു പുരുഷനെ ഗ്രഹിക്കാനാവൂ . മററു സമയങ്ങളിൽബുദ്ധിഗ്രഹണം പുരുഷന്റെ കൂടെ. (സഹസംഭവം) സംഭവിക്കുകയില്ല. പുരുഷൻ അപരിണാമിബുദ്ധി പരിണാമി. ശ്രോത്രാദിവ്യതിരേകീഹേതു. സദാ സംപ്രജ്ഞാതമായി വ്യുത്ഥാനാവസ്ഥയില് ജ്ഞാനസംബന്ധിയായിരിക്കുമ്പോൾ മാത്രമേ ബുദ്ധിപുരുഷനെ ഗ്രഹിക്കാന് സമർത്ഥമാകുന്നുള്ളൂ. അല്ലാത്ത സമയത്തെല്ലാം വൈധർമ്മ്യത്തിലാണ്. ബുദ്ധിക്ലേശകർമ്മവാസനാദികളും വിഷയേന്ദ്രീയങ്ങളും സംഹരിച്ച് പുരുഷാർത്ഥം നിവർത്തിക്കുന്നത് പരാർത്ഥമാണ് .(പുരുഷനുവേണ്ടി),പ്രയോഗങ്ങൾപരാർത്ഥോ ബുദ്ധി- എന്നതിനാൽ സംഹത്യകാരിത്വമുള്ളയാണ്.ശയനം ആസനം അഭ്യംഗം തുടങ്ങി സർവ്വവും സർവ്വം പുരുഷനുവേണ്ടിയാണ്.പുരുഷന്റെ ചിതി അഥവ ചൈതന്യമാണ്.വൈധർമ്മയാന്തരമാണ്. ഘോര, മൂഢ, ശാന്താകാര പരിണാമം സത്വരജസ്തമസ്സിന്റെ പരിണാമം ഇവയെല്ലാം ത്രിഗുണമായ ബുദ്ധിക്കാണ്. ,പുരുഷനില്ല. ഗുണങ്ങൾ പുരുഷനില് പ്രതിബിംബിച്ചു ദർശിക്കുന്ന ബുദ്ധിപ്രതിബിംബങ്ങളാണ്. അല്ലാതെ പുരുഷന്റെ രൂപപരിണാമമല്ല.

അത്യന്ത്യവിരൂപം- ശുദ്ധം എന്ന പ്രത്യയംപുരുഷനുണ്ട് . ആത്മാവിന്റെ ഭോക്തൃശക്തി അപരിണാമിയാകയാല് അതിനുപുരുഷനുമായി സാരൂപ്യമുണ്ടാകണം . പ്രതിസംക്രമം പരിണാമരൂപം മുതലായ വൃത്തികൾ ബുദ്ധിക്കുണ്ട് ഇവ പുരുഷനില്ല. സംക്രാന്തവൃത്തിഉണ്ടെങ്കിലേ പതനം സംഭവിക്കുകയുള്ളൂ .ചൈതന്യോപഗ്രഹത്തെ പ്രാപിച്ച് അതിനോടുള്ള ഉപരാഗത്തില് അതിന്റെ രൂപമെടുത്ത് ബുദ്ധിസംക്രമിക്കുന്നു. ഏപ്രകാരം നിർമ്മലജലത്തില് ചന്ദ്രമാസംക്രാന്തമാകുന്നുവോ , അതുപോലെ സംക്രാന്തി എന്നത്

സംക്രാന്തപ്രതിബിംബം മാത്രമായിട്ടാണ്. അസംക്രാന്തമായ ചിതിശക്തിയുടെ സംക്രാന്തപ്ര തിബിംബം,എന്നാൽ ബുദ്ധിക്ക് അത് ഗ്രഹിക്കാന് ബുദ്ധിവൃത്തിയുടെ അനുപതനം വേണം

സുവർണ്ണ:- സൂര്യന് 12 രാശിയിലേക്ക് സംക്രാന്തി ചെയ്യുന്നില്ല. സംക്രമിക്കുന്നില്ല. പ്രതിബിംബം അഥവാ പ്രതീതി തോന്നിക്കുന്നേ ഉള്ളൂ.അങ്ങനെയല്ലാതെ ജഡബുദ്ധിക്ക് ചൈതന്യത്തെ ഗ്രഹിക്കാനാവില്ല .അതിനാൽജഡബുദ്ധി സൂര്യനെ സംക്രമിക്കുന്നു എന്ന് സങ്കൽപ്പിക്കുന്നു.തന്നിലേക്ക് സൂര്യനെ സംക്രാന്തം ചെയ്യുന്നതായി അനുപതനമുള്ള തായി പഠിക്കുന്നു. ഇതൊരുപഠനരീതിയാണെന്ന അറിവുണ്ടായാൽ മതി. ഭൂമിയിൽ ഇരി ക്കുന്ന മനുഷ്യർഅങ്ങനെ സങ്കൽപ്പിക്കുന്നത് എളുപ്പത്തിൽ പഠിക്കുന്നതിനാണ്.

വാചസ്പതി:- ഇപ്രകാരമാണ് ബുദ്ധി ദർശനത്തെ അനുദർശനം(പശ്യതി, അനുപ ശ്യതി)ചെയ്യുന്നത്.

21. പതഞ്ജതി:- തദർത്ഥം ഏവ ദൃശ്യസ്യാത്മാ

വ്യാസ:- ദൃശ്യരൂപത്തില് പുരുഷന്റെ കർമ്മരൂപത വരുന്നതാണ് ദൃശ്യം. ദൃശ്യം തന്നെയാണ് ആത്മസ്വരൂപമായി ഭവിക്കുന്നത്.സ്വസ്വരൂപംതന്നെ പരരൂപേണ പ്രതിലബ്ധ ത്മായി ഭോഗാപവർഗ്ഗത്തിനായി പുരുഷനാല് ദർശിക്കപ്പെടുന്നതാണ് പ്രപഞ്ചം. ഇവിടെ സ്വരൂപനാശമില്ല. അവിനാശിയാണ് പുരുഷൻ.

വാചസ്പതി:- ദൃഷ്ടദൃശ്യങ്ങളുടെ സ്വരൂപം പറയുന്നു. സ്വസ്വാമിലക്ഷണസംബ ന്ധമായ അംഗം ദൃശ്യത്തിന്റെ ദ്രഷ്ടാർത്ഥത്വംആകയാൽ, ദൃശ്യം ആത്മാവ് തന്നെയാ ണ്. ദൃശ്യരൂപങ്ങളിൽ ഭോഗം അനുഭവിക്കുന്ന ഭോക്താവ് പുരുഷൻ ഭോക്താവിന്റെ കർമ്മ രൂപത്തിൽ നിന്നാണ് ഭോഗ്യത ഉണ്ടാവുന്നത്. ഈ ഭോഗ്യത അഥവാ ഭോഗ്യപദാർത്ഥം വിഭൂതിയാണ് ദൃശ്യം അത് ഭോക്താവും ദ്രഷ്ടാവുമായ പുരുഷന്റെ ഭുക്തി. കാഴ്ച ഇവക്കാകയാൽ അവ ആത്മാർത്ഥമായി സൃഷ്ടിക്കപെട്ട സ്വരൂപം തന്നെയാണ്. ദൃശ്യ മായ ഭോഗം (പ്രപഞ്ചം, ശരീരം) സുഖദുഃഖാത്മകമാണ്. സുഖദുഃഖങ്ങളിൽ അനുകൂല പ്രതികൂലതകൾ വ്യവതിഷ്ഠമായിരിക്കുന്നു. വിഷയങ്ങളും ശബ്ദാദികളാൽ താദാത്മ്യ ത്താല് അനുകൂലവും പ്രതികൂലവുമായിരിക്കുന്നു. ആത്മാവില് അനുകൂലനീയം പ്രതി കൂലനീയം എന്ന് വ്യത്യാസമില്ല. സ്വാത്മനിവൃത്തി വിരോധത്താൽ പരിശേഷ്യത്തിൽ ചിതിശക്തിയാണ് അനുകൂലനീയം പ്രതികൂലനീയമെന്നും കാണുന്നത്. അതിനാൽ ചിതി ശക്തിക്കുവേണ്ടിയാണ് ദൃശ്യം. ദൃശ്യത്തിനുവേണ്ടിയല്ല. ചിഛക്തിയാകട്ടെ ആത്മാവിന്റെ ദൃശ്യാർത്ഥം. (ഭോഗാർത്ഥം) ആണ്. അതിനാൽ ഏതൊരാള് ചിതിശക്തിസ്വരൂപമായ പുരു ഷാർത്ഥത്തെ അനുവർത്തിച്ച് മററു പുരുഷാർത്ഥങ്ങളിൽനിന്ന് നിവർത്തിക്കുന്നു. ആ യോഗി സ്വസ്വരൂപം പ്രാപിക്കുന്നു.സ്വരൂപം ദൃശ്യത്തിന് ജഡമാണ്.പുരുഷന് ചൈതന്യ വും. സർവ്വ വസ്തുക്കളും ചൈതന്യസ്വരൂപമായപുരുഷന് പ്രതിലംബാത്മകമായി അനു ഭൂതി വിഷയമാകുന്ന ഭോഗാപവർഗ്ഗങ്ങളാണ് .ഭോഗത്തിന് സുഖത്തിന്റെ ആകാരം ശ ബ്ദാദികളുടെ അനുഭവം.അപവർഗ്ഗം സത്വപുരുഷന്റെ അന്യതാനുഭവം.ജഡബുദ്ധിയിൽ പുരുഷചൈതന്യമായ ഛായ പതിക്കുമ്പോളാണ് ബുദ്ധിക്ക് അനുഭവം. അതിനാൽ ബുദ്ധി യിടെ ഭോഗാനുഭവമെല്ലാം പുരുഷന്റേതാണ്.

സുവർണ്ണ:- ഭൂമിയില് സൂര്യചന്ദ്രാദികളുടെ പ്രകാശം വീഴുന്നത് ഭൂമിയുടെ ഭോഗാ നുഭവമല്ല. സൂര്യന്റെ ഭോഗാനുഭവമാണ്.

വാചസ്പതി:- പുരുഷഭോഗാപ വർഗ്ഗത്തിനാണ് സർവ്വദൃശ്യപ്രപഞ്ചവും. പിന്നെഎപ്രകാരം പുരുഷനു സ്വരൂപഹാനിവരും പുരുഷൻ അവിനാശിയാകയാല് സ്വരൂപഹാനി ഒരിക്കലും സംഭവിക്കില്ല

സുവർണ്ണ:- ചൈതന്യം ഒരിക്കലും നശിക്കുന്നില്ല.എനർജ്ജി അവിനാശിയാണ്. ലോ ഓഫ് കൺസർവേഷൻ ഓഫ് എനർജ്ജി-(Law of conservation of energy. Energy is inexhaustible) അനന്തംഅനാദി ഊജ്ജരാശി.

22. പതഞ്ജലി:- കൃതാർത്ഥംപ്രതിനഷ്ടമപ്യനഷ്ടം തദന്യസാധാരണത്വാത്

വ്യാസ:- ഒരു പുരുഷന്റെ കർമ്മത്താലുണ്ടായ നഷ്ടം അനഷ്ടം (ലാഭം) എന്നിവ അന്യപുരുഷസാധാരണത്താൽകാണുന്നു.കുശലപുരുഷൻ നാശം പ്രാപിച്ച് അകുശല പുരുഷന് ലാഭം പ്രാപിച്ച് കൃതാർത്ഥനാകുന്നത് ദൃശ്യമാകാറുണ്ട്. കർമ്മം അഥവാ കർമ്മ വിഷയത എന്നിവയല്ല ലാഭകാരണം പരരൂപേണ ഇരിക്കുന്ന ആത്മരൂപമാണ്. ദൃക്ദർശനശക്തികളുടെ നിത്യത്വം, ആദ്യനാദിസംയോഗം എന്നിവകൊണ്ട് ഇതിനെ വ്യാഖ്യാനിക്കാം ധർമ്മികളുടെ അനാദിസംയോഗത്തിലുണ്ടാകുന്ന ധർമ്മമാത്രകളെ അനാദിസംയോഗബന്ധമായി അറിയുന്നു.

വാചസ്പതി:- എന്തുകൊണ്ട് പുരുഷന് അവിനാശിയായി . അതിനുത്തരം പറയുന്നു. കൃതാർത്ഥമായ പുരുഷനെ സംബന്ധിച്ച് നഷ്ടമോ ലാഭമോ ഇല്ല. എന്തുകൊണ്ടെന്നാൽ സർവ്വപുരുഷൻമാരുടെയും കുശല ,അകുശല കർമ്മങ്ങളുടെയുംലാഭനഷ്ടങ്ങൾ സാധാരണങ്ങളാണ്.അസാധാരണപുരുഷന്റെ കൃതാർത്ഥതയെ അവയൊന്നും സ്പർശിക്കുന്നേ ഇല്ല. ആ കൃതാർത്ഥതയില് നാശമില്ല, ലാഭമില്ല നഷ്ടമില്ല.

സുവർണ്ണ:- ഭാസ്കരാചാര്യന്റെ ഖഹരനിർവ്വചനം, പൂജ്യം പൂർണ്ണം, സീറോ ഇവയുടെ നിർവ്വചനങ്ങളെന്നിവ നോക്കുക. (സുധാസിന്ധു 2003)

വാചസ്പതി:- ചൈതന്യമാണ് അതിന്റെ രൂപം. അത് ശ്രുതി, സ്മൃതി. ഇതിഹാസ പുരാണ പ്രസിദ്ധമായ അവ്യക്തവും അനവയവവും ഏകവും അനാശ്രയവും വ്യാപിയും നിത്യവുമായ വിശ്വകാര്യശക്തിയാണ്. പ്രപഞ്ചത്തിന്റെ നിയമശക്തിയാണ്. അതിൽ കുശലനായ പുരുഷനാണ് കൃതാർത്ഥൻ. ആ കുശലന് ഇനിയൊന്നും കാണാനില്ല. നഷ്ടപ്പെടാനുമില്ല. അകുശലനാകട്ടെ കുരുടനെപ്പോലെ ഒന്നും കാണാനുമില്ല. രണ്ടുപേർക്കും ദൃശ്യത്തിന്റെ അഭാവപ്രാപ്തിയുണ്ട്. ഒന്ന് ചക്ഷു ഇല്ലാത്തതിനാലാണ്.(നഷ്ടം) മറ്റേത് അന്തർശ്ചക്ഷു ലഭിച്ചതിനാലും (ലാഭം) ഏകമായത് നാനാരൂപമെടുത്ത് ജന്മ മരണസുഖ ദുഖോപയോഗം എന്ന സംസാരവ്യവസ്ഥയും അതിൽനിന്നുള്ള മുക്തിയും അനുഭവിച്ചുകൊണ്ടേ ഇരിക്കുന്നു. ശ്രുതികളിൽ ഏകത്വമാണ് പ്രമാണാന്തരവിരോധത്താല് ദേശകാലവിഭാഗഭാവത്തില് ഭക്തമായി നാനാത്വമായി ഉപപത്തമാകുന്നതും, പ്രകൃത്യാ ഏകത്വമുള്ള പുരുഷൻ നാനാത്വമായി കാണപ്പെടുന്നത് സാക്ഷാൽ ശ്രുതിതന്നെ പ്രതിപാദിച്ചിട്ടുണ്ട് ശ്വേതശ്വേതരത്തിൽ(4.5) അജാമേകാംലോഹിതാ എന്ന മന്ത്രംസൂത്രം18ന്റെ വ്യാഖ്യാനത്തിൽ പറഞ്ഞത് ഓർക്കുക. യോഗത്താൽ വ്യാഖ്യാനിക്കപ്പെട്ട പുരുഷന് അഥവാ ജ്ഞാനിയുടെ ആത്മാവിന് ലാഭനഷ്ടങ്ങളൊ സുഖദുഖങ്ങളൊ മറ്റു ദ്വന്ദ്വങ്ങളൊ ക്ലേശമോ തരുന്നില്ല. അവിടെ സാക്ഷിയായി നിന്ന് ദർശിക്കല് മാത്രമാണ് ഭോഗം.

ഇത് ആഗമാനുമതിയുള്ള തത്വമാണ്. ധർമ്മികൾക്ക് ഗുണങ്ങളുടെ ആത്മാവിലെ അനാദി സംയോഗധർമ്മമാത്രയാല് മഹാദാദികളുടെ അനാദി സംയോഗമുണ്ട്. മഹാദാദികളിൽ ഏകകൈകളായി (ഒന്നൊന്നായി) സംയോഗം അനാദിയെങ്കിലും അനിത്യമാണ്. എന്നാൽ മഹാദാദികൾക്ക് ദിവ്യപുരുഷനുമായുള്ള അനാദിസംയോഗം ധർമ്മമാത്രവും നിത്യവുമാണ് .മാത്രാഗ്രഹണം കൊണ്ട് വ്യാപ്തി ഗമിക്കപ്പെടുന്നു.

സുവർണ്ണ:- മാത്ര എന്നത് അളവിന്റെ ,മാനത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ്-അതിനാൽ സർവ്വത്തിന്റെ വ്യാപ്തിയും അളക്കാം താണ്ടാം ആകാശഗമനം ചെയ്യാം.

വാചസ്പതി:- ഏകമായപുരുഷനും മഹത്തുമായ അനാദിസംയോഗമെന്നാൽ അതീതയുടെഗ്രഹണമാണ് മഹദന്തരസ്ഥമായ പുരുഷനുമായിഅനാദി,അനന്തമായ അതീതമായ നിത്യമായ സംയോഗമാണ്. അനുഭവിച്ചവന് ലൗകികാർത്ഥത്തിലുള്ള ദ്വന്ദ്വങ്ങളൊന്നുമില്ല അവൻമാത്രമാണ് യഥാർത്ഥത്തില് കൃതാർത്ഥൻ.

23. പതഞ്ജലി:- സ്വസ്വാമിശക്ത്യാഃ സ്വരൂപോ പലബ്ധിഹേതുഃസംയോഗഃ

വ്യാസ:- സംയോഗസ്വരൂപത്തെ പറയുന്നു. പുരുഷൻസ്വാമി, സ്വയംദർശനാർത്ഥമായി ദൃശ്യത്തോട്`സംയോഗിക്കുന്നു. ഈ സംയോഗത്താൽ ദൃശ്യത്തിന് ഭോഗം ഉപലബ്ധമാകുന്നു.ദ്രഷ്ടാവിന്റെ ഉപഭോഗലബ്ധിക്ക് ഹേതുവാണ്.സംയോഗം.ദർശനകാര്യാവസാനത്തില് സംയോഗം വിയോഗകാരണമാകുന്നു. ദർശനം,അദർശനംഇവയില് പ്രതിദ്വന്ദ്വീതിദർശനം സംയോഗനിമിത്തമാണ് എന്ന് പറയുന്നു. ദർശനമല്ല മോക്ഷകാരണം അദർശനത്തിന്റെ അഭാവം ബന്ധത്തിന്റെ അഭാവം അതാണ് മോക്ഷം ദർശനത്തിന്റെ ഭാവത്തില് ബന്ധകാരണത്തിന്റെ അദർശനത്തെനാസമെന്നുള്ള ദർശനജ്ഞാനമാണ് കൈവല്യകാരണം (അദർശനം-ബന്ധഭാവം-ബന്ധകാരണദർശനം എന്ന ദർശനജ്ഞാനം-കൈവല്യ-മോക്ഷം) എന്തുകൊണ്ട് അദർശനമെന്നനാമം ഗുണങ്ങൾക്ക്എന്താണധികാരം സ്വാമിയാൽ ദർശിതമായവിഷയങ്ങളില്ദൃശ്യരൂപങ്ങളിൽ പ്രധാനചിത്തത്തില് അനുത്പാദമായ സ്വദൃശ്യത്തിന്റെ ദർശനഭാവത്തെ എങ്ങനെ അറിയാം ഗുണങ്ങൾക്ക് എന്താണ് അർത്ഥവത്തായുള്ളത്. അവിദ്യ സ്വചിത്തത്തോടൊപ്പം നിരുദ്ധമായാൽസ്വചിത്തത്തിന്റെ ഉൽപ്പത്തീബീജമെന്ത്? സ്ഥിതി സംസ്കാര ക്ഷയത്തിൽ ഗതി സംസ്കാരത്തിന്റെ അഭിവ്യക്തി എങ്ങനെ ഉണ്ടാവുന്നു. ഇവ പറയുന്നു. പ്രധാനം വർത്തമാനത്തില് സ്ഥിതിചെയ്യുമ്പോള് വികാരകാരണാധികൾ അപ്രധാനമാണ്. അതുതന്നെ വർത്തമാനത്തിൽ ഗതിശീലമാവുമ്പോള് വികാരനിത്യത്വം അപ്രധാനമാകുന്നു. ഉഭയം(രണ്ടും ചേർന്ന) ആണ് അതിന്റെ പ്രവർത്തി ഇപ്രകാരം പ്രധാനത്തിന്റെ വ്യവഹാരം ലഭിക്കുന്നു. (സ്ഥിതിയും ഗതിയും ചേർന്നത്)അങ്ങനെയല്ലാതെ വ്യവഹാരം അറിയാനാവില്ല. കാരണാന്തരത്തിലും കല്പിതത്തിലും ചര്യസമാനമാണ്.

സുവർണ്ണ:- ഭൂകേന്ദ്ര സ്ഥിതി ഭൂമിയുടെ സ്ഥിതി സംസ്കാരത്തിൽ നിന്നുകൊണ്ടുള്ള വ്യവഹാര പദമാണ്. ഗതിസംസ്കാരത്തിലുള്ള ഭ്രമണശീലം അഭിവ്യക്തമാവുന്നത് സൂര്യകേന്ദ്ര വ്യവസ്ഥയിലാണ്. പഠനസൗകര്യത്തിന് സ്ഥിതി സംസ്കാരത്തിൽ തുടങ്ങി ഗതി സംസ്കാരത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കണം. ഇത്തരം പഠനക്രമങ്ങളെ ബുദ്ധി കുറഞ്ഞവരാണ് അജ്ഞതയായി തെറ്റിദ്ധരിച്ചത്.

വ്യാസ:- ദർശനശക്തിയെ തന്നെ അദർശനമെന്നും പറയുന്നു. പ്രധാനത്തിന് ആത്മ വ്യാപനാർത്ഥമാണ് പ്രവർത്തി എന്ന് ശ്രുതി. സർവ്വബോദ്ധ്യബോധസമർത്ഥമായ പ്രാക്പ്ര വൃത്തത്തിൽ(പൂർവ്വചരിത്രം, പൂർവ്വപ്രവൃത്തി) പുരുഷനെ ദർശിക്കാനാവില്ല. സർവ്വകാ ര്യകാരണസമർത്ഥമായ ദൃശ്യവും അപ്രകാരം ദർശനീയമാവുന്നില്ല. രണ്ടിലും അദർശനം ധർമ്മം. ദൃശ്യത്തിന് സ്വാത്മഭൂതമായി പുരുഷപ്രത്യയാപേക്ഷിതമായ ദർശനം ദൃശ്യ ധർമ്മത്വമായി ഭവിക്കുന്നു. അതു പോലെ പുരുഷന് ആത്മഭൂതമായ ദൃശ്യപ്രത്യയാപേ ക്ഷമായ പുരുഷധർമ്മത്വത്താല് ദർശനവും അവഭാസിക്കുന്നു. ഇതിനാൽ ദർശനജ്ഞാനം അദർശനമാണെന്ന് പറയുന്നു. ഇത് ശാസ്ത്രഗതമായ വികല്പമാണ്. ഇത്തരം വിക ല്പബഹുത്വങ്ങൾ സർവ്വവും പുരഷനോട് ഗുണങ്ങളുടെ സംയോഗത്താല് സംഭവിക്കുന്ന സാധാരണ വിഷയങ്ങളാണ്. അതിൽ അസാധാരണത്വമില്ല.

വാചസ്പതി:- സംയോഗകാരണം പറയുമ്പോള് പ്രാസംഗികമായി പ്രധാന നിത്യ ങ്ങളുടെ സംയോഗം സാമാന്യനിത്യത്വഹേതുവായി പറയുന്ന സംയോഗങ്ങളുടെ സ്വരൂ പത്തിന്റെ അസാധാരണ വിശേഷമായി പറയുന്നു. സാമാന്യസംയോഗഹേതുക്കളിൽ സാധാരണത്വമേ ഉള്ളൂ. പ്രധാനപുരുഷസംയോഗമെന്ന നിത്യമായ വിശേഷത്തിലാണ് അസാധാരണത്വം. സ്വസ്വാമി, ശക്തി ഇവയുടെ സരൂപമായ ഉപലബ്ധി ഹേതുവായി അവയുടെ സംയോഗം നടക്കുന്നു. ദൃശ്യത്തിന് അതിന്റെ സരൂപവും അതിനാൽ ഭജിക്ക പ്പെട്ടതും (ഭജമാനം,രണ്ടർത്ഥം. ഭജനത്തിൽ അർദ്ധം എന്നർത്ഥം. ഭജിക്കപ്പെട്ടത് പ്രാർത്ഥി ക്കപ്പെട്ടത്, അർദ്ധനാരീശ്വരൻ.) ആയ പുരുഷൻ സ്വാമിയായി ഭവിക്കുന്നു. ദൃശ്യം തന്നെ യാണ് പുരുഷന്റെ സ്വം. അവരുടെ സംയോഗം ശക്തിമാത്രകൊണ്ട് മാത്രം വ്യവസ്ഥിത മാണ്.. ശക്തിമാത്രാവ്യവസ്ഥിതമാണ്. ആ സ്വരൂപോബലബ്ധിഹേതു. ശക്തിമാത്ര യാൽ പുരുഷൻ പ്രകാശിക്കപ്പെടുന്നു. പുരുഷ(സ്വാമി)യോഗ്യതാമാത്രേണ ദൃശ്യം തന്റെ സംയോഗ്യതാദർശനം ചെയ്യുന്നു. ദ്രഷ്ടാവിന്റെ സ്വരൂപോപലബ്ധി അപ്രവൃജ്യമാവു ന്നത് അപവർഗ്ഗം. അത് മോക്ഷസാധനമല്ല. ദർശനകാര്യാവസാനത്തില് അതിൽ നിന്ന് മോക്ഷം പ്രാപിക്കുന്നത് വിയോഗം അഥവാ ച്യവനം പ്രാപിക്കുന്നതാണ്. സത്യത്തില് മോക്ഷം. ദർശനകാര്യാവസാനത്തില് അതിൽ നിന്ന് ബുദ്ധിവിശേഷം പുരുഷവിശേഷ വുമായി സംയോഗം ചെയ്ത് ദർശിച്ച ശേഷം വിയോഗിക്കുന്നു. പുനർദർശനകാര്യാവ സാനത്വം സംയോഗത്തിലില്ല എങ്കിൽ അത് ദർശനമാണ്. ഇനി ദർശനമില്ല എന്ന വിപ്ര ലംഭാവസ്ഥ (വിരഹം) വന്നാലേ അദർശനമാവൂ. അദർശനം അവിദ്യാസംയോഗനിമി ത്തമാവണമെന്നില്ല. ദർശനവും തമ്മിലുള്ള വിരോധി അവസ്ഥ നിവർത്തിക്കാൻ കഴി യും. ബന്ധത്തിൽ നിന്നെങ്ങനെ നിവർത്തി, ദർശനത്താല് ബുദ്ധി മുതലായവയായി വിഭജിക്കപ്പെട്ട ആത്മാവിന്റെ സ്വരൂപാവസ്ഥ മോക്ഷമാണ്. അതിന്റെ സാധനം ദർശന വുമാകാം. അദർശനനിവൃത്തിയുമാകാം. അസാധാരണസംയോഗഹേതു അദർശനവി ശേഷം. അത് ഗ്രഹിക്കുമ്പോൾ അദർശനമാത്രമാണ് വികല്പം. സർവ്വദർശനത്തിലും ഉദാസിനമാണത്. അവിടെ ഗുണങ്ങൾക്ക് അധികാരം കാര്യാരംഭണസാമർത്ഥ്യം ഒന്നു മാത്രമാണ്. അതിനാൽ സംയോഗം സംസാരഹേതുവായി അറിയുന്നു. സർഗ്ഗത്തെ പ്രതിഷേധിക്കുന്നതിനെ ഗ്രഹിക്കുമ്പോഴാണ് രണ്ടാമത്തെ വികല്പം ശബ്ദാദികളായ ദർശിതവിഷയങ്ങള് സത്വപുരുഷാന്യതയാലും ചിത്തത്താലും അതിന്റെ വിഷയങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്നു. സത്വപുരുഷാന്യതയാൽ ഓരോരോ വിഷയത്തിലും അതാതിന്റെ

പ്രധാനവിഷയി വിചേഷ്ടിക്കുന്നു. അതിനാൽ രണ്ടുവിധം ദർശനം ഉണ്ടാവുന്നു. ഉഭയ ദർശനം നിഷ്പാദിതമാവുന്നു. കൂടാതെ ഉദാസീനമെന്ന മൂന്നാമതൊരു വികല്പവും ഉണ്ട് അവിടെ. (വിദ്യ) സത്കാര്യവാദസിദ്ധിയിലും ഭാവിക്കുന്നതില് ഭോഗാപവർഗ്ഗങ്ങളെ അവ്യപദേശിക്കുകയാല് ഉദാസീനത എന്ന നാലാമതൊരു വികല്പം അവിദ്യാരൂപത്തി ലുണ്ട്. പ്രതിസർഗ്ഗകാലത്ത് സ്വചിത്തത്താല് സഹനിരുദ്ധമായ പ്രധാനസാമ്യം വന്ന്, വാസനാരൂപത്തിൽ സ്വചിത്തോല്പത്തിബീജം ഉണ്ടാവുന്നു. ദർശനത്തിന് അന്യമായ അവിദ്യവാസനയും അദർശനമെന്നാണ് പറയുന്നത്. ഉദാസീനമായ അഞ്ചാമതൊരു കല്പം പറയാം. സ്ഥിതിസംസ്കാരങ്ങളുടെ പ്രധാനവൃത്തികളുടെ സാമ്യപരിണാമങ്ങ ളുടെ പരമ്പരാവാഹികളുടെ ക്ഷയത്താല് ഗതി ഉണ്ടായി മഹദാദിവികാരാരംഭം, അതിന്റെ ഹേതു, സംസ്കാരപ്രധാനത്തിൽ ഗതിസംസ്കാരത്തിന്റെ അഭിവ്യക്തി, മുന്നോട്ടഭിമുഖത്വം മുതലായവ അതിന്റെ ഉഭയസംസ്കാരസദ്ഭാവത്തിൽ മതാന്തരാനുമതി പറയുന്നു. ഇതിൽ ഐകാന്തികത്വം വ്യാസാദികളില് ധീയില് ജനിക്കുന്നു.

സുവർണ്ണ:- ശക്തിമാത്ര എന്നാൽ യൂണിറ്റ് ഓഫ് എനർജ്ജി. അതുകൊണ്ടാണ് പ്രധാനപുരുഷസംയോഗം അഥവാ പ്രകൃതിപുരുഷസംയോഗം. മറ്റൊരു പ്രധാന്യമുള്ള കാര്യം ഇവിടെ വ്യാസവാദത്തിന് രണ്ടർത്ഥത്തിലാണ് പ്രയോഗം ഒന്ന് ഭാഗവതത്തിൽ ഐകാന്തികഭക്തിപ്രാധാന്യം പറയുകയും യോഗഭാഷ്യം എഴുതുകയും ചെയ്ത വ്യാസ മുനി മറ്റൊന്ന് ഒരു വൃത്തത്തിന്റെ വ്യാസം. ബുദ്ധിയിൽ സൈക്ലിക്കലായി ആവർത്തി ക്കുന്ന വൃത്തഭ്ഗമണരൂപത്തിൽ ജനിക്കുന്ന ഐകാന്തികത്വത്തിന്റെ പരിധിയറ്റ അവസ്ഥ യിലേക്ക് നയിക്കുന്ന ധ്യാനമാർഗ്ഗം.

വാചസ്പതി:- ഇത് ചിത്തത്തില് ചൈതന്യസ്ഥിതിയായി സദാ വർത്തിച്ച് ചിദ്ഗതി യായി വികാരകരണങ്ങളാല് അറിയപ്പെടുന്നു. അത് ഗതിയായി(ചിദഗതി)യായിട്ടും സ്ഥിതി യായിട്ടും സദാ ചിത്തത്തിൽ ഒപ്പം വർത്തിക്കുന്നു. അതിനാൽ സ്ഥിത്യൈ ഗത്യൈ എന്നാണ് പദം. ചിദ്വികാരം സ്ഥിതിയായി നിത്യമായിരിക്കുമ്പോളും അതിന്റെ ഗതി അഥവാ ആവർത്തനശീലം വിനാശമടയുന്നില്ല. ഗതിശീലമായിരിക്കുമ്പോളും അത് ചിത്ത ത്തിൽ സ്ഥിതവുമാണ്. ഇതാണ് പ്രകാശസ്വഭാവം. അതിന്റെ ഭാവം സത്തും അവിനാ ശിയും ഉല്പത്തിരഹിതവുമാണ്. എന്നാല് വികാരത്വത്താൽ ച്യവിക്കുന്നുമുണ്ട്. അതി നാല് ഇത് പ്രധാനത്തിൽ നിന്ന് വ്യത്യസ്തമാണ്. ധീ അതിനെ പ്രധാനത്തിൽ നിന്ന് അന്യമെന്ന അർത്ഥത്തില് അപ്രധാനമെന്ന് വിളിക്കുന്നു. സ്ഥിതിഗതികളുടെ ഉഭയപ്ര വൃത്തികളാൽ പ്രധാനവ്യവഹാരം ലഭിക്കുന്നതിനാൽ അത് ഏകാന്തമെന്ന് പറയാവതല്ല കേവലം പ്രധാനത്തിൽ കാരണാന്തരമായ പരബ്രഹ്മത്തിൽ തന്റെ മായാ പരമാണുക്ക ളാല് കല്പിതമായ സമാനേഛയാണ് വിചാരം. ചാരം ഗതി, സഞ്ചാരം വിചാരം സ്ഥിതി ഗതിശീലം ഇല്ലാത്ത അവസ്ഥ. വിചാരത്തിന്റെ സ്ഥിതിശീലം എന്നാൽ ശ്രദ്ധ. ശ്രദ്ധ ഒന്നിൽത്തന്നെ ഉറയ്ക്കുന്നത് സമാധി അവസ്ഥ. സ്ഥിതിവർത്തമാനങ്ങളായ വികാരകര ണാദികൾക്ക് അകാരണവും ഗതിവർത്തമാനങ്ങളായ വികാരനിത്യത്വാദികൾക്ക് അകാര ണവുമാണ്. ഇനി ഉദാസീനതകൊണ്ടുള്ള ആറാമത്തെ വികല്പം പറയുന്നു. എപ്ര കാരം പ്രജാപതിവ്രതത്തിൽ ആദിത്യനെ നോക്കരുത് മുതലായ അനീക്ഷണപ്രത്യാസന ങ്ങളായ സങ്കല്പങ്ങൾ ഗൃഹീതമാണ്, ദർശനനിഷേധത്താല് തന്മൂലമായ ശക്തിയും നിഷേ ധിക്കുന്നു. ദർശനം ഭോഗാദിലക്ഷണമാണ്. ദ്രഷ്ടാവ് ദൃശ്യത്തെ കണ്ടശേഷം അതിനെ

ഇഷ്ടപ്പെടുന്നു. സംയോഗിക്കുന്നു. ഭോഗിക്കുന്നു. അതുപോലെയാണ് പ്രധാനത്തേയും ശ്രുതി പറയുന്നുത്. ആത്മഖ്യാപനാർത്ഥമാണ് പ്രധാനം പ്രവർത്തിക്കുന്നതെന്ന് ശ്രുതി. അതില്ലാതെ ആത്മദർശനശക്തി പ്രവർത്തിക്കുന്നില്ല. അത് സർവ്വബോധ്യബോധസമർത്ഥമാണ്. പ്രാക്പ്രവൃത്തത്തിൽ പ്രധാനത്തിൽ ആത്മഖ്യാപനമാത്രം പ്രവൃത്തിയുടെ പ്രയോജകം, അതിന്റെ അയോഗത്താൽ അതുനുള്ള അസാമർത്ഥ്യം സാർത്ഥ്യത്തിനും പ്രവൃത്തിപ്രയോജനത്തിനും സംയോഗം വേണം. ദർശനശക്തിയെ പ്രധാനാശ്രയമായി അംഗീകരിക്കുന്നത് ഷഷ്ഠകല്പം. ഇവയുടെ ഉഭയാശ്രയത്തെ ആസ്പദമാക്കിയത് സപ്തമകല്പം. ഉഭയങ്ങളിൽ-പുരുഷനിലും ദൃശ്യപ്രപഞ്ചത്തിലും- അദർശനമാണ് ദർശനശക്തിധർമ്മമെന്ന് ഒരു കൂട്ടർ. ദൃശ്യത്തിനാണ് സർവ്വശക്ത്യാശ്രയത്വം ദ്രഷ്ടാവിനല്ല എന്ന് ഒരു കൂട്ടർ. അതിന് ജ്ഞാനത്തിന്റെ അസമവായതയാൽ ജ്ഞാനശക്തി ആധാരമല്ല. പരിണാമാപത്തി ദൃശ്യത്തിനേ ഉള്ളൂ. പുരുഷൻ ദൃശ്യാത്മകമായി ഭവിക്കുക എന്നാല് ചൈതന്യം ജഡമാവുകയാണ്. അത് ശക്തിയിൽ അശക്തികാര്യദർശനമാണ്. ചൈതന്യം ജഡമാവുന്നത് അശക്യമാണ്. ജഡം സ്വയം അപ്രകാശകത്വമാകയാല് അവയുടെ ധർമ്മങ്ങള് വ്യത്യസ്തമാണ്. ദൃശ്യത്തിൽ ആത്മപ്രത്യയമായ ചൈതന്യ ഛായാപത്തി അപേക്ഷിച്ചാണ് ദർശനമെന്നത് അതിന്റെ ധർമ്മത്വത്താല് ഗ്രഹിക്കാവുന്ന ഒന്നാണ്. വിഷയിയുടെ ഉപലക്ഷണം വിഷയത്തിൽ കാണുകയാല്, ദൃശ്യധർമ്മത്വത്തില് ജ്ഞാനമുണ്ട്. ജ്ഞാനവും പുരുഷധർമ്മമാണ്. അതിനാൽ ധർമ്മ സാദൃശ്യത്താല് ദൃശ്യവും ദ്രഷ്ടാവും ഒന്നാണ്. പുരുഷൻ തന്നെയാണ് ദൃശ്യപ്രപഞ്ചം സത്യം പുരുഷന്റെ അനാത്മഭൂതമായ ദൃശ്യമാണെന്ന് ബുദ്ധിസത്വം. അത് പ്രത്യയച്ചൈതന്യഛായാപതിയായ തമസ്സിനെ അപേക്ഷിച്ച പുരുഷധർമ്മമെന്നല്ലാതെ ഗുണാതീതമായ പുരുഷധർമ്മമല്ല. ചൈതന്യബിംബത്തെ ഉദ്ഗ്രാഹണം ചെയ്ത ബുദ്ധിയും ചൈതന്യവും തമ്മിലുള്ള അഭേദത്താൽ ബുദ്ധിധർമ്മവും ചൈതന്യധർമ്മവും അഭേദമാകുന്നു. അഷ്ടവികല്പം പറയുന്നു:- ദർശനജ്ഞാനം തന്നെ ശബ്ദാദികളുടെ അദർശനം. എപ്രകാരം ചക്ഷു രൂപത്തിന്റെ പ്രമാണവും രസത്തിന്റെ അപ്രമാണവുമാണോ, അതുപോലെ സുഖാദിരൂപശബാദാദിജ്ഞാനങ്ങൾ സ്വസിദ്ധിക്ക് അനുഗുണമായി ദ്രഷ്ടാവും ദൃശ്യവും തമ്മുലുള്ള സംയോഗത്താൽ ജനിക്കുന്നു. അതുപോലെ വികല്പിച്ചാൽ, നാലമത്തെ വികല്പം സ്വീകാര്യം. മറ്റെല്ലാ വികല്പങ്ങളും സാംഖ്യാശാസ്ത്രഗതമായ സർവ്വപുരുഷസാധാരണമായ ഭോഗവൈചിത്ര്യാഭാവപ്രസംഗത്താല് ദോഷമുള്ളവയാണ്. ഇതാണ് ശാസ്ത്രഗതാഭിപ്രായം.

സുവർണ്ണ:- ഇവിടെ വാചസ്പതി സദ്കാര്യവാദത്തെ മാത്രം സാംഖ്യമായി എടുത്ത് തീർത്തും നവ്യന്യായപദ്ധതിയിലേക്ക് കടക്കുന്നു. ഇത് ശാസ്ത്രീയമായ സമീപനമല്ല. വ്യാസഭാഷ്യത്തിലെ ശാസ്ത്രീയതയോ ജ്യോതിശ്ശാസ്ത്ര സംഗീതശാസ്ത്ര, ശബ്ദശാസ്ത്ര, വേദാന്തശാസ്ത്രഗതമായ ശാസ്ത്രീയതയോ അദ്ദേഹം ഇവിടെ സ്വീകരിക്കുന്നില്ല. കപിലസാംഖ്യം അവയെ വ്യത്യസ്തമാർഗ്ഗങ്ങളായിട്ടാണ്, ദോഷമുള്ളവയായിട്ടല്ല കല്പിക്കുന്നത്. കപിലസാഖ്യവും വ്യാസയോഗഭാഷ്യവും കൂടുതൽ ഇന്റർഗ്രേറ്റഡ് അപ്രോച്ച് എടുക്കുന്നതായി തോന്നുന്നു. ഈ പ്രത്യേകമാർഗ്ഗത്തിൽ നിന്ന് സത്കാര്യവാദം മാത്രം ദോഷരഹിതം എന്നും മറ്റെല്ലാ മാർഗ്ഗങ്ങളും ദോഷമുള്ളതെന്നും പറയുമ്പോള് വാചസ്പതി വ്യതിചലിക്കുന്നു.

24. പതഞ്ജലി :- തസ്യ ഹേതുരവിദ്യാ

വ്യാസ:- ഓരോരോ ചേതനയിലും സ്വബുദ്ധിസംയോഗം ഉണ്ടാവുന്നതിന്റെ ഹേതു അവിദ്യയാണ്. അവിദ്യ എന്നാൽ വിപര്യയജ്ഞാനവാസന വിപര്യയജ്ഞാനവാസനാ വാസിതയാണ് കാര്യനിഷ്ഠയല്ല. ബുദ്ധിയെ പ്രാപിച്ച് സാധികാരമായി പുനരാവർത്തിക്കുന്നത്. അതു തന്നെ പുരുഷഖ്യാതിപര്യവസാനത്തിൽ കാര്യനിഷ്ഠയെ പ്രാപിക്കുമ്പോള് ചരിത്രാധികാരയും നിവൃത്തദർശനയുമായി ബന്ധകാരണാഭാവത്താല് പുനരാവർത്തി ഇല്ലാത്തതായിത്തീരുന്നു. ഇത് ഷണ്ഡകോപാഖ്യാനത്താൽ ഉദാഹരിക്കുന്നു. മുഗ്ദയായ ഭാര്യയാൽ ഭർത്താവ് അഭിസംബാധന ചെയ്യപ്പെട്ടു: ആര്യപുത്രാ, അപത്യവതിയായ എനിക്ക് ഭഗിനിയാലെന്താണ് പ്രയോജനം.

അവൻ പറഞ്ഞു:- കൃതത്തിൽ നിന്നുപോലും ഞാന് പുത്രനെ ഉല്പാദിപ്പിക്കും

ഇത്തരത്തിലുള്ള വിധിജ്ഞാനം ഒരിക്കലും ചിത്തനിവൃത്തി വരുത്തുകയില്ല പിന്നെ വിനഷ്ടം വരുത്തുമെന്ന് എന്തു പ്രത്യാശ. അതിനാൽ ആചാര്യദേശികന് പറഞ്ഞു :- ബുദ്ധിനിവൃത്തിയാണ് മോക്ഷം. അദർശനകാരണാഭാസത്താലാണ് ബുദ്ധിനിവൃത്തി അതിന്റെ അദർശനം ബന്ധകാരണമായ ദർശനത്തിൽ നിന്ന് വിവർത്തിക്കുന്നു. അതിനാൽ ചിത്തനിവൃത്തിയാണ് മോക്ഷം. ഇതിന്റെ അർത്ഥത്തില് ഏതാണ് അസ്ഥാനത്തുള്ളത്. മതിവിഭ്രമം അഥവാ ഭ്രാന്തു മാത്രം.

വാചസ്പതി:- നാലാമത്തെ വികല്പത്തെ നിർദ്ധാരണം ചെയ്യാന് സൂത്രം അവതരിപ്പിക്കുന്നു. ഓരോരോ പുരുഷനും ഓരോരോ വിധം ബുദ്ധികൊണ്ടാണ് ജ്ഞാനമുണ്ടാവുന്നത് എന്നതാണ് ബുദ്ധിവൈചിത്ര്യത്തിനും ജ്ഞാനഭേദങ്ങൾക്കും ഹേതു. അവിദ്യ വിപര്യയജ്ഞാനം, അതിന്റെ യോഗാപവർഗ്ഗങ്ങളാൽ സ്വബുദ്ധിസംയോഗ ാന്തരീയയായ അവിദ്യയാല് സ്വചിത്തത്താല് സഹനിരൂഢമായിട്ടുള്ളതാണ് പ്രധാനത്തിലെ വാസന. ആവാസനാവാസിതമായ പ്രധാനം അതാതാത് ജീവാത്മപുരുഷനുമായി സംയോജിച്ച് അവർക്ക് സദൃശമായ ബുദ്ധികളെ സൃഷ്ടിക്കുന്നു. ഇപ്രകാരം പൂർവ്വപൂർവ്വസർഗ്ഗങ്ങളിലുണ്ടായ അനാദത്വത്താല് ദോഷമില്ല. (അദോഷം). പ്രതിസർഗ്ഗാവസ്ഥയില് പുരുഷന് മുക്തിയില്ല. വിപര്യയജ്ഞാനത്താലാണിത്. എപ്രകാരം പുരുഷഖ്യാതി കാര്യനിഷ്ഠ പ്രാപിച്ചുവോ അപ്രകാരം വിപര്യയജ്ഞാനവാസനയാൽ ബന്ധകാരണാഭാവത്താല് പുനരാവർത്തനമില്ലാത്തതാണ് സാതതി. നാസ്തികന്റെ കൈവല്യത്തെ ഷണ്ഡകോപാഖ്യാനത്തിൽ പരിഹസിക്കുന്നു.

സുവർണ്ണ:- നാസ്തികനെ ഷണ്ഡനോട് ഉപമിക്കുന്നു. നാസ്തികനായ ഷണ്ഡന്റെ കൈവല്യം മൃതവസ്തുവിൽ നിന്ന് പുത്രനെ ഉല്പാദിപ്പിക്കുന്നതു പോലെയാണ്. ക്ലോണിങ്ങ് കൊണ്ട് പുത്രോല്പാദനം ചെയ്യുന്ന പോലെ, ഇല്ലായ്മ(ശൂന്യത)യിൽ നിന്ന് നാസ്തികൻ കൈവല്യം കാണുന്നു.

വാചസ്പതി:- ഗുണപുരുഷാന്യതാഖ്യാതിജ്ഞാനം ചിത്തവൃത്തി വരുത്തുകയില്ല. പരവൈരാഗ്യത്താൽ ജ്ഞാനപ്രസാദമാത്രത്താൽ മാത്രമേ സംസ്കാരത്തോടുകൂടി ചിത്തവൃത്തി ക്ഷയിപ്പിക്കാനും നിരോധിക്കാനും കഴിയൂ. സത്യമായി ആ അവസ്ഥയിൽ ഭവിക്കുന്നതെന്തോ അതാണ് ആ ചിത്തത്തിന്റെ കാര്യം. അതിൽ അസദ്ഭാവമില്ല. അതിനെ

ഏകദേശീമതത്താൽ പരിഹരിക്കുന്നു. ഇതിന്റെ പരിസമാപ്തിയിൽ ആചാര്യദേശികന്റെ വായുപ്രോക്തലക്ഷണം.

അചിനോതി ച സാസ്ത്രർത്ഥമാചാരേ സ്ഥപയത്യപി സ്യമാചാരതേ യസ്മാദാചാ ര്യസ്തേന ചോഷ്യതേ.

സുവർണ്ണ:- ശാസ്ത്രാർത്ഥത്തെ അറിഞ്ഞ് ആ ആചാരത്തിന്റെ സ്ഥാപകനാവുകയും സ്വയം ആചരിക്കുകയും ചെയ്താല് മാത്രമേ ആചാര്യനാവുകയുള്ളൂ.

വാചസ്പതി:- ഭോഗവിവേകഖ്യാതിരൂപപരിണതബുദ്ധിയില് നിന്നുള്ള അനിവൃത്തി മോക്ഷം. അല്ലാതെ ബുദ്ധിസ്വരൂപ നിവൃത്തിയല്ല. അതുതന്നെ ധർമ്മമേഘാന്തമായ വിവേകഖ്യാതിപ്രതിഷ്ഠയാല് അനന്തരമായി (ഇടവേള അഥവാ അന്തരം ഇല്ലാത്ത നൈര ന്തര്യ) ഭവിക്കുന്നു. സത്യം മാത്ര ബുദ്ധിസ്വരൂപമാത്രവസ്ഥാനമാകുന്നു. ഇതിനെ സ്ഫോടം എന്ന് വിളിക്കുന്നു. അദർശനത്തിന്റെ ബന്ധകാരണത്വാഭാവത്താല് ബുദ്ധിനിവൃത്തി, അതി നാല് അദർശനം ബന്ധകാരണമാണ്. ദർശനം അതിൽനിന്നുള്ള നിവൃത്തി. ദർശനനി വൃത്തി പരവൈരാഗ്യസാദ്ധ്യമാണ്. അതാണ് സത്യത്തിൽ ബുദ്ധിസ്വരൂപാവസ്ഥാനമായ മോക്ഷമെന്ന് ഭാവം ഏകദേശീമതം ഉപന്യസിച്ച് സ്വന്തം മതം സ്ഥാപിക്കുന്നു. ചിത്തനിവൃ ത്തിയാണ് മോക്ഷം. അചിരമായ ചിത്തസ്വരൂപനിവൃത്തി ദർശനത്താല് വരുന്നു. മതിവി ഭ്രമമുള്ളവർക്ക് വരുന്ന ദർശനമല്ല ഇവിടെ പരാമർശം. വിവേകദർശനമാണ്. ഏകർഷ കാഷ്ഠ പ്രാപിച്ച് നിരോധസമാധി ഭാവനാ പ്രകർഷക്രമത്താൽ, ചിത്തനിവൃത്തിയാല് പുര ഷസ്വരൂപം അവസ്ഥാനം ചെയ്യാന് ഉപയോഗിക്കുന്ന യോഗിയുടെ വിവേകദർശനമാണ്, ഭ്രാന്തദർശനമല്ല ഇവിടെ പറയപ്പെടുന്നത്.

25. പതഞ്ജലി:- തദഭാവാത് സംയോഗാഭാവോ ഹാനാദൃശ്യോഃകൈവല്യം

വ്യാസ:- ഹേയം ദുഃഖം ഹേയകാരണം സംയോഗം, സനിമിത്തമായ സംയോഗ ത്തിന്റെ അഭാവം ഹാനം. അങ്ങനെ ലഭിക്കുന്ന ദർശനം കൈവല്യം ബുദ്ധിപുരുഷസം യോഗാഭാവത്തിന്റെ ദർശനം ആത്യന്തികവും പരമവുമായ ബന്ധനമാണെന്നും പിന്നീ ടൊരിക്കലും സംയോഗമില്ലാത്ത അസംയോഗഗുണമാണെന്നും അർത്ഥം. ദുഃഖകാരണ നിവൃത്തിയാണ് ദുഃഖത്തെ പരമമായി ഹനിച്ച് ആനന്ദമായ പുരുഷനിൽ സ്വരൂപപ്രതിഷ്ഠ നേടാന് ഉപായം.

വാചസ്പതി:- രണ്ടു വ്യൂഹങ്ങള് പറഞ്ഞു. മൂന്നാമത്തെ വ്യൂഹം പറയാനായി സൂത്രാ വതരണം. ദുഃഖത്തിന്റെ അഭാവം സംയോഗാഭാവം സംയോഗത്തെ ഹനിക്കുന്നത് (ഒഴി വാക്കുന്നത്) കൈവല്യം മഹാപ്രലയത്തിൽ സംയോഗാഭാവം ആത്യന്തികമായി പറയ പ്പെടുന്നു.

സുവർണ്ണ:- ലയാവസ്ഥയില് രണ്ടെണ്ണമില്ല ഒന്നുമാത്രമേ ഉള്ളൂ. അതിനാൽ സംയോ ഗാഭാവം

വാചസ്പതി:- ദുഃഖം പരമോഹം ആ മോഹമൊഴിവായാൽ പുരുഷാർത്ഥ ദർശിതം.

26. പതഞ്ജലി:- വിവേകഖ്യാതിരവിപ്ലവാ ഹാനോപായഃ

വ്യാസ:- സംയോഗഹാനി പ്രാപ്തമാകാൻ എന്താണുപായം അവിപ്ലവമായ വിവേ

കഖ്യാതിയാണ് ഹാനോപായം സത്വപുരുഷന് വിവേകഖ്യാതിയല്ലാതെ ഒരു പ്രത്യയമില്ല. മറ്റെല്ലാം മിത്ഥ്യാജ്ഞാനമാണ്. മിത്ഥ്യാജ്ഞാനം ദഹിപ്പിച്ച ബീജഭാവം കൈക്കൊള്ളുമ്പോൾ പ്രസവം നില്ക്കുന്നു. വിധൂതക്ലേശരജസ്സാൽ സത്വത്തിന് അപരമായി വൈശാരദ്യത്തിൽ പരസ്യമായ വശീകരസംജ്ഞയാല് വർത്തമാനത്തിലെ വിവേകപ്രത്യപ്രവാഹം നിർമ്മലമായി ഭവിക്കുന്നു. വിപ്ലവരഹിതമായ ക്ഷോഭരഹിതമായ ഈ വിവേകഖ്യാതിയാണ് ഹാനോപായം. അതിനാൽ മിത്ഥ്യജ്ഞാനത്തിന് ദഗ്ദ്ധബീജഭാവം കൈവരുന്നു. പിന്നെ ഒരു പ്രസവം അഥവാ സൃഷ്ടി ഇല്ല. അതിനാൽ മോക്ഷമാർഗ്ഗം അഥവാ ഹാനോപായം വിവേകഖ്യാതിയാണ്.

വാചസ്പതി:- ഹാനോപായലക്ഷണം ചതുർത്ഥവ്യൂഹം. ആഗമാനുമാനങ്ങളിലും വിവേകഖ്യാതിയുണ്ട്. അതുണ്ടായാൽ വ്യുത്ഥാനസംസ്കാരങ്ങളെല്ലാം നിവർത്തിക്കുന്നു. ഇല്ലാതാവുന്നു. പിന്നെ അവർക്ക് പുനരാവർത്തിയില്ല. അതിനാൽ ക്ഷോഭമില്ല, വിപ്ലവമില്ല. വിപ്ലവം മിത്ഥ്യാജ്ഞാനമാണ്. ശ്രുതമയമായ ജ്ഞാനത്താല് വിവേകം ഗ്രഹിച്ചാല് അതിനെ യുക്തിമയത്താൽ വ്യവസ്ഥാപിക്കുകയും ദീർഘകാലത്തെ നിരന്തരസൽക്കാരസേവനാഭ്യാസഭാവനകളാല് നിലനിർത്തി പ്രകർഷപര്യന്തമായ സമാധിഗതമായ സാക്ഷാത്കാരം നേടുകയും ചെയ്യാം. അതിനാൽ വിവേകഖ്യാതിയാണ് ക്ഷോഭരഹിതമായ ഹേനോപായം.

27. പതഞ്ജലി:- തസ്യ സപ്തധാ പ്രാന്തഭൂമിഃപ്രജ്ഞാ

വ്യാസ:- പ്രത്യുദിതഖ്യാതിയിൽ, ആമ്നായമായിരിക്കുന്ന അശുദ്ധ്യാവരണമലാപഗമമായ ചിത്തത്തിന്റെ പ്രത്യയാന്തരങ്ങൾ ഉല്പാദിപ്പിക്കപ്പെടുമ്പോൾ ഏഴുവിധ പ്രജ്ഞകള് വിവേകികളില് കാണാം

1. പരിജ്ഞാതം - പിന്നീട് ഹേയം ഇല്ല എന്ന അവസ്ഥ.
2. ക്ഷീണം - ഹേയഹേതു ഇനിയൊന്ന് ക്ഷയിക്കാനില്ല
.3 സാക്ഷാത്കൃതം - നിരോധ്യസമാധിയാൽ ഹാനം
4. ഭാവിതം - വിവേകഖ്യാതിരൂപം ഹാനോപായമെന്ന ഭാവന. ഈ നാലെണ്ണം വിമുക്തമായ പ്രജ്ഞയുടെ കാര്യങ്ങളാണ്. ബാക്കി മൂന്നെണ്ണം ചിത്തവിമുക്തിയാണ്.
5. ചരിതാദികാരാ ബുദ്ധി
6. ഗുണങ്ങൾ ഗിരിശിഖരങ്ങളിൽ നിന്ന് ച്യുതമായി താഴേക്ക് നിരവസ്ഥാനമായി സ്വകാരണമായി പ്രലയാഭിമുഖമായി ഒലിച്ച് ഗമിക്കുന്നു. പ്രയോജനാഭാവത്താൽ പ്രവിലീനപ്രലയാവസ്ഥയിൽ നിന്ന് പുനരുത്പാദനമില്ല.
7. ഈ അവസ്ഥകളിൽ നിന്ന് ഗുണസംബന്ധാതീതവും സ്വരൂപമാത്രവും അമലവുമായ ജ്യോതിസ്സ് അഥവാ കേവലപുരുഷൻ.

ഈ ഏഴുവിധം പ്രാന്തഭൂമിപ്രജ്ഞകളെ ദർശിച്ച പുരുഷനെ കശലനെന്ന് പറയുന്നു. ഗുണാതീതത്വത്താൽ ചിത്തമുക്തനായ കശലപുരുഷൻ (സിദ്ധൻ) പ്രതിപ്രസവം (പുനർജ്ജനി) ഉണ്ടായാൽപ്പോലും സിദ്ധനും മുക്തനുമായിരിക്കും.

വാചസ്പതി:- വിവേകഖ്യാതിനിഷ്ഠ കൊണ്ടേ സ്വരൂപജ്ഞാനമുണ്ടാവുകയുള്ളൂ. ആപ്രജ്ഞയുടെ ഏഴു പ്രാന്തഭൂമികള് യോഗികളിൽ ഓരോന്നായി ഉദിക്കുന്നു എന്ന്

ആമ്നായം സാക്ഷ്യപ്പെടുത്തുന്നു. ചിത്തസത്യത്തിന്റെ ആവരണം അശുദ്ധിചിത്തത്തിന്റെ താമസരാജസരൂപമായ അശുദ്ധി ഇനി വ്യത്ഥാനം ചെയ്യില്ല എന്നാവുമ്പോഴേ നിർവിപ്ലവ, വിവേകഖ്യാതിനിഷ്ഠം ലഭിക്കുന്നുള്ളൂ. വിഷയഭേദം കൊണ്ടാണ് വിവേകഖ്യാതിനിഷ്ഠരില് പ്രജ്ഞാഭേദം ഏഴു പ്രാന്തഭൂമികളുടെ അവസ്ഥ ഇപ്രകാരം ഗ്രഹിക്കണം. അതിനപ്പുറം. അതിനേക്കാളുപരിയായി ഒരു പ്രകർഷമില്ല. പുരുഷപ്രയത്നത്താൽ നിഷ്പാദ്യമാകുന്ന ആദ്യത്തെ നാലുഭൂമികകൾ (പരിജ്ഞാനം മുതലായവ) പറയുന്നു. അവ പ്രധാനമാണ്. സർവ്വം പരിണാമതാപസംസ്കാരമായ ഗുണവൃത്തിവിരോധമായ ദുഃഖം ഹേയം. അതാണ് പ്രജ്ഞാതം. ഹേയത്തെ അറിഞ്ഞു ഹേയമില്ലാത്ത അവസ്ഥയിലെത്തണം. അത് അപരിജ്ഞാതമാണ്. അതിനാൽ അറിയപ്പെടേണ്ടതാണ് അതുകൊണ്ടാണ് പരിജ്ഞാതം (അറിയപ്പെടേണ്ടത്) എന്ന് വിളിച്ചത്. അതിനെ അറിഞ്ഞു അത് ക്ഷീണിച്ച അവസ്ഥ ക്ഷീണം. മൂന്നാമത്തേത് സാക്ഷാത്കാരം. പ്രത്യക്ഷമായി, നിശ്ചിതമായി, സംപ്രജ്ഞാതസമാധി അവസ്ഥയിലെത്തി നിരോധസമാധി സാധിക്കുന്നതാണ് ഹാനം എന്ന സാക്ഷാത്ക്കാരം. അതിനപ്പുറമൊന്ന് നിശ്ചയിക്കേണ്ടതായി അവശേഷിക്കുന്നില്ല. നാലാമത്തെ ഭാവിതം. നിഷ്പാദിതമായ വിവേകഖ്യാതിരൂപമായ ഹാനോപായം. അതിനപ്പുറമൊന്ന് ഭാവനീയമായി ശേഷിക്കുന്നില്ല. ഈ നാലിലും കാര്യമാകയാൽ അതിനുള്ള പ്രയത്നം അഥവാ കർമ്മത്തിന്റെ ലാഞ്ഛന ശേഷിക്കുന്നുണ്ട്. ഈ നാലു കാര്യവിമുക്തി അഥവാ കാര്യാന്തരേണവിമുക്തിയാൽ പ്രജ്ഞ ചിത്തവിമുക്തി നേടുന്നു. ഇനി മൂന്നെണ്ണം അതിന്റെ ഭൂമികകളാണ്. ചിത്തവിമുക്തിയിൽ ആദ്യഭൂമിക ചരിതാധികാരാഭുക്തി. ഭോഗോപ വർഗ്ഗകാര്യം സാധിച്ചു എന്ന കൃതാർത്ഥയുടെ അധികാരം. രണ്ടാമത് ഗുണങ്ങൾ പ്രയോജനാഭാവത്താൽ പുരുഷനിൽ ലയിച്ച അവസ്ഥയിൽ നിന്ന് (നിർഗ്ഗുണം) വീണ്ടും സഗുണമാവുന്നില്ല. മൂന്നാമത് ഈ അവസ്ഥയിൽ ജീവപുരുഷൻ നിത്യമുക്തനായി, കശലമായിത്തീരുന്നത്. അനൗപചാരികമായി മുക്തന് പ്രതിപ്രസവമില്ല. പ്രധാനലയത്തിലും ചിത്തം മുക്തവും കുശലവുമാണ്. ഗുണാതീതമാണ്.

സുവർണ്ണ:- ഏഴു ഭൂമികകൾക്ക് പല ഗ്രന്ഥങ്ങളിലും പല പേരുകളാണ് കാണുന്നത്. അവയാൽ ലഭിക്കുന്ന ജ്ഞാനം, സംയമം ആധുനിക ശാസ്ത്രദൃഷ്ടിയില് അവയ്ക്കുള്ള സമാനപദങ്ങളെന്നിവ താരതമ്യത്തിനായി താഴെ കൊടുക്കുന്നു.

പതഞ്ജലി	വ്യാസൻ	വസിഷ്ഠൻ	ആധുനികശാസ്ത്രം
ജ്ഞാനം	**സംയമം**		**ശരീരജ്ഞാനം (വൈദ്യശാസ്ത്രംഉൾപ്പെടെ)**
വ്യുത്ഥാനചിത്തം	**പരിജ്ഞാതപ്രജ്ഞ**	**സബീജസമാധി**	**യോഗം ഇന്ദ്രിയസംയമം**
നിരോധചിത്തം	**ഹേയക്ഷീണം**	**വികരണസമാധി**	**മനശ്ശാസ്ത്രം മനസ്സംയമം**
നിർമ്മാണചിത്തം	**സാക്ഷാത്കൃതം (പ്രാപ്യപ്രാപ്തി)**	**തനുമാനസി**	**ബുദ്ധിബോധം**
പ്രശാന്തചിത്തം	**ഭാവിതം(കാര്യസിദ്ധി)**	**വിജ്ഞാനം**	**ഇന്റലിജൻസ് കോൺഷ്യസ്നസ്**
ഏകാഗ്രചിത്തം (ബുദ്ധിസംയമം)	**ചരിതാധികാരം (കർത്താധികാരം)**	**അസംസക്ത ആനുഭവികജ്ഞാനം**	**കോഗ്നിഷൻ മെമ്മറി എക്സ്പീരിയൻസ്**
ഛിദ്രചിത്തം (ചിത്തസംയമം)	**ഗുണാതീത**	**പരാർദ്ധഭാവന**	**രസാനുഭൂതി, എക്സ്റ്റസി, ബ്ലിസ്, ആനന്ദാനുഭവം**
പരിപക്വദിവ്യ ചിത്തം	**സ്വരൂപമാത്ര (കേവലപുരുഷ)**	**ബ്രഹ്മവിദ്വരിഷ്ഠ ബ്രഹ്മാനുഭവം**	**ആത്മജ്ഞാനം ആത്മാനുഭവം**

ഈ വിധ ഭൂമികകളെ (ചിത്തം, പ്രജ്ഞ, സമാധി, ജ്ഞാനം, സംയമം, അനുഭവം എന്നിവകളെ) കൊണ്ട് മനുഷ്യരിലെ എല്ലാവിധ അറിവും ബുദ്ധിയും ചിന്തയും വാക്കും പുരോഗതിയും നമുക്ക് മനസ്സിലാക്കാനും വിശദീകരിക്കാനും കഴിയും ഹോവാർഡ് ഗാർഡനറുടെ 7 തരം ബുദ്ധികളുടെ മുമ്പേ ഈ വിധം ഒരു മൾട്ടിപ്പിൾ ഇന്റലിജൻസ് തിയറി ഇവിടെ ഉണ്ടായിരുന്നു. എന്നറിയുക.

28. പതഞ്ജലി:- യോഗാംഗാനുഷ്ഠാനാദശുദ്ധിക്ഷയേ ജ്ഞാനദീപ്തിരാവിവേകഖ്യാതേഃ

വ്യാസ:- യോഗാംഗങ്ങളെ അനുഷ്ഠിക്കുമ്പോള് അശുദ്ധിക്ഷയം അശുദ്ധിക്ഷയത്താൽ ജ്ഞാനദീപ്തി, അനുഷ്ഠാനം സാധനം. ഫലം സിദ്ധി, സിദ്ധിക്കുശേഷമല്ല സിദ്ധിക്കു മുമ്പാണ് സാധന. സാധന മാർഗ്ഗമാണ്. വിവേകഖ്യാതി എന്ന ജ്ഞാനപ്രകാശം കിട്ടാൻ അശുദ്ധികള് മാറണം. അശുദ്ധി മാറാനുള്ള മാർഗ്ഗം അഥവാ സാധനയാണ് യോഗത്തിലെ അഷ്ടാംഗാനുഷ്ഠാനം. അവ അനുഷ്ഠിക്കുമ്പോൾ പഞ്ചപർവ്വങ്ങളുള്ള വിപര്യയങ്ങൾക്ക് രണ്ടു രൂപമായ ക്ഷയം അഥവാ നാശം സംഭവിക്കുന്നു. അവ ക്ഷയിക്കുമ്പോൾ സമ്യഗ് ജ്ഞാനം അവ്യക്തമാകുന്നു. എങ്ങനെയെങ്ങനെ സാധനകൾ അനുഷ്ഠിക്കുന്നുവോ അങ്ങനെയങ്ങനെ ക്ഷയക്രമവും ജ്ഞാനദീപ്തിവർദ്ധനവും സംഭവിക്കും.ജ്ഞാനദീപ്തി വർദ്ധിയാൽ പ്രകർഷം അനുഭവിക്കുന്നു. വിവേകഖ്യാതി ഗുണപുരുഷസ്വഭാവവിജ്ഞാനത്തിന്റെ ആത്മപ്രകർഷാനുഭവമാണ്. യോഗാംഗാനുഷ്ഠാനം അതിനായി അശുദ്ധി നീക്കി ചിത്തം ശുദ്ധമാക്കി വെക്കുന്ന പ്രക്രിയയും. ധർമ്മമാണ് വിവേകഖ്യാതിപ്രാപ്തി കാരണം. സുഖത്തിന് ധർമ്മമല്ലാതെ മറ്റൊരു കാരണമില്ല. എന്നിട്ടും ശാസ്ത്രത്തിൽ എന്തുകൊണ്ട് അനേകകാരണങ്ങൾ പറയപ്പെടുന്നു.

ഉല്പത്തിസ്ഥിത്യഭിവ്യക്തി വികാരപ്രത്യയാ പൂയഃവിയോഗാന്യത്വധൃതയഃകാരണം നവധാ സ്മൃതം എന്നത് ഒമ്പത് കാരണമെന്തിന്. വിജ്ഞാനത്തിന് ഉല്പത്തികാരണം മനസ്സാണ്. മനസ്സിന്റെ സ്ഥിതികാരണം പുരുഷാർത്ഥത ശരീരത്തിന് ആഹാരം പോലെ മനസ്സിന്റെ അഭിവ്യക്തികാരണം അതിനെ ദർശിക്കലാണ്. രൂപം കണ്ടാൽ രൂപജ്ഞാനം ഉണ്ടാവുന്ന പോലെ മനസ്സിന്റെ (ചിന്തയുടെ) വികാരാന്തരമായ വാക്ക് എന്ന അഗ്നിയാണ്. പ്രത്യകാരണം, അഗ്നിയുടെ ജ്ഞാനം ധൂമജ്ഞാനമെന്നപോലെ വാക്കിന്റെ അർത്ഥ ജ്ഞാനമാണ്. വാക്യാർത്ഥജ്ഞാന പ്രാപ്തിക്ക് മനസ്സ് ശുദ്ധവും ഏകാഗ്രവുമാകണം. അതിനാൽ യോഗാനുഷ്ഠാനം പ്രാപ്തികാരണമാണ്. വിയോഗകാരണം അശുദ്ധിയിൽ നിന്ന് വിയോഗം വരുത്തുന്ന വിദ്യ. സ്വർണ്ണത്തിന്റെ അശുദ്ധി മാറാന് സ്വർണ്ണകാരനെന്ന പോലെ മനസ്സിന്റെ അശുദ്ധി നീക്കാൻ സമർത്ഥനായ ഗുരുവിന്റെ സാന്നിദ്ധ്യം അന്യത്വ കാരണം സ്ത്രീപ്രത്യയമായ അവിദ്യ മൂഢത്വവും ദ്വേഷം ദുഃഖത്വവും തത്വജ്ഞാനം കേന്ദ്രസ്ഥാനീയമായ മാധ്യസ്ഥവുമാണ്. ശരീരേന്ദ്രിയങ്ങളുടെ പരസ്പരവും മഹാഭൂതങ്ങളുമായിട്ടും ഉള്ള സർവ്വ പരസ്പരബന്ധവും തിര്യഗ്, മനുഷ്യ ദൈവയോനികളുടെ പരസ്പരാർത്ഥവും ഏകത്വവും എല്ലാം ചേർന്നത് ധൃതികാരണം. ഈ 9 കാരണങ്ങൾ മനസ്സിനുമാത്രമല്ല. സർവ്വപദാർത്ഥങ്ങൾക്കും സാധകമാകയാലാണ് നാം അവയുടെ ഏകത്വം അറിയുന്നത്. ഇങ്ങനെ ധർമ്മത്തിന്റെ ഏകവും അനേകവുമായ രണ്ടുവിധം കാരണം അറിയാനും അങ്ങനെ രണ്ടുവിധത്തിൽ പഞ്ചപർവ്വമുള്ള വിപര്യയങ്ങളെ ക്ഷയിപ്പിക്കാനും യോഗാനുഷ്ഠാനം സഹായിക്കുന്നു.

വാചസ്പതി:- നാലു വ്യൂഹങ്ങള് അതിനു മദ്ധ്യത്തിൽ പതിച്ചവന്റെ ഹാനോപായ ങ്ങള്, വിവേകഖ്യാതി എന്നിവ ഗോദോഹനം പോലെ മുമ്പ് സിദ്ധവും അസിദ്ധവുമായ ഉപായങ്ങൾ ഭാവിച്ച് സിദ്ധിക്കായി ഉപയോഗിക്കുന്നത് പറയാൻ തുടങ്ങുന്നു. സിദ്ധൻ തന്റെ സിദ്ധി(വിവേകഖ്യാതി)ക്കായിട്ട് അശുദ്ധികളെ നീക്കുന്നതിനാണ് യോഗാനുഷ്ഠാനം പറയുന്നത്. അതുകൊണ്ട് അശുദ്ധി ക്ഷയിച്ചാലേ ചിത്തത്തിൽ ജ്ഞാനദീപ്തി ഉണ്ടാവു കയുള്ളൂ. പഞ്ചപർവ്വങ്ങളുള്ള വിപര്യയങ്ങളുടെ ഉപലക്ഷണം പുണ്യാപുണ്യങ്ങളോടു കൂടിയ ജാത്യായുർഭോഗഹേതുവായ അശുദ്ധി രൂപങ്ങളാണ്. നാനാവിധങ്ങളായ കാര ണഭാവങ്ങളാല് ദർശനങ്ങളാല് യോഗാംഗാനുഷ്ഠാനം ഇപ്രകാരം ജ്ഞാനദീപ്തിക്ക് കാര ണമാണ്. അശുദ്ധിയിൽ നിന്ന്, അവിദ്യയിൽനിന്ന് വിയോഗം അഥവാ മുക്തി യോഗാനു ഷ്ഠാനത്തിലാണ്. ഇതിനുദാഹരണമായി പരശുപറയുന്നു. പരശു അഥവാ മഴുകൊണ്ട് വൃക്ഷത്തെ സമൂലം വിയോജിപ്പിക്കുന്നു. വെട്ടിവീഴ്ത്തുന്നു. അതുപോലെ അവിദ്യാവൃ ക്ഷത്തെ അടിയോടെ വീഴ്ത്താനാണ് യോഗാംഗാനുഷ്ഠാനം. അശുദ്ധിയിൽനിന്ന് വിയോ ജിച്ച് ബുദ്ധിസത്വം വിവേകഖ്യാതി പ്രാപിക്കുന്നു. ധർമ്മമാണ് സുഖം. എന്നിട്ടും വേറെയും 9 കാരണം കാരികയിൽ പറഞ്ഞിരിക്കുന്നതെന്തുകൊണ്ടാണ്. ഉദാഹരണസ ഹിതം വിവരിക്കുന്നു.

മനസ്സാണ് വിജ്ഞാനത്തിന്റെ അവസ്ഥാനം. വർത്തമാനകാലത്ത് നാം ഓരോരു ത്തരും വിജ്ഞാനം ഉണ്ടാവുന്നത് നമ്മുടെ മനസ്സിലാണെന്ന് അനുഭവിക്കുന്നു. അതി നാൽ ഉല്പത്തികാരണം മനസ്സാണ്. മനസ്സ് എങ്ങനെ സ്ഥിതി അഥവാ നൈരന്തര്യം പ്രാപിച്ചു. പുരുഷാർത്ഥത കൊണ്ട്. അസ്മിതയാൽ ഉല്പന്നമായ മനസ്സില് രണ്ടുവിധം പുരുഷാർത്ഥമുണ്ട്. പ്രവൃത്തി, നിവൃത്തിരൂപത്തിൽ, നിവർത്തിതപുരുഷാർത്ഥം മോക്ഷം. ധർമ്മസ്ഥിതമായ മനസ്സില് മോക്ഷമെന്ന ചതുർത്ഥപുരുഷാർത്ഥം സ്ഥിതമാകുന്നു. ശരീ രത്തെ നിലനിർത്തുന്നത് ആഹാരമാണ് ഇന്ദ്രിയദ്വാരങ്ങളിലൂടെ വിഷയങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രത്യയജ്ഞാനനിമിത്തമായ സംസ്കാരാഭിവ്യക്തികള്, രൂപദർശനം, രൂപജ്ഞാ നത്തെ എന്നപോലെ മനസ്സിനെ അഭിവ്യക്തമാക്കുന്നു. വിഷയാന്തരമാണ് വികാരകാര ണം. മൃകണ്ഡുമുനിസമാഹിതമനസ്സായിരുന്നു. എന്നിട്ടും വല്ലകി, വിപഞ്ചികളിലെ പഞ്ചമസ്വരം കേട്ട ഉടനെ കണ്ണുതുറന്നു. മുമ്പില് സ്വരൂപലാവണ്യയൌവനസമ്പന്നയായ പ്രമ്ലോച എന്ന അപ്സരസ്ത്രീയെ കണ്ടു. സമാധിയിൽ നിന്ന് ചിത്തം ചലിച്ചു. മനസ്സ് ആസക്തമായിത്തീർന്നു. അഗ്നി ദഹിച്ചുകളഞ്ഞ തണ്ഡൂലംപോലെ കഠിനമായ അവയ വസന്നിവേശമുണ്ടായിട്ടും അവയവങ്ങൾ ശിഥിലമായി. സംയോഗലക്ഷണമായ വികാര ങ്ങൾക്ക് കാരണമായി ഭവിച്ചു. വിഷയത്തിന്റെ പ്രത്യയകാരണം ധൂമജ്ഞാനം എന്നതാ ണ്. ജ്ഞായത ഇതി ജ്ഞാനം. അഗ്നിയുടെ ശ്വാസമായ ധൂമജ്ഞാനം അഗ്നിജ്ഞാനം തന്നെയാണ്. പ്രാണജ്ഞാനം വാക്യജ്ഞാനമാണ്. അഥവാ ശബ്ദജ്ഞാനമാണ്. പ്രാണൻ തന്നെയാണ് ശബ്ദം. അഗ്നിയെ അഥവാ ശബ്ദത്തെ അറിയാൻ അതിനു കാര ണമായ പ്രാണചലനം അതുകൊണ്ടുണ്ടായ ധൂമം (അന്തരീക്ഷം)ഇവയെ അറിഞ്ഞാലും മതി. നിരപേക്ഷമായി, കാരണമില്ലാത്ത കാര്യക്രിയാപ്രാപ്തിയാണ് ഔത്സർഗ്ഗികി. താഴേ ക്കൊഴുകുന്ന വെള്ളത്തിന് പ്രതിബന്ധമില്ല. അതിന്റെ വഴിയിൽ സേതു കെട്ടിയാൽ അത് തടസ്സപ്പെടുന്നു. അതുപോലെ സുഖപ്രകാശശീലവും സ്വാഭാവികമായി സ്യന്ദന ശീലമുള്ളതും ആണ് ബുദ്ധിസത്വത്തിന്റെ സുഖവിവേകഖ്യാതി. അധർമ്മങ്ങള് അഥവാ

തമസ്സുകൊണ്ട് അതിന്റെ ഒഴുക്ക് തടസ്സപ്പെടുന്നു. ധർമ്മാനുഷ്ഠാനത്താല് പ്രതിബന്ധം മാറി സ്വാഭാവികമായ ഒഴുക്ക് വീണ്ടും അഭിവ്യക്തമാകുന്നു. പ്രകൃതിയുടെ വരണഭേദം അനുസരിച്ച് നിമിത്തങ്ങള് അപ്രയോജകമോ പ്രയോജകമോ ആവാം. ക്ഷേത്രികമെന്ന പോലെ (4.3) വിവേകഖ്യാതി എന്ന ലക്ഷണമുള്ള കാര്യപ്രാപ്തിക്ക് കാരണം അതിനായി പ്രയോജനപ്പെടുത്തിയ സാധനകളാണ് അശുദ്ധി മാറ്റൽ അതിലെ ആദ്യത്തെ പടിയാണ്. സ്വർണ്ണത്തിന്റെ അശുദ്ധി മാറ്റിയ തട്ടാൻ അതിനെ കടകം, കുണ്ഡലം, കേയൂരം മുതലായി ഭിന്നങ്ങളുടെ ഭേദവിവക്ഷകളോടെ രൂപപ്പെടുത്തുന്നു. കടകമുണ്ടാക്കിയതും കുണ്ഡലമുണ്ടാക്കിയതും ഒരേ ആളാണ്. സ്വർണ്ണവും ഒന്നാണ്. അഗ്നി(ചൂടാക്കിയ അഗ്നി) ഒന്നാണ്. അതുപോലെ ഗുരു തന്റെ ശിഷ്യന്മാരുടെ മനസ്സാകുന്ന സ്വർണ്ണത്തിന്റെ അശുദ്ധിയാകുന്ന അവിദ്യ മാറ്റി, അതാതിന്റെ യോഗ്യതാനുസരണമുള്ള മനോഹരശില്പങ്ങളാക്കി രൂപപ്പെടുത്തുന്നു. അന്യത്വകരണം വികാരമാത്രമാണ്. സങ്കരമോ സംസ്ഥാനഭേദമോ ധർമ്മികളുടെ അന്യത്വമോ അല്ല. അന്യത്വം അഥവാ ഭിന്നരൂപം ബാഹ്യം മാത്രമാണ്. ആന്തരമായി എല്ലാം ഒന്നാണ് എന്ന തത്ത്വത്തെ ഇപ്രകാരം ഉദാഹരിക്കുന്നു.

സുവർണ്ണ:- ഉരുക്കിടുന്നു മിഴിനീരിലിട്ടു മുക്കുന്നു മുറ്റും ഭുവനൈകശില്പി മനുഷ്യഹൃത്താം കനകത്തെയേതോ പണിത്തരത്തിന്നുപയുക്തമാക്കാൻ (കണ്ണുനീർത്തുള്ളി) ഭുവനൈകശില്പിയായ ആ ലോകഗുരുവിനെ ഇവിടെ സുവർണ്ണകാര പദം കൊണ്ട് വ്യാസനും വാചസ്പതിയും ഉദാഹരിച്ച് കാട്ടുന്നു.

വാചസ്പതി:- സമ്മോഹയോഗത്താല് സ്ത്രീപ്രത്യയത്തില് ഭ്രമിച്ച് മൂഢന് വിഷണ്ണനായി ഭവിക്കുന്നു. അവൻ ഞാൻ ഭാഗ്യഹീനനാണ്, ചൈത്രത്തിലും മൈത്രത്തിലും എനിക്ക് കളത്രത്തെ കിട്ടിയില്ല എന്ന് വിലപിക്കുന്നു. സപത്നികളുടെ ദ്വേഷം, അസൂയ ഇവയാലും സ്ത്രീപ്രത്യയമായ ദുഃഖം അനുഭവിക്കുന്നു. ത്വക്ക്, മാംസം, മേദസ്സ്, അസ്ഥി, മജ്ജ മുതലായവയുള്ള സ്ത്രീപുരുഷശരീരങ്ങളുടെ സ്ഥാനം, സ്വഭാവം, ബീജാദികൾ, അവയുടെ സംയോഗം, പ്രസവം ഇവയെല്ലാം അറിഞ്ഞാൽ ആ ശരീരതത്വജ്ഞാനം ശരീരം അശുചിയാണെന്നും വിവേകിയെ ഓർമ്മപ്പെടുത്തുന്നു. അതിൽ വൈരാഗ്യം ഉദിപ്പിക്കുന്നു. ശരീരജ്ഞാനം ഇങ്ങനെ വൈരാഗ്യം ഉറപ്പിക്കുന്നതിനുള്ള ഒന്നാണ്. (ആയുർവ്വേദത്തിന്റെ അറിവ്) ശരീരേന്ദ്രിയങ്ങള് വിദാരണം ചെയ്യുന്നതിന് ധൃതിയാണ് കാരണം. ഇന്ദ്രിയങ്ങൾ ശരീരത്തിന്റേതാണ്. അവയുടെ സാമാന്യ കരണവൃത്തികളെല്ലാം പ്രാണാദിപഞ്ചവായുക്കളാലാണ്. പ്രാണാഭാവത്തിൽ ശരീരം പതിക്കുന്നു. ഇപ്രകാരം മാംസാദികളാൽ സൃഷ്ടിക്കപ്പെട്ട ശരീരവും പ്രാണനും പര്സ്പരവിദാര്യവിദാരകത്വം അറിയുന്നു. ഇതേ മഹാഭൂതങ്ങളാലും പ്രാണനാലും ഉണ്ടായ ഭൂലോകം, ചന്ദ്രലോകം, സൂര്യലോകം, മനുഷ്യ വരുണ, ഗന്ധവാഹലോകങ്ങൾ എന്നിവ തമ്മിലുമുള്ള പരസ്പരവിദാര്യവിദാരകത്വം അറിയുന്നു. ഈ ഭൂമിയിൽ ഗന്ധരസരൂപസ്പർശ്ശബ്ദഗുണമുള്ള പഞ്ചമഹാഭൂതങ്ങള് പരസ്പരവിദാര്യവിദാരണഭാവത്തിൽ അവസ്ഥിതമാണ്. പരസ്പരാർത്ഥം അഥവാ പാരസ്പര്യം എന്നതുകൊണ്ട് അന്യോന്യം ആധാരം ആധേയമില്ലാതെ ലോകത്തിൽ ഒരു വസ്തുവും ഇല്ല എന്നറിയുന്നു. മനുഷ്യ, പശു, പക്ഷി, മൃഗ, സരീസൃപ, സ്ഥാവരശരീരങ്ങളെല്ലാം തന്നെ പരസ്പരം ആധാര, ആധേയങ്ങളാണ്. സർവ്വം ഈശ്വരവരദാനമായ ചൈതന്യത്താൽ വിവൃദ്ധി പ്രാപിച്ച് പരസ്പരം ബന്ധപ്പെട്ട് ഏകമായിരിക്കുന്നത് മനുഷ്യബുദ്ധിയില് ധരിക്കപ്പെടുന്നു. പരസ്പരാർത്ഥമെന്നതിന് ഇതാണ് അർത്ഥം

സുവർണ്ണ:- ആദ്യം വൈദ്യശാസ്ത്രജ്ഞാനം പറയുന്നു. ശരീരശാസ്ത്രവും അതിന്റെ സാമാന്യകരണവൃത്തി അഥവാ ജെനറൽ ഫിസിയോളജിയും പറഞ്ഞിരിക്കുന്നു. ആദ്യം വൈരാഗ്യം തരുന്നത് ശരീരശാസ്ത്രജ്ഞാനവും വൈദ്യശാസ്ത്രജ്ഞാനവുമാണ്, പിന്നെ ജ്യോതിശാസ്ത്രജ്ഞാനം വരുന്നു. ശരീരവും പ്രപഞ്ചവും പഞ്ചഭൂതനിർമ്മിതമാകയാല് അവ തമ്മിലും പരസ്പരാധാരമുണ്ട്. അപ്രകാരം പിണ്ഡാണ്ഡബ്രഹ്മണ്ഡങ്ങളുടെ പരസ്പരാർത്ഥത്വം അഥവാ പര്സ്പരം കോ-ഓർഡിനേറ്റുകളെന്ന അവസ്ഥ ഗ്രഹിക്കുന്നു. ഇപ്രകാരമുള്ള ജ്ഞാനം വൈരാഗ്യത്തെ ഉറപ്പിച്ചുതരുന്നു. വാചസ്പതി പറയുന്ന ഈ ക്രമത്തിലാണ് അറിഞ്ഞോ അറിയാതെയോ എന്റെ പഠനവും വൈരാഗ്യവും വളർന്നതെന്ന് അത്ഭുതമായിരിക്കുന്നു. ശരീരവും പ്രപഞ്ചവും തമ്മിലുള്ള ഏകത്വം മനസ്സിലാക്കിക്കഴിഞ്ഞാൽ അദ്വൈതത്തിന്റെ ശാസ്ത്രീയമായ അടിസ്ഥാനവും അറിഞ്ഞു കഴിഞ്ഞു. പിന്നെ വേദാന്തമായി ധരിക്കുന്നത് ഭൂമി അഥവാ ധരയാണ്. ധാരയതീതി ധരിക്കപ്പെടുന്നു. ധാരയസ്വേതി ധരിച്ചാലും ഈ ധരയിൽത്തന്നെ നമ്മുടെ സർവ്വധാരണകളും സംഭവിക്കുന്നതിനാല് ധര എന്ന അമ്മ നമ്മെ മാത്രമല്ല നമ്മുടെ ധാരണാശക്തികളേയും ധരിക്കുന്നവളാണ്. ധാരധാരയായി ഒഴുകുന്ന അവിഛിന്നമായ മനുഷ്യധാരണാശക്തിയുടെ അനന്തം തലമുറകളുടെ അറിവ് ഈ ധരയിലിരിക്കുന്നു. ധാരയായ ആ അറിവിന്റെ ഐശ്വര്യം രാഥസ്സ് എന്ന് വേദത്തിലും രാധ എന്ന് പുരാണങ്ങളിലും അറിയുന്ന ഈശ്വരമായ ഐശ്വര്യം.

29. പതജ്ഞലി:- യമനിയമാസനപ്രാണായാമപ്രത്യാഹാരധാരണാധ്യാന സമാധയോ അഷ്ടാവംഗാനി

വ്യാസ:- യോഗാംഗങ്ങളെ അവധാരണം ചെയ്യുന്നു. യഥാക്രമം അഷ്ടാംഗങ്ങളുടെ അനുഷ്ഠാനവും സ്വരൂപവും പറയാം

വാചസ്പതി:- ന്യൂനാധികസംഖ്യകളാൽ വ്യവഛേദിക്കാൻ വേണ്ടി ഓരോന്നായി യോഗാംഗാവധാരണം, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി ഇവ അഷ്ടാംഗങ്ങൾ, അഭ്യാസം, വൈരാഗ്യം ശ്രദ്ധ, വീര്യം എന്നിവ യോഗസ്വരൂപമാണ്. അവ ബാഹ്യമായി കാണുന്നവയല്ല. അന്തർഭാവങ്ങളാണ്.

30. പതജ്ഞലി:- അഹിംസാ സത്യാസ്തേയബ്രഹ്മചര്യാപരിഗ്രഹാ യമാഃ

വ്യാസ:- അഹിംസ എന്നാൽ സർവ്വത്ര സർവ്വഥാ സർവ്വഭൂതങ്ങളിലും ദ്രോഹം ചെയ്യാത്ത അവസ്ഥ യമനിയമങ്ങളിൽ അഹിംസ പ്രതിപാദിച്ചു. എന്തെല്ലാം അനേകവിധവ്രതങ്ങളാൽ ബ്രാഹ്മണര് സമാധി അഭ്യസിക്കുന്നുവോ അതേ പോലെ പ്രമാദകൃതങ്ങളും ഹിംസാനിദാനങ്ങളുമായവയിൽ നിന്ന് വാക്ക്, മനസ്സ്, ക്രിയ, എന്നിവയാൽ നിവർത്തിക്കുകയും ചെയ്യണം. അത്തരം അഹിംസയിൽ സത്യം യഥാർത്ഥത്തില് അനുഭവപ്പെടും. എപ്രകാരം ദൃഷ്ടം അപ്രകാരമായിരിക്കും വാഗ്മനസ്സുകളുടെ പ്രവർത്തനം. പരത്തിലേക്ക് സ്വബോധനസംക്രാന്തിവേളയില് പറയപ്പെടുന്ന വാക്ക് സ്വാർത്ഥപരമോ പ്രതിപത്തിബന്ധമുള്ളതോ വഞ്ചിതമോ ഭ്രാന്തമോ ആയിരിക്കയില്ല. സത്യമായിരിക്കും അത് സർവ്വഭൂതോപകാരാർത്ഥം പ്രവർത്തിക്കുന്നതാണ്. പഞ്ചഭൂതങ്ങളാൽ ഉപഘാതമായ, തടസ്സപ്പെട്ട വാക്കല്ല അത്. അതിൽ പാപ സ്പർശമില്ല. അതിന്റെ പേരാണ് സത്യം. അത് പുണ്യം മാത്രം ഭാസിക്കുന്നതിനാല് കഷ്ടമോ തമസ്സോ പ്രചരിപ്പിക്കുകയില്ല, അതിനാൽ സർവ്വഭൂതഹിതമായതെന്തോ അതുമാത്രമാണ് സത്യം എന്ന് പരീക്ഷി

ച്ചറിയാവുന്നതാണ്. അശാസ്ത്രപൂർവ്വകം മറ്റുള്ളവരുടെ ദ്രവ്യം സ്വീകരിക്കുന്നത് സ്തേയം സ്വീകരിക്കാതിരിക്കുന്നത് അസ്തേയം. ദ്രവ്യം വേണമെന്ന് സ്പൃഹ(ആഗ്രഹം) ഉള്ള വർമാത്രം സ്തേയം ചെയ്യുന്നു. ദ്രവ്യത്തിൽ ആശയില്ലാത്തവന് അസ്തേയം അനുഷ്ഠി ക്കുന്നു. ഉപസ്ഥം മുതലായ ഗുപ്തേന്ദ്രിയങ്ങളുടെ സംയമം ബ്രഹ്മചര്യം വിഷയങ്ങളു മായി അർജ്ജനം, രക്ഷണം, സംഗം, ഹിംസാ ദോഷദർശനം മുതലായി ഒരു ദോഷവും ബന്ധവും സ്വീകരിക്കാതെ വിഷയങ്ങളെ പരിഗ്രഹിക്കാതെ ഇരിക്കുന്നത് അപരിഗ്രഹം. ഈ അഞ്ചും യമമാണ്.

വാചസ്പതി:- യമത്തെ നിർദ്ദേശിക്കാന് സൂത്രം അവതരിപ്പിക്കുന്നു. അഹിംസ പാലിക്കാതെയുള്ള ഒരു വ്രതവും പ്രയോജനം തരില്ല. നിഷ്ഫലമാണ്. ഫലസിദ്ധി വേണമെങ്കില് അഹിംസ അനുഷ്ഠിക്കണം. സിദ്ധി ജ്ഞാനോല്പത്തിയാണ്.

സുവർണ്ണ:- മനസ്സിലും വാക്കിലും കർമ്മത്തിലുമുള്ള ഹിംസ(പരദ്രോഹവാസന) അഹിംസ കൊണ്ട് കഴുകിക്കളയാതെ ഏകത്വം എന്ന അദ്വൈതം, ബ്രഹ്മാനുഭൂതി സാധി ക്കയില്ല. അങ്ങനെ ആരെങ്കിലും സാധിച്ചു എന്ന് അവകാശപ്പെടുന്ന പക്ഷം അത് അസ ത്യഭാഷമാണെന്ന് മനസ്സിലാക്കണം.

വാചസ്പതി:- ഇത് ആഗമസമ്മതമായ നിഷ്ഠയാണ്. ഹിംസാമാലിന്യം അഹിംസ കഴുകിക്കളയുന്നു. സത്യലക്ഷണം പറയുന്നു:- വാക്കിലും മനസ്സിലും സത്യം യഥാർത്ഥ ത്തില് ഇരിക്കുന്നു. എപ്രകാരം ശബ്ദം ആകാംക്ഷയോടെ അതിനെ പൂരിപ്പിക്കുന്നു, അപ്രകാരം ദൃഷ്ടം. എപ്രകാരം മനസ്സിൽ ശബ്ദം പ്രക്ഷേപിക്കുന്നു, അപ്രകാരം വാക്കിൽ വിവക്ഷിക്കപ്പെടുന്നു. കർമ്മത്തില് കാണപ്പെടുന്നു. അപ്പോൾമാത്രമേ സത്യമാകുന്നു ള്ളൂ. സത്യത്തിൽ, ചിന്തയും വാക്കും കർമ്മവും ഒന്നാണ്. സത്യസ്വരൂപമായ പുരുഷനി ലേക്ക് ബോധം സംക്രമിക്കുമ്പോള് (യോഗിയിലും മരിക്കാൻ പോകുന്ന വ്യക്തിയിലും) സ്വബോധസദൃശമായ സത്യവാക്ക് ഉച്ചരിക്കപ്പെടുന്നു.

ദ്രോണാചാര്യരെ വധിക്കാനായി യുഷ്മൻ സത്യധനാശ്വത്ഥമാ ഹതാ എന്ന് ദ്രോണരെ നോക്കി പറഞ്ഞ യുധിഷ്ഠിരന് അശ്വത്ഥാമാ എന്ന ആനയെ നോക്കി സത്യം ഹതോ അശ്വത്ഥാമാ എന്നു പറഞ്ഞതില് വഞ്ചനാരൂപമായ അസത്യവും അർദ്ധസത്യവും കലർന്നി ട്ടുണ്ട്. ഇതു പറഞ്ഞ മാത്രയിൽ സത്യപുരുഷനിൽ മാത്രം സഞ്ചരിച്ചിരുന്ന യുധിഷ്ഠ രന്റെ സത്യബോധം എന്ന സ്വബോധം അതിൽ നിന്ന് താഴേക്ക് പതിച്ചു. (സംക്രമിച്ചു, വ്യതിചലിച്ചു) എന്ന് വ്യാസൻ പറഞ്ഞിട്ടുണ്ട്. ആനയെ വധിച്ച വിഷയമായ ഇന്ദ്രിയജന്മ ത്തിൽ നിന്ന് രാജാവിന്റെ സ്വബോധം, ഗുരുവിൽ തന്റെ പുത്രന്റെ വധബോധം ഉണ്ടാക്കു ന്നതിനായി താഴേക്ക് വഞ്ചനാരൂപമായി സംക്രമിച്ചു. ഭ്രാന്തി ജനിപ്പിക്കുന്ന വാക്ക് ഉച്ചരി ക്കുന്നവനാണ് ഭ്രാന്തൻ. വിവക്ഷാസമയത്ത് ജ്ഞേയാർത്ഥം അവധാരണം ചെയ്യുന്ന സമയത്ത്, ഭ്രാന്തി ജനിപ്പിക്കുന്ന ഭ്രാന്തമായ വാക്ക് യുധിഷ്ഠിരൻ ഉച്ചരിച്ചു. ഇത് അദ്ദേ ഹത്തെ സംബന്ധിച്ചിടത്തോളം നിഷ്പയോജനമായ ഒരു ഉച്ചാരണമായിരിന്നില്ല. (സ്വാർത്ഥോദ്ദേശമുണ്ട്) യഥാർത്ഥഭാഷയോട് മ്ലേഛഭാഷ (ഒരു രാജ്യത്തെ വരമൊഴി യോട് അവിടത്തെ വിവിധവാമൊഴികളും കലർത്തി ഉണ്ടാക്കുന്നത്) പ്രതിപത്തിബന്ധി കളാണ്. പ്രതിപത്തിബന്ധി എന്നതിന് പ്രതിബന്ധിവന്ധ്യ എന്നും പറയാം. നിഷ്പ്ര യോജനങ്ങളെന്ന് അർത്ഥം. ജ്ഞാനത്തെ എല്ലാവരിലും എത്തിക്കാൻ ഉപയോഗപ്പെ ടാത്ത സംസാരഭാഷ എന്നർത്ഥത്തിലാണ് നിഷ്പ്രയോജകത്വം പുരുഷനിലേക്ക് സവ

ബോധം സംക്രമിപ്പിക്കുന്ന സിദ്ധപുരുഷനെ വാക്കുകൾ ആ സംക്രാന്തിയെപ്പോലെ ത്തന്നെ തനിക്കും ലോകത്തിനും നിഷ്പ്രയോജനമായ ജല്പനങ്ങളാണെന്നു തെറ്റിദ്ധരി ക്കപ്പെട്ടേക്കാവുന്ന, നിഷ്കാമ സത്യവാക്കുകളാണ്, സർവ്വർക്കും പ്രയോജനകരവുമാണ്. പരോപകാരഫലം കൊണ്ടാണ് വാക്ക് സത്യമാണോ അല്ലയോ എന്ന് പരിശോധിക്കേണ്ട ത്. സത്യം വ്രതമാക്കിയ താപസരോട് തസ്കരന്മാർ ഇതുവഴി സാർത്ഥവാഹകസംഘം പോയോ എന്നു ചോദിച്ചാൽ, വഴി പറഞ്ഞുകൊടുക്കുന്ന പക്ഷം സാർത്ഥവാഹകസം ഘത്തെ തസ്കരന്മാർ കൊല്ലും തെറ്റായി പറഞ്ഞു കൊടുത്താൽ സത്യലംഘനമാവും അപ്പോൾ സത്യവ്രതനായ താപസന് രണ്ടും പറയാതെ മൌനം പാലിക്കുന്നു.

സുവർണ്ണ:- ഈ പറഞ്ഞതില് പെട്ടതല്ല യുധിഷ്ഠിരന്റെ അസത്യവചനം കാരണം അത് സ്വന്തം സ്വാർത്ഥലാഭത്തിനായി ചെയ്തതാണ്.

വാചസ്പതി:- അഭാവത്തില് ഭാവാധീനത്തിന്റെ നിരൂപണതയാല് സ്തേയലക്ഷണം പറയുന്നു. വിശേഷത്താൾ സാമാന്യം ലക്ഷ്യമാക്കുന്നു. മാനസവ്യാപാര പൂർവ്വകത്വ ത്താല് (ആദ്യ വിചാരം, മാനസക്രിയ, അഥവാ ചിന്ത) വാചനീയം (വാക്ക്) കായികവ്യാ പാരം (കർമ്മം) എന്നിവയിൽ പ്രധാന്യം ചിന്തക്കാണ്. അതിനാൽ സ്പൃഹ, അസ്പൃഹ (ലോഭം, ലോഭമില്ലായ്മ) എന്നീ മാനസവ്യാപാരങ്ങളാണ് അസ്തേയത്തെ നിർണ്ണയിക്കു ന്നത്. അതിനാൽ അസ്തേയം സ്പൃഹാരൂപമായ മനോവ്യാപാത്തിന്റെ നിയന്ത്രണമാ ണ്. സ്ത്രീയെ കാണുക അവളുടെ ശബ്ദം കേൾക്കുക, എന്നിവയാൽ ഗുപ്താവയവ മായ ഉപസ്ഥം കാമന് അധീനമായി അവളുടെ അംഗസ്പർശനാദികൾക്ക് കൊതിക്കു ന്നു. ഇത്തരം സ്ത്രീവിഷയകമായ ചാപല്യത്തിൽ നിന്ന് ഉപസ്ഥത്തെ നിയന്ത്രിക്കുന്നത് ബ്രഹ്മചര്യം ഇന്ദ്രിയങ്ങളുടെ ബാഹ്യമായ കർമ്മം മാത്രമല്ല. അവയുടെ ആന്തരീയമായ ലോലുപത്വത്തിൽ നിന്നുകൂടി രക്ഷ അഥവാ നിയന്ത്രണം ഉണ്ടാവുമ്പോഴെ യഥാർത്ഥ ബ്രഹ്മചാര്യമാവുകയുള്ളൂ. വിഷയസംഗത്താൽ സംഗദോഷമുണ്ടാവുന്നു. യോഗാഭ്യാ സത്താൽ രാഗം വർദ്ധിക്കുന്നു. അതിലുള്ള കൗശലം ഇന്ദ്രിയങ്ങൾക്കും കൂടുന്നു (2.15). ദോഷം ഹിംസാലക്ഷണമാണ്. തന്റെ ഉപഭോഗത്തിനായി മറ്റൊന്നിനെ നശിപ്പിക്കുന്ന പ്രവണത കൊണ്ട് വിഷയസുഖപരിഗ്രഹണം ദോഷപരിഗ്രഹമാണ്. അശാസ്ത്രീയവു മാണ്. ഒരു പ്രയാസവും കൂടാതെ (പ്രയത്നം ഇല്ലാതെ) ഒരാൾ അതില് വീണുപോകും. നിന്ദിതമായ പ്രതിഗ്രഹാദിരൂപാർജ്ജനദോഷദർശനാദികളെ, സ്ത്രീവിഷയകമായ അനേകം വിഷയസുഖാദികളെ അസ്വീകരണം ചെയ്താൽ അഥവാ സ്വീകരിക്കാതിരി ക്കല് (തിരസ്കരിക്കൽ) അപരിഗ്രഹം

31. പതഞ്ജലി:- ജാതിദേശകാലസമന്വയാനവഛിന്നാഃസാർവ്വഭൌമാ മഹാവ്രതം

വ്യാസ:- ഹിംസ, ജാതി അഥവാ ജന്മത്തെ അവഛിന്നമാക്കുന്നു. മത്സ്യത്തെ വധി ക്കുന്നവൻ മത്സ്യജാതിയെത്തന്നെ നശിപ്പിക്കുകയാണ്.

സുവർണ്ണ:- ഈ വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഒരു ജാതി അഥവാ ഒരു Race നശിക്കുന്നത് ഹിംസ കൊണ്ടു മാത്രമാണ്. ഏതെങ്കിലും ജാതിക്ക് വംശ നാശം വന്നിട്ടുണ്ടെങ്കിൽ അതിന്നുത്തരവാദികളായി ചില ഹിംസകന്മാരും ഉണ്ടായിട്ടു ണ്ടാവണം. ജാതി ഇവിടെ ഒരു വംശമാണ്, ജന്മമാണ് എന്ന് ശ്രദ്ധിക്കുക. മനുഷ്യജാതി

യായാലും തവളജാതിയായാലും വംശനാശം ഹിംസകൊണ്ടാണ്. പ്രകൃതിയുടെ വംശ നാശത്തിനു കാരണം മനുഷ്യനാണ്. പരസ്പരം കൊല്ലുന്ന മനുഷ്യരാണ് മനുഷ്യവം ശനാശത്തിനു കാരണം.

വ്യാസ:- ദേശത്തെ അവച്ഛിന്നമാക്കുന്ന (വേർത്തിരിക്കുന്ന) തീർത്ഥങ്ങൾ മുതലായവ ജാതിയെ (മനുഷ്യരുടേയോ, മൃഗപക്ഷികളുടേയോ ചെടികളുടേയോ ജാതി അഥവാ വംശം) നശിപ്പിക്കുന്നില്ല. അവ ചില സീമകൾ നിർണ്ണയിക്കുന്നതേയുള്ളൂ. അതുപോലെ കാലം, സമയം എന്നിവയാൽ അപരിച്ഛിന്നകാലത്തെ ചതുർദ്ദശി(തിഥി) മുതലായവയാലും നക്ഷത്രങ്ങളാലും സീമ കല്പിക്കുന്നതും. ജാതി, ദേശം, കാലം എന്ന മുന്നെണ്ണമാണ്. സാർവ്വഭൌമരുടെ മഹാവ്രതം ദേവബ്രാഹ്മണാദികൾ ഹിംസ ചെയ്യുന്നില്ല. അതിനാലവർ ഒന്നും നശിപ്പിക്കുന്നുമില്ല. ക്ഷത്രിയർ യുദ്ധകാലത്ത് ഹിംസ ചെയ്യുന്നു. മറ്റു കാലത്ത് ചെയ്യുന്നില്ല. അനവച്ഛിന്നമായി ജാതിദേശകാലങ്ങളെ പരിപാലനം ചെയ്യുക എന്നത് സാർവ്വ ഭൌമരുടെ മഹാവ്രതമാണ്. അതിനാൽ അവരുടേയും ആത്യന്തികധർമ്മം അഹിംസ തന്നെയാണ്. സർവ്വഭൂമികകളിലും സർവ്വവിഷയങ്ങളിലും സർവ്വഥാ അറിയേണ്ടത് സാർവ്വ ഭൌമരുടെ അഹിംസ എന്ന മഹാവ്രതമാണ്. കാരണം അത് സർവ്വത്തേയും പരിപാലനം ചെയ്യുന്ന ധർമ്മമാണ്. ഒന്നിനേയും നശിപ്പിക്കുകയില്ല എന്ന ധർമ്മവ്രതമാണ്.

വാചസ്പതി:- സാമാന്യത പറയുന്ന യോഗികൾക്കും ബ്രാഹ്മണർക്കും എന്നപോലെ രക്ഷ, പരിപാലനം എന്നിവ ധർമ്മമാക്കിയ സാർവ്വഭൌന്മാർക്കും അഹിംസ തന്നെയാണ് പരമമായ ധർമ്മം. ഹിംസയല്ല. ഭാഷ്യം സുഗമം.

32. പതഞ്ജലി :- ശൗചസന്തോഷഃതപഃസ്വാദ്ധ്യായേശ്വരപ്രണിധാനാനി നിയമാഃ

വ്യാസ:- മണ്ണ്, ജലം എന്നിവയാൽ ബാഹ്യമായ അമേദ്ധ്യങ്ങളെ കഴുകിക്കളയുന്നത് ശൌചം. ആഭ്യന്തരമായ ചിത്ത മലങ്ങളെ ആചമനം ചെയ്യുന്നതാണ് ആന്തരശൌചം സന്നിഹിതമായ സാധന അതിന്റെ ഫലം എന്നിവയാൽ ഉണ്ടാവുന്നത് സന്തോഷം ദ്വന്ദ ങ്ങളെ സഹിക്കൽ തപം. പാപപുണ്യ ശീതോഷ്ണങ്ങളിലും സ്ഥാനാസനാദികളിലും മാനാപമാനജയാപജയങ്ങളിലും ഒരുപോലെ പ്രമകാഷ്ഠയായ അദ്വൈതം പ്രാപിച്ച് മൌനമായിരിക്കുന്നത് തപസ്സിന്റെ ലക്ഷണമാണ്. കൃച്ഛ്രം, ചാന്ദ്രായണം മുതലായ വ്രതങ്ങളേക്കാൾ ഇത് പ്രധാനമാണ്. മോക്ഷശാസ്ത്രങ്ങളുടെ നിത്യദ്ധ്യായനം, മനനം, പ്രണവജപം എന്നിവ സ്വാദ്ധ്യായം. പരമഗുരുവിൽ സർവ്വകർമ്മസമർപ്പണം ഈശ്വരപ്രണിധാനം.

ശയ്യാസനസ്ഥോ അഥ പരിവ്രജൻ വാ സ്വസ്ഥഃപരിക്ഷീണവിതർക്കജാലഃ

സംസാരബീജക്ഷയമീക്ഷമാണഃ സ്യാന്നിത്യമുക്തോ അമൃതഭോഗഭാഗീ എന്ന് പറയപ്പെടുന്നു. പ്രത്യഗ്ചേതനയാല് അധിഗമിക്കപ്പെട്ട ആന്തരഭാവമാണ് ആ അമൃതഭോഗമായ നിത്യമുക്തി (1.20) ഈ അഞ്ചെണ്ണം നിയമങ്ങൾ

വാചസ്പതി:- ആദിശബ്ദത്താല് ഗോമയാദികളാല് ഗ്രഹിക്കാവുന്ന ഗോമൂത്രയാവകാദികള് മേധ്യം. അവ അഭ്യഹരണത്തിന് (ശുചീകരണത്തിന്) ഉപയോഗിക്കുന്നു. ആദ്യ ശബ്ദത്താൽ ഗ്രാസപരിമാണസംഖ്യാനിയമാദികളാണ് ഗ്രാഹ്യം (ഗ്രഹിക്കപ്പെടേണ്ടത്). മേധ്യം മുതലായ അഭ്യവഹരണങ്ങളിൽ നിന്ന് ജനിച്ച അമേധ്യാദി അഭ്യവഹഹണങ്ങള് കാര്യകാര ണോപചാരങ്ങളാണ്. എത്രയാണോ മേധ്യം അത്രതന്നെ അമേധ്യം എന്നാണ് പരമാണു സംഖ്യ നിയമം.

ചിത്തമലം, മദം, മാനം, അസൂയ മുതലായവ അവയെ നീക്കുന്നത് മനസ്സിന്റെ ശൌചം. പ്രാണമാത്രായാത്രാഹേതുവായി അതിനേക്കാൾ അധികമായി ഉല്പാദിപ്പിക്കപ്പെടുന്നതാണ് സന്തോഷം. സ്വീകരണം പരിത്യാഗം എന്നീ വിശേഷങ്ങളാൽ ഇവയെ മുൻപോലെ അറിയുക. കാഷ്ഠാമൌനമെന്നാൽ അവചനമാത്രമായ ആകാരമാണ്. വിതർക്കജാലങ്ങളെല്ലാം അവിടെ പരിക്ഷീണമായി ഇല്ലാതായി. വിതർക്കം വക്ഷ്യമാണമായ (പറയപ്പെടുന്ന)എല്ലാ സംശയവിപര്യയങ്ങളും ഉത്തരങ്ങളും ചേർന്നതാണ്. മൌനത്തിൽ ഇതൊന്നുമില്ല. ഇതെല്ലാം നീങ്ങിയ ശുദ്ധമായ അഭിസന്ധിയാണ്. യമനിയമങ്ങളെ വിഷ്ണുപുരാണം(5.7, 36-38) ഇങ്ങനെ പറയുന്നു

ബ്രഹ്മചര്യമഹിംസാം ച സത്യസ്തേയാപരിഗ്രഹാന് സേവേതേ യോഗീ നിഷ്കാമോ യോഗ്യതാം സ്വമനോനയൻ (36)

സ്വാദ്ധ്യായശൌചസന്തോഷതപാംസിനിയതാത്മവാൻകർവ്വീം ത ബ്രഹ്മണി തഥാ പരസ്മിന് പ്രവണം മനഃ (37)

ഏതേ യമാഃസ നിയമാഃപഞ്ചപഞ്ചപ്രകീർത്തിതാഃ വിശിഷ്ടഫലദാഃകാമ്യാ നിഷ്കാമാണാം വിമുക്തിദാ (38)

33. പതഞ്ജലി:- വിതർക്കബാധനേ പ്രതിപക്ഷഭാവനം

വ്യാസ:- യമനിയമങ്ങളില് വിതർക്കബന്ധനത്താല് പ്രതിപക്ഷഭാവനം ബ്രാഹ്മണർക്ക് ഹിംസാദികളില് വിതർക്കം ഉണ്ടാവുന്നു. ദ്രവ്യം സ്വീകരിക്കുന്നത്, ഭാര്യമാരെ സ്വീകരിക്കുന്നത്, പരിഗ്രഹം കൊണ്ട് അവരുടെ സ്വാമിയായി ഭവിക്കുന്നത്, മറ്റെല്ലാം വിധനിയമങ്ങളിലും തർക്കവിതർക്കം ഉണ്ടാവുന്നു. ഉന്മാർഗ്ഗപ്രവണമായ (ഉയരാനാഗ്രഹമുള്ള) വിതർക്കജ്വരത്താല് അതിദീപ്തമായി ഭവിക്കുന്നത്, അതിന്റെ തന്നെ പ്രതിപക്ഷമായ വിപരീത പ്രവണതയായി ഭവിക്കുന്നു. ഘോരമായ സംസാരസാഗരത്താൽ പാകപ്പെടുന്നതിന് എന്നെ ശരണം പ്രാപിക്കുക, സർവ്വഭൂതങ്ങൾക്കും അഭയം പ്രദാനം ചെയ്യുന്നതാണ് യോഗധർമ്മം. എന്നെ ത്യജിച്ച്, വിതർക്കത്തെ അവലംബിക്കുന്നത് ശ്വാവിന്റെ വൃത്തിക്ക് തുല്യമാണ്(ശ്വവൃത്തം) ശ്വാവ് നല്ലത് ഉപേക്ഷിച്ച് ചീത്ത സ്വീകരിക്കുന്നതുപോലെയാണ്.

വാചസ്പതി:- ശ്രേയസ്സുകള് ബഹുവിധമാണ് എന്നതിനാല് ഏതിനെ പിന്തുടരണമെന്ന അപവാദം(തർക്കം) സംഭവിക്കാം. അതിനു പരിഹാരമായി ഈ സൂത്രം ഉപദേശിക്കപ്പെടുന്നു.

സുവർണ്ണ:- തർക്കവിതർക്കങ്ങളില് കുടുങ്ങാതെ സർവ്വഭൂതാഭയപ്രദമായ യോഗധർമ്മം തന്നെയായ ഭഗവാനെ ശരണം പ്രാപിക്കുക.

34. പതഞ്ജലി:- വിതർക്കാ ഹിംസാദയഃകൃതകാരിതാനുമോദിതാ ലോഭക്രോധമോഹപൂർവ്വകാ മൃദു മദ്ധ്യാധിമാത്രാ ദുഃഖജ്ഞാനാനന്തഫലാ ഇതി പ്രതിപക്ഷഭാവനം

വ്യാസ:- ഹിംസ മൂന്നുവിധമുണ്ട്. ചെയ്യപ്പെട്ടത്, ചെയ്യാനിരിക്കുന്നത്, അനുമോദിക്കപ്പെട്ടത്. (കൃതം, കാരിതം, അനുമോദിതം). അവയിലോരോന്നിനും മുമ്മൂന്നു വിധമുണ്ട്.

1. ലോഭത്താൽ:- മാംസം, ചർമ്മം, ധനം ഇവ ലഭിക്കാനുള്ള ലോഭം കൊണ്ട്

2. ക്രോധത്താൽ :- അനേകം അപകൃതങ്ങളില്, ക്രോധം കൊണ്ടു ചെയ്യുന്ന കൊല പാതകങ്ങൾ പ്രതികാരാദികൾ

3. മോഹത്താൽ :- ധർമ്മമോഹം കൊണ്ട് യാഗം, ബലി മുതലായവയിൽ ഇതാണ് ധർമ്മമെന്ന് മോഹിച്ച് തെറ്റിദ്ധരിച്ച് ചെയ്യുന്ന ഹിംസ

ലോഭക്രോധമോഹങ്ങൾതന്നെ മൃദു, മദ്ധ്യം അധിമാത്രം (തീവ്രം) എന്ന് മുമ്മൂന്നു വിധം.

1. മൃദു-കൃതം, കാരിതം, അനുമോദിതം
2. മദ്ധ്യം-കൃതം, കാരിതം, അനുമോദിതം
3. തീവ്രം-കൃതം, കാരിതം, അനുമോദിതം

ഇവയിലോരോന്നിലും മുമ്മൂന്നുവീതം ആകെ 21 തരം ലോഭജന്യമായ ഹിംസതന്നെ ഉണ്ട്. ഇങ്ങനെ ക്രോധത്തിലും മോഹത്തിലും 21 വീതം കണ്ടുകൊള്ളണം. അതായത് 63 തരം മൃദു, മധ്യം, തീവ്രം തന്നെ വീണ്ടും മൃദു, മൃദുമൃദു, മധ്യമൃദു, തീവ്രമൃദു, മൃദു തീവ്രം, തീവ്രമൃദു മധ്യതീവ്രം, തീവ്രതീവ്രം എന്ന് 9 ആയി തിരിക്കുന്നു. ഈ ഒമ്പ തിലും കൃതകാരിതഅനുമോദിതങ്ങള് ആകെ എത്രതരം ഹിംസകളാണ് സംഭവിക്കുന്ന തെന്ന് കാണുക. പിന്നെ നിയമവികല്പസമുച്ചയാദികളായ സംഖ്യകൾ, പ്രണഭൃദ്ഭേദ ത്തിന്റെ സംഖ്യകളെന്നിവ ചേർന്ന് ഹിംസക്ക് പരിസംഖേയത്വം നൽകുന്നു.

വിതർക്കം ദുഃഖത്തിന്റേയും അജ്ഞാനത്തിന്റേയും ഫലമാണ് എന്നിപ്രകാരം പ്രതി പക്ഷഭാവനം ഹിംസകൻ തന്റെ ആദ്യത്തെ വധത്തിൽ വീര്യം ക്ഷേപിക്കുന്നു. (ചെലവാ ക്കുന്നു, ക്ഷയിപ്പിക്കുന്നു). ആയുധം വീഴുന്ന മാത്രയിൽ അവന്റെ ദുഃഖവും ആരംഭിക്കു കയായി. വധിക്കപ്പെട്ടവൻ ജീവിതത്തിൽ നിന്ന് മോചിതനാവുകയാണ്. വധിച്ചവനാണ് ജീവത ദുഃഖങ്ങളാൽ ബന്ധിതനാവുന്നത്. വീര്യക്ഷേപത്താൽ ചേതനാചേതനമായ ഉപ കരണം(മനസ്സും ശരീരവും) ക്ഷീണവീര്യമാവുന്നു. ദുഃഖം ഉണ്ടാവുന്നു. വർത്തമാന ത്തില് മരണം ഇഛിച്ചാലും ദുഃഖവിപാകത്താല് നിയതവിപാക വേദനീയത്വത്താൽ ശ്വാസോഛ്വാസം (ജീവൻ) തുടർന്നുകൊണ്ടേ ഇരിക്കുന്നു. പുർവ്വപുണ്യം വല്ലതും കൊണ്ട് ഹിംസക്കുശേഷവും വല്ല സുഖപ്രാപ്തിയും കണ്ടാലും ആ സുഖം അല്പായുസ്സാണ്. ഇപ്രകാരം തന്നെ അനൃതം (അസത്യം) മുതലായവയ്ക്കും അനുയോജ്യമായി സംഭവി ക്കുന്നു. ഹിംസ ചെയ്യാമോ വേണ്ടയോ മുതലായ വിതർക്കങ്ങളില് പെട്ട് ഹിംസ അനു ഷ്ഠിക്കുന്നവർക്ക് കർമ്മവിപാകത്താല് അനിഷ്ടം വരുന്നു. വിതർക്കത്തില് മന:ശാന്തി കിട്ടുകയില്ല.

വാചസ്പതി:- ധർമ്മപ്രകാരങ്ങള്, സ്വരൂപങ്ങൾ എന്നിവ നിർണ്ണയിക്കാൻ വിതർക്ക ങ്ങളിലേർപ്പെടുന്നതുകൊണ്ട് ഉണ്ടാവുന്ന പ്രതിപക്ഷഭാവനാവിഷയം പറയുന്നു. അനേ കവിധം ഹിംസകൾ, അവയുടെ ഭേദങ്ങൾ, കാരണങ്ങൾ അവയുടെ ഗരിമാദികൾ, പ്രകാരം പറയുന്നു. പ്രാണഹിംസകളുടെ വിവിധഭേദങ്ങൾ തന്നെ അസംഖ്യം നിയമവികല്പ സമുച്ചയങ്ങൾ അനേകം ഈ ഹിംസാകർമ്മങ്ങള് എല്ലാം തന്നെ തമോമയമാണ്. അജ്ഞാ നസമുദ്രമെന്ന ചതുർവ്വിധവിപര്യയലക്ഷണമായ സമുദ്രത്തിൽതന്നെ ഇവയെല്ലാം കൊണ്ടു ചെന്നെത്തിക്കുന്നു. അജ്ഞാനഫലം ദുഃഖമാണ്. വധിച്ചവർക്ക് ദുഃഖമല്ലാതെ മറ്റൊരു

ഫലവും കിട്ടാനില്ല. യൂപത്തിൽ (കുറ്റി) പശുവിനെ കെട്ടിയത് കാണുമ്പോൾതന്നെ കായ വ്യാപാരഹേതുകമായ ദുഃഖം, വധത്തിനായി ആയുധമുയർത്തുന്ന പ്രയത്നത്തിനു മുമ്പേ ആരംഭിച്ചുകഴിയും.

35. പതഞ്ജലി:- അഹിംസ പ്രതിഷ്ഠായാം തത് സന്നിധൌ വൈരത്യാഗഃ

വ്യാസ:- പ്രതിപക്ഷഭാവനാഹേതുവായി വിതർക്കം ഹേയം ഉണ്ടാക്കുന്നു. അതിനെ സൃഷ്ടിക്കാതിരിക്കാൻ (അപ്രസവധർമ്മം) യോഗികൾ അതുകൊണ്ടുണ്ടാവുന്ന ശാസ്ത്രാധികാരാദികളായ ഐശ്വര്യസിദ്ധികളെ ത്യജിക്കുന്നു. സിദ്ധിമോക്ഷത്തിന് തടസ്സമാണ്. ഒരു പ്രാണിയെ വെറുക്കുക, കൊല്ലുക, ഉപദ്രവിക്കുക എന്നിവ കാമ, ലോഭ, മോഹ, ക്രോധാദികളിൽ നിന്നും വൈരത്തിൽ നിന്നും ജനിക്കുന്നു. അങ്ങനെ ഒരു സ്വർഗ്ഗലോകവും വേണ്ട എന്ന് വെക്കാന് തയ്യാറുള്ള വ്യക്തി മാത്രമാണ് വൈരാഗ്യം കൊണ്ട് അഹിംസയാല് സ്ഥിര പ്രതിഷ്ഠ സാധിക്കുന്നത്. സർവ്വപ്രാണനിലും വൈരത്യാഗം സർവ്വപ്രാണനിലുമുള്ള സ്നേഹവും കരുണയുമാണ്.

സുവർണ്ണ:- സർവ്വപ്രാണികളിലും സ്നേഹവും കരുണയുമുണ്ട് എന്നു പറയുന്ന ഒരു വ്യക്തി അഹിംസ പാലിക്കാത്ത വ്യക്തിയാണെന്നു വരികിൽ ആ വ്യക്തി പറയുന്നത് അസത്യമാണ് എന്നറിയണം. അയാൾക്ക് അദ്വൈതവും അറിയില്ല. കരുണ, സ്നേഹം ഇവ എന്താണെന്നും അറിയില്ല.

വാചസ്പതി:- യമനിയമാദികള് അനുഷ്ഠിക്കുമ്പോള് അവയ്ക്ക് തടസ്സമായി വരുന്ന അപവാദങ്ങളും വിതർക്കങ്ങളും പ്രതിപക്ഷഭാവനങ്ങളാണ്. അവ യമനിയമങ്ങൾക്ക് ഹാനികരമാണ്. അതിൽ ഏറ്റവും പ്രധാനമായ തടസ്സമാണ് ഹിംസ. ഹിംസ പൂർണ്ണമായി ത്യജിച്ച് അഹിംസ പ്രതിഷ്ഠിച്ചാല് വൈരാഗ്യം. അശ്വം, മഹിഷം, എലി, പൂച്ച മുതലായ ഹീനകലങ്ങൾപോലും പ്രാണപ്രതഷ്ഠയില് ഭഗവാന് തന്നെയാണ്. അവരും ഭഗവാനിൽ പ്രതിഷ്ഠിതമാണ്. ഈ ജ്ഞാനം കൊണ്ടേ പ്രാണിഹിംസയിൽനിന്ന് പിന്മാറി വൈരപരിത്യാഗത്തോടെ അഹിംസാവ്രതത്തിൽ പ്രതിഷ്ഠിതനാവാൻ കഴിയുകയുള്ളൂ.

36. പതഞ്ജലി:- സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം

വ്യാസ:- ധർമ്മ കർമ്മങ്ങൾ ചെയ്യുന്ന ആളാണ് ധാർമ്മികൻ. സ്വർഗ്ഗഫലപ്രാപ്തിക്കായി യജ്ഞം ചെയ്യുന്നവന് സ്വർഗ്ഗം അമോഘമായത് വാക്കായി ഭവിക്കുന്നു.

വാചസ്പതി:- ക്രിയാഫലാശ്രയത്വം കൊണ്ടാണ് സത്യത്തിൽ പ്രതിഷ്ഠ. ധർമ്മാധർമ്മക്രിയകൾ ക്രിയാസാദ്ധ്യം അഥവാ കർമ്മസാദ്ധ്യങ്ങളാണ്. അവയുടെ ഫലം സ്വർഗ്ഗനരകാദികളാണ്. എന്തിനെ ആശ്രയിച്ചുവോ ആ ഫലം കിട്ടും. ഏതുഭാവത്തോടെ ക്രിയ ചെയ്തവോ ആ ഭാവം പ്രാപിക്കും. ധാർമ്മികക്രിയകൾ ചെയ്യുന്നവൻ ധാർമ്മികൻ എന്ന് അറിയുന്നു. ഫലാശ്രയത്തിനായി (സ്വർഗ്ഗം) സ്വർഗ്ഗപ്രാപ്തിക്കുള്ള ക്രിയ അനുഷ്ഠിക്കുന്നവർക്ക് സ്വർഗ്ഗം കിട്ടുന്നു. ഭഗവാൻ മാത്രമാണ് അമോഘമായ വാക്ക് അഥവാ പ്രണവശബ്ദം. അമോഘമെന്നാൽ അപ്രതിഹതം. ഇടതടവില്ലാതെ പ്രവഹിക്കുന്ന സാരസ്വതസൃഷ്ടി. വാഗ്ദേവി. ശബ്ദസൃഷ്ടിയെയാണ് ഭഗവാനെന്ന് പറയുന്നത്. പ്രണവത്താൽ (വിദ്യോപാസന, നാദാനുസന്ധാനം) ഭഗവാനെ പ്രാപിച്ച് സ്വയം വാഗ്ദേവതയായി ഭവിക്കുന്നു.

സുവർണ്ണ:- വാചസ്പതിയുടെ ഈ വാക്കുകൾ എന്നെ അതീവ ആനന്ദിപ്പിക്കുന്നു

37. പതഞ്ജലി:- അസ്തേയപ്രതിഷ്ഠായാം സർവ്വരത്നോപസ്ഥാനം

വ്യാസ:- സർവ്വദിക്സ്ഥാനത്തിലും ഉപതിഷ്ഠമായിരിക്കുന്നത് രത്നങ്ങളാണ്. അഷ്ട ദിക്കുകളിലും ഉള്ള അഷ്ടവസുക്കൾ അഷ്ടരത്നങ്ങൾ. അവർക്കെല്ലാം ദേവനും സർവ്വ രത്നങ്ങൾക്കും ഉപസ്ഥാനവുമായവൻ വാസുദേവൻ. വസുദേവനിൽ മനസ്സുറപ്പിച്ചാൽ മറ്റൊരു ധനത്തിലും ആശ ഉണ്ടാവില്ല അതാണ് അസ്തേയപ്രതിഷ്ഠക്കുള്ള ഉപായം.

വാചസ്പതി:- ഭാഷ്യം സുബോദ്ധ്യം

38. പതഞ്ജലി:- ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭഃ

വ്യാസ:- ഗുണത്തിന്റെ ഉൽക്കർഷം ലാഭം. വീര്യത്തിന്റെ ഉൽക്കർഷം വീര്യധാരണ മായ ബ്രഹ്മചര്യം കൊണ്ടാണ്. സിദ്ധന്മാർ ജ്ഞാനികളാകയാൽ ബ്രഹ്മചര്യമെന്ന വീര്യ ധാരണത്താൽ വീര്യമുള്ള ആധാനത്തിന് സമർത്ഥരായി ഭവിക്കുന്നു.

വാചസ്പതി:- വീര്യം സാമർത്ഥ്യം ബ്രഹ്മചര്യത്താൽ സിദ്ധന്മാര് സർവ്വവിഷയ ത്തിലും സമർത്ഥരായിത്തീരുന്നു

39. പതഞ്ജലി :- അപരിഗ്രഹസ്ഥൈര്യേ ജന്മകഥന്താസംബോധഃ

വ്യാസ:- ഞാനാര്. ഇതെങ്ങനെ ഇപ്രകാരമായി. ഇതിനി എങ്ങനെയെല്ലാം ഭവി ക്കും. ഇത് മുമ്പെങ്ങനെയായിരുന്നു ഇപ്രകാരമുള്ള പൂർവ്വം, അപരം, മദ്ധ്യം എന്നീ ആത്മ ഭാവത്തിലും സ്വരൂപാവർത്തനമായ പുനർജനന്മാദികളിലും ജിജ്ഞാസ ജനിക്കുന്നു. ഈ സ്വബോധം കൊണ്ടു മാത്രമേ വിഷയസുഖങ്ങളിൽ സ്ഥിരമായ അപരിഗ്രഹസ്വഭാവം വരി കയുള്ളൂ.

വാചസ്പതി:- ശരീരവിശിഷ്ടമായ ഇന്ദ്രിയാദികളോടു സംബന്ധപ്പെട്ടതാണ് ജന്മവും ജീവിതവും മരണവും. ഇത് എപ്രകാരം ഉണ്ടായി എന്നറിയാനുള്ള ആഗ്രഹം അതിനെ ക്കുറിച്ച ബോധം സാക്ഷാത്കാരത്തിൽ കലാശിക്കുന്നു. ഇന്ദ്രിയങ്ങളെ ശാന്തമാക്കാൻ ജന്മപരിജ്ഞാനം ഉപദേശിക്കപ്പെടുന്നു. ഇതെങ്ങനെ എന്ന് വർത്തമാനാതീതത്തില് ജിജ്ഞാസ വരുമ്പോൾ പൂർവ്വജന്മപ്രകാരഭേദങ്ങളുടെ വിജ്ഞാനത്തില് ബുദ്ധി ഉറയ്ക്കു ന്നു. വർത്തമാനജന്മത്തിലെ സ്വരൂപം എന്തെന്നറിയാൻ ജിജ്ഞാസ വരുമ്പോൾ ഭൌതിക ശരീരം, അതിന്റെ സൃഷ്ടിക്കു കാരണമായ ഭുതസമൂഹഘടന, മനോവിജ്ഞാനീയം എന്നി വയിൽ ശ്രദ്ധ കേന്ദ്രികരിക്കുന്നു. പിന്നീട് അനാഗതമായ ഭാവി എങ്ങനെയിരിക്കും, അതിനെ എങ്ങനെ കെട്ടിപ്പടുക്കാം മുതലായ ചിന്തകൾ വരുന്നു ഇങ്ങനെ ഭൂതവർത്തമാനകാലങ്ങ ളിലെ അറിവ് കൊണ്ട് സ്വന്തം ഭാവി വരുംതലമുറകളുടെ ഭാവി, ലോകത്തിന്റെ ഭാവി എന്നിവ കെട്ടിപ്പടുക്കാനുള്ള അറിവിൽ സാമർത്ഥ്യം വരുന്നു. ഒരാൾ എന്ത് ഇഛിക്കുന്നുവോ അത് അയാൾ പറയുന്നു, എഴുതുന്നു. നടപ്പാക്കുന്നു. അങ്ങനെ അത് നേടുന്നു. വിഷയാദിസുഖ ങ്ങളുടെ ദുഃഖം അവയുടെ ദോഷങ്ങൾ, ക്ലേശങ്ങൾ എന്നിവയുടെ വർത്തമാനകാലാനു ഭവം പണ്ടുള്ളവർ തന്ന ജ്ഞാനത്തിൽ നിന്നുള്ള അനുഭവം എന്നിവ വെച്ചാണ് വിഷയ സുഖങ്ങളുടെ അപരിഗ്രഹത്താല് യഥാർത്ഥസുഖം (കൈവല്യം) നേടാമെന്നറിഞ്ഞ് യോഗി പരിശ്രമിക്കുന്നതും നേടുന്നതും ആ ജ്ഞാനം തലമുറകളിലേക്ക് കൈമാറുന്നതും

40. പതഞ്ജലി:- ശൌചാത് സാംഗജുഗുപ്സാ പരൈരസംസർഗ്ഗഃ

വ്യാസ:- സ്വന്തം അംഗങ്ങളിലെ മലിനമായ വസ്തുക്കൾ കണ്ട് അവ ജുഗുപ്സാവഹമാണെന്നറിഞ്ഞ് വൃത്തിയാക്കുന്നതാണ് ബാഹ്യശൌചം. സ്വശരീരത്തിലെ മാലിന്യം തന്നെ മനുഷ്യന് സഹിക്കാനാവുന്നില്ല. അപ്പോൾ മറ്റൊരു ശരീരത്തിലെ മലിനാവസ്ഥ എങ്ങനെ സഹിക്കും. ഇതിൽ നിന്നാണ് മറ്റുള്ളവരെ തൊടാതെയും തീണ്ടാതെയു ഇരിക്കുക എന്ന അസംസർഗ്ഗത്തിന്റെ ആരംഭം. പരകായസ്പർശം കൂടാതെ ജീവിക്കാന് വൃത്തിയുള്ളവരാണ് ശ്രദ്ധിക്കുക ഇത് ശരീര സ്വഭാവാവലോകനം കൊണ്ട് വന്നതാണ്. അതിന്റെ അശുചിയിലുള്ള ജ്ഞാനം ഒരു സ്ഥിരശീലമാവുമ്പോഴാണ്.

വാചസ്പതി:- പരസംഗവിവർജ്ജനത്തിന്റെ കാരണം ബാഹ്യശൌചത്തിന്റെ ഒരു ഭാഗമായിട്ട് കരുതണം

സുവർണ്ണ:- 5000 വർഷം മുമ്പേ ബാഹ്യശൌചത്തിന്റെ ലക്ഷണങ്ങളെല്ലാം മൊഹഞ്ജോദാരോ ഹരപ്പ നഗരങ്ങളിലെ നഗരവാസ്തുവിലുണ്ട്. ബാഹ്യശൌചം വ്യക്തിപരം മാത്രമായിരുന്നില്ല. നഗരപരിപാലനത്തിലും പ്രകടമായിരുന്നു. ഇത് ആയുർവ്വേദം, വൈദ്യശാസ്ത്രം ഇവയുടെ കൂടി ഫലമാണ്. രോഗപ്രതിരോധത്തിന് ബാഹ്യശൌചം വ്യക്തിക്കും സമൂഹത്തിനും ആവശ്യമാണെന്ന തിരിച്ചറിവിന്റെ ലക്ഷണമാണ്.

41. പതഞ്ജലി:- സത്വശുദ്ധിസൌമനസ്യൈകാഗ്ര്യേന്ദ്രിയജയാത്മദർശനയോഗ്യതാനി ച

വ്യാസ:- ശുചിയാല് സത്വശുദ്ധി സൌമനസ്യം, ഏകാഗ്രത, ഇന്ദ്രിയനിഗ്രഹം, ആത്മദർശനയോഗ്യത ഇവയെല്ലാം അടങ്ങിയിരിക്കുന്നു സത്വശുദ്ധി കൊണ്ടാണിവയെല്ലാം കിട്ടുന്നത്. ശുചി കൊണ്ട് സത്വശുദ്ധി കൊണ്ട് സൌമനസ്യം, സൌമനസ്യത്താൽ ഏകാഗ്രത, ഏകാഗ്രതയാൽ ഇന്ദ്രിയജയം, ഇന്ദ്രിയജയത്താൽ ആത്മദർശന യോഗ്യത, ഇപ്രകാരം ക്രമമായി ശൌചസ്ഥൈര്യത്താൽ ബുദ്ധിസത്വത്തില് സംഭവിക്കുന്നു.

വാചസ്പതി:- ആന്തരശൌചസിദ്ധി പറയുന്നു. ചിത്തമലങ്ങൾ കഴുകിക്കളയുമ്പോള് ചിത്തസത്വം വിമലമായതില് സൌമനസ്യം അഥവാ സ്വഛത ഉണ്ട്. സ്വഛമായത് സ്വാഭാവികമായും ഏകാഗ്രമാണ്. ഏകാഗ്രത ഇന്ദ്രിയജയഹേതുവാണ്. ഇന്ദ്രിയജയം കൊണ്ട് ബുദ്ധിസത്വം ആത്മദർശനയോഗ്യത അഥവാ സാമർത്ഥ്യം നേടുന്നു

സുവർണ്ണ:- ഒരാളില് ഈ ഗുണങ്ങള് പ്രകാശിച്ചു കാണുന്ന പക്ഷം ആ വ്യക്തി ആന്തരശൌചമുള്ള യോഗിയാണ് എന്ന് മനസ്സിലാക്കണം.

42. പതഞ്ജലി:- സന്തോഷാദനുത്തമഃസുഖലാഭഃ

വ്യാസ:- ശാന്തിപർവ്വത്തില് (174.46., 177.51) പറയുന്നു:- തച്ച കാമസുഖം ലോകേ യച്ചദിവ്യം മഹത്സുഖം തൃഷ്ണാക്ഷയസുഖസ്യൈതേ നാർഹതഃഷോഡശീം കലാം

വാചസ്പതി:- സന്തോഷമെന്നത് അനുത്തമമായ സുഖലാഭമാണ്. ലോകർക്ക് കാമസുഖമാണ് വലുത് എന്ന് തോന്നാം. പുരുയയാതിക്ക് തന്റെ യൌവനം അർപ്പിച്ചതിനെക്കുറിച്ച് വിഷ്ണുപുരാണം (4.10.12) പറയുന്നതിങ്ങനെ:-

യാ ദുസ്തജാ ദുർമ്മതിഭിര്യാ ന ജീല്യതേ ജീര്യതാം

താം തൃഷ്ണാം സംത്യജൻ പ്രാജ് ഋഃസുഖേനൈവാഭിപൂര്യതേ.

തൃഷ്ണയെ ത്യജിക്കലാണ് പ്രജ്ഞക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ സുഖം അഥവാ സന്തോഷം

43. പതഞ്ജലി:- കായേന്ദ്രിയസിദ്ധിരശുദ്ധിക്ഷയാത്ത പസഃ

വ്യാസ:- ശരീരന്ദ്രിയങ്ങളുടെ അശുദ്ധി തപസ്സിനാൽ ക്ഷയിക്കുന്നു. ആവരണമലങ്ങൾ നശിക്കുമ്പോൾ അണിമാദിസിദ്ധികൾ ലഭിക്കുന്നു. ദുരശ്രവണദർശനാദികളായ അപൂർവ്വൈന്ദ്രിയസിദ്ധികൾ അങ്ങനെ ഉണ്ടാവുന്നു.

വാചസ്പതി:- തപഃ സിദ്ധിസൂചകമായ സൂത്രം അശുദ്ധിലക്ഷണം താമസമായ അധർമ്മാദി ആവരണങ്ങൾ, അണിമ, മഹിമ, ലഘിമ, മുതലായവ ആ ആവരണങ്ങൾ നീങ്ങുമ്പോള് മാത്രം ലഭിക്കുന്നു.

44. പതഞ്ജലി:- സ്വാധ്യായാദിഷ്ടദേവതാസമ്പ്രയോഗഃ

വ്യാസ:- ദേവന്മാർ, മഹർഷിമാർ, സിദ്ധന്മാർ മുതലായ സ്വാദ്ധ്യായശീലർക്കാണ് ദർശനങ്ങള് ലഭിക്കുന്നത്. ഇഷ്ടദേവതാസമ്പ്രയോഗത്തിനുള്ള സ്യാദ്ധ്യായമെന്ന പ്രവൃത്തിയിൽ, സിദ്ധിക്കായി അവരാണ് നിരന്തരം മുഴുകി യിരിക്കുന്നത്

വാചസ്പതി:- സ്വാദ്ധ്യായസൂചകമായി സൂത്രം, അർത്ഥം സുഗമം

45. പതഞ്ജലി:- സമാധിസിദ്ധിരീശ്വരപ്രണിധാനാത്

വ്യാസ:- സർവ്വഭാവവും ഈശ്വരാർപ്പിതമാവുമ്പോള് സമാധിസിദ്ധി. സർവ്വഇച്ഛകളും അവിതഥമായി സാധിച്ച് സർവ്വജ്ഞാനവും ലഭിക്കുന്നു. ദേശാന്തരങ്ങളിലും കാലാന്തരങ്ങളിലും സംഭവിച്ചതും ഇനി വരാനുള്ളതുമായ എല്ലാം പ്രജ്ഞയിൽ യഥാഭൂതം തെളിയുന്നു.

സുവർണ്ണ:- അങ്ങനെ ചിത്തം ത്രികാലജ്ഞാനമുള്ള ഈശ്വരചിത്തമായി ഭവിച്ച് ഏകീഭവിക്കുന്നു.

വാചസ്പതി:- ഈശ്വരപ്രണിധാനത്താല് ദൃഷ്ടവും അദൃഷ്ടവുമായ എല്ലാ അന്തരവ്യാപാരങ്ങളും പ്രജ്ഞയില് പ്രകാശിക്കുന്നു. സമ്പ്രജ്ഞാതസമാധിയിലും സംയോഗപൃഥക്ത്വത്താൽ കൃതാർത്ഥമായ ദർശനം ഉണ്ടാവുന്നു. അനന്തരംഗതധ്യാനധാരണസമാധികളിലൂടെ സമ്പ്രജ്ഞാതസമാധിയിലനുഭവിക്കുന്നു.

സുവർണ്ണ:- ഇവിടെ വാചസ്പതിമിശ്രൻ ഈശ്വരപ്രണിധാനത്തെ ഈശ്വരദർശനമെന്നും സമ്പ്രജ്ഞേതന്റെ ദർശനത്തെ ബഹിരംഗദർശനമെന്നും രണ്ടായിട്ടാണ് പറയുന്നത്. വ്യാസമുനി അങ്ങനെയല്ല. ഇക്കാണുന്ന സർവ്വപ്രപഞ്ചവും ഈശ്വരന്റെ ഐശ്വര്യവിഭൂതിയാണ്, അതിനാൽ ബഹിരംഗവും കാലദേശാതീതവുമായ പ്രപഞ്ചദർശനവും അന്തരംഗമായ അതിന്റെ ഐശ്വര്യവിഭൂതിദർശനവും തമ്മില് വ്യാസമുനിക്ക് ഭേദമില്ല.

വാചസ്പതി:- പ്രജാനാതി (അറിയുക) എന്ന പദത്തിൽ നിന്നാണ് പ്രജ്ഞ എന്ന പദത്തിന്റെ വ്യുല്പത്തി. യമനിയമസിദ്ധിയോടൊപ്പം പ്രജ്ഞയും സിദ്ധിക്കുന്നു.

46. പതഞ്ജലി:- സ്ഥിരസുഖമാസനം

വ്യാസ:- പത്മാസനം, വീരാസനം, ഭദ്രാസനം, സ്വസ്തിം, ദണ്ഡാസനം, സോപാശ്രയം, പര്യങ്കം, ക്രൌഞ്ചനിഷദനം, ഹസ്തിനിഷദനം, ഉഷ്ടനിഷദനം, സമസംസ്ഥാനം എന്നിങ്ങനെ അനേകവിധം ആസനങ്ങൾ ഉണ്ട്. സ്ഥിരസുഖമാസനമെന്നതിനാൽ സാധകന് സ്ഥിരസുഖം തരുന്ന ആസനമേതോ അത് സ്വീകരിക്കാം എന്നർത്ഥം. തെരഞ്ഞെടുപ്പ് സാധകനാണ് ചെയ്യുന്നത്. അവനവന് സുഖമുള്ള ആസനം സ്വീകരിക്കാം.

വാചസ്പതി:- സ്ഥിരം നിശ്ചലം, സുഖം, സുഖാവഹം നിശ്ചലമായി സുഖമായി ഇരിക്കാവുന്ന ആസനം ആസ്യത അത്ര ആസ്തേവാൻ അനേനേതി ആസനം ആസ്തി ഉണ്ട് (ഉണ്മ), സ്വത്ത്.

സുവർണ്ണ:- ഞാനുണ്ട് എന്നതിന് ആധാരമായ അനുഭവത്തിന് അനുയോജ്യമായ ആസനം ഇരിപ്പിടം, തന്റെ ഇരിപ്പിടം അഥവാ ധാമം (ഉത്ഭവസ്ഥാനം) ഉറപ്പിച്ച അടിത്തറ. മൂലാധാരമായ ഉപസ്ഥം വെച്ച , മൂലാധാരം ഭൂമിയിലുറപ്പിച്ച സ്ഥാനം. പ്രജ്ഞയുടെ ഉയർച്ച. ചെടിയുടെ ഉയർച്ച. മനുഷ്യന്റെ ഉയർച്ച എല്ലാം മൂലാധാരമായ ഭൂമി (പൃഥ്വി) മുതൽ മുകളിലേക്ക് ആകാശത്തേക്കാണ്. പഞ്ചഭൂതസംഘാതമായ ഭൂമി മുതൽ നാദം മാത്രമുള്ള ആകാശലിംഗമായ ബ്രഹ്മസ്ഥാനമായ മഹസ്സിലേക്ക്, നഭസ്സിന്റെ സഹസ്രാര പത്മത്തിലേക്കാണ് ഉയർച്ച. അതിന് മൂലസ്ഥാനം അചലമായിരിക്കണം. ഭൂമികുലുക്കമോ മറ്റോ സംഭവിക്കുന്ന സ്ഥലത്ത് സാധനക്ക് തെരഞ്ഞെടുക്കാവതല്ല.

വാചസ്പതി:- യോഗാസനങ്ങളുടെ ചില വകഭേദങ്ങളാണ് പറഞ്ഞിരിക്കുന്നത്. പത്മാസനം പ്രസിദ്ധമാണ്. പ്രാചീനവുമാണ്

സുവർണ്ണ:- സിന്ധുതടത്തിലെ സീലുകളില് പത്മാസനസ്ഥനായ യോഗിയുടെ ചിത്രമുണ്ട്. അതിനാലിത് ഏതാണ്ട് 5000 വർഷത്തിലധികം പഴക്കമുള്ള ആസനമാണ്.

വാചസ്പതി:- പാദങ്ങൾ ഒരേ പോലെ ഭൂമിയില് ഉറപ്പിച്ചുവെച്ച് മുട്ടുമടക്കി ഇരിക്കുന്ന വീരാസനം. പാദതലത്തില് വൃഷ്ണസമീപത്തിൽ സമ്പുടീകൃതമായി, പാണികൾ തുടയില് വെച്ച് ഇരിക്കുന്ന ഭദ്രാസനം. സവ്യമായി ആകുഞ്ചിതമായ ചരണം വലത്തെ ജംഘക്കിടയിൽ വെച്ച് വലത്തെ ആകുഞ്ചിത ചരണം വാമജംഘയുടെ അന്തരത്തിൽ വെച്ചത് സ്വസ്തികം. യോഗപട്ടം കെട്ടി യോഗാസനത്തിലിക്കുന്നത് സോപാശ്രയം.

സുവർണ്ണ:- യോഗനരസിംഹത്തിനും അയ്യപ്പനും ഉൽക്കുടികാസനമാണ്. അയ്യപ്പന് യോഗപട്ടമുണ്ട്.

വാചസ്പതി:- ജാനുപ്രസാരിതബാഹുക്കളോടെ ശയിക്കുന്നത് പര്യങ്കം

സുവർണ്ണ:- ശയനവിഷ്ണുവിനും ബുദ്ധനും ഈ ആസനമുണ്ട്.

വാചസ്പതി:- ക്രൌഞ്ചപക്ഷി പോലെ, ആന പോലെ, ഒട്ടകം പോലെയുള്ളവ ക്രൌഞ്ച, ഹസ്തി, ഉഷ്ട്രനിഷദനങ്ങൾ, പാർഷ്ണിപാദാഗ്രങ്ങള് രണ്ടും ആകുഞ്ചിതങ്ങളാക്കി അന്യോന്യം സംപീഢനം ചെയ്യുന്നത് സമസ്ഥാനമാണ്. ഇതിലേത് സംസ്ഥാനത്തിലിരിക്കുന്നതണ് സുഖം(സുഖാസനം) എന്ന് സാധകന് തോന്നുന്നത് അതിൽ അചഞ്ചലമായിരുന്ന് ധ്യാനിക്കണം ഇതാണ് വ്യാസമുനിക്ക് സമ്മതം

47. പ്രയത്നശൈഥില്യാനന്തസമാപത്തിഭ്യാം

വ്യാസ:- പരമപ്രയത്നത്തിന് ഫലം ലഭിക്കും. ജയം സിദ്ധിക്കും പ്രയത്നശൈഥില്യം വന്നാൽ അനന്തമായ സമാപത്തികളാൽ (സമാപത്തികളിൽ) ചിത്തം ആസനമുണ്ടാക്കി നിർവൃത്തമാകും

വാചസ്പതി:- പ്രയത്നം കൊണ്ട് സിദ്ധികിട്ടും ശരീരധാരകത്വമോ ഉപദേശിക്കപ്പെട്ട യോഗാംഗങ്ങളുടെ കുറവോ കൊണ്ടല്ല പ്രയത്നം പരാജയപ്പെടുന്നത്.

സുവർണ്ണ:- ഒരാളുടെ പ്രയത്നം പരാജയപ്പെട്ടാല് ശരീരം എടുത്ത ആർക്കും തന്നെ സമാധി സാധിക്കില്ല എന്നോ .യോഗാംഗങ്ങളും അവയുടെ ഉപദേശങ്ങളും ഒന്നും തന്നെ ഫലപ്രാപ്തി തരില്ല എന്നോ വിചാരിക്കരുത്.

വാചസ്പതി:- പ്രയത്നത്തിന്റെ കുറവ് നിഷ്ടകളിലും ആസനങ്ങളിലും മറ്റ് ചര്യകളിലും മനസാ വാചാ കർമ്മണാ വന്നു പോയ പാളിച്ചകൾ ഇങ്ങനെ പലകാരണങ്ങളാലാണ്. സ്വാഭാവിക പ്രയത്നം, യാദൃശ്ചിക പ്രയത്നം എന്നിവയിൽ സിദ്ധി ലഭിക്കുന്നതു ഗുരു ഉപദേശിച്ച ആസനങ്ങൾ പിന്തുടർന്നിട്ടും സിദ്ധി ലഭിക്കാതെ പോയതും കാണുന്നുണ്ട്. അനന്തൻ അഥവാ സർപ്പരാജന് സ്ഥിരതരങ്ങളായ ആയിരമല്ല, അനന്തരം ഫണങ്ങൾ ഈ വിശ്വമണ്ഡലത്തെ വിസ്തൃതമാക്കി ധരിക്കുന്നതിനുണ്ട്. അതുപോലെയാണ് മനുഷ്യന്റെ ചിത്തം ഗുരുപദിഷ്ടമായ ആസനമോ പ്രയത്നമോ കൊണ്ട് സിദ്ധി കിട്ടാഞ്ഞിട്ടും അനന്തമായ സമാപത്തികളില് സ്വാഭാവിക, യാദൃശ്ചിക പ്രയത്നങ്ങളാൽ ഉറപ്പിക്കപ്പെട്ട് സർവ്വനിവൃത്തി നേടി, നിർവൃത്തമായി, സമാധിസിദ്ധി അനുഭവിക്കുന്നത്.

48. പതഞ്ജലി:- തതോദ്വന്ദ്വാനഭിഘാതഃ

വ്യാസ:- ശീതോഷ്ണങ്ങളായ ദ്വന്ദ്വങ്ങളിലും ആസനജയം അഭിവ്യക്തമാകുന്നു.

വാചസ്പതി:- വിഷ്ണുപുരാണത്തില് (6.7.39) ആസനങ്ങളെക്കുറിച്ച് ഏവം ഭദ്രാസനാദീനാം സമാഖ്യായഗുണൈര്യുതം എന്ന് പരാമർശമുണ്ട്. ആസനവിജയത്തിന്റെ ലക്ഷണം ശീതോഷ്ണ സുഖദുഃഖാദിദ്വന്ദ്വങ്ങളിൽ നിന്നുള്ള മോചനമാണ്.

49. പതഞ്ജലി:- തസ്മിന് സതി ശ്വാസപ്രശ്വാസയോർഗതിവിഛേദഃ പ്രാണായാമഃ

വ്യാസ:- സത്യാസനജയത്തിൽ, ബാഹ്യവായുവിന്റെ ആചമനം ശ്വാസം കോഷ്ഠത്തിലുള്ള വായുവിന്റെ നിഃസാരണം (പുറംതള്ളൽ) ഉഛ്വാസം അഥവാ പ്രശ്വാസം, അവയുടെ ഗതിവിഛേദത്താൽ ഉഭയാഭാവം ഉണ്ടാക്കുന്നത് പ്രാണായാമം

വാചസ്പതി:- സുഖാസനത്തിലിരുന്ന് പ്രാണായാമം ചെയ്യുന്നതിന്റെ ലക്ഷണം പറയുന്നു. രേചകകംഭകങ്ങൾ ശ്വസപ്രശ്വാസങ്ങളുടെ ഗതിവിഛേദങ്ങളാണ്. ഇവയാണ് പ്രണായാമത്തിന്റെ സാമാന്യലക്ഷണങ്ങൾ:- പുറത്ത് നിന്ന് വായു ആചമിച്ച് അന്തർധാരണം അഥവാ പൂരണം ചെയ്യുന്ന പൂരകക്രിയ, കോഷ്ഠത്തിലെ വായുവെ പുറത്തേക്ക് വിരേചനം ചെയ്യുന്ന ബഹിർധാരണം അഥവാ രേചകക്രിയ, പൂരണരേചകകുംഭകങ്ങളിലെല്ലാം ശ്വാസപ്രശ്വാസഗതി വിഛേദമുണ്ട്. സുഖാസനത്തിലിരുന്ന് പ്രണായാമം ചെയ്ത് പ്രാണനെ നിയന്ത്രിക്കുന്നതിനെ ഭാഷ്യത്തിൽ സത്യാസനജയം എന്ന് വിളിച്ചിരിക്കുന്നു.

50. പതഞ്ജലി:- ബാഹ്യാഭ്യന്തരസ്തംഭവൃത്തിർദ്ദേശകാലസംഖ്യാഭിഃ പരിദൃഷ്ടോ ദീർഘ സൂക്ഷ്മഃ

വ്യാസ:- പ്രശ്വാസപൂർവ്വമായ ഗതിയുടെ അഭാവം ബാഹ്യം ശ്വാസപൂർവ്വമായ ഗതിയുടെ അഭാവം ആഭ്യന്തരം രണ്ടിന്റേയും അഭാവം സ്തംഭവൃത്തി അത് ചിരകാലപ്രയത്നത്താൽ ലഭിക്കുന്നു. ചൂടുള്ള പലകമേൽ വീണജലം പൂർണ്ണമായി സങ്കോചിക്കുന്നു. അതുപോലെ ബാഹ്യാന്തരങ്ങളായ രണ്ടുഗതികളുടേയും ഒരുമിച്ചുള്ള അഭാവം തപസ്സിൽ ഉണ്ടാവുന്നു. ഈ മൂന്നും ഒരേ ദേശത്തിൽതന്നെ പരിദൃഷ്ടമായി കണ്ടാല് അതിനു വിഷയമായത് (മൂന്നും ഒന്നിച്ചു കണ്ടത്) ദേശം ഒരേ കാലത്ത് പരിദൃഷ്ടമായാൽ, ഒരേ ക്ഷണത്തിൽ ത്തന്നെ അവധാരണം ചെയ്യപ്പെട്ടാല് അത് അവഛിന്നമല്ല എന്നർത്ഥം സംഖ്യകളും ഇതുപോലെ കാണണം. ശ്വാസപ്രശ്വാസത്തിൽ ആദ്യത്തേത് (പ്രഥമ) ഉദ്ധൃതമായി പിന്നീട് നിഗ്രഹിക്കപ്പെടുന്നു. അതിനുശേഷം ദ്വിതീയം, തൃതിയം എന്ന് സംഖ്യകൾ. ഇവതന്നെ മൃദു, മദ്ധ്യം തീവ്രം, എന്ന സംഖ്യകളായും കാണണം. ഇപ്രകാരം അഭ്യസിച്ച് ദീർഘിച്ചും സൂക്ഷ്മമാത്രയായും ശ്വാസ ഗതിയെ നിയന്ത്രിക്കാനും ഉച്ചാരണം ഗതിനിയമാദികൾ എന്നിവ (ഭാഷ, സംഗീതം) നിയന്ത്രിക്കാനും സാധിക്കുന്നു.

വാചസ്പതി:- പ്രാണായാമവിശേഷത്രയലക്ഷണം പറയാന് സൂത്രാവതരണം ബാഹ്യാന്തരസ്തംഭവൃത്തികളിൽത്തന്നെ ദേശകാലസംഖ്യകളും ദീർഘസൂക്ഷ്മമാത്രകളും ഇരിക്കുന്നു.

സുവർണ്ണ:- ഇത് കൂടുതല് സവിശേഷശ്രദ്ധ അർഹിക്കുന്നു. ബയോ എനർജി അഥവാ ജൈവോർജ്ജം, കോസ്മിക്ക് ഊർജ്ജമായ ദേശകാലസംഖ്യ പ്രകാശത്തെ നാദതരംഗവുമായി ഏകീഭവിപ്പിക്കുന്ന ദീർഘസൂക്ഷ്മമാത്രകളുടെ ക്വാണ്ടം തരംഗചലനം(വേവ് മെക്കാനിക്സ്) എന്നിവയും ഇവയുടെ സംഖ്യാപരമായ വിശദീകരണവും നാദലയസിന്ധു (ഡിസിബുക്സ് കോട്ടയം 2008) ഇന്ത്യയെ കണ്ടെത്തൽ -വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ (എൻ.ബി.എസ് കോട്ടയം) സുധാ സിന്ധു ഉപനിഷദ് സ്വാദ്ധ്യായം (ഡിസിബുക്സ് 2003) എന്നീ ഗ്രന്ഥങ്ങളിൽ ഞാൻ വിശദീകരിച്ചതുതന്നെ. ഇത് കണാദന്റെ വൈശേഷികം, കപിലസാംഖ്യം മുതലായ ദർശനങ്ങളിലും കാണാം.

വാചസ്പതി:- വൃത്തിശബ്ദം പ്രത്യേകം സംബന്ധിപ്പിച്ചിരിക്കുന്നു. രേചകം (പ്രശ്വാസം) പൂരകം(ശ്വാസം) കുംഭകം, ശ്വാസ പ്രശ്വാസത്തെ നിയന്ത്രിക്കാനുള്ള പ്രയത്നം അഭ്യാസം മുതലായവ ഫറയുന്നു. ചൂടുള്ള പലകമേൽ ജലം വീണാല് അത് ശുഷ്ക്കിച്ച് വറ്റി നീരാവിയായി കാണാതാവും ചൂടു കൊണ്ട് ജലത്തിന്റെ സങ്കോചം ദൃശ്യം. മാരുതൻ വഹനശീലമുള്ളതും ബലവത്തുമാണ്. അതിനെ നിരോധക്രിയ ചെയ്യുന്നതിന് പ്രയത്നം ആവശ്യമാണ്. ഇപ്രകാരം പ്രയത്നം ചെയ്യുമ്പോൾ ശരീരം തപിക്കുന്നു. ചൂടാവുന്നു. തപസ്സ് ഇതാണ്. ചൂടുള്ള പലകമേൽ വീണ ജലംപോലെ ശരീരത്തിലെ ജലാംശം വറ്റുന്നു. അതെല്ലാം വായുവാൽ നിറയുന്നു.

സുവർണ്ണ:- പ്രയത്നം ഫോഴ്സ് അഥവാ ശക്തി(പവർ) ആണ്. ജലത്തിലെ ഹൈഡ്രജൻ ആറ്റം വറ്റി വായു അഥവാ ഓക്സിജൻ നിറയുന്നു. ഓരോരോ ഋതുകാലമനുസരിച്ച് ഇത് സംഭവിക്കുന്നതായി ആയുർവ്വേദത്തിന് അറിവുണ്ടായിരുന്നു. ഋതുവിനനുസരിച്ച് ജലാംശം ഏറുകയോ കുറയുകയോ ചെയ്യുന്ന പ്രക്രിയ പറയുന്നു.

വാചസ്പതി:- പൂരകരേചകങ്ങള് ഈ ക്രിയകള് തന്നെയാണ്. ഇവ ദേശവിഷയകങ്ങളാണ്. ശരീരം ദേശമാണ്. ദേശപ്രദേശങ്ങൾ ഹസ്തം മുതലായ അളവുകളാല് പരിമിതം. നിവാതപ്രദേശം ഈഷിക, തൂലം മുതലായ ക്രിയകളാൽ അനുമാനിക്കേണ്ട ബാഹ്യദേശങ്ങളാണ്. ബാഹ്യവും ആന്തരികവുമായ ആപാദതലാമസ്തകം (കാലുമുതൽ മസ്തകം വരെ) പിപീലികാ(ഉറുമ്പ്) സ്പർശസദൃശമാണ്. അല്ലാതെ അനുമാനിച്ചറിയേണ്ട സ്പർശമല്ല. നിമേഷക്രിയകളാൽ അവഛിന്നമാക്കിയ (വിഭജിച്ച) കാലത്തിന്റെ ചതുർഥ്ഥഭാഗമാണ് ക്ഷണം അവിഛിന്നകാലത്തെ അവധാരണം ചെയ്യുന്നതിന് മുറിച്ച് ഭാഗിക്കുന്നു. കാലത്തിന്റെ മാത്രകൾ 360 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ മൃദു ഉദയം അതിനെ ദ്വിഗുണാകൃതമാക്കിയ രണ്ടാമത്തേത് മദ്ധ്യം. അതിനെ ത്രിഗുണീകൃതമാക്കിയ മൂന്നാമത്തേത് തീവ്രം 1 മൃദു 2 മധ്യം 6 തീവ്രം ഇങ്ങനെ പ്രാണായമത്തില് 6 വിധം സ്പന്ദങ്ങൾ. ഇവ ഓരോന്നിനെയായി ഉദ്ധാരണം ചെയ്ത് ജയിച്ച് വശീകരിച്ച് (കീഴടക്കി) അടുത്തതിലേക്ക് പ്രവേശിക്കുന്ന ക്രിയയിൽ ശ്വാസപ്രശ്വാസപ്രചയങ്ങളുടെ അനന്തം സംഖ്യകൾ ചിദഭേദങ്ങള് ഒരാൾ വശത്താക്കുന്നുണ്ട്.

സുവർണ്ണ:- ഈ ക്രിയ സംഗീതസ്വരാഭ്യാസത്തിലാണെന്ന് അറിയുക. ചൈതന്യം അഥവാ ഊർജ്ജത്തിന്റെ വിവിധമാത്രാഭേദങ്ങളാണ് ഇങ്ങനെ വശത്താക്കുന്നത്.

വാചസ്പതി:- ഇങ്ങനെ ദിവസം മാസം, പക്ഷം എന്ന് ദേശകാലപ്രചയവ്യപിതമായി അസംഖ്യം ഊർജ്ജവിജയം നടക്കുന്നു.

സുവർണ്ണ:- ദിനചര്യ, ഋതുചര്യ എന്ന് സംവത്സരം മുഴുവനും ഈ പ്രക്രിയ നടക്കുന്നുണ്ട്

വാചസ്പതി:- ദേശകാലവ്യാപ്തമായ അനേകം ശബ്ദപ്രചയങ്ങള് ദീർഘമായും പരമനൈപുണ്യത്താല് മാത്രം സമധിഗമനീയമായ അനേകം സ്വരശ്രുതിപ്രചയങ്ങൾ സൂക്ഷ്മമായും മന്ദമായും തീവ്രമായും അവയുടെ അവാന്തരങ്ങളായ അനന്തങ്ങളായും സംഖ്യാശാസ്ത്രത്തിൽ കാണാം.

സുവർണ്ണ:- ഇതേ അനന്തം തന്നെ സംഗീതശാസ്ത്രത്തിലും കാണാം

51. പതഞ്ജലി:- ബാഹ്യാഭ്യന്തരവിഷയാക്ഷേപി ചതുർത്ഥഃ

വ്യാസ:- ദേശകാലസംഖ്യകള് ബാഹ്യവിഷയമായും ആഭ്യന്തരവിഷയമായും അനുഭവപ്പെടുന്നു ഉഭയത കൊണ്ടാണ് ദീർഘസൂക്ഷ്മത്വം അതിന്റെ മുമ്പത്തെ ഭൂമികകളെ ജയിച്ച്, ക്രമേണ ഉഭയങ്ങളുടെ ഗത്യഭാവമാണ് പ്രാണായാമം. ഗതിയെ ദീർഘവും സൂക്ഷ്മവുമാക്കി അളന്നളന്ന് (സായനം) ഗത്യഭാവം(നിരയനം) എന്ന വിഷയത്തിന്റെ ആലോചനയിൽ മൂന്നാമതായി പ്രവേശിക്കുന്നു. ശ്വാസപ്രശ്വാസങ്ങളുടെ വിഷയാവധാരണത്താൽ ക്രമേണ ഭൂമിജയത്തില് ഗത്യഭാവത്തിലെത്തി അതിനേയും ജയിക്കുന്നതാണ് പ്രാണായാമം.

സുവർണ്ണ:- ചലനത്തിന്റെ നിയമങ്ങളിൽ നിന്ന് ചലനരഹിതമായ ഇനർഷ്യ എന്ന നിരയനത്തിലേക്കാണ് ഇന്ത്യൻ ജ്യോതിശാസ്ത്രം പോയത്. അത് ഈയടുത്ത കാലത്ത് ആധുനികശാസ്ത്രത്തിലും നാം കണ്ട പ്രതിഭാസം തന്നെ. നിരയനം എന്ന സമാധി അവസ്ഥയിൽ, മൌനമെന്ന പ്രലയാവസ്ഥയിൽ നിന്നാണ് ചലനവും ഗതിയുമുള്ള ഈ പ്രപഞ്ചസൃഷ്ടി എന്നതിന്റെ ഒരു ഡെമോൺസ്ട്രേഷനാണ് ചുരുക്കത്തില് പറഞ്ഞാല് പ്രാണായാമം സംഖ്യാജ്ഞാനം, സംഗീതസ്വരോല്പത്തി, ജ്യോതിഷം, ഗണിതം, യോഗാ

ഭ്യാസം, ആയുർവ്വേദം ഇവയെല്ലാം ഇങ്ങനെ പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. അവ തമ്മിൽ ഒരു ഇന്റഗ്രേറ്റഡ് സമീപനം എന്നും ഇന്ത്യയിലുണ്ടായിരുന്നു.

വാചസ്പതി:- മൂന്നു വിശേഷങ്ങള് ലക്ഷിതമാക്കി നാലാമത്തേത് പറയുന്നു. ബാഹ്യാഭ്യന്തരാപേക്ഷികതയെ ക്ഷേപിക്കുന്നത് അഥവാ ഇല്ലാതാക്കുന്നത് ചതുർത്ഥം. ദേശകാലസംഖ്യകളോ ദീർഘസൂക്ഷ്മാദിഭേദമോ അകംപുറംഭേദകമോ ഗതിയോ ഒന്നുമില്ലാത്ത അവസ്ഥ.

സുവർണ്ണ:- ദിക്ദേശകാലകതിഫലശൂന്യം ഹി പരമാർത്ഥസത് എന്ന ശങ്കരാചാര്യ വചനം പോലെ.

വാചസ്പതി:- ഈ ഗത്യഭാവത്തിൽ സ്തംഭവൃത്തി എന്ന മൂന്നാമത്തേതിൽ നിന്ന് നാലാമത്തേതിലേക്ക് കടക്കുന്നു അനാലോചനാപൂർവ്വം സകൃത്പ്രയത്നനിവൃത്തിയാണ് തൃതീയം. നാലാമത്തേത് ആലോചനാപൂർവ്വം ബഹുപ്രയത്നനിർവൃത്തനായമെന്ന വിശേഷമുണ്ട്. പൂരകരേചകങ്ങൾ ആലോചന കൂടാതെ ചെയ്യുന്നുണ്ട്. ദേശകാല സംഖ്യാദികൾ ആലോചനാപൂർവ്വം ചെയ്യുന്നവയാണ്. ഇതിൽനിന്നെല്ലാം നിവർത്തിച്ച് കേവലപ്രകാശത്തെ മാത്രം (കേവലോർജ്ജത്തെ) അറിയുന്ന അവസ്ഥ

52. പതഞ്ജലി:- തതഃക്ഷീയതേ പ്രകാശാവരണം

വ്യാസ:- പ്രാണായാമാഭ്യാസം ചെയ്യുന്ന യോഗിക്ക് വിവേകജ്ഞാനാവരണമായ സർവ്വ കർമ്മവും ക്ഷയിച്ചു. മഹാമോഹമയമായ ഇന്ദ്രജാലത്താൽ സത്വമായ പ്രകാശശീലം മറഞ്ഞിരിക്കയായിരുന്നു. കർമ്മസംസാരപ്രപ്ഞ്ചത്തിന്റെ ഗതി ഭ്രമണങ്ങൾ ദുർബ്ബലമായി പ്രതിക്ഷണം ക്ഷയിച്ച് ആവരണം നീങ്ങിയ ശുദ്ധസത്വപ്രകാശം ദൃശ്യമാകുന്നു. താപം(തപസ്സ്) കൊണ്ട് അശുദ്ധിയാകുന്ന ആവരണം നീങ്ങി ജ്ഞാനം ദീപ്തമായി. പ്രകാശജ്ഞാനം സ്വരൂപസത്തയാണ്.

വാചസ്പതി:- പ്രാണായാമത്തിന്റെ അവാന്തരപ്രയോജനം പറയുന്നു. പ്രകാശാവരണത്തിന്റെ ക്ഷയമാണ് ആ പ്രയോജനം ബുദ്ധിസത്വപ്രകാശത്തെ മൂടിയ ക്ലേശാ(പാപാ) വരണം പ്രാണായാമത്താൽ നീങ്ങുന്നു. ബുദ്ധി സത്വപ്രകാശമായ ജ്ഞാനം വിളങ്ങുന്നു. അറിയുന്നു. വിവേകത്തിന്റെ ജ്ഞാനം വിവേകജ്ഞാനം വിവേകജ്ഞാനാവരണീയം(വിവേകജ്ഞാനത്തിന്റെആവരണമായത്) ക്ഷയിക്കുന്നു. കർമ്മത്തിൽ നിന്നുണ്ടായ അപുണ്യവും അതിനു കാരണമായ ക്ലേശവും ക്ലേശബീജവും നശിക്കുന്നു. ഇത് ആഗമ സമ്മതമാണ്.

രാഗം മഹാമോഹമാണ്. അതിനെ ഗ്രഹണം ചെയ്യുക എന്നാൽ അതിൻനിന്ന് നിവർത്തിക്കാനുള്ള മാർഗ്ഗം കൂടി ഗ്രഹിക്കാലാണ്. അകാര്യം, അധർമ്മം ഇവയെ ഗ്രഹിക്കുന്നതോടെ അവയെ തടുക്കാനുള്ള മാർഗ്ഗവും ഗ്രഹിക്കുന്നു. പ്രണായാമ, തപശ്ചര്യകളാൽ രാഗ, മേഹാദികളായ സർവ്വവും ദുർബ്ബലമാവുന്നു. നശിക്കുന്നു. പ്രാണായാമം ദോഷങ്ങളെ നശിപ്പിക്കുമെന്ന് മനു(6.72). വിഷ്ണുപുരാണത്തിൽ യോഗാംഗത്തെ ഇങ്ങനെ പറയുന്നു. (6.7, 40-41) പ്രാണാഖ്യമനിലം വശ്യമഭ്യാസാത് കുതേ ജയഃ പ്രാണായമാഃ സവിജ്ഞയഃ സബീജോ അബീജ ഏവ ച പരസ്പരേണാഭിഭവം പ്രാണാപാനൌ യദാനിലൌ കുരുത സ്തദ്വിധാനേന തൃതീയം സമ്യമാത്തയോ.

53. പതഞ്ജലി:- ധാരണാ സുയോഗ്യതാ മനസാഃ

വ്യാസ:- പ്രാണായാമാഭ്യാസത്താല് മനസ്സ് ധാരണക്ക് സുസജ്ജമായി യോഗ്യമായി ത്തീരുന്നു. പ്രഛർദ്ദനവിധാരണാഭ്യാം വാ പ്രാണസ്യ (1.34) എന്ന വചനം കൊണ്ട്

വാചസ്പതി:- പ്രാണായാമാഭ്യാസത്താല് മനസ്സ് സ്ഥിരീകരിക്കാനും വിധാരണം ചെയ്യാനും യോഗ്യത നേടുന്നു

54. പതഞ്ജലി:- സ്വവിഷയാസമ്പ്രയോഗേ ചിത്തസ്യ സ്വസ്വരൂപാനകാര ഇവേന്ദ്രിയാണാം പ്രത്യാഹാരഃ

വ്യാസ:- പ്രത്യാഹാരമെന്നാലെന്ത്. സ്വവിഷയത്തിൽ അസമ്പ്രയോഗമായ ചിത്ത ത്തിന്റെ സ്വരൂപാനുകാരമാണ് ഇന്ദ്രിയങ്ങളിൽ നിന്ന് പ്രത്യാഹാരം. ചിത്തനിരോധത്തിൽ ചിത്തനിരുദ്ധമായ ഇന്ദ്രിയങ്ങൾക്ക് മറ്റൊരിന്ദ്രിയജയോപായത്തെ അപേക്ഷിക്കേണ്ട ആവ ശ്യമില്ലാതാവുന്നു. എപ്രകാരം മധുകരരാജൻ (തേനീച്ചകളുടെ രാജാവ്, റാണി) മക്ഷിക യോടു ചേർന്നശേഷം പിന്നീട് ഉല്പാദനം നടത്തുന്നില്ലയോ അതുപോലെ ചിത്തനിരോ ധനത്തിനുശേഷം ഇന്ദ്രിയങ്ങൾ സ്വാഭാവികമായി വിഷയങ്ങളില് നിന്ന് നിരുദ്ധമാകുന്നത് പ്രത്യാഹാരം.

വാചസ്പതി:- ഇപ്രകാരം യമാദികളു സംസ്കൃതമായി സംയമമായി പ്രത്യാഹാരം ആരംഭിക്കുന്നു. അതിന്റെ ലക്ഷണസൂത്രം അവതരിപ്പിക്കുന്നു. മോഹനീയം രഞ്ജ നീയം, കോപനീയം മുതലായ അവസ്ഥകൾ ചിത്തത്തിന്റെ സ്വവിഷയസമ്പ്രദായങ്ങളാ യിരിക്കുമ്പോൾ മാത്രമേ ശബ്ദം ദൃശ്യം മുതലായ വിഷയങ്ങളിലൂടെ ഇന്ദ്രിയത്തിന് ചിത്തത്തെ ചലിപ്പിക്കാൻ സാധിക്കുകയുള്ളൂ. ചിത്തം മേല്പറഞ്ഞ വിഷയങ്ങളിൽ അസ മ്പ്രയോഗമാകുന്നതോടെ, വിഷയങ്ങൾക്കും ഇന്ദ്രിയങ്ങൾക്കും ചിത്തത്തിന്മേലുള്ള പ്രവൃത്തി നിൽക്കുന്നു. അവയെല്ലാം നിഷ്പ്രയോജനങ്ങളാകുന്നു. അതോടെ നിരുദ്ധ മായ ചിത്തത്തിന്റെ സ്വരൂപത്തെ ഇന്ദ്രിയങ്ങളും അനുകരിച്ച് അവ വിഷയങ്ങളിൽ നിന്ന് പിന്തിരിയുന്നു. പ്രത്യാഹാരം ചെയ്യുന്നു. നേർത്തെ പറഞ്ഞ ആറ്റ തത്വങ്ങളിൽ നിന്ന് ഏഴാമത്തേതായി പ്രത്യാഹാരത്തെ അറിയുന്നു. രണ്ടിന്റേയും നിരോധഹേതുവായി അതു ല്യമായി ഒരേ പ്രയത്നം ഭവിക്കുന്നു. ചിത്തനിവൃത്തി കൊണ്ട്, ഇന്ദ്രിയങ്ങളുടെ വിഷയ നിവൃത്തിയായ പ്രത്യാഹാരം സ്വാഭാവികമായി സംഭവിക്കുന്നു. അതിന് ദൃഷ്ടാന്തമായി തേനിച്ചയെ പറഞ്ഞു. വിഷ്ണുപുരാണ വാക്യം(6.7, 43) ശബ്ദാദിശ്വാനുഷക്താനി നിഗൃ ഹ്യാക്ഷാണി യോഗവിത് കുര്യാച്ചിത്താനുകാരിണി പ്രത്യാഹാരപരായണഃ എന്നാണ്. അതിന്റെ പ്രയോജനം അതിൽത്തന്നെ ദൃശ്യമാണ്.

വശ്യതാ പരമാ തേന ജായതേ നിശ്ചലാത്മനാം ഇന്ദ്രിയാണാമവശ്യൈസ്തൈര് ന യോഗീ യോഗസാധകഃ (6.7, 44)

55. പതഞ്ജലി:- തതഃപരമാ വശ്യതേന്ദ്രിയാണാം

വ്യാസ:- ശബ്ദാദികളുടെ അവ്യസനമാണ് ഇന്ദ്രിയജയം ശക്തിയുടെ വ്യസനം (വ്യ സൃതി) ശ്രേയസ്സാണ്. പ്രതിപത്തിന്യായത്താൽ ഇത് അവിരുദ്ധമാണ്. ശബ്ദാദിസമ്പ്ര യോഗം സ്വേഛയാലാണ്. രാഗദ്വേഷഭാവത്തിൽ സുഖദുഃഖശൂന്യമായ ശബ്ദാദിജ്ഞാന

മാണ് ഇന്ദ്രിയജയം. ചിത്തത്തിന്റെ ഏകാഗ്രതയാൽ അപ്രതിപത്തിയാണ് അതിന്മേലുള്ള ജയം. പരമമായ അതിന്റെ വശ്യത ചിത്തനിരോധത്തിൽ ഇന്ദ്രിയ നിരോധമുണ്ടാവുമ്പോളാണ്. മറ്റ് ഇന്ദ്രിയങ്ങളെ ജയിക്കാൻ പ്രയത്നകൃതമായ ഉപായാന്തരങ്ങളെ ഒന്നും ചിത്ത നിരോധം ചെയ്ത യോഗിക്ക് ആശ്രയിക്കേണ്ടതില്ല എന്നതാണ് പരമമായ വശ്യത. ഇപ്രകാരം സാംഖ്യപ്രവചനത്തിൽ യോഗശാസ്ത്രത്തില് വ്യാസഭാഷ്യത്തിലെ രണ്ടാം പാദം.

വാചസ്പതി:- ഉപരമം വന്ന ഇന്ദ്രിയങ്ങളുടെ വശ്യത മറ്റെല്ലാത്തിനേക്കാള് പരമമാണ്. സക്തി അഥവാ രാഗം കൊണ്ട് വ്യസനമുണ്ടാവുന്നു. വ്യസൃതി എന്നാൽ ക്ഷിപതി, നിരസൃതി- ശ്രേയസ്സിനെ നിരസിക്കുന്നതിനാണ് ഇവിടെ വ്യസനം. അതിന്റെ അഭാവം അവ്യസനം അഥവാ വശ്യത. ശ്രേയസ്സിനെ സ്വീകരിക്കുന്നതും നിരസിക്കുന്നതും രണ്ടും വശ്യതയാണെങ്കിൽ അവിരുദ്ധതയേ ഉള്ളൂ. വൈരുദ്ധ്യമില്ല. ശ്രുതിപ്രകാരവും ന്യായപ്രകാരവും ശബ്ദാദികളുടെ സമ്പ്രയോഗവും വശ്യമാണ്. സ്വേഛയാ ഭോഗത്തിനായിട്ടുള്ള സ്വതന്ത്രഭോഗ്യതന്ത്രമാവുമ്പോൾ. അതേസമയം ഇന്ദ്രിയനിരോധവും വശ്യതയാണ്. രാഗദ്വേഷാദിദ്വന്ദാഭാവത്താൽ സുഖദുഃഖശൂന്യമായി കേന്ദ്ര(മദ്ധ്യ) സ്ഥിതമായി ശബ്ദാദിജ്ഞാനത്തോടെ സർവ്വജ്ഞമായിരുന്നിട്ടും അവയിലൊന്നിലും തൃപ്തിയില്ലാത്ത അവസ്ഥയാണ് അത്. അത് കൂടുതൽ വശ്യമാകയാൽ പരമമായ വശ്യത എന്ന് വിളിച്ചു. വശ്യത പരമമായ വശ്യത എന്നു പറയുന്നതിൽ വൈരുദ്ധ്യമില്ല. ഏറ്റക്കുറച്ചിലേ ഉള്ളൂ. വിഷയാഭിമുഖ്യമുള്ള ഇന്ദ്രിയങ്ങളുടെ വശ്യതയിൽ ക്ലേശവിഷസമ്പർക്കശങ്ക ഉണ്ട്. എന്നാലിവിടെ വിഷവിദ്യയിൽ സമർത്ഥനായ വൈദ്യനാല് വശീകൃതമായ ഭുജംഗമം (സർപ്പം) തന്റെ അംഗത്തിൽ വിഷമുണ്ടായാലും ഉറങ്ങുന്ന പോലെ അടങ്ങി വിശ്രമിക്കയാണ്. വിഷയവിഷശങ്ക നിശ്ശേഷം ദൂരീകരിച്ചിരിക്കുന്നു. അതിനാലാണ് പരമവശ്യത ഒരിന്ദ്രിയം ജയിച്ചയതമാനന് മറ്റൊന്നിനെ ജയിക്കാന് ഒന്നൊന്നായി വ്യത്യസ്തങ്ങളായി പ്രയത്നാന്തരങ്ങളെ അപേക്ഷിക്കുന്നു. എന്നാൽ ചിത്ത നിരോധം ചെയ്ത യോഗി സർവ്വേന്ദ്രിയങ്ങളേയും മറ്റൊരു പ്രയത്നം കൂടാതെ വശീകരിച്ച് ചൊല്പടിക്കാക്കിക്കഴിഞ്ഞു.

ക്രിയായോഗം ജഗൌ ക്ലേശാന്വിപാകാൻ കർമ്മണാമിഹ തദ് ദുഃഖത്വം തഥാ വ്യൂഹാന് പാദേ യോഗസ്യപഞ്ചകം

ഇപ്രകാരം വാചസ്പതിമിശ്രവിരചിതമായ തത്വവൈശാരദിയിൽ രണ്ടാമത്തെ സാധനാപാദം കഴിഞ്ഞു.

വിഭൂതിപാദം

1. പതഞ്ജലി :- ദേശബന്ധച്ചിത്തശ്ചധാരണാ

വ്യാസ:- പഞ്ചബഹിരംഗസാധനകൾ പറഞ്ഞു. ഇനി ധാരണ പറയാനാരംഭിക്കുന്നു. ധാരണ ദേശത്തോട് സംബന്ധപ്പെട്ടതാണ്. നാഭിച്കം, ഹൃദ്പുണ്ഡരീകം, മൂർദ്ധാവിലെ ജ്യോതിഷചക്രം, നാസികാഗ്രം, ജിഹ്വാഗ്രം എന്നിങ്ങനെ ഓരോരോ ശരീരദേശങ്ങളോടും നാഡീചക്രദേശങ്ങളോടും ബാഹ്യവിഷയങ്ങളെ ചിത്തം അതിന്റെ വൃത്തിമാത്രയാൽ ബന്ധിച്ചുനിർത്തിയാണ് ധാരണ സാധിക്കുന്നത്.

വാചസ്പതി:- പ്രഥമദ്വിതീയപാദങ്ങളില് സമാധിയും അതിന്റെ സാധനയും പറഞ്ഞു. മൂന്നാം പാദത്തിൽ അതിന്റെ പ്രവൃത്തിക്ക് അനുഗുണമായി ശ്രദ്ധ ഉല്പാദിപ്പിക്കുന്നതിന്റെ ഹേതി(കാരണം) ആയിരിക്കുന്ന വിഭൂതികൾ പറയേണ്ടതുണ്ട്. അവ സംയമം കൊണ്ടാണ് സാദ്ധ്യമാകുന്നത്. ധാരണ, ധ്യാനം സമാധി എന്നിവയുടെ സമുദായമായ സംയമം എന്ന വിഭൂതിസാധനങ്ങളാല് ബഹിരംഗങ്ങളായ അഞ്ച് യോഗാംഗങ്ങളിൽ നിന്നും വ്യത്യസ്തവും വിശേഷമായി അറിയേണ്ടതുമായ മൂന്ന് അന്തരംഗങ്ങളായ യോഗാംഗങ്ങൾ ഉപന്യസിക്കപ്പെടുന്നു. ധാരണ, ധ്യാന, സമാധികൾക്ക് കാര്യകാരണഭാവത്തില് നിയതമായ പൂരവ്വാപരത്വത്താല് അനുരോധത്തില് ഉപന്യാസക്രമത്തില് ആദ്യത്തേയായ ധാരണയുടെ ലക്ഷണം പറയുന്നു. ആദ്ധ്യാത്മികമായ നാഭിചക്രം മുതലായ ആന്തരദേശങ്ങളുമായി ബന്ധപ്പെട്ടതാണ് ധാരണ. ബാഹ്യമായ വിഷയങ്ങളെക്കുറിച്ച് ജ്ഞാനവും ധാരണയും ഈ നാഡീവ്യൂഹങ്ങളിൽക്കൂടിയാണ് സംഭവിക്കാറ്. ബാഹ്യവിഷയങ്ങളോടും സ്വരൂപങ്ങളോടും ചിത്തത്തിനു സംബന്ധം വൃത്തിമാത്രം അഥവാ ചിത്തവൃത്തിയായ ജ്ഞാനമാത്രം കൊണ്ടാണ്. അതിനാൽ വിഷ്ണു പുരാണം (6.7, 45) പറയുന്നു.

പ്രാണായാമേന പവനം പ്രത്യാഹാരേണ ചേന്ദ്രിയം വശീകൃത്യ തതഃകര്യാച്ചിത്തസ്ഥാനം ശുഭാശ്രയേ.

പ്രാണായാമത്താൽ വായുവിനേയും പ്രത്യാഹാരത്താല് ഇന്ദ്രിയങ്ങളേയും വശീകരിച്ച്, വശത്താക്കി, ചിത്ത സ്ഥാനം ശുഭാശ്രയമാക്കിത്തീർക്കുക. ശുഭാശ്രയമെന്നാൽ ബാഹ്യമായ ഹിരണ്യഗർഭ, വാസവ, പ്രജാപതി പ്രഭൃതികളുടെ സ്ഥാനങ്ങൾ ദികപാല സ്ഥാനങ്ങൾ-ദിക്കും ദേശവുമായി ബന്ധപ്പെട്ട സർവ്വവും ശുദ്ധമാക്കുക. ശുഭാശ്രയമാക്കുക. വിഷ്ണുപുരാണം ഉദ്ധരിച്ച് (6.7, 77 -85) ഒമ്പതു ശ്ലോകങ്ങൾ ധാരണക്കായി പറയാം

മൂർത്തം ഭഗവതോ രൂപം സർവ്വോപാശ്രയനിസ്പൃഹം
ഏഷാവൈ ധാരണാ ജ്ഞേയാ യച്ചിത്തം തത്ര ധാര്യതേ (77)
തച്ചമൂർത്തം ഹരേരൂപം യദ്വിചിന്ത്യം നരാധിപ
തച്ഛ്രൂയതാമനാധാരാ ധാരണാ നോപപദ്യതേ(78)
പ്രസന്നവദനം ചാരുപത്മപത്രനിഭേക്ഷണം
സുകപോലം സുവിസ്തീർണ്ണലലാടഫലകോജ്ജ്വലം(79)
സമകർണ്ണാന്തവിന്യസ്തചാരുകുണ്ഡലഭൂഷണം

കംബുഗ്രീവം സുവിസ്തീർണ്ണശ്രീവത്സാങ്കിതവക്ഷസം(80)
വലീവിഭംഗിനാമഗ്നനാഭിനാചോദരേണ ച
പ്രലഭാഷ്ടഭുജം വിഷ്ണുമയയാപി ചതുർഭുജം(81)
സംസ്ഥിതോരുജംഘം ച സ്വസ്തികാംഘ്രികരാംബുജം
ചിന്തയേഹൃഹ്യഭൂതം തം പിതനിർമ്മലവാസസം(82)
കിരീട ചാരുകേയൂരകേടകാദിവിഭൂഷിതം
ശംഖചക്രഗദാസ്വംഗശംഖാക്ഷവലയാന്വിതം(83)
ചിന്തയേത്തന്മയോ യോഗി സമാധായാത്മമാനസം

താവദ്യാവദ് ദൃഢീഭൂതാ തത്രൈവ നൃപ ധാരണാ(84)
ഏതദാതിഷ്ഠതോ അന്യദ്വാ സ്വേചരയാ കർമ്മകുർവ്വതഃ
നാപയാതിയദാചിത്തം സിദ്ധാം മന്യേത താം തദാ(85)

ധാരണാസാദ്ധ്യം ധ്യാനമാണ്. ധ്യാനമുറയ്ക്കാനാണ് ധാരണ. പ്രത്യയത്തിലുള്ള ഏകതാനതയാണ് ധ്യാനം എന്നു പറയുന്നത്. ഏകതാനത എന്നാല് ഏകാഗ്രത. അതിനാൽ വിഷ്ണുപുരാണം(6.7, 89) പറയുന്നു:-

തദ്രൂപപ്രത്യയൈകാഗ്ര്യസന്തതിശ്ചാന്വീനിഃസ്പൃഹാ തദ്യദ് ധ്യാനം പ്രഥമൈരംഗൈഃ ഷഡ്ഭിർനിഷ്പാദ്യതേ നൃപഃ

സുവർണ്ണ:- വാചസ്പതിമിശ്രൻ ജൈനനാണെന്നും ബുദ്ധസന്യാസിയാണെന്നും ചില പണ്ഡിതന്മാർ വാദിച്ചിട്ടുണ്ട്. ചരിത്രകാരന്മാരും പറഞ്ഞിട്ടുണ്ട്. അഹിംസാപരമോ ധർമ്മം എന്നത് ഉപനിഷത്തുകളും ബുദ്ധമതവും കൈക്കൊണ്ട ചര്യയാണ്. ഇത് മറ്റു യോഗിവര്യന്മാരെപ്പോലെ വാചസ്പതിയും പാലിച്ചിരുന്നു. എന്നാൽ അദ്ദേഹം തന്റെ ഭാഷ്യം ആരംഭിക്കുന്നത് തന്റെ ഇഷ്ടദേവതയും ഉപാസനാമൂർത്തിയുമായ ശിവനെ സ്തുതിച്ചാണ്. ധ്യാനത്തിനും ധാരണയ്ക്കും വിഷ്ണുരൂപമാണ് ഭാഷ്യം ഉപദേശിക്കുന്നത്. ഇതിൽ ജൈന ബുദ്ധമതഹിന്ദുമതവ്യത്യാസമോ ശൈവ വൈഷ്ണവവിരോധമോ ഒന്നു കാണാനേ ഇല്ല. ഈ വരികളെല്ലാം വായിക്കുമ്പോളാണ് സംസ്കൃതം ശരിക്ക് വായിക്കാനറിയാത്ത ചരിത്രകാരന്മാരും മതത്തിന്റെ പേരിൽ ഉപജീവിക്കുന്ന പണ്ഡിതരും നമ്മുടെ ചിരത്രത്തേയും സംസ്ക്കാരത്തേയും എത്രമാത്രം വളച്ചൊടിച്ചു എന്ന് മനസ്സിലാവുന്നത്. ഭിന്നിപ്പിച്ചു ഭരിക്കുന്ന ഈ തന്ത്രത്തിന്റെ വലകളിൽ നിന്ന് ഊരിപ്പോരാനെത്ര വിഷമമാണെന്ന് ഓർത്തു നോക്കണം. സമൂഹത്തിന്റെ തെറ്റായ ചരിത്ര ബോധത്തെ മാറ്റിയെടുക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ സംഗതിയാണ്. പക്ഷേ ഒരുമയോടെയുള്ള ഒരു ഭാരതദേശത്തിന്റെ ഭാവിക്ക് ശരിയായ അറിവിന്റെ പാതയിലേക്ക് നയിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ല.

2. പതഞ്ജലി:- തത്ര പ്രത്യയൈകതാനതാ ധ്യാനം

വ്യാസ:- ധ്യേയത്തെ പ്രത്യേകദേശത്തിൽ, ബാഹ്യവും ആഭ്യന്തരവുമായ ഒരു പ്രത്യേക സ്ഥാനത്ത് വെച്ചിട്ട് പ്രതിഷ്ഠിച്ചിട്ട് ആലംബനമാക്കി ഉറപ്പിച്ച് ആ പ്രത്യയത്തില് ഏകാഗ്രതയോടെ സദൃശമായ ധാരണാപ്രവാഹത്തോടെ ചിത്തം ഉറപ്പിക്കുന്നതാണ് ധ്യാനം.

വാചസ്പതി:- ഭാഷ്യം സുഗമം

3. പതഞ്ജലി:- തദേവമാത്ര നിർഭാവം സ്വരൂപശൂന്യമിവ സമാധി

വ്യാസ:- ധ്യാനത്തിൽ ധ്യേയമായ ആകാരം അഥവാ രൂപത്തിന്റെ നിർഭാവമുണ്ട്. പ്രത്യയാത്മകസ്വരൂപമുണ്ട്. ധ്യാനം നിരന്തരമായി ഉറപ്പിച്ച്, പ്രത്യയാത്മകമായ സ്വരൂപങ്ങൾ ഒന്നുതന്നെ ഇല്ലാത്ത പ്രകാശമാത്രമാകയാല് (സ്വരൂപശൂന്യം) ശൂന്യമായതെന്ന് വിളിക്കുന്ന അവസ്ഥ കൈവരുന്നു. ധ്യേയത്തിന്റെ സ്വഭാവമായ ചൈതന്യമാത്രത്താൽ ചിത്തം പൂർണ്ണമായി ആവേശിക്കപ്പെടുന്നു. ഈ അവസ്ഥ സമാധിയാണ്.

വാചസ്പതി:- ധ്യാനസാദ്ധ്യം ധ്യാനം തന്നെയാണ്. അത്രമാത്രം പ്രത്യയത്തിൽ ഏകതാനതയാണ് ധ്യാനം. ധ്യാനം കൊണ്ട് സമാധി കൈവരുന്നു. സ്വരൂപശൂന്യവും അർത്ഥമാത്രനിർഭാസവുമാണ് സമാധി. ധ്യാനിക്കുന്ന സ്വരൂപത്തിന്റെ രൂപമില്ലാതെ ഭാവമായ ചൈതന്യം ചിത്തത്തിൽ നിറയുന്നു. ഈ ചൈതന്യപ്രവാഹം ഇടതടവില്ലാതെ പ്രവഹിക്കുന്നു. സ്വരൂപശൂന്യമാകയാൽ ശൂന്യമെന്ന് വിളിച്ചാലും ഇത് പ്രകാശപൂർണ്ണമാണ്. ധ്യേയസ്വഭാവം ആവേശിച്ചതാണ്. വിഷ്ണുപുരാണം(6.7, 90) പറയുന്നു.:-

തസ്യൈവകല്പനാഹീനം സ്വരൂപഗ്രഹണം ഹി യത് സനസാ ധ്യാനനിഷ്പാദ്യം സമാധിഃ സോ അഭിധീയതേ ധ്യാനത്തിൽ ധ്യാനിക്കുന്ന വ്യക്തിയും ധ്യേയരൂപവും ധ്യാനവും തമ്മിലുള്ള ഭേദകല്പനയുണ്ട്. സമാധിയിൽ ആ ഭേദകല്പനയില്ല. അവ മൂന്നും ഒന്നായിത്തീർന്നു. ഖാണ്ഡിക്യന് അഷ്ടാംഗയോഗം ഉപദേശിക്കുന്ന കേശിധ്വജൻ വിഷ്ണുപുരാണത്തിൽ (6.7.92) ഇങ്ങനെ ഉപസംഹരിക്കുന്നു.

ക്ഷേത്രജ്ഞഃകരണീജ്ഞാനം കരണം തദചേതനം നിഷ്പാദ്യമുക്തികാര്യം വൈകൃതകൃത്യം നിവർത്തതേ.

4. പതഞ്ജലി:- ത്രയമേകത്ര സംയമ:

വ്യാസ:- ധാരണ, ധ്യാനം, സമാധി എന്ന മൂന്നും ഏകമായി സംയ.മമെന്ന് വിളിക്കുന്നു. ഒരേ വിഷയത്തിൽ(ഏകവിഷയം) മൂന്നു സാധനകളും ഒന്നായുറയ്ക്കുന്നത് സംയമം അതിനാൽ സംയമമെന്നത് ഈ മൂന്നിന്റേയും താന്ത്രികിയായ പരിഭാഷയാണ്.

സുവർണ്ണ:-- താന്ത്രികി എന്നാല് മെത്തേഡ്, മാർഗ്ഗം. പരിഭാഷ ട്രാന്സിലേഷനെന്ന് ഇംഗ്ലീഷ്. The method translated in practical items എന്നാണ് താന്ത്രികീപരിഭാഷയ്ക്ക് അർത്ഥം. പ്രയോഗികതലത്തിലേക്ക് പരിഭാഷപ്പെടുത്തിയ ടെക്നിക്കൽ മാർഗ്ഗം അഥവാ തന്ത്രം

വാചസ്പതി:- മൂന്ന് ആന്തരയോഗങ്ങൾക്ക് ഓരോന്നിനും നിയോഗിക്കപ്പെട്ട സംജ്ഞോച്ചാരണത്തിന്റെ ഗൌരവത്തിന് ലാഘവം വരുത്താനാണ് പരിഭാഷാസൂത്രം അവതരിപ്പിച്ചിട്ടുള്ളത്. മൂന്നും ചേർന്നത് സംയമം മൂന്നും ഏകവിഷയത്തിൽ കേന്ദ്രീകൃതമാണെന്ന് വാചകത്വശങ്ക വരാതിരിക്കാന് എടുത്തുപറയുന്നു.

തന്വതേ വ്യത്പാദതേ യോഗോയേന ശാസ്ത്രേണ തത്തന്ത്രം. അതിന്റെ തദ്ഭവം താന്ത്രികി. ഏതൊന്നിനാൽ യോഗശാസ്ത്രം ഉല്പാദിതമാകുന്നവോ ആ പ്രയോഗികശാസ്ത്രമാർഗ്ഗമാണ് തന്ത്രം. സംയമമെന്ന താന്ത്രികീപരിഭാഷയാൽ ധാരണാധ്യാനസമാധികളുടെ ഗൌരവം ലാഘവപ്പെടുകയും അതേ സമയം അതിന്റെ പ്രയോഗികത മനസ്സിലാവുകയും ചെയ്യുന്നു. മൂന്നും ഒരേ പ്രദേശത്ത് സംയമിക്കുന്നതിനാൽ (പരിണാമത്രയസംയമാത്) പരിണാമത്രയം ഒന്നായിത്തീരുന്നു എന്ന അദ്വൈതഭാവന കൈവരുന്നു.

5. പതഞ്ജലി:- തജ്ജയാത് പ്രജ്ഞാലോകഃ

6. പതഞ്ജലി:- തസ്യ ഭൂമിഷ്ഠ വിനിയോഗഃ

വ്യാസ:- സംയമത്താല് രുചിച്ച സമാധിപ്രജ്ഞയാല് ലോകങ്ങളുണ്ടാവുന്നു. എത്രയെത്ര സംയമം സ്ഥിരപദമായി ഭവിക്കുന്നുവോ അത്രയത്ര സമാധിപ്രജ്ഞ വിശാരദിയായി ഭവിക്കുന്നു. സംയമത്താൽ ജയിച്ച ഭൂമികകളുടെ (ജിതഭൂമി) അനന്തരങ്ങളായ ഭൂമികകൾ വിനിയോഗിക്കപ്പെടുന്നു. അജിതങ്ങളായിരിക്കുന്ന ഭൂമികകളെ ലംഘിക്കാതെ അതാതിന്റെ പ്രാന്തഭൂമികളിൽ സംയമം ലഭിക്കുന്നു. അതിന്റെ അഭാവത്തിൽ അവയെ പ്രജ്ഞാലോകനം ചെയ്യുന്നതെങ്ങനെ. ഈശ്വരപ്രസാദത്താൽ ജയിച്ച ഉത്തരഭൂമികകളിലും അധരലോകങ്ങളിലും നിന്ന് പരചിത്തജ്ഞാനാദികളായ സംയമങ്ങൾ വന്നുചേരുന്നു. എങ്ങനെ അതിന്റെ അർത്ഥത്തില് നിന്ന്. അങ്ങനെയല്ലാതെ അവ (അത്തരം ജ്ഞാനം) ലഭിക്കാൻ വഴിയില്ലാത്തതുകൊണ്ട് ഭൂമി ഇത്-ഇതിനപ്പുറം അനന്തം ഭൂമി ഇങ്ങനെ ഓരോന്നായി ഭൂമികളെ അറിഞ്ഞ് അവയുടെ യോഗം (ഒന്നായി ദർശിക്കൽ) ഇപ്രകാരം ഉപാധ്യായം ചെയ്ത് അറിയപ്പെടുകയാണ്. എങ്ങനെ ഇപ്രകാരം പറയപ്പെടുന്നു:- യോഗേന യോഗോ ജ്ഞാതവ്യോ യോഗോ യോഗാത് പ്രവർത്തതേ യോ പ്രസക്തസ്തു യോഗേന സ യോഗേ രസതേ ചിരം യോഗത്താൽ യോഗത്തെ അറിയണം. യോഗം യോഗത്താൽ പ്രവർത്തിക്കുന്നു. അപ്രസക്തമായതെന്തോ (ലഭിക്കാത്തത്) അതിലാണ് യോഗം ചിരം രസിക്കുന്നത്.

സുവർണ്ണ:- ജയിച്ച ഭൂമികകളുടെ സീമകളിൽ നിന്ന് ലഭിക്കാത്തവയിലേക്ക് പ്രജ്ഞാലോകനം ചെയ്ത് അവയേയും കീഴടക്കുന്നതും ഒന്നൊന്നായി മേലും കീഴും ആയ സർവ്വലോകത്തിലെ പ്രാണികളുടെ പരചിത്തജ്ഞാനാദികള് അറിയുന്നതും ഇങ്ങനെ വ്യാസൻ വ്യാഖ്യാനിച്ചിരിക്കുന്നു.

വാചസ്പതി:- സംയമവിജയത്തിനായി ചെയ്ത അഭ്യാസസാധനയുടെ ഫലം പറയുന്നു. പ്രത്യയാന്തരങ്ങൾ പ്രകാശിതമാകുമ്പോൾ നിർമ്മലപ്രവാഹമാകുന്ന പ്രജ്ഞക്ക് ആലോകനം തടസ്സമില്ലാതെ സാധിക്കുന്നു. പിന്നീട് ഉപയോഗിച്ച് ഫലം കണ്ട സംയമത്തിന്റെ ഫലം-ആ ഭൂമികകളെ വിനിയോഗിക്കുന്നു. ഭൂമി ഭാഷ്യകാരൻ വിശേഷമായി ഉപയോഗിക്കുന്നു. ജിതഭൂമി, അതിനപ്പുറത്തുള്ള അഥവാ അനന്തരഭൂമി അജിതഭൂമി എന്ന് വേർതിരിച്ച് വിനിയോഗിക്കുന്നു. സ്ഥൂലവിഷയങ്ങളെ സവിതർക്കസമാധിയാല് വശീകരിച്ചുകഴിഞ്ഞാല് പിന്നെയുള്ള സംയമത്താൽ അവിജിതമായ നിർവിതർക്കത്തെ ജയിക്കാനാണ് സംയമം വിനിയോഗിക്കുന്നത്. അതും വശീകൃതമായാൽ സവിചാരത്തിൽ വിനിയോഗം. സവിചാരസമാധി കിട്ടിക്കഴിഞ്ഞാല് നിർവ്വിചാരത്തില് വിനിയോഗം. സ്ഥൂലവിഷയജ്ഞാനം കിട്ടിയ സിദ്ധൻ സൂക്ഷ്മവിഷയജ്ഞാനത്തിലേക്ക് പ്രവേശിക്കുന്ന സമാധിയെ വിഷ്ണുപുരാണത്തില് ഭഗവാന്റെ ആയുധം അലങ്കാരം മുതലായവയിൽ നിന്ന് സോഹം എന്ന ആന്തരമായ അദ്വൈതഈശ്വരപ്രണിധാനത്തിലേക്ക് കടക്കുന്നതായിട്ട് പറഞ്ഞിരിക്കുന്നു. (6,7. 86-88)

തതഃ ശംഖഗദാചക്രശാർങ്ഗാർദ്ദിരഹിതം ബുധഃ ചിന്തയേദ് ഭഗവദ്രൂപം പ്രശാന്തം സാക്ഷസൂത്രകം (86)

യദാ ച ധാരണാ തസ്മിന്നവസ്ഥാനവതീതതഃകിരീടകേയൂരമുഖൈർഭൂഷണൈര ഹിതം സ്മരേത്(87)

തദേകാവയവം ദേവം സോഹം ചേതി പുനർബുധഃകുര്യാത്തതോഹ്യഹമിതി പ്രണി ധാനപരോ ഭവേത്(88)

ആധാരഭൂമികളെ വിജയിച്ച് ഉത്തരഭൂമികളെ (അവിടെ വിപര്യയങ്ങൾ) പ്രാപിക്കു ന്നു. ഗംഗയുടെ അധരഭൂമികളായ ശിലകൾ, ഹ്രദങ്ങൾ എന്നിവയിലേക്ക് സഞ്ചരിച്ച് ഗംഗ ക്കു മുകളിലുള്ള മേധവനം പ്രാപിക്കുക എന്ന വിപര്യയാത്രയല്ല ഇവിടെ പറഞ്ഞത്. ഈശ്വരപ്രസാദത്താൽ മാത്രം ആർജ്ജിക്കാവുന്ന ഉത്തരഭൂമികകള് എന്നാണ്. ഈശ്വര പ്രണിധാനം ഒന്നുകൊണ്ടല്ലാതെ ഈ ഉത്തരഭൂമികകളുടെ സമീപത്തെത്താനോ അവയെ ജയിക്കാനോ സാധ്യമല്ല. നിഷ്പാദിതക്രിയയിൽ കർമ്മണ്യവിശേഷം ആധാരമായിരി ക്കുന്നു. സാധനയിൽ മറ്റൊരു സാധന ഇല്ല എന്ന അസാധനാന്യായം ആധാരമായിരി ക്കുന്നുണ്ട്. ഇവിടെ താഴത്തെ ഭൂമിഭേദങ്ങൾ ഗ്രഹിക്കാനും കീഴടക്കാനും വേണ്ട സാമാ ന്യമായ ബുദ്ധി മാത്രം പോരാ, ഈ സൂക്ഷ്മപ്രകാശൈശ്വരലോകങ്ങളിൽ പ്രവേശിക്കാൻ. ബുദ്ധിക്കുപരിയായി അതീതമായിരിക്കുന്ന ഈശ്വരപ്രസാദം വേണം. ജയിച്ച പൂർവ്വയോ ഗങ്ങള് ജ്ഞാനപ്രവൃത്ത്യധിഗമഹേതുക്കളായി ഉത്തരോത്തരത്തിലേക്ക് നയിക്കുന്നുവെ ങ്കിലും അവയിൽ പ്രവേശിക്കാന് ഈശ്വരപ്രസാദമൊന്നു മാത്രമേ സഹായിക്കുകയുള്ളൂ. അവസ്ഥകൾ ഒന്നൊന്നില് നിത്യം അഭിപ്രേരിതമായി ദ്രഷ്ടവ്യം.

7. പതഞ്ജലി:- ത്രയമന്തരംഗം പൂർവ്വേഭ്യ:

വ്യാസ:- ധാരണ, ധ്യാന, സമാധിത്രയങ്ങളാൽ അന്തരംഗം സമ്പ്രജ്ഞാതസമാധി യില് ലയിച്ചു. വീണ്ടും പഴയപോലെ (പൂർവ്വേഭ്യാ) യമാദികളായ അഞ്ചു സാധനകൾ തുടർന്നുകൊണ്ടുതന്നെ ഇരിക്കുന്നു.

വാചസ്പതി:- യോഗാംഗങ്ങള് എല്ലാം സിദ്ധിച്ചിട്ടും സംയമം ലഭിച്ചിട്ടും വീണ്ടും പഴ യപോലെ അഞ്ച് യമാദിസാധനകൾ അനുഷ്ഠിക്കുന്നതെന്തിന്. അന്തരംഗത്തിൽ സാധ നാത്രയത്തിന് സാധനയും സാധ്യവും സമാനവിഷയത്വമാണ്. അതിനാൽ ബഹിരംഗ സാധനകളായ യമാദികളെ ഇനി ആവശ്യമില്ലെന്ന് ഉപേക്ഷിക്കുന്നില്ല.

8. പതഞ്ജലി:- തദപിബഹിരംഗം നിർബീജസ്യ

വ്യാസ:- സാധനാത്രയത്താൽ അന്തരംഗം നിർബീജയോഗം പ്രാപിക്കുമ്പോൾ ബഹി രംഗവും അതിന് സമാനമായി നിർബീജമാവും അതിന്റെ അഭാവവും ഭാവവും ഒന്നാവും

വാചസ്പതി:- സമ്പ്രജ്ഞാതത്തിൽ അന്തരംഗം അസമ്പ്രജ്ഞാതമല്ല. നിർബീജ ത്തിൽ അതിന്റെ സമാനവിഷയത്വാഭാവത്താൽ ചിരനിരുദ്ധമായ സമ്പ്രജ്ഞാതത്തിന്റെ പരമകാഷ്ഠയില് ജ്ഞാനപ്രസാദരൂപവും പരവൈരാഗ്യാനന്തരം ഉല്പാദിപ്പിക്കുന്നതുമായ പരമായ നാമത്താൽ (അസമ്പ്രജ്ഞാതസമാധി) അറിയപ്പെടുന്ന അന്തരംഗത്തിൽ ബഹി രംഗവും അതിന്റെ സ്വഭാവം മാറി അന്തരംഗലക്ഷണമായ ഭാവം തന്നെ പ്രാപിക്കലാണ് (സമാനഭാവം). അന്തരംഗത്തിന്റെ പൂർണ്ണസംയമമാണ് അസമ്പ്രജ്ഞാതസമാധി. അതിൽ അഭാവം ഭാവയുക്തമാണ്.

9. പതഞ്ജലി:- വ്യുത്ഥാനനിരോധസംസ്കാരയോരഭിഭവപ്രാദുർഭാവൌ നിരോധക്ഷണചിത്താന്വയോ നിരോധപരിണാമഃ

വ്യാസ:- ചിത്തനിരോധമുണ്ടായ ക്ഷണത്തില് ഗുണവൃത്തമെന്ന കാണപ്പെടുന്ന ചിത്തത്തിനുണ്ടാവുന്ന പരിണാമം പറയുന്നു. വ്യുത്ഥാനസംസ്കാരാശ്രിതമായ ധർമ്മ ങ്ങള് ഇവ പ്രത്യയാത്മകമല്ല എന്ന പ്രത്യയനിരോധത്താല് നിരുദ്ധമാകുന്നു. നിരോധ സംസ്ക്കാരമാണ് അപ്പോൾ ചിത്തധർമ്മം. നിരോധിക്കപ്പെട്ടവ പിന്നീട് ഉത്ഭവിക്കുന്നില്ല വ്യുത്ഥാനസംസ്കാരം ക്ഷയിക്കുന്തോറും നിരോധസംസ്കാരം വർദ്ധിക്കുന്നു. പൂർണ്ണ നിരോധത്തില് ചിത്തമാത്രമേ ഉള്ളൂ. ഏകമായ ആ ചിത്തത്തിൽ പ്രതിക്ഷണം ഇപ്ര കാരം സംസ്കാരന്യഥാത്വത്തെ നിരോധപരിണാമം എന്ന് പറയുന്നു. നിരോധസമാധി യിൽ സംസ്കാരശേഷം ചിത്തമെന്ന് പറയുന്നു (2.18)

വാചസ്പതി:- പരിണാമത്രയസാമ്യത്താല് (3.26) ഉപയോഗ്യമാകുന്നതിനെ നിർബീ ജപ്രസംഗേന ചോദിക്കുന്നു. വ്യുത്ഥാന, സമ്പ്രജ്ഞാതങ്ങളിൽ ചിത്തത്തിന്റെ സ്ഫുടത രപരിണാമഭേദപ്രചയാനുഭവങ്ങളെ പ്രശ്നാവതാരം ചെയ്തു. അനുഭൂതമായവയെ നിരോ ധിച്ചിട്ടാണ് പരിണാമം അതിനാൽ ഇനി അനുഭവിക്കാന് ഒന്നുമില്ല. അനുഭവിക്കാത്ത തൊന്നുമില്ല. ചിത്തത്തിന്റെ ത്രിഗുണതയാൽ ചലത്വം(ചലനം) എന്ന ഗുണത്തിന്റെ കണം തോറുമുള്ള പരിണാമം അസംഭവ്യമായിത്തീരുന്നു. എന്ന് അർത്ഥം. വ്യുത്ഥാനസം സ്കാരനിരോധത്താൽ ആക്ഷണത്തിൽ തന്നെ ചിത്താന്വയത്താൽ പരിണാമം സംഭവി ക്കുന്നു. സമ്പ്രജ്ഞാതമുണ്ടാവുന്നു. നിരോധമെന്നാൽ ജ്ഞാനപ്രസാദം. പരവൈ രാഗ്യം ഇവയാൽ ഇനി ഒരു പരിണാമം സംഭവിക്കാനില്ലാത്ത വിധം വ്യുത്ഥാനനിരോധ സംസ്കാരമുണ്ടാവുമ്പോൾ ചിത്തധർമ്മം തന്നെ നിരോധമാവുന്നു. നിരോധസംസ്കാര ധർമ്മം മാത്രമുള്ള ചിത്തം അദ്വയാവസ്ഥയിലാണ് എന്ന് അന്വയിക്കണം. ധർമ്മം, ധർമ്മി, സമ്പ്രജ്ഞാതം, അസമ്പ്രജ്ഞാതം മുതലായ ഒരു ദ്വന്ദ്വവുമില്ല മുമ്പുണ്ടായതൊക്കെ (പ്രാ ദുർഭാവം) സ്വസ്വരൂപമായ ആ പ്രകാശചിത്തം അറിയുന്നുണ്ട്. പക്ഷേ അവയോട് ഉള്ള ബന്ധമോ മമതയോ സംയോഗമോ അതുകൊണ്ടുള്ള ക്ലേശമോ അവിദ്യയോ ഒന്നുമേ ഇല്ലാത്തതിനാൽ അവയിൽനിന്ന് നിവർത്തിക്കാനായി ഇനി ഒരു പ്രയത്നാന്തരം ആവ ശ്യമില്ല. ഏതൊന്നാണോ കാരണാത്മകം അതിന്റെ കാര്യം കാരണനിവർത്തിയാല് നിവർത്തിക്കപ്പെടുന്നു. കാരണനിവർത്തി തന്നെയാണ് കാര്യനിവർത്തി. ചിരനിരുദ്ധങ്ങ ളായ പ്രത്യയങ്ങളെ സ്മരണാദർശനത്തില് അറിയുകയാൽ പരചിത്തജ്ഞാനത്തോടെ സ്വചിത്തത്തെ ചിരനിരുദ്ധമാക്കിയിരിക്കുന്നു യോഗി. പ്രത്യയനിവർത്തി തന്നെയാണ് നിരോധസംസ്കാരപ്രചയമെന്ന് ഉപാസനീയം ശേഷം സുഗമം.

10. പതഞ്ജലി:- തസ്യ പ്രശാന്തവാഹിതാ സംസ്കാരാത്

വ്യാസ:- നിരോധസംസ്കാരത്തിൽ നിരോധസംസ്കാരാഭ്യാസപാടവാപേക്ഷ അന്തർവാഹിയായി ചിത്തത്തില് ഇരിക്കുന്നുണ്ട്. അതിനാലാണ് വ്യുത്ഥാനധർമ്മികളായ സംസ്കാരങ്ങൾ നിരോധധർമ്മസംസ്കാരത്താല് ദർശിക്കപ്പെട്ടാലും അവ പിന്നീട് തട സ്സങ്ങളായി ഉയർന്നുവരാത്തത്.

വാചസ്പതി:- വ്യത്ഥാനസംസ്കാരങ്ങളേക്കാൾ ബലവത്തായി നിരോധസംസ്കാരം ഉണ്ടാവുമ്പോളാണ് ചിത്തത്തിന് പരിണാമമുണ്ടായി, പ്രശാന്തവാഹിനിയാവുന്നത്. വ്യുത്ഥാ

നസംസ്കാരമലം ഇല്ലാതായി നിരോധസംസ്കാരപരമ്പരാമാത്രവാഹിതയാവുന്നതാണ് പ്രശാന്തവാഹിത. പിന്നെ സംസ്കാരപാടവത്തെ അപേക്ഷിക്കേണ്ടതുണ്ടോ. സംസ്കാരമാത്രമായത് സംസ്കാരപാടവാപേക്ഷയാലാണ്. അതിനെ ചിത്തം അറിയുന്നുണ്ട്. അറിയാഞ്ഞാൽ അത് സംസ്കാരത്തിന്റെ ആന്ധ്യം ആവും. സർവ്വദർശിയമായ ചിത്തം അതും ദർശിക്കുന്നുണ്ട്. അതിനേയും നിരോധിക്കുന്നുണ്ടെങ്കിലും അതിനെ ദർശിക്കാതിരിക്കുന്നില്ല.

11. പതഞ്ജലി:- സർവ്വാർത്ഥതൈകാഗ്രതയോഃക്ഷയോദയൌ ചിത്തസ്യ സമധിപരിണാമഃ

12. പതഞ്ജലി:- തതഃപുനഃ ശാന്തോദിതൌ തുല്യപ്രത്യയൌ ചിത്തസ്യേകാഗ്രതാപരിണാമ

വ്യാസ:- സർവ്വാർത്ഥത ചിത്തധർമ്മം ഏകാഗ്രതയും ചിത്തധർമ്മം. സർവ്വാർത്ഥതയുടെ ക്ഷയം തിരോഭാവം എന്നർത്ഥം. ഏകാഗ്രതയുടെ ഉദയം ആവിർഭാവം. ഇവയുടെ ധർമ്മിത്വത്താൽ അനുഗതം ചിത്തം. ചിത്തം ഇപ്രകാരം സ്വാത്മഭൂതമായ ധർമ്മങ്ങളാൽ അനുഗതമായി സമാധിയിലാകുന്നു. ചിത്തത്തിന്റെ ആ പരിണാമം സമാധി.

വാചസ്പതി:- സമ്പ്രജ്ഞാതസമാധി അവസ്ഥ ചിത്തത്തിൽ ദർശിക്കാവുന്നതാണ്. സർവ്വാർത്ഥത, ഏകാഗ്രത ഇവയുടെ ക്ഷയോദയങ്ങളാൽ ചിത്തം സമാധിപരിണാമം പ്രാപിക്കുന്നു. സർവ്വാർത്ഥത വിക്ഷിപ്തയാണ്. അതിന്റെ ക്ഷയം തിരോഭാവം. ഏകാഗ്രത സത്തിൽ ഉറയ്ക്കുന്നത് ആവിർഭാവം. സർവ്വാർത്ഥത അപായം. ഏകാഗ്രത ഉപായം. ഈ രണ്ടു ധർമ്മങ്ങളാല് അനുഗതമായ ചിത്തം ക്രമത്തില് ഏകാഗ്രതയാല് സമാധിപരിണാമം പ്രാപിക്കുന്നു.

വ്യാസ:- സമാഹിതചിത്തത്തിന്റെ പുർവ്വപ്രത്യയം ശാന്തം. ഉത്തരപ്രത്യയം അതിനു സദൃശമായ ഉദിതം. സമാധിചിത്തം ഈ ഉഭയങ്ങളാൽ അനുഗതമായി സമാധി പ്രാപിക്കുന്നു. തുല്യങ്ങളായ ഈ പ്രത്യയങ്ങൾ ഏകാഗ്രത കൊണ്ട് ചിത്തത്തിനുണ്ടായ പരിണാമങ്ങളാണ്.

വാചസ്പതി:- ശാന്തവും ഉദിതവും തുല്യപ്രത്യയങ്ങൾ, ചിത്തത്തിന്റെ ഏകാഗ്രതാപരിണാമങ്ങൾ. സമാധിയിൽ അവ പൂർവ്വാപരങ്ങളായി ഉണ്ടാവുന്ന അവസ്ഥകളില് നിഷ്പത്തമായി അതീതവർത്തമാനങ്ങളിലും സത്യമായ ശാന്തോദിതങ്ങളായി തുല്യപ്രത്യയങ്ങളായി അനുഭവമാകുന്നു. ഇവയുടെ സാദൃശ്യം ഏകാഗ്രതയാലാണ് ബോദ്ധ്യമാകുന്നത്. സമാഹിതചിത്തത്തിനു മാത്രമേ സമാധിനിഷ്പത്തിയും ഏകാഗ്രതയും ദർശിക്കാനാവുകയുള്ളൂ. അതിന്റെ അവധി (സമാധിയുടെ അവധി) കഴിയുമ്പോൾ ചിത്തം അതിൽ നിന്ന് വ്യതിചലിക്കുന്നു. സമാധിഭ്രംശം അഥവാ ഭ്രഷ്ട് വരുന്നു.

13. പതഞ്ജലി:- ഏതേന ഭൂതേന്ദ്രിയേഷു ധർമ്മലക്ഷണാവസ്ഥാപരിണാമാ വ്യാഖ്യാതാഃ

വ്യാസ:- പൂർവ്വോക്തമായ ചിത്തപരിണാമത്താല് ധർമ്മലക്ഷണാവസ്ഥാരൂപത്തിൽ ഭൂതേന്ദ്രിയങ്ങളില് ധർമ്മപരിണാമം, അവസ്ഥാപരിണാമം എന്നിവ പറയപ്പെട്ടതായി അറിയണം. വ്യുത്ഥാനനിരോധമായ ധർമ്മത്തില് അതിന്റെ പുനരുത്ഭവമെന്ന ധർമ്മം സംഭ

വിക്കാതിരിക്കലാണ് ധർമ്മപരിണാമം. നിരോധത്തിൽ ചിത്തത്തിന്റെ മൂന്നു ലക്ഷണവും നിരോധിക്കയാൽ ലക്ഷണപരിണാമം വരുന്നു. അനാഗതലക്ഷണമായ അദ്ധ്വാനത്തെ പ്രഥമമായി വിചാരിച്ച്, ധർമ്മത്വത്തെ അതിക്രമിക്കാത്ത വർത്തമാനലക്ഷണം പ്രതിപന്നമായി സേവരൂപമായി അഭിവ്യക്തമാകുന്നു. ദ്വിതീയം ആ അദ്ധ്വാനത്തിൽ നിന്നും അനാഗതലക്ഷണത്തിൽ നിന്നും വിയുക്തമാണ്. വ്യുത്ഥാനം ത്രിലക്ഷണമാണ്. വർത്തമാനലക്ഷ്ണമായി അവയെ വിചാരിച്ച് ധർമ്മത്വം അനതിക്രാന്തവും അതീതലക്ഷണവും അറിയണം. അതിനാൽ മൂന്നാമത്തെ അദ്ധ്വാനം അനാഗത, വർത്ത മാനലക്ഷണങ്ങളിൽനിന്ന് വിയുക്തമാണ്. വർത്തമാനവും അനാഗതവുമായ ലക്ഷണങ്ങളില് സ്വരൂപാഭിവ്യക്തി കണ്ട് സത്യമായ വ്യാപാരം അറിയുന്നു. ഇവയുടെ ലക്ഷണവിയുക്തമായ ഭൂതകാലത്തിലെ വ്യുത്ഥാന സംസ്കാരത്തിന് പുനർവ്യുത്ഥാനമില്ലാതെ പുനർനിരോധം വരുത്തുന്നതിന് ആ വ്യാപാരവും അവസ്ഥയും അറിയുന്നുണ്ട്. ഇപ്രകാരം അവസ്ഥാപരിണാമം വരുന്നു. നിരോധക്ഷണത്തിൽ നിരധസംസ്കാരം ബലവത്തും വ്യുത്ഥാനസംസ്കാരം ദുർബ്ബലവുമാകുന്നു. ഇവ ധർമ്മങ്ങളുടെ അവസ്ഥാപരിണാമങ്ങൾ. ധർമ്മിയുടെ ധർമ്മപരിണാമം ധർമ്മലക്ഷണപരിണാമത്താല് അവസ്ഥാപരിണാമവുമാണ്. ഇപ്രകാരം ധർമ്മ ലക്ഷണാവസ്ഥാ പരിണാമത്തിൽ ഒരുക്ഷണം പോലും ശൂന്യമല്ലാതെ ഗുണവൃത്തം അവതിഷ്ഠമായിരിക്കുന്നു, ഗുണവൃത്തം സദാ ചലമാണ്(ചലിക്കുന്നത്) ഗുണസ്വഭാവമാണ് പ്രവൃത്തികാരണം. ഭൂതേന്ദ്രിയങ്ങളുടെ ധർമ്മാധർമ്മിഭേദത്താല് മൂന്നുവിധ പരിണാമം ഉണ്ടാവുന്നു. എന്നാൽ പരമാർത്ഥത്തില് അവ മൂന്നും ഏകപരിണാമമാണ്. ധർമ്മസ്വരൂപമാത്രമാണ് ധർമ്മം. ധർമ്മിയുടെ വിക്രിയകളാലാണ് ധർമ്മദ്വാരം അറിയപ്പെടുന്നത്. അതിനാലാണ് ധർമ്മത്തിന്റെ ധർമ്മത്തില് വർത്തമാനം അനാഗതം ഭൂതകാലധർമ്മം എന്നൊക്കെ ഭാവങ്ങളുണ്ടെന്ന് തോന്നുന്നത്. അല്ലാതെ ദ്രവ്യത്തിന്റെ ഭേദം(അന്യഥാത്വം) കൊണ്ടല്ല. എല്ലാ സുവർണ്ണഭാജനങ്ങളും സുവർണ്ണം മാത്രമാണ്. മറ്റൊന്നുമല്ല. രൂപത്തിലേ ഭേദം തോന്നുന്നുള്ളൂ.

സുവർണ്ണ:- ത്രികാലങ്ങളും ഒന്നായി കാലരഹിതമായ അവസ്ഥ ഇപ്പോൾ മാത്രമാണ് സ്റ്റീഫൻ ഹോക്കിങ് മുതലായ പാശ്ചാത്യശാസ്ത്രജ്ഞന്മാർ മനസ്സിലാക്കാനാരംഭിച്ചത്. അധ്വാനത്തെ (ഫോഴ്സ്) ശക്തിയെ പ്രഥമമായി വിചാരിച്ച് ചലനവൃത്തം (ഗുണവൃത്തം) ആരംഭിക്കുന്ന പഴയ ജ്യോതിശ്ശാസ്ത്രരീതി എന്ന ക്ലാസ്സിക്കൽ ഫിസിക്സ് തന്നെ സർ ഐസക് ന്യൂട്ടൺ ആവിഷ്ക്കരിച്ചിട്ട് ചില നൂറ്റാണ്ടുകളേ ആയിട്ടുള്ളൂ. ക്ലാസ്സിക്കൽ ഫിസിക്സ് മുതൽ കാലരഹിതത്തിലേക്ക് നീങ്ങുന്ന ആധുനികശാസ്ത്രം വരെ ഉള്ള മനുഷ്യചിത്തിന്റെ പരിണാമഭേദങ്ങളും ഇവിടെ നമുക്ക് കാണാം.

വ്യാസ:- ധർമ്മത്തേക്കാൾ കുറച്ചധികം മുമ്പ്(പൂർവ്വതത്വം) ധർമ്മി ഉണ്ടായി. അതിനാൽ ധർമ്മി ധർമ്മത്തേക്കാൾ അതിക്രമിച്ചതാണ്. പുർവ്വാപരാവസ്ഥാഭേദം അനുപതനമല്ല. കൌടസ്ഥവും ബാഹ്യവുമായ വായു അങ്ങോട്ടുമിങ്ങോട്ടും പരിവർത്തിക്കുന്ന പോലെയേ ഉള്ളൂ. അതിനാല് ഏകമാണെന്ന് അറിയുന്നു. ആ ഏകത്താൽ ത്രൈലോക്യവും വ്യാപിച്ചിരിക്കുന്നു. ത്രൈലോക്യവും വ്യക്തമാവുന്നു. അതിനു വിനാശമില്ലായ്കയാൽ (വിനാശപ്രതിഷേധം) നിത്യത്വമുണ്ട്. ഏറ്റവും സൂക്ഷ്മമായതിന് (സൌക്ഷ്മ്യം) സംസർഗ്ഗാതീതമായ, ഇനി വിഭജിക്കാനാവാത്ത ഒരു അവസ്ഥയുണ്ട്. ഈ ലക്ഷണപരിണാമം വർത്തമാനലക്ഷണാതീതമാണ്. അനാഗതവും ആഗതവുമായ കാലങ്ങളിലെല്ലാം

തന്നെ ലക്ഷണങ്ങളിൽ നിന്ന് അവിയുക്തമായ ഈ ഏകമാണെങ്കില്, വർത്തമാനകാലത്തും അതുതന്നെയാണ്. വർത്തമാനത്തിലും അത് ലക്ഷണരഹിതമാണ്. ഏകമായ പുരുഷൻ സ്ത്രീയില് രക്തനും മറ്റുള്ളവയില് (ശേഷത്തിൽ) വിരക്തനുമാണ് എന്നു പറയുന്നപോലെയാവും, അല്ലെങ്കിൽ.

സുവർണ്ണ:- ഏകമെങ്കിൽ പിന്നെ ഏത് പുരുഷൻ ഏതു സ്ത്രീ, ഏതു ശേഷമുള്ളത് എന്ന ചോദ്യം വരും

വ്യാസ:- ലക്ഷണപരിണാമത്തിൽ, സർവ്വത്തിലും സർവ്വലക്ഷണയോഗം പ്രാപ്തമാവുന്നു. മറ്റൊന്നിലും ദോഷം പരിശോധിക്കാനില്ലാതാവുന്നു. ഇതിനു പരിഹാരം ധർമ്മങ്ങളുടെ ധർമ്മത്വനിർണ്ണയം എളുപ്പമല്ല. ധർമ്മത്തിന്റെ ലക്ഷണഭേദങ്ങൾ വാച്യമാണെങ്കിലും വർത്തമാനസമയത്ത് അതാണ് ധർമ്മത്വമെന്ന് വരണമെന്നില്ല. രാഗ ധർമ്മകമായ ചിത്തത്തിന് ക്രോധമില്ല. ക്രോധകാലത്ത് അതേ ചിത്തത്തില് രാഗവുമില്ല. അതുപോലെ എല്ലാ സമയവും ഒന്നല്ല ധർമ്മം. മൂന്നു ലക്ഷണവും ഒന്നായി യുഗപദ് ആയി ഏകത്തിൽ ഒരേ കാലത്ത് വ്യക്തമാകുന്നത് വളരെ അപൂർവ്വമായ സംഭവമാണ്. ക്രമേണ സ്വവ്യഞ്ജകമായ അഞ്ജനത്തിൽ ഭാവം ഭവിക്കുന്നതുപോലെ കാണുന്നു. രൂപാതിശയം, വൃത്ത്യതിശയം എന്നിവ പരസ്പരവിരുദ്ധമെങ്കിലും സാമാന്യമായി അതിശയങ്ങളിൽ സഹപ്രവർത്തനം ചെയ്യുന്നു. എന്നാൽ അവ അസങ്കരങ്ങളാണ്. രാഗത്തിൽ ക്രോധം പോലെ എന്നാലും കേവലം സാമാന്യമായി അതാതിന്റെ ഭാവം അതാതു കാലത്ത് ലക്ഷണമായി കാണുന്നു.

സുവർണ്ണ:- സൃഷ്ടിസ്ഥിതി സംഹാരലക്ഷണങ്ങൾ ബ്രഹ്മമെന്ന ഏകത്തിന്റെ മൂന്നു ധർമ്മലക്ഷണങ്ങളാണ്. മൂന്നു വൃത്തി, മൂന്നു സ്വരൂപമെന്ന് ഇതുപോലെ അന്വയിച്ചറിയണം.

വ്യാസ:- ധർമ്മത്തിന് അധ്വവുമില്ല, അധ്വാനവുമില്ല അതിന്റെ ലക്ഷണം അലക്ഷണം എന്നതാണ് (ലക്ഷണരാഹിത്യം) അതിൽ പ്രാപിച്ചാല് മറ്റൊന്ന് നിർദ്ദേശിക്കാനില്ലാത്ത അവസ്ഥാന്തരതയാണ്. ദ്രവ്യാന്തരതയല്ല. എപ്രകാരം ഒരേ രേഖ ശതസ്ഥാനത്ത് ശതവും ദശസ്ഥാനത്ത് ദശവും ഏകസ്ഥാനത്ത് ഏകവുമാണോ അതുപോലെ സ്ഥാനഭേദം മാത്രമേ ഉള്ളൂ. ഒരേ സ്ത്രീ അമ്മ, സഹോദരി, ശ്വശ്രു, ഭാര്യ മകൾ എന്ന സ്ഥാനഭേദം കൊണ്ട് മാറിക്കാണുന്നതുപോലെ അവസ്ഥാപരിണാമത്തില് കൌടസ്ഥ്യപ്രസംഗദോഷം എങ്ങനെ പറഞ്ഞു അധ്വാനം വ്യാപാരം. അതിൽ വ്യവഹിതത്വമുണ്ട്. ഏതൊരു ധർമ്മം സ്വവ്യാപാരം ചെയ്യാന് തുടങ്ങിയിട്ടില്ലയോ അത് അനാഗതം. ഏത് ചെയ്തുകൊണ്ടിരിക്കുന്നുവോ അത് വർത്തമാനം. ഏതൊന്ന് ചെയ്യുന്നതിൽ നിന്ന് നിവർത്തിച്ചുവോ അത് അതീതം. ഇപ്രകാരം ധർമ്മധർമ്മികളുടെ ലക്ഷണങ്ങളായ അവസ്ഥകളിൽ കൌടസ്ഥ്യം പ്രാപിക്കുന്നതാണ് പരദോഷമായി പറയപ്പെടുന്നത്. അത് ദോഷമല്ല. എന്തുകൊണ്ട്. ഗുണിനിത്യത്വം. ഗുണങ്ങളുടെ വിമർദ്ദവൈചിത്ര്യത്താലാണ്. എപ്രകാരം സംസ്ഥാനമായ ആദിമധർമ്മം മാത്രം ശബ്ദാദികളുടെ വിനാശ്യവിനാശി എന്ന ലിംഗം എന്ന ആദി ധർമ്മം കൊണ്ടുമാത്രം സത്വാദികളായ ഗുണങ്ങളുടെ വിനാശവും വിനാശിയുമാകുന്നുവോ അവയെ വികാരസംജ്ഞയാൽ അറിയുന്നുവോ, അതുപോലെ ഇതിനേയും നിത്യത്വത്താൽ ദോഷമില്ലാതെ അറിയണം. അതിനായി ഉദാഹരിക്കുന്നു. മൃദ്ധർമ്മിയായ പിണ്ഡാകാരം ധർമ്മധർമ്മാന്തരം ധർമ്മപരിണാമത്താല് ഘടാകാരം പ്രാപിക്കുന്നു. ഘടാകാരം

അനാഗതലക്ഷണമായി എടുത്താൽ ലക്ഷണപരിണാമം പ്രതിപാദിക്കാം. ധർമ്മികളുടെ ധർമ്മാന്തരാവസ്ഥ ധർമ്മത്തിന്റെ ലക്ഷണാന്തരാവസ്ഥ എന്നിവ ഏകമായി ദ്രവ്യപരിണാമഭേദമായി നാം കാണുന്നു. ഇപ്രകാരം പദാർത്ഥാന്തരങ്ങളിലും, യോജ്യമാണ്. ധർമ്മലക്ഷണാവസ്ഥാപരിണാമം ധർമ്മിസ്വരൂപത്തെ അതിക്രമിച്ച് ഏകമായി പരിണമിച്ച്. സർവ്വവും ഒന്നായിരിക്കുന്നതിൽ നിന്ന് ഈ സർവ്വവിശേഷങ്ങളും ഉണ്ടായിരുന്നു. എന്താണ് പരിണാമം അവസ്ഥിതമായ ദ്രവ്യത്തിന് പുർവ്വധർമ്മങ്ങളിൽ നിന്നുള്ള നിവൃത്തി കൊണ്ട് ഉണ്ടാകുന്ന ധർമ്മാന്തരോല്പത്തിയാണ് പരിണാമം

വാചസ്പതി:- പ്രാസംഗികം, വക്ഷ്യമാണം, ഔപയികം എന്ന ഭൂതേന്ദ്രിയപരിണാമ വിഭജനം ഭൂതേന്ദ്രിയങ്ങളുടെ ധർമ്മലക്ഷണാവസ്ഥാപരിണാമം വ്യാഖ്യാനിക്കുന്നു. ചിത്തപരിണതിയോടൊത്ത് അതിന്റെ പ്രകാരങ്ങളായ ധർമ്മലക്ഷണാവസ്ഥാപരിണാമങ്ങളും ഉണ്ടാവുന്നു. അതിനെ ദേശമെന്ന് പറയുന്നു. അതിനെ വ്യുത്ഥാനനിരോധത്തിൽ പറഞ്ഞു ധർമ്മലക്ഷണാവസ്ഥ ശബ്ദം പദം ഉച്ചരിക്കപ്പെട്ടത്. അതിന് ധർമ്മലക്ഷണാവസ്ഥാപരിണാമം പറയപ്പെട്ടിട്ടില്ലെന്ന് സംക്ഷേപണാർത്ഥം. വ്യുത്ഥാനനിരോധസംസ്കാരത്താൽ ഉണ്ടാവുന്ന ധർമ്മപരിണാമം ഈ പരധർമ്മമാണ്. ഇവിടെ ധർമ്മപരിണാമം ധർമ്മാധികരണത്തിലുപരി ലക്ഷണപരിണാമത്താലാണ് സൂചിതം.

ലക്ഷ്യതേ അനേനേതി ലക്ഷണം കാലഭേദഃ ലക്ഷിതമായ വസ്തു, വസ്ത്വാന്തരങ്ങളിൽ കാലാന്തരയുക്തിയാല് വ്യവഛേദിതമായി കാണുന്നതാണ് ലക്ഷണം. നിരോധം മൂന്നു ലക്ഷണം. അതിന്റെ വ്യാഖ്യാനം അധ്വാത്താൽ പറയപ്പെട്ട മൂന്നെണ്ണമെന്ന് പറഞ്ഞു. അധ്വശബ്ദം കാലവചനമാണ്. അനാഗതലക്ഷണമായ അധ്വാനം പ്രഥമം അതിന്റെ അധർമ്മത്വം പതിക്കുന്നില്ല. ധർമ്മത്വത്തെ അനതിക്രാന്തമായ വർത്തമാനലക്ഷണം പ്രതിപന്നമാവുന്നേയുള്ളൂ. അതിനെ നിരോധിക്കുകയാൽ അനാഗതത്തെയല്ലാതെ വർത്തമാനത്തെ നിരോധിക്കുന്നില്ല. അതിനാൽ നിരോധത്തിൽ ഒന്നിന്റെ നിരോധവും മറ്റൊന്നിന്റെ അനിരോധവും ഏകകാലത്തുണ്ട്. വർത്തമാനതാസ്വരൂപം വ്യാഖ്യാനിക്കുന്നു. സ്വരൂപത്താൽ സൂചിതമായ അർത്ഥക്രിയ, കാരണസ്വരൂപങ്ങളുടെ അഭിവ്യക്തി, ഇവയിൽനിന്ന് ആചാരം ഉണ്ടാവുന്നു. ആദ്യത്തെ അനാഗതമായ അധ്വാനത്തെ അപേക്ഷിച്ച് ദ്വിതീയമായ അധ്വം ഹന്ത ഭോ മുതലായ അധ്വാനങ്ങൾ ഉല്പാദിപ്പിച്ചും വിനാശമടയിച്ചും കൊണ്ടിരിക്കുന്ന ഒന്നാണ്. അങ്ങനെയല്ല ഉല്പാദമുള്ളതിന് വിനാശവും ഉണ്ട്. അതീതങ്ങളിൽ നിന്ന് ആഗതമായ സാമാന്യാത്മനില് അവസ്ഥിതമായ അധ്വത്തിന് ഉല്പാദവിനാശങ്ങളില്ല. അവ എക്കാലവും ആവർത്തിക്കുന്നുണ്ട്. അനാഗതത്തെ നിരോധിച്ച് വർത്തമാനതാലക്ഷണം കാണുന്നു. വർത്തമാനവ്യുത്ഥാനങ്ങൾക്ക് അതീതമായ മൂന്നാമത്തെ അധ്വാനം കാണുന്നു. ഇവയുടെ വ്യുത്ഥാനം എങ്ങനെ നിരോധിക്കാം. എങ്ങനെ പുനർവ്യുത്ഥാനം ഇല്ലാതാക്കാം അതിന്നുപായം ചിന്തിക്കുന്നു. വ്യുത്ഥാനജാതി അപേക്ഷിച്ചാണ് പുനർഭാവം. വ്യക്തിയെ അപേക്ഷിച്ചല്ല. അതീതം പുനർഭവിക്കുന്നില്ല. സ്വരൂപാഭിവ്യക്തിയുടെ അർത്ഥക്രിയാക്ഷമതയാല് ആവിർഭവിക്കുകയാണ്. ഇപ്രകാരം ലക്ഷണപരിണാമം പറഞ്ഞു. അതാത് ജാതീയങ്ങളിൽ വീണ്ടും വീണ്ടും വർത്തിക്കുന്നു എന്നർത്ഥത്തില് പുനരാവർത്തിക്കുന്നു എന്നാണ് പറഞ്ഞത്. ധർമ്മപരിണാമത്തില് സൂചിതമായ ഇപ്രകാരമുള്ള അവസ്ഥാപരിണാമത്തെ പറയുന്നു. ധർമ്മങ്ങൾക്ക് വർത്തമാനാധ്വനത്തിൽ ബലവത്വം, അബലവത്വം എന്നീ അവസ്ഥകൾ. അവയുടെ പ്രതിക്ഷണമുള്ള താരതമ്യം. ഏറ്റക്കുറച്ചിൽ കൊണ്ടാണ് പരിണാമം. പരിണാമഭേദങ്ങൾക്ക് സംബന്ധിഭേദങ്ങള് നിർദ്ധാരണം ചെയ്യുന്നു. അനുഭവാനുസരണമാണ് ധർമ്മികള്. അതിനാൽ ഗുണങ്ങളുടെ പരി

ണാമവും വെവ്വേറെയായിരിക്കും. ഇപ്രകാരം. പരിണാമം സദാ ചരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. അത് വൃത്താകൃതിയിൽ സദാ ചലിച്ചുകൊണ്ട്, പ്രചരിച്ചുകൊണ്ട് (പ്രചാരം) വർത്തമാനമായിരിക്കുന്നു. അത് ഗുണങ്ങളുടെ സ്വഭാവമാകയാൽ ത്രിഗുണാത്മകപ്രകൃതിയുടെ, പ്രപഞ്ചത്തിന്റെ സ്വഭാവമാണ്. ഇതുപോലെ ചിത്തപരിണാമം ത്രിവിധം ഭൂതേന്ദ്രിയങ്ങളിൽ ഭാഷ്യകാരൻ നിർദ്ദേശിച്ചിരിക്കുന്നു. ഭൂമി, പശു, ഘടം മുതലായി സർവ്വഭൂതങ്ങൾക്കും സർവ്വധർമ്മികൾക്കും പ്രപഞ്ചത്തില് ധർമ്മപരിണാണം ഉണ്ട്. ധർമ്മങ്ങൾക്ക് അതീതം, അനാഗതം വർത്തമാനം എന്ന് മൂന്നു രൂപത്തില് ലക്ഷണപരിണാമം. വർത്തമാനലക്ഷണത്തില് പശു, ബാല്യം, കൌമാരം, യൌവനം, വാർദ്ധക്യം മുതലായ അവസ്ഥാ പരിണാമങ്ങളിലൂടെ കടന്നുപോകുന്നു. ഘടാദികള് പുരാതനം, നവം മുതലായ അവസ്ഥാപരിണാമങ്ങള്, ധർമ്മത്തിന് വർത്തമാനാദിലക്ഷണപരിണാമം, വർത്തമാനലക്ഷണത്തിന് സ്ഫുടത, അസ്ഫുടത മുതലായവ രത്നാദികൾക്ക് ആലോചിക്കാവുന്ന ശുദ്ധിലക്ഷണങ്ങളായ അവസ്ഥാപരിണാമങ്ങൾ.

സുവർണ്ണ:- ഗ്രഹനക്ഷത്രാദികൾക്കു പോലും നിറവ്യത്യാസവും സ്ഫുടം, അസ്ഫുടം മുതലായ പരിണാമവും കാണാം.

വാചസ്പതി:- ഇപ്രകാരം സർവ്വധർമ്മകൾക്കും ഭൂതേന്ദ്രിയപരിണാമം, ധർമ്മലക്ഷണാവസ്ഥാനം എന്നിവയും ഭദങ്ങളെ ആശ്രയിച്ചറിയണം. അഭേദത്തെ ആശ്രയിച്ചതാണ് പരമാർത്ഥം. ഭുതങ്ങളിൽ ഭേദപക്ഷം രണ്ട് എന്നില്ലാത്തത് ആകാശത്തിനു മാത്രമാണ്. ശബ്ദത്തിനാണ്. പരമാർത്ഥികത്വം ജ്ഞാതമായിക്കഴിഞ്ഞാല് പിന്നെ അതിന് പരിണാമിത്വം നിഷിദ്ധമോ അല്ലയോ. ധർമ്മി സ്വരൂപമാത്രമാണ്. ധർമ്മവിക്രിയ മാത്രമാണ് ധർമ്മം. അസങ്കരമായ ഒരു പ്രത്യയം ലോകത്തിൽ പരിണാമം പ്രാപിക്കുന്നത് അതിന്റെ ധർമ്മദ്വാരേണയാണ്. ധർമ്മശബ്ദത്താല് ധർമ്മലക്ഷണാവസ്ഥ പരിഗ്രഹിക്കണം. അതിനാൽ ധർമ്മികള് വിക്രിയകള് ചെയ്ത് അതിനെ സങ്കീർണ്ണമാക്കുന്നു. അതിനാൽ അഭേദത്തിൽപോലും ധർമ്മികള് പരസ്പരസങ്കരം വരുത്തുന്നു. ധർമ്മികളും ധർമ്മികളും തമ്മിലുള്ള അഭിന്നത്വത്തില് ധർമ്മികളുടെ അധ്വനം ഭേദധർമ്മങ്ങളാല് അന്യത്വം വരുത്തി, അനേകധർമ്മധർമ്മികളെ ഉണ്ടാക്കുന്നു. ഭാവമെന്നാൽ സംസ്ഥാനഭേദം. സുവർണ്ണത്തില് ഭാജനം, രുചകം, സ്വസ്തികം എന്ന് വ്യപദേശഭേദം ഭവിച്ചാലും തന്മാത്രം ഒന്നുതന്നെ. സുവർണ്ണം അസുവർണ്ണമായി പരിണമിക്കുന്നില്ല. അത്യന്തഭേദാഭാവം ഇപ്രകാരം അഭിസന്ധിയിൽ പറയപ്പെടുന്നു. ഏകാന്തവാദികൾ ബൌദ്ധത്തെ ഉത്ഥാപനം ചെയ്യുന്നു. ധർമ്മം തന്നെയാണ് രുചകാദികളായ ഉല്പന്നങ്ങൾ. പരമാർത്ഥസത്ത സുവർണ്ണനാമമായ ഏകദ്രവ്യം അത് അനേകദ്രവ്യമായി രൂപപരിണാമത്താൽ തോന്നുകയാണ്. ദ്രവ്യത്തിലുള്ള ധർമ്മവും ചിതിശക്തിയായി പരിണമിക്കാവുന്നതേയുള്ളൂ. ഇപ്പോൾ കൂടസ്ഥമായി ദ്രവ്യമായി വിപരിവർത്തനം ചെയ്തു എന്നേയുള്ളൂ. പരിണാമത്മകരൂപത്തെ പരിഹരിച്ച് രൂപാന്തരേണ കൌടസ്ഥ്യമായി പരിവർത്തനം ചെയ്യുന്നത് പരിവൃത്തി. എപ്രകാരം ചിതിശക്തി അന്യഥാന്യഥാഭാവം ഭജിച്ചാലും ഗുണങ്ങളിൽ സ്വരൂപാദികളാല് അപ്രച്യുതമായി കൂടസ്ഥം, നിത്യം എന്ന് സുവർണ്ണത്തെ പ്പോലിരിക്കുന്നു. അപ്പോൾ ദ്രവ്യം തന്റെ ധർമ്മമായ ദ്രവ്യത്വത്തിന് അതിരിക്തം (അതീതാവസ്ഥ) ആവുന്നു. പരിഹരിക്കുന്നു. എന്തുകൊണ്ട് എങ്ങനെ ഇപ്രകാരം പരിഹരിക്കുന്നു. ഏകാന്തത്തിൽ ഉപഗമിക്കുന്നതിനാൽ. ചിത്ശക്തി എന്ന ദ്രവ്യം ഏകാന്തികിയും നിത്യതയില് അഭിഗമിച്ചതുമെ

ങ്കില് അതിന് അതുമാത്രമാണ്. ഉപാലംഭം ഏകാന്തികി നിത്യതയിൽ അധിഷ്ഠിതമെങ്കില് ത്രൈലോക്യം ദ്രവ്യമാത്രമായി വ്യക്തമായി അർത്ഥക്രിയാകാരിയായി രൂപമാർജ്ജിച്ചതെങ്ങനെ. പ്രമാണത്താൽ നിത്യത്വപ്രതിഷേധം വരുന്നു. ഘടം, കപാലം, ചൂർണ്ണാവ്സ്ഥയിലും വ്യക്തമായിരിക്കുന്ന പൂർവ്വവത് ഉപലബ്ദിക്കായി ക്രിയ ചെയ്യുന്ന നിത്യവസ്തു എന്ത്. ത്രൈലോക്യവും അനിത്യമാണ്. ത്രൈലോക്യം ഏതൊരു നിത്യവസ്തുവിൽ നിന്ന് ഉപലബ്ധാർത്ഥക്രിയാ രഹിതത്വത്താൽ ഗഗനാരവിന്ദം പോലെ അതതുഛവസ്തുവായി ഉത്ഭവിച്ചുവോ അതുമാത്രം നിത്യം ഏകാന്തത അത്യന്തതുഛതയോ അനിത്യമോ അല്ല. മഹത്തും നിത്യവും കൂടിയാണെന്ന് വന്നു. എങ്ങനെ വിനാശമില്ല. (വിനാശപ്രതിഷേധം) എന്ന പ്രമാണത്താൽ ആകാശാരവിന്ദമെന്നു ക്രിയയില് സ്വയംഭൂവായതുകൊണ്ടാണ്, ഇല്ലാത്ത വസ്തുവായതുകൊണ്ടല്ല വിളിച്ചത്. ആ സ്വയെഭൂവായ നിത്യമഹസ്സിൽ നിന്ന് ത്രൈലോക്യസൃഷ്ടി. ആ ഉല്പത്തിമത്തായ ദ്രവ്യത്വധർമ്മലക്ഷണാവസ്ഥായോഗിത്വത്താല്(അയോഗ്യത) അത്യന്തതുഛമായ ആകാശ ത്താമര. മനുഷ്യൻ, കല്ല്, മുതലായവയിലും വ്യവൃത്തമായ സത്വഹേതുക്കളെ ഉദാഹരിക്കുന്നു എന്നുമാത്രം അത്യന്തനിത്യം ചിത്ശക്തി പോലെ കൂടസ്ഥനിത്യവുമാണ്. അപ്പോഴെങ്ങനെ നിത്യമാവും. പരിണാമിയാണെന്നേ ഉള്ളൂ അപ്പോളും നിത്യം തന്നെയാണ്. അപരിണാമിയും പരിണാമിയും നിത്യമാണ്. സംസർഗ്ഗത്വകാരണമായ ലയത്താല്. സൌക്ഷ്യമ്യമായതിന്റെ ദർശനാനർഹത്വം അതിനാല് അതിന്റെ അനുപലബ്ധി ഗ്രഹിക്കുന്നു. എപ്രകാരം ധർമ്മപരിണാമം ലക്ഷണപരിണാമസമർത്ഥമോ അപ്രകാരം ലക്ഷണങ്ങളുടെ പരിസ്പരാനുഗമനത്തിനും സമർത്ഥമാണ്. ഓരോരോ ലക്ഷണം ലക്ഷണാന്തരങ്ങളിൽ സമുഗതമാവുന്നു എന്നർത്ഥം. ഏകലക്ഷണയോഗത്തിൽ ലക്ഷണാന്തരങ്ങൾ അനുഭൂതിവിഷയമാകുന്നില്ല. പുരുഷൻ ഏകലക്ഷണമാണ്. പുരുഷന്റെ അനുഭവാഭാവം പ്രമാണസിദ്ധമെങ്കിലും അപലപിക്കുന്നു. അത് ഉല്പാദിപ്പിക്കാനാണ്. സദ്ഭാവത്തിൽ പ്രമാണം അസത്ത് ഉല്പാദിപ്പിക്കുന്നില്ല. മനുഷ്യൻ, കല്ല് ഇവയെപ്പോലെ പരോക്തമായ ദോഷം ഉത്ഥാപനം ചെയ്യുന്നു. ധർമ്മ, വർത്തമാനം, അതീതം, അനാഗതം എന്ന് ത്രികാലത്തിൽ സങ്കരം ചെയ്ത് അനുക്രമമായി സദുത്പാദനപ്രസംഗമായതാണ് എന്ന് ഭാവം. അതിനു പരിഹാരം. വർത്തമാനം മാത്രമാണ് ധർമ്മങ്ങൾക്ക് അനുഭവസിദ്ധം പ്രക്, പശ്ചാത്കാലത്തിനു വർത്തമാനത്തോട് സംബന്ധം ഉണ്ട്. അതിനാൽ സദ് ഉല്പാദിപ്പിക്കപ്പെട്ടിട്ടോ നശിച്ചിട്ടോ ഇല്ല. ത്രികാലത്തിലും നിത്യവസ്തുവാണ്. അത് നാം അനുഭവിക്കുകയോ അറിയുകയോ ചെയ്യാത്തത് രാഗകാലത്ത് ക്രോധവും ക്രോധകാലത്ത് രാഗവും ചിത്തം അറിയാത്തതുപോലെയാണ്. രാഗ ക്രോധധർമ്മങ്ങളില് ഒന്നേ ഒരു സമയത്ത് അനുഭവിക്കുന്നുള്ളൂവെങ്കിലും മറ്റേതിനെ നാം അറിയുകയും പ്രതീക്ഷിക്കുകയും അതിന്റെ പൂർവ്വസ്മരണ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. അതുപോലെയാണ് ത്രികാലാനുഭവം വർത്തമാനത്തില് ഉണ്ടാവുന്നത്. ഉണ്ടാവാത്ത ഒന്ന് എങ്ങനെ അനുഭവിക്കും. ഉണ്ടായ ഒന്നിന് (സത്തിന്) ത്രികാലത്തിലും നാശമില്ല. അതിനർത്ഥം അത് നിത്യവസ്തുവാണ്, നിത്യസത്തയാണ് എന്നു തന്നെയാണ്. അസങ്കരമെന്നാലെന്ത്, മൂന്നു ലക്ഷണവും യുഗപത്തായി ഒന്നിച്ച് സംഭവിക്കുന്നില്ല. ഏകമായ ചിത്തവൃത്തിയിൽ ക്രമേണ അതാതുകാലത്ത് പ്രകാശിതമാകുന്നേയുള്ളൂ. പഞ്ചശിഖാചാര്യന് ഇത് സമ്മതിച്ചിട്ടുണ്ട്, ആവിർഭാവം, തിരോഭാവം എന്ന രൂപത്തിൽ വിരുദ്ധധർമ്മസംസർഗ്ഗത്താല് അധ്വാനം അസങ്കരമായിരിക്കുന്നു. ഉദാഹരണം രാഗം.

സുവർണ്ണ:- രാഗം അനുരാഗമെന്ന അർത്ഥത്തിലാണ്, ആരോഹണാവരാഹണരൂപ മായ സംഗീതത്തിലെ ശുദ്ധമായ രാഗം അസങ്കരവും കലർപ്പുള്ള രാഗങ്ങൾ സങ്കരരാഗ വുമാണ് എന്നും അന്വയിക്കാം രാഗസംഗീതം ക്രോധത്തിന് വിപരീതമാണ്. അത് ക്രോധം ശമിപ്പിക്കുന്ന ശമനൌഷധമാണ്. രാഗകാലത്ത് ചിത്തം ക്രോധം അറിയുന്നില്ല എന്നതും രാഗസംഗീതത്തോടും അനുരാഗത്തോടും അന്വയിക്കാവുന്ന വാക്യമാണ്.

വാചസ്പതി:- ധർമ്മി ഒന്ന്, അതിന് ധർമ്മം മൂന്ന് എന്ന് തെളിഞ്ഞു.

ലക്ഷിതം, അഭിവ്യക്തം, വർത്തമാനം
അലക്ഷിതം, അനഭിവ്യക്തം
അനാഗതം, അതീതം

ലക്ഷിതം അതാതിന്റെ ബലം, ദൌർബ്ബല്യം, അവസ്ഥ അവസ്ഥാന്തരങ്ങളാൽ പ്രതി നിർദ്ദേശം ചെയ്യപ്പെട്ടതെല്ലാം ദ്രവ്യാന്തരതയല്ല. അവസ്ഥാശബ്ദം ധർമ്മലക്ഷണാവ സ്ഥയെ പറയുന്നു. അനുഭവം മാത്രമാണ് ധർമ്മിക്ക് ധർമ്മാദികളുടെ ഭേദാഭേദം വ്യവ സ്ഥാപിച്ചു കൊടുക്കുന്നത് അഭേദമായ ഏകാന്തികത്തിൽ ധർമ്മാദികൾക്ക് ധർമ്മിയുടെ ധർമ്മരൂപബദ്ധമായ ആദിത്വമാണുള്ളത്. അതിനാൽ ഭേദധർമ്മങ്ങളില്ല. പശു, കുതിര, മനുഷ്യനെന്ന ധർമ്മാദികളില്ല. അവയുടെ അനുഭവമില്ല. ധർമ്മാദികളുടെ ആവിർഭാവം ധർമ്മിക്ക് അവയെ അറിയാനും അനുഭവിക്കാനുമാണ്. അവ പരസ്പരം വ്യാവർത്തിച്ച് പ്രത്യാത്മം പരസ്പരം അനുഭൂതി അഥവാ അനുഭവം അറിയാനായി, അതിനനുസരിച്ച് സ്വേച്ഛയാ ധർമ്മാനുഭവവ്യവസ്ഥാപനത്തിനായി വർത്തിക്കുന്നവയാണ്. അതിനൊരു ലൌകികദൃഷ്ടാന്തമായി ഏകരേഖയെ പറഞ്ഞ. ഒറ്റ രേഖ എന്നാൽ ഒന്ന് (1). ഏക സ്ഥാനം ഇതേ രേഖാസ്വരൂപം സ്ഥാനാപേക്ഷയാൽ 10 (പത്ത്) 100 (നൂറ്) എന്നൊക്കെ അനേകമാവുന്നു. ധർമ്മിരൂപം അതാത് അവസ്ഥാ പരിണാമത്തിൽ ധർമ്മലക്ഷണാവ സ്ഥാപരിണാമത്തിൽ ധർമ്മിധർമ്മലക്ഷണങ്ങളുടെ അവസ്ഥാനത്താല് കൌടസ്ഥ്യം പ്രാപിക്കുന്നുണ്ട്. സർവ്വദാ സത്തയാണ് നിത്യം. ഉണ്മയാണ് നിത്യം. സത്ത അസത്ത യിൽ നിന്ന് ഉണ്ടാവുന്നില്ല. കൂടസ്ഥനിത്യതയുടെ ലക്ഷണം ഇത് മാത്രമാണ്. ചിതിശ ക്തിയിൽപോലും ഈ കൂടസ്ഥനിത്യത ഇല്ല. അതുപോലും വിശേഷഭാവമാണ്. ദോഷ പരിഹാരത്തിനായി വീണ്ടും പറയുന്നു. ഗുണിനിത്യത്വത്തിലാണ് ഗുണങ്ങളുടെ വിമർദ്ധം. അന്യോന്യമുള്ള അഭിഭാവ്യം, അഭിഭാവുകത്വം അവയുടെ വൈചിത്ര്യങ്ങൾ എല്ലാം സംഭ വിക്കുന്നത്. സർവ്വദാ സത്വം ഗുണിഗുണങ്ങളുടെ ചതുർണ്ണമാണ്. ഗുണവിമർദ്ദവൈചി ത്ര്യത്താൽ അനുഭൂതമായ അതിൽ വികാരം ആവിർഭവിച്ച് പരിണാമശാലിതയാല് കൌടസ്ഥ്യമാവുന്നു. ചിതിശക്തിയിൽ സ്വാത്മവികാരാവിർഭാവതിരോഭാവമാണ് കൌടസ്ഥ്യം.

സുവർണ്ണ:- അഭിഭാവവും അഭിഭാവുകത്വവും അഫിനിറ്റി എന്നും അട്രാക്ഷനെന്നും ഇംഗ്ലീഷിൽ പറയപ്പെടുന്ന ഗുണങ്ങളാണ്.

വാചസ്പതി:- നിത്യമെങ്കില് അതിന്റെ സ്വഭാവം നശിക്കുന്നില്ല. വിമർദ്ദവൈചിത്ര്യം വികാരവൈചിത്ര്യഹേതുവായി പ്രകൃതിയിൽ വികൃതികളും ദർശിക്കുന്നു. എപ്രകാരം സംസ്ഥാനം പൃഥ്വീവ്യാദിപരിണാമലക്ഷണമായ ആദിധർമ്മമാത്രമായ അവിനാശിയായ തിരോഭവീശബ്ദാദികളാൽ സ്വകാര്യമപേക്ഷിച്ച് വിനാശികളായിത്തീരുന്നുവോ അപ്രകാരം

വികാരസംജ്ഞാ വികാരവതിയായ ചിതിശക്തിയുടെ ഭാവം. പ്രകൃതിയും വികൃതിയും പരീക്ഷകന് സിദ്ധിക്കുന്നുണ്ട്. പ്രകൃതിയാൽ ചോദിതമായ വികൃതിമാത്രമേ ലോകത്തിന് (യോഗിയല്ലാത്ത പരീക്ഷകരുമല്ലാത്ത ലൌകീകർക്ക്) കിട്ടുന്നുള്ളൂ. ഗുണവിമർദ്ദവൈച ചിത്ര്യം ധർമ്മലക്ഷണാവസ്ഥാപരിണാമവൈചിത്ര്യഹേതുവാണ്. അവസ്ഥാപരിണാമമ ല്ലാതെ നിയമലക്ഷണങ്ങളില് മാറ്റം വരുന്നില്ല. അവസ്ഥാപരിണാമം ധർമ്മിക്കും സർവ്വ സാധാരണമാണ്. അതിനാൽ പരിണാമലക്ഷണം അവസ്ഥിതമായ എല്ലാ ദ്രവ്യങ്ങൾക്കും അടക്കം വ്യാപകമായ നിയമമാണ്.

സുവർണ്ണ:- യൂണിവേഴ്സൽ ലോ ഓഫ് മാറ്റർ അഥവാ പ്രകൃതിയിലെ വസ്തുക്ക ളുടെ സാമാന്യനിയമമാണ് പറയുന്നത്. ഇപ്രകാരമുള്ള പരിണാമം(മാറ്റം) കൊണ്ട് ഉണ്ടാ വുന്ന ഇവൊലുഷനെക്കുറിച്ച് കെമിസ്ട്രിയും ഫിസിക്സും പരിണാമസിദ്ധാന്തവും എല്ലാം പറയുന്നതിന് മുമ്പാണ് ഈ വരികളെല്ലാം കുറിക്കപ്പെട്ടതെന്ന് മനസ്സിലാക്കണം.

വാചസ്പതി:- ധർമ്മശബ്ദം ആശ്രിതത്വം കൊണ്ട് ധർമ്മലക്ഷണാവ്സഥാവാചകം കൂടിയാണ്.

14. പതഞ്ജലി:- ശാന്തോദിതാവ്യപദേശ്യധർമ്മാനുപാതീ ധർമ്മി.

വ്യാസ:- ധർമ്മികളില് യോഗ്യത അവിഛിന്നമാണ്. ശക്തിയാണ് ധർമ്മം. ഫലസൃ ഷ്ടിഭേദത്തിൽ നിന്ന് അനുമിതമായ സദ്ഭാവം ഓരോരുത്തരിലും കാണാം. വർത്തമാന കാലത്ത് സ്വവ്യാപാരമനുഭവിച്ച് ധർമ്മവും ധർമ്മാന്തരവും കാണുന്നു. ശാന്തം, ഉദിതം മുതലായവയും അവനവന്റെ ധർമ്മം അഥവാ യോഗ്യതയുടെ അനുപാതത്തില് ധർമ്മിക ളില് കാണുന്നു. അവ്യപദേശിതമായും കാണുന്നു. അതീതത്തിന്റെ അനന്തരം വർത്ത മാനം. വർത്തമാനത്തിന്റെ അനന്തരം അനാഗതം. അനാഗതത്തിലെ ഫലങ്ങൾ വർത്ത മാനവ്യാപാരങ്ങൾ കാരണമാണെന്ന് കാണുന്നു. അതിനാൽ അതീതത്തിലെ വ്യാപാര ങ്ങൾ വർത്തമാനവ്യാപാരകാരണമാണെന്ന് വരുന്നു. എന്നാൽ യഥാർത്ഥത്തില് പൂർവ്വ പശ്ചിമിതകള് ഇല്ലതാനും മൂന്നും (ത്രികാലവും) ഏകം തന്നെ.

സുവർണ്ണ:- വ്യാസന്റെ ഈ ത്രികാലജ്ഞാനം, മൂന്നും ഒന്നെന്ന ബോധം ടൈംല സ്നസ് എന്ന കൺസെപ്റ്റിലൂടെ സ്റ്റീഫൻ ഹോക്കിങ്ങിനെ പ്പോലെയുള്ളവരും കണ്ടെ ത്തിത്തുടങ്ങിയിരിക്കുന്നു. (കാലത്തിന്റെ അസ്ത്രങ്ങൾ അഥവാ ആരോസ് ഓഫ് ടൈം എന്ന ഗ്രന്ഥം)

വ്യാസ:- സർവ്വം സർവ്വാത്മകമാകയാല് അവ്യപദേശിതമായും ധർമ്മം ഇരിക്കുന്നു. ജലഭൂമികയിലെ രസരൂപ

വൈശ്വരൂപ്യം പരിണമിച്ച് സ്ഥാവരങ്ങളിലും ദൃഷ്ടമാണ്. സ്ഥാവരത്തിലുള്ളത് ജംഗ മത്തിലും ജംഗമത്തിലുള്ളത് സ്ഥാവരത്തിലും ജാത്യാനുഛേദത്താൽ സർവ്വം സർവ്വാത്മ കമാണ്. ദേശകാല രൂപനിമിത്താദികളുടെ പരിമിതികളിൽ അഭിവ്യക്തമാകുന്നത്. പരി മിതമായ വർത്തമാനകാലത്തെ ജീവാത്മാവാണ്. അഭിവ്യക്തവും ധർമ്മത്തിനനുപാത മായി സാമാന്യവും വിശേഷവുമായി ധർമ്മിയില് അന്വയിക്കണം. ധർമ്മമാത്രമായി നിര ന്വയിച്ചാല് അതില് ഭോഗാഭാവം ഉണ്ട്. എങ്ങനെ അന്യമായ വിജ്ഞാനത്താൽ എങ്ങനെ കർമ്മത്തിൽ നിന്ന് അന്യമായ ഭോക്തൃത്വം ഒരാൾക്ക് അതിന്റെ സ്മൃതഭാവം അഥവാ

സ്മരണ കൊണ്ടല്ലാതെ കിട്ടും. വസ്തുവിന്റെ പ്രത്യഭിജ്ഞാനം(വീണ്ടും ഓർക്കൽ) സ്ഥിത മായി ധർമ്മത്തില് അന്വയിക്കപ്പെട്ടിരിക്കുന്നത് കൊണ്ടാണ് പ്രത്യഭിജ്ഞ ഉണ്ടാവുന്നത്. അത് മുമ്പുള്ള അനുഭവത്തിൽ നിന്ന് അന്വയമാണ്. ധർമ്മമാത്രം എന്നു പറഞ്ഞാല് നിര ന്വയമാവും.

വാചസ്പതി:- ധർമ്മിക്ക് ത്രിവിധപരിണാമം ശാന്തം, ഉദിതം, അവ്യപദേശ്യം. ധർമ്മാ നുപാതമനുസരിച്ചാണ് ധർമ്മി ധർമ്മജ്ഞാനം കൂടാതെ ധർമ്മാനുഷ്ഠാനം സാധിക്കില്ല. ധർമ്മാനുഷ്ഠാനയോഗ്യത ധർമ്മജ്ഞാനത്തിലാണ്. ധർമ്മിക്ക് കളിമണ്ണ് മുതലായ ദ്രവ്യ ങ്ങളിലിരിക്കുന്ന ശക്തിയെപ്പോലെ ചൂർണ്ണം, പിണ്ഡം, ഘടം എന്നിവ ഉല്പാദിപ്പിക്കാൻ ശക്തിയുണ്ട്. ഈ ഉല്പാദനശക്തിയാണ് ധർമ്മിയുടെ ധർമ്മം. ആ ശക്തി അവ്യക്ത മായി ധർമ്മിയിലിരിക്കുമ്പോള് അതിനെ ഭാവം എന്നും പറയും അവ്യക്തമായ ശക്തിഭാ വത്തിൽ നിന്നാണ് സർവ്വവും ഉണ്ടാവുന്നത്. അനേകം ഉദാഹരണങ്ങളാൽ ഇത് വ്യക്ത മാക്കാവുന്നതാണ്. ഘടത്തിന്റെ ഉല്പത്തിയോടെ ഉദാഹരണത്തിനുള്ള യോഗ്യതയും (വെള്ളം നിറയ്ക്കാനുള്ള ശക്തി) ഉണ്ടാവും കളിമണ്ണിൽ ആ ശക്തിയില്ല. പക്ഷേ കുടം ഉണ്ടാക്കാനുള്ള ശക്തിയുണ്ട്. ഒരു ധർമ്മവും ഒരു ഭാവവും ആകസ്മികമല്ല. എന്നർത്ഥം. ശക്തിയാണ് ധർമ്മം അത് ആകസ്മികമായ യോഗ്യതയല്ല. സദ്ഭാവമായി സ്വഭാവമായി ദ്രവ്യത്തിലിരിക്കുന്ന ഒന്നിന്റെ അഭിവ്യക്തിയാണ്. സദ്ഭാവമാണ് പ്രമാണം. ഫലസൃ ഷ്ടിഭേദമായി ഏകമായ ധർമ്മി തന്നെ ചൂർണ്ണപിണ്ഡഘടാദി അനേകരൂപം സ്വീകരി ക്കുന്നതാണ് പ്രപഞ്ചത്തിലെ നാനാത്വത്തിന് ഉദഹരണം കാര്യഭേദദർശനമുണ്ട്. കാരണം അഭിന്നമാണ്. ഈ അനുഭവത്താൽ വർത്തമാനമായ മൃത്പിണ്ഡമാത്രമായ ശരീരത്തിൽ നിന്ന് ആരോഹണം ചെയ്തവന് ശാന്തനും, അവ്യയപദേശവുമായി ഭവിക്കുന്നു. മറിച്ച് അനേകത്വമുള്ള ഭേദഭാവനയുള്ള മൃത്പിണ്ഡത്തിന്റെ വർത്തമാനവ്യാപാരത്തിലേക്ക് ഇറ ങ്ങിവരിക എന്ന അപകടവും ഇവിടെയുണ്ട്. അവ്യക്തമായ ഏകത്തിൽ ഭേദമില്ല. ആത്മ ജ്ഞാനി ഇത് ഗ്രഹിച്ചവനാണ്.

ഇപ്രകാരം ധർമ്മങ്ങളുടെ ഭേദസാധനം അറിഞ്ഞാണ് അവയെ ജ്ഞാനി വിഭജിച്ചിട്ടു ള്ളത്. ഉദിതം വർത്തമാനമാണ്. അതിൽ നിന്ന് പൂർവ്വാപരങ്ങളിലേക്ക് നിഗമം (യാത്ര) സാധ്യമാണ്. അതീതത്തിന്റെ അനാഗതമാണ് വർത്തമാനം. അനാഗതം വരാനിരിക്കുന്ന അതീതവും വർത്തമാനവുമാണ്. പൂർവ്വപശ്ചിമാഭാവം അവയ്ക്കുള്ളതിനാല് അവ ഒന്നാണ്. വിഷയത്തിൽ വിഷയിക്ക് അനുപലബ്ധി വൈധർമ്മ്യത്താലേ വരികയുള്ളൂ. അനാഗതത്തിൽ വർത്തമാനത്തിന്റെ അനുപലബ്ധി ധർമ്മി, ധർമ്മമെന്ന് വൈധർമ്മ്യം മാത്രമാണ്. അത ല്ലാതെ അവതമ്മിൽ ഭേദമില്ല.

സുവർണ്ണ:- വർത്തമാനം ധർമ്മി അത് അനാഗതമായ തന്റെ ധർമ്മത്തെ അറിയായ്ക എന്ന അജ്ഞാനം മാത്രം

വാചസ്പതി:- അനുഭൂതമാനം, അനുഭൂതത എന്നിവ ഉദിതത്തിന് അതീതത്തിൽ ശക്യമാണ്. സാധ്യമാണ്. അവ്യപദേശ്യത്തിൽ പുനർദ്ധർമ്മം വ്യപദേശിച്ചിട്ടില്ല. ശക്യമോ എന്ന് പറഞ്ഞിട്ടില്ല. അതിനെ എങ്ങനെ സമീക്ഷചെയ്യണം. ഉത്തരം:- സർവ്വം സർവ്വാ ത്മകം എന്നാണ്. ജലം, ഭൂമി ഇവപോലെ ഇവപോലെ, ജലം രൂപരസസ്പർശശബ്ദം, ഭൂമി ഗന്ധരസരൂപസ്പർശം, ഇങ്ങനെ പാരിണാമികമാണ്. ഇതിൽ നിന്ന് വനസ്പതിക

ള്, ലതകൾ, വൃക്ഷങ്ങൾ, മൂലഫലസൃഷ്ടി, പല്ലവം എന്നിങ്ങനെ രസാദിവൈശ്വരൂപം ദൃശ്യമാകുന്നു. അവയെല്ലാം ആത്മാവിൽ ഭൂമി, ജലം എന്നിവയുടെ രൂപരിണാമം മാത്ര മാണ്. അങ്ങനെ ഉപപാദിതമായിട്ടല്ലാതെ സദ് ഉല്പാദിപ്പിക്കപ്പെടുന്നില്ല (3.13) ആവര ണമായി ജംഗമങ്ങളിലും മനുഷ്യ, പശു, പക്ഷി, മൃഗാദികളിലും പരിണമിച്ചു കാണുന്ന അന്നമയകോശം രസാദിവൈചിത്ര്യമാണ്. അന്നരസത്തിന്റെ പരിണാമമാണ്. ഉപഭോജ നത്തിനാണ് ഫലങ്ങള് രൂപാദിഭേദസമ്പത്തുക്കളോടെ ഉല്പാദിപ്പിക്കപ്പെടുന്നത്. ജംഗമ ങ്ങളും സ്ഥാവരങ്ങളുമായ സർവ്വവും ഇപ്രകാരം പാരിമാണികം ആണെന്ന് കാണണം.

സുവർണ്ണ:- പരിണാമം പാരിമാണികമാണ്. പാരിമാണികം എന്നാൽ അളവുള്ളത്, അളവിലുള്ള വ്യത്യാസമാണ് അഥലാ പാരിമാണികതയാണ് രൂപപരിണാമം ഉണ്ടാക്കി ഭേദമുണ്ടാക്കുന്നത്. അളവിൽ, തൂക്കത്തിൽ ഉള്ള അനുപാതഭേദം രൂപപരിണാമവും ധർമ്മ പരിണാമവും ആയി, രൂപധർമ്മപരിണാമഭേദങ്ങളുണ്ടാക്കുന്നു എന്ന് ശാസ്ത്രീയമായി അവതരിപ്പിക്കുന്നു.

വാചസ്പതി:- രുധിരം അവസേചനം ചെയ്താല് ദാഡിമീഫലം താലഫലമാത്രമായി ഭവിക്കും.

സുവർണ്ണ:- ജലത്തിനു പകരം ഓർഗാനിക്ക് വളമോ രക്തമോ ആണ് ചെടുയുടെ കടയ്ക്കല് വീണതെങ്കില് അവയവം അഥവാ കായ്ഫലം രൂപത്തിലും ഭാവത്തിലും മാറ്റം കാണിക്കും. വെള്ളം കുറച്ചുനനച്ചാൽ ഫലം ദൃഢമാവും കൂടുതൽ നനച്ചാൽ പഴം മൃദു ലമാവും

വാചസ്പതി:- ഇപ്രകാരം സർവ്വം ജലഭൂമ്യാദി സർവ്വരസാത്മകമാണ്. ജാതിയുടെ അനുഛേദനത്താൽ ജലത്വം, ഭൂമിത്വം മുതലായ ജാതികളുണ്ടാവുന്നു.

സുവർണ്ണ:- ഏത് കൂടിയിരിക്കുന്നവോ അതനുസരിച്ച്.

വാചസ്പതി:- സർവ്വത്ര പ്രത്യഭിജ്ഞാമാനത്വം (പ്രത്യഭിജ്ഞയുടെ അളവ്) കൊണ്ടാണ് അനഛേദനം(വിഭജനം, ക്ലാസിഫിക്കേഷൻ) നടക്കുന്നത്. സർവ്വചൈതന്യാ ത്മകവും സർവ്വാത്മകവും സർവ്വത്തിലും സർവ്വദാ സർവ്വത്ര സർവ്വഥാ സന്നിധാനം ചെയ്ക യാല് സമാനകാലീനവുമായ ഭവമുള്ള വ്യക്തി ജനിക്കുന്നു. ഈ ജ്ഞാനോദയത്തിൽ സന്നിഹിതമെങ്കിലും ഇതറിയാൻ ചിലപ്പോൾ കാലവിളംബം നേരിടാം ദേശകാലബന്ധ നങ്ങൾ കാരണമാണ് ഈ വിളംബം സർവ്വം സർവ്വാത്മകം. എങ്കിലും ചിലകാര്യങ്ങൾ ചില ദേശത്തേ കാണുന്നുള്ളൂ. കുങ്കുമം കാശ്മീരത്തിലെന്നപോലെ പാഞ്ചാലദേശത്ത് ശാലിനെല്ല് വിളയാത്തതുപോലെ. മൃഗി(മാൻ) മനുഷ്യനെ പ്രസവിക്കാത്തതു പോലെ മനുഷ്യരൂപം മനുഷ്യനിൽനിന്നേ ഉണ്ടാവുന്നുള്ളൂ. ദേശകാലാകാരനിമിത്തങ്ങളുടെ ബന്ധത്തെ അറിഞ്ഞ് അവയ്ക്കതീതമാകാതെ ആത്മഭാവനയുടെ അഭിവ്യക്തയോ അനു ഭവമോ കിട്ടുന്നില്ല. അതിനാലാണ് അവയെ ബുദ്ധിമാൻ ബുദ്ധിയാല് വിഭജിച്ച് അറിഞ്ഞ് ബന്ധം ഗ്രഹിച്ച് അവയെ ത്യജിച്ച് ജ്ഞാനിയാവുന്നത്. ഈ പ്രക്രിയക്കുള്ള കാലവി ളംബം മുൻപറഞ്ഞ അഭിവൃദ്ധിക്കുള്ള കാലവിളംബം ധർമ്മരൂപം സാമാന്യമാണ്. ധർമ്മം വിശേഷമാണ്. ആത്മാവ് ഉഭയാത്മകമാണ്. അതിനെ അനുഭവസിദ്ധമായി അനുഗമി ക്കുന്ന ധർമ്മിയില് താനിഛിക്കാതെത്തന്നെ വിജ്ഞാനം ജനിക്കുന്നതും ചിത്തം സ്വേഛാ

പ്രകാരം അനിഷ്ടപ്രസംഗമായ സംസാരത്തെ സ്മരിച്ചാലും, അതിനെ വിജ്ഞാനമാത്ര കൊണ്ടുതന്നെ ക്ഷണികമായി ക്കണ്ടു നശിപ്പിക്കുന്നതും നാം കാണുന്നു.

സുവർണ്ണ:- വൈനാശികരുടെ ക്ഷണികത ഇതുമാത്രമാണ്.

വാചസ്പതി:- വസ്തുജ്ഞാനം പ്രത്യഭിജ്ഞയാണ്. ദേവദത്തനെ കണ്ട ഒരാൾ ഇത് യജ്ഞദത്തനെന്ന പ്രത്യഭിജ്ഞാനം ഉണ്ടാക്കുന്നില്ല. ആത്മാനുഭവമുണ്ടായ ഒരാള് അതിന്റെ യഥാർത്ഥ്യപ്രത്യഭിജ്ഞയോടെ ഇരിക്കുന്നതാണ് നാം കാണുന്നത്. സർവ്വ ജ്ഞാനവും ഇങ്ങനെ മുമ്പനുഭവിച്ചതിന്റെ പ്രത്യഭിജ്ഞയല്ലാതെ മറ്റൊന്നുമല്ല.

15. പതഞ്ജലി:- ക്രമാന്യത്വം പരിണാമാന്യത്വേ ഹേതു

വ്യാസ:- ഒരു ധർമ്മിക്ക് ഒരു പരിണാമമെന്ന പ്രസക്തിയില് ക്രമത്തിന്റെ അന്യത്വം (ക്രമം മാറൽ) പരിണാമഭേദത്തിന് ഹേതുവായി ഭവിക്കുന്നു. ചൂർണ്ണം, മൺകട്ട, ഘടം, കപാലം, കണം എന്ന് ചക്രരൂപമായി ആവർത്തിക്കുന്നത് മണ്ണ് മാത്രമാണ്. ഇന്നതിനു ശേഷം ഇന്നത് എന്ന ധർമ്മത്തിന്റെ നിയമമാണ് അതിന്റെ ക്രമം. പിണ്ഡമായ ശേഷമേ മണ്ണ് ഘടമായി ധർമ്മ പരിണാമത്രമത്തില് ജനിക്കുന്നുള്ളൂ. ലക്ഷണപരിണാമക്രമം ഘട ത്തിന്റെ അനാഗതഭാവത്താൽ വർത്തമാനഭാവക്രമമാണ്. അതീതത്തിൽ ക്രമം കാണു ന്നില്ല. എന്തുകൊണ്ട്. പൂർവ്വാപരതകൾക്ക് സത്യമാണ് സമനന്തരത്വം അങ്ങനെയൊന്ന് അതീതത്തിൽ കാണാനാവുന്നില്ല. അതിനാൽ ക്രമത്തിന് രണ്ട് ലക്ഷണമായി ക്രമവും ക്രമം ദർശിക്കാനാവാത്ത അവസ്ഥയും. അതിന്റെ അവസ്ഥാപരിണാമക്രമവും ഘടത്തിന്റെ പുതിയ പ്രാന്തത്തിൽ (അതിർത്തി, സീമ) പുരാണത അദൃശ്യമാകായാൽ അങ്ങനെത്തന്നെ ക്ഷണപരമ്പരകളുടെ അനുപാതത്താൽ ക്രമേണ അഭിവ്യക്തമാകുന്ന പരാശക്തിയും വ്യക്തിക്ക് ഇപ്രകാരമാണ്. അനുഭവപ്പെടുന്നത്. ധർമ്മലക്ഷണങ്ങളിൽവെച്ച് വിശിഷ്ടം തൃതീയമായ ഈ പരിണാമമാണ്. ക്രമത്തെ ഭവിക്കുന്നു. യഥാർത്ഥത്തില് ധർമ്മിക ളുടെ അഭേദോപചാരം ധർമ്മത്തിന്റെ ഏകത്വമായും അതിന്റെ ക്രമമായുമാണ് അവഭാ സിക്കുന്നത്.

സുവർണ്ണ:- ക്രമം മാറലാണ് രൂപപരിണാമഹേതു എന്ന സാമാന്യനിയമം ഇപ്പോഴും ജനിതകശാസ്ത്രത്തില് ഉപയോഗിക്കുന്നുണ്ട്. അമിനോ ആസിഡുകളുടെ ക്രമം മാറു മ്പോളാണ് ജനിതകമാറ്റം ഉണ്ടാവുന്നത്. ജനിതകമാറ്റം കൊണ്ടാണ് ജീവികളുടെ രൂപവും സ്വഭാവവും മാറുന്നത്. അവഭാസിക്കുക എന്നാൽ തിളങ്ങുക, പ്രകാശിക്കുക, ഒരു റെവ ലേഷൻ, ദർശനം.

വ്യാസ:- ചിത്തത്തിന്റെ അദ്വയധർമ്മം ദർശകന് ദർശിക്കുന്നു. പ്രത്യയാത്മകമായതാണ് പരിദൃഷ്ടമാവുന്നത്. വസ്തുമാത്രാത്മകമായത് അപരിദൃഷ്ടമാണ്. അനുമാനത്താൽ സപ്ത വിധമായി പ്രാപിച്ച വസ്തുമാത്ര, സദ്ഭാവമായി ചിത്തത്താൽ അറിയപ്പെടുന്നു.

വിരോധധർമ്മസംസ്കാരാ:- പരിണാമോ അഥ ജീവനം ചേഷ്ടാശാക്തിശ്ച ചിത്തസ്യ ധർമ്മാദർശനവർജ്ജിതാ എന്നിപ്രകാരം.

വാചസ്പതി:- ക്രമത്തിലുള്ള മാറ്റമാണ് പരിണാമഭേദത്തിന് ഹേതു, ഏകധർമ്മിക്ക് ഏകധർമ്മലക്ഷണം. അതെങ്ങനെ അനേകധർമ്മാവസ്ഥാലക്ഷണമുള്ളതായി പരിണമി ക്കുന്നു. ഇതിന്നുത്തരമാണ് ക്രമഭേദത്താൽ പരിണാമഭേദമെന്നത്. രൂപപരിണാമപരമ്പര യുടെ ക്രമം ലൌകീകപരീക്ഷണത്താൽ ഏതൊരദ്ധ്യക്ഷനു സമീക്ഷ ചെയ്യാവുന്നതാണ്.

സുവർണ്ണ:- എക്സ്പെരിമെന്റ്ല് പ്രൂഫ് കൊണ്ട് പരിണാമഭേദം കാണാം ഇത് അർത്ഥ ശാസ്ത്രത്തിലെ വിവിധ വകുപ്പദ്ധ്യക്ഷന്മാരുടെ ചുമതലയായി പറഞ്ഞിട്ടുള്ളതാണ്.

വാചസ്പതി:- ഇതിന്നൊരുദാഹരണമായിട്ടാണ് മൃദ്, ചൂർണ്ണ, പിണ്ഡ, ഘട, കപാല, കണാകാരത്തെ പറഞ്ഞത്. സൂക്ഷമകണം മുതൽ സ്ഥൂലരൂപം വരെ ഉള്ള പരിണാമം നിരീക്ഷിച്ചറിയാവുന്നതാണ്. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് ക്രമമായിട്ടാണ് പരിണാമം എന്നാൽ ക്രമഭേദത്താല് ഒരു പുതിയ സൃഷ്ടി(നവകല്പമാനം) നടക്കുന്ന പരിണാമഭേദവും ദൃശ്യമാണ്. ഇപ്രകാരം ക്രമോപപത്തി തെറ്റി, സഹകാരി സമവാധാനക്രമേണ യുള്ള ക്രമവർത്തിപരമ്പരയിൽ ഒരു മാറ്റം വരുന്നത് ആകസ്മികഭാവമാണ് എന്ന് വരാം. ധർമ്മപരിമാണാന്യത്വത്താല് ലക്ഷണപരിണാമാന്യത്വം. അതിനാൽ അവസ്ഥാപരിണാമാന്യത്വം ഇവയെല്ലാം സമാനമായ ക്രമാന്യത്വം ഹേതുവായിട്ട് ഉണ്ടാവുന്നു. വ്യാസഭാഷ്യത്തിൽ ഇവയെല്ലാം ദ്യോതിപ്പിച്ചിരിക്കുന്നു.

സുവർണ്ണ:- ഡാർവ്വിന്റെ പരിണാമസിദ്ധാന്തത്തിന് എത്രയോ മുമ്പാണ് വ്യാസനും വാചസ്പതിയുമെല്ലാം ജീവിച്ചിരുന്നത്. അവർക്ക് ഈ വിഷയത്തിലുള്ള ശാസ്ത്രീയമായ അവഗാഹം നമ്മെ ചിന്തിപ്പിക്കാത്ത പക്ഷം നാം മന്ദബുദ്ധികളാണെന്ന് വരും. പെട്ടെന്നുണ്ടാവുന്ന ആകസ്മികമായ മ്യൂട്ടേഷനെ പോലും രൂപപരിണാമത്തിന് കാരണമായി ഇവിടെ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

വാചസ്പതി:- ക്രമക്രമമായി അഭേദമായി ആസ്ഥാനമായിരിക്കുന്നത് ക്രമം. അതുകൊണ്ട് ഏകവസ്തുവിൽ അവസ്ഥാ പരിണാമക്രമം ഉണ്ടാവുന്നു. കോഷ്ഠാഗാരത്തിൽ വളരെ പ്രയത്നിച്ച് സംരക്ഷിച്ച് കേടുകൂടാതെ വെച്ച വ്രീഹി(ധാന്യം, നെല്ല്) യിൽ പോലും ഹായനം മുതലായ അനേകഹേതുക്കളാല്, കൈ കൊണ്ട് ഒന്നു തൊട്ടാൽപ്പോലും പൊടിഞ്ഞു പോകുന്ന അവയവസംസ്ഥാനമായ പരമാണുഭാവം നാം അനുഭവത്തിൽ നിന്ന് ദർശിക്കുന്നു. പുതിയൊരു സൃഷ്ടി നേരത്തെ ഉണ്ടായിട്ടില്ല എന്നോ, ആകസ്മികമാണെന്നോ ഉറപ്പിച്ചുപറയാൻ നമുക്കാവുന്നില്ല. ക്ഷണപരമ്പരാക്രമത്തിൽ സൂക്ഷ്മം സൂക്ഷ്മതരം, സൂക്ഷ്മത്വം, ബൃഹത്, ബൃഹത്തരം ബൃഹത്തമം എന്നിങ്ങനെ ഉള്ള ക്രമങ്ങളാൽ നാം പ്രാന്തങ്ങളിൽ വിശിഷ്ടജ്ഞാനത്തെ ലക്ഷ്യമായെടുക്കുന്നു. ഇപ്രകാരമുള്ള ക്രമഭേദം ധർമ്മധർമ്മിഭേദപക്ഷമാണ്. വികാരങ്ങളാൽ ആലിംഗാദാപേക്ഷികമായി ധർമ്മധർമ്മിഭാവം മൃദാദികളിൽപ്പോലും ഉണ്ട്. തന്മാത്രകളെ അപേക്ഷിച്ചാണ് ധർമ്മത്വം ധർമ്മവും അങ്ങനെത്തന്നെ. എപ്രകാരം പരമാർത്ഥധർമ്മിയില് അലിംഗവും അഭേദവുമായ ഉപചാരപ്രയോഗം കൊണ്ടും സമാനാധികരണം കൊണ്ടും ധർമ്മി തന്നെ ധർമ്മം എന്ന് ലഭിച്ചുവോ, അപ്രകാരം തന്നെ പരിണാമം തന്നെ ധർമ്മിപരിണാമം എന്നും അർത്ഥം ധരിക്കണം. ധർമ്മലക്ഷണാവസ്ഥാനത്തില് ധർമ്മിസ്വരൂപം അഭിനിവേശിക്കപ്പെടുന്നു. ധർമ്മികള് ദുരോത്സാരിതമായ കൂടസ്ഥം നിത്യത്വം എന്ന് പറയപ്പെടുന്നു.

ധർമ്മപരിണാമപ്രതിപാദനത്തിൽ, പ്രസംഗേന ചിത്തധർമ്മങ്ങളുടെ പ്രകാരഭേദങ്ങള് പറഞ്ഞു. പരിദൃഷ്ടം എന്നാൽ പ്രത്യക്ഷം, അപരിദൃഷ്ടം എന്നാൽ പരോക്ഷം പ്രത്യയാത്മകങ്ങളാണ് പ്രമാണാദികൾ. രാഗാദികൾക്ക് വസ്തുമാത്രമാണ് പ്രകാശരൂപത. അനുമാനത്താല് മാത്രം പ്രാപിക്കാവുന്ന വസ്തു മാത്രമായ സദ്ഭാവമാണ് അപരിദൃഷ്ടം. മനസ്സ് അതിന്റെ ധർമ്മത്താല് ആഗമങ്ങളെ അനുമാനിക്കുന്നു. കാരികയാൽ സംഗ്രഹീക്കപ്പെട്ട

ഏഴു നിരോധവൃത്തി പരിദൃഷ്ടമാണ്. അസമ്പ്രജ്ഞാതവൃത്തിയാണ് നിരോധം. അതിനാൽ ചിത്തത്തില് സംസ്കാരശേഷഭാവം അനുമാനതയായി സമാധിഗമ്യമായി ആഗമമാവുന്നു. ധർമ്മഗ്രഹണത്താല് പുണ്യാപുണ്യങ്ങള് ഉപലബ്ധമാവുന്നു. അവ ഉപലക്ഷിതമാവുന്നു. ഇതാണ് കർമ്മം എന്ന് പാഠം. അത് ജനിക്കുമ്പോളെ പുണ്യാപുണ്യങ്ങൾ ഗ്രഹിക്കുന്നുള്ളൂ. ആഗമമെന്നാൽ സുഖ ദുഃഖോപദർശനത്തിനായി അനുമാനത്താല് ഗമ്യമായത്. സംസ്ക്കാരം സ്മൃതിയാൽ അനുമാനിക്കപ്പെട്ടതാണ്. ഇപ്രകാരം ത്രിഗുണങ്ങളാൽ ചിത്തം ചലനശീലമാവുന്നതാണ് ഗുണവൃത്തം. പ്രതിക്ഷണം പരിണമിക്കുന്നതാണ് അതെന്നനുമാനിക്കണം ഇപ്രകാരമുള്ള ജീവനം. പ്രാണിധാരണം പ്രയത്നഭേദമുള്ള സംവിദിതചിത്തങ്ങളുടെ ധർമ്മശ്വാസപ്രശ്വാസങ്ങളാൽ അനുമേയമാണ്. ഇപ്രകാരം ചേതസ്സുകളുടെ (ചലിക്കുന്ന സ്വഭാവമുള്ളവയുടെ) എല്ലാം ചേഷ്ട (ചലനം, പ്രവർത്തനം) ക്രിയ എന്നിവ എപ്രകാരം അതാതിന്ദ്രിയ, ശരീരഭേദമനുസരിച്ച് സംപ്രയോജനപ്പെടുമോ അതനുസരിച്ച് അതാതിന്റെ സംയോഗത്താൽ സൃഷ്ടിക്കപ്പെടുന്നു എന്നാണ് ആഗമാനുമാനം ഇപ്രകാരം ശ്കതിയാലുണ്ടായ ഭൂതങ്ങൾ അഥവാ കാര്യങ്ങളുടെ സൂക്ഷ്മാവസ്ഥയാണ് ചേതനങ്ങളുടെ ധർമ്മം. സ്ഥൂലകാര്യനുഭവം ആ സൂക്ഷമ ധർമ്മത്താലുണ്ടാവുന്ന കാര്യമാണ്, കാരണമല്ല എന്ന് അനുമാനം.

16. പതഞ്ജലി :- പരിണാമത്രയസംയമാദതീതാനാഗതജ്ഞാനം

വ്യാസ:- യോഗികൾ സർവ്വസാധനങ്ങളിലുമുള്ള വിശപ്പ്, ആഗ്രഹം, പ്രതിപത്തി എന്നിവയെ സംയമം ചെയ്യാന് വിഷയങ്ങളെ ഉപേക്ഷിക്കുന്നു. പരിണാമത്രയങ്ങളുടെ സംയമം കൊണ്ടാണ് അതീതഅനാഗതകാലങ്ങളുടെ ജ്ഞാനം ലഭിക്കുന്നത്. ധർമ്മലക്ഷണാവസ്ഥാപരിണാമങ്ങളില് സംയമം സിദ്ധിച്ച യോഗിയുടെ മാത്രമാണ് ത്രികാലജ്ഞാനം. ധാരണധ്യാനം, സമാധിത്രയത്തെ ഒന്നായിട്ട് സംയമം എന്ന് പറയുന്നു. (3.4) പരിണാമത്രയം സാക്ഷാത്കരിക്കപ്പെട്ട അതീതാനാഗതജ്ഞാനമായി സമ്പാദിക്കപ്പെടുന്നു.

വാചസ്പതി:- അതിന് പരമമായ(അപ്പുറമുള്ള) ആപാദപരിസമാപ്തിയിൽ സംയമവിഷയം അതിന്റെ വശീകാരസൂചകമായ വിഭൂതികൾ എന്നിവ പറയേണ്ടതുണ്ട്. നേരത്തേ പറഞ്ഞ പ്രകാരം പരിണാമത്രയം പ്രഥമമായി സർവ്വയോഗാംഗങ്ങളിൽ വെച്ച്, യോഗികൾക്ക് അനുഭവിക്കാനാവുന്നു. പരിണാമമാത്രയത്തെ സംയമം ചെയ്യുമ്പാൾ ത്രികാലജ്ഞാനം കിട്ടുന്നു. അതിനെ സംയമം ചെയ്യുമ്പോൾ സാക്ഷാത്കരണം ഇങ്ങനെ ഒന്നൊന്നായി യോഗി സമ്പാദിക്കുന്നു.

ആദ്യ സാക്ഷാത്ക്കാരം പരിണാമത്രയജ്ഞാനം ആ സിദ്ധിയെ സംയമം ചെയ്യുന്നു. അപ്പോൾ പരിണാമത്തെ അനുഗമിച്ചുണ്ടാവുന്ന അതീതം(ഭൂതം) അനാഗതം (ഭാവി) മുതലായവയെക്കുറിച്ച ബോധം സാക്ഷാത്കരിക്കുന്നു. തദ്വിഷയകമായ പ്രകാശസാക്ഷാത്കാരം കൊണ്ട് സ്വസ്വരൂപസാക്ഷാത്കാരത്തിൽ ഏകത്വം. പരിണാമത്രയ സാക്ഷാത്കാരമൊന്നുമാത്രമാണ് അതില് അന്തർഭൂതമായ അതീതാനാഗതസാക്ഷാത്കരണാത്മകം ഇവിടെ വിഷയത്തിൽ ഭേദമില്ല.

സുവർണ്ണ:-- വിഷയവിഷയികളിൽ, ധർമ്മാധർമ്മികളിൽ അഭേദം.

വാചസ്പതി:- സംയമം, സാക്ഷാത്കാരം, എന്ന ക്രമമേ ഉള്ളൂ. അത് ചിത്തിൽത്തന്നെ സംഭവിക്കുകയാണ്

സുവർണ്ണ:- ചിത്തിൽ പ്രപഞ്ചം, ബ്രഹ്മം, ഞാനെന്നിവയുടെ അഭേദം അനുഭവിക്കുകയാണ്.

17. പതഞ്ജലി :- ശബ്ദാർത്ഥപ്രത്യയാനാമിതരേതരാധ്യാസാത്മകരിസ്തത് പ്രവിഭാഗ സംയമാത് സർവ്വഭൂതരൂതജ്ഞാനം

വ്യാസ:- വാഗ്വർണ്ണങ്ങളുടെ അർത്ഥം, ശ്രോത്രം ധ്വനിപരിണാമവിഷയമാണ്. പദം പിന്നീട് നാദാനുസംഹാര ബുദ്ധിനിഗ്രാഹ്യമാണ്. വർണ്ണങ്ങള് ഏകസമയത്ത് സംഭവിക്കുന്നതിലാണ് പരസ്പരനിരനുഗ്രഹാത്മകമാണ്. ഏതൊരുപദം അസംസ്പൃശ്യം അനുപസ്ഥാപ്യം ആവിർഭൂതം തിരോഭൂതം എന്ന് പ്രത്യേകമായിരിക്കുന്നുവോ അത് അപദം എന്നറിയപ്പെടുന്നു. വർണ്ണമെന്നത് പിന്നീട് ഓരോന്നോരാന്നായി, പദാത്മാവായി, സർവ്വാഭിധാനശ്ക്തിയായി (എല്ലാ നാമങ്ങളുടേയും ശക്തി) പ്രചിതമാകുന്നതാണ്. (പ്രചയം- സമൂഹം) സഹകാരികളായ വർണ്ണാന്തരങ്ങൾ പ്രതിയോഗിത്വം കൊണ്ട് വൈശ്വരൂപ്യം പ്രാപിക്കുന്നു. പൂർവ്വത്തിന്റെ ഉത്തരവും ഉത്തരത്തിന്റെ പൂർവ്വവുമായി വിശേഷമായി ഇത്തരം ബഹുവർണ്ണങ്ങള്, ക്രമാനുരോധികളായി അവസ്ഥാപിതമാകുന്നു. ഇവ അർത്ഥസങ്കേതങ്ങളാല് മറയ്ക്കപ്പെട്ട് (അവിഛിന്നം) ഇരിക്കുന്നു. ആ ആവരണങ്ങളാൽ അവയ്ക്ക് സർവ്വാഭിധാന ശക്തിപരിവൃതം എന്ന അവസ്ഥയുണ്ട്.

ഗ, ഔ ഇവ ചേർന്നാല് ഗൌ എന്നിങ്ങനെ അർത്ഥദ്യോതകശക്തി വർണ്ണസഹകാരിത്വത്താലും ക്രമത്താലും ഉണ്ട്. അർത്ഥസങ്കേതം കൊണ്ടു മാത്രമല്ല ആവരണം ധ്വനിക്രമം കൊണ്ടുമുണ്ട്. ഇത് ഏകാഗ്രമായ ബുദ്ധിയാൽ മാത്രം നിർഭാസിക്കുന്നതാണ്. ആ പദത്തിന്റെ വാചകം വാച്യത്തിന്റെ സങ്കേതമാണ്. ഏകമായ പദം ഏകബുദ്ധിവിഷയം, ഏകപ്രയത്നാക്ഷിപ്രമഭാഗം, അക്രമം, അവർണ്ണം, ബൌദ്ധ്യം അന്ത്യവർണ്ണം, പ്രത്യയവ്യാപാരോപസ്ഥാപിതം എന്ന് പരമായി വർണ്ണങ്ങളാല് അഭിധാനം ചെയ്യപ്പെടുന്നു കേൾക്കുമ്പോള് ചെവിക്കും അനാദിവാഗ്യവഹാരവാസനാനുവിദ്ധ്യത്താൽ, ലോകബുദ്ധിയാൽ സിദ്ധന്മാർക്കെന്നപോലെ പ്രതിപത്തിപൂർവ്വം മനസ്സിലാക്കാൻ കഴിയുന്നു.

ആ ബുദ്ധിയുടെ പ്രവിഭാഗങ്ങൾ :- ജാതീയകമായതെല്ലാം സംഹരിച്ച് ഏകമായ അർത്ഥത്തിന്റെ വാചകം സങ്കേതത്തിൽ പദം, പദാർത്ഥം ഇവയുടെ ഇതരേതരമായ അധ്യാസരൂപം സ്മൃത്യാത്മകമായി, ഇന്നയിന്ന ശബ്ദത്തിന് ഇന്നയിന്ന അർത്ഥം, ഇന്നയിന്ന ശബ്ദത്തിൽ ഇന്നയിന്ന അധ്യാസരൂപം എന്നറിയുന്നു. അഥവാ ഈ അറിവ് ഉണ്ടാവുന്നതാണ് ബുദ്ധിയുടെ സങ്കേതം എന്നറിയപ്പെടുന്നത്. ശബ്ദാർത്ഥപ്രത്യയങ്ങള് ഇതരേതരാധ്യാസത്താൽ സങ്കീർണ്ണമാകുന്നു. ഗൌരി എന്ന ശബ്ദത്തിന് അർത്ഥം ഗൌരി. അത് ഗൌരിയുടെ ജ്ഞാനവുമാണ്. ഇങ്ങനെ ശബ്ദം, അർത്ഥം. ജ്ഞാനം എന്ന മൂന്നു പ്രവിഭാഗവും അറിയുന്നവനെ സർവ്വവിത്ത് എന്നു പറയും. സർവ്വപദങ്ങളിലും വാക്യശക്തിയുണ്ട്. (അസ്തി), വൃക്ഷം എന്ന് പറയുമ്പോൾ, അതിന്റെ അസ്തിത്വം കൂട് അറിയപ്പെടുന്നു. സത്തായ പദാർത്ഥത്തില് വ്യഭിചാരമില്ല. അതിനുള്ള സാധന അഥവാ ക്രിയയിലും വ്യഭിചാരമില്ല. അതിൽനിന്ന് അപചയം വന്നാല് സർവ്വകാരകന്മാർക്കും ആക്ഷേപമാണ്, കർത്താവ്, കരണം, കർമ്മം, എന്നിവയ്ക്ക് ചൈത്രം, അഗ്നി, തണ്ഡൂലം എന്നിവകൾക്കെന്നപോലെ നിയമമുണ്ട് എന്നതിനർത്ഥം അനുവാദമാണ് വാക്യാർത്ഥങ്ങളാല് പദരചനം, ശ്രോത്രീയഛന്ദസ്സുകൾ എന്നിവയില് ഈ നിയമം ദൃഷ്ടമാണ്.

സുവർണ്ണ:- Acceptance of Law അഥവാ നിയമത്തിന്റെ അനുവാദം അഥവാ സ്വീകരണം അഷ്ടാദ്ധ്യായിയിൽ ഈ നിയമമുണ്ട്. (5.2.7.4)

വാചസ്പതി:-ജീവതി പ്രണാൻ ധാരയതി (ധാതുപാഠം. 1.375). ഈ വാക്യത്തില് പദ, പദാർത്ഥങ്ങളുടെ അഭിവ്യക്തിക്കായി പദത്തെ വിഭജിച്ച് വ്യാകരിക്കാന് (വ്യാകരണീയം) കഴിയും. അത് ക്രിയാവാചകവുമാണ്. കാരകവാചകവുമാണ്. അന്യഥാ ഭവിച്ചാൽഓജാപയം എന്നിപ്രകാരം ആദ്യത്തെ നാമം അഥവാ ആഖ്യാതത്തിന്റെ സാരൂപ്യാദികൾ അറിയാതെ (നിർജ്ഞാതം) വരും. എപ്രകാരം ക്രിയകളിൽ നിന്ന് കാരത്തെ വ്യാകരിക്കും (വ്യാക്രിയ) എന്നറിയാതാവും.

വ്യാസ:- ശബ്ദാർത്ഥപ്രത്യയങ്ങളുടെ പ്രവിഭാഗം അതിന്നാണ്. ശ്വേതം എന്നാൽ പ്രസാദം എന്ന ക്രിയാർത്ഥം.

ശ്വേതഃപ്രസാദഃ എന്ന് കാരകാർത്ഥശബ്ദം എന്നിപ്രകാരം ക്രിയാകാരകാത്മാക്കളുടെ അർത്ഥം അർത്ഥപ്രത്യയം കൊണ്ടാണ് എങ്ങനെ ഞാനെന്ന് അഭിസംബന്ധമായ ഏകകാരണമാണ് പ്രത്യയസങ്കേതം അതിൽ ശ്വേതമെന്നത് അർത്ഥം, ശബ്ദം എന്നീ പ്രത്യയങ്ങളാൽ ആലംബനീഭൂതമാകുന്നു. സ്വന്തം അവസ്ഥാദികളായ വിക്രിയകളോട് സഹഗതമായ ശബ്ദങ്ങൾ ബുദ്ധിക്ക് എപ്പോളും സഹഗതങ്ങളാവണമെന്നില്ല. ഭാഷയിൽ സഹഗതമായ ശബാദാർത്ഥപ്രത്യയങ്ങളുണ്ട്. ഇപ്രകാരമുള്ള പ്രവിഭാഗങ്ങളെപ്പോലും യോഗികൾ ഒടുവിൽ തന്നിൽ സംയമിപ്പിക്കുന്നു. അപ്പോളാണ് സർവ്വഭൂതരുതജ്ഞാനം സമ്പദ്യമാവുന്നത്.

വാചസ്പതി:- ഞാൻ , നീ എന്ന ഭേദത്തെ സംയമിക്കുന്ന വിഷയം ആരംഭിക്കുന്നു. ശബ്ദാർത്ഥപ്രത്യയങ്ങളുടെ ഇതരേതരാധ്യാസത്താൽ സങ്കരം അവയുടെ പ്രവിഭാഗങ്ങളെ സംയമിക്കുമ്പോൾ സർവ്വരുതജ്ഞാനം. വാചകം ശബ്ദം, ആദ്യം അതിന്റെ വാഗ്വ്യാപാരവിഷയം പറയുന്നു. വാക്ക്, വാഗിന്ദ്രിയം, വർണ്ണങ്ങളെ വ്യഞ്ജിപ്പിക്കുന്ന (പ്രകാശിപ്പിക്കുന്ന) എട്ട് സ്ഥാനങ്ങൾ (പാണിനീയശിക്ഷ 13). ഉരസ്സ്, കണ്ഠം, ശിരസ്സ്, ജിഹ്വാമൂലം, ദന്തം, നാസിക താലു എന്നിവയാണ് വർണ്ണങ്ങളെ പ്രകാശിപ്പിട്ടുന്ന എട്ട് സ്ഥാനം. വർണ്ണങ്ങളിൽ നിന്ന് ലോകപ്രതീതിസിദ്ധിക്കായി വാക്ക് അർത്ഥവതിയായി ജനിക്കുന്നു. ശ്രോത്രവ്യാപാരവിഷയം നിരൂപിക്കുന്നു. വാഗിന്ദ്രിയത്താൽ അഭിഘാതനം ചെയ്യപ്പെട്ട ഉദാനവായുവിന്റെ ധ്വനിയാണ് കേൾക്കുന്നത്. വർണ്ണാത്മകരൂപമായ വാക്കിന്റെ അതേ തന്മാത്ര തന്നെയാണ് അഥവാ പരിണതതന്മത്രവിഷയമാണ്, പരിണതിഭേദമാണ് നാം കേൾക്കുന്ന ധ്വന്യാത്മകമായ ശബ്ദം. സ്വീകരിക്കുന്നതും ജനിപ്പിക്കുന്നതുമായ ഇന്ദ്രിയഭേദമേ ഉള്ളൂ. അവ ഒന്നുതന്നെയാണ്. എപ്രകാരം ലോക പ്രതീസിദ്ധമായ വർണ്ണങ്ങളില് വാചകം ഉണ്ടാവുന്നു. പദം, പിന്നീട് വാചകം, നാദങ്ങളുടെ അനുസംഹാരം, ബുദ്ധിയാൽ നിഗ്രഹം എപ്രകാരം പ്രതിസിദ്ധമായ ആദ്യത്തെ വർണ്ണം പ്രത്യേകമായി ഗ്രഹീക്കപ്പെട്ടുവോ, പിന്നീട് സംഹരിക്കപ്പെട്ട് നാദം അടങ്ങിപ്പോയോ അതുപോലെ വീണ്ടും സംഭവിക്കുന്നു. ഗൌരി എന്ന പദം അനേകം പദമായും ഏകപദമായും ബുദ്ധിക്ക് ഗ്രഹിക്കാനാവും. അതുപോലെ പ്രാചി മുതലായ പദങ്ങളും ബുദ്ധിക്ക് വർണ്ണസ്വരൂപമായ പദമായി പ്രത്യേകം ഗോചരമാകുന്നവയാണ്. വിശദമാകുന്നവയാണ്. കിഴക്ക് എന്ന പദത്തിന്റെ അർത്ഥം മാറുന്നില്ല. ആപദം എത്ര പ്രാവശ്യം ഉച്ചരിക്കപ്പെട്ടാലും.

വിജ്ഞാനത്തിന്റെ ചരമത്തിൽ (നാശം) അത് അതിവിശദമായി നാദാനുസംഹാരബുദ്ധി നിഗ്രാഹ്യമാകുന്നതായി പറയുന്നു. വൈജാത്യത്താൽ ഏകപദാനുഭവം അവജ്ഞാതമായി വർണ്ണങ്ങളെന്ന വാചകത്തിൽ അധിഷ്ഠിതമായി വർണ്ണമായിത്തന്നെ ലയിച്ചുകിടക്കയാണപ്പോൾ. വർണ്ണങ്ങൾ അപ്പോൾ പ്രത്യേകവാച്യവിഷയങ്ങളല്ല. ബുദ്ധിയിൽ പിടിക്കാനോ ഗ്രഹിക്കാനോ സ്പർശിക്കാനോ സാധിക്കുന്നവയല്ല. പ്രഥമകല്പാദിയിലെ ഏക ശബ്ദത്തിന്റെ അർത്ഥപ്രതീതിയില് അവ അനുത്പന്നമാണ്. ഉല്പത്തി സംഭവിക്കാത്തവയും ദ്വിതീയമായ ഒന്നിനാൽ ഉച്ചരിക്കപ്പെടാത്തവയും നിഷ്പാദിതമായ ക്രിയാ കർമ്മവിശേഷങ്ങൾക്ക് ആധാനമാകാത്തവയുമാണ്. സാധനത്തിനുള്ള സാധന പോലെ സാധനമായ പ്രപഞ്ചം ഉണ്ടാവും മുമ്പ് അതിനുള്ള സാധനയായി സാധകമായ ബ്രഹ്മത്തിന്റെ ചിദാകാശത്തിൽ സങ്കല്പിക്കാവുന്നതാണ്. അതിന് ദ്വിതീയം പരിശിഷ്ടമാണ്. പരിശിഷ്യപ്പെടേണ്ടതാണ്. വർണ്ണങ്ങൾ യുഗപദ് ആയി ഒരേ സമയം സംഭവിക്കുന്നില്ല. അവപരസ്പരം അനുഗ്രാഹ്യാനുഗ്രഹകത്വായോഗത്താൽ സംഭൂതമാകുന്നു. ഒരു പദരൂപമായ ഏകം അസംസ്പൃശം (തൊടാനാവാത്തത്) ആണെങ്കിലും താദാത്മ്യത്താൽ അനുഭവിക്കാവുന്നതാണ്. ആവിർഭാവം, തിരോഭൂതം എന്ന് ശലാകാകല്പമായി പ്രത്യേകപദമില്ലാത്ത, അപദസ്വരൂപമായി അറിയേണ്ടതാണ്. വർണ്ണങ്ങള് പിന്നീട് ഏകൈകപദാത്മാക്കളായി സർവ്വാഭിധാനശക്തിസമൂഹങ്ങളായി തീരുന്നു. അനേകം ഗോക്കൾ ഒരു ഗോഗണം എന്നപോലെ, സോമം, ശോചി, ഈശ്വരൻ- ഇങ്ങനെ അനേകപദങ്ങൾക്ക് അർത്ഥം കൊടുക്കുന്നത് പദത്തിലെ വർണ്ണങ്ങളാണ്. അതാണ് അവയുടെ അഭിധാനശക്തി, സർവ്വത്ര ഇപ്രകാരം ഊഹനീയം. ഏകൈകവർണ്ണങ്ങൾ ഗകാരാദികള്-സഹകാരികളായി ആവർണ്ണന്തരമായ വർണ്ണത്തോട് ഓകാരാദികള് ചേർന്ന് ഗോ ഇത്യാദിവാക്കുകള് ഉണ്ടാവുന്നു. അവയ്ക്ക് പ്രതിയോഗം. പ്രതിസംബന്ധം എന്നിവയ്ക്ക് ശക്തിയുണ്ട്. അവയുടെ ഭാവം അഥവാ തത്വം അഥവാ വിശ്വരൂപം, നാനാത്വം എന്നിവ ഈ ശക്തികൊണ്ടുള്ളതാണ്. നാനാത്വം പോലെ തോന്നുന്നു. എന്നല്ലാതെ നാനാത്വമില്ല. നാനാത്വം ഇവ ആപന്നോ, ന തു നാനാത്വം ആപന്നഃ ഈ തത്വത്താൽ പൂർവ്വവർണ്ണം (ഗകാരം) ഉത്തരവർണ്ണത്തോട് (ഔകാരം) ഗണാദിപദങ്ങളിലും മറിച്ചും വ്യാവർത്തിക്കാന് സാധിക്കുന്നതാണ്. ഈ വിശേഷത്താൽ ഗോത്വവാചകത്തിൽ ഗോപദസ്ഫോടം അവസ്ഥാപിതമായിരിക്കുന്നത് അനുസംഹാരബുദ്ധി (സമാധിയിലെ നിരദ്ധചിത്തം) ഗ്രഹിക്കണം.

അർത്ഥപ്രത്യയം വർണ്ണങ്ങളുടെ നിയതക്രമതയാൽ ഉണ്ടാവുന്നു. പരസ്പരം അസംഭാവ്യത ഉണ്ടെങ്കിൽ ഇത് സാധിക്കയില്ല. സംസ്കാരദ്വാരേണ ആഗ്നേയം മുതലായവ പരമാപൂർവ്വവും സ്വർഗ്ഗത്തില് സൃഷ്ടിച്ചതും അനിയതക്രമവുമായാൽ പോലും സാഹിത്യമായി അർത്ഥബുദ്ധിയില് ഉപജനിക്കുന്നുത് വർണ്ണങ്ങളുടെ നിത്യസ്വഭാവത്താലാണ് വികല്പസഹത്വത്താൽ വർണ്ണാനുഭവജന്യമാണ് സംസ്കാരം. സ്മൃതി സൃഷ്ടിഹേതു. ഇവയിൽനിന്നന്യമായ ആഗ്നേയാദജന്യമെന്ന പൂർവ്വാഭിധാനം അതിന്നനന്തരമാണ്. കല്പനാഗൌരവം ഉണ്ടാവുന്ന, അദൃഷ്ടപൂർവ്വമായതിനെ കല്പനീയമാക്കുമ്പോള് ക്രമവത്തായ വർണ്ണാനുഭവത്താല് ഏകത്തിന്റെ ഗൌരവം ജ്ഞാപകഹേതുവിന്റെ അംഗം അല്ല. അജ്ഞാതമായ അതിന്റെ അംഗതായ്മ അനുഭവപ്പെടുന്നത്. അർത്ഥപ്രത്യായനാംഗം അജ്ഞാതമെങ്കിൽ അതുമായി സംബന്ധപ്പെട്ട അംഗത ജ്ഞാതമാകുന്നതെങ്ങനെ. സ്മൃതിഫലസൃഷ്ടിയാണ് അനുമിതമായ സംസ്കാരം. സ്വകാരണാനുഭവവിഷയനിയ

മങ്ങൾക്കനുസൃതമാണ്. അല്ലാതെ വിഷയാന്തരത്തിലെ പ്രത്യയം കൊണ്ടല്ല. അല്ലെങ്കിൽ ഇവയെല്ലാം ഓരോന്നോരോന്നായി അനുഭവിച്ചനുഭവിച്ച് സർവ്വവും അറിയാറായിട്ടുണ്ടാവണം. പ്രത്യേകവർണ്ണാനുഭവങ്ങളിൽ നിന്ന് ജനിച്ച സംസ്കാരപിണ്ഡത്തിന് ജന്മസ്മൃതി ലഭിക്കുന്നത് ദർപ്പണത്തില് സമാരോഹണമായ വർണ്ണത്തില് സമധിഗതമായ സമഭാവമായ വാചകം കൊണ്ടാണ്. ക്രമം, ക്രമാക്രമം, വിപരീതക്രമം എന്നെല്ലാം അനുഭൂതമാവുന്ന അവിശേഷണാർത്ഥധീ അഥവാ ബുദ്ധിയുടെ ജനനം അങ്ങനെയാണ്. സ്മരണാജ്ഞാനം പൂർവ്വാനുഭവവർത്തിനിയാണ്. പരാപരതയെ ദർശിക്കുന്നതുമാണ്. അതിനാൽ വർണ്ണങ്ങളില് അസംഭവമെന്ന അർത്ഥപ്രത്യയം ഏകപാദാനുഭവമെന്ന് സ്വനിമിത്തം ഉപകല്പിക്കുന്നതുമാണ്. ഓരരോരുത്തരുടേയും പ്രയത്നഭേദം ഭിന്നമാകയാൽ ധ്വനികള് വ്യഞ്ജിക്കപ്പെടുന്നത് പരസ്പരം വ്യത്യാസപ്പെട്ടു കാണും. എന്നാലും പദവ്യഞ്ജകങ്ങളായ ധ്വനികളും തുല്യങ്ങളായ അഷ്ടസ്ഥാനങ്ങളിൽ നിന്നുതന്നെ ഒരേപോലെ, നിഷ്പന്ദമാകുന്നവയാകയാൽ സദൃശമെന്നു കരുതണം. അഗ്നി പലമാതിരി കണ്ടാലും അഗ്നിത്വത്തിൽ ഒന്നുതന്നെയാണ്, പദങ്ങൾ പരസ്പരം അസദൃശമെന്ന് തോന്നിയാലും ആത്യന്തികമായി അവയെ പ്രതിഭാസിപ്പിക്കുന്ന വർണ്ണങ്ങളില് അവസദൃശമാണ്. എപ്രകാരം നിയതമായ വർണ്ണങ്ങളുടെ പരിമാണ സംഖ്യനുസൃതമായി മുഖം, മണി, കൃപാണ, ദർപ്പണാദികളില് വിഭിന്നവർണ്ണപരിണാമ സംസ്ഥാനം അനേകമായി പ്രതിബിംബിച്ച് കാണപ്പെട്ടാലും അതല്ല സത്യം അഥവാ പരമാർത്ഥത നിർഭാഗമായ പദത്തിലെ വർണ്ണങ്ങൾക്ക് സാദൃശ്യമുണ്ടായാലും ഉപധാനഭേദകല്പിതമായി വിഭാഗം കല്പിതമാവുകയാണ്. ബുദ്ധിയിൽ വർണ്ണാത്മകമായ പദഭേദങ്ങളുടെ സ്ഫോടം അഭേദം, നിർഭാഗം, സഭേദം, സഭാഗം ഇവയെ ആലംബിച്ചാണ് ഗോപദത്തിന്റെ സ്ഫോടഭേദത്തിന്റെ ഏകത്വത്തിൽ നിന്ന് - ഗകാരഭാഗം - ഗൌരാദിപദസ്ഫോടസാദൃശ്യത്താൽ നിർദ്ധാരണം ചെയ്യുന്നതല്ല. അതിന്റെ സ്വഭാവവും വിശിഷ്ടവുമായ ഓകാരത്താൽ നിർദ്ധാരണം ചെയ്യുന്നതാണ്. ഈ ഓകാരം ശോചിരം മുതലായ പദത്തിലും ഉള്ളതാകയാല് അതിന്റേയും ഭാഗമാണ്. അതിനാൽ ഗോപദത്തിലെ ഓകാരവും മറ്റൊന്നിന്റെ ഭാഗമാകയാൽ സ്വഭാഗത്താൽ ഗോപദസ്ഫുടപദത്തിനെ വിശിഷ്ടമായ ഗകാരത്താല് നിർദ്ധാരണം ചെയ്യപ്പെടേണ്ടതാണ്. ഒറ്റയ്ക്ക് നിർദ്ധാരണം ചെയ്യാന് അതിനും സാധിക്കില്ല, അസഹഭാവികൾ പോലും സംസ്കാരദ്വാരേണ സഹഭാവമായി വിശേഷണവിശേഷാഭാവം ഉപപത്തമാവുന്നു. ഭിന്നവിഷയത്വം സംസ്ക്കാരത്തിന്റെ രണ്ടു ഭാഗവിഷയകമായി അനുഭവപ്പെടുന്നതല്ല ജന്മനാ ഉള്ള സംസ്കാരമാകയാൽ ഏകപദവിഷയത്വമാണ്. കേവലാഭാഗത്തിന്റെ അനുഭവത്താൽ പദം അവ്യക്തമെങ്കിൽപോലും അനുഭവിക്കാനാവുന്നു. അന്യസംഹാരബുദ്ധിയാല് ഭാഗാനുഭവയോനിസംസ്കാരലബ്ധമായ ജന്മത്താൽ വ്യക്തമായി കാണുന്നു. എപ്രകാരമെന്നാൽ ദൂരത്തുള്ള വനസ്പതിയേയും ആന അവ്യക്തപ്രത്യയമെങ്കിലും വ്യക്തപ്രത്യയമായ വനസ്പതിപ്രത്യയഹേതുത്വത്താൽ അറിയുന്ന പോലെ. വർണ്ണങ്ങളുടെ അർത്ഥപ്രത്യായനം കൊണ്ടുമാത്രം വിദ്യ ലഭിക്കുകയില്ല. വർണ്ണങ്ങൾക്ക് പ്രത്യേകം അവ്യക്തമായ അർത്ഥപ്രത്യയമുണ്ടെങ്കിലും വ്യക്തമാകാന് അവയ്ക്ക് തന്നത്താന് സാധിക്കയുമില്ല. പ്രത്യക്ഷജ്ഞാനം എന്ന നിയമത്തിന് അവ്യക്തം, വ്യക്തം രണ്ടുവിധമുണ്ട്. വർണ്ണാധേയങ്ങളുടെ അർത്ഥപ്രത്യയം പ്രത്യക്ഷമല്ല. വർണ്ണങ്ങളിൽ നിന്ന് ജനിക്കുന്ന സ്ഫുടം ജനിച്ചാലും ജനിക്കാതിരുന്നാലും അതിനാല് സ്ഫുടമാവുകയില്ല. സ്ഫോടത്തിന്റെ ധ്വനിവ്യംഗ്യമായ പ്രത്യക്ഷത്തിന് സത്തിൽ സ്ഫുടാസ്ഫുടസ്ത്വം കല്പിക്കു

ന്നത് ഇപ്രകാരം അസമാനമാണെന്ന് വരുന്നു. ഇപ്രകാരം പ്രത്യേകവർണ്ണാനുഭവജനിതമായ സംസ്കാരത്തോടുകൂടിയ ശ്രോതാവിന് ലഭിക്കുന്ന ജന്മനാ അനുസംഹാരമായ ബുദ്ധിയിൽ സമാഹതങ്ങളായ വർണ്ണങ്ങള് ഏകപദസ്ഫോടവാദം ആയി അറിയപ്പെടുന്നു. പ്രയത്നവിശേഷവ്യംഗതയാൽ പ്രയത്നവിശേഷം, നിയതക്രമാപേക്ഷത, ക്രമത്താല് അന്യോന്യം അഭിവ്യഞ്ജിപ്പിക്കുന്ന പ്രയത്നവിശേഷാഭാവം, അതിന്റെ അഭിവ്യക്തിഭാവം, ക്രമാനുവിരോധിയായ അർത്ഥസങ്കേതം ഇവയെല്ലാം അവഛിന്നമാകുന്നു. സങ്കേതാവഛേദമാണ് ലൌകികമായ സഭാഗവിഷയമായി ദർശിക്കുന്നത്. ഇത് 2.3, 4.5 എന്ന് സർവ്വാഭിധാനശക്തി പരിവൃതമായി, ഗകാരോകാരങ്ങളെയെല്ലാം വിസർജ്ജിച്ച്, സ്നാനാദിയന്താർത്ഥം അവദ്യോതിപ്പിക്കുന്നു.

സുവർണ്ണ:- ഗ, ഓ മുതലായവയെ വിട്ട് അതിമന്ദ്രമായ സാ മുതൽ അതിതാരമായ സാ വരെ സംഗീതത്തേയും ഇവിടെ സൂചിപ്പിക്കുന്നു. വർണ്ണങ്ങളുടെ സർവ്വാഭിധാനശക്തി അതിലാണല്ലോ ഏറ്റവും വിളങ്ങി ഡെമോൺസ്ട്രേറ്റ് ചെയ്യപ്പെടുന്നത്.

വാചസ്പതി:- ഇപ്രകാരം സങ്കേതാനുസാരേണ വർണ്ണങ്ങളുടെ വാചകത്വം. പദം ഒരു നാമമല്ല. പക്ഷേ ഏകമാണ് എന്ന് അതിനാൽ പറയപ്പെട്ടിരിക്കുന്നു. ധ്വനിനിമിത്തമായ ക്രമം ധ്വനിക്രമം ഉപസംഹരിക്കപ്പെട്ട ധ്വനിക്രമത്തെ ബുദ്ധിനിർഭാസം എന്ന് പറയുന്നു. ബുദ്ധിയാൽ ഇത് നിർഭാസിക്കപ്പെടുന്നു. പ്രകാശിക്കുന്നു. അതിനാൽ ധ്വനിക്രമത്തെ ബുദ്ധിനിർഭാസമെന്ന് വിളിക്കുന്നു. സങ്കേതാവഛിന്നവും സ്ഥൂലവസ്തുക്കൾ മാത്രം ദർശിക്കുന്ന ലോകത്തിന്റെ ആശയാനുരോധത്താൽ ഗകാരൌകാരവിസർജ്ജനീയവുമെന്ന് പറയപ്പെടുന്നു. ഗകാരാദികളും അതിന്റെ ഭാഗം തന്നെയാകയാൽ വാചകത്വത്തോട് താദാത്മ്യം പ്രാപിച്ചിരിക്കയാണ്. പ്രതീതിയെ അനുസരിച്ചാണ് ഏകമേവ പദം വാചകം എന്നർത്ഥമാവുന്നത്. ഏകപദം ലോകബുദ്ധിയാൽ കാണപ്പെടുന്നതാണ് സംബന്ധം ഏകമായത് ഏകബുദ്ധിവിഷയമായതിനാലാണ്. ഗൌരി എന്ന ഏകപദം ഏകാകാരതയാൽ ബുദ്ധിവിഷയമാകുന്നു. അതിന്റെ വ്യഞ്ജകം ഏകപ്രയത്നത്തിൽ ക്ഷിപ്തമാണ്. പദവ്യഞ്ജകത്താൽ രസം എന്നും പദവ്യഞ്ജകത്താൽ സര എന്നും പ്രയത്നത്തിന് രണ്ടു ലക്ഷണം.

സുവർണ്ണ:- സ, ര എന്ന രണ്ട് അക്ഷരം പരസ്പരം തിരിച്ചിട്ടതാണ് സരയും രസവും ര എന്നതിന് 2, സ എന്നതിന് 7 എന്ന് അക്ഷരസംഖ്യ, സര 72 ആണ്. രസം 27. ഇവ രണ്ടും ജ്യോതിശ്ശാസ്ത്രപരവും ആണ്. സാരസ്വതവും സാരസ്വതത്തിന്റെ രസാനുഭൂതിയുമാണ്.

വാചസ്പതി:- ഉപക്രമത്തില് സര എന്ന പദവ്യക്തിലക്ഷണലാവഛിന്നമായ, പൂർവ്വപരിഭൂതമായ ഏകം, അതിന്റെ ഭാഗങ്ങളുടെ സാദൃശ്യോപധാനഭേദകല്പിതങ്ങളാൽ പരമാർത്ഥസത്തയുടെ അഭാവം, അഭാഗം ഇതാണ് പൂർവ്വാപരിഭൂതഭാഗങ്ങളുടെ അക്രമം അഥവാ ക്രമം തെറ്റിയ ഉപയോഗം, പൂർവ്വം, അപരം എന്നി രണ്ടു ഭാഗങ്ങളുടെ ക്രമം തെറ്റിയ വർണ്ണത്തെ അവർണ്ണം, അഭാവം, അഭാഗം എന്ന് വിളിക്കുന്നു. എങ്കിലും വാസ്തവത്തിൽ വർണ്ണത്തിന് ഭാഗമോ ഭാവമോ അവകളില് ഭേദമോ ഒന്നുമില്ല എന്നും വെറും ക്രമമാറ്റം മാത്രമേ ഉള്ളൂ എന്നും അവ സർവ്വാത്മനാ സദൃശമെന്നും അറിയണം മണിക്യപാണദർപ്പണാദികളിൽ കാണുന്ന മുഖം പരമാർത്ഥമുഖമല്ല പ്രതിബിംബമാണ്. ബുദ്ധി

യാൽ അനുസംഹാരം ചെയ്യപ്പെട്ട ബുദ്ധിയില് അറിയപ്പെടുന്ന അന്ത്യവർണ്ണപ്രത്യയത്തിന് വ്യാപാരസംസ്കാരങ്ങള് അതിനുമുമ്പുള്ള പൂർവ്വവർണ്ണാനുജനിതസംസ്കാരസഹിതം തന്നെയാണ്.

സുവർണ്ണ:- അന്ത്യവർണ്ണം അഥവാ അന്ത്യജം എന്നത് ഇപ്രകാരം അറിയണം ചാതുർവർണ്ണ്യശേഷക്കാരായ പഞ്ചവർണ്ണരാണ് ഇപ്രകാരം ക്രമം തെറ്റിയ രീതിയിലുള്ള വിന്യാസം (ജനിതകവിന്യാസം) ഉള്ളവരെന്ന് പറയുന്നത് വിവാഹത്തിലെ സങ്കരം കൊണ്ട് ഉണ്ടായ ജനിതകമാറ്റത്തെ മാത്രമാണ് കുറിക്കുന്നത്. അല്ലാതെ മതവുമായി ഇതിന് യാതൊരു ബന്ധവുമില്ല. അത് ഒരു സമാന്യനിയമത്തിന്റെ ഫലമായി പഴയ കാലത്തുള്ളവരുടെ ചിന്ത ശാസ്ത്രത്തെ വിശദീകരിച്ചതിന്റെ തെളിവു മാത്രമാണ്.

വാചസ്പതി:- അതിലാണ് വിഷയീകൃതമായ എല്ലാം ഉപസ്ഥിതമായിരിക്കുന്നത്. വർണ്ണാനുഭവം അതിന്റെ സംസ്കാരങ്ങളിൽ നിന്നും പദവിഷയത്വത്തിൽ നിന്നും ഉപപാദിതമായ മധു പോലെയാണ്. അഭാഗം, അക്രമം അവർണ്ണം എന്നുള്ള പദതത്വം എപ്രകാരമാണ് അറിയപ്പെടുക ലാക്ഷാരസാവസേകങ്ങളായ ഉപധാനങ്ങളാൽ മൂടി സ്ഫടികമണിയിൽ സ്വഛധവളത്തെ അനുഭവിക്കാനാവില്ല. പരമാർത്ഥികതയെ ഇപ്രകാരം സ്വഛധവളമായി സത്വവർണ്ണമായി പറയുന്നത് അതില് സർവ്വവർണ്ണവും കാണാം പ്രതിഫലിപ്പിക്കാം എന്നതുകൊണ്ടാണ് . വർണ്ണമെന്ന് വിളിക്കപ്പെടുന്നതും ഉച്ചരിക്കപ്പെടുന്നതും കേൾക്കപ്പെടുന്നതും ശ്രോതാവിന്റെ അനാദിവാഗ്വഹാരങ്ങളുടെ വിഭക്തവർണ്ണപദനിബന്ധന, അതിൽ നിന്ന് ജനിച്ച വാസന, അതിന്റെ അനുവിദ്യ, അതിനാൽ വാസിതമായ ലോകബുദ്ധി, വിഭക്തവർണ്ണരചിതപദാവഗാഹിത്വത്താല് സിദ്ധമാകുന്ന പരമാർത്ഥത്തിന്റെ സമ്പ്രതിപത്തി, അതുപയോഗിച്ചുള്ള സംവാദങ്ങളാൽ വൃദ്ധമായ (പ്രവൃദ്ധമായ എന്നും പ്രായം ചെന്ന അനുഭവഭൂമി എന്നും) പദം തന്നെയാണ്. ഉപാധി, ഉപധേയം ഇവയുടെ സംയോഗം, വിയോഗം എന്നിവ അതിൽ ലാക്ഷാദികളിലെന്നപോലെ സംഭവിക്കുന്നു. വിയോഗത്തിൽ സ്ഫടികം സ്വാഭാവികമായ സ്വഛധവളരൂപത്തില് പ്രകാശിക്കുന്നു. പദപ്രത്യയങ്ങൾക്ക് പ്രയത്നഭേദത്താല് ധ്വനിഭേദം, അനുത്പാദനം, സാദൃശ്യദോഷദൂഷിതങ്ങളാൽ വർണ്ണാത്മാവില് പ്രത്യയജനകത്വം എന്നിവ നിരുപാധികമായി സംഭവിക്കുന്നു.

സുവർണ്ണ:- ഇങ്ങനെയാണ് എല്ലാ വിധ ഉച്ചാരണഭേദങ്ങളോടും കൂടിയ എല്ലാവിധ ഭാഷകളുടേയും ഉല്പത്തി. ഇന്നത്തെ ലിംഗ്വിസ്റ്റിക്ക് ശാസ്ത്രജ്ഞരും ഭൌതികശാസ്ത്രത്തില് പ്രിസത്തിലൂടെ കടത്തിവിടുന്ന രശ്മിയെക്കുറിച്ചും വർണ്ണഭേദങ്ങളെക്കുറിച്ചും പഠിപ്പിക്കുന്നവരും ഇത് ശ്രദ്ധിക്കേണ്ടതാണ്.

*വാചസ്പതി:-*അതിനാല് പറയുന്നു:-

ധ്വനയഃസദൃശാത്മനോ വിപ്യാസസ്യ ഹേതവേഃ
ഉപലംഭകമേതാഷാം വിപര്യാസസ്യ കാരണം
ഉപായത്വാച്ച നിയതഃ പദദർശിതദർശിനാം
ജ്ഞാനസ്യൈവ ച ബാധേയം ലോകേ ദ്രുവമുപപ്ലവഃ

പദാത്മാവിന്റെ വിഭക്തവർണ്ണരൂഷിതമായ പ്രകാശനം മാത്രം കാണുന്ന സ്ഥൂലദർശികളായ ലോകർ വർണ്ണവും പദവും ഒന്നാണെന്ന് വിചാരിച്ച് ഭാഷയുടെ പ്രകാരഭേദങ്ങളാലുണ്ടായ അർത്ഥഭേദത്തില് സങ്കേതം വിചാരിക്കുന്നു. പദത്തെ അറിഞ്ഞവർ ഏകത്തില്

സങ്കേതബുദ്ധി ഉള്ളവരാണ്. അവർ സ്ഥൂലദർശികളായ ലോകരുടെ ഹിതത്തിനായി ട്ടാണ് വർണ്ണവിഭാഗം ചെയ്തിട്ടുള്ളത്. വിഭാഗത്തെ പറയുന്നു. ന്യൂനം, അധികം, ജാപ്തീ യകം, നൈരന്തര്യ ക്രമവിശേഷം അനുസംഹാരം ഏകബുദ്ധ്യുപഗ്രഹം ഇപ്രകാരമുള്ള അർത്ഥങ്ങളില് ഗോത്വാദികളില് അർച്ചിക എന്ന്.

ഈ അർത്ഥങ്ങളുടെ വാചകമായ ശബ്ദത്തിലാണ് സങ്കേതം ഹന്ത മുതലായ പദ ങ്ങളിൽ ശബ്ദാർത്ഥങ്ങളായ ഇതരേതരാധ്യാസമായ തർഹി കാണാം. സ്മരിക്കപ്പെട്ട സ്വരൂപമായ സങ്കേതമാണ് സങ്കേതത്വത്താൽ ചൂണ്ടിക്കാണിക്കപ്പെട്ടത്. ന, ഹി, കത മുതലായ വാക്കുകൾ സങ്കേതാർത്ഥം അവധാരണം ചെയ്യാന് സ്മര്യമാണങ്ങളാണ്. സങ്കേ തത്തിൽ അഭിന്നാകാരമെന്ന് ഭേദം പരികല്പിക്കുന്നത് ഷഷ്ഠിപ്രത്യയം. പ്രതിഭാഗജ്ഞൻ അതിനെ സ്മരിച്ച് സർവ്വവിത്തായി സർവ്വഭൂതരുതജ്ഞനാവുന്നത് ഇതിനാലാണ് കല്പി താവർണ്ണത്തിന്റെ അഭാഗം, ഏകം, അനവയവം ആയ പദമാണ് വ്യുത്പാദ്യത്താൽ അക ല്പിതമായ പദവിഭാഗമായ വാക്യം മാത്രം ഏകവും അനവയവവുമായതിനെ ഉല്പാദി പ്പിക്കാൻ ശക്തമാവുന്നു. സർവ്വപദങ്ങളിലും ആ വാക്യശക്തി ഇരിക്കുന്നുണ്ട്.

അഭിസന്ധി:- പരപ്രത്യയത്തിനാണ് ശബ്ദം പ്രയോഗിക്കുന്നത്. പരം പ്രതി (മറ്റൊ രാളോട്) പ്രതിപാദിക്കാനാണ് അതിന്റെ ഉപയോഗം അതിനാൽ അത് ഉപാദാനാദിക ളാല് ഗോചരമാണ്. അതിന്റെ ഗോചരമാണ് പദാർത്ഥമാത്രമല്ല. എന്തുകൊണ്ടെന്നാൽ, വാക്യാർത്ഥപരമായി സർവ്വേ ശബ്ദാ എന്നാണ്. എല്ലാ ശബ്ദവും അതിന്റെ ദൃഷ്ടിയി ലുണ്ട്. അതിനാൽ അത് സർവ്വശബ്ദവുമാണ് കേവലമായ ആ പദത്തിന്റെ പ്രയോഗം പദാന്തരേണ സഹൈകീകൃതമായി ആ അർത്ഥത്തേയും ഗമിക്കുന്നു. അതേസമയം അത് കേവലവുമാണ്. മറ്റെല്ലാ ശബ്ദവും അർത്ഥവും കേവലശബ്ദത്തിന്റെ ഭാഗമായ തുകൊണ്ട് അവയെ ഗ്രഹിക്കുന്നു. കേവലശബ്ദം സർവ്വശബ്ദവുമാണ്. സർവ്വശബ്ദ ത്തിനും അതീതവുമാണ് വർണ്ണങ്ങളുടെ പദഭാഗതയാലാണ് അവയുടെ ഈ വാക്യാർത്ഥ വാചകശക്തി എപ്രകാരം ഓരോരോ വർണ്ണവും സർവ്വപദാർത്ഥാഭിധാനശക്തിസമൂഹ മായി, അതുപോലെ ഓരോരോ പദവും സർവ്വവാക്യാർത്ഥാനുശക്തിപ്രചിതമാവുന്നു. വൃക്ഷം എന്ന പദത്തിന് വ എന്ന വാക്യശക്തി, ഋ എന്ന ഹൃദ്പദത്തിലെ പൂർവ്വാക്ഷരശ ക്തി, അസ്തി എന്ന പദത്തിലെ ഉണ്മ എല്ലാമുണ്ട്. ആദ്യാ ഹൃദാസ്തിപദസഹിതം വൃക്ഷ: ഇതി പദം വാക്യാർത്ഥേ വർത്തത ഇതി തദ് ഭാഗത്വാദ് വൃക്ഷപദം തത്ര വർത്തത ഇത്യർത്ഥഃ ഈ പദത്തിന്റെ വാക്യാർത്ഥത്തിന്റെ ഒരു ഭാഗമായിട്ടാണ് വൃക്ഷപദം ഭാഷ യില് വർത്തിക്കുന്നത്. ആ വാക്കു കേട്ടാൽ നമ്മുടെ ചിത്തത്തില് വൃക്ഷരൂപം (സാമാ ന്യവും വിശേഷവുമായി) സ്മരിക്കുന്നുണ്ട്. സ്ഥിതി ഗമ്യതേ എന്ന് പറയുന്നു. അസ്തി എന്നതിന് ഗമ്യത എന്നാണർത്ഥമെന്ന് എങ്ങനെ പറയും സത്തായ വസ്തു അഥവാ പദാർത്ഥം വ്യഭിചരിക്കുന്നില്ല ലോകം ഇപ്രകാരം പദങ്ങളുടെ അർത്ഥാവധാരണത്തിന് ഉപായം കാണുന്നു. കേവലം പദാർത്ഥം അസ്തി എന്നു പറയുമ്പോള് വൃക്ഷം പോലെ എന്ന് അവിടെ വ്യഭിചാരശീലമില്ലാത്തത്. സഞ്ചരിക്കാത്തത് എന്നർത്ഥമുണ്ട്. സംസാര വൃക്ഷമാവുമ്പോൾ ഗമനശീലമുള്ളത് എന്നാണർത്ഥം. അതിനാൽ അസ്തി എന്നതിന് ഗമ്യത എന്ന് അർത്ഥം പറഞ്ഞു. സത്തയായ പദാർത്ഥം അവ്യഭിചാരമാണ്. ശബ്ദവ്യ ത്തിവിത്തുക്കൾക്ക് വ്യവഹാരം പരപ്രയോഗത്തിനാകയാല് അതില് വ്യഭിചാരിഭാവമുണ്ട്. ക്രിയാകാരകങ്ങൾക്ക് പരസ്പരം അന്വയയോഗ്യത, അന്യവ്യാവൃത്തി, പരസ്തതേഭേദ

ങ്ങളെന്നിവയ്ക്ക് ആഗമം അനുവാദം നൽകിയിട്ടുള്ളതുകൊണ്ടാണിത്. ശ്രോത്രീയൻ മുതലായ പദങ്ങളിൽപ്പോലും സ്വതന്ത്രമായി വിദ്യാർത്ഥമുള്ള പ്രത്യയം. അസ്തി മുതലായ അഭിസമാസങ്ങൾ എന്നിവയുണ്ട്യ അവയ്ക്ക് വാക്യാവയവത്വത്താൽ കല്പിതത്വമെന്ന ഭാവമുണ്ട്. പദത്തിൽ നിന്നാണ് വാക്യശക്തി. അതെങ്ങനെ തർഹിവാക്യത്തിൽ നിന്നുണ്ടാവുക അതിന്റെ അർത്ഥാവസായത്താല് ദ്വിത്വത പറയപ്പെടുന്നതിനാല്. കേവലപദത്തിൽനിന്ന് പദാർത്ഥങ്ങള് ഉണ്ടായി എന്ന് അതിന്റെ വാക്യം. ക്ലേശം കൂടാതെ അന്വയം, ആഖ്യായം എന്നിവ ചെയ്യുന്നതിനാണ് വാക്യത്തിൽ കാരകം, ക്രിയ, തത്പദം, പ്രകൃതി മുതലായ കല്പനകളാൽ വ്യാകരണീയത.

ഘടോ ഭവതി, ഭവതി ഭിക്ഷാം ദേഹി, ഭവതി തിഷ്ഠതി മുതലായ നാമാഖ്യാതങ്ങളുള്ള സാമ്യം അശ്വം, അശ്വോ ഇവയിലൊന്ന് അജാപയം, പിബ, അജാപയ, ശത്രുൻ ഇപ്രകാരം. നാമാഖ്യാതസാരൂപ്യത്തിൽ നിന്ന് ജനിക്കാത്തതും നാമത്വം, ആഖ്യാതത്വം, അന്വാഖ്യാനഭാവം ഇവയാൽ നിഷ്കർഷിച്ചാലും അജ്ഞാതമായിരിക്കുന്നത്. ഇപ്രകാരം ക്രിയാന്തം കാരകമായവ എങ്ങനെ വ്യാകരിക്കും. അതിനാൽ വാക്യത്തിലെ പദങ്ങളെ ഓരോന്നായി അപോദ്ധരിച്ച് വ്യാഖ്യാനിക്കണമെന്നാണ് നിയമം. അന്വാഖ്യാനം കൊണ്ടല്ലാതെ പദങ്ങളുടെ പരമാർത്ഥിക വിഭാഗം സാധിക്കുകയില്ല. ഇപ്രകാരം ശബ്ദരൂപം, വ്യുത്പാദ്യമായ ശബ്ദാർത്ഥപ്രത്യയങ്ങൾ, സങ്കേതം, ആപാദിതം സങ്കരം, അസങ്കരം, ആഖ്യാതം ഇവയെല്ലാം ഉപക്രമമായി പറഞ്ഞു. ഈ ശബ്ദാർത്ഥപ്രത്യയവിഭാഗം പറഞ്ഞു. ശ്വേതതേ പ്രസാദഃ എന്നത് ക്രിയാർത്ഥശബ്ദമാണ്. സ്ഫുടതരം, പൂർവ്വാപരിഭൂതമായത്, ക്രിയയാൽ സാധ്യരൂപമായത്, സിദ്ധരൂപം, ക്രിയാർത്ഥം ശ്വേതത എന്നത് ഭിന്ന ശബ്ദം. എന്നാലും ശബ്ദാർത്ഥങ്ങളുടെ സിദ്ധരൂപത്വം അർത്ഥത്താലുണ്ട്, ശബ്ദത്താൽ ഭേദമുണ്ട് എന്ന് കാണാം. ശ്വേതഃപ്രസാദഃ എന്നു പറഞ്ഞാല് കാരകാർത്ഥശബ്ദമാണ്. അഭിഹിതത്വത്താലും കാരകവിഭക്തിയുടെ അഭാവത്താലും അർത്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അർത്ഥം ക്രിയാ കാരകാത്മാവാണ്. ആ ശബ്ദങ്ങളുടെ അർത്ഥവും ക്രിയാത്മാവും കാരകാത്മാവുമാണ് പ്രത്യയം വിഭജിക്കുന്നു. ശബ്ദത്താൽ അതിന്റെ അർത്ഥം അനുകരിക്കപ്പെടുന്നു.(അനുകൃഷ്യതേ) അഥവാ തുടർന്നുവരുന്നു. അതിൽ അന്യപദർത്ഥപ്രധാനം സംബദ്ധമായിരിക്കുന്നു. അതാണ് ക്രിയാകാരകാത്മാർത്ഥമെന്ന് പറയപ്പെടുന്നത് അഭേദത്തിന്റെ പ്രതീതി ശബ്ദാർത്ഥപ്രത്യയങ്ങളുടെ സങ്കരത്താൽ ചെയ്യപ്പെട്ടതാണ്. അതാണ് പ്രവിഭാഗം എന്ന ആശയമുള്ള ഒരാൾ ചോദിക്കുന്നു:- എപ്രകാരം. ഉത്തരം ഇങ്ങനെ:- സോ അയം എന്ന അഭിസംബന്ധാദികളിൽ എന്നപോലെ സങ്കേതോപാധികള് ഏകാകാരപ്രത്യയമാണ്, താത്വികമല്ല എന്ന് അർത്ഥം.

സുവർണ്ണ:- പ്രവിഭാഗമെന്നാല് ക്ലാസിഫിക്കേഷനാണ്. താത്വികമെന്നാൽ സൈദ്ധാന്തികം, തിയററ്റിക്കൽ മാത്രമല്ല

വാചസ്പതി:- സങ്കേതത്തിന്റെ നിമിത്തത ആദർശിതമാകുന്നത് സങ്കേതം എന്ന് സപ്തമി(ഏഴാമത്തെ). സങ്കേതം എന്നാൽ സങ്കേതത്തിന്റെ കാരണം ദർശിക്കലാണ്. പരമാർത്ഥത്തില് ശ്വേതം എന്നതിന്റെ അർത്ഥം പുരാമവും നവവുമായ അവസ്ഥകളുടെ സഹഗതത്വത്താൽ സങ്കീർണ്ണമാണ്. പ്രവിഭാഗങ്ങളുടെ സംയമത്താല് യോഗികള് സർവ്വഭൂതങ്ങളുടേയും പശുമൃഗസരീസൃപപക്ഷിപ്രഭൃതികളുടേയും എല്ലാം ഏകവും അവ്യ

ക്തവുമായ പരമപദത്തെ അതിന്റെ അർത്ഥപ്രത്യയമെന്ന് ദർശിക്കുന്നു. ഇവിടെ മനുഷ്യരുടെ വചനവാച്യപ്രത്യയങ്ങളാൽ ചെയ്യപ്പെട്ട എല്ലാറ്റിനേയും സംയമം ചെയ്ത് സമാനജാതീയത ദർശിച്ച് അതിന്റെ രുതം, അതിന്റെ അർത്ഥഭേദം പ്രത്യയം ഇവയെല്ലാം അറിഞ്ഞുകൊണ്ട്, അതിനെ യോഗി ത്യജിക്കുന്നതിനെയാണ് അർത്ഥമാക്കുന്നതെന്ന് സിദ്ധം.

18. പതഞ്ജലി:- സംസ്കാരസാക്ഷാത്കാരണാത് പൂർവ്വജാതിജ്ഞാനം

വ്യാസ:- സംസ്കാരസാക്ഷാത്കരണത്താല് പൂർവ്വജാതിജ്ഞാനം. രണ്ടുവിധം സംസ്കാരം, ഒന്ന് സ്മൃതി ക്ലേശഹേതുവായ വാസനാരൂപം. മറ്റൊന്ന് വിപാകഹേതുവായ ധർമ്മാധർമ്മരൂപം. പുർവ്വ ഭവത്തില് അഭിസംസ്കൃതമായി പരിണാമചേഷ്ടാനിരോധശക്തി ജീവനധർമ്മത്താല് അപരിഹൃഷ്ടമായ ചിത്തധർമ്മങ്ങളുണ്ട്. അവയെ സംയമം ചെയ്യാൻ സംസ്കാര സാക്ഷാത്കാരം എന്ന ക്രിയയ്ക്ക് മാത്രമേ സാധിയ്ക്കു. ദേശകാലനിമിത്താനുഭവങ്ങൾ കൂടാതെ അവയുടെ സാക്ഷാത്കരണം സാധിക്കുകയുമില്ലയ ദേശകാലനിമിത്താനുഭവജ്ഞാനത്തിലൂടെ സംസ്കാരസാക്ഷാത്കാരം നേടിയിട്ടാണ് യോഗികൾ പൂർവ്വജാതി അഥവാ പൂർവ്വജന്മജ്ഞാനം ഉള്ളവരായിത്തീരുന്നത്. പരത്രാണനത്തിനായിട്ടാണ് ഈ സംസ്കാരസാക്ഷാത്കാരം. അതിനാൽ യോഗിയ്ക്ക് പരജാതിസംവേദനം (മറ്റു ജന്മങ്ങളുമായി സംവേദനം) സാധ്യമായിത്തീരുന്നു.

സുവർണ്ണ:- ദേശകാലനിമിത്തജ്ഞാനം എന്നത് ജ്യോതിശ്ശാസ്ത്രജ്ഞാനമാണ്. (ആസ്ട്രോഫിസിക്സ്) ത്രികാലജ്ഞാനം തരുന്നതിനാൽ പൂർവ്വജാതി ജ്ഞാനവും ഈ ശാസ്ത്രം കൊണ്ട് ഉണ്ടാവുന്നു. അപ്പോൾ മനുഷ്യരുടെ മാത്രമല്ല, പൂർവ്വജാതികളായ സർവ്വചരാചരങ്ങളുടേയും പൂർവ്വജാതിജ്ഞാനം ലഭിക്കുകയും അവയോടെല്ലാം സംവദിക്കാൻ കഴിയുകയും ചെയ്യുന്നു. യോഗിയുടെ ഈ കഴിവ് ജ്യോതിശ്ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. വരരുചിയുടെ സംവേദനക്ഷമതയെക്കുറിച്ച് ഒരു കഥയുള്ളത് ഇവിടെ സ്മരിക്കുന്നു.

വാചസ്പതി:- സംസ്കാരം ജ്ഞാനത്തിൽ നിന്ന് ജനിക്കുന്നു. അതിനാൽ അത് സ്മൃതി(ഓർമ്മ) ഹേതുവാണ്. അവിദ്യാദിസംസ്കാരം അവിദ്യാദികളായ ക്ലേശങ്ങൾക്ക് ഹേതുവാണ്. വിപാകം ജാത്യായുർഭോഗരൂപമാണ്. അതിന്റെ ഹേതു ധർമ്മാധർമ്മരൂപമാണ്. കഴിഞ്ഞ ജന്മത്തിൽ ചെയ്ത കർമ്മധർമ്മാദികളുടെ ഫലമാണ് വിപാകം. ചിത്തധർമ്മത്തില് അതിന്റെ പരിണാമചേഷ്ടയെ നിരോധിക്കാനുള്ള ശ്കതി ഉണ്ടാവുന്നതും ഇല്ലാതിരിക്കുന്നതും പുർവ്വജന്മകൃതമായ ധർമ്മാധർമ്മഫലത്താലാണ്. ശ്രുതി, അനുമാനം ഇവകളാൽ ഈ ജന്മത്തില് രണ്ടു വിധസംസ്ക്കാരത്തേയും സാക്ഷാത്കരിക്കാനുള്ള ശക്തി അഥവാ സാമർത്ഥ്യം മനുഷ്യചിത്തത്തിനുണ്ട്. അവിദ്യാസംസ്കാരങ്ങളെ സംയമം ചെയ്താൽ വിദ്യാസംസ്കാരം സാക്ഷാത്കൃതമാവും. പുർവ്വജജാതിസംസ്കാരസാക്ഷാത്കാരം ഉണ്ടാവും. (ഓർമ്മ അഥവാ സ്മൃതി കൊണ്ട്) നിമിത്തങ്ങൾ പുർവ്വശരീരം, ഇന്ദ്രിയങ്ങളെന്നിവയെ സൂചിപ്പിക്കുന്നു. അനബന്ധസംസ്കാരസാക്ഷാത്കാരം കൊണ്ടല്ലാതെ ആന്തരീയമായി ജാത്യാദിസാക്ഷാത്കാരം ലഭിക്കയില്ല എന്നർത്ഥം. സ്വസംസ്കാരസംയമത്താൽ പരകീയസംസ്കാരങ്ങളൂടെ എല്ലാം ജ്ഞാനം (പരചിത്തജ്ഞാനം) ലഭിക്കുമ്പോൾ മാത്രമാണ് ഒരാൾ പരത്രാണനം അഥവാ മറ്റുള്ള ജീവികളുടെ സംരക്ഷണം (അഹിംസാധർമ്മം) ചെയ്യാൻ പ്രാപ്തനാവുന്നത്

സുവർണ്ണ:- ഇത്രയും പറഞ്ഞതിൽ നിന്ന് ആദ്യം ശരീരജ്ഞാനം, പിന്നെ മനോവിജ്ഞാനീയം. അതിന്നു ശേഷം ജ്യോതിശ്ശാസ്ത്രജ്ഞാനം, പൂർവ്വജന്മജ്ഞാനം, പരചിത്തജ്ഞാനം, സർവ്വസംരക്ഷണപ്രാപ്തി എന്ന അഹിംസാധർമ്മസ്വീകരണം ഇവ ഓരോന്നോരോന്നായി ക്രമത്തില് ഒരാൾക്ക് ലഭിക്കുന്നു.

വ്യാസ:- ഇപ്രകാരം ആഖ്യാനം കേട്ടിരിക്കുന്നു. ഭഗവാൻ ഉണരുമ്പോള് സംസ്കാര സാക്ഷാത്കരണമായി മഹാസർഗ്ഗത്തിൽ ജന്മപരിണാമക്രമം വീണ്ടും ദർശിച്ചു. മുമ്പെന്നപോലെ വിവേകജമായ ജ്ഞാനം പുനർജ്ജനിച്ചു. ഭഗവാന്റെ സ്മൃതിയിൽ മഹാസർഗ്ഗദശയില് ഭാവിയില് വരാനിരിക്കുന്നതും മുമ്പുണ്ടായിരുന്നതുമായ സർവ്വവും ബുദ്ധിസത്വത്താല് ദർശിക്കപ്പെട്ടു. അതിൽ നരകാദിതിര്യഗ്ഗർഭസംഭവമായ ദുഃഖവും ദേവമാനവാദികളുടെ വീണ്ടും വീണ്ടുമുള്ള പുനരുല്പാദനഹേതുവായ സുഖദുഃഖവും എല്ലാം ഉപലബ്ധമാണ്. സർവ്വവിധസുഖദുഃഖവും ഭഗവാന് ദർശിച്ചു. അവയുടെ ഹേതു അടക്കം. ഉറങ്ങുന്ന ഭഗവാൻ പറഞ്ഞു:- ആയുഷ്മാന്മാരായ സർവ്വർക്കും പ്രധാനവശിത്വവും അനുത്തമവുമായ സന്തോഷം, സുഖം, എപ്രകാരമാണ് ഈ ദുഃഖപക്ഷത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. ഉണരുന്ന ഭഗവാന് പറഞ്ഞു:- വിഷയസുഖാപോക്ഷയാൽ സന്തോഷം, സുഖം എന്ന് വിചാരിക്കുന്നതെല്ലാം തന്നെ, കൈവല്യസുഖാപേക്ഷയാൽ ദുഃഖമാണ്. ബുദ്ധിസത്വത്തിന്റെ ധർമ്മം ത്രിഗുണാത്മകമാണ്. ത്രിഗുണങ്ങളുടെ പ്രത്യയങ്ങൾ ഹേയ പക്ഷത്തിൽ അസ്തമിക്കുന്നില്ല. തൃഷ്ണതന്തു ദുഃഖസ്വരൂപമാണ്. തൃഷ്ണ, ദുഃഖം, സന്താപം ഇവയൊക്കെ പര്യായപദങ്ങളാണ്. ഇവകളാൽ ബാധിക്കപ്പെടാത്ത (അബാധം) പ്രസന്നവും സർവ്വാനുകൂലവുമായ സുഖമാണ് കൈവല്യസുഖം.

വാചസ്പതി:- ഉറങ്ങുന്നവനും ഉണർന്നവനുമായ പുരുഷന്റെ സംവാദരൂപത്തില് ഉപന്യസിക്കുന്നു. മഹാസർഗ്ഗം മഹാകല്പങ്ങളായിട്ട് സംഭവിക്കുന്നു. രൂപമെടുത്ത് (തനുധരനായി) നിർമ്മാണകായമായ പ്രപഞ്ചരൂപമെടുത്ത പുരുഷൻ ശോഭനവും വിഗലിതരജസത്മോമലവുമായ ഭാവി അഥവാ ഭവ്യമായിത്തീരുന്നു. പ്രധാനത്തിന്റെ വശിത്വമായ ഐശ്വര്യം പ്രാപിച്ച് ഈശ്വരസ്വരൂപമാവുന്നു. പ്രധാനം വിക്ഷോഭിക്കുമ്പോൾ ഈദൃശ്യവും കാര്യേന്ദ്രിയസഹസ്രങ്ങളാൽ നിർമ്മിക്കപ്പെട്ട അന്തരീക്ഷത്തില്, ദിവത്തിൽ, ഭൂവത്തിൽ, ഭൂമിയിൽ എല്ലാം യഥേഷ്ടം അനേകം രൂപങ്ങളില് വിഹരിക്കുന്നു. സുഖദുഃഖങ്ങൾ അനുഭവിക്കുന്നു. അതാതു ധർമ്മാനുസരണം. തൃഷ്ണാക്ഷയം വരുമ്പോൾ ബുദ്ധിസത്വത്തിന്റെ ധർമ്മം പ്രശാന്തതയാണ്. അപ്പോഴാണ് യഥാർത്ഥസുഖം അഥവാ കൈവല്യം.

19. പതഞ്ജലി:- പ്രത്യയസ്യ പരചിത്തജ്ഞാനം.

വ്യാസ:- പ്രത്യയങ്ങളെ സംയമം ചെയ്യുമ്പോൾ പ്രത്യയത്തിന് സാക്ഷാത്കാരവും സാക്ഷാത്കാരണത്താൽ പരചിത്തജ്ഞാനവും ലഭിക്കുന്നു.

വാചസ്പതി:- സ്വപ്രത്യയങ്ങളെ സംയമം ചെയ്താല് പരപ്രത്യയങ്ങളെ ചിത്തമാത്ര കൊണ്ടുതന്നെ സാക്ഷാത്കരിക്കാം.

20. പതഞ്ജലി:- ന ച തത് സാലംബനം തസ്യാ വിഷയീഭൂതത്വാത്.

വ്യാസ:- അമുഷ്മിയെ ആലംബനം ചെയ്താണ് രക്തമെന്നറിയാതെ, രക്തത്തിന്റെ പ്രത്യയം മാത്രം അറിയുന്നു. പരപ്രത്യയത്തിന് ഏത് ആലംബനമാണോ അത് യോഗിചി

ത്തതാൽ ആലംബനീയമാകുന്നില്ല. പരപ്രത്യയമാത്രമാണ് യോഗിചിത്തത്തിന് ആലംബനീഭൂതമാകുന്നത്.

വാചസ്പതി:- സംസ്കാരസാക്ഷാത്കാരം അതിന്റെ അനുബന്ധപൂർവ്വജനമ്സാക്ഷാത്കാരത്തെ അവലംബിച്ചാണ്. അതുപോലെ പരചിത്തസാക്ഷാത്കാരം അതിന്റെ ആലംബനസാക്ഷാത്കാരം കൊണ്ട് പ്രാപ്തമാകണം എന്ന് വാദമുണ്ടാകാം. അങ്ങനെ ആലംബനമില്ല. സാനുബന്ധസംസ്ക്കാരങ്ങളുടെ സംയമം കൊണ്ടാണ് അവയെ അവലംബിച്ചല്ല ജ്ഞാനം. ഞാൻ ,നീ എന്ന് പരചിത്തമാത്രവിഷയം മാത്രമെന്ന് അഭിപ്രായം.

സുവർണ്ണ:- അമുഷ്മി എന്നാല് രക്തബന്ധമുള്ള അടുത്ത ബന്ധു. രക്തബന്ധത്തേയോ ബന്ധുത്വത്തേയോ അവലംബിച്ച ജനിതകസംബന്ധമായ ബന്ധമല്ല, യോഗിയുടെ ജ്ഞാനം. എന്റെ രക്തം ഇന്ന പൂർവ്വികരിൽ നിന്ന് എന്ന അർത്ഥത്തിലുള്ള ജീനിയോളജിയിലല്ല അതിന്റെ ആലംബനം. അത്തരമുള്ള സംസാരബന്ധസംയമത്തിലാണ്. സർവ്വചരാചരവും ഒരേ രക്തം, ഒരേ അന്നം, ഒരേ ബീജം എന്ന പര ചിത്തജ്ഞാനരഹസ്യത്തിന്റെ കൈവല്യം.. എല്ലാത്തിന്റേയും ആത്യന്തികമായ ഉല്പത്തി ഒന്നിൽ നിന്നാകയാൽ എല്ലാം ഒന്നുതന്നെയാണ്.

21. പതഞ്ജലി:- കായരൂപസംയമാത്തദ്ഗ്രാഹ്യശക്തിസ്തംഭേ ചക്ഷുഃപ്രകാശസമ്പ്രയോഗേ അന്തർദ്ധാനം.

വ്യാസ:- കായം അഥവാ ശരീരത്തിന്റെ രൂപത്തെ സംയമം ചെയ്യുക അഥവാ രൂപങ്ങളുടെ പൂർണ്ണമായ ഗ്രാഹ്യശ്കതി ഉണ്ടാവുക എന്നത് കണ്ണ്, പ്രകാശരശ്മി ഇവയുടെ സംപ്രയോഗം കൊണ്ടാണ്. കണ്ണിനും പ്രകാശരശ്മിക്കുമിടയിൽ ഒരു സ്തംഭം വെച്ചാല് ഇടയിലുള്ള ദൃശ്യമെല്ലാം അന്തർദ്ധാനം ചെയ്യുന്നു. സ്തംഭത്തിന്റെ ഛായ കൊണ്ട് പ്രകാശരശ്മിയെ ഗ്രഹിക്കുന്നു. ഇതുപോലെ ശബ്ദം മുതലായവയുടെ ഗ്രാഹ്യശക്തിയും അന്തർദ്ധാനവും യോഗികള് ഗ്രഹിക്കുന്നു.

സുവർണ്ണ:- ശങ്കുഛായ നോക്കി പ്രകാശരശ്മിയെ ഗ്രഹിക്കുന്നതും പ്രതിബന്ധം വഴിയിലുണ്ടായാല് സൂര്യരശ്മിക്കും നാദതരംഗത്തിനും ഉണ്ടാവുന്ന ഗതിമാറ്റവും ഇവിടെ വ്യാസമുനി ശാസ്ത്രീയമായിത്തന്നെ പറയുന്നു.

വാചസ്പതി:- ശരീരം പഞ്ചഭൂതാത്മകമാണ്. രൂപമുള്ളത്കൊണ്ട് അത് കണ്ണുകൊണ്ട് ദൃശ്യമാണ്. (ചാക്ഷുഷം) ചക്ഷുവിനാൽ ഗ്രഹിക്കപ്പെടുക എന്ന കർമ്മശക്തി കൊണ്ട് അനുഭവിക്കുന്നതിനെയാണ് രൂപം എന്ന് പറയുന്നത്. രൂപത്തെ യോഗികൾ സംയമം ചെയ്യുന്നു. ഇതിന് രൂപത്തിന്റെ ഗ്രാഹ്യശക്തിയായ രൂപകത്വം അപ്രത്യക്ഷമാവണം. അഥവാ സ്തംഭിപ്പിക്കണം. അങ്ങനെ സ്തംഭിപ്പിക്കുന്നത് സ്തംഭം. സ്തംഭം നാട്ടി രൂപഗ്രാഹ്യശക്തിസ്തംഭനം എന്നപരീക്ഷണം കൊണ്ട് യോഗി സത്യമായ പ്രകാശത്തിന്റെ അന്തർദ്ധാനം ഗ്രഹിക്കുന്നു. ഇത് പരകീയ ചക്ഷുർജ്ജനിതമായ പ്രകാശം അഥവാ ജ്ഞാനത്തിനും സംപ്രയോഗിക്കാവുന്ന പരീക്ഷണമാണ്.

സുവർണ്ണ:- ആർക്കും പരീക്ഷിച്ച് നിരീക്ഷിച്ച് ബോദ്ധ്യപ്പെടുത്താവുന്നത് എന്ന് സാരം. അതാണല്ലോ ശാസ്ത്രലക്ഷണം

വാചസ്പതി:- യോഗികളുടെ കായസ്ഥാ അഥവാ രൂപസംബന്ധമായ ചക്ഷുർജ്ഞാനം സ്വകീയ, പരകീയങ്ങളായ ചിത്തജ്ഞാനങ്ങളുടെ പ്രയോഗം കൊണ്ട് തെളിയിച്ചിട്ടുണ്ട്.

സുവർണ്ണ:- സ്വന്തം പരീക്ഷണം കൊണ്ടും മറ്റുള്ളവരുടെ പരീക്ഷണം കൊണ്ടും തെളിയിക്കപ്പെട്ടിട്ടുണ്ട്

വാചസ്പതി:- ഇന്ദ്രിയങ്ങൾക്കും സത്യത്തിനും ഇടയിൽ വരുന്ന ഏതൊന്ന് സത്യത്തെ മൂടുന്നുവോ, അത് സത്യത്തെ അന്തർദ്ധാനം ചെയ്യിക്കുന്നു. ഗ്രാഹ്യശക്തി ഏകാഗ്രതയാൽ വർദ്ധിക്കുമ്പോള് സത്യം തെളിയുന്നു. ഗ്രാഹ്യശക്തി മറ്റു പലകാരണങ്ങളാൽ സ്തംഭിക്കുമ്പോള് സത്യം മറയുന്നു. സ്വർണ്ണപ്പാത്രം കൊണ്ട് സൂര്യനെ മറയ്ക്കുക, ധ്വജസ്തംഭം കൊണ്ട് സൂര്യരശ്മിക്കു കുറുകെ ഛായ വരുത്തുക ഇവ ഇത്തരം പരീക്ഷണങ്ങളിൽ പെടും.

സുവർണ്ണ:- ഇതിന് മറ്റുള്ളവർക്കു കൂടി പരീക്ഷണം നടത്താനും സ്വയം ഗ്രഹിക്കാനുമുള്ള സൌകര്യത്തിനാണ് സ്തംഭം, ധ്വജം ശങ്കു മുതലായവ നാട്ടി ഛായ അളക്കുക മുതലായ ശാസ്ത്രങ്ങളെ യോഗികള് ആവിഷ്ക്കരിച്ചത്. ഇതുപോലെ ശബ്ദരസഗന്ധ മ്പർശാദികളുടെ ഗ്രാഹ്യശക്തിയേയും സ്തംഭിപ്പിച്ച് പരീക്ഷണം നട്ത്തുന്നു. പൂർണ്ണമായ ഗ്രാഹ്യശക്തിക്ക് (കോഗ്നിഷൻ) ഇന്ദ്രിയങ്ങളുടെ ആരോഗ്യം മനസ്സിന്റെ ഏകാഗ്രത, സത്യത്തിനും ഇന്ദ്രിയത്തിനും ഇടയില് തടസ്സങ്ങളില്ലാതിരിക്കല് എന്നിവ വേണം യോഗചര്യ ഇവയെല്ലാം തരുന്നു.

22. പതഞ്ജലി:- സോപക്രമം നിരപക്രമം ച കർമ്മം തത് സംയമാദ പരാന്തജ്ഞാനമരിഷ്ടേഭ്യോ വാ

വ്യാസ:- ആയുർവിപാകം കർമ്മം രണ്ടുവിധം. സോപക്രമവും നിരുപക്രമവും.. ആർദ്രമായ വസത്രം വിതാനിച്ചിട്ടാൽ അതിന്റെ ലഘീയസത്താല് (ലാഘവം) കാലം കൊണ്ട് ഉണക്കുന്നപോലെയാണ് സോപക്രമം. അതേ വസ്ത്രം ചുരുട്ടി, പിണ്ഡരൂപത്തിൽ വെച്ചാല് ഉണങ്ങാന് വളരെ സമയമെടുക്കും. അതുപോലെയാണ് നിരുപക്രമം. എപ്രകാരം അഗ്നി, ശുഷ്കമായ ഒരു കക്ഷ്യയിൽ, മുക്തമായ വായുവാൽ സമമായി വ്യാപിച്ച് ചുരുങ്ങിയ കാലത്താല് ദഹനം നടത്തുന്നുവോ അതുപോലെ സോപക്രമം. അതേ അഗ്നി ഒരു തൃണരാശിമേൽ ഓരോരോ പുല്ലിലേക്ക് ക്രമമായി പടർന്നുപിടിച്ച് വളരെക്കാലത്താല് ദഹിപ്പിക്കുന്നുവോ അതുപോലെ നിരുപക്രമം. ഇതിന്റെ സംയമത്താൽ അപരാന്തജ്ഞാനം. അരിഷ്ടം ത്രിവിധം, അദ്ധ്യാത്മികം, ആധിഭൌതീകം, ആധിദൈവികം.

അദ്ധ്യാത്മികമെന്നാൽ, സ്വദേഹത്തിൽ കർണ്ണങ്ങൾക്ക് ശേഷിയില്ലാത്തവര് ഘോഷം കേൾക്കുന്നില്ല. കണ്ണിന് ശേഷിയില്ലാത്തവർ ജ്യോതിസ്സ് കാണുന്നില്ല. ഇത്തരം ശരീര ദോഷങ്ങളാണ് അദ്ധ്യാത്മികമായ അരിഷ്ട് യമപുരുഷൻ അഥവാ കാലപുരുഷന്, പിതൃക്കൾ അതീതകാലത്തെ പൂർവ്വീകര് ഇവരെ കാണുന്നതുകൊണ്ട് ഉണ്ടാവുന്ന അരിഷ്ടുകൾ ആധഭൌതീകമാണ് സ്വർഗ്ഗം, സിദ്ധന്മാർ ഇവരെ കണുന്നത്, സർവ്വവും കാണുന്നത് ആധിദൈവികമായ അരിഷ്ട്. അപരാന്തത്തിൽ ഉപസ്ഥിതമായിരിക്കവേ, സാധാരണ ആത്മാക്കൾ ഇവ രണ്ടും കാണാറുണ്ട്. യോഗിയാകട്ടെ, സംയമം കൊണ്ട്, അപരാന്ത ജ്ഞാനം സമാധിയിൽ നേടുന്നു. അങ്ങനെ അരിഷ്ടുകളുടെ ജ്ഞാനവും നേടുന്നു.

വാചസ്പതി:- സോപക്രമം, നിരുപക്രമം എന്നീ കർമ്മങ്ങള്, അവയുടെ സംയമത്താൽ അരിഷ്ടങ്ങളുടെ അപരാന്തജ്ഞാനം. ദ്വിവിധമായ കർമ്മങ്ങള് ആയുർവിപാകമാണ്. ഇവ രണ്ടും ചേർന്ന് ഏകീഭവിച്ച കർമ്മമാണ് ജാത്യായുർഭോഗഹേതുവായ ആയുർവ്വിപാകം. അനേകം കർമ്മഭോഗാനുഭവങ്ങളുടെ അല്പാവശിഷ്ടഫലം ചുരുങ്ങിയ കാലത്തിൽ അനുഭവിച്ച് തീർക്കുന്നത് സോപക്രമം. ഉപക്രമം എന്നാൽ തുടക്കം. തുടക്കത്തോടുകൂടി. വ്യാപാരം സോപക്രമം. ആ കാലത്തുതന്നെ ഫലദാനത്തിന്റെ വ്യാപ്തി നടക്കാതെ ഫലദാനം ആരംഭിക്കാത്തത് നിരുപക്രമം. അത് അനേകം ജന്മങ്ങളാൽ അനുഭവിച്ച് തീർക്കണം. ധർമ്മാധർമ്മകർമ്മങ്ങളെ സംയമം ചെയ്ത യോഗി പ്രളയാന്തരങ്ങൾക്കിടയിലെ ജ്ഞാനം നേടുന്നു. മഹാപ്രളയത്തെ അപേക്ഷിച്ച അപരാന്തജ്ഞാനം മൃത്യുവിനും അപ്പുറത്തെ ജ്ഞാനം (കഠോപനിഷത്ത് കാണുക). ഇത് ഗ്രഹിച്ച യോഗി സ്വാത്മാവാൽ കർമ്മം അറിഞ്ഞ്. അനേകം ശരീരങ്ങളെ നിർമ്മിച്ച് സഹസാഫലം ഭുജിച്ച് സ്വേഛയാ മൃത്യു വരിക്കുന്നു. യോഗിയ്ക്കേ ഇപ്രകാരം സംയമം ചെയ്ത് സ്വേഛാമൃത്യു സാധിക്കയുള്ളൂ.

അരിയെപ്പോലെ ത്രസിപ്പിക്കുന്നത് എന്നാണ് അരിഷ്ടമെന്ന വാക്കിന്റെ അർത്ഥം. അവ ത്രിവിധം മരണ ചിഹ്നങ്ങളാണ്. അവയ്ക്ക് വിപരീതമായ സർവ്വവും മഹേന്ദ്രജാലാദിവ്യതിരേകത്താല് ഗ്രാമം, നഗരം മുതലായി സ്വർഗ്ഗങ്ങളായി അഭിമാനിക്കപ്പെടുന്നു. മനുഷ്യലോകം, ദേവലോകം എന്ന് വ്യവഹരിക്കപ്പെടുന്നു. യോഗി ഇവയെല്ലാം മരണസമയം വരുന്നതിനു മുമ്പുതന്നെ സമാധിയില് ഗ്രഹിക്കുന്നു. സാധാരണക്കാർ മരണവേളയില് മാത്രമാണ് ഗ്രഹിക്കുന്നത്.

23. പതഞ്ജലിഃ മൈത്ര്യാദിഷ്ഠ ബലാനി

വ്യാസ:- മൈത്രി, കരുണ, മുദിത എന്ന് മൂന്ന് ഭാവനകൾ. സുഖിതങ്ങളായ ഭൂതങ്ങളിൽ മൈത്രീഭാവന കൊണ്ട് സുഖം കിട്ടുന്നു. ദുഃഖിതങ്ങളായ ഭൂതങ്ങളിൽ കരുണാഭാവന കൊണ്ട് കരുണാബലം കിട്ടുന്നു. പുണ്യശീലങ്ങളായ ഭൂതങ്ങളിൽ മുദിതഭാവന കൊണ്ട് മുദിതബലം കിട്ടുന്നു. ഭാവനയാൽ സമാധിയില് സംയമം സിദ്ധിക്കുന്നു. ബലം കൊണ്ട് വീര്യത്തെ ബന്ധിക്കാനാവുന്നു. പാപശീലങ്ങളായ ഭൂതങ്ങളിൽ ഉപേക്ഷ ഭാവിക്കണം. ഉപേക്ഷിച്ച ഭാവങ്ങൾ സമാധിയാല് സംയമിക്കപ്പെട്ട് തീരെ ഇല്ലാതാവുന്നു.

വാചസ്പതി:- മൈത്രീഭാവനയാലാണ് ജീവലോകങ്ങൾക്ക് സുഖം ലഭിക്കുന്നത്. അതാണ് സർവ്വഭൂതഹിതമായി ഭവിക്കുന്നത്. കരുണാബലമാണ് ദുഃഖിതരെ ദുഃഖഹേതുക്കളിൽ നിന്ന് സമുദ്ധരിക്കുന്നത്. മുദിതബലത്താൽ ജീവലോകങ്ങളില് മധ്യസ്ഥസ്ഥാനം ലഭിക്കുന്നു. ധാരണയും ധ്യാനവും സമാധിയും ചേർന്നതാണ് സമാധി. സമാധിയിൽ ഭാവന കൊണ്ട് യോഗി സംയമബലം നേടുന്നു. അതിനാൽ ഭാവന തന്നെയാണ് സമാധി. ഭാവനാസമാധി സമൂഹത്തിന്റെ സംയമത്തിന്റെ അവയവഹേതുവായി ഭവിക്കുന്നു. വീര്യം പ്രയത്നമാണ്. മൈത്ര്യാദി ബലവത്തായ പുരുഷൻ മറ്റുള്ളവരുടെ സുഖത്തിനായി പ്രയത്നിക്കുന്നു. അതിൽ തന്റെ വീര്യം ബദ്ധശ്രദ്ധയോടെ ഉപയോഗിക്കുന്നു. പാപശീലരിൽ ഔദാസീന്യവും പുണ്യശീലരിൽ മുദിതവും ദുഃഖതരില് കരുണയും സർവ്വത്തിലും മൈത്രിയും പുലർത്തി സദാ ആനന്ദശീലരായി കാണപ്പെടുന്നു.

24. പതഞ്ജലി:- ബലേഷു ഹസ്തിബലാദീനി

വ്യാസ:- ആനയുടെ ബലത്തിലാണ് ഭാവന സംയമിച്ചതെങ്കില് ആനയുടെ ബലം കിട്ടും. ഗരുഡന്റെ ബലം വേണമെന്ന ഭാവനയോടെ സംയമം ചെയ്താൽ ഗരുഡന്റെ ബലം വായുബലം വേണമെന്ന് ഉദ്ദേശിച്ച് ചെയ്താൽ വായുബലം കിട്ടും

വാചസ്പതി:- ഏതൊരു ബലം വേണമെന്ന് ഭാവന ചെയ്ത് ആ ഭാവനയോടെ ശ്രദ്ധ കേന്ദ്രീകരിച്ച് ചെയ്യുന്നുവോ ആ ബലം കിട്ടും

25. പതഞ്ജലി:- പ്രവൃത്ത്യാ ലോകന്യാസാത് സൂക്ഷ്മവ്യവഹിത വിപ്രകൃഷ്ടജ്ഞാനം

വ്യാസ:- ജ്യോതിഷ്മതി (1.36) മനസ്സിന്റെ പ്രവൃത്തിയാണ്. അതിനാൽ യോഗി സൂക്ഷ്മാവലോകനത്താല് സർവ്വജ്ഞാനവും നേടി സർവ്വജ്ഞനാവുന്നു.

വാചസ്പതി:- സംയമത്താല് സൂക്ഷ്മദൃഷ്ടിയും അതിനാല് വിപ്രകൃഷ്ടജ്ഞാനവും ഉണ്ടാകുന്നു.

26. പതഞ്ജലി:- ഭുവനജ്ഞാനം സൂര്യേ സംയമാത്.

വ്യാസ:- സപ്തലോകങ്ങളുടെ പ്രസ്താരമായ ഭുവനജ്ഞാനം സൂര്യനില് സംയമം ചെയ്ത പ്രജ്ഞയുള്ളവർക്കു മാത്രമേ ലഭിക്കുന്നുള്ളൂ മേരുപൃഷ്ഠം മുതൽ താഴേക്ക് ഭൂലോകം, മേരുപൃഷ്ഠം ആധാരമായി അവിടെനിന്ന് ധ്രുവതാരം വരെ ഗ്രഹനക്ഷത്രതാരാവിചിത്രമായത് അന്തരിക്ഷലോകം. അതിനപ്പുറം സ്വർല്ലോകം. സ്വർല്ലോകം അഞ്ചു വിധം. മാഹേന്ദ്രമാണ് മൂന്നാമത്തെ ലോകം. പ്രജാപത്യമായ മഹർലോകം ചതുർത്ഥം. മൂന്നുവിധം ബ്രഹ്മലോകം ജനലോകം, തപോലോകം, സത്യലോകം. ബ്രഹ്മസ്ത്രിഭൂമികോ ലോകഃ പ്രജാപത്യസ്തതോ മഹാൻ മാഹേന്ദ്രശ്ച സ്വരിത്യുക്തോ ദിവി താരാ ഭുവി പ്രജാഃ എന്ന് സംഗ്രഹശ്ലോകം. ഈ ലോകങ്ങൾ ഒന്നിനുപരി നിവേശിക്കപ്പെട്ടിരിക്കുന്നു. ആറു മഹാനരകങ്ങളിൽ ഘനം, സലിലം അനലൻ, അനിലൻ, ആകാശം, തമസ്സ് എന്നിവയിൽ പ്രതിഷ്ഠയുള്ള മഹാകാല, അംബരീഷ, രൌരവ, കാലസൂത്ര, അന്ധതാമിസ്രങ്ങളാണ്. അവിടെ സ്വകർമ്മങ്ങളാൽ ആർജ്ജിതമായ ദുഃഖവേദനകള് പ്രാണികൾ അവനവന്റെ ആയുർദൈർഘ്യ ത്തെ ആശ്രയിച്ച് കഷ്ടങ്ങളായി അനുഭവിക്കുന്നു. മഹാതലം, രസാതലം, തലം, സുതലം, വിതലം, തലാതലം, പാതാലമെന്ന് സപ്തതലങ്ങൾ. ഈ ഏഴെണ്ണത്തിനപ്പുറം അഷ്ടമിയായ ഭൂമി. ഭൂമി സപ്തദ്വീപയും വസുമതിയും മദ്ധ്യത്തിൽ പർവ്വതരാജനായ സുമേരു എന്ന കാഞ്ചനശൃംഗത്തോടുകൂടിയതുമാണ്. അതിന് രജത, വൈഡൂര്യ സ്ഫടിക, ഹേമ, മണിമയങ്ങളായ ശൃംഗങ്ങളുണ്ട്. വൈഡൂര്യപ്രഭാനുരാഗമുള്ള നീലോല്പലപത്രശ്യാമമാണ് അതിന്റെ നഭസ്സിലെ ദക്ഷിണഭാഗം. പൂർവ്വഭാഗം ശ്വേതം. പശ്ചിമഭാഗം സ്വഛം. ഉത്തരഭാഗം കുരണ്ഡകാഭം. ദക്ഷിണപാർശ്വത്തിലാണ് ജംബുദ്വീപം. നമ്മൾ ജംബുദ്വീപത്തിലാണ്. ഇവിടെ സൂര്യന്റെ പ്രചാരത്താല് രാത്രി ദിവം, ലഗ്നം എന്ന് വിവർത്തിക്കുന്നു. അതിന്റെ നീലശ്വേത ശൃംഗങ്ങളുള്ള ഉദീചീനാശ്രിതമായ ശൃംഗങ്ങൾ രണ്ടായിരം യാമങ്ങൾ. അവയ്ക്കിടയിൽ മൂന്നു വർഷങ്ങള് ഒമ്പത് ഒമ്പത് വീതം യോജനാസഹസ്രങ്ങളോടെ രമണകം, ഹിരണ്മയം, ഉത്തരകുരു എന്നിവ

യുണ്ട്. നിഷധം, ഹേമകൂടം, ഹിമശൈലം എന്നിവ ദക്ഷിണാശ്രയമായ ദ്വിസഹസ്രം യാമം. അവയ്ക്കിടയിൽ 9000 യോജനയുള്ള മൂന്നുവർഷം ഹരിവർഷം, കിമ്പുരുഷം, ഭാരതം. സുമേരുവിന്റെ പ്രാചീനവശത്ത് ഭദ്രാശ്വം, മാല്യവാനെന്നിവയുടെ സീമയാണ്. പ്രതീചിനമായിട്ട് കേതുമാല, ഗന്ധമാദനസീമകളും. മദ്ധ്യത്തിലുള്ള വർഷം ഇളാവൃതം. ശതസഹസ്രം യോജനയുടെ അർദ്ധം വെച്ച് (50) സുമേരുവിന്റെ എല്ലാ ദിശകളിലുമായി ഇത് കിടക്കുന്നു. ജംബുദ്വീപത്തിന് ശതസഹസ്രയാമമെങ്കിൽ അതിനെ രണ്ടു കൊണ്ട് ഗുണിച്ചത്ര ലവണസമുദ്രത്താല് അത് വളയാകൃതിയിൽ ചുറ്റപ്പെട്ടിരിക്കുന്നു. അതിനെ ദ്വിഗുണം ദ്വിഗുണം ചെയ്താല് ശാക, കുശ, ക്രൌഞ്ച, ശാല്മലി, ഗോമേദക, പുഷ്കരദ്വീപങ്ങൾ സമുദ്രങ്ങളാല് ചുറ്റപ്പെട്ട് കിടക്കുന്നു. എല്ലാം സവിചിത്രശൈലങ്ങൾ, ഇക്ഷുരസസുരാസർപ്പിദധിക്ഷീരസ്വാദുള്ള വെള്ളം എന്നിവയോടുകൂടിയ ദ്വീപുകൾ. എല്ലാം സപ്തസമുദ്രപരിവേഷ്ടിതങ്ങൾ. വളയാകൃതിയുള്ള ലോകാലോകപർവ്വതപരിവാരമുള്ളവ. പഞ്ചാശത്കോടി യോജനപരിസംഖ്യാതങ്ങൾ. സർവ്വവും സുപ്രതിഷ്ഠിത സംസ്ഥാനമായി അണ്ഡമദ്ധ്യത്തിന് വ്യൂഢമായവ. ആകാശത്തിൽ ഖദ്യോതം എങ്ങനെയോ അതുപോലെ, പ്രധാനത്തിൽ ഈ ബ്രഹ്മാണ്ഡം ഒരു അണുമാത്രമായ അവയവം മാത്രമാണ്.

പാതാളത്തില് സമുദ്രത്തില് പർവ്വതങ്ങളില് ദേവരൂപമുള്ളവരും അസുരഗന്ധർവ്വ കിന്നരകിമ്പുരുഷയക്ഷരാക്ഷസഭൂതപ്രേതപിശാചാപസ്മാര, ബ്രഹ്മരാക്ഷസകുംഭാണ്ഡ വിനായകരും എല്ലാം വസിക്കുന്നു. സർവ്വദ്വീപങ്ങളിലും പുണ്യാത്മാക്കളായ ദേവന്മാരും മനുഷ്യരും ജീവിക്കുന്നുണ്ട്. സുമേരുവിൽ 30 ഉദ്യാനഭൂമികകളുണ്ട്. അവയിൽ നന്ദനം, ചൈത്രരഥം, സുമാനസം, മുതലായ ഉദ്യാനങ്ങള് മിശ്ര വനങ്ങളാണ്യ സുധർമ്മ ദേവസഭയാണ്. വൈജയന്തം പ്രാസാദമാണ്. ഗ്രഹനക്ഷത്രതാരകങ്ങൾ മുതൽ ധ്രുവൻവരെ നിബദ്ധവും വായുനിക്ഷേപനിയമം കൊണ്ട് ഉപലക്ഷിതപ്രചാരവുമായ സുമേരുവിന്റെ ഉപരിസന്നിവിഷ്ടമായ ലോകങ്ങള് ആകാശത്തില് വിപരിവർത്തനം ചെയ്യുന്നു. മാഹേന്ദ്രലോകത്ത് ആറുതരം ദേവരൂപികൾ വസിക്കുന്നു. ത്രിദശർ, അഗ്നിഷ്വാത്തർ, യാമ്യർ, തുഷിതർ, അപരിനിർമ്മിതവശവർത്തികൾ, പരിനിർമ്മിതവശവർത്തികള് അവരെല്ലാം തന്നെ സങ്കല്പസിദ്ധരും അണിമാദി ഐശ്വര്യങ്ങള് ഉള്ളവരും കല്പായുസ്സോടുകൂടിയ വൃന്ദാരകരും കാമഭാഗികളും ഔപപാദികദേഹമുള്ളവരും ഉത്തമാനുകൂലകളായ അപ്സരാദികളാകുന്ന പരിവാരങ്ങൾ ഉള്ളവരുമാണ്. മഹതിലോകമാകുന്ന പ്രജാപത്യത്തിൽ അഞ്ചുതരം ദേവരൂപങ്ങളുണ്ട്. കുമുദന്മാർ, ഋഭുക്കൾ, പ്രതർദ്ദനന്മാർ, അജനാഭർ, പ്രചിതാഭർ. മഹാഭൂതവശികളും ധ്യാനാഹാരികളും കല്പസഹസ്രം ആയുസ്സുള്ളവരുമാണ് ഇവർ. ആദ്യത്തെ ബ്രഹ്മലോകമായ ജനലോകത്തിൽ നാലുതരം ദേവശരീരികൾ. ബ്രഹ്മരോഹിതർ, ബ്രഹ്മകായികർ, ബ്രഹ്മമഹാകായികർ, അജരാമരർ. ഭൂതേന്ദ്രിയവശികളും ദ്വിഗുണം ദ്വിഗുണം കൂടുതൽ ആയുസ്സുള്ളവരുമാണ് ഇവർ. അതിനുപരി രണ്ടാം ബ്രഹ്മലോകത്തിൽ ത്രിവിധം ദേവനികായങ്ങൾ. ആഭാസ്വരർ മഹാഭാസ്വരർ, സത്യമഹാഭാസ്വരർ. ഭൂതേന്ദ്രിയപ്രകൃതിവശികളും ദ്വിഗുണദ്വിഗുണം ഉത്തരോത്തരം ആയുസ്സുള്ളവരും എല്ലാവരും ധ്യാനം മാത്രം ആഹരിക്കുന്നവരും ഊർദ്ധ്വരേതസ്സുള്ളവരും. എല്ലാവരും ഊരദ്ധ്മപ്രതിഹതജ്ഞാനത്താൽ അധരഭൂമികകളിലെ അനാവൃതജ്ഞാനവിഷയത്തോടുകൂടിയവരുമാണ്. മൂന്നാം ബ്രഹ്മലോകത്തിൽ (സത്യലോകം) 4 വിധം ദേവനികായർ.

അച്യുതൻ, ശുദ്ധനിവാസാ, സത്യാത്മൻ, സംജ്ഞാസംജ്ഞിതൻ. അവർ ആകൃതഭവന ന്യാസരും സ്വപ്രതിഷ്ഠരും ഉപര്യുപരിസ്ഥിതരും പ്രധാനവശികളും സർഗ്ഗകാലത്തോളം തന്നെ ആയുസ്സുള്ളവരുമാണ്. അച്യുതർക്ക് സവിതർക്കധ്യാനസമാധിസുഖം. ശുദ്ധനി വാസർക്ക് സവിചാരധ്യാനസുഖം. സത്യാത്മർക്ക് ആനന്ദമാത്രധ്യാനസുഖം. സംജ്ഞാ സംജ്ഞിതർക്ക് അസ്മിതാമാത്രധ്യാനസുഖം. അവരും ത്രൈലോക്യമദ്ധ്യത്തിൽ പ്രതി ഷ്ഠിതരാണ്. അവർക്ക് സ്വപ്രതിഷ്ഠ നേടിയതിനാല് സപ്തലോകവും ബ്രഹ്മലോകം തന്നെയാണ് വിദേഹപ്രകൃതിലയരെപ്പോലെ മോക്ഷപദവിയിൽ വർത്തിച്ചാലും ലോകമ ദ്ധ്യത്തിൽത്തന്നെ ന്യസിക്കപ്പെട്ടവരാണ്. ഈ യോഗികളാൽ സാക്ഷാത്കരിക്കപ്പെട്ട ഭുവ നജ്ഞാനം ജ്യോതിശ്ശാസ്ത്രജ്ഞാനമാണ്.. അവർ സർവ്വവും ദർശിക്കുന്നു.

സുവർണ്ണ:- സുമേരു വായുവിക്ഷേപനിയമം കൊണ്ട് ഉപലക്ഷിതമാണ് എന്നും സുമേ രുവിന് ഉപരിയുള്ള ലോകങ്ങൾ വിപരിവർത്തനം ചെയ്യുന്നവയുമാണെന്ന കാര്യം ശ്രദ്ധേ യമാണ്. വായു ക്ലോക്കൈ്വസ് ചലനം. ഉപരിലോകം അതിന്റെ വിപരിവർത്തനം അഥവാ ആന്റിക്ലോക്കൈ്വസ് ചലനം.

വാചസ്പതി:- സൂര്യനില് സൂക്ഷമമായ ആലേകനം ചെയ്യുന്ന ജ്യോതിഷ്മതിയോ ടുകൂടിയ സംയമിയുടെ മനസ്സിൽ സർവ്വഭുവനജ്ഞാനവും ഉണ്ടാവുന്നു. ഇതിനെ സംക്ഷേ പിച്ച് സംഗ്രഹിച്ച് പറയുന്നു. സപ്തലോകങ്ങളേയും വിസ്തരിച്ച് പറഞ്ഞിരിക്കുന്നു. ഘന ശബ്ദത്താൽ ഘനം കൂടിയ ഭൂമിയെ പറയുന്നു. ഘനം മേഘവുമാണ്. മേഘം മുതൽ താഴേക്ക് ഘനം കൂടിയ ഭാരം കൂടിയ ഭൂമിസ്ഥാനമാണ്. ഇതുതന്നെയാണ് മഹാനരക ങ്ങളും അതിന്റെ അനേകം ഉപനരകപരിവാരങ്ങളും ചേർന്ന സ്ഥനം എന്ന് ബോദ്ധ്യപ്പെട ണം. അവയെ മഹാകാലം മുതലായ നരകനാമാന്തരങ്ങൾ ആയി വിഭജിച്ച് പറഞ്ഞിരിക്ക യാണ്. സൂര്യപ്രചാരം എന്നാൽ സൂര്യരശ്മികളുടെ പ്രചാരം. ഇവയും ഘനമായ ഭൂമിയും തമ്മിലുള്ള വിവർത്തം കൊണ്ട് രാത്രി, പകൽ ലഗ്നം എന്ന് സംഭവിക്കുന്നു.

സുവർണ്ണ:- ആദ്യപാഠം ഭൂമി, രണ്ടാമത്തെ പാഠം ഭൂമിയും സൂര്യനും തമ്മിലുള്ള ബന്ധം. പരസ്പരചലനം കൊണ്ടുണ്ടാവുന്ന ഗതിശീലം

വാചസ്പതി:- ഭൂമിയുടെ ഒരുഭാഗം സൂര്യനെ ത്യജിക്കുന്ന ഇടത്താണ് രാത്രി . ഒരു ഭാഗം സൂര്യനാൽ അലങ്കരിക്കപ്പെടുന്ന ഇടത്തിൽ ദിവം(പകൽ). സകലജംബുദ്വീപപരി മാണം ശതസഹസ്രം യോജന. അതെങ്ങനെയെന്നാൽ സുമേരുവിനെ ഓരോദിശയിലും അതിന്റെ പകുതിയായ 50 സഹസ്രം യോജന വീതം വ്യൂഢമാക്കി സംക്ഷിപ്തമാക്കിയി ട്ടുണ്ട്. ജംബുദ്വീപമദ്ധ്യം സുമേരു. സമുദ്രം സർഷപരാശികല്പങ്ങള് ദ്വിഗുണം ദ്വിഗുണ മായി അതിനോട് സംബന്ധപ്പെടുത്തി പറയുന്നു. വിചിത്രങ്ങളായ അനേകം ശൈല ങ്ങൾ, ദ്വീപങ്ങൾ, വിപിനങ്ങൾ, നഗങ്ങൾ, നഗരങ്ങൾ, നിരവധി നീരധിമാലാവലയങ്ങൾ എന്നിവ ചേർന്ന ഭൂഗോളവർണ്ണനയില് അത് ലോകാലോകങ്ങളാല് ചുറ്റപ്പെട്ടതും വിശ്വഭ രാമണ്ഡലവും ബ്രഹ്മാണ്ഡമദ്ധ്യത്തിൽ വ്യൂഢവുമെന്ന് സംക്ഷിപ്തമായി പറയുന്നതോ ടൊപ്പം ആ സംസ്ഥാനം അഥവാ ഭ്രമണപഥം (ഭൂസ്ഥാനം - ബ്രഹ്മണ്ഡവും സൂര്യനു മായി ബന്ധപ്പെട്ട സ്ഥാനം) സുപ്രതിഷ്ഠമായി സന്നിവേശിക്കപ്പെട്ടതാണ് എന്നും പറ യുന്നു. ഭൂലോകത്തെ സപ്രകാരം പറഞ്ഞശേഷം അന്തരീക്ഷലോകത്തെ പറയുന്നു. ഗ്രഹാദികളുള്ളതാണ് അന്തരീക്ഷം.

സുവർണ്ണ:- ഋക്ഷങ്ങൾക്കിടയില് അഥവാ അന്തരാളത്തില് കിടക്കുന്നത് അന്തരീക്ഷം. വായുമണ്ഡലമുള്ളതും ഗ്രഹങ്ങളെ ചുറ്റിയിരിക്കുന്നതും ഗ്രഹത്തിനും സൂര്യനും ഇടയിലുള്ളതുമാണ്.

വാചസ്പതി:- അതിന്റെ വ്യാപാരം വിക്ഷേപമാണ്. പിന്നീട് സ്വർല്ലോകത്തെ പറയുന്നു. ദേവനികായമെന്നാൽ ദേവശരീരമായി ജനിച്ചവർ. രൂപോൽക്കർഷത്താല് ആറു വിധദേവസ്വരൂപം പറയുന്നു. സർവ്വരും സങ്കല്പമാത്രയാല് ഏതുവിഷയവും അവരെ ഉപഗമിക്കുന്നു. സേവിക്കുന്നു. വൃന്ദാരകനെന്നാൽ പൂജ്യർ. കാമഭോഗികളെന്നാൽ മൈഥുനപ്രിയർ. ഔപപാദികദേഹരെന്നാൽ പിതൃക്കൾ. ആന്തരമായ സംയോഗം കൊണ്ട് ദിവ്യവും ധർമ്മവിശിഷ്ഠവും അതിസംസ്കൃതവും അണുപ്രായവും ഭൂതരൂപവുമായ ഏതു ശരീരവും ആയി ഭവിക്കാൻ കഴിവുള്ളവർ. മഹർലോകം മഹാഭൂതവശികളാല് വസിക്കപ്പെടുന്നു. ഏതൊന്ന് രോചിക്കുന്നുവോ അതാണ് മഹാഭൂതമായി കാണപ്പെടുന്നത്. അതിന്റെ ഇഛയാലാണ് മഹാഭൂതങ്ങൾ അതാതിന്റെ സംസ്ഥാനങ്ങളില് ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. ആരോചിസ്സ് ധ്യാനാഹാരമാണ്. ധ്യാനമാത്രതൃപ്തമാണ്. ധ്യാനം കൊണ്ടു മാത്രം പുഷ്ടമാകുന്ന പ്രകാശലോകമാണ്. ജനലോകം ഭൂതേന്ദ്രിയവശിത്വമുള്ളതാണ്. ഭൂമി മുതലായ ഭൂതങ്ങൾ, ശ്രോത്രാദിഇന്ദ്രിയങ്ങൾ, എന്നിവ എപ്രകാരം നിയുക്തമോ അപ്രകാരം നിയോജിക്കപ്പെടുന്നത് അതിന്റെ ഇഛയാലാണ്. ഒന്നാമത്തെ ബ്രഹ്മലോകമെന്നു പറഞ്ഞത് മുകളിലേക്കുള്ള ക്രമത്തിൽ ആദ്യത്തേതാകയാലാണ്. തപോലോകം, സത്യലോകം ഇവ ക്രമത്തിൽ ഇതിന്നു മുകളിലാണ് തപോലോകത്തിൽ ഭൂതേന്ദ്രിയപ്രകൃതിവശിത്വമുള്ളവര്. പഞ്ചതന്മാത്രകളുള്ള പ്രകൃതി. അതിന്റെ വശികൾ പ്രകൃതിവശികൾ. അവർ ഇഛയാൽ തന്മാത്രകളുടെ രൂപവും ശരീരവും കൈക്കൊണ്ട് പരിണാമം പ്രാപിക്കുന്നതായി ആഗമികൾ പറയുന്നു. ആഭാസ്വരന്മാരേക്കാള് ദ്വിഗുണം ദ്വിഗുണം ആയുസ്സ് മഹാഭാസ്വരർക്കുണ്ട് അവരേക്കാൾ ദ്വിഗുണം സത്യമഹാഭാസ്വരർക്ക്. ഊർദ്ധ്വലോകമായ സത്യലോകത്തില് അപ്രതിഹതമായ ജ്ഞാനമുണ്ട്. അവിടെയുള്ള ജ്ഞാനികൾക്ക് തപോലോകം മുതലായ താഴെയുള്ള ലോകങ്ങളിലെ സൂക്ഷ്മവ്യവഹാരമടക്കം സർവ്വവും അറിയാനാകുന്നു. സത്യലോകത്തിൽ അകൃതമായ ഭവനത്തില് അഥവാ ഗൃഹത്തില് ന്യാസം ചെയ്യപ്പെട്ട ജ്ഞാനികളാണ്. മറ്റൊരാധാരവും കൂടാതെ സ്വപ്രതിഷ്ഠ നേടിയവരാണവർ. സ്വന്തം ശരീരത്തിൽത്തന്നെയാണ് മറ്റെങ്ങുമല്ല അവരുടെ പ്രതിഷ്ഠ. പ്രധാനവശിത്വമാണവർക്ക്. അവരുടെ ഇഛയാൽ സത്വരജസ്തമസ്സുകൾ പ്രവർത്തിക്കുന്നു. സർഗ്ഗായുഷ്മാക്കളാണവർ. ബ്രഹ്മണാ സഹതേ സർവ്വേ സംപ്രാപ്തേ പ്രതിസഞ്ചരേ പരസ്യാന്തേ കൃതാത്മാനഃപ്രവിശ്യന്തി പരം പരം (കൂർമ്മപുരാണം 1.12. 273. വായുപുരാണം 141.85) എന്ന് അതിനാൽ പറയുന്നു. അതിനാൽ ഈ ലോകത്തിലെ നാലുവിധശരീരികൾക്ക് നാമവിശേഷഗ്രഹണത്താൽ ധർമ്മവിശേഷമാണ് ഗ്രഹിക്കേണ്ടത്. സാധാരണധർമ്മമല്ല അവരുടേത്. അച്യുതനെന്ന് നാമമുള്ള ദേവകായം സ്ഥൂലവിഷയങ്ങളെക്കുറിച്ച് സവിതർക്കസമാധിസുഖത്താല് മാത്രം തൃപ്തിയടയുന്ന ധർമ്മശീലത്തോടുകൂടിയതാണ്. ശുദ്ധനിവാസനാമമുള്ളത് സവിചാരസമാധിയില് സൂക്ഷ്മവിഷയധ്യാനസുഖം കൊണ്ട് തൃപ്തമാകുന്ന ധർമ്മശീലത്തോടുകൂടിയത്. സത്യാത്മൻ ഇന്ദ്രിയവിഷയസുഖങ്ങളെയെല്ലാം വെറും ധ്യാനസുഖം കൊണ്ടുതന്നെ അനുഭവിച്ച് തൃപ്തിയടയുന്ന ധർമ്മശീലമുള്ളത്. ഇവരെല്ലാം സമ്പ്രജ്ഞാതസമാധിയെ ഉപാ

സിക്കുന്നവരാണ്. വിദേഹപ്രകൃതിലയന്മാരെപ്പോലെ ലോകമദ്ധ്യത്തിൽത്തനെ ഇരിക്കുന്നവരുമാണ്. ബുദ്ധിവൃത്തിയാൽ മനനം ചെയ്തുതന്നെ സർവ്വ വിഷയവും ദർശിച്ച് ലോകങ്ങളിൽ വർത്തിച്ച്, ലോകയാത്ര (സംസാരയാത്ര) ചെയ്യുന്നവരുമാണ്. വിദേഹപ്രകൃതിലയന്മാരെപ്പോലെ ഇവർക്കും സാധികാരത്വം ഉണ്ട് എന്ന് അർത്ഥം. സൂര്യദ്വാരം സുഷുമ്നാനാഡിയുടെ അറ്റത്താണ്. അതിലൂടെയുള്ള സാക്ഷാത്കാരമാണ് യോഗിയെ ഈ ലോകങ്ങളെല്ലാം ദർശിക്കാന് പ്രാപ്തനാക്കുന്നത്. ലോകങ്ങളെല്ലാം യോഗി തന്നിൽതന്നെ ദർശിക്കുന്നു. പുറത്തെ പ്രപഞ്ചമെല്ലാം മനനശീലനായ യോഗി അകത്തു തെളിഞ്ഞാണ് കാണുന്നത്. ബൂദ്ധസത്വമാണ് സ്വാഭാവികമായി വിശ്വപ്രകാശനസമർത്ഥമായത്. രജസ്സ്, തമസ്സ് മുതലായ മലങ്ങളിൽ ചുറ്റപ്പെട്ട ബുദ്ധിക്ക് അത് സാദ്ധ്യമാവുന്നില്ല. സൂര്യദ്വാരസംയമത്തിന്നായി പ്രജ്ഞ ഉയരുമ്പോൾ, സർവ്വപ്രപഞ്ചവും പ്രകാശിതമാകുന്നു. ഇതല്ലാതെ ഭുവനജ്ഞാനത്തിന് മറ്റൊരു വഴിയില്ല.

27. പതഞ്ജലി:- ചന്ദ്രേ താരാവ്യൂഹജ്ഞാനം

വ്യാസ:- ചന്ദ്രനിൽ സംയമം ചെയ്ത് താരാവ്യൂഹസംബന്ധിയായ ജ്ഞാനം ലഭിക്കുന്നു.

28. പതഞ്ജലി:- ധ്രുവേ തദ് ഗതിജ്ഞാനം

വ്യാസ:- ധ്രുവത്തിൽ സംയമം ചെയ്ത് താരവ്യൂഹങ്ങളുടെ ചലനം അഥവാ ഗ്തിസംബന്ധമായ ജ്ഞാനം ലഭിക്കുന്നു. ഊർദ്ധ്വവിമാനങ്ങളിൽ കൃതമായ സംയമം കൊണ്ടാണിത് അറിയാനാവുന്നത്. (ഊർദ്ധ്വവിമാനേ കൃതംയമഃ)

29. പതഞ്ജലി:- നാഭിചക്രേ കായവ്യൂഹജ്ഞാനം

വ്യാസ:- നാഭിചക്രത്തിൽ സംയമം ചെയ്താല് കായവ്യൂഹത്തെ കുറിച്ച് (ശരീരശാസ്ത്രം) ജ്ഞാനം ലഭിക്കുന്നു. വാതപിത്തശ്ലേഷ്മങ്ങളെ ആശ്രയിച്ചവയാണ് ദോഷങ്ങൾ. സപ്തധാതുക്കൾ ത്വക്ക്, ലോഹിതം (രക്തം) മാംസം, സ്നായു, അസ്ഥി, മജ്ജ, ശുക്ലം, (ശുക്രം) ഇവയാണ്. മുമ്പുമുമ്പു പറഞ്ഞത് ബാഹ്യമായും പിന്നെപിന്നെ പറഞ്ഞത് ആന്തരമായും വിന്യസ്തമാണ്.

30. പതഞ്ജലി:- കണ്ഠകൂപേ ക്ഷുത്പിപാസാനിവൃത്തിഃ

വ്യാസ:- ജിഹ്വയുടെ താഴത്ത് തന്തു. അതിന്നു താഴെ കണ്ഠം. അതിനും താഴെ കണ്ഠകൂപം. അതിനെ സംയമം ചെയ്താൽ വിശപ്പോ ദാഹമോ ബാധിക്കയില്ല.

31. പതഞ്ജലി:- കൂർമ്മനാഡ്യാം സ്ഥൈര്യം

വ്യാസ:- കൂപത്തിനു താഴെ ഉരസ്സിൽ കൂർമ്മാകാരമായ ഒരു നാഡിയുണ്ട്. അതിൽ സംയമം ചെയ്താല് സ്ഥൈര്യം. അഥവാ സ്ഥിരപദം ലഭിക്കുന്നു. സർവ്വം, ഗോദാ എന്നിവയെപ്പോലെ.

വാചസ്പതി:- 27 മുതൽ 31 വരെയുള്ള സൂത്രഭാഷ്യം ഒന്നിച്ച് വ്യാഖ്യാനിക്കാം. ചന്ദ്രനില് താരാവ്യൂഹജ്ഞാനം, ധ്രുവനില് അതിന്റെ ഗതിജ്ഞാനം, നാഭിചക്രത്തിൽ കാലവ്യൂഹജ്ഞാനം, കണ്ഠകൂപത്തിൽ ക്ഷുത്പിപാസാനിവൃത്തി, കൂർമ്മനാഡിയില് സ്ഥൈര്യം.

ഏതൊന്നിലാണോ തനിക്ക് ജിജ്ഞാസ അതിൽ യോഗി ശ്രദ്ധയെ സംയമം ചെയ്യുന്നു. സ്ഥൈര്യം കൂടാതെ ക്ഷുത്പിപാസനിവൃത്തിഹേതുകമായ സംയമം സാധിക്കുകയില്ല. ആ സംയമം കൊണ്ടാണ് കായവ്യൂഹത്തെ അറിഞ്ഞ് നിയന്ത്രിക്കാൻ സാധിക്കുന്നത്. കായ വ്യൂഹത്തെ നിയന്ത്രിച്ച് ധ്രുവം (ഉറപ്പുള്ള, അചഞ്ചലം) ആക്കിയാൽ അതിന്റെ ഗതിയും (ധ്രുവതാരഗതി, ചലനം) ഗതിയില്ലാത്ത അവസ്ഥയും (അചഞ്ചലം), ആത്മ, മനോ, വാക് കായധർമ്മങ്ങളും അറിയാം.

സുവർണ്ണ:- ഇത് വാസ്തവത്തില് ഒരു പഠനക്രമമാണ്. ആദ്യം വേണ്ടത് സ്ഥൈര്യ മാണ്. സ്ഥൈര്യം ശ്രദ്ധതരുന്നു. അങ്ങനെ ക്ഷുത്പിപാസാനിവൃത്തി. പിന്നീട് നാഭിച ക്രത്തിൽ കായവ്യൂഹജ്ഞാനം എന്ന ശരീര ശാസ്ത്രവും വൈദ്യശാസ്ത്രവും. പിന്നീട് ധ്രുവമായ അവസ്ഥ, ചലനശീലമായ അവസ്ഥ എന്നിവ (നിരയനം, സായനം) ഉള്ള, ധ്രുവതാരത്തെ കേന്ദ്രീകരിച്ച ഭൂമി, സൂര്യാദികളുടെ ജ്ഞാനം അവയുടെ പരസ്പരബന്ധ സംബന്ധിയായ സൂര്യസിദ്ധാന്തജ്ഞാനം, അതിന്നുശേഷം ചന്ദ്രനെ ഒരു ആസ്ട്രോണ മിക്കൽ ക്ലോക്ക് ആക്കി അതിനെ സൂചിയും താരാഗ്രഹവ്യൂഹത്തെ 360 ഡിഗ്രിയില് ഇരി ക്കുന്ന സ്ഥിരതാരമണ്ഡലത്തെ പരിധിയുമാക്കി ചന്ദ്രനും ഭൂമിയും സൂര്യനും ചലിക്കു ന്നവിധം വിഭാവനം ചെയ്ത് ചന്ദ്രസിദ്ധാന്തജ്ഞാനം ഇങ്ങനെ ക്രമത്തിൽ പഠിക്കുന്നു. ഒരോന്നോരോന്നായി സർവ്വലോകജ്ഞാനവും കൈവരിക്കുന്നു. പഞ്ചഭൂതാത്മകമായ ഭൂമിയുടെ ധ്രുവവും ചലവുമായ രണ്ടുവിധം അറിവുകൾ നേടുന്നു. അത് ശരീരമായ ഭൂമണ്ഡലത്തിനുചുറ്റും കറങ്ങുന്ന സ്വമനസ്സ് എന്ന ചന്ദ്രഘടികാരസൂചിയുടെ മനശ്ശാ സ്ത്രവിജ്ഞാനവും അടങ്ങുന്നതാണ്. മനസ്സ് ഏതെല്ലാം താരാഗ്രഹവ്യൂഹങ്ങളിൽ ചെല്ലു ന്നുവോ അവയുടെയെല്ലാം ജ്ഞാനവും ശേഖരിക്കുന്നു. ഇങ്ങനെ ആദ്യം സ്ഥൈര്യം കൊണ്ട് യോഗശ്രദ്ധയും ധാരണ, ധ്യാനം എന്നിവയും അങ്ങനെ ഭേദഭാവനാനിവൃത്തി യും, രണ്ടാമത് ശരീരശാസ്ത്രം, മനശ്ശാസ്ത്രം, വൈദ്യശാസ്ത്രം മൂന്നാമത് സൂര്യ സിദ്ധാന്തം. നാലാമത് ചന്ദ്രസിദ്ധാന്തം, അതോടനുബന്ധിച്ച് താരാവ്യൂഹജ്ഞാനം ഉൾപ്പെട്ട ആസ്ട്രോഫിസിക്സ് മുഴുവനുമായും ഗ്രഹിക്കുന്നു. പ്രപഞ്ചവിജ്ഞാനീയം ഗ്രഹിക്കുന്നു.

32. പതഞ്ജലി:- മൂർദ്ധ്നിജ്യോതിഷി സിദ്ധദർശനം.

വ്യാസ:- ശിരഃകപാലത്തിന്റെ അന്തഃഛിദ്രം പ്രഭാസ്വരമായ ജ്യോതിസ്സാണ്. അതിൽ സംയമം ചെയ്താൽ ദ്യാവാപൃഥികൾക്കിടയിലുള്ള അന്തരാളത്തില് (ഇടയിൽ) സഞ്ച രിക്കുന്നവരായ (ദ്യാവാപൃഥ്യോരന്തരാള ചാരിണാം) സിദ്ധന്മാരെ ദർശിക്കാനാവും.

സുവർണ്ണ:- ശിരഃകപാലം തലയോട് അഥവാ skull. അന്തഃഛിദ്രം ബ്രഹ്മരന്ധ്രം Cavity.

വാചസ്പതി:- മൂർദ്ധ് ശബ്ദം സുഷുമ്നാനാഡിയുടെ ഉപരിഭാഗം (മൂർദ്ധാവ്) ലക്ഷ്യ മാക്കുന്നു. അവിടെ സംയമം ചെയ്താൽ സിദ്ധദർശനം.

സുവർണ്ണ:- ഇത് സത്യമെന്ന് ഓരോരുത്തരും പരീക്ഷിച്ച് അനുഭവിച്ച് അറിയേണ്ട താണ്. മസ്തിഷ്കത്തിൽ അനവധി നാഢീവ്യൂഹങ്ങളുടെ അനവധി ന്യൂറോണൽ ചാന ലുകള് നിരന്തരം അയയ്ക്കുന്ന വൈദ്യുതകാന്തിക മണ്ഡലത്തിന്റെ ജ്യോതിസ്സുണ്ടെന്ന്

ആധുനികവൈദ്യശാസ്ത്രത്തിനും അറിയാം ഇത് വ്യാസഭഗവാനും അറിഞ്ഞിട്ടുണ്ട്. മാത്ര മല്ല നിരന്തരം ഈ വിഷയങ്ങളിലെല്ലാം ശ്രദ്ധ ചെലുത്തിയ എനിക്ക് പലതവണ സിദ്ധ ദർശനം ജാഗ്രദ്, സ്വപ്ന സുഷുപ്തി അവസ്ഥകളിലായി അനുഭവപ്പെടുകയും അത് എന്നെ പുതിയ ജ്ഞാനമണ്ഡലങ്ങളിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. (പാഥേയം എന്ന ആത്മീയ ആത്മകഥ കാണുക) മറ്റു പല ശാസ്ത്രകാരന്മാരും കവികളും ഇങ്ങനെ ദർശനം കിട്ടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

33. പതഞ്ജലി :- പ്രാതിഭാദ്വാ സർവ്വം.

വ്യാസ:- പ്രാതിഭം എന്നു പേരുള്ള തടാകം അതിന്റെ ജ്ഞാനത്തിന്റെ അഥവാ വിവേകത്തിന്റെ പൂർവ്വരൂപം ഉദയത്തിൽ ഭാസ്കരന്റെ പ്രഭ എപ്രകാരമോ അതുപോലെ യാണ്. അതിനാലാണ് യോഗികൾ സർവ്വവും അറിയുന്നത്. പ്രതിഭയാണ് ജ്ഞാന ത്തിന്റെ ഉല്പത്തി.

വാചസ്പതി:- പ്രതിഭയിൽ നിന്ന് ഭവിച്ചത് പ്രാതിഭം പ്രസംഖ്യാനഹേതുവിൽ സംയമം ചെയ്യുമ്പോള് അതിന്റെ പ്രകർഷത്തില് പ്രസംഖ്യാനം ഉദയം ചെയ്യുന്നു. ഈ പൂർവ്വലക്ഷണം അഥവാ പൂർവ്വലിംഗം അതിന്റെ ഊഹത്തിൽ നിന്ന് ജനിക്കുന്നു. യോഗി പൂർവ്വലിംഗത്തിൽ നിന്ന് പൂർവലക്ഷണത്തിൽ നിന്ന് സർവ്വവും അറിയുന്നു. ഇപ്രകാരം പ്രസംഖ്യാനസാന്നിദ്ധ്യം കൊണ്ടുതന്നെ സംസാരത്തെ തരണം ചെയ്യുന്നു. താരയതി ഇതി താരകം.

സുവർണ്ണ:-ജ്ഞാനോദയം അഥവാ പ്രതിഭ ഉദയസൂര്യതുല്യം പ്രഭയുള്ളതാണ്. പ്രതി ഭയുടെ പൂർവ്വരൂപങ്ങള് അവയുടെ സിദ്ധദർശനങ്ങൾ, അനുമാനങ്ങൾ- ഇപ്രകാരം ജ്ഞാന സാന്നിദ്ധ്യം ഒന്നുകൊണ്ടുതന്നെ, സ്വപ്രതിഭ കൊണ്ടുതന്നെ യോഗി താരകബ്രഹ്മത്തെ അറി യുന്നു. സംസാരസാഗരത്തെ തരണം ചെയ്യുന്നു. പ്രതിഭ താരകബ്രഹ്മം തന്നെയാണ്.

34. പതഞ്ജലി:- ഹൃദയേ ചിത്തസംവിത്ത്

വ്യാസ:- ബ്രഹ്മപുരത്തില് ദഹരം പുണ്ഡരീകമെന്ന വേശ്മത്തില് വിജ്ഞാനത്തെ സംയമം ചെയ്യുമ്പോള് ചിത്തസംവിത്ത്

വാചസ്പതി:- യദിദമസ്മിൻ ബ്രഹ്മപുരേ എന്ന് ഹൃദയപദം പറയുന്നു. ബൃഹത്വം കൊണ്ട് ആത്മാവ് ബ്രഹ്മമാണ്. അതിന്റെ പുരം അഥവാ നിലയം, സ്വനിലയം അധോമു ഖമായ പുണ്ഡരീകസദൃശമായ ഹൃദയത്തിലാണ് ബ്രഹ്മപുരം. ചിത്തസംവേദനമെന്നത് ഹൃദയസംവേദനമാണ്. അതിന്റെ ഹേതു ഹൃദയമാണ്. ഹൃദയത്തിൽ സംയമം ചെയ്ത ചിത്തമാണ് വൃത്തിവിശിഷ്ടമായത്.

35. പതഞ്ജലി:- സത്വപുരുഷയോരത്യന്താസങ്കീർണ്ണയോഃ പ്രത്യയാവി ശേഷെ ഭോഗഃ പരാർത്ഥത്വാത് സ്വാർത്ഥസംയമാത് പുരുഷജ്ഞാനം

വ്യാസ:- ബുദ്ധിസത്വം പ്രഖ്യാശീലമായ സമാനസത്വത്തോട് ഉപനിബദ്ധമായി രജ സ്തമസ്സുകളെ വശീകരിച്ച് സത്യപുരുഷനൃതാപ്രത്യയമായി പരിണതമാകുന്നു. അത് സത്വത്താൽ പരിണാമിനി എന്ന അത്യന്തം വിധർമ്മത്താല് ശുദ്ധവും ചിതിമാത്രരൂപവു മായ പുരുഷനിൽ നിന്നന്യമാണ്. അവയുടെ അത്യന്തസങ്കീർത്തനത്താല് പ്രത്യയം. പുരുഷന്റെ ദർശിതവിഷയത്തിലുള്ള വിശേഷഭോഗമാകുന്നു. ഈ ഭോഗപ്രത്യയം സത്വ

ത്തിന്റെ പരാർത്ഥത്വത്താല് ദൃശ്യമാണ്. വിശിഷ്ടവും ചിതിമാത്രരൂപവുമായ പൌരുഷേയമായ പ്രത്യയം അതിൽ സംയമിച്ചിട്ട് പുരുഷവിഷയമായ പ്രജ്ഞ ഉണ്ടാവുന്നു. പുരുഷപ്രത്യയത്താൽ ബുദ്ധി സത്വാത്മാവാല് പുരുഷനെ ദൃശ്യമാകുന്നില്ല. പുരുഷൻ തന്റെ പ്രത്യയത്താല് സ്വാത്മാവലംബനം ദർശിക്കുകയാണ്. അതിനാൽ വിജ്ഞാതാരമമേ കേന വിജാനീയാത് (ബൃഹ. 2.4.14, 4.5.15) എന്ന് പറയുന്നു.

വാചസ്പതി:- സത്വപുരുഷന്റെ അത്യന്തസങ്കീർണ്ണമായ പ്രത്യയവിശേഷമാണ് ഭോഗം. പരാർത്ഥം കൊണ്ട് സ്വാർത്ഥത്തെ സംയമം ചെയ്ത ശേഷമാണ് ജ്ഞാനം കിട്ടുന്നത്. പ്രകാശരൂപവും അതിസ്വഛവും നിതാന്താഭിഭൂതമായ രജസ്തമസ്സുകളാൽ വിവേകഖ്യാതിരൂപത്തില് പരിണതമാകുന്നതുമായ ബുദ്ധിസത്വത്തിന്റെ ആത്യന്തിക ചൈതന്യത്തിന്റെ അസങ്കരം, രജസ്തമോർജ്ജജഡസ്വഭാവങ്ങളായി പരിണമിക്കുന്നില്ല എന്നാണ് ഭാഷ്യകാരന്റെ ആശയം.

സുവർണ്ണ:- ഇത് ശ്രദ്ധേയം. പരിണാമസിദ്ധാന്തം രജസ്തമസ്സുകളുടെ സങ്കരം കൊണ്ടാണ്, അസങ്കരത്തിൽ പരിണാമം സംഭവിക്കാതെ വസ്തുക്കളും വംശങ്ങളും അതുപോലെ നിൽക്കും. വംശനാശം സംഭവിക്കയില്ല.

വാചസ്പതി:- കേവലം പ്രഖ്യാശീലമാത്രമായിരുന്നെങ്കില് അത് വിവേകഖ്യാതിരൂപത്തില് പരിണതമാകമായിരുന്നില്ല. നിതാന്തശുദ്ധപ്രകാശതയാൽ അത്യന്തസാരൂപ്യം ചൈതന്യത്തിനോടാണ്. ചൈതന്യവുമായല്ലാതെ മറ്റൊന്നിനോടും ചൈതന്യത്തിന് സങ്കരം സാധ്യമല്ല.

സുവർണ്ണ:- സമാനേതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, സമാനങ്ങളുമായാണ് സമാനങ്ങൾക്ക് സങ്കരം മനുഷ്യന് മനുഷ്യനോട്, പക്ഷിക്ക് പക്ഷിയോട്, ചൈതന്യത്തിന് ചൈതന്യത്തോട്.

വാചസ്പതി:- സത്വത്തോട് ഉപനിബന്ധനം അവിനാഭാവമാണ്. സമാനത്തോടുള്ള സംബന്ധം സത്വോപനിബന്ധനം. അങ്ങനെ സത്, ചിത്, സമാനങ്ങളുടെ ഏകോപനം വശീകാരമായി അഭിഭവിക്കുന്നു. രജസ്തമസ്സുകൾക്കേ പരിണാമമുള്ളൂ. കേവലപ്രകാശത്തിന് പരിണാമമില്ല.

സുവർണ്ണ:- കേവലോർജ്ജത്തിന് പരിണാമമില്ല എന്ന ആധുനികശാസ്ത്രസത്യം

വാചസ്പതി:- അപരിണാമിയായ പുരുഷനെ പരിണാമിയെന്ന് പറയുന്നത് കലർപ്പുള്ള അവസ്ഥയിലാണ്. അവിശേഷങ്ങളായ പ്രത്യയങ്ങൾ (ശാന്ത, ഘോര, മൂഢ രൂപങ്ങൾ) ബുദ്ധിചൈതന്യത്തിൽ പ്രതിബിംബോദ്ഗ്രഹണമാണ്. ചൈതന്യത്തിൽ ഇവ പ്രതിബിംബിക്കുന്നത് സ്വഛസലിലത്തില് ചന്ദ്രബിംബം പ്രതിഫലിക്കുന്ന പോലെയാണ്. ബുദ്ധിസത്വം പുരുഷഭിന്നമെങ്കിൽ പുരുഷന്റെ ഭോഗം ഞാന് കണ്ടു. ഞാൻ ചെയ്തു എന്നിവ ബുദ്ധിസത്വത്തിന്റേതാകയാൽ അതും പുരുഷഭിന്നമാണ്. ഭോഗപ്രത്യയമാണ് ഭോഗരൂപം. പ്രത്യയം സത്വത്തിന്റേതാണ്. പരാർത്ഥത്വത്താല് ദൃശ്യമാണ് ഭോഗ്യം. സത്വം തന്നെയാണ് സംഹതത്വത്താല് പരാർത്ഥം അതിന്റെ ധർമ്മമാണ് ഭോഗം അഥവാ പരാർത്ഥം. അതിനാൽ ഭോഗ്യം, ഭോഗം, ഭോക്താവ് എന്നിവ ഒന്നുതന്നെയാണ്. അനുകൂലപ്രതികൂലാവസ്ഥകളായ സുഖദുഃഖാനുഭവങ്ങളെ നാം ഭോഗമെന്ന് പറയുന്നു.

എന്നാൽ ആത്മാവിന് അനുകൂലം പ്രതികൂലം എന്ന വൃത്തിവിരോധം ഇല്ല എന്ന അവസ്ഥ ഉദിച്ച സ്വാമിയ്ക്ക് പിന്നെ സുഖദുഃഖഭോഗാനുഭവമെവിടെ. ഭോക്താവ് ഭോഗ്യത്തെ (തന്നെ തന്നിൽത്തന്നെ) ദർശിച്ചറിയുന്നു എന്നല്ലാതെ സുഖദുഃഖഭോഗം ചെയ്യുന്നില്ല. പരാർത്ഥ ത്തില് വിശിഷ്ടം എന്ന് പറഞ്ഞു. പരാർത്ഥം എന്ന് പഞ്ചമ്യന്യപദാധ്യാഹാരത്തില് വ്യാഖ്യാതം. പുരുഷവിഷയമായ പ്രജ്ഞയാൽ പ്രജ്ഞേയം പ്രജ്ഞാന്തരം എന്ന് അന വസ്ഥാദോഷം വരികയില്ലേ. ഇത്തരം പുരുഷപ്രത്യയത്താലെന്ന് ആരംഭിക്കുന്നു. ചിതി യാലാണ് ജഡം പ്രകാശിക്കുന്നത്. ജഡത്താൽ ചിതി പ്രകാശിക്കുന്നില്ല. പുരുഷ പ്രത്യ യമെന്നത് അചിദാത്മകമെങ്കിൽ അതെങ്ങനെ ചിദാത്മകത്തെ പ്രകാശിപ്പിക്കും. ചിദാ ത്മാവ് സ്വയം പരാധീനവും അപ്രകാശവുമായ ജഡത്തെ പ്രകാശിപ്പിക്കുന്നു. എന്ന താണ് യുക്തം. ബുദ്ധിസത്വാഗതമായ പുരുഷ പ്രതിബിംബത്തെ ആലംബനമാക്കിയത് പുരുഷാലംബനം. പുരുഷപ്രകാശനത്താലല്ല, പുരുഷാലംബനം. ബുദ്ധിസത്വമാണ് പ്രത്യ യത്താൽ സംക്രാന്തപുരുഷപ്രതിബിംബമായ പുരുഷഛായയിൽ നിന്ന് ചൈതന്യത്തെ തന്റെ ആലംബനമായറിയുന്നത്. എന്നിപ്രകാരം പുരുഷാർത്ഥം (പുരുഷനുവേണ്ടി). അതി നുവേണ്ടി ശ്രുതിയിൽ നിന്ന് വിജ്ഞാതാരം എന്ന് ഉദ്ധരിക്കുന്നു

സുവർണ്ണ:- ഒന്നിൽനിന്ന് ഒന്നിലേക്ക് ഗതി ചെയ്യുന്നതും പരിണമിക്കുന്നതുമായ ജഡ വസ്തുവിൽനിന്ന് (മാറ്റർ) തന്റെ ബുദ്ധിസത്വം എന്ന ജഡവസ്തുവോടു ചേർന്ന ജീവാത്മ ചൈതന്യത്തെ, ഛായയിൽനിന്ന് വേറിട്ടതും ഛായയ്ക്ക് ആലംഭനവും ആയ ചൈതന്യ ത്തിന് സമാനമായി അറിയുന്ന പ്രക്രിയ. ഇതിന്റെ എക്സ്പെരിമെന്റാണ് ജ്യോതിശ്ശാസ്ത്രം. പുരുഷാർത്ഥങ്ങളില് വിജ്ഞാതാരമായ ചൈതന്യസ്വരൂപത്തെ (ഊർജ്ജം, എനർജി) കുറിച്ച ചിന്ത, ഫിലോസഫി, വിവിധ ശാസ്ത്രപരീക്ഷണങ്ങൾ എന്നിവ ഇപ്രകാരം യോഗസൂത്ര ത്തില് വ്യാസ, വാചസ്പതിഭാഷ്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു.

36. പതഞ്ജലി:- തതഃപ്രാതിഭശ്രവണവേദനാദർശാസ്വാദവാർത്താജായന്തേ

വ്യാസ:- പ്രതിഭ കൊണ്ട് സൂക്ഷ്മവ്യവഹിത വിപ്രകൃഷ്ടാതീതാനാഗതജ്ഞാന ങ്ങള് ലഭിക്കുന്നു. ശ്രവണം എന്നാൽ ദിവ്യശബ്ദശ്രവണം. വേദന എന്നാൽ ദിവ്യസ്പർശാ ദിഗമങ്ങളായ സംവേദനങ്ങൾ. ആദർശമെന്നാൽ ദിവ്യരൂപസംവിത്തുകള്. ആസ്വാദം എന്നാൽ ദിവ്യരസസംവിത്തുകൾ. വാർത്ത എന്നാൽ ദിവ്യഗന്ധവിജ്ഞാനങ്ങൾ.

വാചസ്പതി:- സ്വാർത്ഥസംയമത്താല് അതുവരെ പ്രധാനം എന്ന് വിചാരിച്ച സ്വകാ ര്യങ്ങളായ പുരുഷജ്ഞാനങ്ങളിൽ നിന്ന് അഭിനിവൃത്തി. അപ്പോൾ വിഭൂതികള് ലഭിക്കു ന്നു. സർവ്വവും ദർശിക്കാനാവുന്നു. ശ്രവണ, വേദനാ, ദർശാ, സ്വാദ വാർത്തകള് ജനി ക്കുന്നു. യോഗധർമ്മത്താല് അനുഗൃഹീതരായവർക്ക് മനസ്സ്, ശ്രോത്രം, ത്വക്ക്, ചക്ഷു, ജിഹ്വ, ഘ്രാണേന്ദ്രിയം എന്നിവയുടെ അസംഖ്യം സൂക്ഷ്മപ്രതിഭാജ്ഞാനത്താൽ ദിവ്യ ശബ്ദാദികളായ അപരോക്ഷഹേതുഭാവങ്ങൾ പറയപ്പെടുന്നു. ശ്രോത്രാദിപഞ്ചേന്ദ്രിയ ങ്ങളുടെ ദിവ്യശബ്ദാദികളുടെ അനുഭവത്തിന് താന്ത്രികമായ സംജ്ഞയാണ് ശ്രവണാ ദികളെന്നത്. ഭാഷ്യം സുഗമം.

37. പതഞ്ജലി:- തേസമാധാവുപസർഗ്ഗാവ്യത്ഥാനേ സിദ്ധയഃ

വ്യാസ:- പ്രതിഭാദികള് സമാഹിതചിത്തന്മാർക്ക് ഉപപദ്യമാനമായ ഉപസർഗ്ഗങ്ങളാ

ണ്. അവയുടെ ദർശനപ്രത്യനികത്വത്താല്. സിദ്ധന്മാരിൽ ഈ ഉപസർഗ്ഗങ്ങൾ (പ്രതിഭ കൊണ്ടുള്ള സൃഷ്ടികൾ) ഉത്ഥാനം ചെയ്യുന്നു.

വാചസ്പതി:- ആത്മവിഷയസംയമത്തില് പ്രവൃത്തമായവർക്ക് അതിന്റെ പ്രഭാവത്താല് അനേകം അർത്ഥാന്തരസിദ്ധികൾ കിട്ടി. കൃതാർത്ഥരാവുന്നു. ഇങ്ങനെ ഉണരുന്നു. അനേകം ഉപസർഗ്ഗങ്ങളാകുന്ന സൃഷ്ടികള് സിദ്ധരെ വ്യുത്ഥാനചിത്തരാക്കി തീർക്കാനിടയുണ്ട്. ജന്മദുർഗ്ഗത്തിൽ നിന്ന് ഒരു ദ്രവിണകണികപോലും സംഭരിച്ച ദ്രവിണന് മുക്തി കിട്ടാത്ത പോലെ ആവാന് സിദ്ധികളുടെ അനന്തമായ വ്യുത്ഥാനം ഇടവരുത്തുന്നു. സിദ്ധന്റെ ചിത്തത്തിന്, സമാഹിത ചിത്തരായ യോഗികളുടെ ചിത്തത്തിന്., അതിനാൽ അത്തരം സിദ്ധികളിൽ വിരക്തി മാത്രമാണുള്ളത്. താപത്രയത്തെ ആത്യന്തികോപശമം ചെയ്യുന്ന പരമപുരുഷാർത്ഥത്തില് മാത്രം അഭിസംഹതചേതസ്സുകളായി, സിദ്ധികളിൽ ഉദാസീനരായിരിക്കുന്നു. അനന്തസിദ്ധികളിൽ അവര് അനുരക്തരാവുന്നില്ല. അത് അവർക്കു കിട്ടിയതില് കൃതാർത്ഥത ഉണ്ടെങ്കിലും അതിനാല് അവർ പ്രലോഭിതരാവുന്നില്ല.

38. പതഞ്ജലി:- ബന്ധകാരണശൈഥില്യാത് പ്രചാരസംവേദനാച്ച ചിത്തസ്യ പരശരീരാവേശഃ

വ്യാസ:- ലോലീഭൂതമായ മനസ്സില് അപ്രതിഷ്ഠിതനായവന്റെ ശരീരത്തില് കർമ്മാശയവശത്താല് ബന്ധങ്ങൾ പ്രതിഷ്ഠിതമാവുന്നു. അവന്റെ കർമ്മങ്ങള് ബന്ധകാരണങ്ങളാണ്. അവയുടെ ശൈഥില്യം സമാധിബലം കൊണ്ടുമാത്രമേ സംഭവിക്കുകയുള്ളൂ. പ്രചാരവും സംവേദനവും ചിത്തത്തിന് സമാധിജന്യമാണ്. കർമ്മബന്ധക്ഷയത്താല് സ്വചിത്തത്തിന്റെ പ്രചാരസംവേദനങ്ങളില്, യോഗീചിത്തം നിഷ്കർഷയോടെയുള്ള സ്വശരീരാന്തരത്തില് നിക്ഷിപ്തമാവുന്നു. ഇങ്ങനെ നിക്ഷിപ്തമായ ചിത്തം പിന്നെ ഇന്ദ്രിയങ്ങളാൽ പതനം സംഭവിക്കാത്തതാണ്. എപ്രകാരം മധൂകരാജാവിനെ മധുമക്ഷികകൾ പിന്തുടരുന്നുവോ അതുപോലെ ഇന്ദ്രിയങ്ങള് പരശരീരാവേശമായ ചിത്തത്തെ അനുധാവനം ചെയ്യുകയേ ഉള്ളൂ.

വാചസ്പതി:- പുരുഷദർശനാന്തത്തില് ജ്ഞാനരൂപമായ ഐശ്വര്യം സംയമഫലമായി നേരത്തേ പറഞ്ഞു. അതുപോലെ സംയമഫലമായ ക്രിയാരൂപമായ ഐശ്വര്യം പറയുന്നു. ബന്ധകാരണമായ വിഷയങ്ങളെയെല്ലാം യോഗി സമാധിയിൽ സംയമബലത്താല് ഗ്രഹിക്കുന്നു. പ്രചരിക്കുന്നത് പ്രചാരം. ചിത്തത്തിന് ഗമനാഗമനാദ്ധ്വാനം നാഡീവ്യൂഹങ്ങളിലൂടെയാണ്. അവയുടെ സഞ്ചാരം അഥവാ അങ്ങോട്ടുമിങ്ങോട്ടുമുള്ള പ്രചാരമാണ് നാഢീസംവേദനം. ഈ നാഢീപ്രചാരവും നാഢീസംവേദനവും യോഗിയിൽ പൂർണ്ണമാണ്. യോഗിയല്ലാത്തവനിൽ അതിന് പലപ്രതിബന്ധങ്ങളുമുണ്ട്. ശിഥിലതകളും ഉണ്ട്.

സുവർണ്ണ:- എത്ര ശാസ്ത്രീയമായിട്ടാണ് ഇവിടെ പൌരാണികരുടെ ഭാഷ്യം എന്ന് ആധുനികമെഡിക്കൽ ശാസ്ത്രം പഠിച്ച ഞാൻ വിസ്മയിക്കുന്നു. നാഢീസഞ്ചാരത്തിന്റെ അങ്ങോട്ടും ഇങ്ങോട്ടുമുള്ള ഗതി, സംവേദനം, അതിന് തടസ്സമുണ്ടാവുമ്പോൾ വരുന്ന അപൂർണ്ണതകളായ രോഗങ്ങള്, അപൂർണ്ണജ്ഞാനങ്ങള് ഇവയെ അവർ അറിഞ്ഞിരുന്നു. അത് ആയുർവ്വേദശാസ്ത്രത്തില് അവര് പ്രയോഗിച്ചിട്ടുമുണ്ട്.

വാചസ്പതി:- അപ്രതിബദ്ധമായ നാഢീവ്യൂഹമാർഗ്ഗങ്ങളിലൂടെ മുകളിലേക്ക് സഞ്ച

രിച്ച് ശരീരത്തിന്റെ വ്യൂഹങ്ങളിൽ നിന്ന് നിഷ്ക്രമിച്ച് സൂക്ഷ്മജ്ഞാനം നേടാന് യോഗിയ്ക്ക് സാധിക്കുന്നു. ഇതിനെ- ഈ നിഷ്ക്രമണത്തെ കൊണ്ടുള്ള ആകാശഗമ നാദികളെയാണ് പരശരീരാവേശം എന്ന് പറയുന്നത്.

സുവർണ്ണ:- അത് മറ്റൊരു ശരീരത്തെ ആവേശിക്കലല്ല പരചിത്തജ്ഞാനമാണെന്ന് ഗ്രഹിക്കണം. സൈക്കോളജിക്കൽ ജ്ഞാനം എന്ന് പറയാം. ആകാശഗമനം ക്ലെയർവോയൻസുമാവാം. അന്തരീക്ഷയാനവുമാവാം

വാചസ്പതി:- അതുകൊണ്ട് ആകാശനാഡീപ്രചാരങ്ങളും അറിയാനാവുന്നു. ഇന്ദ്രിയങ്ങൾ ചിത്താനുസാരിണികളാണ്. അവ പരശരീരത്തിലും യഥാധിഷ്ഠാനം നിവേശിതമാണ് എന്ന് യോഗി അറിയുന്നു.

39. പതഞ്ജലി:- ഉദാനജയാജ്ജലപങ്കകണ്ടകാദിഷ്വസംഗ ഉത്ക്രാന്തിശ്ച

വ്യാസ:- പ്രാണാദിലക്ഷണമുള്ള സമസ്തേന്ദ്രിയവൃത്തിയുമാണ് ജീവനം. പ്രാണന്റെ ക്രിയ അഞ്ചുവിധം. മുഖനാസികാഗതി മുതൽ ഹൃദയവൃത്തിവരെ (ചംക്രമണം) എല്ലാം പ്രാണനാണ്. പ്രാണൻ സമമായി നയനത്താൽ സമാനനായി സമാനമായി അഭിവൃത്തി ചെയ്യുന്നു. അപനയനം (വിപരീതഗതി) കൊണ്ട് അപാനനായി അപാദതലവൃത്തി ചെയ്യുന്നു. ഉന്നയനത്താൽ ഉദാനന് ആശിരോവൃത്തി ചെയ്യുന്നു. (ശിരസ്സുവരെ) വ്യാപിച്ച് വ്യാനൻ ആവുന്നു. ഇവപ്രധാനപ്രാണങ്ങൾ. ഉദാനൻ ജലം, പങ്കം, മുള്ള് ഇവയിൽ നിന്ന് അവയുമായുള്ള അസംഗത്താല് അവയെ ജയിച്ച് ഉത്ക്രാന്തി (മുകളിലേക്ക് ഉയരൽ) പ്രാപിക്കുന്നു. ഇത് പ്രയാണകാലത്ത് സംഭവിക്കുന്നു(മരണവേള). യോഗിവശിത്വത്താൽ ഈ ഉത്ക്രാന്തി മരണത്തിനുമുമ്പേ അനുഭവിക്കുന്നു. (കൂടുവിട്ട് കൂടുമാറുക, ആകാശഗതി ചെയ്യുക)

വാചസ്പതി:- സാംഖ്യകാരിക (26) പ്രകാരം പ്രാണാദിവായുക്കളുടെ സാമാന്യകരണവൃത്തികൾ അഞ്ചാണ്. ലക്ഷണീയത കൊണ്ട് അവയുടെ പ്രയത്നം അഥവാ ക്രിയയാല് അഞ്ചുവിധം കാര്യം സംഭവിക്കുന്നു. പ്രാണൻ നാസികാഗ്രം മുതൽ ഹൃദയം വരെ അവസ്ഥിതമായ വായുവാണ്. ഭക്ഷിച്ചതും കുടിച്ചതുമായ ആഹാരങ്ങൾക്ക് പരിണാമഭേദമുണ്ടാക്കി രസരൂപമാക്കി, അതാതു സ്ഥാനത്ത് സമമായി അനുരൂപമായി നയിക്കുന്ന വായുവിനെ സമാനനെന്ന് പറയുന്നു. ഹൃദയം മുതല് നാഭിവരെയാണ് സമാനന്റെ സ്ഥാനം. മൂത്രം, പുരീഷം, ഗർഭം മുതലായ അപനയനങ്ങൾക്ക് ഹേതു അപാനൻ. അത് നാഭിമുതൽ പാദതലം വരെ വർത്തിക്കുന്നു. ഉന്നയനം അഥവാ ഊർദ്ധ്വവൃത്തിയായ നയനത്തിന്റെ രസമാണ് ഉദാനം. നാസികാഗ്രം മുതൽ ശിരസ്സുവരെയാണ് അതിന്റെ വൃത്തി. എല്ലായിടത്തും വ്യാപ്തിയുള്ളത് വ്യാനന്. പ്രാണന്റെ ഉത്ക്രമത്തെക്കുറിച്ച് സർവ്വോത്ക്രമം എന്ന് ശ്രുതി. പ്രാണമുത്ക്രാന്തമനുസസർവ്വേ പ്രാണാ ഉത്ക്രാമന്തി (ബൃഹദാ. 4.4.2) പ്രാണാദികളുടെ ക്രിയാഭേദം അവയുടെ സ്ഥാനഭേദം ഒന്നുകൊണ്ടുമാത്രമാണ് എന്ന് സൂത്രാർത്ഥം അവധാരണം ചെയ്യുന്നു. ഉദാനനിൽ സംയമം ചെയ്യുന്ന യോഗിയ്ക്ക് ശരീരജയം സാധിക്കുന്നു. പ്രയാണ(മരണ) കാലത്ത് അർച്ചിരാദിഗതിയിലാണ് ഉത്ക്രാന്തി അനുഭവപ്പെടുന്നത്. ഇതേ ഉത്ക്രാന്തി വശിത്വത്താൽ യോഗിയ്ക്ക് നേരത്തേ ലഭിക്കുന്നതായി പ്രതിപാദിച്ചിരിക്കുന്നു. പ്രാണാദിസംയമത്താൽ അവയെ

ജയിച്ച് യോഗി വിഭൂതികൾ നേടുന്നു. അതാത് ക്രിയാസ്ഥാനങ്ങളുടെ വിജയം പ്രാണജയത്താൽ സാധിക്കുന്നു.

40. പതഞ്ജലി:- സമാനജയാജ്ജ്വലനം

വ്യാസ:- സമാനനെ ജയിച്ച് യോഗി തന്റെ തേജസ്സിന്റെ ഉയർച്ച കൊണ്ട് ജ്വലിക്കുന്നു.

വാചസ്പതി:- തേജസ്സ് ശരീരത്തില് നിന്ന് ഉത്ഭവിച്ച് ഉത്തേജനമാർജ്ജിച്ച് പരമമായ കാന്തിയോടെ ജ്വലിക്കുന്നു

41. പതഞ്ജലി:- ശ്രോത്രാകാശയോഃ സംബന്ധനം യമാദ്ദിവ്യം ശ്രോത്രം

വ്യാസ:- സർവ്വശബ്ദങ്ങൾക്കും സർവ്വശ്രോത്രങ്ങൾക്കും പ്രതിഷ്ഠയാണ് ആകാശം. അതിനാൽ തുല്യദേശശ്രവണങ്ങൾക്ക് ഏകദേശശ്രുതിത്വത്താല് സർവ്വവും ഭവിക്കുന്നു. അപ്രകാരം സർവ്വവും ഭവിക്കുന്ന ആകാശത്തിന്റെ ലിംഗം അനാവരണം ചെയ്യുന്നു. അമൂർത്തമായതിനെ അനാവരണദർശനം ചെയ്കയാല് ആകാശത്തിന് വിഭൂത്വം പ്രഖ്യാതമാണ്. ശബ്ദഗ്രഹണാനുമിതമാണ് ശ്രോത്രം. ബധിരൻ ശബ്ദം ഗ്രഹിക്കുന്നില്ല. അബധിരൻ ഗ്രഹിക്കുന്നു. അതിനാൽ ശബ്ദവിഷയമാണ് ശ്രോത്രം. ശ്രോത്രവും ആകാശവും തമ്മിലുള്ള സംബന്ധത്തിൽ സംയമം ചെയ്ത യോഗിയ്ക്ക് ദിവ്യശ്രോത്രം ലഭിക്കുന്നു.

വാചസ്പതി:- സ്വാർത്ഥസംയമത്താല് സർവ്വശബ്ദശ്രവണവും സാധിക്കുന്നു. ശ്രോത്രവും ആകാശവും ആധാരധേയങ്ങൾ. അവ തമ്മിലുള്ള സംബന്ധത്തിലാണ് യോഗി ശ്രദ്ധ സംയമിക്കുന്നത്. ആഹങ്കാരികങ്ങളായ സർവ്വശ്രോത്രങ്ങൾക്കും ആകാശമാണ് ആധാരം. അഥവാ പ്രതിഷ്ഠ. പാർത്ഥിവമായ ശബ്ദങ്ങള് ഗ്രഹീക്കാനുള്ളതാണ് കർണ്ണശഷ്കലീസുഷിരവർത്തിയായ ബാഹ്യമായ നമ്മുടെ ചെവി. അതുകൊണ്ട് അസാധാരണ ശബ്ദശ്രവണം സാധിക്കയില്ല. ഇതുപോലെ ഗന്ധാദിഗുണസഹകാരി, ഘ്രാണാദിഗുണസഹകാരികളായ ബാഹ്യങ്ങളായ മറ്റിന്ദ്രിയങ്ങളേയും ആലോചിക്കണം. ഘ്രാണരസനത്വക്ചക്ഷുശ്രോത്രങ്ങളായ ഭൂതാധിഷ്ഠാനം അഹങ്കാരം. ഭൂതങ്ങളുടെ ഉപകാരാപകാരങ്ങളിലാണ് ഘ്രാണാദികളുടെ ഉപകാരാപകാരങ്ങളെ ദർശിക്കുന്നത്. ശ്രോത്രം ആഹങ്കാരികമയവും അപ്രതിമയുമായ അയസ്കാന്തമണിപോലെ വക്തൃത്തിൽ നിന്ന് ഉത്ഭവിച്ച വക്തസ്ഥമായ ശബ്ദത്താല് ആകൃഷ്ടമായി സ്വവൃത്തിപരമ്പരയാൽ വീണ്ടും വീണ്ടും വക്തത്തിൽ നിന്ന ശബ്ദത്തെ സൃഷ്ടിക്കുന്നു. ദിക്ദേശവൃത്തിയായ ശബ്ദപ്രതീതി ഉള്ളവയാണ് ഈ ശബ്ദങ്ങള്. പ്രാണഭൃത്തുക്കളായ മാത്രകളിൽ നിന്നുണ്ടാവുന്നവയാകയാൽ പ്രാണനാല് ബാധിക്കപ്പെട്ട് അപ്രമാണീകൃതങ്ങളുമാണ്. അതിനാലാണ് പഞ്ചശിഖൻ തുല്യദേശശ്രവണാനാമേകദേശശ്രുതിത്വം സർവ്വേഷാം ഭവതി എന്ന വാക്യം പറഞ്ഞത്. ചൈത്രാദികളായ തുല്യദേശങ്ങളിലെ ശ്രവണങ്ങൾ അഥവാ ശ്രോത്രങ്ങൾ. ഒരു പ്രത്യേകദേശത്തുണ്ടായ ശബ്ദങ്ങള് ആ പ്രത്യേകദേശത്തെ ശ്രോത്രങ്ങൾ ശ്രവിക്കുന്നു. സർവ്വശ്രോത്രങ്ങൾക്കും അധിഷ്ഠാനം ആകാശം. ശബ്ദഗുണതന്മാത്രയാൽ ഉല്പന്നവും ശബ്ദഗുണകവും (ശബ്ദത്തെ ഗുണിക്കുന്നത് എന്നും അർത്ഥം ഉണ്ട്) ശബ്ദത്താൽ സഹകാരിയുമാണ്. അതിനാൽ പാർത്ഥിവാദികളായ സർവ്വശബ്ദവും ഗ്രഹിക്കാന് കഴിയും. അതിനാൽ സർവ്വത്തിനും ഏകജാതീയമാണ് ശ്രുതി അഥവാ ശബ്ദമെന്നർത്ഥം. ആകാശത്തിന്റെ ശ്രോത്രാധിഷ്ഠാനത്വം ശബ്ദഗുണത്വം എന്നിവ കാണാം.

ഏകദേശശ്രുതിത്വമാണ്. അതിനാൽ ആകാശലിംഗം അത് ഏകജാതീയമായ ശബ്ദത്തെ വ്യഞ്ജിപ്പിക്കുന്ന ശ്രുതി അഥവാ ആകാശശബ്ദവാചിയാണ്. ഈ ദൃശമായ ശ്രുതി അന്തരാത്മാവിൽ ശബ്ദമായി വ്യക്തമാവുന്നു. ആശ്രുതിയ്ക്ക് നേരത്തേ പറഞ്ഞ പൃഥി വ്യാദിഗുണമില്ല. പുറം ചെവി കൊണ്ട് കേൾക്കുന്നതല്ല. സ്വാത്മാവിൽ വ്യംഗ്യത്തെ വ്യഞ്ജകമായി അനുഭവിക്കുന്നതാണ്. ആകാശലിംഗത്തെ അനാവരണം ചെയ്യുന്നതാണ്. മൂർത്തങ്ങളുടെ അന്യോന്യ സംപിണ്ഡിതം കൊണ്ടല്ല (സംയോഗം) ആകാശം ഭവിച്ചത്. ആകാശത്തിന് അന്തം (അവസാനം) ഇല്ലതാനും. അതിനാൽ സർവ്വത്താൽ സർവ്വവും ആവൃതമായിരിക്കയാണ്. മൂർത്തദ്രവ്യങ്ങളുടെ അഭാവമാത്ര കൊണ്ടല്ല അനാവരണം ചെയ്യപ്പെടുന്നത്. ഭാവാശ്രിതത്വത്താൽ അവയുടെ അഭാവം, ഭാവത്തിൽത്തന്നെ അഭാവമാണ്. ചിതിശക്തി അതിനെ ആശ്രയിച്ചല്ല ഭവിച്ചത്. അപരിണാമിത്വത്താൽ അവച്ഛേദകത്വത്തിന്റെ അഭാവമാണ്. പരിണാമമില്ലാത്തതിന് വിഭജനവുമില്ല. അതിനാൽ ദിക്ക്, കാലം മുതലായ വിഭജനമില്ല. പൃഥി മുതലായ ദ്രവ്യങ്ങളുടെ വ്യത്യാസങ്ങളില്ല. അപ്രകാരം യാതൊരു പരിണാമവുമില്ലാത്ത നഭസ്സിൽ ശ്രദ്ധ സംയമം ചെയ്യുന്നത് സർവ്വവും അറിയാൻ യോഗിക്ക് സഹായകമാവുന്നു.

സുവർണ്ണ:- ദിക്ദേശകാലഗതിശൂന്യമായ ആ പൂർണ്ണതയാണ് ശൂന്യതയായി തോന്നപ്പെടുന്നത്. ഇപ്പോൾ നാം Time space continuum എന്ന് പറയുന്ന മാതിരി ഒന്നാണ് ദിക്കും ദേശവും തമ്മില് വിഭജനമില്ലാത്ത ഏകം, ബ്രഹ്മം

വാചസ്പതി:- ആകാശലിംഗത്തെ അനാവരണം ചെയ്യുന്ന സിദ്ധന് എത്രയെത്ര ആവരണമുണ്ടോ അത്രയത്ര സർവ്വത്ര ആകാശം എന്ന സർവ്വഗതത്വം ആകാശത്തിന്റേതു പോലെ സിദ്ധിക്കുന്നു. അമൂർത്തമായതിനെ ദർശിക്കുന്തോറും യോഗി അമൂർത്തത്തിന്റെ സർവ്വഗതത്വം അനുഭവിക്കുന്നു. സ്വായത്തമാക്കുന്നു. ശ്രോത്രസദ്ഭാവത്തിന്റെ പ്രമാണമാണ് ശബ്ദഗ്രഹണം. ക്രിയയാണ് കരണസാദ്ധ്യമായ ദൃഷ്ടം എപ്രകാരമാണോ ഛിദ്രാദികൾ അപ്രകാരമിരിക്കും സാധ്യം. ശബ്ദഗ്രഹണക്രിയ കരണസാധ്യത്താൽ ഭവിക്കുന്നു. കരണം എപ്രകാരമോ അത്രയേ ശബ്ദഗ്രഹണമുള്ളൂ. ബധിരന്റെ കർണ്ണം ഉദാഹരണം. ഇത് ചക്ഷു മുതലായ മറ്റിന്ദ്രിയങ്ങൾക്കും ബാധകമായ നിയമമാണ്. അന്വയം, വ്യതിരേകം, ഇവകളാലാണ് അവധാരണം ഇപ്രകാരമാണ് ഉപലക്ഷണം. ത്വക്ക് വായു, ചക്ഷു തേജസ്സ്, രസന, ഉദകം നാസിക പൃഥി, എന്നിവയോടുള്ള സംബന്ധനിയമങ്ങളും ഇതേ ശ്രോത്രാകാശസംബന്ധമായി സംയമനിയമം വെച്ചുതന്നെ ഗ്രഹിക്കണം.

42. പതഞ്ജലി:- കായാകാശയോഃ സംബന്ധസംയമാല്ലഘുതൂലസമാപത്തേശ്ചാകാശഗമനം.

വ്യാസ:- എത്രയാണോ ആകാശം അത്രയാണ് അതിരിക്കുന്ന ആകാശം. അതിനാൽ അവകാശം അഥവാ ആദാനം ചെയ്യപ്പെടുന്ന സ്ഥലം. കായാകാശങ്ങളുടെ സംബന്ധം അങ്ങനെ പ്രാപ്തമാകുന്നു. അതിൽ സംയമം ചെയ്യുമ്പോൾ, അതിനെ ജയിക്കുകയാൽ അതിന്റെ സംബന്ധം ലഘുവാകുന്നു. തൂലം (പൊടി) മുതൽ പരമാണു വരെയുള്ള ലഘുത്വം സമാപത്തമാകുന്നു. അഥവാ ലബ്ധമാകുന്നു. കായാകാശസംബന്ധജിതന്റെ ശരീരം ലഘുവാകുന്നു. ലഘുത്വത്താൽ ജലോപരി പാദം വെച്ച് വിഹരിക്കാം. ഊർണ്ണനാഭി (എട്ടുകാലി) തന്തു മാത്രയിൽ (നൂലുമാത്രം) വിഹരിക്കുന്ന പോലെ

പ്രകാശരശ്മിമേൽ വിഹരിക്കാന് സാധിക്കുന്നു. യഥേഷ്ടപ്രകാരം ആകാശഗതി കൊണ്ട് ആകാശഗമനം ചെയ്യാം.

വാചസ്പതി:- ശരീരജയം കൊണ്ടുള്ള സിദ്ധിക്രമം പറയുന്നു. ലഘുത്വം കൊണ്ട് യോഗിക്ക് എവിടേയും യഥേഷ്ടം സഞ്ചരിക്കാം

സുവർണ്ണ:- ബഹിരാകാശസഞ്ചാരികൾക്ക് ശരീരലഘുത്വം ഉണ്ടെന്നത് ഈ യുഗത്തില് ജീവിക്കുന്ന നമുക്കറിയാം അതുതന്നെയാണ് വ്യാസനും പറയുന്നത്.

43. പതഞ്ജലി:- ബഹിരകല്പിതാ വൃത്തിന് മഹാവിദേഹാ തതഃപ്രകാശാവരണക്ഷയഃ

വ്യാസ:- ശരീരത്തിന്റെ പുറത്ത് മനസ്സിന്റെ വൃത്തിലാഘവമുണ്ടാവുമ്പോള് വിദേഹമെന്ന നാമമുള്ള ധാരണ യാൽ സംഭവിക്കുന്നു. ശരീരത്തിനകത്തിരിക്കുന്ന മനസ്സ് പുറത്തും അകത്തും ഒരുപോലെ വൃത്തിയും പ്രതിഷ്ഠയുമുള്ളതായി കല്പിതമാവുന്നു. ശരീരനിരപേക്ഷമായി മനസ്സ് ബഹിർഭൂതങ്ങളെപ്പോലെ ബഹിർവൃത്തി ചെയ്യുന്നു. ഇപ്രകാരമുള്ള കല്പനയാല് അകല്പിതമായതുകൂടി സാധിക്കുന്ന അവസ്ഥയെ മഹാവിദേഹാവസ്ഥ എന്ന് പറയുന്നു. ഇതിൽ യോഗികൾക്ക് പരശരീരങ്ങളില് ആവേശിക്കാനും കൂടി കഴിയും. ഈ ധാരണയാൽ പ്രകാശത്മനായ ബുദ്ധിസത്വത്തെ ആവരണം ചെയ്ത ക്ലോശകർമ്മവിപാകത്രയങ്ങള് (രജസ്തമോമുലമായവ) ക്ഷയിച്ചുപോകുന്നു.

വാചസ്പതി:- പരകായപ്രവേശം അഥവാ പരശരീരാവേശഹേതുവായ സംയമം ക്ലേശകർമ്മവിപാകത്രയക്ഷയഹേതുകവുമാണ്. അകല്പിതരായ മഹാവിദേഹന്മാർ അതിനെ പ്രദർശിപ്പിക്കാനുള്ള ഉപായമായിട്ടാണ് ഇപ്രകാരം മറ്റൊരു ദേഹം കല്പിച്ച് അതിൽ വസിക്കുന്നത്. അത് വൃത്തി മാത്രമാണ്. കല്പനാജ്ഞാനമാത്രമാണ്. രജസ്തമസ്സുകളാലുണ്ടായ വിപാകത്രയമായ സർവ്വവും ഇല്ലാതായി സത്വമാത്രമായ വിവേകഖ്യാതി മാത്രം ഉണ്ടാവുമ്പോളാണ് ഇത് സാധിക്കുക

സുവർണ്ണ:- ഇപ്രകാരം സാധിച്ച ആത്മാവാണ് താനെന്ന് മറ്റുള്ളവരെ പ്രത്യേകിച്ചും ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള വൃത്തി മാത്രമാണ് പരകായപ്രവേശം.

വാചസ്പതി:- യോഗചിത്തം നിരാവരണം ചെയ്യപ്പെടുന്നു. യഥേഷ്ടം വിഹരിക്കുന്നു. യഥേഷ്ടം അറിയുന്നു. അനുഭവിക്കുന്നു.

44. പതഞ്ജലി:- സ്ഥൂലസ്വരൂപസൂക്ഷ്മാന്വയാർത്ഥവത്വംസംയമാദ് ഭൂതജയഃ

വ്യാസ: പാർത്ഥിവാദികളായ ശബ്ദാദികള് വിശേഷങ്ങളാണ് സഹകാരാദികൾ ധർമ്മങ്ങളാണ്. സ്ഥൂലശബ്ദത്താൽ അവ പരിഭാഷപ്പെടുത്തപ്പെടുന്നു. ഇപ്രകാരമുള്ള പരിഭാഷപ്പെട്ട ഭൂതങ്ങളിൽ പ്രഥമമാണ് രൂപം. ദ്വിതീയമായ രൂപം സ്വസാമാന്യത്താൽ മൂർത്തിയുടെ മൂർത്തിയാണ്. സ്നേഹം, ജലം ,വഹ്നി ഉഷ്ണം, വായു പ്രണാമിയും സർവ്വനോദനമായ ആകാശം. ഇപ്രകാരം സ്വരൂപശബ്ദത്താല് പറയപ്പെടുന്നു. ഈ സാമാന്യശബ്ദാദികളുടെ വിശേഷങ്ങൾ ഉണ്ടാവുന്നു. അതിനാൽ ഏകജാതിസമന്വിതാനാം ഏഷാം

ധർമ്മമാത്രമാവൃത്തി പറയപ്പെടുന്നു. സാമാന്യവിശേഷങ്ങളുടെ സമുദായമാണ് ദ്രവ്യം. സമൂഹമെന്നാൽ അതിൽ രണ്ടോ രണ്ടിലധികമോ ഉണ്ട് ഓരോന്നിനും അവസാനഭേദങ്ങളുള്ള അവയവങ്ങള് അനുഗമിക്കുന്നുണ്ട്. വൃക്ഷം ശരീരം വൃക്ഷശരീരങ്ങളുടെ ഒരു കൂട്ടം അഥവാ യൂഥമാണ് വനം എന്നതുപോലെ ശബ്ദത്താൽ ഭേദം പറയപ്പെട്ട അവയവങ്ങളാല് അനുഗതമാണ് ദ്രവ്യസമൂഹം. ദേവന് ഏകഭാവം. മനുഷ്യൻ ദ്വിതീയഭാവം. ദേവമനുഷ്യൻ ഉഭയഭാവം എന്നിങ്ങനെയാണ് ഒരു സമൂഹം ഇപ്രകാരമുള്ളതാണ്. ദ്രവ്യസമൂഹം, ഭേദം, അഭേദം, എന്നിവയാൽ അവയെ ഓരോന്നിനേയും വിവക്ഷിക്കുന്നു. ആമ്രങ്ങളുടെ സമൂഹം (മാവുകളുടെ) വനം, ബ്രാഹ്മണങ്ങളുടെ സമൂഹം ബ്രാഹ്മണസമൂഹം അഥവാ ബ്രാഹ്മമസംഘം. എന്നിങ്ങനെ ദ്വിവിധമായ യുതസിദ്ധം, അയുതസിദ്ധം എന്ന അവയവസമൂഹമുള്ളതാണ് വനവും സംഘവും. യുതസിദ്ധം വനം. സംഘം എന്ന് ശരീരം. അതിന്റെ കൂട്ടം.

അയുതസിദ്ധം. ശരീരം, വൃക്ഷം എന്നിവ അനേകം പരമാണുക്കളുടെ സംഘാതമായ അവയവങ്ങളാൽ നിർമ്മിതം. ഇപ്രകാരമുള്ള ഒരു സമൂഹമാണ് ഓരോ ദ്രവ്യവും, ഓരോ ശരീരവും ഇതാണ് അതിന്റെ സ്വരൂപം. എങ്ങനെ ഈ സൂക്ഷ്മരൂപം. തന്മാത്രമാണ് ഭൂതകാരണം. അതിന് ഏകാവയവമാണ്. പരമാണു മാത്രം. സാമാന്യവിശേഷാത്മാക്കളായി അയുതസിദ്ധാവയവഭേദാനുഗതമായ സമുദായങ്ങളായി ഇവിടെയുള്ള സർവ്വപ്രപഞ്ചവും സർവ്വതന്മാത്രകളും പരമാണു എന്ന തൃതീയരൂപം മാത്രമാണ്. ഭൂതങ്ങളുടെ ചതുർത്ഥരൂപം ഖ്യാതിക്രിയാസ്ഥിതിശീലമായ ഗുണങ്ങളാണ്. കാര്യസ്വഭാവാനുപാതമനുസരിച്ച് അന്വയശബ്ദത്താല് പറയപ്പെടുന്നു. പഞ്ചരൂപം അർത്ഥവത്വമാണ്. ഭോഗാപവർഗ്ഗാർത്ഥതാഗുണങ്ങളില് അന്വയിക്കപ്പെട്ട് ഗുണങ്ങൾ തന്മാത്രഭൂതഭൌതികങ്ങളില് സർവ്വം അർത്ഥവത്താകുന്നു. ഈ ഭൂതങ്ങളിൽ അഞ്ചെണ്ണത്തില് പഞ്ചരൂപങ്ങളിൽ സംയമം ചെയ്യുന്നതുകൊണ്ട് അതാതിന്റെ രൂപത്തോട് സ്വരൂപദർശനം ചെയ്ത് അതിന്റെ ജയം സാധിക്കുന്നു. പഞ്ചഭൂതസ്വരൂപങ്ങളെ ജയിച്ച യോഗി ഭൂതജയി അഥവാ ജിനനായി ഭവിക്കുന്നു. ആ ജയത്താൽ, അതാതിനനുസരിച്ച സങ്കല്പാനുവിധായിനിയായ ഭൂതപ്രകൃതിയായി ഭവിക്കാൻ യോഗിക്ക് സാധിക്കും.

വാചസ്പതി:- സ്ഥൂലസ്വരൂപം, സൂക്ഷ്മന്വയാർത്ഥങ്ങളില് സംയമം കൊണ്ട്, ഭൂതജയം, സ്ഥൂലമായത് സ്വരൂപം അതിന്റെ സൂക്ഷ്മമായ അന്വയം അർത്ഥം. അവ പാർത്ഥിവം, തൈജസം, വായവീയം, ആകാശീയം മുതലായ സർവ്വഭൂതങ്ങളും അവയുടെ ശബ്ദസ്പർശരൂപരസഗന്ധങ്ങളും ജയിക്കുമ്പോള് ആറുജഗത്തുക്കളുടെ ധാരണത്താൽ ശീതോഷ്ണങ്ങൾ നീലപീതാതികൾ, കഷായമധുരാദികൾ, സുരഭ്യാദികൾ എന്നിവയെ ജയിച്ചു. ഇവതന്നെയാണ് നാമരൂപപ്രയോജനങ്ങളാൽ പരസ്പരം ഭേദിച്ചുനില്ക്കുന്ന വിശേഷങ്ങൾ. പഞ്ചതന്മാത്ര പൃഥിക്ക് , ജലത്തിന് ഗന്ധമില്ല, തേജസ്സിന് ഗന്ധരസാദികളില്ല, വായുവിന് ഗന്ധരസരൂപമില്ല. ആകാശത്തിന് ശബ്ദം മാത്രമേയുള്ളൂ. ഇപ്രകാരം ഓരോ വിശേഷവും അതിന്റെ സഹകാരികളായ ധർമ്മങ്ങളും സ്ഥൂലശബ്ദത്താൽ പരിഭാഷിതമായി ശാസ്ത്രത്തില് പറയുന്നു. ഈ പാർത്ഥിവാദികളുടെ ധർമ്മങ്ങള് ഇപ്രകാരമാണ്.

പൃഥ്വീധർമ്മങ്ങൾ :- ആകാരം(രൂപം) ഗൌരവം (ഘനം, ഭാരം), രൌക്ഷ്യം, വരണം, സ്ഥൈര്യം, വൃത്തിഭേദങ്ങൾ, ക്ഷമ, കാർശ്യം, കാഠിന്യം, സർവ്വഭോഗത.

ആപസ്സിന്റെ ധർമ്മങ്ങൾ:- സ്നേഹം, സൌക്ഷ്മ്യം, പ്രഭ, ശൌക്ല്യം, മാർദ്ദവം, ഗൌരവം, ഗുണങ്ങൾ ശൈത്യം രക്ഷ, പവിത്രത്വം, സംധാനം.

തേജസ്സിന്റെ ധർമ്മങ്ങൾ :- ഊർദ്ധ്വഗതി, പാചകം, ദൃഗ്വത്വം, പാവകം, ലഘു, ഭാസ്വരം, ഗുണങ്ങൾ, പ്രധ്വംസനം, ഓജസ്സ്.

വായവിയധർമ്മങ്ങൾ:- തിര്യഗ്, യാനം, പവിത്രത്വം, ആക്ഷേപം, നോദനം, ബലം, ഗുണങ്ങൾ, അഛായത, രൌക്ഷ്യം എന്നിങ്ങനെ അനേകവിധം.

ആകാശീയധർമ്മങ്ങൾ :- സർവ്വതോഗതി, അവ്യൂഹം, അവിഷ്ടംഭം എന്ന് മൂന്നെണ്ണം പൂർവ്വധർമ്മവിലക്ഷണമാണ് ആകാശധർമ്മം. അതിന്മുമ്പ് മറ്റൊന്നില്ലാത്തത് എന്നർത്ഥം. ആകാരപ്രഭൃതികളായ ധർമ്മങ്ങള് ഇപ്രകാരം പഞ്ചഭൂതധർമ്മങ്ങളാണ്. ആകാരത്തിന്റെ സാമാന്യവിശേഷങ്ങൾ ഗോത്വം എന്നിവകളാല് അറിയുക ഇതാണ് പ്രഥമരൂപമായി പറഞ്ഞത്.

രണ്ടാമത്തെ രൂപം സ്വസാമാന്യം മൂർത്തിയ്ക്ക് കാഠിന്യം സിദ്ധിക്കുന്നു. സ്നേഹം അഥവാ ജലത്താൽ മജ്ജ, പുഷ്ടി, ബലാ, ധാനഹേതു സംഭവിക്കുന്നു. വഹ്നി, ഉഷ്ണം, ഉഭയം, സൌരം, ഭൌമം എന്നിങ്ങനെ സർവ്വത്ര തേജസ്സായി സമവേതോഷ്ണതയായി കണുന്നു. ധർമ്മാധർമ്മികളുടെ അഭേദവിവക്ഷയാല് സർവ്വവും അഭിധാനം ചെയ്യപ്പെടുന്നു. വായു വഹനശീലത്താൽ പ്രണാമിയാണ്. ചലനേന തൃണാദീനാം ശരീരസ്യാടനേന ച സർവ്വഗം വായു സാമാന്യം നാമിത്വമനുമീയതേ എന്ന് അതിനാല് പറയുന്നു. ആകാശം സർവ്വതോഗതി.യാണ്. സർവ്വത്ര ശബ്ദോപലബ്ധിലക്ഷണത്താൽ ശ്രോത്രത്തെ ആശ്രയിച്ച ആകാശഗുണത്താൽ പാർത്ഥിവാദിശബ്ദങ്ങള് കേൾക്കുന്നു. (3.41. ടീക) ഇതിനെ സ്വരൂപശബ്ദമെന്നു പറയുന്നു. മൂർത്ത്യാദിസാമാന്യങ്ങൾക്ക് ശബ്ദാദികളായ ഷഡ്ജാദികള്, ഉഷ്ണാത്വാദികൾ, ശുക്ലത്വാദികൾ, കഷായത്വാദികൾ, സുരഭിത്വാദികൾ അതാതിന്റെ (സാമാന്യങ്ങളടെ) ഭേദങ്ങളാണ്. മൂർത്ത്യാദികളില് ജംഭീരം, പനസം, ആമലകം മുതലായ ഫലങ്ങൾ അവയുടെ രസാദിഭേദങ്ങള് മുതലായ സാമാന്യങ്ങള് പരസ്പരം വ്യാവർത്തിക്കുന്നുണ്ട്. അതായത് ഫലത്തിന് അപ്പോൾ രസാദികളായ സാമാന്യങ്ങള് വിശേഷങ്ങളായി തീരുന്നുണ്ട്. ഏകജാതിയായത് പ്രത്യേകം പ്രത്യേകം പൃഥ്യാദികളായ ഏകൈകമായി, ജാതിയായി, ആ ജാതിയാൽ മൂർത്തിസ്നേഹാദിസമന്വിതമായി പലതായിത്തീരുന്നതിനെ ഏക ശബ്ദത്തിന്റെ ഷഡ്ജാദിധർമ്മമാത്രാവ്യാവൃത്തിയായി അറിയിക്കണം. ഏകശബ്ദത്തിൽ നിന്ന് ജാതമായ സകലത്തിലും സർവ്വമൂർത്തിവിശേഷങ്ങളിലും ശബ്ദം അതാതിന്റെ വിശേഷമായി പുനർജ്ജനിക്കുന്നുണ്ട്.

എല്ലാ ദ്രവ്യവും സാമാന്യവിശേഷാശ്രയമാണ്. അതിനാൽ അവയുടെ സമൂഹമായി അനുഭവിക്കുന്നവയും സമാന വിശേഷങ്ങൾ ചേർന്നതാണെന്ന് കണ്ടു. അല്ലാതെ അവയുടെ ആധാരം ദ്രവ്യമാണ് എന്ന് വരികയില്ല. ദ്രവ്യങ്ങൾക്കും അവയുടെ സമൂഹങ്ങൾക്കും ആധാരം മറ്റൊരു ദ്രവ്യം. സർവ്വദ്രവ്യത്തിനും ആധാരം ഏകജാതിയായ ആകാശം. സമൂഹമാത്രമാണ് ദ്രവ്യമെന്നത് ഭ്രമം. അതിൽ നിന്ന് സമൂഹവിശേഷം ദ്രവ്യമെന്ന് നിർദ്ധാരണം ചെയ്ത സമൂഹപ്രകാശനത്തെ ദ്വിഷ്ടം (രണ്ടും രണ്ടിലധികവും) എന്ന ഭ്രമമായി അറിയണം. രണ്ടു പ്രകാരത്തിൽ അവതിഷ്ഠമായിരിക്കുന്നത് ദ്വിഷ്ഠം. ഏകമാണ് പ്രകാരം. ഭേദങ്ങളെല്ലാം അസ്തമിക്കുമ്പോള് ഇത് ഗ്രഹിക്കാനാവുന്നു. യുതായുതസിദ്ധമായ അവയവത്വത്താൽ ചേതനം, അചേതനം എന്ന് ഉദാഹരണചതുഷ്ടയത്താൽ പറഞ്ഞു.

ദ്വിതീയമായ പ്രകാരം ദേവമനുഷ്യരെന്ന ശബ്ദം. ആ സമൂഹത്തിൽ ദേവർ, മനുഷ്യർ എന്ന സമൂഹത്തിന്റെ ഭിന്നഭാഗങ്ങള് ഉഭയമായിരിക്കുന്നു. എന്നാൽ ഉഭയശബ്ദത്തിൽ അവര് അവയവഭേദങ്ങളായി പ്രതീതി തോന്നുകയില്ല. അവയുടെ ഭാഗങ്ങൾ തന്നെ മനുഷ്യസമൂഹം, ദേവസമൂഹമെന്ന് സമൂഹമായി പറയപ്പെടുന്നതാണ്. ഉഭയശബ്ദത്താൽ ഭാഗദ്വയവാചിശബ്ദസഹിതമായ സമൂഹങ്ങളാണ് വാച്യം. വാക്യത്തിന് വാക്യാർത്ഥ വാചകത്വം എന്ന് ഭാവം. ഭേദം, അഭേദം എന്ന് ദ്വിവിധം വിവക്ഷിതമായതിനെ പിന്നീട് പറയുന്നു. ആമ്രങ്ങളുടെ വനം, ആമ്രങ്ങളുടെ സംഘം വനം. ബ്രാഹ്മണരുടെ സംഘം അഥവാ സമൂഹം പോലെ ആമ്രങ്ങളുടെ സമൂഹം വനം. ഗാർഗ്ഗന്മാരുടെ സമൂഹം ഗൌരി. ആമ്രവനം, ബ്രാഹ്മണസംഘം ഇവയ്ക്ക് അഭേദം വിവക്ഷിതം, സമൂഹം, സമൂഹി എന്ന വിധത്തില് വന, സംഘങ്ങൾക്ക് ആമ്ര, ബ്രാഹ്മണരുമായുള്ള ബന്ധം അഭേദമായി അറിയുന്നു. ഭേദം ഷഷ്ഠിശ്രുതമാണ്. ഗർഗ്ഗാണാം ഗൌരീ എന്നതിലുള്ളതുപോലെ. ആമ്രബ്രാഹ്മണസമൂഹങ്ങളിൽ സമാനാധികരണമാണ്. ആ വ്യത്യാസം ഗ്രഹിക്കണം. യുതസിദ്ധാവയവമാണ് സമൂഹം. യുതസിദ്ധം, പൃഥക്സിദ്ധം, (രണ്ടെണ്ണം ചേർന്നത്, അനേകം ചേർന്നത്) അവയുടെ ഇടയിലുള്ളത്. വനം ഒരു യൂഥമാണ്. അന്തരാളത്തിൽ അതിന്റെ അവയവങ്ങളായി വൃക്ഷങ്ങളും മൃഗപക്ഷ്യാദികളുമുണ്ട്. അയുതസിദ്ധാവയവമായ സമൂഹത്തിൽ വൃക്ഷങ്ങള്, മൃഗ്ങ്ങൾ, പരമാണുക്കൾ അടക്കം ഉണ്ട്. അതിന്റെ അവയവങ്ങൾ നിരന്തരമാണ്. സാമാന്യവിശേഷങ്ങളാല് ഇങ്ങനെയുള്ള സമൂഹത്തിൽ നിന്ന് ദ്രവ്യമൂർത്തമായ സമൂഹം നിർദ്ധാരണം ചെയ്യണം. ഇപ്രകാരം പ്രാസംഗികമായി ദ്രവ്യോല്പത്തി പറഞ്ഞ് പ്രകൃതം ഉപസംഹരിക്കുന്നു.

തൃതീയരൂപം:- തന്മാത്ര ഏകാവയവം. പരിമാണഭേദമുള്ള പരമാണു. സമാന്യം മൂർത്തി. ശബ്ദാദികൾ അവയുടെ വിശേഷാത്മാക്കൾ, അതിന്റെ അവയവങ്ങൾ, അയുതസിദ്ധം, നിരന്തരം, സമാന്യവിശേഷങ്ങൾ അതിന്റെ ഭേദത്താൽ ഉണ്ടാവുന്ന സമുദായങ്ങളാണ്. എപ്രകാരം പരമാണു സൂക്ഷ്മരൂപമോ അപ്രകാരം സർവ്വതന്മാത്രകളും സൂക്ഷ്മരൂപമാണ്.

ചതുർത്ഥരൂപം:- ഖ്യാതിക്രിയ, സ്ഥിതിശീലമെന്നീ ഗുണങ്ങൾ, കാര്യസ്വഭാവമായ അനുപാതം, അനുഗതി മുതലായ ശീലങ്ങൾ ഇവയാൽ പറയപ്പെടുന്നു. ഇവ അന്യയശബ്ദത്താൽ പറയപ്പെടുന്നു.

പഞ്ചമരൂപം:- അർത്ഥം വിവൃതമാക്കുന്ന ഭോഗശബ്ദം.. അർത്ഥം ഗുണമാണ്. ഭൌതികങ്ങളായ ഗോ, ഘടാദികളുടെ ഗുണം, അർത്ഥം അറിഞ്ഞ് അവയെ നിർമ്മിക്കയും ഉപയോഗിക്കയും ഭോഗിക്കയും ചെയ്യുന്നപോലെ ഇവിടെ സംയമവിഷയത്തെ പറഞ്ഞ്, സംയമത്തിന്റെ ഫലഭോഗം പറഞ്ഞിരിക്കുന്നു. ഭൂതപ്രകൃതി അഥവാ ഭൂതസ്വഭാവഗ്രഹണത്താൽ സർവ്വഭൂതഭോഗം അഥവാ അനുഭവം യോഗിയ്ക്ക് ലഭിക്കുന്നു.

45. പതഞ്ജലി:- തതോ അണിമാദിപ്രാദുർഭാവഃകായസമ്പത്തദ്ധർമ്മാനഭിഘാതശ്ച

വ്യാസ:- അണു അണിമയായി ഭവിക്കുന്നു. ലഘിമ ലഘു. മഹിമ മഹാൻ. അംഗുല്യഗ്രത്താൽ ചന്ദ്രനെപ്പോലും സ്പർശിക്കാനുള്ള പ്രാപ്തി കൈവരുന്നു. പ്രാകാമ്യം ഇഛക

ളുടെ അഭിഘാതം. ഭൂമാവ് ഉദകത്തിൽ ഉന്മജ്ജനം നിമജ്ജനം എന്നിവ പോലെ, വശിത്വം ഭൂതഭൗതീകങ്ങളിൽ വശിയായി ഭവിക്കൽ ഈശിത്വം അങ്ങനെ പ്രഭവിച്ച സർവ്വവ്യൂഹ ങ്ങൾക്കും ഈശ്വരത്വം. കാമാവസായിത്വം സത്യസങ്കല്പത. സങ്കല്പം കൊണ്ടുതന്നെ ഭൂതപ്രകൃതികളുടെ അവസ്ഥ ലഭിക്കുന്നത്. അത് ശക്തരിൽ പോലും പദാരത്ഥവിപര്യാസം ചെയ്യുന്നു. എങ്ങനെ. കാമാവസായികൾ സങ്കല്പത്താല് ഭൂതങ്ങളില് പൂർവ്വസിദ്ധന്മാരെ പുനർസൃഷ്ടിക്കുന്നു. ഇവയാണ് എട്ട് ഐശ്വര്യങ്ങൾ. കാലസമ്പത്തുക്കളെ പറഞ്ഞിരി ക്കുന്നു. യോഗികളെ പൃഥ്വി തന്റെ മൂർത്തിയാല് നിരോധിക്കുകയില്ല. ശരീരാദിക്രിയകളോ ശിലകളോ ജലമോ യോഗിയെ ക്ലേദിപ്പിക്കുന്നില്ല. അഗ്നി ഉഷ്ണത്താൽ ദഹിപ്പിക്കുന്നില്ല. വായു പ്രണാമിയായി വഹിക്കുന്നില്ല. ആകാശം അനാവരണാത്മകമായി സിദ്ധന്മാർക്ക് ഒരു നിരോധവും കൂടാതെ പൂർണ്ണമായി ദൃശ്യമാകുന്നു.

വാചസ്പതി:- സങ്കല്പാനുവിധാനത്തില് ഭൂതങ്ങളെ യോഗികൾക്ക് സിദ്ധിക്കുന്നത് പറയുന്നു. സ്ഥൂലസംയമജയം കൊണ്ട് അണിമാദിസിദ്ധികൾ ലഭിക്കുന്നു. അണുത്വ ത്താൽ അണിമയും, ലഘുത്വത്താൽ മഹിമയും ലഭിക്കുന്നു. ലഘുത്വത്താൽ ഐഷീക പ്പുല്ലിന്റെ തുലം അഥവാ പൊടിപോലെ ആകാശത്തിൽ ഉയർന്നു പൊങ്ങി സഞ്ചരിക്കാം. വിഹരിക്കാം. മഹിമ അല്പമെങ്കില് ഗ്രാമനഗരങ്ങൾ വരേയും അനന്തമെങ്കിൽ ആകാശ സീമ വരേയും പരിമാണം (അളവ്) ഉണ്ടാവുന്നു. സർവ്വകാര്യങ്ങളും നിർവ്വഹിക്കാനുള്ള പ്രാപ്തി യോഗിക്ക് ലഭിക്കുന്നു. ഭൂമിയിലിരുന്നുതന്നെ തള്ളവിരലഗ്രം കൊണ്ട് ചന്ദ്രമ ണ്ഡലം വരെ ചെന്ന് ചന്ദ്രനെ തൊടാനും കൂടി സാധിക്കും.

സുവർണ്ണ:- ഇപ്പോള് ബഹിരാകാശസഞ്ചാരം കൊണ്ട് ലഘിമ, മഹിമ ഇവയെ നമ്മൾ മനസ്സിലാക്കിയ ശാസ്ത്രസത്യങ്ങളാണ്. ചന്ദ്രനെ തൊടാനും മനുഷ്യരാശിക്ക് കഴിഞ്ഞി രിക്കുന്നു.

വാചസ്പതി:- ഭൂമിയിലിരുന്ന് വിരലറ്റം കൊണ്ടെന്ന പോലെ ചന്ദ്രനെ തൊടാനുള്ള കഴിവ് ലഭിക്കുന്നത് ലഘിമ, മഹിമ (ലഘുത്വം, മഹത്വം) എന്നീ സിദ്ധികളാലാണ്. രൂപ സംയമവിജയസിദ്ധിയെ പിന്നീട് പറയുന്നു. തന്റെ സ്വരൂപം ഭൂതസ്വരൂപത്താൽ മൂർത്ത്യാ ദികളിൽ നിന്നുപോലും അഭിഹനിക്കാനുള്ള ഇഛയെ പ്രാകാമ്യം ഇഛാനഭിഘാതം എന്ന് പറയുന്നു. ഒരു വലിയ വസ്തു ജലത്തിൽ മുക്കുകയും പുറത്തെടുക്കുകയും ചെയ്യു മ്പോൾ അത് മാറിമാറി ലഘുത്വം, മഹത്വം(ഭാരക്കുറവും, ഭാരവും) എന്നീ ഗുണങ്ങൾ ജലത്തെ ആദേശം ചെയ്ത് സ്വീകരിക്കുന്നു. അതുപോലെ ഇഛാനുസാരം അമൂർത്ത മായ ഭൂതസ്വരൂപവും മൂർത്തസ്വരൂപവും എടുക്കുന്നതിലെ പരമാനന്ദാനുഭവം പറയുന്നു.

സൂക്ഷമവിഷയസംയമവിജയത്തെ വശിത്വാദികളാൽ പറയുന്നു. പൃഥ്വ്യാദികളായ ഭൌതികവസ്തുക്കൾ, ഗോഘടാദികൾ എന്നിവ ഭൂതങ്ങളാണ്. പഞ്ചഭൂതങ്ങളെ അവ യുടെ കാരണതന്മാത്രകൾ, പൃഥിവ്യാദിപരമാണുക്കൾ അടക്കം തന്റെ വശത്താക്കുന്നത് വശീകാരം. അഥവാ കാര്യവശീകാരം. ഇത് വശിത്വം. അന്യയവിഷയസംയമജയത്തെ ഈശിത്വത്താല് പറയുന്നു. ഭൂതഭൌതികങ്ങളുടെ മൂലപ്രകൃതിയെ ജയിച്ച് പ്രഭവം (ഉ ല്പാദനം) സ്ഥിതി, നാശം, എന്നിങ്ങനെയുള്ള വ്യൂഹങ്ങളുടെ അതാത് അവസ്ഥപനം ഈശിത്വം അർത്ഥവത്വസംയമസിദ്ധിയെ കാമാവസായിത്വം അഥവാ സത്യസങ്കല്പം കൊണ്ട് പറയുന്നു. ഗുണാർത്ഥവത്വത്തെ ജയിച്ചവനാണ് യോഗി. അതാതിന്റെ അർത്ഥ

ങ്ങളെ സങ്കല്പിച്ച് അതാതിനെ പ്രയോജനത്തിനായി കല്പിക്കുക അഥവാ സൃഷ്ടിക്കുക സത്യസങ്കല്പനായ യോഗിക്കുമാത്രം കഴിയുന്നതാണ്. വിഷത്തെപ്പോലും അമൃതകാര്യത്തിനെന്ന് സങ്കല്പിച്ച് ഭോജനം ചെയ്ത് യോഗിയ്ക്ക് ജീവിക്കാനാവും. എപ്രകാരം ശക്തിവിപര്യാസം ചെയ്യുന്നുവോ അപ്രകാരം പദാർത്ഥവിപര്യാസം എങ്ങനെ ചെയ്യുന്നു. ചന്ദ്രനെ സൂര്യനും കൂഹുവെ സീനിവാലിയുമാക്കുന്നത് ശക്തിവിപര്യാസമാണ്. കാമാവസായികൾ അതുപോലെ പരമേശ്വരാജ്ഞയെ അതിക്രമിക്കാൻ ഉത്സാഹിക്കുന്നു. ശക്തിക്ക് പദാർത്ഥങ്ങളുടെ ജാതി, ദേശം, കാലം, അവസ്ഥാഭേദം മുതലായ നിയതസ്വഭാവങ്ങൾ യോഗ്യതയാണ് അത് ശക്തിയുടെ ഇഛാനുസാരമുള്ള വിധാനമാണ്. അതിനെ അനുസരിക്കാനും ലംഘിക്കാനും ശക്തിക്ക് കഴിയും. അതുപോലെയാണ് അഷ്ടൈശ്വര്യങ്ങൾ. അതിന്റെ ധർമ്മത്തെയാണ് അഭിഘാതം എന്ന് പറയുന്നത്. അണിമാദികളായി പ്രാദുർഭവിച്ച അഷ്ടൈശ്വര്യങ്ങളുടെ ധർമ്മങ്ങളെ അഭിഘാതം ചെയ്ത് ലംഘിച്ച്, സിദ്ധൻ പിന്നീട് ഉപാദാനമായി കായസിദ്ധി എന്ന് സൂത്രത്തിൽ ഉപബദ്ധമായി പറഞ്ഞ സകലവിഷയങ്ങളേയും, സംയമം ചെയ്ത് അവയ്ക്കതീതമായ ഫലത്തെ നേടുന്നു.

46. പതഞ്ജലി:- രൂപലാവണ്യബലവജ്രസംഹനനത്വാദി കായസമ്പത്

വ്യാസ:- എല്ലാവർക്കും ദർശനീയമായ കാന്തി, രൂപലാവണ്യം, അതിശയകരമായ ബലം, വജ്രത്തെപ്പോലും സഹിക്കുന്ന ആരോഗ്യം എന്നിവയാണ് ശരീരത്തിന്റെ സമ്പത്തുകൾ.

വാചസ്പതി:- വജ്രം കൊണ്ടു പ്രഹരിച്ചാലും ദൃഢവും നിബിഢവുമായ അവയവവ്യൂഹത്തിന് ക്ഷതമേല്ക്കാത്ത രീതിയിലുള്ള ശക്തിയും സൌന്ദര്യവും.

47. പതഞ്ജലി:- ഗ്രഹണസ്വരൂപാസ്മിതാന്വയാർത്ഥവത്ത്വസംയമാദീന്ദ്രിയജയഃ

വ്യാസ:- സാമാന്യവിശേഷാത്മകമാണ് ശബ്ദാദികളുടെ ഗ്രാഹ്യശക്തി. അവയിൽ ഇന്ദ്രിയങ്ങളുടെ വൃത്തിയാണ് ഗ്രഹണമെന്നത്. അതിന്റെ സാമാന്യമാത്രമല്ല, ഗ്രഹണരൂപം. വിശേഷ്യവിശേഷത്താൽ ഇന്ദ്രിയങ്ങളാലും മനസ്സാലും എങ്ങനെ എന്ന് ആലോചിക്കപ്പെട്ട ശേഷമാണ് സാമാന്യത്തെ ഗ്രഹിക്കുന്നത്. സ്വരൂപം പുനഃപ്രകാശാത്മകമായ ബുദ്ധിസ്ത്വത്തിന്റെ സാമാന്യവിശേഷങ്ങളുടെ അയുതസിദ്ധമായ അവയവഭേദങ്ങളെ അനുഗമിച്ചുണ്ടായ സമൂഹങ്ങളായ ദ്രവ്യേന്ദ്രിയങ്ങളാണ്. അതിന്റെ മൂന്നാമത്തെ രൂപമാണ് അസ്മിതലക്ഷണമുള്ള അഹങ്കാരം. ആ സാമാന്യത്തിന് ഇന്ദ്രിയങ്ങൾ വിശേഷങ്ങളാണ്. നാലാമത്തെ രൂപം വ്യവസായാത്മകമാണ്. പ്രകാശക്രിയാശീലമായ ഗുണങ്ങൾ ഈ ഇന്ദ്രിയങ്ങളുടെ സഹകാരത്തോടുകൂടി പരിണാമം പ്രാപിക്കുന്നു. അഞ്ചാമത്തെ രൂപം ഗുണങ്ങളുടെ അനുഗതമായി വരുന്ന പുരുഷാർത്ഥവത്വമാണ്. പഞ്ചേന്ദ്രിയരൂപങ്ങളിലും യഥാക്രമം സംയമം ചെയ്ത് അവയെ ജയിച്ച് പഞ്ചരൂപജയത്താൽ ഇന്ദ്രിയജയം യോഗികൾക്ക് ഉണ്ടാവുന്നു.

വാചസ്പതി:- ഭൂതങ്ങളെ ജയിച്ച യോഗിയുടെ ഇന്ദ്രിയജയോപായം പറയുന്നു. ഗ്രഹണം സ്വരൂപം. അസ്മിത അവയാർത്ഥവത്വം. അവയുടെ സംയമം ഇവയാണ് ഇന്ദ്രിയജയം. ഗ്രഹിക്കൽ ആണ് ഗ്രഹണം. അത് ഗ്രാഹ്യാധീനമായ നിരൂപണമാണ് എന്ന് ഗ്രാഹ്യത്തെ ദർശിക്കുന്നു. ഗ്രാഹ്യശക്തി സാമാന്യ വിശേഷാത്മകമാണ്. ഗ്രാഹ്യത്തെ

പറഞ്ഞാലേ ഗ്രഹണമാകയുള്ളൂ. ആലോചന എന്ന വൃത്തി വിഷയാകാരത്തിന്റെ പരിണതിയാണ്. ഗ്രഹണം സാമാന്യമാത്രഗോചരമല്ല. ബാഹ്യേന്ദ്രിയതതന്ത്രവുമാണ്. മനസ്സ് ബാഹ്യമായും പ്രവർത്തിക്കുന്നുണ്ട്. അതിനാലാണ് അന്ധൻ, ബധിരൻ, മുതലായവരുടെ ഗ്രാഹ്യശക്തിയിലുള്ള വ്യത്യാസം എടുത്തുപറഞ്ഞത്. വിശേഷവിഷയമായ ഇന്ദ്രിയങ്ങളുടെ അറിവും ആലോചിക്കപ്പെടുന്നതിനാൽ മനസ്സ് സാമാന്യവും വിശേഷവും ഗ്രഹിക്കുന്നുണ്ട്. അതിനാൽ സാമാന്യ വിശേഷവിഷയമായ ഇന്ദ്രിയാലോചനാവൃത്തിയുണ്ട് മനസ്സിന്. ഇപ്രകാരം ഗ്രഹിക്കപ്പെട്ട ഗ്രഹണമാണ് ഇന്ദ്രിയങ്ങളുടെ പ്രഥമരൂപം. ദ്വിതീയ രൂപം അഹങ്കാരസ്വരൂപമാണ്യ സത്വഭാഗത്താൽ ആത്മീയവും ഇന്ദ്രിയങ്ങളാല് ഭൌതീകവും ചേർന്നതാണ്. അതിന്റെ കാരണത്വം നിയതരൂപമുള്ള സാമാന്യവിഷയത്തേയും വിശേഷത്തേയും ഉഭയാത്മകമായി പ്രകാശിപ്പിക്കുന്നതാണ്. അഹങ്കാരമാണ് ഇന്ദ്രിയങ്ങളുടെ കാരണം. എപ്രകാരം അഹങ്കാരമോ അപ്രകാരം ഇന്ദ്രിയങ്ങൾ. സർവ്വേന്ദ്രിയസാധാരണ്യത്താല് അഹങ്കാരം ഇന്ദ്രിയങ്ങളുടെ സാമാന്യരൂപമാണ്. ഇതാണ് മൂന്നാമത്തെ രൂപം. നാലാമത്തെ രൂപം ഗുണങ്ങളാണ്. ഗുണങ്ങൾക്ക് ദ്വിരൂപം. വ്യവസായാത്മകത്വവും വ്യവസേയാത്മകത്വവും. വ്യവസേയാത്മകത്വം ഗ്രാഹ്യതയിൽ ആസ്ഥാനമാക്കി പഞ്ചതന്മാത്രകളായി ഭൂതഭൌതികങ്ങളെ നിർമ്മിക്കുന്നു. വ്യവയായാത്മകത്വം ഗ്രഹണരൂപത്തില് ആസ്ഥാനമായി അഹങ്കാരമായി ഇന്ദ്രിയാദികളായിരിക്കുന്നു.

48. പതഞ്ജലി:- തതോ മനോജവിത്വ വികരണഭാവഃ പ്രധാനജയശ്ചഃ

വ്യാസ:- കായത്തിന് അനുത്തമമായ ഗതിലാഭം മനോജവിത്വം. വിദേഹന്മാർക്ക് ഇന്ദ്രിയങ്ങളുടെ അഭിപ്രേതമായ ദേശകാലവിഷയാപേക്ഷമായ വൃത്തിലാഭം വികരണഭാവമാണ്. സർവ്വപ്രകൃതിവികാരവശിത്വം പ്രധാനജയമാണ്. അങ്ങനെയുള്ള 30 സിദ്ധന്മാരെ മധുപ്രതീകരെന്ന് പറയുന്നു.

സുവർണ്ണ:- ഇവരാണ് 30 മധുനാഡികളെന്ന രശ്മികളില് സഞ്ചരിക്കുന്ന-വികരണം ചെയ്യുന്ന ഭാവത്തിലിരിക്കുന്ന - മധുഛന്ദസ്സുകൾ മധുവിദ്യ അനുഭവിച്ച് അറിഞ്ഞ് സർവ്വർക്കും തരുന്നവർ.

വ്യാസ:- അവരെ കരണപഞ്ചകസ്വരൂപജയത്താല് അഭിഗമിക്കാന് കഴിയും.

വാചസ്പതി:- പഞ്ചരൂപേന്ദ്രിയജയത്താലാണ് സിദ്ധികൾ. വിദേഹർക്ക് ഇന്ദ്രിയങ്ങളുടെ കരണഭാവം വികരണഭാവം മാത്രമാണ്. ദേശം കാശ്മീരം ഇത്യാദി. കാലം അതീതം അനാഗതം ഇത്യാദി. വിഷയം സ്ഥൂലം, സൂക്ഷ്മം ഇത്യാദി. ദേശകാലവിഷയങ്ങളുടെ അന്വയം കൊണ്ട് അവയെയെല്ലാം ജയിച്ച് സർവ്വ പ്രകൃതിവികാരവശിത്വം കിട്ടലാണ് പ്രധാനജയം. യോഗശാസ്ത്രത്തില് നിഷ്ണാതരായവര് സിദ്ധന്മാരെ മധുപ്രതീകം എന്ന് പറയുന്നു. ഇന്ദ്രിയജയത്താൽ ഇന്ദ്രിയങ്ങള് സ്വവിഷയങ്ങളെ വശ്യം ചെയ്യുന്നു. അവയെ വശത്താക്കുന്നു. പ്രധാനാദികൾ അവയുടെ കാരണങ്ങളാണ്. ഇന്ദ്രിയകാരണങ്ങളായ പഞ്ചരൂപങ്ങളെ ഗ്രഹണം ചെയ്ത് ജയിക്കുന്ന വ്യക്തി പ്രധാനജയം നേടി, മനോജവത്വത്താൽ വികരണഭാവം മാത്രമുള്ള മധുപ്രതീകരായിരിക്കുന്നു.

49. പതഞ്ജലി:- സത്വപുരുഷാന്യതാഖ്യാതിമാത്രസ്യ സർവ്വഭാവാധിഷ്ഠിതൃത്വം സർവ്വജ്ഞാനാതൃത്വം

വ്യാസ:- രജസ്തമോമലങ്ങള് നീക്കിയ ബുദ്ധിസത്വം പരമായ വൈശാരദ്യത്താല് പരത്തെ വശീകാരസംജ്ഞയാൽ വർത്തിപ്പിക്കുന്നു. സത്വപുരുഷാന്യതാഖ്യാതിമാത്രരൂ

പ്രതിഷ്ഠരുടെ സർവ്വഭാവാധിഷ്ഠാതൃത്വം നേടുന്നു. സർവ്വാത്മർക്ക് ഗുണങ്ങള് വ്യവസേയവ്യവസായാത്മകമാണ്. സ്വാമിയായ ക്ഷേത്രജ്ഞൻപ്രതി അശേഷദൃശ്യാത്മകത്വത്താല് ഉപസ്ഥിതമാണ് സർവ്വജ്ഞാതൃത്വം സർവ്വാത്മനങ്ങളായ ഗുണങ്ങൾക്ക് ശാന്തം, ഉദിതം അവ്യപദേശ്യധർമ്മത്വത്താല് വ്യവസ്ഥിതമായ അക്രമത്തില് ഉപാരൂഢവും വിവേകജവുമായ ജ്ഞാനം എന്നർത്ഥം. ഇതിനാൽ വിശോകാ എന്നു പേരുള്ള സിദ്ധിയെ പ്രാപിച്ച യോഗി സർവ്വജ്ഞനായിത്തീരുന്നു. ക്ഷീണക്ലേശാദികളെ ബന്ധിച്ച് വശിയായി വിഹരിക്കുന്നു.

വാചസ്പതി:- ജ്ഞാനക്രിയാരൂപമായ ഐശ്വര്യഹേതുവായ സംയമം പറയുന്നു. സാക്ഷാത്പാരമ്പര്യം കൊണ്ടും സ്വസിദ്ധിയാൽ ഉപസംഹരിക്കപ്പെട്ട് സമ്പാദിച്ച ശ്രദ്ധാദികൾ കൊണ്ടും ജ്ഞാനം നേടുന്നു. സത്വപുരുഷാന്യതാഖ്യാതിമാത്രത്തിന് സർവ്വഭാവാദിഷ്ഠാതൃത്വം സർവ്വജ്ഞാതൃത്വം എന്നിവയുണ്ട്. നിർദ്ധൂതരജസ്തമോമലതയാല് വൈശാരദ്യം അതിന്റെ പരമാണ് വശീകാരസംജ്ഞ രജസ്തമസ്സുകളിൽ ഉപപ്ലുതമായ ചിത്തസത്വത്തെ അവയുടെ ഉപശമം കൊണ്ട് അഥവാ വശ്യം കൊണ്ട് സ്വതന്ത്രമാക്കി യോഗി വശിത്വം നേടുന്നു. അതിനാൽ വശ്യത്തില് സത്വപുരുഷാന്യത്യാഖ്യാതിമാത്രരൂപപ്രതിഷ്ഠനായ യോഗിക്ക് സർവ്വഭാവാധിഷ്ഠാതൃത്വമുണ്ട്. അതിനെ വിവൃതമാക്കുന്നു. സർവ്വാത്മാനം എന്നാല് വ്യവസായവ്യവസേയാത്മകം അഥവാ ജഡപ്രാശരൂപത്വം എന്നർത്ഥം. അതിനാൽ ക്രിയ ചര്യ പറയുന്നു. ജ്ഞനത്തിൽ സർവ്വജ്ഞാതൃത്വം ലഭിക്കാനുള്ള ക്രിയ ദ്വിവിധം. 1. യോഗിജനപ്രസിദ്ധമായ വൈരാഗ്യാദികൾ. 2. പൂർവ്വികപാരമ്പര്യത്തിലെ യോഗികളുടെ അനുഭവാദികളുടെ പഠനം അഥവാ സ്വാധ്യായം. അവയാൽ യോഗി വിശോകനായിത്തീരുന്നു. ക്ലേശങ്ങൾ കർമ്മബന്ധനങ്ങളാണ് അവയുടെ ക്ഷീണം, ക്ഷയം കൊണ്ടാണ് ഈ അവസ്ഥ.

50. പതഞ്ജലി:- തദ്വൈരാഗ്യാദപി ദോഷബീജക്ഷയേ കൈവല്യം

വ്യാസ:- ക്ലേശകർമ്മക്ഷയം കൊണ്ട് സത്വത്തില് വിവേകപ്രത്യയമായ ധർമ്മം തെളിയുന്നു. അപരിണാമിയായ ശുദ്ധസത്വമാണ് ഞാനെന്ന് അറിയുന്നു. വിരരജ്യമാനമായ (വൈരാഗ്യത്താൽ രജസ്സു നീങ്ങിയ) അതിൽ ക്ലേശബിജങ്ങള് ദഹിച്ച ശാലിബീജം പോലെ പിന്നെ പ്രഭവസമർത്ഥമല്ല. അവയുടെ പ്രലയത്തിൽ പുരുഷൻ പിന്നീട് ഈ താപത്രയം ഭുജിക്കയുമില്ല. മനസ്സിൽ കർമ്മക്ലേശവിപാകസ്വരൂപത്തില് അഭിവ്യക്തമാകുന്ന എല്ലാ ഗുണങ്ങളും ചരിതാർത്ഥമായി. ഇനി പ്രതിപ്രസവമില്ലാതാവുമ്പോൾ പുരുഷന് ആത്യന്തികമായി ഗുണവിയോഗം ഉണ്ടാവുന്നു. ഇതാണ് കൈവല്യം. സ്വരൂപപ്രതിഷ്ഠ നേടിയ ചിതിശക്തി തന്നെ പുരുഷൻ എന്ന് അർത്ഥം.

വാചസ്പതി:- സംയമാനന്തരം പുരുഷാർത്ഥഭാസഫലത്താല് വിവേകഖ്യാതി. സംയമത്താൽ പുരുഷാർത്ഥങ്ങൾ വിവേകഖ്യാതിയില് ദർശിക്കുന്നു. പരവൈരാഗ്യം ലഭിക്കുന്നതിന്റെ ഫലമാണ് കൈവല്യം. ക്ലേശകർമ്മക്ഷയത്താല് യോഗിയ്ക്ക് ജ്ഞാനം ലഭിക്കുന്നു. സത്വത്തിന്റെ ധർമ്മം വിവേകപ്രത്യയമാണ്

51. **പതഞ്ജലി :- സ്യാന്യുപനിമന്ത്രേണ സംഗസ്മയാകരണം പുനരനിഷ്ട പ്രസംഗാത്**

വ്യാസ:- യോഗിയ്ക്ക് നാലുഭൂമികകൾ. ആദ്യത്തേത് മധുഭൂമിക. പ്രജ്ഞാജ്യോതിസ്സിനെ അതിക്രമിച്ച് (അതിക്രാന്തഭാവനീയം) ഭാവത്താൽ നിരന്തരാഭ്യാസം ചെയ്ത് വൃത്തിമാത്രജ്യോതിയായിരിക്കുന്ന അവസ്ഥ. രണ്ടാമത്തെ ഋതംഭരയായ പ്രജ്ഞ. മൂന്നാമത്തേത് ഭൂതേന്ദ്രിയജയി. സർവ്വത്തിലും ഭാവിതങ്ങളിലും ഭാവനീയങ്ങളിലും രക്ഷാബന്ധം ചെയ്ത് കൃതകർത്തവ്യസാധന ചെയ്യുന്നു. നാലാമത്തേത് അതിനേയും അതിക്രാന്തമായി ഭാവിച്ച് ചിത്തപ്രതിസർഗ്ഗം ഏകമാകുന്നു. ഏഴുതരം പ്രാന്തഭൂമിപ്രജ്ഞകൾ അതിനുണ്ട്. മധുമതിഭൂമികയെ സാക്ഷാത്കരിച്ച ബ്രാഹ്മണർ ദേവസ്ഥാനികളായി, സത്വവിശുദ്ധിയെ ദർശിക്കുന്നു. സ്ഥാനത്തിൽ ഉപനിമന്ത്രണം ചെയ്യുന്നു. ഭോ, ഇഹ (ഇവിടെ) കമനീയമായ ഭോഗങ്ങൾ ഞാൻ രമിക്കുന്നു. കമനീയയായ കന്യ ഈ രസായനം, ജരാമൃത്യു ബാധിക്കാത്ത ഈ വൈഹായസം, ഈ യാനം, ഈ കല്പദ്രുമം. ഈ പുണ്യമന്ദാകിനി, സിദ്ധർ, മഹർഷികൾ, ഉത്തമകളും അനുകൂലകളുമായ അപ്സരസ്സുകൾ. ദിവ്യശ്രോത്രചക്ഷുസ്സുകൾ, വജ്രോപമമായ കായം, സ്വഗുണത്താൽ ഈ സർവ്വവും ആർജ്ജിച്ചു. ആയുഷ്മത, പ്രതിപദ്യത, അക്ഷയവും അമരവുമായ അമരസ്ഥാനം, ദേവാനാം പ്രിയം എന്നിങ്ങനെ.

ഇപ്രകാരം ദേവാനാം പ്രിയരെന്ന് നാമം ചെയ്യപ്പെട്ടവർക്ക് സംഗാദോഷം സംഭവിക്കുന്നുണ്ട്. ഘോരമായ സംസാരാംഗാരത്തിൽ പചിക്കപ്പെട്ട് എന്നാൽ (മയാ) ജനനമരണാന്ധകാരത്തിന്റെ വിപരിവർത്തമാനത്താൽ ആഛാദിതമാകുന്നു. ക്ലേശതിമിരവിനാശിയായ എന്നാല് (മയാ) യോഗപ്രദീപം അവർക്ക് കൊടുക്കപ്പെടുന്നു. ചിതയിൽ, തൃഷ്ണ യോനിയിൽ വിയവായുവിന്റെ പ്രതിപക്ഷമുണ്ട്. വിഷയമൃഗതൃഷ്ണയാൽ വഞ്ചിതരായവരെ ഞാൻ (ദീപം എന്ന ശക്തിയെ) ദീപം ആലോകനം ചെയ്യുകയാൽ ആ ദർശന ദോഷം പ്രദീപ്തമായ സംസാരാഗ്നിയില് ആത്മാവെ ഇന്ധനമാക്കുന്നു. അവർക്ക് സ്വസ്തി സ്വപ്നോപമമാണ്. കൃപണജനപ്രാർത്ഥനിയമാണ് വിഷയങ്ങളിൽ മാത്രം ഉറച്ച ബുദ്ധി അഥവാ ശ്രദ്ധ. അതിനെ അവർ സമാധിയായി ഭാവിക്കുന്നു. സംഗം, സ്മയം എന്നിവ ചെയ്യാതെ വേണം അഹം എന്ന ദേവപ്രാർത്ഥന ചെയ്യേണ്ടത്. സ്മയത്താൽ സുസ്ഥിതമായ മന്യതയാൽ മൃത്യുക്ലേശങ്ങളാല് ആത്മാവ് ഗൃഹീതമാണ് എന്ന് ഭാവനചെയ്യപ്പെടുന്നു. ഛിദ്രാന്തരങ്ങളെ കണ്ട് നിത്യവും യത്നോപചാരങ്ങളാൽ പ്രസാദം ഉണ്ടാക്കുമ്പോളും വീണ്ടും ക്ലേശങ്ങളുണ്ടാക്കിത്തീർക്കുന്നു. ഇപ്രകാരങ്ങളായ പ്രിയാപ്രിയങ്ങളായ പ്രസാദം ഉണ്ടാക്കുമ്പോളും വീണ്ടും ക്ലേശങ്ങളുണ്ടാക്കിത്തീർക്കുന്നു. ഇപ്രകാരങ്ങളായ പ്രിയാപ്രിയങ്ങളായ ഛിദ്രങ്ങൾ. അതിനാൽ സംഗസ്മയങ്ങളെ ഇല്ലാതാക്കുന്നതിൽ ദൃഢീഭവിക്കണം. അതാണ് ഭവിക്കേണ്ടത്. ഭാവനീയമായതെന്തോ അതാണ് അർത്ഥമായി, അർത്ഥാഭിമുഖമായി ഭവിക്കുന്നത്.

സുവർണ്ണ:- മധുമതിയിലെ ദേവാനാം പ്രിയസ്ഥാനത്ത് പ്രിയം തോന്നി അവിടെത്തന്നെ ഇരുന്നാല് സംഗദോഷം ഭവിച്ചു എന്നാണ് അർത്ഥമെന്ന് വ്യാസവചനം ശ്രദ്ധിക്കണം ചരിത്രത്തിൽ ദേവാനാം പ്രി(ദേവാനാം പ്രിയ) എന്ന് സ്വയം വിശേഷിച്ച ചക്രവർത്തിയാണ് അശോകചക്രവർത്തി. ഏറെക്കാലം രാജോചിതമായ വിഷയസുഖത്തിലും ഹിംസയിലും രമിച്ച ശേഷം ദീപം പോലെ ഒരു ദർശനമുണ്ടായി അഹിംസയിലേക്ക്

മതം മാറിയ (ഹീനാശോകനിൽ നിന്ന് ധർമ്മശോകനിലേക്ക്) മധുമതി ആർജ്ജിച്ച ചക്രവർത്തി അദ്ദേഹത്തിന്റെ സഹോദരനായ തിസ്സയും സിംഹളരാജ്യം ഭരിച്ചത് ദേവാനാം പ്രിയ തിസ്സ എന്ന പേരിലാണ്. കേരളത്തിലും വാനവർ അമ്പന് എന്ന് വിളിക്കപ്പെട്ട ചേര ചക്രവർത്തിമാരുണ്ടായിരുന്നു.

വാചസ്പതി:- കൈവല്യസാധനയില് പ്രവൃത്തി ചെയ്യുന്ന യോഗികൾക്ക് സിദ്ധികളുടെ നിരാകരണം വേണം അതിന്റെ കാരണം പറയുന്നു. സ്ഥാനലബ്ധി കൊണ്ട് ഒരാൾ സ്ഥാനിയാവുന്നു. ഉദാഹരണം മഹേന്ദ്രൻ മുതലായവർ. ഈ സ്ഥാനപ്പേരാൽ ഒരാളെ വിളിക്കാന് തുടങ്ങുമ്പോൾ സ്ഥാനത്തോടും പേരിനോടുമുള്ള സ്മയം ഉണ്ടാവുന്നു. ഈ തൃഷ്ണ പിന്നീട് അനിഷ്ടമായി ഭവിക്കുന്നു. ലോകത്തിൽ ഇത് കാണാം. മധുമതി നേടിയ യോഗിയെ ദേവാനാം പ്രിയനെന്ന് വിളിക്കാൻ തുടങ്ങുമ്പോള് ആ സ്ഥാനത്തോടും പേരിനോടുമുള്ള സ്മയം ഉണ്ടാവുന്നു. നാലുയോഗസ്ഥാനങ്ങൾക്കും ഇത് ബാധകമാണ്. നിരന്തരാഭ്യാസം കൊണ്ട് ലഭിച്ച ഒരു സ്ഥാനം വിടാനുള്ള മടി. ആ സ്ഥാനലബ്ധിക്കായി ശ്രമിക്കുന്നവരെ മുടക്കുന്ന രീതി എന്നിവ ഇന്ദ്രപദവി കൊണ്ട് സംഭവിച്ചതായി പുരാണങ്ങൾ പറയുന്നത് ഇങ്ങനെയാണ്. ജ്യോതിർജ്ഞാനം പരചിത്താദിവിഷയജ്ഞാനം എന്നിവയും ഇപ്രകാരം വശീകരിക്കുന്ന പ്രവൃത്തികളും അറിവുകളുമാണ്. മധുമതി, ഋതംഭരം, ഭൂതേന്ദ്രിയജയി, സർവ്വഭാവിതമായ പരചിത്തജ്ഞാനം എന്നിവയെ അങ്ങനെ ഒന്നൊന്നായി ജയിച്ച് ഉപേക്ഷിക്കേണ്ട സിദ്ധികളായിട്ട് ഗ്രഹിക്കണം. പരവൈരാഗ്യത്താൽ സിദ്ധികളെ കടന്നുപോകണം. അവയോട് സംഗദോഷം ഉണ്ടാവരുത്. സാധന സാധ്യമാകുന്നത് പുരുഷപ്രയത്നം കൊണ്ടാണ്.

ജീവന്മുക്തനായ ഭഗവത് അഥവാ ഭാഗവതന് ചരമദേഹത്തില് ചിത്തപ്രതിസർഗ്ഗം കൊണ്ട് സർവ്വം പുനർസൃഷ്ടിക്കാന് കഴിയുന്ന പരമസിദ്ധനാണ്. യോഗികൾ ഉപമന്ത്രണവിഷയത്തെ അവധാരണം ചെയ്യുന്നതിനാണ് മധുമതി മുതലായ സ്ഥാനങ്ങൾ പറഞ്ഞിട്ടുള്ളത്. ആദ്യകല്പത്തിൽ മഹേന്ദ്രാദികൾക്ക് അവയിൽ എത്തുമോ എന്ന പ്രാപ്തി ശങ്ക ഉണ്ടായിരുന്നില്ല. ഭൂതേന്ദ്രിയവശിത്വം കൊണ്ട് മൂന്നാമത്തേതും പരവൈരാഗ്യസമ്പത്തിയാൽ അസംഗശങ്ക ദൂരികരിച്ച്, രണ്ടാമത്തെ ഋതംഭരപ്രജ്ഞയും ഉപനിമന്ത്രണ വിഷയമാക്കണം. വൈഹായസം എന്നാൽ ആകാശഗതി. ആകാശത്തിൽ സ്വതന്ത്രഗമനം ചെയ്യാനുള്ള കഴിവും ആകാശചാരികളായ ഗ്രഹനക്ഷത്രാദികളുടെ ഗതിവിഗതിവിജ്ഞാനവും വൈഹായസമാണ്. ഹ എന്ന അക്ഷരത്തിന്റെ ഉച്ചാരണ ഭേദത്താൽ വൈഖാനസം. അക്ഷയം, അവിനാശി, അജരം നിത്യനൂതനം ആയ സ്ഥാനം പരമഭാഗവതന്റെ ജീവമുക്തിയാണ്. (പരമസിദ്ധി മോക്ഷം) സ്ഥാനങ്ങളിലുള്ള പ്രിയം അവയിലുള്ള സംഗം. എന്നിവ ഭൂലോകത്തിലെന്നപോലെ സ്വർഗ്ഗലോകത്തും സാധന അനുഷ്ഠിക്കുന്ന യോഗി ചിത്തത്തിലും ഒടുവിൽ അനിഷ്ടകരമാണെന്നും അതിനാല് അവയില് തൃഷ്ണ കൂടാതെ സിദ്ധിക്കലിൽ രമിക്കാതെ പ്രവർത്തിച്ചു കൊണ്ടേ ഇരിക്കണമെന്നും അർത്ഥം.

സുവർണ്ണ:- സ്ഥാനങ്ങളിലുള്ള ഭ്രമം പൂർണ്ണമായും എന്നിൽ നിന്ന് വിട്ടുപോയോ എന്നറിയാനായി ഞാൻ എന്റെ സ്ഥാനങ്ങളെല്ലാം ഉപേക്ഷിക്കണം. പ്രൊഫസർ, പത്തോളജിസ്റ്റ്, പണ്ഡിത മുതലായ പേരുകളും സ്ഥാനങ്ങളും ത്യജിച്ച് ഏകാന്തവാസം അനുഷ്ഠിക്കുവാൻ എനിക്ക് സാധിക്കുമോ എന്ന പരീക്ഷണം സ്വയം നടത്തി വിജയം നേടണം അതാണ് എന്റെ വിജയം എനിക്കുതന്നെ അളക്കാനും ബോദ്ധ്യപ്പെടാനുമുള്ള ഒരേ മാർഗ്ഗം എന്റെ സത്യാന്വേഷണപരീക്ഷണം.

52. പതഞ്ജലി:- ക്ഷണതത് ക്രമയോസംയമാദ്വിവേകജം ജ്ഞാനം

വ്യാസ:- എപ്രകാരം അപകർഷപര്യന്തമായ ദ്രവ്യം പരമാണു തന്നെയോ, പരമാകർഷപര്യന്തമാണോ, അതുപോലെ കാലത്തേയും ക്ഷണത്തേയും മനസ്സിലാക്കണം. മയത്താൽ ചലിതമായ പരമാണു പൂർവ്വദേശത്തുനിന്ന് ഉത്തരദേശത്തേക്ക് എത്തുന്നതു പോലെ കാലത്തിൽ ക്ഷണവും സഞ്ചരിക്കുന്നു.

സുവർണ്ണ:- ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് - ആദ്യത്തെ അവസ്ഥ പൂർവ്വ ദേശം. രണ്ടാമത്തെ അവസ്ഥ ഉത്തരദേശം ആദ്യത്തെ ക്ഷണം പൂർവ്വകാലം വരാനുള്ളത് ഉത്തരകാലം. മറ്റൊരർത്ഥത്തില് കിഴക്കുനിന്ന് വടക്കോട്ട് എന്നും എടുക്കാം.

വ്യാസ:- ക്ഷണങ്ങളുടെ ഈ പ്രവാഹത്തിന് വിഛേദം വരാതെ ഒരേപോലെ ഭവിക്കുന്നത് ക്രമം. വസ്തുസമാഹാരം പരമാണുക്കളുടെ ക്രമമാണ്. ക്ഷണങ്ങളുടെ ക്രമമാണ് ബുദ്ധിസമാഹാരത്തിൽ മുഹൂർത്തം, അഹോരാത്രം എന്നൊക്കെ നമ്മൾ അറിയുന്നത്. വസ്തുശൂന്യമായ ഖവല്ലിയിൽ (ആകാശവല്ലി അഥവാ ലത) കാലത്തെ ബുദ്ധിക്ക് അളക്കാനാവില്ല.

സുവർണ്ണ:- ക്രമം ഓർഡർ ഖം ആകാശം, ഖവല്ലി ആകാശലത, വസ്തുക്കൾ ഇല്ലാത്ത ആകാശത്തില് മനുഷ്യബുദ്ധിക്ക് കാലത്തെ അളക്കാൻ സാധിക്കില്ല. അതിനാലാണ് ഗ്രഹനക്ഷത്രാദിവസ്തുക്കളുടെ ചലനം, ഗതി ഇവ അളന്ന് മനുഷ്യബുദ്ധി കാലത്തെ പഠിക്കുന്നത് എന്ന് ഗ്രാഹ്യം.

വ്യാസ:- ശബ്ദജ്ഞാനാനുപാതം വ്യുത്ഥിതദർശനരായ ലൌകികർക്ക് വസ്തുരൂപമായിട്ടാണ് അവഭാസിക്കുന്നത്.

സുവർണ്ണ:- ആകാശത്തില് ശബ്ദം അഥവാ നാദം മാത്രമാണ് ഗുണം. നാദകമ്പനങ്ങളുടെ അനുപാതമനുസരിച്ചാണ് ഗ്രഹനക്ഷത്രാദികൾ അടക്കം സർവ്വവസ്തുസ്വരൂപവും. ആ സൂക്ഷ്മനാദതരംഗകമ്പനമായിട്ടല്ല, ലൌകികർ വസ്തുക്കളെ കാണുന്നത്. രൂപമായിട്ടാണ്. അതുകൊണ്ടുതന്നെ രൂപമില്ലാത്ത ഒന്നിനെ വിഭാവനം ചെയ്ത് അറിയാൻ സാധാരണ മനുഷ്യബുദ്ധിക്ക് അസാധ്യവുമാണ്.

വ്യാസ:- ക്ഷണത്തിൽ നിന്ന് ക്രമാവലംബിയായ വസ്തു പതിക്കുന്നു. ക്രമം ക്ഷണത്തിന്റെ അന്തരാത്മാവാണ്. കാലവിത്തുക്കളായ യോഗികൾ അതിനെ കാലമെന്ന് വിളിക്കുന്നു. രണ്ടുക്ഷണം സഹഭവിക്കുകയില്ല. ഒപ്പം സംഭവിക്കയില്ല. പൂർവ്വം, ഉത്തരം എന്ന് രണ്ടുക്ഷണങ്ങൾക്കിടയിലെ അനന്തര്യം ക്രമമെന്ന് അറിയുന്നു. അതിനാൽ വർത്തമാനമായ ക്ഷണം പൂർവ്വമായ ക്ഷണം ഉത്തരമായ ക്ഷണം എന്ന് ബുദ്ധി അതിനെ മൂന്നായിട്ട് വിചാരിക്കുകയാണ്. അത് ക്ഷണങ്ങളുടെ സമാഹാരമല്ല. ഒരേ ക്ഷണത്തിന്റെ മൂന്ന് അവസ്ഥയാണ് ഭൂതമായ ക്ഷണത്തിന്റെ പരണാമമാണ് ഭാവിക്ഷണമെന്ന് വ്യാഖ്യാനിക്കാവുന്നതാണ്. ഒരേ ഒരു ക്ഷണത്താൽ ലോകത്തില് പരിണാമങ്ങള് അനുഭവിക്കപ്പെടുന്നു. ആ ക്ഷണത്തിൽ ഉപാരൂഢമായി, സർവ്വധർമ്മവും ഇരിക്കുന്നു. ക്ഷണം, അതിന്റെ ക്രമം, അതിന്റെ സംയമം ഇതാണ് സാക്ഷാത്കാരണം. വിവേകത്തിൽ നിന്ന് ഉത്ഭവിക്കുന്ന ജ്ഞാനമാണ്.

വാചസ്പതി:- സംയമമാണ് സർവ്വജ്ഞത എന്ന് പറഞ്ഞു. നിശ്ശേഷവും അറിയുന്നത് സർവ്വജ്ഞത. പ്രകാരമാത്ര വിവക്ഷയാൽ സർവ്വവ്യഞ്ജനങ്ങളേയും ഭുജിക്കുന്നത്. സർവ്വവ്യഞ്ജനങ്ങളേയും നിശ്ശേഷം ഭുജിച്ചാല് ഇനി ഭുജിക്കാനൊന്നില്ലാത്ത അറിയാനൊന്നില്ലാത്ത അവസ്ഥ. നിശ്ശേഷവചനം അന്നം ഭുജിക്കുന്നവന് അന്നം മുഴുവനും ഭക്ഷിക്കലെന്നപോലെ ഇവിടെ ഉപനയിക്കപ്പെട്ടവന് സർവ്വശബ്ദജ്ഞാനമാണ്. സർവ്വജ്ഞാനം അഥവാ വിവേകജമായ ജ്ഞാനസാധനം സംയമമാണ്. ക്ഷണം അവയുടെ ക്രമം അവയുടെ സംയമം- വിവേകജ്ഞാനം എന്നാൽ അതാണ്.

ക്ഷണം എന്ന പദാർത്ഥത്തെ നിർദ്ദേശിക്കുന്നു. ലോഷ്ടം അഥവാ കല്ലിനെ പൊടിച്ചുപൊടിച്ചു (വിഭജിച്ച് വിഭജിച്ച്) അവയവങ്ങള് അല്പാല്പമായി അവസാനം കിട്ടുന്നതാണ് പരമാണു. കല്ല് അഥവാ ദ്രവ്യം ഒരു പരമാണു സമൂഹമാണ്. ദ്രവ്യത്തിന്റെ ഉത്കർഷാപകർഷങ്ങള് പരമാണുഗുണങ്ങളാലാണ്. അതുപോലെ കാലത്തേയും അതിന്റെ ഏറ്റവും ചെറിയ യൂണിറ്റായ ക്ഷണത്തേയും ഗ്രഹിക്കണം. പൂർവ്വപരഭാഗവികലകാലകലേതി യാവത്. സർവ്വവും ക്ഷണം മാത്രമാണ്. അഥവാ ക്ഷണത്തിന്റെ പ്രകാരന്തരേണയുള്ള ദർശനരൂപങ്ങള് മാത്രം. അതിനാൽ പരമാണുവാല് ദേശത്തേയും ക്ഷണത്താൽ കാലത്തേയും അവയുടെ ക്രമത്തേയും അതിക്രമിക്കാം ക്രമപദാർത്ഥം അഥവാ ക്രമത്തിന്റെ പ്രവാഹത്തെ അറിഞ്ഞാണ് ദേശകാലങ്ങളെ മനസ്സ് അതിക്രമിക്കുന്നത്. ക്രമം എന്നാൽ ക്ഷണം തന്നെ എന്നറിയുക. ഈ ക്രമം വാസ്തവമല്ല. കാല്പനികമാണ് എന്ന് വിവേകം കൊണ്ട് അറിയുന്നു. ക്ഷണങ്ങളുടെ സമാഹാരമായി രാപ്പകലുകൾ. സംവത്സരം, യുഗം, കല്പം, എന്ന് യുഗപദ് ആയി വാസ്തവമായി നാം വിചാരിക്കുന്നത്, ക്ഷണം അയുഗപദ് (രണ്ടുക്ഷണം ഒപ്പം സംഭവിക്കാത്ത്) എന്ന് ക്ഷണധർമ്മത്തെ അറിയുന്നതോടെ സർവ്വക്ഷണസമാഹാരവും അവാസ്തവമെന്നും അറിയുന്നു. നൈസർഗ്ഗികമായ അതിശയകരമായ ബുദ്ധി (പ്രതിഭ) ഇല്ലാത്ത ലൌകികർ ഓരോ ക്ഷണവും (പ്രതിക്ഷണം) ഓരോരോ കാഴ്ച ബുദ്ധിയില് വ്യുത്ഥിതരാകയാല് ഭ്രാന്തമായി കാലത്തെ (അതിന്റെ വിഭജനത്തെ) വാസ്തവമെന്ന് കരുതുന്നു. ക്രമത്തെ അവലംബിച്ചാണ് ഈ കല്പന, (ഭൂതം, വർത്തമാനം, ഭാവി, രാപ്പകൽ, കഴിഞ്ഞവർഷം വരും വർഷം എന്നിങ്ങനെ) ക്രമമാണ് ഹേതു. ക്രമം ക്ഷണത്തെപോലെത്തന്നെ ദ്വയമല്ല. മുമ്പത്തെ ക്രമം ഇപ്പോഴത്തെ ക്രമം എന്ന് മാറ്റമില്ല. ക്രമത്തിലും ക്ഷണത്തിലും ദ്വയധർമ്മമില്ല. ഇപ്രകാരം സർവ്വദ്വയങ്ങളേയും ത്രികാലജ്ഞാനത്താൽ സംയമം ചെയ്യുന്നു. ഇതാണ് സർവജ്ഞത.

സുവർണ്ണ:- സാംഖ്യയോഗസമ്മതമായ കാലസ്വരൂപമാണിവിടെ പറഞ്ഞിരിക്കുന്നത്. ജഡവൈജ്ഞാനികദൃഷ്ടിയിലും ഇത് വ്യാഖ്യാനിക്കുന്നു. കണാദന്റെ പരമാണു. സാംഖ്യന്റെ കാലം, യോഗിയുടെ സംയമം ചെയ്ത ചിത്തത്തിലെ സമാധി ഇവയെല്ലാം സമന്വയിക്കുന്നു. ആധുനിക കെമിസ്ട്രി, ബയോളജി, ആസ്ട്രോഫിസിക്സ് ഇവയിലും ഇത് വ്യാഖ്യാനിക്കാവുന്നതാണ്. ആധുനികശാസ്ത്രം കാലത്തിന്റെ അസ്ത്രങ്ങളെന്ന് കൺസെപ്റ്റിലൂടെ മുന്നോട്ടുവെക്കുന്നതും വ്യാസ, വാചസ്പതിമാരുടെ ഈ വിവരണം തന്നെ. ഭാഷയിലേ വ്യത്യാസമുള്ളൂ. ഒന്ന് സംസ്കൃതം, മറ്റേത് ഇംഗ്ലിഷ്.

53. പതഞ്ജലി:- ജാതിലക്ഷണാ ദേശാഈരന്യതാനവഛേദത്തുല്യയോ സ്തദഃ പ്രതിപത്തിഃ

വ്യാസ:- തസ്യ വിഷയവിശേഷ്യേ ഉപക്ഷിപ്യതേ. തുല്യമായ ദേശലക്ഷണത്താൽ സാരൂപ്യം കാണുന്നതിനെ ജാതിഭേദം എന്ന് പറയുന്നു. സാരൂപ്യം ഇല്ലാത്തതും അന്യ ദേശലക്ഷണമുള്ളതും ആയ വസ്തുവിന്റെ അന്യതയെ കാട്ടാൻ ഗൌരി, വടവ എന്ന് പറയുന്നു. തുല്യദേശജാതിയത്വത്തിൽ ലക്ഷണം അന്യത്വകരമാണ്. കാലദൃഷ്ടിയിൽ ഗൌ എന്നാൽ സ്വസ്തി. സ്വസ്തിമതി ഗൌരി എന്നർത്ഥം. രണ്ടു നെല്ലിക്കകളുടെ ജാതിലക്ഷണസാരൂപ്യത്തിൽ ദേശഭേദത്തിന്റെ അന്യത്വം കാണുന്നില്ല. ഇത് പൂർവ്വം, ഇത് ഉത്തരം (ആദ്യം ഉണ്ടായത്, പിന്നീടുണ്ടായത്) എന്ന് അവയെക്കുറിച്ച് പറയാനാവില്ല. ഇങ്ങനെ അവയുടെ പൂർവ്വാപരക്രമം നിർണ്ണയിക്കാന് സാധിക്കില്ല. അതുപോലെ ഇന്നദേശമാണ് ആദ്യം. ഇന്നദേശമാണ് പിന്നെ ഉണ്ടായത് എന്ന് ആർക്കും പറയാനാവില്ല. എന്നാൽ അസന്നിഗ്ദ്ധമായി തത്വജ്ഞാനത്താൽ ഇതെല്ലാം ഇനിയും സംഭവിക്കും (ഭാവിതവ്യം) എന്ന് പറയാനാവും അതിനാൽ വിവേകജ്ഞാനത്തോട് മനുഷ്യബുദ്ധിക്ക് പ്രത്യേകപ്രതിപത്തിയുണ്ട്.

സുവർണ്ണ:- വിവേകജ്ഞാനം പ്രെഡക്ടീവ് സയൻസ് വിഭാഗത്തില് പെടുന്നതായതുകൊണ്ടാണിത്.

വാചസ്പതി:- പൂർവ്വാമലകലക്ഷണത്തോടുകൂടിയ ദേശം, ഉത്തരാമലകീലക്ഷണത്തോടുകൂടിയ ദേശത്തിൽനിന്ന് ഭിന്നമാണ്. അതിനാൽ അതാതുദേശത്തെ ആളുകൾക്ക് സ്വദേശക്ഷണത്തേയും സ്വദേശത്തെ നെല്ലിക്കയേയും അനുഭവിക്കാൻ കഴിയുന്നു. അത് മറ്റേ ദേശത്തിൽ നിന്ന് ഭിന്നമെന്ന് തോന്നുന്നു. അങ്ങനെ ഒരു അന്യത്വം, ആ അന്യത്വത്തിന് ഒരു ഹേതു, അതിന്റേതായ ലക്ഷണങ്ങൾ ഇവയൊക്കെ മനുഷ്യന് ബുദ്ധിയാല് സങ്കല്പിക്കുന്നു. സർവ്വ വസ്തുവും സർവ്വദേശവും തുല്യജാതീയലക്ഷണമുള്ള പരമാണുമാത്രമാകയാല് പൂർവ്വപരമാണുദേശസഹക്ഷണ സാക്ഷാത്കാരത്താൽ ഉത്തമായതിന്റെ പരമാണുദേശസഹക്ഷണങ്ങളുടെ ആവൃത്തി തദ്ദേശങ്ങളിലെ ഭിന്നാനുഭവങ്ങൾ അടക്കം എല്ലാ ഐശ്വര്യങ്ങളും യോഗിക്ക് അന്യത്വം എന്ന പ്രത്യയം കൂടാതെത്തന്നെ ഉണ്ടാവുന്നു. അനുഭവിക്കാനാവുന്നു. ദേശലക്ഷണഭേദം കൊണ്ട് മൂർത്തിത്വങ്ങളായ (രൂപമുള്ള) വസ്തുക്കളുടെ ജാതിഭേദഭ്രാന്തി ഉണ്ടാവുന്നു. ഈ പൃഥക്ത്വത്തിന്റെ കാരണം. ദേശകാലരഹസ്യം (പരമാണു, ക്ഷണജ്ഞാനം) അറിഞ്ഞ യോഗിക്ക് ഇല്ലാതായി. സർവ്വത്ര ഏകത്വം മാത്രം അറിയുന്നു. ഇപ്രകാരം വാർഷഗണ്യന് പറഞ്ഞിരിക്കുന്നു. വിവേകജ്ഞാനമാണ് സർവ്വജ്ഞത. അതിന്റെ വിഷയവിശേഷം പറയുന്നു. ലൌകികർക്ക് ജാതിഭേദം മുതലായ അന്യത്വങ്ങളുണ്ട്. ദേശം, ഗോത്വം, കാലം, ലക്ഷണം, ലക്ഷണഭേദം ഇവകളൊക്കെ അന്യത്വഭാവം ഉണ്ടാക്കുന്ന വ്യാവഹാരികലോകത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കും. രണ്ടു നെല്ലിക്കയിൽ ആമലകത്വം എന്ന് ജാതി തുല്യമാണ്. വർത്തുളം മുതലായ ലക്ഷണങ്ങൾ തുല്യമാണ് ചവർപ്പ് മുതലായ രസം തുല്യമാണ്. ഒന്ന് പൂർവ്വദേശത്തുനിന്ന് കിട്ടി. (കിഴക്കുനിന്ന്). ഒന്ന് ഉത്തരദേശത്തുനിന്ന് (വടക്ക്). ഇതിലൊന്ന് ആദ്യം ഉണ്ടായി. ഒന്ന് പിന്നീടുണ്ടായി എന്ന് ക്രമം പറയാന് ജിജ്ഞാസുക്കൾ ശ്രമിക്കുന്നു. (ചരിത്രകതുകികൾ ഇത്തരം ജിജ്ഞാസ ഉള്ളവരാണ്) ത്രിപമാണനിപുണരായ

പ്രാജ്ഞരായ ലൌകികർക്കും പോലും അത് നിർണ്ണയിക്കാനാവാത്തത് അവരുടെ അന്യതാഭേദം എന്ന ഭ്രാന്ത് കൊണ്ടാണ്. ഈ സന്നിഗ്ദ്ധാവസ്ഥ സംയമിയായ യോഗിക്കില്ലാത്തത് ഏകത്വഭാവം കൊണ്ടും എങ്ങനെയാണ് ക്ഷണം, അതിന്റെ ക്രമം, സംയമം എന്നിവയിൽ നിന്ന് ജനിക്കുന്നത് ജ്ഞാനത്തെ തുല്യജാതിലക്ഷണദേശകമായ ആമലകത്തിന്റെ ജ്ഞാനത്തോട് ഉപമിക്കാനാവുക. അതിന് ഉത്തരം. പൂർവ്വാമലകം എന്ന് പറയുമ്പോള് പുർവ്വമായ ഒരു കാലത്തിൽ ഒരു ദേശത്തില് ഉണ്ടായിരുന്ന വസ്തു എന്നർത്ഥം. ആ ആമലകം എന്ന വസ്തുവിന് (മനുഷ്യനും ഇത് ബാധകം) ആ ഏകക്ഷണവും ദേശവും ഒന്നാണ്. കാലദേശനൈരന്തര്യത്തിന്റെ നിരന്തരപരണാമമാണ് ഇക്കാണുന്ന സർവ്വപ്രപഞ്ചവും സർവ്വ വസ്തുക്കളും ഉത്തരാമലകം എന്നു പറയുമ്പോൾ പിന്നീടുണ്ടായ അതേ ലക്ഷണമുള്ള വസ്തു എന്ന ഭിന്നത്വം കാലദേശത്തിലുണ്ട്. കാലദേശഭേദമല്ലാതെ ആമലകത്തിൽ ഭേദമില്ല. സ്വദേശക്ഷണാനുഭവഭിന്നത കൊണ്ടാണ് ആമലകത്തിൽ ഭിന്നത മനുഷ്യൻ ആരോപിക്കുന്നത്. (സ്വദേശം, വിദേശം, പണ്ട്, ഇപ്പോൾ മുതലായ ഭേദങ്ങൾ) കാലകലയായ ക്ഷണം തന്നെയാണ് ദേശകലയായ രൂപപരിണാമമായ പരമാണു. കാലകലയായ ക്ഷണം തന്നെ ദേശകലയായ, രൂപപരിണാമമായ പരമാണുത്വം. അതിന്റെ അനുഭവപ്രാപ്തി ആ ദേശകാലത്തിലിരിക്കുന്ന വ്യക്തിയിൽ സംഭവിക്കുന്നത് ജ്ഞാനം, ഇങ്ങനെ ദേശകാലാനുഭവങ്ങളുടെ വ്യത്യാസം, അതിന്റെ ക്രമം എല്ലാം സംയമിയ്ക്ക് ഏകമായിട്ടും ലൌകികന് അനേകമായിട്ടും അനുഭവപ്പെടുന്നു. കാലദേശാനുഭവങ്ങളുടെ പരിണാമം സംഭവിക്കുന്നില്ല. പരിണമിക്കുന്നതായി ബുദ്ധിയിൽ സങ്കല്പിക്കുകയാണ്. ഒരു വസ്തുവും ഇല്ലാത്ത അവസ്ഥയിൽ അന്യദേശക്ഷണാനുഭവം, സ്വദേശക്ഷണാനുഭവം എന്നിങ്ങനെ അന്യത്വത്തിന് ഒരു ഹേതുത്വവും ഇല്ല. ലൌകിക പരീക്ഷക സംവാദാദികൾ ബുദ്ധിഗമ്യമല്ലാത്ത ഒന്നിനെ ബുദ്ധികൊണ്ട് അളക്കാൻ ശ്രമിക്കുമ്പോളുള്ള ഭേദബുദ്ധിയാലാണ്. യോഗീശ്വരബുദ്ധിഗമ്യമായ ഏകത്വത്തിൽ ഇത്തരം ഭേദങ്ങളില്ലാത്തത് സംയമം കൊണ്ടാണ്. അതുമാത്രമാണ് സർവ്വജ്ഞത്വം.

സുവർണ്ണ:- കാലകലയായ ക്ഷണം തന്നെയാണ് ദേശകാലയായ രൂപപരിണാമമായ പരമാണു. കാലകലയായ ക്ഷണം തന്നെ ദേശകലയായ രൂപപരിണാമമായ പരമാണുത്വം. Time- space continuum എന്ന ശാസ്ത്രസത്യം വ്യക്തമായി പറഞ്ഞിരിക്കുന്നു. സൂക്ഷ്മതലത്തിൽ കാലദേശങ്ങൾ ഒന്നാണ്

54. പതഞ്ജലി:- സർവ്വവിഷയം സർവ്വഥാ വിഷയക്രമം ചേതി വിവേകജം ജ്ഞാനം

വ്യാസ:- സ്വപ്രതിഭയിൽനിന്ന് ഉത്ഥാനം ചെയ്ത് ഉപദേശിക്കപ്പെടുന്നതാണ് താരകം. സർവ്വവിഷയങ്ങളേയും കുറിച്ച ജ്ഞാനം അതിലുണ്ട്. എന്നാൽ സർവ്വവിഷയങ്ങളേയും സദാ അതിക്രമിച്ചു നില്ക്കുന്നതിനാൽ അവിഷയീഭൂതമായ ജ്ഞാനവുമാണത്. അതീതവും അനാഗതവും പ്രത്യുല്പന്നവുമായ സർവ്വപര്യായവുമായ സർവ്വവിഷയങ്ങൾക്കും അതീതവും സർവ്വഥാ ജ്ഞാനാതീതവുമായ അത്, ഏകക്ഷണത്തിൽ ഉപാരൂഢമായി സർവ്വത്തേയും അതിക്രമിച്ച് സർവ്വത്തേയും ഗ്രഹിക്കുന്ന ജ്ഞാനമാണ്. അതിനാൽ വിവേകജമായ ജ്ഞാനം പരിപൂർണ്ണമാണ്. അതിന്റെ ഒരംശം കൊണ്ട് യോഗപ്രദീപം, മധുമതിഭൂമിക എന്നിവ അറിഞ്ഞ് പരിസമാപ്തിയിലെത്തുന്നു.

സുവർണ്ണ:- ഏകക്ഷണത്തിൽ സർവ്വവും പ്രകാശിപ്പിക്കുന്ന ഒരു റവലേഷൻ.

വാചസ്പതി:- വിവേകജ്ഞാനത്തിന്റെ ലക്ഷണം പറയുന്നു. താരകം എന്നാൽ സർവ്വവിഷയത്തേയും അതിക്രമിച്ചു പോകുന്നതാണ്. വിവേകജം ജ്ഞാനമെന്നത് ലക്ഷ്യ നിർദ്ദേശം. ശേഷം ലക്ഷണം. സംസാരസാഗരത്തെ തരണം ചെയ്യിക്കുന്നത് താരകം. പ്രതിഭയ്ക്ക് വിഷയീഭവിച്ച സർവ്വവിഷയത്തിനും അപ്പുറത്തുകൊണ്ടുപോകുന്നത്. പര്യയം അവാന്തരവിശേഷം. സർവ്വ അവാന്തരവിശേഷവും ഗ്രഹിപ്പിക്കുന്നത്. ഇപ്രകാരം വിവേകജ്ഞാനം പരിപൂർണ്ണജ്ഞാനമാണ്. ക്വചിത്, കിഞ്ചിത്, കഥഞ്ചിത്, കദാചിത് എന്നിവയൊന്നും അതിൽ കാണില്ല. അജ്ഞാനങ്ങളില്ല. അതിന്റെ ഒരംശമാണ് സമ്പ്രജ്ഞാതം, അസമ്പ്രജ്ഞാതത്തിനും അതീതമാണ് പരിപൂർണ്ണജ്ഞാനം, യോഗപ്രദീപമെന്ന് സമ്പ്രജ്ഞാതം പറഞ്ഞുകഴിഞ്ഞു. ഏത് ഉപക്രമം ഏത് ഉപസംഹാരം അഥവാ അവസാന ശ്വാസം എന്നത് മധുമതി കൊണ്ടും പറഞ്ഞു. ഋതംഭരാപ്രജ്ഞയാണ് മധുമതി. മോദ കാരണത്വത്താലാണിത്. ഏതിനാൽ പ്രജ്ഞാപ്രാസാദത്തിൽ ആരോഹണം ചെയ്യുന്നുവോ അത് മധുമതി. അവയുടെ സിദ്ധിയുടെ പരിസമാപ്തിയിൽ സപ്തധയായ പ്രജ്ഞയുടെ പ്രാന്തഭൂമികള് കടക്കുന്നു. വിവേകജ്ഞാനം അതിനാൽ താരകമാണ്. അതിന്റെ ഒരംശമായ യോഗപ്രദീപത്താൽ താരകത്വം പ്രാപിക്കുന്നതാണ്.

സുവർണ്ണ:- നക്ഷത്രത്തിനും താരകം എന്ന് പറയും പ്രണവത്തിനും പറയും. നക്ഷത്രത്തിനും അപ്പുറം. ഒരംശത്താൽ നക്ഷത്രലോകം വരെ ഗ്രഹിപ്പിക്കുന്നത് സമ്പ്രജ്ഞാതം, അതിനേയും കടന്നുപോകുന്നത് അഥവാ കടന്നുനില്ക്കുന്ന ജ്ഞാനം അസമ്പ്രജ്ഞാതം അസമ്പ്രജ്ഞാതത്തേയും കടന്നതാണ് വിവേകജമായ ജ്ഞാനം അഥവാ പ്രണവമെന്ന താരകം.

55. പതഞ്ജലി:- സത്വപുരുഷയോഃശുദ്ധിസാമ്യേ കൈവല്യമിതി.

വ്യാസ:- നിർധൂതരജസ്തമോമലമായ ബുദ്ധിസത്വം പുരുഷന് അന്യതാപ്രതീതി മാത്രാധികാരവും ദഗ്ദ്ധക്ലേശബീജവുമായി ഭവിക്കുന്നു. ഇത് ശുദ്ധിസാരൂപ്യത്താൽ ഭവിക്കുന്നു. അതിനാൽ ശുദ്ധിപുരുഷന്റെ ഉപചരിതത്തില് ഭോഗാഭാവമാണ്. ഈ അവസ്ഥയിൽ കൈവല്യം ഭവിക്കുന്നു. ഈശ്വരന്റെ വിവേകജ്ഞാനഭാഗിത്വത്താൽ ഈശ്വരസ്ഥാനീയമായിത്തീരുന്നു. ദഗ്ദ്ധക്ലേശബീജത്താല് ജ്ഞാനത്തില് പിന്നെ മറ്റൊന്നിന്റെ അപേക്ഷ ഉണ്ടാവുന്നില്ല. സത്വശുദ്ധിയാൽ സമാധിജമായി ജ്ഞാനം എന്ന ഐശ്വര്യം ലഭിച്ചവർ സർവ്വത്തേയും കടന്നു പോകുന്നു. അതിക്രമിക്കുന്നു. (ഉപക്രാന്തം, ക്രാന്തദർശി). പരമാർത്ഥത്തിൽ ജ്ഞാനത്തിൽ അദർശനത്തിൽ നിന്ന് നിവൃത്തി ഉണ്ടാവുന്നു. ഈ നിവൃത്തി കിട്ടികഴിഞ്ഞാൽ പിന്നീട് ക്ലേശം ഉണ്ടാവില്ല. ക്ലേശാഭാവത്താൽ കർമ്മവിപാകാഭാവം. ചരിത്രാധികാരത്താൽ ഈ അവസ്ഥയിൽ പുരുഷനില് ഗുണങ്ങള് (സത്വരജസ്തമാദി) ഇരിക്കുന്നില്ല. (നൈർഗുണ്യം) ആ പുരുഷനിൽ കൈവല്യം ഇരിക്കുന്നു. സ്വരൂപമാത്രജ്യോതിയായി അമലമായി കേവലിയായി പുരുഷൻ കാണപ്പെടുന്നു.

വാചസ്പതി:- പരമ്പരയായി കൈവല്യത്തിന്റെ ഹേതു സവിഭൂതികളോടുകൂടിയ സംയമമാണെന്ന് പറയപ്പെടുന്നു. സത്വപുരുഷാന്യതാജ്ഞാനം സാക്ഷാത്കൈവല്യ സാധനമെന്നതിന് സൂത്രം അവതരിപ്പിക്കുന്നു. ഈശ്വരന് സംയമത്തിൽ ജ്ഞാനക്രിയാ

ശക്തിയും അതിൽ നിന്ന് വിഭൂതികളും ഒന്നിനൊന്നിനെ ആശ്രയിച്ച് ഉല്പന്നമാവുകയല്ല. വിഭൂതികൾ അനുപേക്ഷിതങ്ങളാണ്. കൈവല്യംപോലും വ്യർത്ഥമാണ്. സത്വശുദ്ധി കാരണം സത്വാദിഗുണങ്ങൾപോലും ഭൂതലക്ഷണങ്ങളാണ്. അത്യന്തം അഹേതുകമായ കൈവല്യത്തിൽ വിഭൂതികളോ ഗുണങ്ങളോ ഒന്നും തന്നെയില്ല. ജ്ഞാനം വിവേകത്തെപ്പോലും അതിക്രമിച്ച് നില്ക്കുന്നതാണ്. പരമ്പരയായി കാരണമായി പറഞ്ഞതിനെ ഔപചാരികമായി പറയുന്നു എന്നല്ലാതെ അതൊന്നും മുഖ്യമല്ല. പരമാർത്ഥഖ്യാതി മാത്രമേ മുഖ്യമുള്ളൂ. ജ്ഞാനം കൊണ്ട് പ്രസംഖ്യാനം എന്നർത്ഥം.

അത്രാന്തരം ഗാണ്യംഗാനി പരിണാമാഃപ്രപഞ്ചിതാഃസംയമാദ് ഭൂതിസംയോഗാസ്തു ജ്ഞാനം വിവേകജം. ഇപ്രകാരം ശ്രീവാചസ്പതിമിശ്രവിരചിതമായ വ്യാസഭാഷ്യവ്യാഖ്യാനത്തിൽ തത്വവൈശാരദിയില് വിഭൂതിപാദം എന്ന മൂന്നാം പാദം അവസാനിക്കുന്നു.

കൈവല്യപാദം

1. പതഞ്ജലി:- ജന്മൌഷധിമന്ത്രതപഃസമാധിജാഃ സിദ്ധയഃ

വ്യാസ:- സിദ്ധി ജന്മനാ ദേഹാന്തരിതമാണ്. അസുരഭവനങ്ങളിൽ ഔഷധി, രസായനങ്ങളാൽ സിദ്ധി ഉണ്ടാക്കുന്നു. മന്ത്രങ്ങളാൽ ആകാശഗമനം, അണിമാദി സിദ്ധി എന്നിവ ലഭിക്കുന്നു. തപസ്സാൽ സങ്കല്പസിദ്ധി. കാമരൂപിയായി എവിടെയെവിടെ കാമിക്കുന്നുവോ അവിടെയവിടെ ഗമിക്കാന് കഴിയുന്നു. ഇവയെല്ലാം സമാധിജങ്ങളായ സിദ്ധികളാണ്.

വാചസ്പതി:- പ്രഥമദ്വിതീയപാദങ്ങളിൽ സമാധി, അതിനുള്ള സാധന, വിഭൂതി എന്നിവ പറഞ്ഞു. ഇവയെല്ലാം പ്രാസംഗികങ്ങളായി പറഞ്ഞത് അവയ്ക്കെല്ലാം ഹേതുകമായ കൈവല്യത്തെ ബോധിപ്പിക്കാനാണ്. കൈവല്യഭാഗീയമായ ചിത്തത്തിന് ഇഹപരലോകങ്ങളിലെ സർവ്വവിജ്ഞാനത്തിനും അതിരിക്തമായ ചിത്തകരണത്തിന്റെ സുഖം ആദ്ധ്യാത്മികശബ്ദത്താൽ. ഉപഭോക്താവായ ആത്മാവിന് പ്രസംഖ്യാനത്തിന്റെ പരമകാഷ്ഠയാണ്. അതുകൂടാതെ, വിഭൂതിയോ സാധനയോ സമാധിയോ സിദ്ധിക്കയില്ല എന്നതിനാലാണ് അവയെ പ്രാസംഗികമെന്ന് പറഞ്ഞത്. അതിനാൽ സിദ്ധചിത്തത്തിൽ പ്രഥമം കൈവല്യഭാഗീയമായ ചിത്തമാണെന്ന് നിർദ്ധാരണം ചെയ്യുന്നു. ജന്മം, മന്ത്രം, ഔഷധം, തപസ്സ, സമാധി എന്നീ അഞ്ചുസിദ്ധികളും ദേഹാന്തരിതമായി അണിമാദിസിദ്ധികളുണ്ടാവുന്നു. മനുഷ്യജാതി നിമിത്തങ്ങളാൽ അസുരഭവനങ്ങളിൽ ചെന്നുചേരുന്നപക്ഷം. കമനീയകളായ അസുരകന്യകളാൽ ഉപനീതരായി, രസായനങ്ങളുപയോഗിച്ച്, ജരാമരണങ്ങളിൽ നിന്ന് മുക്തി നേടുന്ന സിദ്ധി ലഭിക്കുന്നു. അതുതന്നെ രസായനോപയോഗം, എന്ന് മാണ്ഡവ്യമുനിയും രസോപയോഗമെന്ന് വിന്ധ്യവാസിയാലും രണ്ടുവിധം ഉണ്ട്.

സുവർണ്ണ:- സസ്യങ്ങളിൽ നിന്ന് ലഭിച്ചത് (പ്ലാന്റ് പ്രൊഡക്ട്) ലവണാദികളായ മിനറലുകളിൽ നിന്ന് ലഭിച്ചത് എന്ന് രണ്ടുവിധം, രസായനപ്രയോഗം.

വാചസ്പതി:- മന്ത്രം എന്നാൽ ശബ്ദമാണ്. മന്ത്രസിദ്ധിശബ്ദത്താൽ ആകാശഗമനാദിസിദ്ധിയാണ്. തപസ്സിദ്ധി സങ്കല്പസിദ്ധിയാണ്. എന്തു കാമിച്ചാലും അതിനെ സങ്കല്പത്താല് പ്രാപിക്കുന്നു. സത്യസങ്കല്പരായ തപസ്വികൾ ഒരു പദം കൊണ്ടുതന്നെ സർവ്വകാമവും സാധിക്കുന്നു. കേട്ടതും മനനം ചെയ്തതും കാമിച്ചതും ഗ്രഹിച്ചതുമായ സർവ്വവിഷയവും അവർ ആ ഒരൊറ്റ പദത്താല് കടന്നുചെല്ലുന്നു. ആദിശബ്ദദർശനാദികള് ഇപ്രകാരം സംഗ്രഹിച്ച് പറയുന്നു. ഇതെല്ലാം കടന്നുചെന്നതാണ് സമാധിജമായ സിദ്ധി.

2. പതഞ്ജലി :- ജാത്യന്തരപരിണാമഃപ്രകൃത്യാപൂരാത്

വ്യാസ:- പൂർവ്വപരിണാമോപായം ഉത്തരപരിണാമോപായജനകമാകയാൽ അപൂർവ്വാവയവാനുപ്രവേശമായി ഭവിക്കുന്നു. കായേന്ദ്രിയപ്രകൃതികൾക്ക് സ്വന്തം വികാരങ്ങളെ അനുഗ്രഹണം ചെയ്ത് ആപൂരണം ചെയ്ത ധർമ്മാദിനിമിത്തങ്ങളെ അപേക്ഷിച്ചാണ് ഈ അനുപ്രവേശം.

വാചസ്പതി:- ഔഷധാദിസാധനങ്ങളിൽ ഒരു ജാതി മറ്റൊന്നാ.യി പരിണമിക്കുന്ന താണ് ജാത്യന്തരപരിണാമം. അത് ഉപാദാനമാത്രയാലല്ല, അതിന്റെ മാത്ര ന്യൂനം, അധികം ദിവ്യം, അദിവ്യം എന്ന പരിണാമം സംഭവിക്കുന്ന പാദാനമാണ്. കാരണം അവിലക്ഷ ണം, കാര്യം വൈലക്ഷണ്യം എന്നല്ല കാരണം ലക്ഷണമില്ലാത്തത് കാര്യം ലക്ഷണമു ള്ളത് എന്നാണ്. മനുഷ്യജാതിക്ക് ദേവതിര്യഗ് ജാതിയായി പരിണാമം ലഭിക്കുന്നത് പ്രകൃതിയുടെ ആപൂരണത്താലാണ്. കായം (ശരീരം) പൃഥ്വി മുതലായ പഞ്ചഭൂതങ്ങ ളുള്ള പ്രകൃതിയാണ്. പ്രകൃതിയിൽ അസ്മിതയുള്ളതാണ് കായേന്ദ്രിയങ്ങൾ അതാതവ യവങ്ങളിൽ പ്രകൃതി അനുപ്രവേശിച്ച് പൂരണം ചെയ്താണ് അവ ഉണ്ടാവുന്നതും അത്, എന്റെ എന്നെല്ലാം തോന്നിക്കുന്നതും . ഈ ആപൂരണത്തെ അനുഗ്രഹം എന്ന് പറ ഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ധർമ്മാനുസൃതമായാണ് ഈ ആപൂരണം ശരീര ത്തിന് ബാല്യം, കൌമാരം, യൌവനം, വാർദ്ധക്യം എന്നീ അവസ്ഥകളുണ്ട്. ന്യഗ്രോധ ത്തിന്റെ വിത്തിൽ നിന്ന് ന്യഗ്രോധവൃക്ഷം ഉണ്ടാവുന്നു. കാറ്റടിച്ച് കൊണ്ടുവന്ന ഒറ്റ പുൽവിത്തിൽനിന്ന് ഒരുതൃണരാശി ഉണ്ടാവുന്നു. അതുപോലെ അപൂർവ്വമായ ഒന്നിൽനിന്ന് പ്രോദ്ധ്വജ്ജ്വാലാസഹസ്രമാലിംഗിതഗഗന മണ്ഡലത്വം അറിയണം.

സുവർണ്ണ:- ആത്മാവ് ശരീരമെടുക്കുന്നു. ബ്രഹ്മൻ പ്രകൃതി അഥവാ പ്രപഞ്ചരൂപം എടുക്കുന്നു.

3. പതഞ്ജലി:- നിമിത്തം അപരയോജകം പ്രകൃതീനാം വരണഭേദസ്തു തതഃക്ഷേത്രികവത്

വ്യാസ:- ധർമ്മാദികളുടെ നിമിത്തം പ്രകൃതിക്ക് പ്രയോജകമല്ല. കാര്യം കൊണ്ടല്ല കാരണം പ്രവർത്തിക്കുന്നത്. പിന്നെങ്ങനെയാണ് പ്രകൃതി പ്രവർത്തിക്കുന്നത്. ക്ഷേത്രികം പോലെ വരണഭേദം കൊണ്ട്. ഒരു ക്ഷേത്രം കേദാരം അടുത്തക്ഷേത്രം കേദാരാന്തരം, പിപ്പലാവയവം, സമം, നിമ്നം, നിമ്നന്തരം, ജലമുള്ളത് ഇല്ലാത്തത്, അപ കർശമുള്ളത്, ആവരണമുള്ളത്. ഇങ്ങനെ ഓരോരോ ക്ഷേത്രത്തിനും (ഭൂമികകൾക്കും) ഓരോരോ ധർമ്മമുണ്ട്. ആ ധർമ്മത്തെ അനുസരിച്ചിരിക്കും അതിന്റെ രൂപം. ധർമ്മത്തെ (പ്രകൃതിധർമ്മ) ആവരണം ചെയ്ത് മറ്റൊരു ധർമ്മം കൊടുക്കുന്നത് അധർമ്മം എന്നറി യ്പ്പെടുന്നു. പ്രകൃതി സ്വയമേവ സ്വന്തം വികാരങ്ങളെ പ്രദർശിപ്പിക്കുന്നതാണ് ധർമ്മം. ക്ഷേത്രത്തിന്റെ ധർമ്മം പ്രകൃതികാര്യത്വത്താലാണ്. അതിൽ പ്രകൃതിക്ക് കാരണത്തിന്റെ പരാതന്ത്ര്യവും ഉണ്ട്. താൻതന്നെ കാര്യവും കാരണവുമായി രണ്ടുവിധം വർത്തിക്കുന്ന തിനാല്. പരതന്ത്രത്വം കൊണ്ട് അതിന് പ്രയോജനമുണ്ട്. സ്വാതന്ത്ര്യം കൊണ്ടും പ്രയോജനമുണ്ട്. ഘടത്തിന് കലാലൻ, ചക്രം, മണ്ണ്, ജലം, ഇവകൊണ്ടെല്ലാം തന്റെ ഉല്പത്തി എന്ന പ്രയോജനമുണ്ട്. കലാലന് തന്റെ ഇഛാശക്തിവേണം. ഉദ്ദേശതാ മാത്രം കൊണ്ട് അവൻ പുരഷാർത്ഥപ്രവർത്തകനായി ഭവിക്കുന്നു. അവ്യക്തമായ പുരു ഷാർത്ഥത്തിന്റെ സ്ഥിതികാരണം മാത്രമാണ് മറ്റെല്ലാ ക്രിയകളും എന്നതാണ് യുക്തം. കേദാരത്തിൽ ഉദകം, വിത്ത്, വളം, എന്നിവ അനുപ്രവേശം ചെയ്യുന്നു. മുഗ്ദം ഗോതമ്പ്, ശ്യാമകം, നെല്ല്, എന്നിങ്ങനെ പലതരം വിത്തുകൾ അപകർഷിക്കപ്പെടുന്നു. അപകർഷി ക്കപ്പെട്ടത് സ്വയമേവരസം വലിച്ചെടുത്ത് ധാന്യമൂലം മുതലായ അംഗങ്ങളിലേക്ക് പകർന്ന്, അതിനെ അനുപ്രവേശിപ്പിക്കുന്നു. അവിടെ വിവിധങ്ങളിൽ ശുദ്ധി അശുദ്ധി എന്നിങ്ങനെ വിരോധമില്ല. ധർമ്മാധർമ്മവിവേചനവുമില്ല. എന്തുവിതച്ചുവോ അതിനെ പ്രകൃതിവ ളർത്തുന്നു. അതിനാൽ പ്രകൃതിപ്രവൃത്തിയില് ധർമ്മം ഹേതുവല്ല. അങ്ങനെ നന്ദീശ്വ

രാദികള് ഉദാഹരിച്ചുകാട്ടിയിട്ടുണ്ട്. വിപര്യയത്താൽ അന്യധർമ്മം ധർമ്മമായി ബാധിക്കപ്പെടാന് ക്ഷേത്രത്തില് സാധ്യതയുണ്ട്. ഇങ്ങനെ വരുന്നത് അശുദ്ധിപരിണാമമായി ഗണിക്കപ്പെടുന്നു. നഹുഷൻ ദേവരാജാവായശേഷവും പെരുമ്പാമ്പായി തിര്യഗ് ലോകത്തിലേക്ക് അധഃപതിച്ചത് അശുദ്ധിപരിണാമത്തിന്റെ ഉദാഹരണമാണ്.

വാചസ്പതി:- പ്രകൃതിയുടെ ആപൂരകത്വം പറഞ്ഞു ആപൂരണം പ്രകൃതിയുടെ സ്വാഭാവികധർമ്മനിമിത്തമാണോ എന്തുകൊണ്ട് അങ്ങനെ പറയുന്നു. സതിയായ പ്രകൃതിയിൽ ആപൂരാദിധർമ്മനിമിത്തശ്രവണം തന്നെ നിമിത്തമായി ഭവിക്കുന്നു. സത്യമാണ് ധർമ്മാദികളുടെ നിമിത്തം അല്ലാതെ അതുകൊണ്ടുള്ള പ്രയോജനമല്ല. ക്ഷേത്രവും (ഭൂമി) സതിയായ സ്ത്രീയും ശ്രവണമാത്രയിൽ ധർമ്മസ്വയംവരണം (വരണം) ചെയ്യുന്നു. അങ്ങനെ പ്രകൃതിക്ക് സ്വയം വരണം ധർമ്മമാകയാല് ഏതെങ്കിലും പ്രയോജനം കിട്ടാനുള്ള പരതന്ത്രമല്ല. സ്വാതന്ത്ര്യമാണ്. ഘടത്തിന്റെ പാരതന്ത്ര്യമല്ല. കലാലന്റെ ഇഛാശക്തിയാണത്. ആ പുരുഷാർത്ഥപ്രവർത്തകമായ ഈശ്വരത്വം അഥവാ ഐശ്വര്യം പ്രകൃതിസ്വഭാവമാണ്. അതാണ് പ്രധാനം. മറ്റുക്രിയകളെല്ലാം ഐശ്വര്യത്തെ സ്ഥിരമാക്കാനുള്ള സ്ഥിതികാരണത്വം മാത്രമാണ്. പ്രതിബന്ധങ്ങളെ അപനയനം (മാറ്റുക) ചെയ്ത മാത്രയിൽ ചിത്തത്തില് ക്ഷേത്രികത്തിലെന്നപോലെ സർവ്വവും വന്നുനിറയുന്നു. ആപൂരയതി എന്നാൽ അതാണ്. സർവ്വവും അവിടെ ഉല്പന്നമാവുന്നു. (സർഗ്ഗം എന്നാല് ഇതാണ്). ഈശ്വരന് ധർമ്മാനുഷ്ഠാനത്തിനായി പ്രതിബന്ധാനയനം എന്ന വ്യാപാരം മാത്രമേ ചെയ്യേണ്ടതുള്ളൂ മറ്റെല്ലാം താനേ ഉണ്ടാവും.

4. പതഞ്ജലി:- നിർമ്മാണ ചിത്താന്യസ്മിതാമാത്രാത്

വ്യാസ:- യോഗി ബാഹ്യകാര്യങ്ങളെ നിർമ്മിക്കുന്നു. ഏകം അനേകമായി ഭവിക്കുന്നു. ഏകമനസ്കനായ യോഗിയുടെ അനേകനിർമാണപ്രക്രിയയെ പറയുന്നു. യോഗിയുടെ നിർമ്മാണ ചിത്തം പ്രവർത്തിക്കുന്നത് അസ്മിതാമാത്രമായ ചിത്തകാരണത്തെ ഉപാദാനമാക്കിയാണ്. അതാണ് സത്യമായ ചിത്തം.

വാചസ്പതി:- പ്രകൃതി ആപൂരണത്താല് സിദ്ധിസമർത്ഥമാണ്. സിദ്ധിവിനിർമ്മിതമായ നാനാകായവർത്തികളായ ചിത്തങ്ങളാൽ ഏകത്വത്തേയും നാനാത്വത്തേയും വിചാരം ചെയ്യുന്നു. നാനാകായങ്ങളിൽ, നാനാമനസ്സുകളായി, പ്രതിചിത്തം അഭിപ്രായഭേദങ്ങളായും , ഏകാഭിപ്രായത്തെ അനുരോധിച്ചും പരസ്പരപ്രതിസന്ധാനം ചെയ്തും പുരുഷാന്തരങ്ങള് കഴിയുന്നു. ഏകമായ ചിത്തം പ്രദീപം പോലെ വെളിച്ചം പ്രസരിപ്പിച്ച് അനേകം നിർമ്മാണകായങ്ങളായി വ്യാപിച്ചിരിക്കയാണെന്നറിയുമ്പോൾ അസ്മിതാമാത്രയാല് നിർമ്മാണചിത്തത്തെ ഗ്രഹിക്കുന്നു. ഓരോ ജീവശരീരവും ഓരോരോ ഏകൈകാസാധാരണ ചിത്താന്വിതമായി സർവ്വവും ദർശിക്കുന്നു. അതുപോലെത്തന്നെ ചൈത്രം, മൈത്രം എന്നുള്ള പ്രപഞ്ചശരീരത്തേയും ഗ്രഹിക്കുന്നു. തന്റെ നിർമ്മാണകായം തന്നെ മറ്റെല്ലാ വസ്തുക്കളിലും എന്ന ഏകാഭിപ്രായം അസ്മിതാമാത്രയാൽ ലഭിക്കുന്നു.

5. പതഞ്ജലി:- പ്രവൃത്തിഭേദപ്രയോജകം ചിത്തമേകമനേകേഷാം

വ്യാസ:- അനേകം ചിത്തങ്ങള് എങ്ങനെ ഏകചിത്താഭിപ്രായപുരസ്സരം പ്രവർത്തിക്കുന്നു. സർവ്വചിത്തങ്ങളുടേയും പ്രയോജകമായ ഏകചിത്തം നിർമ്മിച്ചിട്ട്. അതിന്റെ പ്രവൃത്തിഭേദം കൊണ്ട്.

സുവർണ്ണ:- പ്രവൃത്തിഭേദം ഡിവിഷന് ഓഫ് ലേബർ.

വാചസ്പതി:- ഏകമായ യോഗിചിത്തത്തില് അനേകം സൃഷ്ടി പറഞ്ഞു. അനേകചിത്തങ്ങൾ എങ്ങനെ ഏകാഭിപ്രായം സ്വീകരിച്ച് ഒന്നായി പ്രവർത്തിക്കുന്നു എന്നു പറയുന്നു.

സുവർണ്ണ:- സഹകരണതത്വം അഥവാ കോ-ഓപ്പറേഷന്റെ ആവശ്യം പറയുന്നു.

വാചസ്പതി:- എല്ലാവർക്കും പ്രയോജനമുണ്ട് എന്നുവരുമ്പോള് നാനാകാര്യവർത്തികളായ അനേകം ചിത്തങ്ങള് ഏകചിത്തമായ ഒരു മനോനായകനിൽ പ്രയോജനാർത്ഥം ഉണ്ടായ പ്രവൃത്തിഭേദങ്ങളാണ് തങ്ങളെന്നും ആ പ്രവൃത്തിഭേദങ്ങൾ അതിനാല് ദോഷരഹിതങ്ങളാണ് എന്നും ഗ്രഹിക്കുന്നു.

സുവർണ്ണ:- ഈ മനോനായകനായി വിരാട് സ്വരൂപം അതിൽ വിവിധപ്രവൃത്തി ചെയ്യുന്ന എല്ലാ ജീവജാലങ്ങൾക്കും വർണ്ണാശ്രമധർമ്മമനുഷ്ഠിക്കുന്ന എല്ലാ മനുഷ്യർക്കും സ്ഥാനം തുല്യം. അവർ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഒരു ബ്രാഹ്മാണ്ഡശരീരം, പിണ്ഡശരീരം, ലോകം, നമ്മുടെ ശരീരം എന്ന് വരുന്നു. എല്ലായിടത്തും ജോലിവിഭജനവും സഹകരണവും ഉണ്ട്.

വാചസ്പതി:- ഓരോ അവയവത്തിനും അതാതുപ്രവൃത്തിഭേദമുണ്ട്. അതുപോലെ നായകചിത്തനിർമ്മാണമായ തങ്ങളോരോരുത്തർക്കും ആ നിർമ്മാണകായത്തിന്റെ അംഗത്വവും ജോലിയും അംഗീകരിക്കുന്നു. ഏകത്വവും അംഗീകരിക്കുന്നു. ബാഹ്യേന്ദ്രിയങ്ങളുടെ നായകത്വം മനസ്സിനെന്ന് വാച്യം. മനസ്സാണ് ഇന്ദ്രിയങ്ങളെ അതാത് ജോലിയിലേർപ്പെടുത്തുന്നത്.

ഏകസ്തു പ്രഭുശക്ത്യാ വൈബഹുധാ ഭവതീശ്വരഃ ഭൂത്വാ യസ്മാത്തു ബഹുധാ ഭവത്യേകഃപുനസ്തു സഃ തസ്മാച്ചമനസോ ഭേദാ ജായന്തേ ചൈത ഏവ ഹി (വായുപുരാണം 66. 143-144)

ഏകധാ സ ദ്വിധാ ചൈവ ത്രിധാ ച ബഹുധാ പുനഃയോഗീശ്വരഃശരീരാണി കരോതി വികാരോതി ച പ്രാപ്നുയാദ്വിഷയാൻ കൈശ്ചിത് കൈശ്ചിദുഗ്രം തപശ്ചരേത് സംഹരേശ്ച പുനസ്ഥാനി സൂര്യോ രശ്മിഗണാനിവ (വായുപുരാണം 66. 152)

6. പതഞ്ജലി:- തത്ര ധ്യാനജമനാശയം

വ്യാസ:- പഞ്ചവിധം നിർമ്മാണചിത്തം. ജന്മം, ഔഷധി, മന്ത്രം, തപസ്സ്, സമാധി എന്നിവ കൊണ്ടുള്ള സിദ്ധികൾ, ധ്യാനത്തിൽ നിന്ന് ജനിക്കുന്ന ചിത്തം അനാശയമാണ്. രാഗാദിപ്രവൃത്തികളാണ് ആശയം. രാഗദ്വേഷാദികളോപുണ്യപാപാദിസംബന്ധമോ ഇല്ലാത്ത ക്ലേശങ്ങളെല്ലാം ക്ഷയിച്ച ചിത്തമാണ് അനാശയം. മറ്റെല്ലാം തന്നെ കർമ്മാശയമാണ്.

വാചസ്പതി:- അഞ്ച് സിദ്ധ ചിത്തങ്ങളുടെ അപവർഗ്ഗ വിഭാഗത്തിൽ നിന്ന് ചിത്തത്തെ നിർദ്ധാരണം ചെയ്തു. ആശേരതഃഇത്യാശയഃ ആശയാൽ രതിയുള്ളത് ആശയം. അതിൽ കർമ്മവാസനകളും ക്ലേശവാസനകളും ഉണ്ട്. അനാശയത്തിൽ ഇതൊന്നുമില്ല. ധ്യാനജന്യമായ അനാശയം മറ്റുള്ള സിദ്ധികളിൽ നിന്ന് വ്യത്യസ്ഥമായിരിക്കുന്നത് ഇക്കാരണത്താലാണ്.

7. **പതഞ്ജലി:- കർമ്മാശുക്ലാകൃഷ്ണം യോഗിനസ്ത്രിവിധമിതരേഷാം**

വ്യാസ:- ചതുഷ്പദമാണ് കർമ്മജാതി, ശുക്ലം, കൃഷ്ണം, ശുക്ലകൃഷ്ണം, അകൃഷ്ണാശുക്ലം. കൃഷ്ണകർമ്മം ദുരാത്മാക്കള് ചെയ്യുന്നു. ശുക്ലകൃഷ്ണം അനേകം സാധനകളുള്ള സാദ്ധ്യരുടേതാണ്. അതിൽ കർമ്മാശയപ്രചയം പരപീഢാനുഗ്രഹദ്വാരേണ പ്രവർത്തിക്കുന്നു. ശുക്ലം തപസ്വാദ്ധ്യായധ്യാനങ്ങളുള്ളതാണ്. ആയതത്വത്താൽ ബഹിഃസാധനകള് അധീനമായും പരപീഢനത്തിൽ ഇച്ഛയില്ലാതെയും ഇരിക്കുന്നു. അകൃഷ്ണാശുക്ലം അഥവാ അശുക്ലാകൃഷ്ണം സന്യാസികൾക്ക് ക്ഷീണ ക്ലേശത്താൽ ലഭിക്കുന്ന ചരമദേഹമാണ്. അതിൽ അശുക്ലം യോഗിയ്ക്ക് ജീവിച്ചിരിക്കുമ്പോൾ തന്നെ ലഭിക്കുന്നു. അകൃഷ്ണം അനുപാദനത്താലും ലഭിക്കുന്നു. മറ്റു ഭൂതങ്ങൾക്ക് ആദ്യം പറഞ്ഞ മൂന്നിലേതെങ്കിലും ഒന്ന് ലഭിക്കുന്നു.

വാചസ്പതി:- അശുക്ലാകൃഷ്ണമാണ് യോഗിയുടെ കർമ്മം. മറ്റുള്ളവരുടെ കർമ്മങ്ങള് ത്രിവിധം പദമെന്നാൽ സ്ഥാനം ചതുഷ്പദം നാലു സ്ഥാനങ്ങൾ. ബാഹ്യസാധനകളാൽ സാദ്ധ്യമാകുന്ന എല്ലാ കർമ്മവും ചിത്തപിഢ ഉണ്ടാക്കുന്ന കർമ്മമാണ്. എന്നാൽ വ്രീഹി (നെല്ല്, ധാന്യം) മുതലായ സാധനങ്ങളിലെ കർമ്മങ്ങൾക്ക് പരപീഢ ഇല്ല. കൃഷിസമയത്ത് പിപീലിക മുതലായവയുടെ വധം എന്ന ഹിംസ അതിലും സംഭവിക്കുന്നുണ്ട്. ബീജാദികളെ നശിപ്പിക്കുന്നതിനാൽ സ്തംഭാദിഭേദം (പുല്ലും നെല്ലും തമ്മിലുള്ള ഭേദം) കൊണ്ട് കള പറിക്കുക മുതലായ ഹിംസാത്മകമായ പ്രതിബന്ധങ്ങളുണ്ടാവുന്നുണ്ട്. തപസ്സ്, സ്വാദ്ധ്യായം, ധ്യാനം എന്നിങ്ങനെയുള്ള ശുക്ലകർമ്മങ്ങള് അസന്യാസികൾക്കും ചെയ്യാം. അശുക്ലാകൃഷ്ണം സന്യാസം സ്വീകരിച്ച യോഗിക്കും ശുക്ലകർമ്മം സന്യാസം സ്വീകരിക്കാത്ത യോഗിക്കും. കർമ്മസന്യാസിമാർ ധനസാദ്ധ്യാത്തിനായുള്ള സർവ്വഹിംസാകർമ്മവും മനസ്സുകൊണ്ട് ത്യജിച്ചിട്ടും കർമ്മത്തിൽത്തന്നെ പ്രവർത്തിക്കുന്ന ഗൃഹസ്ഥരാകയാല് കൃഷ്ണകർമ്മാശയരാണ്. യോഗാനുഷ്ഠാനസാദ്ധ്യത്തിനായി കർമ്മാശയഫലങ്ങൾ ഈശ്വരനിൽ സമർപ്പിക്കുമ്പോൾ അവരുടേത് ശുക്ലകർമ്മമായി ഭവിക്കുന്നു. ഫലാകാംക്ഷകൂടാതെ, ഈശ്വരാർപ്പണമായി മാത്രം, നിഷ്കാമകർമ്മം അനുഷ്ഠിക്കുന്നതാണ് ശുക്ലകർമ്മാശയം ഇപ്രകാരം നാലുവിധം കർമ്മജാതിയും അവയുടെ നാലുസ്ഥാനങ്ങളുമാണ് നാലുവർണ്ണങ്ങളും അവരുടെ ജോലിവിഭജനവും . ഇത് വിരാട് ശരീരത്തിലെ അംഗങ്ങുടെ ഒരു സഹകരണം മാത്രമാണ്.

8. **പതഞ്ജലി:- തതസ്തദ്വിപാനുഗുണാനാമോവാഭിവ്യക്തിർവ്വാസനാനാം**

വ്യാസ:- ത്രിവിധമായ കർമ്മങ്ങൾക്ക് അതാതിന്റെ വിപാകങ്ങൾ അനുഗുണമാണ്. ഏതു ജാതിയുടെ കർമ്മത്തിന്റെ വിപാകമോ അതിന്നനുഗുണമായ വാസന ഉണ്ടാവുന്നു. കർമ്മവിപാകാനുസൃതമായാണ് വാസനയുടെ അഭിവ്യക്തി. ദൈവമായ കർമ്മം വിപച്യമാനമായി നരക, തിര്യഗ്, മനുഷ്യവാസനാഭിവ്യക്തിനിമിത്തമായി സംഭവിക്കുകയില്ല. ദൈവകർമ്മത്താൽ ദൈവാനുഗുണമായ വാസനകള് അഭിവ്യഞ്ജിക്കപ്പെടുന്നു. നാരകതിര്യഗ് മനുഷ്യകർമ്മങ്ങളിലും ഇപ്രകാരം അതാതിന്റെ അനുഗുണമായ വാസനയും ചര്യയും കാണപ്പെടുന്നു.

വാചസ്പതി:- കർമ്മാശയമനുസരിച്ചാണ് ക്ലേശാശയത്തിലേക്കുള്ള ഗതി, പുണ്യകർമ്മവിപാകത്താല് പുണ്യജാതി വാസനകളും ചര്യകളും ഉണ്ടാവുന്നു. നരകാദിജാ

ത്യായുർഭോഗവും അതാതു വിപാകാനുഗുണമായി ഉണ്ടാവുന്നു, വാസന കർമ്മവിപാക മനുസരിച്ച് ഉണ്ടാവുന്നു. ദിവ്യഭോഗജനിതമാണ് ദിവ്യകർമ്മവിപാകാനുഗുണമായ വാസന. മനുഷ്യഭോഗവാസനയുടെ അഭിവ്യക്തി കൊണ്ട് ദിവ്യകർമ്മഫലോപഭോഗം സംഭവിക്കുന്നില്ല. മനുഷ്യകർമ്മഫലോപഭോഗമേ കിട്ടൂ. ഒരു വ്യക്തിയുടെ കർമ്മം, വാസന, താല്പര്യം എന്നിവ കൊണ്ട് ആ വ്യക്തിയുടെ ജാതി നിർണ്ണയിച്ചാണ് ചതുഷ്പദസ്ഥാനങ്ങള് ഓരോന്നിനും കൊടുത്തിട്ടുള്ളത് എന്നർത്ഥം.

സുവർണ്ണ:- Functional and Morphologiacal Classification എന്ന് നമ്മൾ പറയുന്ന ആധുനികരീതി തന്നെ ഈ വിഭജനത്തിനും ആധാരം. ജാതി എന്നത് പക്ഷിജാതി, മനുഷ്യജാതി, മൃഗജാതി, സസ്യജാതി എന്ന ക്ലാസിഫിക്കേഷനാണ്. അതിലെ ഉപവിഭാഗമാണ് സ്ത്രീജാതി, പുരുഷജാതി, ജനിച്ചതെല്ലാം ഒരു ജാതിയിലാണ് പെടുന്നത്. കർമ്മം കൊണ്ടുള്ള ക്ലാസിഫിക്കേഷനാണ് വർണ്ണം. (നാലു വർണ്ണം എന്ന ചതുഷ്പദസ്ഥാനം)

9. പതഞ്ജലി:- ജാതിദേശകാലവ്യവഹിതാനാമപ്യാനന്തര്യസ്മൃതി സംസ്കാരയോരേകരൂപത്വാത്

വ്യാസ:- വൃഷദംശവിപാകത്തിന്റെ ഉദയം, സ്വവ്യഞ്ജകത്വം, അഭിവ്യക്തി ഇതിനൊക്കെ അതാതു ജാതി, ദൂരം, ദേശം, കാലം, വിഷസ്വഭാവം, ഇവയനുസരിച്ച് ഓരോന്നിനും നൂറുനൂറുവിധം അവധിയുമുണ്ട്. ആ കാലഘട്ടം കഴിഞ്ഞാൽ വിഷാനുഭവമില്ല. എന്നാൽ പൂർവ്വാനുഭവവിഷദംശത്തിന്റെ സ്മൃതി സംസ്കൃതമായ വാസനയായി അതിനെക്കുറിച്ച് അറിവായി, അഭിവ്യക്തമാവുന്നു. അത് ജാതിശതങ്ങളിൽ നൂറ്നൂറുദേശങ്ങളില് കല്പശതകാലം അറിവായി നിലനിൽക്കുന്നു. ഇത് സ്മൃതി അഥവാ ഓർമ്മകൊണ്ടാണ്. വിഭിന്നങ്ങളായ അനുഭവങ്ങൾ തന്ന വിഭിന്നങ്ങളായ അറിവുകളിലെല്ലാം തന്നെ സ്മൃതിസംസ്കാരത്തിന്റെ ഏകരൂപത്വമുണ്ട്. സ്മൃതിയിലൂടെയാണ് അറിവ് നിലനില്ക്കുന്നത്. എന്താണോ അറിവ് അതാണ് സംസ്കാരമായിത്തീരുന്നത്. അതാകട്ടെ കർമ്മവാസനാരൂപവുമാണ്. വാസന എപ്രകാരമോ അപ്രകാരമാണ് സ്മൃതി എന്ന് ജാതി, ദേശ കാലങ്ങളാൽ വ്യവഹിതമായ സംസ്കാരസ്മൃതികളിൽ നിന്ന് മനസ്സിലാക്കാം. സ്മൃതിയിൽനിന്ന് വീണ്ടും സംസ്ക്കാരം ഉണ്ടാവുന്നതിനാല് സ്മൃതിസംസ്ക്കാരം. കർമ്മാശയവൃത്തിലാഭവശമായിട്ടാണ് ഇതുണ്ടാവുന്നത്. നിമിത്തനൈമിത്തികഭവാനുചോദനത്താല് അത് അനന്തരമായി (പിന്നീട് അനന്തരം അഥവാ ഇടവേള കൂടാതെ) സിദ്ധിക്കുന്നു.

സുവർണ്ണ:- ആർക്കിടൈപ്പൽ ഓർമ്മകളെ ഇവിടെ പറയുന്നുണ്ട്.

വാചസ്പതി:- ഇന്നു നടന്നത് നാളെ ഓർത്തില്ലെന്ന് വരാം. എന്നാൽ എന്നും ഒരുപോലെ ആചരിക്കുന്നത് എന്നും ഓർക്കും. വിഷദംശനത്തിന്റെ ഓർമ്മ അറിവായി നിലനിൽക്കും. ഏതുദേശത്തും ഏതുകാലത്തും ഒരാൾ സന്ദർഭാനുസൃതം അതിനെ ഓർക്കും. പ്രയോജനപ്പെടുത്തും. ഇങ്ങനെ അനേകം വ്യക്തികളുടെ അനുഭവവും ആചാരവും ഒരു സ്മൃതിസംസ്കാരമായി ജ്ഞാനമായി അഭിവ്യഞ്ജിക്കപ്പെടുന്നു. ജ്ഞാനത്തിന്റെ ഉദയം വിജ്ഞാനത്തിൽ കർമ്മാശയത്തിന്റെ ഉദയമാണ്. സ്വവ്യഞ്ജകമായ അഞ്ജനം പോലെ ഉദിച്ച അറിവ് അഭിവ്യഞ്ജനം ചെയ്ത് കർമ്മവിപാകാകാരം അഭിമുഖമാകുന്നു. അഭിസംസ്കാരക്രിയയെ ഉപാദായമായി ഗ്രിഹിച്ച് അത് വ്യഞ്ജിതമാകുന്നു. ഫലം അന

ന്തരമാണ്. കാരണം കാരകത്തെ ഉപപാദിച്ച് കാര്യത്തെ ഉണ്ടാക്കുന്നു. സ്മൃതിക്ക് ഏകരൂപത അഥവാ സാദൃശ്യം പറയുന്നു. അനുഭവങ്ങൾ സരൂപമല്ല. സംസ്കാരങ്ങൾ സരൂപമല്ല. എന്നാലും സത്യാനുഭവത്തിന്റെ സ്മൃതി സത്യമാണ്. കല്പിതമല്ല എന്ന് വരുന്നു.

ക്ഷണികകർമ്മനിമിത്തമായി ക്ഷണികാനുഭവനിമിത്തമായി കാണപ്പെട്ടാലും യഥാപൂർവ്വം അത് സ്ഥായിയായ അനുഭവമായിത്തന്നെ ഇങ്ങനെ നിലനിൽക്കുന്നു. വ്യത്യസ്തത അഥവാ ഭേദങ്ങളുടെ അധിഷ്ഠാനം തന്നെ സാരൂപ്യമാണ്. അഭേദമായ നിത്യസത്യത്തിൽ സാദൃശ്യമോ ഭേദമോ പറയാനാവുകയില്ലല്ലോ

സുവർണ്ണ:- ഇവിടെ മെറ്റാസയൻസ് എന്ന ആധുനികസങ്കേതമാണ് ഉപയോഗിച്ചിരിക്കുന്നതെന്നതും അതിന്നുദാഹരണമായി ആയുർവ്വേദത്തിലെ വിഷദംശനാനുഭവമാണ് പറഞ്ഞിരിക്കുന്നതെന്നതും വളരെ ശ്രദ്ധേയമാണ്. മാത്രമല്ല സ്ഥൂലമായ അർത്ഥത്തില് കോശങ്ങളുടെ ഇമ്യൂണോളജിക്കലായ ഓർമ്മ (Immunological memory) എന്ന വിഷദംശനസ്മൃതി കൂടി ഉദ്ദേശിച്ചിട്ടുണ്ട്. അതിൽ കാലദേശഭേദമില്ലാതെ മെറ്റാസയൻസായി ആർക്കും എന്നും പ്രൂവ് ചെയ്യാവുന്നതും ആർക്കും അനുഭവവേദ്യമാക്കാവുന്നതും ആയ ഏകസത്യം എന്ന് ശാസ്ത്രീയമായി സത്യത്തെ പറഞ്ഞിരിക്കുന്നു. (Experimental Proof).

10. പതഞ്ജലി:- താസാമനാദിത്വം ചാശിഷോ നിത്യത്വാത്

വ്യാസ:- വാസനകൾക്ക് അനാദിത്വം. ജാതമാത്രമായ ജന്തു മരണഭയം കാണിക്കുന്നു. മരണധർമ്മം അനുഭവിക്കാതെത്തന്നെ ദ്വേഷദുഃഖാനുസ്മൃതിനിമിത്തമായി ഇപ്രകാരം മരണഭയം കാണിക്കുന്നത് എങ്ങനെ സംഭവിക്കുന്നു. മുമ്പുണ്ടായ അനേകം മരണങ്ങളുടെ സ്മൃതി വാസനയായി ആത്മാവിൽ നിലനില്ക്കുന്നതുകൊണ്ടാണ്.

സുവർണ്ണ:- പുലിയെ ഈ ജന്മത്തില് കണ്ടിട്ടില്ലാത്ത പശു, പുലിയുടെ മണം (സാന്നിദ്ധ്യം) മണത്തറിയുമ്പോളേക്കും മരണവെപ്രാളം കാട്ടുന്നു. കെട്ടുപൊട്ടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നു. അതും ഇത്തരം ആർക്കിടൈപ്പല് ഓർമ്മ കാരണമാണ് (ബ്രഹ്മസൂത്രഭാഷ്യം, ബ്രഹ്മസിന്ധു ഡി.സി ബുക്സ് 2006 കാണുക)

വ്യാസ:- ഘടപ്രാസാദപ്രദീപകല്പം സങ്കോചവികാസിയായ ചിത്തം ശരീരപരിമാണാകാരമാത്രമെന്ന് ചിലര് കരുതുന്നു. അന്തരാത്മാവിന്റെ അഭാവം സംസാരത്തിൽ അവർക്ക് യുക്തമാണ്. വിഭുവായ ചിത്തത്തിന്റെ വൃത്തിയാണ് സങ്കോചവികാസം. അല്ലാതെ ശരീരപരിമാണത്തിന്റെ വൃത്തിയല്ല എന്ന് ആചാര്യന്മാര് പറയുന്നു. ധർമ്മാദിനിമിത്താപേക്ഷമാണ് അത്. നിമിത്തം ദ്വിവിധം. ബാഹ്യം, അദ്ധ്യാത്മികം. ശരീരാദിസാധനാപേക്ഷമാണ് ബാഹ്യം സ്തുതി, ദാനം അഭിവാദനം മുതലായവ. ചിത്തമാത്രാധീനമായ ശ്രദ്ധാദികൾ അദ്ധ്യാത്മികമാണ്. ധ്യാനിക്കുന്നവരിൽ മാത്രമാണ് മൈത്രി മുതലായവ ഉണ്ടാവുന്നത്. അതിന്റെ ഫലമായിട്ടാണ് വിഹാരത്തിൽ ബാഹ്യസാധനകളായ ആചാരാനുഷ്ഠാനങ്ങൾ അവര് ആചരിക്കുന്നത്. അത് പ്രകൃഷ്ടധർമ്മങ്ങളായി സ്വീകരിക്കപ്പെടുന്നു. മാനസം ജ്ഞാനവൈരാഗ്യങ്ങളാൽ ബലവത്തായവരിലാണ് ധർമ്മങ്ങള് ദർശിക്കാനാവുന്നത്. ചിത്തബലമില്ലാത്ത ശരീരം ദണ്ഡകാരണ്യം പോലെയാണ്. ഏത് അഗാധസമുദ്രവും കുടിച്ചു വറ്റിക്കാൻ ചിത്തശുദ്ധിയും ചിത്തബലവുമുള്ള അഗസ്ത്യനു കഴിയും.

സുവർണ്ണ:- അഗസ്ത്യമുനിയുടെ ചിത്തബലത്തെക്കുറിച്ച് നാലപ്പാട്ട് നാരായണമേനോന്റെ ഇന്നത്തെ അമ്മയിൽ, അംഗുഷ്ഠഗാത്രനും വേണമെന്നാകിലോ പൊങ്ങും മലകളടിച്ചമർത്താം അറ്റമില്ലാതെ കിടക്കും സമുദ്രങ്ങൾ ഒറ്റക്കൈകൊണ്ടെടുത്താചമിക്കാം.

വാചസ്പതി:- പൂർവ്വപൂർവ്വജന്മങ്ങളില് അഭിസംസ്കൃതമായ വാസനകളാണ് പിന്നീട് അഭിവ്യഞ്ജിക്കപ്പെടുന്നത്. അതിന് പ്രമാണമെന്ത്. ജനിച്ച ഉടനെ ജന്തു ഹർഷം, ശോകം, മരണത്രാസം, എന്നിവ പ്രദർശിപ്പിക്കുന്നു. അതുതന്നെ പ്രമാണം. വാസനകളുടെ അനാദിത്വം, നിത്യത്വം എന്നിവ അത് തെളിയിക്കുന്നു. വെറും അനന്തര്യമല്ല, അനാദിത്വം തന്നെയാണ് വാസനകൾക്ക് സ്വാഭാവികമായ ഉപപത്തിയാല് ആശിസ്സുകൾ നിത്യത്വം ആർജ്ജിക്കുന്നു. നാസ്തികര് ചോദിക്കുന്നു. അതെങ്ങനെ എന്ന്. ഉത്തരമാണ് ജാതമാത്രസ്യ ജന്തോരിതി എന്ന വ്യാസവാക്യം മരണധർമ്മം അനുഭവിച്ചിട്ടില്ലാത്ത നവജാത ശിശു മരണത്തെക്കുറിച്ച് കേട്ടാൽ അമ്മയുടെ ശരീരത്തോടു പറ്റിച്ചേർന്നിരുന്ന് വിറച്ച്, മംഗല്യചക്രാദികളാൽ ലാഞ്ഛിതമായ അവളുടെ കണ്ഠസൂത്രത്തെ മുറുക്കെപ്പിടിക്കുന്നു. ബാലകൻ മരണാനുഭവം പണ്ട് അനുഭവിക്കാത്തവനാണ് എന്നിരിക്കെ, മരണത്രാസം എങ്ങനെ അവനിലുണ്ടായി. പൂർവ്വാനുഭവസ്മൃതിയ്ക്ക് തെളിവാണത്. ബാലകനിൽ കണ്ട ആ കമ്പനം ഭയം കൊണ്ടാണ്. മുതിർന്ന നമ്മളേക്കാൾ ബാലകൻ അതിനെ ഓർക്കുന്നതിനാല് അവനിൽ കമ്പനം കൂടുതലാണ്. ഭയം, ദുഃഖംസ്മൃതിമാത്രത്താൽ ഉണ്ടാവുന്നതാണ്. ഈ ജന്മത്തിൽ ബാലകന് അത്തരമൊരു ദുഃഖം ഭയം ഉണ്ടായിട്ടുമില്ല. അതിനാൽ മുമ്പത്തെ ജന്മങ്ങളിലെ അനുഭവസ്മൃതിയുടെ പരിശിഷ്ടമാണത്. ജാതമാത്രമായ ബാലകരുടെ സ്മൃതി പൂർവ്വാനുബന്ധിനിബന്ധനയാല്, മനുഷ്യജാതിയുടെ മുഴുവനും ആദിസ്മൃതിയ്ക്ക് സമമാണ്.

സുവർണ്ണ:- മനുഷ്യജാതിയുടെ മുഴുവനും ആദിസ്മൃതിയ്ക്ക് സമമാണ് നവജാതന്റെ മരണത്രാസം എന്ന് ശ്രദ്ധിക്കുക കാൾ ഗുസ്താവ് യുങ്ങിനു ശേഷം മാത്രമാണ് ആധുനികമാനശ്ശാസ്ത്രവിജ്ഞാനീയം മനുഷ്യരുടെ Archetyal Memory യെക്കുറിച്ച് കേൾക്കുന്നതും പഠിക്കുന്നതും. വ്യാസനും വാചസ്പതിയും അതിനെക്കുറിച്ചാണ് പറയുന്നത്.

വാചസ്പതി:- പ്രസംഗത്തിൽ ചിത്തപരിമാണ വിപ്രതിപത്തിക്ക് ഘടപ്രസാദാദികളെ കുറിച്ച് പരാമർശിച്ചു. ദേഹപ്രദേശവർത്തികളായ കാര്യദർശനത്താല് ദേഹത്തിനു പുറത്ത് ഉത്ഭവിക്കുന്ന ഒരു ചിത്തത്തിന് പ്രമാണമില്ല. അണുപരിണാമത്തിനും ഇല്ല. ദീർഘശഷ്കലീഭക്ഷണത്താല് അപര്യായമായി ജ്ഞാനപഞ്ചകാനുല്പാദ പ്രസംഗത്താൽ. അനുഭവിച്ച ക്രമകല്പനക്കും പ്രമാണമില്ല. ഏകമായ അണുമനസ്സ് നാനാദേശങ്ങളായ ഇന്ദ്രിയങ്ങിൽ അപര്യായത്താല് സംബന്ധം ഉണ്ടാക്കുകയില്ല. അതിന്റെ പരിശേഷ്യമായി ചിത്തമാണ്. കായപരിണാമമാവുന്നതെന്ന് പറഞ്ഞു. ചെറിയശരീരം, വലിയ ശരീരം എന്ന ശരീരപരിണാമമല്ല സങ്കോചവികാസം. ക്ഷേത്രവും ബീജവും തമ്മിലുള്ള സംയോഗത്താൽ ബീജത്തിൽത്തന്നെ ഉണ്ടായിരുന്ന രൂപം പൂർണ്ണവൃക്ഷരൂപം പ്രാപിക്കുന്നത് വികാസം, അതിൽ നിന്ന് വീണ്ടും ബീജരൂപം പ്രാപിക്കുന്നത് സങ്കോചം എന്ന് പറഞ്ഞാലും ശരിയാവില്ല. മാതൃപിതൃ ദേഹവർത്തിനിയായ ലോഹിതരേതസ്സുകളാല് പ്രാപിക്കപ്പെട്ട ഈ സ്ഥൂലശരീരം അവയെ ആശ്രയിച്ചിരിക്കയാല് പരതന്ത്രമാണ്, സ്വതന്ത്രക്രിയയല്ല. സ്ഥാണുവായ വസ്തുവിന്റെ ഛായ വളരുന്നതും ചെറുതാവുന്നതുമല്ല വികാസ

സങ്കോചപ്രക്രിയ. ഒരു പടത്തിൽ ഛാഗമല്ല അതിനെ ആശ്രയിച്ച ചിത്രമാണ് സഞ്ചരിക്കുന്നത്. ഇതുപ്രകാരം സംസാരത്തേയും ഗ്രഹിക്കണം.

സുവർണ്ണ:- വാചസ്പതിയുടെ ഈ ഉപമ ശ്രദ്ധേയം. ചലിക്കുന്ന പടത്തിൽ (ചലച്ചിത്രം) ഛാഗം അഥവാ പ്രകാശകിരണ സമൂഹമല്ല, അവ കൊണ്ട് ഉണ്ടാക്കിയ അനേകം ചിത്രങ്ങളാണ് ചലിക്കുന്നത്. ഇത് ഇന്നത്തെ ചലച്ചിത്രം (സിനിമ) ഉപയോഗിക്കുന്ന രീതിയാണ്.

വാചസ്പതി:- ശരീരപരിമാണത്വത്തിൽ ദേഹാന്തരപ്രാപ്തിയില് പൂർവ്വദേഹത്യാഗം ചെയ്ത് ഒരു ദേഹം വിട്ട് മറ്റൊന്നില് പ്രാപിക്കുന്ന ആന്തരമായ ആധിവാഹികശരീരസംയോഗം ഭവിക്കുന്നു. അതാണ് ദേഹാന്തരസഞ്ചാരം ചെയ്യുന്നത്. ദേഹമല്ല. അംഗുഷ്ഠമാത്രം പുരുഷം നിശ്ചികർഷ യമോ ബലാത് (മഹാഭാരതം വനപർവ്വ 3.297.17) ആ ആന്തരഭാവത്തെ ഇപ്രകാരം സംസാരത്തിൽ ഗ്രഹിക്കുന്നതാണ് യുക്തം. ആന്തരാഭാവം യുക്തമല്ല. വിഭുവായ ചിത്തത്തിന്റെ വൃത്തിയാണ് സങ്കോചവികാസം എന്ന് സ്വയംഭൂസ്വഭാവം പറയുന്നു. ചിത്തത്തിന് മറ്റൊന്നിനേയും ആശ്രയിക്കാതെ ദേഹാന്തരസഞ്ചാരം സാധിക്കുമെന്നല്ല ആധിവാഹികത്തെ ആശ്രയിച്ച് സാധിക്കും എന്നാണ് പറഞ്ഞത്. അപ്പോൾ ദേഹാന്തരകല്പനയിൽ അനവസ്ഥാദോഷം വരില്ലേ. അതിന്റെ ദേഹനിഷ്കർഷ ആദിവാഹികത്വത്താല് സംഭവിക്കും എന്നേ പറഞ്ഞുള്ളൂ അതിനാൽ അനവസ്ഥയില്ല. നിഷ്കൃഷ്ടമായ ചേതസ്സിന് അതുമായി അസംബന്ധത്താൽ. സൂക്ഷ്മ ശരീരം സർഗ്ഗാദിയില് പ്രളയത്തില് നിയതം ചിത്തത്തിന്റെ അധിഷ്ഠാനമായി ഷാഡ്കൌശികശരീരമദ്ധ്യവർത്തിയായി ഇരിക്കുന്നത്. അതിനാലാണ് സത്യലോകാദികളിലെല്ലാം ചിത്തം സൂക്ഷ്മശരീരത്തിൽ സഞ്ചരിക്കുന്നത്. നിഷ്കർഷ ഉപപന്നമാവുന്നത് ഷാഡ്കൌശികകായത്തിലാണ്. അതിന്റെ ആന്തരവർത്തിയായിരിക്കുന്നത് ചിത്തത്തിന്റെ നിയതത്വമാണ്. അതിനെ ഇന്ദ്രിയഗോചരമാക്കാൻ ലൌകികമായ അനുമാനങ്ങൾക്ക് സാദ്ധ്യമല്ല. ആഗമത്തിൽ പുരുഷനിലാണ് നിഷകർഷ. ചിത്തമോ സൂക്ഷ്മശരീരമോ അല്ല, പുരുഷൻ, ചിതിശക്തി അപ്രതിമമാകയാൽ, പ്രതിസംക്രമം ചെയ്യുന്നതല്ല പുരുഷന്. എപ്രകാരം ചിത്തത്തിന് ചിത്തത്തിൽ അവിടവിടെ വൃത്തിഭാവം വരും. നിഷ്കർഷാർത്ഥം ഏകമാണ്. സ്മൃതികളിലും ഇതിഹാസപുരാണങ്ങളിലും മരണാന്തരം പ്രേതശരീരപ്രാപ്തിയും അതിന്റെ വിമോകവും സപിണ്ഡീകരണാദികളും പറയപ്പെടുന്നു. അവയ്ക്ക് ആദിവാഹകത്വം പറയപ്പെട്ടിട്ടില്ല. ആഗമത്തിൽ ലബ്ധശരീരം തന്നെയാണ് യമപുരുഷരാല് പാശബദ്ധമായി നയിക്കപ്പെടുന്നത്. ആധിവാഹികശരീരമല്ല. അതിനാൽ ചേതസ്സിന്റെ ആഹങ്കാരിതയാല്, അഹങ്കാരത്തിന്റെ ഗഗനമണ്ഡലത്രൈലോക്യവ്യാപിത്വം, ആദിഭൂത്വമായ മനസ്സാണ്. ഇപ്രകാരം ചേതസ്സിന്റെ വൃത്തി വിഭു എന്നത് സർവ്വജ്ഞതാപത്തിയോടുകൂടിയ മനസ്സിന്റെ വൃത്തിയാണ്. ചിത്തമാത്രാധീനമാണ് വൃത്തികൾ ചിത്തം ധർമ്മാദിനിമിത്താപേക്ഷമാണ്. വൃത്തം (വൃത്തി) നിമിത്തത്തെ വിഭജിക്കുന്നു. നിമിത്തം ഗ്രഹിക്കപ്പെടുന്നുത് ആദിഗ്രഹണത്തിൽ ഇന്ദ്രിയധനാദികളാലാണ്. അവ ബാഹ്യമാണ്. വീര്യം, സ്മൃതി എന്നിവകളെ ശ്രദ്ധകൊണ്ട് ഗ്രഹിക്കണം. അവ ആന്തരമാണ്. വിഹാരം എന്നാൽ വ്യാപാരമാണ്. ഇവിടെ പ്രകൃഷ്ടമായത് ശുക്ലം അത് ബാഹ്യത്തിനും ആഭ്യന്തരത്തിനും മദ്ധ്യേയുള്ള സ്ഥിതിയാണ്. ജ്ഞാനവൈരാഗ്യങ്ങളിൽ നിന്ന് ബാഹ്യസാദ്ധ്യങ്ങളായ ധർമ്മങ്ങളും അതിശയകരങ്ങളായി അഭിഭൂയമാകുന്നു (ഉണ്ടാവുന്നു, വ്യക്തമാവുന്നു)

ധർമ്മം ജ്ഞാനവൈരാഗ്യങ്ങളിൽ നിന്നേ ഉണ്ടാവൂ. തമസ്സിന്റെ ബീജഭാവം ഉണ്ടെങ്കിൽ ധർമ്മത്തിന് അപനയം സംഭവിക്കും അതിന് സുപ്രസിദ്ധങ്ങളായ ഉദാഹരണങ്ങൾ ദണ്ഡ കാരണ്യാദി-ചൂണ്ടിക്കാട്ടുന്നു.

11. പതഞ്ജലി :- ഹേതുബലാശ്രയാലംബനൈഃസംഗൃഹീതത്വാദേഷാമഭാവേ തദഭാവഃ

വ്യാസ:- ധർമ്മത്തിന് ഹേതു സുഖം. അധർമ്മത്തിന് ഹേതു ദുഃഖം. സുഖത്താൽ രാഗം. ദുഃഖത്താൽ ദ്വേഷം. ഇവയുടെ പ്രയത്നത്താൽ മനസാ വാചാ കായേന (ചിന്ത, വാക്ക്, പ്രവൃത്തി) പരിസ്പന്ദം ഉണ്ടാവുന്നു. ഓരോന്നും ഓരോന്നിനെ തുടർന്നുവരുന്നു. ധർമ്മാധർമ്മം, സുഖദുഃഖം, രാഗദ്വേഷം എന്ന് ഷഡരം (ആറ് അഴി) കൊണ്ടാണ് സംസാരചക്രം പ്രവർത്തിക്കുന്നത്. അതിന്റെ പ്രതിക്ഷണമായ ആവർത്തനത്താല് ഉണ്ടാവുന്ന അവിദ്യ സർവ്വക്ലേശത്തിനും നേത്രിമൂലമാകയാലാണ് ഹേതു എന്ന് പറഞ്ഞത്. യമത്തെ ആശ്രയിച്ച് അതിൽ നിന്നുണ്ടാവുന്ന ധർമ്മാദികളെ ഫലമെന്ന് പറയുന്നു. അത് അപൂർവ്വമായി ജനിച്ച (ആദ്യമായി മുമ്പില്ലാതെ) ഒന്നല്ല. മനസ്സിന് അധികാരത്തെ ആശ്രയിച്ച് വാസന എന്ന നാമം വരുന്നു. അധികാരമില്ലാത്ത മനസ്സിൽ നിരശ്രയമായി വാസന ഉണ്ടാവുകയോ സ്ഥിതി ചെയ്യുകയോ ഇല്ല. ഏതിനെ അഭമുഖീകരിച്ച വസ്തു അതിന്റെ വാസനയെ വ്യക്തമാക്കുന്നുവോ അതിനാലാണ് വാസനയുടെ ആലംബനം ഇപ്രകാരം ഹേതുഫലാശ്രയാലംബനങ്ങളാലാണ് സർവ്വവാസനകളും ഗ്രഹിക്കപ്പെടുന്നത്. അവയുടെ അഭാവത്തിൽ അവയെ ആശ്രയിച്ച വാസനകളുടേയും അഭാവമുണ്ട്.

വാചസ്പതി:- ചിത്തവൃത്തിയില് വാസനകളെ ഉണ്ടാക്കുന്നതെന്ത്. ചിതിശക്തി അനാദിയെങ്കിൽ അതില് വാസനയെ എങ്ങനെ നിരോധിക്കും. അനാദിയെങ്കിലും അവയുടെ ഉത്ഭവവും നിരോധവും ദൃഷ്ടമാണ്. അതിന്റെ അനാഗതാവസ്ഥയിൽ സവ്യഭിചാരത്താല് അസാധനമാണ്. ചിതിശക്തി വിനാശകാരണാഭാവത്തിൽ നശിക്കുന്നില്ല. അത് അനാദിത്വം കൊണ്ടല്ല. വാസനകൾ അനാദിയെങ്കിലും സമുഛേദത്തിന് കാരണം പറയുന്നു. അനുഗ്രഹം, ഉപഘാതം എന്നിവയെ ധർമ്മാധർമ്മാദിനിമിത്തത്താല് ഉപലക്ഷ്യമാക്കുന്നു. ഇവിടെ സുരാപാനം മുതലായവയെക്കൂടി സംഗ്രഹിക്കണം. നേത്രി എന്നാൽ നായിക. സർവ്വത്തിനും ഹേതു അഥവാ മൂലമായ അവിദ്യയാണ് നേത്രി. പ്രത്യുല്പന്നതാ വർത്തമാനതാ എന്നിവ ധർമ്മസ്വരൂപത്തിൽ നിന്നല്ല ഉല്പാദിപ്പിക്കപ്പെടുന്നത്. മൂലമായ അവിദ്യയിൽ നിന്നാണ് ഏതുവസ്തുവിനെ അഭിമുഖീകരിച്ചുവോ അതിൽനിന്നാണ് ഹേതു (കാരണം). കാമിനീസമ്പർക്കാദികള് ഉദാഹരണം. വ്യാപകത്തിന്റെ അഭാവത്തിൽ വ്യാപ്യത്തിന്റേയും അഭാവം സൂത്രർത്ഥത്തിൽ നിന്ന് ഗ്രഹിക്കണം.

12. പതഞ്ജലി:- അതീതാനാഗതം സ്വരൂപതോ അസ്ത്യധ്വഭേദാർദ്ധർമ്മാണാം.

വ്യാസ:- അസത്തിന് സംഭവമില്ല. സത്തിന് വിനാശവുമില്ല. ഇപ്രകാരം ദ്രവ്യത്തിന്റെ നിയമം. വരാനിരിക്കുന്ന ഭവിഷ്യത്ത് (ഭാവി) അനാഗതം. അനുഭൂതമായത്. (അനുഭവിച്ചുകഴിഞ്ഞത്) അതീതം. അർത്ഥം വ്യക്തം. അനാഗതം അവ്യക്തം. സ്വവ്യാപാരത്തിൽ ആരൂഢമായത് വർത്തമാനം മൂന്നും വസ്തുജ്ഞാനത്താൽ ജ്ഞേയം. സ്വരൂപത്തിൽ ഇപ്രകാരം ഭേദമില്ലാത്ത നിർവ്വിഷയമായ ജ്ഞാനം ഉണ്ടാവുമ്പോള് ഭോഗഭാഗീ

യവും മറ്റേത് അപവർഗ്ഗഭാഗീയവും. ഒന്നിന്റെ ഫലം മറ്റൊന്ന് എന്ന് നിരൂപണം ചെയ്യാവുന്നതാണ്. അതിനാൽ വരാനിരിക്കുന്നതിനെ നിയന്ത്രിക്കാനുള്ള ഉദ്ദേശത്തോടെ നിമിത്തങ്ങളാല് കശലാനുഷ്ഠാനം സാദ്ധ്യമല്ല. (മുമ്പു ചെയ്തുപോയതിന്റെ ഫലം നിയന്ത്രിക്കാവതല്ല) സദ്ഫലങ്ങൾക്കു നിമിത്തം വർത്തമാനകാലത്തെ കർമ്മങ്ങളാണ്. നിമിത്തം, നൈമിത്തികം എന്നിവ വിശേഷാനുഗ്രഹം നൽകുന്നു. അവയ്ക്ക് അപൂർവ്വത്തെ ഉല്പാദിപ്പിക്കാന് സാധിക്കില്ല.

വാചസ്പതി:- സമ്പാതം, ആയാതം, നിദർശനം എന്നിവയ്ക്ക് അസത്തയ്ക്കെന്ന പോലെ സംഭവിക്കല് ഇല്ല. അവ എപ്പോഴും ഉണ്ട്. അതീതം, അനാഗതം എന്നിവയ്ക്ക് സ്വരൂപത്തിൽ ധർമ്മത്താല് അഭേദമാണ്. സത്തിന് വിനാശമോ അസത്തിന് ഉല്പാദനമോ ഇല്ല. സത്തിനാലാണ് ധർമ്മങ്ങളുടെ അധ്വഭേദപരിണാമ, ഉദയം, വ്യയം എന്നിവ എന്ന സൂത്രാർത്ഥം. അനുഭൂതമായത്, പ്രാപ്തമായത് വ്യക്തമായ സത്താണ്. വ്യക്തിക്ക് പണ്ടൊരു വ്യക്തി, വരാനിരിക്കുന്ന വ്യക്തി എന്ന് അനുഭവത്തിൽ വ്യത്യാസമില്ല. ത്രികാലത്തിലും വ്യക്തിസാന്നിദ്ധ്യംത്തിലും സ്വരൂപത്തിലും ഒന്നാണ്. അസത്ത് ജ്ഞാനവിഷയമല്ലാത്തതിനാല് അതിന്റെ വിജ്ഞാനവും സാധ്യമല്ല. ത്രികാല്യവിഷയമാണ് വിജ്ഞാനം. യോഗികളുടെ അസ്മദ് മുതലായ വിഭജനത്തിലും അസത്ത എന്ന വിഷയത്തിൽനിന്ന് ഉല്പന്നമാവുന്നില്ല. പക്ഷേ അതിനെ ഉല്പാദിപ്പിക്കുന്നുണ്ട്. അതീതാനാഗതങ്ങൾ സാമാന്യരൂപത്തില് ഒന്ന് ഒന്നിനെ അനുഗമിച്ചുവരുന്നതുകാണുന്നു. ഇപ്രകാരം അനുഭവിക്കുന്ന ജ്ഞാനം വിഷയസത്വത്തിൽ ഹേതു എന്ന് പറയപ്പെടുന്നു. ഉദ്ദേശ്യത്താൽ അനാഗതമായ വിഷയങ്ങളിലും സത്വം തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ഭോഗഭാഗീയത്വമുണ്ട്. കശലനെന്നാൽ നിപുണൻ. അനുഷ്ഠേയമായതിലും അവയുടെ നിമിത്തം സർവ്വനൈമിത്തികമായ സത്യമാണ് എന്ന വിശേഷം ഉൾക്കൊള്ളുന്നു. അത് കാണ്ഡലാവാദമായാലും അവേദാദ്ധ്യായമായാലും അപ്രകാരമാണ്. അതിനാൽ അവയിൽ നിന്ന് അസത്യം ഉല്പാദിപ്പിക്കപ്പെടുകയില്ല. അവയുടെ പ്രാപ്തി സത് എന്ന വികാരം തന്നെ ഉണ്ടാക്കുന്നു. ഇപ്രകാരം കുലാലാദികളിലും ഘടത്തിന്റെ വർത്തമാനീഭാവഹേതുവായ സത്തയെത്തന്നെ അറിയണം. വർത്തമാനത്തിന്റെ അഭാവത്തിന് ഭൂതഭാവികളും ഇല്ലാതാവുന്നു. അധ്വധർമ്മവിശിഷ്ടതയാലാണ് സത്വം മൂന്നുകാലത്തും വിശിഷ്ടമാണെന്ന് അഭിപ്രായമുണ്ടാവുന്നത്. പ്രത്യേകമായ അവസ്ഥാനം (പ്രത്യവസ്ഥിതി) ധർമ്മത്തിന് അതിനാൽ കൊടുക്കുന്നു. ദ്രവ്യം ധർമ്മമുള്ള ധർമ്മിയാണ് സാർവ്വവിഭക്തികമാണ്. അത് ത്രികാലത്തിലും ഉണ്ട് എന്നത് വർത്തമാനത്തിലെ അതിന്റെ അസ്തിത്വത്തിൽ നിന്ന് തെളിയുന്നു. അപ്രകാരമാണ് അതിന്റെ ഏകത്വം വ്യക്തമാവുന്നത്. ഇപ്രകാരം പ്രകൃതത്തെ ഉപസംഹരിക്കുന്നു.

13. പതഞ്ജലി:- തേവ്യക്തസൂക്ഷ്മാഃഗുണാത്മാനാഃ

വ്യാസ:- വർത്തമാനധർമ്മം അധ്വാനം, അതീതധർമ്മം വ്യക്താത്മാനം. അനാഗതധർമ്മം സൂക്ഷ്മാത്മാനം. അതിന് ഷഡ്വിശേഷരൂപം. ഇത് സർവ്വവും ഗുണങ്ങളാൽ സന്നിവേശവിശേഷമാത്രം ആകയാല് പരമാർത്ഥത്തില് ഗുണാത്മാനമാണ് അതിനാൽ ശാസ്ത്രാനുസാരം ഇപ്രകാരം - ഗുണാനാം പരമം രൂപം ന ദൃഷ്ടിപഥമിഛതി യത്തു ദൃഷ്ടിപഥം പ്രാപ്തം തന്മായേവ സുതുഛകം.

വാചസ്പതി:- നാനാപ്രകാരമായ ധർമ്മാധർമ്മാവസ്ഥാപരിണാമരൂപമായ വിശ്വ ഭേദങ്ങളോടെയുള്ള പ്രപഞ്ചങ്ങൾ പ്രധാനത്താല് (പ്രധാനം പോലെ) ഏകമായി ഭവിക്കാൻ അർഹതയില്ല (സാധ്യമല്ല) അവിലക്ഷണമായ കാരണത്താൽ കാര്യഭേദം സംഭവിക്കയുമില്ല. ത്യ്രദ്ധ്വാനമായ ധർമ്മം അധ്വാനം, വ്യക്തം, സൂക്ഷ്മം, ഗുണാത്മാനം എന്ന് പറയുന്നു. ഇവയ്ക്ക് ത്രൈഗുണ്യങ്ങൾ കാരണം. വൈചിത്ര്യം ആദിക്ലേശാനുഗതവാസനാഗതമായി ഉണ്ടാവുന്നു. അതിനാൽ വായുപുരാണത്തിൽ (53.120) വൈശ്യരൂപാത് പ്രധാനസ്യ പരിണാമോയമദ്ഭൂതഃ എന്നു കാണാം. വ്യക്തമായ പൃഥി മുതലായവയില് പതിനൊന്നിന്ദ്രിയങ്ങളില് വർത്തമാനത്വം, അതീതത്വം, അനാഗതത്വം എന്ന് ഷഢിശേഷം യഥായോഗ്യം സംഭവിക്കുന്നു. വിശ്വത്തിന്റെ നിത്യാനിത്യരൂപത്തിൽ ദൃശ്യമായ സർവ്വവും ഗുണാത്മകമാണ്. ഇദം എന്നാൽ ഇക്കാണുന്ന. കാണുന്ന സർവ്വം ഗുണാത്മകം. സന്നിവേശിക്കപ്പെട്ട് സംസ്ഥാനഭേദം കൊണ്ട് പരിണാമം സംഭവിക്കുന്നു. ഷഷ്ടി തന്ത്രശാസ്ത്രത്തിൽ അങ്ങനെ അനുശിഷ്ടി. മായകൊണ്ടല്ല. വിനാശമുള്ളതെല്ലാം തുഛമാണ്. മായയാണ് അന്യതാ ഭവിക്കുന്നതെങ്കിൽ വികാരങ്ങള് ആവിർഭാവതിരോഭാവധർമ്മത്താല് പ്രതിക്ഷണം മാറിക്കൊണ്ടിരിക്കും. പ്രകൃതി നിത്യയാൽ പരമാർത്ഥത്തിൽ മായാവിധർമ്മിണിയാണ്.

14. പതഞ്ജലി:- പരിണാമൈകത്വാദ്വസ്തു തത്വം.

വ്യാസ:- സർവ്വവും ഗുണാത്മകമെങ്കില് ഏകശബ്ദം, ഏകമിന്ദ്രിയം എന്ന് എങ്ങനെ പറയുന്നു. പ്രഖ്യാക്രിയാ, സ്ഥിതിശീലങ്ങളായ ഗുണങ്ങൾക്ക് ഗ്രഹണാത്മകത്വം എന്ന കാരണഭാവത്തിന് ഏകപരിണാമം ശബ്ദം എന്ന വിഷയമാണ് ശബ്ദാദികൾക്ക് മൂർത്തി സമാജാതികൾക്ക് ഏകപരിണാമം പൃഥ്വീപരമാണുതന്മാത്രാവയവം. ഇങ്ങനെ ഏകപരിണാമമായ പൃഥ്വിയിൽ ഗോക്കൾ, വൃക്ഷങ്ങൾ, പർവ്വതങ്ങൾ എന്നിങ്ങനെ അനേകങ്ങൾ കാണാം. ഭൂതാന്തരങ്ങളിലും സ്നേഹം, ഉഷ്ണം, പ്രണാമിത്വം എന്നിങ്ങനെ അവകാശം, ആദാനം, ഉപാദാനം എന്നും സാമാന്യം, ഏകവികാരമായി സമാധേയമായിരിക്കുന്നു. വിജ്ഞാനം സഹചരവീഹീനമാണ് എന്നർത്ഥമില്ല. ജ്ഞാനം അർത്ഥവിസഹചരമാവണമെന്നില്ല. സ്വപ്നാദികളിൽ ദിശകളെ കല്പിക്കുമ്പോൾ വസ്തുസ്വരൂപം മിഥ്യയായിരിക്കും. ജ്ഞാനപരികല്പനാമായ വസ്തു സ്വപ്നവിഷയത്തോട് ഉപമിക്കാവുന്നതാണ്. അത് പരമാർത്ഥത്തില് ഇല്ലാതാവുന്നില്ല. ഉണരുമ്പോൾ വസ്തുക്കള് വീണ്ടും ഉണ്ടാവുന്നു. ജ്ഞാനനിദ്രയിൽ സ്വമാഹാത്മ്യത്താല് വസ്തു അപ്രമാണാത്മകേന വികല്പജ്ഞാനബലേന വസ്തുസ്വരൂപം സൃഷ്ടിച്ച് അതിനെത്തന്നെ അപലപിക്കുന്നു.

വാചസ്പതി:- ത്രൈഗുണ്യം കൊണ്ടാണ് പരിണാമവൈചിത്ര്യം. പരിണാമം പൃഥിയായാലും ശരി, തോയമായാലും ശരി ഏകമാണ്. നാനാത്മകത്വം ഏകത്വവിരോധമാണ് എന്ന് ആശങ്ക സൂത്രത്തിൽ അവതരിക്കപ്പെടുന്നു. അനേകങ്ങള് ഏകത്തിന്റെ പരിണാമങ്ങളാണ് എന്നത് നാം കാണുന്നുണ്ട്. പശു, മഹിഷം, ആന, പുരുഷൻ, നക്ഷത്രം ഇവയെല്ലാം ലവണത്വജാതീയക്ഷണം എന്ന ഏകത്തിന്റെ പരിണാമമാണ്. വായു, തൈലം, ദീപം, അഗ്നി എന്നിവയും അങ്ങനെത്തന്നെ. ഇങ്ങനെ ബഹുത്വത്തിലും ഗുണങ്ങൾക്ക് പരിണാമൈകത്വം ദർശിക്കുന്നു. ഭൂതഭൌതികങ്ങൾക്കെല്ലാം തന്മാത്രയില് പ്രത്യേകം തത്വം ഏകത്വമാണ്. ഗ്രഹണാത്മകങ്ങൾക്ക് സത്വഗുണപ്രധാനതയാല് പ്രകാശാത്മാന

മായി അഹങ്കാരന്തരകാര്യമായ കരണഭാവന ഏകഭാവനയായി ശ്രോത്രേന്ദ്രിയം പറയുന്നു. തമഃപ്രധാനതയാൽ ജഡത്വത്താൽ ഗ്രാഹ്യത്മകമായ ശബ്ദതന്മാത്രതാഭാവത്താല് ഏകപരിണാമമായ ശബ്ദം അതിന്റെ വിഷയമാണ്. ശബ്ദം എന്നാൽ ശബ്ദതന്മാത്ര. വിഷയം എന്നാൽ ജഡത്വം. തന്മാത്രയ്ക്ക് ഇന്ദ്രിയമില്ല, ഇന്ദ്രിയത്തിന് തന്മാത്രമാണ് വിഷയം. ശേഷം സുഗമം.

സുവർണ്ണ:- ഗ്രഹണം ജ്ഞാനം, സത്വം, പ്രകാശം. ഗ്രാഹ്യവിഷയം ജഡം, തമസ്സ്, ഇവ ഒന്നായി കണുന്ന സൂക്ഷ്മമായ അദ്വൈതം. ജഡം പ്രകാശം തന്നെയാണ്. (Matter = Energy)

വാചസ്പതി:- വിജ്ഞാനവാദികളിൽ വൈനാശികർ പറയുന്നു. നാസ്ത്യർത്ഥോ വിജ്ഞാനവിസഹചരഃ എന്ന്. ഭൂതഭൌതീകങ്ങളിൽ വിജ്ഞാനമാത്രയില് നിന്ന് ഭിന്നമായി ഭവിച്ചത് അതാതിന്റെ ഉല്പത്തികാരണത്തെ ഈ ദൃശ്യ പ്രധാനമെന്ന് കല്പിക്കുന്നു അവയൊന്നും തന്നെ പരമാർത്ഥത്തില് വിജ്ഞാനത്തിൽനിന്ന് വ്യത്യസ്തമല്ല. പിന്നെ എങ്ങനെ പ്രധാനകല്പനം. എന്തിന് ഗ്രഹണങ്ങളായ ഇന്ദ്രിയങ്ങളും അവയുടെ അഹങ്കാരവികാരങ്ങളും കല്പിച്ചു. ജഡങ്ങളായ അർത്ഥവിഷയങ്ങൾക്ക് സ്വയം അപ്രകാശത്വം ഉള്ളതിനാൽ, ആ അർത്ഥങ്ങള് വിജ്ഞാനത്തിന്റെ സഹചരരായിട്ടേ പ്രകാശിക്കപ്പെടുകയുള്ളൂ എന്നതുകൊണ്ട്. സാഹചര്യം സംബന്ധം. അതിന്റെ അഭാവം വിസഹചരിത്വം. വി എന്നാൽ അഭാവാർത്ഥമാണ്, ഇവിടെ. വിജ്ഞാനാസംബന്ധം ഉള്ള ഒന്നും വ്യവഹാരയോഗ്യമല്ല. ജ്ഞാനവും അർത്ഥവും ഒന്നിച്ച് സഞ്ചരിക്കുന്നു. അതിൽ സ്വയം പ്രകാശകത്വം, സ്വഗോചരാസ്തിത്വം എന്നിവയുള്ള വിജ്ഞാനത്തെ അവ ഇല്ലാത്ത ജഡമായ അർത്ഥം വ്യവഹാരകർത്തവ്യങ്ങൾക്കായി ആശ്രയിക്കുന്നു. ഈ വേധ്യത്വസഹോപലംഭനിയമമാണ് വിജ്ഞാനവാദികൾ സൂചിപ്പിക്കുന്നത്. ഏതൊന്ന് വേദനയാൽ വേദ്യമായോ അത് ഒരിക്കലും ഭേദിക്കപ്പെടുകയില്ല എന്ന് ഒരു പ്രയോഗമുണ്ട് ആത്മജ്ഞാനം അങ്ങനെയാണ് ഭൂതഭൌതികങ്ങൾ വിരിദ്ധവ്യാപ്തോപലംബികളും നിഷേദ്ധ്യഭേദവിരുദ്ധങ്ങളും ആയി വ്യാപിച്ചുകിടക്കുന്നു. അവയെ വേദ്യമാക്കുക എന്ന വേദ്യത്വം സ്വവ്യാപകവും അഭേദവും ഭേദത്തിനു വിരുദ്ധമായി ഉപസ്ഥാപിതവുമായ ഒന്നുകൊണ്ടാണ്. അവ നിയതം സഹചാരികളാണ്. ഒന്ന് ഒന്നിനെ (വിരുദ്ധത്തെ) അറിയുന്ന പ്രക്രിയയിലെ വേദനയാൽ, ആ അറിവ് ഒരിക്കലും നശിപ്പിക്കപ്പെടുന്നില്ല. (മറക്കുന്നില്ല) ഏക ചന്ദ്രനാൽ ദ്വിതീയ ചന്ദ്രൻപോലെ. നിയതസഹചാരിത്വം ജ്ഞാനത്തിന്റെ വ്യാപകത്വത്തിന് വിരുദ്ധോപലബ്ധമാണ്. നിഷേധ്യഭേദവ്യാപകാനിയമവിരുദ്ധങ്ങളായ നിയമം, അനിയമം എന്നിവ നിവർത്തിച്ച് അതാത് വ്യാപ്തമായാല് ഭേദം ഓരോന്നിലും ക്ഷിപ്തമാവും. അർത്ഥം ജ്ഞാനത്തിൽ നിന്നും ഭിന്നമാണ് അതിനാൽ ഭിന്നമായ ജ്ഞാനത്താൽ അർത്ഥം എങ്ങനെ പ്രതിഭാസിക്കുമെന്നാണ് ചോദ്യം. ഇതിനുത്തരമാണ് കല്പിതം എന്ന് പറഞ്ഞിരിക്കുന്നത്. വൈനാശികർ പറയുന്നത്:- സഹോപലംബമനിയമാദഭേദോ നീലതദ്വിയോഃ ഭേദശ്ചഭ്രാന്തിവിജ്ഞാനൈർദൃശ്യേതേന്ദാവിവാദ്വയേ. കല്പിതത്വം വിശദമാക്കാൻ ജ്ഞാനപരികല്പന പറഞ്ഞിരിക്കുന്നു. അതിനെ നിരാകരിക്കുന്നു. ശ്രദ്ധേയവചനത്തോടുള്ള സംബന്ധം കൊണ്ട് പ്രതിജ്ഞാനം, ഉപസ്ഥിതം, പ്രത്യപസ്ഥിതം എന്ന് നിരന്തരമായിരിക്കുന്നു. എപ്രകാരം അവഭാസിക്കുന്നുവോ, ആ സ്പന്ദനത്താൽ അപ്രകാരം വീണ്ടും വീണ്ടും സ്വയം ഉപസ്ഥിതമാവുന്നു. അത് കല്പനയോ വികല്പിതമോ

അല്ല. വിജ്ഞാനവിഷയമാണ് സ്വമാഹാത്മ്യത്താലല്ലാതെ അർത്ഥത്തിന് വിജ്ഞാനകാരണത്വം ദർശിക്കാവതല്ല. സ്വകീയമായ അർത്ഥത്താൽ ഗ്രാഹ്യശക്തിയാൽ വിജ്ഞാനം എപ്രകാരം അപ്രമാണാതമ്കത്വത്തോടും താദാത്മ്യം പ്രാപിക്കുന്നു, എങ്കിൽ വസ്തുസ്വരൂപം കളഞ്ഞുകുളിച്ചി. സഹോപലംബനീയമെന്നത് വേദ്യത്വവും ഹേതുത്വവുമാണ് സന്നിഗ്ദ്ധവ്യതിരേകതയാൽ അനേകത്തിനും ഐകാന്തികത്തിനും അതാണ് പറഞ്ഞിരിക്കുന്നത്. ശ്രദ്ധകൊണ്ട് ഏകം അനേകത്തേയും അനേകം ഏകത്തേയും അറിയുന്നു. ജ്ഞാനസ്വരൂപത്തിന് ഭൂതഭൌതികാദികളുടെ സ്ഥൂലത്വത്തെ ഭാസിപ്പിക്കാൻ കഴിയുന്നു. ജ്ഞാനത്തിൽ അതിന്റെ സ്ഥൂലത്വം സംഭവിക്കുന്നുമില്ല. നാനാദേശവ്യാപകമായ സ്ഥൌല്യമായ പ്രപഞ്ചങ്ങള് അവയുടെ വിഛിന്നദേശതയാൽ ബാഹ്യത്വം ഉള്ളതാണ്. എന്നാൽ ഏകവിജ്ഞാനത്തിന് നാനാദേശവ്യാപിത്വം ഉണ്ടെങ്കിലും വിഛിന്നദേശത എന്ന ഭേദഭാവമില്ല. ഈ ദേശം, ഈ ദേശം എന്ന് ലക്ഷണവിരുദ്ധധർമ്മസംസർഗ്ഗം ഏകത്തിൽ സംഭവിക്കുന്നുമില്ല. പിന്നെ എങ്ങനെ ഇത്രയേറെ വിജ്ഞാനഭേദങ്ങൾ വന്നു. പരമസൂക്ഷ്മഗോചരങ്ങളായ പ്രത്യയങ്ങളുടെ പരസ്പരവാർത്താനഭിജ്ഞാനം, സ്വഗോചരമാത്രകൊണ്ടു മാത്രം ജാഗരൂകരായ വ്യക്തികളിലുണ്ടാക്കിയ സ്ഥൂലാവഭാസം കൊണ്ടുമാത്രം.

സുവർണ്ണ:- സ്വന്തം വ്യൂപോയിന്റ് ആണ് സ്വഗോചരമാത്ര. അതല്ലാതെ മറ്റൊന്നും അറിയാത്തവരുടെ സ്ഥൂലമായ അറിവ്. സ്ഥൂലാവഭാസം എന്നാൽ ഗ്രോസ് പ്രത്യക്ഷം ഇതാണ് ഭേദമുണ്ടെന്ന് തോന്നിക്കുന്നത്.

വാചസ്പതി:- ഗോചരങ്ങളിൽ വന്ന അഭിലാപം (വീഴ്ച്ച) വികല്പമല്ല. സംസർഗ്ഗഭാവത്താല് വിശദമായ പ്രതിഭാസത്വമാണ്യ (കൂട്ടുകെട്ട്, ശീലം) ആലോചിച്ചാൽ സ്ഥൂലം അതിന്റെ ഉപാധികളിൽ നിന്ന് വിശദതയിൽ പൃഷ്ഠഭാഗത്ത്(പിന്നിൽ) ഉണ്ടായതാണ്. ആദ്യം ഉണ്ടായതല്ല. അവികല്പം പോലെ വികല്പവും സ്വാകാരമാത്രഗോചരമല്ല. അതിന് സ്ഥൂലത്വമല്ലാതെ, സ്ഥൂലഗോചരമായി ഭവിക്കാനുള്ള അർഹതയില്ല. അതിനാൽ ബാഹ്യമായ പ്രത്യയങ്ങളിൽ ബാഹ്യസ്ഥൂലങ്ങള് അസംഭവത്താല് അലീകം എന്ന് പറയപ്പെടണം. വിജ്ഞാനത്തിൽ നിന്ന് അഭിന്നമല്ല അലീകം. വിജ്ഞാനത്തെ ഉണർത്തുന്നതാകയാൽ. വേദ്യത്വത്തിൽ നിന്ന് അഭേദം., വ്യാപൃത്വാഭാവത്താലുണ്ടായ ഭേദപ്രതിപക്ഷത്തെ ഇങ്ങനെ നിരാകരിക്കുന്നു. സഹോപലംബനിയമത്താൽ സത്തും അസത്തും വിജ്ഞാനസ്ഥൌല്യങ്ങളാണ്. സത്തിന് അനേകം ഏകാന്തികം എന്ന് മഹത്വാഭാസങ്ങൾ വികല്പമായി ബാഹ്യാഭാവത്തില് ജനിക്കുന്നത് സ്വാഭാവികമാണ് വികല്പമാത്രം കൊണ്ട് പ്രത്യക്ഷമാഹാത്മ്യം കിട്ടുന്നില്ല. അതിനാൽ സാധുക്കള് അപ്രമാണാത്മകമായ വികല്പജ്ഞാനബലത്താല് എപ്രകാരം എന്ന് ചോദിക്കുന്നു. ഇതിന് സ്വപ്നാദിപ്രത്യയദൃഷ്ടാന്തം കൊടുക്കുന്നത് നിരാലംബനസാധനത്വം ചൂണ്ടിക്കാട്ടാനാണ്. പ്രമേയവികല്പം അവയവീവ്യവസ്ഥാപനത്താൽ തന്നെ പ്രയുക്തമാണ് വിസ്തരിച്ച് ന്യായകണികയെ അനുസരിച്ച് ഇപ്രകാരം വിശദമാക്കുന്നു.

15. പതഞ്ജലി:- വസ്തുസാമ്യേ ചിത്തഭേദാത്തയോർവിഭക്തഃപന്ഥാഃ

വ്യാസ:- അനേകചിത്തങ്ങളെ ആലംബിച്ച് ഒരു വസ്തു ഉണ്ടാവുന്നത് സാധാരണമാണ്. അത് ഏകചിത്തത്തിൽ, പരികല്പന ചെയ്യപ്പെട്ടതല്ല. അനേകചിത്തങ്ങളാൽ പരികല്പിതവുമല്ല. സ്വപ്രതിഷ്ഠമാണ്. എങ്ങനെ വസ്തുസാമ്യവും ചിത്തഭേദവും

കൊണ്ട്. ധർമ്മാപേക്ഷമായ ചിത്തത്തിന് വസ്തുസാമ്യത്തിൽ സുഖജ്ഞാനം ഭവിക്കുന്നു. അധർമ്മാപേക്ഷമായതിന് ദുഃഖജ്ഞാനം അവിദ്യാപേക്ഷിതമാണ് മൂഢജ്ഞാനം സമ്യഗ്ദർശനാപേക്ഷവും മധ്യസ്ഥജ്ഞാനവുമാണ്. അതെങ്ങനെ ചിത്തത്താൽ പരികല്പിതമായി അന്യചിത്തപരികല്പിതം കൊണ്ടല്ല. അന്യന്റെ ചിത്തോപരാഗത്തോട് യുക്തമായിട്ടല്ല. അതിനാൽ വസ്തു ജ്ഞാനത്തിൽ ഗ്രാഹ്യഗ്രഹണഭേദമായി ഭിന്നങ്ങളെ വിഭക്തമാക്കുന്ന പന്ഥാവ് (മാർഗ്ഗം) ഉണ്ട്. അത് സങ്കരഗന്ധം പോലൊന്നല്ല. സാംഖ്യപക്ഷത്തിൽ വീണ്ടും വസ്തു ത്രിഗുണമായി ചലിക്കുന്ന ഗുണവൃത്തം ധർമ്മാദിനിമിത്താപേക്ഷമായ ചിത്തത്തോട് അഭിസംബന്ധമാണ്. നിമിത്താനുരൂപമായും പ്രത്യയങ്ങളിൽനിന്ന് ഉല്പദ്യമാനമായും അതാത് അതാതിന്റെ ഹേതുവായി ഭവിക്കുന്നു.

വാചസ്പതി:- ഭാഷ്യകൃത്ത് വിജ്ഞാനാതിരിക്തസ്ഥാപനത്തിനായി യുക്തിയും പറയുന്നു. സൌത്രീം. യുക്തിയെ അവതരിപ്പിക്കുന്നു. ചൈത്ര, മൈത്രപ്രത്യയങ്ങളിൽ ദേവദത്ത, വിഷ്ണുമിത്രന്മാരുടെ ജ്ഞാനം വ്യത്യസ്ഥമാകാം. ചൈത്രകാര്യത്തിൽ അവരുടേത് ഏകാഭിപ്രായം, മൈത്രകാര്യത്തിൽ ഭിന്നം എന്നുവരാം. അവിടെ ചിത്തഭേദത്തിൽ ജ്ഞാനവിഷയകമായ ഏകത്വവും അന്യത്വവുമുണ്ട്.

സുവർണ്ണ:- അഭിപ്രായവ്യത്യാസം Issue based opinions തമ്മിലുള്ള വ്യത്യാസമാണ്. എല്ലാ കാര്യത്തിലും അഭിപ്രായവ്യത്യാസം ഉണ്ടാവണമെന്നില്ല.

വാചസ്പതി:- ജ്ഞാനനാനാത്വത്തില് ഇപ്രകാരം കാണാന് കഴിയും. ജ്ഞാനഭേദങ്ങളിലുള്ള പ്രമാതൃത്വം, പർസ്പരപ്രിതസന്ധാനം എന്നിവ ഇങ്ങനെയാണ്യ രക്തദ്വിഷ്ടവിമൂഢമധ്യസ്ഥജ്ഞാനങ്ങളെ ഏകസ്ഥാനത്ത് വിചാരിക്കുന്നത് പരസ്പരപ്രതിസന്ധാനമുണ്ടാക്കുന്നു. ചിത്തഭേദത്തിലുള്ള ജ്ഞാനഭേദത്താൽ അവരുടെ ജ്ഞാനം വിഭക്തങ്ങളായ വഴികളിലൂടെ സ്വരൂപഭേദോപായത്തിലൂടെയാണ്. അവരുടെ ഏകവസ്തുവിലുള്ള ഏകാഭിപ്രായം (ഏകജ്ഞാനം) വിവിധകാരണങ്ങളാലാണ്. കാന്തനു കാന്തയിൽ സുഖജ്ഞാനമുണ്ട്. സപത്നികൾക്ക് അവളില് ദുഃഖജ്ഞാനമാണുള്ളത്. ചൈത്രത്തിൽപ്പോലും അവര് മൂഢജ്ഞാനമായ വിഷാദം അനുഭവിക്കുന്നു. ഇതെല്ലാം ഓരോരോ ഏകചിത്തങ്ങളാൽ അവനവനുവേണ്ടി പരികല്പിതമാണ്. കാമിനീലക്ഷണം ചിത്തത്തെ ഉപരഞ്ജിപ്പിക്കുന്നതാകയാൽ സാധാരണവും വേഗം എല്ലാവർക്കും മനസ്സിലാക്കുന്നതുമാണ്. എന്നാൽ നീലജ്ഞാനം എന്നത് നീല എന്ന വർണ്ണത്തെക്കുറിച്ച് അതുകണ്ട സർവ്വചിത്തത്തിലും ഉണ്ടാകുന്ന ഏകജ്ഞാനമാണ്.

സുവർണ്ണ:- അവനവനുവേണ്ടി പരികല്പിച്ച സബ്ജക്ടീവ്, അറിവിൽ നിന്ന് ഒബ്ജക്ടീവ് ആയ ഏകജ്ഞാനം വ്യത്യസ്ഥമാണ്.

വാചസ്പതി:- സുഖാദിഭേദമുള്ള വിജ്ഞാനഹേതുവിന് അപ്പോള് എങ്ങനെ ഏകാർത്ഥമുണ്ടാവും എന്ന് അർത്ഥവാദം അവതരിപ്പിക്കുന്നു. അവിലക്ഷണമായ കാരണത്താല് കാര്യഭേദം ഉണ്ടാവുന്നത് യുക്തമല്ല. എന്ന സാംഖ്യപക്ഷത്തെ കുറിച്ച് പറയുന്നു. ഏകമായ വസ്തുവിൽ നിന്നാണ് ത്രൈഗുണ്യപരിണാമമുള്ള ത്രൈരൂപ്യമായ ബാഹ്യവസ്തുക്കളെല്ലാം ഉണ്ടായത്. സർവ്വത്തിലും വെച്ച് അവിശേഷമായ സുഖദുഃഖമോഹാത്മകമായ വിജ്ഞാനം ധർമ്മാദിനിമിത്താപേക്ഷമാണ്. രജസ്സോടുകൂടിയ സത്വം ധർമ്മാ

പേക്ഷമായി സുഖജ്ഞാനം തരുന്നു. രജസ്സില്ലാത്ത സത്വം ഏകമായി വിദ്യാപേക്ഷമായി തരുന്നതാണ് മദ്ധ്യസ്ഥാജ്ഞാനം ധർമ്മാധികള് സർവ്വരിലും സർവ്വത്ര പുരുഷനില് സത്തായി ഉപപന്നമായിരുന്ന് അതാതില് ജ്ഞാനം അതാതിനുപയുക്ഥമായ രീതിയിലും അളവിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

16. പതഞ്ജലി:- ന ചൈക ചിത്തതന്ത്രം വസ്തു തദപ്രമാണകം തദ കിം സ്യാദ്

വ്യാസ:- ജ്ഞാനത്തോടു ചേർന്ന ഭൂമിയും അർത്ഥവും ഭോഗ്യത്വത്താല് സുഖാദി കള് തരുന്നു. അതിനാൽ സാധാരണത്വം എല്ലാവർക്കും ബാധകമാണ്. പുർവ്വോത്തര ക്ഷണത്തില് വസ്തുരൂപം എങ്ങനെ മാറുന്നു. ഏകചിത്ത തന്ത്രം ചിത്തത്തിൽ സർവ്വവ സ്തുക്കളേയും നിരോധിച്ച സ്വസ്വരൂപമായ ചിദ് (ചൈതന്യം) മാത്രം പ്രദർശിപ്പിക്കുന്ന താണ്. അന്യവിഷയീഭൂതങ്ങളായ അറിവുകളെല്ലാം അപ്പോൾ അപ്രമാണകവും ആഗ്ര ഹീതവും അസ്വഭാവകവും അപരാമൃഷ്ടവുമാണ്. പ്രകാശരൂപമായ ചിദ്സ്വരൂപത്തിൽ അവ ഒരു ഭാഗത്ത് ഉപസ്ഥിതങ്ങളാണെങ്കിലും അവയെക്കുറിച്ച് നാസ്തി എന്ന നിരോധി ക്കപ്പെട്ട ഭാവമാണ്. (ശ്രദ്ധ അവയിലല്ലാത്തതിനാൽ) അതിനാൽ ഏകചിത്തതന്ത്രം, പര തന്ത്രമല്ല, സ്വതന്ത്രമാണ്. അത് സർവ്വപുരുഷസാധാരണമാണ്. സ്വതന്ത്രമായ ചിത്തം പ്രതിപുരുഷം പ്രവർത്തിക്കുന്നുണ്ട്. അതിനാൽ പുരുഷന്റെ ഭോഗത്തിനാണ് സംബന്ധം എന്ന് ഉപലബ്ധി.

വാചസ്പതി:- ഭൂമിയും അർത്ഥവും ജ്ഞാനത്തോടു ചേർന്നവന് ഭോഗ്യത്വത്താല് സുഖം തരുന്നു എന്ന് പറഞ്ഞു. അതെങ്ങനെയെന്നു പറഞ്ഞാൽ, ജ്ഞാനം കൊണ്ടാണ് ജഡം ഭാസനീയമാവുന്നത്. ജ്ഞാനമുണ്ടെങ്കിലേ വേണ്ടവിധം ഉപയോഗിക്കാൻ കഴിയൂ. ജ്ഞാനമില്ലാത്തവന് എന്തുകിട്ടിയാലും അത് ഭോഗ്യത്വമോ സുഖമോ തരുന്നില്ല. ലൌകികപരീക്ഷകര് സർവ്വചിത്തസാധാരണവും അനേകക്ഷണപരമ്പരകളാൽ ഊഹ്യ മാനവും പരിണാമാത്മകവുമായ വസ്തുക്കളെ (ഭൂമി, സ്വത്ത്, സ്ത്രീ എന്നിങ്ങനെ) ജ്ഞാനം കൊണ്ടു തന്നെയാണ് അനുഭവിക്കുന്നത്. ന്യൂനമായ ഒന്നിനെ അവർ വിജ്ഞാ നത്താല് ഏവം വിധം എന്ന് വർദ്ധിപ്പിച്ച്, ഭോഗം ചെയ്ത് സുഖിക്കുന്നു. ഒരംശത്തെ അനുരോധിച്ച് അവർ എല്ലാം അനുഭവിക്കുന്നു. അത് ഭൂമിക്കും സ്ത്രീക്കും എല്ലാം ബാധ കമാണ്. ഘടത്തെ ഗ്രഹിക്കുന്ന ചിത്തത്തിന് പടദ്രവ്യത്തിൽ ശ്രദ്ധ വരുമ്പോൾ അത് ഘടത്തിൽ വർത്തിക്കുന്നില്ല. വിവേകവിഷയത്തിലും അതാതുകാലത്ത് ഇപ്രകാരമുള്ള ചിത്തനിരോധം കാണുന്നു. എന്നാൽ പടജ്ഞാനം ഉള്ളപ്പോള്, ഘടജ്ഞാനം ഇല്ലാതാ വുന്നില്ല. അതിനെ നിരോധിച്ചിട്ടേ ഉള്ളൂ.

ഒരേ ചിത്തത്തിൽ അനേകം ജ്ഞാനഭേദങ്ങള് ഉപജീവനത്തിനായും നാശനഷ്ടങ്ങളെ അതിജീവിക്കാനായും അതാതുകാലത്ത് ഉണ്ട്. നിയതകരണാന്വയവ്യതിരേകാനുവിദ്യ ഭാവങ്ങളാലാണ് കാര്യങ്ങൾ. സ്വകാരണങ്ങളെ അതിവർത്തിച്ച് അവ കാരണാന്തരങ്ങളി ലേക്ക് ഭവിക്കുന്നത് കാണുകയില്ല. അമ്മ ഭൂമി തന്റെ കാരണമായ കക്ഷ്യയെ (ഭ്രമണപ ഥം) അതിവർത്തിച്ച് ചിത്കക്ഷ്യകളിൽ ആഘാതം ഉണ്ടാക്കാത്തതുപോലെ. വസ്തുക്ക ളുടെ കാരണത്വം മനുഷ്യചിത്തത്തിലുള്ള അവയുടെ ജ്ഞാനകാരണത്വമല്ല.

സുവർണ്ണ:- ഭൂമിയെക്കുറിച്ചും അതിന്റെ ഭ്രമണപഥത്തെക്കുറിച്ചുമുള്ള മനുഷ്യന്റെ ജ്ഞാനമല്ല അവയെ സൃഷ്ടിച്ചത്.

വാചസ്പതി:- മോദകത്തില് ആശ വന്ന ഒരാള് മോദകത്തെ സ്വന്തമാക്കുന്നു. സമ്പാദിക്കുന്നു. അതിനെ ഉപയോഗിക്കുന്നു. അതിന്റെ രസം, വീര്യവിപാകാദികൾ തന്നില് സമീകരിക്കുന്നു. അതിനാല് സാധുക്കള് വസ്തുസംബന്ധമാണ് വിഷയഭോഗകാരണം എന്ന് പറഞ്ഞിരിക്കുന്നു. അർവ്വാഗ്ഭാഗത്തുള്ള സർവ്വർക്കും അപരഭാഗവ്യാപ്തിയും അറിയാൻ കഴിയും.

സുവർണ്ണ:- ഭൂഗോളത്തിന്റെ ഒരു ഭാഗത്തിരിക്കുന്ന മനുഷ്യർക്ക് മറുവശത്തിന്റെ വ്യാപ്തിയും അറിയാനാവുമെന്ന ആസ്ട്രോഫിസിക്സ് നിയമം.

വാചസ്പതി:- ജ്ഞാനാധീനമായ സദ്ഭാവത്തില് അനുഭൂയമാനത്വത്താല് മധ്യഭാഗം, അപരഭാഗം എന്ന ഭേദമില്ല. അർവ്വാഗ്ഭാഗം മാത്രമറിയുന്ന ഒരാള് ജ്ഞാനിയല്ല.

സുവർണ്ണ:- ജ്ഞാനി താനനുഭവിച്ചതിന്റെ ഒരംശത്താൽത്തന്നെ സർവ്വത്തേയും അനുഭവിക്കുന്നു. ഒരു പരമാണുവാല് സർവ്വദേശവും ഒരു ക്ഷണത്താല് സർവ്വകാലവും ഒരു ധ്യാനനിമിഷത്തിലെ ആനന്ദാനുഭവത്താൽ സർവ്വ ആനന്ദാനുഭവവും ജ്ഞാനി അറിയുന്നു. ഭുജിക്കുന്നു.

വാചസ്പതി:- അവ്യാപകത്താൽ (വ്യാപകാഭാവം) അർവ്വാഗ്ഭാഗത്തിരുന്നാലും ഒരാള് അറിഞ്ഞുകൊള്ളണമെന്നില്ല. അവർ അവിടെ ഉപസ്ഥിതരായാൽ കൂടി അനുപസ്ഥിതരാണ്. താനിരിക്കുന്ന ഭാഗത്തെ കൊമ്പിനെപ്പോലും അറിയാത്തവരാണ്, അജ്ഞരാണ് എന്നർത്ഥം.

17. പതഞ്ജലി:- തദപരാഗാപേക്ഷിത്വച്ചിത്തസ്യ വസ്തുജ്ഞാതാതജ്ഞാതം

18. സദാ ജ്ഞാനാശ്രിതവൃത്തയസ്തത് പ്രഭോഃപരുഷസ്യാപരിണാമിത്വാത്

വ്യാസ:- അയസ്കാന്തമണികല്പമായ വിഷയം അയത്തിന്റെ (ഇരുമ്പ്) ധർമ്മമുള്ളതും ചിത്തത്തെ അഭിസംബന്ധത്താൽ ഉപരഞ്ജിപ്പിക്കുന്നതുമാണ്. വിഷയങ്ങളിൽ ഉപരക്തമായ ചിത്തം ആ വിഷയത്തെ അറിയുന്നു. മറ്റുവിഷയങ്ങളെക്കുറിച്ച് അറിയുന്നില്ല. വസ്തുക്കളുടെ ജ്ഞാതാജ്ഞാതത്വസരൂപത്താൽ പരിണാമിതമായിരിക്കുന്നു. ചിത്തത്തിന്റെ പ്രഭു പുരുഷന്. ചിത്തവൃത്തികളോടൊപ്പം പുരുഷൻ പരിണാമിയല്ല. ശബ്ദാദിവിഷയം പോലെ ജ്ഞാതം, അജ്ഞാതം എന്ന ഭേദമില്ല. അജ്ഞാതത്വം മനസ്സിന്റെയാണ്. മനസ്സിന് തന്റെ പ്രഭുവായ പുരുഷനെ അറിയായ്കയാണ്. അനുമാനത്താൽ പ്രഭുവിന്റെ അപരിണാമിത്വം മനസ്സിന് അറിയാൻ കഴിയും.

വാചസ്പതി:- ചേതന സ്വതന്ത്രവും ജഡം അപ്രകാശവുമാണ്. പ്രകാശം കൊണ്ടേ ജഡത്തിന് തന്റെ ഭാവം ഉപഗമിക്കാനാവൂ. സ്വഭാവത്തെ അപഹരിച്ച് ഭാവത്തിന് വർത്തിക്കാനാവില്ല. ഇന്ദ്രിയങ്ങളാൽ ആധേയമായ ജഡസ്വഭാവത്തിന്റെ അർത്ഥത്തിന്റെ ധർമ്മമാണ് പ്രകാശമായി കാണപ്പെടുന്നത്. അർത്ഥധർമ്മത്വത്തില് നീലത്വാദികള് സർവ്വപുരുഷസാധാരണമായി ഏകമായി ശാസ്ത്രാർത്ഥജ്ഞരായ സർവ്വ വിദ്വാന്മാരും അറിയുന്നു. അതുപോലെ പ്രത്യുല്പന്നമായി അറിയാവുന്ന ധർമ്മമല്ല. അതീതഅനാഗത്ങ്ങ

ളുടേത്. അതിനാൽ സ്വതന്ത്രമായ ഉപലംബവിഷയം എന്ന് മനോരഥമാത്രമായി അറിയണം. ഇന്ദ്രിയ പ്രാണാദികളാൽ ജഡസ്വഭാവത്തിന്റെ അർത്ഥം അറിയുന്നു. ഇന്ദ്രിയപ്രാണാദികക്ഷ്യകളിലൂടെയാണ്. ചിത്തം ഉപരഞ്ജിക്കപ്പെടുന്നത്. ഇപ്രകാരമായ ഭൂതം ചിത്തദർപ്പണത്തിനടുത്ത് പ്രവേശിച്ച് (സംക്രാന്തമായി) പ്രതിബിംബിച്ച് ചിതിശക്തിയായ ചിത്തത്തെ ഉപരക്തമാക്കുന്നു. ചേതനയായി അനുഭവിക്കുന്നു. അതിന് ചിത്തവുമായി സംബന്ധമില്ല. പ്രതിബിംബസംക്രാന്തി മാത്രമേയുള്ളൂ. സർവ്വഗതത്വമുള്ള ചിത്തങ്ങൾക്ക് ഇന്ദ്രിയങ്ങള്, അഹങ്കാരം വഴി വിഷയവുമായി സംബന്ധമുണ്ട്. അത് ശരീരത്തിൽ വൃത്തിമത്തായ ചിത്തമായി സഹസംബന്ധത്തോടെ വിഷയങ്ങളെ അയസ്കാന്തമണിപോലെ പ്രകാശിപ്പിക്കുന്നു. ഇന്ദ്രിയപ്രാണാദികളുമായുള്ള അഭിസംബന്ധം ഉപരഞ്ജിപ്പിക്കുന്നതിനാൽ സധർമ്മകമായ ചിത്തം പരിണാമിയായി കരുതപ്പെടുന്നു.

ജ്ഞാതാവിനെ ആശ്രയിച്ചിരിക്കുന്ന വൃത്തികളിലാണ് ജ്ഞാതാവിന്റെ അഥവാ പ്രഭുവിന്റെ (പുരുഷന്റെ) അപരിണാമിത്വം ക്ഷിപ്തം, മൂഢം, വിക്ഷിപ്തം ഏകാഗ്രം എന്നിങ്ങനെ അവസ്ഥിതമായിരിക്കുന്ന ചിത്തത്തിൽ ചിത്തനിരോധത്താൽ സർവ്വദാ പുരുഷനാല് വൃത്തി അനുഭവിക്കപ്പെടുന്നു. അതിന്റെ ഹേതു എന്ത്. പുരുഷൻ അപരിണാമിയാണെന്നതുതന്നെ. പരിണാമിത്വമുള്ള ചിത്തത്തെപ്പോലെ പുരുഷനും ജ്ഞാതാജ്ഞാതവിഷയങ്ങളായി ഭവിക്കുമ്പോൾ ജ്ഞാതവിഷയം അപരിണാമിയായ അയം (ഞാൻ) അതിന് പരിണാമിയേയും അറിയാം മനസ്സ് സദാ ജ്ഞാതൃത്വമാണ്. വൃത്തികൾക്കെല്ലാം പ്രഭു മനസ്സാണ്. ആ മനസ്സിന് പ്രഭുമായ പുരുഷന്റെ അപരിണാമിത്വം അനുമാനിച്ചറിയാനാവുന്നു. അപരിണാമിനിയായ പുരുഷന്റേയും പരിണാമിനിയായ ചിത്തത്തിന്റേയും ഭേദം എന്ന ഭാവം മനസ്സ് അറിയുന്നു.

19. പതഞ്ജലി:- ന തത്വാഭാസം ദൃശ്യത്വാത്

വ്യാസ:- ചിത്തം തന്നെ സ്വാഭാസം, വിഷയാഭാസം ആയി അഗ്നിപോലെ കാണപ്പെടുകയാണോ എന്ന ആശങ്കയ്ക്ക് ഉത്തരം എപ്രകാരം മറ്റിന്ദ്രിയങ്ങൾ ശബ്ദാദിവിഷയങ്ങളെ ദർശിക്കുന്നുവോ, സ്വയം ഭാസിക്കുന്നുവോ, അതുപോലെയാണ് മനസ്സും ഭാസിക്കുന്നത്. അതിന് അഗ്നി ദൃഷ്ടാന്തമല്ല. അഗ്നി അപ്രകാശമായ ആത്മസ്വരൂപത്തെ പ്രകാശിപ്പിക്കുന്നതല്ലല്ലോ. പ്രകാശഛരായ പ്രകാശ്യം, പ്രകാശകം എന്നിവയുടെ സംയോഗത്തിലാണ് കാണപ്പെടുന്നത്. സ്വരൂപമാത്രമായ ഒന്നിൽ സംയോഗം ഇല്ല. സ്വാഭാസമായ ചിത്തം അഗ്രാഹ്യമാവുകയില്ല. ആത്മപ്രതിഷ്ഠമായ ആകാശം പരപ്രതിഷ്ഠമാവുകയില്ല. സ്വബുദ്ധിപ്രചാരപ്രതിസംവേദനത്താൽ സത്വങ്ങൾക്ക് പ്രവൃത്തി ദർശിക്കുന്നു. ഞാൻ ക്രുദ്ധനാണ്, ഭീതമാണ്, ഇവനിൽ എനിക്ക് രാഗമുണ്ട്, ദ്വേഷമുണ്ട് എന്നൊക്കെ ബുദ്ധിയിൽ സ്വയം സംവേദനം നടത്തി ഗ്രഹിച്ചാണ് ആളുകള് അതിനനുസൃതമായി പ്രവർത്തിക്കുന്നത്.

വാചസ്പതി:- ചിത്തം ആത്മാവിന്റെ വിഷയമാണ്. സ്വപ്രകാശ്യമായ അത് അതാതു വിഷയാഭാസം പൂർവ്വചിത്തത്തിന്റെ പ്രതീതിയാല് ഉണ്ടാക്കുന്നു. അതിൽ പുരുഷന്റെ സദാ ജ്ഞാതവിഷയത്വം എവിടെയാണ്. അപരിണാമിയിൽ നിന്ന് പരിണാമിയായ ചിത്തഭേദം എപ്രകാരം. സ്വസംവേദനം ചിത്തത്തോട് ഉള്ളതുകൊണ്ട് പരിണാമിയായ ചിത്തം നീലാദികളായ അനുഭവങ്ങളില് വ്യാപരിച്ചിരിക്കുന്നു. ആ അനുഭവവ്യാപ്യം കൊണ്ടു

മാത്രം തത്വാഭാസം ദർശിക്കാനാവില്ല. കാരണം ബാഹ്യവിഷയങ്ങളിൽ വ്യാപരിക്കുമ്പോൾ സ്വാത്മാവില് ചിത്തം ചിത്തവൃത്തിനിരോധം ചെയ്യുന്നു. അതിന് ക്രിയ, കർമ്മം, കാരകമില്ല. പാകം പചിക്കുന്നില്ല. ഛിദ്രം ഛേദിക്കുന്നില്ല. പുരുഷൻ അപരിണാമിയാണ്. അത് അതിന് സ്വയം പ്രകാശകത്വം ഉണ്ടായിട്ടും അനുഭവകർമ്മമില്ല എന്നത് യോജിക്കുന്നില്ല. അപ്രകാശകത്വം, പ്രകാശകത്വം എന്നതിലല്ലാതെ അനുഭവകർമ്മത്തിൽ പുരുഷന് ഇല്ലായ്മ പറഞ്ഞിട്ടില്ല എന്നതാണുത്തരം. ദൃശ്യത്വം അഥവാ ദർശനകർമ്മം ഉള്ള ചിത്തം സ്വാഭാസമല്ല. ആത്മപ്രകാശപ്രതിബിംബതയല്ലാതെ ചിത്തത്തിന് തന്റെ വൃത്തിവിഷയങ്ങളെ പ്രകാശിപ്പിക്കുന്ന ഭാവത്തിൽകവിഞ്ഞ് പ്രവൃത്തിയില്ല. അഗ്നി സ്വയം പ്രകാശകമാണ് എന്നാൽ അത് ദൃഷ്ടാന്തമല്ല. അഗ്നി അഗ്നിയുടെ അന്തർഭാഗത്ത് പ്രകാശിച്ച് വിജ്ഞാനപ്രകാശം തരുന്നില്ല. സ്വയം പ്രകാശിക്കുന്നു. സ്വയം വ്യക്തമാക്കുന്നു. പക്ഷേ സ്വയം അറിയുന്നില്ല. ചൈത്രത്തിൽ തണ്ഡൂലസംബന്ധത്താൽ അഗ്നി സ്വയം പ്രകാശിക്കുന്നു. എന്നാൽ സംബന്ധഭേദത്തെ ആശ്രയിച്ചാണ് ഈ പ്രകാശക്രിയ എല്ലാ ചെടിയേയും ഒരുപോലെ അഗ്നി കത്തിക്കുന്നില്ല. ചിത്തഭേദത്തെ ആധാരമാക്കിയാണ് ആത്മാവിന്റേയും സ്വയംപ്രകാശക്രിയ, ചിത്തം ഞാൻ ഉണ്ടായി എന്ന് അറിയുന്നു. എന്നാൽ ഗ്രഹണം, സ്വരൂപം കാരണം, വ്യാപകത്വം ചിത്തനിവൃത്തി ഇവയെല്ലാം സ്വബുദ്ധിക്കനസ്യൃതമായി അറിഞ്ഞെന്നോ അറിഞ്ഞില്ലെന്നോ വരാം. ബുദ്ധിയിൽ ചിത്തത്തിന്റെ വ്യാപാരം അഥവാ പ്രചാരം പ്രാണികളിൽ സത്വമാണ്. ചിത്തത്തിന് ക്രോധലോഭാദിവൃത്തിഭേദങ്ങൾ ഉണ്ട്. ചിത്തത്തിന് സ്വാശ്രയത്താൽ സ്വവിഷയത്തിൽ ആത്മാവോടുകൂടി അനുഭൂയമാവുമ്പോള് അഗ്രാഹ്യത പോയി ഗ്രഹണശേഷി വരുന്നു. സ്വബുദ്ധിപ്രചാരപ്രതിസംവേദനമാണ് വിശദമാക്കുന്നത്.

20. പതഞ്ജലി:- ഏകസമയേ ചോഭയാനവധാരണം

വ്യാസ:- ഒറ്റ ക്ഷണത്തിൽ ഒരേ സമയത്തിൽ സ്വ, പരരൂപാവധാനം സാധിക്കും. അത് യുക്തിക്ക് നിരക്കാത്തതല്ല. ക്ഷണികവാദികൾ ക്രിയ എങ്ങനെയോ അങ്ങനെയിരിക്കും ആ ഭവനത്തിലെ കാരകവും എന്ന് പറയുന്നു.

വാചസ്പതി:- ചിത്തം സ്വാഭാസവും വിഷയാഭാസവുമാണ്. ഒരേ സമയം വിഷയത്തേയും തന്നെത്തന്നെയും അവധാരണം ചെയ്യാൻ കഴിവുള്ളതാണ്. കാര്യഭേദം കൊണ്ടുള്ള ലക്ഷണങ്ങളിലേ ഈ വ്യാപാരത്തിന് (ആത്മാവധാരണം, വിഷയാവധാരണം) വ്യത്യാസമുള്ളു. വ്യാപാരഭേദമാണ് അംഗീകർത്തവ്യം. വൈനാശികർ ഉല്പത്തിഭേദത്തെ അതിരിക്തമാക്കിയാണ് വ്യാപാരം എന്നു പറയുന്നു. ഏകവും അവിലക്ഷണവുമായതിന് രണ്ടുവിധം ഉല്പത്തി അസംഭവ്യമാണ്. അർത്ഥത്തിന്റേയും ജ്ഞാനരൂപത്തിന്റേയും അവധാരണം ഒരേ സമയത്ത് ഉണ്ടാവുന്നു. വെവ്വേറെ ഉല്പത്തിയില്ല. ഒറ്റ ക്ഷണത്തിൽ ഒന്നിച്ച് സംഭവിക്കുകയാണ്. (ചൈകസ്മിൻ ക്ഷണഃ) ഭൂതിര്യേഷാം ക്രിയാ സൈവ കാരകം സൈവ ചോച്യതേ എന്ന് വൈനാശികർ പറയുന്നു. ചിത്തത്തിന്റെ ദൃശ്യത്വം സദാതനം, സ്വാഭാസത്വം അപനയനം എന്ന് ദ്രഷ്ടാവ്, ദ്രഷ്ടാവിന്റെ അപരിണാമിത്വം ഇത് രണ്ടിനേയും ദർശിക്കുന്നതാണ് എന്ന് സിദ്ധം.

സുവർണ്ണ:- ഒരേ സമയം രണ്ടുകാര്യം ഒന്നിച്ച് സംഭവിക്കുക, (simultaneously occurring) എന്നത് ആസ്ട്രോണമിക്കൽ സിംക്രോണിസിറ്റി *(astronomial synchronicity)*

എന്ന് ഐൻസ്റ്റൈനും സൈക്കോളജിക്കല് സിക്രോണിസിറ്റി (Psychological synchronocity) എന്ന് കാള് ഗുസ്താവ് യുങ്ങും പേരിട്ടു വിളിച്ച അതേ പ്രതിഭാസമാണ്.

21. പതഞ്ജലി:- ചിത്താന്തരദൃശ്യേ ബുദ്ധി ബുദ്ധേരിതി പ്രസംഗഃ സ്മൃതി ശങ്കരശ്ച

വ്യാസ:- ചിത്തം ചിത്താന്തരത്താല് ബുദ്ധിയെ ഗ്രഹിക്കുന്നത് ബുദ്ധി. ഗ്രഹിക്കുന്നത് അന്യത്താൽ അന്യത്തെ പ്രതിയാകയാൽ അതിപ്രസംഗമാകും. വൈനാശികർ സ്യാന് മതിഃസ്വരസനിരുദ്ധം ചിത്തം. ചിത്താന്തരേണ സമനന്തരേണ ഗൃഹ്യത എന്ന് പറയുന്നു. സ്മൃതിസങ്കരത്താൽ ബുദ്ധി ബുദ്ധിയെ അനുഭവിച്ച് അതിൽ നിന്ന് പുതിയ സ്മൃതികളെ പ്രാപിക്കുന്നു. അതിന്റെ സങ്കരം ഏകസ്മൃതിയുടെ അനവധാരണവുമാണ്. ഇപ്രകാരം ബുദ്ധി ഓരോരോ സംവേദിയിലും പുരുഷന്റെ അപല്ബ്ധി ഉണ്ടാക്കുന്നതാണ് വൈനാശികം. ഇതിനാൽ സർവ്വവും ഇപ്രകാരം ആകുലീകൃതമായിത്തീർന്നു. ഭോക്തൃസ്വരൂപത്തെ സങ്കല്പിക്കാനോ അതിനെ ന്യായം കൊണ്ട് പ്രാപിക്കാനോ (സംഗഛത്വം) ആർക്കും സാധിക്കാതായി. സത്വമാത്രത്തെ പരികല്പിക്കാനും പഞ്ചസ്കന്ധങ്ങളിൽ നിക്ഷേപിക്കപ്പെട്ട സത്വത്തെ പുനസ്ഥാപിക്കാനും അങ്ങനെയായിട്ടും മനുഷ്യർക്കു സാധിക്കുന്നു. സ്കന്ധങ്ങളായ വൈരാഗ്യം മുതലായവ വീണ്ടും ഉല്പാദിപ്പിച്ച് പ്രശാന്തരായി ഗുരുവിന്റെ അടുത്ത് ബ്രഹ്മചര്യം കരിഷ്യാമി എന്നു പറഞ്ഞുകൊണ്ട് സത്വത്തെ പുനഃസത്വമായി വീണ്ടും കണ്ടെത്തുന്നവർ ഉണ്ടാവുന്നു. സാംഖ്യയോഗാദികളും പുരുഷം എന്ന സ്വശബ്ദത്താല് തന്നെ സ്വാമിയായ ആത്മാവ് ചിത്തത്തിന്റെ ഭോക്താവാണെന്ന് വാദിക്കുന്നു.

വാചസ്പതി:- വൈനാശികമതത്തെ ഉത്ഥാപനം ചെയ്യുന്ന സ്യാന്മതി എന്നത് ഉദ്ധരിക്കുന്നു. ഞാൻ പഞ്ചഭൂതാത്മകമാണ്. ഞാൻ ഭൂതമാണ് എന്ന് ദൃശ്യത്വത്തെ സ്വസംവേദനമായി അറിഞ്ഞതുകൊണ്ടുമാത്രം ആത്മസ്വരൂപം സിദ്ധിക്കില്ല. സ്വസന്താനവർത്തികള് ചരമചിത്തക്ഷണത്താല്, സ്വരസനിരുദ്ധ, സ്വജനകചിത്തക്ഷണഗ്രഹണാദികളാവുന്നു. ജ്ഞാനം, അവ്യവഹിതത്വം, സമനന്തരം ഇവകൊണ്ടെല്ലാം അവർ മരിച്ചക്ഷണം പൂർവ്വികർക്ക് സമമാവുന്നു. സൂത്രത്തിൽ ബുദ്ധി എന്നാല് ചിത്തം എന്ന് അർത്ഥം. ചരണക്ഷണത്തിൽ ബുദ്ധി അതിനുമുമ്പുണ്ടായിരുന്ന ബുദ്ധിയെ ഗ്രഹിക്കാന് അസമർത്ഥമായിത്തീരുന്നു. ഇപ്പോഴത്തെ ബുദ്ധിക്കും അതുപോലെ പൂർവ്വബുദ്ധിഗ്രഹണസാമർത്ഥ്യമില്ല. അഗൃഹീതമായ ദണ്ഡം ദണ്ഡിക്ക് ചേരുന്നതല്ല. നാം ഗ്രഹിക്കാത്തത് നമ്മുടേതല്ല. അതിനാൽ അനവസ്ഥ. വിജ്ഞാനവേദന സംജ്ഞാരൂപസംസ്ക്കാരമാണ്. അതിനെ സ്കന്ധം എന്ന് പറയുന്നു. സാംഖ്യം, യോഗം, വൈശേഷികം മുതലായവ (സാംഖ്യയോഗാദയഃപ്രവാദകർ) ഷഡ്ദർശനങ്ങള് ഇതിനെ തെളിയിക്കുന്ന വാദങ്ങള് യുക്തിയുക്തം പരാമർശിക്കുന്നു.

22. പതഞ്ജലി:- ചിത്തേരപ്രതിസംക്രമായാസ്തദാകാരാപത്തൌ സ്വബുദ്ധിസംവേദനം

വ്യാസ:- അപരിണാമിനിയായ ഭോക്തൃശക്തി അപ്രതിസംക്രമയുമാണ്. പരിണാമിയായി പ്രതിസംക്രാന്തിയുള്ളതായി അതിന്റെ വൃത്തി നമുക്ക് അനുഭവപ്പെടുന്നു. എന്നു

മാത്രം. അതിന്റെ പ്രാപ്ത ചൈതന്യോപഗ്രഹങ്ങളുടെ സ്വരൂപത്താൽ ബുദ്ധിവൃത്തിയില് അനുകാരമാത്രതയാല് ബുദ്ധിവൃത്ത്യവിശിഷ്ടമായതിനെ തന്നെയാണ് ജ്ഞാനശക്തി എന്നു പറയുന്നത്. അതിനാൽ പറയപ്പെടുന്നു:-

ന ച വിവരം ഗിരീണാം നൈവാന്ധകാരം കക്ഷയോനോദധീനാം

ഗുഹാ യസ്യാം നിഹിതം ബ്രഹ്മശാശ്വതം ബുദ്ധിവൃത്തിമവിശിഷ്ടാം കവയോ വേദയയന്തേ എന്ന്

വാചസ്പതി:- അപരിണാമിധർമ്മിയായ പുരുഷന് പരിണാമിയും അപരിണാമിയുമായി ദർശിക്കപ്പെടുന്നു. പരിണാമി ചിത്തമാണ്. ഓരോരുത്തർക്കും അവനവന്റെ ലോകപ്രത്യക്ഷം പ്രമാണമെന്ന് അനുഭവപ്പെടുന്നു. ദ്രഷ്ടാവ് ദൃശ്യത്തില് ഉപരക്തമാവുന്നു. നീലത്തിൽ അനുരക്തമായ ചിത്തം അതിന്റെ നീലഛായ സ്വീകരിക്കുന്നു. എന്നിട്ട് ഞാൻ നീലമാണ് (നീലം, അഹം) എന്ന് തന്മയീഭവിച്ച് സംവദിക്കുന്നു. ജ്ഞേയത്തെ അറിഞ്ഞ ജ്ഞാതാവ് പ്രത്യക്ഷസിദ്ധനാണ്. ജലത്തിൽ ചന്ദ്രബിംബം പ്രതിബിംബിച്ചറിഞ്ഞാലും ചന്ദ്രജ്ഞാനം അപ്രമാണമല്ല. ചിത്തത്തിൽ പ്രതിബിംബിച്ച ചൈതന്യത്തെ ഗോചരവിഷയമാക്കുന്ന ചിത്തവൃത്തി ചൈതന്യത്തെ ഗോചരമാക്കുന്നു. എന്നും അർത്ഥമില്ല. ഒന്നിനെക്കുറിച്ച് സദാ മനനം ചെയ്യുമ്പോളാണ് മനസ്സ് അതിൽ ഉപരക്തമാവുന്നത്. സ്വയം അതായിത്തീരുന്നത്. ചൈതന്യഛായാപത്തി ചിത്തത്തിനുണ്ട്. അതുകൊണ്ടാണ് ചിത്തത്തിൽ ചൈതന്യം ആരോപിക്കപ്പെട്ടത്. അനാശികൾ ബാഹ്യാർത്ഥവാദികളാണ്. വൈനാശികർ വിജ്ഞാനമാത്രവാദികളും. ചിത്തമാണ് ദ്രഷ്ടാകാരം, ദൃശ്യാകാരം എന്ന് അനുഭവിക്കുന്നത്. അതിനാൽ ദൃശ്യവും ദ്രഷ്ടാവും ചിത്തത്തിൽ നിന്ന് അഭിന്നമാണ്

അഭിന്നോ അപി ഹി ബുദ്ധ്യാത്മാ വിപര്യാസിതദർശനൈഃ

ഗ്രാഹ്യഗ്രാഹകസംവിത്തിഭേദവാനിവ ലക്ഷ്യതേ എന്ന് അതിനാല് പറയുന്നു.

23. പതഞ്ജലി:- ദ്രഷ്ട ദൃശ്യോപരക്തം ചിത്തം സർവ്വാർത്ഥം

വ്യാസ:- മനസ്സാണ് വിഷയത്തില് ഉപരതിയോടെ അതിനെ മനനം ചെയ്ത് അതിനോട് തന്മയീഭവിക്കുന്നത്. അത് വിഷയിത്വത്താൽ വിഷയിയായ പുരുഷൻ എന്ന ആത്മഭാവത്തോട് വൃത്തിയാല് സംബദ്ധമാണ്. ദ്രഷ്ടാവ്, ദൃശ്യം - വിഷയി, വിഷയം - എന്നിവയെ നിർഭാസിപ്പിച്ച് ചേതനാചേതനാസ്വരൂപമായി സ്ഫടികമണികല്പം ഇരിക്കുന്ന ചിത്തത്തെ സർവ്വാർത്ഥം (സർവ്വാർത്ഥസാധകം) എന്ന് പറയുന്നു. ചിത്ത സാരൂപ്യത്താൽ ഭ്രാന്തന്മാർ വിഷയത്തോടു ചേർന്ന ചിത്തമാത്രമാണ് ചേതനം എന്ന് കരുതുന്നത്. മറ്റുള്ളവർ ചിത്തമാത്രമാണ് ചേതനം, മറ്റു സർവ്വ ഭൌതീകലോകവും അചേതനം എന്ന് കരുതുന്നു. ഭ്രാന്തീബീജം സർവ്വരൂപാകാരനിർഭാസമാണ് ചിത്തം എന്ന് വിചാരിക്കുന്നു. അത് അനുകമ്പനീയം എന്ന് മറ്റുള്ളവർ കരുതുന്നു. സമാധിപ്രജ്ഞ എന്നാണ് പ്രജ്ഞക്ക് അർത്ഥം. പ്രതിബിംബീഭൂതവും ആലംബനീഭൂതവുമായ സർവ്വവും അതില് പ്രതിബിംബിച്ചുകാണുന്നു. അതിന്നതീതമായതും കാണുന്നു. ഈ പ്രജ്ഞയെ അവധാരണം ചെയ്യുന്നതാണ് പുരുഷൻ. ഗ്രഹീതൃ, ഗ്രഹണം, ഗ്രാഹ്യസ്വരൂപ ചിത്തബോധത്രയത്താലാണ് ജാതിഭേദങ്ങളെ കല്പിക്കുന്നത്. പ്രവിഭജനം കൊണ്ട് ഓരോന്നിനേയും അറിഞ്ഞ് സമ്യഗ്ദർശനം പ്രാപിച്ച അവസ്ഥയാണ് പുരുഷൻ. വിഭജിച്ച അവസ്ഥയല്ല.

വാചസ്പതി:- അഷ്ടാംഗയോഗോപദേശത്താൽ സമാധിപ്രജ്ഞയാൽ ആത്മാവിനെ ദർശിക്കുന്നു. (ആത്മഗോചരം) ബോധിക്കുന്നു. ആത്മാവ് പ്രതിബിംബിക്കുന്ന സമാധി പ്രജ്ഞയാണ് പ്രജ്ഞ. ഭൌതികവിഷയങ്ങൾ പ്രതിബിംബിക്കുന്ന ദൈനന്ദിനലൌകിക പ്രജ്ഞയല്ല. എന്തുകൊണ്ട്. അതിന് ആത്മാവിനെ ദർശിക്കാന് ആത്മാവ് തന്നെയാണ് അവലംബം ആലംബനം എന്നതുകൊണ്ട് പ്രജ്ഞയാൽ പ്രജ്ഞയെ അവധാരണം ചെയ്യു കയാണ്. പ്രജ്ഞയാൽ മറ്റൊരു വസ്തുവെ അവധാരണം ചെയ്യുകയ്ല്ല മറ്റെല്ലാവിധ ഭൌതികവിഷയങ്ങളോട് ചേർന്ന പ്രജ്ഞയും ഭ്രാന്തബീജവും അനുകമ്പാർഹവുമാണ് യോഗിയെ സംബന്ധിച്ചേടത്തോളം.

24. പതഞ്ജലി:- തതസംഖ്യേയവാസനാഭിഃരിത്രമപി പരാർത്ഥം സംഹത്യ കാരിത്വാത്

വ്യാസ:- ചിത്തങ്ങൾ അസംഖ്യേയമാകയാല് വാസനകളും അസംഖ്യേയവും വിചി ത്രങ്ങളുമാണ്. ഇങ്ങനെ പരാർത്ഥമായി മറ്റുള്ളവരുടെ ഭോഗാപവർഗ്ഗാർത്ഥം പറയുന്നു. എന്നല്ലാതെ, സ്വാർത്ഥമായി (അവനവനുവേണ്ടി) ചിത്തവൃത്തികളെ സമ്പാദിച്ചു കഴിഞ്ഞ യോഗി തെറ്റിദ്ധരിക്കുന്നില്ല. സംഹത്യകാരിയായ ചിത്തത്തിൽ സ്വാർത്ഥത്തിനായി യാതൊന്നും ഭവിക്കുന്നില്ല. സുഖചിത്തം സുഖാർത്ഥമല്ല, ജ്ഞാനാർത്ഥവുമില്ല. രണ്ടും മറ്റുള്ളവർക്കുവേണ്ടിയാണ്. അവയുടെ അപവർഗ്ഗങ്ങളുടെ ഭേദത്താല് അർത്ഥത്താല് അർത്ഥവാനായ പുരുഷൻ പരമപുരുഷനാണ്. പരപുരുഷൻ എന്നതിലെ പര എന്ന പദം സാമാന്യനാമമല്ല. അതിനേക്കാൾ പരമായ മറ്റൊരു സാമാന്യമാത്രത്തെ സ്വരൂപ ത്താല് ഉദാഹരിക്കാന് ഇല്ല. വൈനാശികർ അതിനെ സർവ്വവും സംഹത്യകാരിത്വത്തോടെ അപരാർത്ഥമായി സ്വാംശീകരിച്ചതായി കരുതുന്നു. അത് പരമായ വിശേഷവുമാണ്.

വാചസ്പതി:- ചിത്താതിരിക്തമായ ആത്മസദ്ഭവത്തില് ഹേത്വന്തരം അവതരിപ്പി ക്കുന്നു. അസംഖ്യേയമായ വാസനകളെ എല്ലാം സമാഹരിച്ച് ക്ലേശാവസാനം ഉണ്ടാവു മ്പോൾ ചിത്തം മാത്രം അവശേഷിക്കുന്നു. വാസനാധീനമായ വിപാകങ്ങൾ ചിത്താശ്ര യത്വത്താല് ചിത്തത്തിന് ഭോക്തൃത്വം ആവാഹിക്കുകയാണ്. ഭോക്താവിനുള്ളതാണ് ഭോഗ്യം എന്ന് സർവ്വവും ചിത്തിനെ ചിത്തിനുവേണ്ടി പ്രാപിക്കുന്നു. അപ്പോഴും ആ ചിത്തം അസംഖ്യേയമായ വാസനാവൈചിത്ര്യത്താൽ പരാർത്ഥമാണ്. എങ്ങനെ, ചിത്തം സമാഹിതമാവുമ്പോൾ സ്വാർത്ഥവും ഭവിക്കുന്നില്ലേ എന്ന് ചോദ്യം. സുഖചിത്തമെ ന്നാൽ ഭോഗത്തെ ഉപലക്ഷണം കാണിക്കുന്നു. അതുപോലെ ദുഃഖചിത്തവും ദ്രഷ്ട വ്യം. ജ്ഞാനചിത്തം എന്ന് ജ്ഞാനാപവർഗ്ഗം സുഖചിത്തത്തിന് എടുത്തുപറഞ്ഞിരിക്ക ന്നു. സുഖദുഃഖങ്ങളുടെ അനുകൂലപ്രതികൂലത്വം ജ്ഞാനിയുടെ ആത്മസുഖത്തിൽ സംഭ വിക്കുന്നില്ല. ആത്മാവിൽ അത്തരം വൃത്തികൾ വൃത്തിവിരോധങ്ങളാകയാൽ. സമാ ഹൃത ചിത്തത്തിൽ വൈരുദ്ധ്യങ്ങളില്ല. സാക്ഷാത്കരിച്ച പരമ്പരകൾ സുഖദുഖഃഅനു കൂലപ്രതികൂലാദിദ്വന്ദ്വങ്ങള് ഇല്ലാത്ത ജ്ഞാനികളാണ്. അവർ ജ്ഞാനത്താല് പുരുഷ വിശിഷ്ടരാണ്. ജ്ഞേയതന്ത്രത്താൽ സ്വാത്മാവിൽ വൃത്തിവിരോധങ്ങളായ അജ്ഞാന ങ്ങളെ ജയിച്ചവരാണ്. അവർക്ക് ബാഹ്യവിഷയത്തില് ഉദാസീനതയാണ്. അവയിൽ താല്പര്യമോ ബന്ധമോ ഇല്ല. എന്നാൽ അവയുടെ സമ്പൂർണ്ണജ്ഞാനമുണ്ട്. അവരുടെ ജ്ഞാനം പുരുഷാർത്ഥമാണ്. അതിൽ ഒന്നും നേടാനുള്ള സ്വാർത്ഥമോഹമില്ല. അവ

രുടെ ജ്ഞാനം അവനവനുവേണ്ടിയല്ല. എല്ലാവരുടേയും ഉപകാരത്തിനുവേണ്ടിയാണ്. പരാർത്ഥമാണ്.

25. പതഞ്ജലി:- വിശേഷദർശിന ആത്മഭാവഭവനാവിനിവൃത്തിഃ

വ്യാസ:- പ്രാവൃഡത്തിൽ (വർഷകാലം) തൃണാങ്കുരങ്ങൾ, ഉദ്ബീജങ്ങൾ എന്നിവ അവരവരുടെ ബീജസത്തയെ അറിഞ്ഞ് കിളിർക്കുന്നു. അതുപോലെ മോക്ഷമാർഗ്ഗശ്രവണമാത്രയില് പലർക്കും രോമഹർഷം, അശ്രുപാതം, എന്നിവ ഉണ്ടാവുന്നു. ഈ വിശേഷദർശനബീജം അപവർഗ്ഗഭാഗമാണ്. കർമ്മാഭിനിവൃത്തി തരുന്നതാണ്. ഈ സ്വാഭാവികമായ ആത്മഭാവഭാവന പ്രവർത്തിക്കന്നതിനെ സ്വാഭാവികി എന്നു പറയും. അതിന്റെ അഭാവമാണ് അസ്വാഭാവികം. ഇതിൽ രുചിയുള്ളവരും (ആസ്തികർ) ഇല്ലാത്തവരും (നാസ്തികർ) ഉണ്ട്. ആത്മഭാവഭാവനം എന്നാലെന്ത്. ഞാനാര്. എന്താണെന്റെ ആത്മസ്വരൂപം. ഞാനെങ്ങനെ ഭവിച്ചു. എന്ത് ഇനി ഭവിക്കും മുതലായ ചോദ്യങ്ങൾക്ക് നിരന്തരം ഉത്തരം തേടുന്ന ജിജ്ഞാസയാണ് അത്. വിശേഷദർശനം കിട്ടുന്നവരെ ആ അന്വേഷണത്തിൽ നിന്ന് മുക്തിയില്ല. കാരണം വിചിത്രപരിണാമിയായ ചിത്തം സത്യമായ തന്റെ ആത്മപുരുഷഭാവത്തെ അവിദ്യകളിൽ നിന്ന് വേർതിരിച്ചെടുക്കാന് ശ്രമിക്കുന്ന ശാസ്ത്രാന്വേഷണമാണത്. ശുദ്ധമായ ചിത്തധർമ്മം ആ അന്വേഷണം മാത്രമാണ്. അതിൽ രുചി തോന്നുന്നത്, അന്വേഷണത്തിൽ താല്പര്യവും മനനവും ഉപരതിയും ഉള്ളപ്പോഴാണ്. അന്വേഷണം ചെയ്യാതെ അതിൽ കുശലരാവുകയില്ല. അതിനാൽ ആത്മഭാവഭവനയില് രുചിയില്ലാത്ത നാസ്തികര് അതിൽ കുശലരാവുന്നില്ല. അത് (സത്യം) ഉണ്ടെന്നോ ഇല്ലെന്നോ ഉപദേശിക്കാനുള്ള അധികാരം അവർ നേടുന്നില്ല.

സുവർണ്ണ:- അധികാരം ക്വാളിഫിക്കേഷനാണ്. അന്വേഷണം ചെയ്ത് പഠിച്ച് മാത്രം അത് ലഭിക്കുന്നു.

വാചസ്പതി:- കൈവല്യബീജമൂലം യുക്തിമയമായ ആത്മദർശനമാണ്. അതിന്റെ ഉപദേശത്തിനുള്ള അധികാരം പുരുഷനെ അധികരിച്ച പുരുഷാന്തരാവൃത്തിജ്ഞാനം ലഭിച്ചവർക്കുള്ളതാണ്. ആത്മഭാവത്തിൽ ഭാവനയോടെ അഷ്ടാംഗയോഗത്തിൽ നിഷ്ഠാപൂർവ്വം ശ്രദ്ധാപൂർവ്വം പരിപാകം വന്ന ചിത്തസത്വത്തോടുകൂടിയ പുരുഷന് വിശേഷദർശനങ്ങൾ ലഭിക്കുന്നു. ആ ദർശനങ്ങളാല് ആത്മഭാവഭാവന നിവർത്തിക്കുന്നു. ആത്മഭാവഭാവന നാസ്തികർക്ക് ഇല്ല. അതിനാൽ അവർക്ക് അത് ഉപദേശിക്കാനുള്ള അധികാരവും ഇല്ല. ആത്മഭാവഭാവന, അതിന്റെ നിവൃത്തി, വിശേഷദർശനം എന്നിവ കിട്ടാത്തഒരാള് അവയെപ്പറ്റി എന്തഭിപ്രായമാണ് പറയുക. പ്രാഗ്ഭവമായ (മുമ്പുണ്ടായ) തത്വദർശനബീജം അപവർഗ്ഗഭാഗീയമാണ്. അത് അഷ്ടാംഗയോഗാനുഷ്ഠാനം, അതിന്റെ ഏകദേശമായ അനുഷ്ഠാനം, ചിത്തവൃത്തിനിരോധം ഇവകൊണ്ടല്ലാതെ അറിയാവതല്ല. ചിലപ്പോൾ സ്വാഭാവികമായി, അഭ്യാസം കൂടാതെയും അനധികാരികളായ ആഗമികളിൽ ദർശനങ്ങളുണ്ടാവുന്നതായി കാണുന്നു. ഇതിനെ വിശദീകരിക്കാൻ ആത്മാവോ പരലോകമോ പരലോകഗമനമോ ഇല്ലെന്ന് വിചാരിക്കുന്നവർക്ക് സാധിക്കുന്നില്ല. രുചിയും അരുചിയും പഞ്ചവിംശതിതത്വവിഷയങ്ങളിൽ നിർണ്ണയിക്കുന്നതാണ്. ആത്മഭാവനയിലുള്ള രുചിയും അരുചിയും എങ്ങനെയുണ്ടായി. ആത്മഭാവനഎന്നത് പ്രഖ്യ എന്ന് വിളിക്കപ്പെടുന്നു. (2.39 ടീക) വിശേഷദർശനകുശലരായ വ്യക്തികളില് ആത്മാഭാവഭാവനയും വിനിവർത്തിക്കപ്പെടുന്ന ചിത്തവൃത്തിയാണ്.

26. പതഞ്ജലി:- തദാ വിവേകനിമ്നം കൈവല്യംപ്രാഗ്ഭാരം ചിത്തം

വ്യാസ:- വിഷയങ്ങളുടെ മുമ്പത്തെ ഭാരങ്ങളാൽ ചിത്തം സംസാരത്തില് മുങ്ങിപ്പോകുന്നു. മറിച്ച് കൈവല്യത്തിന്റെ ഭാരത്താൽ ചിത്തം മുഴുകിപ്പോവുക വിവേകത്തിലാണ്.

വാചസ്പതി:- വിശേഷദർശികളായ മനുഷ്യർക്ക് കൈവല്യാനുഭവത്തിന്റെ ഗഹനതയാലും ഭാരത്താലും ചിത്തം വിവേകജ്ഞാനത്തിൽ മഗ്നമാകുന്നു.

27. പതഞ്ജലി:- തഛിദ്രേഷു പ്രത്യയാന്തരാണി സംസ്കാരേഭ്യഃ

വ്യാസ:- പ്രത്യവിവേകനിമഗ്നരായവർക്ക് സത്വപുരുഷാന്യതാഖ്യാതിമാത്രപ്രവാഹമായ ചിത്തത്തിന് ഛിദ്രം (മുറിവ്, തടസ്സം) വരുമ്പോൾ പ്രത്യയാന്തരങ്ങളായി അസ്മി, മമ ഞാനറിയുന്നു മുതലായവ ഉണ്ടാകുന്നു. അതിനു കാരണം പൂർവ്വസംസ്കാരങ്ങളുടെ ക്ഷീണിച്ച ബീജങ്ങളാണ്.

വാചസ്പതി:- വിശേഷദർശനം കിട്ടി വിവേകനിഷ്ഠരായവരില് പോലും വീണ്ടും ചിത്തം ഉത്ഥാനം ചെയ്യാറുണ്ട്. പ്രത്യയം എന്നാൽ പ്രതീയതേ യേന സമ്പ്രത്യയം എന്നതിനാല് ചിത്തസത്വം തന്നെ. ഇവിടെ വിവേകചിത്തത്തിന്റെ പ്രത്യയാന്തരം ചിത്തപ്രവാഹം തടസ്സപ്പെട്ട ദർശകന് ജാനാമി എന്ന് പറയുമ്പോള് ദർശനത്തെ കണ്ട അനുഭവമാണ്. ന ജാനാമി എന്ന് പറയുമ്പോൾ മോഹമാണ്. ആ മോഹത്താൽ ഉണ്ടായ അഹങ്കാരമാണ് അസ്മീതി, മമ എന്ന് പറയിക്കുന്നത്. അതിന്നർത്ഥം പൂർവ്വകർമ്മസംസ്കാരങ്ങള് ക്ഷയിച്ചിട്ടേ ഉള്ളൂ. പൂർണ്ണമായി നശിച്ചിട്ടില്ല എന്നാണ്. അതുകൊണ്ടാണവ വീണ്ടും മുളച്ചത്.

28. പതഞ്ജലി:- ഹാനമേഷാം ക്ലേശവദുക്തം

വ്യാസ:- എപ്രകാരം ക്ലേശങ്ങൾ ദഗ്ദ്ധ ബീജഭാവത്തില് വീണ്ടും മുളയ്ക്കാന് സമർത്ഥമല്ലാതാവുന്നുവോ, അപ്രകാരം ജ്ഞാനാഗ്നിയാൽ ദഗ്ദ്ധബീജഭാവമായ പൂർവ്വ സംസ്കാരങ്ങളും വീണ്ടും പ്രത്യയപ്രസൂവായി (പ്രത്യയങ്ങളെ ജനിപ്പിക്കുന്നതായി) ഭവിക്കുകയില്ല. ജ്ഞാനസംസ്കാരത്താൽ ചിത്താധികാരസമാപ്തി ചിന്തിക്കണം.

വാചസ്പതി:- വിവേകജ്ഞാനത്തില് വ്യുത്ഥാനസംസ്കാരങ്ങള് പ്രത്യയാന്തരങ്ങളായി ജനിക്കുന്നു. അതും അതിന്റെ കാരണവും പറഞ്ഞു. അപരിപക്വമായി ക്ഷീണിക്കപ്പെട്ടതിനാണ് ഉത്ഥാനം. പരിപക്വമായി പൂർണ്ണമായി ദഹിപ്പിക്കപ്പെട്ടതിന് ഇല്ല. വ്യുത്ഥാനസംസ്കാരം വിവേകജ്ഞാനസംസ്കാരത്തെ നിരോധിച്ച് അതിന്റെ പ്രവാഹത്തിൽ ഛിദ്രം വരുമ്പോളാണ്. വ്യുത്ഥാനസംസ്കാരത്തെ പൂർണ്ണമായി നിരോധിച്ചാല് വിവേകജ്ഞാനസംസ്കാരം ഛിദ്രം കൂടാതെ ഇടതടവില്ലാതെ പ്രവഹിക്കുന്നു. നിരോധസംസ്കാരം അഥവാ നിരോധം ഉപായമാണ്, മാർഗ്ഗമാണ്, ജ്ഞാനസംസ്കാരത്തിന് ബാഹ്യവിഷയങ്ങളിലുള്ള ചിത്തവൃത്തിനിരോധം കൂടിയേ കഴിയൂ. പരവൈരാഗ്യസംസ്കാരമാണത്. വിഷയവൈരാഗ്യം വരാത്ത ഒരാൾക്ക് ആത്മജ്ഞാനവിഷയത്തിൽ ഉപദേശത്തിന് അധികാരമില്ല.

29. പതഞ്ജലി:- പ്രസംഖ്യാനേ അപയ കുസീദസ്യ സർവ്വഥാ വിവേകഖ്യാതേദ്ധർമ്മമേഘഃസമാധിഃ

വ്യാസ:- ഞാൻ ബ്രാഹ്മണനാണ് എന്ന പ്രജ്ഞയില് ഭേദബുദ്ധി ഉണ്ട്. എന്നാൽ വിരക്തന്റെ പ്രജ്ഞയില് സർവ്വഥാ വിവേകഖ്യാതി മാത്രമേ ഉള്ളൂ. സംസ്കാരബീജക്ഷയം. സമ്പൂർണ്ണമായിരിക്കയാൽ പ്രത്യയാന്തരങ്ങൾ ഉത്ഥാനം ചെയ്കയില്ല. അതിനെയാണ് ധർമ്മമേഘം എന്നു പേരുള്ള സമാധിയായി അറിയുന്നത്.

വാചസ്പതി:- സൂത്രകാരന് വ്യുത്ഥാനനിരോധോപായം പ്രസംഖ്യാനമാണ് എന്നു പറഞ്ഞശേഷം പ്രസംഖ്യാനനിരോധോപായം പറയുന്നു. സർവ്വഭാവാധിഷ്ഠാതൃത്വ പ്രാർത്ഥനയാണ് പ്രസംഖ്യാനം. അതിൽപ്പോലും പരിണാമിത്വദോഷമുണ്ട് എന്നു കണ്ട വിരക്തൻ പ്രസംഖ്യാനത്തെ നിരോധിച്ച് ധർമ്മമേഘസമാധിയെ ഉപാസിക്കുന്നു. ആ ഉപാസനത്തിലാണ് സർവ്വധാ വിവേകഖ്യാതി ഭവിക്കുന്നത്.

30. പതഞ്ജലി:- തതഃക്ലേശകർമ്മനിവൃത്തിഃ

വ്യാസ:- അത് ലഭിക്കുമ്പോള് അവിദ്യദികളായ ക്ലേശങ്ങള് സമൂലം നശിപ്പിക്കപ്പെടുന്നു. കുശലാകുശലങ്ങളായ കർമ്മാശയങ്ങളും സമൂലം നശിപ്പിക്കപ്പെടുന്നു. ക്ലേശകർമ്മനിവൃത്തിയില് ജീവന് വിമുക്തമായി ഭവിക്കുന്നു. വിദ്വാൻ വിമുക്തനാവുന്നത് അപ്പോൾമാത്രമാണ്.

വാചസ്പതി:- ക്ലേശകർമ്മനിവൃത്തി പ്രയോജനമാണ്. അതുകൊണ്ടേ വിദ്വാൻ വിമുക്തനും കൂടിയാവു. ജാത്യാദിനിദാനമായ കർമ്മാശയങ്ങള് സഹിതം ക്ലേശകർമ്മങ്ങള് നശിച്ചു. നിദാനം പോയാൽ പിന്നെ അവിടെ നിദാനി ഉണ്ടാവുകയില്ല. ഒരിക്കലും ക്ലേശങ്ങൾ ഉത്ഥാനം ചെയ്കയില്ല. ഭഗവാൻ അക്ഷപാദന് വീതരാഗജനാമാദർശനാത് (ന്യായസൂത്രം 3.1.25) എന്ന് അതിനെ പറഞ്ഞിരിക്കുന്നു.

31. പതഞ്ജലി:- തദാ സർവ്വാവരണമലാപേതസ്യ ജ്ഞാനസ്യാനന്ത്യാജ്ജ്ഞേയകല്പം.

വ്യാസ:- എല്ലാ ക്ലേശകർമ്മാവരണങ്ങളിൽ നിന്നും വിമുക്തമായവന് ജ്ഞാനത്തിന്റെ അനന്തത ഭവിക്കുന്നു. തമസ്സിനാൽ ആവൃതമായ അനന്തമായ ജ്ഞാനസത്വം, രജസ്സുകൊണ്ട് പ്രവർത്തിച്ച്, ഉദ്ഘാടിതമായി ഗ്രഹണസമർത്ഥമായി ഭവിക്കുന്നു. പിന്നീട് സർവ്വാവരണമലങ്ങളും നീങ്ങുമ്പോള് അനന്തമായി ഭവിക്കുന്നു. അനന്തമായ ജ്ഞാനത്തിൽ ജ്ഞേയം, അല്പം മാത്രമാണ് സമ്പാദിക്കുന്നത്. എങ്ങനെയെന്നാൽ ആകാശത്തിൽ ഒരു മിന്നാമിനുങ്ങോളം. അതിനാൽ തൈത്തരീയാരണ്യകത്തില് (1.11.5) പറയുന്നു:- അന്ധോ മണിമവിധ്യത്തമനംഗുലിരാവയത് അഗ്രീവസ്തം പ്രത്യമുഞ്ജത്തമജിഹ്വോ അഭ്യപൂജയത്.

വാചസ്പതി:- അനന്തമായ ജ്ഞാനസമുദ്രത്തിൽ നമുക്ക് ജ്ഞേയമാകുന്നത് അല്പം മാത്രമാണ്. സർവ്വാവരണങ്ങളും (മലങ്ങൾ) നീങ്ങുമ്പോൾ അനന്തമായ ജ്ഞാനം പ്രകാശിക്കുന്നു. അപരിമേയമായ ജ്ഞാനത്തിന്റെ ദർശനം ഉണ്ടായ ചിത്തത്തില് പിന്നീടൊരിക്കലും ക്ലേശബീജം മുളയ്കുകയില്ല. ഘനപടലങ്ങൾ നീങ്ങി സൂര്യൻ ശരത്കാ

ലത്ത് ഉദിച്ചതുപോലെ ശോഭിക്കുന്നതാണ് അനന്തജ്ഞാനദർശനം. അപ്പോൾ അതുവരെ ഉണ്ടായിരുന്ന ഭൌതീക വസ്തുജ്ഞാനത്തിന്റെ അല്പത്വം വിദ്വാൻ ഗ്രഹിക്കുന്നു. അന്ധന് മണി കിട്ടിയപോലെയോ വിരലില്ലാത്തവന് വീണ കിട്ടിയ പോലെയോ കഴുത്തില്ലാത്തവന് നാവു കിട്ടിയാല് അവന്റെ പൂജാസ്തുതിപോലെയോ ആകാശത്തിൽ ഒരു മിന്നാമിനുങ്ങുപോലെയോ ആണ് ശുഷ്കപണ്ഡിതന്റെ ലൌകികവിഷയജ്ഞാനം. അതിന്റെ അല്പത്വം അനന്തജ്ഞാനദർശനത്താല് യോഗി ഗ്രഹിക്കുന്നു.

32. പതഞ്ജലി:- തതഃ കൃതാർത്ഥാനാം പരിണാമക്രമസമാപ്തിർ ഗുണാനാം.

വ്യാസ:- ധർമ്മമേഘോദയത്താല് കൃതാർത്ഥരായ ഗുണങ്ങളുടെ പരിണാമക്രമം പരിസമാപ്തി അടയുന്നു.

വാചസ്പതി:- ധർമ്മമേഘത്തിനുപരിയായി, പരമായി. ജ്ഞാനപ്രസാദമാത്രമായ ഒരു പരമകാഷ്ഠ ഇല്ല. ഗുണങ്ങൾ സ്വതേ വികാരകരണശീലരാണ്. ദേഹേന്ദ്രിയങ്ങളുടെ പ്രവൃത്തികൾ, ശീലങ്ങൾ എന്നിവ ഗുണങ്ങളുടെ കൃതാർത്ഥതയാല് പിന്നീട് പ്രവർത്തിക്കേണ്ട ആവശ്യകത ഇല്ലായ്കയാല് അവസാനിക്കുന്നു.

33. പതഞ്ജലി:- ക്ഷണപ്രതിയോഗീപരിണാമാപരാന്തനിഗ്രാഹ്യഃക്രമഃ

വ്യാസ:- ഗുണങ്ങളുടെ പരിണാമക്രമം എങ്ങനെ ഇല്ലാതായി. അനന്തം ക്ഷണങ്ങളുടെ ആന്തരപരിണാമം അവസാനം വരെ തുടർന്നുപോകുന്ന ക്രമം ഗ്രഹിക്കപ്പെടുന്നു. അനനുഭൂതമായ ക്രമക്ഷണം പുരാണതയാൽ വസ്ത്രത്തിന്റെ അവസാനത്തിലാണ് ഭവിക്കുന്നത് നിത്യക്രമം ദൃഷ്ടമാണ്. നിത്യത രണ്ടുവിധം. കൂടസ്ഥനിത്യത, പരിണാമിനിത്യത. കൂടസ്ഥനിത്യത പുരുഷന്റേതാണ്. പരിണാമിനിത്യത ഗുണങ്ങളുടേതും നിത്യത്വം രണ്ടിനുമുണ്ടെങ്കിലും ഒന്ന് അപരിണാമി, മറ്റേത് പരിണാമി. ഗുണധർമ്മാദികളില് ബുദ്ധ്യാദികളിൽ ഉള്ള പരിണാമം അപരാന്തത്തിൽ നിഗ്രഹിക്കപ്പെടുമ്പോളാണ് ക്രമത്തിന് പര്യവസാനം ലഭിക്കുന്നത്. നിത്യധർമ്മങ്ങളില് ഗുണങ്ങൾക്ക് അവസാനം ലഭിക്കുന്നില്ല. കൂടസ്ഥനിത്യതയിൽ സ്വരൂപമാത്രപ്രതിഷ്ഠമായ മുക്തപുരുഷനില് സ്വരൂപാസ്തിത്വം തന്നെയാണ് ക്രമമായി അനുഭൂതമാവുന്നത്. അതിന്റെ ലബ്ധപര്യവസാനം ശബ്ദപൃഷ്ഠത്തിലല്ല, ക്രിയാവസാനത്തിലാണ് കല്പിതം. സംസാരത്തിന്റെ ഗതി, സ്ഥിതി ഗുണങ്ങളിൽ വർത്തമാനത്തിന്റെ ക്രമസമാപ്തി എന്തുകൊണ്ടില്ല. അത് അവചനീയമാകയാൽ. എന്തുകൊണ്ട്.

അസ്തിപ്രശ്ന ഏകാന്ത വചനീയഃ

ജാതമായ സർവ്വവും മരിക്കുന്നതെന്തുകൊണ്ട്

ഓം ഭോ ഇതി.

എല്ലാവരും ജനിച്ചാൽ വീണ്ടും ജനിക്കുന്നതെന്തിന്.

വിഭജ്യവചനീയത്താൽ

പ്രത്യദിതഖ്യാതിയിൽ തൃഷ്ണ ക്ഷീണമാവുന്നു. കുശലൻ പിന്നെ ജനിക്കുന്നില്ല. മറ്റുള്ളവർ ജനിക്കുന്നു. എപ്രകാരം മനുഷ്യജാതി ശ്രേയസി, ശ്രേയസ്സില്ലാത്തത് എന്ന്

വിഭജിക്കപ്പെട്ട് പറയുന്നുവോ അതുപോലെ. പശുവിന് ശ്രേയസ്സിൽ അധികാരമുണ്ട്. ദേവർഷിമാർക്കില്ല. ഞാൻ, നീ എന്ന് പറയുന്നവർക്ക് ഇല്ലാത്തതുകൊണ്ട്. സംസാരം അവസാനിക്കുമ്പോളേ അനന്തജ്ഞാനം കിട്ടൂ. സംസാരക്രമസമാപ്തി കുശലനു മാത്രവും മറ്റുള്ളവർക്ക് അന്യതരാവധാരണവും ദോഷമാണ്. അതിനാൽ ദ്വയാകരണീയമായ ജ്ഞാനം ജനിക്കുന്നു. ഗുണാധികാരക്രമസമാപ്തിയാണ് കൈവല്യം. അതിന്റെ സ്വരൂപം ഇനി അവധാരണം ചെയ്യാം

വാചസ്പതി:- പരിണാമക്രമം മറ്റൊരു വിധത്തില് പറയുന്നു. പരിണാമക്രമം ക്ഷണത്തിന് പ്രതിയോഗി അനേകം ക്ഷണങ്ങളുടെ പ്രചയം കൊണ്ടേ മാറ്റം സംഭവിക്കുയുള്ളൂ. എന്നതിനാൽ ക്രമം ക്രമത്തിന്റെ അവസാനം അതിന്റെ അന്തരം ഇതൊന്നും ഉറപ്പിച്ചു പറയാൻ പരിണാമക്രമത്തിൽ സാധിക്കുന്നില്ല. ക്ഷണങ്ങളുടെ ക്രമം അറിയായ്കയാൽ ക്രമപ്രചയാശ്രയം പരിശിഷ്യമാകുന്നു. വസ്ത്രം പുതിയതെങ്കിലും അതുണ്ടാക്കാനുള്ള പ്രയത്നം, സംരക്ഷണം മുതലായ ക്രിയകൾ ചിരപുരാണകാലം മുതലേ കാണപ്പെടുന്നു. അതിനാൽ ക്രമത്തിന്റെ പരിണാമം പര്യവസാനം എന്നിവ മനസ്സിലാക്കാം പരിണാമത്തിന്റെ ക്രമം മനസ്സിലാക്കാൻ അതുപോലെ സാധിക്കും. മുമ്പ്, പുരാതനകാലത്ത്, സൂക്ഷ്മതമം, സൂക്ഷ്മതരം, സൂക്ഷ്മം, സ്ഥൂലം, സ്ഥൂലതരം, സ്ഥൂലതമം എന്നിങ്ങനെ പൂർവ്വാപരസ്ഥിതി അനുമതിക്കപ്പെട്ടിരുന്നു. ഇവയെ വ്യതിരേകമുഖേനയല്ല ദർശിച്ചിരുന്നത്. അനുഭൂതി കിട്ടാത്തത്, അപ്രാപ്തമായത്, ക്രമക്ഷണത്താൽ പ്രാപ്യമാകുന്നുണ്ട്. സർവ്വനിത്യവ്യാപിത്വം ക്രമത്തില് അറിയപ്പെടുന്നു. ആ നിത്യത്തിന്റെ പ്രകാരഭേദം നിരീക്ഷിച്ചാണ് ക്രമത്തിന്റെ നിത്യവ്യാപ്തിത ഗ്രഹിക്കാൻ സാധിച്ചത്. കൂടസ്ഥമായ നിത്യം സ്വഭാവത്താൽ അപ്രച്യുതമാണ്. പരിണാമിയല്ല. പരിണാമിയും സദാ സ്വരൂപം ച്യവിക്കുന്നതുമായ പ്രകൃതിയെ എങ്ങനെ നിത്യം എന്ന് പറയും. ധർമ്മലക്ഷണാവസ്ഥാനത്താലാണ് ഉദയം, വ്യയം മുതലായ ധർമ്മത്വം. അല്ലാതെ ധർമ്മിയില് അവയില്ല. പര്യവസാനം ലബ്ധമാകുമ്പോൾ ധർമ്മങ്ങള് നശിക്കുന്നു. പ്രധാനത്തിന് പര്യാവസാനം എന്നൊന്നില്ല. എന്നാൽ ധർമ്മരൂപത്തിലുള്ള പരിണാമത്തില് ഒരു പരിണാമക്രമം അതിനുണ്ട്. അപരിണാമിപുരുഷന് (കൂടസ്ഥന്) പരിണാമക്രമമില്ല. എന്നാൽ ബദ്ധനായ ചിത്തവൃതിരേകാഭിമാനത്താൽ തന്നില് പരിണാമാധ്യാസം ചെയ്യുന്ന ജീവാത്മപുരുഷന് അതുണ്ട്. മുക്തപുരുഷനിൽ പരിണാമം മോഹകല്പിതം മാത്രമാണ്. യഥാർത്ഥത്തില് ഇല്ല.

ഗുണങ്ങളുടെ പര്യവസാനമില്ലായ്മയിലാണ് പരിണാമക്രമമുണ്ടാവുന്നത്. അതുകൊണ്ട് സൃഷ്ടിയും ഗതിയും നടക്കുന്നു. മഹാപ്രളയത്തിലെ അതില്ലാതാവുന്നുള്ളു. എല്ലാ ജന്തുക്കളും മരിക്കുന്നു എന്ന പ്രശ്നത്തിനുത്തരം ഓം ഭോ എന്ന് പറഞ്ഞതിനർത്ഥം സത്യം എന്നാണ്. മനുഷ്യരെല്ലാവരും വിഭജിക്കപ്പെട്ട വചനത്താൽ ഓം എന്നും ഭോ എന്നും രണ്ടായി ആവർത്തനാത്മകക്രമത്താൽ വീണ്ടും ജനിക്കുന്നു. അതിൽ കുശലനെന്നോ അകുശലനെന്നോ ഭേദമില്ല. അന്യവത്വം, അനന്യവത്വം, ഏകാന്തത ഇതൊന്നും അക്കാര്യത്തിലില്ല. പ്രാണൻ ധരിച്ച മാത്രയിൽ സർവ്വവസ്തുക്കളിലും ശ്രേയസ്സിന് അധികാരമുണ്ട്. അതിലധികാരമില്ലാത്തത് ഞാനെന്നും നീയെന്നും ഭേദഭാവന ഉള്ളവർക്ക് മാത്രമാണ് (ദ്വന്ദം) അധമനുപോലും ക്രമത്തിൽ സംസാരഛേദവും മോക്ഷവും സാധിക്കും. മരണവും ജനനവും പോലെ എല്ലാവർക്കും സാധിക്കുന്നതാണ് മോക്ഷം. കാലവ്യത്യാസം ഉണ്ടെന്നു മാത്രം. ശ്രുതി, സ്മൃതി, ഇതിഹാസപുരാണങ്ങളിൽ സർഗ്ഗ

പ്രതിസർഗ്ഗപരമ്പരയില് അനാദിത്വവും അനന്തത്വവും പറയുന്നു. അസംഖ്യം ജന്തുക്കളുടെ അനന്തകാലത്തെ സംസാരം, സംസാരഭേദം, ക്രമമുക്തി, വിവേകഖ്യാതി എന്നിവയുടെ അനുഭവക്രമത്തിൽ നിന്ന് സംസാരവും മോക്ഷവും അനാദിയാണ്.

സുവർണ്ണ:- ഇൻഫിനിറ്റിയെക്കുറിച്ച ഈ വിവരണം ആധുനികഗണിതജ്ഞയായ റുഡി റുക്കറുടെ ഇൻഫിനിറ്റി ആന്റ് ദി മൈന്റ് എന്ന ഗ്രന്ഥത്തിലുള്ളതുപോലെയാണ്. ഡാർവ്വിന്റെ പരിണാമസിദ്ധാന്തത്തേക്കാളും പ്രാചീനവും വൈശേഷികത്തില് ഊന്നിക്കൊണ്ടുള്ളതുമാണ്. പൌരാണികഭാരതീയരുടെ പരിണാമസിദ്ധാന്തം എന്ന് കണാദവൈശേഷികഭാഷ്യത്തിൽ ഞാൻ നേരത്തേ ചൂണ്ടിക്കാട്ടുകയുണ്ടായി.

34. പതഞ്ജലി:- പുരുഷാർത്ഥശൂന്യാനാം ഗുണാനാം പ്രതിപ്രസവഃ കൈവല്യം സ്വരൂപപ്രതിഷ്ഠാ വാ ചിതിശക്തിരിതി.

വ്യാസ:- അപവർഗ്ഗങ്ങളെയെല്ലാം ഭോഗിച്ച് പുരുഷാർത്ഥങ്ങള് നാലും സാധിച്ച് പുരുഷാർത്ഥശൂന്യമാകുമ്പോൾ ഗുണങ്ങളുടെ കാര്യകാരണാത്മകമായ പ്രതിപ്രസവം നിലയ്ക്കുന്നു. അതാണ് കൈവല്യം. അത് സ്വരൂപപ്രതിഷ്ഠയാണ്. പിന്നീട് ബുദ്ധിസത്വത്തോട് അഭിസംബന്ധപ്പെട്ട പുരുഷന് ചിതിശക്തിയെന്നപോലെ കേവലത്വം ലഭിക്കുന്നു. ആ അവസ്ഥയിൽ അവസ്ഥാനം സ്ഥിരമായി തീരുന്നതാണ് കൈവല്യം.

വാചസ്പതി:- കൈവല്യംസ്വരൂപാവതരണം. കൃതകരണീയൻ പുരുഷാർത്ഥശൂന്യനാണ്. സ്വകാരണമായ പ്രധാനത്തിൽ ലയിച്ചവനാണ്. കാര്യകാരണാത്മകങ്ങളായ ഗുണങ്ങളുടെ വ്യുത്ഥാനസമാധി നിരോധസംസ്ക്കാരങ്ങളെല്ലാം മനസ്സിൽ ലീനമാകുന്നു. മനസ്സ് അസ്മിതയിലും അസ്മിത ലിംഗത്തിലും ലിംഗം അലിംഗത്തിലും ലയിക്കുന്നു. ഗുണങ്ങളുടെ കാര്യകാരണാത്മകമായ പ്രതിസർഗ്ഗം (പ്രതിപ്രസവം) വീണ്ടും ഉണ്ടാവാത്ത ഈ അവസ്ഥയിൽ പുരുഷന് പ്രധാനത്തിൽ നിന്ന് മോക്ഷം നേടുന്നു. സ്വരൂപപ്രതിഷ്ഠയാണ് പുരുഷന്റെ മോക്ഷം എന്ന് പറയുന്നത്. മഹാപ്രളയത്തിലും ഈ സ്വരൂപപ്രതിഷ്ഠ ചിതിശക്തിയായി ഇരിക്കുന്നു.

സുവർണ്ണ:- കോസ്മിക് എനർജ്ജിയുടെ സ്വരൂപപ്രതിഷ്ഠാനം തന്നെ ജീവാത്മാവും ഇതറിയുന്ന നിമിഷം കൈവല്യസിദ്ധി.

വാചസ്പതി:- മക്ത്യർഹചിത്തം പരലോകമേയജ്ഞസിദ്ധയോ ധർമ്മഘനഃസമാധിഃ
ദ്വയീ ച മുക്തിഃ പ്രിതപാദതാസ്മിൻ പാദേ പ്രസംഗാദപി ചാന്യദുക്തം
നിദാനം താപാനുമുദിതമയ താപാശ്ചകഥിതാഃ
സഹാംഗൈരഷ്ടാഭിർവിഹിതമിഹ യോഗദ്വയമപി
കൃതോ മുക്തേരധ്വാ ഗുണപുരുഷഭേദഃസ്ഫുടതരോ
വിവക്തം കൈവല്യം പരിഗലിതതാപാ ചിതിരസൌ.
സുവർണ്ണ:- ഇപ്രകാരം യോഗസൂത്രഭാഷ്യം സുവർണ്ണബിന്ദു അവസാനിക്കുന്നു.